

# സമ്പൂർണ്ണകൃതികൾ: ഭാഗം I

കെ. ദാമോദരൻ



സമ്പൂർണ്ണകൃതികൾ: ഭാഗം I

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം )

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020, Prabhatham Printing & Publishing Co. (P) Ltd.,
owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using from LuaTeX TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രഭാതിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന പ്രസാധനം

സി. അച്യുതമേനോൻ സമ്പൂർണ്ണകൃതികളുടെയും എൻ. ഇ. ബാലറാം സമ്പൂർണ്ണകൃതികളുടെയും പ്രസാധനം പ്രഭാതിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു. അതോടൊപ്പം ചേർന്നു നിൽക്കുന്ന മറ്റൊരു സുപ്രധാന പ്രസാധനമാണ് കെ. ദാമോദരൻ സമ്പൂർണ്ണകൃതികളിലൂടെ ഇപ്പോൾ യാഥാർത്ഥ്യമാകുന്നത്. ഈ മൂന്ന് സമ്പൂർണ്ണകൃതികളുടെ പ്രസിദ്ധീകരണത്തോടെ പ്രഭാതിന്റെ ഒരു ചരിത്രനിയോഗമാണ് പൂർത്തീകരിക്കുന്നത്. സി. അച്യുതമേനോനും എൻ. ഇ. ബാലറാമും ഉന്നതരായ കമ്മ്യൂണിസ്റ്റ് നേതാക്കളും ഭരണകർത്താക്കളുമായിരുന്നപ്പോൾ കെ. ദാമോദരൻ പ്രശസ്തനായ കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികനും ചിന്തകനുമായിരുന്നു.

സാധാരണക്കാർക്ക് മനസ്സിലാകുന്ന തരത്തിൽ മാർക്സിസത്തെയും ഇന്ത്യൻ തത്വസംഹിതയെയും ലളിതമായി വ്യാഖ്യാനിക്കുകയായിരുന്നു അദ്ദേഹം. ചരിത്രവും ധനതത്വശാസ്ത്രവും സാധാരണക്കാർക്ക് പരിചയപ്പെടുത്തുന്നതിൽ അദ്ദേഹം വിജയിച്ചു.

ആയിരക്കണക്കിന് മറ്റ് പുസ്തകങ്ങളോടൊപ്പം ഇവരുടെ സമ്പൂർണ്ണകൃതികൾ പ്രസിദ്ധീകരിക്കുക വഴി പ്രഭാത് ഒരു പുതിയ ആത്മവിശ്വാസത്തോടെ ഈ രംഗത്ത് മുന്നേറുകയാണ്.

10 വാല്യങ്ങളുള്ള കെ. ദാമോദരൻ സമ്പൂർണ്ണകൃതികളുടെ ഒന്നാം വാല്യം ഇപ്പോൾ ഇറങ്ങാൻ പോകുന്നു. മറ്റ് ഒമ്പത് വാല്യങ്ങളും മുൻകൃതികളെപ്പോലെ തന്നെ കൃത്യമായി ഇറങ്ങുന്നതാണ്.

ഈ സംരംഭങ്ങൾക്ക് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിന്തുണ ലഭിച്ചിട്ടുണ്ട്.

പ്രഭാതിന്റെ മുഴുവൻ പ്രവർത്തകരും, പ്രത്യേകിച്ച് ജനറൽ മാനേജർ ടി. ചന്ദ്രൻ, എഡിറ്റോറിയൽ കമ്മിറ്റിയുടെ പ്രധാന ചുമതലയുള്ള ആന്റണിതോമസ് തുടങ്ങിയവരെല്ലാം ഈ സംരംഭം വിജയകരമാക്കുവാൻ ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ട്. ഇത്തരം ക്ലേശകരമായ പ്രവർത്തനങ്ങൾ വിജയിപ്പിക്കാൻ ഞങ്ങളുമായി സഹകരിക്കുന്ന വായനക്കാർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും,

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനും, അതിന്റെ ജില്ലാ താലൂക്ക് പ്രവർത്തകർക്കും, മറ്റ് ഗ്രന്ഥശാലാ പ്രവർത്തകർക്കും ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും സഹകരണം ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ജനുവരി 2009

സി. കെ. ചന്ദ്രപ്പൻ, എം. പി.
(ചെയർമാൻ & മാനേജിംഗ് ഡയറക്ടർ)

# പ്രസാധകക്കുറിപ്പ്

മാർക്സിസ്റ്റ് ചിന്തകനും, കമ്മ്യൂണിസ്റ്റ് നേതാവുമായിരുന്ന കെ. ദാമോദരന്റെ സമ്പൂർണ്ണകൃതികൾ പത്തു വാല്യങ്ങളായി പ്രഭാത് ബുക്ക് ഹൗസ് പ്രസിദ്ധീകരിക്കുകയാണ്. കേരളത്തിലെ സാമൂഹ്യ ബന്ധങ്ങളിൽ ഉണ്ടായ വമ്പിച്ച മാറ്റങ്ങൾക്ക് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വഹിച്ച പങ്ക് നിസ്തുലമാണ്. സാമൂഹ്യപരിവർത്തനത്തിനു വേണ്ടി നടത്തിയ പ്രക്ഷോഭസമരങ്ങളിൽ ബഹുജനങ്ങളെ അവർ പങ്കാളികളാക്കി. അതിന് അവരെ ആശയപരമായി ആയുധമണിയിക്കുന്നതിൽ കെ. ദാമോദരൻ സ്തുത്യർഹമായ പങ്ക് വഹിച്ചു. നിരവധി ഗ്രന്ഥങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും അദ്ദേഹം രചിച്ചു. ചരിത്രത്തിന്റെ വികാസപരിണാമ പ്രക്രിയയെ മാർക്സിയൻ വീക്ഷണത്തിൽ അപഗ്രഥിച്ച മലയാളത്തിലെ ആധികാരിക ഗ്രന്ഥമാണ് കെ. ദാമോദരന്റെ 'മനുഷ്യൻ'.

നൂറു കോടി വർഷങ്ങൾക്ക് മുമ്പ് ജീവന്റെ കണികപോലുമില്ലായിരുന്ന ഭൂമിയിൽ ജീവനും പിന്നീട് നിരവധി സഹസ്രാബ്ദങ്ങൾക്കുശേഷം മനുഷ്യനും ഉൽഭവിച്ചതിന്റെ കഥയാണ് 'മനുഷ്യനി'ൽ ദാമോദരൻ വിവരിക്കുന്നത്. ഒരു പുതിയ ജീവിതവും ഭാവിയും കെട്ടിപ്പടുക്കുവാനുള്ള പോരാട്ടത്തിൽ 'മനുഷ്യൻ' എന്നും വഴികാട്ടിയായിരിക്കുമെന്ന കാര്യം നിസ്തർക്കമാണ്. അതുകൊണ്ടാണ് ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 'മനുഷ്യനി'ൽ നിന്ന് ആരംഭിക്കുന്നത്.

മാർക്സിസത്തെപ്പറ്റി വളരെ ലളിതമായി പ്രതിപാദിക്കുന്ന പത്തുലഘുലേഖകൾ ദാമോദരൻ ആദ്യകാലത്ത് രചിക്കുകയുണ്ടായി. മാർക്സിസം എന്താണെന്ന് മനസിലാക്കുന്നതിനുള്ള പഠനസഹായിയായിരുന്നു ഈ ലഘുലേഖകൾ. മാർക്സിസത്തിന്റെ ചരിത്രശാസ്ത്രം, തത്വശാസ്ത്രം, സോഷ്യലിസവും കമ്മ്യൂണിസവും, ലെനിനിസം, മതവും മാർക്സിസവും, ക്രിസ്തുമതവും കമ്മ്യൂണിസവും, യേശുക്രിസ്തു മോസ്കോയിൽ തുടങ്ങിയ ലഘുലേഖകളുടെ ആയിരക്കണക്കിനു കോപ്പികൾ അക്കാലത്ത് വിറ്റഴിയുകയുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പർമാരെ ആശയപരമായി ആയുധമണിയിക്കുന്നതിൽ ഈ ലഘുലേഖകൾ വഹിച്ച പങ്ക് നിസ്തുലമാണ്. ഈ ലഘുലേഖകളിൽ ചിലത് ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോലക്കത്തിന്റെയും ഉള്ളടക്കമനുസരിച്ച് മറ്റുള്ളവ പ്രസിദ്ധീകരിക്കുന്നതാണ്.

കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപകനേതാക്കളിലൊരാളും ഇന്ത്യയുടെ ആത്മാവ് കണ്ടെത്തിയ ചിന്തകനുമായിരുന്ന കെ. ദാമോദരന്റെ സമ്പൂർണ്ണകൃതികളുടെ ആദ്യവാല്യം അഭിമാനപൂർവ്വം പ്രഭാത് ബുക്ക് ഹൗസ് പ്രസിദ്ധീകരിക്കുന്നു.

പ്രസാധകർ

# കെ. ദാമോദരൻ

രാഷ്ട്രീയ-സാമൂഹിക-സാംസ്ക്കാരിക-സാഹിത്യരംഗങ്ങളിൽ നിറഞ്ഞുനിന്ന പ്രതിഭാധനനായ കമ്മ്യൂണിസ്റ്റ് നേതാവാണ് കെ. ദാമോദരൻ. സ്വാതന്ത്ര്യസമരത്തിലും കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിലും അദ്ദേഹം നിസ്തുലമായ പങ്കുവഹിച്ചു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാക്കന്മാരിലൊരാളാണ് ദാമോദരൻ.

തിരൂരിലെ പ്രശസ്തമായ കീഴേടത്തു തറവാട്ടിൽ 1912 ഫെബ്രുവരി 25 നാണ് ദാമോദരൻ ജനിച്ചത്. അച്ഛൻ തുപ്രൻ നമ്പൂതിരിപ്പാട്. അമ്മ നാരായണിക്കുട്ടി. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടനായ ദാമോദരൻ 1931-ൽ നിയമലംഘന സമരത്തിൽ പങ്കെടുത്തു. കോഴിക്കോട് കടപ്പുറത്ത് ഉപ്പുനിയമം ലംഘിച്ചതിന് അറസ്റ്റുചെയ്യപ്പെട്ട അദ്ദേഹത്തെ 23 മാസത്തെ ജയിൽശിക്ഷക്ക് വിധിച്ചു. കോഴിക്കോട് സാമൂതിരി കോളേജ് വിദ്യാർത്ഥിയായിരുന്നു ദാമോദരൻ. ജയിലിൽ നിന്നും തിരിച്ച് എത്തിയപ്പോൾ കോളേജിൽ തുടർന്നു പഠിക്കാൻ അധികൃതർ അനുമതി നിഷേധിച്ചു. തുടർന്ന് അദ്ദേഹം കാശിവിദ്യാപീഠത്തിൽ ചേർന്നു. കോയമ്പത്തൂർ ജയിലിലെയും കാശിവിദ്യാപീഠത്തിലെയും ജീവിതം ഒരു വഴിത്തിരിവായിരുന്നു. ജയിലിലെ സഹതടവുകാരിൽ പലരും കമ്മ്യൂണിസ്റ്റുകാരായിരുന്നു. മാർക്സിസത്തെക്കുറിച്ചുള്ള ചില ഗ്രന്ഥങ്ങൾ പഠിക്കാൻ ജയിലിൽ അദ്ദേഹത്തിന് അവസരം ലഭിച്ചു. കാശിവിദ്യാപീഠത്തിലെ ഗ്രന്ഥാലയത്തിലും മാർക്സിസവുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങളുണ്ടായിരുന്നു. വിഖ്യാതസാഹിത്യകാരനായ പ്രേംചന്ദ് ഉൾപ്പെടെ നിരവധി പുരോഗമന ആശയക്കാരുമായി അവിടെവെച്ച് അദ്ദേഹം ബന്ധപ്പെട്ടു. നാടിന്റെയും ജനങ്ങളുടെയും വിമോചനം ഗാന്ധിയൻ ആശയങ്ങളിലൂടെയാണെന്ന ദാമോദരന്റെ ധാരണയിൽ മാറ്റം വരാൻ തുടങ്ങി. കോൺഗ്രസ്സിലെ ഇടതുപക്ഷവുമായും കമ്യൂണിസ്റ്റുകാരുമായും അദ്ദേഹം കൂടുതൽ അടുത്തു. മാർക്സിസം ലെനിനിസമാണ് ശരിയായ വിമോചനമാർഗ്ഗമെന്ന് തിരിച്ചറിഞ്ഞ ദാമോദരൻ നാട്ടിൽ തിരിച്ചെത്തി, തൊഴിലാളികളെ സംഘടിപ്പിക്കുകയും ഇടതുപക്ഷ ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളിൽ മുഴുകി. ഫറൂക്കിൽ ഓട്ടുകമ്പനി തൊഴിലാളികൾ നടത്തിയ പണിമുടക്കിന്റെ പ്രചാരണപ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്തു.

1938-ൽ പൊന്നാനിയിലെ ബീഡിത്തൊഴിലാളി സമരത്തിന്റെ നായകൻ കെ. ദാമോദരനായിരുന്നു. ദാമോദരനെ അറസ്റ്റു ചെയ്യാൻ എത്തിയ പോലീസിനെ തടയാൻ ആയിരക്കണക്കിനാളുകളാണ് മുന്നോട്ടുവന്നത്. ദാമോദരനെ പോലീസ് മർ

ദ്ദിച്ച എന്ന വാർത്ത കേട്ട് ക്ഷുഭിതരായ ജനക്കൂട്ടത്തെ ശാന്തരാക്കാൻ അവസാനം പോലീസിന് അദ്ദേഹത്തിന്റെ തന്നെ സഹായം തേടേണ്ടിവന്നു.

തിരുവിതാംകൂറിലെ ഉത്തരവാദഭരണപ്രക്ഷോഭത്തിലും ആലപ്പുഴയിലെ തൊഴിലാളി സമരങ്ങളിലും ദാമോദരൻ നേതൃത്വപരമായ പങ്കുവഹിച്ചു. 1938 ആഗസ്റ്റിൽ തിരുവനന്തപുരത്തു തമ്പാനൂരിൽ യൂത്ത് ലീഗിന്റെ പൊതുയോഗത്തിൽ പ്രസംഗിച്ചതിന് ദാമോദരനെ അറസ്റ്റുചെയ്ത പോലീസ് അദ്ദേഹത്തെ ലോക്കപ്പിലിട്ട് ക്രൂരമായി മർദ്ദിച്ചു. 1938-ലെ ചരിത്രപ്രസിദ്ധമായ ആലപ്പുഴ തൊഴിലാളി പണിമുടക്കിനു തീരുമാനമെടുത്ത യോഗത്തിൽ അധ്യക്ഷം വഹിച്ചത് ദാമോദരനായിരുന്നു.

കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിൽ പ്രവർത്തിക്കുമ്പോൾ തന്നെ ദാമോദരൻ കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനാവുകയും കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്തു. 1937-ൽ എസ്സ്. വി. ഘാട്ടെ കോഴിക്കോട്ടുവന്നപ്പോൾ അദ്ദേഹവുമായി ബന്ധപ്പെട്ടവരിൽ ഒരാൾ ദാമോദരനായിരുന്നു. പി. കൃഷ്ണപിള്ള, ഇ. എം. എസ്., എൻ. സി. ശേഖർ, ദാമോദരൻ എന്നിവർ ഒന്നിച്ചുകൂടി ചർച്ചകൾ നടത്തി. തുടർന്നാണ് 1939-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരള ഘടകത്തിന്റെ രൂപീകരണ സമ്മേളനം പിണറായിയിൽ ചേർന്നത്.

കെ. പി. സി. സി. സെക്രട്ടറി, എ. ഐ. സി. സി. അംഗം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മലബാർ കമ്മിറ്റി സെക്രട്ടറി, പാർട്ടി സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗം, ദേശീയ എക്സിക്യൂട്ടീവ് അംഗം തുടങ്ങിയ നിലകളിലെല്ലാം ദാമോദരൻ പ്രവർത്തിച്ചു.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന് ഏഴുവർഷക്കാലം ദാമോദരൻ ജയിലിൽ കഴിഞ്ഞു.

മാർക്സിസം ലെനിനിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ ഏറ്റവും ലളിതമായി അവതരിപ്പിക്കാൻ അസാധാരണമായ പാടവമുണ്ടായിരുന്ന നേതാവായിരുന്നു ദാമോദരൻ. അദ്ദേഹം രചിച്ച എണ്ണമറ്റ ലേഖനങ്ങളും ലഘുലേഖകളും പുസ്തകങ്ങളും 1930-കളുടെ മദ്ധ്യം മുതൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് ആശയപ്രചാരണത്തിൽ നിർണ്ണായക പങ്ക് വഹിച്ചു.

ഇന്ത്യയുടെ ആത്മാവ്, ഭാരതീയ ചിന്ത, കേരള ചരിത്രം, മനുഷ്യൻ തുടങ്ങിയ ഗ്രന്ഥങ്ങൾ ഭാരതീയ തത്വചിന്തയിലും ചരിത്രത്തിലുമുള്ള ദാമോദരന്റെ അഗാധപാണ്ഡിത്യത്തിന്റേയും ശാസ്ത്രീയ അപഗ്രഥനപാടവത്തിന്റെയും തെളിവുകളാണ്.

സർഗാത്മകസാഹിത്യത്തിലും ദാമോദരന്റെ സംഭാവനകൾ വിലപ്പെട്ടതാണ്. നാടകം, കവിത, ചെറുകഥ എന്നിവയെല്ലാം ദാമോദരൻ രചിച്ചു. മലയാളനാടകചരിത്രത്തിലെ നാഴികക്കല്ലായ 'പാട്ടബാക്കി'യുടെ രചയിതാവ് ദാമോദരനാണ്.

ഒന്നാംതരം പത്രപ്രവർത്തകൻ കൂടിയായിരുന്നു ദാമോദരൻ. 1934-ൽ ഷൊർണ്ണൂരിൽനിന്നും പ്രസിദ്ധീകരണം തുടങ്ങിയ 'പ്രഭാത' ത്തിന്റെ പത്രാധിപസമിതിയിൽ ദാമോദരൻ അംഗമായിരുന്നു. 'കമ്മ്യൂണിസ്റ്റ്' 'മുന്നോട്ട്', 'മാർക്സിസ്റ്റ്' തുടങ്ങിയ മാസികകളുടെ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. 'നവയുഗ'ത്തിന്റെ പത്രാധിപരായി ദീർഘകാലം ദാമോദരൻ സേവനമനുഷ്ഠിച്ചു.

1964-ൽ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതോടെ ദാമോദരന്റെ പ്രവർത്തനരംഗം ഡൽഹിയായി. ജവഹർലാൽ നെഹ്റു സർവകലാശാലയിൽ പി. സി. ജോഷിയോടൊപ്പം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രഗവേഷണത്തിൽ അദ്ദേഹം മുഴുകി.

1976 ജൂലൈ മൂന്നിന് ഡൽഹിയിൽ വെച്ച് ദാമോദരൻ അന്തരിച്ചു.

ഭാര്യ: പത്മം ദാമോദരൻ, മക്കൾ: മോഹൻ (സിങ്കപ്പൂർ യൂണിവേഴ്സിറ്റിയിലെ

ലിംഗ്വിസ്റ്റിസ് പ്രൊഫസർ), ഉഷ, മധു, രഘു, ശശി (ചലച്ചിത്ര സംവിധായകൻ).

# അവതാരിക

സ്വാതന്ത്ര്യസമര സേനാനി, കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനേതാക്കന്മാരിലൊരാൾ, ഭാരതീയ തത്വചിന്തയിലും മാർക്സിസം ലെനിനിസത്തിലും അഗാധപാണ്ഡിത്യമുണ്ടായിരുന്ന ദാർശനികൻ, എഴുത്തുകാരൻ, പ്രക്ഷോഭകാരി തുടങ്ങിയ നിലകളിൽ അതുല്യമായ സംഭാവനകൾ നൽകിയ കമ്മ്യൂണിസ്റ്റ് നേതാവാണ് കെ. ദാമോദരൻ.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു ജയിലിൽ പോയ ദാമോദരൻ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനായിരുന്നു. ഗാന്ധിജിയുടെ ആശയങ്ങൾ അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. എന്നാൽ ഇന്ത്യയുടെയും ജനങ്ങളുടെയും യഥാർത്ഥ വിമോചനമാർഗ്ഗം ഗാന്ധിയൻ ആശയങ്ങളല്ലെന്ന് അധികം വൈകാതെ അദ്ദേഹം തിരിച്ചറിഞ്ഞു. കോൺഗ്രസ്സിൽ ഇടതുപക്ഷ വിഭാഗം ശക്തിപ്പെട്ടുവരുന്ന ഘട്ടമായിരുന്നു അത്. ഇടതുപക്ഷ ചിന്താഗതിക്കാർ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചപ്പോൾ ദാമോദരൻ അതിന്റെ സജീവ പ്രവർത്തകനായി. സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്നവരുടെയെല്ലാം ഒരു പൊതുവേദിയായിരുന്നു അക്കാലത്ത് കോൺഗ്രസ്സ്. കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരുമെല്ലാം, തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുകയും സംഘടനാ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുമ്പോൾ തന്നെ കോൺഗ്രസ്സിൽ അംഗങ്ങളായി തുടർന്നു. ദാമോദരൻ കെ. പി. സി. സി. സെക്രട്ടറിയും എ. ഐ. സി. സി. അംഗവുമായിട്ടുണ്ട്.

ദാമോദരനെ കമ്മ്യൂണിസ്റ്റ് ആശയങ്ങളിലേക്ക് അടുപ്പിച്ചത് അദ്ദേഹത്തിന്റെ പരന്ന വായനയാണ്. കാശിവിദ്യാപീഠത്തിൽ പഠിക്കാൻ പോയപ്പോൾ ശാസ്ത്രീയസോഷ്യലിസവുമായി ബന്ധപ്പെട്ട ഒട്ടേറെ ഗ്രന്ഥങ്ങൾ വായിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. നാട്ടിൽ തിരിച്ചുവന്ന ദാമോദരൻ തൊഴിലാളികളെ സംഘടിപ്പിക്കുകയും അവരുടെ സമരങ്ങൾ നയിക്കുകയും ചെയ്യാൻ തുടങ്ങി. ഫറൂക്കിലെ ഓട്ടു തൊഴിലാളികളുടെയും പൊന്നാനിയിലെ ബീഡി തൊഴിലാളികളുടെയും സമരങ്ങളിൽ ദാമോദരൻ നേതൃത്വപരമായ പങ്കുവഹിച്ചു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടിപ്പിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ നടക്കുന്ന ഘട്ടമായിരുന്നു അത്. എസ്. വി. ഘാട്ടെ കോഴിക്കോട്ട് വന്നു. ഘാട്ടെയുടെ സാന്നിധ്യത്തിൽ നടന്ന നടത്തിയ യോഗത്തിൽ പങ്കെടുത്തവരിലൊരാൾ ദാമോദരനായിരുന്നു. പി. കൃഷ്ണപിള്ള, ഇ. എം. എസ്സ്, എൻ. സി. ശേഖർ എന്നിവരായിരുന്നു അതിൽ പങ്കെടുത്ത മറ്റു നേതാക്കൻമാർ. 1939-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരള ഘടകത്തിന്റെ

രൂപീകരണത്തിനു വേദിയായ പിണറായി പാറപ്പുറം സമ്മേളനത്തിന്റെ സംഘാടകരിലൊരാളും ദാമോദരനായിരുന്നു.

ഒന്നാംതരം പ്രക്ഷോഭകാരിയായ ദാമോദരന് എഴുത്തിലും പ്രസംഗത്തിലും ലളിതമായ ഭാഷയിൽ മൂർച്ചയോടെ, യുക്തിഭദ്രമായി വിഷയങ്ങൾ അവതരിപ്പിക്കാൻ ഉണ്ടായിരുന്ന കഴിവ് അനിതരസാധാരണമാണ്. 1938 ആഗസ്റ്റിൽ തിരുവനന്തപുരത്ത് തമ്പാനൂരിൽ യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ദാമോദരൻ നടത്തിയ പ്രസംഗം കോളിളക്കം തന്നെ സൃഷ്ടിച്ചു. നിരോധനം ലംഘിച്ചാണ് ദാമോദരൻ പ്രസംഗിച്ചത്. പ്രസംഗം കേട്ട് ആവേശംകൊണ്ട്, സർ സി. പി. യോടുള്ള രോഷം പ്രകടിപ്പിക്കാൻ പ്രവർത്തകർ പിരിഞ്ഞുപോകുമ്പോൾ വഴിനീളെ വിളക്കു കാലുകൾപോലും തല്ലിത്തകർത്തു.

കേരളത്തിൽ മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ പ്രചരിപ്പിക്കുന്നതിൽ ദാമോദരൻ നിസ്തുലമായ പങ്കാണ് വഹിച്ചത്. കമ്മ്യൂണിസം എന്ത്, എന്തിന്? ഇന്ത്യയും സോഷ്യലിസവും, സോഷ്യലിസവും കമ്മ്യൂണിസവും, മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ, കമ്മ്യൂണിസവും ക്രിസ്തുമതവും തുടങ്ങിയ പുസ്തകങ്ങളിലും ലഘുലേഖകളിലും മാർക്സിസത്തിന്റെ ബാലപാഠങ്ങൾ ഏറ്റവും ലളിതമായി അദ്ദേഹം അവതരിപ്പിച്ചു. സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ വളച്ചുകെട്ടില്ലാതെ വിഷയങ്ങൾ അവതരിപ്പിക്കുകയായിരുന്നു ദാമോദരന്റെ ശൈലി.

കമ്മ്യൂണിസ്റ്റ് വിരുദ്ധരുടെ പ്രചരണങ്ങളെ ഫലപ്രദമായി നേരിടാനും ഖണ്ഡിക്കാനും അദ്ദേഹത്തിന് പ്രത്യേകം കഴിവുണ്ടായിരുന്നു. “യേശുക്രിസ്തു മോസ്കോവിൽ’ എന്ന ലഘുലേഖ ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്.

പാർട്ടി പ്രവർത്തകരെ ആശയപരമായി ആയുധമണിയിക്കാൻ പാർട്ടി ക്ലാസ്സുകളെയും ദാമോദരൻ ഫലപ്രദമായി ഉപയോഗപ്പെടുത്തി. കേരളത്തിലെ കമ്മ്യൂണിസ്റ്റുകാരുടെ ആദ്യതലമുറകളെ മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ പഠിപ്പിച്ചവരിൽ പ്രധാനിയാണ് ദാമോദരൻ.

ചരിത്രത്തിലും ഭാരതീയദർശനങ്ങളിലും അഗാധപണ്ഡിതനായിരുന്നു ദാമോദരൻ. “ഇന്ത്യയുടെ ആത്മാവും” “ഭാരതീയ ചിന്തയും” ഭാരതത്തിന്റെ സമ്പന്നമായ പൈതൃകം വായനക്കാരെ ബോധ്യപ്പെടുത്തും. ഭൗതിക വാദവും നിരീശ്വരവാദവും ഉൾപ്പെടെ പൗരാണിക ഭാരതത്തിൽ തഴച്ചു വളർന്ന ദർശനങ്ങളെക്കുറിച്ചുള്ള വസ്തുനിഷ്ഠവിവരണങ്ങൾ ഈ ഗ്രന്ഥങ്ങളിലുണ്ട്. ഭാരതത്തിന്റെ പൈതൃകത്തെ ദുർവ്യാഖ്യാനം ചെയ്യാൻ ഹിന്ദുത്വ വാദികൾ നടത്തുന്ന ശ്രമങ്ങൾ തുറന്നു കാട്ടാൻ സഹായിക്കുന്നവയാണ് ദാമോദരന്റെ രചനകൾ. ഭൂമിയുടെ ഉത്ഭവവും മനുഷ്യന്റെ പിറവിയും മുതലുള്ള ചരിത്രമാണ് ‘മനുഷ്യൻ’ എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തെ ശാസ്ത്രീയമായി സമീപിക്കുന്ന അപൂർവ്വഗ്രന്ഥങ്ങളിലൊന്നാണ് ദാമോദരന്റെ ‘കേരള ചരിത്രം’. സാമ്പത്തിക വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കുന്നതാണ് ഉറുപ്പിക, നാണയപ്രശ്നം, ധനശാസ്ത്ര പ്രവേശിക, ഇന്ത്യയുടെ സാമ്പത്തിക പ്രശ്നങ്ങൾ തുടങ്ങിയ രചനകൾ.

വൈജ്ഞാനിക മേഖലകൾക്കുപുറമെ സർഗാത്മകസാഹിത്യരംഗത്തും ദാമോദരൻ കടന്നുചെന്നിരുന്നു. ആദ്യകാലത്ത് ചെറുകഥകളും കവിതകളുമാണ് എഴുതിയിരുന്നത്. കർഷകപ്രസ്ഥാനത്തിന്റെ പ്രക്ഷോഭങ്ങളെ സഹായിക്കാനായി രചിച്ച ‘പാട്ടബാക്കി’ മലയാള നാടകചരിത്രത്തിലെ തന്നെ നാഴികക്കല്ലാണ്. പൊന്നാനിയിൽ നടന്ന കർഷകസമ്മേളനത്തിലാണ് ‘പാട്ടബാക്കി’ ആദ്യമായി

അവതരിപ്പിച്ചത്. പ്രമേയത്തിലും അവതരണത്തിലുമെല്ലാം അന്നുവരെ പരിചിതമായതിൽ നിന്നും തീർത്തും ഭിന്നമായ ജീവിതഗന്ധിയായ കലാസൃഷ്ടിയായിരുന്നു 'പാട്ടബാക്കി'. ജൻമിത്വത്തെ തുറന്നു കാട്ടുന്ന 'പാട്ടബാക്കി' അക്കാലത്ത് ഇരുന്നൂറിലധികം വേദികളിൽ അവതരിപ്പിച്ചു. നാടകത്തിൽ ദാമോദരൻ അഭിനയിക്കുകയും ചെയ്തു. 'രക്തപാനം' എന്ന നാടകം കൂടി ദാമോദരൻ രചിച്ചെങ്കിലും 'പാട്ടബാക്കി'ക്കു കിട്ടിയ പ്രചാരം അതിനു ലഭിച്ചിരുന്നില്ല.

1964-ൽ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ദാമോദരൻ നല്ലൊരു പാർലമെൻററിയനായിരുന്നു. വിഷയങ്ങൾ നന്നായി പഠിച്ചു അവതരിപ്പിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. ഡൽഹിയിലെ താമസം പഠനത്തിനും ഗവേഷണത്തിനുമാണ് അദ്ദേഹം ഉപയോഗിച്ചത്. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തെക്കുറിച്ചായിരുന്നു ദാമോദരൻ ഗവേഷണം നടത്തിയിരുന്നത്.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മലബാർ കമ്മിറ്റി സെക്രട്ടറി, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ദേശീയ കൗൺസിൽ അംഗം തുടങ്ങിയ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചു. പാർട്ടിക്കകത്ത് സ്വന്തം അഭിപ്രായങ്ങൾ തുറന്നുപറയാനും അതിനുവേണ്ടി വാദിക്കാനും അദ്ദേഹം ഒരിക്കലും മടികാണിച്ചിരുന്നില്ല. ദാമോദരന്റെ നിലപാടുകളോട് വിയോജിക്കുന്നവർ പോലും അദ്ദേഹത്തിന്റെ ആർജവവും ആത്മാർത്ഥതയും അംഗീകരിച്ചിരുന്നു.

കേരളത്തിൽ കമ്മ്യൂണിസ്റ്റ് ആശയപ്രചാരണത്തിൽ ദാമോദരൻ വഹിച്ച പങ്ക് അദ്വിതീയമാണ്. തലമുറകൾക്ക് മാർക്സിസത്തിന്റെ ബാലപാഠങ്ങൾ പകർന്നു നൽകിയ താത്വികാചാര്യനാണ് ദാമോദരൻ. അദ്ദേഹത്തിന്റെ രചനകൾ സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ മുന്നോട്ടു വന്ന പ്രഭാത് ബുക്ക് ഹൗസ് അഭിനന്ദനമർഹിക്കുന്നു.

വെളിയം ഭാർഗ്ഗവൻ

# ഉള്ളടക്കം


പ്രഭാതിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന പ്രസാധനം . . . . . . . . . . . . . . . . . iii

പ്രസാധകക്കുറിപ്പ് . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . v

കെ. ദാമോദരൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . vii

അവതാരിക . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . x

ഉള്ളടക്കം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . xiii

1 മനുഷ്യൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 1

- 1 ഭൂമിയുടെ ഉൽപത്തി . . . . . . . . . . . . . . . . . . . . . . 1
- 2 ജീവൻ വരുന്നു . . . . . . . . . . . . . . . . . . . . . . . . . 3
- 3 പരിണാമവാദം . . . . . . . . . . . . . . . . . . . . . . . . . 6
- 4 മൃഗത്തിനും മനുഷ്യനുമിടയിൽ . . . . . . . . . . . . . . . . . 8
- 5 മനുഷ്യന്റെ മുൻഗാമികൾ . . . . . . . . . . . . . . . . . . . 11
- 6 മൃഗത്തിൽനിന്ന് മനുഷ്യനിലേക്ക് . . . . . . . . . . . . . . . . 13
- 7 ഭാഷ . . . . . . . . . . . . . . . . . . . . . . . . . . . . . 15
- 8 കല്ലുകളും ലോഹങ്ങളും . . . . . . . . . . . . . . . . . . . . 17
- 9 പ്രകൃതിയോടുള്ള വെല്ലുവിളി . . . . . . . . . . . . . . . . . . 18
- 10 പ്രാകൃത ചിന്ത . . . . . . . . . . . . . . . . . . . . . . . . 21
- 11 കാട്ടിൽനിന്നു നാട്ടിലേയ്ക്ക് . . . . . . . . . . . . . . . . . 23
- 12 കാടന്മാരും അപരിഷ്കൃതരും . . . . . . . . . . . . . . . . . 25
- 13 കുടുംബം . . . . . . . . . . . . . . . . . . . . . . . . . . 26
- 14 പ്രാകൃത കമ്യൂണിസം . . . . . . . . . . . . . . . . . . . . 29
- 15 ഉള്ളവനും ഇല്ലാത്തവനും . . . . . . . . . . . . . . . . . . 31
- 16 ഭരണകൂടം . . . . . . . . . . . . . . . . . . . . . . . . . 33
- 17 കൊള്ളക്കൊടുക്കകൾ . . . . . . . . . . . . . . . . . . . . 35
- 18 മന്ത്രവാദിയും പുരോഹിതനും . . . . . . . . . . . . . . . . 36
- 19 നാടുവാഴി പ്രഭുത്വം . . . . . . . . . . . . . . . . . . . . 38

20 പട്ടണങ്ങൾ . . . 44
21 പള്ളിയും പാതിരിയും . . . 47
22 സയൻസും തത്വശാസ്ത്രവും . . . 51
23 ജീവിതരീതിയും ചിന്താഗതികളും . . . 53
24 കലയും സാഹിത്യവും . . . 55
25 മുതലാളിത്തം . . . 56
26 സാമ്രാജ്യാധിപത്യം . . . 60
27 തൊഴിലാളിവർഗം ഒരു സാമൂഹ്യശക്തി . . . 65
28 സോഷ്യലിസത്തിലൂടെ കമ്മ്യൂണിസത്തിലേക്ക് . . . 68

2 മാർക്സിസത്തിന് ഒരു മുഖവുര . . . 76

3 കമ്യൂണിസം എന്ത്, എന്തിന്, എങ്ങിനെ? . . . 98
1 എന്താണ് കമ്യൂണിസം? . . . 99
2 കമ്യൂണിസത്തിന്റെ ആദ്യഘട്ടം . . . 99
3 സോഷ്യലിസവും കമ്യൂണിസവും തമ്മിലുള്ള വ്യത്യാസം . . . 100
4 എന്തിനാണ് സോഷ്യലിസം? . . . 101
5 സോഷ്യലിസം പ്രായോഗികമാണ് . . . 101
6 സോഷ്യലിസത്തിലേക്കുള്ള ഇന്ത്യയുടെ മാർഗം . . . 103
7 മുതലാളി പാർട്ടികളും തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടിയും . . . 104
8 ജനാധിപത്യകേന്ദ്രീകരണം . . . 105
9 എന്താണ് മാർക്സിസം . . . 107
10 മാർക്സിസം പഠിക്കുക. . . . 107
11 ബഹുജനപ്രസ്ഥാനങ്ങൾ വളർത്തുക . . . 108
12 ബഹുജനപ്രസ്ഥാനത്തിൽ … . . . 109
13 നമ്മൾ വിജയിക്കും . . . 109

4 വർഗ്ഗസമരവും ഭരണകൂടവും . . . 111

5 മാർക്സിസത്തിന്റെ ചരിത്രശാസ്ത്രം . . . 133

6 മാർക്സിസത്തിന്റെ തത്വശാസ്ത്രം . . . 155

7 മാർക്സിസവും കുടുംബജീവിതവും . . . 178

8 സോഷ്യലിസവും കമ്യൂണിസവും . . . 191

9 കമ്യൂണിസവും ക്രിസ്തുമതവും . . . 211

10 മാർക്സിസവും ആധുനികശാസ്ത്രവും . . . 248
1 മാർക്സിസത്തിന്റെ നേരെ . . . 249
2 എല്ലാം മായ . . . 249
3 പദാർത്ഥത്തിന്റെ തകർച്ചയോ ശാസ്ത്രത്തിന്റെ വളർച്ചയോ? . . . 251
4 ശാസ്ത്രത്തിന്റെ അനസ്യൂതമായ പുരോഗതി . . . 253

| | | |
|---|---|---|
| 5 | പരമാണു പ്രപഞ്ചം | 254 |
| 6 | ശാസ്ത്രത്തിന്റെ വിജയം | 255 |
| 7 | മുതലാളിത്തവും ഭൗതികവാദവും | 256 |

# 1

# മനുഷ്യൻ

## 1 ഭൂമിയുടെ ഉൽപത്തി

പഴയ മതവിശ്വാസങ്ങൾ പ്രകാരം ദൈവത്താൽ സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തിന്റെ കേന്ദ്രമായിരുന്ന ഭൂമി, 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന നിക്കോളസ് കോപ്പർനിക്കസ് എന്ന പോളിഷ് ജ്യോതിശാസ്ത്രജ്ഞൻ ഈ വിശ്വാസത്തെ വെല്ലുവിളിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ 'സ്വർഗീയവിപ്ലവങ്ങൾ' എന്ന ഗ്രന്ഥം ചിന്താലോകത്തിലാകെ വലിയൊരു കോളിളക്കമുണ്ടാക്കി. ഭൂമി അതിന്റെ സ്വന്തം അച്ചുതണ്ടിൽ ചുറ്റിക്കറങ്ങുകയും അതോടൊപ്പം സൂര്യന് ചുറ്റും ചുറ്റിത്തിരിയുകയും ചെയ്യുന്നുണ്ടെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. എംഗൽസ് ചൂണ്ടിക്കാണിച്ചതുപോലെ, കോപ്പർനിക്കസിന്റെ സിദ്ധാന്തം 'പ്രകൃതിശാസ്ത്രത്തിന് സ്വാതന്ത്ര്യം പ്രഖ്യാപിക്കാൻ കഴിവുണ്ടാക്കിക്കൊടുത്ത ഒരു വിപ്ലവമാണ്. അതോടു കൂടിയാണ് പ്രകൃതിശാസ്ത്രം മതത്തിന്റെ പിടിയിൽ നിന്നു മോചനം നേടിയത്.... അതിനുശേഷം വലിയ കാൽവെപ്പുകളോടുകൂടിയാണ് സയൻസ് വികസിച്ചത്.'

പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഗലീലിയോ എന്ന ഇറ്റാലിയൻ ശാസ്ത്രജ്ഞൻ കോപ്പർ നിക്കസിന്റെ സിദ്ധാന്തത്തെ കൂടുതൽ വളർത്തുകയും അതിനു തെളിവുകൾ കണ്ടുപിടിക്കുകയും ചെയ്തു. താൻ തന്നെ കണ്ടുപിടിച്ച ദൂരദർശിനി കുഴലിന്റെ സഹായത്തോടുകൂടി ചന്ദ്രനിൽ പർവതങ്ങളും താഴ്വരകളുമുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ശുക്രൻ സൂര്യനു ചുറ്റും സഞ്ചരിക്കുന്നുണ്ടെന്ന് അദ്ദേഹം നോക്കിക്കണ്ടു. സൂര്യൻ സ്വന്തം അച്ചുതണ്ടിനു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നു എന്ന് അദ്ദേഹം വാദിച്ചു. അതേവരെ നിലനിന്നുവന്ന പല അന്ധവിശ്വാസങ്ങളേയും അദ്ദേഹം ഊതിപ്പറപ്പിച്ചു. പക്ഷേ, അരിസ്റ്റോട്ടിലിന്റെ സിദ്ധാന്തങ്ങളേയും പള്ളിയുടെ വിശ്വാസങ്ങളെയും ചോദ്യം ചെയ്തുവന്നതിന് അദ്ദേഹം തന്റെ വയസുകാലത്ത് കഠിനമായ മർദ്ദനങ്ങൾക്കിരയാവേണ്ടിവന്നു.

കോപ്പർനിക്കസിന്റെ സിദ്ധാന്തങ്ങളെ ഉയർത്തിപ്പിടിക്കുകയും കൂടുതൽ വളർത്തുകയും ചെയ്ത മറ്റൊരു ശാസ്ത്രജ്ഞനാണ് ഗിയോർഡാനോ ബ്രൂണോ, പ്രപഞ്ചമെന്നത് നിരവധി ലോകങ്ങളുടെയും സൂര്യമണ്ഡലങ്ങളുടെയും ഗ്രഹസമൂഹങ്ങളുടെയും ഒരാകത്തുകയാണെന്നും അവയിലൊരു ഗ്രഹം മാത്രമാണ് നമ്മുടെ ഭൂമിയെന്നും അദ്ദേഹം പ്രഖ്യാപിച്ചു. മാത്രമല്ല, ലോകങ്ങൾക്കു വികാസമുണ്ടാകുന്നുണ്ടെന്നും നമ്മുടെ ലോകത്തിനു തന്നെ ഭൂഗർഭ ശാസ്ത്രസംബന്ധിയായ പല മാറ്റങ്ങളുമുണ്ടാ

യിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. അംഗീകൃതചിന്താഗതികൾക്കെതിരായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ. അതുകൊണ്ട്, പള്ളിയുടെ വിശ്വാസങ്ങൾക്കെതിരായി പോരാടിയെന്നതിന്, എട്ടുകൊല്ലത്തെ കാരാഗൃഹവാസത്തിനുശേഷം അദ്ദേഹം, ജീവനോടെ ചുട്ടുകരിക്കപ്പെട്ടു.

പക്ഷേ, അന്ധവിശ്വാസങ്ങൾക്കും മർദ്ദനങ്ങൾക്കും സയൻസിനെ കീഴടക്കാൻ കഴിഞ്ഞില്ല. വെളിച്ചത്തിന് ഇരുട്ടിനെക്കാൾ ശക്തിയുണ്ടെന്ന് തെളിഞ്ഞു. പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇമാനുവൽ കാൻറ് എന്ന തത്വശാസ്ത്രജ്ഞൻ വികാസത്തിന്റെ വീക്ഷണകോണിൽ നിന്നു പ്രകൃതിയെ നോക്കിക്കാണാൻ ശ്രമിച്ചു. പ്രപഞ്ചമാവിർഭവിച്ചത് വികാസത്തിന്റെ ഫലമായിട്ടാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ലപ്ലാസ് എന്ന ഗണിത ശാസ്ത്രജ്ഞൻ കാൻറിന്റെ അഭിപ്രായങ്ങളെ കൂടുതൽ പുഷ്ടിപ്പെടുത്തിക്കൊണ്ട് പ്രപഞ്ചവ്യാപാരങ്ങളിൽ ദൈവികശക്തികൾക്ക് പങ്കുണ്ടെന്ന ധാരണയെ വെല്ലുവിളിക്കുകയും ഭൗതിക പദാർത്ഥങ്ങളുടെ ചലനത്തിന്റെ ഫലമായിട്ടാണ് ഭൂലോകമുണ്ടായതെന്ന് സ്ഥാപിക്കുകയും ചെയ്തു. അതിശക്തിയായി ചുറ്റിക്കറങ്ങിക്കൊണ്ടിരുന്ന ഒരു പ്രകാശ പടലമായിരുന്നു ആദ്യകാലത്തെ സൂര്യഗോളമെന്നും ചുറ്റലിന്റെ ഗതിവേഗത്താൽ ആ പ്രഭാപടലം ഉറച്ച് കട്ടിയാവാൻ തുടങ്ങിയെന്നും അങ്ങനെ ചുറ്റി ഉറച്ചുകൊണ്ടിരുന്ന സൂര്യനിൽ നിന്ന് തെറിച്ചുപോയ ശകലങ്ങളാണ് ഭൂമിയും മറ്റു ഗ്രഹങ്ങളുമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ദൈവത്തെപ്പറ്റി ഒന്നും പറയാത്തതെന്തുകൊണ്ടാണെന്ന് ചോദിച്ചപ്പോൾ അങ്ങനെയൊരു സങ്കല്പത്തിന്റെ ആവശ്യം എനിക്കുണ്ടായിരുന്നില്ല എന്നാണദ്ദേഹം മറുപടി പറഞ്ഞത്.

ലപ്ലാസിന്റെ സിദ്ധാന്തത്തെ കൂടുതൽ പരിഷ്കരിക്കാൻ പല ശാസ്ത്രജ്ഞന്മാരും പിന്നീട് പരിശ്രമിക്കുകയുണ്ടായി. അതിൻഫലമായി, ലോകം ശാശ്വതവും സ്ഥിരവും മാറ്റമില്ലാത്തതുമാണെന്ന യാന്ത്രിക ധാരണയും ഏതോ ദൈവീക ശക്തിയുടെ ലീലാവിലാസങ്ങളാണ് ഭൂമിയെ സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്തിട്ടുള്ളതെന്ന അന്ധവിശ്വാസവും തകർന്നുപോയിരിക്കുന്നു.

സൂര്യഗോളവും മറ്റേതോ നക്ഷത്രവും തമ്മിൽ കൂട്ടിമുട്ടിയതിനാലോ ചുറ്റിക്കറങ്ങിക്കൊണ്ടിരുന്ന ഒരു നക്ഷത്രം സൂര്യന്റെ സമീപത്തെത്തിയപ്പോഴുണ്ടായ ആകർഷണത്തിന്റെ ഫലമായിട്ടോ ആണ് ഭൂമിയും മറ്റു ഗ്രഹങ്ങളും പൊട്ടിത്തെറിച്ചു വീണതെന്ന് ചില ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. സൂര്യനിൽ തന്നെയുള്ള ആഭ്യന്തര സംഘട്ടനങ്ങളുടെ ഫലമായിട്ടാണതു സംഭവിച്ചതെന്ന് മറ്റുചില ശാസ്ത്രജ്ഞന്മാരും അഭിപ്രായപ്പെടുന്നുണ്ട്. സൂര്യഗോളത്തിൽ ഒരദ്ദശമായ കേന്ദ്രത്തിനു ചുറ്റമായി തിരിഞ്ഞുകൊണ്ടിരിക്കുന്ന വിവിധ ഘടകങ്ങളുടെ പരസ്പര സംഘട്ടനങ്ങളുടെ ഫലമായി ചില സവിശേഷ സന്ദർഭങ്ങളിൽ സൂര്യൻ പെട്ടെന്ന് വിങ്ങുകയും അതിന്റെ വലിപ്പം പെട്ടെന്നു ചുരുങ്ങുകയും ചെയ്യാറുണ്ടെന്നും അത്തരമൊരു സന്ദർഭത്തിലാണ് ഭൂമിയും മറ്റു ഗ്രഹങ്ങളും തെറിച്ചുവീണതെന്നുമാണ് രണ്ടാമത്തെ വിഭാഗക്കാർ വിശ്വസിക്കുന്നത്. 'ഫോട്ടൺ' എന്ന ശക്തിയേറിയ രശ്മിയുടെ ഗതിവേഗമാണ് സൂര്യനിൽ നിന്ന് ഗ്രഹങ്ങളെ ഉന്തിത്തെറിപ്പിച്ചതെന്ന് ജെ. ബി. എസ്. ഹാൾഡേൻ പറയുന്നു.

ഈ ശാസ്ത്രീയ സിദ്ധാന്തങ്ങൾക്ക് കൂടുതൽ തെളിവുകളും മിനുക്കുപണികളും ആവശ്യമായിരിക്കാം. പക്ഷേ, ഭൂമിക്ക് ശാശ്വതത്വമില്ലെന്നും ചുരുങ്ങിയത് 200 കോടി കൊല്ലങ്ങൾക്കു മുമ്പ് കത്തിജ്വലിക്കുന്ന സൂര്യനിൽ നിന്നു തെറിച്ചുവീണതാണെന്നുമുള്ള കാര്യത്തിൽ സംശയമില്ല.

## 2 ജീവൻ വരുന്നു

ഭൂമിയുടെ ഉത്ഭവത്തോടൊപ്പം മനുഷ്യനും ഉത്ഭവിക്കുകയുണ്ടായോ? തീർച്ചയായുമില്ല. സൂര്യനിൽനിന്നു പൊട്ടിവീണകാലത്ത് കത്തിജ്വലിക്കുന്ന ഒരു ഗോളമായിരുന്നു ഭൂമി. തിളച്ച വെള്ളത്തിന്റെ 600 ഇരട്ടി ചൂടുള്ള ഒരഗ്നിഗോളം. അക്കാലത്ത് മനുഷ്യനെന്നല്ല, യാതൊരു ജീവിയും ഉണ്ടായിരിക്കാനിടയില്ല. ഭൂമി ക്രമത്തിൽ തണുത്തു തണുത്തുവരികയും അതിന്റെ പ്രഭാപടലങ്ങളിൽ നിന്ന് ചില രസായനവസ്തുക്കൾ ഉരുപ്പിടിക്കുകയും ചെയ്തു. കാർബൺ, നൈട്രജൻ, ഹൈഡ്രജൻ, ഓക്സിജൻ തുടങ്ങിയ മൂലപദാർത്ഥങ്ങളാവിർഭവിക്കുകയും അവ പരസ്പരം കൂടിച്ചേർന്ന് പലതരം ഭൗതിക വസ്തുക്കൾക്ക് രൂപം കൊടുക്കുകയും ചെയ്തു. ഭൂമി പിന്നെയും തണുത്തു തണുത്തുവന്നു. അങ്ങനെ അനേകം ശതാബ്ദങ്ങൾക്കു ശേഷം ഒരുതരം പാറകളുണ്ടാവാൻ തുടങ്ങി. ചൂടു പിന്നെയും കുറഞ്ഞപ്പോൾ അന്തരീക്ഷത്തിലെ ആവിമേഘങ്ങൾ തണുത്തു മഴയാവുകയും ഒലിച്ചൊലിച്ചുപോകുന്ന വെള്ളം പല തരത്തിലുള്ള ധാതുപദാർത്ഥങ്ങളുടെ സങ്കേതകങ്ങളുണ്ടാക്കിത്തീർക്കുകയും ചെയ്തു. ഒടുവിൽ കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ, നൈട്രജൻ, ക്ലോറിൻ, മഗ്നീഷ്യം, അയഡിൻ, കാൽസിയം, ഇരുമ്പ്, മാംഗനീസ് മുതലായ വിവിധങ്ങളായ പദാർത്ഥങ്ങളുൾക്കൊണ്ട ജീവവസ്തുക്കളാവിർഭവിച്ചു. ഇങ്ങനെയുണ്ടായതാണ് എല്ലാ ജീവികളിലും കാണപ്പെടുന്ന പ്രോട്ടീൻ എന്ന സവിശേഷമായ രസായനപദാർത്ഥം. പ്രോട്ടീനും മറ്റു രസായനവസ്തുക്കളും കൂടിച്ചേർന്നാണ് ജീവനുള്ള പദാർത്ഥങ്ങളുണ്ടായിത്തീർന്നത്.

ജീവനുള്ള വസ്തുക്കൾ ആവിർഭവിച്ചതെങ്ങനെയെന്ന് ജെ. ബി. എസ്. ഹാൾഡൻ വിവരിക്കുന്നു.

'അതിന്റെ (ഭൂമിയുടെ) ഉൽഭവത്തെത്തുടർന്ന് കുറെ ആയിരം കൊല്ലങ്ങൾക്കുള്ളിൽ കുറച്ചൊക്കെ സ്ഥിരതയും കട്ടപ്പവുമുള്ള ഒരു പുറന്തോടുണ്ടാവത്തക്കവണ്ണം അതു തണുത്തിട്ടുണ്ടാവണം. എങ്കിലും ഈ പുറന്തോടിന് പിന്നെയും വളരെക്കാലത്തേക്ക് തിളച്ച വെള്ളത്തേക്കാളേറെ ചൂടുണ്ടായിരുന്നിരിക്കണം. നന്നെ സാവധാനത്തിൽ മാത്രമാണ് അതു തണുത്തുറച്ചുവന്നത്. ആദ്യകാലത്തെ അന്തരീക്ഷത്തിൽ പറയത്തക്കവണ്ണം ജീവവായുവുണ്ടായിരുന്നില്ലെന്നുവേണം വിചാരിക്കുക. കാരണം, ഇന്നുള്ള ജീവവായു തന്നെ ഭൂമിയുടെ അടിയിലും ഉപരിതലത്തിലുള്ള എല്ലാ കൽക്കരിയേയും, പ്രാണികളുടെ അവശിഷ്ടങ്ങളെയും കഷ്ടിച്ചു കരിച്ചുകളയാൻ പറ്റുന്നത്രയേ ഉള്ളൂ. ചോക്കിലും, ചുണ്ണാമ്പുകല്ലിലും, ചുണ്ണാമ്പും മഗ്നീഷ്യവും ചേർന്ന സോളേറ്റ് പാറകളിലും ഇന്നു കലർന്നു കാണുന്ന ഏതാണ്ടു മുഴുവൻ അംഗാരവും (കാർബൺ) അംഗാരമ്ലമായിട്ടാണ് (കാർബൺഡയോക്സൈഡ്) അന്ന് അന്തരീക്ഷത്തിൽ കെട്ടിനിന്നിരുന്നത്. ഇപ്പോൾ ഭൂമിയിൽക്കാണുന്ന യവക്ഷാരവായു (നൈട്രജൻ)വിന്റെ ഗണ്യമായ ഭാഗം ഭൂമിയുടെ പുറന്തോടിലുള്ള ലോഹങ്ങളുമായിക്കലർന്ന് യവക്ഷാരവസ്തുക്കൾ (നൈട്രേറ്റ്) ആയിട്ടാണ് നിലനിന്നിരുന്നത്. ഈ യവക്ഷാര പദാർത്ഥങ്ങളിൽ വെള്ളം കൂടിച്ചേർന്നതിന്റെ ഫലമായി അമോണിയ എന്ന ഗ്യാസ് ഇടവിടാതെ ഉണ്ടായിക്കൊണ്ടിരുന്നു. സൂര്യൻ അക്കാലത്ത് ഇപ്പോഴത്തെക്കാളും അല്പം ഏറെ ചൂടുള്ളതായിരിക്കണം. അന്തരീക്ഷത്തിൽ ജീവവായുവില്ലാതിരുന്നതിനാൽ സൂര്യനിൽ നിന്നു വരുന്നവയും രാസപരിവർത്തനമുണ്ടാക്കുന്നവയുമായ അൾട്രാവൈലറ്റ് രശ്മികളെ ഇന്നത്തെപ്പോലെ അന്തരീക്ഷത്തിന്റെ മേൽഭാഗങ്ങളിൽവെച്ച് ഓക്സിജന്റെ ഒരു വകഭേദമായ ഓസോണോ അടിഭാഗങ്ങളിൽവെച്ച് ഓക്സിജൻ തന്നെയുമോ തടുത്തുനിർത്തിയിരുന്നില്ല. അവ

ഭൂമിയുടെയും കടലിന്റെയും ഉപരിതലത്തിലേക്കോ അല്ലെങ്കിൽ മേഘങ്ങളിലേയ്ക്കെങ്കിലുമോ തുളച്ചുകടന്നിരുന്നു.

വെള്ളം, അംഗാരാമ്ലം, അമോണിയം എന്നിവ കൂട്ടിച്ചേർത്ത് അതിൽ അൾട്രാവൈലറ്റ് വെളിച്ചം തട്ടിച്ചാൽ ശർക്കര പദാർത്ഥങ്ങളും പ്രോട്ടീൻ പദാർത്ഥങ്ങളെയുൾക്കൊള്ളുന്ന ചില വസ്തുക്കളുമടക്കം പലതരത്തിൽ ജീവനുള്ള പദാർത്ഥങ്ങളുണ്ടാക്കാൻ കഴിയുമെന്ന് തീർച്ചയാണ്. ജീവനുള്ളതോ കുറെ ജീവനുള്ളതോ ആയ ആദ്യത്തെ വസ്തുക്കൾ ഇങ്ങനെ, സൂര്യപ്രകാശത്തിന്റെ സമഘാതഫലമായുണ്ടായ വലിയ അണുക്കൾ ആയിരിക്കണം. അവയാവിർഭവിച്ച അനുകൂല പരിതഃസ്ഥിതികളിൽ മാത്രമേ അവയ്ക്കു പുനരുൽപാദനം നടത്താൻ കഴിഞ്ഞിരുന്നുള്ളൂ.

ആദ്യത്തെ ജീവിക്കും ആധുനിക മനുഷ്യനുമിടയിൽ നൂറുകോടി കൊല്ലങ്ങളുടെ ദൂരമുണ്ട്. ഭൂമിയുടെ ഉൽഭവത്തിനും ആധുനിക മനുഷ്യനുമിടയിലാകട്ടെ, 200 കോടി കൊല്ലങ്ങൾ നീണ്ടുകിടക്കുന്നു. എന്നുവച്ചാൽ ഭൂമിയുണ്ടായിട്ട് 100 കോടി കൊല്ലങ്ങൾ കഴിയുന്നതുവരെ യാതൊരു ജീവരാശിയുമുണ്ടായിരുന്നില്ല.

ജീവജാലങ്ങളാവിർഭവിക്കുന്നതിനു മുമ്പുതന്നെ ഭൗതികവസ്തുക്കൾ നിലനിന്നിരുന്നുവെന്നും അചേതനങ്ങളായ ഭൗതികവസ്തുക്കളുടെ വികാസക്രമത്തിൽ നിന്നാണ് അചേതനവസ്തുക്കൾ ജന്മമെടുത്തത് എന്നും ഇതിൽനിന്ന് മനസ്സിലാക്കാം.

ഈ വികാസക്രമത്തിൽ ജീവനില്ലാത്ത പദാർത്ഥങ്ങളെയും ജീവനുള്ള പദാർത്ഥങ്ങളെയും വേർതിരിക്കേണ്ടതെവിടെയെന്ന് തിട്ടപ്പെടുത്തിപ്പറയുക വിഷമമാണ്. എങ്കിലും ഭൗതിക പദാർത്ഥങ്ങളുടെ വികാസഗതിയെ ഒരു പ്രത്യേക ദശാസന്ധിയിലാണ് ജീവികളാവിർഭവിച്ചതെന്നും ഭൗതികപദാർത്ഥങ്ങളുടെ നിലനിൽപ്പിന്റെ ഒരു പ്രത്യേകരൂപം മാത്രമാണ് ജീവനെന്നു തീർച്ചയാണ്. എംഗൽസ് പറയുന്നതുപോലെ 'ആൽബുമിനിസം പദാർത്ഥങ്ങൾ നിലനിൽക്കുന്ന രീതിയാണ് ജീവൻ.' കൊഴുപ്പ പദാർത്ഥങ്ങളും കോഴിമുട്ടയുടെ വെള്ള പോലുള്ള പദാർത്ഥങ്ങളുൾപ്പെടെയുള്ള പ്രോട്ടീൻ വസ്തുക്കളെയാണ് ആൽബുമിനസ് പദാർത്ഥങ്ങൾ എന്ന പദംകൊണ്ട് എംഗൽസ് ഉദ്ദേശിക്കുന്നത്. അദ്ദേഹം വിവരിക്കുന്നു.

'ജീവനുള്ളേടങ്ങളിലെല്ലാം അത് ആൽബുമിനസ് പദാർത്ഥവുമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. നാശോൻമുഖമായ നിലയില്ലാത്ത ആൽബുമിനസ് പദാർത്ഥങ്ങളുള്ളേടങ്ങളിലെല്ലാം ജീവന്റെ പ്രത്യക്ഷസ്വരൂപം നീക്കുപോക്കില്ലാതെ കാണാൻ കഴിയും. ജീവനുള്ള പദാർത്ഥത്തിൽ ജീവന്റെ പ്രത്യക്ഷ സ്വരൂപങ്ങളുടെ സവിശേഷമായ വൈജാത്യങ്ങൾ ഉണ്ടാക്കാൻ മറ്റുചില രസസമ്മിശ്രങ്ങൾകൂടി ആവശ്യമാണെന്ന കാര്യം നിസംശയമാണ്. അവ ആഹാരമായി ഉപയോഗിക്കപ്പെടുകയും ആൽബുമിനായി രൂപാന്തരപ്പെടുകയും ചെയ്യുന്നുവെന്നതും ശരിയാണ്. എന്നാൽ, അവയൊക്കെ വെറും ജീവന്റെ നിലനിൽപിനു കൂടിയേ കഴിയൂ എന്നില്ല. നമ്മുടെ അറിവിൽപ്പെട്ട ഏറ്റവും താണ ജീവികൾ വാസ്തവത്തിൽ, ആൽബുമിന്റെ വെറും കട്ടകളല്ലാതെ മറ്റൊന്നുമല്ല. അവ ജീവന്റെ സവിശേഷമായ എല്ലാ പ്രത്യക്ഷസ്വരൂപങ്ങളും ശരിക്കു വെളിപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

പ്രോട്ടീൻ വസ്തുക്കളിൽനിന്നാണ് ആദ്യത്തെ ജീവകോശങ്ങളുൽഭവിച്ചത് എന്നു പറയുന്നതിന്റെ അർത്ഥം ലാബറട്ടറികളിലെ ഗവേഷണങ്ങളിലൂടെ ഏതു ജീവിയെ വേണമെങ്കിലും ഇഷ്ടംപോലെ സൃഷ്ടിക്കാൻ കഴിയുമെന്നല്ല. സങ്കീർണങ്ങളും കുടിക്കുഴഞ്ഞവയുമായ ഭൗതിക പദാർത്ഥങ്ങളുടെ ഏറ്റവും ഉയർന്ന രൂപത്തിലുള്ള ചലനത്തിനാണ് ജീവൻ എന്നു പറയുന്നത്. ജഡവസ്തുക്കളിൽ നിന്ന് ജീവരാശികളിലേക്കുള്ള പരിണാമ ക്രമത്തിന്റെ പിന്നിൽ സഹസ്രാബ്ദങ്ങളുടെ നീണ്ട ചരിത്ര

മുണ്ട്. എംഗൽസ് താക്കീത് ചെയ്തപോലെ, 'അനേകായിരം വർഷങ്ങൾ കൊണ്ട് നിർവഹിച്ച ഒരു കാര്യം കുറച്ച് ചളിവെള്ളത്തിന്റെ സഹായത്തോടുകൂടി ഇരുപത്തി നാല് മണിക്കൂറിനുള്ളിൽ ചെയ്തുതീർക്കണമെന്ന് പ്രകൃതിയെ നിർബന്ധിക്കുന്നത് വിഡ്ഢിത്തം മാത്രമായിരിക്കും.' സെല്ലുകൾ അല്ലെങ്കിൽ, ജീവകോശങ്ങൾ എന്ന പേരിലറിയപ്പെടുന്ന ജീവരാശിയുടെ ആദ്യഘടകങ്ങൾ ഭൗതിക പ്രപഞ്ചത്തിൽ നിന്ന് വികസിച്ചുണ്ടായതാണെന്നു മാത്രമേ മനസ്സിലാക്കേണ്ടതുള്ളൂ.

ഒരു ജീവി മറ്റൊരു ജീവിയിൽ നിന്നല്ലാതെ ഉൽഭവിക്കുകയില്ലെന്നും നാം ഇന്നു കാണുന്ന സകല ജീവികളും മുമ്പുണ്ടായിരുന്നവയുടെ സന്താന പരമ്പരകളാണെന്നും ലോകത്തിലാദ്യമുണ്ടായ ഒരു ജീവിയാണ് എല്ലാ ജീവജാലങ്ങളുടെയും മുൻഗാമിയെന്നുമാണ് ശാസ്ത്രജ്ഞന്മാർ അടുത്തകാലംവരെയും അഭിപ്രായപ്പെട്ടിരുന്നത്. ഭൂമിയുടെ ചരിത്രത്തിൽ ഒരിക്കൽമാത്രം ഒരു ജീവകോശമുണ്ടായെന്നും അത് മുറിഞ്ഞ് കൂടുതൽ ജീവകോശങ്ങളുണ്ടായെന്നും ക്രമത്തിൽ ഒന്നിലധികം ജീവകോശങ്ങളുള്ള പ്രാണികളുണ്ടാവാൻ തുടങ്ങിയെന്നും അങ്ങനെ അതിപുരാതനമായ ആദ്യത്തെ ജീവകോശത്തിൽ നിന്ന് തുടർന്ന് പടർന്ന് വികസിച്ചുണ്ടായവയാണ് ഇന്ന് കാണുന്ന എല്ലാ ജീവജാലങ്ങളുമെന്നുമാണ് വിശ്വസിക്കപ്പെട്ടിരുന്നത്.

ഒരു ജീവകോശത്തിൽ നിന്നല്ലാതെ മറ്റൊരു ജീവകോശമുണ്ടാവുകയില്ലെങ്കിൽ ആ ഒന്നാമത്തെ ജീവകോശം എങ്ങനെയുണ്ടായി? വളരെക്കാലം ഈ ചോദ്യത്തിനു മറുപടി പറയാൻ ആർക്കും കഴിഞ്ഞില്ല. ഓരോ ജീവകോശത്തിലും അനശ്വരവും പരമ്പരാഗതമായി പിൻഗാമികൾക്ക് പ്രദാനം ചെയ്യപ്പെടുന്നതുമായ ജെൻ എന്ന ഒരു സവിശേഷ വസ്തു അടങ്ങിയിട്ടുണ്ടെന്നും ആദ്യത്തെ ജീവകോശം മുതൽ ആധുനിക മനുഷ്യൻ വരെയുള്ള എല്ലാ ജീവികൾക്കും ആ ജെന്നിൽ നിന്നാണ് തലമുറ തലമുറയായി ജീവൻ ലഭിച്ചുപോന്നതെന്നും ചിലർ വാദിക്കുകയുണ്ടായി. ഇതിൽനിന്ന് ചില ശാസ്ത്രജ്ഞന്മാർ ഒരു പടികൂടി മുന്നോട്ടുകടന്ന് അജ്ഞാതമായ ഏതോ ദൈവിക ശക്തിയുടെ കൃപാകടാക്ഷത്തിലാണ് ഭൂമുഖത്താദ്യമായി ജീവൻ ആവിർഭവിച്ചത് എന്നുവരെ വാദിക്കാൻ മുതിർന്നു. അങ്ങനെ പത്തൊമ്പതാം നൂറ്റാണ്ടിൽ ഉദ്ധതമായി തലപൊക്കിനിന്നിരുന്ന ശാസ്ത്രജ്ഞനും മെല്ലെ മെല്ലെ ആത്മീയ ജ്ഞാനത്തിലേക്ക് വഴുതിവീഴാൻ തുടങ്ങി.

ലെപിഷെൻസ്കായ എന്ന സോവിയറ്റ് ശാസ്ത്രജ്ഞനാണ് അന്ധവിശ്വാസത്തിലേക്കുള്ള ഈ വഴുതിപ്പോക്കിൽ നിന്ന് ശാസ്ത്രജ്ഞാനത്തെ രക്ഷിച്ചത്. ഒരു ജീവകോശത്തിൽ നിന്നു മാത്രമേ മറ്റൊരു ജീവകോശം ഉണ്ടായിക്കൂടൂ എന്നില്ലെന്നും ജീവകോശങ്ങളുടെ രൂപം കൈക്കൊള്ളാത്ത അത്രതന്നെ സംഘടിതമല്ലാത്ത, ആൽബുമിനസടങ്ങിയ ജീവപദാർത്ഥങ്ങൾ നിലനിൽക്കുന്നുണ്ടെന്നും അവയിൽ നിന്നാണ് ജീവകോശങ്ങളുണ്ടാകുന്നതെന്നും രണ്ടു ദശാബ്ദകാലത്തെ ഗവേഷണഫലങ്ങളുടെ തെളിവുകളോടുകൂടി അവർ ഉറപ്പിച്ചുപറഞ്ഞു.

ഒരു കോഴിമുട്ടയ്ക്കുള്ളിലെ ജീവബീജം അതിലെ സെല്ലുകളുടെ വിഭജനം വഴിയായിട്ടാണ് വളരുന്നതെന്നും ബീജത്തിന് ചുറ്റുമുള്ള വെള്ള നിർജീവവും നിഷ്ക്രിയവുമായ ഒരു പങ്കുമാത്രമേ വഹിക്കുന്നുള്ളുവെന്നും വളർന്നുവരുന്ന ജീവബീജത്തിന് ആഹാരമെന്നോണം വർത്തിക്കുക എന്നതിൽ കവിഞ്ഞ് യാതൊരു പങ്കും അതിനില്ലെന്നുമാണ് അടുത്തകാലംവരെയും ശാസ്ത്രജ്ഞന്മാർ ധരിച്ചിരുന്നത്. ഈ ധാരണ ശരിയല്ലെന്ന് ലെപിഷെൻസ്കായ തീർത്തുപറഞ്ഞു. മുട്ടയിലെ വെള്ളയിൽ ആഹാരസാധനങ്ങൾ മാത്രമല്ല, ജീവനുള്ള പദാർത്ഥങ്ങളുമടങ്ങിയിട്ടുണ്ടെന്നും പുതിയ സെല്ലുകൾക്ക് രൂപം നൽകാൻ അവയ്ക്ക് കഴിവുണ്ടെന്നും അവർ തെളിയിച്ചു.

ഇങ്ങനെ, ഭൗതികപദാർത്ഥങ്ങളുടെ ഏറ്റവും ഉയർന്ന രൂപമെന്ന നിലയ്ക്കാവിർഭവിച്ച ജീവന്റെ ഗതിക്രമങ്ങളെ പറ്റിയും സ്വഭാവവിശേഷങ്ങളെപ്പറ്റിയും പഠിക്കാനുള്ള സാദ്ധ്യതകൾ പതിന്മടങ്ങു വർദ്ധിച്ചിരിക്കുന്നു.

പ്രോട്ടീൻ വസ്തുക്കളിൽനിന്ന് വൈറസ്, ബാക്ടീരിയ മുതലായ പേരുകളിലറിയപ്പെടുന്ന ജീവവസ്തുക്കളാണ് ആദ്യമായി ആവിർഭവിച്ചത്. അവയെത്തുടർന്നുകൊണ്ട് വ്യത്യസ്തങ്ങളായ പല ജീവജാലങ്ങളും മെല്ലെമെല്ലെ പ്രത്യക്ഷപ്പെടാൻ തുടങ്ങി. താഴ്ന്ന നിലയിലുള്ള ജീവികൾ കൂടുതൽ ഉയർന്ന തരത്തിലുള്ള ജീവികൾക്ക് വഴി തെളിയിച്ചു. ഇപ്രകാരം വളരെക്കാലത്തെ വികാസത്തിന്റെ ഫലമായി നമ്മുടെ ലോകം നിരവധി സസ്യജാലങ്ങളുടെയും അതിലും ഉയർന്ന ജീവരാശികളുടേയും നിവാസസ്ഥാനമായിത്തീർന്നു.

## 3 പരിണാമവാദം

ജീവൻ നിലനിൽക്കുക മാത്രമല്ല, വികസിക്കുക കൂടി ചെയ്യുന്നു. വികാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ വിവിധ രൂപത്തിലുള്ള ജീവികളുണ്ടായതെങ്ങനെയെന്നും ഓരോ പരിണാമഘട്ടത്തിലും ജീവികളുടെ ശരീരഘടനയും ജീവിതരീതിയും സ്വഭാവവിശേഷങ്ങളും ഉയർന്നുയർന്നു വന്നതെങ്ങനെയെന്നും പരിണാമത്തിന്റെ ഗതി ക്രമത്തിൽ ഇടയ്ക്കിടയ്ക്ക് ജാതിപരിവർത്തനങ്ങൾ (ഒരു ജാതി ജീവിയിൽനിന്നു മറ്റൊരു ജാതി ജീവിയുണ്ടാവൽ) ഉണ്ടായതെങ്ങനെയെന്നും, ഒടുവിൽ മത്സ്യം, ഇഴജന്തുക്കൾ, പക്ഷികൾ, സ്ഥലജലപ്രാണികൾ, കുരങ്ങുകൾ, വന മാനുഷൻ എന്നിങ്ങനെയുള്ള പല ഘട്ടങ്ങൾക്കുശേഷം മനുഷ്യപ്രാണി ഭൂമുഖത്താവിർഭവിച്ചതെങ്ങനെയെന്നും ചാൾസ് ഡാർവിൻ (1809-1882) എന്ന ആംഗലശാസ്ത്രജ്ഞനാണ് ആദ്യമായി വിശകലനം ചെയ്തു വിവരിച്ചത്.

പള്ളിക്കൂടത്തിൽ പഠിക്കുന്ന കാലത്തുതന്നെ ഡാർവിൻ പ്രകൃതിശാസ്ത്ര സംബന്ധിയായ പുസ്തകങ്ങൾ വായിച്ചുപഠിക്കുന്നതിലും പ്രകൃതിയുടെ പ്രതിഭാസങ്ങളെ നോക്കി പരിശോധിക്കുന്നതിലും വലിയ താൽപര്യം കാണിച്ചിരുന്നു. പിതാവിന്റെ ആഗ്രഹമനുസരിച്ച് ഒരു ഡോക്ടറായിത്തീരാൻവേണ്ടി അദ്ദേഹം എഡിൻബറോ യൂണിവേഴ്സിറ്റിയിൽ ചേർന്നു. പക്ഷേ, വൈദ്യശാസ്ത്രപഠനം അദ്ദേഹത്തെ ആകർഷിച്ചില്ല. 'ശരീരശാസ്ത്രത്തെ പറ്റിയുള്ള പ്രസംഗങ്ങൾ അത് പഠിപ്പിക്കുന്ന അദ്ധ്യാപകനെപ്പോലെതന്നെ മുഷിപ്പനായിരുന്നു' എന്ന് അദ്ദേഹം പിന്നീടെഴുതുകയുണ്ടായി. വൈദ്യശാസ്ത്രത്തിൽ മകന് താൽപര്യമില്ലെന്നു കണ്ടപ്പോൾ വാത്സല്യനിധിയായ പിതാവ് അദ്ദേഹത്തെ ഒരു പുരോഹിതനാക്കാനാഗ്രഹിച്ചു. മതകാര്യങ്ങൾ പഠിക്കാൻവേണ്ടി ഡാർവിൻ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ചേർന്നു. പക്ഷേ, അതും അദ്ദേഹത്തിനു പിടിച്ചില്ല. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയല്ല, പ്രകൃതിയുടെ യൂണിവേഴ്സിറ്റിയാണ് അദ്ദേഹത്തിന്റെ ഹൃദയത്തെ ആകർഷിച്ചത്. കേംബ്രിഡ്ജ് വിദ്യാഭ്യാസമവസാനിപ്പിച്ചപ്പോഴേക്കും അദ്ദേഹം സ്വപ്രയത്നത്തിലൂടെ ഒരു പ്രകൃതിശാസ്ത്രജ്ഞനായി മാറിക്കഴിഞ്ഞിരുന്നു. അങ്ങനെ മതവിശ്വാസങ്ങളുടെ അഗാധതയിലേക്ക് ഊളിയിടാൻപോയ ഡാർവിൻ വൈദികലോകത്തെയാകെ അമ്പരപ്പിച്ച പുതിയ ചിന്താഗതികളുമായിട്ടാണ് പുറത്തുകടന്നത്. അദ്ദേഹംതന്നെ പിന്നീടെഴുതുകയുണ്ടായി. 'യാഥാസ്ഥിതികന്മാർ എത്ര കഠിനമായിട്ടാണ് എന്നെ എതിർത്തതെന്നാലോചിക്കുമ്പോൾ ഒരുകാലത്ത് ഞാനൊരു വൈദികനാവാൻ പുറപ്പെട്ടുവെന്നതുതന്നെ അപഹാസ്യമായിത്തോന്നുന്നു'.

1831-ൽ ബീഗിൾ എന്നൊരു ചെറുകപ്പൽ ലോകം ചുറ്റി സഞ്ചരിക്കാൻ പുറപ്പെടുകയുണ്ടായി. കപ്പൽ ഭാരവാഹികൾക്ക് ഒരു പ്രകൃതിശാസ്ത്രജ്ഞനെക്കൂടി കൂടെ കൊണ്ടുപോകണമെന്നുണ്ടായിരുന്നു. ഡാർവിനെയാണ് അവർ തിരഞ്ഞെടുത്തത്.

അഞ്ചുകൊല്ലം നീണ്ടുനിന്ന കപ്പൽയാത്ര ഡാർവിന് വിലപിടിച്ച ഒരു വിദ്യാഭ്യാസമായിരുന്നു. ജീവലോകത്തെപ്പറ്റിയുള്ള സിദ്ധാന്തങ്ങളുന്നയിക്കുന്നതിനുമുമ്പ് വിചിത്രങ്ങളായ അസംഖ്യം പ്രാണികളെയും അവയിലുണ്ടാകുന്ന മാറ്റങ്ങളെയും നോക്കിക്കാണാനും നാമാവശേഷങ്ങളായ പലതരം ജീവികൾ ഇട്ടുംവെച്ചുപോയ അസ്ഥികളെ പരിശോധിച്ചു പഠിക്കാനും അദ്ദേഹത്തിനു സൗകര്യം ലഭിച്ചു.

യാത്രകഴിഞ്ഞു മടങ്ങിവന്നതിനുശേഷം അദ്ദേഹം വീണ്ടും പ്രകൃതിശാസ്ത്ര ഗ്രന്ഥങ്ങളിൽ മുഴുകി. ഒടുവിൽ 1859ൽ ചിന്താലോകത്തിലാകെ വലിയൊരു കോളിളക്കമുണ്ടാക്കിയ പ്രകൃതി നിർദ്ധാരണത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ പുസ്തകം പുറത്തുവന്നു. പരിണാമവാദത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങൾ ശാസ്ത്രലോകത്തിന് പുതിയ മുതൽക്കൂട്ടുണ്ടാക്കിക്കൊടുത്തു.

വ്യത്യസ്തങ്ങളായ ചെടികളും ജീവികളുമാവിർഭവിച്ചത് യാദൃച്ഛികമായിട്ടാണെന്നും ദൈവത്തിന്റെ കല്പനയനുസരിച്ചാണെന്നും മറ്റുമുള്ള അന്ധവിശ്വാസങ്ങളെ ഡാർവിൻ ഇടിച്ചുതകർത്തു. ഒരു ജീവിയിൽനിന്ന് മറ്റൊരു ജീവിയിലേക്കും ഒരു തലമുറയിൽ നിന്ന് മറ്റൊരു തലമുറയിലേക്കുമുള്ള പരിണാമത്തിന്റെ ഗതിക്രമത്തിലാണ് ജീവശാസ്ത്രസംബന്ധിയായ പരിവർത്തനങ്ങളുടെ കാരണമാരായേണ്ടതെന്ന് അനേകം ഉദാഹരണങ്ങളോടുകൂടി അദ്ദേഹം തെളിയിച്ചു. അദ്ദേഹം പ്രഖ്യാപിച്ചു:

'കൂടുതൽ സങ്കീർണ്ണങ്ങളായ പ്രാണികൾ പൂർണ്ണത പ്രാപിക്കുന്നത് മനുഷ്യയുക്തിക്കതീതമായ ഒരു ശക്തിയുടെ സഹായത്തോടെയല്ല, മറിച്ച് അസംഖ്യം ചെറിയ ചെറിയ മാറ്റങ്ങൾ കുമ്പാരിച്ചു കൂട്ടുന്നതിന്റെ ഫലമായിട്ടാണ്'.

ചെടികളും ജീവികളും മാറുന്നതെങ്ങനെയെന്നും പരിണാമത്തിന്റെ ഗതിക്രമത്തിനിടയിൽ പുതിയ ചെടികളും പുതിയ പ്രാണികളും ആവിർഭവിക്കുന്നതെങ്ങനെയെന്നും ഡാർവിൻ വ്യക്തമാക്കി.

രണ്ടു ജീവികൾ ഒരിക്കലും ഒരുപോലെയിരിക്കുന്നില്ല അവയുടെ സ്വഭാവവിശേഷങ്ങൾ വ്യത്യസ്തങ്ങളാണ്. അവയുടെ ശരീരഘടനയിൽതന്നെ വ്യത്യാസം കാണാം. ചില ജീവികൾ വലുതും മറ്റു ചിലത് ചെറുതുമാണ്. ചിലതിനു കൂടുതൽ ശക്തിയുണ്ടെങ്കിൽ മറ്റു ചിലത് ദുർബലമാണ്. ചിലതിനു കൂടുതൽ തണുപ്പ് സഹിക്കാൻ കഴിയും. മറ്റു ചിലതിന് ഉഷ്ണം സഹിക്കാനാണു കഴിയുക. അപ്പോൾ ഒരേ പരിതഃസ്ഥിതിയെ എല്ലാ ജീവികൾക്കും ഒരുപോലെ നേരിടാൻ സാധിക്കില്ല. ശത്രുക്കളിൽ നിന്ന് ഓടിപ്പോകേണ്ട ഘട്ടങ്ങളിൽ ഓടാൻ കഴിവുള്ള ജീവികൾ രക്ഷപെടും. മറ്റുള്ളവ തുടച്ചുനീക്കപ്പെടും. കൂടുതൽ മൂർച്ചയുള്ള പല്ലുകളും നഖങ്ങളുമുള്ള ജീവികൾക്ക് ഇവയെ കൊന്നുതിന്നാൻ എളുപ്പം കൂടും. മറ്റുള്ളവ ജീവിതായോധനത്തിൽ തോറ്റുപോകുന്നു. എലികളെ നോക്കുക, ഒരെലിക്ക് മറ്റൊരെലിയേക്കാൾ വേഗത്തിൽ ഓടാൻ കഴിയും. അല്ലെങ്കിൽ ഒരെലിക്ക് മറ്റൊരെലിയുടേതിനേക്കാൾ മൂർച്ചയുള്ള പല്ലുകളുണ്ടായിരിക്കും. ഈ വ്യത്യാസങ്ങളിൽ ചിലതെങ്കിലും പരമ്പരാഗതമായി മുൻഗാമികളിൽനിന്ന് കിട്ടിയതാവാം, അല്ലെങ്കിൽ, പരിതഃസ്ഥിതികളിലുള്ള വ്യത്യാസങ്ങളുടെ ഫലമായിരിക്കും. എങ്ങനെയായാലും ജനിക്കുന്ന എല്ലാ എലികൾക്കും ലോകത്തിൽ ഇടമില്ലെന്ന് തീർച്ചയാണ്. അതുകൊണ്ട് ജീവിക്കാൻ ഏറ്റവുമധികം പ്രാപ്തിയും ഏറ്റവുമധികം സാമർത്ഥ്യവുമുള്ള എലികൾ മാത്രം ജീവിക്കുന്നു. മറ്റുള്ളവയൊക്കെ ജീവിതസമരത്തിൽ തോറ്റു നശിച്ചുപോകുന്നു.

ഏതാണ്ട് ൩൦ കോടി കൊല്ലങ്ങൾക്കുമുമ്പ് അത്യുഷ്ണം കാരണം ഒരിക്കൽ ജലാശയങ്ങൾ വറ്റാൻ തുടങ്ങുകയുണ്ടായെന്ന് ഭൂഗർഭ ശാസ്ത്രജ്ഞന്മാർ പറയുന്നു. അതുമൂലം, വെള്ളത്തിൽ കഴിച്ചുകൂട്ടിയിരുന്ന മത്സ്യങ്ങൾ കുഴപ്പത്തിലായി. പക്ഷേ, ചില ജാതി മത്സ്യങ്ങളിൽ ശ്വാസകോശങ്ങൾ വികസിച്ചുണ്ടാവാൻ തുടങ്ങിയിരുന്നു. അവയ്ക്ക് അപകടം പറ്റിയില്ല. ജലാശയങ്ങൾ പിന്നെയും വറ്റിയപ്പോൾ കരയിൽ അരിച്ചരിച്ചുനടക്കാൻ കഴിയത്തക്കവണ്ണം കാലുകളുണ്ടായിത്തീർന്ന ജീവികൾക്കേ രക്ഷപ്പെടാൻ കഴഞ്ഞുള്ളൂ. ഈ ഘട്ടത്തിലാണ് വെള്ളത്തിലും കരയിലും ജീവിക്കാൻ കെല്പുള്ള സ്ഥലജലപ്രാണികൾ ആവിർഭവിച്ചത്.

പരിതഃസ്ഥിതികളോടു പോരാടാൻ ഏറ്റവുമധികം കഴിവുള്ള പ്രാണിവിശേഷങ്ങൾ മാത്രം വിജയിക്കുന്നു. മറ്റുള്ളവയെല്ലാം കർക്കശമായ ജീവിതമത്സരത്തിൽ അടിപ്പെട്ടു മൺമറയുന്നു. മറ്റൊരുവിധം പറഞ്ഞാൽ ഓരോ ഘട്ടത്തിലും പരിതഃസ്ഥിതികളോട് പോരാടി വിജയം നേടാൻ കെൽപുള്ള ജീവികളെ പ്രകൃതി തിരഞ്ഞെടുക്കലിനാണ് പ്രകൃതിനിർദ്ധാരണം (natural selection) എന്ന് പേരിടപ്പെട്ടിട്ടുള്ളത്.

തുടരെത്തുടരെയുള്ള നിർദ്ധാരണത്തിന്റെ ഫലമായി ചില ജീവിവിശേഷങ്ങൾക്ക് പരമ്പരാഗതമായിത്തന്നെ പരിതഃസ്ഥിതികളോടിണങ്ങി ജീവിക്കാൻ പറ്റിയ ശരീരഘടനയും അനുകൂലസ്വഭാവങ്ങളും ഉളവായിത്തീരുന്നു. ഇങ്ങനെയാണ് സസ്യങ്ങളിലും പ്രാണികളിലും പുതിയ വിശേഷങ്ങൾ (Species) ഉത്ഭവിക്കുന്നത് എന്ന് ഡാർവിൻ സിദ്ധാന്തിക്കുന്നു.

ഡാർവിന്റെ സിദ്ധാന്തം പരിണാമവാദത്തിന്റെ ശാസ്ത്രീയാടിസ്ഥാനമായിത്തീർന്നു. പിന്നീട് നടത്തപ്പെട്ട ഗവേഷണങ്ങൾ ആ അടിസ്ഥാനത്തെ കൂടുതൽ ഉറപ്പിക്കുകയും ചെയ്തു. ലെനിൻ ചൂണ്ടിക്കാണിച്ചതുപോലെ, 'ഡാർവിനാണ് ജീവശാസ്ത്രത്തിന് ആദ്യമായി ശാസ്ത്രീയമായ ഒരടിത്തറയുണ്ടാക്കിയെടുത്തത്!'.

ഡാർവിന്റെ പരിണാമവാദസിദ്ധാന്തമനുസരിച്ച് മനുഷ്യൻ കുരങ്ങുകളുടെ ജാതിയിൽ നിന്നാണുത്ഭവിച്ചത്.

## 4 മൃഗത്തിനും മനുഷ്യനുമിടയിൽ

കുരങ്ങുജാതിയുടെ വികാസത്തിൽ നിന്നാണ് മനുഷ്യനാവിർഭവിച്ചതെന്ന് ആദ്യമായി ഡാർവിൻ പ്രഖ്യാപിച്ചപ്പോൾ പലരും അദ്ദേഹത്തെ പരിഹസിക്കുകയും എതിർക്കുകയുമുണ്ടായി. കുരങ്ങിനും മനുഷ്യനും തമ്മിലുള്ള വ്യത്യാസങ്ങളെയാണവർ തങ്ങളുടെ വിമർശനങ്ങൾക്കാധാരമാക്കിയെടുത്തത്. ഡാർവിന്റെ ആവേശഭരിതരായ അനുയായികളാവട്ടെ, വികാസവാദം എത്രയും ശരിയാണെന്നുതന്നെ വാദിച്ചു. ഡാർവിന്റെ സിദ്ധാന്തങ്ങളെ തെളിയിക്കാനായി കുരങ്ങിനും മനുഷ്യനുമിടയിലുള്ള 'കാണാത്ത കണ്ണികളെ' തിരഞ്ഞുപിടിക്കാൻ അവർ അത്യദ്ധ്വാനം ചെയ്തു. നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി കുരങ്ങിനും മനുഷ്യനുമിടയിലുള്ള അഞ്ചാറു ജന്തുക്കളുടെ അവശിഷ്ടങ്ങൾ കണ്ടുപിടിക്കാൻ അവർക്കു കഴിഞ്ഞിരിക്കുന്നു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തിൽ ഹെക്കേൽ എന്ന ശാസ്ത്രജ്ഞൻ കുരങ്ങു മനുഷ്യന്റെ —അഥവാ വനമനുഷ്യന്റെ തെളിവുകൾ ദക്ഷിണേന്ത്യയിലും ശാന്തസമുദ്രത്തിലെ ചില ദ്വീപുകളിലും ഉണ്ടെന്ന് പ്രസ്താവിച്ചു. പക്ഷേ, ആളുകൾ അദ്ദേഹത്തെ പരിഹസിക്കുകയാണ് ചെയ്തത്.

അതിൽപിന്നെ ഏതാനും കൊല്ലങ്ങൾക്കുശേഷം ആംസ്റ്റർഡാം വിശ്വവിദ്യാലയത്തിലെ ഒരു പ്രൊഫസറും ഡാർവിനിസത്തിന്റെ ഒരു തികഞ്ഞ ആരാധ

കനുമായ യുജൻദ്യൂബ്വവാ ഹെക്കലിന്റെ പ്രസ്താവനയ്ക്കടിസ്ഥാനമായ തെളിവുകൾ ശേഖരിക്കാൻ വേണ്ടി സുന്ദാ ദ്വീപുകളിലേക്ക് പുറപ്പെട്ടു. സുന്ദാദ്വീപുകളിലൊന്നായ സുമാത്രയിൽ ഒരു സംഘം ശിഷ്യന്മാരോടുകൂടി അദ്ദേഹം മണ്ണു കുഴിച്ചു നോക്കാൻ തുടങ്ങി. വളരെ മാസങ്ങളോളം പണിപ്പെട്ടുവെങ്കിലും ഫലമുണ്ടായില്ല. പക്ഷേ, എന്തായിട്ടും ദ്യൂബ്വവാ നൈരാശ്യപ്പെട്ടില്ല. സുമാത്രയിലെ പരീക്ഷണങ്ങൾകൊണ്ട് ഫലമില്ലെന്നു കണ്ടപ്പോൾ അദ്ദേഹം ജാവാദ്വീപിൽ പോയി പരീക്ഷണം തുടർന്നു. അവിടെ അദ്ദേഹം വിജയശ്രീലാളിതനായി. കെൻഡങ്ങ് പർവതത്തിന്റെ അടിവാരത്തിൽ ബെഘ്വാൻ നദിയുടെ തീരങ്ങളിൽ രണ്ടു മൂന്നു പല്ലുകളും ഒരു തുടയെല്ലും വനമാനുഷന്റെ തലയോടിന്റെ ഒരു ഭാഗവും അദ്ദേഹം കണ്ടെത്തി. ഒരു മനുഷ്യന്റേതിനേക്കാളധികം ഒരു കുരങ്ങിന്റേതിനോടായിരുന്നു ആ തുടയ്ക്ക് സാമ്യമുണ്ടായിരുന്നത്. പക്ഷേ, മസ്തിഷ്കത്തിന്റെ വലുപ്പവും മറ്റും സൂക്ഷിച്ചു പരിശോധിച്ചപ്പോൾ അത് ഒരു കുരങ്ങിന്റേതാവാൻ വഴിയില്ലെന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടു. തുടയെല്ല് പരിശോധിച്ചപ്പോൾ വനമാനുഷ്യൻ ഇരുകാലിന്മേൽ നിൽക്കാൻ പഠിച്ചുകഴിഞ്ഞിരുന്നുവെന്ന് അദ്ദേഹത്തിന് മനസ്സിലായി. ഇത് തീർച്ചയായും മനുഷ്യനല്ല. പക്ഷേ, കുരങ്ങാണെന്നും പറഞ്ഞുകൂടാ. ദ്യൂബ്വവാ ഈ ജീവിക്ക് പിത്തക്കാന്ത്രോപ്പസ് ഇറക്റ്റസ് (Pithacanthropus Erectus) അതായത് നിവർന്നുനിൽക്കാൻ കഴിയുന്ന വനമാനുഷൻ, എന്ന പുതിയ പേരിട്ടു. ഈ പൂർവ മനുഷ്യൻ ഏതാണ്ട് പത്തുലക്ഷം കൊല്ലങ്ങൾക്കു മുമ്പാണ് ജീവിച്ചിരുന്നതെന്നും കണക്കാക്കപ്പെട്ടു.

മണ്ണു കുഴിച്ച് ചില എല്ലുകളെടുക്കുക എളുപ്പമാണ്. പക്ഷേ, അവയുടെ സത്യാവസ്ഥ തെളിയിക്കുക അത്ര എളുപ്പമല്ല.

ദ്യൂബ്വവായുടെ കണ്ടുപിടുത്തം ചോദ്യം ചെയ്യപ്പെട്ടു. നാലുഭാഗത്തുനിന്നും അദ്ദേഹത്തിന്റെമേൽ ശകാരവർഷങ്ങൾ വന്നുവീണു. ദ്യൂബ്വവാ കണ്ടുപിടിച്ച തലയോട് 'ഗിബ്ബർ' എന്ന ഒരുതരം ജീവിയുടേതാണെന്നും തുടയെല്ല് ആധുനിക മനുഷ്യന്റേതാണെന്നും ചിലർ വാദിച്ചു.

വിമർശനങ്ങളേയും ശകാരവർഷങ്ങളേയും പേടിക്കാതെ ദ്യൂബ്വവാ തന്റെ പരീക്ഷണം തുടർന്നു. ഒരു മുഴുവൻ അസ്ഥികൂടം കണ്ടുപിടിക്കാനദ്ദേഹം പരിശ്രമമാരംഭിച്ചു. അഞ്ചു കൊല്ലക്കാലത്തോളം അദ്ധ്വാനിച്ച് അനേകം എല്ലുകള് സമ്പാദിച്ചു. പക്ഷേ, ആയിരക്കണക്കിലുള്ള എല്ലുകൾക്കിടയിൽ വന്ന മനുഷ്യന്റെ തുടയെല്ലുകൾ മൂന്നെണ്ണം മാത്രമേ ഉണ്ടായിരുന്നുള്ളൂ!

കൊല്ലങ്ങൾ പിന്നെയും വളരെക്കഴിഞ്ഞു. അതിന്നിടയിൽ മറ്റൊരു ശാസ്ത്രജ്ഞൻ മുന്നോട്ടുവന്നു. ഏതാണ്ട് അര നൂറ്റാണ്ടിനുമുമ്പ് ചൈനയിലെ പീപിങ്ങ് നഗരത്തിലെ ഒരു ഔഷധശാലയിൽ ഒരാൾ കുറച്ചു മരുന്നു വാങ്ങാൻപോയി. പല സാധനങ്ങൾക്കുമിടയിൽ ഒരു വിചിത്രമായ പല്ലു തൂക്കിയിട്ടിരിക്കുന്നത് അദ്ദേഹം കണ്ടെത്തി. അത് മനുഷ്യന്റെയോ മറ്റേതെങ്കിലും ജന്തുവിന്റേയോ എന്ന് അദ്ദേഹത്തിന് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഏതായാലും, അദ്ദേഹം അതു വാങ്ങി 'ചീനപ്പല്ല്' എന്ന് പേരിട്ട് യൂറോപ്പിലേക്കയച്ചു. ശാസ്ത്രജ്ഞന്മാർക്ക് പുതിയൊരു ചിന്താവിഷയം കിട്ടി.

ഏതാണ്ടിരുപതു കൊല്ലങ്ങൾക്കുശേഷം 1937ൽ പ്രൊഫസർ ഡേവിഡ് സൺബ്ലേക്ക് എന്ന കാനഡക്കാരൻ ശാസ്ത്രജ്ഞന്റെ നേതൃത്വത്തിൽ പീപ്പിങ്ങിന്നടുത്തുള്ള ചെക്കോതിൽ എന്ന പ്രദേശത്ത് ചില ഗുഹകളിൽ ഖനന വേലകളാരംഭിച്ചു. അതിന്റെ ഫലമായി പിന്നെയും കുറെ 'ചീനപ്പല്ലുകൾ' കണ്ടുകിട്ടി. രണ്ടു മൂന്നു കൊല്ലങ്ങൾക്കുള്ളിൽ അവിടെനിന്ന് തന്നെ ആ പല്ലുകളുടെ ഉടമയായ അസ്ഥികൂടത്തിന്റെ

അവശിഷ്ടങ്ങളും ചില തലയോട്ടുകളും കണ്ടെടുക്കപ്പെട്ടു. ഇപ്പോൾ നാമാവശേഷമായിക്കഴിഞ്ഞ ഒരു ജാതി മനുഷ്യരുടെ അവശിഷ്ടങ്ങളാണവയെന്ന് ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കി. ചൈനയിലെ ആ പൂർവികമനുഷ്യന് അവർ ചൈനീസ് വനമാനുഷൻ (Sianthropus) എന്നു പേരിട്ടു.

ചെക്കോതിൻ ഗുഹകളിൽ എല്ലുകൾ മാത്രമല്ല, കല്ലുകൊണ്ടുള്ള അനേകം ആയുധങ്ങളും പുകപിടിച്ച സ്ഥലങ്ങളും കാണപ്പെടുകയുണ്ടായി. ഇതിൽനിന്നൊക്കെ ചൈനീസ് വനമാനുഷൻ കല്ലുകൊണ്ടുള്ള ആയുധങ്ങളുപയോഗിച്ച് മാൻ മുതലായ മൃഗങ്ങളെ കൊന്നു തിന്നിരുന്നുവെന്നും തീയുപയോഗിക്കാൻ പഠിച്ചുകഴിഞ്ഞിരുന്നുവെന്നും അനുമാനിക്കാവുന്നതാണ്.

ജാവയിൽനിന്നും ചൈനയിൽനിന്നും കിട്ടിയ ഈ എല്ലുകൾ കുരങ്ങിനും മനുഷ്യനുമിടയിലുള്ള ഒരുതരം മനുഷ്യജീവിയുടെ അവശിഷ്ടങ്ങളാണെന്ന് ഇപ്പോൾ മിക്കവാറും സമ്മതിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. മനുഷ്യൻ കുരങ്ങുജാതിയിൽനിന്നു വികസിച്ചുയർന്നുവന്നതാണെന്ന ഡാർവിനിസ്റ്റ് തത്വം തികച്ചും ശരിയാണെന്നും തെളിയിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

എന്നാൽ, മനുഷ്യന്റെ ഈ പ്രാകൃതപൂർവ്വികർ ജാവയിലും ചൈനയിലും മാത്രമാണോ നിവസിച്ചിരുന്നത്? അല്ലെന്ന് ശാസ്ത്രജ്ഞന്മാർ ഉറപ്പിച്ചുപറയുന്നു. മേൽപ്പറഞ്ഞ രണ്ടുതരം വനമാനുഷന്മാരുടെ എല്ലുകൾ ഏഷ്യയിൽ നിന്നാണ് കണ്ടുകിട്ടിയതെങ്കിലും ഏഷ്യയിൽ മാത്രമേ ആദിമമനുഷ്യനുണ്ടായിരുന്നുള്ളുവെന്ന് പറയാൻ പാടില്ല, ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നീ വൻകരകളിലെല്ലാം നമ്മുടെ പൂർവികന്മാരായ കുരങ്ങു മനുഷ്യൻ ജീവിച്ചിരുന്നുവെന്നതാണ് വാസ്തവം.

കുരങ്ങുമനുഷ്യനും മനുഷ്യനുമിടയിലുള്ള വേറെയും ചില ഉപമാനുഷന്മാരുടെ അവശിഷ്ടങ്ങൾ ഒന്നിലധികം സ്ഥലങ്ങളിൽനിന്ന് കണ്ടുകിട്ടിയിട്ടുണ്ട്. ഹീഡൽബർഗിലെ മൺകുഴിയിൽനിന്ന് കിട്ടിയ താടിയെല്ലും മറ്റും 'ഹീഡൽബർഗ് മനുഷ്യൻ' എന്ന പേരിലറിയപ്പെടുന്ന ഒരുതരം മനുഷ്യസത്വത്തിന്റെ അവശേഷങ്ങളത്രേ. 'നിയാണ്ടർത്താൽ' എന്ന സ്ഥലത്തുനിന്നു കിട്ടിയ തലയോട്ടുകളും എല്ലുകളും മറ്റും 'നിയാണ്ടർത്താൽമനുഷ്യൻ' എന്ന പേരിലറിയപ്പെടുന്ന ഉപമാനുഷന്റെ അവശേഷങ്ങളാണ്. 'ക്രോമാഗ്നൻ' എന്ന സ്ഥലത്തെ ഗുഹയിൽനിന്നു കണ്ടെടുത്ത നരകങ്കാളങ്ങൾ കൂടുതൽ ഉയർന്ന ഒരു നിലയെക്കുറിക്കുന്നവയാണ്. അവയ്ക്ക് മനുഷ്യന്റെ അസ്ഥികൂടവുമായി നല്ല സാദൃശ്യമുണ്ട്. ഇങ്ങനെ കുരങ്ങിനും മനുഷ്യനും മദ്ധ്യേ സുദീർഘകാലം നിലനിന്ന പരിവർത്തനദശാസന്ധിയിലെ ജീവികളെന്ന് തീർത്തുപറയാവുന്ന അഞ്ചോ ആറോ ജന്തുവിശേഷങ്ങളുടെ അവശിഷ്ടങ്ങൾ പലേടത്തുനിന്നുമായി കണ്ടുകിട്ടിയിട്ടുണ്ട്.

'കാണാത്ത കണ്ണികളെ' വെളിച്ചത്തു കൊണ്ടുവന്ന ഈ അവശിഷ്ടങ്ങളെപ്പറ്റി ജെ. ബി. എസ്. ഹാൾഡേൻ എഴുതുകയാണ്.

'ഉദ്ദേശം അമ്പതു കൊല്ലങ്ങൾക്കുമുമ്പ് ആവേശഭരിതരായ ഡാർവിൻ പക്ഷക്കാരാണ് മനുഷ്യർ കുരങ്ങുകളുടെ പിന്തുടർച്ചക്കാരാണെന്ന വസ്തുത എല്ലാവർക്കും തെളിയിച്ചുകൊടുക്കാനുതകുന്ന ഒരു കണ്ണുള്ള രൂപത്തിന് 'കാണാത്തകണ്ണികൾ' എന്നുപേരിട്ടത്. അതിൽപിന്നെ വിവിധ ഗവേഷകന്മാർ ചുരുങ്ങിയത് ആറു വ്യത്യസ്ത രീതിയിലുള്ള തലയോട്ടുകളും ചിലപ്പോൾ മുഴുവൻ അസ്ഥികൂടങ്ങൾ തന്നെയും കണ്ടെടുത്തിട്ടുണ്ട്. അവയ്ക്ക് ഇന്നു ജീവിച്ചിരിക്കുന്ന ഏത് മനുഷ്യരെക്കാളുമേറെ കുരങ്ങുകളോടാണ് സാമ്യം. ഈ എല്ലുകൾ കുരങ്ങുകളുടേയോ അല്ലെങ്കിൽ മനുഷ്യരുടേയോ എന്നുള്ള ചോദ്യം അവയുടെ ശരീരഘടനയെക്കാളധികം അവ

യുടെ സ്വഭാവവിശേഷങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ആഹാരസാധനങ്ങൾ ശേഖരിച്ചുതിന്നുന്നതിനുപകരം അവയുടെ ഉൽപാദനം ആരംഭിച്ചിരുന്നു അപ്പോൾ വളർന്നുവരുന്ന ഉല്പാദനരീതിയുടെ പരിഷ്കരണങ്ങളിലൂടെ സംസ്കാര കാലംവരെയെത്തുന്ന ഒരു ദശാഘട്ടമുണ്ടായിരുന്നുവെന്ന് തീർച്ചയാണ്. തീയുണ്ടാക്കുക എന്നത് തീർച്ചയായും ഒരുതരത്തിലുള്ള ഉല്പാദനരീതിയാണ്. ചൈനീസ് വനമാനുഷന്മാർ തീയുണ്ടാക്കിയിരുന്നുവെന്ന് നാം കണ്ടുവല്ലോ.

ഹാൾഡേൻ തുടരുന്നു.

> ‘ശരീരപ്രകൃതികൊണ്ട് നോക്കുമ്പോൾ കുരങ്ങുകളെന്ന് പറഞ്ഞുകൂടാത്ത മറ്റു ചില തരക്കാർ സ്വഭാവവിശേഷങ്ങളെക്കൊണ്ട് കുരങ്ങുകളായിരുന്നു. ഈ ആദിമ മനുഷ്യരുടെ ശാരീരിക ഘടനയെ സംബന്ധിക്കുന്ന സൂക്ഷ്മതകളിൽ ഞാൻ അത്രയൊന്നും അമ്പരക്കുന്നില്ല. അവരുടെ എല്ലുകളെക്കാളധികം പണിയായുധങ്ങൾ നോക്കിയാലാണ് അവരെപ്പറ്റി കൂടുതൽ പഠിക്കുവാൻ സാധിക്കുക.’

## 5 മനുഷ്യന്റെ മുൻഗാമികൾ

ലക്ഷോപലക്ഷം സംവത്സരങ്ങൾക്കു മുമ്പുണ്ടായിരുന്ന കാട്ടുകൾ ഇന്നു കാണുന്ന കാട്ടുകളിൽനിന്നു തീരെ വ്യത്യാസപ്പെട്ടവയാണ്. അവയിലെ വൃക്ഷങ്ങൾ ഇന്നുള്ള വൃക്ഷങ്ങളെ പോലെയായിരുന്നില്ല. അവയിൽ വസിച്ചിരുന്ന ജീവികളും വ്യത്യസ്തങ്ങളായിരുന്നു.

ആ അതിപ്രാചീനകാലത്തു കുരങ്ങുമനുഷ്യൻ അല്ലെങ്കിൽ വനമാനുഷൻ എന്ന പേരിലറിയപ്പെടുന്ന സവിശേഷരീതിയിലുള്ള ഒരുതരം കുരങ്ങുകളുണ്ടായിരുന്നു. ഒരു മരത്തിൽനിന്നു മറ്റൊരു മരത്തിലേക്ക് ചാടിക്കൊണ്ടും കായ്കനികൾ പറിച്ചു തിന്നുകൊണ്ടും അവർ ജീവിച്ചു. പെൺകുരങ്ങുകൾ പഴങ്ങൾ ശേഖരിച്ചു തങ്ങളുടെ മാറോടു പറ്റിക്കിടക്കുന്ന കുട്ടികളെ തീറ്റും. മുതിർന്ന കുട്ടികൾ അമ്മയുടെ കാൽ പിടിച്ചുകൊണ്ടും തുള്ളിച്ചാടും. അവർ കൂട്ടംകൂട്ടമായിട്ടാണ് ജീവിച്ചത്. കൂട്ടത്തിന്റെ തലവൻ മുമ്പിൽ നടക്കും. മറ്റുള്ളവരെല്ലാം വഴിയാലെ, ഇത്തരം വനമാനുഷന്മാർ ഇന്നു ജീവിച്ചിരിക്കുന്നില്ല, എന്നാൽ ഈ വനമാനുഷന്മാരിൽനിന്നാണ് മനുഷ്യനും ചിമ്പാൻസി, ഗോറില്ല, ഒറാങ്ങ്ടാങ്ങ് മുതലായ വാനരവിശേഷങ്ങളും ഉത്ഭവിച്ചത് എന്നു ശാസ്ത്രജ്ഞന്മാർ തെളിയിച്ചിരിക്കുന്നു.

ചിമ്പാൻസികളും മനുഷ്യരും തമ്മിൽ ബന്ധമുണ്ടെന്നു ശാസ്ത്രജ്ഞന്മാർ തീർത്തു പറയുന്നു. പക്ഷേ, ഇതിനർത്ഥം ചിമ്പാൻസിയും മനുഷ്യനും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നല്ല, തീർച്ചയായും വ്യത്യാസങ്ങളുണ്ട്. ചിമ്പാൻസിയുടെ ശരീരഘടനയും മനുഷ്യന്റെ ശരീരഘടനയും ഒരുപോലെയല്ല. ചിമ്പാൻസിയെ സൂക്ഷിച്ചു നോക്കിയാൽ ഇതു മനസിലാവും. അതിന്റെ തല മനുഷ്യന്റേതിനേക്കാൾ ചെറുതാണ്. വായ്നിറച്ചും പല്ലുണ്ട്. നാവിളക്കാൻ വേണ്ടത്ര സ്ഥലമില്ലാത്തതുകൊണ്ട് എത്ര പഠിപ്പിച്ചാലും അതിനു സംസാരിക്കാനാവില്ല. ഇങ്ങനെ പല വ്യത്യാസങ്ങളും കാണാൻ കഴിയും. അപ്പോൾ പരിണാമവാദത്തിന്റെ അർത്ഥം എല്ലാ കുരങ്ങുകളിൽ നിന്നും മനുഷ്യൻ പെറ്റുവീഴുമെന്നല്ല. ഒരേ ജാതി കുരങ്ങുകളിൽ നിന്നാണ് ചിമ്പാൻസിയും മനുഷ്യനും ഉത്ഭവിച്ചത് എന്നു മാത്രമേ ശാസ്ത്രജ്ഞന്മാർ പറയുന്നുള്ളൂ.

നമ്മുടെ പൂർവികന്മാരായ ആ മനുഷ്യക്കുരങ്ങുകൾ തങ്ങളുടെ ശത്രുക്കളായ വ്യാഘ്രങ്ങളിൽനിന്നും മറ്റു ഹിംസ്രജന്തുക്കളിൽ നിന്നും രക്ഷനേടുന്നതിന് അധികസമയവും മരക്കൊമ്പുകളിലാണ് കഴിച്ചുകൂട്ടിയത്. കാട്ടുകളായിരുന്നു അവരുടെ വീട്ടുകൾ.

മരങ്ങളിൽനിന്നു കിട്ടുന്ന കായും കനികളുമായിരുന്നു അവരുടെ ഭക്ഷണം. ഭൂമിയിലിറങ്ങി വരേണ്ട ആവശ്യംതന്നെ അവർക്കുണ്ടായിരുന്നില്ല.

അങ്ങനെയിരിക്കുമ്പോൾ പ്രകൃതിക്കു തന്നെയും അതിപ്രധാനമായ പല മാറ്റങ്ങളും സംഭവിച്ചു. വടക്കുനിന്നു മഞ്ഞിൻ പർവതങ്ങൾ പൊട്ടിയുരുകി തെക്കോട്ടൊഴുകാൻ തുടങ്ങി, കാടുകളിൽ കഠിനമായ ശൈത്യം പരന്നുപിടിച്ചു. ഈ കൊടും തണുപ്പിനെ തട്ടുത്തുനിൽക്കാൻ കഴിയാത്ത മരങ്ങളെല്ലാം നശിച്ചുപോയി. അതോടൊപ്പം കാട്ടിലെ നിവാസികളും നീങ്ങാൻ നിർബന്ധരായി. ആനയുടെ മുൻഗാമിയായ മാസ്റ്റോഡൻ എന്ന മൃഗം ഈ ഘട്ടത്തിലത്രേ നാമാവശേഷമായത്. വാളുപോലെയുള്ള മുഖത്തോടുകൂടിയ ഒരുതരം വ്യാഘ്രങ്ങളും ഭൂമുഖത്തുനിന്ന് അന്തർദ്ധാനംചെയ്തു. വനമാനുഷന്മാരുടെ കഥയോ? അവരിൽ പലരും ഓടി രക്ഷപ്പെട്ടു. അതോടുകൂടി മരക്കൊമ്പുകളിലുള്ള താമസം മിക്കവാറും അവസാനിച്ചു.

മരത്തിൽനിന്ന് താഴെയിറങ്ങി ജീവിക്കാൻ തുടങ്ങിയപ്പോൾ വനമാനുഷന്റെ ശരീരഘടനക്കു മാറ്റം നേരിട്ടു. മരം ചാടുന്നസമയത്ത് പാരച്യൂട്ടിന്റെ പങ്ക് വഹിച്ചിരുന്ന വാലിന്റെ ഉപയോഗം കുറഞ്ഞുപോയി. എന്നല്ല, ശത്രുക്കളുടെ ആക്രമണവേളകളിൽ വാൽ ഹാനികരമാകുകകൂടി ചെയ്തു. അങ്ങനെ ഉപയോഗശൂന്യമായിത്തീർന്ന് വാൽ ആയിരമായിരം കൊല്ലങ്ങൾക്കിടയിൽ മെല്ലെ അന്തർദ്ധാനം ചെയ്തു.

ജീവിതരീതി മാറിയതോടെ വനമാനുഷന്റെ ശരീരഘടന മാറി, മുഖാകൃതി മാറി, സ്വഭാവവിശേഷങ്ങൾ മാറി. ചുരുക്കത്തിൽ വനമാനുഷനിൽ നിന്ന് വ്യത്യസ്തനായ മനുഷ്യൻ പ്രത്യക്ഷപ്പെട്ടു. അതോടുകൂടിയാണ് ചരിത്രം ആരംഭിക്കുന്നത്.

ഒരർത്ഥത്തിൽ മൃഗങ്ങൾക്കും ചരിത്രമുണ്ട്. അവയുടെ ഉത്ഭവത്തിന്റെയും വികാസത്തിന്റെയും ചരിത്രം. പക്ഷേ, ആ ചരിത്രത്തിന്റെ നിർമാണത്തിൽ അവയ്ക്ക് ബോധപൂർവമായ യാതൊരു പങ്കുമില്ല. മനുഷ്യന്റെ സ്ഥിതി വ്യത്യസ്തമാണ്. മനുഷ്യൻ ആരംഭം മുതലേ ചരിത്രത്തെ തനിക്കനുകൂലമായി രൂപപ്പെടുത്താൻ ശ്രമിക്കുന്നു. മൃഗലോകത്തിൽ നിന്നകലുംതോറും മനുഷ്യന് ചരിത്രത്തിലുള്ള ബോധപൂർവമായ പങ്കു വർദ്ധിച്ചുകൊണ്ടുതന്നെ വരുന്നു.

വനമാനുഷന്മാർ പ്രധാനമായും പരിതഃസ്ഥിതികളിൽ നിന്നു കിട്ടുന്നവ മാത്രം ശേഖരിച്ചു ഭക്ഷിച്ചാണുപജീവനം കഴിച്ചിരുന്നത്. ഉപജീവനത്തിനുവേണ്ടിയുള്ള ഈ പരിശ്രമത്തിനിടയിലാണ് ഭക്ഷണസമ്പാദനത്തിനായി കൈകളെ നീക്കിവെക്കാനവർക്ക് കഴിഞ്ഞത്. മരക്കൊമ്പുകളിൽ പാർത്തിരുന്ന കാലത്തുതന്നെ അവർ പഴങ്ങൾ പറിക്കാനും മറ്റും കൈകൾ ഉപയോഗപ്പെടുത്തിയിരുന്നു. ഒരു പടികൂടി കടക്കട്ടെ കൈകൾക്കു സഹായകമായി മരക്കഷണങ്ങളോ ചുള്ളിക്കൊമ്പുകളോ കല്ലുകളോ ഉപയോഗിക്കാൻ തുടങ്ങുകയായി. അവർ കല്ലിൻ കഷണങ്ങൾകൊണ്ട് ബദാം മുതലായവ കുത്തിപ്പൊട്ടിച്ചു തിന്നാൻ പഠിച്ചു. വടികഷണങ്ങൾകൊണ്ട് കുത്തിക്കുഴിച്ച് കിഴങ്ങുകളെടുത്തു ഭക്ഷിക്കാൻ ശീലിച്ചു. പുറ്റുകൾ തോണ്ടി പുഴുക്കളെയെടുത്തുതിന്നാനും ഇങ്ങനെ ആഹാരസാമഗ്രികൾ കൂടി കൊണ്ടുവന്നു. അതോടൊപ്പം കൈകൊണ്ടുള്ള ഉപയോഗവും വർദ്ധിച്ചു. ക്രമത്തിൽ പിൻകാലുകളിൽ നിൽക്കാനും കഷ്ടിച്ചുനടക്കാനും പഠിച്ചതോടുകൂടി മുമ്പിലുള്ള രണ്ടു കാലുകൾ അതായത് കൈകൾ തികച്ചും പ്രകൃതിയുമായുള്ള വ്യവഹാരങ്ങൾക്കായി നീക്കിവെയ്ക്കാമെന്നായി.

ആദ്യമൊക്കെ പ്രകൃതിദത്തമായ ഉപകരണങ്ങളെ യാതൊരു രൂപഭേദവും വരുത്താതെ കിട്ടിയപാടിൽ ഉപയോഗിക്കുകയാണ് ചെയ്തിരുന്നത്. പക്ഷേ, അധികം കഴിയുന്നതിനുമുമ്പ് അവയെ ആവശ്യങ്ങൾക്കനുസരിച്ച് രൂപപ്പെടുത്താമെന്നാ

യി. അങ്ങനെ പ്രകൃതി നൽകുന്ന ആഹാരസാധനങ്ങൾ സംഭരിച്ച് ജീവിക്കുന്നതിനുപകരം അവർ ക്രമത്തിൽ ഉല്പാദനോപകരണങ്ങളുപയോഗിച്ച് പ്രകൃതിയുമായി പടവെട്ടി ആവശ്യമുള്ളതു നേടാൻ തുടങ്ങി. പ്രകൃതിക്ക് പരിപൂർണമായി കീഴടങ്ങിയിരുന്ന മൃഗം മെല്ലെ മെല്ലെ തന്റെ ഉപകരണങ്ങളെ പരിഷ്കരിച്ചു പരിഷ്കരിച്ച് പ്രകൃതിയെ കുറേശെ കീഴടക്കാൻ തുടങ്ങുകയും അങ്ങനെ മനുഷ്യത്വത്തിലേക്ക് കാലെടുത്തുവെക്കുകയും ചെയ്തു. കൊല്ലാനും, രക്ഷിക്കാനും, ഭക്ഷണം സമ്പാദിക്കാനും പാർപ്പിടം നിർമിക്കാനും സഹായിക്കുന്ന ഈ പുതിയ ആയുധങ്ങളാണ്—പുതിയ ജീവിതോപകരണങ്ങളാണ്—വാസ്തവത്തിൽ മനുഷ്യനെ മൃഗത്തിൽനിന്ന് പരിപൂർണമായി വേർതിരിക്കുന്നത്. മാർക്സും എംഗൽസും കൂടിയെഴുതിയ ജർമൻ ആശയഗതി (German Ideology) എന്ന പുസ്തകത്തിൽ ഇങ്ങനെപറയുന്നു.

'ജീവസന്ധാരണത്തിനുള്ള' ഉപകരണങ്ങളെ ഉല്പാദിപ്പിക്കാൻ തുടങ്ങിയതുമുതൽക്കാണ് മനുഷ്യൻ മൃഗത്തിൽനിന്ന് വ്യത്യസ്തമായ പ്രാണിയാവാൻ തുടങ്ങിയത്. തന്റെ ശരീരഘടനയെ നിലനിർത്താൻ മനുഷ്യന് അവയാവശ്യമായിരുന്നു. യാതൊരളവിലാണോ മനുഷ്യൻ തന്റെ ജീവിതായോധനോപകരണങ്ങളെ ഉൽപാദിപ്പിക്കുന്നത് അപ്രത്യക്ഷഭാവത്തിൽ, ശരിക്കതേ അളവിലാണ് അവൻ തന്റെ യഥാർത്ഥ ജീവിതത്തെ രൂപവൽക്കരിക്കുകയും ഉയർത്തുകയും ചെയ്യുന്നത്. ജീവസന്ധാരണത്തിനാവശ്യമായ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ, കുടിക്കാൻ വെള്ളം, പാർക്കാനിടം, ഉടുക്കാൻ തുണി മുതലായവയാണ്. അതിനാൽ ചരിത്രത്തിന്റെ ഒന്നാമത്തെ പ്രവൃത്തി ഈയാവശ്യങ്ങളെ നേടുവാനുള്ള ഉപകരണങ്ങളുണ്ടാക്കുകയാണ്. അതോടൊപ്പമാണ് മനുഷ്യന്റെ യഥാർത്ഥ ജീവിതമാരംഭിക്കുന്നത്. ഈ ചരിത്രസംഭവമാണ് മനുഷ്യചരിത്രത്തിന്റെ മുഴുവൻ മൗലികമായ പ്രേരണാശക്തി'.

മാർക്സ് മറ്റൊരിടത്ത് പറയുന്നു:

> 'പ്രവൃത്തിക്കുള്ള ഉപകരണങ്ങളുണ്ടാക്കി ഉപയോഗിക്കുക എന്നത്, ചില വർഗത്തിൽപ്പെട്ട ജന്തുക്കളിൽ ബീജരൂപത്തിൽ കാണാമെങ്കിലും, മനുഷ്യന്റെ യന്ത്രങ്ങൾക്ക് വിശേഷാലുള്ള പ്രത്യേകതയാണത്. അതുകൊണ്ടത്രേ ഫ്രാങ്ക്ലിൻ മനുഷ്യനെ പണിയായുധങ്ങളുണ്ടാക്കി കൊണ്ടിരിക്കുന്ന മൃഗം എന്ന് നിർവചിച്ചിരിക്കുന്നത്. നാമാവശേഷമായ ചിലതരം ജന്തുക്കളുടെ സ്വരൂപം നിർണയിക്കുന്നതിന് മണ്ണടിഞ്ഞ എല്ലിൻകഷ്ണം എത്രമാത്രം ഉപകരിക്കുമോ, അത്രതന്നെ പ്രാധാന്യമേറിയതാണ് നാമാവശേഷമായ സമുദായങ്ങളുടെ സാമ്പത്തിക സ്വരൂപം നിർണയിക്കുന്ന കാര്യത്തിൽ കഴിഞ്ഞുപോയ കാലത്തെ മനുഷ്യരുടെ പണിയായുധങ്ങൾ പരിശോധിക്കുക എന്നതും. ഏതെല്ലാം സാധനങ്ങളുണ്ടാക്കപ്പെടുന്നത് എന്നുള്ളതല്ല, അവയെ എങ്ങനെയുണ്ടാക്കുന്നു, ഏത് പണിയായുധങ്ങളുപയോഗിച്ചുണ്ടാക്കുന്നു എന്നുള്ളതാണ് വിവിധ സാമ്പത്തികദശകളെ തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നത്. മനുഷ്യപ്രയത്നം പ്രാപിച്ചിരിക്കുന്ന അഭിവൃദ്ധിയുടെ നിലവാരമളന്നു നോക്കാൻ പണിയായുധങ്ങൾ ഒരു മാനദണ്ഡമായിത്തീരുന്നു എന്നുമാത്രമല്ല, മനുഷ്യപ്രയത്നം നടത്തിയിട്ടുള്ളത് ഏതേതു സാമൂഹ്യ പരിതഃസ്ഥിതികളിലാണ് എന്നുകൂടി ഈ പണിയായുധങ്ങൾ ചൂണ്ടിക്കാട്ടിത്തരുന്നു.'

## 6 മൃഗത്തിൽനിന്ന് മനുഷ്യനിലേക്ക്

പരിണാമത്തിന്റെ ഗതിക്രമത്തിനിടയിൽ ജീവികളുടെ ശരീരഘടനയ്ക്ക് മാത്രമല്ല മാറ്റമുണ്ടാകുന്നത്. അവയും ബാഹ്യപരിതഃസ്ഥിതികളും തമ്മിലുള്ള ബന്ധങ്ങളിലും

പരിവർത്തനങ്ങളുണ്ടാകുന്നു. കുരങ്ങിൽനിന്നു മനുഷ്യനിലേക്കുള്ള പരിവർത്തനത്തോടൊപ്പം മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിലും മാറ്റമുളവായി. പ്രകൃതിക്ക് പരിപൂർണമായി കീഴടങ്ങിക്കഴിയുന്നതിനുപകരം മനുഷ്യൻ കുറേശെക്കുറേശെയായി പ്രകൃതിയെ തന്റെ ആവശ്യങ്ങൾക്കനുസരിച്ച് രൂപഭേദപ്പെടുത്താൻ തുടങ്ങി. ഈ പുതിയ ജീവിതരീതിയാണ് മനുഷ്യന്റെ ഞരമ്പുകളിലും തലച്ചോറിലും സ്വഭാവവിശേഷങ്ങളിലും പരിവർത്തനങ്ങളുണ്ടാക്കിയത്.

നാല് കാലിന്മേൽ നടന്നിരുന്ന മൃഗം രണ്ട് കാലിൻമേൽ നിവർന്നുനിൽക്കാനും മുൻകാലുകൾ കൈകളാക്കി ഉപയോഗിക്കാനും തുടങ്ങിയതോടുകൂടിയാണ് മനുഷ്യൻ രംഗപ്രവേശം ചെയ്തത്. ഈ പരിണാമത്തെ നിർണയിച്ചത് ജീവസന്ധാരണത്തിനുവേണ്ടിയുള്ള അദ്ധ്വാനമാണ്. അപ്പോൾ മനുഷ്യനെ സൃഷ്ടിച്ചത് എന്നുപറയുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല.

നിവർന്നു നിൽക്കാറായതോടുകൂടി സ്വതന്ത്രങ്ങളായിത്തീർന്ന കൈകൾ മറ്റു പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാമെന്നായി—കൈകൾകൊണ്ട് ആയുധങ്ങളും അദ്ധ്വാനോപകരണങ്ങളും നിർമ്മിക്കാമെന്നായി.

കുരങ്ങുകളും ചിലപ്പോഴൊക്കെ പിൻകാലുകളിൽ നിൽക്കാറുണ്ട്, പക്ഷേ, സ്ഥിരമായി പിൻകാലുകളുപയോഗിക്കുകയും കൈകൾ മറ്റു പ്രവർത്തനങ്ങൾക്കായി ഒഴിച്ചുനിർത്തുകയും ചെയ്യാൻ അവയ്ക്ക് കഴിയുന്നില്ല. എല്ലായ്പോഴും പിൻകാലുകൾ കൊണ്ടുമാത്രം നടക്കുകയും മുൻകാലുകൾ എന്നുവെച്ചാൽ, കൈകൾ സ്വതന്ത്രമായി മറ്റു പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയും ചെയ്ത ഒന്നാമത്തെ ജീവി മനുഷ്യനാണ്.

നാലുകാലുള്ള മൃഗം പ്രകൃതിയിൽനിന്ന് കിട്ടുന്നതെടുത്ത് അനുഭവിച്ചുകൊണ്ട് ജീവിക്കുന്നു. മനുഷ്യനാകട്ടെ, തന്റെ കൈകളുപയോഗിച്ചുകൊണ്ട് ആവശ്യമായ സാമഗ്രികൾ സ്വയം നിർമിക്കുന്നു. മഴ പെയ്യുമ്പോൾ, അല്ലെങ്കിൽ കൊടുങ്കാറ്റുണ്ടാകുമ്പോൾ, മൃഗം ഗുഹകളെയോ കാടുകളെയോ അഭയം പ്രാപിക്കുകയാണ് ചെയ്യുന്നത്. മനുഷ്യനോ? സ്വന്തം കൈകൊണ്ട് വീടുകെട്ടിയുണ്ടാക്കി രക്ഷനേടുന്നു. മൃഗം തന്റെ ശത്രുക്കളിൽനിന്ന് രക്ഷപെടാൻ ഓടിയൊളിക്കുന്നു. അല്ലെങ്കിൽ സ്വന്തം നഖങ്ങളോ പല്ലുകളോ ഉപയോഗിച്ച് ശത്രുക്കളെ നേരിടുന്നു. മനുഷ്യൻ സ്വന്തം കൈകൊണ്ട് ആയുധം നിർമിച്ച് ശത്രുക്കളോട് പൊരുതുന്നു.

അപ്പോൾ, മനുഷ്യന്റെ കൈകൾ വെറും അദ്ധ്വാനത്തിനുള്ള ഉപകരണങ്ങൾ മാത്രമല്ല, അദ്ധ്വാനോപകരണങ്ങൾ നിർമിക്കാനുള്ള ഉപകരണങ്ങൾ കൂടിയാണ്. അദ്ധ്വാനത്തിലൂടെ പുതിയ പുതിയ പ്രവർത്തനങ്ങളിലൂടെയും കൈകൾ മെല്ലെ മെല്ലെ വികസിക്കാൻ തുടങ്ങുന്നു. എല്ലുകളും മാംസപേശികളും ഉറയ്ക്കുന്നു. അങ്ങനെ ഓരോ തലമുറ കഴിയുംതോറും കൈകളുപയോഗിക്കാനുള്ള കരുത്തും വൈദഗ്ദ്ധ്യവും വളരുന്നു.

നിവർന്നുനിൽക്കാനും നടക്കാനും പഠിക്കുന്നതോടുകൂടി കൈകളിൽ മാത്രമല്ല, മറ്റവയവങ്ങളിലും മാറ്റങ്ങളുണ്ടാകുന്നു. കാലുകളുറയ്ക്കുന്നു. നട്ടെല്ല് നിവരുന്നു. നാഡികളും മാംസപേശികളും പുഷ്ടിക്കപ്പെടുന്നു. ബോധശക്തിയുടെ വളർച്ചക്കാവശ്യമായ ശരീരഘടനയും നാഡീബലവും ഉറച്ചുവരുന്നു. ശ്വാസകോശങ്ങളും ശബ്ദനാളങ്ങളും വികസിക്കുന്നു. വായ്ക്കുള്ളിൽ നാവിളക്കാൻ കൂടുതൽ ഇടമുണ്ടായിത്തീരുന്നു. നാവിനുതന്നെയും മാറ്റങ്ങളുണ്ടാകുന്നു. അങ്ങനെ, ഈ മാറ്റങ്ങളുടെയെല്ലാം ഫലമായി മനുഷ്യൻ മെല്ലെ മെല്ലെ സംസാരിക്കാനുള്ള കഴിവുനേടുന്നു.

ഭൗതിക ജീവിതത്തിന്റെ ആവശ്യങ്ങൾ മസ്തിഷ്കത്തിന്റെ പ്രവർത്തനങ്ങളേയും വർദ്ധിപ്പിക്കുന്നു. അതിന്റെ ഫലമായി മസ്തിഷ്കത്തിൽ ചില പുതിയ ജീവകോശങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങുന്നു. ചിന്തിക്കാനുള്ള ശക്തി ക്രമത്തിലാണെങ്കിലും വർദ്ധിച്ചുകൊണ്ടുവരുന്നു. ജടിലവും സങ്കീർണവുമായ ജീവകോശങ്ങളുടെ പ്രവർത്തനങ്ങൾ ഏറിയേറി വരുന്നതിന്റെ തോതിൽ മസ്തിഷ്കത്തിന്റെ വലിപ്പവും വർദ്ധിക്കുന്നു. പിത്തക്കാന്ത്രൂപ്പസിന്റെ തലയേക്കാൾ നിയാണ്ടർത്താലിന്റെയും തലയും നിയാണ്ടർത്താലിന്റെ തലയേക്കാൾ മനുഷ്യന്റെ തലയും വലുതായിക്കാണുവാനുള്ള കാരണം മറ്റൊന്നുമല്ല.

അപ്പോൾ മനുഷ്യന്റെ പ്രവർത്തനങ്ങൾക്കെന്നപോലെ മനുഷ്യമനസിനും ഒരു ചരിത്രമുണ്ട്. ആദിമമനുഷ്യന്റെ മനസ് പ്രാകൃതവും പരിമിതവുമായിരുന്നു. പ്രകൃതിയുമായുള്ള സമ്പർക്കങ്ങളും സംഘട്ടനങ്ങളുമാണ് മനുഷ്യമനസിനെ ശക്തിപ്പെടുത്തിയതും തെളിയിച്ചതും. പ്രകൃതിയിൽനിന്ന് ബോധപൂർവം ജീവിതോപകരണങ്ങൾ സമ്പാദിക്കുന്നതിന്റെ തോതനുസരിച്ച് മനുഷ്യന്റെ മനസും പരിപുഷ്ടമായിക്കൊണ്ടുവരുന്നു. ജീവിതസമരം മുന്നോട്ട് പോകുന്തോറും പുതിയ പുതിയ ആശയങ്ങളും വികാരാവേശങ്ങളും ഉൽഭവിക്കുകയും വളരുകയും ചെയ്തുകൊണ്ടുപോകുന്നു.

അപ്പോൾ, മനുഷ്യമനസിന്റെ സവിശേഷതയായ ചിന്താശക്തി പ്രകൃതിയിൽനിന്നും ഒരൊക്കം കിട്ടിയതല്ല, പ്രത്യുത സ്വന്തം പ്രവർത്തനങ്ങളിലൂടെ മനുഷ്യൻ നയിച്ചുനേടിയതാണ്. മറ്റേതൊരു ജീവിക്കുമില്ലാത്ത വിശേഷബുദ്ധിയും വിപാകതയും മനുഷ്യനു കൈവരാനുള്ള കാരണവും വേറെ യാതൊന്നുമല്ല.

മനുഷ്യേന്ദ്രിയങ്ങളേക്കാൾ മറ്റുചില ജീവികളുടെ ഇന്ദ്രിയങ്ങൾക്കു സൂക്ഷ്മത കൂടുമെന്നുള്ളതു വാസ്തവമാണ്. ഉദാഹരണത്തിന്, മനുഷ്യന്റെ കണ്ണിനേക്കാൾ ദൂരത്തുള്ള വസ്തുക്കളെ കണ്ടെത്താനുള്ള കഴിവ് കഴുകന്റെ കണ്ണിനുണ്ട്. പക്ഷേ, കാണപ്പെടുന്ന വസ്തുക്കളിലടങ്ങിയ കാര്യങ്ങളെ മനുഷ്യൻ മനസിലാക്കുന്നതുപോലെ മനസിലാക്കാൻ കഴുകന് ശക്തിയില്ല. നായക്ക് മണത്തറിയുവാനുള്ള ശക്തി മനുഷ്യനുള്ളതിനേക്കാൾ തീവ്രമാണ്. എന്നാൽ, അതിന് വസ്തുവെപ്പറ്റിയുള്ള ജ്ഞാനം മനുഷ്യനുള്ളത്ര വ്യാപകമല്ല. ഇതൊക്കെ മനുഷ്യമസ്തിഷ്കത്തിന്റെ വികാസത്തെയും അനുഭവവേദ്യമായ വളർച്ചയേയുമല്ലേ കാണിക്കുന്നത്?

## 7 ഭാഷ

ഒറ്റയ്ക്ക് ജീവിക്കുന്ന ഒരാൾക്ക് ഭാഷയുടെ ആവശ്യമില്ല. മനുഷ്യനും മനുഷ്യനും തമ്മിൽ ബന്ധമുണ്ടെങ്കിലേ ആശയവിനിമയം ആവശ്യമായിത്തീരൂ. വന്യമൃഗങ്ങളേയും മറ്റു ശത്രുക്കളേയും നേരിടുന്നതിനും ഉൽപാദനം നടത്തുന്നതിനും കൂട്ടായ ജീവിതം ആവശ്യമായിരുന്നു. കൂട്ടായ ജീവിതത്തിന്റെ ഫലമായിട്ടാണ് പരസ്പരം സംസാരിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യേണ്ടതാവശ്യമായിത്തീർന്നത്.

മാർക്സ് എഴുതുന്നു.

> 'ഉൽപാദനം നടത്തുന്നതിനിടയ്ക്ക് മനുഷ്യൻ പ്രകൃതിയെ മാത്രമല്ല രൂപഭേദപ്പെടുത്തുന്നത്. അവൻ തന്നെത്തന്നെയും മാറ്റിമറിക്കുന്നു. ഒരു സവിശേഷരീതിയിൽ സഹകരിച്ചുനിന്നു. തങ്ങളുടെ അദ്ധ്വാനഫലങ്ങളെ പരസ്പരം കൈമാറിയും മാത്രമേ മനുഷ്യർക്ക് ഉൽപാദനം നടത്താൻ കഴിയുകയുള്ളൂ. ഉൽപാദനം നടത്തുവാനായി അവർ വ്യക്തമായ ചില പരസ്പരബന്ധങ്ങളിലേർപെടുന്നു. ഈ പരസ്പരബന്ധങ്ങളുടെ പരിധിക്കകത്തു നിന്നുകൊണ്ടു മാത്രമേ അവർ പ്രകൃതിയെ ഉപയോഗപ്പെടുത്തുന്നുള്ളൂ. ഉൽപാദിപ്പിക്കുന്നുള്ളൂ'.

അപ്പോൾ, ആദ്യം മുതൽക്കേ മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്. സമുദായത്തിലാണ് മനുഷ്യൻ ജനിക്കുന്നതും ജീവിക്കുന്നതും. ആദിമകാലത്തെ പ്രാകൃതങ്ങളും അപരിഷ്കൃതങ്ങളുമായ ഉപകരണങ്ങൾകൊണ്ട് ഹിംസ്രമൃഗങ്ങൾക്കിടയിൽ പ്രതികൂലമായ പ്രകൃതിയോടെതിരിട്ടുകൊണ്ട് ഒറ്റയ്ക്കൊറ്റക്ക് ജീവിക്കുക സാദ്ധ്യമായിരുന്നില്ല. മനുഷ്യന് പ്രകൃതിയോടെതിരിടാനുള്ള ശക്തി നൽകിയത് സാമൂഹ്യ ജീവിതമാണ്.

സാമൂഹ്യജീവിതം മനുഷ്യനിൽ അത്ഭുതകരമായ പല പരിവർത്തനങ്ങളുമുണ്ടാക്കി. കൂട്ടായ ഉല്പാദനവും കൂട്ടായ ജീവിതവും തുടരണമെങ്കിൽ സമുദായത്തിലെ വ്യക്തികൾ തമ്മിൽ തമ്മിലുള്ള ബന്ധം ഒഴിച്ചുകൂടാത്തതാണല്ലോ. ഈ സാമൂഹ്യബന്ധം മനുഷ്യന്റെ അവയവങ്ങളിലും മസ്തിഷ്കത്തിലും മാറ്റങ്ങളുളവാക്കി. സാമൂഹ്യാവശ്യങ്ങളെ നേരിടണമെങ്കിൽ നാവും ശബ്ദനാളങ്ങളും വികസിച്ചേ മതിയാവൂ എന്നായി, ക്രമത്തിൽ ഒന്നിനുശേഷം മറ്റൊന്നായി പലതരം അക്ഷരങ്ങളും പുറപ്പെടാൻ തുടങ്ങി. ഇങ്ങനെയാണ് ഭാഷയാവിർഭവിച്ചത്.

ആദിമമനുഷ്യൻ പുറപ്പെടുവിച്ച ശബ്ദങ്ങൾക്ക് ഭാഷയെന്നു പറയാൻ വയ്യ. ഉൽപാദനത്തിനുവേണ്ടി മനുഷ്യർ തമ്മിലുള്ള ബന്ധങ്ങൾ വളരാൻ തുടങ്ങിയപ്പോൾ മാത്രമാണ് ആ ശബ്ദങ്ങൾ ആശയവിനിമയത്തിനുള്ള ഭാഷയായി രൂപാന്തരപ്പെട്ടത്.

മൃഗങ്ങളും ശബ്ദം പുറപ്പെടുവിക്കാറുണ്ട്. പക്ഷേ, അതുഭാഷയല്ല, മൃഗങ്ങളുടെ ശബ്ദവും മനുഷ്യന്റെ ഭാഷയും തമ്മിൽ അതിപ്രധാനമായ ഒരു വ്യത്യാസമുണ്ട്. മൃഗങ്ങളുടെ ശബ്ദം അവയുടെ ശരീരഘടനയേയും ജീവശാസ്ത്ര സംബന്ധിയായ ഗതിക്രമങ്ങളേയും മാത്രമാണാശ്രയിച്ചിരിക്കുന്നത്. നേരെമറിച്ച്, മനുഷ്യന്റെ ഭാഷ രൂപപ്പെടുന്നത് സാമൂഹ്യജീവിതത്തിന്റെ ഫലമായിട്ടാണ്. സാമൂഹ്യജീവിതമാണ് ഭാഷയുടെ ഉൽപത്തിയേയും വളർച്ചയേയും നിർണയിക്കുന്നത്. അതുകൊണ്ട്, മനുഷ്യന്റെ ഭാഷ മൃഗങ്ങളുടെ ശബ്ദത്തിൽ നിന്നു നേരിട്ടു വികസിച്ചുണ്ടായതാണെന്ന ചില ഭാഷാശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം ശരിയല്ല. മനുഷ്യരുടെ കൂട്ടായ അദ്ധ്വാനവും പരസ്പരം ആശയവിനിമയം നടത്താനുള്ള ഒരുപകരണത്തിന്റെ ആവശ്യകതയുളവാക്കിയപ്പോൾ മാത്രമാണ് ഭാഷയാവിർഭവിച്ചത്.

ഭാഷയുടെ സഹായത്തോടുകൂടിയുള്ള ആശയവിനിമയം മനുഷ്യന്റെ എല്ലാ ജ്ഞാനേന്ദ്രിയങ്ങളെയും വികസിപ്പിക്കുന്നു. ഉദാഹരണത്തിന്, ഒരാൾ എന്തെങ്കിലും പറഞ്ഞാൽ മറ്റുള്ളവർക്ക് അത് കേട്ടു മനസിലാക്കാൻ സാധിക്കണം. പറയുന്നതുകേട്ടു മനസിലാക്കാൻ സാധിക്കത്തക്കവണ്ണം ശ്രവണേന്ദ്രിയത്തിന്റെ വികാസമാകട്ടെ, മസ്തിഷ്കത്തിന്റെ വളർച്ചയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. പരസ്പരം സംസാരിക്കുകയും സംസാരിക്കുന്നതു കേൾക്കുകയും ചെയ്യുന്നതിന്റെ ഫലമായി മനുഷ്യന്റെ മസ്തിഷ്കം പുഷ്ടിപ്പെടുന്നു. ചിന്താശക്തി വളരുന്നു.

മനുഷ്യന്റെ തലച്ചോറിനകത്തു നടക്കുന്ന മാനസിക പ്രവർത്തനത്തിനാണ് നമ്മൾ ചിന്ത എന്നു പറയുന്നത്. ഭൗതികപദാർത്ഥത്തിന്റെ ഉയർന്നതും കെട്ടുപിണഞ്ഞതുമായ ഒരു രൂപമാണിത്. തലച്ചോറിന്റെയും നാഡീപടലങ്ങളുടെയും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സാമൂഹ്യാനുഭവങ്ങളിലൂടെയാണ് ചിന്ത നിലകൊള്ളുകയും വികസിക്കുകയും ചെയ്യുന്നത്. അതുകൊണ്ട് മനുഷ്യന്റെ ചിന്താഗതി തലച്ചോർ എന്ന അവയവവിശേഷത്തെ മാത്രമല്ല, സാമൂഹ്യാനുഭവങ്ങളെയും ആശ്രയിച്ചിരിക്കുന്നു. ഭാഷയുടെ ഉപയോഗം ഈ സാമൂഹ്യാനുഭവങ്ങളെ മേൽക്കുമേൽ വളർത്താൻ സഹായിക്കുന്നു. ഭാഷയുടെ സഹായത്തോടുകൂടിയുള്ള സാമൂഹ്യജീവിതമാണ് മാനസിക പ്രവർത്തനങ്ങളെ രൂപപ്പെടുത്തുകയും വിക

സിപ്പിക്കുകയും ചെയ്യുന്നത്. ഇങ്ങനെ മനുഷ്യന്റെ മാനസികവും ബുദ്ധിപരവുമായ വളർച്ചയെ സഹായിക്കുകയും അതുവഴി സാമൂഹ്യപ്രവർത്തനങ്ങളെ കൂടുതൽ സുഗമമാക്കുകയും ചെയ്യുന്ന ഒരുപാധിയാണ് ഭാഷ. മറ്റൊരുവിധം പറഞ്ഞാൽ സാമൂഹ്യ പുരോഗതി ഭാഷയുടെ വളർച്ചയെ സഹായിക്കുന്നതുപോലെ, ഭാഷയുടെ വളർച്ച സാമൂഹ്യപുരോഗതിയേയും സഹായിക്കുന്നു.

മനുഷ്യസമുദായത്തിന്റെ ഉൽഭവത്തോടുകൂടിത്തന്നെ ഭാഷയുടെ പ്രാഥമികരൂപങ്ങളും ഉൽഭവിക്കുന്നു. സമുദായത്തിന്റെ വളർച്ചയോടൊപ്പം ഭാഷയും വളരുന്നു. മെല്ലെമെല്ലെ, ഭാഷയുടെ സങ്കീർണതകളും വൈചിത്ര്യങ്ങളും വർദ്ധിക്കുന്നു. പുതിയ പുതിയ വാക്കുകൾ പ്രയോഗത്തിൽ വരുന്നു. ശബ്ദകോശങ്ങളും വ്യാകരണനിയമങ്ങളും അലങ്കാര ശാസ്ത്രങ്ങളും മറ്റു സവിശേഷതകളും ആവിർഭവിക്കുന്നു. ഈ വളർച്ചയുടെയും മാറ്റങ്ങളുടെയുമെല്ലാം അടിസ്ഥാനം മനുഷ്യൻ തന്റെ സാമൂഹ്യ ജീവിതത്തിന്റെ ഒരുപകരണമെന്ന നിലയ്ക്ക് ഭാഷയെ ഉപയോഗിക്കാൻ തുടങ്ങുന്നുവെന്നതാണ്.

ബുദ്ധിശക്തിയുടെയും ഭാഷയുടെയും വികാസം മനുഷ്യജീവിതത്തിന്റെ കാഠിന്യത്തെ ലഘൂകരിച്ചു. കയ്യിന്റെ വളർച്ച, മനുഷ്യനെ പണിയായുധങ്ങളുണ്ടാക്കുന്ന ജീവിയാവാൻ സഹായിച്ചതുപോലെ, ഭാഷവഴിക്കുണ്ടായ മനോവികാസം മനുഷ്യനെ ആശയം നിർമിക്കുന്ന ജീവിയാവാൻ സഹായിച്ചു. ഇന്ദ്രിയോപകരണങ്ങളുടെ സഹായത്തോടുകൂടി ചുറ്റുപാടുകളോടുള്ള പോരാട്ടത്തിൽ, കൂടുതൽ കൂടുതൽ വിജയം നേടാൻ മനുഷ്യനു കഴിവുണ്ടായിത്തീർന്നു. ഇപ്രകാരമത്രേ ലക്ഷോപലക്ഷം കൊല്ലങ്ങളുടെ വികാസഫലമായി മനുഷ്യൻ ഭൗതികവും മാനസികവുമായ ഉപകരണങ്ങളുമായി ജീവിതയാത്രയാരംഭിച്ചത്.

## 8 കല്ലുകളും ലോഹങ്ങളും

ഏറ്റവും പ്രാചീനങ്ങളായ ആയുധങ്ങൾ സാധാരണ കല്ലിൽ നിന്നും മരക്കഷണങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. അതിനാൽ അവയുടെ അവശിഷ്ടങ്ങൾ ഗവേഷകന്മാർക്ക് തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. തിരിച്ചറിയാൻ കഴിയുന്ന ഏറ്റവും അപരിഷ്കൃതങ്ങളായ കല്ലുകൾ ആയുധങ്ങളായി ഉപയോഗിച്ചിരുന്ന കാലത്തിന് പ്രാകൃത ശിലായുഗം എന്നുപറയുന്നു. പിന്നീട് അത്തരം കല്ലായുധങ്ങൾ കൊത്തി ശരിപ്പെടുത്തുകയും മുന കൂർപ്പിക്കുകയും ചെയ്തു. മനുഷ്യന്റെ ജീവിതായോധന ശ്രമങ്ങൾ ഒരടികൂടി മുന്നോട്ടുവച്ചു. ഈ കാലത്തിനത്രേ പ്രാചീന ശിലായുഗമെന്ന് പറയുന്നത്. ഈ കാലഘട്ടത്തിന്റെ കലാശമാവുമ്പോഴേക്കും കല്ലുകൊണ്ടുള്ള കഠാരികളും കുന്തങ്ങളും ഉപയോഗിക്കാൻ തുടങ്ങിയിരുന്നു. എന്നാൽ, ഈ പരിവർത്തനപ്രവാഹം അവിടെയും നിന്നില്ല. ആയുധങ്ങൾ പിന്നെയും പരിഷ്കരിച്ചു. ഏറ്റവും പരിഷ്കരിച്ച ഇത്തരം ആയുധങ്ങളുടെ കാലത്തിന്—ഒരു പതിനായിരം കൊല്ലങ്ങൾക്കുമുമ്പായിരിക്കണം അതാരംഭിച്ചത്—അഭിനവ ശിലായുഗം എന്നുപറയുന്നു. ആയുധങ്ങൾ പരിഷ്കരിക്കുന്ന പണി അവിടെവച്ചവസാനിച്ചുവോ? ഇല്ല, കുറെക്കൂടി കഴിഞ്ഞപ്പോൾ മനുഷ്യൻ ലോഹങ്ങളുപയോഗിക്കാൻ തുടങ്ങി. ചെമ്പ്, പിത്തള, ഓട് മുതലായ ലോഹങ്ങൾ കൊണ്ടുള്ള ആയുധങ്ങളും പലതരം വീട്ടുസാമാനങ്ങളും പ്രചാരത്തിൽവന്നു. പിന്നീട് ക്രമത്തിൽ ഇരുമ്പു കണ്ടുപിടിക്കപ്പെട്ടു.

ആയുധങ്ങൾ നിർമിക്കാനാവശ്യമായ കല്ലുകൾ ആദ്യമൊക്കെ ഭൂമിയിൽനിന്നു പെറുക്കിയെടുക്കുകയാണ് ചെയ്തിരുന്നത്. വേണ്ടത്ര കല്ലു കിട്ടാതായപ്പോൾ ഭൂമിയിൽനിന്നു കുഴിച്ചെടുക്കേണ്ടിവന്നു. എന്നിട്ടും ചിലപ്പോൾ ആവശ്യമുള്ളത്ര കല്ലുകൾ

തഞ്ചത്തിനു കിട്ടിയില്ലെന്നുവരും. കല്ലിന്റെ ക്ഷാമം പരിഹരിക്കാൻ വേണ്ടിയോ അല്ലെങ്കിൽ കൂടുതൽ ഫലപ്രദമായ വല്ല ആയുധങ്ങളും സമ്പാദിക്കാൻ വേണ്ടിയോ പരിശ്രമിക്കുന്നതിനിടയ്ക്കായിരിക്കണം ചെമ്പു കണ്ടെത്തിയത്. പച്ചനിറത്തിലുള്ള ചെമ്പ് അടിച്ചുപരത്തി ആവശ്യമുള്ള ഉപകരണങ്ങൾ നിർമിക്കാമെന്നു മനുഷ്യൻ മനസിലാക്കി. പരീക്ഷണങ്ങൾക്കിടയിൽ യാദൃച്ഛികമായി ചെമ്പുരുക്കി നോക്കിയപ്പോൾ കിട്ടിയ ചുവന്നതും ഭംഗിയുള്ളതുമായ ലോഹം പ്രാകൃതമനുഷ്യനെ അത്ഭുതപരതന്ത്രനാക്കിയിട്ടുണ്ടാവണം. ലോഹംകൊണ്ട് പലതരത്തിലുള്ള ആയുധോപകരണങ്ങൾ ഉണ്ടാക്കാമെന്നവർ കണ്ടുപിടിച്ചു. ഉൽപാദനോപകരണങ്ങളിലുണ്ടായ ഈ പരിഷ്കരണം മനുഷ്യന്റെ ജീവിതരീതിയേയും പരിഷ്കരിച്ചു. ഒടുവിൽ ഇരുമ്പു കയ്യിൽ കിട്ടിയതോടെ മനുഷ്യൻ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം ശക്തനായിത്തീർന്നു.

പ്രാചീനശിലായുഗം, അഭിനവശിലായുഗം, ലോഹയുഗം എന്നിങ്ങനെ മനുഷ്യചരിത്രത്തെ വിഭജിക്കുന്നതിൽ തെറ്റൊന്നുമില്ല. പക്ഷേ, കൊല്ലങ്ങളുടെ മാറ്റങ്ങളെയല്ല, പ്രത്യുത അദ്ധ്വാനരീതിയിലുണ്ടാകുന്ന മാറ്റങ്ങളെയാണ് ഇവ കാണിക്കുന്നത് എന്നു മനസിലാക്കിവെയ്ക്കണം.

കല്ലുകൊണ്ടും മരം കൊണ്ടുമുള്ള കേവലം അപരിഷ്കൃതമായ ആയുധങ്ങളുടെ സഹായത്തോടുകൂടി ആദിമമനുഷ്യൻ കൂട്ടംകൂട്ടമായി ഇരതേടിനടന്നു. മരക്കൊമ്പുകളിൽ കഴിച്ചു കൂട്ടിയിരുന്ന പൂർവിക മനുഷ്യൻ കാട്ടിന്റെ നിയമങ്ങളെ ലംഘിച്ചുകൊണ്ടു പുറത്തുവരികയായി. കായ്കനികൾ മാത്രം തിന്നു കഴിഞ്ഞുകൂടിയിരുന്നവർക്കിപ്പോൾ മൃഗങ്ങളെ കൊന്നുതിന്നാനുള്ള കഴിവ് കൈവന്നു. പക്ഷേ, മൃഗങ്ങളെ പിടിക്കുക എളുപ്പമുള്ള പണിയായിരുന്നില്ല. ചിലപ്പോൾ ദിവസത്തിൽ 24 മണിക്കൂറും ഇരയന്വേഷിച്ച് അലഞ്ഞ് ഒടുവിൽ നിരാശരായി മടങ്ങിപ്പോകേണ്ടിവരും.

## 9 പ്രകൃതിയോടുള്ള വെല്ലുവിളി

അങ്ങനെയിരിക്കുമ്പോൾ വീണ്ടുമൊരിക്കൽ മഞ്ഞുരുകി പ്രവഹിക്കാൻ തുടങ്ങി. ഉഗ്രമായ ആ ഹിമപ്രവാഹത്തിൽ പർവ്വതശിഖരങ്ങൾ ഇടിഞ്ഞുവീണു. ഭൂമിയുടെ ഹൃദയത്തിൽ വലിയ പിളർപ്പുകൾ പ്രത്യക്ഷപ്പെട്ടു. വടക്കുനിന്നു തെക്കോട്ടേയ്ക്കുള്ള ആ പ്രവാഹത്തിന്റെ തെളിവുകൾ യൂറോപ്പിൽ പലേടങ്ങളിലും ഇന്നും കാണാവുന്നതാണ്. അസഹനീയമായ ആ ഹൈമയുഗത്തിന്റെ സാക്ഷികളായ അസ്ഥികൂടങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. തണുപ്പിനോടെതിരിടാൻ വയ്യാത്ത ജന്തുവിശേഷങ്ങൾ —ചില സമുദ്രജീവികൾപോലും —നാമാവശേഷമായി. തണുപ്പിന്റെ ആഘാതമേൽക്കാൻ കെൽപില്ലാത്ത മരങ്ങളും മണ്ണടിഞ്ഞുപോയി. മനുഷ്യനോ? മനുഷ്യവംശം മുഴുവനും നശിക്കുകയില്ല പലരും വലിയ മരങ്ങളിൽ കയറിക്കൂടി രക്ഷപ്പെട്ടു. തണുത്തുവിറച്ചുകൊണ്ടും അവർ വൃക്ഷശാഖകളിൽ കഴിച്ചുകൂട്ടി.

തണുപ്പിന്റെ മുമ്പിൽ എന്നെന്നും തല കുനിക്കേണ്ട ആവശ്യമില്ലാത്തവിധം മനുഷ്യൻ അത്രയ്ക്ക് വളർന്നുകഴിഞ്ഞിരുന്നു. ഒരു കരടിയെങ്ങാനും കൊല്ലാൻ കഴിഞ്ഞാൽ മതി അതിന്റെ തോലെടുത്തു പുതയ്ക്കാം. വേണമെങ്കിൽ തീയുണ്ടാക്കാനും അവർ പഠിച്ചുകഴിഞ്ഞിരുന്നു.

സിനന്ത്രോപ്പസ് മനുഷ്യന്റെയും, നിയാണ്ടർത്താൽ മനുഷ്യന്റെയും കാലത്തുതന്നെ തീയിന്റെ ഉപയോഗം മനസിലാക്കിക്കഴിഞ്ഞിരുന്നു. അഗ്നിപർവ്വതങ്ങളുടെ പൊട്ടിത്തെറിക്കലിൽ നിന്നോ കാട്ടുമരങ്ങൾ തമ്മിൽ കൂട്ടിയുരുമ്മുമ്പോഴുണ്ടാകുന്ന

കാട്ടുതീയിൽ നിന്നോ കല്ലുകൾ തമ്മിൽ കൂട്ടിമുട്ടിയാലുണ്ടാകുന്ന തീപ്പൊരിയിൽ നിന്നോ ആയിരിക്കണം ആദ്യമായി തീ കണ്ടെത്തിപ്പിടിച്ചത്. പിന്നീട് ആവശ്യമുള്ളപ്പോഴൊക്കെ തീയുണ്ടാക്കാൻ സാധിക്കുമെന്നായി. തണുപ്പുകാലത്ത് ഇതു വലിയൊരനുഗ്രഹമായിത്തീർന്നു.

ഏതായാലും ശൈത്യപ്രവാഹത്തിനു ശേഷം കാട്ടിൽ പാർക്കേണ്ട ആവശ്യമില്ലെന്നു മനുഷ്യൻ തീരുമാനിച്ചു. വേട്ടയാടി ജീവിക്കാനവൻ പഠിച്ചുകഴിഞ്ഞു. ക്രമത്തിൽ ഭക്ഷണസാധനങ്ങളുടെ കൂട്ടത്തിൽ മാംസത്തിന് ഏറ്റവും വലിയ സ്ഥാനം ലഭിച്ചു. ആയുധങ്ങൾ പരിഷ്കരിക്കുന്നതിന്റെ തോതനുസരിച്ച് വേട്ടയ്ക്കുള്ള സൗകര്യങ്ങളും വർദ്ധിച്ചു. കാട്ടിനു തൊട്ടടുത്തുള്ള സമതലപ്രദേശങ്ങളിൽ മേഞ്ഞുനടക്കുന്ന മാൻ, കാട്ടുപോത്ത് മുതലായ മൃഗങ്ങൾ ക്രമത്തിൽ മനുഷ്യന്റെ ഭക്ഷണസാമഗ്രിയായിത്തീർന്നു. മനുഷ്യർ കൂട്ടംകൂട്ടമായി മൃഗങ്ങളെയന്വേഷിച്ചും നടന്നു. ഒരു മൃഗത്തെയെങ്ങാനും കൊല്ലാൻ കിട്ടിയാൽ അതിന്റെ ഇറച്ചിയിൽ ഒരു പങ്കുകിട്ടിയേടത്തുവെച്ചു തന്നെ അവർ തിന്നും. ശേഷിച്ച ഇറച്ചിയും അരുമപ്പെട്ട എല്ലുകളുമെടുത്ത് അവർ വാസസ്ഥലത്തേക്ക് മടങ്ങിപ്പോകും. അവിടെ വെച്ചു ശേഷിച്ച ഇറച്ചിതിന്ന് എല്ലുകൾ തല്ലിപ്പൊളിച്ച് അതിനുള്ളിലെ മജ്ജ അവർ കടിച്ചീമ്പും.

തീയിന്റെ ഉപയോഗം കണ്ടുപിടിച്ചശേഷം മൃഗങ്ങളെ പച്ചയോടെ കടിച്ചുതിന്നുന്നതിനുപകരം വേവിച്ചു തിന്നുകയാണ് നല്ലതെന്ന് അവർ മനസിലാക്കി.

ചിലപ്പോൾ കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, പേമഴ, തണുപ്പ് എന്നിവയെന്തെങ്കിലുമുണ്ടാവും. ഇത്തരം പ്രകൃതി കോലാഹലങ്ങളിൽ നിന്നു രക്ഷപ്പെടാൻവേണ്ടി മനുഷ്യർ ഗുഹകളിൽ പാർപ്പാക്കി. ഗുഹകൾക്കുള്ളിൽ അവർ തീയുപയോഗിക്കും. തണുപ്പുമാറ്റാനും ഇരുട്ടകറ്റാനും, പ്രാചീനമനുഷ്യന്റെ ജീവിതയാത്രയ്ക്ക് സാക്ഷ്യം വഹിക്കുന്ന ചില പ്രാകൃതശിലായുധങ്ങൾ ഗുഹകളിൽ നിന്നു ലഭിച്ചിട്ടുണ്ട്. ഗുഹാവാസിയായ മനുഷ്യന്റെ പ്രധാനജീവിതമാർഗം വേട്ടയാടിയായിരുന്നുവെന്ന് ഈ ആയുധങ്ങൾ തെളിയിക്കുന്നു. പിന്നീട് ഗുഹയുപേക്ഷിക്കപ്പെട്ടുവെങ്കിലും കൽക്കരി, പുക, എല്ലുകൾ, ആയുധോപകരണങ്ങൾ മുതലായ അവശിഷ്ടങ്ങൾ തിന്നു മനുഷ്യൻ വളരെക്കാലം ഗുഹകളിൽ കഴിച്ചുകൂട്ടുകയുണ്ടായെന്നു ന്യായമായി അനുമാനിക്കാം. ശിക്കാരികളായ പ്രാചീനമനുഷ്യരുടെ വാസസ്ഥലങ്ങളിൽ നിന്ന് നാനാതരത്തിലുള്ള മൃഗങ്ങളുടെ എല്ലുകൾ കണ്ടുകിട്ടിയിട്ടുണ്ട്. അവയിലൊന്ന്, മാമ്മത്ത് (Mammoth) എന്ന ഭീകരമൃഗത്തിന്റെയാണ്. തോക്കുകളും മറ്റും അജ്ഞാതമായിരുന്ന ആ അതിപ്രാചീനകാലത്ത് കൂർത്ത കല്ലായുധങ്ങൾ മാത്രമുപയോഗിച്ചു മാമത്തിനെപ്പോലെയുള്ള കൂറ്റൻ ജീവികളെ കൊന്നുതിന്നാൻ മനുഷ്യനു സാധിച്ചതെങ്ങനെയാണ്? മനുഷ്യൻ ഒറ്റയ്ക്ക് ശ്രമിച്ചാൽ മാമത്തിനോടെതിരിടുക തീർച്ചയായും സാധ്യമായിരുന്നില്ല. പക്ഷേ, മനുഷ്യൻ ഒറ്റയ്ക്ക് ഒറ്റയ്ക്കല്ല കൂട്ടംകൂട്ടമായിട്ടാണ് വസിച്ചിരുന്നത്. കൂട്ടംകൂട്ടമായിട്ടാണ് പ്രകൃതിയുടെ പ്രതികൂലശക്തികൾക്കെതിരായി അവർ യുദ്ധംവെട്ടിയത്. കൂട്ടംകൂട്ടമായി ആയുധങ്ങളുണ്ടാക്കുക, കൂട്ടംകൂട്ടമായി കത്തിച്ചുപിടിച്ച ചൂട്ടുകളോടുകൂടി വേട്ടയ്ക്കു പോകുക, കൂട്ടംകൂട്ടമായി ഭക്ഷിക്കുകയും ജീവിക്കുകയും ചെയ്യുക, സംഘബലമായിരുന്നു മനുഷ്യന്റെ യഥാർത്ഥബലം.

മൈക്കൽ ഇലിൻ എഴുതുന്നു: ‘ഒരു മാമത്തിനെ കണ്ടാൽ ഉടനെ മനുഷ്യർ കൂട്ടംചേർന്ന് തീയുമെടുത്ത് അതിന്റെ പിന്നാലെ പായാൻ തുടങ്ങും. അവർ അതിന്റെ പിന്നാലെക്കൂടി അതിനെ ചളിയും വെള്ളവും നിറഞ്ഞ സ്ഥലങ്ങളിലേക്കെത്തിക്കും. മാമത്തിനെപ്പോലത്തെ ഒരു വലിയ ജന്തു ചളിയിൽ കുടുങ്ങിയാലത്തെ സ്ഥിതിയെന്തെന്നൂഹിക്കാമല്ലോ. ഒരു കാൽ ചളിയിൽ നിന്നു വലിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ

മറ്റേകാൽ കൂടുതൽ പൂഴ്ന്നുപോകും. ഈ സമയത്ത് മനുഷ്യർക്കതിനെ ഇഷ്ടംപോലെ കൊല്ലാൻ സാധിക്കും. പക്ഷേ, ഒരു ബുദ്ധിമുട്ടുണ്ട്. അതിനെ വലിച്ചുകൊണ്ടുവരുന്ന തെങ്ങനെയാണ്? ആവശ്യമാണെങ്കിൽ അതിന്റെ കഷണങ്ങൾ വെട്ടിമുറിച്ചു ചളിയിൽനിന്നു കൊണ്ടുവരും. പത്തോ പതിനഞ്ചോ ആളുകൾ ഒന്നിച്ചുചേർന്ന് ആഹ്ലാദത്തോടെ ആർത്തുവിളിച്ചുകൊണ്ട് മാമത്തിന്റെ അവയവങ്ങൾ ഓരോന്നായി മുറിച്ചുകൊണ്ടുവരും. ആ സമയത്ത് അവരുടെ ആനന്ദം കാണേണ്ടതുതന്നെയാണ്".

കല്ലുകളും മരംകൊണ്ടുള്ള ഗദകളും ഉൽപാദനോപകരണം വേവിച്ചതോ വേവിക്കാത്തതോ ആയ മത്സ്യമാംസാദികളും ഫലമൂലാദികളും ഭക്ഷണം. തണുപ്പിൽ നിന്നു രക്ഷപെടാൻ മൃഗത്തോലുകളും ഗുഹകളും, സ്ത്രീപുരുഷന്മാർ ഇഷ്ടംപോലെ വികാരസംതൃപ്തിക്കായി മാത്രം നടത്തുന്ന ലൈംഗികബന്ധം; ചായയില്ല, കാപ്പിയില്ല, കൃഷിയില്ല, വളർത്തുമൃഗങ്ങളില്ല, മതമില്ല, ഈശ്വരനില്ല, സ്കൂളുകളില്ല, പള്ളികളില്ല, സാഹിത്യമില്ല, സംസ്കാരമില്ല, ആയിരമായിരം സംവത്സരങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ആദിമമനുഷ്യരുടെ ജീവിതരീതിയെ വലിയ യന്ത്രങ്ങളുടെയും തീവണ്ടിയുടെയും ആകാശവിമാനങ്ങളുടെയും റേഡിയോവിന്റെയും സോഷ്യലിസ്റ്റ് ഭരണവ്യവസ്ഥകളുടെയും ജനാധിപത്യ പ്രസ്ഥാനങ്ങളുടെയും സാർവലൗകിക ബന്ധങ്ങളുടെയും ഈ അഭിനവയുഗത്തിൽ നിന്നുകൊണ്ടു നോക്കിക്കാണുന്നത് തീർച്ചയായും രസകരവും വിജ്ഞാനപ്രദവുമായ ഒരു വിനോദമാണ്. കല്ലിൻതുണ്ടുകളും മറ്റു പ്രാകൃതമായ ആയുധങ്ങളും ഉപയോഗിച്ചുകൊണ്ട് ജീവിതായോധനത്തിനിറങ്ങിയ ആദിമമനുഷ്യൻ കണക്കിലധികം വിഷമിച്ചിട്ടുണ്ടാവണം. മൃഗങ്ങളോ കായ്കനികളോ തഞ്ചത്തിനു കയ്യിൽ കിട്ടിയാൽ ഭക്ഷിക്കാം. ഇല്ലെങ്കിൽ പട്ടിണി. ആഹാരസമ്പാദനത്തിനുവേണ്ടി മാത്രം ചുറ്റിത്തിരിയുക എന്നല്ലാതെ മറ്റൊരു വിഷയത്തിലും ശ്രദ്ധചെലുത്താനുള്ള സാദ്ധ്യതയോ സൗകര്യമോ അവർക്കുണ്ടായിരുന്നില്ല. അജ്ഞാതവും അപ്രതിരോദ്ധ്യവുമായ പ്രകൃതി അനുനിമിഷം അവരെ ഭയപ്പെടുത്തിക്കൊണ്ടിരുന്നു.

പക്ഷേ, എന്തായിട്ടും അവർ നൈരാശ്യപ്പെട്ടില്ല. പ്രകൃതി നിയമങ്ങൾക്കെതിരായി അവർ പോരാടി.

കാട്ടുപോത്ത്, മാമത്ത് മുതലായ മൃഗങ്ങളെ വേട്ടയാടിയിരുന്ന ആദിമനിവാസികളുടെ വാസസ്ഥലങ്ങളിൽ നിന്നു പ്രധാനമായി രണ്ടു തരത്തിലുള്ള ശിലായുധങ്ങളാണ് കണ്ടുകിട്ടിയിട്ടുള്ളത്. ഒന്ന് ചെറുതും മറ്റേത് വലുതും. വലുതു ത്രിഭുജാകൃതിയിലുള്ളതും ഇരുതലയും മൂർച്ചയുള്ളതുമാണ്. മറ്റേതു നേരിയതും ഒരു തലമാത്രം മൂർച്ചയുള്ളതുമത്രേ. ആസ്ട്രേലിയയിലെ ആദിമനിവാസികളുടെയിടയിൽ നടത്തിയ അന്വേഷണങ്ങളിൽ നിന്നു ഈ വ്യത്യസ്തരീതിയിലുള്ള ആയുധങ്ങളുടെ ഉപയോഗം ഏറെക്കുറെ മനസിലാക്കാൻ സാധിച്ചിട്ടുണ്ട്. വലിയ ആയുധം മൃഗങ്ങളെ കൊല്ലാനും ചെറുതു മറ്റു ചില്ലറ പ്രവൃത്തികൾക്കുമാണ് ഉപയോഗിക്കപ്പെട്ടിരുന്നത്.

ക്രമത്തിൽ മനുഷ്യൻ കുന്തമുപയോഗിക്കാൻ പഠിച്ചു. അതിനുമുമ്പൊക്കെ വലിയ മൃഗങ്ങളെ കൊല്ലാൻ വല്ലാത്ത വിഷമമായിരുന്നു, ഒരു കരടിയെക്കണ്ടെത്തിയാൽ മിക്കപ്പോഴും മനുഷ്യൻ ഓടിക്കളയുകയായിരുന്നു പതിവ്. കാരണം കല്ലുളികൊണ്ട് കരടിയെ എതിർക്കുക എളുപ്പമല്ല. എന്നാൽ ഒരു തല മൂർച്ചയുള്ള കല്ലോടുകൂടിയ കുന്തം കയ്യിൽ കിട്ടിയപ്പോൾ മനുഷ്യന്റെ ശക്തി വർദ്ധിച്ചു. കരടിയെക്കണ്ടാൽ പേടിച്ച് പായാതെ അതിനെ നേരിടുമെന്നുള്ള മട്ടായി. രണ്ടു കാലിൽ നിന്നുകൊണ്ട് കരടി മനുഷ്യനെ എതിർക്കാൻ വട്ടംകൂട്ടുമ്പോഴേക്കും അതിന്റെമേൽ മൂർച്ചയേറിയ കുന്തം വന്നുവീഴും. പെട്ടെന്നു ചുറ്റുവട്ടത്തുനിന്നും മനുഷ്യൻ ചാടിവീണ് അതിന്റെ പണി കഴിക്കും.

കാട്ടുകുതിര, കരടി മുതലായ കൂറ്റൻ മൃഗങ്ങളെ വേട്ടയാടാൻ കൂടുതൽ ബുദ്ധിമുട്ടായിരുന്നു. കനമേറിയ കുന്തത്തിനുപകരം കനംകുറഞ്ഞ കുന്തമുണ്ടെങ്കിൽ മൃഗങ്ങളെ ദൂരത്തുനിന്നു എറിഞ്ഞു മുറിവേല്പിക്കാം. വടിയുടെ തലയ്ക്കൽ എല്ലുവെച്ചു പിടിപ്പിച്ചുണ്ടാക്കിയ കുന്തങ്ങൾ ഈ ആവശ്യത്തിനുപകരിച്ചു. ആയുധങ്ങൾ പരിഷ്കരിക്കുന്തോറും വേട്ടയാടൽ കൂടുതൽ കൂടുതൽ എളുപ്പമുള്ളതായിത്തീർന്നു. ഒടുവിൽ വില്ലുമമ്പും ഉപയോഗത്തിൽ വന്നതോടെ മനുഷ്യന്റെ ശക്തി മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത മട്ടിൽ വർദ്ധിച്ചു. അപ്പോഴേയ്ക്കും മനുഷ്യന്റെ ജീവിതയാത്ര അനേകലക്ഷം കൊല്ലങ്ങളെ പിന്നിട്ടുകഴിഞ്ഞിരുന്നു. കുന്തവും അമ്പും കാഴ്ചയിൽ സാദൃശ്യമുള്ളവയാണ്. അവയുടെ കണ്ടുപിടുത്തങ്ങൾക്കിടയിൽ ആയിരമായിരം സംവത്സരങ്ങളുടെ ദൂരം കിടപ്പുണ്ടെന്നു വിസ്മരിക്കരുത്.

ഉപകരണങ്ങൾ മാറിയതോടെ മനുഷ്യന്റെ വാസസ്ഥലവും മാറി. എല്ലാ സമയവും ഗുഹയിൽ കഴിച്ചുകൂട്ടുന്നതു എത്രത്തോളം അസുഖമാണെന്ന് അവർ അനുഭവിച്ചറിഞ്ഞു. ഗുഹക്കുള്ളിൽ ഒരുഭാഗത്ത് അടുപ്പുകൂട്ടി തീ കത്തിക്കുക, മറ്റൊരു ഭാഗത്തു കുട്ടികളെ കിടത്തിയുറക്കുക, എല്ലായ്പ്പോഴും പുകയിലും അന്ധകാരത്തിലും കഴിച്ചുകൂട്ടുക —ഇതൊരു തൃപ്തികരമായ ജീവിതമായിരുന്നില്ല. അതിനാലവൻ പർവത പ്രദേശങ്ങളിൽ, തുറന്ന സ്ഥലത്ത് പ്രാകൃതമായ കുടിലുകൾ കെട്ടി പാർക്കാൻ തുടങ്ങി.

ഇതിനിടയ്ക്കു തന്നെ മനുഷ്യൻ തീ കണ്ടുപിടിച്ചുകഴിഞ്ഞിരുന്നു. ശരീരത്തിൽ ചൂടുപിടിപ്പിച്ച് തണുപ്പിൽനിന്നു രക്ഷനേടുക, ഹിംസ്രമൃഗങ്ങളെ ആട്ടിയോടിക്കുക, കാടുവെട്ടി ചുടുക, മാംസം ചുട്ടെടുക്കുക മുതലായവയെല്ലാമായിരുന്നു ആദ്യകാലത്തു തീയിന്റെ ഉപയോഗങ്ങൾ. കാലക്രമത്തിനു മനുഷ്യൻ തീയിന്റെ സഹായത്തോടെ പ്രകൃതി വസ്തുക്കളെ രൂപപ്പെടുത്തി ഉപയോഗിക്കാൻ പഠിച്ചു. അവൻ പാത്രങ്ങളുണ്ടാക്കി.

ആദ്യമൊക്കെ മരംകൊണ്ടുള്ള പാത്രങ്ങളത്രെ ഉപയോഗിച്ചിരുന്നത്. തീ തട്ടുമ്പോൾ കത്തിപ്പോകാതിരിക്കാൻ വേണ്ടി അവയുടെ പുറത്തു മണ്ണുപൂശും. ക്രമത്തിൽ മരത്തിന്റെ സഹായമില്ലാതെതന്നെ മണ്ണുകൊണ്ടുള്ള പാത്രങ്ങളുണ്ടാക്കി ഉപയോഗിക്കാമെന്ന് അവർ മനസ്സിലാക്കി.

ക്രമത്തിൽ ജീവിതസൗകര്യങ്ങൾക്കുതകുന്ന പലതരം വീട്ടുസാമാനങ്ങളും അവനുണ്ടാക്കാൻ പഠിച്ചു. അവൻ വസ്ത്രമുണ്ടാക്കിയുടുക്കാൻ ശീലിച്ചു. ആദിമമനുഷ്യൻ തണുപ്പിൽ നിന്നു തടി രക്ഷപെടുത്താൻ വേണ്ടി മൃഗത്തോൽ പുതയ്ക്കുകയത്രേ ചെയ്തിരുന്നത്. കാലക്രമത്തിലാണവൻ വസ്ത്രങ്ങളുണ്ടാക്കാൻ പഠിച്ചത്. അതുതന്നെ കൈത്തറികൊണ്ടല്ല. ഒരു നീണ്ട ചട്ടക്കൂടിനുള്ളിൽ നൂൽ നീട്ടികെട്ടി അതിനിടയിൽ വിലങ്ങനെ മേലും കീഴുമായി ചെറിയ ചെറിയ നൂൽ കെട്ടിപ്പിടിപ്പിച്ചിട്ടായിരുന്നു. കൈത്തറിനെയ്ത്തു പ്രചാരത്തിൽ വന്നതു പിന്നെയും വളരെക്കാലം കഴിഞ്ഞതിനുശേഷമാണ്.

അങ്ങനെ മനുഷ്യൻ പടിപടിയായി പുരോഗതിയിലൂടെ മുന്നേറാൻ തുടങ്ങി.

## 10 പ്രാകൃത ചിന്ത

മനുഷ്യനെ കൂട്ടംകൂട്ടമായി ജീവിക്കാൻ പ്രേരിപ്പിച്ചതു നീതിബോധമോ മതമോ അല്ല നേരെമറിച്ച് ജീവിതോപകരണങ്ങൾക്കുള്ള ഉല്പാദനവ്യവസ്ഥയാണ്. ഉല്പാദനോപകരണങ്ങൾ കേവലം പ്രാകൃതമായിരുന്ന ആ കാലത്തു കൂട്ടായ ജീവിതമുണ്ടായിരുന്നില്ലെങ്കിൽ മനുഷ്യനു ജീവസന്ധാരണം തന്നെ അസാദ്ധ്യമാകുമായിരുന്നു.

ഈ പ്രാകൃതമായ ജീവിതമൽസരങ്ങൾ ആദിമമനുഷ്യനെ ഒരേയൂഥത്തിൽ കൂട്ടിയിണക്കി. കുട്ടികൾ അച്ഛനമ്മമാരുടെ കൂടെയിരിക്കും. മക്കളും മക്കളുടെമക്കളും സഹോദരീസഹോദരന്മാരുമെല്ലാം ഒന്നിച്ചു താമസിക്കും. ജീവിതായോധനത്തിൽ തഴക്കവും പഴക്കവും ചെന്ന കാരണവന്മാർ ചെറുപ്പക്കാർക്കു ആയുധങ്ങളുണ്ടാക്കേണ്ടതെങ്ങനെയെന്നും വേട്ടയാടേണ്ടതെങ്ങനെയെന്നും പഠിപ്പിച്ചുകൊടുക്കും. അതുകൊണ്ടു ജീവിക്കണമെങ്കിൽ കാരണവന്മാരുടെ, അല്ലെങ്കിൽ പൂർവികന്മാരുടെ, കല്പനകളനുസരിക്കണമെന്നൊരു വിശ്വാസം എല്ലാവരിലും ഊന്നിയുറച്ചു. കല്പന തെറ്റി നടക്കുന്നവർക്ക് ആപത്തുവരാനിടയുണ്ട്. അതിനാൽ പൂർവപുരുഷനെ ബഹുമാനിക്കുകയും പൂജിക്കുകയും ചെയ്യുക എന്നത് ആദിമമനുഷ്യരുടെയിടയിൽ സർവസാധാരണമായ ഒരു നിയമമായിത്തീർന്നു.

മതചിന്തകളിലും തത്വശാസ്ത്രഗവേഷണങ്ങളിലും ഏർപ്പെടുവാൻ ആദിമമനുഷ്യർക്ക് സാദ്ധ്യമായിരുന്നില്ല. കുക്ഷിപൂരണത്തിനുവേണ്ടി അഹോരാത്രം അദ്ധ്വാനിക്കുന്നവർക്ക് തത്വശാസ്ത്ര ചിന്തകളിലേർപ്പെടുവാൻ ഒഴിവും കഴിവുമെവിടെ? ഒഴിവുസമയമില്ലാത്തവർ എങ്ങനെ വിജ്ഞാന ഗവേഷണങ്ങളിലേർപ്പെടും? വാസ്തവത്തിൽ, മനുഷ്യന്റെ ജീവിതരീതിയാണ്, പരിതഃസ്ഥിതികളുടെ നശീകരണസ്വഭാവങ്ങളിൽ നിന്നു സ്വയം രക്ഷനേടാൻ വേണ്ടിയുള്ള സാമ്പത്തികജീവിത സമരങ്ങളാണ്, അവന്റെ ചിന്തകളുടെ സ്വഭാവത്തെ നിർണയിച്ചുപോന്നിട്ടുള്ളത്. പ്രാകൃതമനുഷ്യന്റെ ചിന്തകളിൽ ഈശ്വരനിടമുണ്ടായിരുന്നില്ല. സർവജ്ഞനായ ദൈവത്തെപ്പറ്റിയല്ല, ഭക്ഷണത്തിനാവശ്യമായ മൃഗങ്ങളെപ്പറ്റിയാണ് അവർ എല്ലായ്പ്പോഴും ചിന്തിച്ചിരുന്നത്. പ്രകൃതിനിയമങ്ങളെപ്പറ്റി അവനൊന്നും അറിഞ്ഞുകൂടായിരുന്നു. തങ്ങൾക്കു വേട്ടയും മറ്റും പഠിപ്പിച്ചുതന്ന പൂർവപുരുഷന്മാരെ മാത്രമല്ല, മാമത്ത്, കാട്ടുപോത്ത് മുതലായ മൃഗങ്ങളെയും അവർ ആരാധിച്ചിരുന്നു. കാരണം, ആ മൃഗങ്ങളുടെ ദയകൊണ്ടാണ് തങ്ങൾക്ക് ഭക്ഷണം കിട്ടുന്നത് എന്നായിരുന്നു അവരുടെ വിശ്വാസം. അവർ തങ്ങളുടെ സ്വന്തം ഭാഷയിൽ മൃഗങ്ങളോടു സംസാരിക്കുകയും കൊല്ലുന്നതിനുമുമ്പ് അവയോട് മാപ്പുചോദിക്കുകയും പതിവായിരുന്നു. കരടിയോ പാമ്പോ മനുഷ്യനെ ആക്രമിക്കുകയോ കൊല്ലുകയോ ചെയ്താൽ അവന്റെ കൂട്ടുകാരാരെങ്കിലും അതിനെ ഉപദ്രവിച്ചിട്ടുണ്ടാകുമെന്നും അതിനുപകരം വീട്ടുകയാണതു ചെയ്യുന്നതെന്നും അവൻ വിചാരിക്കും. തന്നെയും തന്റെ കൂട്ടുകാരെയും ഉപദ്രവിക്കാതെ എന്നു പാമ്പിനോടും കരടിയോടും അവൻ പ്രാർത്ഥിക്കും. അങ്ങനെ പ്രചാരത്തിൽവന്ന നാഗപൂജയും കരടിപൂജയും ഈ അടുത്തകാലംവരെ നിലനിന്നുപോന്നിട്ടുണ്ടെന്നു കാണാം. കൃഷി ചെയ്യാൻ ആരംഭിച്ചതോടെ അവൻ ഭൂമിയെയും വരുണനെയും സൂര്യനെയും പൂജിക്കാൻ തുടങ്ങി. ഏറ്റക്കുറച്ചിൽ കൂടാതെ വെയിലും മഴയും കിട്ടണമെങ്കിൽ ഈ ദൈവങ്ങളുടെ സഹായം കൂടിയേ കഴിയൂ. ദേവന്മാരുടെ ശക്തികൊണ്ട് മാത്രമാണ് തനിക്കും തന്റെ കൂട്ടുകാർക്കും ജീവിച്ചിരിക്കാൻ കഴിയുന്നതെന്നായിരുന്നു അവന്റെ ധാരണ. എന്നാൽ, ഉല്പാദനശക്തികളുടെ പരിഷ്കാരത്തോടൊപ്പം ഈ എണ്ണമറ്റ ദൈവങ്ങൾക്കും പരിഷ്കാരങ്ങളുണ്ടായി. ദൈവങ്ങളുടെ എണ്ണം കുറഞ്ഞുകുറഞ്ഞു വരികയും ഒടുവിൽ ആയിരക്കണക്കിനുള്ള കൊല്ലങ്ങൾക്കുശേഷം മനുഷ്യൻ ഏകദൈവവിശ്വാസത്തിലെത്തിച്ചേരുകയും ചെയ്തു.

നിയന്ത്രിക്കാനാവാത്ത പ്രകൃതി കോപങ്ങളും പഞ്ചഭൂതങ്ങളുടെ പ്രവർത്തനവും ആദിമമനുഷ്യനെ അമ്പരപ്പിക്കുകയും പേടിപ്പെടുത്തുകയും ചെയ്തിരുന്നു. അതുകൊണ്ടാണവൻ പ്രകൃതിശക്തികളെ പൂജിക്കാനൊരുങ്ങിയത്. ചുറ്റുപാടുകളെപ്പറ്റി അവനൊന്നുമറിഞ്ഞുകൂടായിരുന്നു. സ്വന്തം ജീവിതം തന്നെയും അവനു ദുർഗ്രഹ

മായിരുന്നു. ജീവനുള്ള വസ്തുവും ജീവനില്ലാത്ത വസ്തുവും തമ്മിലുള്ള വ്യത്യാസമെന്താണ്? ഉണർന്നിരിക്കലും, ഉറക്കവും, മയക്കവും, മരണവും ഇതിന്റെയൊക്കെ അർത്ഥമെന്താണ്? സ്വപ്നങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മനുഷ്യരൂപങ്ങൾ, ചിലപ്പോൾ വലുതായും, ചിലപ്പോൾ ചെറുതായും കാണുന്ന നിഴലുകൾ, വെള്ളത്തിൽ നോക്കുമ്പോൾ കാണുന്ന പ്രതിബിംബം ഇതൊക്കെയെന്താണ്? ഈ ചോദ്യങ്ങൾക്കു ശാസ്ത്രീയമായ മറുപടി അക്കാലത്ത് അസാധ്യമായിരുന്നു. അതുകൊണ്ട് ഓരോ മനുഷ്യനും ഒരു ജീവനും ഒരു പ്രതിരൂപവും ഇങ്ങനെ രണ്ടു രൂപങ്ങളുണ്ടെന്ന് അവൻ വിശ്വസിക്കാൻ തുടങ്ങി. ചിന്തിക്കാനും വിശ്വസിക്കാനും കഴിവുണ്ടാക്കുന്ന ശക്തി ജീവൻ; അതിന്റെ പ്രതിരൂപം പ്രേതം. രണ്ടിനേയും ശരീരത്തിൽനിന്നു വേർതിരിക്കാം. ജീവൻ ശരീരമുപേക്ഷിച്ചു വല്ലേടത്തും പോയാൽപ്പിന്നെ ചിന്തിക്കാനും വിശ്വസിക്കാനും പ്രവർത്തിക്കാനും സാധ്യമല്ല. മനുഷ്യൻ മരിക്കുന്നു. എന്നാൽ അതിനുശേഷവും ശരീരത്തിൽ നിന്നു വ്യത്യസ്തമായി പ്രേതം നിലനിൽക്കുന്നു. പ്രേതത്തെ തൃപ്തിപ്പെടുത്തണം. ഇല്ലെങ്കിലതു ജീവിച്ചിരിക്കുന്നവരെ ഉപദ്രവിച്ചേക്കും. ഇത്തരം അന്ധവിശ്വാസങ്ങൾ ഇന്നും ചിലേടങ്ങളിൽ നിലനിൽക്കുന്നുണ്ടെന്നു കാണാം. നമ്മുടെ നാട്ടിൻപുറങ്ങളിൽ നടപ്പുള്ള ബലിയും അതുപോലുള്ള മറ്റു ചടങ്ങുകളും ഈ അന്ധവിശ്വാസങ്ങളുടെ അവശിഷ്ടങ്ങൾ മാത്രമാണ്.

## 11 കാട്ടിൽനിന്നു നാട്ടിലേയ്ക്ക്

സ്ത്രീകൾ പാർപ്പിടത്തിലിരുന്നുകൊണ്ട് സസ്യാദികൾ നട്ടുനനച്ചുണ്ടാക്കും. പുരുഷന്മാർ പകൽ മുഴുവനും വേട്ടയാടി മൃഗങ്ങളെ പിടിച്ചുകൊണ്ടുവരും. എന്നിട്ട് എല്ലാവരുംകൂടിയിരുന്ന് ആഹാരം കഴിക്കും.

വേട്ടയ്ക്കിടയിൽ ചിലപ്പോൾ മൃഗങ്ങളെ കൊല്ലാതെ പിടിക്കാൻ കഴിഞ്ഞുവെന്നു വരും. ജീവനുള്ള മൃഗങ്ങളെ ആട്ടിത്തെളിച്ചുകൊണ്ടുവരുമ്പോൾ അവരുടെ ആഹ്ലാദത്തിന്നതിരുണ്ടാവില്ല. കാരണം, അവയെ പെട്ടെന്നു തിന്നേണ്ടതില്ല. തീറ്റയും മറ്റും കൊടുത്ത് പോറ്റിവളർത്താം. പിന്നീട് വേട്ട പരാജയപ്പെടുന്ന ദിവസങ്ങളിൽ ഇഷ്ടംപോലെ അവയെ കൊന്നുതിന്നാവുന്നതുമാണ്. അപ്പോൾ, മൃഗങ്ങളെ പോറ്റിവളർത്തുകയെന്നു വെച്ചാൽ ഭാവിയിൽ കൂടുതൽ മാംസം സുരക്ഷിതമായി സമ്പാദിക്കാനുള്ള വഴികാണുക എന്നർത്ഥമാണ്. എന്നാൽ ആദ്യകാലത്തൊക്കെ, ഉപകരണങ്ങൾ കേവലം പ്രാകൃതമായിരുന്നതുകൊണ്ട് അപ്പപ്പോൾ വിശപ്പടക്കാനാവശ്യമായതിലധികം മൃഗങ്ങളെ കിട്ടുക വിഷമമായിരുന്നു. വില്ലും അമ്പും കണ്ടുപിടിച്ച് ഉപയോഗിച്ചു തുടങ്ങിയതോടെ ഈ സ്ഥിതിക്കൊരു മാറ്റംവന്നു.

ആ ചരിത്രാതീതകാലത്ത് വില്ലിന്റെയും അമ്പിന്റെയും കണ്ടുപിടുത്തം ആധുനിക യുഗത്തിലെ വ്യവസായ വിപ്ലവംപോലെ അത്ര പ്രാധാന്യമേറിയ ഒരു സംഭവമായിരുന്നു. നിലവിലുള്ള ഉല്പാദനരീതിയിൽ വില്ലും അമ്പും വമ്പിച്ച പുരോഗതിയുളവാക്കി. കൂടുതൽ വേഗത്തിലും എളുപ്പത്തിലും മൃഗങ്ങളെ വേട്ടയാടി പിടിക്കാമെന്നായി. അന്നന്നു കൊന്നുതിന്നു ജീവിക്കുന്നതിനുപകരം മൃഗങ്ങളെ കൊല്ലാതെ പിടിച്ചു പോറ്റി വളർത്താമെന്നായി. വല്ല കാരണവശാലും കാട്ടിൽനിന്നു മൃഗങ്ങളെ കിട്ടാനൊക്കാത്ത ദിവസങ്ങളിൽ വളർത്തു മൃഗങ്ങളെ കൊന്നു തിന്നാനുള്ള വഴിയായി. അതുകൊണ്ട് വളർത്തുമൃഗങ്ങളുടെ എണ്ണം എത്രകണ്ടു വർദ്ധിക്കുമോ അത്രയും നല്ലതാണ്. അത്രയും രക്ഷയാണ്.

ആദ്യം കൊന്നുതിന്നാൻവേണ്ടി മാത്രമാണ് മൃഗങ്ങളെ പോറ്റി വളർത്തിയിരുന്നത്. ക്രമേണ പാലിന്റെ ഉപയോഗം മനസിലായി. കൂട്ടത്തിൽ കൃഷിചെയ്യാനും ഭാ

രം ചുമക്കാനും വളർത്തുമൃഗങ്ങളെ എങ്ങനെ ഉപയോഗപ്പെടുത്താമെന്നും മനുഷ്യർ മനസിലാക്കി.

അങ്ങനെ ക്രമത്തിൽ മനുഷ്യന്റെ ജീവിതരീതിക്ക് മാറ്റം സംഭവിച്ചു. മൃഗങ്ങളെ വേട്ടയാടുന്നതിനുപകരം പോറ്റിവളർത്തുകയാണ് നല്ലതെന്നവന് ബോദ്ധ്യപ്പെട്ടു. ആട്, പശു മുതലായ മൃഗങ്ങളെ കൂട്ടംകൂട്ടമായി ഇണക്കി മേയ്ക്കുകയായിത്തീർന്നു അവന്റെ പ്രധാന ജീവിതമാർഗം. മൃഗങ്ങളെ മേയ്ക്കാൻ വേണ്ടി ചിലേടങ്ങളിൽ കാട് വെട്ടിത്തെളിയിച്ചു മേച്ചിൽ സ്ഥലങ്ങൾ ഉണ്ടാക്കി. നല്ല മേച്ചിൽ സ്ഥലങ്ങളന്വേഷിച്ചുകൊണ്ട് അവൻ ചിലപ്പോൾ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്കു മാറിപ്പോകും. അങ്ങനെ അനേകായിരം കൊല്ലങ്ങളുടെ വളർച്ചയ്ക്കുശേഷം അവൻ മൃഗങ്ങളെ മേയ്ക്കാനും കൃഷിചെയ്യാനും പറ്റിയ നദീതീര പ്രദേശങ്ങളിൽ സ്ഥിരവാസമുറപ്പിച്ചു.

പ്രാകൃതകാലം മുതൽക്കുതന്നെ ഒരുതരം പ്രവൃത്തി വിഭജനമുണ്ടായിരുന്നു. പുരുഷന്മാർ കൂട്ടംകൂട്ടമായി വേട്ടയ്ക്കുപോകും; സ്ത്രീകൾ പാർപ്പിടങ്ങളിൽതന്നെ കഴിച്ചുകൂട്ടുകയും വീട് വെടിപ്പാക്കുക, ഫലമൂലങ്ങൾ ശേഖരിക്കുക, ഭക്ഷണമൊരുക്കുക മുതലായ പണികളിലേർപ്പെടുകയും ചെയ്യും.

പുരുഷന്മാർ മൃഗങ്ങളെത്തേടി കാടുകളിൽ അലഞ്ഞുതിരിയുമ്പോൾ സ്ത്രീകളും കുട്ടികളും കുട്ടയുമെടുത്ത് പാർപ്പിടത്തിൽനിന്നു പുറത്തുപോവുകയും കണ്ണിൽപെടുന്ന ഉപയോഗകരമായ സാധനങ്ങളെല്ലാം ശേഖരിച്ചുതിരിച്ചു പോരുകയും ചെയ്യും. കുറ്റിക്കാടുകളിൽ നിന്നു ഫലമൂലങ്ങളും നദീതീരങ്ങളിൽ നിന്നു ഞൌഞ്ഞു മുതലായവയും അവർ സമ്പാദിക്കും. ഇങ്ങനെ ചുറ്റിത്തിരിയുന്നതിനിടയിൽ ഒരിക്കൽ അവർ തേൻ കണ്ടുപിടിച്ചു. മധുപാനം പ്രാകൃത നിവാസികളെ ഉത്സാഹഭരിതരാക്കി. ചീത്തക്കാലങ്ങളിലെടുത്തു ഭുജിക്കാൻവേണ്ടി തേൻ സംഭരിച്ചുവെയ്ക്കാനും അവർ പഠിച്ചു.

സ്ത്രീകൾ പാർപ്പിടത്തിൽ നിന്നു പുറത്തുപോയി ശേഖരിച്ചുകൊണ്ടുവന്ന വസ്തുക്കളുടെ കൂട്ടത്തിൽ ചില ചെടികളുടെ വിത്തുമടങ്ങിയിരുന്നു. വിത്തുകൾ മണ്ണിൽ വീണു മുളച്ചതുകണ്ടപ്പോൾ അവർ അത്ഭുതപ്പെട്ടു. വിത്തുപാകി ചെടികൾ വളർത്താമെന്ന് അവർ കണ്ടുപിടിച്ചു. പിന്നീട്, മൃഗങ്ങളെ പോറ്റിവളർത്താൻ തുടങ്ങിയതിനുശേഷമാണ് പുരുഷൻ കൃഷിയിലേർപ്പെട്ടത്. പക്ഷേ, അപ്പോഴും ഏതോ ദിവ്യശക്തിയുടെ അനുഗ്രഹഫലമായിട്ടാണ് ചെടിയുണ്ടായി കായ്ക്കുന്നത് എന്നായിരുന്നു അവരുടെ വിശ്വാസം. ചെടി കായ്ക്കുമ്പോൾ അവർ സന്തോഷാതിരേകത്തിൽ നൃത്തമാടുകയും തങ്ങളെ മേലിലും അനുഗ്രഹിക്കേണമേ എന്നു പ്രാർത്ഥിക്കുകയും ചെയ്യുക പതിവായിരുന്നു. ഈ പ്രാചീന ജീവിതത്തിന്റെ അവശിഷ്ടങ്ങളത്രേ കേരളത്തിൽ ഇന്നും നിലനിൽക്കുന്ന 'നിറപൊലി'യും 'പുത്തരി'യും.

മനുഷ്യർ നദീതീരങ്ങളിൽ സ്ഥിരവാസമുറപ്പിച്ചതിനുശേഷമാണ് കൃഷിചെയ്യാനാരംഭിച്ചതെന്ന് ചില ഗ്രന്ഥകാരന്മാർ വിശ്വസിക്കുന്നുണ്ട്. ഈ വിശ്വാസം ശരിയല്ലെന്നാണ് ഹാൾഡേൻ പറയുന്നത്. അദ്ദേഹം എഴുതുന്നു: 'മനുഷ്യൻ ചെറിയ സംഘങ്ങളായി മലംപ്രദേശങ്ങളിൽ പാർത്തിരുന്ന കാലത്താണ് ചെടികൾ നട്ടുവളർത്താൻ ആദ്യം തുടങ്ങിയത്. അതിൽ പിന്നീടാണ് അവരുടെ പിന്തുടർച്ചക്കാർ നൈൽ, യൂഫ്രട്ടീസ്, സിന്ധു എന്നീ മഹാനദികളുടെ തീരങ്ങളിലേക്കിറങ്ങിവന്നത്.'

അക്കാലത്തെ കൃഷി മോശമായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. കല്ലിൻകഷണങ്ങളും മരക്കൊമ്പുകളും കൊണ്ട് കൃഷി നടത്തിയാൽ വിളവു നന്നാകുന്നതെങ്ങനെയാണ്? പോരെങ്കിൽ ഉള്ളതുതന്നെ പ്രധാനമായും തോട്ടകൃഷിയായിരുന്നു. ലോഹങ്ങളുടെ കണ്ടുപിടുത്തമാണ് ഈ നിലയ്ക്കൊരു മാറ്റം വരുത്തിയത്.

## 12 കാടന്മാരും അപരിഷ്കൃതരും

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഭൂഗർഭശാസ്ത്രജ്ഞന്മാർ വിവിധ രംഗങ്ങളിൽ നടത്തിയ ഗവേഷണങ്ങളുടെ ഫലമായി ആദിമനിവാസികളുടെ ജീവിതരീതിയെപ്പറ്റി നമുക്ക് ഏറെക്കുറെ പഠിക്കാൻ സാധിച്ചിട്ടുണ്ട്. മാക്ക്ലെന്നൻ, ബാച്ചോഫൻ, മോർഗൻ, കോവലാൻസ്കി, ലൂബോക്ക് തുടങ്ങിയ പല ഗവേഷകന്മാരും എഴുതപ്പെടാതെ കിടക്കുന്ന മനുഷ്യ ചരിത്രത്തിന്റെ ഇരുൾപ്പരപ്പിലേക്ക് വെളിച്ചം കാണിച്ചുതന്നവരാണ്. ഇവരിൽ ലൂയി എച്ച്. മോർഗൻ എന്ന അമേരിക്കൻ ശാസ്ത്രജ്ഞന്റെ ഗവേഷണങ്ങൾക്കാണ് സമുന്നതമായ സ്ഥാനം നൽകപ്പെട്ടിട്ടുള്ളത്. എംഗൽസ് പറയുന്നു: 'തന്റെ വിദഗ്ധവിജ്ഞാനംമൂലം മനുഷ്യസമുദായത്തിന്റെ ചരിത്രാതീതകാലത്തിൽ സുനിശ്ചിതമായ ഒരു വ്യവസ്ഥ ഏർപ്പെടുത്താൻ ശ്രമിച്ച ആദ്യത്തെ ആൾ മോർഗനാണ്.'

അമേരിക്കയിലെ റെഡ് ഇന്ത്യൻ മുതലായ ആദിമനിവാസികളുടെയിടയിൽ വളരെക്കാലം ജീവിക്കുകയും അവരുടെ ജീവിതരീതികളും സ്വഭാവവിശേഷങ്ങളും മറ്റും നേരിട്ട് കണ്ടുപിടിക്കുകയും ചെയ്തതിനുശേഷം മോർഗൻ പ്രസിദ്ധപ്പെടുത്തിയ 'പ്രാചീനസമുദായം' എന്ന പുസ്തകം പ്രാചീന മനുഷ്യചരിത്രത്തിലെ ഏറ്റവും വിജ്ഞാനപ്രദമായ ഒരദ്ധ്യായമാണ്.

മോർഗൻ മനുഷ്യചരിത്രത്തെ മൂന്നു ഘട്ടങ്ങളായി തരംതിരിക്കുന്നു. 1. കാടന്മാരുടെ കാലം (Savagery), 2. അപരിഷ്കൃതരുടെ കാലം (Barbarism), 3. സംസ്കാരകാലം (Civilization).

കാടന്മാരുടെ കാലം മനുഷ്യസമുദായത്തിന്റെ ശൈശവദശയാണ്. ഇക്കാലത്ത് മനുഷ്യന്റെ ഭക്ഷണം പ്രധാനമായും പ്രകൃതിയിൽനിന്നു കിട്ടുന്ന വിഭവങ്ങളാണ്. കല്ലുകൊണ്ടുള്ള ഉപകരണങ്ങളും തീയുപയോഗിച്ചു വേട്ടയാടാൻ പഠിക്കുന്നതിക്കാലത്തത്രേ. കാടന്മാരുടെ യുഗത്തിന്റെ അവസാനത്തിൽ വില്ലും അമ്പും കണ്ടുപിടിച്ചതോടുകൂടി ഉൽപ്പാദനശക്തി പൂർവാധികം വർദ്ധിക്കുന്നു. അതോടുകൂടി മനുഷ്യൻ അപരിഷ്കൃത യുഗത്തിലേക്കു പ്രവേശിക്കുകയായി. അപരിഷ്കൃതയുഗത്തിലെ മുഖ്യമായ ഉപജീവനമാർഗം മൃഗങ്ങളെ പോറ്റിവളർത്തലും കൃഷിയുമാണ്. ഈ യുഗത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ പാത്രങ്ങളുപയോഗിക്കാൻ പഠിക്കുന്നു. പാലും മാംസവും മനുഷ്യരുടെ കായികശക്തിയേയും ബുദ്ധിശക്തിയേയും വികസിപ്പിക്കുന്നു. പലതരത്തിലുള്ള ലോഹങ്ങളുപയോഗിക്കാൻ അവർ പഠിച്ചത് ഇക്കാലത്താണ്. അപരിഷ്കൃത കാലത്തിന്റെ അവസാനഘട്ടത്തിൽ ഇരുമ്പുരുക്കി പണിയായുധങ്ങളുണ്ടാക്കാൻ തുടങ്ങുന്നു. മൃഗങ്ങളാൽ വലിക്കപ്പെടുന്ന ഇരുമ്പു കലപ്പ കൃഷിയിൽനിന്നുള്ള വിഭവങ്ങളെ സുലഭവും സമൃദ്ധവുമാക്കിത്തീർക്കുന്നു. പ്രകൃതിവിഭവങ്ങളെ കൂടുതൽ പരിഷ്കരിച്ച രീതിയിൽ ഉപയോഗിക്കുവാനും, ജീവിതത്തിലെ വിഷമതകളെ കുറയ്ക്കാൻ കഴിയത്തക്കവണ്ണം പലതരത്തിലുള്ള വണ്ടികൾ, രഥങ്ങൾ, എണ്ണ, ലോഹപാത്രങ്ങൾ മുതലായവയുണ്ടാക്കാനും മനുഷ്യർ പഠിക്കുകയുണ്ടായി. ഈ ഘട്ടത്തിന്റെ അവസാനത്തിൽ അക്ഷരമാല ഉപയോഗിക്കാൻ തുടങ്ങിയതോടുകൂടി മനുഷ്യർ സംസ്കാരയുഗത്തിലേക്ക് പ്രവേശിക്കുന്നു.

അതിനുശേഷം ഇന്നുവരെയുള്ള കാലം സംസ്കാരത്തിന്റെ യുഗമാണ്. ഉല്പാദനോപകരണങ്ങളുടെ പരിഷ്കരണഫലമായുണ്ടായ ഈ മൂന്നു കാലഘട്ടങ്ങളിലും വ്യത്യസ്ത രീതിയിലുള്ള സാമൂഹ്യ ജീവിതമാണ് മനുഷ്യൻ നയിച്ചുപോന്നതെന്ന് സംശയത്തിനിടയില്ലാത്തവിധം മോർഗൻ വ്യക്തമാക്കുന്നു.

## 13 കുടുംബം

മോർഗന്റെ ഗവേഷണങ്ങളുടെ ഏറ്റവും പ്രധാനമായ ഭാഗം കുടുംബത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങളാണ്. കുടുംബമെന്നത് പരിവർത്തനമില്ലാത്ത, ശാശ്വതമായ ഒരു സ്ഥാപനമല്ലെന്നും മറ്റെല്ലാത്തിനുമെന്നപോലെ അതിനും ഒരു ചരിത്രമുണ്ടെന്നും കുടുംബം സമുദായത്തിന്റെ അടിക്കല്ലല്ല, നേരെമറിച്ച്, സമുദായത്തിന്റെ വികാസത്തിലെ ഒരു സവിശേഷഘട്ടത്തിലാവിർഭവിച്ച സ്ഥാപനം മാത്രമാണെന്നും സമുദായത്തിന്റെ വികാസത്തിലെ ഓരോ ഘട്ടവും കുടുംബ വ്യവസ്ഥയിലും മാറ്റങ്ങളുണ്ടാക്കീട്ടുണ്ടെന്നും അനേകം ഉദാഹരണങ്ങളെടുത്തുദ്ധരിച്ചുകൊണ്ടു മോർഗൻ തെളിയിക്കുന്നു. ചരിത്രത്തിന്റെ ഒരു പ്രത്യേകഘട്ടത്തിൽ മാത്രം ആരംഭിച്ച കുടുംബവ്യവസ്ഥയ്ക്ക് മനുഷ്യന്റെ പുരോഗതിക്കിടയിൽ, ഇനിയും പരിവർത്തനങ്ങളുണ്ടാകുമെന്ന് ഉറപ്പിക്കാൻ നമ്മൾ നിർബന്ധരായിത്തീർന്നു.

മനുഷ്യജീവിതത്തിന്റെ ആരംഭദശയിൽ, അതായത് മനുഷ്യൻ മൃഗങ്ങളിൽനിന്നു വളരെയൊന്നും വളർന്നുകഴിഞ്ഞിട്ടില്ലാത്ത ആ അതിപ്രാചീനകാലത്ത്, അനിയന്ത്രിതമായ ലൈംഗിക ജീവിതമാണ് നയിക്കപ്പെട്ടത്. ഓരോ സ്ത്രീയും ഓരോ പുരുഷനും ഇഷ്ടംപോലെ ഇഷ്ടമുള്ളവരുമായി ലൈംഗിക സംയോഗം നടത്തിയിരുന്നു. സഹോദരീസഹോദരന്മാരെന്നോ മാതാപിതാക്കന്മാരെന്നോ ഉള്ള വ്യത്യാസം മനസിലാക്കത്തക്കവണ്ണം അവർക്ക് സംസ്കാരം സിദ്ധിച്ചിരുന്നില്ല. മനുഷ്യരുടെ വികാരപ്രകടനങ്ങളെ തടഞ്ഞു നിർത്താനുതകുന്ന ധാർമിക ചിന്തകളില്ല, സദാചാരശാസനകളില്ല, രക്തബന്ധത്തെക്കുറിച്ചുള്ള ഭയപ്പാടില്ല; എന്നാൽ മനുഷ്യസമുദായത്തിന്റെ വികാസത്തോടൊപ്പം ലൈംഗിക ജീവിതത്തിലും മാറ്റങ്ങളുണ്ടായിവന്നു. കാടത്തത്തിന്റെ ആദ്യഘട്ടം കഴിയുമ്പോഴേക്കും കൂട്ടവിവാഹം അല്ലെങ്കിൽ യൂഥവിവാഹം (Group Marriage) എന്ന പേരിലറിയപ്പെടുന്ന ഒരുതരം ലൈംഗികബന്ധം നടപ്പിൽവന്നു. ആദ്യം മാതാപിതാക്കന്മാരും മക്കളും തമ്മിലും പിന്നീട് സഹോദരീസഹോദരന്മാർ തമ്മിലുള്ള ലൈംഗികബന്ധം നിഷിദ്ധമായിത്തീർന്നു. അതിൽ പിന്നീടാണ് യൂഥവിവാഹവ്യവസ്ഥ അതിന്റെ എല്ലാ ധാടിയോടുംകൂടി വികസിക്കാൻ തുടങ്ങിയത്. ഈ സമ്പ്രദാത്തിൻകീഴിൽ സ്ത്രീപുരുഷന്മാർക്ക് പൊതുവിലുള്ള ഭർത്താക്കന്മാരും പൊതുവിലുള്ള ഭാര്യമാരുമാണ് ഉണ്ടായിരുന്നത്. ഒരു യൂഥത്തിലുള്ള എല്ലാ പുരുഷന്മാർക്കും മറ്റൊരു യൂഥത്തിലുള്ള എല്ലാ സ്ത്രീകളുമായും ലൈംഗികബന്ധം പുലർത്താം. പക്ഷേ, യൂഥത്തിനുള്ളിൽ പരസ്പരമുള്ള ലൈംഗികബന്ധം നിഷിദ്ധമാണ്. ഒരമ്മയ്ക്ക് പത്തു പെൺമക്കളുണ്ടെങ്കിൽ ആ പത്തുപേർക്കും പൊതുവിലുള്ള ഭർത്താക്കന്മാരാണുണ്ടായിരിക്കുക. അതുകൊണ്ട് ഇത്തരം വിവാഹജീവിതത്തിൽ നിന്നുണ്ടാകുന്ന കുട്ടികളെ പൊതുവിലുള്ള സന്താനങ്ങളായിട്ടേ കണക്കാക്കാൻ കഴിയൂ. ഒരു കുട്ടിക്ക് തന്റെ അച്ഛനാരെന്ന് വേർതിരിച്ചു പറയാനാവില്ല. അതുകൊണ്ട് അവൻ എല്ലാ പുരുഷന്മാരെയും 'അച്ഛാ' എന്നു വിളിക്കുന്നു. അച്ഛനാരെന്ന് പറയാൻ കഴിയില്ലെങ്കിലും അമ്മയാരെന്നറിയാനെളുപ്പമാണ്. അതിനാൽ, യൂഥവിവാഹസമ്പ്രദായത്തിൽ പിന്തുടർച്ച കണക്കാക്കുന്നത് ഏത് സ്ത്രീയുടെ മകനാണെന്ന് നോക്കീട്ടാണ്. സ്ത്രീവഴിക്കുള്ള പിന്തുടർച്ചാവകാശവും തറവാട്ടിൽ മാതാവിനുള്ള മേധാവിത്വവും ക്രമത്തിൽ ആവിർഭവിക്കാൻ ഇതു കാരണമാക്കി.

കാലക്രമത്തിൽ യൂഥവിവാഹസമ്പ്രദായത്തിലും മാറ്റങ്ങളുണ്ടായി. ഒരു യൂഥത്തിലുള്ള എല്ലാ സ്ത്രീകളും പൊതുവിലുള്ള ഭാര്യമാരാണെങ്കിൽക്കൂടി ഏതെങ്കിലുമൊരു സ്ത്രീ ചിലപ്പോൾ ഒരു പുരുഷന്റെ പ്രധാന ഭാര്യയായിത്തീർന്നെന്നുവരും. അല്ലെ

ങ്കിൽ കുറെക്കാലത്തേക്ക് ഒരേ സ്ത്രീയെത്തന്നെ സമീപിക്കുക എന്ന സമ്പ്രദായം സ്വീകരിക്കപ്പെട്ടുവെന്നും വരാം. ഇപ്രകാരമായിരിക്കാം കുടുംബങ്ങൾ ആദ്യമായി ആവിർഭവിച്ചത്. എന്നാൽ, യൂഥവിവാഹവ്യവസ്ഥയിലേർപ്പെട്ട ഈ ഏകപത്നീത്വം വളരെ ശിഥിലമാണ്. കാരണം, ഇടയ്ക്കിടയ്ക്ക് ഇഷ്ടംപോലെ ഭർത്താവിനെ മാറ്റാൻ സ്ത്രീക്ക് അധികാരമുണ്ടായിരിക്കും. ഇത്തരം വിവാഹങ്ങൾക്ക് മിഥുനവിവാഹം (Pairing Family) എന്നുപറയുന്നു.

മഹാഭാരതം ആദിപർവം 25-ാം അദ്ധ്യായത്തിലുള്ള ശ്വേതകേതുവിന്റെ കഥ ഇതിനുദാഹരണമാണ്. ശ്വേതകേതുവിന്റെ അമ്മയെ ഒരു മഹർഷി സംയോഗാർത്ഥം കൂട്ടിക്കൊണ്ടുപോകാൻ വന്നു. ശ്വേതകേതു പ്രതിഷേധിച്ചപ്പോൾ അദ്ദേഹത്തിന്റെ അച്ഛൻ സമാധാനിപ്പിച്ചു. അതു നീതിധർമ്മങ്ങൾക്കെതിരല്ലെന്ന്. ശ്വേതകേതുവിന് ഈ മറുപടി തൃപ്തിയായില്ലെന്നും ഈ സമ്പ്രദായത്തെ മാറ്റുമെന്നദ്ദേഹം പ്രതിജ്ഞ ചെയ്തുവെന്നുമാണ് കഥ. ഇത്തരം ഉദാഹരണങ്ങൾ വേറെയുമുണ്ട്. ഇതൊക്കെ ഇന്ത്യയിലും യൂഥവിവാഹവ്യവസ്ഥ നിലനിന്നിരുന്നുവെന്നു കാണിക്കുന്നു. കേരളത്തിലാകട്ടെ, അതിന്റെ അവശിഷ്ടങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്.

യൂഥവിവാഹം കാടത്തത്തിന്റെ പ്രത്യേകതയാണെങ്കിൽ മിഥുനവിവാഹം അപരിഷ്കൃതത്തിന്റെ പ്രത്യേകതയാണ്. ഈ രണ്ടു കാലഘട്ടങ്ങളിലും സ്ത്രീ സ്വതന്ത്രയായിരുന്നു. കാടത്തത്തിലെ കൂട്ടുവിവാഹവ്യവസ്ഥയിൽ നിന്നാണ് അപരിഷ്കൃതകാലത്തിലെ ‘ജനം’ (Gen) അല്ലെങ്കിൽ ഗോത്രം എന്ന അദ്ഭുതാവഹമായ സാമൂഹ്യഘടനയാവിർഭവിച്ചത്. ജനത്തിന്റെ കേന്ദ്രം സ്ത്രീയാണ്. സ്ത്രീയുടെ മക്കളും പെൺമക്കളുടെ മക്കളും സഹോദരീസഹോദരന്മാരും സഹോദരിയുടെ മക്കളും —ചുരുക്കത്തിൽ സ്ത്രീവഴിക്കുള്ള എല്ലാ പിന്തുടർച്ചാവകാശികളും —ജനത്തിലെ അംഗങ്ങളാണ്. പക്ഷെ, സഹോദരന്മാരുടെ മക്കൾക്കും ആൺമക്കളുടെ മക്കൾക്കും അതിൽ സ്ഥാനമില്ല. കാരണം, അവർ മറ്റേതെങ്കിലുമൊരു ജനത്തിലാണ് വിവാഹം കഴിക്കുക. അതുകൊണ്ട് അവരുടെ മക്കൾ മറ്റേതെങ്കിലുമൊരു ജനത്തിലെ അംഗങ്ങളായിരിക്കും. സ്വജനവിവാഹം അല്ലെങ്കിൽ സ്വഗോത്ര വിവാഹം അപ്പോഴേക്കും നിഷിദ്ധമായിക്കഴിഞ്ഞിരുന്നു.

അപരിഷ്കൃതയുഗത്തിലെ കുടുംബവ്യവസ്ഥയിൽ പുരുഷനേക്കാളധികം സ്ത്രീകൾക്കാണ് പ്രാധാന്യമുള്ളത്. പുരുഷന്മാർ മിക്കപ്പോഴും വേട്ടയാടാനും മത്സ്യം പിടിക്കാനും വേണ്ടി ദൂരദേശങ്ങളിലേക്ക് പോയിരുന്നതുകൊണ്ടു കുടുംബത്തിന്റെ മേധാവിത്വവും മേൽനോട്ടവും സ്ത്രീയുടെ കയ്യിലായിരുന്നു. അച്ഛനേക്കാളധികം അമ്മയ്ക്ക് പ്രാധാന്യമുണ്ടായിരുന്നതുകൊണ്ടും പിന്തുടർച്ചാവകാശം സ്ത്രീവഴിക്കായിരുന്നതുകൊണ്ടും ഈ കുടുംബഘടനയെ മാതൃമേധാവിത്വവ്യവസ്ഥ (Matriarchal Family) എന്നുപറയുന്നു.

കാടത്തത്തിന്റെയും അപരിഷ്കൃതത്വത്തിന്റെയും സവിശേഷതയായ ഈ സ്ത്രീസ്വാതന്ത്ര്യത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും കേരളത്തിൽ കാണാവുന്നതാണ്. എന്നാൽ, ഇതു കേരളത്തിന്റെ പ്രത്യേകതയല്ല. അപരിഷ്കൃതയുഗത്തിന്റെ വികാസഗതിയിലെ ഒരു പ്രത്യേക ഘട്ടത്തിൽ മാതൃമേധാവിത്വം നിലനിന്നിരുന്നുവെന്നു കാണാം.

ഭാര്യാഭർത്താക്കന്മാർ വിവാഹമോചനം നടത്തുമ്പോൾ ഓരോരുത്തരും താന്താങ്ങളുടെ സ്വത്തുക്കളെടുക്കുക പതിവായിരുന്നു. വീട്ടുസാമാനങ്ങൾ സ്ത്രീയുടെ സ്വത്താണ്. തന്റെ പണിയായുധങ്ങളും മറ്റുപകരണങ്ങളും പുരുഷൻ കൊണ്ടുപോകും.

ഉൽപ്പാദനവ്യവസ്ഥ പരിഷ്കരിക്കുകയും വേട്ടയാടലിനുപകരം കന്നുകാലികളെ പോറ്റലും കൃഷിനടത്തലും പ്രധാന ഉപജീവനമാർഗമായിത്തീരുകയും ചെയ്ത

പ്പോൾ നിലവിലുള്ള കുടുംബ വ്യവസ്ഥയിലും മാറ്റങ്ങളുണ്ടായി. കന്നുകാലികളും കാർഷികോപകരണങ്ങളും പുരുഷന്റെ സ്വത്തുക്കളായിരുന്നു. കാരണം, പുരുഷ നാണ് കന്നുകാലികളെ മേച്ചുവളർത്തിയിരുന്നതും കൃഷിയിൽ മുഖ്യമായ പങ്കുവഹി ച്ചിരുന്നതും. സ്വത്തുവർദ്ധിക്കുന്തോറും, സ്വാഭാവികമായി പുരുഷന്റെ പ്രാബല്യവും കൂടിക്കൂടിവന്നു. പക്ഷേ, പുരുഷന്റെ മക്കൾക്ക് അയാളുടെ സ്വത്തുക്കളുടെമേൽ യാതൊരവകാശവുമില്ല. പുരുഷൻ മരിച്ചാൽ അവ ജന (ഗോത്ര)ത്തിന്റെ സ്വത്തു ക്കളായിത്തീരും. പിന്തുടർച്ചാവകാശം സ്ത്രീവഴിക്കായിരുന്നതുകൊണ്ട് പുരുഷൻ ആഗ്രഹിച്ചാൽത്തന്നെ തന്റെ സ്വത്തുക്കൾ മക്കൾക്കു കൊടുക്കാൻ സാദ്ധ്യമായി രുന്നില്ല. സ്വകാര്യസ്വത്തിന്റെ പ്രാബല്യം വർദ്ധിക്കുന്തോറും ഈ വൈരുദ്ധ്യവും വർദ്ധിച്ചുകൊണ്ടുവന്നു. ഇത് മിഥുനവിവാഹ വ്യവസ്ഥയിലെ പിന്തുടർച്ചാവകാ ശത്തെ സാരമായി ബാധിക്കാതിരുന്നില്ല. ഉൽപാദനത്തിൽ പുരുഷന്റെ മേധാ വിത്വവും ഉൽപന്നങ്ങളിൽ സ്ത്രീയുടെ മേധാവിത്വവും ഒരേസമയത്ത് ഏറെക്കാലം എങ്ങനെ നിലനിൽക്കാനാണ്? കുടുംബവ്യവസ്ഥയിൽ പുരുഷന്റെ മേധാവിത്വവും മക്കൾക്കുള്ള പിന്തുടർച്ചാവകാശവും അനിവാര്യമായിത്തീർന്നു. അങ്ങനെ ഒടുവിൽ അപരിഷ്കൃതയുഗത്തിന്റെ അവസാന ഘട്ടത്തോടു കൂടി മാതൃമേധാവിത്വം വ്യവസ്ഥ തട്ടിത്തകർക്കപ്പെടുകയും അതിന്റെ സ്ഥാനത്ത് പിതൃമേധാവിത്വം (Patriarchal Family) ആവിർഭവിക്കുകയും ചെയ്തു. ചരിത്രത്തിലാദ്യമായി സ്ത്രീ അബലയും അടി മയുമായിത്തീർന്നു. ഏംഗൽസ് എഴുതുകയുണ്ടായി:

'മാതൃമേധാവിത്വം മറിച്ചിടപ്പെട്ടതു സ്ത്രീവിഭാഗത്തിനുപറ്റിയ ചരിത്രപരവും ലോ കവ്യാപകവുമായ പരാജയമായിരുന്നു. വീട്ടിൽക്കൂടിയും പുരുഷൻ മേധാവിത്വം കയ്യേറ്റു. സ്ത്രീ അധഃപതിപ്പിക്കപ്പെട്ടു. അടിമയുടെ നിലയിലേക്കു താഴ്ത്തപ്പെട്ടു. അവൾ അവന്റെ മൃഗീയവികാരങ്ങൾക്കടിമയായിത്തീർന്നു; സന്താനോല്പാദനത്തിനുള്ള ഒരുപകരണം മാത്രമായിത്തീർന്നു'.

ഇങ്ങനെയാണ് അപരിഷ്കൃതയുഗത്തിന്റെ അവസാനഘട്ടത്തിൽ മിഥുനവിവാ ഹവ്യവസ്ഥയിൽനിന്ന് ഏകപത്നീവ്യവസ്ഥ (Monogamous Family) പ്രത്യക്ഷ പ്പെട്ടത്. സംസ്കാരയുഗം പുലരാറായിയെന്നതിന്റെ ഒരു മുന്നറിയിപ്പായിരുന്നു അത്.

ഏംഗൽസ് തുടരുന്നു: 'അത് (ഏകപത്നീവ്യവസ്ഥ) പുരുഷന്റെ മേധാവിത്വ ത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. അച്ഛനാരെന്നു സംശയം വരാതിരിക്ക ത്തക്കവണ്ണമുള്ള സന്താനോൽപാദനമാണ് അതിന്റെ വ്യക്തമായ ഉദ്ദേശ്യം. കാ ലാന്തരത്തിൽ കുട്ടികൾക്കു തങ്ങളുടെ പിതാവിന്റെ പിന്തുടർച്ചാവകാശക്കാരെന്ന നിലയ്ക്ക് അച്ഛന്റെ സ്വത്തു കിട്ടാനിടവരണമെന്നുള്ളതുകൊണ്ടാണ് ഇത്തരമൊരു വ്യ വസ്ഥയുണ്ടാവാനിടയായത്. ഇരുകക്ഷികൾക്കും സമ്മതമാണെങ്കിൽക്കൂടി വേർ പെടുത്താനാവതല്ലാത്ത വിവാഹബന്ധത്തിന്റെ പ്രബലതമൂലം അതു യൂഥവിവാഹ വ്യവസ്ഥയിൽനിന്നും തികച്ചും വ്യത്യസ്തമാണ്. എന്നാൽ ഇപ്പോൾ പുരുഷൻമാത്രം വിവാഹബന്ധമറുക്കുകയും തന്റെ ഭാര്യയെ കൈവെടിയുകയും പതിവാണ്.'

ഈ വ്യവസ്ഥയിൽ പുരുഷന് ഒരു ഭാര്യയും സ്ത്രീക്ക് ഒരു ഭർത്താവും മാത്രമാ ണുള്ളത് എന്നാണ് വെപ്പ്, പക്ഷേ, പുരുഷന് താരതമ്യേന അധികം പ്രാബല്യ മുള്ളതുകൊണ്ട് സ്ത്രീയുടെ പാതിവ്രത്യത്തിനാണ് കൂടുതൽ പരിശുദ്ധത കൽപ്പിക്ക പ്പെട്ടിട്ടുള്ളത്, പുരുഷന് അത്യാവശ്യം വ്യഭിചരിക്കുകയോ ഒന്നുരണ്ട് വെപ്പാട്ടിമാരെ വെയ്ക്കുകയോ ചെയ്യുന്നതുകൊണ്ട് പാതിവ്രത്യമോ തരക്കേടോ ഒന്നും വരികയില്ല. പക്ഷേ, സ്ത്രീയങ്ങനെയൊന്നും ചെയ്യാൻപാടില്ല. അവൾ പുരുഷന്റെ ഭോഗസാധ നം മാത്രമായിരുന്നുകൊള്ളണം. പുരുഷന് സ്ത്രീയുടെ പേരിൽ സ്നേഹം തോന്നുന്നു

ണ്ടെങ്കിൽ അത് അവൾ സമുദായത്തിലെ അംഗമാണെന്നുള്ളതുകൊണ്ടല്ല, നേരെ മറിച്ച്, അവൾ ഒരു സുഖഭോഗസാമഗ്രിയാണ് എന്നുള്ളതുകൊണ്ടാണ്. ഉപനിഷത്തുകൾ പറയുംപോലെ 'ഭാര്യയോടുള്ള സ്നേഹംകൊണ്ടല്ല ഭാര്യ പ്രിയയാവുന്നത്. നേരെമറിച്ച് തന്നോടുതന്നെയുള്ള സ്നേഹംകൊണ്ടാണ് അവൾ പ്രിയയാവുന്നത്'. (ന വൈ ഭാര്യാ യാഃ കാമായ ഭാര്യാ പ്രിയഭവതി ആത്മനസ്തു കാമായ ഭാര്യാ പ്രിയഭവതി) സാമ്പത്തിക വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളുടെ ഫലമായി സ്ത്രീ അബലയും അടിമയും അന്യോപജീവിയുമായിത്തീർന്നപ്പോൾ സമുദായം പുതിയൊരു നീതിവാക്യം സൃഷ്ടിച്ചു.

'പിതാ രക്ഷതി കൗമാരേ, ഭർത്താരക്ഷതി യൗവ്വനേ;
പുത്രോരക്ഷതി വാർദ്ധക്യേ, നസ്ത്രീ സ്വാതന്ത്ര്യമർഹതി'.

ഇങ്ങനെ മനുഷ്യന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ വിവിധങ്ങളായ വിവാഹസമ്പ്രദായങ്ങളും കുടുംബവ്യവസ്ഥകളുമാണ് നിലനിന്നുപോന്നിട്ടുള്ളത്. കാടത്തത്തിന്റെ കാലത്ത്, യൂഥവിവാഹം, അപരിഷ്കൃതയുഗത്തിൽ മിഥുനവിവാഹം സംസ്കാരത്തിന്റെ കാലത്ത് ഏകപത്നീവ്യവസ്ഥയും വ്യഭിചാരവും.

## 14 പ്രാകൃത കമ്യൂണിസം

കാടത്തത്തിന്റെ ആരംഭം മുതൽക്ക് അപരിഷ്കൃത യുഗത്തിന്റെ അവസാനഘട്ടം വരെയും പ്രാകൃത കമ്യൂണിസമെന്ന പേരിലറിയപ്പെടുന്ന സാമൂഹ്യഘടനയിലാണ് മനുഷ്യൻ ജീവിച്ചുപോന്നത്. പ്രകൃതകമ്യൂണിസമെന്തെന്നു സോവിയറ്റ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ (സി. പി. എസ്. യു.)വിന്റെ ചരിത്രം എന്ന പുസ്തകത്തിൽ ഇങ്ങനെ വിവരിക്കുന്നു:

'ഉല്പാദനോപകരണങ്ങളുടെ ഉടമ സമൂഹമാണെന്നുള്ളതാണ് പ്രകൃത കമ്യൂണിസത്തിന്റെ ഉൽപാദനബന്ധങ്ങൾക്കടിസ്ഥാനം. ഇത് അക്കാലത്തെ ഉൽപാദനശക്തികളുടെ സ്വഭാവത്തിന് യോജിച്ച നിലയാണ്. പ്രകൃതിയുടെ ശക്തികളോടും ഹിംസ്രജന്തുക്കളോടും ഒറ്റയ്ക്കുനിന്നു പൊരുതി കഴിച്ചുകൂട്ടുവാൻ മനുഷ്യർക്കു വെറും കല്ലുകൊണ്ടുള്ള ആയുധങ്ങളോ വില്ലും അമ്പുമോ ഉണ്ടായിരുന്നതുകൊണ്ടു മതിയായിരുന്നില്ല. കാട്ടിൽനിന്നു കായ്കനികൾ ശേഖരിക്കുമ്പോഴും മീൻ പിടിക്കുമ്പോഴും ആളുകൾ പട്ടിണികിടന്നു ചത്തുപോകാതിരിക്കണമെങ്കിൽ അവർക്കു കൂട്ടം കൂട്ടമായി നിന്നു പണിയെടുക്കേണ്ടതുണ്ടായിരുന്നു. കൂട്ടുകൂടിയുള്ള അദ്ധ്വാനം, അദ്ധ്വാനഫലങ്ങളുടെ മേൽ കൂട്ടായ ഉടമയ്ക്കു് വഴി വെട്ടിത്തെളിയിച്ചു. ഉൽപാദനോപകരണങ്ങളുടെ സ്വകാര്യസ്വത്തുടമയെപ്പറ്റിയുള്ള ബോധംതന്നെ ഈ ഘട്ടത്തിൽ ഉണ്ടായിക്കഴിഞ്ഞിരുന്നില്ല. ഉല്പാദനത്തിനുവേണ്ട ഏതാനും ചില ആയുധങ്ങളെ സംബന്ധിച്ചിടത്തോളം മാത്രം വ്യക്തിപരമായ ഉടമാവകാശമുണ്ടായിരുന്നു. ഈ ആയുധങ്ങൾ ഹിംസ്രജന്തുക്കളിൽ നിന്നു ആത്മസംരക്ഷണത്തിനുള്ള ഉപകരണങ്ങൾ കൂടിയായിരുന്നുതാനും. ഈ ഘട്ടത്തിൽ ചൂഷണമുണ്ടായിരുന്നില്ല വർഗങ്ങളുമുണ്ടായിരുന്നില്ല'.

ഉൽപാദനശക്തികളുടെ അപരിപക്വതയും അപരിഷ്കൃതത്വവുമാണ് ഈ കൂട്ടായ ജീവിതം—ഉല്പാദനോപകരണങ്ങളിലും ഉൽപാദനങ്ങളിലുമുള്ള പൊതുവുടമാവകാശം—ഒഴിച്ചു കൂടാൻ വയ്യാത്ത ഒരാവശ്യമാക്കിത്തീർന്നത്. അതുകൊണ്ട് ഈ വ്യവസ്ഥ അമേരിക്കയിലെ ഇറോക്കവാ, റെഡ്ഇന്ത്യൻ മുതലായ പ്രാകൃതനിവാസികളുടെ സവിശേഷതയാണ്. ഉൽപാദനശക്തികൾ തീരെ അശ

ക്തമായിരുന്നതുകൊണ്ട്, ആദിമനിവാസികളുടെയിടയിൽ സ്വത്തു സംബന്ധിയായ അസമത്വങ്ങൾക്കിടയുണ്ടായിരുന്നില്ല. അടിമയും ഉടമയും, ജന്മിയും കുടിയാനും, മുതലാളിയും തൊഴിലാളിയും—ചുരുക്കത്തിൽ മർദകവർഗവും മർദിതവർഗവും—അക്കാലത്തുണ്ടായിരുന്നില്ല. സമുദായത്തിലൊരുവിഭാഗം എല്ലുമുറിയെ പണിയെടുക്കണമെന്നും മറ്റേ വിഭാഗം പ്രയത്നം ചെയ്യാതെ പണിയെടുക്കുന്ന വർഗത്തിന്റെ പ്രയത്നഫലമനുഭവിക്കണമെന്നും അങ്ങനെ ചെയ്തില്ലെങ്കിൽ സമുദായം നശിച്ചു പോകുമെന്നുമുള്ള ധാരണകൾ അക്കാലത്ത് അജ്ഞാതങ്ങളായിരുന്നു. ‘നിയമവും സമാധാനവും പാലിക്കുന്ന’ ഒരു ഗവണ്മെൻറിന്റെ ആവശ്യംപോലും അക്കാലത്തുണ്ടായിരുന്നില്ല. എന്നിട്ടും മനുഷ്യന്റെ കൂട്ടായ ‘ജന’ജീവിതം (ഗോത്രജീവിതം) ആയിരമായിരം സംവത്സരങ്ങൾ നിലനിന്നുപോന്നു. അപരിഷ്കൃത സമുദായത്തിന്റെ നട്ടെല്ലായ ഈ സാമൂഹ്യ സംഘടനയുടെ വൈചിത്ര്യത്തെ എംഗൽസ് ഇങ്ങനെ സംഗ്രഹിക്കുന്നു:

‘ഈ ഗോത്രഭരണഘടന അതിന്റെ ബാലസദൃശമായ ലാളിത്യംകൊണ്ട് ആശ്ചര്യകരമായ ഒരു ഭരണഘടനയാണ്. പട്ടാളമില്ല, പൊലീസില്ല, പ്രഭുക്കളില്ല, രാജാക്കന്മാരില്ല, റീജൻറുമാരില്ല, കോടതികളില്ല, ജഡ്ജിമാരില്ല, ജയിലുകളില്ല, കേസുകളില്ല—എന്നിട്ടും എല്ലാ കാര്യങ്ങളും ക്രമത്തിലങ്ങനെ നടന്നുപോകുന്നു. കശപിശകളും വാദങ്ങളും തീർക്കുന്നത് ‘ജന’ങ്ങളോ ട്രൈബുകളോ അല്ലെങ്കിൽ ‘ജന’ങ്ങൾ തമ്മിൽതമ്മിലോ ആണ്. എന്നുവെച്ചാൽ കശപിശയിൽ ബന്ധപ്പെട്ട ജനസമുദായം മുഴുവനും കൂടിയാണ്. അവസാനത്തേതും അപൂർവവുമായ നടപടി എന്ന നിലയ്ക്ക് രക്തപ്രതികാര ഭീഷണിയും ഉണ്ട്. ഇന്നത്തെ മരണശിക്ഷ, സംസ്കാരയുഗത്തിന്റെ മറ്റെല്ലാ മെച്ചങ്ങളും പോരായ്മകളുമടങ്ങിയ പരിഷ്കൃതമായ പ്രതികാരമല്ലാതെ മറ്റൊന്നുമല്ല. ഇന്നത്തെ കാലത്തെ അപേക്ഷിച്ച് എത്രയോ കാര്യങ്ങൾ കൂട്ടായി തീരുമാനിക്കേണ്ടതുണ്ടായിരുന്നു. ഒട്ടധികം കുടുംബങ്ങൾ ഒന്നിച്ചുചേർന്നു പൊതുവെയാണ് തറവാട് പുലർത്തുന്നത്. അതുതന്നെ കമ്യൂണിസ്റ്റ് രീതിയിലും, ട്രൈബുകൾ മുഴുവനും കൂടിയാണ് നിലത്തിന്റെ ഉടമ വഹിക്കുന്നത്. ചെറിയ കുടിയിരിപ്പുകൾ മാത്രം തറവാടുകൾക്ക് താൽക്കാലികമായി തിരിച്ചുവെയ്ക്കും. ഇങ്ങനെയൊക്കെയായാലും, ശാഖോപശാഖകളോട്ടുകൂടിയതും നൂലാമാലപിടിച്ചതുമായ നമ്മുടെ ഭരണഘടനാസാമഗ്രികളുടെ കണികപോലും ആവശ്യമില്ല. പ്രശ്നങ്ങൾക്ക് തീരുമാനം കണ്ടെത്തുന്നത് അവയിൽ ബന്ധപ്പെട്ടവർതന്നെയാണ്. മിക്ക സന്ദർഭങ്ങളിലും നൂറ്റാണ്ടുകളിലെ ആചാരമര്യാദയനുസരിച്ച് തീരുമാനമുണ്ടാവുക പതിവാണ്. ദരിദ്രന്മാരും ആവശ്യക്കാരുമുണ്ടാവാനിടമേയില്ല—കൂട്ടുടമയിലുള്ള തറവാടുകൾക്കും ‘ജന’ങ്ങൾക്കും പ്രായം ചെന്നവരോടും രോഗികളോടും പടയിൽ അംഗഭംഗം വന്നവരോടുമുള്ള കടമകളെന്തെന്നറിയാം. സ്ത്രീകളടക്കം എല്ലാവരും സമൻമാരാണ്, സ്വതന്ത്രരാണ്’.

പ്രാചീന മനുഷ്യരുടെ വിസ്മയാവഹമായ ഈ സാമൂഹ്യവ്യവസ്ഥയും സോഷ്യലിസവും ഒരുപോലെയാണെന്ന് തെറ്റിദ്ധരിക്കരുത്. സോഷ്യലിസം മനുഷ്യന്റെ സർവ്വതോന്മുഖമായ സാമൂഹ്യവളർച്ചയുടെ ഫലമാണ്. പ്രാകൃതകമ്യൂണിസമാകട്ടെ, നേരെമറിച്ച്, മനുഷ്യന്റെ ബലഹീനതയുടെ സന്താനമാണ്. ഉൽപാദനശക്തിയുടെ വളർച്ചയല്ല അവയുടെ അപരിപക്വതയും അപരിഷ്കൃതത്വവുമാണ് കൂട്ടായ ജീവിതവും കൂട്ടുടമാവകാശങ്ങളും ആവശ്യമാക്കിത്തീർത്തത്. അതുകൊണ്ട് ഉൽപാദനശക്തികൾ കൂടുതൽ വികസിക്കാൻ തുടങ്ങിയപ്പോൾ ഈ സമത്വസുന്ദരമായ സാമൂഹ്യഘടന തകർന്നു മണ്ണടിഞ്ഞുവെങ്കിൽ അതിലത്ഭുതപ്പെടാനില്ല.

## 15 ഉള്ളവനും ഇല്ലാത്തവനും

മനുഷ്യചരിത്രത്തിന്റെ ശൈശവദശയിൽ സ്വകാര്യസ്വത്തുടമാവകാശം തീരെ ഉണ്ടായിരുന്നില്ലെന്നും യാതൊരു സ്വകാര്യ സ്വത്തും കൂടാതെയാണ് നമ്മുടെ ആദിമപൂർവ്വികന്മാർ മൃഗലോകത്തിൽ നിന്നു മനുഷ്യലോകത്തിലേക്ക് പ്രവേശിച്ചതെന്നും നമുക്കുകണ്ടറിയാൻ കഴിഞ്ഞിരിക്കുന്നു. ഉൽപാദനത്തെ വർദ്ധിപ്പിക്കാനുതകുന്ന പരിഷ്കരിച്ച ആയുധങ്ങളും ഉപകരണങ്ങളും ആ പ്രാചീനകാലത്തുണ്ടായിരുന്നില്ല. ഉള്ളതൊക്കെ പൊതുസ്വത്തായിരുന്നുതാനും. പൊതുവിലുള്ള വേട്ടയും, പൊതുവിലുള്ള ഭക്ഷണസംരക്ഷണവും, പൊതുവിലുള്ള ഉപയോഗവുമാണ് അക്കാലത്ത് ഉണ്ടായിരുന്നത്. 'ഇത് എന്റേതാണ് നിന്റേതല്ല' എന്നും പറയുവാൻ യാതൊരാളുമുണ്ടായിരുന്നില്ല. എല്ലാം എല്ലാവർക്കും വേണ്ടിയുള്ളതായിരുന്നു.

പക്ഷേ, ഉൽപാദനോപകരണങ്ങൾ പരിഷ്കരിക്കുകയും സ്വത്തു വർദ്ധിക്കുകയും ചെയ്തപ്പോൾ ഈ സ്ഥിതിക്ക് ഇളക്കം തട്ടി. ഉൽപാദനോപകരണങ്ങൾ പരിഷ്കരിക്കുന്ന തോതനുസരിച്ച് സ്വകാര്യസ്വത്തുക്കളുടെ അടിസ്ഥാനം വിപുലമാകുവാൻ തുടങ്ങി.

വില്ലും അമ്പും ഉൽപാദനവ്യവസ്ഥകളിൽ ഒരു വമ്പിച്ച വിപ്ലവമുണ്ടാക്കി. കൂട്ടം കൂട്ടമായി കന്നുകാലികളെ വളർത്താൻ കഴിയുമെന്നായി. സ്വത്തുക്കളുടെ ഈ വർദ്ധനവും വൈവിദ്ധ്യവും കൈമാറ്റവ്യവസ്ഥയുടെ വളർച്ചയ്ക്കു വഴിവെച്ചുകൊടുത്തു. ചരക്കുകളുടെ കൊള്ളക്കൊടുക്കകൾക്കു സാമൂഹ്യജീവിതത്തിൽ സ്ഥാനം ലഭിച്ചു. ഈ അഭിവൃദ്ധി സമുദായത്തിന്റെ ഐക്യത്തിൽ വിടവുണ്ടാക്കാൻ തുടങ്ങി. ചില കുടുംബങ്ങളുടെ കയ്യിൽ കുറച്ചും, മറ്റു ചില കുടുംബങ്ങളുടെ കയ്യിൽ അധികവും സ്വത്തുക്കൾ കേന്ദ്രീകരിക്കാൻ തുടങ്ങി. സ്വകാര്യസ്വത്തുടമയുടെ ഈ വിജയം പ്രാകൃതകമ്യൂണിസ്റ്റ് വ്യവസ്ഥയുടെ നിലനിൽപ്പിനെ ചോദ്യം ചെയ്തുവെന്നു പറയേണ്ടതില്ലല്ലോ.

എംഗൽസ് എഴുതുന്നു: 'തറവാടുകളിലെ കുടുംബത്തലവന്മാർക്കിടയിൽ സംഭവിച്ച സ്വത്തു സംബന്ധിയായ അസമത്വങ്ങൾ ശേഷിച്ച പഴയ കുടുംബത്തറവാടുകളെയെല്ലാം തകർത്തുകളഞ്ഞു. അതോടൊപ്പം എല്ലാവരും ചേർന്ന് എല്ലാവർക്കും വേണ്ടി നടത്തിയിരുന്ന കൂട്ടുകൃഷിയും നിലച്ചുപോയി'.

മൃഗങ്ങളെ പോറ്റിവളർത്തലും കൃഷിയും വർദ്ധിപ്പിക്കുക മാത്രമല്ല ഉൽപാദനബന്ധങ്ങളിൽ മാറ്റങ്ങളുണ്ടാക്കുകകൂടി ചെയ്തു. കന്നുകാലികളും മറ്റു സ്വത്തുക്കളും വളരെ വർദ്ധിക്കുകയും അവ പിതൃബന്ധ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പിൻഗാമികളുടെ കൈവശം വന്നുചേരാൻ തുടങ്ങുകയും ചെയ്തതിന്റെ ഫലമായി വർഗരഹിതമായ പ്രാകൃത കമ്യൂണിസ്റ്റ് വ്യവസ്ഥയ്ക്ക് ഉടവുതട്ടാൻ തുടങ്ങി. ബൈബിളിലെ രാജാക്കന്മാരിൽ (Kings) വിവരിക്കപ്പെട്ടിട്ടുള്ള ഹിബ്രൂ രാജാക്കന്മാരുടെ കഥകൾ വായിച്ചാൽ അക്കാലത്തുതന്നെ സമുദായം ധനികവർഗം, ദരിദ്രവർഗം എന്നിങ്ങനെ രണ്ടായി പിരിയാൻ ആരംഭിച്ചു കഴിഞ്ഞിരുന്നുവെന്ന് വ്യക്തമാവും. 'പ്രവാചക'ന്മാരുടെ ആത്മീയ പ്രക്ഷോഭങ്ങളിൽ സാമ്പത്തിക ഘടനയിലുണ്ടായ ഈ പരിവർത്തനങ്ങളാണ് പ്രതിഫലിച്ചു കാണുന്നത്. അസമത്വം കലർന്ന പുതിയ സാമൂഹ്യ ഘടനയുടെ ആഗമനത്തെ അവർ ശപിച്ചു. വർഗവിഭജനമില്ലാത്ത പഴയ സാമൂഹ്യഘടനയിലേക്കുതന്നെ പോകാൻ അവൻ ആഗ്രഹിച്ചു. വരാൻപോകുന്ന സാമൂഹ്യഘടനയിലെ കഷ്ടപ്പാടുകളേയും മർദ്ദനങ്ങളേയും അവർ ഭയപ്പാടോടെ വീക്ഷിച്ചു. പക്ഷേ, സാമൂഹ്യഘടനയിലെ വികാസത്തിന്റെ കാരണങ്ങളെ മനസിലാക്കാൻ സാധിച്ചില്ല. പക്ഷേ, ചരിത്രത്തിന്റെ ഗതിയെ പിന്നോട്ടുപിടിച്ചുതിരിക്കുക സാദ്ധ്യമായിരുന്നില്ല. ലോകത്തിൽ വളർന്നുവരുന്ന അനീതികളെ ദൂരീകരിക്കാൻ ഒരു ദൈവദൂതൻ

വരുമെന്നു ആശിക്കാൻ മാത്രമേ അവർക്കു കഴിഞ്ഞുള്ളൂ. വരാൻപോകുന്ന ആ ദൈവദൂതൻ ദുഷ്ടന്മാരെ നിഗ്രഹിച്ചു ദരിദ്രന്മാരെ നീതിപൂർവ്വം സംരക്ഷിക്കുമെന്നും അങ്ങനെ ‘ചെന്നായും ആട്ടിൻകുട്ടിയും ഒരുമിച്ചു താമസിക്കുകയും’ സിംഹം കാളയെപ്പോലെ വയ്ക്കോൽ തിന്നുകയും ചെയ്യുന്ന ഒരു കാലം വീണ്ടു കരഗതമാകുമെന്നും പ്രതീക്ഷിച്ചു തൃപ്തിപ്പെടുകയാണവർ ചെയ്തത്.

ഇപ്രകാരം പ്രവാചകന്മാരുടെ മുന്നറിയിപ്പുകളേയും ശാപങ്ങളേയും വകവെയ്ക്കാത്ത സാമൂഹ്യനിയമങ്ങളുടെ പ്രവർത്തനത്തിന്റെ ഫലമായി സാമ്പത്തികാസമത്വങ്ങൾ വളർന്നുവന്നു. നദീതീരങ്ങളിൽ വാസമുറപ്പിച്ചും വിസ്തൃതവും ഫലപുഷ്ടിനിറഞ്ഞതുമായ ഭൂമിയിൽ കൃഷിചെയ്യാൻ തുടങ്ങിയതിനുശേഷം ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള ഈ അകൽച്ച മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം വർദ്ധിച്ചു. വർഗരഹിതമായ പ്രാകൃതകമ്യൂണിസത്തിന്റെ സ്ഥാനത്ത് അടിമകളും ഉടമകളും തമ്മിൽ മത്സരിക്കുന്ന ഒരു പുതിയ സാമൂഹ്യഘടന പൊന്തിവന്നു. ഈ പുതിയ സാമൂഹ്യഘടനയെ സി. പി. എസ്. യു. വിന്റെ ചരിത്രം ഇങ്ങനെ വിവരിക്കുന്നു:

‘അടിമത്തസമ്പ്രദായത്തിലെ ഉല്പാദന ബന്ധങ്ങളുടെ അടിസ്ഥാനം അടിമയുടമസ്ഥനാണ് ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥനെന്നുള്ളതാണ്. എന്നല്ല, ഉൽപാദനം നടത്തുന്ന പ്രവൃത്തിക്കാരന്റെ മേലും അയാൾ ഉടമാവകാശം വഹിക്കുന്നു. ഇയാളെ അയാൾക്കു വിൽക്കാം, വാങ്ങാം, ഒരു മൃഗത്തെ കൊല്ലുന്നപോലെ കൊല്ലാം. ഇത്തരം ഉൽപാദനബന്ധങ്ങൾ അക്കാലത്തെ ഉൽപാദന ബന്ധങ്ങളുടെ നിലയ്ക്ക് യോജിച്ചതായിരുന്നു. കല്ലുകൊണ്ടുള്ള ആയുധങ്ങൾക്കുപകരം ആളുകൾക്കിപ്പോൾ ലോഹായുധങ്ങൾ കൈവശമുണ്ട്. മൃഗങ്ങളെ തീറ്റിപ്പോറ്റാനോ നിലം ഉഴവാനോ അറിഞ്ഞുകൂടായിരുന്ന വെറും വേടന്മാരുടെ കഷ്ടപ്പാടുകൊണ്ടുള്ള പ്രാകൃത പ്രവൃത്തികളുടെ സ്ഥാനത്ത് ഇപ്പോളിതാ കന്നുകാലികളെ മേയ്ക്കലും കൃഷിപ്പണിയും കൈത്തൊഴിലുകളും ഇങ്ങനെ പലതരം ഉല്പാദനങ്ങൾ നടത്തുവാനുള്ള പ്രവൃത്തിവിഭജനം ആവിർഭവിക്കുകയും വ്യക്തികൾക്കും സമുദായങ്ങൾക്കും തമ്മിൽ ഉൽപന്നങ്ങൾ കൈമാറാമെന്നാവുന്നു. ധനം ചുരുക്കം ചിലരുടെ കൈയ്യിൽചെന്നു കുന്നുകൂടാമെന്നാവുന്നു, ഉൽപാദനോപകരണങ്ങൾ ചുരുക്കം ചിലരുടെ കയ്യിൽ ചെന്നു കുന്നുകൂടുകയും ചെയ്യുന്നു. ന്യൂനപക്ഷത്തിനു ഭൂരിപക്ഷത്തെ കീഴൊതുക്കിനിർത്തുന്നതിനുള്ള സാദ്ധ്യതയുണ്ടാവുന്നു. ഈ ഭൂരിപക്ഷത്തെ അടിമകളാക്കിവെയ്ക്കാമെന്ന നിലയും വരുന്നു. ഉൽപാദന സംരംഭത്തിൽ എല്ലാ സമുദായങ്ങളും സ്വാതന്ത്ര്യത്തോടുകൂടി ഒത്തുചേർന്നുനിന്നു വേല ചെയ്യുന്ന കാഴ്ച നാമിപ്പോൾ കാണുന്നില്ല. അടിമകളെക്കൊണ്ട് നിർബന്ധിച്ചു വേലയെടുപ്പിക്കലാണിപ്പോഴുള്ളത്. യാതൊരു വേലയുമെടുക്കാതെ അടിമയുടമസ്ഥന്മാർ ഇവരെ ചൂഷണം ചെയ്യുന്നു. അതുകൊണ്ട് ഈ ഘട്ടത്തിൽ ഉൽപാദനോപകരണങ്ങളുടെയോ അദ്ധ്വാനഫലത്തിന്റെയോ കൂട്ടുടമയില്ല. അതിന്റെ സ്ഥാനത്ത് സ്വകാര്യ സ്വത്തുടമയാണുള്ളത്. സ്വകാര്യ സ്വത്തുടമസ്ഥനെന്ന പദത്തിന്റെ പരിപൂർണമായ അർത്ഥത്തിൽ അടിമയുടമസ്ഥൻ ഇവിടെ അഗ്രഗണനീയനായി ആവിർഭവിക്കുന്നു.

‘സമ്പന്നന്മാർ, സാധുക്കൾ; ചൂഷണം ചെയ്യുന്നവർ, ചൂഷണം ചെയ്യപ്പെടുന്നവർ; സർവാധികാരങ്ങളും കൈവശമുള്ളവർ, യാതൊരധികാരവുമില്ലാത്തവർ ഇരുചേരികളും തമ്മിൽ തീക്ഷ്ണമായ സമരം—ഇത്തരത്തിലാണ് അടിമസമുദായത്തിന്റെ ചരിത്രം’.

ഉൽപാദനവ്യവസ്ഥയിൽ അടിമകളെ ഉപയോഗപ്പെടുത്താൻ കഴിയണമെങ്കിൽ രണ്ടു സംഗതികളാവശ്യമാണ്. ഒന്നാമത്, അടിമയുടെ ജീവിതത്തിനാവശ്യ

മായ ഭക്ഷണം തുടങ്ങിയ സാമഗ്രികളും പ്രയത്നത്തിനാവശ്യമായ ഉപകരണങ്ങളും ഉണ്ടാവണം. രണ്ടാമത്, ഉൽപാദന ശക്തികൾ ഒരതിർത്തിവരെ വളരുകയും സ്വത്തുക്കളുടെ വിഭജനത്തിൽ ഏറെക്കുറെ അസമത്വങ്ങൾ ഉത്ഭവിക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ടാകണം. അടിമയ്ക്കു തന്റെ സ്വന്തം ജീവിതത്തെ നിലനിർത്താനാവശ്യമായതിലും അധികം ഉൽപാദിപ്പിക്കാൻ കഴിയണം. എന്നെങ്കിലല്ലേ മിച്ചമുള്ളത് അവന്റെ യജമാനന് ചൂഷണം ചെയ്യാൻ സാധിക്കു? സ്വന്തം ജീവസന്ധാരണത്തിനാവശ്യമയത് മാത്രമേ അടിമയ്ക്കുണ്ടാക്കാൻ കഴിയൂ. എങ്കിൽ പിന്നെ അടിമയെ ആർക്കുവേണം? യജമാനനെങ്ങനെ ലാഭംകിട്ടും? അതുകൊണ്ടാണ് ഉല്പാദനോപകരണങ്ങൾ പ്രാകൃതങ്ങളായിരുന്ന കാലത്ത് അടിമത്തവ്യവസ്ഥയ്ക്കും ചൂഷണത്തിനും സമുദായത്തിൽ യാതൊരു സ്ഥാനവുമുണ്ടാകാതിരുന്നത്.

ധനികരായ പ്രമാണികൾക്ക് അടിമകളെ ധാരാളമായി കിട്ടിയത് പ്രധാനമായും യുദ്ധത്തിൽ നിന്നായിരുന്നു. അതിനുമുമ്പും യുദ്ധങ്ങളുണ്ടായി,ട്ടുണ്ട്. പക്ഷേ, അപ്പോഴൊക്കെയും കീഴടക്കപ്പെട്ടവരെ എന്തു ചെയ്യണമെന്നറിയാതെ കൊന്നുകളയുകയായിരുന്നു പതിവ്. ആദ്യകാലത്ത് അവരെ കൊന്നുതിന്നിരുന്നുവെന്നും ചില ഗവേഷകന്മാർ പറയുന്നുണ്ട്. ഇപ്പോഴാകട്ടെ, അവരെ കൊല്ലാതെ തടവുകാരാക്കി പിടിച്ച് അവരുടെ പ്രയത്നശക്തിയെ ഉപയോഗിക്കാമെന്നായി. അടിമകളെക്കൊണ്ട് പണിയെടുപ്പിച്ച് ജീവിതത്തെ നിലനിർത്താനാവശ്യമായ ഭക്ഷണംമാത്രം അവർക്കു കൊടുത്ത് മുഴുവനും യജമാനൻ ചൂഷണം ചെയ്യാൻ തുടങ്ങി. ക്രമേണ അടിമകളുടെ പ്രയത്നം ഉൽപാദനത്തിന്റെ ഏറ്റവും പ്രധാനമായ ഒരുപാധിയായിത്തീർന്നു.

അടിമത്തത്തിന്റെ ആവിർഭാവം യജമാനവർഗത്തിന്റെ പ്രയത്നത്തെ ലഘൂകരിച്ചു. യജമാനവർഗത്തിന്റെ ഭക്ഷണസാമഗ്രികളും മറ്റും അടിമകളാണുൽപ്പാദിപ്പിച്ചിരുന്നത്. അടിമകൾക്ക് കൂടുതൽ പ്രയത്നം, യജമാനന്മാർക്ക് ധാരാളം ഒഴിവുസമയം. ഈ ഒഴിവുസമയത്തെ കല, സാഹിത്യം, വിദ്യാഭ്യാസം മുതലായവയ്ക്കും വ്യാവസായികാഭിവൃദ്ധിക്കും വേണ്ടി ഉപയോഗിക്കാമെന്നായി. അതുകൊണ്ട് സമുദായത്തിൽ ഒരു വിഭാഗത്തിന് ഒഴിവ് സമയമുണ്ടായത് സാമൂഹ്യപുരോഗതിക്കു ആവശ്യമായിരുന്നുവെന്ന് സമ്മതിച്ചേതീരൂ. സാഹിത്യത്തിന്റെയും കലയുടെയും അഭിവൃദ്ധിക്ക് ഈ പുതിയ പ്രവൃത്തിവിഭജനം അനിവാര്യമായിരുന്നു. ഭൂരിപക്ഷക്കാരായ മർദിത ജനങ്ങൾ ദേഹാദ്ധ്വാനം ചെയ്യുക, അവരുടെ പ്രവർത്തിയെ മേൽനോട്ടം ചെയ്തുകൊണ്ട് ന്യൂനപക്ഷക്കാരായ യജമാനവർഗക്കാർ കച്ചവടം, സയൻസ്, കല, തത്വശാസ്ത്രം മുതലായവയിലേർപ്പെടുക —ഇങ്ങനെയല്ലാതെ സാംസ്കാരികാഭിവൃദ്ധി സാദ്ധ്യമായിരുന്നില്ല. എംഗെൽസ് പറയുന്നു: 'ഒരു കാര്യം നമ്മൾ മറക്കാൻ പാടില്ല. അടിമത്തവ്യവസ്ഥയുടെ പരിതഃസ്ഥിതികളെ നിദാനമാക്കിക്കൊണ്ടാണ് നമ്മുടെ സാമ്പത്തികവും രാഷ്ട്രീയവും ബുദ്ധിപരവുമായ സകല വളർച്ചയുമുണ്ടായിട്ടുള്ളത്. ആ പരിതഃസ്ഥിതികളിൽ അടിമത്തം എത്രകണ്ടു സാർവത്രികമായി അംഗീകരിക്കപ്പെട്ടിരിക്കുന്നുവോ അത്രകണ്ട് അത്യാവശ്യമായിരുന്നു. ഈ അർത്ഥത്തിൽ നമുക്കു പറയാം: പ്രാചീനകാലത്തെ അടിമത്തവ്യവസ്ഥയുണ്ടായിരുന്നില്ലെങ്കിൽ നവീന സോഷ്യലിസവുമില്ല.

## 16 ഭരണകൂടം

വർഗങ്ങളുടെ ആവിർഭാവത്തോടുകൂടി പ്രാചീന സമുദായത്തിലെ സമത്വവും സൗഭ്രാത്രവും തിരോധാനം ചെയ്തു. ചരിത്രത്തിലാദ്യമായി മനുഷ്യൻ മനുഷ്യന്റെ അടിമ

യായിത്തീർന്നു. മുമ്പൊക്കെ മനുഷ്യനു തന്റെ സ്വന്തം ഉൽപന്നങ്ങളെടുത്തനുഭവിക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇപ്പോഴാകട്ടെ, അടിമയുൽപാദിപ്പിക്കുന്ന വസ്തുക്കളത്രയും യജമാനന്റെ സ്വത്തുക്കളാണ്. അടിമതന്നെയും യജമാനന്റെ വെറുമൊരു യന്ത്രമാണ്. മുമ്പൊക്കെ മനുഷ്യനും മനുഷ്യനും സമന്മാരായിരുന്നു. ഇപ്പോഴാകട്ടെ, ഒരു വിഭാഗത്തിന്റെ ദാസന്മാരായിത്തീർന്നു.

പ്രാകൃതകമ്യൂണിസം അവസാനിച്ചനാൾതൊട്ട് ഇരുപതാം നൂറ്റാണ്ടുവരെയുള്ള മനുഷ്യചരിത്രം മുഴുവനും വർഗങ്ങളുടെ ചരിത്രമാണ്. വർഗവും വർഗവും തമ്മിലുള്ള കുട്ടിമുട്ടലിന്റെ ചരിത്രമാണ്.

ഒരു വർഗം ഉൽപ്പാദിപ്പിക്കാൻ, മറ്റേ വർഗം ഫലമനുഭവിക്കാൻ; ഒരു വർഗം കഷ്ടപ്പെടാൻ, മറ്റേ വർഗം സുഖമനുഭവിക്കാൻ—ഈ വർഗവിഭജനം സമുദായത്തിൽ മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത മാത്സര്യങ്ങളും വൈരുദ്ധ്യങ്ങളുമുളവാക്കി. മർദിതവർഗക്കാർ മർദകവർഗക്കാർക്കെതിരായി പോരാടി. ഈ വർഗസമരത്തിൽ നിന്നാണ് ഭരണയന്ത്രം ആവിർഭവിച്ചത്. എംഗൽസ് വിവരിക്കുന്നു:

'ആഭ്യന്തര വൈരുദ്ധ്യങ്ങൾ എന്തെന്നറിയാതെ ഒരു സാമൂഹ്യ വ്യവസ്ഥയിൽ നിന്നാണ് ഗോത്രഭരണഘടന വളർന്നുവന്നത്. ഈ ഭരണഘടന അത്തരത്തിലുള്ള ഒരു സാമൂഹ്യവ്യവസ്ഥയ്ക്കു മാത്രമേ ചേരുകയുള്ളൂ. പൊതുജനാഭിപ്രായമൊഴികെ നിർബന്ധം ചെലുത്താനുള്ള മറ്റു യാതൊരുപകരണവും ഈ ഭരണഘടനയ്ക്കുണ്ടായിരുന്നില്ല. എന്നാൽ മനുഷ്യജീവിതത്തിലെ സാമ്പത്തികസ്ഥിതിഗതികൾ മൂലം സ്വതന്ത്രരെന്നും അടിമകളെന്നും മർദകരായ ധനികരെന്നും മർദിതരായ ദരിദ്രരെന്നും ചേരിതിരിയാൻ ആ സാമൂഹ്യവ്യവസ്ഥ നിർബന്ധമായിത്തീർന്നു. മേല്പറഞ്ഞ വൈരുദ്ധ്യങ്ങളെ വീണ്ടുമൊരിക്കലും യോജിപ്പിക്കാൻ അതിനു കഴിഞ്ഞില്ല. മാത്രമല്ല, അവയ്ക്ക് മൂർച്ചകൂട്ടാൻ അത് നിർബന്ധമാവുകകൂടി ചെയ്തു. ഇത്തരമൊരു സാമൂഹ്യഘടന ഒന്നുകിൽ ഇടവിടാതെ അന്യോന്യം പോരടിക്കുന്ന വർഗങ്ങളുടെ തുറന്നസമരത്തിൻ കീഴിലോ അല്ലെങ്കിൽ പോരടിക്കുന്ന വർഗ്ഗങ്ങളുടെ തുറന്ന സമരങ്ങളെ അടിച്ചമർത്തുകയും കാഴ്ചയിൽ അവയ്ക്കുപരിയായി നിലയുറപ്പിക്കുകയും വർഗസമരത്തെ ഏറിയാൽ സാമ്പത്തികരംഗത്തുവെച്ചു നിയമവിധേയമെന്നു പറയപ്പെടുന്ന രീതിയിൽ തുടരാനനുവദിക്കുകയും ചെയ്യുന്ന മൂന്നാമതൊരു ശക്തിയുടെ ഭരണത്തിൻ കീഴിലോ മാത്രമേ നിലനിൽക്കുകയുള്ളൂ. അങ്ങനെ ഗോത്രഭരണഘടന അവസാനിച്ചു. പ്രവൃത്തിവിഭജനവും തൽഫലമായി സമുദായത്തിൽ ഉണ്ടായ വർഗവിഭജനവും അതിനെ ഛിന്നഭിന്നമാക്കി. അതിന്റെ സ്ഥാനത്തു ഭരണകൂടം ഉയർന്നുവന്നു.'

ഭരണകൂടമെന്നാലെന്തെന്നു ലെനിൻ ഒരൊറ്റ വാചകത്തിൽ വ്യക്തമാക്കുന്നു: 'ബല പ്രയോഗത്തിന്റെ ഒരു വിശേഷരീതിയിലുള്ള സംഘടനയാണ് ഭരണകൂടം: ഏതെങ്കിലുമൊരു വർഗത്തെ അടിച്ചമർത്താൻ വേണ്ടിയുള്ള അക്രമത്തിന്റെ സംഘടിതരൂപമാണത്".

വർഗവിഭജനത്തെ ആധാരമാക്കിയ പുതു സാമൂഹ്യവ്യവസ്ഥയിൽ ആളുകളുടെ മനോഭാവത്തിലും നീതിബോധത്തിലും മാറ്റം കാണപ്പെട്ടു. മനുഷ്യൻ മനുഷ്യനെ അടിമയാക്കുകയെന്ന നയം ന്യായീകരിക്കപ്പെട്ടു. അടിമകളെ അടിക്കുകയും ചങ്ങലക്കിടുകയും, വേണമെങ്കിൽ കൊല്ലുകയും ചെയ്യുകയെന്നത് ഉടമകളുടെ നീതിപൂർവകമായ അവകാശമായിത്തീർന്നു. സ്വകാര്യ സ്വത്തുടമ വിപുലവും അലംഘ്യവുമാണെന്ന വിശ്വാസം പൊന്തിവന്നു.

എന്നാൽ, ഈ പുതിയ ചിന്താഗതിയും നീതിനിയമങ്ങളും ഭൂരിപക്ഷക്കാരായ മർദിതരുടെയിടയിൽ പ്രചരിപ്പിച്ചുറപ്പിക്കുകയെന്നത് എളുപ്പമായിരുന്നില്ല. അതി

നുകെൽപ്പം കോപ്പുമുള്ള ഒരു സ്ഥാപനം ആവശ്യമായിത്തീർന്നു. എംഗൽസ് തുടരുന്നു:

'ഒരു കാര്യം മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളൂ, ഗോത്രവ്യവസ്ഥയുടെ കൂട്ടടമ പാരമ്പര്യങ്ങൾക്കെതിരായി വ്യക്തികൾക്കു പുതുതായി ലഭിച്ച സ്വത്തുക്കളെ സംരക്ഷിക്കുകയും മുമ്പൊക്കെ തീരെ ഗണിക്കാതിരുന്ന സ്വകാര്യസ്വത്തിനെ പവിത്രതരമാക്കുകയും, ഈ പവിത്രതയാണ് സകല സമുദായത്തിന്റെയും സർവോൽകൃഷ്ടമായ ഉദ്ദേശ്യമെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്ന ഒരു സ്ഥാപനം: സ്വത്തുസമ്പാദിക്കാനുള്ള ഓരോ പുതിയ മാർഗത്തിന്മേലും സാമൂഹ്യാംഗീകരണത്തിന്റെ മുദ്രകുത്തുകയും അങ്ങനെ ഇടവിടാതെ ഏറിക്കൊണ്ടുവരുന്ന വേഗതയിൽ സ്വത്തുക്കൾ ഒരുക്കൂട്ടുകയും ചെയ്യുന്ന ഒരു സ്ഥാപനം; വർഗങ്ങളായി പിരിഞ്ഞ ഈ സമുദായത്തിലെ വളർന്നുവരുന്ന പിളർപ്പിനെ മാത്രമല്ല, സ്വത്തില്ലാത്ത വർഗത്തെ ചൂഷണം ചെയ്യാൻ സ്വത്തുള്ള വർഗത്തിനു കൈവന്ന അവകാശത്തേയും ഇല്ലാത്തവരുടെമേൽ ഉള്ളവർ നടത്തുന്ന ഭരണത്തെയും നിലനിർത്തുന്ന ഒരു സ്ഥാപനം'.

'ഈ സ്ഥാപനം ആവിർഭവിക്കുകയും ചെയ്തു; ഭരണകൂടം കണ്ടുപിടിക്കപ്പെട്ടു'.

നികുതിപിരിക്കുക, പട്ടാളം, പൊലീസ് മുതലായ മർദനോപകരണങ്ങളെ വെച്ചുപുലർത്തുക, 'നിയമവും സമാധാനവും' പാലിക്കുക, വർഗതാൽപര്യങ്ങളെ സംരക്ഷിക്കുക, മർദിതവർഗക്കാരുടെ വിദ്രോഹാഗ്നിയിൽ നിന്നു സ്വകാര്യസ്വത്തുടമയെ കാത്തുരക്ഷിക്കുക—ഇവയൊക്കെയാണ് ഭരണകൂടത്തിന്റെ ചുമതലകൾ.

## 17 കൊള്ളക്കൊടുക്കകൾ

പ്രാകൃത കമ്മ്യൂണിസത്തിനുള്ളിൽ സ്വകാര്യസ്വത്ത് തലപൊക്കാൻ തുടങ്ങിയതോടുകൂടിയാണ് ചരക്കുകളുടെ കൊള്ളക്കൊടുക്കകൾ ആരംഭിച്ചത്. ആദ്യകാലത്തു ട്രൈബുകൾ തമ്മിൽ മാത്രമേ വിനിമയബന്ധമുണ്ടായിരുന്നുള്ളൂ. അതുതന്നെയും പേരിനുമാത്രം. എന്നാൽ, സ്വത്തുക്കൾ വർദ്ധിക്കുന്തോറും വിനിമയവ്യവസ്ഥ വിപുലമായിക്കൊണ്ടുവന്നു. മൃഗങ്ങളെ പോറ്റിവളർത്താൻ തുടങ്ങിയപ്പോൾ പാൽ, വെണ്ണ, തോൽ മുതലായ വസ്തുക്കൾ വർദ്ധിച്ചു. സ്വന്തം ആവശ്യത്തിൽ കവിഞ്ഞുണ്ടാകുന്നത്, വിനിമയത്തിനുപയോഗിക്കാമെന്നായി. വിവിധ ട്രൈബുകളുടെ അസമമായ വളർച്ചയും സാമ്പത്തികാസമത്വങ്ങളും വിനിമയവ്യവസ്ഥയെ സുപ്രതിഷ്ഠിതമാക്കി. കൊള്ളക്കൊടുക്കകൾക്കുപയോഗിച്ചിരുന്ന പ്രധാനമായ വസ്തു കന്നുകാലികളായിരുന്നു. ക്രമത്തിൽ മറ്റെല്ലാ വസ്തുക്കളുടെയും വില കന്നുകാലികളുടെ വിലയുടെ അടിസ്ഥാനത്തിൽ കണക്കുകൂട്ടാൻ തുടങ്ങി. വിനിമയത്തിന്റെ മദ്ധ്യവർത്തിയെന്നനിലയ്ക്കു കന്നുകാലികൾ പണത്തിന്റെ സ്ഥാനമാണ് വഹിച്ചത്.

കൃഷിയോടൊപ്പം കുടിൽവ്യവസായങ്ങളും അഭിവൃദ്ധിപ്പെട്ടു. കൈത്തറികൊണ്ടു നെയ്ത്തും ചെമ്പ്, ഓട്, ടിൻ, സ്വർണം, വെള്ളി മുതലായ ലോഹങ്ങൾ കൊണ്ടുള്ള പണിത്തരങ്ങളും സമുദായത്തിന്റെ ആവശ്യങ്ങളായിത്തീർന്നു. സ്വകാര്യവ്യക്തികളുടെ നിയന്ത്രണത്തിൽ സ്വത്തുക്കൾ അതിവേഗം വർദ്ധിച്ചുവന്നു. ഒടുവിൽ അപരിഷ്കൃതയുഗത്തിന്റെ അവസാനത്തിൽ ഇരുമ്പ് ഉപയോഗത്തിൽ വന്നതോടുകൂടി കൃഷിയും ശിൽപവേലകളും പണ്ടെങ്ങുമുണ്ടായിട്ടില്ലാത്തവിധം പരിഷ്കരിച്ചു. ഒരേ വ്യക്തിയുടെ കീഴിൽ കൃഷിയും കൈത്തൊഴിലുകളും ഒന്നിച്ചുകൊണ്ടു നടത്തുക സാധ്യമല്ലാതായിത്തീർന്നു. ക്രമേണ ഈ രണ്ടു ഉല്പാദനവിഭാഗങ്ങളും വേർപിരിഞ്ഞു. ചിലർ കൃഷിയിലേർപ്പെട്ടു; മറ്റു ചിലർ കൈത്തൊഴിലുകളിലും. ഈ പ്രവൃത്തി വിഭജനം

സ്വത്തുക്കളെ പിന്നെയും വർദ്ധിപ്പിച്ചു. കൈമാറ്റവ്യവസ്ഥ സമുദായത്തിലെ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരാവശ്യമായിത്തീർന്നു. വിപുലവും സാർവത്രികവുമായിത്തീർന്ന ഈ കൊള്ളക്കൊടുക്കകൾക്ക് കന്നുകാലികളെക്കാൾ സൗകര്യമേറിയ മറ്റെന്തെങ്കിലും പണമായി ഉപയോഗിച്ചേ കഴിയൂ എന്നുവന്നു. ഈ അവസരത്തിലാണ് സ്വർണവും വെള്ളിയും പണമായി ഉപയോഗിക്കാൻ തുടങ്ങിയത്. ഉൽപാദന-വിതരണവ്യവസ്ഥയിലെ ഇടത്തട്ടുകാരായ കച്ചവടക്കാർ പണത്തിന്റെ സഹായത്തോടുകൂടി ചരക്കുകളുടെ കൊള്ളക്കൊടുകളെ പൂർവാധികം അഭവൃദ്ധിപ്പെടുത്തി. എംഗൽസ് എഴുതുന്നു: 'അപരിഷ്കൃതയുഗത്തിന്റെ അവസാനഘട്ടമായപ്പോഴേക്കും കൃഷിയും കൈവേലകളും തമ്മിലുള്ള പ്രവൃത്തിവിഭജനം പിന്നെയും വർദ്ധിക്കുന്നു —അതുകാരണം, അദ്ധ്വാനഫലങ്ങളുടെ തുടർച്ചയായേറിക്കൊണ്ടുവരുന്ന ഒരു ഭാഗം കൈമാറ്റം ചെയ്യാനുള്ള ഉൽപന്നങ്ങളായിത്തീരുന്നു. തൽഫലമായി ഉൽപാദകന്മാർ തമ്മിലുള്ള കൈമാറ്റം സജീവമായ ഒരു സാമൂഹ്യപ്രവർത്തനത്തിന്റെ രൂപം കൈക്കൊള്ളുന്നു. പട്ടണവും ഉൾനാടും തമ്മിലുള്ള വ്യത്യാസങ്ങളെ വർദ്ധിപ്പിച്ചുകൊണ്ടു സംസ്കാരയുഗം നിലവിലുള്ള പ്രവൃത്തിവിഭജനത്തിന്റെ നിലയുറപ്പിക്കുകയും അതിന് ഊക്ക് കൂട്ടുകയും ചെയ്യുന്നു. സംസ്കാരയുഗത്തിന്റേതായ സവിശേഷതയോടുകൂടിയതും എണ്ണപ്പെട്ട പ്രാധാന്യമുള്ളതുമായ മൂന്നാമതൊരു പ്രവൃത്തിവിഭജനം കൂടെക്കൂടുന്നു. ഉൽപാദനവുമായി യാതൊരു സംബന്ധവുമില്ലാതെ ഉൽപന്നങ്ങളുടെ കൊള്ളക്കൊടുക്കയിൽ മാത്രം സംബന്ധമുള്ള ഒരു വർഗത്തെ-കച്ചവടവർഗത്തെ-അതുണ്ടാക്കിവിടുന്നു'.

നേരിട്ട് ഉൽപാദനം നടത്താത്ത ഈ കച്ചവടക്കാർ ഉൽപാദന വ്യവസ്ഥയിലെ ഇടത്തട്ടുകാരായി നിന്നുകൊണ്ടു സ്വത്തു സമ്പാദിക്കുന്നു. ഉൽപാദനം നേരിട്ടു നടത്തുന്നവരെ സാമ്പത്തികമായി കീഴടക്കിവെയ്ക്കാൻ അവർക്കു കഴിയുന്നു. പണം കൊടുത്തു ചരക്കുകൾ വാങ്ങി അവയെ മറ്റുള്ളവർക്കു വിറ്റു കൂടുതൽ പണം സമ്പാദിക്കുകയാണ് അവരുടെ ജീവിതരീതി. ചരക്കുകൾ പണത്തിനുവേണ്ടി വിൽക്കുക എന്ന സമ്പ്രദായത്തോടുകൂടി സ്വാഭാവികമായിത്തന്നെ കടമെടുപ്പുകളും പ്രത്യക്ഷപ്പെടുന്നു. പലിശയ്ക്കു പണം കടം കൊടുക്കുക, കടക്കാരുടെ പരിമിതമായ സ്വത്തുക്കൾകൂടിയും തട്ടിയെടുക്കുക, കടംവീട്ടാൻ നിവൃത്തിയില്ലാത്തവരെ അടിമകളാക്കി വിൽക്കുക മുതലായ ചൂഷണങ്ങൾ സർവസാധാരണമായിത്തീരുന്നു. ന്യൂനപക്ഷത്തിന്റെ കയ്യിൽ കച്ചവടം, പണം കടം കൊടുക്കൽ, നിലയുടമ, സ്വകാര്യസ്വത്ത്, വിദ്യാഭ്യാസം മുതലായ അഭിവൃദ്ധികൾ, ഭൂരിപക്ഷക്കാർക്കിടയിൽ ദാരിദ്ര്യവും കഷ്ടപ്പാടും ബുദ്ധിമുട്ടുകളും —ഇങ്ങനെയാണ് ലോകസംസ്കാരം ആരംഭിച്ചത്.

## 18 മന്ത്രവാദിയും പുരോഹിതനും

നിയന്ത്രിക്കാനാവാത്ത പ്രകൃതികോപങ്ങളും പഞ്ചഭൂതങ്ങളുടെ പ്രവർത്തനങ്ങളും ആദിമമനുഷ്യനെ അമ്പരപ്പിക്കുകയും പേടിപ്പെടുത്തുകയും ചെയ്തിരുന്നു. പ്രകൃതിതത്വങ്ങൾ അവനു ദുർഗ്രഹമായിരുന്നു. എങ്കിലും തന്റെ പ്രാകൃതമായ പ്രായോഗിക ജീവിതത്തിന്റെ അടിസ്ഥാനത്തിൽ പ്രകൃതിനിയമങ്ങളെ വ്യാഖ്യാനിക്കാൻ അവൻ പരിശ്രമിച്ചുനോക്കി. അതിന്റെ ഫലമായിട്ടാണ് മഴ, ഇടി, വെളിച്ചം മുതലായവ ഏതോ അജ്ഞാത ദൈവങ്ങളുടെ പ്രവർത്തനമാണെന്ന വിശ്വാസമുളവായത്. തനിക്കു ദോഷം വരുത്തുന്ന പ്രകൃതിശക്തികളെല്ലാം ചീത്തദൈവങ്ങളാണ്. ചീത്ത ദൈവങ്ങളുടെ പ്രവർത്തനങ്ങളിൽ നിന്നു രക്ഷനേടാൻ വെറും ഭൗതികശക്തികളെയവലംബിച്ചതുകൊണ്ടാവില്ല. അതിനാൽ, അത്തരം ദൈവങ്ങളെ പ്രീതിപ്പെടുത്തു

ന്ന മന്ത്രങ്ങളും ബലികളും മറ്റു ചടങ്ങുകളും വേണം. ചില പ്രത്യേക തരത്തിലുള്ള ചടങ്ങുകളും ചില പ്രത്യേക മന്ത്രങ്ങളും പ്രകൃതിശക്തികളെ പ്രീണിപ്പിക്കാൻ പ്രയോജനപ്പെടുമെന്നു മനുഷ്യൻ വിശ്വസിക്കാൻ തുടങ്ങി. ഈ അന്ധവിശ്വാസമത്രേ മന്ത്രവാദിയെ സൃഷ്ടിച്ചുവിട്ടത്.

കൃഷി ചെയ്യാനാരംഭിച്ചതോടുകൂടി മനുഷ്യനു സുനിശ്ചിതമായ ചില പുതിയ ആവശ്യങ്ങളുണ്ടായി. വിളവുനന്നാവണം, വെള്ളപ്പൊക്കം, മഴയില്ലായ്മ മുതലായവയിൽനിന്നു രക്ഷനേടണം. ഈ ആവശ്യങ്ങളിൽനിന്നാണ് പുരോഹിതൻ പൊന്തിവന്നത്.

മന്ത്രവാദിയുടെയെന്നപോലെ പുരോഹിതന്റെയും പ്രാമാണ്യത്തിനടിസ്ഥാനം ജനങ്ങളുടെ ഉൽപാദനാവശ്യങ്ങളല്ലാതെ മറ്റൊന്നുമായിരുന്നില്ല. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയുടെ ഗതിക്രമങ്ങൾ മറ്റാരെക്കാളുമധികം മനസിലാക്കിയിരുന്നതുകൊണ്ടാണ് പുരോഹിതൻ ആദരിക്കപ്പെട്ടത്. പുരോഹിതൻ വിളിക്കുമ്പോഴൊക്കെ ദൈവങ്ങൾ പ്രത്യക്ഷപ്പെടും. അയാൾ നക്ഷത്രങ്ങളെ നോക്കി കാലനിർണയം ചെയ്യും. മഴ പെയ്യുമോ ഇല്ലയോ എന്ന് മുൻകൂട്ടി പറയും. യുദ്ധത്തിൽ ജയമോ പരാജയമോ ഉണ്ടാവുക എന്നു പ്രവചിക്കും. നമ്മുടെ രാജ്യത്തിൽ ബ്രാഹ്മണരുടെ നേതൃത്വത്തിന്റെ ആരംഭം (ആരംഭം മാത്രമാണേ) ഉണ്ടായതിങ്ങനെയാണ്. മതത്തിന്റെ പേരിലാണ് അവർ ആധിപത്യം നടത്തിയതെങ്കിലും അതിന്നടിയിൽ ഭൗതികജീവിതത്തിന്റെ ആവശ്യങ്ങളാണുണ്ടായിരുന്നത്. വെള്ളവും വെയിലുമില്ലാതെ കൃഷിനടത്തുക സാധ്യമല്ലല്ലോ. കൃഷിക്കു ഹാനിതട്ടിക്കുന്ന അതിവർഷം, വെള്ളപ്പൊക്കം മുതലായവയിൽ നിന്നു രക്ഷനേടാനുതകുന്ന ശാസ്ത്രീയ മാർഗങ്ങളൊന്നും അക്കാലത്തുണ്ടായിരുന്നില്ല. ഈയൊരു സ്ഥിതിയിൽ നിന്നാണ് സൂര്യഭഗവാൻ, ഇന്ദ്രൻ, വരുണൻ തൊട്ട ദൈവങ്ങളുണ്ടായത്. ഈ ദൈവങ്ങളെ തൃപ്തിപ്പെടുത്തി മനുഷ്യനു ശുഭം വരുത്താനുതകുന്ന രഹസ്യമന്ത്രങ്ങളും കൊണ്ടാണ് ബ്രാഹ്മണർ ചരിത്രത്തിൽ പ്രവേശിച്ചത്. ദൈവങ്ങളെ തൃപ്തിപ്പെടുത്താനുള്ള രഹസ്യമറിയുന്നതുകൊണ്ട് അവർ ആരാധിക്കപ്പെട്ടു. രോഗങ്ങളിൽ നിന്നും ജരാനരകളിൽ നിന്നും അതിവൃഷ്ടി, അനാവൃഷ്ടി തുടങ്ങിയ ഈതിബാധകളിൽ നിന്നും മോചനം കിട്ടാൻവേണ്ടി ബ്രാഹ്മണരുടെ നേതൃത്വത്തിൽ യാഗങ്ങൾ നടത്തപ്പെട്ടു. യാഗങ്ങൾ വഴിയായി ബ്രാഹ്മണർക്കു ജനങ്ങളുടെ പക്കൽനിന്നും ധാരാളം സ്വത്തുക്കൾ തട്ടിയെടുക്കാൻ തരപ്പെട്ടു. ജനങ്ങളുടെ അജ്ഞതയും അന്ധവിശ്വാസവുമായിരുന്നു അവരുടെ മൂലധനം. സമുദായം വർഗങ്ങളായി പിരിഞ്ഞതോടുകൂടി ധനികവർഗത്തിന്റെ ചേരിയിൽനിന്നുകൊണ്ട് അവർ തങ്ങളുടെ അധികാരാവകാശങ്ങളെ ഉറപ്പിച്ചു. മതം ദരിദ്രവർഗക്കാരെ അടക്കിനിർത്താനും ചൂഷണം ചെയ്യാനുമുള്ള ഒരുപകരണമായിത്തീർന്നു. ഉച്ചനീചത്വങ്ങൾ സമുദായത്തിൽ അംഗീകരിക്കപ്പെട്ടു. സ്വത്തുക്കൾ ദൈവാനുഗ്രഹ ഫലമായിട്ടാണുണ്ടായത്; ചിലർ ധനികവർഗത്തിലും മറ്റു ചിലർ ദരിദ്രവർഗത്തിലും ജനിക്കുന്നത് വിധിയും തലയിലെഴുത്തുമാണ്. ധനവും അഭിവൃദ്ധിയുമെല്ലാം പൂർവജൻമാർജിത സുകൃതഫലമാണ്. മതത്തിന്റെ സഹായത്തോടുകൂടി ഇത്തരം അന്ധവിശ്വാസങ്ങളെ പുലർത്തിപ്പോരുന്നത് മർദകവർഗത്തിന്റെ നിലനിൽപ്പിന് ആവശ്യമായിരുന്നു. ലെനിൻ എഴുതുകയുണ്ടായി 'പ്രകൃതിക്കെതിരായുള്ള തന്റെ സമരത്തിൽ കാട്ടുമനുഷ്യനുണ്ടായ നിസഹായതാബോധം ദൈവങ്ങൾ, ചെകുത്താന്മാർ, അതിശയങ്ങൾ മുതലായവയിൽ വിശ്വാസമുളവാക്കി വിട്ടപോലെ തന്നെ ചൂഷകവർഗക്കാർക്കെതിരായി ചൂഷിതവർഗക്കാർ നടത്തുന്ന സമരത്തിൽ

അവരുടെ നിസഹായതാ ബോധത്തെ മരണാനന്തരം ഒരു മെച്ചപ്പെട്ട ജീവിതമുണ്ടാകുമെന്ന വിശ്വാസത്തെ ജനിപ്പിക്കുന്നു.

'തങ്ങളുടെ ജീവിതകാലം മുഴുവൻ പട്ടിണികിടന്ന് അദ്ധ്വാനിക്കുന്നവരോട് ഇഹലോകത്തിൽ ക്ഷമയോടുകൂടിയും കിട്ടുന്നതുകൊണ്ട് തൃപ്തിപ്പെട്ടുമിരിക്കാൻ മതം ഉപദേശിക്കുന്നു; സ്വർഗത്തിൽ ഇതിന്റെ പ്രതിഫലം കിട്ടുമെന്ന ആശയുളവാക്കിക്കൊണ്ട് അവരെ സമാധാനിപ്പിക്കുന്നു. മറ്റുള്ളവരുടെ അദ്ധ്വാനത്തിന്മേൽ തിന്നു കൂട്ടുന്നവരെ സംബന്ധിച്ചിടത്തോളം 'ദാനശീല'രാവാൻ മതം അവരോടുപദേശിക്കുന്നു. അങ്ങനെ മതം ചൂഷണത്തിനൊരു ന്യായീകരണം നൽകുന്നു. കൂട്ടത്തിൽ സ്വർഗത്തിലേക്കു പോകാൻ ആദായകരമായ ഒരു ടിക്കറ്റും അവർ നൽകുന്നു.'

മർദകവർഗക്കാർ ദരിദ്രരെ ചൂഷണം ചെയ്യാനും വഞ്ചിക്കാനും വേണ്ടി കല്പിച്ചുകൂട്ടി കെട്ടിച്ചമച്ചുണ്ടാക്കിയ ചതിപ്രയോഗങ്ങളാണ് എല്ലാ മതങ്ങളുമെന്ന് ഇപ്പറഞ്ഞതിനർത്ഥമാക്കരുത്. മതങ്ങളുടെ ഉൽഭവം പലപ്പോഴും സാമൂഹ്യാവശ്യങ്ങളിൽനിന്നായിരിക്കും. എന്നല്ല, ചിലപ്പോൾ, മർദിതവർഗത്തിന്റെ സമരങ്ങളും മതത്തിന്റെ രൂപത്തിൽ പൊട്ടിപ്പുറപ്പെടാറുണ്ട്. ഉദാഹരണത്തിന് ക്രിസ്തുമതമെടുക്കുക. ജറുസലമിലും റോമിലും മറ്റു പ്രദേശങ്ങളിലും മർദനങ്ങൾക്കടിപ്പെട്ടുകൊണ്ട് വിഷമിച്ചും നരകിച്ചും കഴിഞ്ഞു കൂടിയിരുന്ന അടിമവർഗത്തിന്റെയും മറ്റു ദരിദ്ര ജനവിഭാഗങ്ങളുടെയും നേതാവായിട്ടാണ് യേശുക്രിസ്തു ഉയർന്നുവന്നത്. ധനികരോട് കഠിനമായ വെറുപ്പ്, ദരിദ്രരോട് അഗാധമായ അനുകമ്പ—ഇതായിരുന്നു ക്രിസ്തുമതത്തിന്റെ ഉള്ളടക്കം. പക്ഷേ, ഒരു മൂന്നു നൂറ്റാണ്ടുകൾക്കുള്ളിൽ ക്രിസ്തുമതത്തെ തങ്ങൾക്കനുകൂലമായ വിധത്തിൽ ദരിദ്രരെ അടിച്ചമർത്താനുള്ള ഒരു ഉപകരണമെന്ന നിലയ്ക്ക് ഉപയോഗിക്കാൻ ധനികവർഗക്കാർക്ക് കഴിവുണ്ടായി എന്നത് ചരിത്രപരമായ ഒരു പരമാർത്ഥം മാത്രമാണ്.

## 19 നാടുവാഴി പ്രഭുത്വം

റോമിലെയും ഗ്രീസിലെയും പ്രാചീനചരിത്രങ്ങളിലാണ് അടിമത്തസമ്പ്രദായത്തെ അതിന്റെ മൂർദ്ധന്യദശയിൽ കാണാൻ കഴിയുന്നത്. എന്നാൽ ഇന്ത്യ, ചൈന, ഈജിപ്ത്, ഇറാക്ക് മുതലായ രാജ്യങ്ങളിലും അടിമത്തവ്യവസ്ഥ നിലനിന്നിരുന്നുവെന്നു തീർച്ചയാണ്. നദീതീരങ്ങളിൽ തഴച്ചുവന്ന ഈ പ്രാചീന സംസ്കാരങ്ങൾക്കു വളരാൻ പറ്റിയവിധത്തിൽ ഫലപുഷ്ടിയുള്ള മണ്ണും ജലസേചനസൗകര്യങ്ങളും ധാരാളമുണ്ടായിരുന്നു. അതുകൊണ്ടു കൃഷിയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള സാമൂഹ്യഘടനയ്ക്കു വളരെ വേഗത്തിൽ അടിയുറയ്ക്കാൻ കഴിഞ്ഞു.

മനുഷ്യൻ ആദ്യമായി കൃഷി ചെയ്യാൻ തുടങ്ങിയപ്പോൾ കാർഷികനിലങ്ങളുടെ ഉടമാവകാശം വ്യക്തികൾക്കല്ല സമുദായത്തിനായിരുന്നു. കൃഷിപ്പണിയിൽ എല്ലാവരും പങ്കുകൊള്ളും. വിളവുകൾ എല്ലാവരും കൂടി എടുത്തനുഭവിക്കും. പക്ഷേ, കൃഷി വിപുലമാവുകയും സ്വകാര്യസ്വത്തു തലപൊക്കുകയും അടിമകളുടെ പ്രയത്നത്തെ ഉപയോഗിക്കാൻ പറ്റിയ പരിതഃസ്ഥിതികൾ ഉളവാക്കുകയും അങ്ങനെ സാമൂഹ്യഘടന ജടിലമായിത്തീരുകയും ചെയ്തപ്പോൾ കൂട്ടുകൃഷി അപ്രായോഗികമായിത്തീർന്നു. കൃഷി ചെയ്യാനുള്ള നിലം ചെറിയ ചെറിയ ഭാഗങ്ങളാക്കി കുടുംബങ്ങൾക്ക് ഏല്പിച്ചുകൊടുക്കപ്പെട്ടു. എന്നാൽ, ഈ വിഭജനം ആദ്യകാലത്തു തൽക്കാലത്തേക്കു മാത്രമുള്ളവയായിരുന്നു. നിലം പെട്ടെന്ന് കുടുംബങ്ങളുടെ സ്വകാര്യസ്വത്തായി മാറുകയുണ്ടായില്ല. ഒരിക്കൽ കൃഷി ചെയ്തുകഴിഞ്ഞാൽ എല്ലാ നിലവും വീണ്ടും സമു

ദായത്തിന്റെ പൊതുവിലുള്ള മേച്ചിൽ സ്ഥലങ്ങളായി ഉപയോഗിക്കപ്പെട്ടും. കൊല്ലംതോറും കൃഷിഭൂമികൾ കുടുംബങ്ങൾക്കു ഭാഗിച്ചുകൊടുക്കുകയായിരുന്നു പതിവ്.

എന്നാൽ, ഉല്പാദനത്തിന്റെ സൗകര്യത്തിനുവേണ്ടിയുള്ള ഈ ഭൂവിഭജനം ഒടുവിൽ പൊതുടമയുടെ നാശത്തിലാണ് കലാശിച്ചത്. താൽക്കാലികമായിട്ടെങ്കിലും ഒരു നിലം ഒരിക്കൽ ഒരു കുടംബത്തിന്റെ കയ്യിൽപെട്ടാൽ പിന്നെ അതു സ്വകാര്യസ്വത്തായി മാറ്റാൻ വലിയ താമസം വേണ്ടിവരില്ലെന്ന് തീർച്ചയാണ്. എന്തുകൊണ്ടെന്നാൽ, പണിയായുധങ്ങൾ, കന്നുകാലികൾ, അടിമകൾ എന്നിവയെല്ലാം സ്വകാര്യസ്വത്തുക്കളായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞ ഒരു കാലമായിരുന്നു അത്. പിന്നെ, എല്ലാ കുടുംബങ്ങൾക്കും സമമായ സ്വത്തുക്കളല്ല ഉണ്ടായിരുന്നത്. ചിലരുടെ പക്കൽ ലോഹംകൊണ്ടുള്ള പരിഷ്കരിച്ച പണിയായുധങ്ങളുണ്ടാവും. അല്ലെങ്കിൽ കൂടുതൽ കന്നുകാലികളോ അടിമകളോ ഉണ്ടാവും. ഈ പരിതഃസ്ഥിതിയിൽ ദരിദ്രരായ കൃഷിക്കാർ പലപ്പോഴും ധനികവർഗക്കാരെ ആശ്രയിക്കാൻ നിർബന്ധിതരായിത്തീർന്നു. വലിയവർക്കു ചെറിയവരെ ദ്രോഹിക്കാനും അവരുടെ നിലങ്ങൾ തട്ടിയെടുക്കാനും തരം കിട്ടി എന്നല്ല, സമുദായത്തിന്റെമേൽ പൊതുവിൽ സ്വാധീനശക്തി ചെലുത്താനും അവർക്കു സാധിച്ചു. ഈ സ്വാധീനശക്തി ഉപയോഗിച്ചുകൊണ്ട് ആദ്യമായി നിലത്തിന് മേലുള്ള അവകാശം ഒരു കൊല്ലത്തിലധികം കാലത്തേക്ക് നീട്ടികിട്ടാൻ അവർ പരിശ്രമിച്ചു. ക്രമേണ നിലങ്ങൾ സ്ഥിരമായ സ്വകാര്യസ്വത്തുക്കളായി മാറി.

ഈ ഗതിക്രമത്തെ ത്വരിതപ്പെടുത്താൻ വേറെയും ചില കാരണങ്ങളുണ്ടായി.

ആദ്യകാലത്ത്, വില്ലമമ്പുമെടുത്തു മൃഗങ്ങളെ വേട്ടയാടിയിരുന്ന കാലത്ത്, ഭക്ഷണസമ്പാദനവും ആത്മസംരക്ഷണവും ഒരേ പ്രവൃത്തിയുടെ രണ്ടു ഭാഗങ്ങൾ മാത്രമായിരുന്നു. പക്ഷേ, കൃഷിയും കൈത്തൊഴിലും സർവപ്രധാനമായിത്തീർന്നപ്പോൾ പഴയ മട്ടിലുള്ള ആത്മരക്ഷയ്ക്കും യുദ്ധസംരംഭങ്ങൾക്കും അസൗകര്യം നേരിട്ടു. സഞ്ചാരികളായ അപരിഷ്കൃത ജാതിക്കാർ കൂട്ടംകൂട്ടമായി വന്നു കാർഷികോൽപന്നങ്ങളെ കൊള്ള ചെയ്തേക്കുമോ എന്ന ഭയം എല്ലായിപ്പോഴും ഉണ്ടായിരുന്നു. യൂറോപ്പിലെ വിവിധരാജ്യങ്ങളിലെന്നപോലെ പ്രാചീനഭാരതത്തിലും ഇത്തരം ആക്രമണങ്ങൾ ഇടയ്ക്കിടയ്ക്കുണ്ടായിക്കൊണ്ടിരുന്നു. അപ്പപ്പോഴായി ശാകന്മാർ, ഹൂണന്മാർ മുതലായ ജാതിക്കാർ പുറമെ നിന്നുവന്ന് ഇന്ത്യയുടെ സ്വത്തുക്കൾ കൊള്ളയടിക്കയുണ്ടായിട്ടുണ്ട്. അപരിഷ്കൃതക്കൂട്ടങ്ങളുടെ ആക്രമണങ്ങളെ ചെറുക്കുക എന്നത് അക്കാലത്തെ സംസ്കൃത ജാതിക്കാരുടെ സർവപ്രധാനമായ പ്രവൃത്തിയായിത്തീർന്നു. ഒരു തലവന്റെ നേതൃത്വത്തിൽ സൈന്യസജ്ജീകരണം നടത്താതെ ഉൽപാദനത്തെയും സ്വത്തുക്കളെയും സംരക്ഷിക്കുക സാദ്ധ്യമായിരുന്നില്ല. സ്വാഭാവികമായി സമുദായത്തിലെ നീതിന്യായ പരിപാലനം തുടങ്ങിയ മറ്റു ചുമതലകളും തലവന്റെ നേതൃത്വത്തിൽ തന്നെ വന്നുചേർന്നു. ഈ തലവനാണ് ക്രമത്തിൽ രാജാവായി മാറിയത്. ആക്രമണമുണ്ടാകുമ്പോഴെല്ലാം സായുധരായ സേനാ നായകന്മാരുടെ സഹായത്തോടുകൂടി രാജാവു യുദ്ധത്തിനുപോകും. ആക്രമണങ്ങളിൽനിന്നു സമുദായത്തെ രക്ഷിക്കേണ്ടഭാരം രാജാവിലാണർപ്പിക്കപ്പെട്ടിരുന്നത്. അതിനാൽ, തങ്ങളുടെ ഉൽപന്നങ്ങളിലൊരു ഭാഗം രാജാവിനു നികുതിയായി കൊടുക്കാൻ ആളുകൾ മടിച്ചിരുന്നില്ല.

ആദ്യകാലത്തു തലവന്മാരെ തിരഞ്ഞെടുക്കുകയായിരുന്നു പതിവ്. പക്ഷേ, സ്വാഭാവികമായി കയ്യൂക്കും പ്രാപ്തിയുമുള്ള സ്വത്തുടമസ്ഥർക്കേ ആ മാന്യസ്ഥാനം ലഭിച്ചിരുന്നുള്ളൂ. ക്രമേണ തിരഞ്ഞെടുപ്പ് പോയി പിന്തുടർച്ചാവകാശം വന്നു. സമു

ദായത്തിലെ സ്വത്തുക്കളൊക്കെയും രാജാവിന്റെ പരമാധികാരത്തിൻകീഴിലായി. കേരളത്തിലും ഏതാണ്ടിങ്ങനെയൊക്കെത്തന്നെയാണ് രാജാക്കന്മാർ ഉത്ഭവിച്ചത്. ഒരുകാലത്തു പ്രാകൃത കമ്യൂണിസത്തിന്റെ സമത്വവും സൗഭ്രാത്രവും കേരളത്തിലും വിളയാടിയിരുന്നു. ക്രമത്തിൽ സ്വകാര്യസ്വത്തുക്കളും അസമത്വങ്ങളും തലപൊക്കി. ഒരുതരം ഗ്രാമഭരണമാണ് അക്കാലത്തുണ്ടായിരുന്നത്. ഗ്രാമങ്ങളുടെ പ്രതിനിധികൾ പൊതുകാര്യങ്ങളെപ്പറ്റിയാലോചിക്കാൻ വേണ്ടി ഇടയ്ക്കിടക്കു യോഗംചേരുക പതിവായിരുന്നു. എന്നാൽ സ്വകാര്യ സ്വത്തുക്കളും അതു സംബന്ധിച്ച മത്സരങ്ങളും വർദ്ധിച്ചപ്പോൾ ഗ്രാമഭരണം അപ്രായോഗികവും അപര്യാപ്തവുമായിത്തീരുകയും അങ്ങനെ ആദ്യത്തെ പെരുമാളായ കേയപ്പെരുമാൾ അധികാരത്തിൽ വരികയും ചെയ്തു. പെരുമാക്കന്മാർ പന്ത്രണ്ടുകൊല്ലം കൂടുമ്പോളൊരിക്കൽ തിരഞ്ഞെടുക്കപ്പെടുകയാണ് ചെയ്തിരുന്നത്. പക്ഷേ, സ്വത്തുടമസ്ഥരായ നാടുവാഴികളുടെ കുസൃതികളും പരസ്പര മത്സരങ്ങളും ഒരു ഭാഗത്തും സാധാരണക്കാരായ കൃഷിക്കാരുടെയും മറ്റു ദരിദ്രവിഭാഗങ്ങളുടെയും കഷ്ടപ്പാടുകൾ മറുഭാഗത്തും വർദ്ധിച്ചുകൊണ്ടേവന്നു. ഒടുവിൽ തിരഞ്ഞെടുക്കപ്പെട്ട പെരുമാക്കന്മാർ പോയി അവരുടെ സ്ഥാനത്തു ധനികരായ നിലമുടമസ്ഥന്മാർ രാജാക്കന്മാരായി ഭരണാധികാരം കൈക്കലാക്കി. ഇങ്ങനെയാണ് കേരളത്തിന്റെ വിവിധ ഭാഗങ്ങൾ വിവിധ രാജാക്കന്മാരുടെ കീഴിലായിത്തീർന്നത്. രാജാക്കന്മാർ തങ്ങളുടെ സ്വത്തും പ്രതാപവും വർദ്ധിപ്പിക്കാൻ വേണ്ടി പരസ്പരം മത്സരിക്കുകയും തഞ്ചം കിട്ടുമ്പോഴൊക്കെ മറ്റുള്ളവരുടെ സ്വത്തുക്കൾ തട്ടിയെടുക്കുകയും പതിവായിരുന്നു. നിലമുടമസ്ഥന്മാരുടെ, അല്ലെങ്കിൽ ഇടപ്രഭുക്കളുടെ, പ്രതിനിധിയും നേതാവുമെന്ന നിലയ്ക്കു സാധാരണക്കാരായ ജനങ്ങളെ നിയമാനുസൃതമായിത്തന്നെ കൊള്ളയടിക്കുകയും മർദ്ദിക്കുകയും ചെയ്തുകൊണ്ടാണ് രാജാക്കന്മാർ തങ്ങളുടെ താന്തോന്നിത്തം നിലനിർത്തിപ്പോന്നത്.

ഏറെക്കുറെ മേൽവിവരിച്ച പ്രകാരമാണ്, ഈജിപ്തിലെ നൈൽനദിയും, ഇറാക്കിലെ ടൈഗ്രീസും യൂഫ്രട്ടീസും, ചൈനയിലെ ഹൊയാങ്ഹോവും യാങ്സികിയാങ്ങും, ഇന്ത്യയിലെ സിന്ധുവും ഗംഗയും —ഈ നദികളുടെ തീരങ്ങളിൽ പ്രാചീന നാടുവാഴി വ്യവസ്ഥകൾ പൊന്തിവന്നത്. ഈ പ്രാചീന സംസ്കാരങ്ങൾക്ക് ഏഷ്യാറ്റിക് സാമന്തവ്യവസ്ഥകൾ എന്നും പറയാറുണ്ട്. ഈജിപ്ത്, സുമേറിയ, ചൈന മുതലായ രാജ്യങ്ങളെ കൂട്ടിയിണക്കുന്ന കരവഴികൾ, വിവിധ തരത്തിലുള്ള ചരക്കുകളെയുൾക്കൊള്ളുന്ന കച്ചവടങ്ങൾ, ഈജിപ്തിലെ പിരമിഡുകൾ, ചൈനയിലെ 'വലിയ ചുമർ' ബാബിലോണിയയിലെ ജ്യോതിശാസ്ത്രം, ആര്യന്മാരുടെ ഗണിതശാസ്ത്രം മനുഷ്യന്റെ വളർച്ചയ്ക്കത്യാവശ്യമായ ഭൗതികവിജ്ഞാനങ്ങൾ, പ്രാചീന സാഹിത്യങ്ങളും കലകളും —ഇവയെല്ലാം ആ നദീതീരസംസ്കാരങ്ങളുടെ ആദ്യകാലത്തെ നേട്ടങ്ങളാണ്. പക്ഷേ, ക്രമത്തിൽ അവ നാശോന്മുഖമായിത്തീരുകയും നാടുവാഴികളുടെയും രാജാക്കന്മാരുടെയും ഭരണം ചിരപ്രതിഷ്ഠിതമായിത്തീരുകയും ചെയ്തു. സംസ്കാരത്തിന്റെ വളർച്ചയെ തടഞ്ഞുകൊണ്ടും ലക്ഷക്കണക്കിലുള്ള സാധുകൃഷിക്കാരെ ചവിട്ടിമെതിച്ചുകൊണ്ടും അവരുടെ വിദ്രോഹങ്ങളെ അടിച്ചമർത്താൻ വേണ്ടി നിന്ദ്യമായ മർദ്ദന സംവിധാനങ്ങളെയവലംബിച്ചുകൊണ്ടും നിലനിന്നുപോന്ന ഈ നാടുവാഴി ഭരണങ്ങൾ ചരിത്രത്തിന്റെ മുന്നോട്ടുള്ള ഓരോ കാൽവെപ്പിനെയും തടഞ്ഞുനിർത്താൻ ശ്രമിക്കുക മാത്രമാണ് ചെയ്തത്.

ഇറ്റലിയിൽ അടിമത്തവ്യവസ്ഥയുടെ പാപ്പരത്തത്തിൽ നിന്നാണ് ഫ്യൂഡലിസം വളർന്നുവന്നത്. 'ലാറ്റിഫുണ്ടിയ' എന്ന പേരിലറിയപ്പെടുന്ന വലിയ വലിയ കൃഷിസ്ഥലങ്ങളിൽ അടിമകളെക്കൊണ്ടു പണിയെടുപ്പിച്ചു റോമൻ പ്രമാണികൾ

പിടിപ്പതു സ്വത്തു സമ്പാദിച്ചിരുന്നു. ഈ വലിയ തോതിലുള്ള കൃഷി നടത്താൻ സാധിച്ചതു യുദ്ധങ്ങൾ വഴിക്കും മറ്റും ധാരാളം അടിമകളെ കിട്ടിയിരുന്നതുകൊണ്ടുമാത്രമാണ്. റോമൻ ധനതന്ത്രം മുഴുവനും അടിമത്തത്തിന്റെ അടിത്തറയിന്മേലാണ് സംഘടിപ്പിക്കപ്പെട്ടിരുന്നത്. മർദ്ദനം വർദ്ധിക്കുന്തോറും അടിമകളുടെ എണ്ണവും പ്രയത്നകുശലതയും കുറഞ്ഞുകുറഞ്ഞുവന്നു. അടിമകളുടെ കുറവ് കേന്ദ്രത്തെയും സംസ്ഥാനങ്ങളെയും ഒരുപോലെ ബാധിച്ചു. കൂടുതൽ പ്രദേശങ്ങളെ ആക്രമിച്ചു കീഴടക്കുവാനുള്ള സൈനികമായ സാധ്യതകൾ ചുരുങ്ങി കൊണ്ടുവന്നു. നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടുവന്ന സാമ്പത്തികാസമത്വങ്ങൾ അടിമത്ത വ്യവസ്ഥയുടെ അടിയിൽ തുരങ്കംവച്ചു. പ്രഭുക്കളുടെ സ്വത്തുക്കളും ക്രൂരതയും വർദ്ധിപ്പിക്കാൻ മാത്രമുതകുന്ന തങ്ങളുടെ ദേഹാദ്ധ്വാനത്തിൽ അടിമകൾ വൈമുഖ്യം കാണിക്കാൻ തുടങ്ങി. അവിടെയും ഇവിടെയുമായി അടിമകളുടെ വിദ്രോഹങ്ങൾ പൊട്ടിപ്പുറപ്പെട്ടു. ലാറ്റിഫുണ്ടിയയിൽ അടിമകളെക്കൊണ്ടു പണിയെടുപ്പിക്കുന്നതു തീരെ ആദായകരമല്ലെന്നു ബോദ്ധ്യപ്പെട്ടപ്പോൾ നിലമുടമസ്ഥന്മാരായ പ്രഭുക്കൾ തങ്ങളുടെ നിലങ്ങളെ ചെറിയ ചെറിയ ഭാഗങ്ങളായി മുറിച്ചു കൃഷിക്കാരെ ഭാരമേല്പിക്കാനും അവരിൽനിന്നു കിട്ടുന്ന പ്രതിഫലങ്ങൾകൊണ്ടു പത്തായം നിറയ്ക്കാനും തീരുമാനിച്ചു.

പട്ടണങ്ങളുടെ സ്ഥിതിയും മോശമായിക്കൊണ്ടുവന്നു. അടിമത്തത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായങ്ങളെ ഒരതിർത്തിയിലധികം പോഷിപ്പിക്കുക സാദ്ധ്യമായിരുന്നില്ല. അതിനാൽ വ്യവസായങ്ങൾ കൂടുതൽ വിപുലമാവുന്നതിനു പകരം കച്ചവടക്കാരുടെയും പണമിടപാടുകാരുടെയും കയ്യിൽ സ്വത്തുക്കൾ അധികമധികം കേന്ദ്രീകരിക്കുകമാത്രമാണ് ചെയ്തത്. അങ്ങനെ, പട്ടണത്തിലെ ഭൂരിപക്ഷക്കാരായ സാധാരണ ജനങ്ങൾക്കു നിശ്ചിതവും സ്ഥിരവുമായ ഉപജീവനമാർഗം ഇല്ലാതായിക്കൊണ്ടുവന്നു. പട്ടിണിയും കഷ്ടപ്പാടും നാടൊട്ടുക്കും നടമാടാൻ തുടങ്ങി.

ഇപ്രകാരം ക്രിസ്ത്വാബ്ദം അഞ്ചാം നൂറ്റാണ്ടാകുമ്പോഴേക്കും റോമൻ സാമ്രാജ്യത്തിലെ അടിമത്തവ്യവസ്ഥ തികച്ചും ക്ഷയോന്മുഖമായിത്തീർന്നു. റോമൻ സാമ്രാജ്യത്തിന്റെ രാഷ്ട്രീയഘടന സൈനികസ്വേച്ഛാധിപത്യമായി മാറുകയും വിഭിന്ന സംസ്ഥാനങ്ങളിലെ സേനാനായകന്മാർ സാമ്രാജ്യച്ചെങ്കോലിനുവേണ്ടി പരസ്പരം മത്സരിക്കാൻ തുടങ്ങുകയും ചെയ്തു. ഈ അധഃപതനഘട്ടത്തിലാണ് അപരിഷ്കൃതരായ ജർമൻ ട്രൈബുകൾ റോമൻ സാമ്രാജ്യത്തെ ആക്രമിച്ചത്. ഈ ആക്രമണവും അതിനെ തുടർന്നുകൊണ്ടുണ്ടായ അരാജകത്വവും നാടുവാഴി വ്യവസ്ഥയുടെ വളർച്ചയെ ത്വരിതപ്പെടുത്തി. അങ്ങനെ ക്രമത്തിൽ അടിമത്തത്തിന്റെ സ്ഥാനത്തു നാടുവാഴി പ്രഭുത്വം സ്ഥാപിതമായി.

ഇനി നമുക്ക് ബ്രിട്ടനിലേക്കൊന്നു കണ്ണോടിക്കുക:

പാശ്ചാത്യ സംസ്കാരമെന്നുവെച്ചാൽ മുതലാളിത്വ സംസ്കാരവും, ഭാരതീയ സംസ്കാരമെന്നുവെച്ചാൽ കാർഷിക സംസ്കാരവുമാണെന്നു പലരും പറയുന്നതു കേൾക്കാം. എന്നാൽ ബ്രിട്ടന്റെ പ്രാചീനചരിത്രത്തിൽ മറ്റു രാജ്യങ്ങളിലുണ്ടായപോലെ തന്നെ ഗോത്രാധിപത്യവും കൂട്ടുജീവിതവും നിലത്തിന്മേലുള്ള പൊതുവുടമാവകാശവും ഉണ്ടായിരുന്നുവെന്നു മനസിലാക്കാൻ പ്രയാസമില്ല. ബ്രിട്ടീഷ്ദ്വീപുകൾ റോമൻ ഭരണത്തിന്റെ കീഴിലായിരുന്ന കാലത്ത് അവിടെ മുതലാളിത്തമെന്നല്ല, നാടുവാഴി പ്രഭുത്വംപോലുമുണ്ടായിരുന്നില്ല. പ്രാചീന ബ്രിട്ടനിലെ കെൽട്ടുകാരുടെ ഗോത്രസംഘടന കേരളത്തിലെ പഴയ ഗ്രാമഭരണത്തേക്കാൾ വളരെയൊന്നും വ്യത്യസ്തമായിരുന്നില്ല. ഗോത്ര വ്യവസ്ഥയുടെ അവസാന കാലമായപ്പോഴേക്കും നിലങ്ങൾ കുടുംബാംഗങ്ങൾക്കു ഭാഗിച്ചുകൊടുക്കുക എന്ന സമ്പ്രദായം ബ്രിട്ടനിലും നിലവിൽ

വന്നു. ഓരോ കുടുംബത്തിന്റെയും കൈവശമുള്ള നിലത്തിനു ഹൈഡ് (Hide) എന്നാണ് പറഞ്ഞിരുന്നത്. 'ഒരു ഹൈഡ് എന്നുവെച്ചാൽ യഥാർത്ഥത്തിൽ ഒരു ഏരിന് (എട്ടുകാളകളെ പൂട്ടുന്ന ഏര്) പ്രവർത്തിക്കാൻ കഴിവുള്ളത്ര നിലത്തിന്റെ കൈവശാവകാശവും പൊതു മേച്ചിൽ സ്ഥലങ്ങളിന്മേലും ടൗൺഷിപ്പിലെ തരിശു നിലങ്ങളിന്മേലുമുള്ള ചില സുനിശ്ചിതാവകാശങ്ങളുമടങ്ങുന്നതാണ്.' എന്ന് മോർട്ടൻ പ്രസ്താവിക്കുന്നു. ('ടൗൺഷിപ്പ് എന്നത് അനേകം ഹൈഡുകളടങ്ങിയ വലിയ ഗ്രാമമാണ്'.) ഹൈഡുകൾ സ്വകാര്യ സ്വത്തുക്കളായിരുന്നില്ല. പക്ഷേ, സ്വകാര്യസ്വത്തുടമയുടെ ബീജങ്ങൾ അവയിലടങ്ങിയിരുന്നു. അതിനാൽ, ഹൈഡുകളുടെ ഉല്പാദന വ്യവസ്ഥ ക്ഷയോന്മുഖമായിത്തീർന്നപ്പോൾ നിലമുടമസ്ഥന്മാരായ നാടുവാഴികൾക്ക് ഉയർന്നുവരാൻ വലിയ വിഷമമുണ്ടായില്ല. പഴയ സാമൂഹ്യഘടനയുടെ പാപ്പരത്തത്തിന്റെ സവിശേഷതകളായ ഉച്ചനീചത്വങ്ങളും സാമ്പത്തികാസമത്വങ്ങളും നാടുവാഴികളുടെ അധികാരപ്രമത്തതയെ സ്ഥിരപ്രതിഷ്ഠിതമാക്കി. യുദ്ധനായകൻ എന്ന സ്ഥാനം വഹിച്ചിരുന്ന ഏറ്റവും വലിയ നാടുവാഴി രാജാവായി. ഈ മാറ്റങ്ങൾ, സമുദായത്തിന്റെ സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവും മതപരവുമായ എല്ലാ രംഗങ്ങളിലും പ്രതിഫലിച്ചു. സ്വന്തം നിലമില്ലാത്ത യാതൊരാളും സ്വതന്ത്രൻ (Freeman) എന്ന പേരിനർഹനല്ലാതായി. സൈനികസേവനങ്ങളോ അഭിമാനകരമെന്നു കരുതപ്പെട്ടിരുന്ന മറ്റു സേവനങ്ങളോ അല്ലെങ്കിൽ പാട്ടമെന്ന പേരിൽ കൊല്ലംതോറും ഒരു നിശ്ചിതമായ തുകയോ, പ്രഭുവിനു നൽകാമെന്ന കരാറിന്മേൽ നിലം കൈവശം വച്ചിരുന്നവരെയാണ് 'സ്വതന്ത്രർ' എന്നു വിളിച്ചിരുന്നത്. പ്രഭുവിന്റെ നിലത്തിൽ പ്രതിഫലം കൂടാതെ പണിയെടുത്തുകൊടുക്കാമെന്ന വ്യവസ്ഥയിന്മേൽ അഹോവൃത്തിക്കുവേണ്ടി സ്വന്തമായി ഒരു കഷണം നിലം വെച്ചിരുന്നവരെ അടിയാളർ അല്ലെങ്കിൽ സർഫകൾ (Serfs) എന്നു വിളിച്ചിരുന്നു. നിലം വിട്ടുപോകാനോ നിലം മറ്റാരെയെങ്കിലും ഏൽപിക്കാനോ സ്വതന്ത്രാധികാരമുണ്ടായിരുന്നു. പക്ഷെ, സർഫ് എന്നെന്നും നിലത്തോടു ബന്ധപ്പെട്ടിരിക്കും. നിലം വിട്ടുപോവാനവനു സ്വാതന്ത്ര്യമില്ല. മർദ്ദനം സഹിക്കവയ്യാതെ എങ്ങാനും ഓടിപ്പോയാൽ അവൻ കഠിനശിക്ഷയ്ക്കു പാത്രമാവും. കന്നുകാലികളെപ്പോലെ അടിമകളെക്കൊണ്ടു വേലയെടുപ്പിച്ച് സ്വത്തുണ്ടാക്കിയിരുന്ന നിലപോയി. കന്നുകാലികളെപ്പോലെ അടിമകൾക്കു തീറ്റ കൊടുത്തിരുന്ന സമ്പ്രദായവും പോയി. തനിക്കു തിന്നാനുള്ള വക ഇപ്പോൾ സർഫ് തന്നെ സമ്പാദിച്ചുണ്ടാക്കാൻ ബാദ്ധ്യസ്ഥനായി. ഈയൊരു വ്യത്യാസമൊഴിച്ചാൽ, അടിമയും അടിയാനും തമ്മിൽ വലിയ വ്യത്യാസമൊന്നുമുണ്ടായിരുന്നില്ല.

അടിയാളർ മാത്രമല്ല 'സ്വതന്ത്ര'രും പ്രഭുക്കളുടെ മർദ്ദനത്തിന്നിരയായിരുന്നു. ശരിക്കു പറയുകയാണെങ്കിൽ, ആദ്യം മുതൽക്കേ അവർ ക്ഷയോന്മുഖമായ ഒരു വർഗമായിരുന്നു. ചില്ലറ നിലങ്ങൾ സ്വന്തമായുണ്ടായിരുന്ന മിക്ക കൃഷിക്കാരും ക്രമത്തിൽ അടിയാളന്മാരായി രൂപാന്തരപ്പെടുകയാണുണ്ടായത്.

ഇങ്ങനെ പത്താം നൂറ്റാണ്ടായപ്പോഴേക്കും ബ്രിട്ടനിൽ ഫ്യൂഡൽ വ്യവസ്ഥ അടിയുറച്ചുകഴിഞ്ഞു.

ഫ്യൂഡൽ വ്യവസ്ഥയിൽ പ്രധാനമായി രണ്ടു വർഗങ്ങളാണുള്ളത്. നിലമുടമസ്ഥനായ പ്രഭുവും, പണിയെടുക്കുന്ന അടിയാളനും. അടിയാളൻ അടിമയല്ല നിയമപ്രകാരം അയാൾ പ്രഭുവിന്റെ സ്വകാര്യസ്വത്തുക്കളിൽ ഉൾപ്പെടുകയില്ല. എന്നാൽ സ്വന്തമായി അല്പം ഭൂമിയിൽ കൃഷി ചെയ്യാനും അയാൾക്കവകാശമുണ്ട്. ഈ നിലം കൃഷി ചെയ്തിട്ടാണ് അയാളും അയാളുടെ കുടുംബവും ഉപജീവനം കഴിക്കുന്നത്.

പക്ഷേ, ഇഷ്ടംപോലെ ആ ഭൂമി വിട്ടുപോകാൻ അയാൾക്കു സ്വാതന്ത്ര്യമില്ല. ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം പ്രഭുവിന്റെ നിലത്തിൽ പണിയെടുക്കണം. പ്രതിഫലം കൂടാതെ പ്രഭുവിന്റെ നിലം കൃഷി ചെയ്യണം. പ്രഭുവിന്റെ മറ്റു പ്രവർത്തികൾ നിർവഹിക്കണം. സ്വന്തം കൃഷിയിൽ നിന്നൊരു ഭാഗവും പ്രഭുവിനു കൊടുക്കണം; പ്രഭുവിന്റെ കുടുംബത്തിലെ വിവാഹാഘോഷങ്ങൾക്കും പിറന്നാൾ മുതൽ പിണ്ഡംവരെയുള്ള എല്ലാ അടിയന്തിരങ്ങൾക്കും തിരുമുൽക്കാഴ്ച വെക്കണം. അടിയാളൻ പെണ്ണുകെട്ടുമ്പോൾ 'ആദ്യത്തെ രാത്രി പ്രഭുവിന്' എന്ന ആചാരവും ചിലേടങ്ങളിലുണ്ടായിരുന്നു. ഇതിനെല്ലാം പുറമെ, രാജാവിനു നികുതിയും പുരോഹിതനു നിർബന്ധവഴിപാടുകളും വേറെയുമുണ്ട്. എല്ലാം കഴിച്ചാൽ പിന്നെ കഷ്ടിച്ചു ജീവിക്കാൻ മാത്രമുള്ളതു ശേഷിക്കും. ജീവിതം നിലനിർത്താനത്യാവശ്യമായ പ്രയത്നംമാത്രം അടിയാളന്റെ സ്വന്തം താല്പര്യമാണ്. മിച്ചമായ പ്രയത്നത്തിന്റെ ഫലം മുഴുവനും ധനികവർഗക്കാർ തട്ടിയെടുക്കുന്നു.

പ്രഭുവിന്റെ അധികാരം അതിരുകടന്നതാണ്. ന്യായവിചാരണയ്ക്കുള്ള കോടതികൾ നിലമുടമസ്ഥന്റെ നിയന്ത്രണത്തിലായിരിക്കും. അപരാധികൾ വലിയ വലിയ പിഴകളടയ്ക്കണം. പിഴ നിലമുടമസ്ഥന്റെ നല്ലോരു ധനാഗമമാർഗമാണ്. ഇങ്ങനെ ദരിദ്രന്മാരിൽ നിന്നു പിടിച്ചുപറിച്ച ധനംകൊണ്ടു സുഖഭോഗങ്ങളിലാറാടുവാൻ പ്രഭുവിനു സാധിക്കുന്നു. നേരെമറിച്ചാണ് അടിയാളന്റെ സ്ഥിതി. സാമ്പത്തികമായ ചൂഷണം മാത്രമല്ല ശാരീരികവും ആത്മീയവുമായ മറ്റു മർദ്ദനങ്ങളും അയാളനുഭവിക്കണം. ഈ പരിതഃസ്ഥിതിയിൽ നിന്നാണ് നാടുവാഴിയും അടിയാളനും തമ്മിലുള്ള അനിവാര്യമായ വർഗസമരം പൊട്ടിപ്പുറപ്പെടുന്നത്.

ഫ്യൂഡലിസ്റ്റ് വ്യവസ്ഥയിൽ രാജാവ് നിലമുടമകളുടെ പ്രധാനിയും നേതാവുമാണ്. ചെറിയ നിലമുടമസ്ഥന്മാർക്കുമീതെ വലിയ നിലമുടമസ്ഥന്മാർ, അവർക്കുമീതെ ഏറ്റവും വലിയ നില ഉടമസ്ഥന്മാർ, എല്ലാവർക്കും മീതെ രാജാവ്, ഇടപ്രഭുക്കന്മാർ, നാടുവാഴികൾ, രാജാവ്—ഈ അവാന്തരവിഭാഗം ഫ്യൂഡലിസത്തിന്റെ സവിശേഷതയാണ്. ഗ്രാമത്തിലെ കൃഷിക്കാർ ചെറിയ നിലമുടമസ്ഥന്റെ കയ്യിൽ നിന്നും നിലംവാങ്ങും. ചെറിയ നിലമുടമസ്ഥൻ വലിയ നാടുവാഴിയുടെ ആശ്രിതനാണ്. നാടുവാഴിയാകട്ടെ, രാജാവിന്റെ കീഴിൽ പെട്ടവനും. രാജാവ് ഭരണം നടത്തുന്നതു നാടുവാഴികളുടെ സഹായത്തോടുകൂടിയാണ്. യുദ്ധകാലത്ത് രാജാവിന്റെ കീഴിലുള്ള സൈന്യങ്ങളെ സംഘടിപ്പിക്കുന്നത് നാടുവാഴികളാണ്. അതുകൊണ്ട് രാജ്യത്തിന്റെ പരമാധികാരിയാണെങ്കിൽക്കൂടി വാസ്തവത്തിൽ രാജാവിന്റെ അധികാരം പരിമിതമാണ്. നാടുവാഴികളുടെ സഹായസഹകരണങ്ങൾ കൂടാതെ അയാൾക്കു തന്റെ അധികാരപ്രമത്തത നിലനിർത്താനാവില്ല. എന്തുകൊണ്ടെന്നാൽ, രാജാവും പ്രജകളും തമ്മിൽ നേരിട്ടുള്ള ബന്ധം വളരെ കുറവായിരിക്കും. അപ്പോൾ ഫ്യൂഡലിസത്തിലെ യഥാർത്ഥ ഭരണാധികാരികൾ നിലമുടമകളായ നാടുവാഴികളാണ്. നാടുവാഴികൾ താന്താങ്ങളുടെ അധികാരാതിർത്തിക്കുള്ളിലുള്ള കുട്ടി രാജാക്കന്മാരാണ്. ഫ്യൂഡലിസമെന്നാലെന്തെന്നു സി. പി. എസ്. യു. വിന്റെ ചരിത്രം വിവരിക്കുന്നതിങ്ങനെയാണ്:

'നാടുവാഴി പ്രഭുത്വത്തിനു കീഴിൽ ഉല്പാദനങ്ങളുടെ അടിസ്ഥാനം നാടുവാഴി പ്രഭുവാണ് ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥനെന്നുള്ളതാണ്. എന്നാൽ, ഉൽപാദനം നടത്തുന്ന പ്രവൃത്തിക്കാരന്റെമേൽ അയാൾ പൂർണമായ ഉടമാവകാശം വഹിക്കുന്നില്ല. അടിയാളനെ വിൽക്കുകയോ വാങ്ങുകയോ ചെയ്യാൻ നാടുവാഴി പ്രഭുവിനധികാരമുണ്ട്. പക്ഷേ, കൊല്ലാൻ പാടില്ല. നാടുവാഴിപ്രഭുവിന്റെ

സ്വത്തുടമയോടൊപ്പം തന്നെ കൃഷിക്കാരന്റെയും കൈത്തൊഴിൽ വ്യവസായിയുടെയും വ്യക്തിപരമായ ഉടമയും നിലവിൽ വരുന്നു. പക്ഷേ, ഇവരുടെ വ്യക്തിപരമായ ഉടമ തങ്ങളുടെ പണിയായുധങ്ങളിന്മേലും സ്വന്തം അദ്ധ്വാനത്തിന്മേലടിയുറച്ച സംരംഭങ്ങളിന്മേലും മാത്രമാണ്. ഇത്തരത്തിലുള്ള ഉൽപാദനബന്ധങ്ങൾ അക്കാലത്തെ ഉൽപാദന ശക്തികളുടെ നിലക്ക് പൊതുവിൽ യോജിച്ചതാണ്. ഇരുമ്പു ശുദ്ധിചെയ്യലും ഇരുമ്പു സാമാനങ്ങൾ ഉണ്ടാക്കലും കൂടുതൽ പരിഷ്കൃതമായിരിക്കുന്നു. ഇരുമ്പുകൊണ്ടുള്ള കലപ്പയും കൈത്തറിയും പ്രചാരത്തിൽ വരുന്നു. സാധാരണ കൃഷി, മുന്തിരി കൃഷി, പൂന്തോട്ടകൃഷി, പാൽ, വെണ്ണ മുതലായവയുടെ ഉൽപാദനം—ഇതെല്ലാം പൂർവാധികം വളർന്നുവരുന്നു. ചെറുകൈത്തൊഴിലിനുള്ള പണിസ്ഥലങ്ങളുടെ അപ്പുറത്തു പരിഷ്കൃതമായ കൈത്തൊഴിൽ വ്യവസായശാലകളും ആവിർഭവിക്കുന്നു. ഇതെല്ലാമാണ് ഇക്കാലത്തെ ഉല്പാദന ശക്തികളുടെ നിലയെ കുറിക്കുന്ന സ്വാഭാവികമായ സവിശേഷതകൾ.

ഉൽപാദനശക്തികളുടെ വളർച്ച പ്രവൃത്തിക്കാരനിൽ നിന്നു സ്വപ്രത്യയം ആവശ്യപ്പെടുന്നു. പ്രവൃത്തിയെടുക്കാൻ അയാൾക്കും സ്വയമേ ഇഷ്ടമുണ്ടായാലേ പറ്റൂ എന്നാവുന്നു. പ്രവൃത്തിയിൽ അയാൾക്കും ഒരു താൽപര്യം വേണമെന്നുവരുന്നു. വെറും അടിമകൾ പ്രവൃത്തിയെടുക്കുന്നതിൽ സ്വയം താൽപര്യമോ രസമോ ഇല്ലാത്തവരാണ്. അതുകൊണ്ട് നാടുവാഴി പ്രഭു അടിമകളെ വേണ്ടെന്നുവയ്ക്കുന്നു; അടിയാളരാണ് അതിലും ഭേദമെന്നു കരുതുന്നു; അടിയളനാണെങ്കിൽ, സ്വന്തം പണിയായുധങ്ങളുണ്ട്; പ്രവൃത്തിയെടുക്കുന്നതിൽ ഒരു പ്രത്യേക താൽപര്യവുമുണ്ട്. നിലം കൃഷിചെയ്യാനും കൊയ്ത്തു കിട്ടിയതിലൊരുഭാഗം നാടുവാഴി പ്രഭുവിനു കൊടുക്കാനും അയാൾക്കു കഴിവുണ്ടാവണമെങ്കിൽ ഈ പ്രത്യേക താൽപര്യം കൂടിയേ കഴിയൂ എന്നായി.

നാടുവാഴി പ്രഭുത്വത്തിൻകീഴിൽ സ്വകാര്യസ്വത്തുടമ പൂർവാധികം വളരുന്നു. അടിമത്തത്തിൻ കീഴിലുണ്ടായിരുന്നത്ര തന്നെ നിഷ്ഠുരമായ ചൂഷണം മിക്കവാറും ഇപ്പോഴുമുണ്ട്. വളരെക്കുറച്ചു മാത്രമേ അതിനു പതം വരുത്തിയിട്ടുള്ളൂ. ചൂഷകരും ചൂഷിതരും തമ്മിലുള്ള വർഗസമരമാണ് 'നാടുവാഴി പ്രഭുത്വത്തിന്റെ' മുഖ്യമായ സവിശേഷത.

## 20 പട്ടണങ്ങൾ

നാടുവാഴി വ്യവസ്ഥയിൽ കൃഷിയോടൊപ്പം കൈത്തൊഴിലുകൾക്കും സ്ഥാനമുണ്ടായിരുന്നു. ചരക്കുകൾ വിൽക്കുന്ന ചന്തസ്ഥലങ്ങളിൽ ചുറ്റുവട്ടത്തിലുള്ള ഗ്രാമങ്ങളിൽ നിന്നു ജനങ്ങൾ വന്നുചേരും. സ്വന്തം ഭക്ഷണത്തിനുള്ളതും നാടുവാഴിക്കും മറ്റും കൊടുക്കാനുള്ളതും കഴിച്ചു മിച്ചം വല്ലതുമുള്ള കൃഷിക്കാർ അതുംകൊണ്ട് ചന്തസ്ഥലങ്ങളിൽ എത്തും. കൃഷിക്കാർ കൈവേലക്കാരുടെ ചരക്കുകളും കൈവേലക്കാർ കൃഷിക്കാരുടെ ധാന്യം മുതലായവയും വാങ്ങും. കൂടാതെ ഇടയ്ക്കിടയ്ക്ക് ഉത്സവങ്ങളുണ്ടാവും. ദൂരദേശങ്ങളിൽ നിന്നുപോലും ഉത്സവത്തിന് ആളുകൾ കൂട്ടംകൂട്ടമായി വന്നുകൂടും. ഉത്സവങ്ങൾ ഒരേസമയത്തു മതപരവും സാമ്പത്തികവുമായ കാര്യങ്ങളാണ് നിർവഹിച്ചിരുന്നത്.

കൊള്ളക്കൊടുക്കകൾ വർദ്ധിക്കുന്തോറും കൈത്തൊഴിലിനു പ്രോത്സാഹനം ലഭിച്ചു. പ്രത്യേകിച്ചും നാടുവാഴികളുടെ സുഖഭോഗസാമഗ്രികളുടെ നിർമാണം ലാഭകരമായ ഒരേർപ്പാടായിരുന്നു.

ചരക്കുകളുടെ കൊള്ളക്കൊടുക്കുകളിലേർപ്പെട്ട കച്ചവടക്കാരും കൈവേലക്കാരും ചെറുപട്ടണങ്ങളിൽ സംഘടിച്ചുകൂടി. ഗ്രാമങ്ങളെന്നപോലെതന്നെ പട്ടണങ്ങളും നാടുവാഴി പ്രഭുത്വത്തിന്റെ അധികാരാതിർത്തിക്കുള്ളിലായിരുന്നു. ഗ്രാമക്കാരെയെന്നപോലെ പട്ടണത്തിലുള്ളവരേയും ഫ്യൂഡൽനിയമങ്ങൾ വരിഞ്ഞുകെട്ടിയിരുന്നു. നാടുവാഴി മർദ്ദനത്തിൽനിന്നു മോചനം നേടാൻവേണ്ടി കച്ചവടക്കാരും കൈവേലക്കാരും തങ്ങളുടെ പട്ടണങ്ങളിൽ സ്വയംഭരണത്തിനുവേണ്ടി പ്രക്ഷോഭം കൂട്ടി. ആദ്യകാലത്തു കൈവേലക്കാരെ പ്രോത്സാഹിപ്പിച്ച അതേ നാടുവാഴികൾ ഇപ്പോൾ അവരുടെ എതിരാളികളായിത്തീർന്നു.

പട്ടണത്തിലെ കച്ചവടക്കാരും കൈവേലക്കാരും 'ഗിൽഡു'കളായി സംഘടിച്ചുകൊണ്ടാണ് തങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി പോരാടിയത്. വസ്ത്രം, ചെരുപ്പ്, ലോഹപ്രവൃത്തികൾ തുടങ്ങിയ ഓരോ വ്യാവസായത്തിലുമേർപ്പെട്ടവർക്ക് പ്രത്യേകം പ്രത്യേകം ഗിൽഡുകളുണ്ടായിരുന്നു. ഓരോ ഗിൽഡിനും പ്രത്യേകമായ നിയമങ്ങളുണ്ടായിരിക്കും. വില, തരങ്ങൾ, പ്രവൃത്തിസമയം മുതലായവയെ നിയന്ത്രിക്കുന്ന അത്തരം നിയമങ്ങളെ ഗിൽഡിലെ എല്ലാ അംഗങ്ങളും അനുസരിക്കണം. ഓരോ കൈവേലവകുപ്പിലും ഒരു മൂപ്പനും (Master) അയാളുടെ കീഴിൽ പരിശീലനത്തിനുവേണ്ടി പണിയെടുക്കുന്ന ഏതാനും പ്രവൃത്തിക്കാരും (Apprentice) അതിനുപുറമേ കൂലിക്കു പണിയെടുക്കുന്ന വേലക്കാരും ഉണ്ടാവും. പരിശീലനം കഴിഞ്ഞവരും പക്ഷെ, മൂപ്പന്മാരാവാൻ കഴിയാത്തതിനാൽ കൂലിവേലയെടുക്കുന്നവരുമായ വേലക്കാരെ ഇംഗ്ലണ്ടിൽ ജർണിമെൻ (Journey men) എന്നാണ് വിളിച്ചിരുന്നത്. പ്രവൃത്തിയിൽ വൈദഗ്ധ്യം നേടാൻ കഴിഞ്ഞാൽ തങ്ങൾക്കും മൂപ്പന്മാരാവാൻ കഴിയുമെന്ന് ആദ്യകാലത്ത് അവർ ആഗ്രഹിച്ചിരുന്നു. പക്ഷേ, നാടുവാഴി മർദ്ദനത്തിൽ നിന്നു രക്ഷപെടാൻ വേണ്ടി നാടുവിട്ടോടിപ്പോന്ന അടിയാളരുടെ എണ്ണം വർദ്ധിക്കുന്തോറും കൂലിവേലക്കാരുടെ എണ്ണം അധികമായിത്തീരുകയും അങ്ങനെ ജർണിമെന്മാരുടെ ആശ ക്രമത്തിൽ വിഫലമായിക്കൊണ്ടുവരികയും ചെയ്തു. എങ്കിലും, അവർ തങ്ങളുടെ താല്പര്യങ്ങളെ സംരക്ഷിക്കാൻ വേണ്ടി ഗിൽഡു നിയമങ്ങൾക്കുള്ളിൽ രക്ഷപ്രാപിച്ച മൂപ്പന്മാർക്കെതിരായി പലപ്പോഴും പോരടിച്ചുകൊണ്ടിരുന്നു.

ഗിൽഡുകളുടെ ഉത്ഭവത്തെപ്പറ്റി മാർക്സും എംഗെൽസും എഴുതുന്നു: 'തട്ടിപ്പറിക്കാരും സംഘടിതരുമായ പ്രഭുക്കൾക്കെതിരായി സംഘടിച്ചു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത വ്യവസായി തന്നെ കച്ചവടക്കാരനുമായ ഒരു കാലഘട്ടത്തിൽ ജനങ്ങൾക്കാകെ ഉപയോഗപ്പെടുന്ന മാർക്കറ്റുകളുടെ ആവശ്യകത, വളർന്നുവരുന്ന പട്ടണങ്ങളിലേക്ക് അടിച്ചുകയറുന്നവരും നാടുവാഴികളുടെ പിടിയിൽനിന്നു രക്ഷപെട്ടോടിവരുന്നവരുമായ അടിയാളരുടെ വർദ്ധിച്ചുവരുന്ന കിടമത്സരം നാടിന്റെ നാടുവാഴി പ്രഭുത്വപരമായ ഘടന ഇവയുടെയെല്ലാം ഫലമായിട്ടാണ് ഗിൽഡുകളുണ്ടായത്. കൂട്ടത്തിൽ ജനങ്ങളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടു വരുമ്പോൾ കൈവേലക്കാരുടെ എണ്ണം മാറ്റമില്ലാതെ അതേപടി നിലനിൽക്കുകയും അവരുടെയിടയിലുള്ള കുറെ വ്യക്തികളുടെ കയ്യിൽ മൂലധനം ക്രമത്തിൽ ഈട്ടം കൂടുകയും ചെയ്തതിന്റെ ഫലമായി ജർണിമെന്മാരും അപ്രൻറീസുമാരും തമ്മിൽ ഒരു പുതിയ ബന്ധമുളവായി. അങ്ങനെ, നാട്ടിൻപുറങ്ങളിലെന്നപോലെ പട്ടണങ്ങളിലും മേൽക്കീഴ്മയെ അടിസ്ഥാനപ്പെടുത്തിയ വിഭജനങ്ങൾ നിലവിൽവന്നു.' മൂപ്പന്മാരും ജർണിമെന്മാരും തമ്മിലുള്ള മത്സരങ്ങൾ പട്ടണ ജീവിതത്തിന്റെ ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ഭാഗമായിരുന്നു. വലിയ പ്രവേശന ഫീസും നിറവേറ്റാൻ വിഷമമുള്ള മറ്റു വ്യവസ്ഥകളും ഉണ്ടായിരുന്നതുകൊണ്ട് ഗിൽഡുകളിൽ പ്രവേശനം സമ്പാദിക്കാൻ

ജർണിമെൻമാർക്ക് എളുപ്പമായിരുന്നില്ല. അതുകൊണ്ട് അവർ ഒരു പ്രത്യേക വർഗമെന്ന നിലക്ക് സംഘടിപ്പിക്കാൻ തുടങ്ങി. ഇംഗ്ലണ്ടിൽ ജർണിമെന്മാർക്ക യോമൻ ഗിൽഡ് (Yeomen guilds) എന്ന പേരിലറിയപ്പെടുന്ന പ്രത്യേക സംഘടനകൾ ഉണ്ടായിരുന്നു. ഈ സംഘടനകളെ കച്ചവടക്കാരും മൂപ്പന്മാരും എതിർത്തിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ട് അവയ്ക്ക് മിക്കപ്പോഴും രഹസ്യമായിട്ടേ പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നുള്ളൂ.

ഒരുഭാഗത്ത് അടിയാളരുടെ പ്രയത്നത്തെ ചൂഷണം ചെയ്യുന്ന ഗ്രാമമേധാവികൾ, മറുഭാഗത്ത് ചെറിയ തോതിൽ മൂലധനമിറക്കി വേലക്കാരുടെ പ്രയത്നത്തെ ചൂഷണം ചെയ്യുന്ന പട്ടണമേധാവികൾ —ഇതായിരുന്നു നാടുവാഴി പ്രഭുത്വത്തിന്റെ കീഴിലുള്ള സ്വത്തുടമയുടെ സ്വഭാവം. രണ്ടുതരത്തിലുള്ള ഉൽപാദനങ്ങളും ചെറുകിടയിലുള്ളതായിരുന്നു. കൃഷിയിലാവട്ടെ, വ്യവസായത്തിലാവട്ടെ ഇന്നത്തെപ്പോലെ യന്ത്രങ്ങൾ ഉപയോഗിക്കപ്പെട്ടിരുന്നില്ല. എംഗൽസ് വിവരിക്കുന്നു:

'മുതലാളിത്തപരമായ ഉൽപാദനത്തിനു മുമ്പ് എന്നുവെച്ചാൽ മദ്ധ്യകാലങ്ങളിലെന്നർഥം. തങ്ങളുടെ ഉൽപാദനോപകരണങ്ങളുടെ മേൽ വേലക്കാർക്കു സ്വകാര്യഉടമാവകാശമുണ്ട് എന്നുള്ളതിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ചെറുകിട ഉൽപാദനങ്ങളാണ്—സ്വതന്ത്രനോ അടിയാളനോ ആയ ചെറുകിട കൃഷിക്കാരന്റെ കാർഷിക വ്യവസായം, പട്ടണങ്ങളിലെ കൈവേല വ്യവസായം എന്നിവയാണ് പൊതുവിലുണ്ടായിരുന്നത്. നിലം, കാർഷികോപകരണങ്ങൾ, തൊഴിൽശാല, പണിയായുധങ്ങൾ എന്നീ അദ്ധ്വാനോപകരണങ്ങൾ വ്യക്തികളുടെ സ്വന്തം അദ്ധ്വാനോപകരണങ്ങളായിരുന്നു. ഒറ്റയ്ക്കൊറ്റയ്ക്ക് ഉപയോഗിക്കാനുദ്ദേശിച്ചുകൊണ്ടുള്ളവയായിരുന്നു. അതുകൊണ്ട് അവ ആവശ്യം ചെറിയതും എളിയതും പരിമിതവുമായിരുന്നു. എന്നാൽ, ഇക്കാരണം കൊണ്ടുതന്നെ നിയമേന അവ ഉൽപാദകന്റെ സ്വന്തം വകയായിരുന്നു. ചിന്നിച്ചിതറിക്കിടന്നിരുന്ന ഈ സങ്കുചിതങ്ങളായ ഉൽപാദനോപകരണങ്ങളെ കേന്ദ്രീകരിക്കുകയും വിപുലമാക്കുകയും ചെയ്യുക. അവയെ ഇന്നത്തെ ഉൽപാദനത്തിന്റെ ഊക്കുകൂടിയ വീണ്ടികളായി രൂപാന്തരപ്പെടുത്തുക —ഇതെല്ലാമായിരുന്നു. ശരിക്കു പറഞ്ഞാൽ, മുതലാളിത്തരീതിയിലുള്ള ഉൽപാദനവും അതിന്റെ പ്രതിനിധിയായ മുതലാളിവർഗവും നിർവഹിച്ച ചരിത്രപരമായ പങ്ക്'.

നാടുവാഴി പ്രഭുത്വത്തിൻ കീഴിൽ പതുക്കെപ്പതുക്കെ കച്ചവടം അഭിവൃദ്ധിപ്പെടാൻ തുടങ്ങി. നാട്ടിന്റെ വിവിധ ഭാഗങ്ങളിലായി പുതിയ പുതിയ പട്ടണങ്ങൾ ഉയർന്നുവന്നു. നെയ്ത്തിനുപുറമെ സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടുമുള്ള പണിത്തരങ്ങൾ, പലതരത്തിലുള്ള കൊത്തുപണികൾ, പ്രതിമാനിർമ്മാണം എന്നിങ്ങനെ പ്രഭുക്കളുടെയും പള്ളി മേധാവികളുടെയും സുഖഭോഗങ്ങൾക്കാവശ്യമായ വസ്തുക്കളും കലാവിഭവങ്ങളും നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടുവന്നു. ഏറ്റവും വലിയ ഉപഭോക്താക്കൾ നിലമുടമകളും പള്ളിമേധാവികളുമായിരുന്നു. കൃഷിക്കാരെ ചൂഷണം ചെയ്തുണ്ടാക്കുന്ന സ്വത്തിന്റെ ഒരുഭാഗം അവർ വിനിമയത്തിനുവേണ്ടി നീക്കിവെച്ചു. മറുഭാഗത്തു കൃഷിക്കാരുടെ ദയനീയ ജീവിതം കൂടുതൽ കൂടുതൽ ദുസഹമായിക്കൊണ്ടുവന്നു. പലേടങ്ങളിലും പരസ്യമായ കർഷക ലഹളകൾ പൊട്ടിപ്പുറപ്പെട്ടു. ഒരുഭാഗത്ത് ഐശ്വര്യസമ്പന്നരും അധികാര പ്രമത്തരുമായ നാടുവാഴികൾ. മറുഭാഗത്ത് ക്ലേശപരികീർണവും മർദ്ധനപൂർണവുമായ ജീവിതം നയിക്കുന്ന അടിയാളർ —എങ്ങനെ കർഷക ലഹളകൾ പൊട്ടിപ്പുറപ്പെടാതിരിക്കും.

വിനിമയത്തിന്റെയും പണത്തിന്റെയും ഏറിയേറിവരുന്ന പ്രാധാന്യം ഉൾനാട്ടുകളിലെ ഉല്പാദന സമ്പ്രദായത്തിന്റെ അടി തുരക്കാൻ തുടങ്ങി. ജംഗമ സ്വത്തുക്കളെപ്പോലെതന്നെ നിലങ്ങളും കൊള്ളക്കൊടുക്കുകൾക്കു വിധേയമായിത്തീർന്നു. പ്രത്യേകിച്ചും ചെറിയ നിലമുടമസ്ഥന്മാർ മറ്റു വഴിയൊന്നും കാണാതെ തങ്ങളുടെ നിലങ്ങൾ വിറ്റഴിക്കാൻ നിർബന്ധരായി. നിലങ്ങളുടെ കൈമാറ്റം നാടുവാഴി വ്യവസ്ഥയ്ക്കു കിട്ടിയ വമ്പിച്ച ഒരടിയായിരുന്നു. നാടുവാഴി പ്രഭുത്വത്തിന്റെ മരണരോദനങ്ങൾ അന്തരീക്ഷത്തിലുയരാൻ തുടങ്ങി.

പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കുതന്നെ നിലമുടമ വ്യവസ്ഥയിൽ സാരമായ ചില മാറ്റങ്ങൾ കാണപ്പെട്ടു. നാടുവാഴികൾക്കു പണത്തിന്റെ ആവശ്യം വർദ്ധിച്ചപ്പോൾ അടിയാളരുമായുള്ള ബന്ധത്തിൽ ഒരു മാറ്റം വരുത്താൻ അവർ നിർബന്ധരായി. അടിയാളർ പ്രഭുവിന്റെ നിലത്തിൽ ദേഹാദ്ധ്വാനം ചെയ്യണമെന്ന വ്യവസ്ഥയ്ക്കുപകരം അവർ പ്രഭുവിന് ഒരു നിശ്ചിതതോതിൽ പണം കൊടുത്താൽ മതിയെന്നു തീരുമാനിക്കപ്പെട്ടു. നികൃഷ്ടമായ ദേഹാദ്ധ്വാന വ്യവസ്ഥയിൽനിന്നു മോചനം ലഭിക്കുന്നതുകൊണ്ട് അടിയാളർക്ക് ഇതു തൃപ്തികരമായി തോന്നി. വിദ്രോഹികളായ അടിയാളരെ നിർബന്ധിച്ചു പണിയെടുപ്പിക്കുന്നതിനേക്കാൾ കൂലിക്കു വേലക്കാരെ ഏർപ്പെടുത്തുന്നതാണ് കൂടുതൽ ആദായകരമെന്നു പ്രഭുക്കളും മനസിലാക്കി.

ഇങ്ങനെ ഒരുവശത്ത് ദേഹാദ്ധ്വാന വ്യവസ്ഥയ്ക്ക് പകരം പാട്ടത്തിനു നിലം ഏറ്റുവാങ്ങി കൃഷിചെയ്യുന്ന കൃഷിക്കാരും മറുവശത്തു ധനിക കൃഷിക്കാരുടെയും ജന്മികളുടെയും നിലങ്ങളിൽ കൂലിപ്പണിയെടുത്തുപജീവനം കഴിക്കുന്ന കർഷകത്തൊഴിലാളികളുമാവിർഭവിച്ചു.

നമ്മൾ കണ്ടുകഴിഞ്ഞപോലെ കച്ചവടത്തിന്റെയും പണത്തിന്റെയും പ്രാധാന്യം പണ്ടെങ്ങുമുണ്ടായിട്ടില്ലാത്ത മട്ടിൽ വർദ്ധിച്ചുവന്ന കാലഘട്ടമായിരുന്നു അത്. പണത്തിന്റെ പ്രഭാവം നാടുവാഴികളുടെ ജീവിത രീതിയെപ്പോലും ഇളക്കിമറിച്ചു. തങ്ങളുടെ നിലങ്ങളിൽ ധാന്യങ്ങൾ കൃഷി ചെയ്യുന്നതിനേക്കാൾ ആദായകരം കച്ചവടച്ചരക്കുകൾ ഉണ്ടാക്കുകയാണെന്ന് അവർ കണ്ടറിഞ്ഞു. ഇംഗ്ലണ്ടിൽ രോമത്തുണിച്ചരക്കുകളുടെ പ്രചാരവും വില വർദ്ധനവുമാണ് അവരെ കൂടുതലാകർഷിച്ചത്. നാടുവാഴികളിലൊരു വിഭാഗം പ്രത്യേകിച്ചും ചെറുനിലമുടമസ്ഥന്മാർ തങ്ങളുടെ നിലകളിൽ കൃഷി ചെയ്യുന്നതിനുപകരം ചെമ്മരിയാടുകളെ മേച്ചുവളർത്താൻ നിശ്ചയിച്ചു. പക്ഷേ, കൃഷിസ്ഥലങ്ങളെ മേച്ചിൽ സ്ഥലങ്ങളാക്കി മാറ്റണമെങ്കിൽ നിരവധി കർഷക കുടുംബങ്ങളെ കുടിയിറക്കിപ്പുറഞ്ഞയച്ചേ മതിയാവൂ എന്ന നിലവന്നു. പണത്തിന്റെ പിടിയിൽ പെട്ടുപോയ നാടുവാഴികൾ അതിനും മടിച്ചില്ല. കൃഷിക്കാരെ അവർ ബലാൽക്കാരമായി ആട്ടിപ്പുറത്താക്കി. അങ്ങനെ ഒട്ടുവളരെ കാർഷികനിലങ്ങൾ മേച്ചിൽ സ്ഥലങ്ങളായി മാറി. അതുവരെയും അവിടങ്ങളിൽ കൃഷിപ്പണിയെടുത്ത് ഉപജീവനം കഴിച്ചിരുന്ന ജനങ്ങൾ നിസഹായരും തെരുവുതെണ്ടികളുമായി മാറി.

## 21 പള്ളിയും പാതിരിയും

ക്രിസ്തുമതം സ്ഥിരവും മാറ്റമില്ലാത്തതുമായ ഒരു മതമല്ലെന്നും സാമൂഹ്യഘടനയുടെ മാറ്റത്തോടൊപ്പം മറ്റെല്ലാറ്റിനുമെന്നപോലെ അതിനും പരിവർത്തനങ്ങളുണ്ടായിട്ടുണ്ടെന്നും ചരിത്രം പരിശോധിച്ചു നോക്കിയാൽ കാണാൻ കഴിയും. വാസ്തവത്തിൽ

എല്ലാ മതങ്ങളുടെയും സാമൂഹ്യാടിസ്ഥാനം അതാതു കാലത്തെ ഉൽപാദനവ്യവസ്ഥകളാണ്.

അടിമകളുടെയും മറ്റു മർദ്ധിതജനവിഭാഗങ്ങളുടെയും വിപ്ലവപ്രസ്ഥാനമെന്ന നിലയ്ക്കാണ് ക്രിസ്തുമതം ആരംഭിച്ചത്. അതുകൊണ്ട് ആദ്യകാലത്തെ ക്രിസ്തുമത വിശ്വാസികൾ, ഏതാണ്ടിന്നത്തെ കമ്മ്യൂണിസ്റ്റുകാരെപ്പോലെ, ധനികവർഗക്കാരാൽ മർദ്ധിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ഒരു മൂന്നു നൂറ്റാണ്ടു കഴിഞ്ഞപ്പോഴേയ്ക്കും ക്രിസ്തുമതം സ്റ്റേറ്റിന്റെ മതമായി അംഗീകരിക്കപ്പെട്ടു. അപ്പോഴേയ്ക്കും അതിന് അന്നത്തെ ഉൽപാദനവ്യവസ്ഥയ്ക്ക് യോജിച്ച രീതിയിൽ പല രൂപഭേദങ്ങളും വന്നുകഴിഞ്ഞിട്ടുണ്ടായിരുന്നു. പിന്നീട് നാടുവാഴി പ്രഭുത്വം വളർന്നു വന്നപ്പോൾ ആ പുതിയ സാമൂഹ്യഘടനയ്ക്കനുയോജ്യമായ വിധത്തിൽ ക്രിസ്തുമതത്തിനു വീണ്ടും ചില മാറ്റങ്ങളുണ്ടായി. പള്ളിയും പാതിരിയച്ചനും പ്രാമാണ്യം നേടിയതിക്കാലത്താണ്. 'ഒരൊട്ടകത്തിന് സൂചിയുടെ തുളയിലൂടെ കടന്നുപോവാൻ എത്രകണ്ട് ബുദ്ധിമുട്ടുണ്ടോ അതിലുമധികം ബുദ്ധിമുട്ടുണ്ട് ഒരു ധനികനു സ്വർഗത്തിലേക്കു കടക്കാൻ' എന്നു പ്രഖ്യാപിച്ച യേശുക്രിസ്തുവിന്റെ പിന്തുടർച്ചാവകാശികൾ യൂറോപ്പിലെ ഏറ്റവും വലിയ സ്വത്തുടമസ്ഥന്മാരായി മാറി.

നാടുവാഴി വ്യവസ്ഥയ്ക്കു യോജിച്ചമട്ടിലുള്ള വിഭജനങ്ങൾ പള്ളിമേധാവികൾക്കിടയിലുമുണ്ടായിരുന്നു. പള്ളിയുടെ ഏറ്റവും ഉയർന്ന ഭരണാധികാരി പോപ്പ്, അയാളുടെ താഴെ നാടുവാഴികളെപ്പോലെയുള്ള ബിഷപ്പുമാർ. ഏറ്റവും താഴെ സാധാരണക്കാരായ പാതിരിമാർ, പാതിരിമാരുടെ സ്ഥിതി താരതമ്യേന മോശമാണ്. എങ്കിലും അവർ വഴിക്കാണ് കൃഷിക്കാർ ചൂഷണം ചെയ്യപ്പെട്ടത്. കൃഷിക്കാരിൽ ഭൂരിഭാഗവും ക്രിസ്തുമത വിശ്വാസികളായിരുന്നുവെന്നതു ശരിതന്നെ. പക്ഷേ, അതുകൊണ്ടെന്ത്? ക്രിസ്ത്യന്മാരായ നിലമുടമകളുടെയും പള്ളി മേധാവികളുടെയും മർദ്ധനത്തിൽ നിന്ന് അവർക്ക് യാതൊരു രക്ഷയുമുണ്ടായില്ല. എന്നല്ല, യാതൊരു പിറുപിറുപ്പും കൂടാതെ നിലവിലുള്ള മർദ്ധനങ്ങൾക്കു വഴങ്ങുകയാണ് ക്രിസ്തുമതവിശ്വാസികളായ കൃഷിക്കാരുടെ കടമയെന്ന പ്രചാരവേലകളും അഴിച്ചുവിടപ്പെട്ടു. ഇഹലോകത്തിന്റെ കാര്യം പോകട്ടെ, സ്വർഗത്തിലേക്കൊരു ടിക്കറ്റു വേണമെങ്കിൽ അതിനും പള്ളിയുടെ സഹായം കൂടിയേ കഴിയൂ!

ഇങ്ങനെ നാടുവാഴി വാൾകൊണ്ടും പുരോഹിതൻ കുരിശുകൊണ്ടും ജനങ്ങളെ മർദ്ദിച്ചു. ഒരാൾ മനുഷ്യന്റെ ശരീരത്തെയും മറ്റേ ആൾ അവന്റെ ആത്മാവിനെയും അടിമപ്പെടുത്തി. വാളും കുരിശും തമ്മിൽ ഇടയ്ക്കിടയ്ക്ക് സൗന്ദര്യപിണക്കങ്ങളും അവകാശത്തർക്കങ്ങളും ഉണ്ടായിരുന്നുവെന്നതു നേരാണ്. എന്നാൽ, ഭൂരിപക്ഷക്കാരായ പാവങ്ങളെ ചവിട്ടിമെതിക്കുന്ന കാര്യത്തിൽ അവ രണ്ടും ഉറ്റ ചങ്ങാതികളായിരുന്നു.

പള്ളിയായിരുന്നു വാസ്തവത്തിൽ നാടുവാഴി വ്യവസ്ഥയുടെ കേന്ദ്രം. നാടുവാഴി വ്യവസ്ഥയുടെ ആശയങ്ങളുടെയും സിദ്ധാന്തങ്ങളുടെയും നേതാക്കന്മാർ എന്ന നിലയ്ക്കാണ് പള്ളിമേധാവികൾ തങ്ങളുടെ അധികാരശക്തിയുറപ്പിച്ചത്. പള്ളിയുടെ പ്രധാന പ്രവൃത്തി നാടുവാഴികളുടെയും പള്ളിമേധാവികളുടെയും സ്വത്തുടമാധികാരത്തെ സ്ഥിരവും ശാശ്വതവുമാക്കി വ്യാഖ്യാനിക്കുകയായിരുന്നു. സുഖവും ദുഃഖവും ദാരിദ്ര്യവുമെല്ലാം ദൈവകല്പിതമാണ്. ദൈവകല്പനയെ ചോദ്യം ചെയ്യാൻ പാടില്ല; പള്ളിയുടമസ്ഥന്മാർക്ക് അടക്കേണ്ടതായ നിർബന്ധ വഴിപാടുകൾ അടയ്ക്കാതിരിക്കലാണ് ഏറ്റവും വലിയ പാപം. മേലാളരെ മാനിച്ച്, എല്ലാം സഹിച്ച്, ഒക്കെ ക്ഷമിച്ചു.

കഷ്ടപ്പാടിന് പരിഹാരമുണ്ടാവാൻ ദൈവത്തെ പ്രാർത്ഥിക്കുകയും പള്ളിക്ക് പണം കൊടുക്കുകയും ചെയ്താൽ മരിച്ചതിനുശേഷം സ്വർഗ്ഗത്തിലെത്താം! സ്വത്തുടമാവകാശത്തെ ചോദ്യം ചെയ്യുന്നവർ പരലോകത്തിൽ നരകവും ഇഹലോകത്തിൽ സമുദായഭ്രഷ്ടും ക്രൂരമർദ്ദനങ്ങളും അനുഭവിക്കേണ്ടിവരും. എംഗെൽസ് എഴുതുകയുണ്ടായി: 'തങ്ങളുടെ കീഴിലുള്ള ജനങ്ങളുടെ പക്കൽനിന്ന് അവസാനത്തെ കാശുകൂടി പിഴിഞ്ഞെടുക്കുകയോ പള്ളിവക എസ്റ്റേറ്റുകൾ വർദ്ധിപ്പിക്കുകയോ ചെയ്യാൻവേണ്ടി അവർ മൃഗീയമായ ബലാൽക്കാരം മാത്രമല്ല, മതപരമായ എല്ലാ ചതിപ്പണികളും ഉപയോഗിച്ചു; ദേഹപീഡയ്ക്കുള്ള മർദ്ദനോപകരണങ്ങളുടെ ഭീകരതകൾ മാത്രമല്ല, സമുദായഭ്രഷ്ടിന്റെയും പാപപരിഹാരനിഷേധത്തിന്റെയും ഭീകരതകൂടിയും അവർ പ്രയോഗിച്ചു: കുറ്റസമ്മതമുറിയിലെ എല്ലാത്തരം സൂത്രപ്പണികളും അവരവലംബിച്ചു.'

വഴിപാടുകൾ വഴിക്കും തിരുമുൽക്കാഴ്ചകൾ വഴിക്കും പള്ളിയുടെ സ്വകാര്യസ്വത്തുക്കൾ വർദ്ധിച്ചുകൊണ്ടുവന്നു. നാടുവാഴി പ്രഭുത്വം വികസിക്കാൻ തുടങ്ങിയപ്പോൾ കൃഷിസ്ഥലങ്ങളുടെ ഗണ്യമായൊരു ഭാഗം പള്ളിയുടെ അധീനത്തിലായിത്തീർന്നു. മോർട്ടൻ എഴുതുന്നു: 'നിലം സമ്പാദിക്കാൻ വേണ്ടി പള്ളികൾ നരകഭീഷണി മുതൽ തനി കള്ളരേഖയുണ്ടാക്കൽവരെയുള്ള എല്ലാത്തരം സൂത്രപ്പണികളും പ്രയോഗിച്ചു. അങ്ങനെ ഭരണവ്യവസ്ഥയ്ക്ക് ഒരു യഥാർത്ഥ ദൗർബല്യമായി തീരുമാറ് പള്ളിവക നിലങ്ങൾ അത്രയ്ക്ക് വിപുലമായിത്തീർന്നു. മറ്റുള്ള ജനവിഭാഗങ്ങൾക്കും ഇതുകാരണം വലിയ വിഷമമുണ്ടായി. പള്ളിവക നിലങ്ങൾക്ക് നികുതിയും സൈനിക സേവനത്തിനുള്ള ബാദ്ധ്യതയും കുറവായിരുന്നു. ഇതുകൊണ്ടുളവാകുന്ന കമ്മി നികത്താൻ കൃഷിക്കാർ കൂടുതൽ ഭാരം ചുമക്കേണ്ടിവന്നു. പള്ളികളുടെ സ്ഥാപിത താൽപര്യങ്ങളോടൊപ്പം കൃഷിക്കാരുടെ മേലുള്ള മർദ്ദനങ്ങളും വർദ്ധിച്ചുകൊണ്ടുവന്നു.

എന്നാൽ, ഫ്യൂഡലിസം ക്ഷയോന്മുഖമായപ്പോൾ പള്ളിയുടെ പ്രമാണിത്തവും ക്ഷയിക്കാൻ തുടങ്ങി. സുഖഭോഗത്തിലാറാടുന്നവരും തങ്ങളുടെ സ്വകാര്യസ്വത്ത് എത്ര വർദ്ധിച്ചാലും തൃപ്തിയടയാത്തവരുമായ വലിയ പള്ളിമേധാവികൾ ക്രിസ്ത്യന്മാരായ സാധാരണ ജനങ്ങളുടെ മാത്രമല്ല, ദരിദ്രന്മാരായ പുരോഹിതന്മാരുടെപോലും എതിർപ്പിനു പാത്രമായിത്തീർന്നു. സമുദായത്തിലെ വളർന്നുവരുന്ന വർഗസമരങ്ങൾ പള്ളിയുടെ ആശയങ്ങളിലും പ്രതിഫലിക്കാൻ തുടങ്ങി. പുരോഹിതന്മാർ ഡൊമിനിക്കൻസ് (Dominicans) ഫ്രാൻസിസ്കൻസ് (Franciscans) എന്നും രണ്ടു തരക്കാരായി പിരിഞ്ഞത് ഈ ഘട്ടത്തിലാണ്. ഒരു കൂട്ടർ സ്വകാര്യസ്വത്തുടമയേയും വർഗവിഭജനത്തേയും ന്യായീകരിക്കാൻ ശ്രമിച്ചപ്പോൾ മറ്റേ കൂട്ടർ സ്വകാര്യസ്വത്തുടമയും സുഖഭോഗങ്ങളും ക്രിസ്തുവിന്റെ ഉപദേശങ്ങൾക്കെതിരാണെന്നു വാദിച്ചു. അസിസിയിലെ സെയിൻറ് ഫ്രാൻസിസ് ബൈബിളിലെ പല പ്രമാണങ്ങളും ഉദ്ധരിച്ചുകൊണ്ട് യഥാർത്ഥ ക്രിസ്ത്യന്മാർ സുഖഭോഗങ്ങളിലാറാടാൻ പാടില്ലെന്നും അവർ സ്വയം ദാരിദ്ര്യം വരിക്കണമെന്നും പ്രഖ്യാപിച്ചു. ഇത്തരം ആശയങ്ങൾ സാധാരണക്കാരായ മർദ്ദിതജനങ്ങളെ കണക്കിലധികം ആകർഷിച്ചുവെന്ന് പറയേണ്ടതില്ലല്ലോ. ഫ്യൂഡലിസം ക്ഷയിക്കുന്തോറും ദരിദ്രന്മാരെ പ്രതിനിധീകരിക്കുന്ന പുതിയ പുതിയ പുരോഹിതന്മാർ ഉയർന്നുവന്നു. പതിനാലാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിൽ ലാങ്‌ലണ്ടിന്റെ മതപരമായ പ്രബന്ധങ്ങളും വൈക്ലിഫിന്റെ പ്രസംഗങ്ങളും മറ്റും മർദ്ദിത കൃഷിക്കാരുടെ പ്രക്ഷോഭങ്ങളുടെ പ്രതിഫലനങ്ങളായിരുന്നു. പള്ളിവക നിലങ്ങൾ ബലാൽക്കാരമായി പിടിച്ചെടുത്തു കൃഷിക്കാർക്ക് കൊടുക്കേണ്ടതാണെ

ന്നുപോലും വൈക്ലിഫ് പ്രസ്താവിക്കുകയുണ്ടായി. 'ദൈവദത്ത'മായ അധികാരങ്ങളും ശക്തികളും പോപ്പിനു മാത്രമായിട്ടുള്ളതല്ലെന്നും അവ എല്ലാവർക്കും അവകാശപ്പെട്ടതാണെന്നും അദ്ദേഹം വാദിച്ചു. വൈക്ലിഫിന്റെ അനുയായിയായ ജോൺബോൾ എന്ന പുരോഹിതൻ ഇങ്ങനെ പ്രസംഗിച്ചു:

എന്റെ നല്ലവരായ ജനങ്ങളെ, എല്ലാ വസ്തുക്കളും പൊതുസ്വത്താകുന്നതുവരെ, അടിയാളരെന്നോ പ്രമാണികളെന്നോ വ്യത്യാസം ഇല്ലാതാകുന്നതുവരെ ഇംഗ്ലണ്ടിൽ കാര്യങ്ങളൊന്നും നേരെയാവുക സാദ്ധ്യമല്ല; ഒരിക്കലുമൊട്ടു നേരെയാവുകയുമില്ല. നാമെല്ലാം പ്രഭുക്കളെന്നു വിളിക്കുന്നവർക്ക് എന്തുകാരണം കൊണ്ടാണ് നമ്മളേക്കാൾ മേന്മ ലഭിക്കുന്നത്? അവരെങ്ങനെയാണതിനർഹരാവുന്നത്? നമ്മളെ അവരെന്തിനാണ് അടിമകളാക്കിവെയ്ക്കുന്നത്? നമ്മളൊക്കെ ഒരേ പിതാവിനും മാതാവിനും- ആദാമിനും ഈവിനും പിറന്നവരാണെങ്കിൽ അവർക്കെങ്ങനെ നമ്മളെക്കാളേറെ യജമാനന്മാരെന്നവകാശപ്പെടാൻ കഴിയും? അവരതെങ്ങനെ തെളിയിക്കും? നമ്മളെക്കൊണ്ട് അവർ പണിയെടുപ്പിക്കുകയും അവർക്കു ചിലവിടാൻ വേണ്ടി നമ്മൾ ഉല്പാദിപ്പിക്കുകയും ചെയ്യുന്നതൊഴിച്ചാൽ വേറെയെന്താണവർക്കൊരു മേന്മയുള്ളത്? അവർ വെൽവെറ്റു തുണികളും രോമങ്ങൾകൊണ്ടും പട്ടുരോമങ്ങൾ കൊണ്ടും അലംകൃതമായ കോട്ടുകളുമണിയുന്നു. നമ്മളോ, പരുപരുത്ത പരുത്തിത്തുണികളുടുക്കുന്നു. അവർക്ക് വീഞ്ഞുണ്ട്, വാസനദ്രവ്യങ്ങളുണ്ട്, നല്ല അപ്പമുണ്ട്. നമ്മൾക്കോ മുത്താറി റൊട്ടിയും മറ്റുള്ളവരുടെ എച്ചിലുകളും പുല്ലും വെള്ളവും. അവർക്കു പാർപ്പിടങ്ങളുണ്ട്, മോടി കൂടിയ അരമനകളുണ്ട്. നമുക്കോ പ്രാരാബ്ധങ്ങളും പണിയും പിന്നെ, നമ്മൾ വയലുകളിലെ കാറ്റിനോടും മഴയോടും എതിർത്തുനിൽക്കുകയും വേണം. നമ്മിൽ നിന്നും നമ്മുടെ അദ്ധ്വാനത്തിൽ നിന്നുമാണ് അവരുടെ ധാടി നിലനിർത്തുവാനുള്ള വക അവർക്ക് കിട്ടുന്നത്, എന്നിട്ടും അവർ നമ്മളെ അടിയാളരെന്നു വിളിക്കുന്നു. അവരുടെ കൽപനയനുസരിക്കാനമാന്തം കാണിച്ചാൽ അവർ നമ്മളെ പിടിച്ചുതല്ലുന്നു!

വിപ്ലവകാരികളായ പുരോഹിതന്മാരുടെ ഇത്തരം ആശയങ്ങൾ കർഷകവിപ്ലവങ്ങൾക്കു ശക്തിയും പ്രോൽസാഹനവും നൽകിയെങ്കിൽ അതിലത്ഭുതപ്പെടാനൊന്നുമില്ല.

വാസ്തവത്തിൽ, പള്ളിയുടെ പേരിലുള്ള ഭക്തിക്കല്ലാതെ മറ്റൊരു വികാരത്തിനും, തലപൊക്കാനധികാരമില്ലാത്ത ഒരു കാലഘട്ടമായിരുന്നു അത്. എന്നിട്ടും പോപ്പിന്റെ അദൃശ്യ ശക്തിക്കുമുമ്പിൽ പതറാതെ പ്രശസ്തമായ ധീരതയോടും അത്ഭുതാവഹമായ ആദർശ പ്രതിപത്തിയോടുംകൂടി പുരോഹിത വിദ്രോഹികൾ മുന്നോട്ടുവന്നു.

പള്ളിയംഗങ്ങൾ ബൈബിളിൽ പറഞ്ഞ യഥാർത്ഥമായ ക്രിസ്തുമതം സ്വീകരിക്കണമെന്നും ഭൗതികാധികാരങ്ങളും സ്വത്തുക്കളും അവർ ഉപേക്ഷിക്കണമെന്നും വാദിച്ച പല ചിന്തകന്മാർക്കും പോപ്പുതിരുമേനി ഭ്രഷ്ട് കല്പിച്ചു. അസത്യത്തെ സിംഹാസനത്തിലിരുത്താൻ വേണ്ടി സത്യം തുക്കിലിടപ്പെട്ടു. പലരും ക്രൂരവും കുത്സിതവുമായ യാതനകളനുഭവിച്ചു. ചിലർ ജീവനോടെ ചുട്ടുകരിക്കപ്പെടുകപോലുമുണ്ടായി. പക്ഷേ, എന്തായിട്ടും പള്ളി മേധാവിത്വത്തിനെതിരായ മതപരിഷ്കരണ ശ്രമങ്ങൾ കുറയുകയല്ല കൂടുകയാണ് ചെയ്തത്.

ഉപയോഗകരമായ ഒരു സ്ഥാപനമെന്ന നിലയ്ക്കാണ് പള്ളി ചരിത്രത്തിൽ കാലെടുത്തുവെച്ചത്. ഫ്യൂഡലിസത്തിന്റെ ആരംഭദശയിൽ അതിനു പുരോഗമനപരമായ ചില വശങ്ങളുണ്ടായിരുന്നു. കുഴപ്പം പിടിച്ച താറുമാറായ റോമൻ സാമ്രാജ്യത്തിന്റെ അവശിഷ്ടങ്ങളിൽനിന്ന് റോമിലെ അടിമസംസ്കാരത്തേക്കാൾ പു

രോഗമനപരമായ പുതിയൊരു സാമൂഹ്യഘടനയെ കെട്ടിപ്പടുക്കുക എന്ന മഹത്തായ പ്രവൃത്തിയിൽ പള്ളി വഹിച്ച പങ്ക് പ്രശസ്തമാണ്. റോമൻ സാമ്രാജ്യത്തിന്റെ വീഴ്ചയെ തുടർന്നുണ്ടായ ഏതാനും നൂറ്റാണ്ടുകളിൽ പള്ളിയായിരുന്നു വിദ്യാഭ്യാസത്തിന്റെയും പാണ്ഡിത്യത്തിന്റെയും പ്രാചീന സംസ്കാരത്തിന്റെയും സംരക്ഷണകേന്ദ്രം. പള്ളിയിലെ അംഗങ്ങൾ എഴുത്തും വായനയും തങ്ങളുടെ നിയന്ത്രണത്തിൽ നിലനിർത്തുകയും അങ്ങനെ ആ 'കറുത്തയുഗ'ത്തിൽ ജ്ഞാനത്തിന്റെ പ്രകാശം —അതെത്രത്തന്നെ മങ്ങിയാലും ശരി-പരത്താൻ ശ്രമിക്കുകയും ചെയ്തു.

എന്നാൽ, ഫ്യൂഡലിസം അധഃപതനോന്മുഖമാവുകയും കൂടുതൽ പുരോഗമനപരമായ മറ്റൊരു സാമൂഹ്യഘടന തലയുയർത്താൻ തുടങ്ങുകയും ചെയ്തപ്പോൾ പള്ളിയുടെ ചരിത്രപരമായ ആവശ്യം അവസാനിച്ചു. ഇതിനിടയിൽ അച്ചടിവിദ്യയുടെ പ്രചാരവും വളർന്നുവന്ന വ്യാപാര സംബന്ധിയായ ആവശ്യങ്ങളും എഴുത്ത്, വായന, വിദ്യാഭ്യാസപ്രചരണം മുതലായവയിൽ പള്ളിക്കുണ്ടായിരുന്ന കുത്തകാവകാശത്തെ നശിപ്പിച്ചു കളഞ്ഞു. പള്ളിയുടമകൾ ഉപയോഗശൂന്യരും മടിയന്മാരും മർദ്ദകന്മാരുമായ ഒരു വർഗമായി അധഃപതിച്ചു. തങ്ങളുടെ സ്വാർത്ഥപൂർണവും സങ്കുചിതവുമായ സ്ഥാപിതതാൽപര്യങ്ങളെ കാത്തുരക്ഷിക്കാൻ വേണ്ടി അവർ എല്ലാതരം പുരോഗതിയേയും എതിർക്കുന്ന പിന്തിരിപ്പൻ ശക്തിയായിത്തീർന്നു. ചരിത്രം പള്ളിമേധാവിത്വത്തിനു മരണശിക്ഷ വിധിക്കുകയും ചെയ്തു.

അധഃപതനോന്മുഖമായ നാടുവാഴി വ്യവസ്ഥയുടെയും പള്ളിമേധാവിത്വത്തിന്റെയും സാമൂഹ്യഘടനയ്ക്കുള്ളിൽ തന്നെ മുതലാളിത്തരീതിയിലുള്ള പുതിയ ഉല്പാദനശക്തികൾ പതുക്കെ പതുക്കെ വികസിച്ചുവരുന്നുണ്ടായിരുന്നു. ഈ പുതു സാമ്പത്തികശക്തികൾ വളരുംതോറും ഫ്യൂഡലിസത്തിന്റെ കേന്ദ്രമായ പള്ളിമേധാവിത്വം അധികമധികം ആക്ഷേപിക്കപ്പെട്ടു. മതമയമായ ഒരന്തരീക്ഷത്തിൽ മതത്തിന്റെ തന്നെ കുപ്പായമിട്ടുകൊണ്ടാണ് പുതിയ സാമ്പത്തികശക്തികൾ പുറത്തുവന്നതെങ്കിൽ അതിലത്ഭുതപ്പെടാനൊന്നുമില്ല. വിപ്ലവകാരികളായ പുരോഹിതന്മാരുടെയും ചിന്തകന്മാരുടെയും മതപരിഷ്കരണ പ്രക്ഷോഭങ്ങൾ രാജ്യാതിർത്തികളെ ഭേദിച്ചുകൊണ്ട് പരന്നുപിടിച്ചതിനുള്ള പ്രധാന കാരണം അക്കാലത്തെ ജനങ്ങളുടെ സാമ്പത്തികസ്ഥിതിയിലാണാരായേണ്ടത്. ജർമനിയിൽ ലൂതറുടെയും ഫ്രാൻസിൽ കാൽവിന്റെയും നേതൃത്വത്തിലാരംഭിച്ച പരിഷ്കരണ പ്രസ്ഥാനത്തിന്റെ (Reformation) സാർവത്രികമായ സ്വാധീനശക്തിയുടെ അടിസ്ഥാനവും ഇതുതന്നെയാണ്. മുതലാളിത്തശക്തിയുടെ അരങ്ങേറ്റം അപ്രതിരോധവും അനുപേക്ഷണീയവുമായിത്തീർന്നിരിക്കുന്നുവെന്നു പ്രഖ്യാപിക്കുകയാണ് ഈ മതപരിഷ്കരണ പ്രക്ഷോഭണങ്ങൾ ചെയ്തത്.

## 22 സയൻസും തത്വശാസ്ത്രവും

സയൻസാണ് മുതലാളിത്തത്തിന്റെ ഉൽപാദനാഭിവൃദ്ധിയുടെയും മുതലാളിത്ത സംസ്കാരത്തിന്റെയും അടിസ്ഥാനം. മനുഷ്യന്റെ ജീവിതയാത്രയെ കൂടുതൽ സുഗമമാക്കാനുതകുന്ന പുതിയ സാങ്കേതിക വൈദഗ്ധ്യങ്ങളും പുതിയ യന്ത്രോപകരണങ്ങളും കൂടുതലുയർന്ന ജീവിതരീതികളും സയൻസിന്റെ അനുഗ്രഹങ്ങളാണ്.

മനുഷ്യന്റെ ബുദ്ധിശക്തിയിൽനിന്നാണ് മുതലാളിത്ത സംസ്കാരത്തിനാവശ്യമായ വിജ്ഞാനങ്ങളും കണ്ടുപിടുത്തങ്ങളും ഉണ്ടായത് എന്നത് ശരിതന്നെ. പക്ഷേ, ബുദ്ധിശക്തിയുടെ അത്ഭുതാവഹമായ ഈ പ്രവർത്തനങ്ങളത്രയും സാമൂഹ്യ വളർച്ചയുടെ ഒരു സവിശേഷഘട്ടത്തിൽ മാത്രമാണ് പ്രത്യക്ഷപ്പെടുന്നത് എന്ന കാര്യം

മറക്കരുത്. വേട്ടയാടിക്കഴിയുന്ന ഒരപരിഷ്കൃത മനുഷ്യനു ആവിയന്ത്രത്തെപ്പറ്റി സ്വപ്നത്തിൽപ്പോലും വിചാരിക്കാനാവില്ല. സമുദായത്തിന്റെ വികാസത്തോടൊപ്പം മാത്രമാണ് സമുദായത്തിലെ അംഗമായ മനുഷ്യന്റെ ബുദ്ധിശക്തി വളർന്നിട്ടുള്ളതും വളരുന്നതും. മുമ്പൊരദ്ധ്യായത്തിൽ പ്രസ്താവിച്ചതുപോലെ സാമൂഹ്യപ്രവർത്തനങ്ങളാണ് ബുദ്ധിശക്തിയുടെ അടിസ്ഥാനം. അപ്പോൾ മുതലാളിത്തത്തിന്റെ ആരംഭത്തിൽ ബുദ്ധിശക്തിയുടെ സാർവത്രികമായ പ്രകടനങ്ങൾക്കു പ്രേരണയും പ്രോത്സാഹനവും നൽകിയത് ആ കാലഘട്ടത്തിലെ സാമൂഹ്യജീവിതമാണെന്ന് കാണാൻ കഴിയും. കമ്പോളങ്ങളന്വേഷിച്ചുനടക്കുന്ന കച്ചവട മുതലാളികൾക്ക് സമുദ്രത്തെപ്പറ്റിയും ഭൂമിയെപ്പറ്റിയും ഉള്ള വിജ്ഞാനങ്ങൾ ആവശ്യമായിവന്നപ്പോഴാണ് ദിശദർശനയന്ത്രങ്ങളും ജ്യോതിർവിജ്ഞാനവും ഭൂമിശാസ്ത്രസംബന്ധിയായ കണ്ടുപിടുത്തങ്ങളും ആവിർഭവിച്ചത്. അങ്ങനെ മനുഷ്യന്റെ സാമ്പത്തികവും സാമൂഹ്യവുമായ ജീവിതാവശ്യങ്ങളിൽനിന്ന് സയൻസ് ജന്മമെടുത്തു. സയൻസിന്റെ അഭിവൃദ്ധിയാകട്ടെ, മനുഷ്യന്റെ ജീവിതരീതിയെ കൂടുതലുയർത്താൻ സഹായിച്ചു. വീണ്ടും പുതിയ ആവശ്യങ്ങൾ, വീണ്ടും പുതിയ കണ്ടുപിടുത്തങ്ങൾക്കുള്ള പ്രേരണയും പ്രോത്സാഹനവും, വീണ്ടും സയൻസിന്റെ അഭിവൃദ്ധി ഇങ്ങനെ മനുഷ്യൻ പടിപടിയായി പുരോഗതി നേടി.

ഫ്യൂഡലിസത്തിൽനിന്ന് മുതലാളിത്തത്തിലേക്കുള്ള പരിവർത്തനഘട്ടത്തിൽ സയൻസ് വഹിച്ച പങ്ക് അതിപ്രധാനമാണ്. യന്ത്രങ്ങൾക്കടിസ്ഥാനമിട്ട യന്ത്രവിജ്ഞാനം (Mechanics) അളവുകൾക്കാവശ്യമായ ഗണിതശാസ്ത്രവും രേഖാഗണിതവും (Geometry) ദ്രവപദാർത്ഥം, ബാഷ്പപദാർത്ഥം, വെളിച്ചം മുതലായവയെ അപഗ്രഥനം ചെയ്യാനാവശ്യമായ പദാർത്ഥഗുണശാസ്ത്രവും രസായനശാസ്ത്രവും (Physics and Chemistry) പ്രകൃതിയുടെ നിഗൂഢതയിലേക്ക് കടന്നുചെല്ലാൻ സഹായിക്കുന്ന സൂക്ഷ്മദർശിനിയന്ത്രവും (1590) ദൂരദർശിനിയന്ത്രവും (1609) ഭൂമി സ്ഥിരമായി നിൽക്കുകയില്ലെന്നും നേരേമറിച്ച് മറ്റു ഗ്രഹങ്ങളെപ്പോലെ സൂര്യനു ചുറ്റും പ്രദക്ഷിണം ചെയ്യുകയാണെന്നും തെളിയിക്കുന്ന ജ്യോതിശാസ്ത്ര സംബന്ധിയായ കണ്ടുപിടുത്തങ്ങളും മുകളിൽ നിന്ന് കീഴോട്ടുവീഴുന്ന വസ്തുക്കളുടെയും ചലിക്കുന്ന ഗ്രഹങ്ങളുടെയും നിയമങ്ങളും, ന്യൂട്ടന്റെ ആകർഷണ സിദ്ധാന്തവും —ഇവയെല്ലാം പെട്ടെന്നുണ്ടായ യാദൃച്ഛിക സംഭവങ്ങളായിരുന്നില്ല. നേരേമറിച്ച് വളർന്നുവന്ന മുതലാളിത്ത ശക്തികളുടെ ഒഴിച്ചുകൂടാൻ വയ്യാത്ത ആവശ്യങ്ങളായിരുന്നു.

മുതലാളിത്തത്തിനു മുന്നോട്ടു നീങ്ങണമെങ്കിൽ വർക്കുഷാപ്പുകൾക്കു പകരം വലിയ യന്ത്രങ്ങളും വൻകിട വ്യവസായങ്ങളും സ്ഥാപിക്കണം. ഗതാഗത സൗകര്യങ്ങളിൽ വിപ്ലവകരമായ മാറ്റം വരുത്തണം. ഉൽപാദനത്തെ ഉപര്യുപരി വർദ്ധിപ്പിക്കണം; സർവ്വോപരി മുതലാളിത്തത്തിന്റെ സ്ഥാപിതതാൽപ്പര്യങ്ങളെ കാത്തുരക്ഷിക്കാനുതകുന്ന ഭരണാധികാരവും വേണം. എന്നാൽ വളർന്നുവരുന്ന ഈ പുതിയ ഉൽപാദനശക്തികളുടെ മുമ്പിൽ നാട്ടുവാഴി പ്രഭുത്വത്തിന്റേതായ ഉൽപാദനബന്ധങ്ങൾ വിലങ്ങടിച്ചുനിന്നു. പിന്തിരിപ്പന്മാരായ നാട്ടുവാഴികളുടെ സ്ഥാപിതതാൽപര്യങ്ങൾ മർദ്ധിതരായ കൃഷിക്കാർക്ക് വ്യാവസായികോൽപന്നങ്ങൾ വാങ്ങാനുള്ള കഴിവില്ലായ്മ പൈതൃകങ്ങളായ പാരമ്പര്യങ്ങൾ, വ്യക്തിപരമായ ബന്ധങ്ങൾ സങ്കുചിതാശയങ്ങൾ, നാട്ടുവാഴിച്ചുങ്കങ്ങൾ, ഗിൽഡുനിയമങ്ങൾ, സർവ്വോപരി നാട്ടുവാഴി പ്രഭുത്വത്തിന്റെ ഭരണകൂടം എല്ലാം നശിപ്പിച്ചേ കഴിയൂ എന്നായി. വളർന്നുവരുന്ന മുതലാളിവർഗവും നാശോന്മുഖമായിക്കഴിഞ്ഞ നാട്ടുവാഴി വർഗവും തമ്മിലുള്ള സമരം മൂർദ്ധന്യദശയിലെത്തി. ഈ സമരത്തിൽ പുരോഗതിയുടെ ചേരി

യിൽ നിന്നുകൊണ്ട് തത്വശാസ്ത്രജ്ഞന്മാരും ധനശാസ്ത്രജ്ഞന്മാരും ചിന്തകന്മാരും പഴമയ്ക്കെതിരായി പടപൊരുതി. റൂസ്സോവും വോൾട്ടയറും മുവലെടുത്തു. കുരിശിനെ കൂട്ടാക്കാതെ ചെങ്കോലിനെ കൂസാതെ, തത്വശാസ്ത്രജ്ഞന്മാരും ചിന്തകന്മാരും ഉല്ഘോഷിച്ചു. നാടുവാഴിയുടെ അധികാരങ്ങൾ ദൈവദത്തങ്ങളാണെന്ന് പറയുന്നവർ കളവുപറയുന്നു. മനുഷ്യനും മനുഷ്യനും സമന്മാരല്ലെന്ന് പറയുന്നവർ നേരല്ല പറയുന്നത്. സുഖമനുഭവിക്കാൻ എല്ലാവർക്കും അർഹതയുണ്ട്. പക്ഷേ, സ്വാർത്ഥികളായ നാടുവാഴികൾ അതിനു തടസം നിൽക്കുന്നു. അതുകൊണ്ട് എല്ലാവർക്കും സുഖം വരണമെങ്കിൽ നിലവിലുള്ള സാമൂഹ്യഘടനയെ തകർത്ത് പുതിയൊരു സാമൂഹ്യഘടന സ്ഥാപിക്കണം. മറ്റും മറ്റും ഇത്തരം ആശയങ്ങൾ പുരോഗമനകാംക്ഷികളായ എല്ലാവരെയും ആവേശഭരിതരാക്കുകയും അനിവാര്യമായ സാമൂഹ്യവിപ്ലവത്തെ ത്വരിതപ്പെടുത്തുകയും ചെയ്തു. അസംതൃപ്തരായ മുതലാളികളും മറ്റു പട്ടണവാസികളും നാടുവാഴി മർദ്ദനത്തിൽക്കിടന്നു ഞെരങ്ങുന്ന കൃഷിക്കാരും കർഷകത്തൊഴിലാളികളും എല്ലാം ഒത്തൊരുമിച്ച് നാടുവാഴി പ്രഭുത്വത്തെയും പള്ളി മേധാവിത്വത്തേയും വെല്ലുവിളിച്ചു. മുന്നോട്ടിരമ്പിയാർത്തു കുതിക്കുന്ന മുതലാളിത്തത്തെ തടഞ്ഞുനിർത്താൻ യാതൊരു ശക്തിക്കും സാദ്ധ്യമല്ലെന്നായി. ഫ്യൂഡലിസം തകർന്നു നിലംപതിച്ചേ കഴിയൂ എന്നായി. ഫ്യൂഡലിസം നിലംപൊത്തി തൽസ്ഥാനത്ത് പുതിയ മുതലാളിത്തഘടന വാഴ്ചയുറപ്പിച്ചു.

## 23 ജീവിതരീതിയും ചിന്താഗതികളും

ഫ്യൂഡലിസത്തിന്റെ ഒരു സവിശേഷത അദ്ധ്വാനിക്കുന്നവരോടുള്ള അവജ്ഞയാണ്. അന്യരുടെ അദ്ധ്വാനഫലത്തിന്മേൽ പറ്റിത്തിന്നുകൂടുന്ന നാടുവാഴി ജന്മികളുടെ ദൃഷ്ടിയിൽ നേരിട്ടുല്പാദനം നടത്തുന്നവർ താഴ്ന്നവരും അധഃപതിച്ചവരും ആണ്. യാതൊരു പ്രവൃത്തിയും എടുക്കാതെ പ്രവൃത്തി സ്വസ്ഥമായി കഴിയുന്നവർ മാന്യരും അഭിജാതരുമാണ്. നേരെ മറിച്ച് സമുദായത്തിനാവശ്യമായ പ്രവൃത്തികളിലേർപ്പെട്ടവർ പതിതരും ഹീനജാതിക്കാരുമാണ്. അവർ അയിത്തക്കാരാണ്. അവരെ തൊട്ടുകൂടാ, തീണ്ടിക്കൂടാ, സ്വയം പൂർണങ്ങളായ ഗ്രാമങ്ങളിൽ പ്രവൃത്തിയെ അടിസ്ഥാനപ്പെടുത്തിയുള്ള പടിപടിയായ ജാതിവിഭജനങ്ങൾ, അയിത്തം മുതലായ അനാചാരങ്ങൾ, സങ്കുചിതമായ വീക്ഷണഗതി, വിശാലാശയങ്ങളോടുള്ള വെറുപ്പ്, മേലാളരോടുള്ള 'കടമ' നിർവഹിക്കാത്തവർക്കു വിധിക്കപ്പെടുന്ന ശാരീരികമർദ്ദനങ്ങളും സമുദായഭ്രഷ്ടും, കഷ്ടപ്പെടുന്നവരും മർദ്ദിതരുമായ ഭൂരിപക്ഷക്കാർ അദ്ധ്വാനിച്ചുണ്ടാക്കുന്ന വിഭവങ്ങൾ തിന്നുമുടിക്കുന്ന ഒരുപിടി മേലാളരുടെ ധാടിയും സുഖഭോഗങ്ങളും —ഇതാണ് ചുരുക്കത്തിൽ ഫ്യൂഡലിസത്തിന്റെ ഉള്ളടക്കം.

നാടുവാഴി വ്യവസ്ഥയിൽ അവജ്ഞയോടുകൂടി വീക്ഷിക്കപ്പെടാത്ത ഒരേയൊരു പ്രവൃത്തി സൈനിക പരിശീലനമാണ്. തങ്ങളുടെ സ്വത്തുക്കളും സുഖഭോഗങ്ങളും നിലനിർത്താൻ വാളിന്റെ സഹായം ഒഴിച്ചുകൂടാൻ വയ്യാത്തതാണെന്നു മനസിലാക്കിയ നാടുവാഴി പ്രഭുക്കൾ യുദ്ധങ്ങൾക്കു മാന്യമായ ഒരു സ്ഥാനമാണ് കൽപിച്ചുകൊടുത്തത്. പ്രഭുവിന്റെ പ്രമാണത്തം കാത്തുരക്ഷിക്കാൻ വേണ്ടി യുദ്ധം വെട്ടുന്ന പടയാളിക്കു ജയിച്ചാൽ വീരശൃംഖല മരിച്ചാൽ വീരസ്വർഗം! യുദ്ധങ്ങൾക്കു പരിശീലനം നൽകുവാനും വീരപരാക്രമികളെ പ്രോത്സാഹിപ്പിക്കാനും ഉതകുന്ന വ്യായാമകേന്ദ്രങ്ങൾ നാടുവാഴികളുടെ ആഭിമുഖ്യത്തിൽ പലേടങ്ങളിലും സ്ഥാപിക്കപ്പെട്ടു. കേരളത്തിലെ കളരിപ്പയറ്റ് ഇതിനൊരുദാഹരണമാണ്.

വീരപരാക്രമങ്ങളുടെ ഒരു ഭാഗമെന്ന നിലക്കു പ്രഭുക്കന്മാരുടെ അനുരാഗപ്രകടനങ്ങളും പ്രോത്സാഹിക്കപ്പെട്ടു. സുന്ദരികളായ തരുണീമണികൾക്കുവേണ്ടിയുള്ള ദ്വന്ദ്വയുദ്ധങ്ങൾ 12-14-ാം നൂറ്റാണ്ടുകളിലെ ഫ്രാൻസിന്റെ ചരിത്രത്തിൽ പ്രധാനമായൊരു പങ്കാണ് വഹിച്ചിരുന്നത്. ഇന്ത്യാചരിത്രത്തിലെ രാജപുത്ര കാലഘട്ടത്തിലും (സുമാർ 8-ാം നൂറ്റാണ്ടു മുതൽ 12-ാം നൂറ്റാണ്ടുവരെ) ഇത്തരം വീരപരാക്രമങ്ങൾ ധാരാളം കാണാവുന്നതാണ്. മറ്റുള്ളവരുടെ പത്നിമാരെ ബലാൽക്കാരമായി പിടിച്ചുകൊണ്ടുവന്നു സ്വന്തം രാജ്ഞിമാരാക്കി വെയ്ക്കുന്ന വീരപരാക്രമികളായ രാജാക്കന്മാർക്ക് മാന്യമായ ഒരു സ്ഥാനമാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. പരാക്രമവീര്യപ്രകടനങ്ങളെ പ്രദർശിപ്പിക്കാനവസരം നൽകുന്ന സ്വയംവരങ്ങളും പലേടത്തും നടത്തപ്പെട്ടിരുന്നു.

എന്നാൽ, അനുരാഗപ്രകടനങ്ങളും മറ്റും നടത്താൻ സ്ത്രീക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നുവെന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. അവളുടെ അച്ഛനോ മറ്റു രക്ഷിതാക്കന്മാരോ ആണ് വാസ്തവത്തിൽ സ്വയംവരങ്ങൾക്ക് ഏർപ്പാടു ചെയ്തിരുന്നത്. സ്ത്രീ പുരുഷന്റെ ഭോഗസാധനം മാത്രമായിരുന്നു. പുരുഷനെ സംബന്ധിച്ചിടത്തോളം മറ്റൊരുവന്റെ ഭാര്യയെ പിടിച്ച് പറിക്കുന്നത് ഒരു 'മേനി'യായിക്കരുതിയ അതേ സമുദായം സ്ത്രീയെ ഇരുട്ടിലിട്ടടയ്ക്കുകയാണ് ചെയ്തത്. അവളെ സംബന്ധിച്ചിടത്തോളം അന്യപുരുഷന്റെ മുഖത്തേക്കൊന്നു നോക്കിപ്പോയാൽ അതു പാപമായി, പാതിവ്രത്യ ലംഘനമായി! തന്റെ ഭോഗസാമഗ്രിയെ പർദ്ദയ്ക്കുള്ളിൽ പൊതിഞ്ഞുവയ്ക്കുന്നത് ഒരു ധർമ്മമാണെന്നത്രേ പുരുഷൻ കരുതിയിരുന്നത്.

ഇത്തരം അസ്വാതന്ത്ര്യങ്ങൾ-അയിത്തം, ജാതിഭേദങ്ങൾ, സങ്കുചിതത്വം, പർദ്ദ മുതലായവയെല്ലാം —ഫ്യൂഡലിസത്തിന്റെ ഉൽപാദനവ്യവസ്ഥയ്ക്കു യോജിച്ചതായിരുന്നു. എന്നാൽ ഫ്യൂഡലിസത്തിനുള്ളിൽ മുതലാളിത്ത ശക്തികൾ വളരാൻ തുടങ്ങിയപ്പോൾ ഈ സ്ഥിതിഗതികൾക്കൊരു മാറ്റം നേരിട്ടു. കച്ചവടവും മുതലാളിത്ത രീതിയിലുള്ള ഉൽപാദനവും വളരണമെങ്കിൽ ഗ്രാമങ്ങളുടെ സ്വയം സമ്പൂർണതയും നാട്ടുവാഴിച്ചുങ്കങ്ങളും മറ്റു സങ്കുചിതവ്യവസ്ഥകളും നശിച്ചേ കഴിയൂ. നാട്ടുവാഴിത്തപരമായ സങ്കുചിതപരിധികളെ തട്ടിത്തകർത്ത് വിപുലമായ തോതിൽ ദേശീയാതിർത്തികളെ സംഘടിപ്പിക്കേണ്ടതാവശ്യമായിത്തീർന്നു. വ്യാപാരച്ചരക്കുകളുടെ ഉല്പാദനവും വളർന്നുവരുന്ന പണവ്യവസ്ഥയും ഗ്രാമസ്വയം സമ്പൂർണതയുടെ അടിയിൽ തുരങ്കംവെയ്ക്കാൻ തുടങ്ങി. തൊഴിൽശാലകളുടെ അഭിവൃദ്ധിക്ക് അയിത്തവും ജാതിവിഭജനങ്ങളും തടസമായിരുന്നു. പട്ടണമദ്ധ്യത്തിൽ പട്ടുക്കുറ്റൻ കമ്പിനികളിൽ പോയി പണിയെടുക്കുന്ന പ്രവൃത്തിക്ക് അയിത്തമാചരിക്കാൻ കഴിയുന്നതെങ്ങനെ? അഹോവൃത്തിക്കുവേണ്ടി തൊഴിൽശാലകളെ അഭയം പ്രാപിക്കുന്ന സാധുസ്ത്രീകൾക്കും ഉദ്യോഗമന്വേഷിച്ചലഞ്ഞുതിരിയുന്ന ഇടത്തരക്കാരികളായ സ്ത്രീകൾക്കും പർദ്ദയെ വലിച്ചു ചീന്താതെയിരിക്കാൻ നിവൃത്തിയുണ്ടോ?

ഇപ്രകാരം മുതലാളിത്തശക്തികളുടെ വളർച്ചയോടൊപ്പം ഫ്യൂഡൽ ചിന്താഗതികൾക്കെതിരായ പുതിയ ദേശീയാശയങ്ങളും ദേശീയപ്രസ്ഥാനങ്ങളും ജനങ്ങളുടെയിടയിൽ പരന്നുപിടിക്കാൻ തുടങ്ങി. ദേശീയപ്രസ്ഥാനം മുന്നോട്ടുനീങ്ങുന്ന തോതനുസരിച്ച് അയിത്തത്തിനും പർദ്ദയ്ക്കുമെതിരായ പ്രക്ഷോഭണങ്ങൾക്കും ഉത്തേജനം ലഭിച്ചു. ഫ്യൂഡൽ തുർക്കി കമാലിന്റെ തുർക്കിയായി രൂപാന്തരപ്പെട്ടപ്പോൾ ഉണ്ടായ പരിഷ്കരണ സംരംഭങ്ങളും ഇന്ത്യയിൽ ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം പരന്നുപിടിച്ച ദേശീയപ്രസ്ഥാനങ്ങളും ഇതിനുദാഹരണമാണ്. കേരളത്തിൽ ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ നടന്ന സമുദായ പരിഷ്കരണ പ്രക്ഷോ

ഭങ്ങളും ദേശീയപ്രസ്ഥാനത്തെ തുടർന്നുണ്ടായ അയിത്തോച്ചാടന പരിശ്രമങ്ങളും അന്തർജ്ജനങ്ങളുടെ ഘോഷാബഹിഷ്കരണ സംരംഭങ്ങളും മറ്റും ഫ്യൂഡൽ ജീവിത രീതിക്കെതിരായ പുതിയ ആശയങ്ങളുടെ വിജയത്തെയാണ് കാണിക്കുന്നത്.

## 24 കലയും സാഹിത്യവും

അമ്പലവും പള്ളിയും കൊട്ടാരവുമായിരുന്ന ഫ്യൂഡൽ കലയുടെ കേന്ദ്രങ്ങൾ. അന്തഃപുരസ്ത്രീകളെപ്പോലെ കൊട്ടാരക്കെട്ടിനുള്ളിൽ ജനതാമദ്ധ്യത്തിലേക്കിറങ്ങിവരാതെ അന്തസിൽ കഴിഞ്ഞുകൂടുന്ന കലയും സാഹിത്യവുമാണ് അക്കാലത്തുണ്ടായിരുന്നത്. ജനകീയസാഹിത്യമെന്നൊന്നുണ്ടായിരുന്നതേയില്ല. സംസ്കൃതവ്യുൽപ്പത്തിയായിരുന്ന പാണ്ഡിത്യത്തിന്റെ അളവുകോൽ (യൂറോപ്പിലാണെങ്കിൽ ലാറ്റിൻവ്യുൽപ്പത്തിയും). അക്ഷരാഭ്യാസവും കണക്കുകൂട്ടലും പഠിപ്പിച്ചുകൊടുക്കാൻ ഗ്രാമസ്വയംപൂർണതയ്ക്കുള്ളിലൊതുങ്ങിയ എഴുത്തുപള്ളികളുണ്ടായിരുന്നുവെന്നതു ശരിതന്നെ. പക്ഷേ, അവ ജനങ്ങളുടെ ചെറിയൊരു ശതമാനത്തെ മാത്രമേ അനുഗ്രഹിച്ചിരുന്നുള്ളൂ.

തങ്ങളുടെ അന്തസ്സും ധാടിയും പ്രദർശിപ്പിക്കാനുതകുന്ന മനോഹരങ്ങളായ കെട്ടിടങ്ങളുടെ നിർമാണത്തിൽ പ്രഭുക്കന്മാർക്കു വലിയ അഭിരുചിയുണ്ടായിരുന്നു. ഫ്രാൻസ് മുതലായ പാശ്ചാത്യരാജ്യങ്ങളിലെ ഗോഥിക്ക് കെട്ടിടങ്ങളും തെക്കേ ഇന്ത്യയിലെ സുപ്രസിദ്ധ ഹിന്ദുക്ഷേത്രങ്ങളും മുഗൾ ചക്രവർത്തിമാരുടെ രമ്യഹർമ്മ്യങ്ങളും അവയ്ക്കു മകുടം ചാർത്തുന്ന ഹൃദയാകർഷകമായ താജ്മഹലും നാടുവാഴി പ്രഭുത്വത്തിന്റെ കലാനൈപുണിക്കു സാക്ഷ്യം വഹിക്കുന്നവയത്രേ. കലാപൂർണങ്ങളായ ഈ കെട്ടിടങ്ങൾ നാടുവാഴി വ്യവസ്ഥയിലെ മർദ്ദനങ്ങളേയും കഷ്ടപ്പാടുകളെയും ഒട്ടൊന്നു മറച്ചുപിടിക്കാൻ ശ്രമിക്കുന്നുണ്ടെന്നുള്ളതു വാസ്തവമാണ്. പാരീസ് നഗരത്തിലെ പവിത്രസുന്ദരമായ നോത്രദാം പള്ളിയുടെ നേർക്കു നോക്കിക്കൊണ്ടു സെയിൻറ് ബെർനാർഡ് വിലപിക്കുകയുണ്ടായി: ‘പള്ളി അതിന്റെ ചുമരുകളെ സംബന്ധിച്ചിടത്തോളം വിഭവ സമ്പൂർണമാണ്. ദരിദ്രന്മാരെ സംബന്ധിച്ചിടത്തോളമാകട്ടെ, അത് ഒരിരപ്പാളിയാണ്. തന്റെ കല്ലുകളെ അതു പൊന്നുടുപ്പിക്കുന്നു. തന്റെ മക്കളെയാകട്ടെ, അത് നഗ്നരാക്കി വിടുന്നു!’.

എന്നാൽ, മർദ്ദനത്തിന്റെ ചോര പുരണ്ടതെങ്കിലും ഈ മനോഹരഹർമ്മ്യങ്ങൾ മനുഷ്യന്റെ വളർച്ചയുടെ ഒരു സവിശേഷഘട്ടത്തിലെ കലാസമ്പത്തുക്കളാണെന്ന കാര്യം വിസ്മരിക്കരുത്. ശാസ്ത്രവിജ്ഞാനങ്ങളും എഞ്ചിനീയറിങ്ങും അജ്ഞാതങ്ങളായിരുന്ന ആ കാലത്തു മനുഷ്യന്റെ കൈവിരുതുകൾ എത്ര കലാപൂർണങ്ങളായിരുന്നുവെന്ന് അവ തെളിയിക്കുന്നു. മനുഷ്യപ്രയത്നത്തിന്റെ മഹത്തരമായ സാദ്ധ്യതകൾക്കു സാക്ഷ്യം വഹിച്ചുകൊണ്ട് അവയിന്നും പരിലസിക്കുന്നു.

ഏതായാലും, 14-ാം 15-ാം നൂറ്റാണ്ടുകളിൽ മുതലാളിത്തശക്തികൾ വളരാൻ തുടങ്ങിയപ്പോൾ പുതിയ കലാസംരംഭങ്ങളും സാഹിത്യപരിശ്രമങ്ങളും ജനതാമദ്ധ്യത്തിൽ ഉയർന്നുവരാൻ തുടങ്ങി. ദാന്തേയെപ്പോലുള്ള മഹാകവികളും ലിയോണാർദ്ദോവിൻസിയെപ്പോലുള്ള കലാകാരന്മാരും ഈ നവോത്ഥാനത്തെ തികച്ചും പ്രതിഫലിപ്പിക്കുന്നവരാണ്. മുതലാളിത്തത്തിന്റെ വരവിനെക്കുറിക്കുന്ന ഭൗതികവാദം, ബുദ്ധിവാദം, വ്യക്തിവാദം മുതലായവ സമുദായമദ്ധ്യത്തിൽ എങ്ങനെ പരന്നുപിടിക്കാൻ തുടങ്ങിയെന്നതിന് അവരുടെ കലകൾ നല്ലൊരു തെളിവാണ്.

ഏതാണ്ടിവരുടെ കാലത്തുതന്നെയാണ് ഫ്യൂഡലിസ്റ്റാശയഗതികളെ എതിർക്കുന്ന ഒരു സാഹിത്യ പുനരുദ്ധാനവും ഉണ്ടായത്. ഗ്രീക്ക്-റോമൻ സാഹിത്യങ്ങൾ

ഒരു പുതിയ ചൈതന്യത്തോടെ ഉയിർത്തെഴുന്നേറ്റു. ഏതാണ്ടിതേകാലത്തുതന്നെ ഇന്ത്യയിലും ഒരു നവോത്ഥാനത്തിന്റെ അല വീശാൻ തുടങ്ങുകയുണ്ടായി. 14-ാം നൂറ്റാണ്ടിലെ, ജാതിക്കെതിരായി രാമാനന്ദൻ നടത്തിയ പ്രക്ഷോഭങ്ങളും അതിനെത്തുടർന്നുകൊണ്ട് കബീർ പാടിയ പാട്ടുകളും പഴമയുടെ പിടുത്തത്തിൽ നിന്ന് മോചനം നേടാനുള്ള പരിശ്രമങ്ങളുടെ പ്രാരംഭങ്ങളാണ്. അക്ബറുടെ കാലമായപ്പോഴേക്കും പുതിയ സാമ്പത്തികാവശ്യങ്ങളെ പ്രതിഫലിപ്പിക്കത്തക്കവണ്ണം പ്രാദേശിക ഭാഷകൾ പലേടത്തും വളരാൻ തുടങ്ങി. നാട്ടുകാരിൽ നല്ലൊരു വിഭാഗത്തെ ആകർഷിക്കുന്ന കവികളും കവിതകളും ഉയർന്നുവന്നു. ഹിന്ദിയിൽ തുളസിദാസരാമായണവും മലയാളത്തിൽ തുഞ്ചത്തെഴുത്തച്ഛന്റെ രാമായണം കിളിപ്പാട്ടും ഈ കാലഘട്ടത്തെയാണ് കുറിക്കുന്നത്. ചുരുക്കത്തിൽ, സാമൂഹ്യവളർച്ചയുടെ നിയമങ്ങളനുസരിച്ച് ഇന്ത്യയിലും ക്ഷയോന്മുഖമായ നാടുവാഴി വ്യവസ്ഥയ്ക്കുള്ളിൽ മുതലാളിത്ത ശക്തികൾ വളർന്നുവരുന്നുണ്ടായിരുന്നു. പക്ഷേ, വിദേശമുതലാളികളുടെ ആക്രമണത്തിന്റെ ഫലമായി ഇന്ത്യയിൽ മുതലാളിത്തത്തിലേക്കുള്ള സ്വതന്ത്രമായ വളർച്ച തടയപ്പെട്ടു. പിന്നീട് 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ദേശീയമുതലാളിത്തത്തിനു വിദേശീയ മുതലാളിത്തത്തെ എതിർക്കാനാവശ്യമായ കെല്പുണ്ടായിത്തീരുകയും അങ്ങനെ ദേശീയബോധവും ദേശീയ പ്രസ്ഥാനങ്ങളും പടർന്നുപിടിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ മാത്രമാണ് ഇന്ത്യയിലെ വിവിധ ദേശീയ ജനവിഭാഗങ്ങൾക്കിടയിൽ പുതിയ കലകളും സാഹിത്യങ്ങളും അഭിവൃദ്ധിപ്പെട്ടു തുടങ്ങിയത്.

## 25 മുതലാളിത്തം

ആദ്യം പണക്കാർ കച്ചവടത്തിൽ മാത്രമാണ് കൂടുതൽ ശ്രദ്ധിച്ചിരുന്നത്. എന്നാൽ, കച്ചവടം വർദ്ധിച്ചപ്പോൾ ഉൽപാദനം വർദ്ധിക്കേണ്ടതാവശ്യമായിവന്നു. ഒറ്റയ്ക്കൊറ്റയ്ക്കു സ്വന്തമായ പണിയായുധങ്ങളുപയോഗിച്ച് ഉൾനാട്ടുകാരുണ്ടാക്കുന്ന ചരക്കുകളും കൈവേലക്കാരന്റെ നേതൃത്വത്തിൽ നലോ അഞ്ചോ ജർണിമെൻമാരുടെ സഹായത്തോടുകൂടിയുണ്ടാക്കുന്ന ചരക്കുകളും മതിയാവാതെ വന്നു. ഈ സാമൂഹ്യാവശ്യമാണ് മുതലാളിത്തരീതിയിലുള്ള ഉൽപാദനത്തെ സൃഷ്ടിച്ചത്. ഒറ്റയ്ക്കൊറ്റയ്ക്കു പണിയെടുക്കുന്നവരെ ഒരേ വർക്ഷോപ്പിൽ കൊണ്ടുവന്നു പണിയെടുപ്പിക്കുക എന്നതാണ് ആദ്യമുണ്ടായ മാറ്റം. ഓരോരുത്തരും ഓരോ സാധനം മുഴുവനും നിർമിക്കുന്നതിനുപകരം ഓരോ ഭാഗം മാത്രം പണിയുകയും അങ്ങനെ പ്രവൃത്തി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാം എല്ലാവരും കൂടി ഉണ്ടാക്കുകയും ചെയ്യുക എന്ന ഈ പുതിയ ഉൽപാദനരീതിക്ക് മാനുഫാക്ചർ (Manufacture) എന്നുപറയുന്നു. പക്ഷേ, ഇപ്രകാരം ആളുകളെ കൂട്ടംകൂട്ടമായി പണിയെടുപ്പിക്കുക എളുപ്പമായിരുന്നില്ല. മാർക്സ് എഴുതുന്നു: ‘നേരിട്ടുൽപാദനം നടത്തുന്നവന് അതായത് തൊഴിലാളിക്ക് തന്നെത്താൻ വിൽക്കാൻ കഴിയണമെങ്കിൽ ആദ്യമായി നിലത്തോടുള്ള തന്റെ ബന്ധം വിടർത്തിക്കിട്ടുകയും താൻ മറ്റൊരാളുടെ അടിമയോ അടിയാളനോ ദാസനോ അല്ലാതായിത്തീരുകയും ചെയ്യേണ്ടതാവശ്യമാണ്. കൂടാതെ, അവൻ ഗിൽഡുകളുടെ ഭരണത്തിൽനിന്നും ഗിൽഡുകളിലെ അപ്രൻറീസുമാർക്കും ജർണിമെൻമാർക്കും ഉള്ള ചട്ടങ്ങളിൽ നിന്നും ഗിൽഡുകളുടെ തൊഴിൽ നിയമങ്ങളാകുന്ന തടസങ്ങളിൽ നിന്നും രക്ഷനേടിക്കഴിഞ്ഞിരിക്കണം. എന്നാൽ മാത്രമേ ഒരു മാർക്കറ്റു കണ്ടെത്തുന്നിടത്തേക്കു തന്റെ ചരക്കും കൊണ്ടുപോകുന്ന ഒരു സ്വതന്ത്രനായ അദ്ധ്വാനശക്തി വിൽപനക്കാരനാവാൻ അവനു കഴിയുകയുള്ളൂ. അതുകൊണ്ട്, ഉൽപാദകന്മാരെ

കൂലിവേലക്കാരാക്കി മാറ്റുന്ന ചരിത്രപരമായ പ്രസ്ഥാനം ഒരുവശത്ത്, അടിയാള വ്യവസ്ഥയിൽ നിന്നും ഗിൽഡുകളുടെ ചങ്ങലക്കെട്ടിൽ നിന്നും ഉള്ള അവരുടെ മോചനമായി പ്രത്യക്ഷപ്പെടുന്നു. ഈയൊരു വശം മാത്രമേ നമ്മുടെ മുതലാളി ചരിത്രകാരന്മാർ കാണുന്നുള്ളൂ. എന്നാൽ മറുവശത്ത് തങ്ങളുടെ സ്വന്തമായ ഉല്പാദനോപകരണങ്ങളും പഴയ ഫ്യൂഡൽ ഏർപ്പാടുകൾ നൽകിയവയും ജീവിതം നിലനിർത്താനുപയോഗപ്പെടുന്നവയുമായ എല്ലാ ഉറപ്പുകളും തട്ടിപ്പറിക്കപ്പെട്ടശേഷമാണ് പുതുതായി സ്വാതന്ത്ര്യം കിട്ടിയ ഈ മനുഷ്യർ തങ്ങളെത്തന്നെ വിൽക്കുന്നവരായിത്തീർന്നത്. ഇതിന്റെ ചരിത്രം അവരെ തട്ടിപ്പറിച്ച കഥ മനുഷ്യചരിത്രത്തിന്റെ ഏടുകളിൽ തീയ് കൊണ്ടും ചോര കൊണ്ടുമുള്ള അക്ഷരങ്ങളിലാണെഴുതപ്പെട്ടിട്ടുള്ളത്.

പഴയ സാമൂഹ്യഘടനയിൽ നിന്നു പുതിയ മുതലാളിത്തപരമായ സാമൂഹ്യഘടനയിലേക്കുള്ള ഈ പരിവർത്തനം ചരിത്രത്തിലെ ഏറ്റവും ക്രൂരവും നിഷ്ഠൂരവും നികൃഷ്ടവുമായ ഒരദ്ധ്യായമാണ്. മാർക്സ് പറയുന്നപോലെ 'വ്യക്തിപരവും ചിന്നിക്കിടക്കുന്നതുമായ ഉൽപാദനോപകരണങ്ങളെ രൂപാന്തരപ്പെടുത്തിയത്, ഒരുപിടി ആളുടെ ചെറുസ്വത്തുക്കളെ ഒരു പിടി ആളുടെ കൂറ്റൻ സ്വത്തുക്കളായി രൂപാന്തരപ്പെടുത്തിയത്, ബഹുഭൂരിപക്ഷക്കാരായ ജനാവലിയുടെ പക്കൽനിന്നു നിലവും ജീവനസാമഗ്രികളും അദ്ധ്വാനോപകരണങ്ങളും തട്ടിപ്പറിച്ചെടുത്തത്. ഈ ഭയാനകവും വ്യസനകരവുമായ തട്ടിപ്പറിയാണ് മൂലധനചരിത്രത്തിന്റെ മുഖവുര'.

14-ഉം 15-ഉം നൂറ്റാണ്ടിൽത്തന്നെ മധ്യധരണ്യാഴി പ്രദേശങ്ങളിലെ ചില പട്ടണങ്ങളിൽ മുതലാളിത്തരീതിയിലുള്ള ഉൽപാദനത്തിന്റെ ആരംഭങ്ങൾ കാണാൻ കഴിയുമെങ്കിലും മുതലാളിത്ത കാലഘട്ടം ശരിക്കു തുടങ്ങുന്നത് 16-ാം നൂറ്റാണ്ടു മുതൽക്കാണ്. അപ്പോഴേയ്ക്കും മുതലാളികളുടെ വർക്ഷാപ്പുകൾ ഏറെക്കുറെ പ്രാബല്യം സിദ്ധിച്ചുകഴിഞ്ഞിരുന്നു.

പ്രസ്തുതകാലത്തു വലിയ വലിയ യന്ത്രങ്ങൾ ആവിർഭവിച്ചു കഴിഞ്ഞിരുന്നില്ല. വർക്ഷോപ്പുകളിലെ ഉൽപാദനം പ്രവൃത്തിവിഭജനത്തെ അടിസ്ഥാനപ്പെടുത്തിയ മാനുഫാക്ച്ചർ ആയിരുന്നു എങ്കിൽക്കൂടി ഈ പുതിയ ഉൽപാദനവ്യവസ്ഥയുടെ കീഴിൽ കച്ചവടത്തിനു കാര്യമായ പുരോഗതി ലഭിച്ചു. പുതിയ പുതിയ മാർക്കറ്റുകൾ ആവശ്യമായിരുന്നു. അമേരിക്കയുടെ ആവിഷ്കരണം നാണ്യനിർമാണത്തിനാവശ്യമായ സ്വർണവും വെള്ളിയും ധാരാളമായി കണ്ടുകിട്ടാൻ ഇന്ത്യ, ചൈന മുതലായ പൗരസ്ത്യ രാജ്യങ്ങളുമായുള്ള പുതിയ സമ്പർക്കം ഈ രാജ്യങ്ങളുമായുള്ള കച്ചവടം, വ്യാപാരസംബന്ധിയായ യുദ്ധങ്ങൾ —ഇവയെല്ലാം ഉൽപാദനത്തെ കൂടുതൽ വിപുലമാക്കാനുള്ള പരിതഃസ്ഥിതികൾ സൃഷ്ടിച്ചു.

കച്ചവടം വളർന്നപ്പോൾ കമ്പോളങ്ങൾക്കു പറ്റിയ പുതിയ രാജ്യങ്ങളുടെ കണ്ടുപിടുത്തം ആവശ്യമായിത്തീർന്നു. അങ്ങനെ പുതിയ രാജ്യങ്ങൾ കണ്ടുകിട്ടിയപ്പോൾ കച്ചവടത്തിനു പ്രോത്സാഹനം ലഭിച്ചു. പുതുതായിക്കിട്ടിയ ലോകമാർക്കറ്റുകളെ തൃപ്തിപ്പെടുത്താൻ കഴിയത്തക്കവണ്ണം കച്ചവടച്ചരക്കുകൾ കൂടുതൽ വേഗത്തിലും ധാരാളമായും നിർമിക്കാനാവശ്യമായ ഉൽപാദന പരിഷ്കാരങ്ങൾ അത്യാവശ്യമായിത്തീർന്നു. ചുരുക്കത്തിൽ നാടുവാഴി വ്യവസ്ഥയെ തകർത്ത് മുതലാളിത്തത്വത്തിന്റെ വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുക എന്നത് ചരിത്രത്തിന്റെ കടമയായിത്തീർന്നു. സയൻസിന്റെ സഹായത്തോടുകൂടിയാണ് ഈ കടമ നിർവഹിക്കപ്പെട്ടത്.

സയൻസ് സമുദായത്തിലെ ഉല്പാദനവ്യവസ്ഥയിലാകെ വിപ്ലവകരമായ ഒരു മാറ്റമുളവാക്കി. ഒരു കണ്ടുപിടുത്തം മറ്റൊരു കണ്ടുപിടുത്തത്തിനു വഴിതെളിച്ചു. 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിലാരംഭിച്ച ഈ പരിവർത്തനങ്ങൾക്കു വ്യവസായവി

പ്ലവമെന്നാണ് ചരിത്രകാരന്മാർ പേരിട്ടിട്ടുള്ളത്. ആദ്യമായി കേയ് (Kay) എന്ന ശാസ്ത്രജ്ഞൻ കണ്ടുപിടിച്ച പുതിയ ഓടം (Shuttle) മൂഗങ്ങളുടെ ഉല്പാദനക്ഷമതയെ വർദ്ധിപ്പിച്ചു. നെയ്ത്തിലുണ്ടായ ഈ പുരോഗതി, നൂൽനൂൽപ്പിന്റെ വേഗത്തെ വർദ്ധിപ്പിക്കാനുതകുന്ന ഒരു യന്ത്രത്തിന്റെ ആവശ്യകതയുളവാക്കി. ഹാർഗ്രേവിന്റെ നൂലുനൂല്പുയന്ത്രം (Spinning Jenny) ഈ ആവശ്യത്തെ നിർവഹിച്ചു. നൂൽനൂല്പിലുണ്ടായ ഈ പരിഷ്കരണം നെയ്ത്തുസമ്പ്രദായത്തെ വീണ്ടും പിന്നണിയിലാക്കി. കാർട്ട്റൈറ്റിന്റെ മഗം എന്ന പുതിയ നെയ്ത്തുയന്ത്രം ഈ കുറവു പരിഹരിച്ചു. ഇങ്ങനെ ഒന്നിനെത്തുടർന്നുകൊണ്ടു മറ്റൊന്നായി പല യന്ത്രങ്ങളും പ്രത്യക്ഷപ്പെട്ടു. അപ്പോഴേയ്ക്കും യന്ത്രങ്ങളെ നിർമ്മിക്കാനുള്ള വലിയ യന്ത്രങ്ങളുടെ ആവശ്യമുണ്ടായിത്തീർന്നു. യന്ത്രങ്ങളെ നടത്താൻ ആവിശക്തിയുപയോഗിക്കാമെന്നു ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചു. ജെയിംസ് വാട്ടിന്റെ സ്റ്റീം എഞ്ചിൻ ഇവിടെ പ്രസ്താവ്യമാണ്. ഇങ്ങനെ യന്ത്രങ്ങളെ അടിസ്ഥാനപ്പെടുത്തിയ ഉൽപാദനക്രമം അത്ഭുതപൂർവമാംവണ്ണം വികസിച്ചപ്പോൾ പിന്നണിയിൽ കിടന്നിരുന്ന ഗതാഗതമാർഗങ്ങളും കടത്തേർപ്പാടുകളും പരിഷ്കരിച്ചേ കഴിയൂ എന്നായി. തീവണ്ടിയും ആവിക്കപ്പലുകളും നിലവിൽ വന്നു. ഈ പുരോഗതികളുടെയെല്ലാമടിസ്ഥാനമെന്ന നിലയ്ക്കു കൽക്കരി വ്യവസായവും ഇരുമ്പു വ്യവസായവും അഭിവൃദ്ധിപ്പെട്ടു.

മുതലാളിത്തത്തിന്റെ അത്ഭുതാവഹമായ യന്ത്രപരിഷ്കാരങ്ങളെ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ ഇങ്ങനെ സംഗ്രഹിക്കുന്നു: 'കഷ്ടിച്ചൊരു നൂറുകൊല്ലത്തെ ഭരണകാലത്തിനുള്ളിൽ മുതലാളിവർഗം കഴിഞ്ഞുപോയ എല്ലാ തലമുറകളും കൂടി നിർമിച്ചവയേക്കാൾ വലിയവയും ഗംഭീരങ്ങളുമായ ഉൽപാദനശക്തികളെയാണ് സൃഷ്ടിച്ചിട്ടുള്ളത്. പ്രകൃതിശക്തികളെ മനുഷ്യനു കീഴ്പ്പെടുത്തൽ, യന്ത്രോപകരണങ്ങൾ, വ്യവസായത്തിനും കൃഷിക്കും രസായനശാസ്ത്രത്തെ ഉപയോഗപ്പെടുത്തൽ, ആവിക്കപ്പലുകൾ, തീവണ്ടികൾ, കമ്പിത്തപാൽ, കൃഷിചെയ്യാൻ വേണ്ടി വലിയ ഭൂപ്രദേശങ്ങളെ ഒന്നായി വെട്ടിത്തെളിയിക്കൽ, ജാലവിദ്യകൊണ്ടെന്നപോലെ വലിയ വലിയ ജനസമുദായങ്ങളെ പെട്ടെന്നു ഭൂമുഖത്തുയർത്തിക്കൊണ്ടുവരൽ —സാമൂഹ്യാദ്ധ്വാനത്തിന്റെ മടിത്തട്ടിൽ ഇത്തരം ഉല്പാദനശക്തികൾ ഉറങ്ങിക്കിടപ്പുണ്ടെന്നു മുമ്പേതൊരു നൂറ്റാണ്ടിനാണ് ഊഹിക്കാൻ പോലും കഴിഞ്ഞിട്ടുള്ളത്?'.

മുതലാളിത്തമെന്നാലെന്തെന്നു സി. പി. എസ്. യു. വിന്റെ ചരിത്രം വിവരിക്കുന്നു:

'മുതലാളിത്ത വ്യവസ്ഥയിൽ ഉല്പാദനബന്ധങ്ങൾക്കുള്ള അടിസ്ഥാനം മുതലാളിയാണ്. ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻ എന്നുള്ളതാണ്. പക്ഷേ, ഉല്പാദനം നടത്തുന്ന പ്രവൃത്തിക്കാരുടെ മേൽ —കൂലി വാങ്ങുന്ന തൊഴിലാളികളുടെ മേൽ —അയാൾക്ക് ഉടമസ്ഥാവകാശമില്ല. മുതലാളിക്ക് അവരെ വിൽക്കാനും വയ്യ, കൊല്ലാനും വയ്യ. കാരണം വ്യക്തികളെന്ന നിലയ്ക്ക് അവർ സ്വതന്ത്രരാണ്. എന്നാൽ, ഉല്പാദനോപകരണങ്ങളെല്ലാം അവരുടെ പക്കൽ നിന്നു പിടിച്ചെടുത്തിരിക്കുന്നതുകൊണ്ട് വിശപ്പുമൂലം മരിച്ചുപോകാതിരിക്കണമെങ്കിൽ അവർ തങ്ങളുടെ അദ്ധ്വാനശക്തിയെ മുതലാളിക്കു വിൽക്കണമെന്നുവരുന്നു. ചൂഷണത്തിന്റെ ഭാരം അവർ പേറണമെന്നു വരുന്നു.

സ്വന്തമായ പണിയായുധങ്ങളോ, ഉൽപാദനം നടത്താനുള്ള ഉപാധികളോ ഇല്ലാത്ത തൊഴിലാളിക്കു ജീവിക്കണമെങ്കിൽ തന്റെ അദ്ധ്വാനശക്തിക്കു മുതലാളിക്കു വിറ്റു കൂലി വാങ്ങുകയല്ലാതെ മറ്റു വഴിയൊന്നുമില്ല. മുതലാളിയാകട്ടെ, തന്റെ

ലാഭം വർദ്ധിപ്പിക്കാൻ വേണ്ടി തൊഴിലാളിയുടെ അദ്ധ്വാനശക്തിയെ അങ്ങേയറ്റം വരെ ഉപയോഗപ്പെടുത്തുന്നു. തൊഴിലാളിയെക്കൊണ്ട് കഴിയുന്നിടത്തോളമധികം പണിയെടുപ്പിക്കുകയും ആ അദ്ധ്വാനഫലത്തിൽ നിന്നു തൊഴിലാളിക്കു ജീവിക്കാനാവശ്യമായതു മാത്രം കൊടുത്തു മിച്ചമുള്ളതു മുഴുവൻ അപഹരിച്ചെടുക്കുകയും ചെയ്യുന്നു. തൊഴിലാളിയെ എത്രത്തോളമധികം ചൂഷണം ചെയ്യുന്നുവോ അത്രത്തോളമധികം മുതലാളിക്ക് ലാഭമാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ മുതലാളിയുടെ അഭിവൃദ്ധി തൊഴിലാളിയുടെ അധഃപതനമാണ്. ലാഭം സമ്പാദിക്കാൻവേണ്ടി മുതലാളിയും തന്റെ ജീവിതാവശ്യങ്ങൾ നേടാൻവേണ്ടി തൊഴിലാളിയും പരസ്പരം പോരടിക്കുന്നു. ഈ പരിതഃസ്ഥിതിയാണ് മുതലാളിത്ത സമുദായത്തിലെ അനിവാര്യമായ വർഗസമരത്തിനു മൂർച്ച കൂട്ടിയത്.

നമ്മൾ കണ്ടുകഴിഞ്ഞപോലെ മുതലാളിത്ത സമുദായത്തിൽ ആളുകളുടെ ഉപയോഗമല്ല മുതലാളിയുടെ ലാഭമാണ് ഉൽപാദനത്തിന്റെ പ്രേരകശക്തി. കൂടുതൽ ലാഭമുണ്ടാക്കാൻ പറ്റുന്നതെന്തോ അതു മാത്രമാണ് ഉൽപാദിപ്പിക്കപ്പെടുക. അതിലേയ്ക്കാണ് മൂലധനം ആകർഷിക്കപ്പെടുക. കൽക്കരി കുഴിച്ചെടുക്കുന്നതിനേക്കാൾ ലാഭകരം മറ്റൊന്നാണെങ്കിൽ കൽക്കരി ഭൂമിയിൽതന്നെ കിടക്കും. മനുഷ്യർക്കു നഗ്നത മറയ്ക്കാൻ തുണിവേണം. പക്ഷേ, തുണിയുടെ ഉൽപാദനം ആദായകരമല്ലെങ്കിൽ യന്ത്രങ്ങൾ ചലിക്കുകയില്ല. ജനങ്ങൾക്കാവശ്യമുണ്ട്. അസംസ്കൃത സാധനങ്ങളുണ്ട്, പണിയെടുക്കാൻ തയ്യാറുള്ളവർക്ക് യന്ത്രങ്ങളെടുത്തുപയോഗിച്ചുകൂടെ? പാടില്ല. യന്ത്രങ്ങൾ മുതലാളിയുടെ 'സ്വകാര്യ സ്വത്താ'ണ്. സ്വകാര്യസ്വത്തുടമയുടെ സ്ഥാപിത താൽപര്യങ്ങളെ കാത്തുരക്ഷിക്കാൻ കഴിയത്തക്ക വിധത്തിലാണ് വിദ്യാഭ്യാസവും സംസ്കാരവും കലകളും സാഹിത്യങ്ങളും പത്രങ്ങളും സിനിമയും റേഡിയോവും ചിന്താഗതികളുമെല്ലാം സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇവയുടെ പിന്നിൽ മുതലാളിത്തത്തിന്റെ സർവശക്തമായ ഭരണയന്ത്രവുമുണ്ട്. ഈ ഭരണയന്ത്രം വിപുലാധികാരങ്ങളോടുകൂടിയ ഉദ്യോഗസ്ഥമേധാവികളുടെയും ശക്തിയേറിയ പട്ടാളങ്ങളുടേയും സഹായത്തോടുകൂടി തന്റെ കരാളമായ കൈനഖങ്ങളെ ജനതാമദ്ധ്യത്തിലാഴ്ത്തിക്കൊണ്ടു നിലകൊള്ളുന്നു. ഇപ്രകാരം ഉല്പാദനോപകരണങ്ങളുടെ ഉടമകളായ മുതലാളികൾ സമുദായത്തിന്റെ ജീവിതത്തിലാകെ നിയന്ത്രണം ചെലുത്തുകയും സ്വകാര്യസ്വത്തിന്റെ 'പരിശുദ്ധനിയമങ്ങളെ' ചോദ്യം ചെയ്യാൻ മുതിരുന്നവരെയെല്ലാം ബലാൽക്കാരമായി അമർത്തിവെയ്ക്കുകയും ചെയ്യുന്നു.

മുതലാളിയുടെ നിയമസംഹിതയിൽ മുതലാളിയും തൊഴിലാളിയും ഒരുപോലെ സ്വതന്ത്രനാണ്, ഉള്ളവനും ഇല്ലാത്തവനും നിയമദൃഷ്ട്യാ സമന്മാരാണ്. അനത്തോലെ ഫ്രാൻസിന്റെ ഭാഷയിൽ 'നിയമം അതിന്റെ അന്തസ്സുകൂടിയ സമത്വബോധത്തോടെ കമാനങ്ങളുടെ ചുവട്ടിൽ കിടന്നുറങ്ങുന്നതിൽ നിന്നും അപ്പം മോഷ്ടിക്കുന്നതിൽ നിന്നും തെരുവുകളിൽ പിച്ചതെണ്ടുന്നതിൽ നിന്നും ധനികനേയും ദരിദ്രനേയും ഒരുപോലെ വിലക്കി നിർത്തുന്നു!'.

മുതലാളിത്ത സമുദായത്തിൽ മുതലാളിക്കും തൊഴിലാളിക്കും വ്യക്തിസ്വാതന്ത്ര്യമുണ്ട്—മുതലാളിക്കു തൊഴിലാളിയെ ചൂഷണം ചെയ്യാനും ലാഭമടിക്കുവാനുമുള്ള സ്വാതന്ത്ര്യം തൊഴിലാളിക്കു മുതലാളിയുടെ കമ്പനിയിൽ, മുതലാളിയുടെ യന്ത്രങ്ങളിന്മേൽ, മുതലാളിയുടെ ലാഭത്തിനുവേണ്ടി പണിയെടുക്കാനുള്ള സ്വാതന്ത്ര്യം! മുതലാളിയുടെ നിബന്ധനകളനുസരിക്കാനിഷ്ടമില്ലാത്ത തൊഴിലാളിക്ക് അപമാനം വിഴുങ്ങാനും പട്ടിണികിടന്നു ചാവാനുള്ള സ്വാതന്ത്ര്യം ഒരുപിടി മർദ്ദകന്മാർക്ക് കല, സാഹിത്യം മുതലായവയെ താലോലിച്ചുകൊണ്ട് അഭിവൃദ്ധിയുടെ

മണിമാളികകളിൽ അന്തസ്സു പുലർത്താനുള്ള സ്വാതന്ത്ര്യം. ബഹുഭൂരിപക്ഷക്കാരായ മർദ്ദിതന്മാർക്ക് കഷ്ടപ്പാടിലും കണ്ണീരിലും മുഴുകിക്കൊണ്ട് അജ്ഞതയുടെയും അന്ധകാരത്തിന്റെയും ചളിക്കുണ്ടിൽ കിടന്നുഴലാനുള്ള സ്വാതന്ത്ര്യം! അഹോ, എന്തൊരാരാദ്ധ്യമായ സ്വാതന്ത്ര്യം!

അപ്പോൾ മുതലാളിത്തത്തിന്റെ ജനനകാലത്തുയർന്നുവന്ന മഹനീയാദർശങ്ങൾ —സമത്വവും സ്വാതന്ത്ര്യവും സൗഭ്രാത്രവും —ഒരു വർഗത്തിന്റെ നന്മയ്ക്കുമാത്രമേ ഉപകരിക്കയുണ്ടായുള്ളൂ. മുതലാളിത്തം തുറന്നുവിട്ട വിസ്മയാവഹമായ സാങ്കേതികാഭിവൃദ്ധി ഭൂരിപക്ഷക്കാരായ മർദ്ദിതജനങ്ങളെ അനുഗ്രഹിക്കുകയുണ്ടായില്ല. സാംസ്കാരിക യുഗത്തിന്റെ ആരംഭം മുതൽക്ക് ഇടവിടാതെ വിവിധ രൂപത്തിൽ തുടർന്നുവരുന്ന വർഗമർദ്ദനം അവസാനിക്കുകയുണ്ടായില്ല. ഒരു മർദ്ദകവർഗത്തിന്റെ സ്ഥാനത്തു മറ്റൊരു മർദ്ദകവർഗം കയറിക്കൂടിയെന്നു മാത്രം.

## 26 സാമ്രാജ്യാധിപത്യം

ലാഭം വർദ്ധിപ്പിക്കാനും തങ്ങളുടെ ചരക്കുകൾ മറ്റുള്ളവരുടേതിനേക്കാൾ വേഗത്തിൽ വിറ്റഴിക്കാനും വേണ്ടി മുതലാളികൾ താന്താങ്ങളുടെ യന്ത്രങ്ങളെ അധികമധികം പരിഷ്കരിക്കുന്നു. അസംസ്കൃത സാധനങ്ങൾക്കുവേണ്ടിയും കമ്പോളങ്ങൾക്കുവേണ്ടിയും അവർ പരസ്പരം മത്സരിക്കുന്നു. ഈ ‘സ്വതന്ത്രമായ മത്സര’ത്തിൽ ചെറിയ മുതലാളി വലിയ മുതലാളിയുടെയും വലിയ മുതലാളി ഏറ്റവും വലിയ മുതലാളിയുടെയും ഇരയായിത്തീരുന്നു. മത്സരത്തിൽ തോറ്റമ്പുന്ന മുതലാളികൾ പാപ്പരത്തത്തിലേയ്ക്കു വഴുതിവീഴുന്നു. ഇങ്ങനെ, ഉല്പാദനോപകരണങ്ങൾ കുറച്ചുപേരുടെ കയ്യിൽ കേന്ദ്രീകരിക്കാൻ തുടങ്ങുന്നു. യന്ത്രങ്ങൾ വീണ്ടും പരിഷ്കരിക്കപ്പെടുന്നു. മുതലാളികൾ ഒറ്റയ്ക്കൊറ്റയ്ക്ക് വർക്ഷോപ്പുകൾ നടത്തിയിരുന്നേടത്ത് അനേകം മുതലാളികൾ ഒന്നിച്ചു ചേർന്നുകൊണ്ടുള്ള കമ്പനികൾ പ്രത്യക്ഷപ്പെടുന്നു. കമ്പനികൾ തമ്മിലും മത്സരം തുടങ്ങുന്നു. മത്സരത്തിൽ നിലകിട്ടാത്ത കമ്പനികൾ ദീപാളി കുളിക്കുന്നു. മൂലധനം പിന്നെയും കേന്ദ്രീകരിക്കുന്നു. ബാങ്കും പണമിടപാടുകളും ഈ കേന്ദ്രീകരണത്തെ ത്വരിതപ്പെടുത്തുന്നു. അനേകം മുതലാളികൾ പരസ്പരം മത്സരിച്ചിരുന്നേടത്ത് ഇപ്പോൾ ബാങ്കുകളുടെ പിൻബലത്തോടുകൂടിയ ഏതാനും കുറ്റൻ കമ്പനികൾ തമ്മിലുള്ള മത്സരമാണ് നടക്കുന്നത്. ഒടുവിൽ മത്സരം ലാഭത്തിന്റെ അടിസ്ഥാനത്തെ തകർക്കുമെന്ന ഘട്ടമെത്തുമ്പോൾ കൂറ്റൻ കമ്പനികൾ കുത്തകകളായി സംഘടിക്കുന്നു. പിന്നീടു കുത്തകകൾ തമ്മിലുള്ള മത്സരമായി. ബാങ്കുകളും വ്യവസായക്കമ്പനികളും കൂടിച്ചേർന്നുകൊണ്ടുണ്ടായ ഈ പടുകൂറ്റൻ കുത്തകകൾ സമുദായ ജീവിതത്തിന്റെ എല്ലാ തുറകളിലും നിയന്ത്രണം ചെലുത്തുന്നു.

മുതലാളിത്തത്തിന്റെ ഈ വികാസക്രമം ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ഒരുപോലെയല്ല സംഭവിച്ചിട്ടുള്ളതെന്നതു ശരിയാണ്. ഉത്പാദന ശക്തികൾ അസമമായ തോതിലാണ് വളർന്നു വരാറുള്ളത്. ചില രാജ്യങ്ങൾ മുതലാളിത്തത്തിലേക്ക് കാലെടുത്തുവയ്ക്കുമ്പോൾ മറ്റുചില രാജ്യങ്ങൾ നാടുവാഴി പ്രഭുത്വത്തിൽത്തന്നെ കിടക്കുന്നതു കാണാം. ഇംഗ്ലണ്ടിൽ ആദ്യമായി മുതലാളിത്തരീതിയിലുള്ള ഉല്പാദന വ്യവസ്ഥ സ്ഥാപിതമായ കാലത്തു യൂറോപ്പിലെ മറ്റു മിക്ക രാജ്യങ്ങളിലും ഫ്യൂഡലിസമാണ് നടമാടിയിരുന്നത്. എന്നാൽ ക്രമത്തിൽ പല രാജ്യങ്ങളും മുതലാളിത്തഘട്ടത്തിൽ പ്രവേശിക്കുകതന്നെ ചെയ്തു. ഇംഗ്ലണ്ടിലെന്നപോലെതന്നെ മറ്റു യൂറോപ്യൻ രാജ്യങ്ങളിലും മൂലധനം ഏതാനും കുറ്റൻ മുതലാളികളുടെ കയ്യിൽ കേന്ദ്രീകരിക്കാൻ തുടങ്ങി. വിവിധ രാജ്യങ്ങളിലെ കുത്തകക്കമ്പനികൾ സാർവലൗകികമായ

കൂട്ടുകെട്ടുകളിലേർപ്പെട്ടുകൊണ്ടു ഭൂഗോളത്തെ പങ്കുവെയ്ക്കാൻ വേണ്ടിയുള്ള പരിശ്രമങ്ങളിലേർപ്പെട്ടു. അങ്ങനെ ക്രമത്തിൽ ലോകം മുഴുവനും ഏതാനും മുതലാളി കുത്തകകളുടെ കോളനികളായി മാറി.

അസംസ്കൃതസാധനങ്ങൾ കൊണ്ടുവരാനും വ്യാവസായികോൽപന്നങ്ങൾ വിറ്റഴിക്കാനും മൂലധനം കയറ്റുമതി ചെയ്തു മിച്ചലാഭമടിക്കാനും പറ്റിയ രാജ്യങ്ങൾ ബാക്കിയില്ലെന്നാകുമ്പോൾ കോളനികളെ ബലാൽക്കാരമായി മാറ്റി പങ്കിടാനുള്ള ശ്രമങ്ങൾ നടക്കുകയായി. സർവശക്തങ്ങളായ കൂറ്റൻ കുത്തകകളുടെ നിയന്ത്രണത്തിലുള്ള വിവിധ രാജ്യങ്ങളിലെ ഭരണകൂടങ്ങൾ ചേരിതിരിഞ്ഞ് സാർവലൗകികമായ സംഘട്ടനങ്ങൾക്കൊരുങ്ങുകയായി. ഈ കാലഘട്ടത്തിനാണ് സാമ്രാജ്യാധിപത്യത്തിന്റെ കാലഘട്ടമെന്നു പറയുന്നത്.

ഇരുപതാം നൂറ്റാണ്ടോടുകൂടി ആരംഭിച്ച ഈ സാമ്രാജ്യാധിപത്യഘട്ടത്തിൽ സാർവലൗകിക സംഘട്ടനങ്ങളും സാമ്രാജ്യയുദ്ധങ്ങളും അനിവാര്യമായിത്തീരുന്നതെങ്ങനെ എന്നു സി. പി. എസ്. യു. വിന്റെ ചരിത്രം വിവരിക്കുന്നു.

'പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മുതലാളിത്തം അതിന്റെ ഏറ്റവും ഉന്നതമായ അവസാന ഘട്ടത്തിലേക്ക്—സാമ്രാജ്യാധിപത്യഘട്ടത്തിലേക്ക്—പ്രവേശിക്കുന്നതോടുകൂടി യുദ്ധങ്ങൾ വിശേഷിച്ചും ഉണ്ടാകാതിരിക്കാൻ വയ്യെന്നായിത്തീർന്നു. സാമ്രാജ്യാധിപത്യത്തിൻ കീഴിൽ അതിപ്രബലങ്ങളായ മുതലാളിത്ത കുത്തകക്കമ്പനികളും ബാങ്കുകളും മുതലാളിക്കോയ്മകളുടെ ജീവിതത്തിൽ പരമാധികാരം ചെലുത്താൻ തുടങ്ങി. വ്യവസായ മൂലധനത്തോടു ചേർന്ന ബാങ്കുമൂലധനം മുതലാളി രാജ്യങ്ങളുടെ യജമാനനായിത്തീർന്നു. ഈ പുതിയരൂപം കൈക്കൊണ്ട ബാങ്കുമൂലധനത്തിനാകട്ടെ പുതിയ കമ്പോളങ്ങൾ ആവശ്യമായി. പുതിയ കോളനികൾ ആവശ്യമായി. മൂലധനം കയറ്റി അയച്ചു നിക്ഷേപിക്കാനുള്ള പുതിയ രാജ്യങ്ങളും അസംസ്കൃത പദാർത്ഥങ്ങൾ കുറഞ്ഞവിലയ്ക്കു കിട്ടാനുള്ള പുതിയ സ്ഥലങ്ങളും ആവശ്യമായി.

'പക്ഷേ, പത്തൊമ്പതാം നൂറ്റാണ്ടവസാനിച്ചപ്പോഴേയ്ക്കും മുതലാളിത്ത രാജ്യങ്ങൾ തമ്മിൽ ഭൂഗോളമാകെ പങ്കുവെച്ചുകഴിഞ്ഞിരുന്നു. എങ്കിലും സാമ്രാജ്യത്വകാലഘട്ടത്തിൽ മുതലാളിത്തം തീരെ അസമമായ നിലയിലും എടുത്തുചാട്ടങ്ങളിലൂടെയുമാണ് വളരുന്നത്. അതായത്, ഇതുവരെ ഒന്നാംകിട സ്ഥാനത്തു നിന്നിരുന്ന രാജ്യങ്ങളിലെ വ്യവസായങ്ങൾ മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് വളരെ സാവധാനത്തിൽ മാത്രം വളരാൻ തുടങ്ങുന്നു. അതുപോലെതന്നെ ഇതുവരെ പിന്നണിയിലായിരുന്ന ചില രാജ്യങ്ങൾ അതിവേഗത്തിൽ എടുത്തുചാടി മറ്റുള്ളവയോടൊപ്പമെത്തി അവയെ കടന്നു മുന്നോട്ടു പോകുന്നു. ഇതിന്റെ ഫലമായി സൈന്യശക്തിയിലും സാമ്പത്തിക ശക്തിയിലും മുതലാളിത്തരാജ്യങ്ങൾ തമ്മിലുള്ള പരസ്പര ബന്ധത്തിൽ മാറ്റം വരുന്നു. അതോടുകൂടി ലോകത്തെ വീണ്ടും പങ്കുവെക്കുന്നതിനുള്ള ശ്രമം തുടങ്ങുകയായി. ഈ വീണ്ടുവിഭജനത്തിനുള്ള സമരം സാമ്രാജ്യയുദ്ധങ്ങളെ അനിവാര്യമാക്കിത്തീർത്തു.'

ഇതിനിടയിൽ മുതലാളിത്തത്തിന്റെ സഹജമായ വൈരുദ്ധ്യങ്ങൾക്കു മൂർച്ച കൂടിക്കൊണ്ടുവന്നു. ഒറ്റയ്ക്കൊറ്റയ്ക്കു ചിന്നിച്ചിതറിക്കൊണ്ടു വൈയക്തികമായ ഉൽപാദനം നടത്തിയിരുന്ന ആയിരമായിരം ചെറുല്പാദകന്മാരെ നശിപ്പിച്ചുകൊണ്ടാണല്ലോ മുതലാളിത്തം രംഗത്തു പ്രവേശിച്ചത്. അനേകായിരം പ്രവർത്തിക്കാരെ ഫാക്ടറികളിൽ കേന്ദ്രീകരിച്ചു വിപുലമായ തോതിൽ ചരക്കുകൾ ഉൽപാദിപ്പിക്കാനൊരുങ്ങിയ മുതലാളിത്തം ഉൽപാദനമെന്ന പ്രവർത്തിക്കു തന്നെ ഒരു സാമൂഹ്യ

സ്വഭാവം നൽകുകയാണ് ചെയ്തത്. പക്ഷേ, ഈ സാമൂഹ്യോൽപ്പാദനം സ്വകാര്യ സ്വത്തുടമയുടെയും വ്യക്തികളുടെ അവകാശത്തേയും അടിസ്ഥാനപ്പെടുത്തിയ ഉൽപാദനബന്ധങ്ങൾക്കുള്ളിലാണ് വികസിക്കുന്നത്. സമുദായത്തിന്റെ ഉൽപാദനത്തെ മുഴുവൻ ഏതാനും സ്വകാര്യവ്യക്തികൾക്കു കയ്യടക്കിവെക്കാൻ കഴിയുന്ന ഈ വ്യവസ്ഥയിൽ ഭൂരിപക്ഷക്കാരായ ബഹുജനങ്ങൾക്ക് ഇഷ്ടംപോലെ ചരക്കുകൾ വാങ്ങാനാവില്ലെന്ന് തീർച്ചയാണ്. ഉൽപ്പാദനത്തിലേർപ്പെട്ട തൊഴിലാളികൾക്കു കഷ്ടിച്ച് ജീവിതം പുലർത്താനാവശ്യമായതിലധികം കൂലി കൊടുക്കാതിരിക്കുന്ന മുതലാളിത്തത്തിന് അതിന്റെ ചരക്കുകൾ വിറ്റഴിക്കാൻ വയ്യാതാകുന്നു. ഒരുവശത്തു നാൾക്കുനാൾ വളർന്നുവരുന്ന ഉല്പാദനശക്തികൾ മറുവശത്തു ചരക്കുകൾ വാങ്ങാൻ കഴിയാതെ പട്ടിണിയിലും കഷ്ടപ്പാടിലും കിടന്നു ഞരങ്ങുന്ന തൊഴിലാളികളും മറ്റു ദരിദ്രജനവിഭാഗങ്ങളും. ഈ പൊരുത്തക്കേട് അമിതോൽപാദനമെന്ന് അറിയപ്പെടുന്ന സാമ്പത്തികക്കുഴപ്പങ്ങളിലൂടെയും സാർവത്രികമായ ക്ഷാമങ്ങളിലൂടെയും പൊട്ടിത്തെറിക്കുന്നു. ചരക്കുകൾ വിറ്റഴിക്കാൻ കഴിയാതെവരുന്ന ഇത്തരം ഘട്ടങ്ങളിൽ ഉൽപാദനത്തെ ബലാൽക്കാരമായി നിയന്ത്രിക്കാനും ഉൽപന്നങ്ങളെ കൽപിച്ചുകൂട്ടി നശിപ്പിക്കുവാനും മുതലാളികൾ നിർബന്ധിതരായിത്തീരുന്നു. സാമ്രാജ്യാധിപത്യ കാലഘട്ടത്തിലാകട്ടെ, മുതലാളിത്തത്തിന്റെ ഈ അധഃപതനം മൂർദ്ധന്യദശയിലെത്തുന്നു.

ഇങ്ങനെ ഒരുകാലത്ത് അഭിവൃദ്ധിയെ അഴിച്ചുവിട്ട മുതലാളിത്തം അഭിവൃദ്ധിയുടെ ശത്രുവായി മാറുന്നു. ഒരുകാലത്തു കൊഴുത്തുപുളച്ച് പുരോഗതിയിലേക്കു കുതിച്ചിരുന്ന മുതലാളിത്തം ഇപ്പോൾ മൂത്തു മുരടിച്ച പിന്തിരിപ്പൻ ശക്തിയായി മാറുന്നു. ഉൽപാദനശക്തികൾക്ക് ഇനി മുന്നോട്ടുപോകണമെങ്കിൽ നിലവിലുള്ള ഉല്പാദനബന്ധങ്ങളെ നശിപ്പിച്ചേ മതിയാവൂ എന്നാകുന്നു. ജനസാമാന്യത്തിന് ഇനി അഭിവൃദ്ധി ഉണ്ടാകണമെങ്കിൽ തങ്ങളെ കെട്ടിയിട്ട ചങ്ങല വലിച്ചുപൊട്ടിച്ചേ കഴിയൂ എന്നാകുന്നു. മുതലാളിത്തത്തെ തട്ടിത്തകർത്തു സോഷ്യലിസം സ്ഥാപിക്കാനുള്ള സമയം ആസന്നമായിത്തീരുന്നു. അതുകൊണ്ടത്രേ സാമ്രാജ്യാധിപത്യം തൊഴിലാളി വിപ്ലവങ്ങളുടെ കാലഘട്ടമാണെന്നു ലെനിൻ ഉൽഘോഷിച്ചത്.

സ്റ്റാലിൻ പ്രഖ്യാപിക്കുന്നു: 'ഒന്നുകിൽ മൂലധനത്തിന്റെ ചൊൽപ്പടിക്ക് അടിപണിയുക. മുമ്പത്തെപ്പോലെതന്നെ കഷ്ടപ്പാടിൽ കിടന്നു ഞരങ്ങുക. അധികമധികം അധഃപതിക്കുക; അല്ലെങ്കിൽ, ഒരു പുതിയ ആയുധം സ്വീകരിക്കുക. ഇതാണ് സാമ്രാജ്യാധിപത്യം ബഹുഭൂരിപക്ഷക്കാരായ തൊഴിലാളികളുടെ മുമ്പിൽവയ്ക്കുന്ന രണ്ടു മാർഗങ്ങൾ. സാമ്രാജ്യാധിപത്യം തൊഴിലാളികളെ വിപ്ലവത്തിലേക്കെത്തിക്കുന്നു'.

എന്നാൽ, സാമ്രാജ്യാധിപത്യകാലഘട്ടം തൊഴിലാളികളെ മാത്രമല്ല, കോളനിയിലെ ജനങ്ങളെയും ഇളക്കിവിടുന്നു. മുതലാളിത്തശക്തികളും കോളനികളും തമ്മിലുള്ള വൈരുദ്ധ്യം വർദ്ധിച്ചതെങ്ങനെ എന്നതിന് ഇന്ത്യയുടെ ചരിത്രം നല്ലൊരുദാഹരണമാണ്. പതിനേഴാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ മുതലാളികൾ ഇന്ത്യയുമായി കച്ചവടം ചെയ്യാൻ തുടങ്ങിയ കാലത്ത് ഇന്ത്യൻ നാടുവാഴി പ്രഭുത്വം ക്ഷയോന്മുഖമായിക്കഴിഞ്ഞിരുന്നു. അതിനാൽ ഇവിടെ നിലനിൽക്കുവാനും കച്ചവടത്തിന്റെ പേരിൽ ധാരാളം സ്വത്തു കൊള്ളയടിച്ചുണ്ടാക്കുവാനും അവർക്കു വലിയ ബുദ്ധിമുട്ടൊന്നുമുണ്ടായില്ല. ഇങ്ങനെ കൊള്ളയടിച്ചു കിട്ടിയ സ്വത്തുക്കളാണ് ഇംഗ്ലണ്ടിലെ വ്യവസായ വിപ്ലവത്തിന് പ്രോത്സാഹനം നൽകിയ പ്രധാനഘടകങ്ങളിലൊന്നെന്ന വസ്തുത ചരിത്രകാരന്മാർ സമ്മതിച്ചു കഴിഞ്ഞിട്ടുള്ളതാണ്. വ്യവസായ വിപ്ലവം ഇംഗ്ലണ്ടിനെ ഏറ്റവും വലിയ മുതലാളിത്തരാജ്യമാക്കിമാറ്റി. വ്യവസായ മു

തലാളികൾക്കു തങ്ങളുടെ ഉൽപാദനത്തെ കൂടുതൽ വളർത്തുവാൻ കോളനികളുടെ സഹായം അത്യാവശ്യമായിത്തീർന്നു. ഈ അവസരത്തിലാണ് ഇംഗ്ലീഷു മുതലാളികൾ ഇന്ത്യയിലെ നാശോന്മുഖമായ നാടുവാഴിഭരണത്തെ തകർത്തു തങ്ങളുടെ അധികാരശക്തി ഉറപ്പിക്കാൻ മുതിർന്നത്. ഫ്യൂഡലിസത്തിന്റെ സവിശേഷതയായ കുടിൽവ്യവസായങ്ങളേയും കൈവേലകളെയും ബലംപ്രയോഗിച്ചു നശിപ്പിച്ചു തങ്ങളുടെ വ്യവസായച്ചരക്കുകൾ ഇന്ത്യയിലേക്കു ധാരാളമായി ഇറക്കുമതി ചെയ്യാനവർക്കു സാധിച്ചു. പക്ഷേ, ഇത്ര വിദൂരമായ ഒരു രാജ്യത്തിൽ ആയുധശക്തികൊണ്ടുമാത്രം നാട്ടുമുതലാളിത്തത്തിന്റെ വളർച്ചയെ തടഞ്ഞുനിർത്താനും പൊതുജനങ്ങളുടെ പ്രക്ഷോഭണങ്ങളെ അടക്കി അമർത്താനും അവർക്ക് സാധ്യമായിരുന്നില്ല. അതുകൊണ്ടത്രേ തോൽപ്പിക്കപ്പെട്ടുകഴിഞ്ഞ നാടുവാഴികളുടെ കൂട്ടുപിടിച്ചുകൊണ്ടുള്ള ഒരു ഭരണസമ്പ്രദായം നടപ്പിൽ വരുത്തുവാൻ അവർ തയ്യാറായത്. എങ്കിലും വ്യവസായ മുതലാളിത്തത്തെത്തുടർന്നുകൊണ്ടുള്ള കുത്തകമുതലാളിത്ത കാലഘട്ടത്തിൽ ഇവിടെ മൂലധനം നിക്ഷേപിച്ചു തങ്ങളുടെ ലാഭം വർദ്ധിപ്പിക്കാൻ ബ്രിട്ടീഷ് മുതലാളികൾ ഒരുങ്ങിയപ്പോൾ നാട്ടുമുതലാളിത്തം മെല്ലെമെല്ലെ തലയുയർത്താൻ തുടങ്ങി. ബ്രിട്ടീഷു മുതലാളിത്തത്തിന്റെ മത്സരങ്ങളോടെതിരിട്ടുകൊണ്ടും നാട്ടുവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാനും ശക്തിപ്പെടുത്താനും വേണ്ടിയുള്ള ദേശീയസ്ഥാപനങ്ങളും സ്വാതന്ത്ര്യസമരങ്ങളും വളർന്നുവരുവാൻ തുടങ്ങി.

മുതലാളിത്തശക്തികളും കോളനികളും തമ്മിലുള്ള വൈരുദ്ധ്യം വിപ്ലവത്തെ ത്വരിതപ്പെടുത്തുന്നതെങ്ങനെ എന്നു സ്റ്റാലിൻ വിവരിക്കുന്നു:

‘വിസ്തൃതമായ കോളനികളിലും അടിമരാജ്യങ്ങളിലും നിവസിക്കുന്നവരായ കോടിക്കണക്കിലുള്ള ജനങ്ങളുടെ മേൽ നടത്തപ്പെടുന്ന ഏറ്റവും നഗ്നമായ ചൂഷണവും ഏറ്റവും മൃഗീയമായ മർദ്ദനവുമാണ് സാമ്രാജ്യാധിപത്യം. ഈ ചൂഷണത്തിന്റെയും ഈ മർദ്ദനത്തിന്റെയും ഉദ്ദേശ്യം മിച്ചലാഭം പിഴിഞ്ഞെടുക്കുക എന്നതാണ്. എന്നാൽ, രാജ്യങ്ങളെ ഈ ചൂഷണം ചെയ്യുന്നതിനിടയിൽ ഇവിടെങ്ങളിൽ റെയിൽവേകളും ഫാക്ടറികളും മില്ലുകളും നിർമ്മിക്കുവാൻ വ്യാവസായികവും വ്യാപാരപരവുമായ കേന്ദ്രങ്ങൾ സൃഷ്ടിക്കുവാൻ, സാമ്രാജ്യാധിപത്യം നിർബന്ധമായിത്തീരുന്നു. ഒരു തൊഴിലാളിവർഗത്തിന്റെ ആവിർഭാവം, ഒരു നാടൻ ബുദ്ധിജീവി വിഭാഗത്തിന്റെ ഉൽഭവം, ദേശീയബോധത്തിന്റെ ഉദയം, സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ വളർച്ച —ഇവയൊക്കെയാണ് ഈ ‘നയ’ത്തിന്റെ അനിവാര്യഫലങ്ങൾ. ഒന്നൊഴിയാതെ, എല്ലാ കോളനികളിലും അടിമരാജ്യങ്ങളിലും ഉള്ള വിപ്ലവപ്രസ്ഥാനത്തിന്റെ വളർച്ച, ഈ യാഥാർത്ഥ്യത്തെ വ്യക്തമാംവണ്ണം തെളിയിക്കുന്നു. ഈയൊരു പരിതഃസ്ഥിതി തൊഴിലാളിവർഗത്തിന് പ്രാധാന്യമുള്ളതാണ്. എന്തുകൊണ്ടെന്നാൽ ഈ കോളനികളേയും അടിമരാജ്യങ്ങളേയും സാമ്രാജ്യാധിപത്യത്തിന്റെ കരുതൽ ധനം എന്ന നിലയിൽനിന്ന് തൊഴിലാളിവിപ്ലവത്തിന്റെ കരുതൽ ധനമാക്കി മാറ്റുകയും അങ്ങനെ മുതലാളിത്തത്തിന്റെ അടിത്തറയ്ക്ക് ഒരു കാര്യമായ തുരങ്കം വയ്ക്കുകയും ചെയ്യുന്നു’.

മുതലാളിവർഗം അവരുടെ ആരംഭകാലത്ത് പുരോഗമനപരമായ ഒരു പങ്കു വഹിച്ചിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. സമുദായഘടനയുടെ മൗലികഘടകമായ സാമ്പത്തികരംഗത്തിൽ അവർ നാടുവാഴി പ്രഭുത്വത്തെ ഉടച്ചുതകർക്കുകയും വ്യക്തിപരമായ സ്വകാര്യസ്വത്തിന്റെ ഉടമാവകാശത്തിന്മേൽ അടിയുറച്ച മുതലാളിത്ത സമ്പ്രദായമേർപ്പെടുത്തുകയും ചെയ്തു. രാഷ്ട്രീയരംഗത്തിൽ അവർ രാജത്വത്തെ നശിപ്പിച്ചുകളയുകയും വ്യക്തിപരമായ അഭിപ്രായസ്വാതന്ത്ര്യത്തെ അടിസ്ഥാനപ്പെ

ടുത്തിയുള്ള ജനാധിപത്യമെന്നു പറയപ്പെടുന്ന പാർലമെൻറു ഭരണം സ്ഥാപിക്കുകയും ചെയ്തു. മതവിഷയത്തിൽ, ജന്മിത്വത്തിന്മേലും രാജത്വത്തിന്മേലും പറ്റിപ്പിടിച്ചു ജീവിച്ചിരുന്ന പൗരോഹിത്യത്തെ അവർ തുരത്തിക്കളയുകയും മുതലാളിത്തപരമായ സ്വകാര്യസ്വത്തിന്റെ നിലനിൽപിനു പറ്റിയ ഒരു പുതിയതരം പൗരോഹിത്യത്തെ അനുവദിക്കുകയും ചെയ്തു. വാണിജ്യവിഷയത്തിൽ സ്വകാര്യസ്വത്തിന്റെ വർദ്ധനവിന്മേൽ അടിയുറച്ച കച്ചവടത്തെ അവർ ലോകത്തിലാസകലം വ്യാപിപ്പിച്ചു. വ്യവസായരംഗത്തിൽ അവർ കുടിൽവ്യവസായങ്ങളെ ത്യാജ്യകോടിയിൽ തള്ളിക്കളയുകയും വമ്പിച്ച യാന്ത്രിക വ്യവസായ പദ്ധതികൾ നടപ്പിൽ വരുത്തുകയും ചെയ്തു. കൃഷിയിലും അവർ യാന്ത്രികപരിഷ്കാരത്തെ ഉപയോഗിക്കുകയും അങ്ങനെ ഭൂമിയുടെ വിളവിനെ പതിന്മടങ്ങു വർദ്ധിപ്പിക്കുകയും ചെയ്തു. ജന്മിത്വത്തിന്റെ മർദ്ദനമേറ്റു നരകിച്ചിരുന്ന കൃഷിക്കാരെ ഒന്നുകിൽ അവർ തങ്ങളുടെ വ്യവസായശാലകളിൽ ജോലിക്കാരായ തൊഴിലാളികളാക്കി മാറ്റി. അല്ലെങ്കിൽ അവരെ സ്വതന്ത്രന്മാരായ കൃഷിക്കാരാകാൻ അനുവദിച്ചു. ചിന്താവിഷയത്തിൽ അവർ ചിന്തയുടെ സ്വാതന്ത്ര്യത്തെ പൊക്കിപ്പിടിക്കുകയും മനുഷ്യന്റെ ശാസ്ത്രീയവിജ്ഞാനത്തിന്റെ പരിധിയെ വികസിപ്പിക്കുകയും ചെയ്തു. സാംസ്കാരികരംഗത്തിൽ അവർ ക്ലാസ്സിസത്തെ പമ്പകടത്തി, റൊമാൻറിസിസത്തെ നിർമ്മിച്ചു. ഇതൊക്കെയാണ് മുതലാളിത്തം പൊതുവിൽ ലോകത്തിനു നൽകിയ സംഭാവനകൾ.

എന്നാൽ, സാമ്രാജ്യത്വകാലഘട്ടമാകുമ്പോഴേയ്ക്കും മുതലാളിത്ത സമ്പ്രദായത്തിന്റെ ആന്തരമായ ഘടന ആകമാനം ചിതലുകയറി പൊളിഞ്ഞുതുടങ്ങുന്നു. പൊളിഞ്ഞുതുടങ്ങിയ മുതലാളിത്തം കാട്ടിക്കൂട്ടുന്ന മരണ വികൃതികളാണ് സാമ്രാജ്യത്വം എന്നുപറയാം. അത് ആദ്യം സൃഷ്ടിച്ച നന്മകളെ അതുതന്നെ നശിപ്പിക്കാൻ തുടങ്ങുന്നു. ചരിത്രം മുന്നോട്ടുവെച്ച ഓരോ അടിയും അതിപ്പോൾ പിന്നോട്ടുവെയ്ക്കണമെന്നാണ് സാമ്രാജ്യത്വത്തിന്റെ ശാഠ്യം. ജനപ്രതിനിധി സഭകളേയും പാർലമെൻറുകളേയും അതു പല്ലിളിച്ചുകാണിക്കുന്നു. ജനാധിപത്യഭരണമെന്ന തത്വം തന്നെ അസംബന്ധമാണെന്നും അപ്രായോഗികമാണെന്നും അതു പറയാൻ തുടങ്ങുന്നു. ബഹുജനങ്ങൾക്കു ബുദ്ധിയില്ലെന്ന് അതു വാദിക്കുന്നു. (മുതലാളിത്തം പുരോഗമനപരമായിരുന്ന കാലത്ത് നേരെമറിച്ചായിരുന്നു അതിന്റെ വാദം.) സ്ത്രീകൾക്ക് കുട്ടികളെ പ്രസവിക്കലും അടുക്കളപ്പണിയും മാത്രമാണ് പറ്റിയ പണികളെന്ന് അതുപറയുന്നു. ബഹുജനങ്ങളെ ചൂഷണം ചെയ്യുന്ന കാര്യത്തിൽ അത് ജന്മിത്വത്തിന്റെയും പൗരോഹിത്യത്തിന്റെയും എല്ലാത്തരം അന്ധവിശ്വാസങ്ങളുടെയും ബുദ്ധിമാന്ദ്യങ്ങളുടെയും സൗഹാർദ്ദം സമ്പാദിക്കുന്നു. സാമ്രാജ്യത്വം കാലഹരണം വന്ന എല്ലാത്തരം പുരാതനമനോഭാവങ്ങളുടെയും എല്ലാത്തരം സംസ്കാരശൂന്യങ്ങളായ പദ്ധതികളുടെയും ഉറ്റബന്ധുവാണ്. അത് ആധുനികശാസ്ത്രത്തെ, ആധുനികപരിഷ്കാരത്തെ, മനുഷ്യന്റെ ബുദ്ധിശക്തിയുടെ വളർച്ചയെ നിഷേധിക്കുന്നു.

മുതലാളിത്തത്തിന്റെ അവസാനത്തെ കുറിക്കുന്ന ഈ കാലഘട്ടത്തിൽ വർഗസംഘട്ടനങ്ങൾകൊണ്ടും സർവവ്യാപകമായ ദാരിദ്ര്യംകൊണ്ടും സമുദായജീവിതമാകെ മലീമസമായിത്തീരുന്നു. സാംസ്കാരിക മൂല്യങ്ങൾ കെട്ടഴിയാൻ തുടങ്ങുന്നു. വഞ്ചനയും കളവും പിടിച്ചുപറിയും പട്ടിണിയും വ്യഭിചാരവും നാടെങ്ങും പരന്നുപിടിക്കുന്നു.

ഇതെല്ലാം ഒരു കാര്യം വ്യക്തമാക്കുന്നു. മനുഷ്യന് ഇനി പുരോഗതി വേണമെങ്കിൽ നേടിക്കഴിഞ്ഞ വിഭവങ്ങളെ ശരിക്കുപയോഗപ്പെടുത്താനും നേടാനിരിക്കുന്ന സാദ്ധ്യതകളെ പ്രായോഗികമായി നടപ്പിൽ വരുത്താനും സാധിക്കണമെങ്കിൽ

ഉൽപാദനശക്തികളുടെ വളർച്ചയെ തടഞ്ഞുനിർത്തുന്ന ഉൽപാദനബന്ധങ്ങളെ നശിപ്പിക്കണം. മുതലാളിത്തത്തെ തട്ടിത്തകർത്തു പുരോഗതിയെ സഹായിക്കുന്ന പുതിയൊരു സാമൂഹ്യഘടന സ്ഥാപിക്കണം. എന്നാൽ ചരിത്രത്തോടു നന്ദിപറയുക, ഫ്യൂഡലിസത്തെ നശിപ്പിക്കാനുള്ള ശക്തികൾ ഫ്യൂഡലിസ്റ്റ് വ്യവസ്ഥയ്ക്കുള്ളിൽ നിന്നുതന്നെ വളർന്നു വന്നതുപോലെ, മുതലാളിത്തത്തെ നശിപ്പിക്കാൻ കരുത്തുള്ള ശക്തികൾ മുതലാളിത്ത വ്യവസ്ഥയ്ക്കുള്ളിൽത്തന്നെ വളർന്നുവരാൻ തുടങ്ങി.

## 27 തൊഴിലാളിവർഗം ഒരു സാമൂഹ്യശക്തി

മുതലാളിത്ത സാമൂഹ്യഘടനയുടെ അഭേദ്യഭാഗങ്ങളാണ് മുതലാളിയും തൊഴിലാളിയും. മുതലാളിയോടൊപ്പം തൊഴിലാളിയും രംഗപ്രവേശം ചെയ്യുന്നു. മുതലാളിത്തത്തിന്റെ വളർച്ചയോടൊപ്പം തൊഴിലാളിവർഗവും വളരുന്നു.

റൂസോവും വോൾട്ടയറും തോമസ്പെയിനും കാർലൈലും മറ്റു പുരോഗമനവാദികളും സ്വാതന്ത്ര്യത്തിന്റെ ശംഖനാദം മുഴക്കിയപ്പോൾ ഫ്യൂഡലിസത്തിനെതിരായി സ്വാതന്ത്ര്യസമരം നടത്തിക്കൊണ്ടിരുന്ന മുതലാളി മാത്രമല്ല, ആവേശഭരിതനായിത്തീർന്നത്, മുതലാളികളുടെ കാൽച്ചുവട്ടിൽക്കിടന്നു മർദ്ദനമനുഭവിക്കുന്ന തൊഴിലാളികൾക്കും തങ്ങളുടെ സ്വന്തം മോചനത്തിനുവേണ്ടിയുള്ള സമരത്തിൽ ആവേശം ലഭിച്ചു. പൊതുശത്രുവായ ഫ്യൂഡലിസത്തിനെതിരായി പോരാടുന്നതോടൊപ്പം തന്നെ തൊഴിലാളികൾ തങ്ങളുടെ വർഗ്ഗതാൽപര്യങ്ങളെ സംരക്ഷിക്കാൻ മുതലാളിക്കെതിരായും സമരം നടത്തി, കൂലി, ജീവിതസൗകര്യങ്ങൾ മുതലായവയ്ക്കുവേണ്ടിയും രാഷ്ട്രീയാധികാരത്തിനു വേണ്ടിയും അവർ യുദ്ധംവെട്ടി. മുതലാളിത്തത്തിന്റെ ചരിത്രം വാസ്തവത്തിൽ മുതലാളിയും തൊഴിലാളിയും തമ്മിലുള്ള വർഗസമരത്തിന്റെ ചരിത്രമാണ്. ഫ്യൂഡലിസത്തിനെതിരായ മുതലാളികളുടെ സമരത്തോടൊപ്പം സ്വതന്ത്രമായ തൊഴിലാളി പ്രക്ഷോഭങ്ങളും വളർന്നുവന്നിട്ടുള്ളതെങ്ങനെയെന്ന് എംഗൽസ് വിവരിക്കുന്നു.

'ആരംഭം മുതൽക്കുതന്നെ മുതലാളിവർഗം അതിന്റെ എതിർശക്തിയുമായി കൂടിച്ചേർന്നുകൊണ്ടാണ് മുന്നോട്ടുവന്നിട്ടുള്ളത്. മുതലാളികൾക്കു കൂലിവേലക്കാരായ തൊഴിലാളികളെ കൂടാതെ നിലനിൽക്കാനാവില്ല; മദ്ധ്യകാലത്തെ ഗിൽഡിയിലെ കൈത്തൊഴിലുടമസ്ഥൻ നവീന മുതലാളിയായി വളർന്നുവന്നു. അതേ തോതിൽതന്നെ, ഗിൽഡിലെ ജർണിമെന്മാരും ഗിൽഡുകൾക്കു പുറത്തുള്ള കൂലിവേലക്കാരും തൊഴിലാളി വർഗവുമായി വളർന്നുവന്നു. ആകെക്കൂടി നോക്കുമ്പോൾ, പ്രഭുവർഗത്തിനെതിരായ തങ്ങളുടെ സമരത്തിൽ മുതലാളിവർഗത്തിന് അക്കാലത്തെ വിവിധ തൊഴിലാളി വിഭാഗങ്ങളുടെ താൽപര്യങ്ങളുടെ പ്രാതിനിദ്ധ്യവും കൂട്ടത്തിൽ അവകാശപ്പെടാൻ കഴിഞ്ഞിരുന്നുവെന്നതു ശരിയാണ്. എങ്കിലും മഹത്തായ ഓരോ മുതലാളി പ്രസ്ഥാനത്തിലും ആധുനിക തൊഴിലാളിവർഗത്തിന്റെ ഏറെക്കുറെ വളർച്ചയെത്തിയ മുൻഗാമികളുടെ സ്വതന്ത്രപ്രക്ഷോഭങ്ങളും ഉണ്ടായിട്ടുണ്ട്. പുനരുത്ഥാനത്തിന്റെയും (Reformation) കർഷകയുദ്ധത്തി (Peasant War)ന്റെയും കാലത്തു ജർമ്മിനിയിലുണ്ടായ തോമസ് മുൻസറുടെ പ്രസ്ഥാനഗതിയും മഹത്തായ ഇംഗ്ലീഷുവിപ്ലവത്തിന്റെ നിരപ്പു പ്രസ്ഥാനക്കാരും (Levellers) ഫ്രഞ്ചുവിപ്ലവത്തിലെ ബേബുവും ഇപ്പറഞ്ഞതിനുദാഹരണങ്ങളാണ്'.

ഒറ്റയ്ക്കൊറ്റയ്ക്കു നിൽക്കുമ്പോൾ തൊഴിലാളികൾ കേവലം അശക്തരാണ്. നിസഹായരാണ്. എന്നാൽ ഒരു വർഗമെന്ന നിലയ്ക്കു സംഘടിച്ചു പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ അവർക്ക് അത്ഭുതപൂർവ്വവും നിസ്തുലവുമായ ശക്തി ലഭിക്കുന്നു. തങ്ങളുടെ

സ്വന്തം അനുഭവങ്ങളുടെയും തങ്ങളുടെ പൂർവ്വികന്മാരുടെ ഇടവിടാതെയുള്ള സമരാനുഭവങ്ങളുടെയും ജ്ഞാനത്തോടുകൂടി ബോധപൂർവം പ്രവർത്തിക്കാൻ തുടങ്ങുമ്പോഴാകട്ടെ, അവരുടെ ശക്തി അജയ്യമായിത്തീരുന്നു.

ആദ്യകാലത്തെ തൊഴിലാളിസമരങ്ങൾ നീചവും നിഷ്ഠൂരവുമായ വിധത്തിൽ അടിച്ചമർത്തപ്പെടുകയാണുണ്ടായത്. ലുഡൈറ്റ് പ്രക്ഷോഭവും ഡോർക്കസ്റ്റർ തൊഴിലാളികളുടെ പ്രക്ഷോഭവും ചാർട്ടിസ്റ്റ് പ്രസ്ഥാനവും ലിയാൻസിലെ ലഹളയും പാരീസിലെ തൊഴിലാളിവിദ്രോഹവും എല്ലാം പരാജയപ്പെടുകയാണു ഉണ്ടായത്. പക്ഷേ, ഈ പരാജയങ്ങളുടെ അനുഭവങ്ങളിൽ നിന്നു കൂടുതൽ സംഘടിതമായി പ്രവർത്തിക്കാനും പരിതഃസ്ഥിതികൾക്കനുസരിച്ചു സമരത്തിന്റെ അടവുകൾ നിർണയിക്കാനും സർവോപരി തൊഴിലാളി വർഗത്തിന്റെ മോചനസിദ്ധാന്തങ്ങളെപ്പറ്റിയും ശാസ്ത്രീയ പ്രവർത്തനമാർഗ്ഗങ്ങളെപ്പറ്റിയും പഠിക്കുവാനും അവർക്കു സാധിച്ചു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ആദ്യകാലത്തെ പരാജയങ്ങളിലൂടെ തൊഴിലാളി വർഗത്തിന്റെ സമരങ്ങൾക്കു പരിപക്വതയും ശാസ്ത്രീയാടിസ്ഥാനവും ലഭിച്ചു.

തൊഴിലാളികളുടെ സമരങ്ങളോടൊപ്പം അവരുടെ ആശയങ്ങളും പരിപക്വമായിക്കൊണ്ടുവന്നു. 18ാം നൂറ്റാണ്ടിലെയും 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലെയും യൂറോപ്യൻ ചിന്തകന്മാർ തൊഴിലാളി സമരങ്ങളുടെ വളർച്ചയെത്താത്ത കാലഘട്ടത്തെയാണ് പ്രതിനിധീകരിക്കുന്നത്. അതിനാൽ അവരുടെ സോഷ്യലിസ്റ്റാശയങ്ങൾ അപക്വങ്ങളും അശാസ്ത്രീയങ്ങളുമായിരുന്നു. നിലവിലുള്ള ഭൗതികപരിതഃസ്ഥിതികളല്ല, കൂടുതൽ കാര്യമായ ജീവിതം വേണമെന്ന ആശയമായിരുന്നു അവരുടെ സോഷ്യലിസത്തിന്റെ അടിസ്ഥാനം. എന്നാൽ 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലമായപ്പോഴേയ്ക്കും തൊഴിലാളികൾ ഒരു വർഗമെന്ന നിലയ്ക്കു ശക്തിപ്പെടുകയും അവരുടെ ആശയങ്ങൾ പരിപുഷ്ടമായിത്തീരുകയും ചെയ്തു. ഈ ഘട്ടത്തിലത്രേ ശാസ്ത്രീയ സോഷ്യലിസം അഥവാ മാർക്സിസം ആവിർഭവിച്ചത്. യൂറോപ്യൻ ചിന്തകന്മാരുടെ ആവേശങ്ങളും പക്ഷേ, അപക്വങ്ങളുമായ സങ്കൽപസ്വപ്നങ്ങളെ തെളിഞ്ഞ വർഗസമരത്തിന്റെ തീച്ചൂളയിൽവെച്ചു രൂപപ്പെടുത്തുകയും അങ്ങനെ അവയെ ശാസ്ത്രീയ സോഷ്യലിസമാക്കി വളർത്തുകയും ചെയ്തു മാർക്സും എംഗെൽസും ചരിത്രത്തിന്റെ മുമ്പിൽ ഒരു പുതിയ പരിപാടി സമർപ്പിച്ചു. സാമൂഹ്യവളർച്ചയുടെ ഭൗതികപരിതഃസ്ഥിതികളിൽ നിന്നാണ് സോഷ്യലിസത്തിന്റെ ഉപാധികൾ ഉത്ഭവിക്കുന്നതെന്നും ചരിത്രപരമായ ഈ വികാസക്രമത്തെ സുഗമമാക്കുകയും സഹായിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുക എന്നതാണ് സോഷ്യലിസ്റ്റാശയഗതികൾക്കുള്ള സ്ഥാനമെന്നും അവർ തുറന്നു പറഞ്ഞു. മുതലാളിത്ത സമുദായത്തിൽ ഉല്പാദനശക്തികളും ഉൽപാദനബന്ധങ്ങളും തമ്മിലുള്ള അനിവാര്യമായ വൈരുദ്ധ്യത്തെ അവസാനിപ്പിക്കണമെങ്കിൽ ഉല്പാദനോപകരണങ്ങളെ സമുദായത്തിന്റെ പൊതുസ്വത്താക്കി മാറ്റുകയല്ലാതെ ഗത്യന്തരമില്ലെന്നും തങ്ങളുടെ വിപ്ലവപ്രവർത്തനങ്ങളിലൂടെ ഈ മഹത്തായ പ്രവൃത്തി നിർവ്വഹിക്കുകയാണ് തൊഴിലാളിവർഗത്തിന്റെ ചരിത്രപരമായ കടമയെന്നും അവർ ഉത്ഘോഷിച്ചു. മനുഷ്യന്റെ ചിന്താഗതികൾകൊണ്ടും ആശയങ്ങൾകൊണ്ടും മാത്രം ചരിത്രത്തെ മാറ്റി മറിക്കാനാവില്ല. ചരിത്രശക്തികളെ വിശകലനം ചെയ്തു മനസിലാക്കുകയും ഓരോ ഘട്ടത്തിലും ആ ചരിത്രശക്തികളുടെ ബലാബലങ്ങൾക്കനുയോജ്യമായ വിധത്തിൽ, സാമൂഹ്യവളർച്ചയെ ത്വരിതപ്പെടുത്താനുതകുന്ന പ്രായോഗിക പ്രവർത്തനങ്ങളിൽ സജീവമായ പങ്കു വഹിക്കുകയും വേണം. മാർക്സിന്റേയും ഏംഗൽസിന്റേയും ഈ ശാസ്ത്രീയ സോഷ്യലിസ്റ്റാശയങ്ങൾ തൊഴിലാളിവർഗത്തിന്റെ സമരത്തിൽ ആവേശകരമായ പു

തിയൊരദ്ധ്യായം വെട്ടിത്തുറന്നു. തൊഴിലാളി വർഗത്തിന്റെ മുന്നണിഭാഗമായ മാർക്സിസ്റ്റ് പാർട്ടികൾ തൊഴിലാളിവർഗത്തെയും മറ്റു ദരിദ്രജനവിഭാഗങ്ങളേയും സംഘടിപ്പിച്ചണിനിരത്തിക്കൊണ്ട് മുതലാളിത്തത്തെ തകർത്തു. സോഷ്യലിസം സ്ഥാപിക്കുവാൻ വേണ്ടിയുള്ള വിപ്ലവ പരിശ്രമങ്ങളാരംഭിച്ചു. മുതലാളിത്തത്തിന്റെ അധഃപതനഘട്ടമായ സാമ്രാജ്യാധിപത്യം തലയുയർത്തിയപ്പോഴേയ്ക്കും തൊഴിലാളിവർഗത്തിന്റെ വിജയത്തിനു പറ്റിയ എല്ലാ പരിതഃസ്ഥിതികളും നിലവിൽവന്നു. തൊഴിലാളി വിപ്ലവങ്ങളുടെ കാലഘട്ടം ആവിർഭവിച്ചു.

19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്തുതന്നെ മാർക്സ് തന്റെ സുപ്രസിദ്ധമായ 'മൂലധനം' എന്ന ഗ്രന്ഥത്തിൽ മുതലാളിത്തത്തിന്റെ അനിവാര്യമായ ഗതിക്രമത്തെപ്പറ്റി ഇങ്ങനെ എഴുതുകയുണ്ടായി. മുതലാളിത്തമേധാവികളുടെ എണ്ണം തുടർച്ചയായി കുറഞ്ഞുകൊണ്ടുവരുന്നതോടൊപ്പം ...... കഷ്ടപ്പാട്, മർദനം, അടിമത്തം, അധഃപതനം, ചൂഷണം മുതലായവ വർദ്ധിച്ചുകൊണ്ടുവരുന്നു. എന്നാൽ, ഇതോടൊപ്പം എണ്ണത്തിൽ എല്ലായിപ്പോഴും പെരുകിക്കൊണ്ടുവരുന്നവരും അച്ചടക്കമുള്ളവരും ഒന്നിച്ചു നിൽക്കുന്നവരും മുതലാളിത്തോല്പാദനത്തിന്റെ ഗതിക്രമത്താൽത്തന്നെ സംഘടിതരായിത്തീരുന്നവരും ആയ ഒരു വർഗത്തിന്റെ വിദ്രോഹങ്ങളും വർദ്ധിച്ചുകൊണ്ടു വരുന്നു. മുതലാളിത്തത്തോടൊപ്പം ഉൽഭവിച്ചു മുതലാളിത്തത്തിൻകീഴിൽ പരിപുഷ്ടമായിക്കൊണ്ടുവന്ന ഉല്പാദനരീതിയുടെ മേൽ മൂലധനക്കുത്തക ഒരു വിലങ്ങായിത്തീരുന്നു. ഉല്പാദനോപകരണങ്ങളുടെ കേന്ദ്രീകരണവും അദ്ധ്വാനത്തിന്റെ സാമൂഹ്യസ്വഭാവവും ഒടുവിൽ മുതലാളിത്തപരമായ പുറന്തോടിനുള്ളിൽ ഒതുങ്ങി നില്പാൻ കഴിയാത്ത അത്തരമൊരു ഘട്ടത്തിലെത്തിച്ചേരുന്നു. ഈ പുറന്തോടു പൊട്ടിത്തെറിക്കപ്പെടുന്നു. മുതലാളിത്തപരമായ സ്വകാര്യ സ്വത്തുടമയുടെ മരണമണിയടിക്കുന്നു. തട്ടിപ്പറിക്കാർ തട്ടിപ്പറിക്കപ്പെടുന്നു.

മാർക്സിന്റെ ഈ പ്രവചനം യാഥാർത്ഥ്യത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായിരുന്നുവെന്ന് 20-ാം നൂറ്റാണ്ടു തെളിയിച്ചു. 1917 നവംബറിൽ, മരണമടുത്ത സാമ്രാജ്യശക്തികൾ സാർവ്വലൗകികമായ ഒരു മഹായുദ്ധത്തിൽ ഏർപ്പെട്ടിരുന്ന സന്ദർഭത്തിൽ ലോകത്തിന്റെ ആറിലൊരുഭാഗം വരുന്ന റഷ്യ മുതലാളിത്തത്തിന്റെ പിടിയിൽ നിന്നു മോചനം നേടി. ലെനിന്റെയും സ്റ്റാലിന്റെയും നേതൃത്വത്തിൽ റഷ്യയിലോ ബോൾഷെവിക്കു പാർട്ടി തൊഴിലാളിവർഗ്ഗത്തേയും കൃഷിക്കാർ, ഇടത്തരക്കാർ തുടങ്ങിയ മറ്റു മർദ്ദിതജനവിഭാഗങ്ങളെയും സംഘടിപ്പിച്ചുകൊണ്ടു നടത്തിയ മഹത്തായ വിപ്ലവം വിജയിച്ചു. മുതലാളികളുടെയും ജന്മിമാരുടെയും ഭരണം ശാശ്വതമല്ലെന്നു തെളിയിച്ചുകൊണ്ടു മർദ്ദിതരായ തൊഴിലാളിവർഗം ഭരണാധികാരിവർഗമായി മാറി. ഉല്പാദനോപകരണങ്ങളിന്മേലുള്ള മുതലാളിത്തപരമായ ഉടമാവകാശം ഇല്ലാതായാൽ ഉൽപാദനം മുമ്പേ നിലച്ചുപോകുമെന്ന മുതലാളി ധനശാസ്ത്രജ്ഞന്മാരുടെ കള്ളപ്രചാരവേലകളെ വെല്ലുവിളിച്ചുകൊണ്ടു 17 കോടി ജനങ്ങൾ പുതിയൊരു യുഗത്തിലേക്ക്—സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥയിലേക്ക് കാലെടുത്തുവച്ചു. ലെനിൻ പ്രഖ്യാപിച്ചു: ധനികന്മാരിൽ നിന്നു ദരിദ്രന്മാർക്കുവേണ്ടി, ചൂഷകന്മാരിൽ നിന്ന് അദ്ധ്വാനിക്കുന്നവർക്കുവേണ്ടി, റഷ്യയെ നമ്മൾ നേടിക്കഴിഞ്ഞിരിക്കുന്നുവെന്നു ബോൾഷെവിക്കു പാർട്ടിക്കാരായ നമ്മൾ റഷ്യാക്കാർക്കു ബോദ്ധ്യപ്പെടുത്തിക്കൊടുത്തിരിക്കുന്നു.

## 28 സോഷ്യലിസത്തിലൂടെ കമ്മ്യൂണിസത്തിലേക്ക്

ഒരുകാര്യം ഇവിടെ എടുത്തു പറയേണ്ടതുണ്ട്. മുതലാളിത്തഭരണത്തെ തട്ടിത്തകർത്ത നിമിഷത്തിൽത്തന്നെ വർഗരഹിതമായ കമ്മ്യൂണിസ്റ്റ് സമുദായം ആവിർഭവിക്കുകയുണ്ടായില്ല; അത് സാദ്ധ്യവുമല്ല. പഴയ സമുദായ ഘടന ഇട്ടേച്ചുപോയ ഭൗതികവും ആശയപരവുമായ അവശിഷ്ടങ്ങളെ പാടേ തുടച്ചുനീക്കിയാൽ മാത്രമേ പുതിയ സമുദായഘടന വിജയിക്കുകയുള്ളൂ. അതുകൊണ്ടത്രേ മുതലാളിത്തത്തിനും കമ്മ്യൂണിസത്തിനുമിടയിൽ തൊഴിലാളി സർവാധിപത്യമെന്ന ഒരിടക്കാലഘട്ടം അനിവാര്യമാണെന്ന് മാർക്സിസ്റ്റ് നേതാക്കന്മാർ ഊന്നിപറഞ്ഞത്. മുതലാളിത്തത്തെ വീണ്ടെടുക്കാൻ ശ്രമിക്കുന്ന ആഭ്യന്തരവും ബാഹ്യവുമായ എല്ലാ പിന്തിരിപ്പൻ ശക്തികളേയും ബലം പ്രയോഗിച്ചമർത്തുക; ഭൂരിപക്ഷക്കാരായ സാധുകൃഷിക്കാരുമായി സൗഹാർദ്ദബന്ധത്തിലേർപ്പെട്ടുകൊണ്ട് പട്ടണങ്ങളിൽ നിന്നും ഉൾനാട്ടുകളിൽനിന്നും മുതലാളിത്തത്തിന്റെ അവശിഷ്ടങ്ങളെ പരിപൂർണ്ണമായി നശിപ്പിക്കുക; നിലം, ഫാക്ടറി, റയിൽവെ, ബാങ്ക് മുതലായ ഉല്പാദനോപകരണങ്ങളെ ലാഭക്കൊതിയന്മാരായ മുതലാളികളുടെ കയ്യിൽനിന്ന് പിടിച്ചെടുത്ത് പൊതുവുടമയിൻ കീഴിലാക്കുക; യന്ത്രോപകരണങ്ങളുടെ സഹായത്തോടുകൂടി വലിയനിലയിൽ കൂട്ടുകൃഷിയേർപ്പെടുത്തുക; ജനങ്ങളുടെ ജീവിതത്തോതുയർത്താനുതകുന്ന വിധത്തിൽ ഉൽപാദനങ്ങളെ മേൽക്കുമേൽ വർദ്ധിപ്പിക്കുക; പുതിയ സാമൂഹ്യഘടനയ്ക്കൊത്തമട്ടിൽ ജനങ്ങൾക്കു വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പരിശീലനങ്ങൾ നൽകുക; ചുരുക്കത്തിൽ കമ്മ്യൂണിസ്റ്റ് സാമൂഹ്യവ്യവസ്ഥയ്ക്കുള്ള പൂർവോപാധികൾ സൃഷ്ടിക്കുക —ഇവയൊക്കെയാണ് തൊഴിലാളി സർവാധിപത്യം നിർവഹിക്കുന്ന പ്രവൃത്തികൾ.

തൊഴിലാളി സർവാധിപത്യമെന്നത് കമ്മ്യൂണിസ്റ്റ് വിരോധികളാക്ഷേപിക്കാറുള്ളതുപോലെ, ഒരു ചെറിയ 'ക്ലിക്കി'ന്റെയോ സ്വേച്ഛാധികാര പ്രമത്തരായ ഒരുപിടി കമ്മ്യൂണിസ്റ്റുകാരുടെയോ ഭരണമല്ല. ഏറ്റവും വിപുലമായ തോതിൽ ഏറ്റവുമധികം ജനങ്ങൾക്കു സജീവമായി പങ്കെടുക്കാൻ കഴിയുന്നതും ഏറ്റവുമധികം ജനങ്ങളുടെ പരിപൂർണവിശ്വാസമർഹിക്കുന്നതുമായ ഒരു ഭരണവ്യവസ്ഥയാണത്. 'ഓരോ വെപ്പുകാരി പെണ്ണും ഭരണയന്ത്രം തിരിക്കാൻ പഠിക്കണ'മെന്ന് ലെനിൻ പ്രഖ്യാപിച്ചത് വെറുതേയല്ല. പക്ഷേ, ഒരു കാര്യം ശരിയാണ്; അദ്ധ്വാനിക്കുന്നവരുടേതായ ആ ഭരണവ്യവസ്ഥയിൽ ചൂഷകവർഗക്കാരായ ജന്മി മുതലാളികൾക്ക് സ്ഥാനമില്ല. അവർ അടിച്ചമർത്തപ്പെടുന്നു; അവരുടെ അവശേഷങ്ങൾ നിർദ്ദയം തുടച്ചുനീക്കപ്പെടുന്നു. ന്യൂനപക്ഷക്കാർ ഭൂരിപക്ഷക്കാരുടെ മേൽ നടത്തുന്ന സ്വേച്ഛാധിപത്യത്തിന്റെ സ്ഥാനത്ത് ബഹുഭൂരിപക്ഷക്കാർ ഒരു ചെറുന്യൂനപക്ഷത്തിന്റെ മേൽ നടത്തുന്ന സർവ്വാധിപത്യം ഇങ്ങനെയാണ് റഷ്യയിൽ സ്ഥാപിതമായത്.

1917-ലെ വിപ്ലവത്തെത്തുടർന്നുകൊണ്ട് റഷ്യയിൽ ഒരു സുസംഘടിതമായ തൊഴിലാളി സർവാധിപത്യം സ്ഥാപിതമായിരുന്നില്ലെങ്കിൽ, രാജ്യത്തിലെ മുഴുവൻ ജനങ്ങളുടേയും സർവതോമുഖമായ സ്വാതന്ത്ര്യങ്ങളെ കാത്തുരക്ഷിക്കുന്നതും ലോകത്തിലെ മറ്റേത് ഭരണവ്യവസ്ഥയേക്കാളുമേറെ ജനാധിപത്യപരവുമായ സ്റ്റാലിൻ ഭരണഘടന (1936ലെ പുതിയ ഭരണഘടന) നിലവിൽ വരുമായിരുന്നില്ല. മർദ്ദകവർഗക്കാരുടെ സ്വാതന്ത്ര്യങ്ങളെ തകർത്ത് നശിപ്പിക്കാനുതകുന്ന ഒരു ഉറച്ചനയം കൈക്കൊണ്ടിരുന്നെങ്കിൽ മർദ്ദകനും മർദ്ദിതനുമില്ലാത്ത സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുവാൻ സോവിയറ്റ് ജനതയ്ക്ക് സാധ്യമാകുമായിരുന്നില്ല; സോവിയറ്റ് ജനത വർഗരഹിതമായ കമ്മ്യൂണിസ്റ്റ് സമുദായത്തിലേക്ക് പ്രവേശിക്കുവാൻ തുടങ്ങുകയാ

യി എന്ന് 1939ൽ പ്രഖ്യാപിക്കുവാൻ സഖാവ് മോളട്ടോവിന് സാധിക്കുമായിരുന്നില്ല. രണ്ടാം ലോകമഹായുദ്ധത്തിന്റെ ആഘാതങ്ങളേറ്റ് ലോകത്തിലെ മുതലാളിരാഷ്ട്രങ്ങൾ ഒന്നിനുമേലൊന്നായി തകർന്നു തവിടുപൊടിയായിക്കൊണ്ടിരുന്നപ്പോൾ യാതൊരു പതറിച്ചയും കൂടാതെ സ്വതന്ത്രങ്ങളായ വ്യത്യസ്ത ദേശീയ ജനവിഭാഗങ്ങളെ ഒരഭികാമ്യമായ സൗഹാർദ്ദബന്ധത്തിലിണക്കിച്ചേർത്തുകൊണ്ട് അധികമധികം ശക്തിപ്പെടുവാനും ഭൂലോകത്തെ മുഴുവൻ ചുടലക്കളമാക്കി മാറ്റാനൊരുമ്പെട്ട ഫാസിസ്റ്റ് പിശാചുക്കളോടു പടവെട്ടി വിജയിക്കുവാനും സോവിയറ്റ് യൂണിയന് കഴിയുമായിരുന്നില്ല.

സ്വന്തം സുഖസൗകര്യങ്ങൾക്കുവേണ്ടി സ്വത്ത് സമ്പാദിക്കാനും വിദ്യാഭ്യാസവും സംസ്കാരവും നേടാനും മേൽക്കുമേൽ അഭിവൃദ്ധിപ്പെടാനും സോവിയറ്റ് യൂണിയനിലെ ഓരോ വ്യക്തിക്കും സ്വാതന്ത്ര്യമുണ്ട്. ഒരു സ്വാതന്ത്ര്യം മാത്രമില്ല —ഉൽപാദനോപകരണങ്ങളെ സ്വകാര്യസ്വത്താക്കി വെച്ചുകൊണ്ട് മറ്റുള്ളവരുടെ അദ്ധ്വാനഫലത്തെ ചൂഷണം ചെയ്തു ലാഭമടിക്കാനുള്ള സ്വാതന്ത്ര്യം. മടിയന്മാരുടെയും തട്ടിപ്പറിക്കാരുടെയും സ്വാതന്ത്ര്യമല്ല അദ്ധ്വാനിക്കുന്നവരുടേയും മര്യാദക്കാരുടെയും സ്വാതന്ത്ര്യമാണ് സോവിയറ്റ് യൂണിയനിലുള്ളത്. ആയിരമായിരം കൊല്ലങ്ങളായി ചരിത്രത്തിന്റെ ഏടുകളിൽ ഇടവിടാതെ ചോര പുരട്ടിക്കൊണ്ടുവന്ന വർഗസംഘടനകളെ എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കുകയും വർഗരഹിതമായ ഒരു പുതിയ സമുദായത്തിലേക്കു പ്രവേശിക്കാൻ ജനങ്ങൾക്കു സൗകര്യമുണ്ടാക്കിക്കൊടുക്കുകയുമാണ് സോവിയറ്റ് യൂണിയൻ ചെയ്തത്. യജമാനനും, അടിമയും, നാടുവാഴിയും, അടിയാളനും, മുതലാളിയും, തൊഴിലാളിയും, ചുരുക്കത്തിൽ, മർദ്ദിതനും, മർദ്ദിതനുമില്ലാത്ത ഈ പുതിയ സമുദായത്തിൽ എല്ലാർക്കും സമത്വമുണ്ട്, സൗഭ്രാത്രമുണ്ട്. പരസ്പരം സഹകരിച്ചുകൊണ്ടും സ്നേഹിച്ചുകൊണ്ടും ഉൽപാദനത്തേയും സംസ്കാരത്തേയും കൂടുതൽ വികസിപ്പിക്കാനുള്ള സാധ്യതകളുമുണ്ട്. അതുകൊണ്ടത്രേ വിശ്വമഹാകവി രവീന്ദ്രനാഥടാഗോർ 1938ൽ മോസ്കോവിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ ഇങ്ങനെ പ്രഖ്യാപിച്ചത്:

'ആധുനിക സംസ്കാരത്തിൻകീഴിൽ മനുഷ്യന്റെ വ്യക്തിത്വം സമുദായത്തിൽ നിന്നും വേറിട്ടുകൊണ്ട് ഒരുതരം കൂട്ടിനുള്ളിൽ കഴിച്ചുകൂട്ടുന്നതുപോലെ കാണപ്പെടുന്നു. ഈ ദുസ്ഥിതിയെ നിങ്ങളുടെ രാജ്യത്തിൽനിന്നു നിങ്ങൾ നീക്കം ചെയ്തു കഴിഞ്ഞിരിക്കുന്നു. വ്യക്തിക്ക് ഒരു പൂർണമായ ജീവിതവും തികഞ്ഞ വിദ്യാഭ്യാസവും ഉണ്ടാവണമെന്നുള്ള എന്റെ സ്വന്തം സ്വപ്നവും നിങ്ങളുടെ ആശയങ്ങളും മിക്കവാറും ഒരുപോലെയുള്ളവയാണ്. നിങ്ങളുടെ നാട്ടിൽ വ്യക്തിക്ക് ശാസ്ത്രീയവിദ്യാഭ്യാസം നൽകുക മാത്രമല്ല നിങ്ങൾ ചെയ്യുന്നുള്ളൂ; നിങ്ങളവനെ ക്രിയാത്മകത്വം നിറഞ്ഞ ഒരു വ്യക്തിയാക്കിത്തീർക്കുകകൂടി ചെയ്യുന്നു. ഇപ്രകാരം മനുഷ്യസമുദായത്തിന്റെ ഏറ്റവും മഹത്തായ, ഏറ്റവും സമുന്നതമായ, സ്വപ്നത്തെ നിങ്ങൾ അനുഭവത്തിൽക്കൊണ്ടുവരികയാണ്'.

സാമൂഹ്യമായ ഉൽപാദനവും വ്യക്തിപരമായ ഉടമസ്ഥാവകാശവും തമ്മിലുള്ള വൈരുദ്ധ്യത്തേയും ഈ വൈരുദ്ധ്യത്തിന്റെ ഫലമായുണ്ടാവുന്ന മറ്റു കുഴപ്പങ്ങളേയും പരിഹരിക്കുക എന്നതാണ് സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ചരിത്രപരമായ പങ്ക്. നിലം, ഖനികൾ, റെയിൽവെ, ഫാക്ടറി മുതലായ ഉൽപാദനോപകരണങ്ങളെ സ്വകാര്യ ഉടമാവകാശികളിൽ നിന്നു പിടിച്ചെടുത്തു പൊതുവുടമയിൻകീഴിൽ പുനഃസംഘടിപ്പിച്ചാൽമാത്രമേ ഉൽപാദന വിതരണങ്ങളിലുള്ള കിടമത്സരങ്ങളേയും അരാജകത്വങ്ങളേയും അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ. ഉൽപാദനോപകരണങ്ങൾ

സമുദായത്തിന്റെ പൊതുസ്വത്തായിത്തീർന്നാൽ മാത്രമേ ഉൽപാദനത്തിൽ സാമൂഹ്യമായ നിയന്ത്രണം ചെലുത്താനും ദേശവ്യാപകമായ തോതിൽ നിശ്ചിതപ്ലാനുകളനുസരിച്ച് ഉൽപാദനശക്തികളെ അനിയന്ത്രിതമാംവണ്ണം വളർത്തുവാനും സാധിക്കുകയുള്ളൂ. ഈ തത്വം തികച്ചും അംഗീകരിച്ചതുകൊണ്ടാണ് സാമ്പത്തികമായും സാംസ്കാരികമായും അധഃപതിച്ചുകിടന്നിരുന്ന റഷ്യ ഒരു കാൽനൂറ്റാണ്ടുകാലം കൊണ്ട് ലോകത്തിലെ ഏറ്റവും മുന്നണിയിലുള്ള വ്യവസായ രാജ്യങ്ങളോടുപോലും കിടനിൽക്കുന്ന ഇന്നത്തെ സോവിയറ്റു യൂണിയനായി മാറിയത്.

ഏതാണ്ട് ഇന്നത്തെ ഇന്ത്യയെപ്പോലെ ഏറ്റവും പിന്നണിയിൽ കിടന്നിരുന്ന ഒരു രാജ്യമായിരുന്നു സാറിസ്റ്റ് റഷ്യ. 1913ൽ ലെനിൻ എഴുതുകയുണ്ടായി: 'ദാരിദ്ര്യവിവശരും അപരിഷ്കൃതവുമായ റഷ്യ ഇപ്പോഴും അവിശ്വസനീയവും എങ്ങും കേട്ടിട്ടില്ലാത്തതുമായ അത്ര പിന്നണിയിലുള്ള ഒരു രാജ്യമാണ്. ഇന്നു റഷ്യയിലുള്ള നവീനോല്പാദനോപകരണങ്ങൾ ഇംഗ്ലണ്ടിലുള്ളതിന്റെ നാലിലൊന്നും ജർമനിയിലുള്ളതിന്റെ അഞ്ചിലൊന്നും അമേരിക്കയിലുള്ളതിന്റെ പത്തിലൊന്നും മാത്രമാണ്.' ഈ ദയനീയ നില വ്യക്തമാക്കിയതിനുശേഷം അദ്ദേഹം തന്റെ വിരൽ ജന്മി മുതലാളിവർഗക്കാരുടെ നേർക്കു ചൂണ്ടി. 'അവർ തങ്ങളുടെ മർദ്ദനം വഴി ആകെയുള്ള ജനങ്ങളുടെ ആറിൽ അഞ്ചുഭാഗത്തേയും ദാരിദ്ര്യത്തിന്നിരയാക്കുന്നു; രാജ്യത്തെ മുഴുവനും വളർച്ചമുട്ടിയ ഒരവസ്ഥയിലേക്കും അധഃപതനത്തിലേക്കും പിടിച്ചുതള്ളുന്നു'. ഒന്നാംലോക മഹായുദ്ധവും അതിനെത്തുടർന്നുണ്ടായ ആഭ്യന്തരകലഹവും സാമ്രാജ്യശക്തികളുടെ ഇടങ്കോലിടൽ യുദ്ധവും റഷ്യയുടെ ഈ അധഃപതിച്ച സാമ്പത്തികക്രമത്തെ കൂടുതൽ താറുമാറാക്കിത്തീർത്തു. രാജ്യത്തിലങ്ങോളമിങ്ങോളം പട്ടിണിയും പകർച്ചവ്യാധികളും ക്ഷാമങ്ങളും നടമാടാൻ തുടങ്ങി. സാറിസ്റ്റ് താന്തോന്നിത്ത ഭരണത്തിന്റെ പൈതൃകമായ ഈയൊരു പരിതഃസ്ഥിതിയിലാണ് ലെനിന്റെയും സ്റ്റാലിന്റെയും നേതൃത്വത്തിലുള്ള ബോൾഷെവിക്കു പാർട്ടി 17 കോടി ജനങ്ങളെ സോഷ്യലിസത്തിലേക്കു നയിക്കാൻ മുതിർന്നത്.

സോഷ്യലിസ്റ്റ് ഘടന ഫലപ്രദമായി കെട്ടിപ്പടുക്കണമെങ്കിൽ ജനകീയ നിയന്ത്രണത്തിലായിക്കഴിഞ്ഞ ഉൽപാദന വ്യവസ്ഥയെ മേൽക്കുമേൽ അഭിവൃദ്ധിപ്പെടുത്തിയേ മതിയാവൂ എന്നു സോവിയറ്റു നേതാക്കന്മാർ മനസിലാക്കി. വൻകിട യന്ത്രങ്ങളുപയോഗിച്ച് വ്യവസായവും കൃഷിയും പൂർവ്വാധികം വളർത്താൻ വേണ്ടിയുള്ള എല്ലാ ഒരുക്കങ്ങളും അവർ ചെയ്യാൻ തുടങ്ങി. വൻകിട വ്യവസായങ്ങളുടെ അടിസ്ഥാനമെന്ന നിലയ്ക്ക് ആദ്യമായി വിദ്യുച്ഛക്തി നിർമാണം പ്രോത്സാഹിപ്പിക്കപ്പെട്ടു. അങ്ങനെ 1928 ആകുമ്പോഴേക്കും ഒന്നാം പഞ്ചവത്സരപദ്ധതി നടപ്പിൽ വരുത്താനുള്ള പരിതഃസ്ഥിതിയുളവായി. പഞ്ചവത്സരപദ്ധതിയെന്നതു ജനങ്ങളുടെ തലയിൽ ബലാൽക്കാരമായി ഗവണ്മെൻറ് വെച്ചുകെട്ടുന്ന ഒരു ഏർപ്പാടല്ല. നേരെമറിച്ച് മുഴുവൻ ജനങ്ങളും രാജ്യത്തിന്റെ പൊതുവിലുള്ള പുരോഗതിക്കുവേണ്ടി, എന്നുവെച്ചാൽ സോഷ്യലിസം കെട്ടിപ്പടുക്കാൻ വേണ്ടി, സ്വേച്ഛയാ ഒന്നിച്ചുചേർന്നു രൂപവൽക്കരിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്ന ഒരു പദ്ധതിയാണിത്. 1929ൽ 'പ്രവദ' രേഖപ്പെടുത്തി: 'തൊഴിലാളിവർഗം മുതലാളി വർഗത്തിനെതിരായി നടത്തുന്ന ആക്രമണത്തിന്റെ ഒരു പ്രധാനഭാഗമാണ് പഞ്ചവത്സരപദ്ധതി. മുതലാളിത്തത്തിന്റെ സ്ഥിരീകരണപരിശ്രമങ്ങളുടെ അടി തുരക്കാൻ മുതിരുന്ന പദ്ധതിയാണിത്.' അതേ കൊല്ലത്തിൽ തന്നെയാണ് സ്റ്റാലിൻ പ്രഖ്യാപിച്ചത്—നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന റഷ്യയുടെ പിന്നോക്കം നിൽക്കലിനെ പിന്നിട്ടുകൊണ്ട് നമ്മൾ തികഞ്ഞ ഊക്കോടുകൂടി, വ്യവസായവൽക്കരണത്തിലൂടെ സോഷ്യലിസത്തിലേ

പട്ടിക 1.1: വിവിധ രാജ്യങ്ങളുടെ വ്യാവസായികോൽപാദനം (1929ൽ 100 ആണെങ്കിൽ).

| | 1934 | 1935 | 1936 | 1937 | 1938 |
|---|---|---|---|---|---|
| അമേരിക്ക | 66.4 | 75.6 | 88.1 | 92.2 | 72.0 |
| ബ്രിട്ടൻ | 98.8 | 105.8 | 115.9 | 123.7 | 12.0 |
| ഫ്രാൻസ് | 71.0 | 67.4 | 79.3 | 82.8 | 70.0 |
| ഇറ്റലി | 80.0 | 93.8 | 87.5 | 99.6 | 796.0 |
| ജർമനി | 79.8 | 94.0 | 106.3 | 117.2 | 125.0 |
| ജപ്പാൻ | 128.7 | 141.8 | 151.1 | 170.8 | 165.0 |
| സോവിയറ്റ് യൂണിയൻ | 238.3 | 293.4 | 382.3 | 424.0 | 477.2 |

ക്ക് പോവുകയാണ്. നമ്മുടെ നാട്ടു ലോഹങ്ങളുടെയും മോട്ടർ വണ്ടികളുടെയും ട്രാക്ടർ യന്ത്രങ്ങളുടെയും ഒരു നാടായിത്തീരുകയാണ്. സോവിയറ്റ് യൂണിയനെ ഒരു മോട്ടോർ കാറിലും മുഷിക്കിനെ (റഷ്യൻ കൃഷിക്കാരൻ) ഒരു ട്രാക്ടർ യന്ത്രത്തിലും നമ്മൾ കയറ്റിയിരുത്തുമ്പോൾ, തങ്ങളുടെ സംസ്കാരം വളരെ മെച്ചപ്പെട്ടതാണെന്ന് മേനിപൂണ്ടിരിക്കുന്ന അഭിവന്ദ്യരായ മുതലാളികൾ നമ്മുടെ ഒപ്പമെത്താനൊന്നു ശ്രമിച്ചുനോക്കട്ടെ. ഏതു രാജ്യത്തെ പിന്നണിയിലുള്ളതായി കണക്കാക്കണമെന്നും നമുക്കു കാണാനിരിക്കുന്നു.

സഖാവ് സ്റ്റാലിന്റെ ഈ ആത്മവിശ്വാസം യാഥാർത്ഥ്യത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നുവെന്ന് സോവിയറ്റ് വ്യവസ്ഥയുടെ സർവതോമുഖമായ പുരോഗതി അസന്ദിഗ്ദ്ധമാംവണ്ണം തെളിയിച്ചിരിക്കുന്നു.

ഒന്നാം പഞ്ചവത്സരപദ്ധതിക്കു ശേഷം രണ്ടാം പഞ്ചവത്സരപദ്ധതിയും അതിനെത്തുടർന്നു മൂന്നാം പഞ്ചവത്സര പദ്ധതിയും അവതരിപ്പിക്കപ്പെട്ടു. ഈ കാലത്തിനിടയ്ക്ക് സോവിയറ്റ് യൂണിയനിലെ സോഷ്യലിസ്റ്റ് വ്യവസായങ്ങളും കൂട്ടുകൃഷി വ്യവസ്ഥയും മുതലാളി ലോകത്തെ അമ്പരപ്പിക്കത്തക്കവണ്ണം അത്രയേറെ അഭിവൃദ്ധിപ്പെട്ടു. 1939 ആയപ്പോഴേക്കും സോവിയറ്റ് യൂണിയന്റെ ഉല്പാദവ്യവസ്ഥ മറ്റു രാജ്യങ്ങളുടേതിനെ അപേക്ഷിച്ച് എത്ര മേന്മ കൂടിയതായിത്തീർന്നുവെന്നു സഖാവ് സ്റ്റാലിൻ ഉദ്ധരിക്കുന്ന ഈ കണക്കുകൾ വ്യക്തമാക്കുന്നു.

മേലുദ്ധരിച്ച കണക്കുകൾ വിളിച്ചു പറയുന്നതുപോലെ മുതലാളി രാജ്യങ്ങളിൽ ക്ഷയോന്മുഖമായ ഒരു ഉൽപാദന വ്യവസ്ഥയും നേരെമറിച്ച് സോവിയറ്റ് യൂണിയനിൽ ക്രമപ്രവൃദ്ധമായി വികസിച്ചുവരുന്ന ഒരു ഉൽപാദനവ്യവസ്ഥയുമാണുള്ളത്. മുതലാളി രാജ്യങ്ങളിലെങ്ങും പട്ടിണിയും തൊഴിലില്ലായ്മയും സാമ്പത്തികക്കുഴപ്പങ്ങളും പരന്നു പിടിക്കുകയും ജർമനി, ജപ്പാൻ തുടങ്ങിയ ചില മുതലാളി രാഷ്ട്രങ്ങൾ മുതലാളിത്തത്തെ നിലനിർത്താൻ മറ്റു മാർഗങ്ങളൊന്നും കാണാതെ പൈശാചികമായ ഫാസിസ്റ്റ് രൂപം കൈക്കൊണ്ടു ബഹുഭൂരിപക്ഷക്കാരുടെ മേലുള്ള മർദ്ദനങ്ങളെ മൂർദ്ധന്യദശയിലെത്തിക്കയും ചെയ്തുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് സോവിയറ്റ് യൂണിയൻ മാത്രം ഇങ്ങനെ മേൽക്കുമേൽ അഭിവൃദ്ധിപ്പെട്ടുവന്നത്

എന്നു കൂടി ആലോചിച്ചു നോക്കുമ്പോൾ സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ മേന്മ തികച്ചും വെളിപ്പെടുന്നതാണ്.

ഇങ്ങനെ സോവിയറ്റു ജനത തങ്ങളുടെ ജീവിതത്തിന്റെ നാനാതുറകളിലും അത്ഭുതാവഹമായ അഭിവൃദ്ധി നേടിക്കൊണ്ടിരുന്ന ഒരു ഘട്ടത്തിലാണ് 1941 ജൂൺ മാസത്തിൽ പുരോഗതിയുടെ ശത്രുക്കളായ ഫാസിസ്റ്റ് ചെന്നായ്ക്കൾ അവരെ പെട്ടെന്ന് കടന്നാക്രമിച്ചത്. ഒരു ഭാഗത്തു ലോകത്തെ മുഴുവൻ അടിമത്തത്തിലേക്കും അന്ധകാരത്തിലേക്കും പിടിച്ചുതള്ളുവാനൊരുമ്പെട്ട പിന്തിരിപ്പൻ ശക്തികളും, മറു ഭാഗത്ത് ലോകസ്വാതന്ത്ര്യത്തേയും ലോകജനാധിപത്യത്തേയും കാത്തുരക്ഷിക്കാനുറച്ചിറങ്ങിയ പുരോഗമനശക്തികളും തമ്മിൽ നടത്തിയ ഭൗഗോളികമായ ജീവന്മരണ യുദ്ധത്തിൽ സോവിയറ്റ് യൂണിയൻ വഹിച്ച ആവേശജനകമായ പങ്ക് എല്ലാ പുരോഗമനകാംക്ഷികളുടെയും ശ്രദ്ധയെ ആകർഷിച്ചുകഴിഞ്ഞിട്ടുണ്ട്. ഫാസിസ്റ്റുകാരേയും പിന്തിരിപ്പന്മാരായ മറ്റു സാമ്രാജ്യവാദികളേയും എതിർത്തു തോൽപ്പിച്ചുകൊണ്ട് ഒരു അജയ്യ ശക്തിയായി വിളങ്ങുന്ന സോവിയറ്റ് യൂണിയൻ ലോകത്തിലെങ്ങുമുള്ള അടിമകൾക്കും മർദ്ദിതർക്കും സ്വാതന്ത്ര്യത്തിലേക്കു വഴി കാണിച്ചുകൊടുക്കുന്നതെങ്ങനെയെന്ന് അധികമധികം ആളുകൾക്ക് മനസിലാകാൻ തുടങ്ങിയിട്ടുണ്ട്. സോവിയറ്റ് യൂണിയന്റെ വിജയം സോഷ്യലിസത്തിന്റെ വിജയമാണെന്നും സോഷ്യലിസ്റ്റ് സാമൂഹ്യഘടന മറ്റേതു സാമൂഹ്യഘടനയേക്കാളും മേന്മകൂടിയതാണെന്നും ഗ്രഹിച്ചുകഴിഞ്ഞ ജനങ്ങൾ സോവിയറ്റിന്റെ ശക്തിയുടെ അടിസ്ഥാനകാരണങ്ങളെന്തെന്ന് ആരായുവാനും സോവിയറ്റു ജനതയെ മുന്നോട്ടു നയിക്കുന്ന കമ്യൂണിസത്തിന്റെ തത്വങ്ങളെപ്പറ്റി പഠിക്കുവാനും തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

യുദ്ധമവസാനിച്ചശേഷം മുതലാളിത്തവ്യവസ്ഥ കൂടുതൽ തകരുകയാണ് ചെയ്തത്. നേരെമറിച്ച് സോവിയറ്റ് യൂണിയന്റെ പുരോഗതി വീണ്ടും തുടർന്നു. ഉല്പാദനം വീണ്ടും അഭിവൃദ്ധിപ്പെട്ടു. 1952 ആയപ്പോഴേക്കും വ്യവസായത്തിന്റെ ഉൽപാദന സൗകര്യങ്ങൾ 1940നെ അപേക്ഷിച്ച് 77 ശതമാനം വർദ്ധിച്ചു. 1955 ആകുമ്പോഴേക്കും വ്യാവസായികോൽപാദനം 1940ലേതിനേക്കാൾ മൂന്നുമടങ്ങു കൂടുതലായിരിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

വിപ്ലവം കഴിഞ്ഞ് 35 കൊല്ലങ്ങൾക്കിടയിൽ സോവിയറ്റ് യൂണിയനിലെ വ്യാവസായികോൽപാദനം 39 ശതമാനം കണ്ടുവർദ്ധിച്ചു. ഇത്രത്തോളം അഭിവൃദ്ധിയുണ്ടാവാൻ ബ്രിട്ടന് 162 കൊല്ലങ്ങൾ (1790 മുതൽ 1951 വരെ) വേണ്ടിവന്നു. ഫ്രാൻസിന്റെ വ്യാവസായികോൽപാദനം കഴിഞ്ഞ 90 കൊല്ലങ്ങൾക്കിടയിൽ അഞ്ചര ഇരട്ടി മാത്രമേ വർദ്ധിച്ചിട്ടുള്ളൂ. കഴിഞ്ഞ 35 കൊല്ലങ്ങൾക്കിടയിൽ അമേരിക്കയുടെ വ്യാവസായികോൽപാദനം രണ്ടര ഇരട്ടി മാത്രമാണ് വർദ്ധിച്ചത്.

വ്യവസായം മാത്രമല്ല, കൃഷിയും അഭിവൃദ്ധിപ്പെട്ടു. 1952ൽ ആകെയുള്ള വിളഭൂമി യുദ്ധത്തിനു മുമ്പിലുണ്ടായിരുന്നതിനേക്കാൾ 53,00,000 ഹെക്ടർ കൂടുതലാണ്. സോവിയറ്റ് യൂണിയനിലെ 19-ാം പാർട്ടി കോൺഗ്രസിൽ വെച്ച് സഖാവ് ജി. എം. മാലെങ്കോവ് പ്രഖ്യാപിച്ചു. 'ഇക്കൊല്ലം 1952ൽ മൊത്ത ധാന്യവിളവ് 800 കോടി പൂഡാണ്. ഏറ്റവും പ്രധാനപ്പെട്ട ഭക്ഷ്യധാന്യമായ ഗോതമ്പിന്റെ മൊത്തവിളവ് 1940നേക്കാൾ 48 ശതമാനം കൂടുതലാണ്'.

മുതലാളിത്തരാജ്യങ്ങളിൽ ഉല്പാദനം വർദ്ധിപ്പിച്ചാൽ മുതലാളികൾക്കു മാത്രമാണ് മെച്ചം. മർദ്ദിതരായ തൊഴിലാളികളുടെയും മറ്റു ബഹുജനങ്ങളുടെയും ദയനീയ ജീവിതം കൂടുതൽ ക്ലേശപരികീർണമായിത്തീരുകയാണ് ചെയ്യുന്നത്.

എന്നാൽ, സോവിയറ്റ് യൂണിയനിലോ? അവിടെ ഉൽപന്നങ്ങളത്രയും ജനങ്ങളുടെ സ്വത്താണ്; മർദ്ദകവർഗക്കാർ നിശേഷം നശിച്ചു കഴിഞ്ഞിരിക്കുന്നു:

സോവിയറ്റ് യൂണിയനിൽ ഒരുപിടി മുതലാളികളുടെ ലാഭത്തെ അടിസ്ഥാനപ്പെടുത്തിയല്ല, എല്ലാം ദേശീയജനവിഭാഗങ്ങളിലുംപെട്ട മുഴുവൻ ജനങ്ങൾക്കും —കുട്ടികൾക്കും പുരുഷന്മാർക്കും സ്ത്രീകൾക്കും —മേൽക്കുമേൽ സുഖവും സംതൃപ്തിയുമുണ്ടാകത്തക്ക വിധത്തിലാണ് ഉല്പാദനവിതരണങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. ഉൽപാദനോപകരണങ്ങൾ പൊതു സ്വത്തായതുകൊണ്ട് ഉൽപാദനത്തെ ജനങ്ങളുടെ നന്മയ്ക്കുതകുന്ന മട്ടിൽ ബോധപൂർവം സംഘടിപ്പിക്കാനും വികസിപ്പിക്കാനുമുള്ള സാദ്ധ്യതകൾ ഉളവായിരിക്കുന്നു. സാമൂഹ്യമായ ഉൽപാദനവും വ്യക്തിപരമായ ഉടമാവകാശവും തമ്മിലുള്ള വൈരുദ്ധ്യം അവസാനിച്ചതുകൊണ്ട്, ലാഭത്തിനുവേണ്ടിയുള്ള മർദ്ദനങ്ങളും മാർക്കറ്റിനുവേണ്ടിയുള്ള മത്സരങ്ങളും സാമൂഹ്യഘടനയെ താറുമാറാക്കുന്ന സാമ്പത്തിക കുഴപ്പങ്ങളും കടങ്കഥകളായി പരിണമിച്ചിരിക്കുന്നു. തൊഴിലില്ലായ്മയുടെയും ദാരിദ്ര്യത്തിന്റെയും ആഘാതങ്ങളേൽക്കാതെ, ഓരോ വ്യക്തിക്കും വളരാനും വികസിക്കാനുമുള്ള പരിതഃസ്ഥിതികൾ കരഗതമായിക്കഴിഞ്ഞിരിക്കുന്നു. പണിയെടുക്കാനുള്ള അവകാശം വയസുകാലത്തും രോഗബാധിതരാകുമ്പോഴും പെൻഷനും മറ്റു സംരക്ഷണങ്ങളും ലഭിക്കാനുള്ള അവകാശം —ഈ അവകാശങ്ങളും ഇവയെ കാത്തുരക്ഷിക്കാനുതകുന്ന ഉപാധികളും ഓരോ സോവിയറ്റു പൗരനേയും അനുഗ്രഹിക്കുന്നു.

വയറിന്റെ വിശപ്പുമാത്രം തീർന്നാൽ പോരാ, മനസിന്റെ വിശപ്പും തീരണമെന്നു ചില കാരണവന്മാർ ഉപദേശിക്കാറുണ്ട്. ശരിയാണ്, രണ്ടും തീരണം. പക്ഷേ, അതു തീർക്കാനുള്ള സൗകര്യങ്ങൾ മറ്റേതൊരു സമുദായത്തേക്കാളുമധികം സോഷ്യലിസ്റ്റു സമുദായത്തിലാണുള്ളതെന്നു കണ്ണുള്ളവർക്കൊക്കെ കാണാൻ കഴിയും. മാക്സിം ഗോർക്കി എഴുതുകയുണ്ടായി: 'യഥാർത്ഥ സംസ്കാരത്തിലെ ഉദ്ദേശ്യവും പ്രാധാന്യവും, ബുദ്ധിയുടെ വികാസവും ഈട്ടം കൂട്ടലുമാണെന്ന വെറും യാഥാർത്ഥ്യത്തിലെത്തിച്ചേരാൻ മുതലാളിത്തത്തിന് ഇതേവരെ കഴിഞ്ഞിട്ടില്ല; ഇനിയൊട്ടും കഴിയുകയുമില്ല. ഈ ബുദ്ധിശക്തി നിർബാധം വികസിക്കുകയും അങ്ങനെ പ്രകൃതിശക്തികളേയും പ്രകൃതിയുടെ സമ്മാനങ്ങളേയും കൂടുതൽ വേഗത്തിൽ ഉപയോഗപ്പെടുത്താൻ മനുഷ്യസമുദായത്തെ സഹായിക്കുകയും ചെയ്യണമെങ്കിൽ മുതലാളികളുടെയും കൊള്ളക്കാരുടെയും അദ്ധ്വാനിക്കുന്ന മനുഷ്യസമുദായത്തിന്റെ മേൽ പറ്റിക്കൂടുന്ന ഇത്തിക്കണ്ണികളുടെയും ദുരപിടിച്ച താൽപര്യങ്ങളെ ദാസ്യവേല ചെയ്യുന്ന ബുദ്ധിശൂന്യവും അരാജകത്വപൂർണവുമായ മുഷിപ്പത്തങ്ങളിൽ നിന്ന് 'ശാരീരിക ശക്തിയെ അങ്ങേയറ്റം മോചിപ്പിക്കേണ്ടതാവശ്യമാണ്'.

അപ്പോൾ, മനുഷ്യന്റെ സാംസ്കാരികാഭിവൃദ്ധിക്ക് ഭൗതികാഭിവൃദ്ധി കൂടിയേ കഴിയൂ. ഈ യാഥാർത്ഥ്യം വേണ്ടപോലെ മനസിലാക്കിയതുകൊണ്ടാണ് സോഷ്യലിസ്റ്റു നിർമാണത്തിൽ ഉൽപാദനാഭിവൃദ്ധിയോടൊപ്പം സാംസ്കാരികാഭിവൃദ്ധിയും കൈവരുത്തുവാൻ സോവിയറ്റു ജനതയ്ക്കു സാദ്ധ്യമായിത്തീർന്നത്.

വെറും മുപ്പത്തഞ്ചു കൊല്ലത്തിനുള്ളിൽ സോവിയറ്റ് യൂണിയൻ നേടിക്കഴിഞ്ഞ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പുരോഗതി ഏതു മനുഷ്യസ്നേഹിയേയും ആകർഷിക്കാതിരിക്കില്ല. കാടന്മാരും അപരിഷ്കൃതരും അന്ധവിശ്വാസികളുമായി കഴിഞ്ഞുകൂടിയിരുന്ന മദ്ധ്യേഷ്യൻ നിവാസികളുടെ ഇടയിൽ നിന്നു വിശ്വസാഹിത്യകാരന്മാരും വിഖ്യാതശാസ്ത്രജ്ഞന്മാരും ലോകത്തിലെങ്ങുമുള്ള മർദ്ദിത ജനങ്ങളെ, പ്രത്യേകിച്ചും സോവിയറ്റ് യൂണിയന്റെ അയൽനാട്ടുകാരായ ഭാരതീയരെ ആവേശം

കൊള്ളിക്കാതിരിക്കയില്ല. വിദ്യാഭ്യാസത്തിന്റെയും സാംസ്കാരികാഭിവൃദ്ധിയുടെയും കാര്യത്തിൽ ഇന്നു സോവിയറ്റ് യൂണിയനെ കവച്ചുനിൽക്കാൻ കഴിയുന്ന യാതൊരു രാജ്യവുമില്ലെന്ന വാസ്തവം മുതലാളി നിരീക്ഷകന്മാർപോലും തുറന്നു സമ്മതിച്ചിട്ടുള്ളതാണ്. മുതലാളി ലോകത്തിന്റെ ആത്മാവിനെ കരണ്ടുതിന്നുകൊണ്ടിരിക്കുന്ന ധാർമികാധഃപതനവും സാംസ്കാരികാരക്ഷതിയും കണ്ടു നെടുവീർപ്പിടുന്നവർ സോവിയറ്റു യൂണിയന്റെ നേർക്കൊന്നു കൺതുറന്നു നോക്കട്ടെ, സോഷ്യലിസം മനുഷ്യനെ നവ്യവും അഭികാമ്യവുമായ ഒരു സംസ്കാരസോപാനത്തിലേക്ക് ഉയർത്തുന്നതെങ്ങനെയെന്ന് അവർക്ക് മനസിലാവും.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഒരു ഭാഗത്ത് മുതലാളിത്തം കൂടുതൽ തകരുകയും ദ്രവിക്കുകയും ചെയ്തു. മറുഭാഗത്ത് സോഷ്യലിസത്തിന്റെ ശക്തികൾ കൂടുതൽ വളരുകയും പുരോഗമിക്കുകയും ചെയ്തു. ചെക്കോസ്ലോവാക്കിയ, പോളണ്ട്, അൽബേനിയ, ചൈന തുടങ്ങിയ ഒരു ഡസനോളം രാജ്യങ്ങൾ മർദ്ദകവർഗ്ഗക്കാരുടെ ഇരുമ്പു പിടുത്തത്തിൽ നിന്നു മോചനം നേടി സോഷ്യലിസത്തിന്റെ പാതയിലൂടെ മുന്നേറാൻ തുടങ്ങി. സോവിയറ്റു യൂണിയനാകട്ടെ, സോഷ്യലിസത്തിൽ നിന്നു കമ്യൂണിസത്തിലേക്ക് കാലെടുത്തുവെച്ചു.

ഒരേ സാമൂഹ്യ വ്യവസ്ഥയുടെ രണ്ടു ഘട്ടങ്ങളാണ് സോഷ്യലിസവും കമ്യൂണിസവും. ലെനിൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, 'ഒന്നാമത്തെ ഘട്ടത്തിൽ കമ്യൂണിസം സാമ്പത്തികമായും തികച്ചും വളർന്നു കഴിഞ്ഞിട്ടുണ്ടാവില്ല. മുതലാളിത്തത്തിന്റെ പാരമ്പര്യങ്ങളിൽ നിന്നോ അവശിഷ്ടങ്ങളിൽ നിന്നോ അതു പരിപൂർണമായ മോചനം നേടിക്കഴിഞ്ഞിട്ടുണ്ടാവില്ല'. കമ്യൂണിസത്തിലാകട്ടെ, മുതലാളിത്തത്തിന്റെ എല്ലാ അവശിഷ്ടങ്ങളും തുടച്ചുനീക്കപ്പെടുകയും എല്ലാത്തരം വർഗവ്യത്യാസങ്ങളും നാമാവശേഷമാവുകയും ചെയ്തുകഴിഞ്ഞിട്ടുണ്ടാവും.

സോഷ്യലിസത്തിൽ അദ്ധ്വാനത്തിന്റെ തോതനുസരിച്ചാണ് പ്രതിഫലം ലഭിക്കുന്നതെങ്കിൽ കമ്യൂണിസത്തിൽ 'ഓരോരുത്തനിൽ നിന്നും അവന്റെ കഴിവനുസരിച്ചു, ഓരോരുത്തനും അവന്റെ ആവശ്യമനുസരിച്ച്' എന്ന തത്വമാണ് പ്രവർത്തിക്കുക. ഇതു പ്രായോഗികമാവണമെങ്കിൽ ഓരോ ആൾക്കും എന്തു വേണമെങ്കിലും ഇഷ്ടംപോലെ എടുത്തനുഭവിക്കാൻ കഴിയത്തക്കവണ്ണം ഉൽപാദനശക്തികൾ വളരേണ്ടതുണ്ട്. ശാസ്ത്രവും സംസ്കാരവും പൂർവാധികം അഭിവൃദ്ധിപ്പെടേണ്ടതുണ്ട്. സോഷ്യലിസത്തിൽ തന്നെ വ്യവസായവും കൃഷിയും സംസ്കാരവും അഭൂതപൂർവമായ തോതിൽ വളർന്നുകഴിഞ്ഞിട്ടുണ്ടെന്നുള്ളതു ശരിയാണ്. എങ്കിലും, ജനങ്ങളുടെ വിവിധങ്ങളും കൂടിക്കൂടി വരുന്നവയുമായ എല്ലാതരം ആവശ്യങ്ങളെയും അങ്ങേയറ്റം തൃപ്തിപ്പെടുത്താൻ കഴിയത്തക്കവണ്ണം ഉല്പാദനശക്തികൾ ഇനിയും വളരേണ്ടതുണ്ട്. കമ്യൂണിസത്തിൽ മേൽക്കുമേൽ പരിഷ്കരിക്കപ്പെടുന്ന സാങ്കേതികരീതികളുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ സമൃദ്ധി സുരക്ഷിതമായിത്തീരും. സർവതോമുഖമായ ആ സമൃദ്ധിയിലൂടെ മനുഷ്യനു തികച്ചും സ്വതന്ത്രനായിത്തീരാനുള്ള പരിതഃസ്ഥിതികൾ സൃഷ്ടിക്കപ്പെടും. പ്രകൃതിയുടെ മേൽ പരിപൂർണവിജയം നേടുന്ന മനുഷ്യത്വത്തിന്റെ മഹനീയതകൾ വിളംബരം ചെയ്യപ്പെടും.

സോഷ്യലിസം കെട്ടിപ്പടുക്കുന്ന കാര്യത്തിൽ പരിപൂർണമായി വിജയിച്ചുകഴിഞ്ഞ സോവിയറ്റു യൂണിയൻ വോൾഗാഡോൺ കനാൽ മുതലായ പദ്ധതികൾ വഴിയായി പ്രകൃതിയെയാകെ രൂപാന്തരപ്പെടുത്തിക്കൊണ്ടും വമ്പിച്ച ഹൈഡ്രോ ഇലക്ട്രിക് പദ്ധതികളുപയോഗിച്ച് കൃഷിയും വ്യവസായവും മേൽക്കുമേൽ വികസിപ്പി

ച്ചുകൊണ്ടു ദേശീയ സാമ്പത്തിക വ്യവസ്ഥയിലെ എല്ലാ ശാഖകളേയും പരമാവധി വളർത്തിക്കൊണ്ടും രണ്ടാമത്തെ ഘട്ടത്തിലേക്ക്, കമ്യൂണിസത്തിലേക്ക് ജൈത്രയാത്ര നടത്തിക്കൊണ്ടിരിക്കുകയാണ്.

വർഗങ്ങളും വർഗസംഘട്ടനങ്ങളുമില്ലാത്ത, മനുഷ്യൻ മനുഷ്യനെ മർദ്ദിക്കുകയെന്ന മൃഗീയതയ്ക്കു സ്ഥാനമില്ലാത്ത, കമ്യൂണിസ്റ്റ് സമുദായത്തിൽ സങ്കുചിതത്വങ്ങൾക്കും സ്വാർത്ഥതാൽപര്യങ്ങൾക്കും നീചതകൾക്കും വൃത്തികേടുകൾക്കും സ്ഥാനമില്ല. ജനങ്ങൾ അന്യോന്യം സ്നേഹിച്ചുകൊണ്ടും സഹായിച്ചുകൊണ്ടും ഉൽപാദനവിതരണങ്ങളെ സംഘടിപ്പിക്കുകയും പ്രകൃതിയെ കൂടുതൽ കൂടുതൽ കീഴടക്കുകയും ചെയ്യുന്നു. ഓരോ വ്യക്തിക്കും പരിപൂർണമായി വളരാനും അങ്ങേയറ്റം വികസിക്കാനും അങ്ങനെ സുഖസമൃദ്ധവും സംസ്കാര സമ്പന്നവുമായ ഒരു ജീവിതം നയിക്കാനും സൗകര്യം ലഭിക്കുന്നു. ചരിത്രത്തിലാദ്യമായി മനുഷ്യൻ യാതൊരലട്ടും കൂടാതെ യഥാർത്ഥമായ സ്വാതന്ത്ര്യത്തോടെ, തന്റെ ഭാവി നിർണയിക്കാൻ തുടങ്ങുന്നു. സൗന്ദര്യപൂർണമായ മനുഷ്യത്വം അതിന്റെ എല്ലാ ഉൽകൃഷ്ടതകളോടും കൂടി പരിപൂർണതയിലേക്ക് വികസിച്ചുയരുവാൻ തുടങ്ങുന്നു.

# 2

# മാർക്സിസത്തിന് ഒരു മുഖവുര

## 2.1

പത്തൊൻപതാം നൂറ്റാണ്ടിന്റെ നട്ടുച്ച. കാലഹരണം വന്ന ഫ്യൂഡലിസം വളർന്നുവരുന്ന മുതലാളിത്തത്തിന്റെ ചൂടേറ്റുവാടാൻ തുടങ്ങുന്ന കാലം.

1848 വിപ്ലവങ്ങൾ യൂറോപ്പിനെയാകെ പിടിച്ചുകുലുക്കുന്നു. 'മർദ്ദനവും രാജാധിപത്യവും തുലയട്ടെ! സ്വാതന്ത്ര്യവും റിപ്പബ്ലിക്കും ജയിക്കട്ടെ!' എന്നീ കാഹളം വിളികൾ സിംഹാസനങ്ങളുടെ അടിത്തറ പുഴക്കുന്നു. സാമൂഹ്യാദ്ധ്വാനത്തിന്റെ മടിത്തട്ടിൽ ഉറങ്ങിക്കിടന്നിരുന്ന ഉൽപാദന ശക്തികൾ തലപൊക്കുന്നു. ഫ്യൂഡൽ ഉൽപാദനരീതിയുടെ സ്ഥാനത്ത് മുതലാളിത്തോൽപ്പാദന രീതി; ഫ്യൂഡൽ ഭരണത്തിന്റെ സ്ഥാനത്ത് ബൂർഷ്വാഭരണം; ഫ്യൂഡൽ ചിന്താഗതികളുടെ സ്ഥാനത്ത് ബൂർഷ്വാ ചിന്താഗതികൾ—ബൂർഷ്വാസിയുടെ വിജയപതാക ധാടിയോടും പ്രതാപത്തോടും കൂടി പാറിക്കളിക്കാൻ തുടങ്ങുന്നു.

യുവത്വം തുളുമ്പുന്ന മുതലാളിത്തം യന്ത്രങ്ങളുയർത്തിപ്പിടിച്ച് മദിച്ചു പുളയ്ക്കാൻ തുടങ്ങിയ ഈ സന്ദർഭത്തിൽ മുപ്പതും ഇരുപത്തെട്ടും വയസുകൾ മാത്രം പ്രായമായ രണ്ടു ചെറുപ്പക്കാർ ഉച്ചത്തിലിങ്ങനെ പ്രഖ്യാപിച്ചു.

> 'മുതലാളി വർഗത്തിന്റെ നാശവും തൊഴിലാളി വർഗത്തിന്റെ വിജയവും അനിവാര്യമാണ്!'.

മാർക്സിസത്തിന്റെ ശബ്ദമായിരുന്നു അത്.

അതൊരു ജോത്സ്യന്റെ പ്രശ്നം വക്കലായിരുന്നില്ല; ഒരു ശാസ്ത്രജ്ഞന്റെ കണ്ടുപിടിത്തമായിരുന്നു.

മുതലാളിത്തത്തിന്റെ പ്രവർത്തനങ്ങളേയും മുതലാളിത്ത രീതിയിലുള്ള ഉൽപാദന വ്യവസ്ഥയുടെ നിയമങ്ങളേയും ചുഴിഞ്ഞ് പരിശോധിച്ചതിനുശേഷമാണ് മാർക്സും എംഗെൽസും ഈ പ്രവചനം നടത്തിയത്. ബൂർഷ്വാ സാമൂഹ്യ വ്യവസ്ഥയ്ക്കുള്ളിൽ ഒതുങ്ങിനിൽക്കാൻ കഴിയാത്തവിധം ഉൽപ്പാദനശക്തികൾ അത്രയ്ക്കു വളർന്നിരിക്കുന്നുവെന്നും ഉൽപ്പാദന ശക്തികളും ഉൽപാദന ബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യം നിസംശയമായും മുതലാളിത്തത്തെ നാശത്തിലേക്ക് നയിക്കുമെന്നും മനസിലാക്കിക്കൊണ്ടാണ് സോഷ്യലിസത്തിന്റെ വിജയം അനിവാര്യമാണെന്ന്

അവർ പ്രഖ്യാപിച്ചത്. മുതലാളിത്തത്തിന്റെ ഗതിക്രമത്തെ വിശകലനം ചെയ്തുകൊണ്ട് അവരിങ്ങനെ പ്രവചിച്ചു:

'ഉൽപാദനോപകരണങ്ങളുടെ കേന്ദ്രീകരണവും അദ്ധ്വാനത്തിന്റെ സാമൂഹ്യസ്വഭാവവും ഒടുവിൽ മുതലാളിത്തപരമായ പുറംതോടിനുള്ളിൽ ഒതുങ്ങിനിൽക്കാൻ കഴിയാത്ത ഒരു ഘട്ടത്തിലെത്തിച്ചേരുന്നു. ഈ പുറംതോട് പൊട്ടിത്തെറിപ്പിക്കപ്പെടുന്നു. മുതലാളിത്തപരമായ സ്വകാര്യ സ്വത്തുടമയുടെ മരണമണിയടിക്കുന്നു. തട്ടിപ്പറിക്കാർ തട്ടിപ്പറിക്കപ്പെടുന്നു!'

മുതലാളിത്തത്തിന് ചരിത്രം മരണശിക്ഷ വിധിച്ചു കഴിഞ്ഞുവെന്ന് പ്രഖ്യാപിക്കുക മാത്രമല്ല അവർ ചെയ്തത്. ആ മരണശിക്ഷ നടപ്പിൽ വരുത്തുവാൻ കെൽപ്പുള്ള ശക്തികൾ ഉദയം ചെയ്തിരിക്കുന്നുവെന്ന് അവർ ചൂണ്ടിക്കാണിക്കുക കൂടി ചെയ്തു.

'മുതലാളിത്തവർഗം നാടുവാഴി വ്യവസ്ഥിതിയെ പുഴക്കിയെറിയാനുപയോഗിച്ച അതേ ആയുധങ്ങൾ ഇപ്പോൾ അവരുടെ നേർക്കുതന്നെ തിരിഞ്ഞിരിക്കുന്നു. പക്ഷേ, സ്വന്തം വിനാശത്തിനുള്ള ആയുധങ്ങളെ മാത്രമല്ല മുതലാളിവർഗം ഊട്ടിയുണ്ടാക്കിയിട്ടുള്ളത്. ആയുധങ്ങളുപയോഗിക്കാനുള്ള ആളുകളെക്കൂടി—കൂലിവേലക്കാരെ—ഇന്നത്തെ തൊഴിലാളി വർഗത്തെ കൂടി അത് സൃഷ്ടിച്ചിട്ടുണ്ട്'.

എന്നിട്ടവർ തൊഴിലാളികളെ നോക്കിപ്പറഞ്ഞു:

> 'തൊഴിലാളികൾക്ക് സ്വന്തം ചങ്ങലയല്ലാതെ മറ്റൊന്നും നഷ്ടപ്പെടാനില്ല. കിട്ടാനോ, ലോകം മുഴുവനും! എല്ലാ രാജ്യത്തുമുള്ള തൊഴിലാളികളേ, നിങ്ങൾ ഏകോപിക്കുവിൻ'

മാർക്സിസത്തിന്റെ ആഹ്വാനമായിരുന്നു അത്.

എന്ത്? മുതലാളിത്തം നശിക്കുമെന്നോ? മുതലാളിയുടെ ദയയെ ആശ്രയിച്ചു ജീവിക്കുന്ന കൂലിപ്പിള്ളേർ ഭരണാധികാരികളാകുമെന്നോ? തൊഴിലാളികൾക്ക് ലോകം മുഴുവൻ കിട്ടാൻ പോവുകയാണെന്നോ? പലരും അത് വിശ്വസിച്ചില്ല. വിശ്വസിച്ചവർതന്നെ വിശ്വസിച്ചുവെന്ന് നടിച്ചില്ല. അവർ പറഞ്ഞു: 'മാർക്സിന് കിറുക്കാണ്!'

പക്ഷേ, തൊഴിലാളികൾ കുടഞ്ഞെഴുന്നേൽക്കുന്നത് അവർ കണ്ടു. മുതലാളികളുടെ ചൊൽപ്പടിക്ക് നിൽക്കാതെ തൊഴിലാളികൾ സ്വേച്ഛാനുസൃതം രാഷ്ട്രീയ പ്രവർത്തനങ്ങൾ നടത്തുന്നത് അവർ കണ്ടു. കമ്യൂണിസം പരന്നുപിടിക്കാൻ പോവുകയാണെന്ന് അവർക്ക് ബോധ്യമായി.

കമ്യൂണിസം! അവർ ഭയംകൊണ്ട് തുള്ളിവിറച്ച്, വാപൊളിച്ച് നെഞ്ഞത്തടിച്ച് നിലവിളിച്ചു:

> 'യൂറോപ്പിനെ ഒരു ഭൂതം പിടികൂടിയിരിക്കുന്നു: കമ്യൂണിസ്റ്റ് ഭൂതം!'

മാർക്സ് രേഖപ്പെടുത്തുന്നു:

> 'ഈ ഭൂതത്തെ ആട്ടിപ്പുറത്താക്കുവാൻ വേണ്ടി യൂറോപ്പിലെ പഴഞ്ചൻ ശക്തികളെല്ലാം (1) പോപ്പും, (2), സാറും, (3) മാറ്റർനിക്കും, (4) ഗ്വീസോവും, (5) ഫ്രഞ്ച് റാഡിക്കൽ കക്ഷിക്കാരും, ജർമൻ പൊലീസ് ചാരന്മാരുമെല്ലാം ഒരു പാവന സഖ്യത്തിലേർപ്പെട്ടിരിക്കുന്നു'.

അങ്ങനെ ലോകത്തിലെ ഒന്നാമത്തെ കമ്യൂണിസ്റ്റ് വിരുദ്ധമുന്നണി ഉടലെടുത്തു.

യൂറോപ്പിനെ ഭൂതബാധയിൽ നിന്നു രക്ഷിക്കാൻ വേണ്ടി ഈ വിരുദ്ധ മുന്നണിക്കാർ അനേകം മന്ത്രവാദികളെ കൂലിക്ക് നിരത്തി. അവർ കമ്യൂണിസത്തെപ്പറ്റി പുലയനാട്ടുകൾ പാടി. കമ്യൂണിസം തെറ്റാണെന്ന 'തെളിയിക്കാൻ' വേണ്ടി പുസ്തകങ്ങളെഴുതി. കമ്യൂണിസ്റ്റുകാർ കള്ളന്മാരും, പിടിച്ചുപറിക്കാരും ചോര കുടിയന്മാരും സ്ത്രീകളെ പൊതുസ്വത്താക്കുന്നവരും കുട്ടികളെ പിടിച്ചുതിന്നുന്നവരും പള്ളികളെ ഇടിച്ചു തകർക്കുന്നവരും മറ്റും മറ്റും ആണെന്ന് പ്രചാരവേല ചെയ്തു. കമ്യൂണിസ്റ്റ് വഞ്ചനകളേയും കമ്യൂണിസ്റ്റ് അക്രമങ്ങളെയും തുറന്നുകാട്ടാൻ വേണ്ടി അവർ നാടായനാടൊക്കെ നടന്നു പ്രസംഗിച്ചു. ഭാവിയുടെ നേരെ അവർ കൊഞ്ഞനംകാട്ടി. പുരോഗതിയുടെ നേരെ അവർ പല്ലിളിച്ചുകാട്ടി. കമ്യൂണിസ്റ്റ് വിരോധത്തിന്റെ മറവിൽ നിന്നുകൊണ്ട് അവർ ജനങ്ങളുടെ വളർന്നുവരുന്ന ജീവിതസമരങ്ങളുടെ നേരെ എല്ലാത്തരം മൃഗീയതകളുമുപയോഗിച്ചു. അവർ സത്യത്തിന്റെ ശബ്ദത്തെ വെടിയുണ്ടകളുടെ മുഴക്കത്തിൽ മുക്കിക്കൊല്ലാൻ ശ്രമിച്ചു. ജയിലുകളുടെയും തൂക്കുമരങ്ങളുടെയും ഭീകരതകൾ കൊണ്ട് അവർ കമ്യൂണിസത്തെ നാമാവശേഷമാക്കാൻ പുറപ്പെട്ടു.

പക്ഷേ, എന്തായിട്ടും ഭൂതബാധയൊഴിഞ്ഞില്ല. മാർക്സിസം നശിക്കുകയല്ല വളരുകയാണ് ചെയ്തത്. കാരണം, അത് വളരുന്ന വർഗത്തിന്റെ തത്വശാസ്ത്രമായിരുന്നു —തൊഴിലാളി വർഗത്തിന്റെ ലോകവീക്ഷണഗതിയതായിരുന്നു.

ഏതായാലും, വിരുദ്ധമുന്നണിക്കാരുടെ ബേജാറുപിടിച്ച ബീഭൽസ പ്രവർത്തികൾ ഒരു യാഥാർത്ഥ്യം വെളിപ്പെടുത്തി. തൊഴിലാളിവർഗം ഒരു സ്വതന്ത്രശക്തിയെന്ന നിലയ്ക്ക് രാഷ്ട്രീയരംഗത്ത് തലയുയർത്തി കഴിഞ്ഞിരിക്കുന്നുവെന്നും അവരുടെ സ്വതന്ത്രമായ തത്വസംഹിതയും ലോകവീക്ഷണഗതിയും സാമൂഹ്യ ജീവിതത്തിൽ സ്വാധീനം ചെലുത്താൻ തുടങ്ങിയിരിക്കുന്നുവെന്നുമുള്ള യാഥാർത്ഥ്യം മാർക്സിസം അവഗണിക്കപ്പെടാൻ വയ്യാതായിരിക്കുന്നു എന്ന യാഥാർത്ഥ്യം.

## 2.2
## എന്താണീ മാർക്സിസം?

സ്റ്റാലിൻ നിർവചിക്കുന്നു:

> 'മാർക്സിസം പ്രകൃതിയുടെയും സമുദായത്തിന്റെയും വികാസ നിയമങ്ങളുടെ ശാസ്ത്രമാണ്; മർദ്ദിതരും ചൂഷിതരുമായവരുടെ വിപ്ലവത്തിന്റെ, എല്ലാ രാജ്യങ്ങളിലും സോഷ്യലിസം വിജയിക്കുന്നതിന്റെ, കമ്യൂണിസ്റ്റ് സമുദായം പടുത്തുയർത്തുന്നതിന്റെ, ശാസ്ത്രമാണ്'.

മാർക്സിനു മുമ്പും സോഷ്യലിസ്റ്റാശയങ്ങളുണ്ടായിരുന്നു. സ്നേഹത്തിന്റെയും നീതിയുടെയും സാമ്രാജ്യത്തെ സ്വപ്നം കണ്ട ഓവൻ, ഫോറിയോ, സൈമൺ തുടങ്ങിയ സോഷ്യലിസ്റ്റുകാർ മുതലാളിത്തത്തിന്റെ കൊള്ളരുതായ്മകളെ തുറന്നുകാട്ടുകയും മുതലാളിത്തത്തെ വിമർശിക്കുകയും ചെയ്തു. മുതലാളിത്ത വ്യവസ്ഥയുടെ സ്ഥാനത്ത് കൂടുതൽ കാമ്യമായ സോഷ്യലിസ്റ്റ് വ്യവസ്ഥ കെട്ടിപ്പടുക്കണമെന്നും മനുഷ്യന്റെ പട്ടിണിയേയും അജ്ഞതയെയും ഭൂമുഖത്തുനിന്നു നീക്കം ചെയ്യണമെന്നും അവർ വാദിച്ചു. പക്ഷേ, ചരിത്രപരമായ പരിമിതികൾ കാരണം അവർക്ക് മുതലാളിത്ത സമുദായത്തിന്റെ വികാസ നിയമങ്ങളെപ്പറ്റിയോ ചൂഷണത്തിന്റെയും

കൂലിവേലയുടെയും യഥാർത്ഥ സ്വഭാവത്തെപ്പറ്റിയോ തൊഴിലാളി വർഗത്തിനു ള്ള ചരിത്രപരമായ പങ്കിനെപ്പറ്റിയോ മനസിലാക്കാൻ സാധിച്ചില്ല. മുതലാളിത്ത സമുദായത്തിന്റെ വളർച്ചയുടെയും തൊഴിലാളി വർഗം നടത്തുന്ന സമരത്തിന്റെ യും അനിവാര്യഫലമാണ് സോഷ്യലിസം എന്ന് അവർക്കു കാണാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവരുടെ സോഷ്യലിസ്റ്റാശയങ്ങൾ അശാസ്ത്രീയവും സാങ്കൽപിക വുമായിരുന്നു. അങ്ങനെയല്ലാതിരിക്കാൻ നിവർത്തിയില്ലായിരുന്നുതാനും. എന്തെ ന്നാൽ സംഘടിതമായ ഒരു സ്വതന്ത്രശക്തിയെന്ന നിലയ്ക്ക് തങ്ങളുടെ പങ്കുവഹി ക്കാൻ കഴിയത്തക്കവണ്ണം തൊഴിലാളി വർഗത്തിന് ശക്തിയോ അനുഭവങ്ങളോ ഉണ്ടായിക്കഴിഞ്ഞിരുന്നില്ല. ഈ പരിതഃസ്ഥിതിയിൽ തങ്ങളുടെ ഭാവിയെപ്പറ്റി സ്വ പ്നങ്ങൾ കാണുവാനും അശാസ്ത്രീയമായ സങ്കൽപ ചിത്രങ്ങൾ വരച്ചുണ്ടാക്കുവാനും മാത്രമേ അവർക്ക് സാധിച്ചുള്ളൂ. തൊഴിലാളികൾ ഒരു സ്വതന്ത്രവർഗമെന്ന നിലയ്ക്ക് വളരുന്നതിനും അവരുടെ വർഗസമരം പരിപക്വതയടയുന്നതിനും മുമ്പ് നിലനിന്നി രുന്ന ഈ സോഷ്യലിസ്റ്റാശയങ്ങൾക്ക് പൊതുവിൽ യുട്ടോപ്യൻ സോഷ്യലിസം അല്ലെങ്കിൽ സാങ്കൽപിക സോഷ്യലിസം എന്നുപേർ പറയുന്നു.

മാർക്സും എംഗൽസും സോഷ്യലിസത്തെ ഒരു സ്വപ്നമെന്ന നിലയിൽ നിന്ന് ഒരു ശാസ്ത്രമെന്ന നിലയിലേക്കുയർത്തി. സോഷ്യലിസം ഒഴിച്ചുകൂടാൻ വയ്യാത്ത ഒരാവശ്യമായി തീർന്നതെന്തുകൊണ്ടാണെന്നും അതെങ്ങിനെ നേടിയെടുക്കാൻ കഴിയുമെന്നും അവർ വ്യക്തമാക്കി.

മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങളിൽ നിന്നാണ് സോഷ്യലിസം ചരിത്രപ രമായ ഒരാവശ്യകതയായിത്തീർന്നതെന്ന് അവർ തെളിയിച്ചു. തൊഴിലാളിവർഗം നടത്തുന്ന വിട്ടുവീഴ്ചയില്ലാത്ത സമരങ്ങളിലൂടെയല്ലാതെ അത് നേടിയെടുക്കാൻ കഴി യില്ലെന്നവർ ചൂണ്ടിക്കാണിച്ചു.

സാമൂഹ്യ പുരോഗതിയുടെ നിർണായകശക്തി മനുഷ്യജീവിതത്തിനാവശ്യ മായ ഭൗതികമൂല്യങ്ങളുടെ ഉൽപാദന രീതിയാണ്. ഉൽപാദനം നടത്തുന്നതിനിട യിൽ മനുഷ്യർ അനിവാര്യമായ ചില ഉൽപാദന ബന്ധങ്ങളിലേർപ്പെടുന്നു. ഉൽപാ ദനബന്ധങ്ങൾ ഉൽപാദനശക്തിയുടെ വളർച്ചയുടെ നിലവാരത്തെ ആശ്രയിച്ചിരി ക്കും. ഉൽപാദനത്തിനുപയോഗിക്കുന്ന ഉപകരണങ്ങളും അവയുപയോഗിക്കാനു ള്ള കഴിവ്, അനുഭവജ്ഞാനം, വൈദഗ്ധ്യം മുതലായവയോടുകൂടിയ മനുഷ്യരും— ഇതാണ് ഉൽപാദനശക്തികൾ. ഉൽപാദനത്തിനുവേണ്ടി മനുഷ്യർ തമ്മിലേർപ്പെ ടുന്ന ബന്ധങ്ങളെയാണ് ഉൽപാദനബന്ധങ്ങളെന്നു പറയുന്നത്. ഉൽപാദനശക്തി കളും, ഉൽപാദന ബന്ധങ്ങളും തമ്മിൽ പൊരുത്തമുണ്ടായിരിക്കണമെന്നതാണ് സാമൂഹ്യവളർച്ചയുടെ അടിസ്ഥാനിയമം.

ഉൽപാദന ശക്തികൾ സ്ഥിരമായി നിൽക്കുന്നില്ല. അവ വളർന്നു കൊണ്ടിരി ക്കും. ഒരു ഘട്ടമെത്തുമ്പോൾ നിലവിലുള്ള ഉൽപാദന ബന്ധങ്ങൾ ഉൽപാദന ശക്തികളുടെ വളർച്ചയ്ക്ക് തടസമായിത്തീരുന്നു. ഉൽപാദന ബന്ധങ്ങളെ മാറ്റി മറിക്കാതെ ഉൽപാദന ശക്തികൾക്ക് വളരാൻ കഴികയില്ലെന്നാവുന്നു. മുതലാ ളിത്തോൽപാദന ബന്ധങ്ങൾ ആരംഭത്തിൽ ഉൽപാദന ശക്തികളുടെ വളർച്ചയെ സഹായിക്കുകയാണ് ചെയ്തത്. പക്ഷേ, ഒരു ഘട്ടംവരെയെത്തിയപ്പോൾ അവ പുരോഗതിക്ക് തടസമായിത്തീർന്നു. ഉൽപാദന ശക്തികൾക്ക് ബൂർഷ്വാ സ്വത്തു ടമ ബന്ധങ്ങളുടെ ചട്ടക്കൂട്ടിനുള്ളിൽ ഒതുങ്ങിനിൽക്കാൻ കഴികയില്ലെന്നായി. ഈ വൈരുദ്ധ്യം തുടരെത്തുടരെയുള്ള സാമ്പത്തിക കുഴപ്പങ്ങൾക്കു വഴി തെളിച്ചു. സാ മ്പത്തികകുഴപ്പങ്ങൾ മുതലാളിത്തോൽപാദന രീതിയോടുള്ള വെല്ലുവിളികളായി

തീർന്നു. ബൂർഷ്വാസിതന്നെ സൃഷ്ടിച്ച ഉൽപാദനക്കഴിവുകളേയും വിഭവസമൃദ്ധികളേയും ഉൾക്കൊള്ളാൻ കഴിയാത്തവണ്ണം ബൂർഷ്വാ സ്വത്തുടമ ബന്ധങ്ങൾ അത്രയ്ക്ക് ചുരുങ്ങിപ്പോയിരിക്കുന്നുവെന്ന് അവ വിളിച്ചുപറഞ്ഞു. ഉൽപാദന ശക്തികളുടെ വളർച്ചയ്ക്ക് യോജിച്ച പുതിയ ഉൽപാദന ബന്ധങ്ങൾ ആവശ്യമായിത്തീർന്നു. ഈ ആവശ്യത്തിൽ നിന്നാണ് സോഷ്യലിസം ഉടലെടുക്കുന്നത്.

അപ്പോൾ, ഏതെങ്കിലും ചില വ്യക്തികളുടെ ആത്മനിഷ്ഠമായ ആഗ്രഹാഭിലാഷങ്ങളിൽ നിന്നല്ല സമുദായത്തിലെ വസ്തുനിഷ്ഠമായ പരിതഃസ്ഥിതികളിൽ നിന്നാണ് സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ ആവിർഭവിക്കുന്നത്. മുതലാളിത്തത്തിലടങ്ങിയ വൈരുദ്ധ്യങ്ങൾ തന്നെയാണ് അതിനെ നാശത്തിലേക്ക് നയിക്കുന്നത്. സാമൂഹ്യമായ ഉൽപാദനവും സ്വകാര്യമായ ഉടമാവകാശവും—ഇതാണ് മുതലാളിത്തത്തിലെ വൈരുദ്ധ്യം. മുതലാളിത്തം വളരുന്തോറും ഈ വൈരുദ്ധ്യവും വളരുന്നു. സമുദായത്തിന്റെ ഒരറ്റത്ത് സ്വത്തിന്റെ കൂമ്പാരം; മറ്റേയറ്റത്ത് പട്ടിണിയുടെ കൂത്താട്ടം. ഒരു ഭാഗത്ത് മനുഷ്യന്റെ കഴിവുകളുടെ അത്ഭുതാവഹമായ വളർച്ച; മറുഭാഗത്ത് ആ കഴിവുകളുപയോഗിക്കാനുള്ള പരിതഃസ്ഥിതികളുടെ അഭാവം. ഈ സ്ഥിതിയിൽ സാമ്പത്തികമായ അടിത്തറയെയാകെ മാറ്റിയാലല്ലാതെ മനുഷ്യന് യാതൊരഭിവൃദ്ധിയുമില്ലെന്നു വരുന്നു. ഈ മാറ്റം വർഗസമരങ്ങളിലൂടെയാണ് കൈവരുന്നത്. തൊഴിലാളി വർഗത്തിന്റെ നേതൃത്വത്തിലുള്ള വിപ്ലവസമരങ്ങളിലൂടെയാണ് മുതലാളിത്ത സാമൂഹ്യ വ്യവസ്ഥിതി മാറ്റിമറിക്കപ്പെടുന്നത്.

തൊഴിലാളിവർഗം അധ്വാനിക്കുന്ന മറ്റെല്ലാ ജനവിഭാഗങ്ങളെയും അണിനിരത്തിക്കൊണ്ട് മുതലാളിത്തത്തെ തട്ടിത്തകർക്കുകയും പുതിയ ഉൽപാദന ബന്ധങ്ങൾക്കടിത്തറ പാകുകയും ചെയ്യുമ്പോൾ മുതലാളി വർഗത്തിന് ശുണ്ഠിപിടിക്കുന്നു: തങ്ങളുടെ പൊയ്പ്പോയ സ്ഥാപിത താൽപര്യങ്ങളെ വീണ്ടെടുക്കാൻവേണ്ടി അവർ എതിർപ്പുകൾ സംഘടിപ്പിക്കുന്നു. ആ എതിർപ്പുകളെ തകർത്തു തരിപ്പണമാക്കിക്കൊണ്ട് സാമൂഹ്യ പുരോഗതിയെ ത്വരിതപ്പെടുത്താനുള്ള ഒരുപകരണമാണ് തൊഴിലാളി വർഗത്തിന്റെ സർവ്വാധിപത്യം.

പക്ഷേ, സർവ്വാധിപത്യം ഒരിടക്കാലഘട്ടം മാത്രമാണ്. തൊഴിലാളി വർഗത്തിന്റെ വിജയം മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത, വർഗരഹിതമായ, പുതിയൊരു സാമൂഹ്യ വ്യവസ്ഥയുടെ മുന്നോടിയുമായിരിക്കും. ഉൽപാദന ശക്തികളെ മേൽക്കുമേൽ വളർത്തിക്കൊണ്ട് സമുദായത്തിന്റെ ഭൗതികവും സാംസ്കാരികവുമായ എല്ലാ ആവശ്യങ്ങളെയും അങ്ങേയറ്റം തൃപ്തിപ്പെടുത്തുകയും അങ്ങനെ മനുഷ്യത്വത്തിന് പൂർണതയിലേക്കുള്ള പച്ചവിളക്ക് കാണിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരു സാമൂഹ്യ വ്യവസ്ഥയായിരിക്കും അത്.

## 2.3

മാർക്സിനു മുമ്പും പ്രപഞ്ചത്തിന്റെ പിന്നിലുള്ള നിയമങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന തത്വശാസ്ത്രങ്ങളുണ്ടായിരുന്നു. ഉദാഹരണത്തിന്; സമുദായത്തിന്റെ വികാസം യാദൃച്ഛിക സംഭവങ്ങളെയോ ഏതാനും വ്യക്തികളുടെ താന്തോന്നിത്തത്തെയോ ആശ്രയിച്ചല്ല, മുൻകൂട്ടി മനസിലാക്കാൻ കഴിയുന്ന ചില സവിശേഷ നിയമങ്ങളെ ആശ്രയിച്ചാണിരിക്കുന്നതെന്ന് ഹേഗൽ എന്ന ജർമൻ തത്വശാസ്ത്രജ്ഞൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. വിരുദ്ധശക്തികളുടെ സംഘട്ടനത്തിന്റെ ഫലമായിട്ടാണ് പുരോഗതിയുണ്ടാകുന്നത് എന്ന തത്വം അദ്ദേഹം കണ്ടുപിടിച്ചുകഴിഞ്ഞിരുന്നു. പക്ഷേ,

ഹേഗലിന്റെ തത്വശാസ്ത്രം ആത്മീയവാദത്തെ അടിസ്ഥാനപ്പെടുത്തി ഉള്ളതായിരുന്നു. ആത്മാവിന്റെ ബാഹ്യവും ഇന്ദ്രിയഗോചരവുമായി രൂപം മാത്രമാണ് ഭൗതികപ്രപഞ്ചം എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. മാർക്സും എംഗൽസും ഹേഗലിന്റെ ആത്മീയ തത്വശാസ്ത്രത്തെ ശാസ്ത്രീയമായ ഭൗതിക തത്വശാസ്ത്രമാക്കി രൂപാന്തരപ്പെടുത്തി. മാർക്സ് തന്നെ ചൂണ്ടിക്കാണിച്ചതുപോലെ തലകുത്തി നിൽക്കുന്ന ഹെഗേലിയൻ തത്വശാസ്ത്രത്തെ അവർ കാലിന്മേൽ പിടിച്ചുനിർത്തി. സ്റ്റാലിൻ പറയുന്നു: 'വാസ്തവത്തിൽ ഹെഗേലിയൻ വൈരുദ്ധ്യവാദത്തിൽ നിന്ന് അതിന്റെ 'യുക്തിപൂർവ്വമായ കാതൽ മാത്രമേ' മാർക്സും എംഗൽസും എടുത്തുള്ളൂ. അതിന്റെ ആത്മീയവാദപരമായ തൊണ്ട് അവർ ദൂരെ വലിച്ചെറിഞ്ഞു. മാത്രമല്ല, അതിനെ ആകെയൊന്ന് പരിഷ്കരിച്ച് നവീനവും ശാസ്ത്രീയവുമായ ഒരു രൂപവും അവർ അതിനുകൊടുത്തു.

അങ്ങനെ മാർക്സും എംഗൽസും കൂടി വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദമെന്ന പേരിലറിയപ്പെടുന്ന പുതിയൊരു തത്വശാസ്ത്രം ഉയർത്തിക്കൊണ്ടുവന്നു. പ്രകൃതിയിലും സമുദായത്തിലുമുണ്ടാകുന്ന മാറ്റങ്ങളെ മനസിലാക്കാനും ആ മാറ്റങ്ങളുടെ നിർണായക ശക്തികളെ മനുഷ്യസമുദായത്തിന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കാനും സഹായിക്കുന്ന ഒരു തത്വശാസ്ത്രമായിരുന്നു അത്.

മാർക്സും എംഗൽസും തികഞ്ഞ ഭൗതികവാദികളായിരുന്നു. പ്രകൃതിയിലും സമുദായത്തിലുമുണ്ടാകുന്ന മാറ്റങ്ങളെ പരിശോധിക്കുമ്പോൾ അവയിലടങ്ങിയ ഭൗതികത്വത്തെയാണ് അവർ അടിസ്ഥാനമായെടുത്തത്. ശാസ്ത്രത്തിന്റെ പരിധിക്കപ്പുറത്തു നിൽക്കുന്ന ദിവ്യങ്ങളും അജ്ഞാതങ്ങളുമായ ശക്തികളല്ല, അറിയപ്പെടാൻ കഴിയുന്ന ഭൗതികനിയമങ്ങളാണ് പ്രകൃതിയുടെയും മനുഷ്യ സമുദായത്തിന്റെയും ഗതിക്രമങ്ങളെ നിയന്ത്രിക്കുന്നതെന്ന് അവർ ഉറപ്പിച്ചുപറഞ്ഞു. സാമൂഹ്യജീവിതം മനുഷ്യന്റെ മാനസിക പ്രവർത്തനങ്ങളെ ആശ്രയിച്ചല്ല, നേരെമറിച്ച് മാനസിക പ്രവർത്തനങ്ങൾ സാമൂഹ്യജീവിതത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. സ്റ്റാലിൻ വിവരിക്കുന്നു:

'സമുദായത്തിന്റെ ഭൗതികജീവിതം വ്യക്തികളുടെ ആഗ്രഹാഭിലാഷങ്ങളിൽ നിന്നു സ്വതന്ത്രമായി നിൽക്കുന്ന ബാഹ്യയാഥാർത്ഥ്യവും സമുദായത്തിന്റെ സാംസ്കാരിക ജീവിതം ഈ ബാഹ്യയാഥാർത്ഥ്യത്തിന്റെ പ്രതിബിംബവുമാകുന്നു. അതുകൊണ്ട് സാംസ്കാരിക ജീവിതത്തിന്റെ ഉത്ഭവം—സാമുദായികാശയങ്ങളുടെയും സിദ്ധാന്തങ്ങളുടെയും രാഷ്ട്രീയാഭിപ്രായങ്ങളുടെയും രാഷ്ട്രീയ സ്ഥാപനങ്ങളുടെയും ഉത്ഭവം—ആരാഞ്ഞു നോക്കേണ്ടത് ആ ആശയങ്ങളിലും സിദ്ധാന്തങ്ങളിലും അഭിപ്രായങ്ങളിലും സ്ഥാപനങ്ങളിലുമല്ല. പിന്നെയോ, സമുദായത്തിന്റെ ഭൗതികജീവിതത്തിന്റെ ചുറ്റുപാടുകളിലാണ്; സാമൂഹ്യജീവിതത്തിലാണ്. കാരണം, അവയാണ് ഈ ആശയങ്ങളേയും സിദ്ധാന്തങ്ങളേയും അഭിപ്രായങ്ങളേയും സ്ഥാപനങ്ങളേയും പ്രതിബിംബിപ്പിക്കുന്നത്'.

മനുഷ്യരുടെ മനോമണ്ഡലങ്ങളിലിഴുകിപ്പിടിച്ചു കിടക്കുന്ന ചളിക്കട്ടകളെ അന്ധവിശ്വാസങ്ങളേയും വ്യാമോഹങ്ങളേയും തെറ്റായ സിദ്ധാന്തങ്ങളേയും തുടച്ചുനീക്കി അഭിവൃദ്ധിയുടെ വെളിച്ചം വീശാനുള്ള ഒരുപകരണമെന്ന നിലയ്ക്കാണ് ഈ ഭൗതിക തത്വശാസ്ത്രത്തെ മാർക്സും എംഗൽസും ഉപയോഗിച്ചത്. പ്രകൃതിയുടെയും സമുദായത്തിന്റെയും യഥാർത്ഥസ്വഭാവവും അവയുടെ പിന്നിലുള്ള നിയമങ്ങളും മനസിലാ

ക്കിക്കൊണ്ട് അവയെ മനുഷ്യന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കേണ്ടതെങ്ങനെയെന്ന് അവർ പഠിപ്പിച്ചു.

## 2.4

മാർക്സിനു മുമ്പും മുതലാളിത്തോൽപാദന വ്യവസ്ഥയുടെ സ്വഭാവത്തെ വിശകലനം ചെയ്ത ധനശാസ്ത്രജ്ഞന്മാരുണ്ടായിരുന്നു. ചരക്കുകളുടെ വിലയുടെ അടിസ്ഥാനം അദ്ധ്വാനമാണെന്നും ചരക്കുകൾ കൈമാറ്റം ചെയ്യപ്പെടുന്നത് അവയിലടങ്ങിയ അധ്വാനത്തിന്റെ തോതനുസരിച്ചാണന്നും ആഡംസ്മിത്ത്, റിക്കാർഡോ തുടങ്ങിയ തത്വശാസ്ത്രജ്ഞന്മാർ വ്യക്തമാക്കിക്കഴിഞ്ഞിരുന്നു. പക്ഷേ, മുതലാളിക്കു കിട്ടുന്ന ലാഭത്തിന്റെ അടിസ്ഥാനമെന്തെന്നോ മുതലാളിത്തത്തിന്റെ വളർച്ചയുടെ നിയമങ്ങളെന്തൊക്കെയാണെന്നോ കണ്ടുപിടിക്കാനവർക്കു കഴിഞ്ഞിരുന്നില്ല. സ്മിത്തിന്റെയും റിക്കോർഡോവിന്റെയും ധനശാസ്ത്ര സിദ്ധാന്തങ്ങളെ യുക്തിയുക്തമായി വളർത്തിക്കൊണ്ട് മിച്ചമൂല്യമാണ് മുതലാളിത്ത ചൂഷണത്തിന്റെ അടിസ്ഥാനമെന്ന് മാർക്സ് പ്രഖ്യാപിച്ചു.

മുതലാളിത്തോൽപാദന രീതിയെ ശാസ്ത്രീയമായി വിശകലനം ചെയ്തുകൊണ്ട് മുതലാളികൾ തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് ഏതുവിധത്തിലാണെന്ന് അദ്ദേഹം വെളിപ്പെടുത്തി. തൊഴിലാളികളുടെ അദ്ധ്വാനത്തിന്റെ ഒരു ഭാഗത്തിനു മാത്രമേ മുതലാളികൾ പ്രതിഫലം കൊടുക്കുന്നുള്ളൂ. പ്രതിഫലം കൊടുക്കാതെയുള്ള അദ്ധ്വാനം കൊണ്ട് നിർമ്മിക്കപ്പെടുന്ന മിച്ചമൂല്യം മുതലാളികൾ തട്ടിയെടുക്കുന്നു. ഈ മിച്ചമൂല്യത്തിൽ നിന്നാണ് മുതലാളികൾക്ക് ലാഭമുണ്ടാകുന്നത്.

ലെനിൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, മിച്ചമൂല്യത്തെപ്പറ്റിയുള്ള സിദ്ധാന്തമാണ് മാർക്സിയൻ ധനശാസ്ത്രത്തിന്റെ കാതൽ. ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലാണ് മുതലാളിത്തത്തിന്റെ അധഃപതനവും നാശവും അനിവാര്യമാണെന്ന് മാർക്സും എംഗൽസും ഉൽഘോഷിച്ചത്.

ഇങ്ങനെ മാർക്സിസം പ്രധാനമായി മൂന്ന് ഉറവിടങ്ങളിൽ നിന്നാണ് രൂപമെടുത്തത്. 19-ാം നൂറ്റാണ്ടിലെ ജർമ്മൻ തത്വശാസ്ത്രം, ഇംഗ്ലണ്ടിലെ ധനശാസ്ത്രം, യൂറോപ്യൻ സോഷ്യലിസം. തങ്ങൾക്കു മുമ്പു ജീവിച്ച പ്രഗൽഭമതികളായ മഹാരഥന്മാരുടെ ആശയങ്ങളെ മുഴുവൻ വിമർശനപരമായി പരിശോധിക്കുകയും അവയുടെ ഏറ്റവും നല്ല ഭാഗങ്ങളെയെല്ലാം ഉൾക്കൊള്ളുകയും ചെയ്തുകൊണ്ടാണ് മാർക്സും എംഗൽസും ചിന്താലോകത്തിലാകെ ഒരു വമ്പിച്ച വിപ്ലവമുണ്ടാക്കിയത്; തത്വശാസ്ത്രം, രാജ്യതന്ത്രം, ധനശാസ്ത്രം, സാമൂഹ്യശാസ്ത്രം, ചരിത്രം മുതലായവയെപ്പറ്റിയുള്ള വീക്ഷണഗതികളിലാകെ ഒരു സമൂലപരിവർത്തനം വരുത്തിയത്.

'ലെനിൻ ചൂണ്ടിക്കാണിക്കുകയുണ്ടായി: ഏറ്റവും വിപ്ലവകാരിയായ വർഗത്തിന്റെ പത്തുലക്ഷക്കണക്കിലുള്ള, കോടിക്കണക്കിലുള്ള, ചെവികളെ ആകർഷിക്കാൻ മാർക്സിന്റെ സിദ്ധാന്തങ്ങൾക്ക് സാധിച്ചതെന്തുകൊണ്ടാണെന്ന് ചോദിച്ചാൽ അതിന് ഒരു മറുപടി മാത്രമാണ് നിങ്ങൾക്ക് കിട്ടുക. മുതലാളിത്തത്തിൻകീഴിൽ സമാർജ്ജിക്കപ്പെട്ട മനുഷ്യജ്ഞാനത്തിന്റെ കെട്ടുറപ്പുള്ള അടിത്തറയിന്മേലാണ് അദ്ദേഹം നിലയുറപ്പിച്ചത്. മുൻകാലങ്ങളിൽ ശാസ്ത്രം നിർമ്മിച്ച എല്ലാറ്റിനേയും, അദ്ദേഹം തികച്ചും ഉപയോഗപ്പെടുത്തി. മനുഷ്യസമുദായം സൃഷ്ടിച്ച എല്ലാറ്റിനേയും, യാതൊന്നും വിടാതെ, അദ്ദേഹം വിമർശനപരമായി രൂപാന്തരപ്പെടുത്തി. മനുഷ്യചിന്ത സൃഷ്ടിച്ച എല്ലാറ്റിനേയും വിമർശിക്കുകയും തൊഴിലാളി പ്രസ്ഥാനത്തെ

ഉരകല്ലിന്മേൽ മാറ്ററച്ചു നോക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്തുകൊണ്ട്, ബൂർഷ്വാപരിമിതികളാലും ബൂർഷ്വാവ്യാമോഹങ്ങളാലും നിയന്ത്രിക്കപ്പെടുന്ന ജനങ്ങൾക്കാർക്കും കഴിയാത്തവിധത്തിൽ പുതിയ നിഗമനങ്ങൾ കണ്ടുപിടിച്ചു'.

ഇതിലാണ് മാർക്സിസത്തിന്റെ മാഹാത്മ്യം കിടക്കുന്നത്. ഇതിൽനിന്നാണ് മാർക്സിന്റെ ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങളും വിപ്ലവകരമായ നേട്ടങ്ങളും ഉടലെടുത്തത്.

അന്ന് മുതലാളിത്തം ഇന്നത്തെപ്പോലെ ജീർണിച്ചുകഴിഞ്ഞിരുന്ന ഓജസ്സും പ്രസരിപ്പുമുണ്ടായിരുന്നു. അത് വിജയത്തിൽനിന്ന് വിജയത്തിലേക്ക് കുതിക്കുകയായിരുന്നു. അത്തരമൊരു ഘട്ടത്തിലാണ് മുതലാളിത്തത്തിന്റെ നിയമങ്ങൾ അതിനെ കേന്ദ്രീകരണത്തിലേക്കും കുഴപ്പങ്ങളിലേക്കും ഒടുവിൽ നാശത്തിലേക്കും നയിക്കുമെന്ന് മാർക്സും എംഗൽസും പ്രവചിച്ചത്. മർദ്ദിതരും ചൂഷിതരുമായ തൊഴിലാളികൾ വർഗസമരത്തിലൂടെ ഭരണാധികാരം പിടിച്ചെടുക്കുമെന്നും തൊഴിലാളി സർവാധിപത്യം സ്ഥാപിച്ച് സോഷ്യലിസം കെട്ടിപ്പടുക്കുമെന്നും ഒടുവിൽ മർദ്ദനവും കഷ്ടപ്പാടുമില്ലാത്ത വർഗങ്ങളും ഭരണയന്ത്രങ്ങളുമില്ലാത്ത, കമ്യൂണിസ്റ്റ് സമുദായം ലോകത്തിലെങ്ങും പടുത്തുയർത്തുമെന്നും പ്രഖ്യാപിച്ചത്.

ശാസ്ത്രീയതത്വങ്ങൾ പ്രചരിപ്പിക്കുന്ന കാര്യത്തിൽ മാത്രമല്ല, ശാസ്ത്രീയാടിസ്ഥാനത്തിൽ വിപ്ലവ പ്രസ്ഥാനങ്ങളെ സംഘടിപ്പിക്കുന്ന കാര്യത്തിലും മാർക്സും എംഗൽസും നേതൃത്വം നൽകി. സോഷ്യലിസ്റ്റ് വിപ്ലവം നടത്തി തൊഴിലാളി സർവാധിപത്യം സ്ഥാപിച്ച് സോഷ്യലിസം കെട്ടിപ്പടുക്കുകയെന്ന ചരിത്രപരമായ കടമ നിർവഹിക്കണമെങ്കിൽ തൊഴിലാളി വർഗത്തിന് സ്വന്തമായൊരു പാർട്ടി, സുശക്തമായ കമ്യൂണിസ്റ്റ് പാർട്ടി, കൂടിയേ കഴിയൂ എന്ന് അവർ പ്രായോഗികാനുഭവങ്ങളിലൂടെ പഠിപ്പിച്ചു. എംഗൽസ് എഴുതി:

'വിധി നിർണായകമായ ദിവസം വരുമ്പോൾ രാഷ്ട്രീയാധികാരം പിടിച്ചെടുക്കാൻ വേണ്ട ശക്തി തൊഴിലാളി വർഗത്തിനുണ്ടാകണമെങ്കിൽ മറ്റെല്ലാ പാർട്ടികളിൽ നിന്നും വ്യത്യസ്തമായി, അവയ്ക്കെല്ലാമെതിരായി, തൊഴിലാളി വർഗം തങ്ങളുടെ സ്വന്തം പാർട്ടി, വർഗബോധത്തോടുകൂടിയ ഒരു വർഗ പാർട്ടി, രൂപീകരിക്കണം'.

1847ൽ ലണ്ടനിൽവെച്ച് മാർക്സിന്റേയും എംഗൽസിന്റേയും നേതൃത്വത്തിൽ ഒരു 'കമ്യൂണിസ്റ്റ് ലീഗ്' സ്ഥാപിക്കപ്പെട്ടു. 1864ൽ പടിഞ്ഞാറൻ യൂറോപ്പിലെ മിക്ക രാജ്യങ്ങളിലേക്കും വിപ്ലവകാരികളായ തൊഴിലാളികൾ ഒന്നാം ഇന്റർനാഷണലിൽ കൈകോർത്തുപിടിച്ചു.

അങ്ങനെ തൊഴിലാളികൾക്ക് തങ്ങളുടെ വിമോചന സമരത്തിന്റെ കാഴ്ചപ്പാട് മാത്രമല്ല, മൂർച്ചയുള്ളൊരു സമരായുധവും ലഭിച്ചു.

അങ്ങനെ ഭാവിയുടെ പൂർണ്ണതയിലേക്ക് കുതിക്കുന്ന മനുഷ്യത്വത്തിന്റെ ജാതകം കുറിക്കപ്പെട്ടു. പുതിയൊരു ജീവിതത്തിനുവേണ്ടി: പുതിയൊരു സാമൂഹ്യവ്യവസ്ഥക്കുവേണ്ടി, പുതിയൊരു ലോകത്തിനുവേണ്ടി പതിനായിരക്കണക്കിനുള്ള ജനങ്ങൾ മാർക്സിസത്തിന്റെ കൊടിക്കൂറയിൻകീഴിൽ അണിനിരന്ന്, പതറിച്ച കൂടാതെ, ഭാവിയിലേക്ക് മാർച്ച് ചെയ്യാൻ തുടങ്ങി.

## 2.5

സംഭവബഹുലമായ 22 കൊല്ലങ്ങൾ. ഒടുവിൽ 1870ൽ മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുന്നു. ഫ്രാൻസും പ്രഷ്യയും തമ്മിൽ യുദ്ധം. സെഡാനിൽ വച്ച് നെപ്പോളിയൻ മൂന്നാമന്റെ പട്ടാളങ്ങൾ തോറ്റ് തുന്നംപാടുന്നു.

1871 മാർച്ച്; തൊഴിലാളികളുടെ വിപ്ലവബോധം ഇരമ്പിക്കയറി. മുതലാളിവർഗത്തിന്റെ സ്വേച്ഛാധിപത്യം തട്ടിത്തകർക്കപ്പെട്ടു. തൊഴിലാളികൾക്ക് ഭരണം നടത്താൻ കഴിയുമെന്ന് ആദ്യമായി തെളിയിച്ച പാരീസ് കമ്യൂൺ തലപൊന്തിച്ചു. മാർച്ച് 18ന് പാരീസിലെ ടൗൺഹാളിൽ ചുകപ്പുകൊടി പാറിക്കളിച്ചു. മുതലാളിത്തം ശാശ്വതമല്ലെന്ന് തെളിയിക്കപ്പെട്ടു.

പക്ഷേ, മുതലാളിത്തത്തിന്റെ ആയുസ് അവസാനിച്ചുകഴിഞ്ഞിരുന്നില്ല. തൊഴിലാളിവർഗം ഒരു സ്വതന്ത്ര ശക്തിയായി തീർന്നുകഴിഞ്ഞിരിക്കുന്നുവെങ്കിലും ഭരണമേറ്റെടുക്കുവാൻ തക്കവണ്ണം അത് ശക്തിയാർജ്ജിച്ചുകഴിഞ്ഞിരുന്നില്ല. പിന്തിരിപ്പന്മാരുടെ വിരുദ്ധ മുന്നണി പാരീസ് കമ്മ്യൂണിനെ ചോരയിൽ മുക്കിക്കൊല്ലാൻ വേണ്ടി എല്ലാത്തരം മൃഗീയതകളും എടുത്തുപയോഗിച്ചു. കമ്യൂണിസ്റ്റ് അക്രമത്തിന്റെ വെല്ലുവിളിയെ നേരിടാൻ വേണ്ടി അവർ നിരായുധരായ സ്ത്രീകളുടെയും കുട്ടികളുടെയും ചോരയൊഴുക്കി. വെറുമൊരാഴ്ചയ്ക്കുള്ളിൽ പാരീസിലെ 40,000ത്തിലധികം കമ്മ്യൂൺ ഭടന്മാർ വെടിവച്ചു കൊല്ലപ്പെട്ടു. എന്നിട്ടും ചുകപ്പുകൊടിയുടെ ഭരണം നിലനിർത്താൻ വേണ്ടി തൊഴിലാളികൾ അസാമാന്യമായ ധീരതയോടെ പടവെട്ടി—പക്ഷേ, ഫലമുണ്ടായില്ല. 72 ദിവസത്തെ ആവേശകരമായ ജീവിതത്തിനുശേഷം പാരീസ് കമ്മ്യൂൺ വീരമരണം പ്രാപിച്ചു.

മുതലാളികൾ ആഹ്ലാദിച്ചു. ഇനിയൊരിക്കലും സോഷ്യലിസം തലപൊക്കില്ലെന്ന് അവർ വീമ്പിളക്കി.

പക്ഷേ, യഥാർത്ഥത്തിൽ സോഷ്യലിസമല്ല, മുതലാളിത്തമാണ് തലപൊക്കാതായത്. എന്തെന്നാൽ, പാരീസ് കമ്മ്യൂണോടുകൂടി മുതലാളിത്തത്തിന്റെ യുവത്വമവസാനിച്ചു. അതിന്റെ ശരീരത്തിൽ ജരാനരകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി.

20-ാം നൂറ്റാണ്ടിന്റെ പടിവാതിൽക്കലെത്തിയപ്പോഴേക്കും മുതലാളിത്തത്തിന്റെ സ്വഭാവമാകെ മാറി അത് പുതിയൊരു ഘട്ടത്തിലേക്ക്—അതിന്റെ അവസാനഘട്ടത്തിലേക്ക്—അധഃപതനത്തിന്റെയും നാശത്തിന്റെയും ഘട്ടത്തിലേക്ക്—കാലെടുത്തുവച്ചു. മുതലാളിത്തം മൂത്തുമുരടിച്ച് ചുക്കിച്ചുളിഞ്ഞ് ശവക്കുഴിയിലേക്ക് കാൽനീട്ടുന്ന സാമ്രാജ്യാധിപത്യമായി മാറി. മറുഭാഗത്ത് മുതലാളിത്തത്തെ തട്ടിത്തകർക്കുന്നതിനുള്ള പരിതഃസ്ഥിതികൾ പരിപക്വമായി.

വിപ്ലവ പ്രസ്ഥാനങ്ങൾ തിളച്ചുപൊങ്ങി.

രണ്ടാം ഇന്റർനാഷണലിന്റെ നേതാക്കന്മാർ—ജയപ്രകാശിന്റെയും ബെവിന്റെയും മുൻഗാമികൾ—ബേൺസ്റ്റീൻ, കോട്സ്കി, വെൻഡറർ വൈൽഡ്, മെക്ഡൊണാൾഡ് മുതലായ അവസരവാദികൾ—മാർക്സിസത്തെ പുനഃപരിശോധന ചെയ്യാനും തിരുത്തിയെഴുതാനും പുറപ്പെട്ട ഒരു ഘട്ടമായിരുന്നു അത്. തങ്ങളാണ് യഥാർത്ഥ സോഷ്യലിസത്തിനുവേണ്ടി നിലകൊള്ളുന്നതെന്ന് ബഡായി പറഞ്ഞുകൊണ്ട് അവർ മാർക്സിസത്തിന്റെ നേരെ യുദ്ധം പ്രഖ്യാപിച്ചു. പക്ഷേ, ചരിത്രം അവരുടെ ഭാഗത്തായിരുന്നില്ല. അതുകൊണ്ട് മാർക്സിനേയും എംഗൽസിനേയും എതിർത്ത പണ്ഡിതമൂഢന്മാരെല്ലാം ഒടുവിൽ പിന്തിരിപ്പത്തത്തിന്റെ പാളയത്തിൽ അഭയം പ്രാപിക്കുകയും അങ്ങനെ തങ്ങളുടെ തനിനിറം വെളിപ്പെടുത്തുകയും ചെയ്തു.

പാരീസ് കമ്മ്യൂണിന്റെ വീരമരണം മുതൽ 20-ാം നൂറ്റാണ്ടിന്റെ ജനനംവരെ നീണ്ടുനിന്ന ഈ കാലഘട്ടത്തെപ്പറ്റി ലെനിൻ എഴുതി:

'പാശ്ചാത്യരാജ്യങ്ങൾ ഭാവി പരിവർത്തനങ്ങളുടെ കാലഘട്ടത്തിന്' സമാധാനപരമായി ഒരുക്കു കൂട്ടുകയെന്ന ഒരു ദശയിലേക്ക് പ്രവേശിക്കുന്നു. സത്തിൽ തൊഴിലാളി വർഗ്ഗത്തിന്റേതായ സോഷ്യലിസ്റ്റ് പാർട്ടികൾ എല്ലായിടത്തും രൂപവൽക്കരിക്കപ്പെടുന്നു. ആ പാർട്ടികൾ ബൂർഷ്വാപാർലമെൻറുകളെ ഉപയോഗിക്കാൻ പഠിക്കുന്നു. അവ സ്വന്തമായി ദിനപ്പത്രങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ട്രേഡ് യൂണിയനുകളും സഹകരണസംഘങ്ങളും സ്ഥാപിക്കുന്നു. മാർക്സിന്റെ സിദ്ധാന്തങ്ങൾക്ക് വിജയവും വ്യാപ്തിയും ലഭിക്കുന്നു.

'മാർക്സിസത്തിന് കിട്ടിയ താത്വികവിജയം അതിന്റെ ശത്രുക്കളെ മാർക്സിസ്റ്റുകാരായി സ്വയം നടിക്കാൻ നിർബന്ധിച്ചു—ഇതാണ് ചരിത്രത്തിന്റെ വൈരുദ്ധ്യം നിറഞ്ഞ ഗതിക്രമം. അടിമുതൽ മുടിവരെ പൂപ്പൽപിടിച്ച മിതവാദിത്വം അവസരസേവയുടെ രൂപം കൈക്കൊണ്ട് സ്വയം ഉയിർത്തെഴുന്നേൽക്കാൻ ശ്രമിക്കുന്നു. മഹത്തായ സമരങ്ങൾക്കുവേണ്ടി ശക്തി സജ്ജീകരിക്കുന്ന കാലഘട്ടത്തെ, ആ സമരങ്ങളെത്തന്നെ ഉപേക്ഷിക്കലായി അവർ വ്യാഖ്യാനിച്ചു. സോഷ്യലിസ്റ്റ് നിയമസഭാ സാമാജികന്മാരുടെയും തൊഴിലാളി പ്രസ്ഥാനത്തിന്റെ വിവിധ ഭാരവാഹികളുടെയും ഇടയിലവർക്ക് ധാരാളം അനുയായികളുണ്ടായി'.

എതിരാളികളുടെ ആക്രമണങ്ങളിൽ നിന്ന് മാർക്സിസത്തെ കാത്തുരക്ഷിക്കേണ്ടതുണ്ടായിരുന്നു. പുതിയ പരിതഃസ്ഥിതികളിൽ പുതിയ സാമൂഹ്യാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മാർക്സിസത്തെത്തന്നെ വളർത്തേണ്ടതുണ്ടായിരുന്നു. ചരിത്രപരമായ ഈ കടമകൾ നിർവ്വഹിക്കപ്പെട്ടു. പുതിയ പരിതഃസ്ഥിതികൾക്ക് യോജിച്ച മട്ടിൽ, സാമൂഹ്യ വളർച്ചയുടെ ആവശ്യങ്ങളെ നടപ്പിൽവരുത്താൻ കഴിയത്തക്കവണ്ണം, മാർക്സിസം വളർത്തപ്പെട്ടു—ലെനിനിസം ഉയർന്നുവന്നു.

## 2.6
## ലെനിനിസമെന്നുവെച്ചാലെന്താണ്?

സ്റ്റാലിൻ നിർവ്വചിക്കുന്നു:

> 'ലെനിനിസം സാമ്രാജ്യാധിപത്യത്തിന്റെയും തൊഴിലാളി വിപ്ലവത്തിന്റെയും കാലഘട്ടത്തിലെ മാർക്സിസമാണ്. കുറേക്കൂടി വ്യക്തമായി പറയുകയാണെങ്കിൽ ലെനിനിസമെന്നത് തൊഴിലാളി വിപ്ലവത്തിന്റെയും പ്രത്യേകിച്ച് തൊഴിലാളി സർവ്വാധിപത്യത്തിന്റെയും തത്വവും തന്ത്രവുമാണ്'.

ജീവനുള്ള ഒരു ശാസ്ത്രമാണ് മാർക്സിസം. അതുകൊണ്ട് അതിന് നിശ്ചലമായി നിൽക്കാൻ വയ്യ—സാമൂഹ്യ വളർച്ചയിലുണ്ടാകുന്ന മാറ്റങ്ങളോടൊപ്പം പുതിയ അനുഭവങ്ങളും ഉൾക്കൊണ്ടുകൊണ്ട് അത് വളരുന്നു; കൂടുതൽ പുഷ്ടിപ്പെടുന്നു.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തന്നെ ലെനിൻ പ്രസ്താവിക്കുകയുണ്ടായി:

> 'മാർക്സിസ്റ്റു സിദ്ധാന്തം പരിപൂർണ്ണവും മാറ്റമില്ലാത്തതുമായ ഒന്നാണെന്ന് ഞങ്ങൾ തീരെ കരുതുന്നില്ല. അത് ശാസ്ത്രത്തിന്റെ അടിത്തറ പാവുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും സോഷ്യലിസ്റ്റുകാർ അതിനെ എല്ലാവഴിക്കും വളർത്തേണ്ടതുണ്ടെന്നും അല്ലെങ്കിലവർ ജീവിതത്തിന്റെ പിന്നണിയിൽ തങ്ങിപ്പോകുമെന്നുമാണ് ഞങ്ങളുടെ ദൃഢവിശ്വാസം'.

സ്റ്റാലിൻ പറയുന്നു:

> 'മാർക്സിസം എല്ലാ കാലങ്ങൾക്കും ബാധകമായ മാറ്റമില്ലാത്തതും സനാതനവുമായ, പ്രമാണങ്ങളേയും നിഗമനങ്ങളേയും അംഗീകരിക്കുന്നില്ല. മാർക്സിസം എല്ലാത്തരം വരട്ടുവാദത്തിന്റെയും ശത്രുവാണ്'.

മാർക്സിന്റെ ജീവിതകാലത്തിനുശേഷം മനുഷ്യസമുദായത്തിലുണ്ടായ മാറ്റങ്ങളേയും തൊഴിലാളി വിപ്ലവപ്രസ്ഥാനത്തിന്റെ വളർച്ചയേയും മാർക്സിസത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചുകൊണ്ട് ലെനിൻ പുതിയ തത്വങ്ങളുന്നയിച്ചു. 20-ാം നൂറ്റാണ്ടോടുകൂടി ആവിർഭവിച്ച സാമ്രാജ്യത്വം മുതലാളിത്തത്തിന്റെ എല്ലാ വൈരുദ്ധ്യങ്ങളും മൂർഛിക്കുകയും സാമ്രാജ്യയുദ്ധങ്ങളും തൊഴിലാളി വിപ്ലവങ്ങളും പൊട്ടിപ്പുറപ്പെടുകയും ചെയ്യുമെന്നും തൊഴിലാളികൾ മുതലാളിത്തത്തെ തട്ടിത്തകർത്ത് തങ്ങളുടെ സ്വന്തം സർവ്വാധിപത്യം സ്ഥാപിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

സാമ്രാജ്യത്വകാലഘട്ടത്തിൽ മുതലാളിത്തരാജ്യങ്ങളുടെ വളർച്ച അസമമായിട്ടാണ്. ഉൽപാദനശക്തികൾ എല്ലാ രാജ്യത്തും ഒരുപോലെയല്ല വളരുന്നത്. ഈ സിദ്ധാന്തത്തെ വിശകലനം ചെയ്തുകൊണ്ട് ലെനിൻ പ്രഖ്യാപിച്ചു, ഒരു രാജ്യത്തിൽ മാത്രമായോ ഏതാനും രാജ്യങ്ങളിൽ ഒറ്റയ്ക്കൊറ്റയ്ക്കായോ സോഷ്യലിസത്തിന്റെ വിജയം സാദ്ധ്യമാണെന്ന്.

മുതലാളിത്തം കുത്തക മുതലാളിത്തമാകുന്നതിനു മുമ്പ് ജീവിച്ചിരുന്ന മാർക്സിനും എംഗൽസിനും കാണാൻ കഴിയാത്ത ഒരു പുതിയ സിദ്ധാന്തമാണിത്. മുതലാളിത്തോൽപാദനരീതി ഏറ്റവുമധികം വളരുകയും തൊഴിലാളിവർഗം സമുദായത്തിലെ ഭൂരിപക്ഷമായി മാറുകയും ചെയ്യുന്ന ഒരു പരിതഃസ്ഥിതിയിൽ മാത്രമേ സോഷ്യലിസ്റ്റ് വിപ്ലവം ജയിക്കുകയുള്ളുവെന്നാണ് മാർക്സും എംഗൽസും കരുതിയിരുന്നത്. പക്ഷേ, കുത്തക മുതലാളിത്തത്തിന്റെ പരിതഃസ്ഥിതിയിൽ അവരുടെ നിഗമനം സാധുവല്ലാതായിത്തീർന്നു.

സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നു:

> 'മുതലാളിത്തം അത്ര ഉയർന്ന തോതിൽ വളരുകയും തൊഴിലാളിവർഗം ജനസംഖ്യയുടെ ഭൂരിപക്ഷമായിത്തീരുകയും ചെയ്തിട്ടില്ലെങ്കിൽക്കൂടി, തൊഴിലാളിവർഗത്തിന് തട്ടിത്തകർക്കാൻ കഴിയത്തക്കവണ്ണം മുതലാളിത്തത്തിന്റെ അണി ദുർബലമായിത്തീർന്നിട്ടുള്ള വ്യത്യസ്തരാജ്യങ്ങളിൽ സോഷ്യലിസത്തിന്റെ വിജയത്തിന് പരിപൂർണ്ണ സാദ്ധ്യതയുണ്ട്. സോഷ്യലിസ്റ്റ് വിപ്ലവത്തെപ്പറ്റിയുള്ള ഈ ലെനിനിസ്റ്റ് സിദ്ധാന്തം 1915-16ലാണ് കണ്ടുപിടിക്കപ്പെട്ടത്. സോഷ്യലിസ്റ്റ് വിപ്ലവം നിസംശയമായും വിജയിക്കുക മുതലാളിത്തം ഏറ്റവുമധികം വളർന്നുകഴിഞ്ഞിട്ടുള്ള രാജ്യങ്ങളിലല്ല; നേരേമറിച്ച് മുതലാളിത്തത്തിന്റെ വളർച്ച അത്ര ഉയർന്ന രൂപത്തിലെത്തിയിട്ടില്ലെങ്കിൽ കൂടി അതിന്റെ അണി ദുർബലമാവുകയും അതിനെ തകർക്കാൻ തൊഴിലാളിവർഗത്തിന് കൂടുതൽ എളുപ്പമാവുകയും ചെയ്തിട്ടുള്ള രാജ്യങ്ങളിലാണ് സോഷ്യലിസ്റ്റ് വിപ്ലവം വിജയിക്കുക'.

ഈ പുതിയ സിദ്ധാന്തം റഷ്യയിലെ തൊഴിലാളി വർഗത്തിന്റെ കയ്യിൽ ഒരു മൂർച്ചയേറിയ ആയുധമായിത്തീർന്നു.

സോഷ്യലിസത്തിലേക്ക് ഒറ്റയടിപ്പാതയില്ലെന്നും പ്രത്യേകിച്ച്, പിന്നണിയിൽ കിടക്കുന്ന ഒരു രാജ്യത്തിന് ജനാധിപത്യ വിപ്ലവത്തിലൂടെയല്ലാതെ സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് എളുപ്പത്തിൽ മാർച്ചു ചെയ്യാൻ സാധിക്കില്ലെന്നും മുതലാളിത്ത രാജ്യത്തിലെ വിപ്ലവവും കോളനിയിലെ വിപ്ലവവും തമ്മിൽ വ്യത്യാസമുണ്ടെന്നും

ലെനിൻ പഠിപ്പിച്ചു. ഓരോ വിപ്ലവത്തിലും നേതൃത്വം വഹിക്കുന്ന തൊഴിലാളി വർഗത്തിന് സവിശേഷങ്ങളായ കടമകളുണ്ടെന്നും വ്യത്യസ്തങ്ങളായ തന്ത്രങ്ങളും അടവുകളും പ്രയോഗിക്കേണ്ടതുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

തൊഴിലാളിവർഗ നേതൃത്വമെന്നാൽ മറ്റ് ജനവിഭാഗങ്ങളെക്കൂടി വിപ്ലവത്തിലണിനിരത്തലാണ്. മറ്റു വർഗങ്ങളും പാർട്ടികളുമായി യാതൊരൊത്തുതീർപ്പും പാടില്ലെന്ന് വാദിച്ച ട്രോട്സ്കിസ്റ്റുകാരെ അദ്ദേഹം കണക്കിന് കശക്കിക്കൊടുത്തു. അദ്ദേഹം പറഞ്ഞു:

'സാർവദേശീയ മുതലാളിത്തത്തെ മറിച്ചിടാനുള്ള യുദ്ധം സാധാരണ രണ്ടു രാജ്യങ്ങൾ തമ്മിലുള്ള യുദ്ധത്തെക്കാൾ എത്രയോ അധികം ബുദ്ധിമുട്ടുള്ളതാണ്, കുഴപ്പമേറിയതാണ്, കാലദൈർഘ്യമുള്ളതാണ്. ഇത്തരമൊരു യുദ്ധത്തിൽ ശത്രുപക്ഷത്തിനകത്തുള്ള സ്വരച്ചേർച്ചയില്ലായ്മയെ (അവ താൽക്കാലികമാണെങ്കിൽ പോലും) ഉപയോഗപ്പെടുത്താനും, സാദ്ധ്യതയുള്ളിടത്ത് ചിലരുമായി കൂട്ടുകൂടുവാനും (താൽക്കാലികവും അസ്ഥിരവുമാണെങ്കിൽക്കൂടി) പരിതഃസ്ഥിതിയുടെ ആവശ്യമനുസരിച്ചുള്ള ഒത്തുതീർപ്പുകളും സന്ധികളുമുണ്ടാക്കുവാനും ഒരിക്കലും തയ്യാറാവരുതെന്ന് ആദ്യമേ തീരുമാനിക്കുന്നത് പമ്പരവിഡ്ഢിത്തമല്ലേ? ......... ശത്രുപക്ഷത്തിലുള്ള ഓരോ പിളർപ്പിനേയും അതെത്ര നിസാരമായാലും ശരി—വിവിധ രാജ്യങ്ങളിലുമുള്ള മുതലാളി വർഗത്തിനിടയിലും ബൂർഷ്വാ ഗ്രൂപ്പുകൾക്കിടയിലും കാണുന്ന വൈരുദ്ധ്യങ്ങളേയും സാമർത്ഥ്യത്തോടും ശ്രദ്ധയോടും കൂടി പരിപൂർണ്ണമായി ഉപയോഗപ്പെടുത്തുകയും, ബഹുജനാടിസ്ഥാനത്തിലുള്ള ബന്ധുവിനെ നേടാനുള്ള (ആ ബന്ധുത്വം എത്രതന്നെ താൽക്കാലികവും അവിശ്വസനീയവും ബലഹീനവുമായിക്കൊള്ളട്ടെ) ഏത് നിസാരസന്ദർഭത്തേയും ഉപയോഗപ്പെടുത്തുകയും ചെയ്തുകൊണ്ടു മാത്രമേ ശക്തിയേറിയ ശത്രുവിനെ തോൽപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇത് മനസിലാവാത്ത ആളുകൾക്ക് മാർക്സിസത്തിന്റെ അഥവാ ശാസ്ത്രീയ സോഷ്യലിസത്തിന്റെ ഒരു പൊടിപോലും മനസിലാക്കാൻ സാധ്യമല്ല'.

സാമൂഹ്യവളർച്ചയുടെ ആവശ്യങ്ങളെയും താൽപര്യങ്ങളെയും പ്രതിഫലിപ്പിക്കുകയും അദ്ധ്വാനിക്കുന്ന ജനസമൂഹങ്ങളുടെ താൽപര്യങ്ങൾക്കൊത്തവിധം ജീവിതത്തെ മാറ്റിത്തീർക്കാനുള്ള ശാസ്ത്രീയമാർഗം ചൂണ്ടിക്കാണിക്കുകയും മാത്രമല്ല ലെനിൻ ചെയ്തത്; സോഷ്യലിസത്തിനുവേണ്ടി സമരം നടത്തുന്ന വിപ്ലവകാരികളുടെ പാർട്ടികളെ, രൂപീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതെങ്ങനെ എന്നുകൂടി അദ്ദേഹം പഠിപ്പിച്ചു.

അങ്ങനെ തൊഴിലാളികൾ കൂടുതൽ ആത്മവിശ്വാസത്തോടെ ഭാവിയുടെനേർക്ക് നോക്കാൻ തുടങ്ങി.

## 2.7

വീണ്ടും വിപ്ലവമുന്നേറ്റം. 1905. 'വിപ്ലവം ജയിക്കട്ടെ! സാർ ചക്രവർത്തി തുലയട്ടെ!' തുടങ്ങിയ മുദ്രാവാക്യങ്ങളുടെ ചൂളംവിളികൾ. സാറിന്റെ ദൈവദത്തമായ സിംഹാസനം വിറകൊണ്ടു. പണിമുടക്കം പരന്നുപിടിക്കുകയാണ്. 1905 ഡിസംബർ. പണിമുടക്കം ആയുധമേന്തിയ കലാപമായി മാറി. പള്ളികൾ കൂട്ടമണി മുഴക്കി. കുതിരപ്പട്ടാളം, ബയണറ്റുകൾ, ലക്കും ലഗാനുമില്ലാതെ ചീറിപ്പായുന്ന വെടിയുണ്ടകൾ. ഭ്രാന്തുപിടിച്ച സാർ ചക്രവർത്തി കൽപന പുറപ്പെടുവിച്ചു.

'ഒരൊറ്റ വെടിയുണ്ടപോലും ബാക്കിയാവരുത്!'

വിപ്ലവം തൽക്കാലത്തേക്ക് തോൽക്കപ്പെട്ടു.

മുതലാളികൾ വീണ്ടും സന്തോഷം കൊണ്ട്, തുള്ളിച്ചാടി, വത്തിക്കാൻ ദൈവത്തോട്ട നന്ദിപറഞ്ഞു. അവസരവാദികൾ ലെനിനേയും സ്റ്റാലിനേയും ആക്ഷേപിച്ചു. ഭീരുക്കൾ പിറുപിറുത്തു: 'തൊഴിലാളികൾ ആയുധമെടുത്തത് തെറ്റായി!'

തൊഴിലാളികൾ പറഞ്ഞു: ഞങ്ങളുടെ ദിവസം വരും!

ഒടുവിൽ ആ ദിവസം വരികതന്നെ ചെയ്തു.

സാമ്രാജ്യയുദ്ധം പൊട്ടിപ്പുറപ്പെട്ടു. മുതലാളിത്തത്തിന്റെ തീരാക്കുഴപ്പമാരംഭിച്ചു. വിപ്ലവത്തിന്റെ അലകൾ വീണ്ടും ഇരമ്പിക്കയറി. 'വിപ്ലവം ജയിക്കട്ടെ! സാർ ചക്രവർത്തി തുലയട്ടെ!' എന്നീ കാഹളം വിളികൾ അന്തരീക്ഷത്തിൽ പൂർവ്വാധികം ഉച്ചത്തിലുയർന്നു.

1917 മാർച്ച്—വിപ്ലവത്തിന്റെ കൊടുങ്കാറ്റിൽ സാർ ചക്രവർത്തിയുടെ കിരീടം തെറിച്ചുപോയി. തൊഴിലാളിവർഗത്തിന്റെ കാഹളംവിളികൾ മുഴങ്ങി. 'വിപ്ലവം ജയിക്കട്ടെ! സാർ ചക്രവർത്തി തുലയട്ടെ!'

സാർ ചക്രവർത്തി തുലഞ്ഞു. പക്ഷേ, വിപ്ലവം തുടർന്നു. ജനങ്ങൾ വിജയഭേരി മുഴക്കിക്കൊണ്ട് മുന്നോട്ടു കുതിക്കുകയാണ്. പുതിയ മുദ്രാവാക്യങ്ങൾ; പുതിയ കാഹളംവിളികൾ. 'മുതലാളിത്തം നശിക്കട്ടെ! സോഷ്യലിസം വിജയിക്കട്ടെ!' ചീഞ്ഞളിഞ്ഞ മുതലാളിത്തം ലോകത്തിന്റെ ആറിലൊരുഭാഗത്തുനിന്ന് തുടച്ചുനീക്കപ്പെടാൻ പോവുകയാണ്. ഭൂലോകമാകെ കുലുങ്ങി മറിയുകയാണ്. ട്രോട്സ്കി പറഞ്ഞു: 'നിൽക്കട്ടെ. ഒരു രാജ്യത്തിൽ മാത്രമായി സോഷ്യലിസം സ്ഥാപിക്കുക സാദ്ധ്യമല്ല! ആർത്തിരമ്പുന്ന തിരമാലകളോട് അയാൾ മടങ്ങിപ്പോകാൻ കൽപ്പിച്ചു. തിരമാലകൾ കൂട്ടാക്കിയില്ല. ചരിത്രമാണ് മുന്നോട്ട് കുതിക്കുന്നത്. മാർക്സിസം—ലെനിനിസമാണ് വിപ്ലവത്തെ നയിക്കുന്നത്.

മുദ്രാവാക്യങ്ങൾ കൂടുതലുച്ചത്തിൽ മുഴങ്ങി. 'മുതലാളിത്തം നശിക്കട്ടെ! സോഷ്യലിസം വിജയിക്കട്ടെ!'.

1917 നവംബർ. കെറൻസ്കിയുടെ ഭരണകൂടം തവിടുപൊടിയായി.

സൂര്യൻ പൂർവ്വാധികം ഉജ്ജ്വലമായി പ്രകാശിച്ചു. ഒരു പുതിയ ലോകം ഉത്ഘാടനം ചെയ്യപ്പെടുകയാണ്!

ഉൽക്കണ്ഠ നിറഞ്ഞ നിമിഷങ്ങളും മണിക്കൂറുകളും പാഞ്ഞുപോയി. രാത്രി $10\frac{3}{4}$ മണി. രാജാക്കന്മാരുടെയും രാജ്ഞിമാരുടെയും സുഖഭോഗങ്ങളുടെ സുഗന്ധം വഹിക്കുന്ന സ്മോൾനി ഇൻസ്റ്റിറ്റ്യൂട്ട് എന്ന മനോഹരമായ മാർബിൾ കൊട്ടാരത്തിൽ വൃത്തികെട്ടവരും വിയർപ്പു നാറുന്നവരും ചളിപുരണ്ടവരും മുഷിഞ്ഞ വസ്ത്രം ധരിച്ചവരുമായ ഒരു കൂട്ടം ആളുകൾ കയറിക്കൂടി—കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രക്കമ്മറ്റി മെമ്പർമാരുടെ പ്രസംഗം കേൾക്കാൻവന്ന സോവിയറ്റ് ഡെപ്യൂട്ടിമാരാണവർ.

ഒരു പുതിയ ലോകത്തിന്റെ ജാതകമെഴുതപ്പെടുകയാണ്. രണ്ടുദിവസം നീണ്ടുനിന്ന സമ്മേളനം. ആശയവും ആവേശവും അസ്വസ്ഥതയും നിറഞ്ഞ അന്തരീക്ഷം.

അതാ! കുടുക്കില്ലാത്ത ഒരു പഴയ കോട്ടും മിന്നുന്ന കഷണ്ടിയുമുള്ള ഒരു കുറിയ മനുഷ്യൻ കയ്യിൽ ഒരു ചുരുൾ കടലാസുമായി പതറാത്ത കാൽവെപ്പോടെ പ്ലാറ്റ്ഫോറത്തിലേക്ക് കയറുന്നു. ആളുകൾ ആർത്തുവിളിച്ചു. നീണ്ടുനിന്ന കരഘോഷം: ആ കുറിയ മനുഷ്യൻ വൃത്തികെട്ടവരും വയറൊട്ടിയവരും ചളിപുരണ്ടവരും തിളങ്ങു

ന്ന കണ്ണുകളുള്ളവരുമായ ആ ആളുകളെയെല്ലാം ഒന്ന് കണ്ണോടിച്ചു നോക്കിക്കണ്ടു. ശാന്തവും ദൃഢവുമായ സ്വരത്തിൽ അദ്ദേഹം പറഞ്ഞു.

'സഖാക്കളെ, ഇനി നമുക്ക് സോഷ്യലിസം കെട്ടിപ്പടുക്കാനൊരുങ്ങാം'.

അതു ലെനിനായിരുന്നു, പുതിയ ലോകത്തിന്റെ നേതാവും പുതിയ ഗവണ്മെൻറിന്റെ തലവനുമായ സഖാവ് ലെനിൻ.

## 2.8

നൂറ്റാണ്ടുകളായി മർദ്ദിതരും ചൂഷിതരുമായ ബഹുജനങ്ങൾ യാതൊന്നിനുവേണ്ടി പടവെട്ടിപ്പോന്നുവോ, പുരാതനകാലം മുതൽക്കേ മനുഷ്യസ്നേഹികളായ മഹാത്മാക്കൾ യാതൊന്ന് സ്വപ്നംകണ്ടു പോന്നുവോ, അത് സഫലമായി. വയറ്റിൽ പട്ടിണിയും മുതുകത്ത് കൊരടാവുകൊണ്ടുള്ള അടിയുടെ പാടുകളുമുള്ള അവശലക്ഷങ്ങൾ ജീവിതത്തിലാദ്യമായി നട്ടെല്ലുനിവർത്തി. പ്രഭുക്കന്മാർ സിംഹാസനങ്ങളിൽ നിന്നിറക്കപ്പെട്ടു. താണവർ ഉയർന്നു. അജ്ഞരും അപരിഷ്കൃതരുമെന്ന് അപഹസിക്കപ്പെട്ടുപോന്ന തൊഴിലാളിവർഗം. കൃഷിക്കാരുടെയും മറ്റ് മർദ്ദിതവിഭാഗങ്ങളുടെയും പിന്തുണയോടുകൂടി സാമൂഹ്യവ്യവസ്ഥയുടെ നേതൃത്വം ഏറ്റെടുത്തു. അടുക്കളപ്പണിക്കാരിക്കുപോലും ഭരണയന്ത്രം തിരിക്കാൻ കഴിയുമെന്നായി. തലമുറതലമുറയായി അജ്ഞതയിലും അന്ധകാരത്തിലും കിടന്ന് ഞെരങ്ങിക്കൊണ്ടിരുന്നവർക്ക് ശാസ്ത്രജ്ഞന്മാരും സാഹിത്യകാരന്മാരും എഞ്ചിനീയർമാരുമൊക്കെയാകാമെന്നായി. മനുഷ്യനെ ചൂഷണം ചെയ്യാനുപയോഗിക്കപ്പെട്ടിരുന്ന ഉൽപാദനോപകരണങ്ങൾ മനുഷ്യന്റെ ആവശ്യത്തിനും അഭിവൃദ്ധിക്കുമുള്ള പൊതുസ്വത്തായി മാറി. ചൂഷണത്തിന്റെ അവശിഷ്ടങ്ങൾ പോലുമില്ലാത്ത വർഗരഹിതമായ കമ്യൂണിസ്റ്റ് സമുദായത്തിന്റെ അടിത്തറപാകപ്പെട്ടു.

ഭാവിയിലേക്ക് മുന്നേറാൻ തയ്യാറായി നിൽക്കുന്ന ജനങ്ങളെ നോക്കി പുഞ്ചിരിയിട്ടുകൊണ്ട് ലെനിൻ ആവേശഭരിതനായി പറഞ്ഞു:

'ഇതിനുമുമ്പ് എല്ലാ മനുഷ്യജ്ഞാനവും—മനുഷ്യന്റെ പ്രതിഭാശക്തിയാൽ നിർമ്മിക്കപ്പെട്ടതെല്ലാം തന്നെ—ഏതാനും ചിലർക്കു മാത്രം സാങ്കേതിക വൈദഗ്ധ്യത്തിന്റേയും സംസ്കാരത്തിന്റേയും നേട്ടങ്ങൾ കൈവരുത്തിക്കൊടുക്കാനും മറ്റുള്ളവരെ ഏറ്റവും അത്യാവശ്യമായ വെളിച്ചത്തിൽനിന്നും പുരോഗതിയിൽ നിന്നും അകറ്റി നിർത്താനും വേണ്ടിയാണ് വിനിയോഗിക്കപ്പെട്ടു പോന്നത്. ഇനി മുതൽ സാങ്കേതികവൈദഗ്ധ്യത്തിന്റെ എല്ലാ ഇന്ദ്രജാലങ്ങളും സംസ്കാരത്തിന്റെ എല്ലാ നേട്ടങ്ങളും മുഴുവൻ ജനങ്ങളുടെയും സ്വത്തായിത്തീരും. മനുഷ്യന്റെ ചിന്തയും പ്രതിഭയും ഇനിയൊരിക്കലും ഹിംസയ്ക്കും ചൂഷണത്തിനുമുള്ള ഉപകരണങ്ങളാവുകയില്ല. ഇതു നമുക്കറിയാം. ചരിത്രത്തിന്റെ ഏറ്റവും മഹത്തായ ഈ കടമ നിറവേറ്റാൻ വേണ്ടി പണിയെടുക്കുന്നത് അഭിമാനകരമല്ലേ? നമ്മുടെ എല്ലാ ശക്തിയും അതിനുവേണ്ടി ഉപയോഗിക്കുന്നതാവശ്യമല്ലേ? തൊഴിലാളിവർഗം ഈ ഗംഭീരമായ ചരിത്രകടമ പരിപൂർണ്ണതയിലോളം നിറവേറ്റാതിരിക്കുകയില്ല. കാരണം, വിപ്ലവത്തിന്റെ അന്തർലീനമായ ശക്തികൾ, നവീകരണവും യുവത്വവും സൃഷ്ടിക്കുന്നതിനുള്ള കഴിവുകൾ, അവരിലാണ് നിലനിൽക്കുന്നത്.'

അതിനുമുമ്പും ഭരണപരിവർത്തനങ്ങളുണ്ടായിട്ടുണ്ട്. വിപ്ലവങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ, ഒക്ടോബർ വിപ്ലവം ഒരു പുതിയ തരത്തിലുള്ള വിപ്ലവമാണ്.

സ്റ്റാലിൻ എഴുതുന്നു:

> മുമ്പുണ്ടായിട്ടുള്ള വിപ്ലവങ്ങൾ സാധാരണയായി ഭരണകൂടമെന്ന കപ്പലിന്റെ അമരത്തിൽനിന്ന് ഒരു കൂട്ടം ചൂഷകൻമാരെ മാറ്റി മറ്റൊരുകൂട്ടം ചൂഷകന്മാരെ പ്രതിഷ്ഠിക്കുകയാണ് ചെയ്തിട്ടുള്ളത്. ചൂഷകന്മാർ മാറും. പക്ഷേ, ചൂഷണം നിലനിൽക്കും. അടിമകളുടെ മോചനപ്രസ്ഥാനങ്ങളിൽ അതാണുണ്ടായത്. അടിയാളരുടെ ലഹളകൾ നടന്ന കാലത്ത് അതാണുണ്ടായത്. ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളിലെ 'മഹത്തായ' സുപ്രസിദ്ധ വിപ്ലവങ്ങളുടെ കാലത്ത് അതാണുണ്ടായത് ...... ഈ വിപ്ലവങ്ങളിൽ നിന്നെല്ലാം താത്വികമായി വ്യത്യാസപ്പെട്ടതാണ് ഒക്ടോബർ വിപ്ലവം. അതിന്റെ ലക്ഷ്യം ഒരുതരത്തിലുള്ള ചൂഷണം മാറ്റി മറ്റൊരുതരത്തിലുള്ള ചൂഷണം സ്ഥാപിക്കുകയല്ല, ഒരു വിഭാഗം ചൂഷകരുടെ സ്ഥാനത്ത് മറ്റൊരു വിഭാഗം ചൂഷകരെ പ്രതിഷ്ഠിക്കുകയല്ല, നേരെമറിച്ച്, മനുഷ്യൻ മനുഷ്യന്റെ മേൽ നടത്തുന്ന എല്ലാത്തരം ചൂഷണങ്ങളും അവസാനിപ്പിക്കുകയാണ്.

## 2.9

അങ്ങനെ ഒരു ലോകമുണ്ടായിരുന്നേടത്ത് രണ്ട് ലോകങ്ങളായി: ഒരു ഭാഗത്ത് തകർച്ചയുടെയും നിരാശതയുടെയും ലോകം! മറുഭാഗത്ത് അഭിവൃദ്ധിയുടെയും ആത്മവിശ്വാസത്തിന്റെയും ലോകം!

വാഗ്ദാനലംഘനങ്ങളില്ല, അഞ്ചുകൊല്ലമോ പത്തുകൊല്ലമോ ക്ഷമിച്ചിരിക്കാനുള്ള ആഹ്വാനങ്ങളില്ല. മുതലാളികളെ ഫാക്ടറിയിൽ നിന്നും മറ്റധികാരസ്ഥാനങ്ങളിൽ നിന്നും ഉന്തെറിഞ്ഞുകൊണ്ടാണ് വിപ്ലവം തലയുയർത്തിയത്. പുതിയ ഗവണ്മെൻറ് അധികാരത്തിൽവന്നിട്ട് 24 മണിക്കൂറുകൾപോലും കഴിയുന്നതിനു മുമ്പുതന്നെ ജന്മികൾ കയ്യടക്കിവച്ചിരുന്ന നിലമെല്ലാം യാതൊരു പ്രതിഫലവും കൊടുക്കാതെ, കൃഷിക്കാരുടേതാക്കി മാറ്റുന്ന നിയമം പാസാക്കപ്പെട്ടു.

1917 നവംബർ 8-ാം തീയതി ലെനിന്റെ ഒപ്പോടുകൂടി പ്രസിദ്ധം ചെയ്യപ്പെട്ട അടിയന്തിരനിയമത്തിൽ പറയുന്നു:

> 'വലിയ ഭൂവുടമസ്ഥന്മാരുടെ നിലമെല്ലാം യാതൊരു പ്രതിഫലവും കൊടുക്കാതെ ഉടൻതന്നെ പിടിച്ചെടുക്കപ്പെടുന്നതാണ് എന്നാൽ ചെറിയ കൃഷിക്കാരുടെയും കൊസാക്കുകളുടെയും നിലങ്ങൾ പിടിച്ചെടുക്കപ്പെടുന്നതല്ല'.

ഒരൊറ്റയടിക്ക്, മാർക്സിസത്തിന്റെ ഗുളികയുടെ ഒരു ചലനം കൊണ്ട്, റഷ്യയിലെ കർഷകത്തൊഴിലാളികൾക്കും സാധു കൃഷിക്കാർക്കും 15 കോടി ഹെക്ടർ നിലം യാതൊരു പ്രതിഫലവും കൊടുക്കാതെ സ്വന്തമായി കിട്ടി.

അങ്ങനെ പിറ്റേദിവസം സൂര്യനുദിച്ചത് ജന്മിയും മുതലാളിയുമില്ലാത്ത ഒരു പുതിയ ലോകത്തെ കണികണ്ടുകൊണ്ടാണ്.

മുതലാളിപോയി. അത്ഭുതം! എന്നിട്ടും യന്ത്രങ്ങൾ ചലിക്കുന്നു! ജന്മി പോയി, എന്നിട്ടും ഗോതമ്പുചെടികൾ കായ്ക്കുന്നു! മർദ്ദക വർഗക്കാർ സ്ഥാനഭ്രഷ്ടരായി, എന്നിട്ടും മനുഷ്യൻ ജീവിക്കുന്നു!

പുതിയ ലോകത്തിന്റെ നായകൻ, സഖാവ് ലെനിൻ, ലോകത്തിലൊട്ടുക്കുമുള്ള ജനങ്ങളോടും, ഭരണാധികാരികളോടും ആഹ്വാനം ചെയ്തു:

> 'യുദ്ധമവസാനിപ്പിക്കുക, സമാധാനം സ്ഥാപിക്കുക!'

പഴയ ലോകത്തിന് ഭ്രാന്തുപിടിച്ചു. ട്രോട്സ്കിയും കൂട്ടാളികളും ഓരിയിട്ടു: 'ഏകരാജ്യ സോഷ്യലിസം മാർക്സിസത്തിനെതിരാണ്; ഒരു രാജ്യത്തു മാത്രമായി സോഷ്യലിസം സ്ഥാപിക്കാൻ സാധിക്കില്ല'. ചർച്ചിൽ അതേറ്റുപാടി. എല്ലായിടത്തും മുതലാളിത്തം നിലനിൽക്കുമ്പോൾ ലോകത്തിന്റെ ആറിലൊരുഭാഗത്തുമാത്രം സോഷ്യലിസമോ! ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ്, ഹോളണ്ട്, ഫിൻലണ്ട്, ജർമ്മനി, ജപ്പാൻ എന്നിങ്ങനെ 14 രാജ്യങ്ങൾ ഒരേസമയത്ത് ഒന്നായി സോവിയറ്റ് ശിശുവിന്റെ മേൽ ചാടിവീണു. വിരുദ്ധമുന്നണിനേതാവായ ചർച്ചിൽ 10 കോടി പവൻ ചിലവഴിച്ച് ചോരപ്പുഴയൊഴുക്കി; ലോകത്തെ കമ്യൂണിസത്തിൽ നിന്ന് രക്ഷിക്കാൻ.

19-ാം നൂറ്റാണ്ടിന്റെ പ്രേതങ്ങളാണ് മാർക്സിസം—ലെനിനിസത്തിന്റെ അജയ്യമായ കൊടിക്കൂറയെ പിച്ചിച്ചീന്താൻ പുറപ്പെടുന്നത്! ശവക്കുഴിയിലേയ്ക്ക് കാൽനീട്ടിയ സാമ്രാജ്യവാദികളാണ് ചരിത്രത്തിന്റെ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങിയ പുതിയ ലോകത്തെ ആക്രമിക്കുന്നത്.

17 കോടി ജനങ്ങൾ ലെനിന്റെയും സ്റ്റാലിന്റെയും നേതൃത്വത്തിലണിനിരന്ന് ശത്രുക്കളോടെതിരിട്ടു. തങ്ങളുടെ നിലങ്ങൾ പിടിച്ചെടുത്ത് വീണ്ടും ജന്മിക്കു കൊടുക്കാനും തങ്ങളുടെ ഫാക്ടറികൾ വീണ്ടും മുതലാളികളെ ഏൽപിക്കാനും വേണ്ടി ചീറിവന്ന രാക്ഷസീയ ശക്തികൾക്കെതിരായി സ്ത്രീയും പുരുഷനും കുട്ടിയും ഒറ്റക്കെട്ടായി നിന്ന് പടവെട്ടി.

ലോകമാകെ ഇളകി മറിഞ്ഞു. കോളനികളിലെയും മുതലാളിത്ത രാജ്യങ്ങളിലെയും തൊഴിലാളികൾ കണ്ണു മിഴിച്ചു നോക്കി. സോവിയറ്റ് യൂണിയനിൽ അവർ തങ്ങളുടെ സ്വന്തം ആത്മാവിനെ കണ്ടു; തൊഴിലാളി വർഗത്തിന്റെ സർവ്വാധിപത്യം!

ലോകത്തിലൊട്ടുക്കുമുള്ള തൊഴിലാളികൾ, ചർച്ചിലിന്റെ സ്വന്തം നാടായ ബ്രിട്ടനിലെ തൊഴിലാളികൾ പോലും, കൈചുരുട്ടിക്കൊണ്ട് അലറി:

'റഷ്യയെ തൊട്ടുകളിക്കരുത്!'

ചർച്ചിലും കൂട്ടാളികളും വാലും പൊക്കി ഓടി. ഓട്ടത്തിനിടയ്ക്ക് സോഷ്യലിസത്തിനു നേരെ പിന്തിരിഞ്ഞു നോക്കിക്കൊണ്ട് അവർ നെടുവീർപ്പിട്ടു:

'നോക്കിക്കോ! ഈ പരീക്ഷണം അധികകാലമൊന്നും നിലനിൽക്കില്ല!'.

നേരിട്ടുള്ള യുദ്ധം കൊണ്ടു ഫലമില്ലെന്ന് കണ്ടപ്പോൾ അവർ ഗൂഢാലോചനകളേയും നുണകളേയും അഭയം പ്രാപിച്ചു.

മുതലാളിത്തവും അതിന്റെ കാലഹരണംവന്ന മൂല്യങ്ങളും ഇടിഞ്ഞുതകരുന്നതു കണ്ടപ്പോൾ മനുഷ്യ സംസ്കാരത്തിന്റെ എല്ലാ മൂല്യങ്ങളും നശിക്കാൻ പോവുകയാണെന്ന് അവർ നിലവിളിച്ചു. സ്വന്തം സ്ഥാപിതതാൽപര്യങ്ങൾ അപകടത്തിലായപ്പോൾ ലോകത്തിന്റെ നാശമടുത്തുവെന്ന് അവർ പ്രഖ്യാപിച്ചു.

പക്ഷേ, കമ്യൂണിസം നശിക്കുകയല്ല, വളരുകയാണ് ചെയ്തത്. 1920ൽ തന്നെ ലെനിൻ കമ്യൂണിസ്റ്റ് വിരുദ്ധ മുന്നണിക്കാരെപ്പറ്റി ഇങ്ങനെ എഴുതുകയുണ്ടായി:

'നമ്മുടെ ഏറ്റവും ഹാർദ്ദമായ നന്ദിയെ അർഹിക്കുന്ന തരത്തിലാണ് എല്ലാ രാജ്യത്തുമുള്ള കോടീശ്വരന്മാർ സാർവ്വദേശീയമായ തോതിൽ പെരുമാറുന്നത്..... ഫ്രഞ്ചു മുതലാളിവർഗം ബോൾഷെവിസത്തെ തെരഞ്ഞെടുപ്പുകളിലെ കേന്ദ്ര പ്രശ്നമാക്കുകയും ഏറെക്കുറെ മിതവാദികളായവരെയും ആടിക്കളിക്കുന്ന സോഷ്യലിസ്റ്റുകാരെയും ബോൾഷെവിക്കെന്നു പറഞ്ഞ് അധിക്ഷേപിക്കുകയും ചെയ്യുമ്പോൾ, ലോക

ത്തിൽവെച്ച് ഏറ്റവും 'അടിയുറപ്പുള്ള' ബ്രിട്ടീഷ് മുതലാളി വർഗം ഇത്രയെല്ലാം പഴക്കവും പരിചയവും വിജ്ഞാന സമ്പത്തും എല്ലാം നേടിവച്ചിട്ടും വിശ്വാസയോഗ്യമല്ലാത്തവിധം വങ്കത്തങ്ങൾ പ്രവർത്തിക്കുകയും എത്രയോ പണം നീക്കിവെച്ചുകൊണ്ട് ബോൾഷെവിക്ക് വിരുദ്ധ സംഘങ്ങൾ (കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണികൾ എന്നു വായിക്കുക—കെ. ദാ) ഉണ്ടാക്കി ബോൾഷെവിസത്തെക്കുറിച്ച് സാഹിത്യങ്ങൾ നിർമ്മിക്കുകയും ബോൾഷെവിസത്തെ എതിർക്കാൻ വേണ്ടി കൂടുതൽ ശാസ്ത്രകാരന്മാരെയും പുരോഹിതന്മാരെയും പ്രക്ഷോഭകന്മാരെയും വാടകയ്ക്ക് നിറുത്തുകയും ചെയ്യുമ്പോൾ നാം ഈ മുതലാളി മാന്യന്മാരുടെ മുമ്പിൽ തലകുനിച്ച് നന്ദിപറയണം! അവർ നമുക്കുവേണ്ടി പണിയെടുക്കുകയാണ്. ബോൾഷെവിസത്തിന്റെ സ്വഭാവത്തെക്കുറിച്ചും സവിശേഷ പ്രാധാന്യത്തെക്കുറിച്ചും നാട്ടുകാർക്ക് താൽപര്യമുളവാക്കാൻ അവർ നമ്മെ സഹായിക്കുകയാണ് ചെയ്യുന്നത്. അവർക്ക് ഇങ്ങിനെയല്ലാതെ ചെയ്യാൻ സാധ്യവുമല്ല. കാരണം, 'മൗനം' കൊണ്ട് ബോൾഷെവിസത്തെ ഞെരിച്ചു കളയാനുള്ള യത്നം പരാജയപ്പെട്ടു കഴിഞ്ഞിരിക്കുന്നു.'

## 2.10

സ്റ്റാലിൻ പറഞ്ഞു:

> 'മുതലാളികളെ ആട്ടിയോടിക്കുക; ജന്മികളെ ആട്ടിയോടിക്കുക; സാറിസ്റ്റ് കിങ്കരന്മാരെയെല്ലാം ആട്ടിയോടിക്കുക; അധികാരം പിടിച്ചെടുത്ത് സ്വാതന്ത്ര്യം നേടുക—ഇതെല്ലാം നല്ലതുതന്നെ. വളരെ നല്ലത്. പക്ഷേ, നിർഭാഗ്യത്തിന്, സ്വാതന്ത്ര്യം കൊണ്ട് മാത്രമായില്ല ഭക്ഷണത്തിന് ക്ഷാമമുണ്ടെങ്കിൽ, തുണിത്തരങ്ങൾക്ക് ദൗർല്ലഭ്യമുണ്ടെങ്കിൽ പാർപ്പിടത്തിന്റെ കാര്യം മോശമാണെങ്കിൽ സ്വാതന്ത്ര്യം നിങ്ങളെ വളരെ മുന്നോട്ടൊന്നും നയിക്കുകയില്ല. സഖാക്കളെ, സ്വാതന്ത്ര്യത്തിന്മേൽ മാത്രം ജീവിക്കുക ദുഷ്കരമാണ്. നല്ലപോലെ ജീവിക്കണമെങ്കിൽ ആഹ്ലാദകരമായി ജീവിക്കണമെങ്കിൽ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ നേട്ടങ്ങളോടൊപ്പം ഭൗതികമായ നേട്ടങ്ങൾ കൂടിയുണ്ടാവണം'.

അതുകൊണ്ട് സോവിയറ്റ് യൂണിയനെ അതിവേഗം സോഷ്യലിസത്തിലൂടെ സമൃദ്ധിയിലൂടെ നയിക്കാൻ ലെനിനും സ്റ്റാലിനും പ്ലാനുകൾ തയ്യാറാക്കി,

1924 ജനുവരിയിൽ സഖാവ് ലെനിൻ മരിച്ചു. പക്ഷേ, ലെനിനിസം മരിച്ചില്ല. എന്നല്ല, സ്റ്റാലിന്റെ നേതൃത്വത്തിൽ അത് കൂടുതൽ വളർത്തപ്പെട്ടു. കൂടുതൽ പുഷ്ടിപ്പെട്ടു.

സ്റ്റാലിന്റെ നേതൃത്വത്തിൽ സോവിയറ്റ് യൂണിയനിലെ 17 കോടി ജനങ്ങൾ സോഷ്യലിസം കെട്ടിപ്പടുക്കാനൊരുങ്ങി.

പക്ഷേ, എങ്ങനെയാണ് സോഷ്യലിസം കെട്ടിപ്പടുക്കുക? സ്റ്റാലിൻ പഠിപ്പിക്കുന്നു:

'സാമൂഹ്യോല്പാദനശക്തിയുടെ ത്വരിതമായ വളർച്ചയുടെ അടിസ്ഥാനത്തിൽ മാത്രമേ, ഉൽപന്നങ്ങളുടെയും സാധനങ്ങളുടെയും സമൃദ്ധിയുടെ അടിസ്ഥാനത്തിൽ മാത്രമേ, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ അഭിവൃദ്ധിയുടെ അടിസ്ഥാനത്തിൽ മാത്രമേ, സംസ്കാരത്തിന്റെ ത്വരിതമായ വളർച്ചയുടെ അടിസ്ഥാനത്തിൽ മാത്രമേ, സോഷ്യലിസം കെട്ടിപ്പടുക്കാൻ കഴിയൂ. സോഷ്യലിസമെന്നാൽ, മാർക്സിൻ സോഷ്യലിസമെന്നാൽ വ്യക്തികളുടെ ജീവിതാവശ്യങ്ങളെ വെട്ടിക്കുറയ്ക്കലല്ല, അവയെ അങ്ങേയറ്റം

പൂർണ്ണമായി വികസിപ്പിക്കലാണ്; ആവശ്യങ്ങളെ നിയന്ത്രിക്കലോ അവയെ നിർവഹിക്കാൻ കൂട്ടാക്കാതിരിക്കലോ അല്ല; സാംസ്കാരികമായി വളർന്ന ജനതയുടെ എല്ലാ ആവശ്യങ്ങളേയും പൂർണ്ണമായും സാർവത്രികമായും നിർവഹിക്കലാണ്.

ലെനിന്റെ സിദ്ധാന്തങ്ങളെ കൂടുതൽ വളർത്തുകയും പുഷ്ടിപ്പെടുത്തുകയും ചെയ്തുകൊണ്ട് സഖാവ് സ്റ്റാലിൻ വ്യവസായവൽക്കരണത്തിന്റെ തത്വങ്ങൾ രൂപവൽക്കരിച്ചു: വ്യത്യസ്തങ്ങളായ ഉൽപാദനരംഗങ്ങളിൽ ഒരു സമനില ഉണ്ടായിരിക്കണമെന്ന ബുക്കാറിന്റെ വാദത്തെ എതിർത്തുകൊണ്ട് 'വിപുലീകൃതമായ സോഷ്യലിസ്റ്റ് പുനരുല്പാദനത്തിന്റെ തത്വം കണ്ടുപിടിച്ചു. പട്ടണത്തിലും ഗ്രാമത്തിലും നിലനിന്നുപോന്ന മുതലാളിത്താവശിഷ്ടങ്ങളേയും കുലാക്ക് വർഗത്തേയും ധനികകക്ഷിക്കാരെയും നാമാവശേഷമാക്കിക്കൊണ്ട് കൂട്ടുകൃഷി സ്ഥാപനങ്ങളെ വളർത്തേണ്ടതെങ്ങിനെയെന്ന് പഠിപ്പിച്ചു; തൊഴിലാളിസർവ്വാധിപത്യം ശക്തിപ്പെടുത്തിക്കൊണ്ട് വർഗരഹിത സമുദായത്തിലേക്ക് മാർച്ചുചെയ്യേണ്ടതെങ്ങനെയെന്ന് വ്യക്തമാക്കുകയും അങ്ങനെ മാർക്സിസ്റ്റ് തത്വസംഹിതയിലെ വിടവു നികത്തുകയും ചെയ്തു. ദേശീയ പ്രശ്നത്തെപ്പറ്റിയും കൊളോണിയൽ വിപ്ലവങ്ങളെപ്പറ്റിയുമുള്ള മാർക്സിസ്റ്റ് തത്വങ്ങളെ വളർത്തി. ഭൗതികമായ സാമൂഹ്യാടിത്തറയും ഉപരിതലവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള മാർക്സിസ്റ്റ്—ലെനിനിസ്റ്റ് തത്വങ്ങളെ കൂടുതൽ പുഷ്ടിപ്പെടുത്തി. ആധുനിക മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും അടിസ്ഥാന നിയമങ്ങൾ കണ്ടുപിടിച്ചു; മുതലാളിത്തലോകവും സോഷ്യലിസ്റ്റ് ലോകവും തമ്മിലുള്ള സമരത്തിന്റെയും രണ്ടു വ്യവസ്ഥകൾ പരസ്പരം യുദ്ധം ചെയ്യാതെ നിലനിൽക്കുന്നതിന്റെയും തത്വങ്ങളെ വിശദമാക്കി; മാർക്സിസത്തിന്റെ ചരിത്രത്തിലാദ്യമായി സോഷ്യലിസത്തിൽനിന്ന് കമ്യൂണിസത്തിലേക്കുള്ള പരിവർത്തനഘട്ടത്തിന്റെ നിയമങ്ങൾ കണ്ടുപിടിച്ചു.

മനുഷ്യന്റെ ഇച്ഛാശക്തിയിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുന്ന വസ്തുനിഷ്ഠമായ സാമൂഹ്യനിയമങ്ങളെ പഠിക്കുകയും അവയെ മനുഷ്യന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കുകയും ചെയ്യണമെങ്കിൽ മാർക്സിസം—ലെനിനിസത്തിൽ അടിയുറച്ച ഒരു പാർട്ടി കൂടിയേ കഴിയൂ എന്ന് സ്റ്റാലിൻ ഊന്നിപ്പറഞ്ഞു. 'മാർക്സിസ്റ്റ് ലെനിനിസ്റ്റ് സിദ്ധാന്തം ശരിക്ക് പഠിച്ചിട്ടുള്ള ഒരു പാർട്ടിക്കു മാത്രമേ സധൈര്യം മുന്നോട്ടുപോകാനും തൊഴിലാളിവർഗത്തെ മുന്നോട്ടു നയിക്കാനും കഴിയുകയുള്ളൂ.' വിപ്ലവകരവും സമരസന്നദ്ധവുമായ പാർട്ടിയുടെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു:

> '... തൊഴിലാളികളുടെ അധികാരത്തിനു വേണ്ടിയുള്ള സമരത്തിൽ അവരെ നയിക്കാൻ തക്ക നെഞ്ഞൂക്കും വിപ്ലവപരിതഃസ്ഥിതിയുടെ വിഷമഘട്ടങ്ങളിൽ തെക്കുവടക്ക് തെറ്റാതെ നടക്കാറാവാൻ മതിയായ പരിചയവും വഴിമദ്ധ്യത്തിൽ ഒളിഞ്ഞുകിടക്കുന്ന ആപത്തുകളെ ഒഴിപ്പിച്ചുവച്ചു അവയിന്മേൽ ചെന്നുമുട്ടാതെ കഴിപ്പാൻ തക്ക സാമർത്ഥ്യവും ഉള്ള ഒരു പാർട്ടി അത്യാവശ്യമാണ്. ഇത്തരമൊരു പാർട്ടിയില്ലെങ്കിൽ, സാമ്രാജ്യത്വത്തെ അട്ടിമറിക്കണമെന്നും തൊഴിലാളി സർവ്വാധിപത്യം സ്ഥാപിക്കണമെന്നും വിചാരിക്കുന്നതുകൂടി വെറുതെയാണ്'.

കമ്യൂണിസ്റ്റുകാർക്ക് സ്റ്റാലിൻ താക്കീതുനൽകി:

> 'നാടടക്കമുള്ള ബഹുജനങ്ങളുമായി ബന്ധം നിലനിർത്തുന്നേടത്തോളം കാലം ബോൾഷെവിക്കുകാർക്ക് ഒരിക്കലും തോൽവി പറ്റുകയില്ലെന്നുള്ളത് നമുക്കൊരു പ്രമാണമായെടുക്കാം. എന്നാൽ, നേരേമറിച്ച് എന്നാണോ ബോൾഷെവിക്കുകൾ

> ബഹുജനങ്ങളുമായുള്ള തങ്ങളുടെ ബന്ധം വിടർത്തി അവരിൽനിന്ന് പിൻവാങ്ങി നിൽക്കുന്നത്, എന്നാണോ അധികാരഗർവ്വത്തിന്റെ തുരുമ്പ് തങ്ങളുടെമേൽ വള രാനവർ അനുവദിക്കുന്നത്, അന്ന് അവരുടെ എല്ലാ ശക്തിയും നഷ്ടപ്പെട്ടുപോകും; അവർ വെറുമൊരു സുന്നമായിത്തീരും'.

ഇങ്ങനെ, കോളണിയായാലും ശരി, മുതലാളിത്ത രാജ്യമായാലും ശരി, ലോകത്തി ലൊട്ടുക്കുമുള്ള കമ്യൂണിസ്റ്റുകാർക്കും ജനാധിപത്യ വാദികൾക്കും സഖാവ് സ്റ്റാലിൻ മാർഗദർശനം നൽകി'.

ഒരു ശാസ്ത്രമെന്ന നിലയ്ക്ക് മാർക്സിസം—ലെനിനിസത്തിന് നിശ്ചലമായി നിൽ ക്കാൻ വയ്യ. അത് വളരുന്നു. പുഷ്ടിപ്പെടുന്നു. സ്റ്റാലിന്റെ കയ്യിൽ മാർക്സിസം ലെനി നിസം കൂടുതൽ വളർന്നു, കൂടുതൽ പുഷ്ടിപ്പെട്ടു.

സാമ്രാജ്യവാദികളുടെ വാടകയെഴുത്തുകാർ പിച്ചും പേയും പറഞ്ഞു: സ്റ്റാലിൻ സ്വേച്ഛാധിപതിയാണ്; സോവിയറ്റ് യൂണിയനിൽ അക്രമവും മർദ്ദനവും നടമാടുന്നു! മറ്റും മറ്റും.

ട്രോട്സ്കിയുടെ പ്രേതങ്ങൾ പിറുപിറുത്തു. 'ഒരു രാജ്യത്തിൽ മാത്രമായി സോ ഷ്യലിസം കെട്ടിപ്പടുക്കുകയെന്നത് മാർക്സിസത്തിനെതിരാണ്! സ്റ്റാലിൻ മാർക്സിസ ത്തെ വഞ്ചിച്ചു!'.

പക്ഷേ, ചരിത്രം മുന്നോട്ടുപോയി. ഒരു രാജ്യത്തിൽ മാത്രമായി സോഷ്യലിസം മാത്രമല്ല, കമ്യൂണിസവും കെട്ടിപ്പടുക്കാൻ കഴിയുമെന്നു സ്റ്റാലിൻ തെളിയിച്ചു. വിജയ കരമായ നാല് പഞ്ചവത്സരപദ്ധതികളിലൂടെ ലോകത്തിലെങ്ങുമുള്ള മർദ്ദിതരേയും ചൂഷിതരേയും കോൾമയിർ കൊള്ളിച്ചുകൊണ്ട്, സോവിയറ്റ് യൂണിയൻ വർഗരഹി തമായ കമ്യൂണിസ്റ്റ് സമുദായത്തിന്റെ പടിവാതിൽക്കലെത്തി.

## 2.11

രണ്ടു ലോകങ്ങൾ! ഒരുഭാഗത്ത് തൊഴിലില്ലായ്മ, പട്ടിണി, അധഃപതനം, തകർച്ച, കുഴപ്പം! മറുഭാഗത്ത് എല്ലാവർക്കും ഭക്ഷണം, എല്ലാവർക്കും സുഖം, സർവ്വതോന്മുഖ മായ പുരോഗതി!.

അധഃപതനം അഭിവൃദ്ധിയെ കൊഞ്ഞനം കാട്ടി.

സാമ്പത്തികക്കുഴപ്പം, ഫാസിസം, യുദ്ധപരിശ്രമങ്ങൾ, ഒടുവിൽ രണ്ടാം ലോക മഹായുദ്ധം.

പഴയ ലോകത്തിന്റെ എല്ലാ ശക്തികളെയും കേന്ദ്രീകരിച്ചുകൊണ്ട് ഹിറ്റ്ലർ ലോക തൊഴിലാളി വർഗത്തിന്റെ ആശാകേന്ദ്രത്തെ ആക്രമിച്ചു.

ക്ഷുദ്രജീവികൾ ആഹ്ലാദിച്ചു. സോവിയറ്റ് യൂണിയൻ തകരാൻ പോവുകയാണ്. ഏറിയാൽ 15 ദിവസം, അല്ലെങ്കിൽ ഒരുമാസം അതുമല്ലെങ്കിൽ 6 മാസം!

ഒന്നുമാത്രം അവർ കണ്ടില്ല. മനുഷ്യത്വത്തിന്റെ ശക്തി. മാർക്സിസം— ലെനി നിസത്തിന്റെ അജയ്യത!

വാളെടുത്തവൻ വാളാൽ നശിക്കപ്പെട്ടു. കാറ്റു വിതച്ചവൻ കൊടുങ്കാറ്റ് കൊയ്തു. സ്വന്തം മടയ്ക്കുള്ളിലേക്ക് ആട്ടിയോടിക്കപ്പെട്ട ഹിറ്റ്ലർ ചരിത്രത്തിന്റെ ഏടുകളിലേ ക്ക് ചില കറുത്ത പുള്ളികളെ മാത്രം വലിച്ചെറിഞ്ഞുകൊണ്ട് വിഷം കുടിച്ച് മരിച്ചു!

ചരിത്രം മനുഷ്യത്വത്തെ അനുഗ്രഹിച്ചു. മാർക്സിസം—ലെനിനിസത്തിന്റെ വിജ യപതാക കൂടുതൽ ഉയരത്തിൽ പാറിക്കളിച്ചു.

രണ്ടാം ലോക മഹായുദ്ധം ഭൂപടത്തെ മാറ്റിവരയ്ക്കുക മാത്രമല്ല ചെയ്തത്; ശാശ്വതങ്ങളാണെന്ന് കരുതപ്പെട്ടുപോന്ന അനേകം സിംഹാസനങ്ങളെ ഇടിച്ചുതകർക്കുകയും ചെങ്കോലുകളെ പണിയായുധങ്ങളാക്കി മാറ്റുകയും ചെയ്തു. 'ദൈവദത്ത'മായ അധികാരത്തിന്റെ പേരിൽ സ്വേച്ഛാധിപത്യം പുലർത്തിപ്പോന്ന അനേകം പൊന്നുതിരുമേനിമാരും രാജാധിരാജന്മാരും ചരിത്രത്തിൽ നിന്ന് എന്നെന്നേയ്ക്കുമായി അന്തർദ്ധാനം ചെയ്തു. നാടുവാഴികൾ ആട്ടിയോടിക്കപ്പെടുകയും കൃഷിക്കാർ ഭൂമിയുടെ ഉടമസ്ഥന്മാരായി മാറുകയും ചെയ്തു. കൂരിരുട്ടായിരുന്നേടത്ത് വെളിച്ചം വ്യാപിച്ചു.

വത്തിക്കാന്റെ പള്ളികളിൽനിന്ന് കൂട്ടമണി മുഴങ്ങി: ദൈവം രാജാവിനെ രക്ഷിക്കട്ടെ!

പക്ഷേ, പിശാചുക്കൾക്കുപോലും രാജ്യാധിപത്യത്തെയും നാടുവാഴി മേധാവിത്വത്തേയും രക്ഷിക്കാൻ കഴിഞ്ഞില്ല!

ഒന്നാംലോക മഹായുദ്ധകാലത്ത് ലോക മുതലാളിത്തത്തിന്റെ ഒരു കണ്ണി മാത്രമാണ് പൊട്ടിയത്. ഒരു രാജ്യം മാത്രമാണ് സോഷ്യലിസത്തിന്റെ വിശാലമായ പൂമുഖത്തെത്തിയത്. രണ്ടാം ലോക മഹായുദ്ധത്തിന്റെ ഫലമായി ലോക മുതലാളിത്തത്തിന്റെ അനേകം കണ്ണികൾ പൊട്ടിത്തകർന്നു. ചൈന, കൊറിയ, വിയറ്റ്നാം തുടങ്ങിയ കോളനികളും അർദ്ധ കോളനികളും സാമ്രാജ്യവാദികളുടെ തേർവാഴ്ചയവസാനിപ്പിച്ച് ജനകീയ ജനാധിപത്യത്തിലെത്തി: പോളണ്ട്, ചെക്കോസ്ലോവാക്യ, ഹംഗറി, റുമേനിയ, അൽബേനിയ, ബൾഗേറിയ—എല്ലായിടത്തും സോഷ്യലിസത്തിലേക്ക് കുതിക്കുന്ന പുതിയ സാമൂഹ്യ വ്യവസ്ഥകൾ ഉയർന്നുവന്നു. മുതലാളിത്തരാജ്യങ്ങൾ കുഴപ്പത്തിൽ നിന്ന് കുഴപ്പത്തിലേക്കും തകർച്ചയിൽ നിന്ന് തകർച്ചയിലേക്കും ഭ്രാന്തിൽ നിന്ന് മുഴു ഭ്രാന്തിലേക്കും മറിഞ്ഞുവീണുകൊണ്ടിരിക്കുമ്പോൾ, ലോകത്തിന്റെ മൂന്നിലൊരുഭാഗത്തെ ഉൾക്കൊള്ളുന്ന ഒരു ഡസൻ രാജ്യങ്ങൾ പട്ടിണിയും കുഴപ്പവും അവസാനിപ്പിച്ചു നിർമ്മാണപ്രവർത്തനങ്ങളിലൂടെ മാർക്സിസം-ലെനിനിസത്തിന്റെ അജയ്യമായ പതാകയുയർത്തിപ്പിടിച്ചുകൊണ്ട് വിജയപൂർവ്വം മുന്നോട്ടു മുന്നോട്ടു മാർച്ചു ചെയ്യുകയാണ്.

സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പത്തൊമ്പതാം കോൺഗ്രസിൽ സഖാവ് സ്റ്റാലിൻ ചൂണ്ടിക്കാണിച്ചു:

> 1917ൽ നമ്മുടെ പാർട്ടി അധികാരമേറ്റെടുക്കുകയും മുതലാളികളുടെയും ജന്മികളുടെയും മർദ്ദനമവസാനിപ്പിക്കുവാനുള്ള കാര്യക്ഷമമായ നടപടികൾ കൈക്കൊള്ളുകയും ചെയ്തതിന് ശേഷം നമ്മുടെ സഹോദരപ്പാർട്ടികളുടെ പ്രതിനിധികൾ, നമ്മുടെ പാർട്ടിയുടെ ധീരതയോടും വിജയത്തോടുമുള്ള ബഹുമാനത്താൽ, നമ്മുടെ പാർട്ടിക്ക് ലോകവിപ്ലവ പ്രസ്ഥാനത്തിന്റെയും ലോക തൊഴിലാളി പ്രസ്ഥാനത്തിന്റെയും മുന്നണിപ്പട എന്ന സ്ഥാനം നൽകുകയുണ്ടായി. മുന്നണിപ്പടയുടെ വിജയങ്ങൾ മുതലാളിത്തത്തിന്റെ നുകത്തിൻ കീഴിൽ കിടന്നു ഞരങ്ങുന്ന ജനാവലികളുടെ സ്ഥിതി മാറ്റാൻ സഹായിക്കുമെന്ന ആശയമാണ് അവർ അതുവഴി പ്രകടിപ്പിച്ചത് ..... ഇന്ന് ചൈനയും കൊറിയയും തൊട്ട് ചെക്കോസ്ലോവാക്യയും ഹംഗറിയും വരെ ജനകീയ ജനാധിപത്യ രാജ്യങ്ങളുടെ രൂപത്തിലുള്ള പുതിയ മുന്നണിപ്പടകൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു'.

എല്ലാത്തരം പ്രതിബന്ധങ്ങളെയും തട്ടിത്തകർത്തുകൊണ്ട് മാർക്സിസം വിജയത്തിൽനിന്ന് വിജയത്തിലേക്ക് കുതിക്കുന്നതെന്തുകൊണ്ടാണ്?

40 കൊല്ലങ്ങൾക്കു മുമ്പ്, 1913ൽ ലെനിൻ ഈ ചോദ്യത്തിനു മറുപടി പറയുകയുണ്ടായി:

> 'മാർക്സിസം അജയ്യമാണ്; കാരണം, അതു സത്യമാണ്!'

ലോകത്തിന്റെ മൂന്നിലൊരു ഭാഗത്ത് സത്യത്തിന്റെ ഭരണം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. മറ്റു ഭാഗങ്ങളിലാകട്ടെ, അസത്യത്തിന്റെ കാലിടറിക്കഴിഞ്ഞിരിക്കുന്നു!

വിവിധ രൂപങ്ങളിലൂടെ വിവിധ മാർഗങ്ങൾ കൈക്കൊണ്ടുകൊണ്ടും മനുഷ്യൻ സത്യത്തിലേക്ക് മാർച്ച് ചെയ്യുകയാണ്. ലോകമാകെ മുന്നോട്ടു നീങ്ങുകയാണ്. അതുകൊണ്ടാണ് മൊളട്ടോവ് പറഞ്ഞത്:

> 'എല്ലാ പാതകളും കമ്യൂണിസത്തിലേക്കു മാർച്ച് ചെയ്യുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിച്ചിരിക്കുന്നത്'.

ദിവസം ചെല്ലുന്തോറും അസത്യത്തിന്റെ ലോകം അധികമധികം ജീർണിച്ചുവരികയാണ്. അതുകൊണ്ടാണ് പട്ടിണിയും തൊഴിലില്ലായ്മയും ചൂഷണവും സേച്ഛാധിപത്യവും യുദ്ധവും ഭീഭൽസതകളും നിലനിർത്താൻ വെമ്പൽ കൊള്ളുന്ന സാമ്രാജ്യവാദികൾക്ക് ഭ്രാന്തു പിടിക്കുന്നത്. അവർ സത്യത്തിന്റെ നേർക്ക് പല്ലിളിച്ചു കാട്ടുന്നു; തുരുമ്പു പിടിച്ച എല്ലാ ആയുധങ്ങളുമെടുത്ത് മാർക്സിസത്തെ എതിർക്കാൻ നോക്കുന്നു!

പക്ഷേ, സഖാവ് ലെനിൻ 1920ൽ തന്നെ പ്രഖ്യാപിച്ചതുപോലെ,

> 'തടഞ്ഞാലും നിൽക്കാത്ത ഒരദൃശ്യ ശക്തിയാണ് ജീവിതം. മുതലാളിവർഗം മുക്രയിട്ടുകൊള്ളട്ടെ, കലികൊണ്ട് തുള്ളിക്കളിച്ചോട്ടെ, എന്ത് വങ്കത്തമെങ്കിലും കാണിച്ചുകൊള്ളട്ടെ, ഇന്ത്യയിലും ഹംഗറിയിലും ജർമ്മനിയിലും മറ്റും ചെയ്യുന്ന മാതിരി നൂറുകണക്കിലും പതിനായിരക്കണക്കിലും ഇന്നലത്തെയും നാളത്തെയും ബോൾഷെവിക്കുകാരെ കൊന്നൊടുക്കുവാനും അവരുടെ മേൽ മുൻകൂറായി പകപോക്കുവാനും തുനിഞ്ഞുകൊള്ളട്ടെ. ഇങ്ങനെ ചെയ്യുന്ന മുതലാളിവർഗം, ചരിത്രം മരണശിക്ഷയ്ക്ക് വിധിച്ചിട്ടുള്ള മറ്റേതൊരു വർഗവും പ്രവർത്തിച്ചിട്ടുള്ളതുപോലെ പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. എന്നാൽ എല്ലായിടത്തുംതന്നെ കമ്യൂണിസം ഉരുക്കുപോലെ ഉറച്ചുവരികയാണ്; പടർന്നുപിടിക്കുകയാണ്, മർദ്ദനം അതിനെ ക്ഷീണിപ്പിക്കുകയല്ലാ തളർത്തുകയല്ല ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്; അത്രയും ആഴത്തിലാണ് അതിന്റെ വേരുകൾ ആഞ്ഞിറങ്ങിച്ചെന്നിട്ടുള്ളത്'.

ലോകത്തിലൊട്ടുക്കും സോഷ്യലിസം സ്ഥാപിതമാകുന്ന ഒരു കാലം വരുമെന്ന് ഒരു നൂറ്റാണ്ടിനുമുമ്പ് മാർക്സും എംഗൽസും ദീർഘദർശനം ചെയ്യുകയുണ്ടായി. സോവിയറ്റ് യൂണിയനിൽ സോഷ്യലിസത്തിനുണ്ടായ വിജയങ്ങൾ മറ്റു രാജ്യങ്ങളിലെ ജനങ്ങൾക്ക് മാർഗദർശനം നൽകുമെന്നും അങ്ങനെ സോഷ്യലിസം എല്ലാ രാജ്യങ്ങളിലും പരന്നുപിടിക്കുമെന്നും കാൽ നൂറ്റാണ്ടിനുമുമ്പ് സഖാവ് സ്റ്റാലിൻ പ്രവചിക്കുകയുണ്ടായി. മുതലാളിത്തം പൂർവ്വാധികം ദുർബലമായിക്കഴിഞ്ഞിരിക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പത്തൊമ്പതാം കോൺഗ്രസിൽവച്ച് സഖാവ് സ്റ്റാലിൻ പ്രഖ്യാപിച്ചു.

> 'മൂലധനമേധാവിത്വം വഹിക്കുന്ന രാജ്യങ്ങളിലെ സഹോദരപ്പാർട്ടികൾക്ക് വിജയമുണ്ടാകുമെന്ന് വിശ്വസിക്കാനുള്ള എല്ലാ പരിതഃസ്ഥിതികളുമുണ്ട്'.

മാർക്സിസം–ലെനിനിസത്തിന്റെ പ്രഖ്യാപനമാണിത്.

ഭ്രാന്തന്മാരും ഞരമ്പുരോഗികളും എന്തൊക്കെത്തന്നെ പറയുകയും പ്രവർത്തിക്കുകയും ചെയ്തുകൊള്ളട്ടെ, മാർക്സും എംഗൽസും ലെനിനും സ്റ്റാലിനും കാണിച്ചുതന്ന വഴിയിലൂടെ മുന്നോട്ടുപോകാൻ കമ്യൂണിസ്റ്റുകാരും തൊഴിലാളിവർഗവും തയ്യാറുള്ളേടത്തോളം ഭാവിയെപ്പറ്റി സംശയിക്കേണ്ടതില്ല. വിദൂരമല്ലാത്ത ഒരു ഭാവിയിൽ ഭൂമിയിലെല്ലായിടത്തും സോഷ്യലിസത്തിന്റെ വിജയപതാകകൾ പാറിക്കളിക്കും. അന്ന് ആകാശത്തിലെ നക്ഷത്രങ്ങൾ കൂടുതൽ ആഹ്ലാദത്തോടെ പുഞ്ചിരിതൂകും. ഭൂമിയിലെല്ലായിടത്തും പനിനീർപുഷ്പങ്ങൾ വിരിഞ്ഞുനിൽക്കും.

# — 3 —

# കമ്യൂണിസം എന്ത്, എന്തിന്, എങ്ങിനെ?

കേരളത്തിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനമാരംഭിച്ചത് 1937ലാണ്. 1939ൽ യുദ്ധം പൊട്ടിപ്പുറപ്പെട്ട സമയത്ത് മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും കൂടി ആകെ 200ൽ താഴെ കമ്യൂണിസ്റ്റുകാരെ ഉണ്ടായിരുന്നുള്ളൂ. ഇന്ന് 12,000ത്തിലധികമുണ്ട്.

1934ൽ ഇന്ത്യൻ കമ്യൂണിസ്റ്റ്പാർട്ടി നിയമവിരുദ്ധമാക്കപ്പെട്ട സമയത്ത് ഇന്ത്യയിലാകെ 2000ത്തോളം കമ്യൂണിസ്റ്റുകാരേ ഉണ്ടായിരുന്നുള്ളൂ. 8 കൊല്ലം നീണ്ടുനിന്ന മർദ്ദനങ്ങൾക്കു ശേഷം പാർട്ടിക്കു വീണ്ടും നിയമ വിധേയത്വം ലഭിച്ചു. 1943 ആയപ്പോഴേക്കും പാർട്ടി മെമ്പർമാരുടെ എണ്ണം 16000മായി. ഇന്ന് മുക്കാൽ ലക്ഷത്തോളമുണ്ട്.

ഇന്ത്യയിൽ മാത്രമല്ല എല്ലാ രാജ്യങ്ങളിലും കമ്യൂണിസ്റ്റ്പാർട്ടികളുണ്ട്. ചില രാജ്യങ്ങളിൽ നിയമവിരുദ്ധം; മറ്റുചില രാജ്യങ്ങളിൽ നിയമവിധേയം; വേറെ ചില രാജ്യങ്ങളിൽ ഭരണം നടത്തുന്നു. സോവിയറ്റ് യൂണിയൻ, ജനകീയ ചൈന, പോളണ്ട്, ബൾഗേറിയ, ചെക്കോസ്ലോവാക്യ, ഹംഗറി, റുമേനിയ, ആൽബേനിയ, കിഴക്കൻ ജർമനി, വടക്കൻ കൊറിയ, വിയറ്റ്നാം എന്നീ രാജ്യങ്ങളിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഭരണകൂടങ്ങളാണുള്ളത്. ഈ രാജ്യങ്ങളിലാണ് ലോകത്തിലാകെയുള്ള ജനങ്ങളുടെ മൂന്നിലൊരുഭാഗം. മറ്റു രാജ്യങ്ങളിലും കമ്യൂണിസ്റ്റ് പാർട്ടികൾ ക്രമത്തിൽ വളർന്നുവരികയാണ്. കൂടുതൽ കൂടുതൽ ജനങ്ങൾ പാർട്ടിയുടെ പിന്നിലണിനിരക്കുന്നു.

മർദ്ദനങ്ങളേയും അപവാദങ്ങളേയും വകവയ്ക്കാതെ ഇത്രയധികം ജനങ്ങൾ പാർട്ടിയുടെ പിന്നിലണിനിരക്കുന്നത് എന്തുകൊണ്ടാണ്? ഹിറ്റ്ലറുടെ കൊലയാളികളാൽ വെടിവെച്ചു കൊല്ലപ്പെടാനടുത്ത സമയത്തുപോലും ഗബ്രിയേൽ പെറി എന്ന ഫ്രഞ്ച് കമ്യൂണിസ്റ്റ്നേതാവ് തനിക്കിനിയൊരു ജന്മം കിട്ടിയാൽ താൻ പ്രവൃത്തിച്ചപോലെതന്നെ വീണ്ടും പ്രവർത്തിക്കുമെന്ന് പ്രഖ്യാപിച്ചതെന്തുകൊണ്ട്? കയ്യൂർ സഖാക്കൾ തൂക്കുമരത്തിൽവെച്ചും 'കമ്യൂണിസ്റ്റ് പാർട്ടി സിന്ദാബാദ്' വിളിച്ചതെന്തുകൊണ്ടാണ്? പതിനായിരക്കണക്കിലുള്ള ജനങ്ങൾ അടിയും വെടിയുമേറ്റിട്ടും ഇടികൊണ്ടു ക്ഷയം പിടിച്ചിട്ടും പതറാതെ കമ്യൂണിസ്റ്റ് പാർട്ടിയുടെ കൊടിക്കീഴിൽ ഉറച്ചുനിൽക്കുന്നതെന്തുകൊണ്ടാണ്?

നിങ്ങളുടെ സ്ഥിതിതന്നെ പരിശോധിക്കുക: എന്തെല്ലാം വൈഷമ്യങ്ങളേയും

തടസ്സങ്ങളേയും എതിർപ്പുകളേയും നേരിട്ടുകൊണ്ടാണ് നിങ്ങൾ കമ്യൂണിസ്റ്റ് പാർട്ടിയുടെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുന്നത്?

കാരണമിതാണ്: നിങ്ങളൊരു ലക്ഷ്യത്തിൽ വിശ്വസിക്കുന്നു. ആ ലക്ഷ്യം വിജയിക്കുമെന്നു നിങ്ങൾ വിശ്വസിക്കുന്നു.

ആ ലക്ഷ്യമാണ് കമ്യൂണിസം. ആ ലക്ഷ്യത്തെപ്പറ്റിയും അതു നേടാനുള്ള മാർഗ്ഗത്തെപ്പറ്റിയും കൂടുതൽ വ്യക്തതയുണ്ടാക്കാൻ വേണ്ടിയാണ് ഈ ക്ലാസ്സുകൾ.

കമ്യൂണിസത്തിന്റെ ശത്രുക്കൾ പല നുണകളും പ്രചരിപ്പിച്ചിട്ടുണ്ട്, ഇപ്പോഴും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. കമ്യൂണിസമെന്നുവെച്ചാൽ സ്വേച്ഛാധിപത്യമാണ്, സ്ത്രീകളെ പൊതുസ്വത്താക്കലാണ്, അമ്പലവും പള്ളിയും തച്ചുപൊളിക്കലാണ് എന്നും മറ്റുമാണവർ പ്രചാരവേല ചെയ്യുന്നത്. കമ്യൂണിസത്തിലേക്ക് കൂടുതൽ കൂടുതൽ ജനങ്ങൾ ആകർഷിക്കപ്പെടുന്നത് കാണുമ്പോൾ അവർക്ക് സഹിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് അവർ നാണംകെട്ട നുണകൾ പറഞ്ഞുകൊണ്ട് ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുന്നു. പക്ഷേ, പിന്തിരിപ്പൻ സ്ഥാപിത താൽപ്പര്യക്കാരുടെ വൃത്തികെട്ട നുണകളെ വകവയ്ക്കാതെ കമ്യൂണിസം മുന്നേറുകയാണ്.

## 1 എന്താണ് കമ്യൂണിസം?

മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുകയും അടിച്ചമർത്തുകയും വെറുക്കുകയും ചെയ്യുന്നതിനുപകരം എല്ലാവരും പരസ്പരം സ്നേഹിച്ചുകൊണ്ടും സഹകരിച്ചുകൊണ്ടും ഏറ്റവും ഉയർന്ന സംസ്കാരത്തോടും സുഖസമൃദ്ധിയോടുംകൂടി കൂട്ടായി ജീവിക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥക്കാണ് കമ്യൂണിസം എന്നുപറയുന്നത്. ചൂഷകനും ചൂഷിതനുമില്ല; മർദ്ദകനും മർദ്ദിതനുമില്ല; സാമ്പത്തിക വർഷങ്ങളില്ല. ഭരിക്കുന്നവനും ഭരിക്കപ്പെടുന്നവനുമില്ല. ജയിലും കോടതിയും തൂക്കുമരവുമില്ല. ആര് ആരേയും അടിച്ചമർത്തുന്നില്ല. പട്ടിണിയും തൊഴിലില്ലായ്മയുമില്ല. സാധനങ്ങൾ വാങ്ങുവാനാളില്ലാതെ കെട്ടിക്കിടക്കുന്നില്ല. എല്ലാ സ്വത്തുക്കളും എല്ലാവരുടെയും കൂടിയാണ്. ഉൽപാദനവ്യവസ്ഥയിൽ അരാജകത്വവും കുഴപ്പവുമില്ല. ജനങ്ങളെല്ലാവരും സഹകരിച്ചുകൊണ്ട് പ്ലാനോടുകൂടി സമ്പത്തും വിഭവങ്ങളും മേൽക്കുമേൽ വർദ്ധിപ്പിക്കുന്നു. എല്ലാ വ്യക്തികളുടെയും മേൽക്കുമേൽ വർദ്ധിച്ചുവരുന്ന ഭൗതികവും സാംസ്കാരികവുമായ എല്ലാ ആവശ്യങ്ങളേയും തൃപ്തിപ്പെടുത്താൻ കഴിയത്തക്കവിധം സ്വത്തുക്കളും വിഭവങ്ങളും വർദ്ധിക്കുന്നു. ഓരോരുത്തനും കഴിവനുസരിച്ച് പ്രവർത്തിക്കുക, ഓരോരുത്തനും ആവശ്യമുള്ളതെടുത്ത് അനുഭവിക്കുക എന്ന തത്വമനുസരിച്ച് എല്ലാവരും കൂട്ടായി പ്രവർത്തിക്കുകയും പ്രകൃതിയെ അധികമധികം കീഴടക്കിക്കൊണ്ട് മനുഷ്യത്വത്തെ അങ്ങേയറ്റം വളർത്തുകയും ചെയ്യുന്നു. ഇങ്ങനെ ഏറ്റവും ഉന്നതവും ഉൽകൃഷ്ടവുമായ ഒരു സമുദായമാണ് കമ്യൂണിസം. ഇത്തരത്തിലുള്ള ഒരു കമ്യൂണിസ്റ്റ് സമുദായം കെട്ടിപ്പടുക്കുകയാണ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ലക്ഷ്യം.

## 2 സോഷ്യലിസം കമ്യൂണിസത്തിന്റെ ആദ്യഘട്ടം

കമ്യൂണിസത്തിന്റെ ആദ്യഘട്ടത്തിനാണ് സോഷ്യലിസം എന്നുപറയുന്നത്. കമ്യൂണിസത്തിലെന്നപോലെ സോഷ്യലിസ്റ്റ് സമുദായത്തിലും സ്വത്തുക്കളുടെ ഉല്പാദന വിതരണങ്ങളെല്ലാം പൊതു ഉടമയിലാണ്. ഫാക്ടറികളും ബാങ്കുകളും റെയിൽവേ

കളും കപ്പലുകളും—ചുരുക്കത്തിൽ എല്ലാ ഉല്പാദനോപകരണങ്ങളും ജനങ്ങളുടെ പൊതുസ്വത്താണ്.

താനും സോഷ്യലിസത്തിനുവേണ്ടിയാണ് നിലകൊള്ളുന്നത് എന്നും പഞ്ചവത്സരപദ്ധതി വഴിയായി ഇന്ത്യയിൽ സോഷ്യലിസം കെട്ടിപ്പടുക്കാനാണ് തന്റെ ഗവണ്മെൻറ് ശ്രമിക്കുന്നത് എന്നും പണ്ഡിറ്റ് നെഹ്റു ഈയിടെ പ്രസ്താവിക്കുകയുണ്ടായി. പക്ഷേ, രാജാക്കന്മാരുടെയും നാട്ടുവാഴികളുടെയും വിദേശമുതലാളികളുടെയും സ്വത്തുക്കൾ പിടിച്ചെടുക്കാൻ പാടില്ലെന്ന് അദ്ദേഹത്തിന് നിർബന്ധവുമുണ്ട്. ഉൽപാദനോപകരണങ്ങൾ സ്വകാര്യസ്വത്തുക്കളാക്കിവെച്ച് നാട്ടുകാരെ കൊള്ളയടിക്കാൻ നാട്ടുവാഴികൾക്കും മുതലാളികൾക്കും സ്വാതന്ത്ര്യം നൽകുന്ന സോഷ്യലിസമാണ് നെഹ്റുവിന്റെ സോഷ്യലിസം. അതല്ല സോഷ്യലിസം.

സോഷ്യലിസം എന്നുവെച്ചാൽ ഉല്പാദനോപകരണങ്ങളുടെ പൊതുവുടമയാണ്. ജന്മിയും മുതലാളിയുമില്ല. തൊഴിലാളികളും കൃഷിക്കാരും അദ്ധ്വാനിക്കുന്ന ജീവികളും മാത്രമേയുള്ളു. ഉല്പാദനം നടത്തുന്നത് ഏതാനും വ്യക്തികളുടെ ലാഭത്തിനു വേണ്ടിയല്ല; സമുദായത്തിന്റെ ഉപയോഗത്തിനു വേണ്ടിയാണ്. ഓരോ വ്യക്തിക്കും തൊഴിലെടുത്തു ജീവിക്കാനും വിദ്യാഭ്യാസവും സംസ്കാരവും നേടാനും അങ്ങനെ തന്റെ കഴിവുകൾ അങ്ങേയറ്റം വികസിപ്പിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. ഭരണാധികാരം ഒരുപിടി മർദ്ദകന്മാരുടെ കയ്യിലല്ല, ജനങ്ങളുടെ കയ്യിലാണ്. പഴയ മർദ്ദനവ്യവസ്ഥയുടെ അവശിഷ്ടങ്ങളെ തുടച്ചുനീക്കിക്കൊണ്ടും പ്ലാനോടുകൂടി ഉല്പാദനവ്യവസ്ഥയെ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടും വിദ്യാഭ്യാസവും സംസ്കാരവും വളർത്തിക്കൊണ്ടും വ്യക്തമായ കാഴ്ചപ്പാടോടുകൂടി ജനങ്ങളെയാകെ മുന്നോട്ട് നയിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലാണ് ഭരണം നടക്കുന്നത്.

## 3 സോഷ്യലിസവും കമ്മ്യൂണിസവും തമ്മിലുള്ള വ്യത്യാസം

അപ്പോൾ സോഷ്യലിസവും കമ്മ്യൂണിസവും തമ്മിലുള്ള വ്യത്യാസമെന്താണ്? സോഷ്യലിസവും കമ്മ്യൂണിസവും ഒരേ സാമൂഹ്യവ്യവസ്ഥ തന്നെയാണ്; പക്ഷേ, രണ്ടു ഘട്ടങ്ങളാണ്. കമ്മ്യൂണിസ്റ്റ് സാമൂഹ്യവ്യവസ്ഥയുടെ ആദ്യത്തെ ഘട്ടമാണ് സോഷ്യലിസം. പഴയ സാമൂഹ്യവ്യവസ്ഥയുടെ ഒസ്യത്തായ പലതരം അസമത്വങ്ങളും സോഷ്യലിസത്തിൽ നിലനിൽക്കും. ഒറ്റയടിക്ക് എല്ലാം മാറുകയില്ല. ഉദാഹരണത്തിന്, വ്യവസായങ്ങളും കാർഷികവ്യവസ്ഥയും തമ്മിൽ, പട്ടണപ്രദേശങ്ങളും ഗ്രാമപ്രദേശങ്ങളും തമ്മിൽ, ബുദ്ധിപരമായ അദ്ധ്വാനവും ശാരീരികമായ അദ്ധ്വാനവും തമ്മിൽ, വ്യക്തികളുടെ സങ്കേതികമായ കഴിവുകൾ തമ്മിൽ ഇങ്ങനെ പല വ്യത്യാസങ്ങളും സോഷ്യലിസത്തിലുണ്ടാവും. മാത്രമല്ല, സ്ഥാപിതതാൽപ്പര്യങ്ങളും ഭരണാധികാരവും നഷ്ടപ്പെട്ട പഴയ ചൂഷകവർഗ്ഗക്കാരുടെ അവശിഷ്ടങ്ങൾ, തങ്ങളുടെ പൊയ്പ്പോയ അധികാരങ്ങൾ വീണ്ടും സ്ഥാപിക്കാൻ വേണ്ടി ഗൂഢാലോചനകൾ നടത്തും. അതു തടയേണ്ടതുണ്ട്. അതു തടയാനാണ് തൊഴിലാളിവർഗ്ഗത്തിന്റെ ഭരണാധികാരം. അധികാരത്തിൽ നിന്നു നീക്കം ചെയ്യപ്പെട്ട പഴയ സ്വകാര്യസ്വത്തുടമയുടെ എല്ലാ അവശിഷ്ടങ്ങളും തുടച്ചുനീക്കിക്കൊണ്ടും കൃഷിയും വ്യവസായവും വിദ്യാഭ്യാസവും മേൽക്കുമേൽ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടും അങ്ങനെ സാമൂഹ്യജീവിതത്തിലാകെ മാറ്റങ്ങളുണ്ടാക്കിക്കൊണ്ടും ജനങ്ങളെ കമ്മ്യൂണിസത്തിന്റെ രണ്ടാം ഘട്ടത്തിലേക്ക് ബോധപൂർവ്വം നയിക്കുകയാണ് തൊഴിലാളിവർഗ്ഗം ചെയ്യുന്നത്. വർഗ്ഗവ്യത്യാസങ്ങളുടെ എല്ലാ അവശിഷ്ടങ്ങളും നാമാവശേഷമായാൽപ്പിന്നെ ഭരണാധികാരത്തിന്റെ യാതൊരാവശ്യവുമുണ്ടാവില്ല. വർഗ്ഗരഹിതമായ സമുദായം

ഭരണകൂടമില്ലാത്ത സമുദായമായിരിക്കും. എന്നാലും ആളുകൾ പരസ്പരം കടിച്ചുകീറുകയോ കത്തിക്കുത്തു നടത്തുകയോ ചെയ്യില്ല. കാരണം സ്വകാര്യസ്വത്തുടമയുടെ അവശിഷ്ടങ്ങളില്ലാതാകുമ്പോൾ അതിന്റെ ചിന്താഗതികളും ക്രമത്തിൽ അന്തർദ്ധാനം ചെയ്യും. സ്വാർത്ഥവും വഞ്ചനയും കൊള്ളയും ചൂഷണവും നടമാടിയിരുന്ന സ്ഥാനത്തു സ്നേഹവും സഹകരണവും സൗഹാർദ്ദവും വാഴാൻ തുടങ്ങും.

ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരായിരുന്ന മുതലാളികളുടെയും ജന്മികളുടെയും സ്ഥാപിതതാൽപ്പര്യങ്ങളും അധികാരാവകാശങ്ങളുമവസാനിപ്പിച്ച് സോഷ്യലിസം കെട്ടിപ്പടുക്കാൻ വേണ്ടിയുള്ള ഒരു വിപ്ലവമാണ് റഷ്യയിൽ 1917 നവംബറിൽ നടന്നത്. ഇന്ന് സോവിയറ്റ് യൂണിയനിൽ കമ്യൂണിസത്തിന്റെ രണ്ടാം ഘട്ടത്തിലേക്ക് പ്രവേശിച്ചുകൊണ്ടിരിക്കുകയാണ്. ചൈന, പോളണ്ട്, ചെക്കോസ്ലോവാക്യ തുടങ്ങിയ പത്തോളം രാജ്യങ്ങളിൽ സോഷ്യലിസം കെട്ടിപ്പടുക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. മറ്റു രാജ്യങ്ങളിലും സോഷ്യലിസം സ്ഥാപിക്കാനുള്ള പരിശ്രമങ്ങളാണ് നടക്കുന്നത്.

## 4 എന്തിനാണ് സോഷ്യലിസം?

മറ്റെല്ലാ രാജ്യങ്ങളിലുമെന്നപോലെ നമ്മുടെ രാജ്യത്തിലും സോഷ്യലിസം സ്ഥാപിച്ചേ മതിയാവൂ. എന്തുകൊണ്ടെന്നാൽ, ഇന്നു നമ്മുടെ നാട്ടിനെ നേരിട്ടിട്ടുള്ള വിവിധ പ്രശ്നങ്ങൾക്കെല്ലാം സോഷ്യലിസം കൊണ്ടേ ശാശ്വതമായ പരിഹാരമുണ്ടാവുകയുള്ളൂ. മുതലാളിത്തംകൊണ്ട് ഒരതിർത്തിവരെ സാമ്പത്തികാഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നുള്ളത് നേരാണ്. പക്ഷേ, അത് പൊതുജനങ്ങളുടെയാകെ താൽപ്പര്യത്തിനു വേണ്ടിയല്ല, വ്യക്തികളുടെ സ്വകാര്യലാഭത്തിനാണ് പ്രയോജനപ്പെട്ടത്. ഒരുഭാഗത്ത് സ്വത്തുക്കളുടെയും സുഖഭോഗങ്ങളുടെയും കുമ്പാരം, മറുഭാഗത്ത് കൂടിക്കൂടി വരുന്ന ദാരിദ്ര്യവും നരകവും. ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരായ ടാറ്റയും ബിർലയും മറ്റും കോടിക്കണക്കിൽ പണം സമ്പാദിക്കുമ്പോൾ ഉല്പാദനോപകരണങ്ങളൊന്നുമില്ലാത്ത ഭൂരിപക്ഷക്കാരായ ജനങ്ങൾ പട്ടിണിയിലോ അരപ്പട്ടിണിയിലോ കഴിച്ചുകൂട്ടുന്നു. പണിയൊന്നുമെടുക്കാത്ത സാമൂതിരിരാജാവും പൂമുള്ളിനമ്പൂതിരിയും നിലത്തിന്മേലുള്ള സ്വകാര്യ ഉടമാവകാശത്തിന്റെ പേരിൽ ഏഴുലക്ഷം പറയും അഞ്ചുലക്ഷം പറയും പാട്ടം വാങ്ങുമ്പോൾ പണിയെടുക്കുന്ന പതിനായിരക്കണക്കിലുള്ള കൃഷിക്കാർ വയറുനിറയെ ഭക്ഷണം കഴിക്കാൻ കിട്ടാതെ, ഉടുക്കാനില്ലാതെ, വിദ്യാഭ്യാസമില്ലാതെ, കുട്ടികളെ പോറ്റാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്നു. ഉല്പാദനോപകരണങ്ങൾ സ്വകാര്യസ്വത്തായതുകൊണ്ട് സാധനങ്ങൾ വാങ്ങാനാളില്ലാതെ കെട്ടിക്കിടക്കുന്നു. ഉല്പാദന വ്യവസ്ഥയിലാകെ അരാജകത്വവും സാമ്പത്തിക കുഴപ്പവും നടമാടുന്നു. ഈ വൈരുദ്ധ്യങ്ങളവസാനിപ്പിച്ച് മനുഷ്യന്റെ എല്ലാ ഉൽകൃഷ്ടതകളെയും വികസിപ്പിക്കാനാണ് സോഷ്യലിസം.

## 5 സോഷ്യലിസം പ്രായോഗികമാണ്

ഈ വൈരുദ്ധ്യങ്ങളൊന്നും അവസാനിപ്പിക്കാൻ കഴിയില്ലെന്നും ഉൽപാദനോപകരണങ്ങൾ പൊതുസ്വത്താക്കാൻ കഴിയില്ലെന്നും മനുഷ്യർക്കിടയിലുള്ള അസമത്വങ്ങൾ എന്നെന്നും നിലനിൽക്കുമെന്നും പറയുന്നവർ നുണ പറയുകയാണ് ചെയ്യുന്നത്. സോവിയറ്റ് യൂണിയനെപ്പറ്റി തെറിപ്പാട്ടുകൾ പാടുന്നവർക്കുപോലും അവിയെ

ജന്മിയോ, മുതലാളിയോ ഉണ്ടെന്ന് പറയാനാവില്ല. 1929 മുതൽ 33 വരെ ലോകത്തിലൊട്ടുക്കും സാമ്പത്തികക്കുഴപ്പം കൊടുമ്പിരിക്കൊണ്ടപ്പോൾ സോവിയറ്റ് യൂണിയനിൽ മാത്രം യാതൊരു കുഴപ്പവുമുണ്ടായില്ലെന്നുള്ള പരമാർത്ഥം മുതലാളികൾ പോലും സമ്മതിച്ചിട്ടുള്ളതാണ്. സോഷ്യലിസം പ്രായോഗികമാണെന്ന് ലോകത്തിലെ മൂന്നിലൊരു ഭാഗം ജനങ്ങൾ തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. മറ്റു രാജ്യങ്ങളിലെ ജനങ്ങൾ തെളിയിക്കാൻപോവുകയാണ്.

നമ്മുടെ രാജ്യത്തിലും പട്ടിണിയും കഷ്ടപ്പാടും ഇല്ലാതാക്കാൻ കഴിയും. വർഗ്ഗവൈരുദ്ധ്യങ്ങളും ചൂഷണങ്ങളും വിദ്വേഷങ്ങളും അവസാനിപ്പിക്കാൻ കഴിയും. സ്വാതന്ത്ര്യത്തിന്റെയും സമൃദ്ധിയുടെയും സമാധാനത്തിന്റെയും പുരോഗതിയുടെയും വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും നാടാക്കി നമ്മുടെ രാജ്യത്തെയും ഉയർത്താൻ കഴിയും. സർവതോന്മുഖമായ ഈ അഭിവൃദ്ധിയുടെ നേട്ടങ്ങൾ നമ്മുടെ രാജ്യത്തിലെ ഓരോ വ്യക്തിക്കും അനുഭവിക്കാനും കഴിയും. അതുകൊണ്ടാണ് നമ്മുടെ രാജ്യത്തിലും സോഷ്യലിസം സ്ഥാപിക്കണമെന്ന് പറയുന്നത്.

സോഷ്യലിസം ഇറക്കുമതിച്ചരക്കല്ല.

നമ്മൾ സോവിയറ്റ് യൂണിയന്റെ ഏജൻറുമാരാണെന്നും മറ്റും പുലഭ്യം പറയുന്നവരുണ്ട്. വിദേശമുതലാളികളുമായി കൂട്ടുകൂടുകയും വിദേശഭരണാധികാരികളുമായി സന്ധി ചെയ്യുകയും ചെയ്തുകൊണ്ട് നമ്മുടെ രാജ്യത്തിന്റെ താൽപര്യങ്ങളെ വിദേശികൾക്ക് ഒറ്റികൊടുത്തവരും ഇപ്പോഴും ഒറ്റിക്കൊടുത്തുകൊണ്ടിരിക്കുന്നവരും പ്രചരിപ്പിക്കുന്ന ഒരു നുണയാണിത്. കമ്യൂണിസത്തിന്റെ സ്വാധീനശക്തി അധികമധികം പടർന്നുപിടിക്കുന്നതു കാണുമ്പോൾ അവർക്ക് ബേജാറാവുന്നു. ആ ബേജാറിൽ നിന്നാണ് നുണകളും അപവാദങ്ങളും പുറപ്പെടുന്നത്.

മുതലാളിത്തമെന്നപോലെ തന്നെ കമ്യൂണിസവും ഒരു സാർവദേശീയ പ്രസ്ഥാനമാണ്. ലോകത്തിലുള്ള എല്ലാ രാജ്യങ്ങളിലും സോഷ്യലിസവും കമ്യൂണിസവും വിജയിക്കണമെന്നാണ് നമ്മളാഗ്രഹിക്കുന്നത്. ഒരു രാജ്യത്തിൽ സോഷ്യലിസം വിജയിച്ചാൽ അതു മറ്റു രാജ്യങ്ങളേയും ബാധിക്കുമെന്ന കാര്യത്തിലും സംശയമില്ല. 1917ൽ റഷ്യയിൽ പൊട്ടിപ്പുറപ്പെട്ട സോഷ്യലിസ്റ്റ് വിപ്ലവം മറ്റെല്ലാ രാജ്യങ്ങളിലെയും തൊഴിലാളി പ്രസ്ഥാനങ്ങൾക്കു വമ്പിച്ച പ്രചോദനം നൽകുകയുണ്ടായി.

സോഷ്യലിസം കെട്ടിപ്പടുത്തുകഴിഞ്ഞ സോവിയറ്റ് യൂണിയനെ നമ്മൾ ബഹുമാനിക്കുന്നു. സോഷ്യലിസം കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന ജനകീയ ചൈനയേയും യൂറോപ്പിലെ ജനകീയ ജനാധിപത്യ രാജ്യങ്ങളെയും നമ്മൾ അഭിവാദ്യം ചെയ്യുന്നു. കൂലിവേലക്കാരന് ഭരണാധികാരിയാവാൻ കഴിയുമെന്നും ജന്മി പോയാലും നെൽച്ചെടികൾ കായ്ക്കുമെന്നും തെളിയിച്ചുകാട്ടിയവരെ നമ്മളെങ്ങനെ ആദരിക്കാതിരിക്കും. ഹിംസയുടെയും ചൂഷണത്തിന്റെയും പിടിയിൽനിന്ന് മനുഷ്യത്വത്തെ മോചിപ്പിച്ച ആ മഹത്തായ രാജ്യങ്ങളിലെ ജനങ്ങൾ നടത്തിയ പ്രവർത്തനങ്ങളിൽ നിന്നും അവർ നേടിയ വിജയങ്ങളിൽ നിന്നും നമ്മൾ തീർച്ചയായും വിലയേറിയ പാഠങ്ങൾ പഠിക്കും. പക്ഷേ, സോവിയറ്റ് യൂണിയനിൽ നിന്നോ മറ്റു സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ നിന്നോ നമ്മുടെ രാജ്യത്തിലേക്ക് സോഷ്യലിസം ഇറക്കുമതി ചെയ്യാനാവില്ല. നമ്മുടെ നാട്ടിൽ സോഷ്യലിസം സ്ഥാപിക്കാൻ ഈ നാട്ടിലെ ജനങ്ങളുടെ ശക്തിയെത്തന്നെ ആശ്രയിക്കണം.

## 6 സോഷ്യലിസത്തിലേക്കുള്ള ഇന്ത്യയുടെ മാർഗം

മറ്റു രാജ്യങ്ങൾ സോഷ്യലിസം സ്ഥാപിക്കാനെടുത്ത അതേ നടപടികളും പരിപാടികളുമല്ല നമ്മൾ നടപ്പിൽ വരുത്താൻ പോകുന്നത്. ഇന്ത്യയുടെ ചരിത്രപരമായ പാരമ്പര്യങ്ങൾക്കും ഇന്ത്യയുടെ ഭൗതിക സാമൂഹ്യപരിതഃസ്ഥിതികൾക്കും ഇന്ത്യയുടെ സവിശേഷമായ ആവശ്യങ്ങൾക്കുമനുസരിച്ചുള്ള, ഇന്ത്യയുടേതായ, ഒരു പരിപാടിയാണ് നമ്മൾ സ്വീകരിച്ചിട്ടുള്ളത്.

ഏതു രാജ്യത്തിലും എല്ലാ ഉല്പാദനോപകരണങ്ങളും പൊതുസ്വത്താക്കിക്കൊണ്ടുള്ള സോഷ്യലിസം സ്ഥാപിക്കണമെങ്കിൽ അതിനാവശ്യമായ ഭൗതിക സാഹചര്യങ്ങളുണ്ടാവണം. വ്യാവസായികവും കാർഷികവുമായ പിന്നോക്കനില അവസാനിപ്പിക്കുകയും അതിനുള്ള പരിശ്രമങ്ങളിലൂടെ ജനങ്ങളുടെ ബോധവും ശക്തിയും വളർത്തുകയും ചെയ്യാതെ സോഷ്യലിസം സ്ഥാപിക്കാൻ സാധിക്കില്ല. അതുകൊണ്ട് ഈ ഘട്ടത്തിൽ ഇന്ത്യയുടെ അടിയന്തിരപ്രശ്നം സോഷ്യലിസമല്ല.

ഇന്ത്യയുടെ ഭൗതികപരിതഃസ്ഥിതി എന്താണ്? 1947 ആഗസ്റ്റിൽ ഇന്ത്യയിലെ ദേശീയ ബൂർഷ്വാ നേതാക്കന്മാരും ബ്രിട്ടീഷ് ഭരണാധികാരികളും തമ്മിലുണ്ടായ സന്ധിയുടെ ഫലമായി ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരുടെയും ബ്രിട്ടീഷ് പട്ടാളത്തിന്റെയും ഭരണമവസാനിച്ചു. ഇന്ത്യാക്കാരനായ പ്രസിഡൻറിന്റെയും ഇന്ത്യാക്കാരായ മന്ത്രിമാരുടെയും ഇന്ത്യൻ പാർലമെൻറിന്റെയും ഭരണം സ്ഥാപിക്കപ്പെട്ടു. എങ്കിലും ഇന്ത്യക്ക് ബ്രിട്ടീഷ് പിടിയിൽ നിന്ന് പരിപൂർണമായ മോചനമുണ്ടായില്ല. നാടുവാഴികളുടെയും ജന്മികളുടെയും ചൂഷണമവസാനിച്ചില്ല. ഇന്ത്യയുടെ വ്യാവസായികവും കാർഷികവുമായ പിന്നോക്ക നിലയുടെയും ഇന്ത്യൻ ജനതയുടെ മൂർച്ഛിച്ചുവരുന്ന നാനാതരം ദുരിതങ്ങളുടെയും അടിസ്ഥാനകാരണമിതാണ്.

അതുകൊണ്ട് ഇന്നത്തെ ഘട്ടത്തിൽ സാമ്രാജ്യവാദികളുടെയും നാടുവാഴികളുടെയും പിടിയിൽനിന്ന് നമ്മുടെ രാജ്യത്തെ മോചിപ്പിച്ച് അഭിവൃദ്ധിപ്പെടുത്താനുള്ള ജനകീയ ജനാധിപത്യത്തിന്റെ പരിപാടിയാണ് കമ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ചിട്ടുള്ളത്. ബ്രിട്ടീഷ് മുതലാളികളുടെ നിയന്ത്രണത്തിലുള്ള കമ്പനികളും തോട്ടങ്ങളും ബാങ്കുകളും മറ്റു മൂലധന നിക്ഷേപങ്ങളും പിടിച്ചെടുത്ത് ദേശസാൽക്കരിക്കുക; പ്രതിഫലം നൽകാതെ നാടുവാഴി വ്യവസ്ഥയവസാനിപ്പിച്ച് നിലമെല്ലാം കൃഷിക്കാർക്ക് സൗജന്യമായി കൊടുക്കുക, നാടുവാഴികളുടെയും ബ്രിട്ടീഷ് സാമ്രാജ്യവാദികളുമായി കൂട്ടുകെട്ടുള്ള ഇന്ത്യൻ വൻകിട മുതലാളികളുടെയും നിയന്ത്രണത്തിലുള്ള ഭരണമവസാനിപ്പിച്ച് ജനാധിപത്യ രീതിയിലുള്ള ഒരു ഭരണകൂടം സ്ഥാപിക്കുക, ആംഗ്ലോ-അമേരിക്കൻ സാമ്രാജ്യവാദികളുടെ യുദ്ധസംരംഭങ്ങളെ എതിർക്കുകയും സമാധാനമുറപ്പിക്കുകയും ചെയ്യുക, സിലോൺ, പാകിസ്ഥാൻ മുതലായ അയൽ രാജ്യങ്ങളിലെ ജനങ്ങളുമായി സൗഹാർദ്ദബന്ധം വളർത്തുക, ഈ കടമകളെല്ലാം നിർവ്വഹിക്കാൻ വേണ്ടി, തൊഴിലാളികൾ, കൃഷിക്കാർ, അദ്ധ്വാനിക്കുന്ന ബുദ്ധിജീവികൾ, ദേശീയ ബൂർഷ്വാസി എന്നിങ്ങനെ രാജ്യത്തിന്റെ സ്വാതന്ത്ര്യവും മോചനവും പുരോഗതിയുമാഗ്രഹിക്കുന്ന എല്ലാ ജനവിഭാഗങ്ങളേയും അണിനിരത്തിക്കൊണ്ടുള്ള ഒരു ജനാധിപത്യമുന്നണി കെട്ടിപ്പടുക്കുക—ഇതാണ് ജനകീയ ജനാധിപത്യ പരിപാടിയുടെ സംക്ഷിപ്തമായ ഉള്ളടക്കം. ഈ പരിപാടി മലയാളത്തിൽ ഒരു ലഘുലേഖയായി പ്രസിദ്ധം ചെയ്തിട്ടുണ്ട്. നിങ്ങളെല്ലാവരും അതു വായിക്കണം. മറ്റൊരു ക്ലാസിൽ അതിന്റെ നാനാവശങ്ങളേപ്പറ്റിയും വിസ്തരിച്ചു പരിശോധിക്കാം.

ഒരു പരിപാടി എത്രതന്നെ ശരിയാണെങ്കിലും അതു തന്നെത്താൻ നടപ്പിൽ വരികയില്ല. അതു നടപ്പിൽ വരുത്താൻ കെൽപ്പുള്ള ഒരു പാർട്ടിയുണ്ടായിരിക്കണം.

വ്യക്തമായ കാഴ്ചപ്പാടോടുകൂടി, വ്യക്തമായ ഒരു ലക്ഷ്യത്തെ ഉന്നം വെച്ചുകൊണ്ട്, സാമ്രാജ്യവാദികളുടെയും നാടുവാഴികളുടെയും ചൂഷണമവസാനിപ്പിച്ച് ജനകീയ ജനാധിപത്യം സ്ഥാപിച്ച മുന്നേറാൻ തൊഴിലാളി വർഗത്തേയും മറ്റു ജനവിഭാഗങ്ങളേയും നയിക്കാൻ കഴിവുള്ള ഒരു വിപ്ലവപാർട്ടിയുണ്ടായിരിക്കണം; ആ പാർട്ടിയാണ് കമ്യൂണിസ്റ്റ് പാർട്ടി.

## 7 മുതലാളി പാർട്ടികളും തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടിയും

നമ്മുടെ നാട്ടിൽ പല പാർട്ടികളുമുണ്ട്. ഓരോ പാർട്ടിയും ഏതെങ്കിലുമൊരു പ്രത്യേക വർഗ്ഗത്തിന്റെ പാർട്ടിയാണെന്നു കാണാം. മറ്റു വർഗ്ഗങ്ങൾക്കെതിരായി ആ പ്രത്യേക വർഗ്ഗത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള ഒരു സംഘടനയാണത്. പാർട്ടികൾ തമ്മിലുള്ള സമരത്തിന്റെ പിന്നിൽ അധികാരത്തിന് വേണ്ടിയുള്ള വർഗ്ഗങ്ങളുടെ സമരമാണ് ഒളിഞ്ഞുകിടക്കുന്നത്. വിഭിന്ന വർഗ്ഗങ്ങളുള്ളേടത്തോളം വിഭിന്ന പാർട്ടികളുമുണ്ടാവും.

മുതലാളിവർഗ്ഗത്തിനുള്ളിൽ തന്നെ പല വിഭാഗങ്ങളുമുണ്ട്. അതുകൊണ്ട് ഓരോ വിഭാഗത്തിന്റെയും താൽപ്പര്യം രക്ഷിക്കാൻ പ്രത്യേകം പ്രത്യേകം പാർട്ടികളുണ്ടാവും. അവ തമ്മിൽ മത്സരങ്ങളുമുണ്ടാവും. പക്ഷേ, തൊഴിലാളിവർഗ്ഗത്തിന്റെ താൽപ്പര്യങ്ങൾക്കെതിരായി മുതലാളിത്ത വ്യവസ്ഥയെ നിലനിർത്താൻ വേണ്ടി അവയെല്ലാം യോജിക്കുമെന്ന് കാണാം.

തൊഴിലാളിവർഗ്ഗത്തിനും ഒരു പാർട്ടിയുണ്ട്. അതാണ് കമ്യൂണിസ്റ്റ് പാർട്ടി.

ഇന്നത്തെ സാമൂഹ്യ വ്യവസ്ഥയിലൊരു സമൂല പരിവർത്തനം വരുത്താനുള്ള സമരം മുതലാളി വർഗ്ഗത്തിന്റെയോ പെറ്റി ബൂർഷ്വാ വിഭാഗങ്ങളുടെയോ പാർട്ടികളുടെ നേതൃത്വത്തിൽ നടത്താൻ കഴിയില്ല. ആ വർഗ്ഗങ്ങൾക്കു തങ്ങളുടെ സഹജമായ വർഗ്ഗസ്വഭാവങ്ങളും സ്വത്തുടമബന്ധങ്ങളും കാരണം വിപ്ലവപരമായ നേതൃത്വം നൽകാൻ കഴിയില്ല. വിപ്ലവകാരിയായ ഒരു വർഗ്ഗത്തിനു മാത്രമേ വിപ്ലവപരമായ നേതൃത്വം നൽകാൻ കഴിയൂ. ഇന്നത്തെ സമുദായത്തിൽ ഏറ്റവും ശക്തിയുള്ളതും ഏറ്റവും വിപ്ലവകാരിയുമായ വർഗ്ഗം തൊഴിലാളിവർഗ്ഗമാണ്. ഏറ്റവുമധികം വളർച്ച പ്രാപിച്ചിട്ടുള്ള ആധുനിക മുതലാളിത്തോല്പാദനത്തിന്റെ മർമ്മസ്ഥാനത്തിരിക്കുന്നവരും, ഉല്പാദനോപകരണങ്ങളിൽ നിന്ന് തികച്ചും അകറ്റപ്പെട്ടവരുമാകയാൽ നഷ്ടപ്പെടാൻ സ്വന്തം അടിമത്തച്ചങ്ങലയല്ലാതെ മറ്റൊന്നുമില്ലാത്തവരും, പ്രവൃത്തിയുടെയും ജീവിതത്തിന്റെയും സമ്പ്രദായം കാരണം വളരെ വേഗത്തിൽ സംഘടിക്കാൻ കഴിയുന്നവരും, കൊല്ലംതോറും എണ്ണത്തിലും രാഷ്ട്രീയബോധത്തിലും സംഘടനാബോധത്തിലും വളർന്നുവരുന്നവരുമായ ഒരു വർഗ്ഗമാണ് തൊഴിലാളി വർഗ്ഗം. അതുകൊണ്ടു തൊഴിലാളിവർഗ്ഗത്തിന്റെ വീക്ഷണഗതിയും തൊഴിലാളിവർഗ്ഗത്തിന്റെ സമരരീതികളുമാണ് നാമടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളത്. തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലാണ് പ്രക്ഷോഭണങ്ങളും സമരങ്ങളും നടത്തുന്നത്. എന്തുകൊണ്ടെന്നാൽ തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ ജനങ്ങളെയാകെ അണിനിരത്തിക്കൊണ്ട് പ്രക്ഷോഭണങ്ങളും സമരങ്ങളും സംഘടിപ്പിക്കുന്നതിലൂടെ മാത്രമേ ജനകീയ ജനാധിപത്യവും സോഷ്യലിസവും കമ്യൂണിസവും സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ.

ഒരു പട്ടാളത്തിന് യുദ്ധത്തിൽ തോൽവി പറ്റാതിരിക്കണമെങ്കിൽ ആ പട്ടാളത്തെ നയിക്കാൻ കഴിവുള്ള ഒരു പട്ടാളകമാൻറ് ഉണ്ടാവണം. തൊഴിലാളിവർഗ്ഗത്തിനും അതിന്റെ ശത്രുക്കളെ തോല്പിച്ച് മുന്നേറണമെങ്കിൽ ഒരു സുശക്തമായ

പട്ടാളകമാൻറ് ഉണ്ടാവണം. അത്തരമൊരു പട്ടാളകമാൻറാണ് കമ്യൂണിസ്റ്റ് പാർട്ടി. സഖാവ് സ്റ്റാലിൻ പറയുന്നതുപോലെ ഒരു വിപ്ലവപ്പാർട്ടിയില്ലാത്ത തൊഴിലാളിവർഗ്ഗം നാഥനില്ലാത്ത പടപോലെയാണ്.

തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപ്പടയാണ് കമ്യൂണിസ്റ്റ് പാർട്ടി. തൊഴിലാളിവർഗ്ഗത്തിന്റെ ഏറ്റവും ബോധമുള്ള, ഏറ്റവും ഉയർന്ന നിലവാരത്തിലുള്ള വർഗ്ഗബോധത്തോടുകൂടിയ, ഒരു വിഭാഗമാണത്. തൊഴിലാളിവർഗ്ഗത്തിന്റെയും മറ്റു മർദ്ദിതജനവിഭാഗങ്ങളുടെയും ഇടയിൽനിന്നു വരുന്ന ഏറ്റവുമധികം രാഷ്ട്രീയബോധവും കർമ്മകുശലതയും ത്യാഗസന്നദ്ധതയുള്ള ആളുകളാണ് കമ്യൂണിസ്റ്റ് പാർട്ടിയിൽ മെമ്പർമാരായിത്തീരുന്നത്. പ്രസ്ഥാനം ശക്തിപ്പെടുമ്പോൾ കൃഷിക്കാർ, ഇടത്തരക്കാർ മുതലായ ജനവിഭാഗങ്ങളിൽ നിന്നു വരുന്നവരും ചിലപ്പോൾ, ഒറ്റയും തെറ്റയുമായി, മർദ്ദകവർഗ്ഗക്കാർക്കിടയിൽനിന്നു വരുന്ന വ്യക്തികൾപോലും കമ്യൂണിസ്റ്റ് പാർട്ടിയിൽ മെമ്പർമാരായിച്ചേരും. പക്ഷേ, തങ്ങൾ ജനിച്ചുവളർന്ന വർഗ്ഗത്തിന്റെ നിലപാടുകളുപേക്ഷിച്ച് തൊഴിലാളിവർഗ്ഗത്തിന്റെ വീക്ഷണഗതിയും സമരരീതികളും സ്വീകരിക്കണം. നമ്മുടെ രാജ്യത്തെ അധഃപതനത്തിലേക്കും നാശത്തിലേക്കും നയിക്കുന്ന ശത്രുവർഗ്ഗങ്ങളെ തോൽപ്പിച്ചു ആദ്യം ജനകീയജനാധിപത്യവും അതിനുശേഷം സോഷ്യലിസവും കമ്യൂണിസവും സ്ഥാപിക്കാൻവേണ്ടി സ്വയം ഉഴിഞ്ഞുവെച്ചിട്ടുള്ള യോദ്ധാക്കളായിത്തീരണം. അത്തരം യോദ്ധാക്കളുടെ ഒരു സൈന്യമാണ് കമ്യൂണിസ്റ്റ് പാർട്ടി.

തൊഴിലാളിവർഗ്ഗത്തിന്റെ ഒരു സംഘടനയാണ് കമ്യൂണിസ്റ്റ് പാർട്ടി. തൊഴിലാളിവർഗ്ഗത്തിനും മറ്റദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കും വേറെയും പല സംഘടനകളുമുണ്ട്. ട്രേഡ് യൂണിയൻ, കിസാൻസഭ, യുവജനസംഘം, കലാസമിതി, സാഹിത്യസംഘടനകൾ, സ്പോർട്ട്സ് ക്ലബ്ബുകൾ എന്നിങ്ങനെ വിവിധോദ്ദേശ്യങ്ങളോടുകൂടിയ സംഘടനകളെല്ലാം ഒഴിച്ചുകൂടാൻ വയ്യാത്തവയാണ്. എന്നാൽ ഈ വിധ സംഘടനകളെയെല്ലാം വിപ്ലവകരമായ ഒരേ നേതൃത്വത്തിൽ കൊണ്ടുവരികയും അവയുടെ വിവിധങ്ങളും വ്യത്യസ്തങ്ങളുമായ പ്രവർത്തനങ്ങളെ പൊതു പരിപാടിയുടെയും പൊതുനയത്തിന്റെയും അടിസ്ഥാനത്തിൽ കൂട്ടിയിണക്കിക്കൊണ്ട് അവയെല്ലാം ഒരേ ഉദ്ദിഷ്ടലക്ഷ്യത്തിലേക്കു നയിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ കടമ നിറവേറ്റാനുള്ള സംഘടനയാണ് കമ്യൂണിസ്റ്റ് പാർട്ടി. സഖാവ് സ്റ്റാലിൻ പറയുന്നു:

'തൊഴിലാളിവർഗ്ഗത്തിലെ ഏറ്റവും നല്ല അംഗങ്ങൾ ഉൾക്കൊള്ളുന്ന, ഉന്നതമായൊരു സിദ്ധാന്തം സ്വായത്തമാക്കിയ, വർഗ്ഗസമരത്തിന്റെ നിയമങ്ങൾ അറിയുന്ന, വിപ്ലവപ്രസ്ഥാനത്തിന്റെ അനുഭവജ്ഞാനമുള്ള, സംഘടനയുടെ ഏറ്റവും ഉയർന്ന രൂപമെന്ന നിലക്ക് പാർട്ടിക്ക് തൊഴിലാളിവർഗ്ഗത്തിന്റെ മറ്റെല്ലാ സംഘടനകളേയും നയിക്കാനുള്ള എല്ലാ സാഹചര്യങ്ങളുമുണ്ട്. അങ്ങിനെ നയിക്കാൻ അതു കടപ്പെട്ടതുമാണ്'.

## 8 ജനാധിപത്യകേന്ദ്രീകരണം

ലക്ഷക്കണക്കിലുള്ള ജനങ്ങളുടെ സമരങ്ങളിൽ അച്ചടക്ക ബോധവും സംഘടനാബോധവും സ്ഥൈര്യവും വളർത്തിക്കൊണ്ട് അവരെ പതറാതെ മുന്നോട്ടുനയിക്കുന്നത് കമ്യൂണിസ്റ്റ് പാർട്ടിയാണ്. അതുകൊണ്ട് പാർട്ടിതന്നെ സുസംഘടിതമായ ഒരു ശക്തിയായിരിക്കണം.

ജനാധിപത്യ കേന്ദ്രീകരണം എന്ന തത്വമാണ് പാർട്ടിയുടെ അടിസ്ഥാനപരമായ സംഘടനാനിയമം. ഒരുഭാഗത്ത് എല്ലാ പാർട്ടിപ്രവർത്തനവും ഒരു കേന്ദ്രത്തിൽനിന്ന് നിയന്ത്രിക്കപ്പെടുന്നു. കേന്ദ്രീകൃതമായ ഒരു സംഘടനയാണ് പാർട്ടി. കേന്ദ്രകമ്മിറ്റി, സംസ്ഥാന കമ്മിറ്റികൾ, ജില്ലാ കമ്മിറ്റികൾ, താലൂക്ക് കമ്മിറ്റികൾ, ഫർക്കാ കമ്മിറ്റികൾ, വില്ലേജ് കമ്മിറ്റികൾ, സെല്ലുകൾ ഇങ്ങനെ മുകളിൽനിന്ന് കീഴോട്ടു കെട്ടിപ്പടുക്കപ്പെടുന്ന സുശക്തമായ ഒരു സംഘടനാരൂപമാണ് പാർട്ടിക്കുള്ളത്. സെല്ലാണ് അടിസ്ഥാനഘടകം, മുടി മുതൽ അടിവരെയുള്ള എല്ലാ മെമ്പർമാർക്കും ഒരേ അച്ചടക്കവും ഒരേ നിയമവുമാണുള്ളത്. കേന്ദ്ര കമ്മിറ്റിയാണ് കീഴ്ഘടകങ്ങളുടെയെല്ലാം പ്രവർത്തനങ്ങളെ ഒരൊറ്റ ലക്ഷ്യത്തിലേക്ക് നയിക്കുന്നത്. കേന്ദ്ര കമ്മിറ്റിയുടെ നേതൃത്വത്തിൽ എല്ലാ പാർട്ടിഘടകങ്ങളും ഒരു സുശക്തമായ സംഘടനയായി ഏകീകരിക്കപ്പെടുന്നു. മേൽ കമ്മിറ്റികളുടെ തീരുമാനങ്ങൾ കീഴ് കമ്മിറ്റികൾ അനുസരിക്കണം. കണിശമായ അച്ചടക്കം പാലിക്കണം. ഓരോ കീഴ് കമ്മിറ്റിയും മേൽ കമ്മിറ്റിക്ക് റിപ്പോർട്ടയക്കണം. അതേ സമയത്തുതന്നെ പാർട്ടിക്കുള്ളിൽ പരിപൂർണമായ ജനാധിപത്യമുണ്ടായിരിക്കണം. പാർട്ടിയുടെ നേതൃത്വം വഹിക്കുന്ന എല്ലാ കമ്മിറ്റികളും, അടി മുതൽ മുടിവരെ, തിരഞ്ഞെടുക്കപ്പെടുന്നവരായിരിക്കണം. ഓരോ മെമ്പർക്കും തന്റെ ഘടകത്തിൽവെച്ചു എല്ലാ പ്രശ്നങ്ങളെപ്പറ്റിയും ചർച്ച ചെയ്യാനും അഭിപ്രായം പറയാനും സ്വാതന്ത്ര്യമുണ്ടായിരിക്കണം. എന്നാൽ, ഒരു തീരുമാനമെടുത്തു കഴിഞ്ഞാൽ ന്യൂനപക്ഷം ഭൂരിപക്ഷത്തിന് കീഴ്പ്പെടേണ്ടതും തീരുമാനം തനിക്ക് ബോദ്ധ്യമായിട്ടില്ലെങ്കിൽക്കൂടി നടപ്പിൽ വരുത്തേണ്ടതുമാണ്. കൂട്ടായ തീരുമാനമെടുത്തു കഴിഞ്ഞാൽ പിന്നെ അതു നടപ്പിൽ വരുത്തുന്ന കാര്യത്തിൽ വ്യക്തിപരമായ ഉത്തരവാദിത്വം ഉണ്ടായിരിക്കണം. പാർട്ടിക്കുള്ളിൽ ഓരോ മെമ്പറും തന്റെ സ്വന്തം തെറ്റുകളെപ്പറ്റിയും മറ്റുള്ളവരുടെ വീഴ്ചകളെപ്പറ്റിയും നിർഭയം വിമർശിക്കണം. വിമർശനവും സ്വയം വിമർശനവും കൂട്ടായ നേതൃത്വവും പാർട്ടി സംഘടനയുടെ പ്രധാന തത്വങ്ങളാണ്.

ഓരോ മെമ്പറും അതാതു സമയത്ത് പാർട്ടി നിർദ്ദേശിക്കുന്ന പ്രക്ഷോഭണ പരിപാടികളിൽ സജീവമായി പങ്കെടുത്താൽ മാത്രം പോരാ, ഒരു ഘടകത്തിലെ അംഗമെന്ന നിലക്ക് പ്രവർത്തിക്കുകയും തന്റെ വരിസംഖ്യയും ലെവിയും കൃത്യമായി അടക്കുകയും വേണം. വരിസംഖ്യയും ലെവിയുമടക്കുന്നതിനുള്ള കൃത്യബോധം അയാളുടെ അച്ചടക്കബോധത്തിന്റെയും പാർട്ടി സംഘടനയുമായുള്ള അയാളുടെ ബന്ധത്തിന്റെയും സൂചനയാണ്. അതോടൊപ്പം തന്നെ അതു പാർട്ടി ഫണ്ടിനുള്ള ഒരു മാർഗ്ഗവുമാണ്. അതുകൊണ്ട് ഈ കടമയ്ക്ക് വലിയ പ്രാധാന്യമുണ്ട്.

ഈ തത്വങ്ങളെല്ലാമനുസരിക്കുന്നതുകൊണ്ടാണ് എല്ലാ പാർട്ടി മെമ്പർമാരെയും ഒരേ പരിപാടി, ഒരേ നയം, ഒരേ അച്ചടക്കം എന്നീ അടിസ്ഥാനത്തിൽ ഒറ്റക്കെട്ടായി നിർത്തിക്കൊണ്ട് എല്ലാ പ്രവർത്തനങ്ങളേയും ഒരൊറ്റ ലക്ഷ്യത്തിലേക്ക് നയിക്കാൻ കഴിയുന്നത്. കമ്യൂണിസ്റ്റ് പാർട്ടിയുടെ വിജയത്തിന്റെ അടിസ്ഥാനം അതിന്റെ സംഘടനയും അച്ചടക്കവും ഐക്യവുമാണ്. ഇത്തരത്തിലുള്ള ഒരു പാർട്ടിസംഘടനയ്ക്കു മാത്രമേ ജനങ്ങൾക്കു ശരിയായ നേതൃത്വം നൽകാനും അവരുടെ താൽപ്പര്യങ്ങളെ സംരക്ഷിക്കാനും കഴിയൂ.

ജനങ്ങളുമായുള്ള ഇടവിടാത്ത ബന്ധമാണ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തിയുടെ അടിസ്ഥാനം. ജനങ്ങളെ പഠിപ്പിച്ചാൽ മാത്രം പോരാ, ജനങ്ങളിൽ നിന്നു പഠിക്കുകയും വേണം എന്ന് ലെനിനും സ്റ്റാലിനും ഊന്നിപ്പറയുന്നു. ജനങ്ങളിൽ നിന്ന്

ഒറ്റപ്പെട്ടാൽ പാർട്ടി നശിക്കും. ജനങ്ങളുമായി ഉറച്ച ബന്ധമുണ്ടെങ്കിലേ പാർട്ടി അജയ്യമാവുകയും ചെയ്യൂ.

തങ്ങളുടെ താൽപ്പര്യങ്ങളെ സംരക്ഷിക്കാനും തങ്ങളെ ശരിയായ മാർഗ്ഗത്തിലൂടെ മുന്നോട്ടു നയിക്കാനും പാർട്ടിക്ക് കഴിയുമെന്ന്—പാർട്ടിക്ക് മാത്രമേ കഴിയൂ എന്ന്—സ്വന്തം അനുഭവങ്ങളിലൂടെ മനസ്സിലാക്കിക്കൊണ്ടാണ് കൂടുതൽ കൂടുതൽ ജനങ്ങൾ പാർട്ടിയുടെ പിന്നിലണിനിരക്കുന്നത്.

## 9 എന്താണ് മാർക്സിസം

പക്ഷേ, ജനങ്ങളെ ശരിയായ മാർഗ്ഗത്തിലൂടെ മുന്നോട്ടു നയിക്കുന്നതെങ്ങിനെയാണ്? ജനങ്ങളെ എങ്ങിനെ എങ്ങോട്ടു നയിക്കണമെന്നതിനെ സംബന്ധിച്ച് വ്യക്തമായ ബോധമുണ്ടായിരിക്കണം. എങ്ങനെയെങ്കിലും പ്രവർത്തിച്ചാൽ നിലവിലുള്ള സാമൂഹ്യവ്യവസ്ഥിതിയെ മാറ്റിമറിക്കാനോ ജനകീയ ജനാധിപത്യവും സോഷ്യലിസവും കമ്യൂണിസവും സ്ഥാപിക്കാനോ കഴിയുകയില്ല. സമുദായം മാറുന്നതും വളരുന്നതും ചില പ്രത്യേകനിയമങ്ങളുടെ അടിസ്ഥാനത്തിലാണ്. പ്രകൃതി നിയമങ്ങളുള്ളതുപോലെ സാമൂഹ്യ നിയമങ്ങളുമുണ്ട്. ആ നിയമങ്ങൾ മനസ്സിലാക്കിക്കൊണ്ടും അവയെ ഉപയോഗിച്ചുകൊണ്ടുമാണ് കമ്യൂണിസ്റ്റുകാർ നിലവിലുള്ള സാമൂഹ്യ വ്യവസ്ഥകളെ മാറ്റാനും പുതിയ സാമൂഹ്യഘടന കെട്ടിപ്പടുത്തുകൊണ്ട് മനുഷ്യജീവിതത്തെ അഭിവൃദ്ധിപ്പെടുത്താനും ശ്രമിക്കുന്നത്. ആ നിയമങ്ങളുടെ ശാസ്ത്രത്തിനാണ് മാർക്സിസം എന്നുപറയുന്നത്. സ്റ്റാലിന്റെ വാക്കുകളിൽ പറഞ്ഞാൽ 'മാർക്സിസം പ്രകൃതിയുടെയും സമുദായത്തിന്റെയും വികാസനനിയമങ്ങളുടെ ശാസ്ത്രമാണ്. മർദ്ദിതരും, ചൂഷിതരുമായവരുടെ വിപ്ലവത്തിന്റെ, എല്ലാ രാജ്യങ്ങളിലും സോഷ്യലിസം വിജയിക്കുന്നതിന്റെ, കമ്യൂണിസ്റ്റ് സമുദായം പടുത്തുയർത്തുന്നതിന്റെ ശാസ്ത്രമാണ്'.

കമ്യൂണിസ്റ്റ് പാർട്ടിയുടെ താത്വികാടിസ്ഥാനമാണ് മാർക്സിസം. സമുദായം എങ്ങനെ വളരുന്നു, സമുദായത്തിലെ വിവിധ വർഗ്ഗങ്ങൾ തമ്മിലുള്ള സമരങ്ങൾ എങ്ങനെ ശക്തിപ്പെടുന്നു, ഓരോ ഘട്ടത്തിലും തൊഴിലാളിവർഗ്ഗത്തെ നേരിടുന്ന കടമകളെന്തൊക്കെയാണ്, ആ കടമകൾ നിറവേറ്റാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെന്തൊക്കെയാണ് എന്നെല്ലാം മനസ്സിലാക്കുന്നതു, മാർക്സിസത്തിന്റെ സഹായത്തോടുകൂടിയാണ്. മാർക്സിസത്തിന്റെ സഹായത്തോടുകൂടിയാണ് കമ്യൂണിസ്റ്റ് പാർട്ടി തൊഴിലാളിവർഗ്ഗത്തേയും അദ്ധ്വാനിക്കുന്ന മറ്റു ജനവിഭാഗങ്ങളേയും വിജയത്തിലേക്ക് നയിക്കുന്നത്.

## 10 മാർക്സിസം പഠിക്കുക.

അതുകൊണ്ട് ചിട്ടയോടും നിഷ്കർഷയോടുംകൂടി മാർക്സിസം പഠിക്കാൻ നിങ്ങളിലോരോരുത്തരും തയ്യാറാവണം. ഇതിനായി ഓരോ വില്ലേജിലും മാർക്സിസ്റ്റ് സ്റ്റഡി ഗ്രൂപ്പ് സംഘടിപ്പിക്കുകയും അതിൽവെച്ചു മാർക്സിസത്തെപ്പറ്റിയുള്ള ക്ലാസ്സുകളും പ്രസംഗങ്ങളും ചർച്ചകളും നടത്തുകയും ചെയ്യുന്നത് നന്നായിരിക്കും. മലബാറിൽ പലേടത്തും ഇപ്പോൾതന്നെ മാർക്സിസ്റ്റ് സ്റ്റഡി ഗ്രൂപ്പുകൾ സംഘടിപ്പിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്.

എന്നാൽ, ഇന്നത്തെ സ്ഥിതിയിൽ ക്ലാസ്സുകൾ കൊണ്ടു മാത്രം മാർക്സിസ്റ്റ് വിദ്യാഭ്യാസം നേടാൻ കഴിയുമെന്ന് കരുതരുത്. ഓരോ പ്രവർത്തകനും സ്വന്തമായി വായിച്ചു പഠിക്കുക കൂടിവേണം. മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ

പഠിക്കാൻ പറ്റിയ പല പുസ്തകങ്ങളും മലയാളത്തിൽ തന്നെയുണ്ട്. അവയെല്ലാം ശരിക്ക് ഉപയോഗിക്കുക. ആദ്യമായി മാർക്സും എംഗൽസും കൂടിയെഴുതിയ സുപ്രസിദ്ധമായ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ എടുക്കാം. ലെനിൻ ദിനത്തിനു മുമ്പായി അത് നിങ്ങൾ വായിച്ചുതീർക്കുക. വ്യക്തമാവാത്തവയോ മനസ്സിലാവാത്തവയോ ആയ ഭാഗങ്ങളെപ്പറ്റി എഴുതിച്ചോദിക്കുക. 'നവയുഗം' വഴിയായി ആവശ്യമായ സഹായം നൽകുന്നതാണ്.

അതോടൊപ്പംതന്നെ ഇന്നത്തെ സാർവ്വദേശീയവും ദേശീയവുമായ സംഭവവികാസങ്ങൾ മനസ്സിലാക്കാൻ വേണ്ടി "ദേശാഭിമാനി', 'നവയുഗം' എന്നിവയും ഇംഗ്ലീഷറിയുന്നവർ 'ന്യൂ ഏജ്' കൂടിയും പതിവായി വായിക്കേണ്ടതാവശ്യമാണ്. അവ നിങ്ങളുടെ രാഷ്ട്രീയവും ആശയപരവുമായ കഴിവുകളെ വർദ്ധിപ്പിക്കും.

പക്ഷേ, ഒരുകാര്യം പ്രത്യേകം ഓർമ്മിക്കണം. കുറെ പുസ്തകങ്ങളും പത്രങ്ങളും വായിച്ചുവെന്നതുകൊണ്ട് മാത്രം മാർക്സിസം പഠിച്ചുവെന്ന് പറയാൻവയ്യ. കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ, ക്യാപിറ്റൽ തുടങ്ങിയ മാർക്സിസ്റ്റ് ഗ്രന്ഥങ്ങളെല്ലാം കാണാപാഠം പഠിച്ചാൽകൂടി മാർക്സിസം പഠിച്ചുവെന്നു പറയാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ തത്വവും പ്രവർത്തനവും തമ്മിലുള്ള ഐക്യമാണ് മാർക്സിസത്തിന്റെ കാതൽ. ബഹുജനങ്ങൾക്കിടയിലുള്ള പ്രവർത്തനങ്ങളും മാർക്സിസ്റ്റ് തത്വങ്ങളും തമ്മിൽ കൂട്ടിയിണക്കുന്നതിലുള്ള വൈദഗ്ദ്ധ്യമാണ് റഷ്യൻ കമ്യൂണിസ്റ്റ് പാർട്ടിയെ വിജയത്തിലെത്തിച്ചത്. കമ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടി നടപ്പിൽ വരുത്താനുള്ള പ്രവർത്തനങ്ങളെ മാർക്സിസംകൊണ്ട് രൂപപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ഫലപ്രദമാക്കുകയുമാണ് നമ്മളിവിടെ ചെയ്യേണ്ടിയിരിക്കുന്നത്. പുസ്തകപാരായണവും പത്രവായനയും അതിനു സഹായകമാവണം. പാർട്ടിപരിപാടി നടപ്പിൽ വരുത്തിക്കൊണ്ട് സാമൂഹ്യ വ്യവസ്ഥയിലാകെ മാറ്റം വരുത്താൻ വേണ്ടി ജനങ്ങളെ അണിനിരത്തുന്നതിനുള്ള ഒരായുധമെന്ന നിലയ്ക്കാണ് മാർക്സിസം പഠിക്കേണ്ടത് എന്നു സാരം.

## 11 ബഹുജനപ്രസ്ഥാനങ്ങൾ വളർത്തുക

കമ്യൂണിസ്റ്റ് പാർട്ടി മെമ്പർമാർ മാത്രം പ്രവർത്തിച്ചാൽ പരിപാടി നടപ്പിലാക്കാൻ സാധിക്കില്ല. ജനങ്ങളാകെ പ്രവർത്തിക്കണം. ജനങ്ങളുടെ ശക്തിയെ ആശ്രയിച്ചാണ് പരിപാടിയുടെ വിജയം കിടക്കുന്നത്. ഇവിടെയാണ് തൊഴിലാളികൾ, കൃഷിക്കാർ തുടങ്ങിയ വിവിധ ജനവിഭാഗങ്ങളുടെ അടിയന്തരാവശ്യങ്ങൾക്ക് വേണ്ടിയുള്ള പ്രക്ഷോഭങ്ങളുടെയും അതിനു വേണ്ടിയുള്ള ബഹുജന സംഘടനകളുടെയും പ്രാധാന്യം കിടക്കുന്നത്. അടിയന്തരാവശ്യങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭങ്ങളിലൂടെയും സമരങ്ങളിലൂടെയും ശക്തിയേറിയ ബഹുജനപ്രസ്ഥാനങ്ങളും ബഹുജന സംഘടനകളും കെട്ടിപ്പടുക്കണം. കമ്പനി പൂട്ടലിനും തൊഴിലില്ലായ്മക്കും എതിരായും തരിശിനു വേണ്ടിയും സാമ്രാജ്യവാദികളുടെ യുദ്ധസംരംഭങ്ങൾക്കെതിരായി സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടിയും മറ്റുമുള്ള അടിയന്തിര പ്രശ്നങ്ങളുടെ പിന്നിൽ ജനങ്ങളെയാകെ അണിനിരത്തണം. ഇതാണ് ഇന്ന് അടിയന്തിരമായി ചെയ്യേണ്ടിയിരിക്കുന്നത്.

ഇതിനായി ട്രേഡ് യൂണിയനുകൾ, കിസാൻസഭകൾ, മുതലായ ബഹുജന സംഘടനകളെ പതിന്മടങ്ങ് ശക്തിപ്പെടുത്തേണ്ടതുണ്ട്. യുവജന സംഘടനകൾ, വിദ്യാർത്ഥി യൂണിയനുകൾ, കലാസമിതികൾ, പുരോഗമന സാഹിത്യ സംഘടനകൾ,

സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ മുതലായവയും സംഘടിപ്പിക്കണം. ഇങ്ങനെ നാനാതരം പ്രവർത്തനങ്ങളിലൂടെ ജനങ്ങളെ അണിനിരത്തുകയും അവരുടെ സംഘടിതശക്തി വളർത്തുകയും ചെയ്യണം.

## 12 ബഹുജനപ്രസ്ഥാനത്തിൽ പാർട്ടിയുടെ പങ്ക്

ജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭങ്ങളെയും സമരങ്ങളെയും നയിക്കുമ്പോൾ എങ്ങോട്ടാണ് നയിക്കുന്നത് എന്നതിനെ സംബന്ധിച്ച വ്യക്തതയുണ്ടാവണം. ഇന്നത്തെ വ്യവസ്ഥയ്ക്കുള്ളിൽത്തന്നെ നേടാവുന്നിടത്തോളം അടിയന്തിരാവശ്യങ്ങൾ നേടിയെടുക്കേണ്ടതാവശ്യം തന്നെ. പക്ഷേ, അത്രമാത്രം പോരാ. അടിയന്തിരാവശ്യങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭങ്ങളെ രാഷ്ട്രീയാധികാരത്തിന്റെ പ്രശ്നവുമായി കൂട്ടിയിണക്കേണ്ടതുണ്ട്. അടിയന്തിരാവശ്യങ്ങൾക്ക് വേണ്ടിയുള്ള പ്രക്ഷോഭങ്ങളിലൂടെയും സമരങ്ങളിലൂടെയും ജനങ്ങളുടെ ബോധവും ശക്തിയും സംഘടനയും വളർത്തിക്കൊണ്ട് കോൺഗ്രസ് ഭരണമവസാനിപ്പിക്കാനും പുതിയൊരു ജനാധിപത്യഭരണം സ്ഥാപിക്കാനും വേണ്ടിയുള്ള സമരത്തിന് അവരെ തയ്യാറാക്കേണ്ടതുണ്ട്. ബഹുജനങ്ങൾക്കിടയിൽ, പ്രത്യേകിച്ചും തൊഴിലാളികളുടെയും മറ്റു മർദ്ദിതജനവിഭാഗങ്ങൾക്കുമിടയിൽ, ലക്ഷ്യത്തിലേക്കുള്ള കാഴ്ചപ്പാടും അതിനെ സംബന്ധിച്ച ആശയ വ്യക്തതയുമുണ്ടാക്കണം. ബൂർഷ്വാസി പ്രചരിപ്പിക്കുന്ന നുണകൾക്കും പിന്തിരിപ്പൻ ആശയഗതികൾക്കുമെതിരായി ഇടവിടാതെ സമരം ചെയ്തുകൊണ്ട് ജനങ്ങളുടെ രാഷ്ട്രീയബോധത്തിന്റെ നിലവാരമുയർത്തണം. കോൺഗ്രസ് നേതാക്കന്മാരും വിരുദ്ധമുന്നണിക്കാരും മറ്റു പിന്തിരിപ്പന്മാരും പറഞ്ഞുപരത്തുന്ന നുണകൾക്ക് അപ്പപ്പോൾ മറുപടി പറയാൻ നിങ്ങളിലോരോരുത്തർക്കും സാധിക്കണം. അതിനായി നിങ്ങളുടെതന്നെ രാഷ്ട്രീയബോധം കൂടുതൽ കൂടുതൽ വർദ്ധിപ്പിക്കണം. എന്നാലല്ലേ ജനങ്ങളുടെ ബോധമുയർത്താൻ കഴിയൂ. ഈ കടമയുമായി ബന്ധപ്പെടുത്തിക്കൊണ്ടായിരിക്കണം ബഹുജനപ്രസ്ഥാനങ്ങളെ നയിക്കുകയും, ബഹുജനസംഘടനകളെ ശക്തിപ്പെടുത്തുകയും ജനാധിപത്യമുന്നണി കെട്ടിപ്പടുക്കുകയും ചെയ്യേണ്ടത്. ഈ സർവ്വപ്രധാനമായ കടമ നിർവ്വഹിക്കണമെങ്കിൽ സുശക്തവും മാർക്സിസത്തിലടിയുറച്ചതുമായ ഒരു കമ്യൂണിസ്റ്റ്പാർട്ടി കെട്ടിപ്പടുക്കണമെന്നത് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു കടമയാണ്. ഇതിന് നിങ്ങളിലോരോരുത്തരുടെയും സഹായസഹകരണങ്ങളും ത്യാഗപൂർണമായ പ്രവർത്തനങ്ങളും ആവശ്യമാണ് എന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ട് കമ്യൂണിസ്റ്റ് പാർട്ടിയെ ശക്തിപ്പെടുത്തുക; പാർട്ടിയുടെ താത്വികാടിസ്ഥാനമായ മാർക്സിസം പഠിക്കുക.

## 13 നമ്മൾ വിജയിക്കും

സാർവ്വദേശീയവും ദേശീയവുമായ സംഭവവികാസങ്ങൾ നമുക്കനുകൂലമാണ്. സോഷ്യലിസത്തിന്റെയും ജനാധിപത്യത്തിന്റെയും സമാധാനത്തിന്റെയും ശക്തികൾ കൂടുതൽ കൂടുതൽ വളർന്നുവരികയാണ്. ഒരുഭാഗത്ത് മുതലാളിത്ത വ്യവസ്ഥയുടെ വൈരുദ്ധ്യങ്ങൾ പരിഹരിക്കാനാവാത്തവിധം മൂർച്ഛിച്ചുവരുമ്പോൾ, ലോകത്തിന്റെ മൂന്നിലൊരു ഭാഗത്ത് കമ്യൂണിസ്റ്റ് പാർട്ടിയുടെയും തൊഴിലാളി വർഗ്ഗത്തിന്റെയും നേതൃത്വത്തിൽ നടക്കുന്ന പുതിയ സാമൂഹ്യവ്യവസ്ഥ അനുദിനം ശക്തിപ്പെടുന്നു.

കോളനികൾ സാമ്രാജ്യവാദികൾക്കെതിരായ പ്രക്ഷോഭങ്ങൾ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം ശക്തിപ്പെട്ടിരിക്കുന്നു. നമ്മുടെ രാജ്യത്തിലെ ജനങ്ങൾ തന്നെ കൂടുതൽ രാഷ്ട്രീയബോധത്തോടെ മുന്നേറാൻ തുടങ്ങിയിരിക്കയാണ്.

ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ ജനങ്ങൾക്ക് സുഖസംപൂർണവും സംസ്കാര സമ്പന്നവുമായ ഒരു ഭാവിയുണ്ടാക്കാൻ വേണ്ടി പോരാടുന്ന കമ്യൂണിസ്റ്റ് പാർട്ടിയുടെ സാധ്യതകൾ മുമ്പെന്നത്തേക്കാളുമധികം വർദ്ധിച്ചിരിക്കുന്നു. അതോടൊപ്പം നമ്മുടെ ഉത്തരവാദിത്വങ്ങളും വർദ്ധിച്ചിട്ടുണ്ടെന്ന് മറക്കരുത്. ഈ ഉത്തരവാദിത്വം അഭിമാനാർഹമാംവിധം നിറവേറ്റാൻ നമുക്കു സാധിക്കണം. അതിനാവശ്യമായ കഴിവും ശക്തിയും വർദ്ധിപ്പിക്കുകയാണ് നമ്മുടെ കടമ.

# 4
# വർഗ്ഗസമരവും ഭരണകൂടവും

## I

പതിമൂന്നാം ലിയോ മാർപാപ്പ എഴുതുകയാണ്:

> 'തൊഴിലാളിവർഗ്ഗവും മുതലാളിവർഗ്ഗവും തമ്മിൽ നൈസർഗ്ഗികമായിത്തന്നെ ശത്രുതയിലാണെന്നും ധനവാന്മാരും വേലക്കാരും പരസ്പരം പടവെട്ടിക്കഴിയുവാൻ പ്രകൃതിയാൽ തന്നെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നവരാണെന്നുമുള്ള ധാരണ എത്രയോ യുക്തിവിഹീനവും വാസ്തവവിരുദ്ധവുമാകുന്നു...മനുഷ്യഗോത്രത്തിന്റെ അവയവപ്പൊരുത്തം അതിലെ ഓരോ അവയവങ്ങളുടെയും ശരിയായ ഘടനയുടെ ഫലമായിരിക്കുന്നതുപോലെ തന്നെ. രാഷ്ട്രീയഗോത്രത്തിന്റെ പൊരുത്തം പാലിക്കുന്നതിനും ഇപ്പറഞ്ഞ രണ്ടു വർഗ്ഗങ്ങൾ (തൊഴിലാളികളും മുതലാളികളും) ഐക്യത്തിലും സൗഹാർദ്ദത്തിലും കഴിയണമെന്നുള്ളതാണ് പ്രകൃതി ചെയ്തിരിക്കുന്ന ക്രമീകരണം...അവർ തമ്മിൽ നിരന്തരം പോരാടുകയാണെങ്കിലോ, കുഴപ്പവും കൊടിയ കിരാതത്വവുമായിരിക്കും അതിന്റെ അവശ്യഫലം. ഇങ്ങനെയുള്ള കലാപത്തെ തടുക്കുന്നതിനും ഉന്മൂലനം ചെയ്യുന്നതിനും ക്രൈസ്തവ വ്യവസ്ഥിതികൾക്കുള്ള ശക്തി വിസ്മയനീയവും വിവിധവുമാണ്'.
>
> (നേരും നൊവാരും, മലയാളതർജ്ജമ പേജ് 21-22)

ഇതു തന്നെയാണ് കോൺഗ്രസ് നേതാക്കന്മാരുടെയും ബൂർഷ്വാപത്രങ്ങളുടെയും ഗാന്ധിസത്തിന്റെ പ്രണേതാക്കളുടെയും അഭിപ്രായം. കൃപാലിനിയുടെ ദൃഷ്ടിയിൽ വർഗ്ഗസഹകരണത്തിൽ വിശ്വസിക്കുന്ന ഗാന്ധിജി സ്നേഹത്തിന്റെ പ്രവാചകനും വർഗ്ഗസമരത്തിൽ വിശ്വസിക്കുന്ന മാർക്സ് വിദ്വേഷത്തിന്റെ പ്രവാചകനുമാണ്! കോൺഗ്രസിൽ നിന്നു പുറപ്പെട്ടു സോഷ്യലിസ്റ്റ് പാർട്ടിയിലൂടെ ഗാന്ധിസത്തിലെത്തിച്ചേർന്ന ജയപ്രകാശ്-അശോകമേത്താ പ്രഭൃതികളാകട്ടെ ഇക്കാര്യത്തിൽ കൃപലാനിയുടെയും വിനോബ ഭാവേയുടെയും ശിഷ്യത്വമാണ് സ്വീകരിച്ചിട്ടുള്ളത്.

ഇവരുടെയെല്ലാം അഭിപ്രായത്തിൽ ഒരുപിടി ഗൂഢാലോചനക്കാരായ കമ്യൂണിസ്റ്റുകാരുടെ കുത്തിത്തിരിപ്പാണ് വർഗ്ഗസമരം; സോവിയറ്റ് യൂണിയനും കമ്യൂണിസ്റ്റ് പാർട്ടികളുമാണ് വർഗ്ഗസമരം സൃഷ്ടിക്കുന്നത്! മാർക്സ് പറഞ്ഞു, 'വർഗ്ഗസമരമുണ്ടാവട്ടെ'! അതുകൊണ്ട് വർഗ്ഗസമരമുണ്ടായി—ഇതാണവരുടെ പ്രചാരവേല.

## മാർക്സല്ല വർഗ്ഗസമരം കണ്ടുപിടിച്ചത്

പക്ഷേ, വാസ്തവമെന്താണ്? സോവിയറ്റ് യൂണിയൻ നിലവിൽവരുന്നതിനെത്രയോ മുമ്പ്, കമ്യൂണിസ്റ്റ് പാർട്ടികൾ ആവിർഭവിക്കുന്നതിനെത്രയോ മുമ്പ്, വർഗ്ഗസമരങ്ങൾ നിലനിന്നുപോന്നിട്ടുണ്ട്. എന്തിന്, മുതലാളിത്തമാവിർഭവിക്കുന്നതിന് മുമ്പുതന്നെ വർഗ്ഗസമരമുണ്ടായിരുന്നു. അടിമകളുടെയും അടിയാളരുടെയും കൃഷിക്കാരുടെയും കലാപങ്ങൾ ചരിത്രത്തിന്റെ ഏടുകളിൽ നിറഞ്ഞുകിടക്കുന്നു. മുതലാളിത്തം തന്നെ നാടുവാഴികൾക്കെതിരായ വർഗ്ഗസമരത്തിലൂടെയാണ് അധികാരത്തിൽ വന്നത്.

സമുദായത്തിൽ വർഗ്ഗങ്ങളും വർഗ്ഗസമരങ്ങളുമുണ്ടെന്ന സത്യം ആദ്യമായി തുറന്നുപറഞ്ഞത് മാർക്സോ എംഗൽസോ അല്ല. അവർക്കു മുമ്പുണ്ടായിരുന്ന ധനശാസ്ത്രജ്ഞന്മാരും ചരിത്രകാരന്മാരും വർഗ്ഗസമരത്തെ അംഗീകരിച്ചു കഴിഞ്ഞിരുന്നു. ഉദാഹരണത്തിന് 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ജീവിച്ചിരുന്ന സ്മിത്ത്, റിക്കാർഡോ തുടങ്ങിയ ധനശാസ്ത്രജ്ഞന്മാർ സമുദായം വർഗ്ഗങ്ങളായി പിരിഞ്ഞതിന്റെ സാമ്പത്തികാടിസ്ഥാനം വിവരിക്കുകയുണ്ടായി. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തിയർ, ഗിസോ തുടങ്ങിയ ഫ്രഞ്ചു ചരിത്രകാരന്മാർ മുതലാളിവർഗ്ഗവും നാടുവാഴി വർഗ്ഗവും തമ്മിലുള്ള വർഗ്ഗസമരമാണ് ബൂർഷ്വാവിപ്ലവമെന്നു ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ ബൂർഷ്വാധനശാസ്ത്രജ്ഞന്മാർക്കും ബൂർഷ്വാചരിത്രകാരന്മാർക്കും വർഗ്ഗങ്ങളുടെ അടിസ്ഥാനകാരണങ്ങളെപ്പറ്റിയാകട്ടെ, അവയുടെ ഗതിക്രമത്തെപ്പറ്റിയാകട്ടെ, മനസ്സിലാക്കാൻ കഴിഞ്ഞില്ല. എന്നല്ല, മുതലാളിയും നാടുവാഴിയും തമ്മിലുള്ള വർഗ്ഗസമരത്തെ അംഗീകരിക്കുകയും ന്യായീകരിക്കുകയും ചെയ്ത അതേ ചിന്തകന്മാർ തൊഴിലാളിയും മുതലാളിയും തമ്മിലുള്ള വർഗ്ഗസമരത്തെ നിഷേധിക്കുകയാണ് ചെയ്തത്. മാർക്സും എംഗൽസും സമുദായത്തിൽ നടമാടുന്ന വർഗ്ഗസമരത്തിന്റെ സ്വഭാവത്തെയും അടിസ്ഥാനകാരണങ്ങളേയും വസ്തുനിഷ്ഠമായി പരിശോധിച്ചു. വർഗ്ഗസമരം ഉൽപ്പാദനത്തിന്റെ വളർച്ചയുടെ നിലവാരവുമായി ബന്ധപ്പെട്ടിരിക്കുന്നതെങ്ങിനെയെന്നും അതിന്റെ അനിവാര്യഫലമെന്തെന്നും വ്യക്തമാക്കിക്കൊണ്ട് അവർ വർഗ്ഗങ്ങളുടെ ഭൗതികാടിസ്ഥാനം വ്യക്തമാക്കി. മാർക്സ് തന്നെ പറയുന്നു:

> “ആധുനിക സമുദായത്തിൽ വർഗ്ഗങ്ങളുണ്ടെന്നോ അവ തമ്മിൽ സമരങ്ങൾ നടക്കുന്നുണ്ടെന്നോ കണ്ടുപിടിച്ചതിലുള്ള മേന്മ ലഭിക്കേണ്ടത് എനിക്കല്ല. എനിക്കെത്രയോ മുമ്പുതന്നെ വർഗ്ഗസമരത്തിന്റെ ചരിത്രപരമായ വളർച്ചയെപ്പറ്റി ബൂർഷ്വാചരിത്രകാരന്മാരും വർഗ്ഗങ്ങളുടെ സാമ്പത്തിക ഘടനയെപ്പറ്റി ബൂർഷ്വാധനശാസ്ത്രജ്ഞന്മാരും വിവരിച്ചുകഴിഞ്ഞിരുന്നു. ഞാൻ പുതുതായി ചെയ്തത് താഴെ പറയുന്ന കാര്യങ്ങൾ തെളിയിക്കുക മാത്രമാണ്.
>
> 1. വർഗ്ഗങ്ങൾ ഉൽപാദനത്തിന്റെ വളർച്ചയുടെ ചരിത്രപരമായ ഏതെങ്കിലും ഘട്ടങ്ങളുമായി ബന്ധപ്പെട്ടിരിക്കും.
> 2. വർഗ്ഗസമരം അനിവാര്യമായും തൊഴിലാളി വർഗ്ഗത്തിന്റെ സർവ്വാധിപത്യത്തിലെത്തിച്ചേരുന്നു.
> 3. ഈ സർവ്വാധിപത്യമാകട്ടെ, എല്ലാ വർഗ്ഗങ്ങളേയുമവസാനിപ്പിച്ച് ഒരു വർഗ്ഗരഹിത സമുദായം സ്ഥാപിക്കുന്നതിനുള്ള ഒരു കാലഘട്ടം മാത്രമാണ്”.
>
> (മാർക്സ്: വെഡെമെയർക്കുള്ള കത്ത്)

## വസ്തുനിഷ്ഠമായ യാഥാർത്ഥ്യം

നിലവിലുള്ള സാമൂഹ്യ യാഥാർത്ഥ്യങ്ങളെ പരിശോധിച്ചുകൊണ്ട് മുതലാളിത്തസമുദായം ഉത്ഭവിക്കുകയും വളരുകയും ഒടുവിൽ നാശത്തിലേക്ക് നീങ്ങുകയും ചെയ്യുന്നതെങ്ങിനെയെന്ന് മാർക്സ് തന്റെ ക്യാപിറ്റൽ എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളെ ആശ്രയിച്ചല്ല, വസ്തുനിഷ്ഠമായ ധനശാസ്ത്ര നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് അദ്ദേഹം തന്റെ സിദ്ധാന്തങ്ങളുന്നയിച്ചത്. ധനശാസ്ത്രം സദാചാരശാസ്ത്രമല്ല. അതുകൊണ്ട് മുതലാളിത്തം നല്ലതോ ചീത്തയോ, ഉചിതമോ അനുചിതമോ എന്ന ധാർമ്മികപ്രശ്നമല്ല മാർക്സിന്റെ പരിശോധനയ്ക്ക് വിധേയമായത്.

“തത്വശാസ്ത്രത്തിന്റെ ദാരിദ്ര്യം” എന്ന പുസ്തകത്തിൽ എംഗെൽസ് എഴുതുന്നു:

> “ബൂർഷ്വാധനശാസ്ത്ര നിയമങ്ങളനുസരിച്ച് ഉല്പന്നങ്ങളിൽ ഭൂരിഭാഗവും അവയുണ്ടാക്കുന്ന തൊഴിലാളികൾക്കു ലഭിക്കുന്നില്ല. ഇത് ‘അനീതിയാണ്, ഇതിങ്ങിനെയാവാൻ പാടില്ല’ എന്ന് നമ്മൾ പറയുകയാണെങ്കിൽ അതിന് ധനശാസ്ത്രവുമായി യാതൊരു ബന്ധവുമില്ല. ഈ സാമ്പത്തിക യാഥാർത്ഥ്യം നമ്മുടെ സദാചാരബോധത്തിനെതിരാണെന്ന പ്രഖ്യാപനം മാത്രമാവും അത്. അതുകൊണ്ട് മാർക്സ് തന്റെ കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾക്ക് ഇതിനെയല്ല, മറിച്ച് മുതലാളിത്ത വ്യവസ്ഥയെ അനിവാര്യമായും തട്ടിമറിയ്ക്കാൻ വേണ്ടി നമ്മുടെ കൺമുമ്പിൽ ദിവസേന വളർന്നുവരുന്ന ശക്തികളെയാണ് അടിസ്ഥാനമാക്കുന്നത്”.

സമുദായത്തിന്റെ ചരിത്രപരമായ ഗതിക്രമത്തെ വസ്തുനിഷ്ഠമായി വിശകലനം ചെയ്തുകൊണ്ട് മുതലാളിത്തവ്യവസ്ഥ നാശത്തിലേക്ക് നീങ്ങുന്നതെങ്ങിനെയെന്ന് ചൂണ്ടിക്കാട്ടുകയും മുതലാളിത്തത്തെ നശിപ്പിക്കാനുള്ള ശക്തികൾ മുതലാളിത്ത വ്യവസ്ഥയ്ക്കുള്ളിൽത്തന്നെ വളർന്നു വന്നതെങ്ങിനെയാണ് വെളിപ്പെടുത്തുകയുമാണ് അദ്ദേഹം ചെയ്തത്.

അപ്പോൾ വർഗ്ഗങ്ങളും വർഗ്ഗസമരങ്ങളുമുണ്ടാകുന്നതിനെ കമ്മ്യൂണിസ്റ്റുകാർ ആഗ്രഹിക്കുന്നതുകൊണ്ടല്ല. ആളുകളുടെ ഇഷ്ടാനിഷ്ടങ്ങളിലല്ല, സാമൂഹ്യപരിതഃസ്ഥിതികളിലാണ്, വർഗ്ഗസമരങ്ങളുടെ അടിസ്ഥാനമാരായേണ്ടത്. വർഗ്ഗങ്ങളും വർഗ്ഗസമരങ്ങളും മനുഷ്യന്റെ ഇച്ഛാശക്തിക്കതീതമായി നിലകൊള്ളുന്ന വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളാണ്. മാർക്സിന് അവയെ സൃഷ്ടിക്കാനോ വത്തിക്കാന് അവയെ നശിപ്പിക്കാനോ കഴിയില്ല—ഇതാണ് മാർക്സിസത്തിന്റെ നിലപാട്.

വർഗ്ഗകലഹത്തെ തടുക്കുന്നതിനും ഉന്മൂലനം ചെയ്യുന്നതിനും ക്രൈസ്തവ സഭയ്ക്കുള്ള ശക്തി വിസ്മയനീയവും വിവിധവുമാണെന്ന് വത്തിക്കാൻ പറയുന്നു. എന്നിട്ടും വർഗ്ഗസമരങ്ങൾ നിലനിൽക്കുന്നതെന്തുകൊണ്ടാണ്? വത്തിക്കാൻ മുതൽ ജയപ്രകാശ് വരെയുള്ള നേതാക്കന്മാർ ദിവസേനയെന്നോണം ഉപദേശങ്ങളും ആഹ്വാനങ്ങളും പാസ്സാക്കിയിട്ടും തൊഴിലാളികൾ പണിമുടക്കുന്നതെന്തുകൊണ്ടാണ്? കൃഷിക്കാർ നിലത്തിന്നുവേണ്ടി പ്രക്ഷോഭം കൂട്ടുന്നതെന്തുകൊണ്ടാണ്?

മാർക്സിസം മറുപടി പറയുന്നു: വർഗ്ഗസമരങ്ങളുണ്ടാകുന്നത് വർഗ്ഗങ്ങളുള്ളതുകൊണ്ടാണ്. വർഗ്ഗങ്ങളുള്ളേടത്തോളം കാലം വർഗ്ഗസമരങ്ങളുമുണ്ടാകും.

## വർഗ്ഗസമരത്തിന്റെ അടിസ്ഥാനകാരണം

വർഗ്ഗങ്ങളെന്നുവെച്ചാലെന്താണ്? ലെനിൻ പറയുന്നു:

> "ചരിത്രപരമായി നിർണയിക്കപ്പെടുന്ന സാമൂഹ്യോല്പാദന വ്യവസ്ഥയിലുള്ള സ്ഥാനമനുസരിച്ച് പരസ്പരം വ്യത്യസ്തങ്ങളായിത്തീർന്നിട്ടുള്ള വലിയ ജനവിഭാഗങ്ങളെയാണ് വർഗ്ഗങ്ങൾ എന്നുപറയുന്നത്. ഉല്പാദനോപകരണങ്ങളുമായുള്ള (പലപ്പോഴും നിശ്ചിതങ്ങളും നിയമങ്ങളാൽ രൂപവൽക്കരിക്കപ്പെടുന്നവയുമായ) അവരുടെ ബന്ധങ്ങൾ, സാമൂഹ്യസംഘടനയിൽ അവർ വഹിക്കുന്നപങ്ക്, അവർക്കു ലഭിക്കുന്ന സാമൂഹ്യസ്വത്തിന്റെ ഓഹരിയുടെ തോതും അതു നേടുന്ന രീതികളും, ഇതൊക്കെയാണ് അവരെ തമ്മിൽ വേർതിരിക്കുന്നത്. വർഗ്ഗങ്ങളെന്നത് ജനങ്ങളുടെ ഗ്രൂപ്പുകളാണ്. നിർദ്ദിഷ്ടമായ സാമൂഹ്യസാമ്പത്തികവ്യവസ്ഥയിലുള്ള വ്യത്യസ്തസ്ഥാനങ്ങൾ കാരണം ഒരു ഗ്രൂപ്പ് മറ്റൊരു ഗ്രൂപ്പിന്റെ അദ്ധ്വാനത്തെ തട്ടിയെടുക്കുന്നു'.

ചൂഷണം ചെയ്യപ്പെടുന്ന വർഗ്ഗം സ്വന്തം അദ്ധ്വാനശക്തിയുപയോഗിച്ച് സ്വത്തുക്കൾ നിർമ്മിക്കുന്നു. അവയുടെ സിംഹഭാഗവും ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരായ ചൂഷകരുടെ വർഗ്ഗം തട്ടിയെടുക്കുന്നു. ഈ വൈരുദ്ധ്യമാണ് വർഗ്ഗങ്ങൾ തമ്മിലുള്ള അനിവാര്യമായ സമരത്തിനടിസ്ഥാനം.

അങ്ങനെ ഉല്പാദനരീതിയിൽ നിന്നാണ് വർഗ്ഗങ്ങളും വർഗ്ഗസമരങ്ങളുമുണ്ടാകുന്നത്. ഉല്പാദനവ്യവസ്ഥ ഒരു പ്രത്യേകവർഗ്ഗത്തിന്റെ കീഴിലായിരിക്കുന്നിടത്തോളം, ഉല്പാദനശക്തികൾ ഏതെങ്കിലുമൊരു വർഗ്ഗത്തിന്റെ ലാഭത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്നേടത്തോളം, വർഗ്ഗസമരവും അനിവാര്യമായിരിക്കും. നേരെമറിച്ച് വർഗ്ഗങ്ങളില്ലാതാവുമ്പോൾ വർഗ്ഗസമരവും അന്തർദ്ധാനം ചെയ്യും.

## വർഗ്ഗവ്യത്യാസങ്ങൾ ശാശ്വതമല്ല

വർഗ്ഗവ്യത്യാസങ്ങൾ എന്നെന്നും നിലനിൽക്കണമെന്ന് ആഗ്രഹിക്കുകയും അതേസമയത്ത് വർഗ്ഗസമരങ്ങൾ പാടില്ലെന്ന് കല്പിക്കുകയും ചെയ്യുന്ന ചില ആളുകളുണ്ട്. ഉദാഹരണത്തിന് വത്തിക്കാന്റെ അഭിപ്രായത്തിൽ സ്വകാര്യസ്വത്തുടമാവകാശം ശാശ്വതവും സ്വാഭാവികവും പ്രകൃതിസഹജവും ദൈവീകവുമാണ്. പോപ്പ് ലിയോ മൂന്നാമന്റെ അഭിപ്രായത്തിൽ "ദൈവത്തിന്റെ സനാതനമായ നിയമത്തിന്റേയും ശക്തിയുടെയും കീഴിൽ" നടക്കുന്ന മനുഷ്യന് "നിലത്തിലെ ഫലങ്ങൾ മാത്രമല്ല, നിലംതന്നെയും" ഉടമപ്പെടുത്തിവെയ്ക്കാവുന്നതാണ്. (നേരും നൊവാരും, പേജ് 8)

ഇന്നത്തെ അസമത്വങ്ങളും ധനികദരിദ്രഭേദങ്ങളും എന്നെന്നും നിലനിൽക്കുമെന്നും നിലനിൽക്കണമെന്നും വാദിച്ചുകൊണ്ട് അദ്ദേഹം പറയുകയാണ്:

> "മനുഷ്യപ്രകൃതിക്ക് അത്യന്തം അനുരൂപവും മർത്ത്യവംശത്തിന്റെ സമാധാനത്തിനും സ്വൈരത്തിനും ഏറ്റവും ഉപകൃതവുമാണെന്നുള്ള നിലയിൽ സ്വകാര്യസ്വത്തുടമയുടെ പ്രമാണത്തിന് എല്ലാ യുഗങ്ങളിലേയും നടപടികൊണ്ട് സമ്പൂജ്യത സിദ്ധിക്കുകയും ചെയ്തിരിക്കുന്നു".

ചരിത്രസത്യങ്ങൾക്കെതിരായ ഒരു പ്രസ്താവനയാണിത്. എന്തെന്നാൽ സ്വകാര്യസ്വത്തുടമയും വർഗ്ഗങ്ങളുമില്ലാത്ത ഒരു കാലമുണ്ടായിരുന്നു എന്നാണ് ചരിത്രം പറയുന്നത്. പ്രാകൃതകമ്യൂണിസം എന്ന പേരിലറിയപ്പെടുന്ന പ്രാചീന സാമൂഹ്യവ്യവസ്ഥയിൽ സ്വകാര്യ സ്വത്തുടമയോ വർഗ്ഗങ്ങളോ ഉണ്ടായിരുന്നില്ല. നിലത്തിന്മേൽ സമൂഹത്തിലെ എല്ലാ ജനങ്ങൾക്കും തുല്യമായ അധികാരമാണുണ്ടായത്. എല്ലാ സ്വത്തുക്കളും പൊതുസ്വത്തുക്കളായിരുന്നു. ധനിക ദരിദ്ര ഭേദമുണ്ടായിരുന്നില്ല. മനുഷ്യനും മനുഷ്യനും സമന്മാരായിരുന്നു. അക്കാലത്ത് പൊതുവുടമാവകാശം മർത്ത്യവംശത്തിന്റെ സമാധാനത്തിനും സ്വൈരത്തിനും ഏറ്റവും ഉപയുക്തമായിരുന്നുവെന്ന് ചരിത്രം തെളിയിക്കുന്നു. പക്ഷേ, ഉല്പാദനശക്തികൾ വളർന്നപ്പോൾ ഈ സ്ഥി

തിക്ക് മാറ്റം നേരിട്ടു. സ്വകാര്യസ്വത്ത് തലപൊന്തിച്ചു. ഗണവും ഗണവും തമ്മിലും ഗോത്രവും ഗോത്രവും തമ്മിലും യുദ്ധങ്ങളുണ്ടായി. യുദ്ധത്തിൽ തോൽപ്പിക്കപ്പെട്ടവർ വിജയികളുടെ അടിമകളായി പണി ചെയ്യിക്കപ്പെട്ടു. സമുദായത്തിലാദ്യമായി അടിമകൾ ഉടമകൾ എന്നിങ്ങനെ രണ്ടു വ്യത്യസ്തവർഗ്ഗങ്ങൾ ആവിർഭവിച്ചു.

അടിമയ്ക്ക് തന്റെ സ്വന്തം ജീവിതത്തെ നിലനിർത്താനാവശ്യമായതിലും കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിയണം. എന്നാലേ മിച്ചമുള്ളത് ഉടമയ്ക്ക് ചൂഷണം ചെയ്യാൻ കഴിയൂ. അങ്ങനെ സ്വന്തം ജീവസന്ധാരണത്തിനാവശ്യമായതിനേക്കാൾ കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിയത്തക്കവണ്ണം ഉല്പാദനശക്തികൾ വളർന്നുകഴിയുമ്പോൾ മാത്രമേ ഒരു വിഭാഗം ജനങ്ങൾ മറ്റൊരു വിഭാഗത്തെ അടിച്ചമർത്തിവെയ്ക്കാൻ ശ്രമിക്കൂ. ആ അതിർത്തിവരെ ഉല്പാദനശക്തികൾ വളർന്നിട്ടില്ലെങ്കിൽ, അടിമകൾ അദ്ധ്വാനിച്ചുണ്ടാക്കുന്നത് അവരുടെ ഉപയോഗത്തിനു മാത്രമേ തികയൂ എങ്കിൽ, ഉടമയ്ക്കെന്തു മിച്ചമാണുണ്ടാവുക? അതുകൊണ്ടാണ് പ്രാകൃതകാലത്ത് വർഗ്ഗങ്ങളില്ലാതിരുന്നത്. അതുകൊണ്ടുതന്നെയാണ് ഉല്പാദനശക്തികൾ വളർന്നുവന്നപ്പോൾ വർഗ്ഗങ്ങളാവിർഭവിച്ചതും.

അടിമത്തവ്യവസ്ഥയാണ് ചരിത്രത്തിലെ ഒന്നാമത്തെ വർഗ്ഗസമുദായം. ഉല്പാദനശക്തികളുടെ വളർച്ചയുടെ ഫലമായി അടിമകളും ഉടമകളും തമ്മിലുള്ള സമരം ഫ്യൂഡൽവ്യവസ്ഥയ്ക്ക് വഴിമാറിക്കൊടുത്തു. നാടുവാഴിയും അടിയാളനും തമ്മിലുള്ള വർഗ്ഗസമരമാണ് ഫ്യൂഡലിസം. അനേകം കർഷകലഹളകളുണ്ടായി. ഫ്യൂഡൽവ്യവസ്ഥയ്ക്കുള്ളിലാണ് മുതലാളിത്തം വളരാൻ തുടങ്ങിയത്. മുതലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗവും തമ്മിൽ നടന്ന സമരങ്ങളും ഫ്യൂഡൽവാഴ്ചയ്ക്കെതിരായ വിപ്ലവങ്ങളുമാണ് മുതലാളിത്തവ്യവസ്ഥയുടെ വിജയത്തിന് വഴിതെളിയിച്ചത്.

## വിരുദ്ധതാൽപ്പര്യങ്ങളുടെ അനിവാര്യഫലം

മുതലാളിവർഗ്ഗത്തോടൊപ്പം തൊഴിലാളിവർഗ്ഗവും ആവിർഭവിച്ചു. വിരുദ്ധതാല്പര്യങ്ങളോടുകൂടിയ ഈ രണ്ടു വർഗ്ഗങ്ങളും തമ്മിലുള്ള സമരം ചരിത്രത്തിലുടനീളം സ്ഥലം പിടിച്ചിട്ടുണ്ടെന്നു കാണാം.

ഉല്പാദന വ്യവസ്ഥയിൽ വ്യത്യസ്ത വർഗ്ഗങ്ങൾക്ക് വ്യത്യസ്ത പങ്കാണുള്ളത്. ഒരു വർഗ്ഗം ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാർ അവരെ ആശ്രയിക്കാതെ മറ്റെ വർഗ്ഗത്തിന് ഉല്പാദനപ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ വയ്യ. ഉല്പാദനോപകരണങ്ങളിന്മേലുള്ള സ്വകാര്യ ഉടമാവകാശമാണ് വർഗ്ഗസങ്കീർണമായ എല്ലാ സാമൂഹ്യവ്യവസ്ഥകളുടെയും പൊതുസ്വഭാവം. ഈ പൊതുസ്വഭാവമാണ് വർഗ്ഗചൂഷണത്തിന്റെ അടിസ്ഥാനം. സമുദായത്തിലെ ഒരു വിഭാഗം ചൂഷണം ചെയ്യുന്നവർ, മറ്റേ വിഭാഗം ചൂഷണം ചെയ്യപ്പെടുന്നവർ.

ചൂഷണം ചെയ്യുന്നവരുടെയും ചൂഷണം ചെയ്യപ്പെടുന്നവരുടെയും താല്പര്യങ്ങൾ വ്യത്യസ്തങ്ങളാണ്.

വിവിധ സാമൂഹ്യവ്യവസ്ഥകളിൽ വ്യത്യസ്ത രൂപങ്ങളിലുള്ള സ്വകാര്യ സ്വത്തുടമാവകാശമാണുള്ളത്. അതുകൊണ്ട് വർഗ്ഗചൂഷണത്തിന്റെ രീതികളും വ്യത്യസ്തങ്ങളാണ്. അടിമത്തവ്യവസ്ഥയിൽ അടിമകളും, ഫ്യൂഡൽ വ്യവസ്ഥയിൽ അടിയാളരും, മുതലാളിത്ത വ്യവസ്ഥയിൽ തൊഴിലാളികളുമാണ് ചൂഷണം ചെയ്യപ്പെടുന്നത്.

അടിമകളെ കഴിയുന്നിടത്തോളം ചൂഷണം ചെയ്തു സ്വത്തുണ്ടാക്കണമെന്നാണ് ഉടമകളാഗ്രഹിക്കുന്നത്. ചൂഷണത്തിൽ നിന്ന് കഴിയുന്നതും മോചനം നേടണമെ

ന്ന് അടിമകളും ആഗ്രഹിക്കുന്നു. ഈ വ്യത്യസ്ത താല്പര്യങ്ങളിൽ നിന്നാണ് വർഗ്ഗസമരമുണ്ടാകുന്നത്.

നാടുവാഴിയും അടിയാളനും തമ്മിലുള്ള സമരമാണ് ഫ്യൂഡലിസത്തിന്റെ സവിശേഷത. കാരണം, അടിയാളനെ ചൂഷണം ചെയ്യുന്ന പ്രഭുവിന്റേയും മർദ്ദനത്തിൽ നിന്ന് രക്ഷനേടാനാഗ്രഹിക്കുന്ന അടിയാളന്റെയും താല്പര്യങ്ങൾ വ്യത്യസ്തങ്ങളാണ്.

മുതലാളിത്തത്തിൽ മുതലാളിയും തൊഴിലാളിയും വ്യത്യസ്ത വർഗ്ഗങ്ങളാണ്. മുതലാളി ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥൻ; തൊഴിലാളി മുതലാളിയുടെ ഉല്പാദനോപകരണങ്ങളുപയോഗിച്ച് അദ്ധ്വാനിക്കുന്ന കൂലിവേലക്കാരൻ. രണ്ടു വർഗ്ഗങ്ങളുടെയും താല്പര്യം പരസ്പര വിരുദ്ധമായതിനാലാണ് വർഗ്ഗസമരം അനിവാര്യമായിത്തീരുന്നത്.

മുതലാളിക്കു മുതലാളിയായി നിൽക്കണമെങ്കിൽ തൊഴിലാളി ഉല്പാദിപ്പിക്കുന്ന മിച്ചമൂല്യം ചൂഷണം ചെയ്തേ മതിയാവൂ. അതുപോലെ തൊഴിലാളിക്ക് തൊഴിലാളിയെങ്കിലുമായി തുടരണമെങ്കിൽ, മുതലാളിക്കെതിരായി പോരാടിയേ കഴിയൂ. ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരായ മുതലാളികളും ചൂഷണം ചെയ്യപ്പെടുന്ന തൊഴിലാളികളും തമ്മിലുള്ള സമരങ്ങൾ മുതലാളിത്തത്തിന്റെ ചരിത്രത്തിലുടനീളം കാണാം. വർഗ്ഗാധിഷ്ഠിതമായ ഉല്പാദനബന്ധങ്ങളെ മാറ്റിമറിച്ച് വർഗ്ഗരഹിതമായ ഒരു സമുദായം സ്ഥാപിച്ചാലല്ലാതെ വർഗ്ഗസമരം സാമൂഹ്യജീവിതത്തിൽ നിന്ന് അപ്രത്യക്ഷമാവുകയില്ല.

മുതലാളിത്തത്തിൻകീഴിൽ ഉല്പാദനശക്തികൾ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം വളർന്നുകഴിഞ്ഞിരിക്കുന്നു. പക്ഷേ, വളർന്നുകഴിഞ്ഞ ഈ ഉൽപാദനശക്തികളും ലാഭത്തെ അടിസ്ഥാനമാക്കിയിട്ടുള്ള ഉല്പാദനബന്ധങ്ങളും തമ്മിൽ പൊരുത്തമില്ല. ഭൂരിപക്ഷക്കാരായ ജനങ്ങളാണ് ഉല്പാദനം നടത്തുന്നത്. പക്ഷേ, ഉല്പാദനോപകരണങ്ങളും ഉല്പന്നങ്ങളും ഒരുപിടി മുതലാളികളുടെ സ്വകാര്യസ്വത്താണ്. ഉല്പാദനശക്തികളും ഉൽപാദനബന്ധങ്ങളും തമ്മിലുള്ള ഈ വൈരുദ്ധ്യമാണ് മുതലാളികളും തൊഴിലാളികളും തമ്മിലുള്ള വർഗ്ഗസമരത്തിന്റെ അടിസ്ഥാനം. ഈ വൈരുദ്ധ്യം മൂർച്ഛിക്കുന്നതിന്റെ ഫലമായിട്ടാണ് തൊഴിലാളിവിപ്ലവം പൊട്ടിപ്പുറപ്പെടുന്നത്.

## ചരിത്രപരമായ ഒരാവശ്യം

വർഗ്ഗങ്ങളുടെ ആവിർഭാവവും വർഗ്ഗസമരങ്ങളും സാമൂഹ്യവളർച്ചയ്ക്കാവശ്യമായിരുന്നു. ഉല്പാദനവ്യവസ്ഥയിൽ പ്രവൃത്തിവിഭജനവും സ്വകാര്യസ്വത്തുടമയും വർഗ്ഗങ്ങളുമുണ്ടായതിന്റെ ഫലമായിട്ടാണ് ഉല്പാദനശക്തികൾ വളരുകയും മനുഷ്യൻ പുരോഗമിക്കുകയും ചെയ്തത്. ഭൂരിപക്ഷക്കാരായ മർദ്ദിതരുടെ അദ്ധ്വാനഫലം ചൂഷണം ചെയ്തിരുന്നില്ലെങ്കിൽ ന്യൂനപക്ഷക്കാരായ ഉടമകൾക്ക് കച്ചവടം, സയൻസ്, തത്വശാസ്ത്രം, കല, സാഹിത്യം എന്നിവയിലേർപ്പെടാൻ സാധിക്കുമായിരുന്നില്ല. എംഗെൽസ് ചൂണ്ടിക്കാണിച്ചതുപോലെ, 'അടിമത്തവ്യവസ്ഥയുടെ പരിതഃസ്ഥിതികളെ നിദാനമാക്കിക്കൊണ്ടാണ് നമ്മുടെ രാഷ്ട്രീയവും ബുദ്ധിപരവുമായ സകല വളർച്ചയുമുണ്ടായിട്ടുള്ളത്...ഈ അർത്ഥത്തിൽ നമുക്ക് പറയാം, 'പ്രാചീനകാലത്തെ അടിമത്തവ്യവസ്ഥയുണ്ടായിരുന്നില്ലെങ്കിൽ ആധുനിക സോഷ്യലിസവുമില്ല'.

സമരത്തിലൂടെയാണ് സമുദായം വികസിക്കുന്നത്; മനുഷ്യൻ അഭിവൃദ്ധിപ്പെടുന്നത്. ഒരു സ്വത്തുടമ വ്യവസ്ഥയുടെ സ്ഥാനത്ത് മറ്റൊരു സ്വത്തുടമ വ്യവസ്ഥയാവിർഭവിക്കുന്നത് പുതിയ വർഗ്ഗങ്ങളുടെ ആവിർഭാവത്തോടുകൂടിയാണ്. ഉല്പാദന

വ്യവസ്ഥയിൽ മേധാവിത്വം നേടാൻവേണ്ടി സമരം ചെയ്യുന്ന പുതിയ വർഗ്ഗങ്ങൾ നിലവിലുള്ള ഭരണാധികാരി വർഗ്ഗത്തെ തട്ടിനീക്കി തങ്ങളുടെ സ്വന്തം മേധാവിത്വം സ്ഥാപിക്കുകയും പുതിയ ഉല്പാദന ബന്ധങ്ങൾ ഉറപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെയാണ് അടിമത്തവ്യവസ്ഥയുടെ സ്ഥാനത്ത് ഫ്യൂഡൽ വ്യവസ്ഥയാവിർഭവിച്ചത്. ഇങ്ങനെതന്നെയാണ് ഫ്യൂഡൽ വ്യവസ്ഥയെ തട്ടിത്തകർത്തത്. മുതലാളിത്തവ്യവസ്ഥയുയർന്നുവന്നത്.

ആദ്യകാലത്ത് മുതലാളികളിൽ നിന്നു കൂടുതൽ കൂലി കിട്ടാനോ പ്രവൃത്തിസമയം ചുരുക്കാനോ മറ്റു ജീവിതാവശ്യങ്ങൾ നേടാനോ വേണ്ടി മാത്രമാണ് തൊഴിലാളികൾ സമരം നടത്തുന്നത്. എന്നാൽ അവരുടെ ശക്തി വർദ്ധിക്കുംതോറും സമരത്തിന്റെ രൂപം മാറുന്നു. ഉൽപാദനശക്തികൾ ഇത്രയധികം വർദ്ധിച്ചിട്ടും തൊഴിലില്ലായ്മയും പട്ടിണിയും നിലനിൽക്കുന്നതെന്തുകൊണ്ടാണെന്ന് അവർ സ്വയം ചോദിക്കാൻ തുടങ്ങുന്നു. ഉൽപാദനോപകരണങ്ങളെ മുതലാളികളുടെ കയ്യിൽനിന്നു പിടിച്ചെടുത്ത് പൊതുസ്വത്താക്കിയാൽ മാത്രമേ തങ്ങൾക്ക് രക്ഷയുള്ളുവെന്ന് അവർ മനസ്സിലാക്കുന്നു. മുതലാളിത്തത്തിന്റെ ഉല്പാദന ബന്ധങ്ങളെ തകർത്ത് സോഷ്യലിസം സ്ഥാപിക്കാൻ അവർ തയ്യാറാവുന്നു. ഇങ്ങനെയാണ് മുതലാളിത്ത വ്യവസ്ഥയെ തട്ടിത്തകർത്തുകൊണ്ട് സോഷ്യലിസ്റ്റ് വ്യവസ്ഥയുയർന്നുവന്നത്.

പ്രാചീനകാലത്ത് ഉടമകളും അടിമകളും തമ്മിൽ പിന്നീട് നാട്ടുവാഴികളും അടിയാളരും തമ്മിൽ, അതിനുശേഷം മുതലാളിയും തൊഴിലാളിയും തമ്മിൽ ഇങ്ങനെ വർഗ്ഗസമരം ഇടവിടാതെ തുടർന്നുപോയിട്ടുണ്ട്. മഹാത്മാക്കളുടെ ഉപദേശങ്ങൾക്കോ വത്തിക്കാന്മാരുടെ കല്പനകൾക്കോ വർഗ്ഗസമരത്തെ തടയാൻ കഴിഞ്ഞിട്ടില്ല. പ്രാകൃത കമ്യൂണിസമൊഴിച്ച് നാളിതുവരെ നിലനിന്നിട്ടുള്ള എല്ലാ സമുദായങ്ങളുടെയും ചരിത്രം വർഗ്ഗസമരത്തിന്റെ ചരിത്രമാണ്. കമ്യൂണിസ്റ്റ് മാനിഫെസ്റ്റോവിൽ മാർക്സും എംഗെൽസും ചൂണ്ടിക്കാണിക്കുന്നു:

> “സ്വതന്ത്രനും അടിമയും, കുലീനനും ഹീനനും, ജന്മിയും അടിയാനും, തൊഴിൽ മേസ്തിരിയും വേലക്കാരും—ചുരുക്കിപ്പറഞ്ഞാൽ മർദ്ദകനും മർദ്ദിതനും—തീരാവൈരികളായി നിന്ന് ചിലപ്പോൾ ഒളിഞ്ഞും ചിലപ്പോൾ തെളിഞ്ഞും ഇടതടവില്ലാതെ പോരാട്ടം നടത്തിയിട്ടുണ്ട്. സമുദായത്തിന്റെയാകെയുള്ള വിപ്ലവപരമായ പുനഃസംഘടനയിലോ മത്സരിക്കുന്ന വർഗ്ഗങ്ങളുടെ പൊതുനാശത്തിലോ ആണ് ഈ പോരാട്ടം ഓരോ അവസരത്തിലും ചെന്നെത്തിയിട്ടുള്ളത്”.

## തൊഴിലാളി സമരത്തിന്റെ പ്രത്യേകത

എന്നാൽ, തൊഴിലാളി വർഗ്ഗത്തിന്റെ സമരത്തിന് ഒരു പ്രത്യേകതയുണ്ട്. മുമ്പുണ്ടായിരുന്ന വർഗ്ഗസമരങ്ങളെല്ലാം തന്നെ ഒരു ചൂഷണരീതിയുടെ സ്ഥാനത്ത് മറ്റൊരു ചൂഷണരീതി നടപ്പിൽ വരുത്താനേ സഹായിച്ചുള്ളൂ. തൊഴിലാളി വർഗ്ഗത്തിന്റെ സമരമാകട്ടെ മുതലാളിത്തത്തെ തട്ടിത്തകർത്ത് സോഷ്യലിസം സ്ഥാപിക്കുകയും അങ്ങനെ മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുകയെന്ന സമ്പ്രദായംതന്നെ എന്നെന്നേക്കുമായി അവസാനിപ്പിക്കുകയും ചെയ്യുന്നു.

ഉൽപാദനോപകരണങ്ങൾ പൊതുസ്വത്താവുകയും കൂലിവേലയേയും ലാഭത്തേയും അടിസ്ഥാനപ്പെടുത്തിയ ഉല്പാദനസമ്പ്രദായത്തിന്റെ സ്ഥാനത്ത് ജനങ്ങളുടെ ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയ പുതിയ ഉൽപാദന സമ്പ്രദായം സ്ഥാപിതമാവുകയും ചെയ്താൽ മാത്രമേ ഉല്പാദനശക്തികളെ ഇനിയും അഭിവൃദ്ധിപ്പെട്ട

ത്താൻ കഴിയൂ. അതുകൊണ്ട് മുതലാളിത്തത്തിനെതിരായി പൊരുതുന്ന തൊഴിലാളികളുടെ വിജയം മനുഷ്യസമുദായത്തിന്റെ മുഴുവൻ വിജയമായിരിക്കും.

സ്റ്റാലിൻ എഴുതുന്നു: 'മുമ്പുണ്ടായിട്ടുള്ള വിപ്ലവങ്ങൾ സാധാരണമായി ഭരണകൂടമെന്ന കപ്പലിന്റെ അമരത്തിൽനിന്ന് ഒരുകൂട്ടം ചൂഷകന്മാരെ മാറ്റി മറ്റൊരുകൂട്ടം ചൂഷകന്മാരെ പ്രതിഷ്ഠിക്കുകയാണ് ചെയ്തിട്ടുള്ളത്. ചൂഷകന്മാർ മാറും. പക്ഷേ, ചൂഷണം നിലനിൽക്കും. അടിമകളുടെ മോചനപ്രസ്ഥാനങ്ങളിൽ അതാണുണ്ടായത്. അടിയാളരുടെ ലഹളകൾ നടന്ന കാലത്ത് അതാണുണ്ടായത്. ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളിലെ 'മഹത്തായ' സുപ്രസിദ്ധ വിപ്ലവങ്ങളുടെ കാലത്ത് അതാണുണ്ടായത്. ഈ വിപ്ലവങ്ങളിൽ നിന്നെല്ലാം താത്വികമായി വ്യത്യാസപ്പെട്ടതാണ് ഒക്ടോബർ വിപ്ലവം. അതിന്റെ ലക്ഷ്യം ഒരുതരത്തിലുള്ള ചൂഷണം മാറ്റി മറ്റൊരുതരത്തിലുള്ള ചൂഷണം സ്ഥാപിക്കുകയല്ല, ഒരു വിഭാഗം ചൂഷകരുടെ സ്ഥാനത്ത് മറ്റൊരു വിഭാഗം ചൂഷകരെ പ്രതിഷ്ഠിക്കുകയല്ല; നേരെമറിച്ച്, മനുഷ്യൻ മനുഷ്യന്റെ മേൽ നടത്തുന്ന എല്ലാ ചൂഷണങ്ങളും അവസാനിപ്പിക്കുകയാണ്'.

തൊഴിലാളി വർഗ്ഗം തങ്ങളുടെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി മാത്രമല്ല, മനുഷ്യ സമുദായത്തിന്റെ മുഴുവൻ താല്പര്യങ്ങൾക്കുവേണ്ടിയാണ് പോരാടുന്നത്. ഒരു വർഗ്ഗത്തിന്റെ ഭരണം സ്ഥിരപ്രതിഷ്ഠിതമാക്കാനല്ല, വർഗ്ഗങ്ങളെത്തന്നെ അവസാനിപ്പിക്കുവാനും വർഗ്ഗരഹിതമായ ഒരു സമുദായഘടന കെട്ടിപ്പടുക്കുവാനും വേണ്ടിയാണ് സമരം നടത്തുന്നത്. തൊഴിലാളി വർഗ്ഗത്തിന്റെ വർഗ്ഗസമരം വർഗ്ഗസമരങ്ങളെയും വർഗ്ഗങ്ങളെത്തന്നെയും അവസാനിപ്പിക്കാനുള്ള സമരമാണ്. സമുദായത്തിൽ നിന്ന് ഹിംസയും ചൂഷണവുമവസാനിപ്പിച്ച് ഒരു പുതിയ മനുഷ്യനെ സൃഷ്ടിക്കുവാനും സാമൂഹ്യജീവിതത്തെയാകെ ഒരു പുതിയ പതനത്തിലേക്ക് ഉയർത്താനും വേണ്ടിയാണ് തൊഴിലാളിവർഗ്ഗം ജനങ്ങളെ വിപ്ലവത്തിലേക്ക് നയിക്കുന്നത്.

വർഗ്ഗസമരമെന്ന യാഥാർത്ഥ്യത്തെ അവഗണിച്ചുകൊണ്ടും വർഗ്ഗങ്ങളെ നിലനിർത്താൻ വേണ്ടിയുള്ള വർഗ്ഗസഹകരണസിദ്ധാന്തങ്ങൾ പ്രചരിപ്പിച്ചുകൊണ്ടും ഈ പരിപാടി നിറവേറ്റാനാവില്ല. മർദ്ദകനും മർദ്ദിതനും തമ്മിൽ, ചൂഷകനും ചൂഷിതനും തമ്മിൽ, പരസ്പരം സ്നേഹിച്ചുകൊണ്ടും സഹകരിച്ചുകൊണ്ടും ജീവിക്കണമെന്ന സിദ്ധാന്തം വർഗ്ഗമേധാവിത്വത്തെ നിലനിർത്താൻ മാത്രമുള്ള സിദ്ധാന്തമാണ്.

ചെന്നായ സ്വന്തം ഇഷ്ടത്തോടുകൂടി തന്റെ പല്ലും നഖങ്ങളും ഒരിക്കലുമുപേക്ഷിക്കില്ല. മുതലാളിവർഗ്ഗം സ്വന്തം ഇഷ്ടത്തോടുകൂടി ചരിത്രത്തിൽനിന്ന് അന്തർദ്ധാനം ചെയ്യുകയില്ല. വർഗ്ഗമേധാവിത്വമവസാനിപ്പിച്ച് വർഗ്ഗരഹിതസമുദായം സ്ഥാപിച്ചാലല്ലാതെ വർഗ്ഗങ്ങൾ തമ്മിലുള്ള വെറുപ്പും വിദ്വേഷവുമവസാനിക്കുകയില്ല. മുതലാളിത്തത്തിന്നെതിരായ തൊഴിലാളിവർഗ്ഗത്തിന്റെ സമരങ്ങളിലൂടെയല്ലാതെ, മുതലാളിത്തത്തെ തട്ടിത്തകർക്കാനുള്ള വിപ്ലവത്തിലൂടെയല്ലാതെ, ചൂഷണവും മർദ്ദനവുമില്ലാത്ത വർഗ്ഗരഹിതമായ സമുദായം സ്ഥാപിക്കാനാവില്ല.

അപ്പോൾ, മുതലാളിത്തമവസാനിപ്പിക്കാൻ വേണ്ടിയുള്ള വർഗ്ഗസമരം മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന സമ്പ്രദായമവസാനിപ്പിക്കാൻ വേണ്ടിയുള്ള സമരമാണ്; യാഥാർത്ഥ്യങ്ങളുടെ അടിത്തറയിൽ മനുഷ്യന്റെ സുഖവും സംതൃപ്തിയും കെട്ടിപ്പടുക്കുവാനുള്ള സമരമാണ്.

അടിമത്തവ്യവസ്ഥയിൽ ഉടമകളും അടിമകളും; നാടുവാഴിത്ത വ്യവസ്ഥയിൽ നാടുവാഴികളും അടിയാളരും; മുതലാളിത്തവ്യവസ്ഥയിൽ മുതലാളികളും തൊഴിലാളികളും—ഇവയാണ് ചരിത്രത്തിലുണ്ടായിട്ടുള്ള അടിസ്ഥാനവർഗ്ഗങ്ങൾ. ഓരോ ഉല്പാദനവ്യവസ്ഥയിലും അടിസ്ഥാനപരമായി രണ്ടു വർഗ്ഗങ്ങളേയുള്ളൂ. എങ്കിലും

ഈ അടിസ്ഥാനവർഗ്ഗങ്ങളിൽ തന്നെ പലപ്പോഴും വ്യത്യസ്തങ്ങളായ ഗ്രൂപ്പുകളും വ്യത്യസ്തങ്ങളായ താല്പര്യങ്ങളും കാണപ്പെട്ടുവെന്നുവരും. ഉദാഹരണത്തിന് അടിമത്ത വ്യവസ്ഥയിൽ ഉടമകളും അടിമകളും തമ്മിലുള്ള സമരങ്ങളോടൊപ്പംതന്നെ 'കുലീന'ന്മാരായ ഉടമകളും ജനാധിപത്യവാദികളായ ഉടമകളും തമ്മിലുള്ള സമരങ്ങളും നടമാടിയിരുന്നു. മുതലാളിത്തവ്യവസ്ഥയിൽ മുതലാളികളും തൊഴിലാളികളും തമ്മിലുള്ള സമരങ്ങൾ മാത്രമല്ല നടക്കുന്നത്; മുതലാളിവർഗ്ഗത്തിന്റെ വ്യത്യസ്തവിഭാഗങ്ങൾ തമ്മിലുള്ള സമരങ്ങളും നടക്കുന്നുണ്ട്. ഫ്യൂഡൽ വ്യവസ്ഥയുടെ അവശിഷ്ടങ്ങളായ നാടുവാഴികളും മുതലാളിത്തരാജ്യങ്ങളിൽ നിലനിൽക്കുന്നുണ്ട്. മുതലാളികൾക്ക് നാടുവാഴികൾക്കെതിരായ താല്പര്യങ്ങളുണ്ട്. എങ്കിലും ജനങ്ങളെ ചൂഷണം ചെയ്യുന്ന കാര്യത്തിൽ അവർ നാടുവാഴികളുമായി കൂട്ടുകൂടുന്നു. ഇതിനുപുറമെ കൈവേലക്കാർ, സ്വതന്ത്രകൃഷിക്കാർ തുടങ്ങിയ ഇടത്തരക്കാരുമുണ്ട്. അവരും മുതലാളിത്തവ്യവസ്ഥയിൽ ചൂഷണം ചെയ്യപ്പെടുന്നവരാണ്. അദ്ധ്വാനിക്കുന്ന എല്ലാ ജനവിഭാഗങ്ങളേയും സ്വന്തം കൊടിക്കീഴിലണിനിരത്തിക്കൊണ്ടാണ് തൊഴിലാളിവർഗ്ഗം മുന്നേറുന്നത്.

## വർഗ്ഗസമരത്തിന്റെ രൂപങ്ങൾ

വർഗ്ഗസമരമെന്നത് വെറും സാമ്പത്തികാവശ്യങ്ങൾക്ക് വേണ്ടിയുള്ള സമരമല്ല. രാഷ്ട്രീയവും സാംസ്കാരികവും മതപരവും സാഹിത്യപരവുമായ പല രൂപങ്ങളും കൈക്കൊണ്ടുകൊണ്ട് എല്ലാ സാമൂഹ്യരംഗങ്ങളിലും അതു പ്രവർത്തിക്കുന്നു. എന്നാൽ രാഷ്ട്രീയരംഗമാണ് സർവ്വപ്രധാനം. തൊഴിലാളികളുടെ അധ്വാനശക്തി ഏറ്റവും കുറഞ്ഞ വിലക്ക് വാങ്ങി ഏറ്റവുമധികം ലാഭമുണ്ടാക്കാനാണ് മുതലാളികൾ ശ്രമിക്കുന്നത്. അതിനെതിരായ സമരമാണ് സാമ്പത്തികരംഗത്തിൽ പ്രത്യക്ഷപ്പെടുന്നത്. സാമ്പത്തികാവശ്യങ്ങൾക്ക് വേണ്ടിയുള്ള സമരങ്ങളിലൂടെ തൊഴിലാളിവർഗ്ഗം സംഘടിക്കുകയും ശക്തിപ്പെടുകയും ചെയ്യുന്നു. രാഷ്ട്രീയാധികാരം കിട്ടിയാലല്ലാതെ തങ്ങളുടെ അവകാശങ്ങളേയും താല്പര്യങ്ങളേയും സംരക്ഷിക്കാനാവില്ലെന്ന് സ്വന്തം അനുഭവങ്ങളിലൂടെ അവർ മനസ്സിലാക്കുന്നു. അങ്ങനെ സാമ്പത്തികാവകാശങ്ങൾക്കു വേണ്ടിയുള്ള സമരം രാഷ്ട്രീയാധികാരത്തിനു വേണ്ടിയുള്ള സമരമായി മാറുന്നു. തൊഴിലാളി വർഗ്ഗത്തിന്റെ സമരം തൊഴിലാളി സർവ്വാധിപത്യത്തിനു വേണ്ടിയുള്ള സമരമാണെന്ന് മാർക്സും എംഗെൽസുമാണ് ആദ്യമായി ചൂണ്ടിക്കാണിച്ചത്.

തൊഴിലാളിവർഗ്ഗത്തിന്റെ ആക്രമണങ്ങളിൽ നിന്ന് സ്വന്തം താല്പര്യങ്ങളെ കാത്തുരക്ഷിക്കാനും അധ്വാനിക്കുന്ന ജനവിഭാഗങ്ങളെ കൂടുതൽ ചൂഷണം ചെയ്യാനും വേണ്ടി മുതലാളി വർഗ്ഗം മർദ്ദനങ്ങളെ മാത്രമല്ല അഭയം പ്രാപിക്കുന്നത്; അവർ ആശയപരമായ പ്രചാരവേലകൾ സംഘടിപ്പിക്കുന്നു.

മുതലാളിവർഗ്ഗത്തിന് മുതലാളിവർഗ്ഗത്തിന്റെ ആശയങ്ങളുള്ളതുപോലെ തൊഴിലാളി വർഗ്ഗത്തിന് തൊഴിലാളി വർഗ്ഗത്തിന്റെ ആശയങ്ങളുമുണ്ട്. അതിനാൽ, സാമ്പത്തികരംഗത്തിലെന്നപോലെതന്നെ ആശയമണ്ഡലത്തിലും തൊഴിലാളി വർഗ്ഗവും മുതലാളിവർഗ്ഗവും തമ്മിലുള്ള സംഘട്ടനങ്ങൾ നടക്കുന്നു. സാമ്പത്തിക വ്യവസ്ഥയെ മാറ്റാൻ വേണ്ടിയുള്ള സമരത്തിൽ ആശയങ്ങൾക്ക് അതിപ്രധാനമായ ഒരു പങ്കാണുള്ളത്. വിപ്ലവകരമായ ഒരു സിദ്ധാന്തമില്ലാതെ വിപ്ലവപ്രസ്ഥാനമില്ല എന്നു മാർക്സിസം പഠിപ്പിക്കുന്നു.

## തൊഴിലാളി വർഗ്ഗത്തിന്റെ വിപ്ലവപ്പാർട്ടി

മുതലാളി വർഗ്ഗത്തിനെതിരായ സമരം നടത്താൻ വേണ്ടി തൊഴിലാളികൾ സ്വന്തം സംഘടനകളുണ്ടാക്കുന്നു. തൊഴിലാളി വർഗ്ഗത്തിന്റെ ഏറ്റവും ഉയർന്ന രൂപത്തിലുള്ള സംഘടനയാണ് കമ്യൂണിസ്റ്റ് പാർട്ടി. തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപ്പടയാണത്. കമ്യൂണിസ്റ്റ് പാർട്ടികളുടെ നേതൃത്വത്തിലാണ് വിവിധരാജ്യങ്ങളിലെ തൊഴിലാളികൾ അധ്വാനിക്കുന്ന ജനവിഭാഗങ്ങളെയെല്ലാം അണിനിരത്തിക്കൊണ്ട് മുതലാളിവർഗ്ഗത്തിനെതിരായി സമരം നടത്തുകയും മുതലാളിത്തത്തെ തട്ടിത്തകർത്ത് സോഷ്യലിസം കെട്ടിപ്പടുക്കുകയും ചെയ്യുന്നത്. സാമൂഹ്യവളർച്ചയുടെ വസ്തുനിഷ്ഠമായ നിയമങ്ങൾ മനസ്സിലാക്കിക്കൊണ്ട് തൊഴിലാളിവർഗ്ഗത്തെ നയിക്കാൻ കഴിവുള്ള ഒരു പാർട്ടിയുടെ നേതൃത്വമില്ലെങ്കിൽ വിജയകരമായ വിപ്ലവം നടത്തുക സാധ്യമല്ല എന്നു ചരിത്രം പഠിപ്പിക്കുന്നു. സോവിയറ്റ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ സഖാവ് സ്റ്റാലിൻ ചൂണ്ടിക്കാണിക്കുകയുണ്ടായി:

> “സൗകര്യവാദത്തിന്റെ നിഴൽ തീണ്ടാത്തതും സന്ധിപ്രിയന്മാരോടും പരാജയമനോഭാവക്കാരോടും ഒരിക്കലും വിട്ടുവീഴ്ച്ച നിൽക്കാത്തതും മുതലാളിമാരോടും അവരുടെ ഭരണയന്ത്രത്തോടും വിപ്ലവകരമായ നയമനുഷ്ഠിക്കുന്നതുമായ ഒരു തൊഴിലാളിപ്പാർട്ടിയുണ്ടെങ്കിൽ മാത്രമേ തൊഴിലാളിവിപ്ലവം വിജയകരമാവുകയുള്ളൂ; തൊഴിലാളി സർവ്വാധിപത്യം വിജയകരമാവുകയുള്ളൂ. ഇതാണ് പാർട്ടിയുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്ന ആദ്യത്തെ പാഠം.
>
> ഇത്തരമൊരു പാർട്ടിയോടുകൂടാതെ തൊഴിലാളിവർഗ്ഗത്തെ വെറുതെ വിടുകയാണെങ്കിൽ തൊഴിലാളിവർഗ്ഗത്തിന് വിപ്ലവകരമായ നേതൃത്വം കൊടുക്കാതിരിക്കുക എന്നർത്ഥമാണ്. വിപ്ലവകരമായ നേതൃത്വം അതിനു കൊടുക്കാതിരിക്കുകയാണെങ്കിൽ തൊഴിലാളി വിപ്ലവപ്രസ്ഥാനത്തെ മുഴുവൻ കുളത്തിലിറക്കുകയെന്നർത്ഥമാണ്. ഇതാണ് പാർട്ടിയുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.
>
> മാർക്സിസത്തിലും ലെനിനിസത്തിലും വേരുറച്ച ഒരു പുതിയതരം പാർട്ടിക്ക് മാത്രമേ—സാമൂഹ്യവിപ്ലവത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു പാർട്ടിക്ക് മാത്രമേ—മുതലാളിവർഗ്ഗവുമായി സുനിശ്ചിതസമരങ്ങൾ നടത്തുന്നതിനു തൊഴിലാളിവർഗ്ഗത്തെ ഒരുക്കുകൂട്ടാനും തൊഴിലാളിവിപ്ലവത്തിന്റെ വിജയത്തെ സംഘടിപ്പിച്ചുറപ്പിക്കുവാനും ത്രാണിയുള്ള ഒരു പാർട്ടിക്ക് മാത്രമേ—ഇത്തരമൊരു പാർട്ടിയാവാൻ കഴിയുകയുള്ളുവെന്നാണ് പാർട്ടിയുടെ ചരിത്രം നമുക്ക് പഠിപ്പിച്ചുതരുന്നത്”.

## II

അധികാരത്തിൽനിന്ന് സ്ഥാനഭ്രഷ്ടരായാൽ മുതലാളിവർഗ്ഗം ശാന്തിമന്ത്രം ജപിച്ചുമിണ്ടാതിരിക്കില്ല. പൊയ്പ്പോയ അധികാരം വീണ്ടെടുക്കാൻവേണ്ടി അവർ മരണക്കളി കളിക്കും. പുതിയ ഭരണത്തെ എതിർക്കാനും വീണ്ടും തങ്ങളുടെ അധികാരം സ്ഥാപിക്കാനുംവേണ്ടി എല്ലാത്തരം ഗൂഢാലോചനകളും നടത്തും. അവരുടെ ഗൂഢാലോചനകളേയും എതിർപ്പുകളേയും നേരിടാനുള്ള ഒരുപകരണമാണ് തൊഴിലാളിസർവ്വാധിപത്യം.

## തൊഴിലാളിസർവ്വാധിപത്യം

മുതലാളിത്തത്തെ തട്ടിത്തകർത്ത് സോഷ്യലിസം കെട്ടിപ്പടുക്കണമെങ്കിൽ തൊഴിലാളിസർവ്വാധിപത്യം കൂടിയേ കഴിയൂ എന്ന് മാർക്സ് ഊന്നിപ്പറഞ്ഞു. അത്തരമൊരു സർവ്വാധിപത്യമാണ് 1917ലെ ഒക്ടോബർ വിപ്ലവത്തിന് ശേഷം റഷ്യയിൽ സ്ഥാപിക്കപ്പെട്ടത്. സോവിയറ്റ് ഭരണം എന്ന പേരിലാണ് ആ സർവ്വാധിപത്യം അറിയപ്പെട്ടത്.

ലെനിൻ പറയുന്നു:

> "മുതലാളിത്തത്തിൽ നിന്ന് കമ്യൂണിസത്തിലേക്കുള്ള പരിവർത്തനഘട്ടം ഒരു ചരിത്രദശയെയാകത്തന്നെ പ്രതിനിധീകരിക്കുന്നു. ഈ കാലഘട്ടം അവസാനിക്കുന്നതുവരെ തങ്ങളുടെ പൊയ്പ്പോയ പദവി പുനഃസ്ഥാപിക്കാമെന്ന് ചൂഷകന്മാർക്ക് കൊതിയുണ്ടാവും. ഈ കൊതി ക്രമത്തിൽ അതിനുള്ള പരിശ്രമമായി രൂപാന്തരപ്പെടും. ആദ്യത്തെ കടുത്ത പരാജയത്തിനുശേഷം, തങ്ങളെപ്പോഴെങ്കിലും സ്ഥാനഭ്രഷ്ടരാകേണ്ടിവരുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ലാത്ത ചൂഷകവർഗ്ഗക്കാർ അത് സംഭവിച്ചുവെന്ന് വിശ്വസിക്കുകയില്ല. അതേപ്പറ്റി ചിന്തിക്കാൻപോലും അവർ കൂട്ടാക്കില്ല. ഇതേവരെ യാതൊരു സൊല്ലയുമില്ലാതെ മധുരമധുരമായ സുഖജീവിതം നയിച്ചിരുന്നവരും ഇന്ന് പെട്ടെന്ന് 'സാധാരണക്കാരാ'ൽ നിർദ്ധനതയിലേക്ക് പിടിച്ചുതള്ളപ്പെട്ടവരുമായ തങ്ങളുടെ കുടുംബങ്ങൾക്ക് വേണ്ടി പൊയ്പ്പോയ സ്വർഗ്ഗം വീണ്ടെടുക്കാനായി ഈ തോൽവി പറ്റിയ ചൂഷകന്മാർ പത്തിരട്ടി ഉശിരോടും നൂറിരട്ടി വർദ്ധിച്ച കോപത്തോടുംകൂടി പോരാടും..."

മുതലാളിവർഗ്ഗത്തിന്റെ ഈ ഭ്രാന്തുപിടിച്ച പ്രതി വിപ്ലവശ്രമങ്ങളെ പരാജയപ്പെടുത്തിക്കൊണ്ടു സോഷ്യലിസം കെട്ടിപ്പടുക്കണമെങ്കിൽ തൊഴിലാളിസർവ്വാധിപത്യം അത്യന്താപേക്ഷിതമാണ്.

എന്താണ് തൊഴിലാളിസർവ്വാധിപത്യമെന്നുവെച്ചാൽ? വിപ്ലവത്തിൽ തോല്പിക്കപ്പെട്ടതിനുശേഷം വീണ്ടും അധികാരത്തിലെത്താനാഗ്രഹിക്കുന്ന മുതലാളിത്തശക്തികളെ അടിച്ചമർത്താനുള്ള ഒരു മർദ്ദനോപകരണമാണത്. മുതലാളിത്തത്തിന്റെ എല്ലാ അവശിഷ്ടങ്ങളെയും തുടച്ചുനീക്കിക്കൊണ്ട് ജനങ്ങളെ വർഗ്ഗരഹിതമായ കമ്യൂണിസ്റ്റ് സമുദായത്തിലേക്ക് നയിക്കാൻ സഹായിക്കുന്ന ഭരണകൂടത്തിന്റെ ഒരു സവിശേഷരൂപമാണത്.

സ്റ്റാലിൻ പറയുന്നു:

> "തൊഴിലാളിസർവ്വാധിപത്യം തൊഴിലാളി വിപ്ലവത്തിന്റെ ഉപകരണമാണ്, ആയുധമാണ്; അതിന്റെ ഏറ്റവും പ്രധാനപ്പെട്ട രക്ഷാകവചമാണ്. സ്ഥാനഭ്രഷ്ടരാക്കപ്പെട്ട ചൂഷകരുടെ പ്രതിരോധത്തെ തച്ചുതകർക്കാനും, തൊഴിലാളിവിപ്ലവത്തെ പൂർണ്ണമാക്കത്തക്കവിധം അതിന്റെ നേട്ടങ്ങളെ ഊട്ടിയുറപ്പിക്കാനും, തൊഴിലാളി വിപ്ലവത്തെ സോഷ്യലിസത്തിന്റെ പരിപൂർണ്ണവിജയംവരെ എത്തിക്കാനുംവേണ്ടി സൃഷ്ടിക്കപ്പെട്ട ആയുധമാണത്. തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യമില്ലാതെതന്നെ വിപ്ലവംകൊണ്ടുമാത്രം ബൂർഷ്വാസിയെ തോല്പിക്കാനും അതിനെ അധികാരത്തിൽനിന്ന് പുറന്തള്ളാനും സാധിക്കും. പക്ഷേ, വിപ്ലവം വളർന്നുകൊണ്ടിരിക്കുന്ന ഒരു പ്രത്യേകഘട്ടത്തിൽ, ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു രക്ഷാകവചമെന്ന നിലയ്ക്ക് തൊഴിലാളിസർവ്വാധിപത്യത്തിന്റെ രൂപത്തിലുള്ള സവിശേഷമായ ഒരായുധം സൃഷ്ടിക്കാത്തപക്ഷം ബൂർഷ്വാസിയുടെ പ്രതിരോധത്തെ തകർത്തു തരിപ്പണമാക്കാനോ, സ്വന്തം വിജയത്തെ നിലനിർത്താനോ, സോഷ്യലിസത്തിന്റെ അവസാനവിജയത്തിലേക്ക് മുമ്പോട്ടുപോകുവാനോ അതിന് സാദ്ധ്യമാവില്ല".

തൊഴിലാളിസർവ്വാധിപത്യത്തിന് നിർവ്വഹിക്കാനുള്ള മൂന്നു പ്രധാന കടമകളെന്തെന്ന് സഖാവ് സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നു:

1. വിപ്ലവം മൂലം പൊളിഞ്ഞു പാളീസ്സായ ജന്മി-മുതലാളിമാരുടെ എതിർപ്പിനെ പൊളിക്കുക. മുതലാളിത്തം പുനഃസ്ഥാപിക്കാൻവേണ്ടി അവർ നടത്തുന്ന ഓരോ പരിശ്രമത്തേയും തടയുക.
2. തൊഴിലെടുക്കുന്നവരെയെല്ലാം തൊഴിലാളിവർഗ്ഗത്തിന് ചുറ്റം അണിനിരത്തത്തക്കവണ്ണം നിർമ്മാണപ്രവർത്തനം സംഘടിപ്പിക്കുകയും വർഗ്ഗങ്ങളെത്തന്നെ ഇല്ലാതാക്കാൻ സമർത്ഥമായ രീതിയിൽ ഈ പ്രവൃത്തി തുടരുകയും ചെയ്യുക.
3. വിപ്ലവത്തെ ആയുധം ധരിപ്പിക്കുകയും സാമ്രാജ്യത്വത്തിനെതിരായി സമരം നടത്താനുള്ള വിപ്ലവസൈന്യം സംഘടിപ്പിക്കുകയും ചെയ്യുക.

സമുദായത്തിലെ എല്ലാ അംഗങ്ങളുടെയും അവകാശാധികാരങ്ങളെ ഒരുപോലെ കാത്തുരക്ഷിക്കാനുള്ള ഒരു സ്ഥാപനമല്ല തൊഴിലാളിവർഗ്ഗാധിപത്യം. ഒരു വർഗ്ഗത്തിന്റെ-തൊഴിലാളിവർഗ്ഗത്തിന്റെ- ഭരണകൂടമാണ്. മുതലാളിവർഗ്ഗത്തിന്നെതിരായ ഭരണകൂടമാണത്. ലെനിൻ പറയുന്നു:

> "തൊഴിലാളിസർവ്വാധിപത്യമെന്നത് പരിപൂർണ്ണ ജനാധിപത്യം, എല്ലാവരുടെയും ജനാധിപത്യം-ദരിദ്രന്റേതെന്നപോലെ ധനികന്റെയും ജനാധിപത്യം-ആകാൻ നിവൃത്തിയില്ല; തൊഴിലാളിസർവ്വാധിപത്യം ഒരു പുതിയ രീതിയിൽ-ദരിദ്രർക്കും തൊഴിലെടുക്കുന്നവർക്കും പൊതുവിൽ- ജനാധിപത്യപരമായിരിക്കണം. അതു ഒരു പുതിയ രീതിയിൽ ബൂർഷ്വാസിക്കെതിരായ സർവ്വാധിപത്യമായിരിക്കണം".

മറ്റൊരുവിധം പറഞ്ഞാൽ, തൊഴിലാളിവർഗ്ഗത്തിന്റെ ജനാധിപത്യാവകാശങ്ങളെ കാത്തുരക്ഷിക്കാൻ വേണ്ടി മുതലാളിവർഗ്ഗത്തിനെതിരായി നടത്തപ്പെടുന്ന, മുതലാളിത്തത്തിന്റെ എല്ലാ അവശിഷ്ടങ്ങളേയും തുടച്ചുനീക്കാൻ വേണ്ടി നടത്തപ്പെടുന്ന, ഒരു സർവ്വാധിപത്യമാണ് തൊഴിലാളിവർഗ്ഗത്തിന്റെ ഭരണകൂടം.

സോഷ്യലിസം സ്ഥാപിക്കണമെങ്കിൽ തൊഴിലാളിസർവ്വാധിപത്യം കൂടിയേ കഴിയൂ. എന്നുവെച്ചാൽ, മുതലാളിവർഗ്ഗത്തിന്റെ ഭരണമവസാനിപ്പിച്ച് തൊഴിലാളിവർഗ്ഗത്തിന്റെ ഭരണം സ്ഥാപിക്കണം. ഇക്കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ ഈ പുതിയ ഭരണകൂടത്തിന്റെ രൂപം സ്ഥലകാലങ്ങൾക്കനുസരിച്ച് വ്യത്യസ്തങ്ങളായിരിക്കും. 1917ലെ ഒക്ടോബർ വിപ്ലവത്തിനുശേഷം റഷ്യയിൽ സോവിയറ്റുകളുടെ രൂപത്തിലാണ് തൊഴിലാളിസർവ്വാധിപത്യം ഉയർന്നുവന്നത്. അതേ രൂപമല്ല പിന്നീട്ട മറ്റു രാജ്യങ്ങളിൽ പ്രത്യക്ഷപ്പെട്ടത്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം കിഴക്കൻ യൂറോപ്പിലും മധ്യയൂറോപ്പിലും ജനകീയ ജനാധിപത്യങ്ങളാണാവിർഭവിച്ചത്. ജനകീയജനാധിപത്യരാജ്യങ്ങൾ സോഷ്യലിസം കെട്ടിപ്പടുത്തു കൊണ്ടിരിക്കുകയാണ്. ജനകീയജനാധിപത്യത്തിന്റെ രൂപത്തിലാണ് അവിടങ്ങളിൽ തൊഴിലാളി സർവ്വാധിപത്യം നിലനിൽക്കുന്നത്.

## മുതലാളിവർഗ്ഗത്തിന്റെ ഭരണകൂടം

തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള രാജ്യങ്ങളിൽ മാത്രമല്ല, മുതലാളി വർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള രാജ്യങ്ങളിലും ഭരണകൂടമുണ്ട്. മുതലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങളെ കാത്തുരക്ഷിക്കാനുള്ള ഒരുപകരണമാണത്.

സമുദായത്തിലുള്ള എല്ലാ അംഗങ്ങളേയും ഒരുപോലെ പ്രതിനിധീകരിക്കുന്ന ഒരു ശക്തിയാണ്—ഒരു സ്ഥാപനമാണ്—മുതലാളിത്തത്തിലെ ഭരണകൂടമെന്നും 'നിയമവും സമാധാനവും പാലിക്കുക' എന്ന ഒരേ ഉദ്ദേശത്തോടുകൂടി 'നിഷ്പക്ഷ'മായി പ്രവർത്തിക്കുകയാണ് അത് ചെയ്യുന്നതെന്നും ബൂർഷ്വാസി പ്രചാരവേല ചെയ്യാറുണ്ട്. എന്നാൽ വാസ്തവമെന്താണ്? 'നിയമവും സമാധാനവും പലിക്കുക'യെന്ന പേരിൽ നിലവിലുള്ള വർഗ്ഗവിഭജനത്തേയും വർഗ്ഗമേധാവിത്വത്തേയും കാത്തുരക്ഷിക്കുകയാണത് ചെയ്യുന്നത്. നിലവിലുള്ള സാമൂഹ്യവ്യവസ്ഥിതിയെ എതിർക്കാനുള്ള ഏതു പരിശ്രമത്തേയും അതു ബലം പ്രയോഗിച്ചു തടയുന്നതു കാണാം.

ബൂർഷ്വാ രാജ്യങ്ങളിൽ ഗവണ്മെൻറും മന്ത്രിസഭകളും നിയമ സഭകളുമുണ്ട്. പക്ഷേ, അവയിലൊന്നുമല്ല യഥാർത്ഥമായ രാഷ്ട്രീയാധികാരം നിക്ഷിപ്തമായിരിക്കുന്നത്. മന്ത്രിസഭകളും നിയമസഭകളും ഭരണാധികാരിവർഗ്ഗത്തിന്റെ താല്പര്യങ്ങൾക്കെതിരാവാത്തിടത്തോളം കാലം കുഴപ്പമൊന്നുമില്ല. തിരഞ്ഞെടുക്കപ്പെടുന്ന നിയമസഭാ മെമ്പർമാരും മന്ത്രിമാരുമാണ് രാജ്യത്തെ ഭരിക്കുന്നത് എന്ന വ്യാമോഹത്തിന് സ്ഥാനമുണ്ട്. എന്നാൽ ആ നിയമസഭകളോ മന്ത്രിമാരോ ഭരണാധികാരിവർഗ്ഗത്തിന്റെ താൽപര്യങ്ങളെ സാരമായി അപകടപ്പെടുത്തുന്ന ഏതെങ്കിലുമൊരു നടപടി സ്വീകരിക്കട്ടെ. അപ്പോൾ കാണാം ഭരണകൂടത്തിന്റെ യഥാർത്ഥരൂപം. നിയമസഭകൾ പിരിച്ചുവിടപ്പെടും. മന്ത്രിമാർ അറസ്റ്റു ചെയ്യപ്പെടും. സായുധസേനകൾ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധിസഭകളെ ഇടിച്ചുപൊളിക്കും.

പ്രായപൂർത്തി വോട്ടവകാശമുണ്ട് എന്നതുകൊണ്ടുമാത്രം ഈ സ്ഥിതി മാറുകയില്ല. നാലോ അഞ്ചോ കൊല്ലത്തിലൊരിക്കൽ ജനങ്ങൾക്കെല്ലാം വോട്ടു ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ടാവും. അത്രയും നല്ലതുതന്നെ. അതുകൊണ്ട് ഉല്പാദനക്രമത്തിൽ മേധാവിത്വം വഹിക്കുന്ന ഭരണാധികാരിവർഗ്ഗത്തിന്റെ അധികാരാതിർത്തിയ്ക്ക് കോട്ടമൊന്നും തട്ടില്ല. പ്രായപൂർത്തി വോട്ടവകാശംകൊണ്ടു ജനങ്ങളുടെ പ്രതിനിധികൾക്ക് ഭൂരിപക്ഷം കിട്ടിയാൽപോലും സ്വന്തം ഇഷ്ടത്തിന് അവർ തങ്ങളുടെ അധികാരമുപേക്ഷിക്കില്ലെന്ന് ചരിത്രത്തിലെ അനേകമനേകം സംഭവങ്ങൾ തെളിയിക്കുന്നു.

അതുകൊണ്ടാണ് ലെനിൻ പറയുന്നത്:

> 'മുതലാളിത്ത പരിതഃസ്ഥിതിയിൽ ഏറ്റവും ജനാധിപത്യപരമായ ഭരണത്തിൻകീഴിൽ കൂടി ഗവണ്മൻറ് രൂപീകരിക്കുന്നത് ജനങ്ങളല്ല, റോത്ത് ഷീൽഡ്മാരും സ്റ്റീൻസ്സുകളും റോക്ക് ഫെല്ലർമാരും മോർഗൻമാരുമാണ്. മുതലാളിത്തത്തിൻകീഴിലുള്ള ജനാധിപത്യം മുതലാളിത്തജനാധിപത്യമാണ്. അതിന്റെ അടിസ്ഥാനം ചൂഷിതരായ ബഹുജനങ്ങളുടെ അവകാശങ്ങളെ കർശനമായി ചുരുക്കലാണ്, അത് ഭൂരിപക്ഷത്തിന്നെതിരായിട്ടുള്ളതാണ്. തൊഴിലാളിസർവ്വാധിപത്യത്തിൻകീഴിൽ മാത്രമാണ് ചൂഷിതർക്ക് യഥാർത്ഥ 'സ്വാതന്ത്ര്യ'ങ്ങളുണ്ടാവുന്നതും തൊഴിലാളികൾക്കും കർഷകർക്കും രാജ്യഭരണത്തിൽ യഥാർത്ഥത്തിൽ പങ്കെടുക്കാൻ സാദ്ധ്യമാകുന്നതും.

> "മുതലാളിത്തത്തിനു കീഴിൽ ചൂഷിതർക്കു യഥാർത്ഥ 'സ്വാതന്ത്ര്യ'ങ്ങളില്ല, ഉണ്ടാകാൻ നിവൃത്തിയുമില്ല...മുതലാളിത്തത്തിൻകീഴിൽ ബഹുജനങ്ങൾ യഥാർത്ഥത്തിൽ രാജ്യഭരണത്തിൽ പങ്കെടുക്കുന്നില്ല, പങ്കെടുക്കാൻ സാദ്ധ്യവുമല്ല. തൊഴിലാളിസർവ്വാധിപത്യത്തിൻകീഴിലുള്ള ജനാധിപത്യം തൊഴിലാളിജനാധിപത്യമാണ്, ചൂഷിതഭൂരിപക്ഷത്തിന്റെ ജനാധിപത്യമാണ്. അതിന്റെ ഉദ്ദേശ്യം ചൂഷണം

ചെയ്യുന്ന ന്യൂനപക്ഷത്തിന്റെ അവകാശം കർശനമായി ചുരുക്കലാണ്. ആ ന്യൂനപക്ഷത്തിന്നെതിരാണത്”.

മുതലാളിത്തവ്യവസ്ഥയിൽ മുതലാളിവർഗ്ഗത്തിന്റെ ഭരണകൂടമുള്ളതുപോ ഫ്യൂഡലിസത്തിൽ നാടുവാഴി വർഗ്ഗത്തിന്റെ ഭരണകൂടവുമുണ്ട്. നാടുവാഴി വർഗ്ഗത്തിന്റെ ഭരണകൂടത്തെ തട്ടിത്തകർത്തുകൊണ്ടാണ് മുതലാളിമാർ അധികാരത്തിൽ വന്നത്.

ഫ്യൂഡലിസത്തിൽ ഫ്യൂഡൽ ഭരണകൂടം ഉള്ളതുപോലെ അടിമത്ത വ്യവസ്ഥയിൽ ഉടമകളുടെ ഭരണകൂടം ഉടമകളുടെ ഭരണകൂടത്തെ നശിപ്പിച്ചുകൊണ്ടാണ് നാടുവാഴിവ്യവസ്ഥയാവിർഭവിച്ചത്.

ചുരുക്കിപ്പറഞ്ഞാൽ, എവിടെ വർഗ്ഗങ്ങളുണ്ടോ, അവിടെ ഭരണകൂടവുമുണ്ട്. ഒരുവർഗ്ഗത്തിന്റെ മേധാവിത്വമവസാനിപ്പിച്ച മറ്റൊരു വർഗ്ഗം അധികാരത്തിൽ വരുമ്പോൾ ഒരു ഭരണകൂടത്തിന്റെ സ്ഥാനത്ത് മറ്റൊരു ഭരണകൂടം പൊന്തിവരുന്നു. ഭരണകൂടത്തിന്റെ സഹായത്തോടുകൂടി മാത്രമാണ് മേധാവിവർഗ്ഗത്തിന്റെ താല്പര്യങ്ങൾ കാത്തുരക്ഷിക്കപ്പെടുന്നത്.

എന്താണീ ഭരണകൂടം? എംഗെൽസിന്റെ വാക്കുകളിൽ, ‘അതാതുകാലത്തെ ചൂഷകവർഗ്ഗത്തിന്റേതായ ഒരു സംഘടന, അതാതുകാലത്തെ ഉൽപ്പാദനരീതിക്ക് പുറമേനിന്ന് യാതൊരു ശല്യവുമുണ്ടാകാതെ നോക്കുന്നതിനുള്ള ഒരു സംഘടന, അതാതുകാലത്തെ ഉൽപ്പാദന വ്യവസ്ഥയിലെ (അടിമ സമ്പ്രദായം, അടിയായ്മ സമ്പ്രദായം, കൂലിവേല) മർദ്ദിതവർഗ്ഗത്തെ ബലം പ്രയോഗിച്ചമർത്തിവെയ്ക്കാനുള്ള ഒരു സംഘടന’.

എല്ലാ കാലത്തും ഭരണകൂടമുണ്ടായിരുന്നുവോ? മനുഷ്യന്റെ ആവിർഭാവം മുതൽക്ക് നിലനിന്നുപോരുന്ന ശാശ്വതമായ ഒരു സ്ഥാപനമാണോ ഭരണകൂടം? അല്ല.

## ഭരണകൂടത്തിന്റെ ഉത്ഭവം

മനുഷ്യരെ ഭരിക്കാനും ഒന്നിച്ചുകൂട്ടി നയിക്കാനും ഭരണകൂടമെന്ന ഒന്നില്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. പ്രാകൃത കമ്യൂണിസത്തിലെ ഗണഗോത്രകാലത്തു രാജാവോ ഭരണകൂടമോ ഉണ്ടായിരുന്നില്ല. സമുദായത്തിൽ അച്ചടക്കം പാലിക്കാനോ പ്രവൃത്തിക്ക് നേതൃത്വം നൽകാനോ സമുദായാംഗങ്ങളെ അന്യോന്യം കൂട്ടിയിണക്കിക്കൊണ്ടു പോകാനോ ഭരണകൂടത്തിന്റെ ആവശ്യമില്ലായിരുന്നു. ഗണത്തിലെ അംഗങ്ങളെല്ലാം രക്തബന്ധമുള്ളവരായിരുന്നതുകൊണ്ട് രക്തബന്ധവും, തലമൂത്തവരെ മാനിക്കണമെന്നും അനുസരിക്കണമെന്നും മറ്റുമുള്ള പരമ്പരാഗതമായ ആചാരവിശ്വാസങ്ങളുമാണ് സമുദായത്തിൽ അച്ചടക്കം പാലിച്ചിരുന്നത്. പ്രായംചെന്നവർ സമുദായത്തിന്റെ തലവന്മാരായി ഗണിക്കപ്പെട്ടു. ഗണത്തിലെ എല്ലാ അംഗങ്ങളുടെയും കൂട്ടായ തീരുമാനമനുസരിച്ച് കൂട്ടായി പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്യുക—ഈ തത്വമാണ് അന്നു സമുദായത്തെ നയിച്ചത്. എല്ലാവരും സമന്മാരായിരുന്നു. ഒരാൾ മറ്റൊരാളെ ചൂഷണം ചെയ്തിരുന്നില്ല. അതുകൊണ്ട് ചൂഷണം ചെയ്യാനുള്ള ഉപകരണത്തിന്റെ ആവശ്യമുണ്ടായിരുന്നില്ല.

പിന്നീട് സ്വകാര്യ സ്വത്തുക്കളും ഉള്ളവനെന്നും ഇല്ലാത്തവനെന്നുമുള്ള വർഗ്ഗവിഭജനവും വന്നപ്പോൾ പ്രായം ചെന്നവരുടെ മാന്യസ്ഥാനവും കൂട്ടായ ഭരണക്രമവും നഷ്ടപ്പെട്ടു. രക്തബന്ധത്തിനു വിലയില്ലാതായി. സ്വത്തുള്ളവൻ മാനിക്കപ്പെടണമെന്നായി. ഇല്ലാത്തവരെ ചൂഷണം ചെയ്തുകൊണ്ട് തടിച്ചുകൊഴുക്കുന്ന ഉള്ളവർ വെറുമൊരു ചെറിയ ന്യൂനപക്ഷമായിരുന്നു. അതുകൊണ്ട് നിസ്വരും അടിമകളുമായ

ഭൂരിപക്ഷക്കാർക്കെതിരായി ഉടമകളുടെ താല്പര്യങ്ങൾ രക്ഷിച്ചുപോരാൻ സമുദായത്തിനൊരു ശക്തികൂടാതെ കഴിയില്ലെന്ന നിലവന്നു. അടിമകളായ ഭൂരിപക്ഷക്കാരെ അടിച്ചമർത്തി ഉടമകളുടെ ഹിതത്തിനൊത്തവണ്ണം തുള്ളിക്കാൻ ഉതകുന്ന നീതിനിയമങ്ങളും ഈ നിയമങ്ങൾ നടപ്പിലാക്കാൻ അധികാരപ്പെട്ട കുറെ ആളുകളും ആവശ്യമായിത്തീർന്നു. അടിമകളെ ഉടമകളുടെ സ്വകാര്യസ്വത്താക്കി മാറ്റുന്ന നീതിനിയമങ്ങളാദ്യമായാവിർഭവിച്ചതിങ്ങനെയാണ്. 'നീതിപാലക'രായ പൊലീസുകാരുണ്ടായതിങ്ങനെയാണ്. നീതിനിയമങ്ങളെയും നീതിപാലകരേയും പടച്ചുണ്ടാക്കുക എളുപ്പമാണ്. പക്ഷേ, ഭൂരിപക്ഷക്കാരായ മർദ്ദിതരെക്കൊണ്ട് അവയംഗീകരിപ്പിക്കുക അത്ര എളുപ്പമായിരുന്നില്ല. ഈ വിഷമം പരിഹരിക്കാൻവേണ്ടി വടിയും വാളും കുന്തവും നിർല്ലോഭം ഉപയോഗിക്കാൻ കഴിവുള്ള സായുധ പട്ടാളവും ജയിലും തൂക്കുമരവും മറ്റു മർദ്ദനോപാധികളും ഉപയോഗത്തിൽവന്നു.

ഈ വക മർദ്ദനോപാധികളുപയോഗിച്ചുകൊണ്ട് സാമ്പത്തിക വ്യവസ്ഥയിൽ മേധാവിത്വം വഹിക്കുന്ന വർഗ്ഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള ഒരു സ്ഥാപനമാണ് ഭരണകൂടം. ചുരുക്കിപ്പറഞ്ഞാൽ, സമുദായം വർഗ്ഗങ്ങളായി പിരിയുന്നതുവരെ, മർദ്ദകരും മർദ്ദിതരും തമ്മിലുള്ള വർഗ്ഗസമരമാരംഭിക്കുന്നതുവരെ, ഭരണകൂടമുണ്ടായിരുന്നില്ല. വർഗ്ഗങ്ങളും വർഗ്ഗചൂഷണങ്ങളുമാവിർഭവിച്ചപ്പോൾ മാത്രമാണ് ഭരണകൂടം ഉയർന്നുവന്നത്.

സ്റ്റാലിൻ പറയുന്നു:

> "സമുദായം വർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടപ്പോൾ മാത്രമാണ്—അതായത് സമുദായം വ്യത്യസ്ത ഗ്രൂപ്പുകളായിത്തിരിഞ്ഞ് അതിൽ ചില ഗ്രൂപ്പുകൾക്ക് മാത്രം സ്ഥിരമായി മറ്റുള്ളവരുടെ അദ്ധ്വാനത്തെ സ്വന്തം ഇഷ്ടത്തിനനുസരിച്ച് നിയന്ത്രിക്കാനും മറ്റുള്ളവരെ ചൂഷണം ചെയ്യാനും കഴിയുമെന്ന നിലവന്നപ്പോൾ മാത്രമാണ്"—ജനങ്ങളെ മർദ്ദിച്ചൊതുക്കാനുള്ള ഒരു പ്രത്യേക ഉപകരണമെന്ന നിലയ്ക്ക് ഭരണകൂടം പൊന്തിവന്നിട്ടുള്ളതെന്ന് ചരിത്രം കാണിക്കുന്നു.

സമുദായം വിരുദ്ധതാല്പര്യങ്ങളുള്ള വർഗ്ഗങ്ങളായി പിരിഞ്ഞതുകൊണ്ടാണ് ഭരണകൂടം ആവിർഭവിച്ചത്; ചൂഷണം ചെയ്യുന്ന ന്യൂനപക്ഷത്തിന്റെ താല്പര്യങ്ങൾക്ക് വേണ്ടി ചൂഷിതരായ ഭൂരിപക്ഷക്കാരെ നിയന്ത്രണത്തിൽ നിർത്താൻ വേണ്ടിയാണ് അതാവിർഭവിച്ചത്. ഭരണകൂടത്തിന്റെ അധികാരോപകരണങ്ങൾ പ്രധാനമായും പട്ടാളം, പൊലീസ്, ചാരസംഘം, ജയിലുകൾ എന്നിവയിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. ഭരണകൂടത്തിന്റെ പ്രവർത്തനത്തിന്റെ സവിശേഷതയായ രണ്ടു പ്രധാനപ്പെട്ട സംഗതികളിവയാണ്: നാട്ടിൽ, പ്രധാന പ്രവൃത്തി—ചൂഷിതരായ ഭൂരിപക്ഷ ജനങ്ങളെ അടിച്ചമർത്തി സൂക്ഷിക്കുക. നാട്ടിന് പുറമെ—ഏറ്റവും പ്രധാനപ്പെട്ട പ്രവൃത്തിയല്ലെങ്കിലും—മറ്റു ഭരണകൂടങ്ങളുടെ അധികാര പരിധിയിലുള്ള പ്രദേശങ്ങളുടെ ചിലവിന്മേൽ സ്വന്തം വർഗ്ഗത്തിന്റെ അതായത് ഭരണാധികാരി വർഗ്ഗത്തിന്റെ, അധികാരപരിധി വിപുലമാക്കുകയും മറ്റു ഭരണകൂടങ്ങളുടെ ആക്രമണത്തിൽ നിന്നു സ്വന്തം ഭരണകൂടത്തെ രക്ഷിക്കുകയും ചെയ്യുക. അടിമത്ത വ്യവസ്ഥയിലും നാടുവാഴിത്ത വ്യവസ്ഥയിലും സ്ഥിതി ഇതായിരുന്നു. മുതലാളിത്തത്തിൻകീഴിലും സ്ഥിതി ഇതുതന്നെയാണ്.

## തൊഴിലാളി ഭരണത്തിന്റെ സവിശേഷത

തൊഴിലാളി സർവ്വാധിപത്യം തൊഴിലാളികളുടെ ഭരണമാണ്. അതുകൊണ്ട് അത് ചരിത്രത്തിലുണ്ടായിട്ടുള്ള മറ്റെല്ലാ ഭരണകൂടങ്ങളിൽ നിന്നും വ്യത്യസ്തമാണ്. മറ്റെല്ലാ

ഭരണകൂടങ്ങളും സമുദായത്തിലെ ന്യൂനപക്ഷത്തിന്റെ—ഉടമകളുടെയോ നാടുവാഴികളുടെയോ മുതലാളികളുടെയോ—താല്പര്യങ്ങളെയാണ് പ്രതിനിധീകരിച്ചത്. നേരെമറിച്ച് തൊഴിലാളി സർവ്വാധിപത്യമാകട്ടെ ഭൂരിപക്ഷത്തിന്റെ ഭരണമാണ്; ജനങ്ങളുടെ ഭരണമാണ്. മറ്റെല്ലാ ഭരണകൂടങ്ങളും ഹിംസയും മർദ്ദനവുമുപയോഗിച്ച് ഭൂരിപക്ഷക്കാരുടെ താല്പര്യങ്ങളെ ചവിട്ടിമെതിക്കുന്നു. തൊഴിലാളി സർവ്വാധിപത്യമാകട്ടെ സമാധാനപരമായി സോഷ്യലിസം കെട്ടിപ്പടുക്കാൻ തുടങ്ങുന്നു. സുഖവും സംതൃപ്തിയും സമൃദ്ധിയും വിളയാടുന്ന, മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുകയെന്ന സമ്പ്രദായം എന്നെന്നേക്കുമായവസാനിപ്പിക്കുന്ന, ഒരു പുതിയ സമുദായം കെട്ടിപ്പടുക്കുന്നു.

മറ്റെല്ലാ വർഗ്ഗങ്ങളും തങ്ങളുടെ ഭരണകൂടങ്ങളെ ശാശ്വതമായി നിലനിർത്താനാഗ്രഹിക്കുന്നു. തൊഴിലാളി സർവ്വാധിപത്യമാകട്ടെ എന്നെന്നും നിലനിർത്തപ്പെടാനുള്ളതല്ല. സോഷ്യലിസ്റ്റ് നിർമ്മാണത്തിലൂടെ ജനങ്ങളെയാകെ കമ്യൂണിസ്റ്റ് സമുദായത്തിലേക്ക് നയിക്കുക എന്ന ഉദ്ദേശം നിറവേറ്റിക്കഴിഞ്ഞാൽ, വർഗ്ഗരഹിതമായ സമുദായം സൃഷ്ടിക്കപ്പെട്ടുകഴിഞ്ഞാൽ, പിന്നെ തൊഴിലാളി സർവ്വാധിപത്യത്തിന്റെയെന്നല്ല, യാതൊരു ഭരണകൂടത്തിന്റെയും ആവശ്യമുണ്ടാവില്ല.

എംഗെൽസ് പറയുന്നു:

> "പ്രാചീനകാലങ്ങളിൽ അടിമയുടമസ്ഥന്മാരായ 'പൗര'ന്മാരുടെ മധ്യകാലത്ത് നാടുവാഴിപ്രഭുക്കളുടെയും നമ്മുടെ കാലത്ത് മുതലാളിവർഗ്ഗത്തിന്റെയുമാണ് ഭരണകൂടം. ഒടുക്കം അത് മുഴുവൻ സമുദായത്തിന്റെ യഥാർത്ഥ പ്രതിനിധിയായിത്തീരുമ്പോൾ അതു തനിയേ ആവശ്യമില്ലാതായിത്തീരുന്നു. അടിച്ചമർത്തിവെയ്ക്കാൻ ഇനി ഒരു സാമൂഹ്യവർഗ്ഗം ഇല്ലെന്ന നിലവരുമ്പോൾ—വർഗ്ഗഭരണം തന്നെ അവസാനിക്കുമ്പോൾ—ഉൽപ്പാദനത്തിലെ ഇന്നത്തെ അരാജകത്വത്തിൻകീഴിൽ അതിന്റെ ഫലമായുണ്ടാവുന്ന വ്യക്തികളുടെ ജീവസന്ധാരണത്തിന് വേണ്ടിയുള്ള അന്യോന്യമത്സരവും അവസാനിക്കുമ്പോൾ—മർദ്ദിക്കപ്പെടുവാൻ പിന്നെ ഒന്നും അവശേഷിക്കുന്നില്ല. അതോടുകൂടി ഒരു പ്രത്യേക മർദ്ദനയന്ത്രം—ഭരണകൂടം—ആവശ്യമില്ലാതായിത്തീരുന്നു. അതു സ്വയം വാടിക്കരിഞ്ഞുപോകുന്നു."

വിജയകരമായി സോഷ്യലിസം കെട്ടിപ്പടുത്തുകഴിഞ്ഞ സോവിയറ്റു യൂണിയൻ ഇപ്പോൾ കമ്യൂണിസം കെട്ടിപ്പടുക്കാൻ തുടങ്ങിയിരിക്കുകയാണ്. സോവിയറ്റ് യൂണിയനിൽ വർഗ്ഗരഹിതമായ കമ്യൂണിസ്റ്റ് സമുദായം സ്ഥാപിച്ചു കഴിയുന്നതോടെ സോവിയറ്റ് ഭരണകൂടം അന്തർദ്ധാനം ചെയ്യുമോ? ഈ ചോദ്യത്തിന് സഖാവ് സ്റ്റാലിൻ മറുപടി പറയുന്നു:

> "നമ്മുടെ ഭരണകൂടം കമ്യൂണിസത്തിന്റെ ഘട്ടത്തിലും നിലനിൽക്കുമോ?"
>
> ഉവ്വ്; ചുറ്റുപാടുമുള്ള മുതലാളിത്തവലയം അവസാനിപ്പിക്കപ്പെടാത്തിടത്തോളംകാലം, വിദേശങ്ങളിൽ നിന്നുള്ള സൈനികാക്രമണത്തിന്റെ ആപത്ത് തുടച്ചുനീക്കപ്പെടാത്തിടത്തോളംകാലം, അതു നിലനിൽക്കും. പക്ഷേ, ആഭ്യന്തരസ്ഥിതിയിലും ബാഹ്യസ്ഥിതിയിലുമുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് സ്വാഭാവികമായും നമ്മുടെ ഭരണകൂടത്തിന്റെ രൂപങ്ങളും മാറുന്നതായിരിക്കും.
>
> ഇല്ല; മുതലാളിത്തവലയം അവസാനിപ്പിക്കപ്പെടുകയും അതിന്റെ സ്ഥാനത്ത് ഒരു സോഷ്യലിസ്റ്റ് വലയം സൃഷ്ടിക്കപ്പെടുകയും ചെയ്താൽ ഭരണകൂടം നിലനിൽക്കുകയില്ല. അതു വാടിക്കരിഞ്ഞുപോകും".
>
> സോഷ്യലിസം വിജയകരമായാൽ പിന്നെ വർഗ്ഗമോ ദേശമോ ജനതയോ മർദ്ദിക്കപ്പെടുകയില്ല.

> രാജ്യത്തിനുള്ളിലുള്ള വർഗ്ഗവൈരുദ്ധ്യത്തിന്റെ അവശിഷ്ടങ്ങൾ കുറഞ്ഞുകുറഞ്ഞു വരുന്തോറും ഭരണകൂടത്തിന്റെ മർദ്ദനോപകരണങ്ങൾ ആഭ്യന്തരമായിട്ടല്ല ബാഹ്യമായിട്ടാണ് ഉപയോഗിക്കപ്പെടുന്നത്. സോവിയറ്റ് യൂണിയനിൽ പരസ്പരം സംഘട്ടനങ്ങൾ നടത്തുന്ന വർഗ്ഗങ്ങൾ അന്തർദ്ധാനം ചെയ്തുകഴിഞ്ഞിരിക്കുന്നു. അതുകൊണ്ടാണ് "രാജ്യത്തിനകത്ത് നമ്മുടെ സ്റ്റേറ്റിന്റെ പ്രധാന കടമ ഇപ്പോൾ സമാധാനപരമായ സാമ്പത്തിക നിർമ്മാണ പ്രവർത്തനങ്ങളും സാംസ്കാരിക വിദ്യാഭ്യാസവുമാണ്" എന്ന് സ്റ്റാലിൻ പറഞ്ഞത്. "നമ്മുടെ സൈന്യങ്ങളേയും ശിക്ഷാസ്ഥാപനങ്ങളേയും ചാരപ്രവർത്തനങ്ങളേയും സംബന്ധിച്ചിടത്തോളം അവ ഇപ്പോൾ ആഭ്യന്തരമായിട്ടല്ല, പുറമേയ്ക്കാണ്, വിദേശീയ ശത്രുക്കൾക്കെതിരായിട്ടാണ്, തിരിച്ചുവിടപ്പെടുന്നത്".

പുറമേനിന്നുള്ള ആക്രമണഭീഷണി ഇല്ലാതാകത്തക്കവണ്ണം മറ്റു രാജ്യങ്ങളിലും ചൂഷണവ്യവസ്ഥകളവസാനിച്ച സോഷ്യലിസം വിജയിച്ചുകഴിഞ്ഞാൽപ്പിന്നെ യാതൊരുതരം മർദ്ദനോപകരണത്തിന്റെയും ആവശ്യമില്ലാതാവും. സ്റ്റേറ്റ് അന്തർദ്ധാനം ചെയ്യും. കേന്ദ്രീകൃതമായ പ്ലാനിംഗ്, ഉൽപ്പാദനം, വിദ്യാഭ്യാസം, ആരോഗ്യം മുതലായവ സുസംഘടിതമായി നടത്താനുള്ള സ്ഥാപനങ്ങൾ മാത്രമേ നിലനിൽക്കുകയുള്ളൂ. മർദ്ദനത്തിന്റെ ആവശ്യമുണ്ടാവില്ല. അതുകൊണ്ട് മർദ്ദനോപകരണമായ ഭരണകൂടവുമുണ്ടാവില്ല.

## III

ചരിത്രാരംഭം മുതൽക്കേ സാമൂഹ്യജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിപ്പോന്ന ഒരുൽകൃഷ്ടവികാരമാണ് മനുഷ്യസ്നേഹം.

ഒരു സാമൂഹ്യജീവിയായിട്ടാണ് മനുഷ്യൻ ജീവിതയാത്രയാരംഭിച്ചത്. പരസ്പരം ബന്ധപ്പെടുകയും സഹകരിക്കുകയും ചെയ്യാതെ ഉൽപാദനം നടത്തുക സാദ്ധ്യമായിരുന്നില്ല. അപരിഷ്കൃതങ്ങളായ ആയുധങ്ങളുപയോഗിച്ച് കൂട്ടായ ഉല്പാദനവും കൂട്ടായ ഉപഭോഗവും നടത്തിപ്പോന്ന ആ പ്രാകൃതമനുഷ്യന്റെ സാമൂഹ്യവ്യവസ്ഥയിൽ ലളിതവും അകൃത്രിമസുന്ദരവുമായ ഒരുതരം സൗഹാർദ്ദബന്ധം വിളയാടിയിരുന്നു. വ്യക്തിപരമായ സൗഹാർദ്ദത്തിനോ 'എന്റേത്, നിന്റേത്' എന്ന സങ്കുചിതത്വത്തിന്നോ അതിൽ സ്ഥാനമുണ്ടായിരുന്നില്ല. എല്ലാം എല്ലാവരുടേതും കൂടിയായിരുന്നു. സ്നേഹത്തിന് ദാർഢ്യവും കെട്ടുറപ്പും കുറഞ്ഞിരുന്നുവെന്നതു ശരിയാണ്. പക്ഷേ, അത് ഇന്നത്തെപ്പോലെ വ്യക്തിപരമോ വർഗ്ഗപരമോ ആയിരുന്നില്ല. അതു തികച്ചും സാമൂഹ്യമായിരുന്നു. ദീനദയാലുത്വത്തിന്നോ ആർത്ത്രാണപരായണത്വത്തിനോ മനുഷ്യൻ മനുഷ്യനെ സ്നേഹിക്കണമെന്നും മറ്റുമുള്ള സദാചാരോപദേശങ്ങൾക്കോ സ്ഥാനമുണ്ടായിരുന്നില്ല. കാരണം എല്ലാവരും സമന്മാരായിരുന്നു.

### പ്രവാചകന്മാരുടെ മനുഷ്യസ്നേഹം

സമുദായം വർഗ്ഗങ്ങളായി പിരിഞ്ഞതോടെ ഈ പ്രാകൃതമായ സൗഹാർദ്ദബന്ധത്തിന് ഉടവുതട്ടി. ഒരു വിഭാഗം മനുഷ്യർ മറ്റൊരു വിഭാഗം മനുഷ്യരെ സാമ്പത്തികമായി ചൂഷണം ചെയ്യാനാരംഭിച്ചു. ഒരു കൂട്ടം ആളുകൾ ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാർ; മറ്റുള്ളവർ മേലാളർക്കുവേണ്ടി പണിയെടുക്കുന്ന കീഴാളർ. ഒരു വിഭാഗം ജനങ്ങൾ സുഖമനുഭവിക്കാൻ; മറ്റുള്ളവർ കഷ്ടപ്പെടാനും പട്ടിണി കിടക്കാനും —സ്നേഹത്തിന് എങ്ങനെ ഉലച്ചിൽ തട്ടാതിരിക്കും?

വർഗ്ഗസമരം കൊണ്ട് താറുമാറായ സമുദായത്തിൽ ചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങളിലായി, മനുഷ്യസ്നേഹത്തിന്റെ വെന്നിക്കൊടിയുയർത്താൻ ശ്രമിച്ച പല മഹാരഥന്മാരും ആവിർഭവിക്കുകയുണ്ടായി. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കണമെന്ന് ബുദ്ധൻ, ക്രിസ്തു, മുഹമ്മദ് തുടങ്ങിയ പ്രവാചകന്മാർ ഉപദേശിക്കുകയുണ്ടായി. അവരുടെ മനുഷ്യസ്നേഹം കേവലമായിരുന്നില്ല. സാമൂഹ്യജീവിതത്തിന്റെ ഭൗതികപരിസരങ്ങളിൽ നിന്നാണ് അതുടലെടുത്തത്. ബുദ്ധന്റെ അഹിംസ ബ്രാഹ്മണ മേധാവിത്വത്തിനെതിരായ ഒരു വെല്ലുവിളിയായിരുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽ അടിമകളെ ദ്രോഹിച്ച സ്വത്തുടമകൾക്കും അവരുടെ കിങ്കരന്മാരായ പുരോഹിതന്മാർക്കുമെതിരായ കാഹളം വിളിയടങ്ങിയിരുന്നു. പരസ്പരം കലഹിച്ചുകൊണ്ട് ചിന്നിച്ചിതറി കിടന്നിരുന്ന ട്രൈബുകളെ യോജിപ്പിച്ചണിനിരത്താനുള്ള ഒരുപകരണമായിരുന്നു മുഹമ്മദ് നബിയുടെ സ്നേഹം. എല്ലായിടത്തും സ്നേഹം സാമൂഹ്യമായ പങ്കാണ് വഹിച്ചത്.

പ്രവാചകന്മാർ സാമൂഹ്യജീവിതത്തിൽ വമ്പിച്ച സ്വാധീനശക്തി ചെലുത്തി. പക്ഷേ, വെറുപ്പും വിദ്വേഷവും പിന്നെയും നിലനിന്നു. ചൂഷണവും മർദ്ദനവും അവസാനിച്ചില്ല. ഹിംസയും കൂട്ടക്കൊലയും ചരിത്രത്തിന്റെ ഏടുകളിൽ ചോരപുരട്ടിക്കൊണ്ടിരുന്നു.

## ബൂർഷ്വാ മനുഷ്യസ്നേഹത്തിന്റെ പരിമിതി

15-ാം നൂറ്റാണ്ടിൽ മുതലാളിത്തം തലപൊന്തിക്കാൻ തുടങ്ങിയതോടുകൂടി മനുഷ്യസ്നേഹത്തിന് പുതിയൊരർത്ഥവും അത്ഭുതപൂർവ്വമായ ഒരു വ്യാപ്തിയും ലഭിച്ചു. റബേലെ, ലിനോർഡൊ ഡാവിൻസി തുടങ്ങിയ മഹാന്മാരായ അനേകം മനുഷ്യസ്നേഹികൾ മുന്നോട്ടുവന്നു. വളർന്നുവരുന്ന മുതലാളിത്തത്തിന്റെ പ്രതിനിധികളായിരുന്നു അവർ.

ഫ്യൂഡലിസത്തെ അപേക്ഷിച്ച് നോക്കുമ്പോൾ മുതലാളിത്തം അക്കാലത്തൊരു പുരോഗമനശക്തിയായിരുന്നു. പക്ഷേ, അതേ സമയത്തുതന്നെ അവരൊരു ചൂഷകവർഗ്ഗവുമായിരുന്നു. അതുകൊണ്ടു, മനുഷ്യസ്നേഹത്തെപ്പറ്റിയും മനുഷ്യന്റെ ഔന്നത്യത്തെപ്പറ്റിയുമുള്ള ഉൽകൃഷ്ടങ്ങളായ ആശയങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ കൃഷിക്കാരുടെ സമരങ്ങളും കൊളോണിയൻ ജനതകളുടെ ചോരയൊഴുക്കലും നടമാടിക്കൊണ്ടിരുന്നു.

ബൂർഷ്വാ മനുഷ്യസ്നേഹത്തിന്റെ പരിമിതിയെയാണിതു കാണിക്കുന്നത്.

ഫ്രഞ്ച് വിപ്ലവകാലത്താണ് ബൂർഷ്വാമനുഷ്യസ്നേഹം അതിന്റെ എല്ലാ ധാടികളോടുംകൂടി തലയുയർത്തി പിടിച്ചത്. ദ്രവിച്ചുകൊണ്ടിരുന്ന ഫ്യൂഡൽ വ്യവസ്ഥയ്ക്കെതിരായ മൂർച്ചയുള്ള ഒരായുധമായിരുന്നു അത്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങൾ രാജകീയ ഭരണത്തിനും നാടുവാഴി മേധാവിത്വത്തിനുമെതിരായ സമരകാഹളങ്ങളായിരുന്നു.

പക്ഷേ, സമത്വവും സാഹോദര്യവും ഭൂരിപക്ഷക്കാരായ സാധാരണക്കാർക്ക് ബാധകമായിരുന്നില്ല. ഒരു മർദ്ദനത്തിന്റെ സ്ഥാനത്തു മറ്റൊരു മർദ്ദനം കയറിയിരുന്നു. ഫ്യൂഡൽ ചൂഷണത്തിന്റെ സ്ഥാനത്ത് മുതലാളിത്ത ചൂഷണം ആരംഭിച്ചു. അത്രമാത്രമേ വ്യത്യാസമുണ്ടായിരുന്നുള്ളൂ.

മുതലാളിത്തം മനുഷ്യസ്നേഹത്തെ ചവുട്ടിത്തേക്കുന്നു.

മനുഷ്യന്റെ മഹത്തരങ്ങളായ എല്ലാ കഴിവുകളേയും ചങ്ങലയ്ക്കിടുകയും പവിത്രങ്ങളായി കരുതപ്പെട്ടുപോന്ന എല്ലാ സാമൂഹ്യബന്ധങ്ങളേയും നശിപ്പിക്കുകയുമാണ്

മുതലാളിത്തം ചെയ്തത്. സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, 'അതിന്റെ വീക്ഷണരംഗത്തിൽ നിന്ന് മനുഷ്യനും അവന്റെ ആവശ്യങ്ങളും അന്തർദ്ധാനം ചെയ്തു'.

1847-ൽത്തന്നെ മാർക്സും എംഗൽസും എഴുതുകയുണ്ടായി:

> "മനുഷ്യനും മനുഷ്യനും തമ്മിൽ നഗ്നമായ സ്വാർത്ഥമൊഴികെ, ഹൃദയശൂന്യമായ 'റൊക്കം പൈസ'യൊഴികെ, മറ്റൊരു ബന്ധവും അതു ബാക്കിവെച്ചില്ല. മതപരമായ ഭക്തിപാരവശ്യത്തിന്റെയും വീരോചിതമായ ആർത്തത്രാണപാരായണത്വത്തിന്റെയും പണ്ഡിതമൂഢന്മാരുടെ സഹൃദയത്വത്തിന്റെയും ദിവ്യമായ ആനന്ദനിർവൃതിയെ അതു അത്യാർത്തിയുടെ മഞ്ഞുവെള്ളത്തിലാഴ്ത്തി... ചുരുക്കിപ്പറഞ്ഞാൽ, മതപരവും രാഷ്ട്രീയവുമായ വ്യാമോഹങ്ങളുടെ സ്ഥാനത്ത് അതു നഗ്നവും നിർലജ്ജവും മൃഗീയവുമായ ചൂഷണം നടപ്പിലാക്കി."

മനുഷ്യസമുദായത്തിന്റെ മുഴുവൻ പേരിലാണ് ബൂർഷ്വാസി സംസാരിച്ചത്. പൊതുവിലുള്ള കേവലമായ മനുഷ്യസ്നേഹത്തെപ്പറ്റി അവർ വാചകമടിച്ചു. പക്ഷേ, മനുഷ്യസമുദായത്തിന്റെ മുഴുവൻ പ്രാതിനിധ്യമുണ്ടെന്നു നടിച്ചുകൊണ്ട് അവർ, വാസ്തവത്തിൽ, തങ്ങളുടെ സങ്കുചിതമായ വർഗ്ഗതാല്പര്യങ്ങളെ മൂടിവെയ്ക്കുക മാത്രമാണ് ചെയ്തത്.

മുതലാളിത്തവ്യവസ്ഥയിൽ മനുഷ്യത്വം ആദരിക്കപ്പെടുന്നില്ല. പണക്കൊതിയുടെ മാനദണ്ഡം കൊണ്ടാണ് മനുഷ്യതാല്പര്യങ്ങൾ അളക്കപ്പെടുന്നത്. മനുഷ്യനല്ല ലാഭക്കൊതിയാണ് മുതലാളിത്തത്തിന്റെ കേന്ദ്രം. സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, പരമാവധി ലാഭത്തിനുവേണ്ടിയുള്ള പരക്കംപാച്ചിലാണ് ആധുനിക മുതലാളിത്തത്തിന്റെ അടിസ്ഥാനനിയമം.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഫറിയെ, റോബർട്ട് ഓവൻ തുടങ്ങിയ യൂറോപ്യൻ സോഷ്യലിസ്റ്റുകാരും വിക്ടർ യൂഗോവിനെപ്പോലുള്ള വിശ്വസാഹിത്യകാരന്മാരും വർഗ്ഗസങ്കലിതമായ ലോകത്തിൽ സ്നേഹത്തിന്റെ സാമ്രാജ്യം കെട്ടിപ്പടുക്കാൻ ആഗ്രഹിച്ചു. പട്ടിണിയും കഷ്ടപ്പാടുമില്ലാത്ത ഒരു സമുദായത്തെപ്പറ്റി അവർ മോഹനങ്ങളായ സ്വപ്നങ്ങൾ കണ്ടു. പക്ഷേ, അവരുടെ സ്വപ്നങ്ങൾ വസ്തുനിഷ്ഠമായ നിയമങ്ങളുടെ അടിസ്ഥാനത്തിലല്ല, കേവലം വ്യക്തിനിഷ്ഠവുമായ നീതിബോധത്തിന്റെ അടിസ്ഥാനത്തിലാണ് രൂപമെടുത്തത്. അവരുടെ സാമൂഹ്യാദർശങ്ങളും യഥാർത്ഥമായ സാമൂഹ്യപരിതഃസ്ഥിതികളും തമ്മിൽ പൊരുത്തമുണ്ടായിരുന്നില്ല. അതുകൊണ്ട്, അവരുടെ മനുഷ്യസ്നേഹം ഉള്ളു പൊള്ളയായ ഒരു വ്യാമോഹം മാത്രമായി അവശേഷിച്ചു. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കണമെന്ന് അവർ ആഹ്വാനം ചെയ്തുനോക്കി. പക്ഷേ, മുതലാളിയായ മനുഷ്യൻ തൊഴിലാളിയായ മനുഷ്യനെ മർദ്ദിക്കുകയും ചവുട്ടിത്തേക്കുകയുമാണ് ചെയ്തത്. ഹിംസ, കൊല, കൊള്ള, യുദ്ധം മുതലായ സാമൂഹ്യരോഗങ്ങൾക്ക് യാതൊരു പരിഹാരവുമുണ്ടായില്ല. വർഗ്ഗസമരങ്ങൾ മൂർച്ഛിച്ചുകൊണ്ടിരുന്നു.

## തൊഴിലാളിവർഗ്ഗത്തിന്റെ മനുഷ്യസ്നേഹം

തൊഴിലാളിവർഗ്ഗം ഒരു സ്വതന്ത്രശക്തിയെന്ന നിലയ്ക്ക് രംഗപ്രവേശം ചെയ്തതോടുകൂടി മുതലാളിവർഗ്ഗത്തിന്റെ പരിമിതമായ മനുഷ്യസ്നേഹംപോലും അന്തർദ്ധാനം ചെയ്യാൻ തുടങ്ങി. അതിന്റെ സ്ഥാനത്ത് തൊഴിലാളിവർഗ്ഗത്തിന്റേതായ ഒരു പുതിയ തരം മനുഷ്യസ്നേഹമാവിർഭവിച്ചു. മാർക്സിസത്തിന്റെ മനുഷ്യസ്നേഹം.

സമുദായത്തിൽ യഥാർത്ഥമായി നിലനിൽക്കുന്ന വർഗ്ഗസമരങ്ങളുടെ നേർക്ക് അത് കണ്ണടച്ചില്ല. മർദ്ദകനും മർദ്ദിതനും തമ്മിൽ, ചൂഷകനും ചൂഷിതനും തമ്മിൽ,

പരസ്പരം സ്നേഹിച്ചുകൊണ്ടു ജീവിക്കാൻ സാധിക്കുമെന്ന വ്യാമോഹം സൃഷ്ടിക്കാൻ അതു തയ്യാറായില്ല. പുള്ളിപ്പുലികളുടെ പുള്ളികൾ നീക്കം ചെയ്ത് അവയെ മാൻ തോലുടുപ്പിക്കാനുള്ള ഒരു പരിപാടിയല്ല അതു മുന്നോട്ടു വെച്ചത്. ബൂർഷ്വാസി വാഴ്ത്തിപ്പാടുന്ന ആർത്തത്രാണപരായണത്വം കൊണ്ടോ വർഗ്ഗസഹകരണം കൊണ്ടോ ഭൂദാനയജ്ഞപ്രസ്ഥാനങ്ങൾ കൊണ്ടോ മനുഷ്യസമുദായത്തിൽ സുഖവും സംതൃപ്തിയും സൃഷ്ടിക്കുക സാദ്ധ്യമല്ലെന്നും ചൂഷകവർഗ്ഗക്കാരുടെ ഹൃദയപരിവർത്തനം വരുത്തിക്കൊണ്ടു സ്നേഹത്തിന്റെ സാമ്രാജ്യം സ്ഥാപിക്കാനാവില്ലെന്നും അതുറപ്പിച്ചുപറഞ്ഞു. മനുഷ്യനും മനുഷ്യനും തമ്മിൽ യഥാർത്ഥമായ സ്നേഹവും സൗഹാർദ്ദവുമുണ്ടാകണമെങ്കിൽ സമുദായത്തിന്റെ സാമ്പത്തികാടിത്തറയിൽ സമൂലമായ ഒരു പരിവർത്തനം വരുത്തണമെന്ന്, എന്നുവെച്ചാൽ, തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള സമരങ്ങളിലൂടെ മുതലാളിത്തത്തെ തട്ടിത്തകർക്കണമെന്ന്, അതു പ്രഖ്യാപിച്ചു.

## മാർക്സിസത്തിന്റെ പരിപാടി

തൊഴിലാളിവർഗ്ഗത്തിന്റെ തത്വശാസ്ത്രം തങ്ങളുടെ ബാങ്ക് അക്കൗണ്ടുകളുടെയും കൊള്ളകളുടെയും യുദ്ധപരിശ്രമങ്ങളുടെയും മുമ്പിൽ വലിയൊരു ഭീഷണിയായിത്തീരുന്നുവെന്ന് കണ്ടപ്പോൾ മുതലാളി വർഗ്ഗത്തിന് ശുണ്ഠി പിടിച്ചു. ഒരു കാലത്ത് ഫ്യൂഡലിസത്തിന്നെതിരായി ഉപയോഗിക്കപ്പെട്ട അവരുടെ മനുഷ്യസ്നേഹം ഇപ്പോൾ തൊഴിലാളിവർഗ്ഗത്തിനെതിരായി തിരിച്ചുവിടപ്പെട്ടു. അവർ മുക്രയിട്ടു. മാർക്സിസം വിദ്വേഷത്തിന്റെ ശാസ്ത്രമാണ്; കമ്യൂണിസ്റ്റുകാർ വർഗ്ഗസമരം സൃഷ്ടിക്കുന്നുവെന്നും മറ്റും മറ്റും.

ഹിംസയെ പൂജിക്കുകയും മനുഷ്യത്വത്തെ ചവിട്ടിയരയ്ക്കുകയും ചെയ്യുന്ന ബൂർഷ്വാ പണ്ഡിതമൂഢന്മാർ മനുഷ്യസ്നേഹത്തിന്റെ അർത്ഥംപോലും മാറ്റിയെഴുതി. പതിനായിരക്കണക്കിലുള്ള തൊഴിലാളികളെ ചൂഷണം ചെയ്ത് തട്ടിയെടുക്കുന്ന കോടിക്കണക്കിലുള്ള പണത്തിൽ നിന്ന് ഏതാനും ചെമ്പുതുട്ടുകൾ സമുദായത്തിന്റെ നന്മയ്ക്കുവേണ്ടി എറിഞ്ഞുകൊടുക്കുന്ന ഹെൻറി ഫോർഡും ടാറ്റയും യഥാർത്ഥ മനുഷ്യസ്നേഹികളായി. കൃഷിക്കാരിൽ നിന്ന് തട്ടിപ്പറിച്ചു സ്വന്തമാക്കി മാറ്റിയ പതിനായിരം ഏക്കർ ഭൂമിയിൽ നിന്ന് 4 ഏക്കർ ഭൂമി മടക്കിക്കൊടുക്കുന്ന നാടുവാഴിപ്രഭു യോഗം ചെയ്യുന്ന മഹർഷിയായി. നേരെമറിച്ചു മുതലാളിത്തത്തിന്റെ സ്വകാര്യസ്വത്തുടമയ്ക്കും അതിന്റെ ചൂഷണവ്യവസ്ഥയ്ക്കുമെതിരായി പോരാടിയ മാർക്സും എംഗൽസും ലെനിനും സ്റ്റാലിനുമെല്ലാം വിദ്വേഷത്തിന്റെ പ്രവാചകന്മാരും!

മുതലാളിവർഗ്ഗത്തിന്റെ കാപട്യംനിറഞ്ഞ 'മനുഷ്യസ്നേഹം' മനുഷ്യന്റെ യഥാർത്ഥമായ സുഖത്തേയും സംതൃപ്തിയേയും വെറുക്കുന്നു. സ്ഥാപിതതാല്പര്യങ്ങൾക്ക് ഉടവുതട്ടുമ്പോൾ ആ 'മനുഷ്യസ്നേഹം' എല്ലാ മൂടുപടങ്ങളും വലിച്ചെറിഞ്ഞ് നഗ്നമായ ക്രൂരതയും കൊലപാതകവുമായി മാറുന്നു.

## കമ്യൂണിസം യഥാർത്ഥ മനുഷ്യസ്നേഹം

തൊഴിലാളിവർഗ്ഗത്തിന്റെ മനുഷ്യസ്നേഹം വ്യത്യസ്തമാണ്. എന്നെന്നേക്കുമായി തങ്ങളുടെ സ്വന്തം അധികാരമുറപ്പിക്കാൻ വേണ്ടിയല്ല, മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന സമ്പ്രദായമവസാനിപ്പിക്കാനുള്ള കളമൊരുക്കാൻ വേണ്ടിയാണ് തൊഴിലാളിവർഗ്ഗം പോരാടുന്നത്. മറ്റൊരുവിധം പറഞ്ഞാൽ, വർഗ്ഗരഹിത സമുദായത്തിലേക്കുള്ള ഒരിടക്കാലഘട്ടം മാത്രമാണ് തൊഴിലാളിസർവ്വാധിപത്യം.

തൊഴിലാളിവർഗ്ഗം തങ്ങളെത്തന്നെ മോചിപ്പിച്ചുകൊണ്ട് സമുദായത്തെയാകെ മോചിപ്പിക്കുന്നു; തങ്ങളുടെ മേലുള്ള മർദ്ദനവും ചൂഷണവുമവസാനിപ്പിച്ചുകൊണ്ട് സമുദായത്തിലൊട്ടുക്കുമുള്ള മർദ്ദനവും ഹിംസയുമവസാനിപ്പിക്കുന്നു.

മനുഷ്യർക്കിടയിൽ ഹിംസയും വിദ്വേഷവും നിലനിർത്തുന്ന സമുദായഘടന തട്ടിത്തകർത്ത് ഹിംസയ്ക്കും ചൂഷണത്തിനും സ്ഥാനമില്ലാത്ത വർഗ്ഗരഹിതമായ ഒരു സമുദായം കെട്ടിപ്പടുത്താലല്ലാതെ മനുഷ്യന്റെ കായികവും മാനസികവുമായ എല്ലാ കഴിവുകളേയും സർവ്വതോന്മുഖമായി വളർത്തുകയും മനുഷ്യത്വത്തിന് വളരാനാവശ്യമായ എല്ലാ സാഹചര്യങ്ങളും സൃഷ്ടിക്കുകയും മനുഷ്യന്റെ ജീവിതം സുഖസമ്പന്നമാക്കുകയും ചെയ്യുക സാദ്ധ്യമല്ല. അതുകൊണ്ട് സാമൂഹ്യബന്ധങ്ങളെ മാറ്റാൻ വേണ്ടിയുള്ള സമരം മനുഷ്യത്വത്തെ വളർത്താൻവേണ്ടിയുള്ള സമരമാണ്. വർഗ്ഗരഹിതമായ സമുദായം കെട്ടിപ്പടുക്കാനുള്ള പരിപാടി സ്നേഹത്തെ വ്യാമോഹത്തിൽ നിന്ന് രക്ഷിച്ച് യാഥാർത്ഥ്യമാക്കി മാറ്റാനുള്ള പരിപാടിയാണ്.

എംഗെൽസ് പറയുന്നു:

'വർഗ്ഗങ്ങളുടെ വിനാശത്തിന് ചരിത്രപരിണാമത്തിൽ ഒരു ഘട്ടമെത്തേണ്ടതുണ്ട്. ആ ഘട്ടമെത്തിയാൽ ഏതെങ്കിലുമൊരു പ്രത്യേക ഭരണവർഗ്ഗം മാത്രമല്ല, ഏതു വർഗ്ഗവും—വർഗ്ഗപരമായ വ്യത്യാസങ്ങൾ തന്നെയും—ഒരു കാലഗണനാപ്രമാദമായിത്തീരും. ഉൽപ്പാദനത്തിന്റെ വളർച്ച ഒരു പ്രത്യേക ഘട്ടംവരെ വളർന്നുകഴിഞ്ഞാൽ ഉൽപ്പാദനോപകരണങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും സ്വകാര്യ ഉടമയേയും സംസ്കാരത്തിന്റെയും രാഷ്ട്രീയാധിശത്വത്തിന്റെയും കുത്തകയും രാഷ്ട്രീയമായും സാമ്പത്തികമായും ബുദ്ധിപരമായുമുള്ള വളർച്ചയ്ക്കു വിഘാതമായിത്തീരുന്നു. ഈ പതനം ഇപ്പോൾ എത്തിയിരിക്കുന്നു...ഉൽപ്പാദനോപകരണങ്ങളെ സമുദായം കൈവശപ്പെടുത്തുന്നതോടുകൂടി ചരക്കുകളുടെ നിർമ്മാണം അവസാനിപ്പിക്കപ്പെടുന്നു; അതോടൊപ്പം ഉൽപ്പന്നങ്ങൾക്ക് ഉൽപ്പാദകന്മാരുടെ മേലുള്ള മേധാവിത്വം അവസാനിക്കുന്നു. സാമൂഹ്യമായ ഉൽപ്പാദനത്തിൽ മുമ്പുണ്ടായിരുന്ന അരാജകത്വത്തിനു പകരം വ്യവസ്ഥിതമായ, തിട്ടമായ, സംഘടനയാണുണ്ടായിത്തീരുന്നത്. വ്യക്തികളുടെ ജീവസന്ധാരണത്തിനുള്ള പരസ്പര സമരം അവസാനിക്കുന്നു. അപ്പോൾ ആദ്യമായി മനുഷ്യൻ, ഒരു പ്രത്യേക അർത്ഥത്തിൽ, ബാക്കിയുള്ള മൃഗലോകത്തിൽ നിന്നും ഉപരിയായി നിൽക്കുന്നു; മൃഗീയമായ ജീവിതനിർവ്വഹണോപാധികളിൽ നിന്ന് മാനുഷികതയിലേക്കുയർത്തപ്പെടുന്നു. മനുഷ്യനെ ഇതുവരേക്കും ഭരിച്ചിരുന്ന അയാളുടെ ജീവിതത്തിന്റെ ചുറ്റുപാടുകൾ ഇപ്പോൾ തികച്ചും മനുഷ്യന്റെ നിയന്ത്രണത്തിലായിത്തീരുന്നു. മനുഷ്യൻ ആദ്യമായി പ്രകൃതിയുടെ മേൽ യഥാർത്ഥമായും ബോധപൂർവ്വമായും അധികാരം നടത്താൻ തുടങ്ങുന്നു. കാരണം, ഇപ്പോൾ അയാൾ തന്റെ സമുദായഘടനയുടെ നിയന്ത്രകനായിത്തീരുന്നു. ഇതുവരേയ്ക്കും അയാളുടെ സ്വന്തം സാമൂഹ്യപ്രവർത്തനത്തിന്റെ നിയമങ്ങൾ അയാൾക്കെതിരായി പ്രകൃതിനിയമങ്ങൾപോലെ അയാളെ കീഴടക്കിക്കൊണ്ടാണ് നിലനിന്നിരുന്നതെങ്കിൽ ഇപ്പോൾ അവ അയാളുടെ ചൊല്പടിക്കു കീഴടങ്ങുന്നു. ഇതുവരേയ്ക്കും പ്രകൃതിയും ചരിത്രവും ഒരു നിർബന്ധ നിയമമെന്ന നിലയ്ക്ക് മനുഷ്യന്റെമേൽ ചുമത്തിയിരുന്ന സാമൂഹ്യസംഘടന, ഇപ്പോൾ അയാളുടെ സ്വതന്ത്രമായ പ്രവർത്തനത്തിന്റെ ഫലമായുള്ളതായിത്തീരുന്നു. ഇതുവരേയ്ക്കും ചരിത്രത്തെ നിയന്ത്രിച്ചിരുന്ന ബാഹ്യശക്തികൾ ഇപ്പോൾ അയാളുടെ ഇച്ഛയ്ക്കനുസൃതമായി പ്രവർത്തിക്കുന്നു. ഈ ഘട്ടം മുതൽക്കു മാത്രമേ മനുഷ്യൻ അയാളുടെ സ്വന്തം ചരിത്രം നിർമ്മിക്കുകയുള്ളു; ഈ കാലം മുതൽക്കു മാത്രമേ അയാൾ ഇളക്കിവിടുന്ന സാമൂഹ്യശക്തികൾ അയാൾ ആഗ്രഹിക്കുന്ന ഫലത്തെ പ്രദാനം ചെയ്യുകയുള്ളൂ.

ഇതോടൊപ്പം മനുഷ്യൻ നിർബന്ധ നിയമങ്ങളുടെ ലോകത്തിൽനിന്നും സ്വാതന്ത്ര്യത്തിന്റെ ലോകത്തിലേക്കുയരുന്നു’.

# 5

# മാർക്സിസത്തിന്റെ ചരിത്രശാസ്ത്രം

## 1

പണ്ട് കേരളത്തിൽ ജന്മിയും രാജാവുമുണ്ടായിരുന്നില്ല. സാമൂഹ്യജീവിതത്തിന്റെ നിയന്ത്രണത്തിൽ ഏതാനും വ്യക്തികൾ മാത്രമല്ല, എല്ലാ ജനങ്ങൾക്കും പങ്കുണ്ടായിരുന്നു. കാലക്രമത്തിൽ ആ പ്രാചീനജനാധിപത്യ വ്യവസ്ഥയ്ക്ക് ഉടവുതട്ടി. നാടുവാഴികളും രാജാക്കന്മാരും രംഗപ്രവേശം ചെയ്തു. പിന്നീട് കേരളമാകെ ബ്രിട്ടീഷുകാരുടെ കയ്യിലായി. മുതലാളിത്തരീതിയിലുള്ള ഫാക്ടറികളും വ്യവസായങ്ങളുമാവിർഭവിച്ചു. കേരളത്തിലൊരു ദേശീയപ്രസ്ഥാനമുണ്ടായി. മുതലാളിയും തൊഴിലാളിയും തമ്മിലുള്ള വർഗ്ഗസംഘട്ടനങ്ങളുടെ കാലംവന്നു. സംഘടിതമായ തൊഴിലാളിവർഗ്ഗവും കമ്യൂണിസ്റ്റ് പാർട്ടിയുമുണ്ടായി.

അങ്ങനെ കേരളത്തിന്റെ ചരിത്രത്തിൽ പല മാറ്റങ്ങളുമുണ്ടായിക്കഴിഞ്ഞിരിക്കുന്നു. ജനങ്ങളുടെ ജീവിതരീതി, വർഗ്ഗബന്ധങ്ങൾ, ഭരണവ്യവസ്ഥ, സാമൂഹ്യസ്ഥാപനങ്ങൾ, ആശയങ്ങൾ, ചിന്തകൾ – എല്ലാം മാറിക്കഴിഞ്ഞിരിക്കുന്നു. വമ്പിച്ച മാറ്റങ്ങൾ ഇനിയും ഉണ്ടാകാൻ പോവുകയാണ്.

കേരളത്തിന്റെ മാത്രമല്ല, എല്ലാ നാടുകളുടെയും കഥയിതാണ്. ദശാബ്ദങ്ങളും ശതാബ്ദങ്ങളും സഹസ്രാബ്ദങ്ങളും പിന്നിട്ട് കാലം മുന്നോട്ടുപോകുമ്പോൾ സാമൂഹ്യവ്യവസ്ഥകളിൽ പല പരിവർത്തനങ്ങളും വരുന്നു. സാമൂഹ്യാശയങ്ങളിലും ജനങ്ങളുടെ ചിന്താഗതികളിലും സാമൂഹ്യരാഷ്ട്രീയ സ്ഥാപനങ്ങളിലും മാറ്റങ്ങളുണ്ടാകുന്നു.

### ആത്മനിഷ്ഠമായ ചരിത്രവ്യാഖ്യാനങ്ങൾ

എന്താണീ മാറ്റങ്ങൾക്കു കാരണം? ചരിത്രം മാറുകയും ഒരു സാമൂഹ്യവ്യവസ്ഥയുടെ സ്ഥാനത്ത് മറ്റൊരു സാമൂഹ്യവ്യവസ്ഥ പൊന്തിവരികയും ചെയ്യുന്നതെന്തുകൊണ്ടാണ്? എല്ലാം ദൈവത്തിന്റെ കളികളാണെന്ന് കരുതുന്നവരുണ്ട്. എല്ലാം യാദൃച്ഛിക സംഭവങ്ങളാണെന്നും വരുന്നത് വരുംപോലെ കാണാമെന്നും കരുതിയിരിക്കുന്നവരുണ്ട്. മഹാന്മാരായ ചില വ്യക്തികളുടെ ധീരോദാത്തങ്ങളോ മനുഷ്യസ്നേഹപരങ്ങളോ ആയ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് ചരിത്രം മാറുന്നത് എന്ന് വിശ്വസിക്കുന്ന വേറെ ചിലരുമുണ്ട്. ഇക്കൂട്ടരുടെ അഭിപ്രായത്തിൽ മനുഷ്യനാണ്

ചരിത്രത്തിന്റെ നിയാമകശക്തി. രണ്ടു രാജാക്കന്മാർ തമ്മിലുള്ള സൗന്ദര്യപ്പിണക്കങ്ങൾ യുദ്ധത്തിനു വഴിതെളിയിക്കുന്നു; നേതാക്കന്മാരുടെ മഹത്വത്തിന്റെ ഫലമായി നാടിന്റെ ചരിത്രം മാറ്റിയെഴുതപ്പെടുന്നു; ലെനിൻ എന്ന ഒരു മഹാത്മാവിന്റെ പ്രവർത്തനമാണ് റഷ്യൻ വിപ്ലവമുണ്ടാക്കിയത്; ഗാന്ധിജിയുണ്ടായിരുന്നില്ലെങ്കിൽ ഇന്ത്യയിലൊരു ദേശീയപ്രസ്ഥാനമോ സാമ്രാജ്യാധിപത്യത്തിന്നെതിരായ സമരങ്ങളോ ഉണ്ടാകുമായിരുന്നില്ല! ഫ്രഞ്ചുവിപ്ലവത്തിന്റെ ബുദ്ധിജീവികളിലൊരാളായ ദിദറൊവിന്റെ അഭിപ്രായത്തിൽ വീരപുരുഷന്മാരുടെ പ്രവർത്തനങ്ങളുടെ ഫലം മാത്രമാണ് ചരിത്രം. 19ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന ഹേഗലിന്റെ അഭിപ്രായത്തിൽ സർവ്വശക്തമായ 'പരമാത്മാ'വിന്റെ വികാസമാണ് ചരിത്രത്തിന്റെ വളർച്ചയുടെ അടിസ്ഥാനം. അദ്ധ്വാനിക്കുകയും ജീവിക്കുകയും ജീവിക്കാൻ വേണ്ടി സമരങ്ങൾ നടത്തുകയും ചെയ്യുന്ന ജനങ്ങൾ ആ പരമാത്മാവിന്റെ കല്പനകൾ നടപ്പിൽ വരുത്തുന്നവർ മാത്രമാണ്! മതങ്ങളിലുണ്ടാകുന്ന മാറ്റങ്ങളുടെ അടിസ്ഥാനത്തിലാണ് ചരിത്രം മാറുന്നത് എന്നായിരുന്നു ഫൊയർബേക്കിന്റെ അഭിപ്രായം. പത്തൊമ്പതാം നൂറ്റാണ്ടിലെ യൂട്ടോപ്യൻ സോഷ്യലിസ്റ്റ് നേതാക്കന്മാർ പോലും, ചരിത്രത്തെ സംബന്ധിച്ചിടത്തോളം, ആത്മീയമായ ഒരു നിലപാടാണ് കൈക്കൊണ്ടത്. മനുഷ്യന്റെ മാനസികപുരോഗതിയാണ് ചരിത്രത്തിന്റെ പുരോഗതിക്കടിസ്ഥാനം എന്നവർ വിശ്വസിച്ചു. വിദ്യാഭ്യാസം കൊണ്ടും പ്രചാരവേലകൊണ്ടും ചൂഷകവർഗ്ഗക്കാരെ പരിഷ്കരിക്കാനും അങ്ങനെ സമുദായത്തെ പുരോഗമിപ്പിക്കാനും കഴിയുമെന്നായിരുന്നു അവരുടെ വിശ്വാസം.

ആത്മനിഷ്ഠമായ ആശയങ്ങളുടെയും ചിന്താഗതികളുടെയും അടിസ്ഥാനത്തിലാണ് ഇവരെല്ലാം ചരിത്രത്തെ നോക്കിക്കാണുന്നത്. വ്യക്തികളുടെ ഇച്ഛാശക്തിയാണ് ചരിത്രത്തിന്റെ നിയാമകശക്തിയെന്ന് അവർ വിശ്വസിക്കുന്നു.

അങ്ങനെ 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലംവരെയും ചരിത്രത്തെ ശാസ്ത്രീയമായും വസ്തുനിഷ്ഠമായും വിശകലനം ചെയ്തു പരിശോധിക്കാൻ ആർക്കും സാധിച്ചിരുന്നില്ല. ലോകചരിത്രത്തിൽ തൊഴിലാളിവർഗ്ഗം ഒരു സ്വതന്ത്രശക്തിയെന്ന നിലയ്ക്ക് ഉയർന്നുവന്നതോടുകൂടിയാണ് സാമൂഹ്യജീവിതത്തിനും ചരിത്രത്തിനും ശാസ്ത്രീയമായ ഒരു പുതിയ വിശകലനം ലഭിച്ചത്.

## തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രശാസ്ത്രം

എല്ലാത്തരം വർഗ്ഗചൂഷണങ്ങളുമവസാനിപ്പിച്ച് മർദ്ദനവും കഷ്ടപ്പാടുമില്ലാത്ത, വർഗ്ഗരഹിതമായ, ഒരു പുതിയ സാമൂഹ്യവ്യവസ്ഥ സൃഷ്ടിക്കുക എന്നതാണ് തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രപരമായ പങ്ക്. മുതലാളിവർഗ്ഗത്തിനെതിരായ സമരങ്ങളിലൂടെ തൊഴിലാളിവർഗ്ഗം സാമൂഹ്യയാഥാർത്ഥ്യങ്ങളെപ്പറ്റി കാര്യമായി ചിന്തിക്കാനും അവയുടെ പിന്നിലുള്ള ശക്തികളെ മനസ്സിലാക്കാനും പഠിക്കുന്നു. രാഷ്ട്രീയ പ്രശ്നങ്ങളുടെ പിന്നിൽ ഭൗതിക താല്പര്യങ്ങൾ ഒളിഞ്ഞുകിടക്കുന്നുണ്ടെന്ന് – രാഷ്ട്രീയ പ്രശ്നങ്ങളുടെയെല്ലാം പശ്ചാത്തലം ഭൗതികതാൽപര്യങ്ങൾ മാത്രമാണെന്ന് – അവർ കണ്ടുപിടിക്കുന്നു. അങ്ങിനെ സാമൂഹ്യജീവിതത്തെയും ചരിത്രത്തെതന്നെയും അവർ ശാസ്ത്രീയമായി മനസ്സിലാക്കാൻ തുടങ്ങുന്നു. ഇങ്ങനെയാണ് ചരിത്രപരമായ ഭൗതികവാദം ആവിർഭവിച്ചത്.

എംഗെൽസ് വിവരിക്കുന്നു:

> "ചരിത്രത്തെക്കുറിച്ച് ഇന്നേവരെ നിലവിലുണ്ടായിരുന്ന ധാരണകളെല്ലാംതന്നെ അപ്പടി മാറ്റിമറിക്കത്തക്കവിധം ചരിത്രപ്രധാനമായ പലതും സംഭവിച്ചുകഴിഞ്ഞിരു

> ന്നു. 1831ൽ ലിയോൺസിൽവെച്ച തൊഴിലാളിവർഗ്ഗത്തിന്റെ ഒന്നാമത്തെ കലാപമുണ്ടായി. 1838നും 1848നുമിടയ്ക്ക് ഇംഗ്ലണ്ടിൽ ചാർട്ടിസ്റ്റുകാരുടെ ദേശീയ തൊഴിലാളിപ്രസ്ഥാനം പൂർണ്ണവളർച്ചയിലെത്തി... "
>
> "തൊഴിലാളിയും മുതലാളിയും തമ്മിലുള്ള വർഗ്ഗസംഘട്ടനങ്ങളാരംഭിച്ച കഴിഞ്ഞിരുന്നു... പക്ഷേ, നിലവിലുണ്ടായിരുന്ന പഴയ ആത്മീയവീക്ഷണരീതിക്ക് ഭൗതികതാല്പര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള വർഗ്ഗസമരത്തെക്കുറിച്ചാകട്ടെ, ഭൗതികതാല്പര്യങ്ങളെക്കുറിച്ചെങ്കിലുമാകട്ടെ, ഒരു ചുക്കും അറിഞ്ഞുകൂടായിരുന്നു... പുതിയ സംഭവവികാസങ്ങൾ ഭൂതകാലചരിത്രത്തെക്കുറിച്ചുള്ള ഒരു പുനഃപരിശോധന അത്യന്താപേക്ഷിതമാക്കിത്തീർത്തു... അപ്പോഴാണ് ഭൂതകാലചരിത്രം മുഴുവൻ വർഗ്ഗസമരങ്ങളുടെ ചരിത്രമാണെന്നും, ഈ സമരം ചെയ്യുന്ന വർഗ്ഗങ്ങൾ അതാതുകാലത്തെ ഉൽപ്പാദനവിനിമയ സമ്പ്രദായങ്ങളുടെ – സാമ്പത്തികവ്യവസ്ഥയുടെ – സൃഷ്ടികളാണെന്നും വെളിവായത്. അപ്പോൾ ഓരോ ചരിത്രകാലഘട്ടത്തിലുമുണ്ടാകുന്ന രാഷ്ട്രീയവും നിയമപരവുമായ സ്ഥാപനങ്ങളെയോ മതപരവും തത്വശാസ്ത്രപരവും മറ്റുമായ ആശയങ്ങളേയോ മനസ്സിലാക്കാനുള്ള യഥാർത്ഥമായ അടിസ്ഥാനം അതാതുകാലത്തെ സമുദായത്തിന്റെ സാമ്പത്തികഘടനയാണെന്ന് വ്യക്തമായി".

അങ്ങനെ പുതിയൊരു ശാസ്ത്രീയവീക്ഷണരീതി ആവശ്യമായി വന്നപ്പോഴാണ് ചരിത്രപരമായ ഭൗതികവാദം ജന്മമെടുത്തത്.

## മഹാന്മാരുടെ സ്ഥാനം

മനുഷ്യനാണ് ചരിത്രം സൃഷ്ടിക്കുന്നത്. മനുഷ്യന്റെ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് നിലവിലുള്ള സാമൂഹ്യവ്യവസ്ഥ മാറ്റിമറിക്കപ്പെടുകയും പുതിയ സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കപ്പെടുകയും ചെയ്യുന്നത്. പക്ഷേ, മനുഷ്യന് തന്റെ സ്വന്തം ഇഷ്ടമനുസരിച്ച്, ഇഷ്ടമുള്ളപ്പോൾ, സമുദായത്തെ മാറ്റിമറിയ്ക്കാനും തന്റെ ആഗ്രഹത്തിനൊത്തപടി പുതിയൊരു സാമൂഹ്യവ്യവസ്ഥ സൃഷ്ടിക്കാനും കഴിയുമോ? ഉദാഹരണത്തിന്, പിന്നണിയിലുള്ള ഒരു കോളനി രാജ്യത്തെ പെട്ടെന്ന്, ഒറ്റയടിക്ക് ഒരു സോഷ്യലിസ്റ്റ് രാഷ്ട്രമാക്കി മാറ്റാൻ കഴിയുമോ? മനുഷ്യൻ ആഗ്രഹിച്ചാൽ തന്നെ 16-ാം നൂറ്റാണ്ടിലോ 17-ാം നൂറ്റാണ്ടിലോ തൊഴിലാളിവിപ്ലവം നടത്തി സോഷ്യലിസം സ്ഥാപിക്കുക സാദ്ധ്യമായിരുന്നുവോ? 1917 നവംബറിലാണ് റഷ്യയിലെ തൊഴിലാളിവർഗ്ഗം ലെനിന്റേയും സ്റ്റാലിന്റേയും നേതൃത്വത്തിൽ മുതലാളിത്തത്തെ തട്ടിത്തകർത്തത്. സ്വന്തം അധികാരം സ്ഥാപിച്ചത്. അന്നുതന്നെ, ഒരൊറ്റയടിക്ക്, എല്ലാത്തരം വർഗ്ഗവ്യത്യാസങ്ങളുമവസാനിപ്പിച്ച് 'ഓരോരുത്തനിൽ നിന്നും കഴിവനുസരിച്ച്, ഓരോരുത്തനും ആവശ്യമനുസരിച്ച്' എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തിയ കമ്യൂണിസ്റ്റ് സമുദായഘടന കെട്ടിപ്പടുക്കാൻ അവർക്കെന്തുകൊണ്ടു സാധിച്ചില്ല? ചൈനയിൽ ജനകീയജനാധിപത്യവിപ്ലവം നടത്താൻ നേതൃത്വം നൽകിയ സഖാവ് മാവോസേതുങ്ങ് അവിടെ എന്തുകൊണ്ടിനിയും കമ്യൂണിസം നടപ്പിൽ വരുത്തിയില്ല? ഏതാനും ആഴ്ചകൾക്കുള്ളിൽ ചൈനയെ വർഗ്ഗരഹിതമായ കമ്യൂണിസ്റ്റ് രാജ്യമാക്കി മാറ്റണമെന്നു സഖാവ് മാവോ ആഗ്രഹിച്ചാൽ തന്നെയും അതു നടക്കുന്ന കാര്യമാണോ?.

ഇതുപോലെതന്നെ ആത്മനിഷ്ഠമായ സ്വന്തം ആഗ്രഹങ്ങൾക്കനുസരിച്ച് ചരിത്രത്തെ പിന്നോട്ടു പിടിച്ച് തിരിക്കുവാനും ആർക്കും സാധ്യമല്ല. ഉദാഹരണത്തിന് സംസ്കൃതം ഇന്ത്യയുടെ പൊതുഭാഷയായിത്തീരണമെന്ന് ആഗ്രഹിക്കുന്നവരുണ്ട്; വർണ്ണാശ്രമധർമ്മങ്ങളിലേക്ക് മടങ്ങിപ്പോകണമെന്നും അയിത്തം, പാർട്ടി

മുതലായ അനാചാരങ്ങൾ എന്നെന്നും നിലനിർത്തണമെന്നും മറ്റും ആഗ്രഹിക്കുന്നവരുണ്ട്. മുതലാളിത്തരീതിയിലുള്ള ആധുനിക വ്യവസായങ്ങളൊന്നുമില്ലാത്ത കൈവേലകളും കുടിൽ വ്യവസായങ്ങളും മാത്രമുള്ള, ഒരു 'വികേന്ദ്രീകരണ' യുഗത്തിലേക്ക് തിരിച്ചുപോകണമെന്ന് ആഗ്രഹിക്കുന്നവരുണ്ട്. ചരിത്രത്തിന്റെ ഗതി തിരിച്ചുവെയ്ക്കാനുള്ള ഈ ആഗ്രഹങ്ങളെല്ലാം ആർക്കെങ്കിലും നടപ്പിൽ വരുത്താൻ സാധിക്കുമോ?

ഇത്തരം ചോദ്യങ്ങൾക്കെല്ലാം മാർക്സിസം അസന്നിഗ്ധമായ മറുപടി പറയുന്നുണ്ട്. മനുഷ്യന് ഇഷ്ടമുള്ളപ്പോൾ ഇഷ്ടമുള്ള തരത്തിൽ സാമൂഹ്യവ്യവസ്ഥയെ മാറ്റി മറിക്കാനാവില്ലെന്നും മനുഷ്യന്റെ ഇഷ്ടാനിഷ്ടങ്ങളിൽ നിന്ന് സ്വതന്ത്രമായി നിലനിൽക്കുന്ന വസ്തുനിഷ്ഠമായ സാമൂഹ്യപരിതഃസ്ഥിതികളെ കണക്കിലെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ മാത്രമേ ഫലപ്രദമാകൂ എന്നും മാർക്സിസം തീർത്തുപറയുന്നു. സഖാവ് സ്റ്റാലിൻ പറയുകയുണ്ടായി:

"മഹാന്മാരായ വ്യക്തികൾ ചരിത്രത്തിൽ നിർവ്വഹിക്കുന്ന പങ്കിനെയോ മനുഷ്യനാണ് ചരിത്രം നിർമ്മിക്കുന്നത് എന്ന യാഥാർത്ഥ്യത്തെയോ മാർക്സിസം ഒരിക്കലും നിഷേധിക്കുന്നില്ല. പക്ഷേ, ഒന്നുണ്ട്: തങ്ങളുടെ തലയിലുണ്ടാകുന്ന, മുൻകൂട്ടി തയ്യാറാക്കിവെയ്ക്കപ്പെട്ട, ഏതെങ്കിലും ചില അസംബന്ധങ്ങളായ ആശയങ്ങൾക്കനുസരിച്ചല്ല, മനുഷ്യർ ചരിത്രം നിർമ്മിക്കുന്നത്. ഓരോ തലമുറയും നിശ്ചിതമായ ചില പരിതഃസ്ഥിതികളെ അഭിമുഖീകരിക്കുന്നു. ആ തലമുറ ജനിക്കുമ്പോൾ തന്നെ നിലനിൽക്കുന്ന പരിതഃസ്ഥിതികളാണവ. മഹാന്മാരായ മനുഷ്യർ മഹാന്മാരാകുന്നത് ആ പരിതഃസ്ഥിതികൾ ശരിക്കെങ്ങിനെയിരിക്കുന്നുവെന്നും അവയെ എങ്ങനെയാണ് മാറ്റേണ്ടത് എന്നും മനസ്സിലാക്കുന്നതുകൊണ്ടാണ്".

സാമൂഹ്യപരിവർത്തനങ്ങൾക്ക് വേണ്ടിയുള്ള ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾക്ക് രൂപം കൊടുക്കുന്നേടത്തോളം കാലം മാത്രമേ മഹാന്മാർ അനുസരിക്കപ്പെടുന്നുള്ളൂ.

## വസ്തുനിഷ്ഠമായ നിയമങ്ങൾ

പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾക്കെന്നപോലെ സാമൂഹ്യപരിവർത്തനങ്ങൾക്കും ചില സവിശേഷ നിയമങ്ങളുണ്ട്. ആ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് പരിതഃസ്ഥിതികൾ മാറുകയും മനുഷ്യസമുദായം വളരുകയും ചെയ്യുന്നത്. മനുഷ്യന്റെ ഇച്ഛാശക്തിയിൽ നിന്നു സ്വതന്ത്രമായി പ്രവർത്തിക്കുന്ന വസ്തുനിഷ്ഠമായ നിയമങ്ങളാണവ. എന്നുവെച്ചാൽ, ആ നിയമങ്ങളെ ഇഷ്ടംപോലെ മാറ്റിമറിക്കാനോ തനിക്കിഷ്ടമുള്ള പുതിയ നിയമങ്ങളുണ്ടാക്കുവാനോ മനുഷ്യന് സാദ്ധ്യമല്ല.

സഖാവ് സ്റ്റാലിൻ എഴുതുന്നു:

> "മുതലാളിത്ത കാലഘട്ടത്തിലായാലുംശരി, സോഷ്യലിസ്റ്റ് കാലഘട്ടത്തിലായാലും ശരി, പ്രകൃതി ശാസ്ത്രത്തിലെന്നപോലെ ഇവിടെയും സാമ്പത്തികവളർച്ചയുടെ നിയമങ്ങൾ വസ്തുനിഷ്ഠമായ നിയമങ്ങളാണ്. ജനങ്ങളുടെ ഇച്ഛാശക്തിയിൽനിന്ന് സ്വതന്ത്രമായി ഉണ്ടാകുന്ന സാമ്പത്തികവളർച്ചയെയാണവ പ്രതിഫലിപ്പിക്കുന്നത്. ജനങ്ങൾക്ക് ഈ നിയമങ്ങളെ കണ്ടുപിടിക്കാം മനസ്സിലാക്കാം, സമുദായത്തിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടി അവയെ ഉപയോഗിക്കാം, അവയിൽ ചിലതിന്റെ നശീകരണ പ്രസ്ഥാനങ്ങളെ മറ്റു വഴികളിലേക്ക് തിരിച്ചുവിടുകയും അവയുടെ പ്രവർത്തന പരിധികളെ നിയന്ത്രിക്കുകയും ചെയ്യാം. പക്ഷേ, അവയെ നശിപ്പിക്കുവാനോ പുതിയ നിയമങ്ങൾ സൃഷ്ടിക്കുവാനോ സാദ്ധ്യമല്ല".

ഇതിന്റെ അർത്ഥം സാമൂഹ്യനിയമങ്ങളുടെ മുമ്പിൽ മനുഷ്യൻ നിസ്സഹായനാണെന്നല്ല, സമുദായം ഇന്ന വഴിയ്ക്കാണ് നീങ്ങുന്നതെന്നും ഇന്ന വഴിയ്ക്കേ നീങ്ങുകയുള്ളുവെന്നും മനസ്സിലാക്കുന്ന ഒരാൾക്ക് സാമൂഹ്യപ്രവർത്തനങ്ങളിൽ ബോധപൂർവ്വം പങ്കെടുക്കാൻ കഴിയും. സാമൂഹ്യവളർച്ചയെ നിർണയിക്കുന്ന നിയമങ്ങൾ കണ്ടുപിടിക്കുകയും മനസ്സിലാക്കുകയും ചെയ്താൽ അവയെ ജനങ്ങളുടെയും ജനകീയവിപ്ലവത്തിന്റെയും താൽപ്പര്യങ്ങൾക്കുവേണ്ടി ബോധപൂർവ്വം ഉപയോഗിക്കാൻ സാധിക്കും. ഇതാണ് സാമൂഹ്യവളർച്ചയുടെ നിയമങ്ങൾ പഠിയ്ക്കുന്നതിന്റെ ആവശ്യം. ഈ നിയമങ്ങളുടെ ശാസ്ത്രത്തിനാണ് ചരിത്രപരമായ ഭൗതികവാദം എന്നുപറയുന്നത്.

## 2

ചരിത്രപരമായ ഭൗതികവാദം ആശയങ്ങളെയോ ആത്മീയജീവിതത്തെയോ നിഷേധിക്കുന്നില്ല. അവ യഥാർത്ഥമായി നിലനിൽക്കുന്നുണ്ട്. പക്ഷേ, പ്രാഥമികവും അടിസ്ഥാനപരവുമായത് ആത്മീയജീവിതമല്ല, ആശയങ്ങളുമല്ല; നേരെമറിച്ച്, ഭൗതികസാഹചര്യങ്ങളാണ്. ഭൗതികസാഹചര്യങ്ങൾ മനുഷ്യന്റെ ആഗ്രഹാഭിലാഷങ്ങളിൽ നിന്ന് സ്വതന്ത്രമായി നിലനിൽക്കുന്ന വസ്തുനിഷ്ഠമായ യാഥാർത്ഥ്യമാണ്. ആത്മീയജീവിതമാകട്ടെ, ആ വസ്തുനിഷ്ഠമായ ഭൗതികയാഥാർത്ഥ്യത്തിന്റെ പ്രതിഫലനം മാത്രമാണ്. സാമൂഹ്യജീവിതത്തിന്റെ ഭൗതികപരിതഃസ്ഥിതികളാണ് സാമൂഹ്യാശയങ്ങളുടെയും രാഷ്ട്രീയസ്ഥാപനങ്ങളുടെയും സ്വഭാവങ്ങളെ നിർണയിക്കുന്ന യഥാർത്ഥമായ അടിത്തറ.

ഭൗതികപരിതഃസ്ഥിതികൾ എന്നുവെച്ചാലെന്താണ്? അതിൽ താഴെ പറയുന്നവയെല്ലാമുൾപ്പെടുന്നു.

1. സമുദായത്തിനു ചുറ്റുമുള്ള പ്രകൃതി, അതായത് ഭൂമിശാസ്ത്രപരമായ പരിതഃസ്ഥിതികൾ, 2. ജനസംഖ്യ, അതിലുണ്ടാകുന്ന വർദ്ധനവും കുറവും, 3. ജനങ്ങളുടെ ജീവിതത്തിനാവശ്യമായ ഭൗതികവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന രീതി.

ഭൂമിശാസ്ത്രപരമായ പരിതഃസ്ഥിതികൾ സാമൂഹ്യവളർച്ചയിൽ സ്വാധീനം ചെലുത്തുന്നുണ്ട്; സമുദായത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തുകയോ തടയുകയോ ചെയ്യുന്നുണ്ട്. എന്നാൽ, ചില ബൂർഷ്വാ ചരിത്രകാരന്മാർ ഭൂമിശാസ്ത്രത്തിന്റെ സ്വാധീനശക്തിയെ അതിശയോക്തിപരമായി കാണുന്നു. സാമൂഹ്യവ്യവസ്ഥയുടെ സ്വഭാവങ്ങളെയും സാമൂഹ്യവളർച്ചയെത്തന്നെയും നിർണ്ണയിക്കുന്നത് ഭൂമിശാസ്ത്രമാണെന്ന് അവർ വാദിക്കുന്നു. അവിടെനിന്നവർ ജനകീയ പ്രസ്ഥാനങ്ങൾക്കെതിരായ പിന്തിരിപ്പൻ രാഷ്ട്രീയ സിദ്ധാന്തങ്ങൾ രൂപവൽക്കരിക്കുന്നു.

### ചില അശാസ്ത്രീയ വാദങ്ങൾ

ഉദാഹരണത്തിന്, ധാരാളം അസംസ്കൃത സാമഗ്രികളുള്ളതുകൊണ്ടാണ് ഏഷ്യൻ രാജ്യങ്ങൾ കോളണികളും കാർഷിക രാജ്യങ്ങളുമായി തീർന്നതെന്നു ചില ആംഗ്ലോ അമേരിക്കൻ ചരിത്രകാരന്മാർ വാദിക്കുന്നുണ്ട്. എന്നാൽ, ചില ഏഷ്യൻ രാജ്യങ്ങൾ പിന്നണിയിലുള്ള കാർഷിക രാജ്യങ്ങളായി അധഃപതിച്ചു കിടക്കുമ്പോൾ സോവിയറ്റ് റഷ്യയും ജനകീയ ചൈനയും വ്യാവസായികമായി അഭിവൃദ്ധിപ്പെടുന്നതെന്തുകൊണ്ടാണ്? ആദ്യം കോളനിയായിരുന്ന ഒരു രാജ്യം പിന്നീട് സ്വാതന്ത്ര്യം നേടുകയും അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നത് ഭൂമിശാസ്ത്രപരമായ വല്ല പരിണാമങ്ങളുടെയും ഫലമായിട്ടാണോ?

ഇരുമ്പ്, കൽക്കരി മുതലായ സാമഗ്രികളുടെ സാന്നിദ്ധ്യമാണ് വ്യാവസായികമായ അഭിവൃദ്ധിക്കും തന്മൂലമുണ്ടാകുന്ന പരിവർത്തനങ്ങൾക്കും കാരണമെന്നു ചിലർ പറയുന്നു. ഇതും ശരിയല്ല. ഉദാഹരണത്തിന് ജർമ്മനിയെ നോക്കിയാൽ മതി. ജർമ്മനിയുടെ ഭൂമിയ്ക്കടിയിൽ ഇരുമ്പും കൽക്കരിയും പണ്ടേ ഉണ്ടായിരുന്നു. എന്നിട്ടും 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മാത്രമാണ് ആ രാജ്യം ഒരു വ്യവസായരാജ്യമായി മാറിയത്.

ബ്രിട്ടന്റെ ശക്തിയുടെ അടിസ്ഥാനം കടലാണെന്ന് സ്കൂൾ കുട്ടികളെ പഠിപ്പിക്കാറുണ്ട്. കടൽ ഇപ്പോഴും അവിടെത്തന്നെയുണ്ട്. പക്ഷേ, 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും ബ്രിട്ടനുണ്ടായിരുന്ന ശക്തിയും പ്രതാപവും ഇന്നെവിടെപ്പോയി? അപ്പോൾ, പ്രകൃതിയും അസംസ്കൃതസാധനങ്ങളും കടലും പർവ്വതങ്ങളും ചരിത്രത്തിന്റെ നിയമശക്തികളാണെന്ന വാദം തികച്ചും തെറ്റാണെന്ന് സമ്മതിക്കണം. വാസ്തവത്തിൽ, ഭൂമിശാസ്ത്രപരമായ പരിതഃസ്ഥിതികൾ നിർണായകമായ സ്വാധീനശക്തിയൊന്നും ചെലുത്തുന്നില്ല. എന്തുകൊണ്ടെന്നാൽ, സമുദായത്തിലുണ്ടാകുന്ന മാറ്റങ്ങൾ ഭൂമിശാസ്ത്രപരമായ മാറ്റങ്ങളേക്കാൾ എത്രയോ വേഗത്തിലാണ് സംഭവിക്കുന്നത്. യൂറോപ്പിൽ 3000 കൊല്ലങ്ങൾക്കിടയിൽ ഒന്നിനുശേഷം മറ്റൊന്നായി പ്രാകൃത കമ്യൂണിസം, അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം എന്നിങ്ങനെ വ്യത്യസ്തങ്ങളായ നാലു സാമൂഹ്യവ്യവസ്ഥകളുണ്ടായി. യൂറോപ്പിന്റെ ഒരു ഭാഗത്ത്, സോവിയറ്റ് യൂണിയനിൽ, അഞ്ചാമതൊരു സാമൂഹ്യവ്യവസ്ഥ-സോഷ്യലിസം-ആവിർഭവിച്ചു. ഈ കാലത്തിനിടയ്ക്ക് യൂറോപ്പിന്റെ ഭൂമിശാസ്ത്രത്തിൽ പറയത്തക്ക മാറ്റമൊന്നുമുണ്ടായിട്ടില്ല. ഇന്ത്യയിലും ഭൂമിശാസ്ത്രപരമായ മാറ്റങ്ങളേക്കാൾ എത്രയോ വേഗത്തിലാണ് സാമൂഹ്യവും രാഷ്ട്രീയവുമായ പരിവർത്തനങ്ങളുണ്ടായത്. കഴിഞ്ഞ അര നൂറ്റാണ്ടിന്നിടയ്ക്കുതന്നെ എന്തെല്ലാം മാറ്റങ്ങളാണുണ്ടായിട്ടുള്ളത്? അപ്പോൾ, ഭൂമിശാസ്ത്രപരമായ പരിതഃസ്ഥിതികളിലല്ല ചരിത്രത്തിന്റെ നിയാമകശക്തിയെ ആരായേണ്ടത്.

ജനസംഖ്യയുടെ വർദ്ധനവും കുറവും സാമൂഹ്യജീവിതത്തിൽ സ്വാധീനശക്തി ചെലുത്തുന്നുണ്ട്. ജനസംഖ്യയിലുണ്ടാകുന്ന മാറ്റങ്ങൾക്ക് സാമൂഹ്യവളർച്ചയെ ത്വരിതപ്പെടുത്താനോ മന്ദീഭവിപ്പിക്കാനോ സാധിക്കും. പക്ഷേ, ചരിത്രത്തിൽ നിർണായകമായ സ്വാധീനശക്തി ചെലുത്താൻ അതിന് സാധിക്കുന്നുണ്ടോ? ജനസംഖ്യ വർദ്ധിക്കുന്നതുകൊണ്ടാണ് പട്ടിണിയും തൊഴിലില്ലായ്മയും വർദ്ധിക്കുന്നത് എന്നു ചില ബൂർഷ്വാ സാമൂഹ്യശാസ്ത്രജ്ഞന്മാർ വാദിക്കുന്നുണ്ട്. അത് ശരിയല്ല, കാരണം, ജനസംഖ്യയിൽ പറയത്തക്ക മാറ്റമൊന്നുമില്ലാതിരിക്കേ ജനങ്ങളുടെ ജീവിതരീതിയാകെ മാറ്റിമറിക്കുന്ന തരത്തിൽ ചരിത്രം മാറുന്നത് നമ്മൾ കാണുന്നുണ്ട്. നമ്മുടെ അയൽരാജ്യമായ ചൈനയുടെ ജനസംഖ്യ 50 കോടിയിൽ നിന്നു 60 കോടിയായി വർദ്ധിച്ചപ്പോൾ, പട്ടിണിയും തൊഴിലില്ലായ്മയും വർദ്ധിക്കുകയല്ല, കൃഷിയും വ്യവസായവും അഭിവൃദ്ധിപ്പെടുകയാണ് ചെയ്തത്. ജനസംഖ്യയിൽ മാറ്റമുണ്ടായതുകൊണ്ടല്ല മുതലാളിത്തറഷ്യ സോവിയറ്റ് യൂണിയനായി രൂപാന്തരപ്പെട്ടത്. രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ സംഭവവികാസങ്ങൾക്കും വിവിധരാജ്യങ്ങളിലെ ജനസംഖ്യക്കും തമ്മിൽ എന്തു ബന്ധമാണുള്ളത്.

അപ്പോൾ, സാമൂഹ്യജീവിതത്തിലും സാമൂഹ്യഘടനകളിലും മാറ്റങ്ങളുണ്ടാകുന്നതെങ്ങിനെയെന്നു മനസ്സിലാക്കാൻ ജനസംഖ്യയിലുണ്ടാകുന്ന മാറ്റങ്ങൾ പരിശോധിച്ചാൽ പോരാ, ജനസംഖ്യയല്ല ചരിത്രത്തിന്റെ നിയാമകശക്തി.

## സാമൂഹ്യപുരോഗതിയുടെ അടിസ്ഥാനം

അശാസ്ത്രീയങ്ങളായ ബൂർഷ്വാചിന്താഗതികളെയെല്ലാം വെല്ലുവിളിച്ചുകൊണ്ട് മാർക്സും എംഗെൽസും രൂപവൽക്കരിച്ച ചരിത്രശാസ്ത്രത്തിനു മാത്രമേ സാമൂഹ്യപ്രതിഭാസങ്ങളേയും സാമൂഹ്യപരിവർത്തനങ്ങളേയും ശരിയായി വിവരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. സമുദായത്തിന്റെ വളർച്ചയുടെ പിന്നിൽ വസ്തുനിഷ്ഠമായ നിയമങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ആശയപരവും രാഷ്ട്രീയവും സാംസ്കാരികവുമായ പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും സമുദായത്തിന്റെ ഭൗതികജീവിതത്തിന്റെ വളർച്ചയുടെ അടിസ്ഥാനത്തിലാണ് ഉയർന്നുവരുന്നതെന്നും സമുദായത്തിന്റെ ഭൗതികജീവിതത്തെ നിർണയിക്കുന്നത് അതാതു കാലഘട്ടത്തിലെ ഉൽപാദനരീതിയാണെന്നും മാർക്സും എംഗെൽസുമാണ് ആദ്യമായി വ്യക്തമാക്കിയത്.

മനുഷ്യനു ജീവിക്കണമെങ്കിൽ ഭക്ഷണം വേണം; വസ്ത്രം വേണം; പാർപ്പിട സൗകര്യങ്ങൾ വേണം. പത്രം, പുസ്തകം, സിനിമ മുതലായവയും ആവശ്യമാണ്. ഈ ജീവിതാവശ്യങ്ങൾ നേടണമെങ്കിൽ മനുഷ്യൻ അദ്ധ്വാനിക്കണം. തനിക്കാവശ്യമുള്ള സാധനങ്ങൾ നേരിട്ട് ഉൽപ്പാദിപ്പിക്കുന്നില്ലെങ്കിൽ മറ്റുള്ളവരുൽപ്പാദിപ്പിക്കുന്നതു കിട്ടിയാലും മതി. രണ്ടായാലും ഉൽപ്പാദനം കൂടിയേ കഴിയൂ.

പ്രാകൃതമനുഷ്യന് ഇന്നത്തെപ്പോലെ യന്ത്രങ്ങളും മറ്റുമുണ്ടായിരുന്നില്ല. കല്ലിൻകഷ്ണങ്ങളും മരം കൊണ്ടുള്ള വടികളും മാത്രമായിരുന്നു അവന്റെ ഉപകരണങ്ങൾ. പതുക്കെപ്പതുക്കെ പുതിയ പുതിയ ഉപകരണങ്ങളും ആയുധങ്ങളും ഉപയോഗത്തിൽവന്നു. പണിയായുധങ്ങൾ പരിഷ്കരിക്കുന്തോറും ജീവിതവിഭവങ്ങൾ ഉൽപ്പാദിപ്പിക്കുന്ന രീതിയിലും മാറ്റങ്ങളുണ്ടായി. ഉൽപ്പാദനരീതിയിൽ മാറ്റങ്ങളുണ്ടായപ്പോൾ മനുഷ്യന്റെ ജീവിതരീതിയിലും മാറ്റങ്ങളുണ്ടായി. ഉദാഹരണത്തിന്, കല്ലുകൊണ്ടുള്ള ഉപകരണങ്ങളുടെ സ്ഥാനത്ത് വില്ലും അമ്പും ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ ജീവിതത്തിലാകെ വമ്പിച്ച മാറ്റങ്ങളാണുണ്ടായത്. വില്ലുമമ്പും ഉപയോഗിച്ചു കൂടുതൽ എളുപ്പത്തിൽ ധാരാളം മൃഗങ്ങളെ പിടിക്കാമെന്നായി. അന്നന്നു വേട്ടയാടി ജീവിക്കുന്നതിന് പകരം മൃഗങ്ങളെ കൂട്ടത്തോടെ പിടിച്ചുമെരുക്കി വളർത്താമെന്നായി. വേട്ടയാടുന്ന മനുഷ്യൻ മൃഗങ്ങളെ പോറ്റിവളർത്തുന്ന മനുഷ്യനായി മാറി.

അപ്പോഴും ഉൽപ്പാദനം വളരെ കുറവായിരുന്നു; കൃഷി വളരെ തുച്ഛമായിരുന്നു. പക്ഷേ, ഇരുമ്പുകൊണ്ടുള്ള കലപ്പയും മറ്റുപകരണങ്ങളും കണ്ടുപിടിച്ചതോടെ കൃഷി പരിഷ്കരിച്ചു. സ്വത്തുക്കൾ വർദ്ധിച്ചു. സ്വന്തം ജീവിതത്തിനാവശ്യമായതിലും കവിഞ്ഞ സാമഗ്രികൾ നിർമ്മിക്കാമെന്നായി. സ്വന്തമായി പണിയെടുക്കുന്നതിന് പകരം അടിമകളെ പിടിച്ചുകൊണ്ടുവന്ന് പണിയെടുപ്പിക്കാമെന്നായി. ചരിത്രത്തിലാദ്യമായി ഉൽപ്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരായ ധനികന്മാരും അവരുടെ കീഴിൽ പ്രവർത്തിക്കുന്ന അടിമകളും തമ്മിലുള്ള വർഗ്ഗസമരമാരംഭിച്ചു.

ഉൽപ്പാദനോപകരണങ്ങൾ പിന്നെയും പരിഷ്കരിച്ചു. പലവിധ ലോഹങ്ങളും ഉപയോഗത്തിൽ വന്നു. പലതരം കൈവേലകളുമാരംഭിച്ചു. ഇങ്ങനെ അനേകം നൂറ്റാണ്ടുകളിലെ വളർച്ചയുടെ ഫലമായിട്ടാണ് യന്ത്രങ്ങളും മറ്റും ഉപയോഗിക്കപ്പെടാൻ തുടങ്ങിയത്. യന്ത്രങ്ങളുടെ ആവിർഭാവം ഉൽപ്പാദനരീതിയിൽ വീണ്ടും മാറ്റങ്ങളുണ്ടാക്കി. കൈത്തറി നെയ്ത്തിന്റെ ഉൽപ്പാദനരീതിയും പവർലൂം നെയ്ത്തിന്റെ ഉൽപ്പാദനരീതിയും ഒരുപോലെയാവാൻ തരമില്ലല്ലോ. കുടിൽ വ്യവസായങ്ങൾ വൻകിട യന്ത്രവ്യവസായങ്ങൾക്ക് വഴി മാറി കൊടുക്കുമ്പോൾ സാധനങ്ങളുൽപ്പാദിപ്പിക്കുന്ന രീതിയിലും മാറ്റമുണ്ടായേ തീരൂ. ഉൽപ്പാദനരീതിയിൽ മാറ്റമുണ്ടാകുമ്പോൾ ഉൽപ്പാ

ദനത്തിലേർപ്പെട്ട ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും മാറ്റമുണ്ടാകുന്നു; സാമൂഹ്യ വ്യവസ്ഥയാകെ മാറുന്നു.

ചുരുക്കിപ്പറഞ്ഞാൽ, ഉൽപ്പാദനരീതിയിലുണ്ടാകുന്ന മാറ്റങ്ങളാണ് സാമൂഹ്യ പുരോഗതിയുടെ അടിസ്ഥാനം. അപ്പോൾ, സാമൂഹ്യപുരോഗതിയുടെ നിയമങ്ങളെന്നുപറയുന്നത് ഉൽപ്പാദനരീതിയിലുണ്ടാകുന്ന മാറ്റങ്ങളുടെ നിയമങ്ങളെയാണ്. ഉൽപ്പാദനരീതിയാണ് സാമൂഹ്യവ്യവസ്ഥയുടെ സ്വഭാവവിശേഷങ്ങളെയും ഒരു വ്യവസ്ഥയിൽ നിന്നു മറ്റൊരു വ്യവസ്ഥയിലേക്കുള്ള സമുദായത്തിന്റെ വളർച്ചയേയും നിർണ്ണയിക്കുന്നത്.

## 3

ഉൽപ്പാദനരീതി എന്നുപറയുമ്പോൾ അതിൽ രണ്ടു ഘടകങ്ങളടങ്ങിയിരിക്കുന്നു – ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും. ഉൽപ്പാദനത്തിനുപയോഗിക്കുന്ന ഉപകരണങ്ങളും അവയുപയോഗിക്കാനുള്ള കഴിവ്, അനുഭവജ്ഞാനം, വൈദഗ്ധ്യം മുതലായവയോടുകൂടിയ മനുഷ്യരും – ഇതാണ് ഉൽപ്പാദനശക്തികൾ. ഭൗതികമൂല്യങ്ങളുൽപ്പാദിപ്പിക്കാൻ വേണ്ടി മനുഷ്യർ പ്രകൃതിയെ ഉപയോഗിക്കുന്നു. ഉൽപ്പാദനശക്തികൾ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെയാണ് കുറിക്കുന്നത്.

ഉൽപ്പാദനത്തിൽ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം മാത്രമല്ല ഉള്ളത്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധവുമുണ്ട്. മനുഷ്യർ പ്രകൃതിക്കെതിരായി സമരം ചെയ്യുകയും ഭൗതികമൂല്യങ്ങളുൽപ്പാദിപ്പിക്കാൻ വേണ്ടി പ്രകൃതിശക്തികളെ ഉപയോഗിക്കുകയും ചെയ്യുന്നത് ഒറ്റയ്ക്കൊറ്റയ്ക്കായിട്ടല്ല, പരസ്പരം ബന്ധപ്പെട്ടുകൊണ്ടാണ്; കൂട്ടംകൂട്ടമായിട്ടാണ്. ഉൽപ്പാദനത്തിനു വേണ്ടി മനുഷ്യർ തമ്മിലുണ്ടാകുന്ന ബന്ധങ്ങളെയാണ് ഉൽപ്പാദന ബന്ധങ്ങൾ എന്നുപറയുന്നത്.

മാർക്സ് പറയുന്നു:

> "ഉൽപ്പാദനം നടത്തുന്നതിനിടയ്ക്ക് മനുഷ്യൻ പ്രകൃതിയെ മാത്രമല്ല രൂപപ്പെടുത്തുന്നത്; തന്നെത്തന്നെയും മാറ്റിമറിക്കുന്നു. ഒരു സവിശേഷരീതിയിൽ സഹകരിച്ചുനിന്നും തങ്ങളുടെ അദ്ധ്വാനഫലങ്ങളെ പരസ്പരം കൈമാറിയും മാത്രമേ മനുഷ്യർക്ക് ഉൽപ്പാദനം നടത്താൻ കഴിയുകയുള്ളൂ. ഉൽപ്പാദനം നടത്തുവാനായി അവർ വ്യക്തമായ ചില പരസ്പരബന്ധങ്ങളിലേർപ്പെടുന്നു. ഈ പരസ്പരബന്ധങ്ങളുടെ പരിധിക്കകത്തു നിന്നുകൊണ്ടു മാത്രമേ അവർ പ്രകൃതിയെ ഉപയോഗപ്പെടുത്തുന്നുള്ളൂ; ഉൽപ്പാദിപ്പിക്കുന്നുള്ളൂ".

ഇങ്ങനെ ഉൽപ്പാദനശക്തികളുടെയും, ഉൽപ്പാദനബന്ധങ്ങളുടെയും ഐക്യത്തിന്റെ സജീവസ്വരൂപമാണ് ഉൽപ്പാദനരീതി.

## ചരിത്രശാസ്ത്രത്തിന്റെ കടമ

ഉൽപ്പാദനത്തിന്റെ ഒന്നാമത്തെ സവിശേഷത അത് എല്ലായ്പ്പോഴും ഒരേതരത്തിൽ, യാതൊരു മാറ്റവുമില്ലാതെ, നിലനിൽക്കുകയില്ലെന്നുള്ളതാണ്. അത് ഇടവിടാതെ മാറുകയും വളരുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഉൽപ്പാദന രീതിയിലുണ്ടാകുന്ന മാറ്റങ്ങൾ സാമൂഹ്യവ്യവസ്ഥയിലാകെ മാറ്റങ്ങളുണ്ടാക്കുന്നു. സാമൂഹ്യാശയങ്ങളിലും രാഷ്ട്രീയചിന്താഗതികളിലും രാഷ്ട്രീയസ്ഥാപനങ്ങളിലും പരിവർത്തനങ്ങളുണ്ടാക്കുന്നു; അപ്പോൾ, ചരിത്രമെന്നുവെച്ചാൽ ഉൽപ്പാദനത്തിന്റെ ചരിത്രമാണ്,

ഉൽപ്പാദനരീതിയിലുണ്ടാകുന്ന മാറ്റങ്ങളുടെ കഥയാണ്. അതിനാൽ, രാജാക്കന്മാരുടെയും സേനാനായകന്മാരുടെയും വീരപരാക്രമങ്ങളും പ്രണയകോലാഹലങ്ങളും യുദ്ധസന്നാഹങ്ങളും വിജയപരാജയങ്ങളും മാത്രം വിവരിച്ചാൽ അതു ചരിത്രമാവില്ല. ചരിത്രമെന്നാൽ ജീവിതമൂല്യങ്ങളുൽപ്പാദിപ്പിക്കുന്നവരുടെ ചരിത്രമാണ്. അതുകൊണ്ട് സാമൂഹ്യചരിത്രത്തിന്റെ നിയമങ്ങൾ മനസ്സിലാക്കണമെങ്കിൽ നേതാക്കന്മാരുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ പോരാ; സമുദായത്തിൽ മേധാവിത്വം വഹിക്കുന്നവരുടെ ആശയങ്ങളും ചിന്താഗതികളും പരിശോധിച്ചാൽ പോരാ; നേരെമറിച്ച്, അവയെല്ലാം അടിസ്ഥാനമായ ഉൽപ്പാദനരീതി പരിശോധിക്കണം. ചരിത്രശാസ്ത്രത്തിന്റെ ഏറ്റവും പ്രധാനമായ കടമ ഉൽപ്പാദനത്തിന്റെ വളർച്ചയുടെ നിയമങ്ങൾ കണ്ടുപിടിക്കുകയാണ്; ഉൽപ്പാദനശക്തികളുടെയും ഉൽപ്പാദനബന്ധങ്ങളുടെയും മാറ്റങ്ങളുടെ നിയമങ്ങൾ വ്യക്തമാക്കുകയാണ്.

## ഉൽപ്പാദനബന്ധങ്ങളുടെ പങ്ക്

ഉൽപ്പാദന രീതിയുടെ രണ്ടാമത്തെ സവിശേഷത അതിലുണ്ടാകുന്ന മാറ്റങ്ങൾ ഉൽപ്പാദന ശക്തികളുടെ – പ്രത്യേകിച്ചും ഉൽപ്പാദനോപകരണങ്ങളുടെ – മാറ്റങ്ങളോടുകൂടിയാണ് ആരംഭിക്കുന്നത് എന്നതാണ്. ആദ്യം സമുദായത്തിലെ ഉൽപ്പാദനശക്തികൾ മാറുന്നു. അതോടെ, അതിന്റെ തോതനുസരിച്ചുതന്നെ, ജനങ്ങളുടെ സാമ്പത്തിക ബന്ധങ്ങളിലും മാറ്റങ്ങളുണ്ടായിത്തീരുന്നു. ഇതിന്റെ അർത്ഥം ഉൽപ്പാദനത്തിന്റെ ചരിത്രത്തിൽ ഉൽപ്പാദനബന്ധങ്ങൾക്ക് ക്രിയാത്മകമായ യാതൊരു പങ്കുമില്ലെന്നല്ല. പുതിയ ഉൽപ്പാദനബന്ധങ്ങൾ ഉൽപ്പാദനശക്തികളുടെ വളർച്ചയേയും സഹായിക്കുന്നു. പക്ഷേ, പുതിയ ഉൽപ്പാദനബന്ധങ്ങൾ എല്ലായ്പ്പോഴും പുതിയവയായിത്തന്നെ നിലനിൽക്കുകയില്ല. കാരണം അവയ്ക്കുള്ളിൽ ഉൽപാദന ശക്തികൾ പിന്നെയും വളരുകയാണ്. ഉൽപ്പാദനശക്തികളുടെ വളർച്ച ഒരു ഘട്ടം വരെയെത്തിയാൽ പിന്നെ അവ നിലവിലുള്ള ഉൽപാദനബന്ധങ്ങളിൽ ഒതുങ്ങാതാവുന്നു. ഉൽപ്പാദനശക്തികളുടെ വളർച്ചയെ സഹായിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്ത അതേ ഉൽപ്പാദനബന്ധങ്ങൾ ഇപ്പോൾ അവയെ തടഞ്ഞുനിർത്താൻ തുടങ്ങുന്നു. എന്നുവെച്ചാൽ, ഉൽപ്പാദനബന്ധങ്ങൾ ആദ്യം നിർവ്വഹിച്ചിരുന്ന പങ്കും ഇപ്പോൾ നിർവ്വഹിക്കുന്ന പങ്കും വ്യത്യസ്തങ്ങളാണ്.

ആദ്യഘട്ടത്തിൽ ഉൽപാദനബന്ധങ്ങൾ ഉൽപ്പാദനശക്തികളുടെ വളർച്ചയെ ത്വരിതപ്പെടുത്തുകയെന്ന പുരോഗമനപരമായ പങ്കുവഹിക്കുന്നു. പക്ഷേ, പിന്നീട് ഉൽപ്പാദനശക്തികൾ ഒരു ഘട്ടംവരെ വളരുമ്പോഴേക്കും നിലവിലുള്ള ഉൽപ്പാദനബന്ധങ്ങൾ കാലത്തിനൊത്തതല്ലാതായിത്തീരുന്നു; പിന്തിരിപ്പനായിത്തീരുന്നു. അവ ഉൽപ്പാദനശക്തികളുടെ വളർച്ചയെ തടയുകയും അങ്ങനെ ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിലുള്ള സംഘട്ടനങ്ങളും സമരങ്ങളും പൊന്തിവരികയും ചെയ്യുന്നു.

പ്രാകൃതകമ്യൂണിസം, അടിമത്തം, ഫ്യൂഡലിസം മുതലാളിത്തം തുടങ്ങിയ ഓരോ സാമൂഹ്യഘടനയും ആദ്യകാലത്ത് പുരോഗമനപരമായ പങ്കാണ് നിർവ്വഹിച്ചിരുന്നത്. മുതലാളിത്തത്തിന്റെ പങ്കിനെക്കുറിച്ച് സ്റ്റാലിൻ എഴുതുന്നതു നോക്കുക:

'ബൂർഷ്വാവിപ്ലവത്തെ തുടർന്നുണ്ടായ കാലഘട്ടത്തിൽ, അതായത്, ബൂർഷ്വാസി ഉൽപ്പാദനത്തിന്റെ നാടുവാഴിത്തബന്ധങ്ങളെ തകർക്കുകയും ബൂർഷ്വാ ഉൽപ്പാദനബന്ധങ്ങളെ സ്ഥാപിക്കുകയും ചെയ്തതിനുശേഷം; ബൂർഷ്വാ ഉൽപ്പാദനബന്ധങ്ങൾ ഉൽപ്പാദനശക്തികളുടെ സ്വഭാവത്തോടും തികച്ചും പൊരുത്തപ്പെ

ട്ട കാലങ്ങൾ ഉണ്ടായിരുന്നുവെന്നു തീർച്ചയാണ്. അല്ലെങ്കിൽ ബൂർഷ്വാ വിപ്ലവത്തിനു ശേഷമുണ്ടായതുപോലെ അത്രവേഗത്തിൽ മുതലാളിത്തത്തിനു വളരാൻ കഴിയുമായിരുന്നില്ല'.

ഉൽപ്പാദനശക്തികൾക്ക് പൂർണ്ണമായി വളരാൻ കഴിയണമെങ്കിൽ അവയുടെ സ്വഭാവത്തിന് പൂർണ്ണമായി യോജിച്ചവയും അവയ്ക്ക് വളരാൻ സൗകര്യം നൽകുന്നവയുമായ ഉൽപ്പാദനബന്ധങ്ങൾ കൂടിയേ കഴിയൂ. അതുകൊണ്ടാണ് ഉൽപ്പാദനശക്തികളുടെ വളർച്ചയെ തടഞ്ഞുനിർത്തുന്ന ഉൽപ്പാദനബന്ധങ്ങൾ മാറ്റിമറിക്കപ്പെടുകയും പുതിയ ഉൽപ്പാദനബന്ധങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്യുന്നത്.

ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിൽ പൊരുത്തമുണ്ടായിരിക്കണമെന്നത് അനിഷേദ്ധ്യമായ ഒരു സാമ്പത്തികനിയമമാണ്. ഈ നിയമം പ്രവർത്തിക്കുന്നതിന്റെ ഫലമായിട്ടാണ് സമുദായത്തിൽ വ്യത്യസ്തങ്ങളായ ഉൽപ്പാദനബന്ധങ്ങൾ – വ്യത്യസ്തങ്ങളായ സാമ്പത്തിക സാമൂഹ്യ വ്യവസ്ഥകൾ – പ്രത്യക്ഷപ്പെടുന്നത്.

## അഞ്ചുതരം ഉൽപ്പാദനബന്ധങ്ങൾ

പ്രാകൃതകമ്യൂണിസം, അടിമത്തം, നാടുവാഴി പ്രഭുത്വം, മുതലാളിത്തം, സോഷ്യലിസം എന്നിങ്ങനെ അഞ്ചുതരം ഉൽപ്പാദനബന്ധങ്ങളാണ് ചരിത്രത്തിലിതുവരെ ഉണ്ടായിട്ടുള്ളത്.

പ്രാകൃതകമ്യൂണിസത്തിൽ എല്ലാ ഉൽപ്പാദനോപകരണങ്ങളും പൊതുവുടമയിലാണ്. വർഗ്ഗവ്യത്യാസങ്ങളില്ല, വർഗ്ഗചൂഷണങ്ങളില്ല, വർഗ്ഗസമരങ്ങളില്ല.

അടിമത്തവ്യവസ്ഥയിൽ എല്ലാ ഉൽപ്പാദനോപകരണങ്ങളും അടിമയുടമസ്ഥന്മാരുടെ നിയന്ത്രണത്തിലാണ്. അടിമകൾ തന്നെയും അവരുടെ സ്വകാര്യസ്വത്തുക്കളാണ്. പഴയ കൂട്ടുടമവ്യവസ്ഥ തകർക്കപ്പെടുകയും ഉൽപ്പാദകന്മാർ അടിമകളാക്കി മാറ്റപ്പെടുകയും എല്ലാ സാമൂഹ്യവിഭവങ്ങളും ഒരു വർഗ്ഗത്തിന്റെ നിയന്ത്രണത്തിലായിത്തീരുകയും ചെയ്തു.

നാടുവാഴി പ്രഭുത്വത്തിൽ ഉൽപ്പാദനോപകരണങ്ങളുടെ ഉടമസ്ഥൻ നാടുവാഴിയാണ്. ഉൽപ്പാദനം നടത്തുന്നവർ യഥാർത്ഥത്തിൽ അടിമയല്ല. എങ്കിലും അയാൾ അദ്ധ്വാനിച്ചുണ്ടാക്കുന്ന സ്വത്തുക്കളുടെ വലിയൊരുഭാഗം നാടുവാഴിക്ക് കൊടുക്കണം. അടിമയുടമകളുടെ സ്ഥാനത്തു പുതിയ മേധാവികൾ – നാടുവാഴി പ്രഭുക്കൾ എന്ന പുതിയവർഗ്ഗം – ആവിർഭവിച്ചിരിക്കുന്നു. ഉൽപ്പാദകന്മാർ ചൂഷണം ചെയ്യപ്പെടുകയും ഉൽപ്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാർ എല്ലാ സാമൂഹ്യസ്വത്തുക്കളേയും നിയന്ത്രിക്കുകയും ചെയ്യുന്നു.

മുതലാളിത്തവ്യവസ്ഥയിൽ മുതലാളിയാണ് ഉൽപ്പാദനോപകരണങ്ങളുടെ ഉടമസ്ഥൻ. ഉൽപ്പാദകന്റെ കയ്യിൽ ഉൽപ്പാദനോപകരണങ്ങളില്ല. അയാൾ സ്വത്തില്ലാത്ത തൊഴിലാളിയായി മാറ്റപ്പെട്ടിരിക്കുന്നു. തന്റെ അദ്ധ്വാനശക്തിയെ ഉൽപ്പാദനോപകരണങ്ങളുടെ ഉടമസ്ഥനായ മുതലാളിക്ക് വിൽക്കാതെ തൊഴിലാളിക്ക് ജീവിതം പുലർത്താൻ സാദ്ധ്യമല്ല. കാരണം എല്ലാ സാമൂഹ്യസ്വത്തുക്കളും മുതലാളിവർഗ്ഗത്തിന്റെ നിയന്ത്രണത്തിലാണ്. കമ്യൂണിസത്തിന്റെ ആദ്യഘട്ടമായ സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ഉൽപ്പാദനോപകരണങ്ങൾ വീണ്ടും സമുദായത്തിന്റെ പൊതുവുടമയിലാക്കപ്പെടുകയും മുതലാളികൾ അധികാരസ്ഥാനങ്ങളിൽ നിന്ന് നീക്കം ചെയ്യപ്പെടുകയും ചെയ്യുന്നു. സമുദായത്തിന്റെ സ്വത്തുക്കൾ മുഴുവനും

ഉൽപ്പാദകരുടെ നിയന്ത്രണത്തിലായതുകൊണ്ട് ആർക്കും അന്യന്റെ അദ്ധ്വാനത്തിന്മേൽ കൊള്ളലാഭമടിക്കാൻ നിവൃത്തിയില്ല. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന സമ്പ്രദായം ഇതോടെ അവസാനിക്കുന്നു. ഉൽപ്പാദനം മുഴുവൻ നടക്കുന്നത് സമുദായത്തിന്റെയാകെ നന്മയ്ക്കും പുരോഗതിക്കും ഉതകത്തക്കവിധം മുൻകൂട്ടി തയ്യാറാക്കിയ പ്ലാനനുസരിച്ചായിരിക്കും.

പ്രാകൃത കമ്മ്യൂണിസത്തിലും കമ്മ്യൂണിസ്റ്റ് സമുദായത്തിലും രണ്ടിലും പൊതുവുടമയാണുള്ളത്. ഇതിന്റെ അർത്ഥം രണ്ടു വ്യവസ്ഥകളും ഒരുപോലെയാണെന്നല്ല. പ്രാകൃത കമ്മ്യൂണിസം കമ്മ്യൂണിസത്തിലേക്കുള്ള മടങ്ങിപ്പോക്കല്ല. പ്രാകൃത കമ്മ്യൂണിസത്തിൽ ഉൽപ്പാദനശക്തികൾ പ്രാകൃതങ്ങളാണ്, തികച്ചും അപരിഷ്കൃതങ്ങളാണ്. അതുകൊണ്ടാണ് കൂട്ടായ ഉൽപ്പാദനവും കൂട്ടായ ഉപഭോഗവും ആവശ്യമായിത്തീർന്നത്. മറിച്ച്, കമ്മ്യൂണിസ്റ്റ് സമുദായത്തിലാകട്ടെ, 'ഓരോരുത്തനിൽ നിന്നും കഴിവനുസരിച്ച്, ഓരോരുത്തനും ആവശ്യമനുസരിച്ച്' എന്നതത്വം നടപ്പിൽവരുത്താൻ കഴിയത്തക്കവണ്ണം ഉൽപ്പാദനശക്തികൾ വളർന്നിരിക്കുന്നു.

ഈ അഞ്ചു സാമൂഹ്യവ്യവസ്ഥകളുടെ ഉത്ഭവവും വളർച്ചയും എല്ലാ രാജ്യങ്ങളിലും ഒരുപോലെയായിക്കൊള്ളണമെന്നില്ല. പരിതഃസ്ഥിതികളുടെ വ്യത്യാസമനുസരിച്ച് ഈ സാമൂഹ്യവ്യവസ്ഥകളിൽ പല സവിശേഷതകളും കാണപ്പെട്ടുവെന്നുവരും. പക്ഷേ, ഒന്നു തീർച്ച; സാമൂഹ്യപരിവർത്തനങ്ങളുടെ ഈ നിയമമനുസരിച്ച് മാത്രമാണ് ചരിത്രത്തിൽ എല്ലാ രാജ്യങ്ങളിലും ഒന്നിനുപിറകെ മറ്റൊന്നായി വിവിധ സാമൂഹ്യവ്യവസ്ഥകൾ പൊന്തിവരുന്നത്. ഇന്ത്യയിലെയും സ്ഥിതി വ്യത്യസ്തമല്ല. പ്രാകൃതകമ്മ്യൂണിസം, അടിമത്തം, ഫ്യൂഡലിസം എന്നീ സാമൂഹ്യ വ്യവസ്ഥകളെ പിന്നിട്ടുകൊണ്ടുതന്നെയാണ് ഇന്ത്യാചരിത്രവും ഇന്നത്തെ ഘട്ടത്തിലെത്തിച്ചേർന്നിട്ടുള്ളത്.

## മനുഷ്യസ്വാതന്ത്ര്യത്തിന്റെ പരിമിതി

ഒരു സാമൂഹ്യ വ്യവസ്ഥയിൽ നിന്നു മറ്റൊരു സാമൂഹ്യവ്യവസ്ഥയിലേക്കുള്ള പരിവർത്തനത്തിൽ ഉൽപ്പാദനത്തിനു മൂന്നാമതൊരു സവിശേഷത കാണാം. പഴയ ഉൽപ്പാദനബന്ധങ്ങളെ പരിപൂർണമായി നശിപ്പിച്ചതിനുശേഷമല്ല പുതിയ ഉൽപ്പാദനശക്തികൾ ഉയർന്നുവരുന്നത്. മറിച്ച്, പഴയ ഉൽപ്പാദനബന്ധങ്ങൾക്കുള്ളിലാണ്, നിലവിലുള്ള സാമൂഹ്യവ്യവസ്ഥക്കുള്ളിലാണ്, അവ വളരുന്നത്. മനുഷ്യൻ ഇഷ്ടപ്പെട്ടാലുമില്ലെങ്കിലും അവ വളർന്നുവരും. മറ്റൊരുവിധം പറഞ്ഞാൽ, മനുഷ്യന്റെ മനഃപൂർവ്വമായ പ്രവർത്തനത്തിന്റെ ഫലമായിട്ടല്ല, മനുഷ്യന്റെ ഇച്ഛാശക്തിക്ക് വിധേയമാകാത്ത രീതിയിലാണ്, ഉൽപ്പാദനശക്തികൾ വളരുന്നത്. എന്തെന്നാൽ, ഒന്നാമതായി, ഇഷ്ടമുള്ള ഉൽപ്പാദനരീതി തിരഞ്ഞെടുക്കാൻ മനുഷ്യന് സ്വാതന്ത്ര്യമില്ല. ഓരോ തലമുറയും അതിന്റെ മുമ്പത്തെ തലമുറകളുടെ പ്രയത്നഫലമായുണ്ടായ ഉൽപ്പാദനശക്തികളെയാണ് അഭിമുഖീകരിക്കുന്നത്. ഓരോ തലമുറയും അതാതുകാലത്തു നിലവിലുള്ള ഉൽപ്പാദനരീതിയുമായി ഒത്തിണങ്ങി പ്രവർത്തിച്ചേമതിയാവൂ. രണ്ടാമതായി ഉൽപ്പാദനശക്തികളിൽ എതെങ്കിലുമൊരു ഘടകത്തെ വളർത്തുമ്പോൾ, അല്ലെങ്കിൽ സാങ്കേതികമായ പുതിയൊരു കണ്ടുപിടുത്തം കൊണ്ടുവരുമ്പോൾ, അതു ഏതുതരത്തിലുള്ള പരിതഃസ്ഥിതികളിലേക്കാണ് തന്നെ എത്തിക്കേണ്ടത് എന്നു മുൻകൂട്ടി തീരുമാനിക്കാൻ മനുഷ്യന് സ്വാതന്ത്ര്യമില്ല. ഉൽപ്പാദനരീതിയിലുണ്ടാകുന്ന പരിഷ്കാരങ്ങൾ എന്തെല്ലാം സാമൂഹ്യപരിണാമങ്ങളാണുണ്ടാക്കുകയെന്നു അവൻ ആലോചിക്കാറില്ല. സ്റ്റാലിൻ പറയുന്നു:

“അവർ ലോഹായുധങ്ങൾ ഉപയോഗിച്ചുതുടങ്ങിയപ്പോൾ ഉൽപ്പാദനത്തിൽ ഒരു വിപ്ലവമാണ് അവയുണ്ടാക്കിത്തീർത്തതെന്നോ കുറേക്കാലം കഴിഞ്ഞാലത്തെ അതിന്റെ ഭവിഷ്യത്ത് അടിമ സമ്പ്രദായമായിരിക്കുമെന്നോ അവരറിഞ്ഞില്ല. അവരുദ്ദേശിച്ചത് തങ്ങളുടെ അദ്ധ്വാനത്തെ ലഘൂകരിക്കണമെന്നു മാത്രമായിരുന്നു. അവരുടെ ബോധപൂർവ്വമായ പ്രവർത്തനം ഈ വെറും വ്യക്തിഗതമായ ദൈനംദിന താൽപ്പര്യത്തിന്റെ സങ്കുചിതമായ പരിധിയെ ഒരിക്കലും കവച്ചുവെച്ചില്ല.”

“നാട്ടുവാഴി പ്രഭുത്വത്തിന്റെ കാലത്ത് യൂറോപ്പിൽ മുളച്ചുപൊന്തിയ യുവമുതലാളിവർഗ്ഗം ‘ഗിൽഡ്’ സംഘടനയിൽപ്പെട്ട ചെറിയ തൊഴിൽശാലകൾക്കുപുറമെ, വമ്പിച്ച കൈത്തൊഴിൽ ശാലകൾകൂടി നിർമ്മിച്ചുവിട്ടപ്പോൾ – അങ്ങനെ സമുദായത്തിന്റെ ഉൽപ്പാദനശക്തികളെ അവർ മുന്നോട്ടുതള്ളി വിട്ടപ്പോൾ – ഈ പുതിയ പരിഷ്കാരത്തിന്റെ സാമൂഹ്യപരിണാമങ്ങൾ എന്തെല്ലാമായിരിക്കുമെന്ന് തീർച്ചയായും അവർ അറിഞ്ഞിരുന്നില്ല. അതിനെപ്പറ്റി ആലോചിക്കാൻ അവർ മിനക്കെട്ടതുമില്ല. ഈ ‘ചെറിയ’ പരിഷ്കാരം സാമൂഹ്യശക്തികളെ ഒരു പുതിയമട്ടിൽ അണിനിരത്തിയേക്കുമെന്നും, ഈ വിപ്ലവം, ആരുടെ സൗജന്യങ്ങൾക്കാണോ തങ്ങൾ അത്യുയമധികം വിലമതിച്ചിരുന്നത്, ആ രാജാക്കന്മാരുടെ അധികാരശക്തിക്കെതിരായും ആരുടെ കൂട്ടത്തിൽ കൂടാനാണോ തങ്ങളിൽവെച്ച് ഏറ്റവും മുന്തിയവർ മിക്കപ്പോഴും കൊതിക്കാറുള്ളത്, ആ പ്രഭുവർഗ്ഗത്തിനെതിരായുമാണ് പ്രവഹിക്കുക എന്നും മേൽപ്പറഞ്ഞ മുതലാളികൾ അറിഞ്ഞില്ല; മനസ്സിലാക്കിയില്ല. അവരുദ്ദേശിച്ചത് ചരക്കുകളുടെ നിർമ്മാണച്ചെലവ് ചുരുക്കാനും ഏഷ്യയുടെയും പുതുതായി കണ്ടുപിടിച്ച അമേരിക്കയുടെയും കമ്പോളങ്ങളിൽ ഈ ചരക്കുകൾ വിറ്റഴിക്കാനും അങ്ങനെ കൂടുതൽ ലാഭം തട്ടാനും മാത്രമാണ്. അവരുടെ ബോധപൂർവ്വമായ പ്രവർത്തനം ഈ വെറും താൽക്കാലികമായ പ്രായോഗികോദ്ദേശ്യത്തിന്റെ സങ്കുചിതപരിധിയെ ഒരിക്കലും കവച്ചുവെച്ചില്ല’.

ഇതുതന്നെയാണ് മുതലാളിത്ത വ്യവസ്ഥയുടെയും സ്ഥിതി. കമ്പോളങ്ങൾ കരസ്ഥമാക്കാനും ആവോളം ലാഭം പിഴിഞ്ഞെടുക്കാനും വേണ്ടി വ്യവസായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുകയെന്നുവെച്ചാൽ സോഷ്യലിസത്തിന് വഴിതെളിയിക്കുക എന്നർത്ഥമാണെന്ന് മുതലാളികൾ മനസ്സിലാക്കുന്നില്ല. അവരുടെ ബോധപൂർവ്വമായ പ്രവർത്തനം താൽക്കാലികോദ്ദേശ്യങ്ങളുടെ പരിധിയെ കവച്ചുവെക്കാറില്ല.

ചുരുക്കിപ്പറഞ്ഞാൽ, ഉൽപ്പാദനശക്തികൾ വളരുകയും സമുദായത്തിൽ മാറ്റങ്ങളുണ്ടാവുകയും ചെയ്യുന്നത് മനുഷ്യന്റെ ആത്മനിഷ്ഠമായ ആഗ്രഹങ്ങളെ ആശ്രയിച്ചല്ല, വളർച്ചയുടെയും മാറ്റങ്ങളുടെയും വസ്തുനിഷ്ഠമായ നിയമങ്ങൾക്കനുസരിച്ചാണ്.

## 4

ഉൽപ്പാദനശക്തികളുടെ വളർച്ചയെ തടസ്സപ്പെടുത്തുന്ന കാലഹരണംവന്ന ഉൽപ്പാദനബന്ധങ്ങളെ തട്ടിത്തകർക്കുകയും ഉൽപ്പാദനശക്തികളുടെ സ്വഭാവത്തിന് യോജിച്ച പുതിയ ഉൽപ്പാദനബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യുക എന്നത് സമുദായത്തിന്റെ വളർച്ചയ്ക്ക് ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. എന്നാൽ, പഴയ ബന്ധങ്ങളെ നിലനിർത്താനാഗ്രഹിക്കുന്ന പിന്തിരിപ്പൻ ശക്തികളുടെ ബോധപൂർവ്വമായ പ്രവർത്തനങ്ങളെ ഈ നിയമം നിഷേധിക്കുന്നില്ല.

## വിപ്ലവമെന്തിന്?

സഖാവ് സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നു.

> 'പ്രകൃതിശാസ്ത്രത്തിൽ ഒരു പുതിയ നിയമം കണ്ടുപിടിക്കലും അത് പ്രയോഗത്തിൽ കൊണ്ടുവരലും ഏറെക്കുറെ മയത്തിലാണ് നടക്കുന്നത്. സാമ്പത്തികനിയമങ്ങളെ സംബന്ധിച്ചിടത്തോളമാകട്ടെ, പ്രകൃതിശാസ്ത്രനിയമങ്ങളിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ, ഒരു പുതിയ നിയമം കണ്ടുപിടിക്കലും പ്രയോഗത്തിൽ വരുത്തലും കാലഹരണം വന്ന പഴയ ശക്തികളെ ബാധിക്കുന്നു. അതുകാരണം ആ ശക്തികളുടെ വമ്പിച്ച എതിർപ്പിനെ നേരിടേണ്ടിവരികയും ചെയ്യുന്നു'.

ഈ വൈരുദ്ധ്യത്തിനാണ് നമ്മൾ വർഗ്ഗസമരം എന്നുപറയുന്നത്.

വർഗ്ഗസഹകരണം കൊണ്ടോ ഭൂദാനയജ്ഞം കൊണ്ടോ ഹൃദയപരിവർത്തനം കൊണ്ടോ ഈ വൈരുദ്ധ്യമവസാനിപ്പിക്കാനാവില്ല. ഉൽപ്പാദനബന്ധങ്ങൾ ഉൽപ്പാദനശക്തികൾക്ക് അനുയോജ്യമാണോ എന്നതാണ് യഥാർത്ഥ പ്രശ്നം. പഴയ ഉൽപ്പാദനബന്ധങ്ങളെ ബലംപ്രയോഗിച്ച് നിലനിർത്താൻ ശ്രമിക്കുന്ന പിന്തിരിപ്പൻ വർഗ്ഗങ്ങൾ നീക്കം ചെയ്യപ്പെടുകയും പുതിയ വർഗ്ഗങ്ങൾ അധികാരമേറ്റെടുക്കുകയും ചെയ്താലേ ഈ പ്രശ്നത്തിനൊരു പരിഹാരമുണ്ടാവുകയുള്ളൂ. ഇങ്ങനെയാണ് ഫ്യൂഡലിസത്തിന്റെ ഉൽപ്പാദനബന്ധങ്ങളെ തട്ടിത്തകർത്ത് ഫ്രഞ്ചുവിപ്ലവമുണ്ടായത്. ഇങ്ങിനെയാണ് മുതലാളിത്തത്തെ തട്ടിത്തകർത്ത് റഷ്യൻ വിപ്ലവമുണ്ടായത്. ചരിത്രത്തിലെ ഓരോ സാമൂഹ്യവിപ്ലവവും ഇങ്ങനെയാണുണ്ടായത്. ഉൽപ്പാദനശക്തികളുടെ സ്വഭാവത്തിന് യോജിക്കാത്ത ഉൽപാദനബന്ധങ്ങൾ നിലനിൽക്കുന്നുവെന്നതാണ് എല്ലാ സാമൂഹ്യവിപ്ലവങ്ങളുടെയും സാമ്പത്തികകാരണം. പഴയ ഉൽപാദനബന്ധങ്ങളെ തട്ടിത്തകർക്കുകയും പുതിയ ഉൽപ്പാദനബന്ധങ്ങളുടെ നിലവാരത്തിന് യോജിച്ച പുതിയ ഉൽപ്പാദനബന്ധങ്ങളെ സൃഷ്ടിക്കുകയുമാണ് വിപ്ലവം ചെയ്യുന്നത്.

ഫ്യൂഡലിസത്തിന്റെ ഉൽപ്പാദനബന്ധങ്ങളിൽ നിന്ന് മുതലാളിത്തോൽപ്പാദനശക്തികൾ വളർന്നുവന്നതെങ്ങിനെയെന്നും ഫ്യൂഡൽവർഗ്ഗങ്ങളെ തട്ടിത്തകർത്ത് മുതലാളിവർഗ്ഗം അധികാരത്തിലെത്തുകയും മുതലാളിത്തത്തിന്റെ വളർച്ചയ്ക്ക് പറ്റിയ പുതിയ ഉൽപ്പാദനബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്തതെങ്ങിനെയെന്നും മാർക്സ് തന്റെ 'മൂലധനം' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.

## മുതലാളിത്തത്തിന്റെ വൈരുദ്ധ്യം

എന്താണ് മുതലാളിത്തത്തിന്റെ ഉൽപ്പാദനബന്ധങ്ങൾ?

മുതലാളിത്തസമുദായത്തിൽ ഉൽപ്പാദനത്തിനുള്ള യന്ത്രങ്ങളും ഫാക്ടറികളും മറ്റെല്ലാത്തരം ഉൽപ്പാദനോപകരണങ്ങളും മുതലാളിയുടെ സ്വകാര്യസ്വത്താണ്. മുതലാളി ഉൽപ്പാദനം നടത്തുന്നത് ലാഭത്തിനുവേണ്ടിയാണ്. തന്റെ ഫാക്ടറിയിലുണ്ടാക്കപ്പെടുന്ന സാമഗ്രികൾ ജനങ്ങൾക്ക് ഉപയോഗകരമാണോ എന്ന പ്രശ്നമേ അയാൾക്കില്ല. തുണിയുണ്ടാക്കിയാൽ കൂടുതൽ ലാഭം കിട്ടുമെങ്കിൽ തുണിയുണ്ടാക്കും. ലാഭമില്ലെങ്കിൽ തുണിയുടെ ഉൽപ്പാദനം നിർത്തിക്കളയും. ബോംബുണ്ടാക്കുന്നത് കൂടുതൽ ലാഭകരമാണെങ്കിൽ ബോംബുണ്ടാക്കും. വിഷമുണ്ടാക്കി വിറ്റാൽ കൂടുതൽ ലാഭമുണ്ടാകുമെങ്കിൽ വിഷമുണ്ടാക്കും.

എന്തുണ്ടാക്കണമെന്നും എത്രയുണ്ടാക്കണമെന്നും തീരുമാനിക്കുന്നത് ഉൽപ്പാദനോപകരണങ്ങളുടെ ഉടമസ്ഥനായ മുതലാളിയാണ്. എന്നാൽ, നേരിട്ട് ഉൽപ്പാ

ദനം നടത്തുന്നത് മുതലാളിയല്ല, തൊഴിലാളികളാണ്. മുതലാളി തൊഴിലാളികളെക്കൊണ്ട് കൂലിക്ക് പണിയെടുപ്പിക്കുകയാണ് ചെയ്യുന്നത്. ഉൽപ്പാദനോപകരണങ്ങൾ സ്വന്തമായി ഇല്ലാത്തതുകൊണ്ട് മുതലാളിയുടെ സ്വകാര്യസ്വത്തായ ഉൽപ്പാദനോപകരണങ്ങളുപയോഗിച്ച് കൂലിക്ക് പണിയെടുക്കാൻ തൊഴിലാളികൾ നിർബന്ധിതരായിത്തീരുന്നു. ആയിരക്കണക്കിനുള്ള തൊഴിലാളികൾ കൂട്ടം കൂട്ടമായി ഉൽപ്പാദനം നടത്തുന്നു. എങ്കിലും, അങ്ങനെയുണ്ടാക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ മേൽ അവർക്ക് യാതൊരധികാരവുമില്ല. ഉൽപ്പാദനോപകരണങ്ങളെന്ന പോലെ തന്നെ ഉൽപ്പന്നങ്ങളും മുതലാളിയുടെ സ്വകാര്യസ്വത്താണ്.

അപ്പോൾ, ഇതാണ് മുതലാളിത്തസമുദായത്തിലെ അടിസ്ഥാനവൈരുദ്ധ്യം: ഉൽപ്പാദനം സാമൂഹ്യമാണ്, എന്നുവെച്ചാൽ, സാധനങ്ങളുണ്ടാക്കുന്നത് മനുഷ്യർ ഒറ്റയ്ക്കൊറ്റയ്ക്കായിട്ടല്ല, കൂട്ടം കൂട്ടമായിട്ടാണ്. മുതലാളിത്തസമുദായത്തിൽ നിർമ്മിക്കപ്പെടുന്ന ഓരോ വസ്തുവിലും അനേകം മനുഷ്യരുടെ അദ്ധ്വാനം അടങ്ങിയിരിക്കുന്നുവെന്നർത്ഥം. പക്ഷേ, ഇങ്ങനെ കൂട്ടായുണ്ടാക്കപ്പെടുന്ന സാധനങ്ങളുടെ ഉടമാവകാശം സാമൂഹ്യമല്ല, വ്യക്തിപരമാണ്. ജനങ്ങൾ കൂട്ടായി നിർമ്മിക്കുന്ന സാമഗ്രികളെല്ലാം ഒരുപിടി മുതലാളിമാരുടെ സ്വകാര്യസ്വത്താണ്. സാമൂഹ്യമായ ഉൽപ്പാദനം, വ്യക്തിപരമായ ഉടമാവകാശം – ഈ വൈരുദ്ധ്യത്തിൽ നിന്നാണ് മുതലാളിസമുദായത്തിലെ എല്ലാത്തരം പന്തികേടുകളും പൊന്തിവരുന്നതെന്ന് മാർക്സിസം പഠിപ്പിക്കുന്നു.

## ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും

ആദ്യകാലത്ത് മുതലാളിത്തത്തിന്റേതായ ഈ ഉൽപ്പാദനബന്ധങ്ങൾ ഉൽപ്പാദനശക്തികളുടെ വളർച്ചയ്ക്ക് സഹായകരമായിരുന്നിട്ടുണ്ട് എന്നതൊരു വാസ്തവമാണ്. എന്നാൽ, ഉൽപ്പാദനശക്തികളുടെ വളർച്ച ഒരു ഘട്ടംവരെ എത്തിയപ്പോൾ അവ നിലവിലുള്ള ഉൽപ്പാദനബന്ധങ്ങളിൽ ഒതുങ്ങാതായി. ഉൽപ്പാദനം കൂടുതൽ കൂടുതൽ കേന്ദ്രീകരിക്കുകയും കുത്തകമുതലാളിത്തം ആവിർഭവിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ ഉൽപ്പാദനബന്ധങ്ങൾ ഉൽപ്പാദനശക്തികളുടെ വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്നതെങ്ങിനെയെന്നും ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യം മൂർഛിക്കുന്നതെങ്ങിനെയെന്നും അതിന്റെ ഫലമായി തൊഴിലാളിവിപ്ലവം ചരിത്രപരമായ ഒരാവശ്യകതയായിത്തീർന്നതെങ്ങിനെയെന്നും സഖാവ് ലെനിൻ 'സാമ്രാജ്യാധിപത്യം' എന്ന തന്റെ ഗ്രന്ഥത്തിൽ വിവരിക്കുന്നു. ഇതുതന്നെയാണ് സഖാവ് സ്റ്റാലിനും ചൂണ്ടിക്കാണിക്കുന്നത്:

'നമ്മുടെ രാജ്യത്തിലെ ഉൽപ്പാദനശക്തികൾ, പ്രത്യേകിച്ചും വ്യവസായോൽപ്പാദനശക്തികൾ, സാമൂഹ്യസ്വഭാവത്തോടുകൂടിയവയായിരുന്നു. നേരെമറിച്ച്, ഉടമാവകാശത്തിന്റെ രൂപമാകട്ടെ, സ്വകാര്യമായിരുന്നു, മുതലാളിത്തപരമായിരുന്നു. ഉൽപ്പാദനബന്ധങ്ങൾ അനിവാര്യവും ഉൽപ്പാദനശക്തികളുടെ സ്വഭാവത്തോട് യോജിക്കണമെന്ന ധനശാസ്ത്രനിയമത്തെ അടിസ്ഥാനമാക്കിക്കൊണ്ട് സോവിയറ്റ് ഗവണ്മെൻറ് ഉൽപ്പാദനോപകരണങ്ങളെ സാമൂഹ്യമാക്കിത്തീർത്തു. അവയെ മുഴുവൻ ജനങ്ങളുടെയും പൊതുസ്വത്താക്കുകയും അങ്ങനെ മർദ്ദനവ്യവസ്ഥയെ അവസാനിപ്പിക്കുകയും സോഷ്യലിസ്റ്റ് സാമ്പത്തികരൂപങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ നിയമമുണ്ടായിരുന്നില്ലെങ്കിൽ, സോവിയറ്റ് ഗവണ്മെൻറ് ഈ നിയമത്തെ ആശ്രയിച്ചിരുന്നില്ലെങ്കിൽ, അവർക്ക് തങ്ങളുടെ കടമ നിർവ്വഹിക്കുവാൻ സാധിക്കുമായിരുന്നില്ല'.

ഈ സാമ്പത്തികനിയമം പഠിച്ച മനസ്സിലാക്കി ബോധപൂർവ്വം ഉപയോഗിച്ചാൽ മാത്രമേ സാമൂഹ്യപരിവർത്തനങ്ങൾ നടപ്പിൽ വരുത്താനാവൂ എന്ന സഖാവ് സ്റ്റാലിൻ താക്കീത് നൽകുന്നു.

മുതലാളിത്തരാജ്യങ്ങളിൽ ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിലുള്ള പൊരുത്തക്കേട് അത്യധികം മൂർഛിച്ചിട്ടും ഉൽപ്പാദനശക്തികൾക്ക് യോജിച്ച ഉൽപ്പാദനബന്ധങ്ങൾ സ്ഥാപിക്കപ്പെടാത്തത് എന്തുകൊണ്ടാണ്? സഖാവ് സ്റ്റാലിൻ മറുപടി പറയുന്നു:

'ഉൽപ്പാദനബന്ധങ്ങൾ അനിവാര്യമായും ഉൽപ്പാദനശക്തികളുടെ സ്വഭാവത്തിനനുയോജ്യമായിരിക്കണമെന്ന സാമ്പത്തികനിയമം വളരെക്കാലമായി മുതലാളിത്തരാജ്യങ്ങളിൽ കെട്ടുപൊട്ടിച്ച പുറത്തുവരാൻ ശ്രമിച്ചുവരികയാണ്. ഇതേവരെ അതിന് പ്രത്യക്ഷപ്പെടാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനുള്ള കാരണം കാലഹരണംവന്ന സാമൂഹ്യശക്തികളിൽ നിന്ന് വമ്പിച്ച എതിർപ്പുകൾ അതിന് നേരിടേണ്ടി വരുന്നുവെന്നതാണ്.'

എന്തുകൊണ്ടാണ് റഷ്യയിൽ തൊഴിലാളിവിപ്ലവം വിജയിക്കുകയും ഉൽപ്പാദനശക്തികളുടെ വളർച്ചയ്ക്കാവശ്യമായ ഉൽപ്പാദനബന്ധങ്ങൾ രൂപമെടുക്കുകയും ചെയ്തത്? സഖാവ് സ്റ്റാലിൻ മറുപടി പറയുന്നു:

'എതിർപ്പുകളെ തകർക്കാൻ കെൽപ്പുള്ള ഒരു ശക്തി, സാമൂഹ്യശക്തി, ആവശ്യമാണ്. നമ്മുടെ രാജ്യത്തിൽ സമുദായത്തിലെ വമ്പിച്ച ഭൂരിപക്ഷത്തെ പ്രതിനിധീകരിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെയും കൃഷിക്കാരുടെയും സഖ്യമെന്ന രൂപത്തിൽ അത്തരമൊരു ശക്തി ആവിർഭവിച്ചു. മറ്റു മുതലാളിത്തരാജ്യങ്ങളിൽ അത്തരമൊരു ശക്തി ഇനിയും ആവിർഭവിച്ചുകഴിഞ്ഞിട്ടില്ല. ഇതാണ് സോവിയറ്റ് ഗവൺമെൻറിന് പഴയ സാമൂഹ്യശക്തികളെ തകർത്തു നശിപ്പിക്കാൻ കഴിഞ്ഞതിന്റെയും, ഉൽപ്പാദനബന്ധങ്ങൾ അനിവാര്യമായും ഉൽപ്പാദനശക്തികളുടെ സ്വഭാവത്തിനനുയോജ്യമായിരിക്കണമെന്ന സാമ്പത്തികനിയമത്തിന് നമ്മുടെ രാജ്യത്തിൽ പരിപൂർണ്ണമായി പ്രത്യക്ഷപ്പെടാൻ കഴിഞ്ഞതിന്റെയും രഹസ്യം'.

## 5

ഇന്ത്യയുടെ സാമൂഹ്യവളർച്ചയുടെ അടുത്തഘട്ടമെന്താണ്? സോഷ്യലിസമോ, അതോ, ജനകീയജനാധിപത്യമോ? ഉടൻ സോഷ്യലിസം വേണമെന്ന് മുറവിളികൂട്ടുന്ന ചില ആളുകളുണ്ട്. സ്വന്തം ആഗ്രഹത്തിനനുസരിച്ച് ഇഷ്ടംപോലെ സമുദായത്തെ മാറ്റാൻ കഴിയുമെന്ന് അവർ വിചാരിക്കുന്നു. ധനശാസ്ത്രനിയമങ്ങൾ മനുഷ്യന്റെ ഇച്ഛാശക്തിയിൽനിന്നു സ്വതന്ത്രമായി പ്രവർത്തിക്കുന്ന വസ്തുനിഷ്ഠമായ നിയമങ്ങളാണെന്ന യാഥാർത്ഥ്യത്തെ അവരംഗീകരിക്കുന്നില്ല. ഉൽപ്പാദനബന്ധങ്ങൾ ഉൽപ്പാദനശക്തികളുമായി പൊരുത്തപ്പെടണമെന്ന നിയമം മനസ്സിലാക്കിക്കൊണ്ട് നിലവിലുള്ള ഉൽപ്പാദനബന്ധങ്ങളെ മാറ്റാൻവേണ്ടി സമരം ചെയ്യുകയാണ് വിപ്ലവപ്പാർട്ടികളുടെ കടമയെന്നും അവർ കാണാൻ കൂട്ടാക്കുന്നില്ല.

### വളർച്ചയുടെ വ്യത്യസ്ത നിലവാരങ്ങൾ

ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിൽ പൊരുത്തമുണ്ടായിരിക്കണമെന്ന സാമ്പത്തികനിയമം എല്ലാ രാജ്യങ്ങൾക്കും ബാധകമാണ്. പക്ഷേ, ഇതിന്റെ അർത്ഥം ഉൽപ്പാദനശക്തികളുടെ വളർച്ച എല്ലാ രാജ്യങ്ങളിലും ഒരേ നിലവാരത്തിലാണെന്നോ, ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിൽ

പൊരുത്തമുണ്ടാക്കാൻ എല്ലാ രാജ്യങ്ങളിലും ഒരേതരത്തിലുള്ള സാമൂഹ്യപരിവർത്തനങ്ങൾ ആവശ്യമാണെന്നോ, അല്ല. മുതലാളിത്തരാജ്യങ്ങളിൽ തന്നെ ഉൽപ്പാദനശക്തികളുടെ വളർച്ച വ്യത്യസ്തനിലവാരങ്ങളിലാണ്. ഉദാഹരണമായി, ബ്രിട്ടനും മറ്റു മുതലാളിത്തരാജ്യങ്ങളും തമ്മിലുള്ള വ്യത്യാസം സഖാവ് സ്റ്റാലിൻ തന്റെ 'സോഷ്യലിസത്തിന്റെ സാമ്പത്തികപ്രശ്നങ്ങൾ' എന്ന പുസ്തകത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ബ്രിട്ടനിൽ വ്യവസായത്തിലെന്നപോലെ കൃഷിയിലും മുതലാളിത്തവും ഉൽപ്പാദനകേന്ദ്രീകരണവും വളർന്നുകഴിഞ്ഞിട്ടുണ്ട്. മറ്റു രാജ്യങ്ങളിൽ ഉൽപ്പാദനശക്തികളിലൊരുവിഭാഗം മാത്രമേ സാമൂഹ്യസ്വഭാവം കൈക്കൊണ്ടിട്ടുള്ളൂ. ഉൾനാടുകളിൽ മുതലാളിത്തം പുരോഗമിച്ചിട്ടുണ്ടെങ്കിൽ കൂടി ധാരാളം ചെറുകിടക്കാരും ഇടത്തരക്കാരുമായ സ്വകാര്യകാർഷികോൽപ്പാദകരുണ്ട്.

ഉൽപ്പാദനോപകരണങ്ങൾ മുഴുവനുമില്ലാത്ത, അവയുടെ ഒരുഭാഗം മാത്രം സാമൂഹ്യസ്വഭാവം കൈക്കൊള്ളുകയും പക്ഷേ, തൊഴിലാളിവർഗ്ഗത്തിന് അധികാരം പിടിച്ചെടുക്കാനുള്ള അനുകൂലസാഹചര്യങ്ങളാവിർഭവിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ എന്താണ് ചെയ്യേണ്ടത്? ചെറുകിടക്കാരും ഇടത്തരക്കാരുമായ ഉൽപ്പാദകന്മാരുടെ എല്ലാ ഉൽപ്പാദനോപകരണങ്ങളും പിടിച്ചെടുത്ത് പൊതു സ്വത്താക്കണമെന്നു വാദിക്കുന്ന 'മുറിവാലൻ മാർക്സിസ്റ്റുകാരു'ടെ അഭിപ്രായത്തെ സഖാവ് സ്റ്റാലിൻ എതിർക്കുന്നു. കാരണം അങ്ങനെ ചെയ്യുകയെന്നതിന്റെ അർത്ഥം 'തൊഴിലാളി വിപ്ലവത്തിന്റെ എല്ലാ വിജയസാദ്ധ്യതകളേയും നശിപ്പിക്കുകയും കൃഷിക്കാരെ വളരെ കാലത്തേക്ക് തൊഴിലാളിവർഗ്ഗത്തിന്റെ ശത്രുക്കളുടെ ചേരിയിലേക്ക് പിടിച്ചുതള്ളുകയും ചെയ്യുക' എന്നതായിരിക്കും. അതുകൊണ്ടാണ് അത്തരം രാജ്യങ്ങളിൽ കൃഷിക്കാരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും അവർക്ക് ട്രാക്ടറുകളും മറ്റു യന്ത്രങ്ങളും ഉദാരമായ വിധത്തിൽ നൽകിക്കൊണ്ട് ഉൽപ്പാദനം വളർത്താൻ സഹായിക്കുകയും അങ്ങനെ ക്രമത്തിൽ എല്ലാ ഉൽപ്പാദനോപകരണങ്ങളും പൊതുസ്വത്താക്കാനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയുമാണ് വേണ്ടതെന്ന് സഖാവ് സ്റ്റാലിൻ ഉൽബോധിപ്പിക്കുന്നത്.

മുതലാളിത്തരാജ്യങ്ങളുടെ തന്നെ സ്ഥിതി ഇതാണെങ്കിൽ ഇന്ത്യയെപ്പോലെ പിന്നണിയിൽ കിടക്കുന്ന രാജ്യങ്ങളുടെ സ്ഥിതി പറയാനുണ്ടോ? ഇന്ത്യയിൽ എല്ലാ ഉൽപ്പാദനോപകരണങ്ങളും, എല്ലാ വ്യവസായങ്ങളെങ്കിലും, ഒറ്റയടിക്ക് പൊതുസ്വത്താക്കി മാറ്റുകയെന്ന പരിപാടി നടപ്പിൽ വരുത്താനൊരുങ്ങിയാൽ തൊഴിലാളിവർഗ്ഗം ഒറ്റപ്പെടുകയും അങ്ങനെ ഭാവിയിൽ സോഷ്യലിസം സ്ഥാപിക്കാനുള്ള സാദ്ധ്യതകൾ വളരെക്കാലത്തേക്ക് നശിക്കുകയുമാണ് ചെയ്യുകയെന്ന് ഇനിയും എടുത്തുപറയേണ്ടതുണ്ടോ?

## ഇന്ത്യയിലെ ഉൽപ്പാദനബന്ധങ്ങൾ

ഇന്ത്യയുടെ ഉൽപ്പാദനശക്തികൾ വളരാത്തതെന്തുകൊണ്ടാണ്? വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടാത്തതെന്തുകൊണ്ടാണ്? കാർഷികവ്യവസ്ഥ അധഃപതിക്കുന്നതെന്തുകൊണ്ടാണ്? ഉൽപ്പാദനശക്തികളുടെ വളർച്ചയെ ബലാൽക്കാരമായി തടഞ്ഞുനിർത്തുന്ന കാലഹരണംവന്ന ശക്തികൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട് എന്നതാണ് കാരണം. എതാണാ ശക്തികൾ? മുതലാളിത്തോൽപ്പാദന ബന്ധങ്ങളാണോ? തീർച്ചയായുമല്ല. മുതലാളിത്തോൽപ്പാദന ശക്തികൾക്കുതന്നെ ഇവിടെ വളരാൻ സാധിക്കുന്നില്ലെന്നതാണ് വാസ്തവം. മുതലാളിത്തോൽപ്പാദനശക്തിക

ളുടെ വളർച്ചയെപ്പോലും തടഞ്ഞുനിർത്തുന്ന ഉൽപ്പാദനബന്ധങ്ങളാണിന്ത്യയിലുള്ള ത്.

വളർച്ചമുട്ടിയതും തകർന്നുകൊണ്ടിരിക്കുന്നതുമായ ദേശീയ വ്യവസായങ്ങൾ, നിലനിൽക്കാനും വളരാനുമാവശ്യമായ പ്രോത്സാഹനം ലഭിക്കാതെ തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുന്ന ചെറുകിട വ്യവസായോൽപ്പാദകന്മാർ, നിലമില്ലാത്ത കർഷകത്തൊഴിലാളികളും ദരിദ്ര കൃഷിക്കാരും, പാട്ടംകൊടുത്ത് മുടിയുന്ന കൃഷിക്കാർ, ജോലികിട്ടാതെ വിഷമിക്കുന്ന ഇടത്തരക്കാർ, മുകൾത്തട്ടിൽ ഇന്ത്യയിലെ വൻകിട മുതലാളികളുമായും നാടുവാഴികളുമായും കൂട്ടുകൂടിക്കൊണ്ട് നാട്ടുകാരെ ചൂഷണം ചെയ്യുന്ന ഒരുപിടി വിദേശമുതലാളികൾ – ഇതാണ് ഇന്ത്യയുടെ വസ്തുനിഷ്ഠമായ സ്ഥിതി.

ഈ വസ്തുനിഷ്ഠമായ പരിതഃസ്ഥിതിയിൽ, ഉൽപാദനബന്ധങ്ങളെ ഉൽപ്പാദനശക്തികൾക്കനുയോജ്യമായ വിധത്തിൽ മാറ്റാൻവേണ്ടി സമരം ചെയ്യുന്ന മാർക്സിസ്റ്റുകാർ എല്ലാ ഉൽപ്പാദനോപകരണങ്ങളും ഒറ്റയടിക്ക് പൊതുസ്വത്താക്കുകയെന്ന 'മുറിവാലൻ മാർകിസ്റ്റ് നയം' സ്വീകരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ രാജ്യത്തിലെ എല്ലാ ഉൽപ്പാദനോപകരണങ്ങളും പിടിച്ചെടുത്ത് പൊതുസ്വത്താക്കി മാറ്റാൻ കഴിയത്തക്കവിധം വ്യവസായത്തിലും കൃഷിയിലും ഉൽപ്പാദനകേന്ദ്രീകരണം വളർന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു പരിതഃസ്ഥിതിയിൽ "മുറിവാലൻ മാർക്സിസ്റ്റുനയം" സ്വീകരിക്കുക എന്നതിന്റെ അർത്ഥം പത്തുലക്ഷക്കണക്കിലുള്ള ചെറുകിടക്കാരും ഇടത്തരക്കാരുമായ ഉൽപ്പാദകരെ തൊഴിലാളിവർഗ്ഗത്തിന്റെ ശത്രുക്കളുടെ ചേരിയിലേക്ക് പിടിച്ചുതള്ളുക എന്നാണ്. അതു തീർച്ചയായും സോഷ്യലിസത്തിലേക്കുള്ള വഴിയല്ല എന്ന് പറയേണ്ടതില്ലല്ലോ.

വിദേശീയരായ കുത്തകമുതലാളികളാണ് ഇന്ത്യയുടെ സാമ്പത്തികവ്യവസ്ഥയിൽ നിർണായകമായ പങ്കുവഹിക്കുന്നത്. സാമ്പത്തികവ്യവസ്ഥയിൽ പ്രധാനമായ പങ്കുവഹിക്കുന്നതുകൊണ്ട് രാഷ്ട്രീയസാമൂഹ്യവ്യവസ്ഥയിലും വമ്പിച്ച സ്വാധീനം ചെലുത്താനവർക്ക് സാധിക്കുന്നു.

സാമ്രാജ്യവാദികൾ കോളനികളിലും പിന്നണി രാജ്യങ്ങളിലും മൂലധനമിറക്കുന്നത് ആ രാജ്യങ്ങളെ സാമ്പത്തികമായി വളർത്താൻ വേണ്ടിയല്ല, ആ രാജ്യങ്ങളിലെ വ്യവസായവും കൃഷിയും അഭിവൃദ്ധിപ്പെടുത്താൻ വേണ്ടിയല്ല. പിന്നെയോ, ആ രാജ്യങ്ങളിലെ സാമ്പത്തികാഭിവൃദ്ധിയെ തടഞ്ഞുനിർത്തിക്കൊണ്ട് ജനങ്ങളേയും വിഭവങ്ങളേയും അങ്ങേയറ്റം ചൂഷണം ചെയ്യാനും അങ്ങനെ ഏറ്റവുമധികം ലാഭം തട്ടിയെടുക്കാനും വേണ്ടിയാണ്.

സഖാവ് സ്റ്റാലിൻ പറയുന്നു:

> 'കോളണികളേയും മറ്റു പിന്നണിരാജ്യങ്ങളെയും അടിമപ്പെടുത്തുകയും മുറയ്ക്ക് കൊള്ളയടിക്കുകയും ചെയ്യുക, ഒട്ടനവധി സ്വതന്ത്രരാജ്യങ്ങളെ ആശ്രിതരാജ്യങ്ങളാക്കി മറ്റുക; പുതിയ യുദ്ധങ്ങൾ സംഘടിപ്പിക്കുക – ഇത് ആധുനിക മുതലാളിത്തത്തിന്റെ പ്രമാണിമാർക്ക് ഏറ്റവും കവിഞ്ഞലാഭം പിഴിഞ്ഞെടുക്കാൻ ഏറ്റവും പറ്റിയ ബിസിനസ്സാണ് – അവസാനമായി, ലോകസാമ്പത്തികമേധാവിത്വം നേടാനുള്ള പരിശ്രമങ്ങൾ നടത്തുക. ഇത്തരം അപായകരമായ പ്രവർത്തനങ്ങളിലേക്ക് കുത്തകമുതലാളിത്തത്തെ പിടിച്ചുതള്ളുന്നത് ഏറ്റവും കവിഞ്ഞ ലാഭങ്ങൾ സമ്പാദിക്കുക എന്ന ആവശ്യമല്ലാതെ മറ്റൊന്നുമല്ല.'

ഏറ്റവും കവിഞ്ഞ ലാഭം കിട്ടാൻവേണ്ടിയാണ് 1947-നുശേഷവും ബ്രിട്ടീഷ് സാമ്രാജ്യവാദികൾ ഇന്ത്യയിലുള്ള തങ്ങളുടെ സ്ഥാപിതതാൽപ്പര്യങ്ങളേയും ചൂഷണക്രമങ്ങളേയും നിലനിർത്തുന്നത്. ഏറ്റവും കവിഞ്ഞലാഭം കിട്ടാൻവേണ്ടിയാണ് അമേരിക്കൻ സാമ്രാജ്യവാദികൾ ഇന്ത്യയിൽ നുഴഞ്ഞുകയറിക്കൊണ്ടിരിക്കുന്നത്. സാമ്രാജ്യവാദികളുടെ ഈ ചൂഷണമാണ് ഇന്ത്യയിലെ ഉൽപ്പാദനശക്തികളെ തടഞ്ഞുനിർത്തുന്ന മുഖ്യമായ കീറാമുട്ടി.

ഇന്ത്യയിൽ ഉൽപ്പാദനശക്തികളുടെ വളർച്ചയെ തടഞ്ഞുനിർത്തുന്ന മറ്റൊരു ശക്തി നാടുവാഴിത്ത വ്യവസ്ഥയാണ്. നിലത്തിന്റെ ഭൂരിഭാഗവും ഒരുപിടി ജന്മിമാരുടെ സ്വകാര്യസ്വത്താണ്. ഭൂരിപക്ഷക്കാരായ കൃഷിക്കാർ നിലമില്ലാതെ വിഷമിക്കുന്നു. ഇതിൻഫലമായി കൃഷിയിലെ ഉൽപ്പാദനംമാത്രമല്ല അധഃപതിക്കുന്നുള്ളൂ. ഭൂരിപക്ഷക്കാരായ ജനങ്ങളുടെ പട്ടിണിയും പാപ്പരത്തവും വ്യാവസായികവളർച്ചയെപ്പോലും തടഞ്ഞുനിർത്തുന്നു.

## സോഷ്യലിസത്തിലേക്കുള്ള മാർഗ്ഗം

ഇങ്ങനെ സാമ്രാജ്യത്വ ഫ്യൂഡൽബന്ധങ്ങളാണ്, മറ്റ് വാക്കുകളിൽ പറഞ്ഞാൽ കൊളോണിയൽ ബന്ധങ്ങളാണ്, ഇന്ത്യയുടെ ഉൽപ്പാദനശക്തികളുടെ വളർച്ചയെ തടയുന്നത്. ഈ പരിതഃസ്ഥിതിയിൽ ഉൽപ്പാദനശക്തികൾക്ക് യോജിച്ച ഉൽപ്പാദനബന്ധങ്ങൾ സൃഷ്ടിക്കുക എന്നതിന്റെ അർത്ഥം സാമ്രാജ്യത്വ ഫ്യൂഡൽ ചൂഷണങ്ങളവസാനിപ്പിക്കുക എന്നതാണ്; സാമ്രാജ്യത്വ ഫ്യൂഡൽചൂഷണങ്ങൾക്കിരയാകുന്ന എല്ലാ ജനവിഭാഗങ്ങളേയും അണിനിരത്തിക്കൊണ്ട് ജനാധിപത്യവിപ്ലവം നടത്തുക എന്നാണ്. അതുകൊണ്ട്, വിദേശമൂലധനത്തിന് നമ്മുടെ രാജ്യത്തെ ചൂഷണം ചെയ്യാൻ കഴിയാതാക്കുകയും കാർഷികപരിഷ്കാരങ്ങളിലൂടെ നിലമെല്ലാം കൃഷിക്കാർക്ക് കിട്ടാറാക്കുകയും ചെയ്യുക എന്നതാണ് തൊഴിലാളിവർഗ്ഗത്തിന്റെ ഇന്നത്തെ ചരിത്രപരമായ കടമ. ഈ കടമ നിർവ്വഹിക്കാതെ, അതായത്, സാമൂഹ്യഘടനയിൽ മൗലികവും അടിസ്ഥാനപരവുമായ മാറ്റങ്ങൾ വരുത്താതെ, നമ്മുടെ രാജ്യത്തിലെ ഉൽപ്പാദനശക്തികളെ വളർത്താനും അങ്ങനെ ജനങ്ങളെയാകെ അഭിവൃദ്ധിയിലേക്ക് നയിക്കാനും കഴിയില്ല. ഈ യാഥാർത്ഥ്യത്തെ അവഗണിച്ചുകൊണ്ടുള്ള ഏതു പഞ്ചവത്സരപദ്ധതിയും പരാജയപ്പെടുകയേയുള്ളൂ. വിദേശമൂലധനം പിടിച്ചടക്കുകയും നാടുവാഴിബന്ധങ്ങളുടെ ചങ്ങലക്കെട്ടുകൾ പൊട്ടിക്കുകയും ചെയ്താൽ ജനങ്ങളുടെ ജീവിതത്തോതുയരുകയും ആഭ്യന്തരമാർക്കറ്റിന്റെ കഴിവുകൾ വർദ്ധിക്കുകയും വ്യവസായത്തിലേയും കൃഷിയിലേയും ഉൽപ്പാദനശക്തികൾക്ക് വളരാനുള്ള സാദ്ധ്യതയുളവാകുകയും ചെയ്യും. ആ സാദ്ധ്യത കൈവരുത്തിയാൽ മാത്രമേ സോഷ്യലിസ്റ്റ് ഉൽപ്പാദനബന്ധങ്ങൾ സ്ഥാപിക്കാനാവശ്യമായ ഭൗതികസാഹചര്യങ്ങൾ ഉണ്ടാവുകയുള്ളൂ. അതുകൊണ്ടാണ് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി ജനകീയജനാധിപത്യ വിപ്ലവത്തിനുവേണ്ടി ജനങ്ങളെ അണിനിരത്താനുള്ള പരിപാടി സ്വീകരിച്ചിട്ടുള്ളത്.

## 5

പ്രാകൃതകമ്യൂണിസം, അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം, സോഷ്യലിസം എന്നീ സാമൂഹ്യവ്യവസ്ഥകളിലോരോന്നിനും പ്രത്യേകം പ്രത്യേകം ഉൽപ്പാദനബന്ധങ്ങളുണ്ട്. പ്രത്യേകം പ്രത്യേകം സാമ്പത്തിക വ്യവസ്ഥകളുണ്ട്. സാമ്പത്തി

കവ്യവസ്ഥയാണ് സമുദായത്തിന്റെ അടിത്തറ. ആ അടിത്തറയുടെമേൽ ഉയർന്നുവരുന്ന ഉപരിഘടനയാണ് ഓരോ കാലഘട്ടത്തിലുമുണ്ടാകുന്ന ആശയങ്ങളും ചിന്താഗതികളും സാഹിത്യാദികലകളും ഭരണകൂടങ്ങളും രാഷ്ട്രീയവും മതപരവും നിയമപരവും മറ്റുമായ സ്ഥാപനങ്ങളും. രാഷ്ട്രീയപാർട്ടികൾ, സംഘടനകൾ, യൂണിയനുകൾ, മതസ്ഥാപനങ്ങൾ, നാടകം, പത്രം, സിനിമ, റേഡിയോ മുതലായവയെല്ലാം ഉപരിഘടനയുടെ ഭാഗങ്ങളാണ്. ഒരടിത്തറ മാറി മറ്റൊരടിത്തറയാവിർഭവിക്കുന്നതോടൊപ്പം ഉപരിഘടനയ്ക്കും മാറ്റമുണ്ടാകുന്നു. അടിത്തറയാണ് ഉപരിഘടനയെ നിർണ്ണയിക്കുന്നത്. ഉദാഹരണത്തിന്, ഫ്യൂഡലിസത്തിന്റെ അടിത്തറ തകർക്കപ്പെടുകയും മുതലാളിത്തത്തിന്റെ അടിത്തറയാവിർഭവിക്കുകയും ചെയ്യുന്നതോടുകൂടി രാജവാഴ്ചയും ജാതിവ്യവസ്ഥയും പാർലമെൻററി ജനാധിപത്യത്തിനു വഴിമാറിക്കൊടുക്കുന്നു. പള്ളിയുടെ സർവ്വാധിപത്യം നിയന്ത്രിക്കപ്പെടുകയും മുതലാളിത്തബന്ധങ്ങളെ ന്യായീകരിക്കുന്ന പുതിയ മതവിശ്വാസങ്ങൾ ഉയർന്നുവരികയും ചെയ്യുന്നു. ഫ്യൂഡൽ മേധാവിത്വത്തെ വെല്ലുവിളിക്കുന്ന രാഷ്ട്രീയപാർട്ടികളും പത്രങ്ങളും ആവിർഭവിക്കുന്നു.

## അടിത്തറയും ഉപരിഘടനയും

ചൂഷണത്തെ അടിസ്ഥാനപ്പെടുത്തിയ വർഗ്ഗസമുദായത്തിൽ ഉപരിഘടനയും വർഗ്ഗസ്വഭാവമുള്ളതായിരിക്കും. അതായത്, ആശയങ്ങൾ, രാഷ്ട്രീയസ്ഥാപനങ്ങൾ, മതം, നിയമങ്ങൾ മുതലായവ സമുദായത്തിൽ മേധാവിത്വം വഹിക്കുന്ന വർഗ്ഗങ്ങളുടെ താൽപ്പര്യങ്ങൾക്കുതകുന്നവയായിരിക്കും. അതുകൊണ്ട് അടിത്തറ മാറ്റാൻ വേണ്ടിയുള്ള സമരം ഉപരിഘടനയിൽ മാറ്റമുണ്ടാക്കാനുള്ള സമരംകൂടിയാണ്.

അടിത്തറ ഉൽപ്പാദനശക്തികളുടെ വളർച്ചയെ തടയാൻ തുടങ്ങുമ്പോൾ ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിൽ സംഘട്ടനങ്ങളുണ്ടാകുന്നു. ഈ സംഘട്ടനങ്ങൾ ഉപരിഘടനയിലും പ്രതിഫലിക്കുന്നു. സമുദായത്തിന്റെ പുതിയ ആവശ്യങ്ങളിൽനിന്ന് പുതിയ ഉപരിഘടന പൊന്തിവരാൻ തുടങ്ങുന്നു. പുതിയ സാമൂഹ്യാശയങ്ങളും രാഷ്ട്രീയസ്ഥാപനങ്ങളും ആവിർഭവിക്കുന്നു. അവ അധികാരത്തിനുവേണ്ടി പൊരുതുന്ന പുതിയ വർഗ്ഗത്തിന്റെ കയ്യിൽ ശക്തിയുള്ള ആയുധങ്ങളായിത്തീരുകയും ചെയ്യുന്നു.

സാമ്പത്തികാടിത്തറയിലുണ്ടാകുന്ന കുഴപ്പങ്ങളും സംഘട്ടനങ്ങളും മനുഷ്യന്റെ മാനസികമണ്ഡലത്തിൽ പ്രതിഫലിക്കുമ്പോളാണ് പുതിയ ആശയങ്ങളാവിർഭവിക്കുന്നതും സമുദായത്തിന്റെ വളർച്ചയ്ക്കാവശ്യമായിവരുമ്പോൾ മാത്രമേ അവയാവിർഭവിക്കുന്നുള്ളു. മറ്റൊരുവിധം പറഞ്ഞാൽ, സാമൂഹ്യാവശ്യമാണ് ആശയങ്ങളേയും സ്ഥാപനങ്ങളേയും സൃഷ്ടിക്കുന്നത്.

ഉപരിഘടന അടിത്തറയെ ആശ്രയിച്ചിരിക്കുമെന്നു പറയുന്നതിന്റെ അർത്ഥം അതിന് സാമൂഹ്യജീവിതത്തിൽ ക്രിയാത്മകമായ പങ്കൊന്നുമില്ലെന്നല്ല. സമുദായത്തിൽ അടിത്തറയുറപ്പിക്കാനും നിലനിർത്താനും സഹായിക്കുന്ന ഒരു ശക്തിയാണ് ഉപരിഘടന. അടിത്തറയും ഉപരിഘടനയും പരസ്പരം സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. എംഗെൽസ് ബ്ലോഷിന്നയച്ച ഒരു കത്തിൽ എഴുതുകയുണ്ടായി:

‘ചരിത്രപരമായ ഭൗതികവാദസിദ്ധാന്തപ്രകാരം ചരിത്രത്തിന്റെ അവസാനത്തെ നിയാമകശക്തി യഥാർത്ഥജീവിതത്തിന്റെ ഉൽപ്പാദനവും പുനരുൽപ്പാദനവുമാണ്. ഇതിലപ്പുറമൊന്നും ഞാനോ മാർക്സോ ഊന്നിപ്പറഞ്ഞിട്ടില്ല. അതുകൊണ്ട്

ആരെങ്കിലും ഇതിനെ വളച്ചൊടിച്ച് ചരിത്രത്തിന്റെ നിയാമകശക്തി സാമ്പത്തിക വ്യവസ്ഥ മാത്രമാണെന്നു പറയുകയാണെങ്കിൽ അത് ഈ സിദ്ധാന്തത്തെ നിരർത്ഥകവും ശൂന്യവുമാക്കിത്തീർക്കും... രാഷ്ട്രീയവും നിയമപരവും തത്വശാസ്ത്രപരവും സാഹിത്യപരവും കലാപരവുമായ എല്ലാ അഭിവൃദ്ധിയും സാമ്പത്തികാഭിവൃദ്ധിയെ ആശ്രയിച്ചാണിരിക്കുന്നത്. പക്ഷേ, ഇവയെല്ലാം അന്യോന്യം സ്വാധീനം ചെലുത്തുകയും സാമ്പത്തികാടിത്തറയെത്തന്നെ ബാധിക്കുകയും ചെയ്യും. ഇതിന്റെ അർത്ഥം എല്ലാറ്റിനും ഹേതു സാമ്പത്തികപരിതഃസ്ഥിതിയാണെന്നോ അതുമാത്രമേ ഫലപ്രദമാകൂ എന്നോ മറ്റെല്ലാം നിർജ്ജീവങ്ങളാണെന്നോ അല്ല. സാമ്പത്തികാവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഇവയെല്ലാം അന്യോന്യം സ്വാധീനം ചെലുത്തുകയും ഒടുവിലവ ചരിത്രത്തിന്റെ നിർണായകശക്തികളായിത്തീരുകയും ചെയ്യുന്നുവെന്നതാണ് പരമാർത്ഥം’.

## ആശയത്തിന്റെ ശക്തി

ആശയങ്ങൾ, സാമൂഹ്യരാഷ്ട്രീയ സ്ഥാപനങ്ങൾ മുതലായവകൊണ്ടു മാത്രം സാമ്പത്തികാടിത്തറയെ മാറ്റിമറിക്കാൻ കഴിയുമെന്ന വാദത്തെ മാർക്സിസം നിഷേധിക്കുന്നു. പക്ഷേ, അതേസമയത്തുതന്നെ സാമ്പത്തികാടിത്തറയെ മാറ്റിമറിക്കാൻ സഹായിക്കുന്ന സജീവശക്തികളാണവ എന്നും മാർക്സിസം ഊന്നിപ്പറയുന്നു. സ്റ്റാലിൻ പറയുന്നു:

‘ആശയങ്ങളുടെയും സിദ്ധാന്തങ്ങളുടെയും സ്ഥാപനങ്ങളുടെയും ഉത്ഭവത്തെക്കുറിച്ചാണ്, അവ എങ്ങനെ ഉണ്ടാവുന്നുവെന്നാണ്, നാം ഇതേവരെ പറഞ്ഞത്. ആശയങ്ങൾക്കും സിദ്ധാന്തങ്ങൾക്കും അഭിപ്രായങ്ങൾക്കും സ്ഥാപനങ്ങൾക്കും ചരിത്രത്തിലുള്ള സ്ഥാനത്തെക്കുറിച്ചാണെങ്കിൽ, ചരിത്രപരമായ ഭൗതികവാദം അവയുടെ നിലനിൽപ്പിനെ നിഷേധിക്കുന്നില്ലെന്നു മാത്രമല്ല, സാമൂഹ്യജീവിതത്തിന്റെ ചുറ്റുപാടുകളിൽ, സാമൂഹ്യചരിത്രത്തിൽ, അവയ്ക്കുള്ള സ്ഥാനവും പ്രാധാന്യവും ഊന്നി പ്രസ്താവിക്കുന്നതുകൂടിയുണ്ട്’.

ആശയങ്ങളുടെയും സിദ്ധാന്തങ്ങളുടെയും പ്രാധാന്യമെന്തെന്ന് സ്റ്റാലിൻ വിവരിക്കുന്നു:

> ‘പലതരത്തിലുള്ള സാമൂഹ്യാശയങ്ങളും സിദ്ധാന്തങ്ങളുമുണ്ട്. പഴയ, ജീർണ്ണിച്ചുപോയ, സാമൂഹ്യജീവിതത്തിലെ പിന്തിരിപ്പൻ ശക്തികളുടെ താൽപ്പര്യത്തെ സംരക്ഷിക്കുന്ന ആശയങ്ങളും സിദ്ധാന്തങ്ങളുമുണ്ട്. സാമൂഹ്യവളർച്ചയെ തടയുന്നുവെന്നതാണ് അവയ്ക്കുള്ള പ്രാധാന്യം. സമുദായത്തിലെ മുന്നോട്ടുവന്ന ശക്തികളുടെ താൽപ്പര്യങ്ങളെ സംരക്ഷിക്കുന്ന, പുതിയ, പുരോഗമനപരമായ ആശയങ്ങളും സിദ്ധാന്തങ്ങളുമുണ്ട്. സാമൂഹ്യവളർച്ചയെ സഹായിക്കുന്നുവെന്നതാണ് അവയ്ക്കുള്ള പ്രാധാന്യം. സമുദായത്തിന്റെ ഭൗതികജീവിതാവശ്യങ്ങളെ എത്രത്തോളം പ്രതിബിംബിക്കുന്നുവോ അത്രയ്ക്കാണ് അവയ്ക്കുള്ള പ്രാധാന്യം.
>
> ‘സമുദായത്തിന്റെ ഭൗതികജീവിതം വളർന്നുവന്ന് സമുദായത്തിന് പുതിയ ചില കടമകൾ നിർവ്വഹിക്കാനുണ്ടെന്ന് വന്നുകഴിഞ്ഞാൽ മാത്രമേ പുതിയ സാമൂഹ്യാശയങ്ങളും സിദ്ധാന്തങ്ങളും ഉളവാകുകയുള്ളൂ. എന്നാൽ, ഒരിക്കൽ ഉളവായിക്കഴിഞ്ഞാൽ അവ ഒരു സജീവശക്തിയായിത്തീരുകയും ഭൗതികജീവിതത്തിന്റെ വളർച്ചമൂലം പുതിയ കടമകൾ നിർവ്വഹിക്കേണ്ടിവന്നിട്ടുള്ള സമുദായത്തെ സഹായിക്കുകയും ചെയ്യുന്നു. അവ സാമൂഹ്യവളർച്ചയെ സഹായിക്കുന്ന ഒരു ശക്തിയായിത്തീരുന്നു. ഇതുതന്നെയാണ് പുതിയ ആശയങ്ങൾക്കും പുതിയ സിദ്ധാന്തങ്ങൾക്കും

> പുതിയ അഭിപ്രായങ്ങൾക്കും പുതിയ സ്ഥാപനങ്ങൾക്കും സമുദായത്തെ സംഘടിപ്പിച്ച്, അണിനിരത്തി മാറ്റിമറിക്കാനുള്ള കഴിവുണ്ടെന്നു പറയുന്നതിന്റെ അർത്ഥം. പുതിയ ആശയങ്ങളും സിദ്ധാന്തങ്ങളും ഉളവാകുന്നത് സമുദായത്തിന് അവ ആവശ്യമായിവരുന്നതിനാലാണ്; അവയുടെ സഹായത്തോടുകൂടി സമുദായത്തെ സംഘടിപ്പിക്കുകയും അണിനിരത്തുകയും മാറ്റിമറിക്കുകയും ചെയ്യാതെ ഭൗതിക ജീവിതത്തിന്റെ വളർച്ചയാവശ്യപ്പെടുന്ന അടിയന്തരകടമകൾ നിർവ്വഹിക്കാൻ കഴിയാതെവരുന്നുവെന്നതുകൊണ്ടാണ്. ഭൗതികജീവിതത്തിന്റെ വളർച്ചയാവശ്യപ്പെടുന്ന പുതിയ കടമകൾ നിമിത്തം ഉളവായ ഈ ആശയങ്ങളും സിദ്ധാന്തങ്ങളും മുന്നോട്ടുപോയി ബഹുജനങ്ങളുടെ പൊതുസ്വത്തായിത്തീർന്നുകഴിഞ്ഞാൽ, അവ അവരെ സമുദായത്തിലെ പിന്തിരിപ്പൻ ശക്തികൾക്കെതിരായി സംഘടിപ്പിക്കുകയും അണിനിരത്തുകയും ചെയ്തു സമുദായത്തിന്റെ ഭൗതികജീവിതവളർച്ചയെ തടയുന്ന പിന്തിരിപ്പൻശക്തികളെ അട്ടിമറിക്കാൻ പ്രയോജനപ്പെടുന്നു'.

മാർക്സ് തന്നെ പറയുകയുണ്ടായി:

> 'ഒരു സിദ്ധാന്തം ജനങ്ങളെ ആകർഷിച്ചു കഴിഞ്ഞ ഉടനെ അതൊരു ഭൗതികശക്തിയായിത്തീരുന്നു'

## ബോധപൂർവ്വമായ പ്രവർത്തനം

നിലവിലുള്ള സാമൂഹ്യഘടനയെ മാറ്റിമറിയ്ക്കാനും മർദ്ദനവും ചൂഷണവുമില്ലാത്ത പുതിയൊരു സാമൂഹ്യഘടന കെട്ടിപ്പടുക്കാനുംവേണ്ടി പ്രവർത്തിക്കുന്ന വിപ്ലവകാരികൾക്ക് വിപ്ലവകരമായ ഒരു സിദ്ധാന്തം എത്രത്തോളം ആവശ്യമാണെന്നു ഇതിൽനിന്നു വ്യക്തമാകുന്നു. സിദ്ധാന്തങ്ങളുടെയും ആശയങ്ങളുടെയും കാര്യത്തിൽ ശ്രദ്ധിക്കാതെ, ദൈനംദിന പ്രവർത്തനങ്ങളിൽ മാത്രം ഒഴുകുന്ന വിപ്ലവകാരികൾക്ക് സമുദായത്തെ മാറ്റാൻ കെൽപ്പുള്ള ബഹുജനപ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കാൻ കഴിയില്ല.

സ്റ്റാലിൻ പറയുന്നു:

> 'അതുകൊണ്ട്, സമുദായത്തിന്റെ ഭൗതികജീവിതത്തെ നിയന്ത്രിക്കാനും അതിന്റെ പരിതഃസ്ഥിതിയുടെ വളർച്ചയെ ത്വരിതപ്പെടുത്താനും കഴിയണമെങ്കിൽ തൊഴിലാളിവർഗ്ഗപാർട്ടി ഭൗതികജീവിതാവശ്യങ്ങളെ ശരിയായി പ്രതിബിംബിക്കുന്ന ഒരു സാമൂഹ്യസിദ്ധാന്തത്തെ, സാമൂഹ്യാശയത്തെ, ആധാരമാക്കിപ്പിടിക്കണം. ഇങ്ങനെയുള്ള ഒരു സിദ്ധാന്തത്തിനും ആശയത്തിനും മാത്രമേ കോടിക്കണക്കിലുള്ള ബഹുജനങ്ങളെ ഇളക്കിവിട്ടു പിന്തിരിപ്പൻ ശക്തികളെ അമർത്തിക്കളയുവാൻ കരുത്തുള്ള ഒരു വമ്പിച്ച തൊഴിലാളിപ്പാർട്ടിയുടെ പടയെ ഒരുക്കി അണിനിരത്തുവാൻ കഴിയുകയുള്ളൂ. അതിന് മാത്രമേ സമുദായത്തിലെ പുരോഗമനശക്തികൾക്ക് വഴി തെളിയിച്ചുകൊടുക്കാൻ കഴിയുകയുള്ളൂ'.

ഭൗതികപരിതഃസ്ഥിതികളാണ് മനുഷ്യനെ സൃഷ്ടിക്കുന്നത് എന്നു ചൂണ്ടിക്കാണിക്കുന്നതോടൊപ്പം പരിതഃസ്ഥിതികളെ സൃഷ്ടിക്കാൻ മനുഷ്യനുള്ള കഴിവിനെപ്പറ്റിയും മാർക്സിസം ഊന്നിപ്പറയുന്നുണ്ട്. മനുഷ്യനാണ് പരിതഃസ്ഥിതികളെ മാറ്റിമറിക്കുന്നത്. മനുഷ്യന്റെ ബോധപൂർവ്വമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് സമുദായത്തിൽ മാറ്റങ്ങളുണ്ടാകുന്നത്. യഥാർത്ഥമായ ഭൗതികസാഹചര്യങ്ങളെ കണക്കിലെടുത്തുകൊണ്ടും സാമൂഹ്യവളർച്ചയുടെ വസ്തുനിഷ്ഠമായ നിയമങ്ങൾ മനസ്സിലാക്കിക്കൊണ്ടും ബോധപൂർവ്വം പരിപാടികൾ രൂപവൽക്കരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ മനുഷ്യന്റെ ശക്തി അജയ്യമായിരിക്കും. അങ്ങനെ പ്രവർത്തിക്കുന്ന മനുഷ്യന്

പ്രകൃതിനിയമങ്ങളേയും സാമൂഹ്യനിയമങ്ങളേയും സമുദായത്തിന്റെ അഭിവൃദ്ധിക്ക് വേണ്ടി ഉപയോഗിക്കാൻ കഴിയും.

ഈ ബോധപൂർവ്വമായ പ്രവർത്തനത്തിനുള്ള വഴികാട്ടിയാണ് മാർക്സിസം.

# 6

# മാർക്സിസത്തിന്റെ തത്വശാസ്ത്രം

മുതലാളിത്തത്തിന്റെ നാശവും സോഷ്യലിസത്തിന്റെ വിജയവും അനിവാര്യമാണെന്ന് 1847-ൽ തന്നെ, അതായത്, റഷ്യൻവിപ്ലവം പൊട്ടിപ്പുറപ്പെട്ടതിന്റെ എഴുപതു കൊല്ലങ്ങൾക്ക് മുമ്പുതന്നെ, മാർക്സും എംഗെൽസും പ്രഖ്യാപിച്ചു. മുതലാളിത്തസാമൂഹ്യ വ്യവസ്ഥയെ ഒരു സവിശേഷരീതിയിൽ വിശകലനം ചെയ്തു പരിശോധിച്ചതിന്റെ ഫലമായിട്ടാണ് അത്തരമൊരു പ്രവചനം നടത്താനവർക്കു സാധിച്ചത്.

മാർക്സിന് മുമ്പ് ജീവിച്ചിരുന്ന ധനശാസ്ത്രജ്ഞന്മാർ മുതലാളിത്തത്തെ മാറ്റമില്ലാത്ത ഒരു സാമൂഹ്യവ്യവസ്ഥയെന്ന നിലയ്ക്കാണ് വീക്ഷിച്ചത്. മാർക്സാകട്ടെ, മുതലാളിത്തത്തെ ചരിത്രപരമായി പരിശോധിച്ചു. മുതലാളിത്തം എങ്ങനെ ആവിർഭവിച്ചു; അതെങ്ങനെ, ഏതുവഴിയ്ക്ക്, വളരുന്നു, വളർച്ചയുടെ മൂർദ്ധന്യത്തിൽ അതെങ്ങനെ ക്ഷയോന്മുഖമാകാൻ തുടങ്ങുന്നു, ഒടുവിൽ മുതലാളിത്തം നാശമടയുകയും അതിന്റെ സ്ഥാനത്ത് സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ പൊന്തിവരികയും ചെയ്യുന്നതെങ്ങനെ—ഇതെല്ലാം സൂക്ഷ്മമായി നോക്കിപ്പഠിച്ചുകൊണ്ടാണ് മുതലാളിത്തം നശിക്കുമെന്നും ലോകത്തിലെങ്ങും സോഷ്യലിസം വിജയിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചത്.

മുതലാളിത്തം മാത്രമല്ല, എല്ലാ സാമൂഹ്യവ്യവസ്ഥകളും ചരിത്രപരമായി ആവിർഭവിച്ചവയാണ്. എല്ലാം മാറിക്കൊണ്ടിരിക്കുന്നു. മാറ്റമില്ലാത്തതായിട്ടു യാതൊന്നുമില്ല. പ്രകൃതി മാറുന്നു, ജീവജാലങ്ങൾ മാറുന്നു, സമുദായവും സാമ്പത്തികവ്യവസ്ഥയും സാമൂഹ്യ-രാഷ്ട്രീയസ്ഥാപനങ്ങളും മാറുന്നു, മനുഷ്യസ്വഭാവം മാറുന്നു, മനുഷ്യൻതന്നെ മാറുന്നു. പ്രപഞ്ചത്തിലെല്ലായിടത്തും പരിവർത്തനങ്ങളുടെ ലീലാവിലാസങ്ങളാണ് കാണപ്പെടുന്നത്. ശാശ്വതമായി എന്തെങ്കിലുമുണ്ടെങ്കിൽ അതു മാറ്റം മാത്രമാണ്.

ഒന്നും മാറുകയില്ലെന്നും മുതലാളിത്തവ്യവസ്ഥ തകരുകയില്ലെന്നും മർദ്ദനവും ചൂഷണവും മനുഷ്യനുള്ളേടത്തോളം കാലം നിലനിൽക്കുമെന്നും സാമൂഹ്യാസമത്വങ്ങളുടെ മുമ്പിൽ മനുഷ്യർ നിസ്സഹായനാണെന്നും വാദിക്കുന്ന പഴയ തത്വശാസ്ത്രങ്ങൾ തൊഴിലാളിവർഗ്ഗത്തിന്റെ കഴിവിനെ നിഷേധിക്കുകയും മനുഷ്യത്വത്തിന്റെ ഭാവിയെ ചോദ്യം ചെയ്യുകയുമാണ് ചെയ്യുന്നത്. മാർക്സിസം, നേരെമറിച്ച്, എല്ലാം മാറിക്കൊണ്ടിരിക്കുന്നുവെന്നും പ്രകൃതിയിലും സമുദായത്തിലുമുണ്ടാകുന്ന മാറ്റങ്ങളെ മനുഷ്യന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കാൻ കഴിയുമെന്നും പഠിപ്പിക്കുന്നു. മനുഷ്യത്വത്തെ ഒരു പുതിയ പതനത്തിലേക്കുയർത്താനുള്ള മാർഗ്ഗം അതു കാണിച്ചുതരുന്നു.

പ്രകൃതിയുടെയും സമുദായത്തിന്റെയും മാറ്റങ്ങളുടെ പിന്നിൽ വസ്തുനിഷ്ഠമായ, മനുഷ്യന്റെ ആഗ്രഹാഭിലാഷങ്ങളിൽനിന്ന് സ്വതന്ത്രമായ, ചില നിയമങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആ നിയമങ്ങൾ മനസ്സിലാക്കിക്കൊണ്ടും അവയെ ഉപയോഗിച്ചുകൊണ്ടുമാണ് മാർക്സിസ്റ്റ്—ലെനിനിസ്റ്റ് പാർട്ടികൾ സാമൂഹ്യവ്യവസ്ഥയിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാനും അങ്ങനെ മനുഷ്യജീവിതത്തെ അഭിവൃദ്ധിപ്പെടുത്താനും ശ്രമിക്കുന്നത്. ഭൗതികവും മാനസികവുമായ എല്ലാ പുരോഗതികളുടെയും പിന്നിലുള്ള വസ്തുനിഷ്ഠമായ നിയമങ്ങളുടെ ശാസ്ത്രമാണ് മാർക്സിസം. സഖാവ് സ്റ്റാലിൻ നിർവ്വചിക്കുന്നു:

'മാർക്സിസം പ്രകൃതിയുടെയും സമുദായത്തിന്റെയും വികാസനിയമങ്ങളുടെ ശാസ്ത്രമാണ്; അത് മർദ്ദിതരും ചൂഷിതരുമായവരുടെ വിപ്ലവത്തിന്റെ, എല്ലാ രാജ്യങ്ങളിലും സോഷ്യലിസം വിജയിക്കുന്നതിന്റെ, കമ്യൂണിസ്റ്റ് സമുദായം പടുത്തുയർത്തുന്നതിന്റെ, ശാസ്ത്രമാണ്'.

മാർക്സിസത്തിൽ വൈരുദ്ധ്യാധിഷ്ഠിതവും ചരിത്രപരവുമായ ഭൗതികവാദം, ധനശാസ്ത്രം, ശാസ്ത്രീയസോഷ്യലിസം എന്നിങ്ങനെ മൂന്നു ഭാഗങ്ങളടങ്ങിയിരിക്കുന്നു.

മാർക്സിസ്റ്റ്—ലെനിനിസ്റ്റ് പാർട്ടി പ്രപഞ്ചത്തെ വീക്ഷിക്കുന്ന രീതിയാണ് വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം. (ഡയലക്റ്റിക്കൽ മെറ്റീരിയലിസം). ഭൗതികപ്രപഞ്ചത്തിന്റെയെന്നപോലെ മാനസികലോകത്തിന്റെയും വളർച്ചയുടെ നിയമങ്ങളെ മനസ്സിലാക്കാനും ആ നിയമങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രകൃതിയേയും സമുദായത്തെയും മാറ്റാനും അത് പാർട്ടിയെ സഹായിക്കുന്നു.

പ്രകൃതിയുടെയും സമുദായത്തിന്റെയും വ്യത്യസ്തങ്ങളായ പ്രതിഭാസങ്ങൾക്ക് ഭൗതികമായ ഒരു വിശദീകരണമാണത് നൽകുന്നത്. അവയെ മനസ്സിലാക്കാൻ വൈരുദ്ധ്യാധിഷ്ഠിതമായ പരിശോധനാമാർഗ്ഗമാണുപയോഗിക്കപ്പെടുന്നത്. അതുകൊണ്ടാണതിനു വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം എന്നുപറയുന്നത്.

സഖാവ് സ്റ്റാലിൻ എഴുതുന്നു:

> 'വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദമെന്നുവെച്ചാൽ മാർക്സിസ്റ്റ്—ലെനിനിസ്റ്റ് പാർട്ടി പ്രപഞ്ചത്തെ വീക്ഷിക്കുന്ന രീതിയാണ്. പ്രകൃതിയുടെ പ്രത്യക്ഷരൂപങ്ങളെ സമീപിച്ച് പരിശോധിക്കുന്നതിൽ അവയിലടങ്ങിയ വൈരുദ്ധ്യാത്മകത്വമാണ് (ഡയലക്റ്റിക്സ്) ആധാരമാക്കപ്പെടുന്നത്. അവയുടെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കി അവയെക്കുറിച്ചു പൊതുതത്വങ്ങൾ രൂപവൽക്കരിക്കുന്നതിൽ അവയുടെ ഭൗതികത്വമാണ് അടിസ്ഥാനമാക്കപ്പെടുന്നത്. അതുകൊണ്ട് ആ രീതിയെ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം (ഡയലക്റ്റിക്കൽ മെറ്റീരിയലിസം) എന്നുപറയുന്നു'.

പ്രകൃതിയെപ്പറ്റിയും പ്രപഞ്ചത്തെപ്പറ്റിയുമുള്ള ഭൗതികവാദപരമായ ധാരണകൾ ഡയലക്റ്റിക്കൽ പരിശോധനാമാർഗ്ഗത്തിനാവശ്യമാണ്. അതുപോലെ തന്നെ ഭൗതികപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഡയലക്റ്റിക്സും ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. ഇങ്ങനെ ഡയലക്റ്റിക്സും ഭൗതികവാദവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

ഡയലക്റ്റിക്കൽ മെറ്റീരിയലിസത്തിന്റെ തത്വങ്ങളുപയോഗിച്ച് സാമൂഹ്യചരിത്രത്തെയും സാമൂഹ്യജീവിതത്തിന്റെ വിവിധങ്ങളായ പ്രതിഭാസങ്ങളേയും പരിശോധിച്ചാൽ, ചരിത്രപരമായ ഭൗതികവാദമായി. മനുഷ്യസമുദായത്തിന്റെയും സാമൂഹ്യജീവിതത്തിന്റെയും ആശയങ്ങളുടെയും രാഷ്ട്രീയസ്ഥാപനങ്ങളുടെയും മാറ്റങ്ങളുടെ പിന്നിൽ സവിശേഷങ്ങളായ ചില നിയമങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അതിന്റെ

ഫലമായിട്ടാണ് സമുദായം താഴ്ന്ന പതനത്തിൽ നിന്ന് ഉയർന്ന പതനത്തിലേക്ക് മുന്നേറുന്നതെന്നുമാണ് ചരിത്രപരമായ ഭൗതികവാദം പഠിപ്പിക്കുന്നത്.

വൈരുദ്ധ്യാധിഷ്ഠിതവും ചരിത്രപരവുമായ ഭൗതികവാദമാണ് മാർക്സിസത്തിന്റെ താത്വികമായ അടിത്തറ; അതുതന്നെയാണ് കമ്യൂണിസ്റ്റ് പാർട്ടിയുടെ താത്വികാടിസ്ഥാനം.

## ഭൗതികവാദവും ഡയലക്റ്റിക്സും

മാർക്സിന് മുമ്പും വൈരുദ്ധ്യാധിഷ്ഠിതമായ പരിശോധനാമാർഗ്ഗമുണ്ടായിരുന്നു. ഉദാഹരണത്തിന്, 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന ഹേഗൽ എന്ന ജർമ്മൻ തത്വശാസ്ത്രജ്ഞൻ വൈരുദ്ധ്യാധിഷ്ഠിതമായ പരിശോധനാമാർഗ്ഗമുപയോഗിച്ചുകൊണ്ടാണ് പ്രപഞ്ചത്തെ വീക്ഷിച്ചത്. മനുഷ്യസമുദായത്തിന്റെ വികാസം യാദൃച്ഛികസംഭവങ്ങളെയോ ഏതാനും വീരപുരുഷന്മാരുടെ പ്രവർത്തനങ്ങളെയോ ആശ്രയിച്ചല്ല, നേരെമറിച്ച്, മനുഷ്യന് മുൻകൂട്ടി മനസ്സിലാക്കാൻ കഴിയുന്ന ശാസ്ത്രീയ നിയമങ്ങളെ ആശ്രയിച്ചാണിരിക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി.

പക്ഷേ, ഹേഗൽ ഒരു ഭൗതികവാദിയായിരുന്നില്ല, ആത്മീയവാദിയായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഭൗതികപ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും ആവിർഭാവത്തിനു മുമ്പു മുതൽക്കേ നിലനിന്നുപോന്ന 'പരമാത്മാ'വിനെ ആശ്രയിച്ചാണ് ലോകം നിലനിൽക്കുന്നത്. മനുഷ്യസമുദായത്തിന്റെ വളർച്ച ആത്മാവിന്റെ വളർച്ചയുടെ പ്രതിഫലനം മാത്രമാണെന്നും മാനസിക വ്യാപാരങ്ങളുടെ സൃഷ്ടിയാണ് ഭൗതികപ്രപഞ്ചമെന്നും അദ്ദേഹം വിശ്വസിച്ചു.

തലകുത്തി നിൽക്കുന്ന ഈ ഹെഗേലിയൻ തത്വശാസ്ത്രത്തെ കാലിന്മേൽ പിടിച്ചുനിർത്തുകയാണ്, എന്നുവെച്ചാൽ, അതിനെ ഭൗതികാടിത്തറയിന്മേൽ പുതുക്കിപ്പണിയുകയാണ് മാർക്സും എംഗെൽസും ചെയ്തത്.

സ്റ്റാലിൻ എഴുതുന്നു:

> 'വൈരുദ്ധ്യാധിഷ്ഠിതമായ പരിശോധനാമാർഗ്ഗത്തെ വിവരിക്കുമ്പോൾ അതിന്റെ അടിസ്ഥാനതത്വങ്ങൾ രൂപീകരിച്ച ഹേഗലിനെയാണ് മാർക്സും എംഗൽസും, ചൂണ്ടിക്കാണിക്കാറുള്ളത്. എന്നാൽ, ഹേഗലിന്റെ വൈരുദ്ധ്യാധിഷ്ഠിതമായ പരിശോധനാമാർഗ്ഗം തന്നെയാണ് മാർക്സിന്റെയും എംഗെൽസിന്റെയും പരിശോധനാമാർഗ്ഗമെന്ന് ഇതിനർത്ഥമില്ല. വാസ്തവത്തിൽ, ഹേഗലിന്റെ ഡയലക്റ്റിക്സിൽ നിന്ന് അതിന്റെ 'യുക്തിപൂർവ്വമായ കാതൽ' മാത്രമേ മാർക്സും എംഗെൽസും എടുത്തുള്ളൂ. അതിന്റെ ആത്മീയമായ തൊണ്ട് അവർ ദൂരെ വലിച്ചെറിഞ്ഞു. മാത്രമല്ല, അതിനെ ആകെയൊന്ന് പരിഷ്കരിച്ച് നവീനവും ശാസ്ത്രീയവുമായ ഒരു രൂപവും അവരതിനു കൊടുത്തു'.

മാനസികവ്യാപാരങ്ങളുടെ പ്രാധാന്യത്തെ മാർക്സും എംഗെൽസും നിഷേധിക്കുന്നില്ല. പക്ഷേ, ഭൗതികസാഹചര്യങ്ങളാണ് അവയുടെ അടിത്തറയെന്ന് അവർ ഊന്നിപ്പറയുന്നു. ആശയങ്ങൾക്ക് ചരിത്രത്തിൽ സ്ഥാനമുണ്ട്. പക്ഷേ, ആശയം ഭൗതികപരിസരങ്ങളെ നിർണയിക്കുകയല്ല, ഭൗതികപരിസരങ്ങൾ ആശയത്തെ നിർണയിക്കുകയാണ് ചെയ്യുന്നത്. സമുദായത്തിലെ സാമ്പത്തിക വ്യവസ്ഥയാകുന്ന അടിത്തറമേൽ ഉയർന്നുവരുന്ന ഉപരിഘടനയാണ് ആശയങ്ങൾ, രാഷ്ട്രീയ സ്ഥാപനങ്ങൾ തുടങ്ങിയവ.

സ്റ്റാലിൻ പറയുന്നു:

> ‘സമുദായത്തിന്റെ ഭൗതികജീവിതം വളർന്നുവന്ന് സമുദായത്തിന് പുതിയ ചില കടമകൾ നിർവ്വഹിക്കാനുണ്ടെന്നു വന്നുകഴിഞ്ഞാൽ മാത്രമേ പുതിയ സാമൂഹ്യാശയങ്ങളും സിദ്ധാന്തങ്ങളും ഉളവാകയുള്ളൂ. എന്നാൽ, അവ ഉളവായിക്കഴിഞ്ഞാൽ, അവ ഒരു സജീവശക്തിയായിത്തീർന്ന് ഭൗതികജീവിതത്തിന്റെ വളർച്ചമൂലം പുതിയ കടമകൾ നിർവ്വഹിക്കേണ്ടിവന്നിട്ടുള്ള സമുദായത്തെ സഹായിക്കുന്നു; അവ സാമൂഹ്യവളർച്ചയെ സഹായിക്കുന്ന ഒരു ശക്തിയായിത്തീരുന്നു. ഇതുതന്നെയാണ് പുതിയ ആശയങ്ങൾക്കും പുതിയ സിദ്ധാന്തങ്ങൾക്കും പുതിയ അഭിപ്രായങ്ങൾക്കും പുതിയ സ്ഥാപനങ്ങൾക്കും സമുദായത്തെ സംഘടിപ്പിച്ച്, അണിനിരത്തി, മാറ്റിമറിക്കാനുള്ള കഴിവുണ്ടെന്ന് പറയുന്നതിന്റെ അർത്ഥം.”

ഉദാഹരണത്തിന്, ഫ്രഞ്ചുവിപ്ലവക്കാലത്ത് പൊന്തിവന്ന സാമൂഹ്യാശയങ്ങളെ പരിശോധിയ്ക്കുക—റൂസ്സൊ, വോൾട്ടയർ തുടങ്ങിയ മഹാന്മാരുടെ ചിന്തകൾ അക്കാലത്ത് സമുദായത്തെ മാറ്റിമറിയ്ക്കാനുള്ള വിപ്ലവപ്രവർത്തനങ്ങൾക്ക് വലിയ പ്രചോദനം നൽകുകയുണ്ടായി. അവ സാമൂഹ്യവളർച്ചയെ സഹായിക്കുന്ന ഒരു വലിയ ശക്തിയായിത്തീർന്നു. പക്ഷേ, പ്രതിഭാശാലികളുണ്ടായതുകൊണ്ടല്ല ഫ്രഞ്ചുവിപ്ലവമുണ്ടായത്. മറിച്ച്, ഫ്യൂഡൽ സാമൂഹ്യവ്യവസ്ഥയവസാനിപ്പിച്ച് മുതലാളിത്തോല്പാദനവ്യവസ്ഥ കെട്ടിപ്പടുക്കുക എന്ന കടമ സമുദായത്തിന്റെ മുമ്പിലാവിർഭവിച്ചപ്പോൾ മാത്രമാണ് ആ പ്രതിഭാശാലികൾ രംഗത്തുവന്നത്. അപ്പോൾ മാത്രമാണ് അവരുടെ ആശയങ്ങൾക്ക് സാമൂഹ്യപരിവർത്തനങ്ങളെ സഹായിക്കുകയെന്ന പങ്ക് നിർവ്വഹിക്കാൻ കഴിഞ്ഞത്.

ശ്രീനാരായണഗുരു കേരളത്തിലെ ജാതിമേധാവിത്വത്തിനെതിരായ ജനകീയപ്രക്ഷോഭങ്ങൾക്ക് വലിയ പ്രചോദനം നൽകുകയുണ്ടായി. എന്നാൽ, മുതലാളിത്തത്തിന്റെയും ദേശീയപ്രസ്ഥാനത്തിന്റെയും വളർച്ചയുടെ ഫലമായി ജാതിമേധാവിത്വത്തിനെതിരായി സാമൂഹ്യ ഭൗതികസാഹചര്യങ്ങൾ വളർന്നുവന്നപ്പോൾ മാത്രമാണ് ശ്രീനാരായണഗുരുവിന്റെ ആശയങ്ങൾ ഒരു സജീവശക്തിയായിത്തീർന്നത്.

ഇങ്ങനെ പരിശോധിച്ചാൽ ചരിത്രത്തിന്റെ വിവിധഘട്ടങ്ങളിലുണ്ടായ സാമൂഹ്യാശയങ്ങൾ, മതങ്ങൾ, രാഷ്ട്രീയസ്ഥാപനങ്ങൾ മുതലായവയ്ക്കെല്ലാം ഭൗതികമായ ഒരടിത്തറയുണ്ടെന്നു കാണാൻ സാധിക്കും.

മാർക്സിസത്തിന്റെ കാര്യം തന്നെയെടുക്കുക. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് തൊഴിലാളിവർഗ്ഗം ഒരു സ്വതന്ത്രശക്തിയായി തലയുയർത്തുകയും ചരിത്രത്തിൽ സ്വതന്ത്രമായ സ്വാധീനശക്തി ചെലുത്താൻ തുടങ്ങുകയും ചെയ്തപ്പോൾ മാത്രമാണ് തൊഴിലാളിവർഗ്ഗത്തിന്റെ തത്വശാസ്ത്രവും ഉയർന്നുവന്നത്. ഭൗതികജീവിതത്തിന്റെ വളർച്ചമൂലം സമുദായത്തിന് ചില പുതിയ കടമകൾ നിർവ്വഹിക്കേണ്ടിവന്നപ്പോൾ മാത്രമാണ് മാർക്സിസം സാമൂഹ്യവളർച്ചയെ സഹായിക്കുന്ന ഒരു ശക്തിയായിത്തീർന്നത്.

അപ്പോൾ, മാർക്സ് ചൂണ്ടിക്കാണിക്കുന്നതുപോലെ, മനുഷ്യന്റെ ബോധം സാമൂഹ്യജീവിതത്തെ നിർണ്ണയിക്കുകയല്ല, സാമൂഹ്യജീവിതം ബോധത്തെ നിർണ്ണയിക്കുകയാണ് ചെയ്യുന്നത്.

മാർക്സിന് മുമ്പ് ആത്മീയവാദികൾ മാത്രമല്ല, ഭൗതികവാദികളുമുണ്ടായിരുന്നു. ചാർവ്വാകൻ, എപ്പിക്യൂരസ്സ് തുടങ്ങിയ പ്രാചീനതത്വജ്ഞാനികൾ ഭൗതികവാദിക

ളായിരുന്നു. മുതലാളിത്തത്തിന്റെ ആരംഭത്തോടുകൂടി, പ്രത്യേകിച്ചും 15-17 നൂറ്റാണ്ടുകളിൽ, വളർന്നുവന്ന സയൻസ് ഭൗതികവാദത്തിന്റെ വിജയത്തെയാണുൽഘോഷിച്ചത്.

ഹേഗലിന്റെ തത്വശാസ്ത്രത്തെ ഭൗതികവാദത്തിന്റെ വീക്ഷണകോണത്തിലൂടെ വിമർശിച്ച് ഫൊയർബേക്ക് എന്ന ജർമ്മൻ തത്വജ്ഞാനി (1804-1872) മാർക്സിന്റേയും എംഗെൽസിന്റേയും ചിന്താഗതിയിൽ, പ്രത്യേകിച്ചും ആരംഭകാലത്ത്, വലിയ സ്വാധീനം ചെലുത്തുകയുണ്ടായി. ഹേഗലിന്റെ ആത്മീയവാദത്തിൽ നിന്ന് കുതറിപ്പുറത്തുകടന്നുവെന്നതിലാണ് ഫൊയർബേക്കിന്റെ പ്രാധാന്യം കിടക്കുന്നത്. പക്ഷെ, ഹേഗലിന്റെ ആത്മീയവാദത്തെ നിഷേധിച്ചതോടൊപ്പം അദ്ദേഹത്തിന്റെ ഡയലക്റ്റിക്സിനേയും ഫൊയർബേക്ക് വലിച്ചെറിഞ്ഞു. ഹേഗലിൻ തത്വശാസ്ത്രത്തിന്റെ 'യുക്തിപൂർവ്വമായ കാതൽ' കണ്ടുപിടിയ്ക്കാൻ ഫൊയർബേക്കിന് കഴിഞ്ഞില്ല. പ്രകൃതിയുടെ പ്രതിഭാസങ്ങളെ വീക്ഷിക്കുമ്പോൾ അദ്ദേഹം ഒരു ഭൗതികവാദിയായിരുന്നു. പക്ഷേ, സാമൂഹ്യവളർച്ചയുടെ ഭൗതികാടിസ്ഥാനമെന്തെന്നു മനസ്സിലാക്കാൻ കഴിയാഞ്ഞതുകൊണ്ട് അദ്ദേഹം ആത്മീയവാദത്തിലേക്ക് തന്നെ വഴുതിവീണു. മനുഷ്യസമുദായത്തിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളെ തരംതിരിക്കുന്നത് മതങ്ങളിലുണ്ടാകുന്ന മാറ്റങ്ങളാണെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. മാർക്സും എംഗെൽസുമാകട്ടെ, പ്രകൃതിയെന്നപോലെ തന്നെ സാമൂഹ്യകാര്യങ്ങളേയും ഭൗതികവാദത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ഫോയർബേക്കിന്റെ തത്വശാസ്ത്രത്തിന്റെ ആത്മീയവും മതപരവുമായ പുറംതൊണ്ട് വലിച്ചെറിഞ്ഞ് അതിലടങ്ങിയ ഭൗതികവാദത്തിന്റെ കാതലിനെ ശാസ്ത്രീയമായി വളർത്തുകയാണ് അവർ ചെയ്തത്.

തങ്ങൾക്ക് മുമ്പുണ്ടായിരുന്ന എല്ലാ തത്വശാസ്ത്രങ്ങളേയും പരിശോധിക്കുകയും അവയുടെ നേട്ടങ്ങളെ ഉപയോഗിക്കുകയും ചെയ്തുകൊണ്ടാണ് മാർക്സും എംഗെൽസും തങ്ങളുടെ ഡയലക്റ്റിക്കൽ മെറ്റീരിയലിസത്തിന്റെ തത്വങ്ങളുന്നയിച്ചത്. പക്ഷേ, മാർക്സിസ്റ്റ് തത്വശാസ്ത്രം പഴയ തത്വശാസ്ത്രങ്ങളുടെ ഒരു വികാസം മാത്രമല്ല, തികച്ചും പുതുതായ ഒരു തത്വശാസ്ത്രമാണ്.

## പരിതഃസ്ഥിതിയും പരസ്പരബന്ധവും

നല്ല മൂർച്ചയുള്ള ഒരു കത്തിയും പിടിച്ചുകൊണ്ട് ഒരാൾ നിങ്ങളുടെ മുമ്പിൽ നിൽക്കുന്നുവെന്ന് വിചാരിക്കുക. ആ കത്തി നിങ്ങളിലുണ്ടാക്കുന്ന വികാരമെന്താണ്? നിങ്ങൾക്ക് ഭയമോ സന്തോഷമോ എന്താണുണ്ടാകുന്നത്? കത്തിപിടിച്ചു നിൽക്കുന്നതാരാണെന്നു മനസ്സിലായാലേ ഈ ചോദ്യത്തിന് സമാധാനം ലഭിക്കൂ. കത്തിയുടെ ഉടമസ്ഥൻ ഒരു ഭ്രാന്തനോ കൊലപാതകിയോ ആണെന്നിരിക്കട്ടെ. ഭ്രാന്തന്റെ കയ്യിൽ കത്തി ആളുകളെ കൊല്ലാനുള്ള ഉപകരണമാണ്. നിങ്ങളെന്തുചെയ്യും? സംശയമില്ല, നിങ്ങളവനെ പിടിച്ചുകെട്ടും.

മറിച്ച്, കത്തിപിടിച്ചുനിൽക്കുന്നത് ഒരു ഡോക്ടറാണെന്നിരിക്കട്ടെ. ഒരു വിഷമം പിടിച്ച ഓപ്പറേഷൻ കഴിച്ച് ഒരു കുട്ടിയുടെ ജീവൻ രക്ഷിച്ചതിനുശേഷം അദ്ദേഹം നിങ്ങളെ നോക്കി പുഞ്ചിരിയിടുകയാണ്. നിങ്ങളദ്ദേഹത്തെ പിടിച്ചുകെട്ടുമോ? തീർച്ചയായുമില്ല. പകരം, നിങ്ങളദ്ദേഹത്തോടു നന്ദിപറയും.

അപ്പോൾ, കത്തിയെ പരിതഃസ്ഥിതികളിൽ നിന്ന് വേർപെടുത്തിക്കൊണ്ട് പരിശോധിക്കാൻ പാടില്ല. പരിതഃസ്ഥിതികളുമായുള്ള ബന്ധമനുസരിച്ച് അത് ഉപയോഗകരമോ ഉപദ്രവകരമോ ആയിത്തീരുന്നു.

തികച്ചും വ്യത്യസ്തങ്ങളായ വസ്തുക്കൾ തമ്മിലുള്ള പരസ്പര ബന്ധത്തെ സഖാവ് സ്റ്റാലിൻ തന്റെ 'മാർക്സിസവും ഭാഷാശാസ്ത്രവും' എന്ന പുസ്തകത്തിൽ പുതിയ ചില ഉദാഹരണങ്ങൾ കൊണ്ട് വ്യക്തമാക്കുന്നുണ്ട്. ഭാഷയും ചിന്തയും തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതെങ്ങിനെയെന്ന് അദ്ദേഹം വിവരിക്കുന്നു. ഭാഷയ്ക്ക് ചിന്തയില്ലാതെയും ചിന്തയ്ക്ക് ഭാഷയില്ലാതെയും നിലനിൽക്കാനാവില്ല. ചിന്തയുടെ നിലനിൽപ്പ് ഭാഷയിലൂടെയാണ് പ്രകടിപ്പിക്കുന്നത്. ഭാഷ ചിന്തകളെ കൈമാറാനുള്ള ഉപാധിയായിട്ടാണ് നിലനിൽക്കുന്നത്. സ്റ്റാലിന്റെ തന്നെ വാക്കുകളിൽ,

'ഭാഷയിലൂടെ പ്രകടമാകുന്നതിന് മുമ്പ് ചിന്തകൾ മനുഷ്യന്റെ മനസ്സിൽ ഉദിക്കുന്നുവെന്നു പറയപ്പെടുന്നുണ്ട്. ഭാഷയാകുന്ന പദാർത്ഥമില്ലാതെ, ഭാഷയാകുന്ന പുറംതൊണ്ടില്ലാതെ, അതായത്, ഒരു ഒഴുക്കൻ രൂപത്തിൽ, ചിന്തകളുയരുന്നുവെന്നാണ് പറയപ്പെടുന്നത്. എന്നാലിത് തികച്ചും തെറ്റാണ്. മനുഷ്യന്റെ മനസ്സിൽ എന്തെല്ലാം ചിന്തകളുദിക്കുന്നുണ്ടെങ്കിലും ഭാഷയാകുന്ന പദാർത്ഥത്തിന്റെ അടിസ്ഥാനത്തിലല്ലാതെ, വാക്കുകളുടെയും ശബ്ദങ്ങളുടെയും അടിസ്ഥാനത്തിലല്ലാതെ അവയ്ക്ക് ആവിർഭവിക്കാനും നിലനിൽക്കാനും സാദ്ധ്യമല്ല തന്നെ'.

ചിന്ത ഭാഷയുമായി മാത്രമല്ല, മറ്റു വസ്തുക്കളുമായും ബന്ധപ്പെട്ടിരിക്കുന്നു:

> 'ദൈനംദിന ജീവിതത്തിൽ ബാഹ്യലോകത്തിലെ പദാർത്ഥങ്ങളും അവയുടെ അന്യോന്യബന്ധങ്ങളും കണ്ണ്, ചെവി, മൂക്ക്, നാവ്, ത്വക്ക് എന്നീ ഇന്ദ്രിയങ്ങൾ വഴിയ്ക്ക് അവരുടെ മനസ്സിലുളവാക്കുന്ന പ്രതിബിംബം, വസ്തുബോധം, ധാരണ എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ അവരുടെ ചിന്തകൾ ഉടലെടുക്കുകയും നിലനിൽക്കുകയും ചെയ്യുന്നുള്ളൂ. ഈ പ്രതിബിംബം, വസ്തുബോധം, ധാരണ എന്നിവയോടുകൂടാതെ ചിന്ത ശൂന്യവും ഭാവരഹിതവുമാണ്; അതായത്, ചിന്ത ഉണ്ടാകുന്നതേയില്ല'.

ഭാഷയുടെ മൂലപദാവലിയും വ്യാകരണവും തമ്മിലും ഇതുപോലെ ബന്ധപ്പെട്ടിരിക്കുന്നു. വ്യാകരണവുമായി ബന്ധപ്പെടാതെ ഒറ്റപ്പെട്ടു കിടക്കുന്ന വാക്കുകൾ അർത്ഥശൂന്യങ്ങളാണ്. വാക്കുകൾ ഭാഷയല്ല. മൂലപദങ്ങൾ ഭാഷയുടെ അടിത്തറയാണ്; സംശയമില്ല. പക്ഷേ, വ്യാകരണമാണ് അവയ്ക്ക് ഭാഷയുടെ രൂപം നൽകുന്നത്.

അടിത്തറയും ഉപരിഘടനയും തമ്മിലുള്ള അനിവാര്യമായ ബന്ധത്തെക്കുറിച്ചും സ്റ്റാലിൻ വിശദീകരിക്കുന്നുണ്ട്. സമുദായത്തിന്റെ സാമ്പത്തിക വ്യവസ്ഥയെയാണ് ഇവിടെ അടിത്തറയെന്നു പറയുന്നത്. ഈ അടിത്തറമേൽ ഉയരുന്ന രാഷ്ട്രീയവും നിയമപരവും മതപരവും കലാപരവും തത്വശാസ്ത്രപരവുമായ ആശയസംഹിതകളും രാഷ്ട്രീയവും നിയമപരവും മറ്റുമായ സ്ഥാപനങ്ങളുമാണ് ഉപരിഘടനയെന്ന പേരിൽ അറിയപ്പെടുന്നത്. ഓരോ അടിത്തറയ്ക്കും അതിന് യോജിച്ച ഉപരിഘടനയുണ്ട്. അടിത്തറ മാറുമ്പോൾ ഉപരിഘടനയും മാറുന്നു. സമുദായത്തിലെ സാമ്പത്തികാടിത്തറയാണ് ഉപരിഘടനയെ—ആശയങ്ങളെയും സ്ഥാപനങ്ങളെയും—നിർണയിക്കുന്നത്. പക്ഷേ, ഉപരിഘടന നിഷ്ക്രിയമല്ല. അത് അടിത്തറയിന്മേലും സ്വാധീനം ചെലുത്തുന്നു. അടിത്തറയെ രൂപപ്പെടുത്താനും ശക്തിപ്പെടുത്താനും അത് സഹായിക്കുന്നു, സ്റ്റാലിൻ പറയുന്നു:

> 'ഉപരിഘടന അടിത്തറയിൽ നിന്നുയിരെടുത്തുയരുന്നു. എന്നാൽ, ഉപരിഘടന അടിത്തറയുടെയും വർഗ്ഗങ്ങളുടെയും വികാസത്തിന്റെ ഗതിവിഗതികളെയും സാമൂഹ്യവ്യവസ്ഥയുടെയും സ്വഭാവത്തെയും സംബന്ധിച്ചേടത്തോളം നിർജ്ജീവവും നിഷ്പക്ഷവും ഉദാസീനവുമാണെന്നു ഇതിനർത്ഥമില്ല. നേരെമറിച്ച്, ഉപരിഘടന

ഉയർന്നുവന്നതിനുശേഷം ഒരു സജീവശക്തിയായിത്തീരുന്നു; സ്വന്തം അടിത്തറയെ പൂർണ്ണരൂപം കൈക്കൊള്ളുന്നതിലും ശക്തിയാർജ്ജിക്കുന്നതിലും സജീവമായി സഹായിക്കുന്നു; പഴയ അടിത്തറയേയും വർഗ്ഗങ്ങളേയും നിശ്ശേഷം നശിപ്പിച്ചുകളയുന്നതിൽ പുതിയ സമുദായത്തിന് സഹായകരമായ നടപടികളെല്ലാം എടുക്കുന്നു'.

അപ്പോൾ, ഏതെങ്കിലുമൊരാശയത്തിന്റെയോ സ്ഥാപനത്തിന്റെയോ പ്രാധാന്യം മനസ്സിലാക്കണമെങ്കിൽ അതിന്റെ അടിത്തറയായ സാമ്പത്തിക വ്യവസ്ഥയുമായി ബന്ധപ്പെടുത്തിക്കൊണ്ടുവേണം അതിനെ പരിശോധിക്കുക.

മാർക്സിനു മുമ്പുണ്ടായിരുന്ന ഭൗതികവാദികൾ യാന്ത്രികമായ പരിശോധനാമാർഗ്ഗത്തെയാണ് ആശ്രയിച്ചിരുന്നത്. പരസ്പരം ബന്ധമില്ലാത്തവയും സർവ്വതന്ത്രസ്വതന്ത്രങ്ങളുമായ വിവിധ വസ്തുക്കളുടെ വെറുമൊരു കുമ്പാരമായിട്ടാണ് അവർ പ്രകൃതിയെ വീക്ഷിച്ചത്.

എംഗെൽസ് പറയുന്നു:

'യാന്ത്രികചിന്തകന്റെ നോട്ടത്തിൽ വസ്തുക്കളും അവയുടെ മാനസിക പ്രതിഛായകളായ ആശയങ്ങളും അന്യോന്യം ബന്ധമില്ലാത്തവയാണ്; അവ ഓരോന്നോരോന്നായി, ഒന്നിനെ മറ്റൊന്നിൽനിന്ന് വേർപെടുത്തി പരിശോധിക്കപ്പെടേണ്ടവയാണ്; സ്ഥിരമായി നിൽക്കുന്ന, ഇളക്കമില്ലാത്ത, എന്നെന്നേയ്ക്കുമുള്ള, പരീക്ഷണവസ്തുക്കളാണവ. ഒരിയ്ക്കലും അന്യോന്യം കൂട്ടിയിണക്കാനാവാത്ത പ്രതിഭാസങ്ങളുടെ ഭാഷയിലാണ് അയാൾ ചിന്തിക്കുന്നത്... വസ്തുക്കളെ വെവ്വേറെ പരിശോധിക്കുന്നതിനിടയ്ക്ക് അവ തമ്മിലുള്ള ബന്ധം അയാൾ മറക്കുന്നു. അവയുടെ ജീവിതത്തെക്കുറിച്ച് പരിശോധിക്കുന്നതിനിടയിൽ ആ ജീവിതത്തിന് ഒരാരംഭവും അറുതിയുമുണ്ടെന്ന് അയാൾ വിസ്മരിക്കുന്നു. നിശ്ചലാവസ്ഥയെപ്പറ്റിയുള്ള ആലോചനയ്ക്കിടയിൽ അവ ചലിക്കുന്നുണ്ടെന്ന് അയാൾ ഓർമ്മിയ്ക്കുന്നില്ല. മരങ്ങൾ നിറഞ്ഞതുകൊണ്ട് വനത്തെക്കാണാൻ അയാൾക്ക് കഴിയുന്നില്ല'.

മാർക്സിസ്റ്റ് ഭൗതികവാദമാകട്ടെ, നേരെമറിച്ച്, ഒന്ന് മറ്റൊന്നിനെ ആശ്രയിച്ചും പരസ്പരം നിയന്ത്രിച്ചും പരസ്പരം ബന്ധപ്പെട്ടും കിടക്കുന്ന നാനാരൂപങ്ങളുടെ ഒരു സമഗ്രമായ സമുച്ചയമെന്ന നിലയ്ക്കാണ് പ്രകൃതിയേയും സമുദായത്തേയും വീക്ഷിക്കുന്നത്. പ്രകൃതിയിലും സമുദായത്തിലുമുള്ള എല്ലാ വസ്തുക്കളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു, പരസ്പരം ആശ്രയിക്കുന്നു, പരസ്പരം സ്വാധീനം ചെലുത്തുന്നു. സ്റ്റാലിൻ പറയുന്നു:

'പ്രകൃതിയുടെ ഏതെങ്കിലുമൊരു പ്രതിഭാസം നമുക്ക് മനസ്സിലാവണമെങ്കിൽ അതിന്റെ ചുറ്റുമുള്ള മറ്റു പ്രതിഭാസങ്ങളുമായി ബന്ധപ്പെടാത്ത രൂപത്തിൽ അതിനെ ഒറ്റയ്ക്കു പരിശോധിച്ചാൽ പോരാ എന്ന് ഡയലക്റ്റിക്കൽ മെറ്റീരിയലിസം പറയുന്നു. പരിതഃസ്ഥിതികളുമായി ബന്ധപ്പെടാത്ത തരത്തിൽ പ്രകൃതിയുടെ ഏതു പ്രതിഭാസത്തെ നോക്കിയാലും അതിന്റെ അർത്ഥവും പ്രാധാന്യവും നമുക്ക് കിട്ടുകയില്ല. നേരെമറിച്ച്, ചുറ്റുപാടുമുള്ള മറ്റു പ്രത്യക്ഷരൂപങ്ങളുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടുകൊണ്ട്, അവയാൽ നിയന്ത്രിക്കപ്പെട്ടുകൊണ്ട്, ഉള്ളതാണെന്നു മനസ്സിലാക്കി പരിശോധിച്ചാൽ പ്രകൃതിയുടെ ഏതു പ്രത്യക്ഷരൂപവും നമുക്ക് മനസ്സിലാക്കാനും വിവരിക്കാനും കഴിയും'.

## മാറ്റവും വളർച്ചയും

പ്രകൃതിയിലും സമുദായത്തിലുമുള്ള വസ്തുക്കളും പ്രതിഭാസങ്ങളുമെല്ലാം പരസ്പരം ആശ്രയിച്ചിരിക്കുന്നു എന്നു മാത്രം കണ്ടാൽ പോരാ. എല്ലാം ഇടവിടാതെ മാറിക്കൊണ്ടിരിക്കുന്നു എന്നുകൂടി മനസ്സിലാക്കണം. ഇതു മനസ്സിലാക്കാതെ യാതൊരു പ്രശ്നത്തിനും പരിഹാരം കാണാൻ കഴിയില്ല. ഒരുദാഹരണമെടുക്കുക:

'അടിമത്തവ്യവസ്ഥ സാമൂഹ്യപുരോഗതിയെ തടയുകയോ സഹായിക്കുകയോ ചെയ്യുക?' എന്ന് ചോദിച്ചാൽ നിങ്ങളെന്താണ് മറുപടി പറയുക? ഏതു പരിതഃസ്ഥിതിയിലെ അടിമത്തവ്യവസ്ഥയെപ്പറ്റിയാണ് പറയുന്നത് എന്ന് വ്യക്തമാക്കിയാലേ ഈ ചോദ്യത്തിന് മറുപടി പറയാനാവൂ. പ്രാകൃത കമ്യൂണിസത്തിന്റെ അവസാനത്തിൽ ഉൽപ്പാദനശക്തികളുടെ വളർച്ചയുടെ ഫലമായുണ്ടായ സാമൂഹ്യസമത്വങ്ങളും വർഗ്ഗവിഭജനവും സാമൂഹ്യപുരോഗതിയെ സഹായിക്കുകയാണ് ചെയ്തത്. അന്ന് അടിമത്തവ്യവസ്ഥയെ എതിർത്തുകൊണ്ട് പ്രാകൃതകമ്യൂണിസം നിലനിർത്തണമെന്ന് വാദിച്ചവർ പിന്തിരിപ്പന്മാരായിരുന്നു. പക്ഷേ, അതേ അടിമത്തവ്യവസ്ഥ മറ്റൊരു പരിതഃസ്ഥിതിയിൽ, സാമൂഹ്യവളർച്ചയുടെ മറ്റൊരു ഘട്ടത്തിൽ, മനുഷ്യപുരോഗതിക്ക് വിലങ്ങടിച്ചുനിൽക്കാൻ തുടങ്ങി.

ഇതുതന്നെയാണ് മുതലാളിത്തത്തിന്റെയും സ്ഥിതി. ഫ്രഞ്ചുവിപ്ലവകാലത്ത് 'മുതലാളിത്തം നശിക്കട്ടെ' എന്ന മുദ്രാവാക്യം സാമൂഹ്യവ്യവസ്ഥയ്ക്ക് പറ്റിയതായിരുന്നില്ല. എന്നാൽ, പിന്നീട് അതേ മുതലാളിത്ത വ്യവസ്ഥതന്നെ ഉൽപ്പാദനശക്തികളുടെ വളർച്ചയെ തടയാൻ തുടങ്ങിയപ്പോൾ അതിന്റെ നാശം മനുഷ്യനാവശ്യമായിത്തീർന്നു.

ജനാധിപത്യത്തിന്റെ കാര്യമെടുക്കുക. ബൂർഷ്വാജനാധിപത്യം ഫ്യൂഡൽഭരണത്തേക്കാൾ പുരോഗമനപരമാണ്. പക്ഷേ, സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ നിന്നുകൊണ്ട് ബൂർഷ്വാജനാധിപത്യത്തിനുവേണ്ടി വാദിച്ചാലോ? തൊഴിലാളി സർവ്വാധിപത്യത്തിൻകീഴിലുള്ള ജനാധിപത്യം ബൂർഷ്വാജനാധിപത്യത്തേക്കാൾ എത്രയോ ഉയർന്നതാണ്. പക്ഷേ, വർഗ്ഗരഹിതമായ കമ്യൂണിസ്റ്റ് സമുദായത്തിൽനിന്ന് നോക്കുമ്പോൾ തൊഴിലാളിസർവ്വാധിപത്യം പോലും താഴ്ന്ന പടിയാണ്.

ഇന്ത്യയിലെ ഇന്നത്തെ ഘട്ടത്തിൽ ജനകീയജനാധിപത്യം സ്ഥാപിക്കാനുള്ള ഒരു പരിപാടിയാണ് കമ്യൂണിസ്റ്റ് പാർട്ടി മുന്നോട്ടുവെച്ചിട്ടുള്ളത്. പക്ഷേ സോഷ്യലിസത്തിന്റെ വിജയക്കൊടി നാട്ടിയ സോവിയറ്റ് യൂണിയനിൽ ജനകീയാധിപത്യം സ്ഥാപിക്കാനല്ല, കമ്യൂണിസം കെട്ടിപ്പടുക്കാനാണ് ജനങ്ങൾ പരിശ്രമിക്കുന്നത്. അവിടെ ജനകീയ ജനാധിപത്യം വേണമെന്ന മുദ്രാവാക്യം ഒരു പിന്തിരിപ്പൻ മുദ്രാവാക്യമായിരിക്കും.

ഇന്ത്യയിൽ തൊഴിലാളികൾക്ക് പണിമുടക്കാനും ഭരണാധികാരത്തെ മാറ്റാനും സ്വാതന്ത്ര്യം വേണമെന്ന് വാദിക്കുന്നവർ സോവിയറ്റ് യൂണിയനിലെ തൊഴിലാളികൾക്ക് അതേ സ്വാതന്ത്ര്യം നിഷേധിക്കുന്നതെന്തുകൊണ്ടാണ്? ഇന്ത്യയിലെ ഇന്നത്തെ ഭരണവ്യവസ്ഥ അവസാനിപ്പിക്കണമെന്ന് വാദിക്കുന്നവർ സോവിയറ്റ് ഭരണകൂടത്തെ തകിടം മറിക്കാൻ ശ്രമിച്ച ബെറിയയുടെ വധശിക്ഷയെ എന്തുകൊണ്ട് ആക്ഷേപിക്കുന്നില്ല'. മൂക്കത്ത് വിരൽവെച്ചുകൊണ്ട് ഇത്തരമൊക്കെ ചോദിക്കുന്ന ചില ആളുകളുണ്ട് നമ്മുടെ നാട്ടിൽ. ഭൂരിപക്ഷക്കാരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി ചൂഷണമവസാനിപ്പിക്കാൻ ശ്രമിക്കുന്നവരും ഒരുപിടി ന്യൂനപക്ഷക്കാരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി ചൂഷണം നിലനിർത്താനോ പുനഃസ്ഥാപിക്കാനോ ശ്രമിക്കുന്നവരും ഒരുപോലെയാണെന്നാണവരുടെ നാട്യം. പക്ഷേ, ഈ രണ്ടു പരിതഃ

സ്ഥിതികൾ തികച്ചും വ്യത്യസ്തങ്ങളാണെന്നും അതുകൊണ്ട് ഒരിടത്ത് ശരിയായത് മറ്റേ സ്ഥലത്ത് തെറ്റായിരിക്കുമെന്നും മാർക്സിസം ഊന്നിപ്പറയുന്നു.

യുദ്ധങ്ങളോടെടുക്കേണ്ട നിലപാടെന്താണ്? മാർക്സിസം എല്ലാം യുദ്ധങ്ങളേയും ഒരുപോലെയല്ല കണക്കാക്കുന്നത്. ന്യായമായ യുദ്ധങ്ങളും അന്യായമായ യുദ്ധങ്ങളുമുണ്ട്. അന്യനാട്ടുകളെ വെട്ടിപ്പിടിക്കാനുള്ള സാമ്രാജ്യയുദ്ധങ്ങളെ കമ്യൂണിസ്റ്റുകാർ എതിർക്കുന്നു. പക്ഷേ, ഭൂരിപക്ഷം ജനങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിക്കാനുള്ള യുദ്ധങ്ങളെ അവർ അനുകൂലിക്കുന്നു.

ഒരേ വർഗ്ഗംതന്നെ നടത്തുന്ന യുദ്ധങ്ങൾ ഒരു ഘട്ടത്തിൽ പുരോഗമനപരവും മറ്റൊരു ഘട്ടത്തിൽ പിന്തിരിപ്പനുമാവാം. നെപ്പോളിയൻ ബോണപ്പാട്ടിന്റെ ആദ്യകാലത്തെ യുദ്ധങ്ങളെ മാർക്സും എംഗെൽസും ന്യായീകരിക്കുന്നുണ്ട്. കാരണം, അവ നാടുവാഴി മേധാവിത്വത്തിനെതിരായിരുന്നു, ജനങ്ങളുടെ താൽപ്പര്യങ്ങൾക്കാവശ്യമായിരുന്നു. പക്ഷേ, അതേ നെപ്പോളിയൻതന്നെ ഒടുവിലൊടുവിൽ ജനങ്ങൾക്കെതിരായി അന്യനാട്ടുകളെ വെട്ടിപ്പിടിക്കാൻവേണ്ടി യുദ്ധങ്ങൾ നടത്തി. അവ അന്യായമായ യുദ്ധങ്ങളായിരുന്നു.

1939-ൽ പൊട്ടിപ്പുറപ്പെട്ട സാമ്രാജ്യത്വയുദ്ധത്തെ ലോകത്തിലെങ്ങുമുള്ള കമ്യൂണിസ്റ്റുകാർ എതിർത്തു. അന്നത് വ്യത്യസ്ത സാമ്രാജ്യത്വശക്തികൾ തമ്മിൽ രാജ്യങ്ങൾ വെട്ടിപ്പിടിക്കാൻ വേണ്ടി നടത്തിയ യുദ്ധം മാത്രമായിരുന്നു. പക്ഷേ, ഒരു ഘട്ടം കഴിഞ്ഞപ്പോൾ യുദ്ധത്തിന്റെ സ്വഭാവം മാറി. സാമ്രാജ്യത്വ താൽപ്പര്യങ്ങളില്ലാത്ത, തൊഴിലാളിവർഗ്ഗ താൽപ്പര്യത്തിനുവേണ്ടി നിലകൊള്ളുന്ന, രാഷ്ട്രവും ജനതയും ആക്രമണത്തിനിരയാവുകയെന്ന ഘട്ടംവന്നു. ഫാസിസത്തിനെതിരായ യുദ്ധത്തിലൂടെ മാത്രമേ സ്വന്തം രാജ്യത്തിന്റെ സ്വാതന്ത്ര്യവും സോഷ്യലിസവും നേടാൻ കഴിയൂ എന്ന സ്ഥിതിയുളവായി. അതോടെ യുദ്ധം വെറും സാമ്രാജ്യത്വയുദ്ധമെന്ന നിലവിട്ടു ജനകീയ യുദ്ധമായി മാറി. കമ്യൂണിസ്റ്റ് പാർട്ടികൾ തങ്ങളുടെ നയം മാറ്റുകയും ഫാസിസത്തിനെതിരായ ആ യുദ്ധത്തിൽ സജീവമായി പങ്കെടുക്കുകയും ചെയ്തു. ഫാസിസത്തിനെതിരായ സമരങ്ങളിലൂടെയാണ് മദ്ധ്യയൂറോപ്പിലും കിഴക്കൻ യൂറോപ്പിലുമുള്ള അനേകം രാജ്യങ്ങൾ രാജകീയഭരണവും പിന്നീട് മുതലാളിത്തവും അവസാനിപ്പിച്ച് സോഷ്യലിസത്തിലേക്ക് മുന്നേറിയത്; ഫാസിസത്തിനെതിരായ സമരങ്ങളിലൂടെയാണ് ലോകത്തിലൊട്ടുക്കുമുള്ള തൊഴിലാളിവർഗ്ഗം കൂടുതൽ ശക്തിപ്പെട്ടത്.

മാറ്റത്തേയും വളർച്ചയേയും പരിതഃസ്ഥിതിയേയും കണക്കിലെടുത്തുകൊണ്ടുള്ള പ്രവർത്തനം മാത്രമേ വിജയപ്രദമാകു എന്നാണിതെല്ലാം കാണിക്കുന്നത്. എല്ലാറ്റിനും ചില സന്ദർഭങ്ങളും പരിതഃസ്ഥിതികളുമുണ്ട്. സന്ദർഭങ്ങളിൽ നിന്നും പരിതഃസ്ഥിതികളിൽ നിന്നും വേർപെടുത്തിക്കൊണ്ട് യാതൊന്നിനെയും പരിശോധിക്കാൻ പാടില്ല. ഏതെങ്കിലുമൊരു പ്രത്യേക പരിതഃസ്ഥിതിയിൽ ശരിയായിത്തോന്നുന്നത് മറ്റൊരു പരിതഃസ്ഥിതിയിൽ തെറ്റായിത്തീരുന്നു. ഒരു കാലഘട്ടത്തിൽ മനുഷ്യപുരോഗതിക്കാവശ്യമായത് മറ്റൊരു ഘട്ടത്തിൽ അനാവശ്യവും പിന്തിരിപ്പനുമായിത്തീരുന്നു.

പ്രകൃതിയിലും സമുദായത്തിലുമുള്ള യാതൊന്നും തന്നെ നിശ്ചലമായി നിൽക്കുന്നില്ല. എല്ലാം മാറിക്കൊണ്ടിരിക്കുന്നു, വികസിച്ചുകൊണ്ടിരിക്കുന്നു. ഓരോന്നിനും ഉത്ഭവമുണ്ട്, വളർച്ചയുണ്ട്, ക്ഷയമുണ്ട്, നാശമുണ്ട്. എംഗെൽസ് ചൂണ്ടിക്കാണിക്കുന്നതുപോലെ, 'പ്രകൃതിയാകെ, ഏറ്റവും ചെറിയ വസ്തുക്കൾ തുടങ്ങി ഏറ്റവും വലിയ വസ്തുക്കൾ വരെ, മണൽത്തരി മുതൽ സൂര്യൻവരെ, പ്രാഥമികമായ ജീവകോശം മു

തൽ മനുഷ്യൻവരെ, എല്ലാംതന്നെ അനവരതവും അവിശ്രമവുമായ മാറ്റത്തിന്റെയും ചലനത്തിന്റെയും രൂപത്തിൽ ആവിർഭവിക്കുകയും അന്തർഭവിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു'. മാറ്റവും ചലനവുമില്ലാത്ത യാതൊന്നുമില്ല. 'നെബുല' എന്ന പേരിലറിയപ്പെടുന്ന പ്രഭാപടലത്തിൽ നിന്ന് ആദ്യം സൂര്യമണ്ഡലവും അതിനുശേഷം ഭൂമണ്ഡലവും പിന്നീട് വിവിധങ്ങളായ ചരാചരങ്ങളും ജീവജാലങ്ങളും ഒടുവിൽ മനുഷ്യനും എല്ലാം ഉണ്ടായത് ഈ വികാസക്രമത്തിലൂടെയാണ്. അതിപ്രാചീനമായ പ്രാകൃതവ്യവസ്ഥയിൽ നിന്ന് ഒന്നിനുശേഷം മറ്റൊന്നായി പല സാമൂഹ്യവ്യവസ്ഥകളേയും പിന്നിട്ടുകൊണ്ട് മനുഷ്യൻ കമ്യൂണിസത്തിലേക്ക് പുരോഗമിക്കാൻ തുടങ്ങിയതും ചലനങ്ങളുടെയും മാറ്റങ്ങളുടെയും ഫലമായിട്ടാണ്. മാറുന്ന പരിതഃസ്ഥിതികളനുസരിച്ച് നയപരിപാടികളും മാറിയേ കഴിയൂ. ഓരോന്നിനെയും അതു മാറിക്കൊണ്ടിരിക്കുന്നു എന്ന ബോധത്തോടുകൂടിവേണം പരിശോധിക്കുക എന്ന് ഡയലക്റ്റിക്കൽ മെറ്റീരിയലിസം സിദ്ധാന്തിക്കുന്നു.

## വളരുന്ന ശക്തികളും തകരുന്ന ശക്തികളും

ലോകം അനസ്യൂതമായി മാറിക്കൊണ്ടിരിക്കുകയും വികസിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുവെങ്കിൽ ഒരു കാര്യം തീർച്ചയാണ്: എന്നെന്നും നിലനിൽക്കുന്ന യാതൊരു സാമൂഹ്യവ്യവസ്ഥയുമില്ല. സ്വകാര്യസ്വത്ത്, ചൂഷണം മുതലായവയെ സംബന്ധിച്ചിടത്തോളം യാതൊരു സനാതനനിയമവുമില്ല. അതുകൊണ്ട്, സ്റ്റാലിൻ പറയുന്നതുപോലെ 'ഫ്യൂഡൽ വ്യവസ്ഥയ്ക്ക് പകരം മുതലാളിത്തവ്യവസ്ഥ നിലവിൽ വന്നതുപോലെ തന്നെ മുതലാളിത്ത വ്യവസ്ഥയേയും മാറ്റി പകരം സോഷ്യലിസ്റ്റ് വ്യവസ്ഥ നിലവിൽ വരുത്താവുന്നതാണ്'.

ജീവിതം യഥാർത്ഥത്തിലെങ്ങിനെയാണോ അങ്ങനെതന്നെ, അതേപടി അതിനെ നോക്കിക്കാണണമെന്ന് ഡയലക്റ്റിക്കൽ പരിശോധനാമാർഗ്ഗം ഊന്നിപ്പറയുന്നു. ജീവിതം നിശ്ചലമല്ല. അതു ചലിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ചലനാത്മകമായ ജീവിതത്തെ പരിശോധിക്കുമ്പോൾ അത് ഇന്ന് എങ്ങനെയിരിക്കുന്നു എന്നു മാത്രം നോക്കിയാൽ പോരാ, നാളെ എങ്ങനെയാവാൻ പോകുന്നു എന്നുകൂടി മനസ്സിലാക്കണം.

ജീവിതത്തിന്റെ മാറ്റത്തിനും വളർച്ചയ്ക്കുമിടയിൽ നിലവിലുള്ള ചിലത് നാശമടയുകയും പുതുതായി ചിലത് ആവിർഭവിക്കുകയും ചെയ്യുന്നു. എന്നുവെച്ചാൽ, ഇടവിടാതെ സൃഷ്ടിയും നാശവും സംഭവിച്ചുകൊണ്ടിരിക്കുന്നു. പഴയതിൽ നിന്നാണ് പുതിയ ജന്മമെടുക്കുന്നത്. ഭൂതകാലത്തിന്റെ ഗർഭത്തിൽ നിന്ന് വർത്തമാനകാലവും വർത്തമാനകാലത്തിൽ നിന്ന് ഭാവിയും ഉടലെടുക്കുന്നു. ഈ മാറ്റത്തിന്റെ സ്വഭാവത്തെ എംഗെൽസ് ഉദാഹരണസഹിതം വിവരിക്കുന്നതു നോക്കുക.

'ദൈനംദിനാവശ്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ജീവി മരിച്ചിട്ടുണ്ടോ ഇല്ലയോ എന്നറിയുവാനും പറയുവാനും നമുക്ക് സാധിക്കും. എന്നാൽ, സൂക്ഷ്മമായി പരിശോധിച്ചാൽ, ഇത് മിക്കപ്പോഴും അത്യന്തം വിഷമമായ ഒരു പ്രശ്നമാണെന്ന് തെളിയും. നിയമപണ്ഡിതന്മാർക്ക് ഇതനുഭവമാണ്. നിയമപ്രകാരം നിശ്ചയിക്കാവുന്ന ഏതു ഘട്ടം മുതൽക്കാണ് ഗർഭത്തിലിരിക്കുന്ന ശിശുവിനെ കൊല്ലുന്നത് കൊലക്കുറ്റത്തിലുൾപ്പെടുത്താറാവുക എന്ന് കണ്ടുപിടിക്കാൻ എത്രതന്നെ തല പുണ്ണാക്കിയിട്ടും അവർക്ക് സാധിച്ചിട്ടില്ല. അതുപോലെതന്നെ ഏതു പ്രത്യേക നിമിഷത്തിലാണ് ഒരാൾ മരണമടയുന്നതെന്ന് തീരുമാനിക്കാനും അത്രതന്നെ വിഷമമാണ്. ശരീര

ശാസ്ത്രം തെളിയിക്കുന്ന മരണം പെട്ടെന്നു നടക്കുന്ന ഒരു നൈമിഷിക സംഭവമല്ല, നേരെമറിച്ച് ക്രമേണ വളർന്നുവരുന്നതും സുദീർഘവുമായ ഒരു പരിണാമമാണത്.

'ഇതുപോലെതന്നെ, ഓരോ ജീവിയും ഓരോ നിമിഷത്തിലും ആ ജീവിതന്നെയാണ് അതല്ല താനും. നിമിഷംതോറും പുറമെനിന്ന് പുതിയ പദാർത്ഥങ്ങളെ അതുൾക്കൊള്ളുന്നു. മറ്റു വസ്തുക്കളെ അത് പുറന്തള്ളുകയും ചെയ്യുന്നു. ഓരോ നിമിഷത്തിലും അതിന്റെ ശരീരത്തിൽ ജീവാണുക്കൾ മരിച്ചുകൊണ്ടിരിക്കുന്നു. മറ്റു ജീവാണുക്കൾ സ്വയം ജനിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അങ്ങനെ, കാലക്രമേണ അതിന്റെ ശരീരത്തിലെ ഉള്ളടക്കമായ പദാർത്ഥമാസകലം മാറുകയും പുതിയ പദാർത്ഥത്തിന്റെ അണുക്കൾ തൽസ്ഥാനത്തു കയറിക്കൂടുകയും ചെയ്യുന്നു. അങ്ങനെ, ഓരോ ജീവിയും എല്ലായിപ്പോഴും ആ ജീവിതന്നെയാണെങ്കിലും അതല്ലാത്ത ചിലതുകൂടിയാണ്'.

ഇതുതന്നെയാണ് മറ്റെല്ലാ വസ്തുക്കളുടെയും സ്ഥിതി.

പഴയതും പുതിയതും തമ്മിൽ, വളരുന്ന ശക്തികളും തകരുന്ന ശക്തികളും തമ്മിൽ ഇടവിടാതെ നടന്നുകൊണ്ടിരിക്കുന്ന സംഘട്ടനങ്ങളുടെയും സമരങ്ങളുടെയും ഫലമായിട്ടാണ് പ്രകൃതിയിലും സമുദായത്തിലും മാറ്റങ്ങളുണ്ടാകുന്നത് എന്നും അതുകൊണ്ട് പ്രകൃതിയെയോ സമുദായത്തെയോ മാറ്റിമറിക്കാനുള്ള പരിപാടികൾ രൂപവൽക്കരിക്കുമ്പോൾ തകരുന്ന ശക്തികളെയല്ല, വളരുന്ന ശക്തികളെയാണ് ആശ്രയിക്കേണ്ടതെന്നും മാർക്സിസം പഠിപ്പിക്കുന്നു.

പുതുതായി രംഗപ്രവേശം ചെയ്യുന്ന ശക്തികൾ ആരംഭത്തിൽ ദുർബ്ബലങ്ങളാണെന്ന് തോന്നും. പക്ഷേ, അവയ്ക്കാണ് ഭാവിയുള്ളത്. കാരണം, അവയിൽ വളർച്ചയ്ക്കുള്ള കഴിവ് അന്തർലീനമായിക്കിടക്കുന്നു. തളരുന്ന ശക്തികളാകട്ടെ, അനിവാര്യമായും കൂടുതൽ തളരുകയും ഒടുവിൽ നാശമടയുകയും ചെയ്യുന്നു.

സ്റ്റാലിൻ പറയുന്നു:

> 'പുതുതായി ജനിച്ച് ദിനംപ്രതി വളർന്നുകൊണ്ടിരിക്കുന്നതെന്തോ അത് അജയ്യമാണ്, അതിന്റെ പുരോഗതി അപ്രതിരോദ്ധ്യമാണ്. ഉദാഹരണത്തിന്, തൊഴിലാളികൾ ഒരു വർഗ്ഗമെന്ന നിലയ്ക്ക് ഉത്ഭവിച്ചു ദിനംപ്രതി വളരാൻ തുടങ്ങിയാൽ പിന്നെ —ഇന്നത്തെ നിലയ്ക്ക് അതെത്രതന്നെ ദുർബ്ബലമോ നിസ്സാരമോ ആയിക്കൊള്ളട്ടെ —കാലക്രമത്തിൽ അത് മറ്റെല്ലാറ്റിനേയും തോൽപ്പിച്ചു വിജയിയാവും. കാരണം, അതു വളരുകയാണ്, ശക്തിയാർജ്ജിച്ചുകൊണ്ട് മുന്നോട്ടുപോവുകയാണ്. നേരെമറിച്ച് വാർദ്ധക്യം ബാധിച്ചുകൊണ്ട് ശവക്കുഴിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നതെന്തും, ഇന്നത്തെ നിലയ്ക്ക് അത് എത്രതന്നെ ഭീമമായ ഒരു ശക്തിയെ പ്രതിനിധീകരിക്കുന്ന ഒന്നായിക്കൊള്ളട്ടെ—അനിവാര്യമായും തോൽവിയടയുകയേയുള്ളൂ. കാരണം ഒരു വർഗ്ഗമെന്ന നിലയ്ക്ക് അത് ക്ഷയിക്കുകയാണ്, ബലഹീനമാവുകയാണ്, വാർദ്ധക്യം പ്രാപിച്ചുകൊണ്ട് സ്വയം ഒരു ഭാരമായി പരിണമിക്കുകയാണ്'.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ റഷ്യയിൽ സാറിസ്റ്റ് സ്വേച്ഛാധിപത്യം സർവ്വശക്തവും ശാശ്വതവുമാണെന്ന് പലരും കരുതിയിരുന്നു. പക്ഷേ തൊഴിലാളിവർഗ്ഗ നേതൃത്വത്തിലുള്ള വിപ്ലവം സാർഭരണത്തെ കടപുഴക്കിയെറിയുമെന്ന് ലെനിനും സ്റ്റാലിനും പ്രഖ്യാപിച്ചു. ഡയലക്ടിക്കൽ മെറ്റീരിയലിസത്തിന്റെ സഹായത്തോടെ, വളരുന്ന ശക്തിയും തളരുന്ന ശക്തിയും തമ്മിലുള്ള വ്യത്യാസം നോക്കിപ്പഠിച്ചതുകൊണ്ടാണ് അവർക്കിങ്ങനെ പ്രഖ്യാപിക്കാൻ കഴിഞ്ഞത്.

സ്റ്റാലിൻ എഴുതി:

> 'ദിനംപ്രതി വളർന്നുകൊണ്ടിരിക്കുകയും, സദാപി മുന്നോട്ടു മാർച്ചു ചെയ്യുകയും, കൂടുതൽ നല്ല ഒരു ഭാവിക്ക് വേണ്ടി നിരന്തരസമരം നടത്തുകയും ചെയ്യുന്ന ഒരു വർഗ്ഗത്തിനു മാത്രമേ അവസാനംവരെ പുരോഗമനപരമായി തുടരാൻ സാധിക്കുകയുള്ളൂ, അതിന് മാത്രമേ അടിമത്തനുകം തകർത്തുകളയാനാവൂ, എന്ന് വൈരുദ്ധ്യാധിഷ്ഠിത പരിശോധനാമാർഗ്ഗം ഉറപ്പിച്ചുപറയുന്നു. തുടർച്ചയായി വളർന്നുകൊണ്ടിരിക്കുകയും, എന്നും മുന്നോട്ടു മാർച്ച് ചെയ്യുകയും, ഭാവിക്ക് വേണ്ടി സദാപി സമരം ചെയ്യുകയും ചെയ്യുന്ന ഒരേയൊരു വർഗ്ഗം നാട്ടിൻപുറങ്ങളിലും പട്ടണങ്ങളിലുമുള്ള തൊഴിലാളിവർഗ്ഗം മാത്രമാണെന്ന് നാം കാണുന്നുണ്ട്. അതുകൊണ്ടുതന്നെ നാം തൊഴിലാളിവർഗ്ഗത്തിനുവേണ്ടി പണിയെടുക്കുകയും നമ്മുടെ പ്രതീക്ഷകൾ അവരിലർപ്പിക്കുകയും ചെയ്തേ തീരൂ'.

1905-ലെ ഫ്രഞ്ചുവിപ്ലവം പരാജയപ്പെട്ടപ്പോൾ പിന്തിരിപ്പന്മാർ ആഹ്ലാദിച്ചു. പക്ഷേ, ലെനിനും സ്റ്റാലിനുമാകട്ടെ, വളരുന്ന ശക്തിയും തളരുന്ന ശക്തിയും തമ്മിലുള്ള വ്യത്യാസം ഊന്നിക്കാണിച്ചുകൊണ്ട് തൊഴിലാളിവർഗ്ഗത്തിൽ വിശ്വാസമർപ്പിക്കാനും ഭാവിയുടെ നേർക്ക് ആത്മവിശ്വാസത്തോടെ നോക്കാനും ജനങ്ങളെ പഠിപ്പിച്ചു.

സ്റ്റാലിൻ പറയുന്നു:

> 'ദീർഘായുസ്സുള്ളതെന്ന് തൽക്കാലം തോന്നിയേക്കാമെങ്കിലും യഥാർത്ഥത്തിൽ നശിച്ചുതുടങ്ങിയിരിക്കുന്നവയെയല്ല നേരെമറിച്ച് അൽപ്പായുസ്സെന്ന് തൽക്കാലം തോന്നിപ്പിക്കുന്നതെങ്കിലും പുതുതായി ഉയർന്നു വളർന്നുവരുന്നവയെയാണ് വൈരുദ്ധ്യാധിഷ്ഠിത പരിശോധനാമാർഗ്ഗം കാര്യമായെടുക്കുന്നത്. കാരണം, പുതുതായി ഉയർന്നു വളർന്നു വരുന്നവ മാത്രമേ അജയ്യമായിട്ടുള്ളൂ എന്ന് വൈരുദ്ധ്യാധിഷ്ഠിത പരിശോധനാമാർഗ്ഗം വിശ്വസിക്കുന്നു'.

ആശയങ്ങൾ, സിദ്ധാന്തങ്ങൾ മുതലായവയുടെ സ്ഥിതിയും ഇതുതന്നെയാണ്. വളരുന്ന ശക്തികളെ പ്രതിനിധീകരിക്കുന്ന ആശയങ്ങളും തളരുന്ന ശക്തികളെ പ്രതിനിധീകരിക്കുന്ന ആശയങ്ങളുമുണ്ട്. വളരുന്ന ശക്തികളെ പ്രതിനിധീകരിക്കുന്ന ആശയങ്ങളാണ് ചലനാത്മകമായ സാമൂഹ്യയാഥാർത്ഥ്യത്തെ തികച്ചും പ്രതിഫലിപ്പിക്കുന്നത്. അതുകൊണ്ടവ ജനങ്ങൾക്കിടയിൽ പരന്നുപിടിക്കുകയും ഒടുവിൽ വിജയിക്കുകയും ചെയ്യുന്നു. നേരെമറിച്ച്, തളരുന്ന ശക്തികളെ പ്രതിഫലിപ്പിക്കുന്ന ആശയങ്ങൾ ക്രമത്തിൽ ദുർബ്ബലമായിക്കൊണ്ടുവരുന്നു.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം കേരളത്തിൽ അയിത്തത്തിനും ജാതിക്കും എതിരായ ആശയങ്ങൾ പരന്നുപിടിക്കാൻ തുടങ്ങി. തുടക്കത്തിൽ ദുർബ്ബലങ്ങളെങ്കിലും വളരുന്ന ശക്തികളെ പ്രതിനിധീകരിക്കുന്ന ആശയങ്ങളായിരുന്നു അവ. അവയെ എതിർക്കാനും അയിത്തവും ജാതിമേധാവിത്വവും നിലനിർത്താനും വേണ്ടി പിന്തിരിപ്പന്മാർ ഭഗീരഥശ്രമം നടത്തിനോക്കുകയുണ്ടായി. പക്ഷേ, അവരുടെ പരിശ്രമങ്ങളെല്ലാം പരാജയപ്പെടുകയാണ് ചെയ്തത്. എന്തുകൊണ്ടെന്നാൽ, അയിത്തവും ജാതിമേധാവിത്വവും നിലനിർത്തണമെന്ന ചിന്താഗതികൾ തകരുന്ന ശക്തികളെ പ്രതിനിധീകരിക്കുന്ന ചിന്താഗതികളായിരുന്നു.

കാൽ നൂറ്റാണ്ടിനു മുമ്പുപോലും സാമുദായികവാദം കേരളത്തിലങ്ങോളമിങ്ങോളം നടമാടിയിരുന്നു. ഇന്നും അത് നിലനിൽക്കുന്നുണ്ട്. പക്ഷേ, അതിന് ഭാവിയില്ല. കാരണം, അത് കേരളത്തിലെ വളർന്നുവരുന്ന ശക്തികളെയല്ല, തകർന്നുകൊണ്ടിരിക്കുന്ന ശക്തികളെയാണ് പ്രതിനിധീകരിക്കുന്നത്.

പിന്തിരിപ്പൻ ശക്തികൾ തൊഴിലാളികളുടെയും കൃഷിക്കാരുടെയും വർഗ്ഗബോധത്തെയും വർഗ്ഗസംഘടനകളേയും എല്ലാ വിധത്തിലും എതിർത്തുനോക്കുന്നുണ്ട്.

പക്ഷേ, വർഗ്ഗബോധവും വർഗ്ഗസംഘടനകളും വളരുന്ന ശക്തികളെയാണ് പ്രതിനിധീകരിക്കുന്നത്. അതുകൊണ്ട് അവയെ നശിപ്പിക്കാനാവില്ല. അവ കൂടുതൽ ശക്തിപ്പെടുകയേ ഉള്ളൂ.

മാർക്സിസത്തിനെതിരായി എല്ലാത്തരം എതിർപ്പുകളും സംഘടിപ്പിക്കപ്പെടുന്നുണ്ട്. 'കമ്യൂണിസ്റ്റ് വിരുദ്ധമുന്നണി' എന്നൊരു സംഘടന തന്നെ അതിനായി ഉടലെടുത്തിട്ടുണ്ട്. എന്നിട്ടും, ജനങ്ങൾക്കിടയിൽ മാർക്സിസത്തിന്റെ സ്വാധീനശക്തി അധികമധികം പരന്നുപിടിക്കുകയാണ് ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ ഏറ്റവും വിപ്ലവകാരിയും അനുദിനം വളർന്നുകൊണ്ടിരിക്കുന്നതുമായ ഒരു വർഗ്ഗത്തിന്റെ സിദ്ധാന്തമാണത്.

ചൈനയിലെ ജനകീയശക്തികൾ ജപ്പാനെയും അമേരിക്കയെയും തോൽപ്പിച്ച് വിജയം നേടുകയും ഒരു അർദ്ധകൊളോണിയൽ വ്യവസ്ഥയിൽ നിന്ന് സോഷ്യലിസത്തിലേക്ക് മുന്നേറാനുള്ള സാദ്ധ്യതകൾ സൃഷ്ടിക്കുകയും ചെയ്തു. കാരണം, അവ വളരുന്ന ശക്തികളാണ്. സാമ്രാജ്യവാദികളാകട്ടെ, നേരെമറിച്ച്, നശിക്കാൻ പോകുന്ന ശക്തികളാണ്.

സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സമാധാനത്തിനും വേണ്ടി പോരാടുന്ന ജനതകളുടെ മുന്നേറ്റത്തെ തടയാൻവേണ്ടി സാമ്രാജ്യവാദികൾ എല്ലാതരം കുതന്ത്രങ്ങളും പ്രയോഗിച്ചുനോക്കുന്നുണ്ട്. പക്ഷേ, അവസാനവിജയം സമാധാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ശക്തികൾക്കാണെന്ന കാര്യം തർക്കമറ്റ സംഗതിയാണ്. കാരണം, അവയാണ് വളരുന്ന ശക്തികൾ.

വളരുന്ന ശക്തികളെപ്പറ്റിയുള്ള ബോധം ഒരു കമ്യൂണിസ്റ്റുകാരന്റെ ഏറ്റവും നല്ല ഗുണങ്ങളിലൊന്നായിരിക്കണമെന്നും ഏതു ഘട്ടത്തിലായാലും ശരി, വളരുന്ന ശക്തികളെ കണക്കിലെടുത്തുകൊണ്ടും ഭാവിയിലേക്ക് നോക്കിക്കൊണ്ടുമാണ യാൾ പരിപാടികൾ രൂപീകരിക്കേണ്ടതെന്നും സ്റ്റാലിൻ പഠിപ്പിക്കുന്നു. അദ്ദേഹം താക്കീതുനൽകുന്നു:

'നയത്തിൽ തെറ്റു പറ്റാതിരിക്കണമെങ്കിൽ നിങ്ങൾ പിന്നോട്ടല്ല, മുന്നോട്ടാണ് നോക്കേണ്ടത്'.

വളരുകയും മുന്നേറുകയും ചെയ്യുന്ന ശക്തികളുടെ കയ്യിൽ ഡയലക്റ്റിക്കൽ മെറ്റീരിയലിസം മൂർച്ചയേറിയ ഒരായുധമാണ്. തളരുകയും തകരുകയും ചെയ്തുകൊണ്ടിരിക്കുന്ന പിന്തിരിപ്പൻ ശക്തികൾക്കെതിരായ സമരത്തിൽ അതവരെ ആവേശം കൊള്ളിക്കുന്നു.

## വൈരുദ്ധ്യങ്ങളുടെ ഐക്യം

പുതിയത് പഴയതിന്റെ മേൽ ആധിപത്യം നേടുന്നത് യാതൊരു തടസ്സവും കൂടാതെയല്ല. തളരുന്ന ശക്തികൾ സ്വയം തളരുകയല്ല ചെയ്യുന്നത്. വളരുന്ന ശക്തികളും തളരുന്ന ശക്തികളും തമ്മിൽ, ഇടവിടാതെ സമരങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഓരോ വസ്തുവിലുമടങ്ങിയ വിരുദ്ധശക്തികളുടെ സമരങ്ങളുടെയും സംഘട്ടനങ്ങളുടെയും ഫലമായിട്ടാണ് വളർച്ചയും വികസനവുമുണ്ടാവുന്നത്. സ്റ്റാലിൻ പറയുന്നു:

> 'ജീവിതത്തിൽ എപ്പോഴും എന്തെങ്കിലുമൊന്നു മരിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, മരിച്ചുകൊണ്ടിരിക്കുന്ന വസ്തു ശാന്തമായി മരണത്തെ സ്വാഗതം ചെയ്യാനൊരിക്കലും കൂട്ടാക്കില്ല, മറിച്ച്, അത് സ്വന്തം ആയുസ്സിന് വേണ്ടി, സമരം നടത്തും. ഊർദ്ധശ്വാസം വലിക്കുന്ന തന്റെ നിലനിൽപ്പിനുവേണ്ടി വാദിക്കും.

എപ്പോഴും എന്തെങ്കിലും, പുതുതായി ജനിച്ചുകൊണ്ടിരിക്കുന്നു. ഈ ജനിക്കുന്നവയാകട്ടെ ലോകത്തിലേക്ക് നിശ്ശബ്ദമായങ്ങനെ വരികയല്ല ചെയ്യുന്നത്. അത് ചീറി നിലവിളിച്ചുകൊണ്ട് സ്വന്തം നിലനിൽപ്പിനുവേണ്ടി വാദിച്ചുകൊണ്ടാണ് വരുന്നത്.

പഴയതും പുതിയതും തമ്മിലുള്ള, നശിക്കുന്നതും ക്രുമ്പെടുക്കുന്നതും തമ്മിലുള്ള, സമരം ഇതാണ് അഭിവൃദ്ധിയുടെ അടിസ്ഥാനം'.

അപ്പോൾ, ജീവിതം ശാന്തമായൊഴുകുന്ന ഒരു നദി പോലെയല്ല. ജീവിതത്തിന്റെ വികാസത്തിന്നടിയിൽ ഘോരമായ സമരങ്ങൾ നടക്കുന്നുണ്ട്. പഴയതും പുതിയതും തമ്മിലുള്ള സമരം. ഈ സമരത്തിന്റെ ഫലമായി പഴയത്, ജീർണ്ണിച്ചത്, മണ്ണടിയുന്നു. പുതിയത് വിജയിക്കുകയും ചെയ്യുന്നു. ഓരോ വസ്തുവിലും രണ്ടു വിരുദ്ധശക്തികളടങ്ങിയിരിക്കുന്നു. ഒന്നു മരണത്തിന്റെ നേർക്കു നോക്കുമ്പോൾ മറ്റേതു ജീവിതത്തിന്റെനേർക്ക് നോക്കുന്നു.

പരസ്പരം സമരം ചെയ്യുന്ന വിരുദ്ധശക്തികളുടെ അവിഭാജ്യമായ ഗതിക്രമം മാത്രമാണ് ജീവിതം. മനുഷ്യശരീരത്തിൽ നിലവിലുള്ള ജീവകോശങ്ങൾ നശിച്ചുപോവുകയും പുതിയ ജീവകോശങ്ങൾ ആവിർഭവിക്കുകയും ചെയ്യുന്നു. സമരത്തിലൂടെ വൈരുദ്ധ്യങ്ങൾ പരിഹരിക്കപ്പെടുകയും പുതിയ വൈരുദ്ധ്യങ്ങൾ തലയുയർത്തുകയും ചെയ്യുന്നു.

ഭൗതികപ്രപഞ്ചത്തിലടങ്ങിയ വിരുദ്ധശക്തികളുടെ പ്രവർത്തനങ്ങളെ ബൂർഷ്വാതത്വശാസ്ത്രജ്ഞന്മാർ അംഗീകരിക്കുന്നില്ല. അവരുടെ അഭിപ്രായത്തിൽ ഭൗതികപദാർത്ഥം നിശ്ചലവും സ്ഥിരവുമായ ഒരു ജഡപിണ്ഡം മാത്രമാണ്. ഡലക്ടിക്കൽ മെറ്റീരിയലിസമാകട്ടെ, പദാർത്ഥത്തിന്റെ സങ്കീർണ്ണമായ പ്രവർത്തനക്രമങ്ങളെ പരിശോധിക്കുകയും അതിലടങ്ങിയ വൈരുദ്ധ്യങ്ങളെ വിശകലനം ചെയ്യുകയും ചെയ്തുകൊണ്ട് അത് നിലനിൽക്കുകയും മാറുകയും ചെയ്യുന്നതെങ്ങിനെയെന്ന് വ്യക്തമാക്കുന്നു.

പുറമേക്ക് നോക്കുമ്പോൾ പദാർത്ഥം നിശ്ചലമാണെന്ന് തോന്നിയേക്കാം. ഏതെങ്കിലുമൊരു വസ്തു ഒറ്റപ്പെട്ട് ഇളകാതെ കിടക്കുന്നത് കാണുമ്പോൾ അതിലടങ്ങിയ വൈരുദ്ധ്യങ്ങൾ നമ്മുടെ ശ്രദ്ധയിൽ പെടാറില്ല. എന്നാൽ വസ്തുക്കളുടെ പരസ്പരബന്ധങ്ങളെയും ചലനങ്ങളെയും മാറ്റങ്ങളെയും വികാസങ്ങളെയും പരിശോധിക്കുമ്പോൾ അവയിലടങ്ങിയ വിരുദ്ധശക്തികളെ കണക്കിലെടുക്കേണ്ടതിന്റെ ആവശ്യം നമുക്ക് ബോധ്യപ്പെടാതിരിക്കില്ല. ഓരോ പരമാണുവിനുള്ളിലും ഇലക്ട്രോണും പ്രട്ടോണും ഇടവിടാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നും വിരുദ്ധശക്തികളുടെ സമരങ്ങളുടെ ഫലമായിട്ടാണ് പരമാണുവിൽ മാറ്റങ്ങളുണ്ടാകുന്നത് എന്നുമുള്ള യാഥാർത്ഥ്യം അംഗീകരിക്കപ്പെടേണ്ടിവരുന്നു.

മാർക്സ് തന്റെ 'ക്യാപിറ്റൽ' എന്ന ഗ്രന്ഥത്തിൽ മുതലാളിത്തസമുദായത്തിന്റെ വികാസക്രമത്തെ പരിശോധിക്കുന്നതിനിടയ്ക്ക് ഉപയോഗമൂല്യവും മൂല്യവും തമ്മിലുള്ള വൈരുദ്ധ്യം ചൂണ്ടിക്കാണിക്കുന്നു. അദ്ധ്വാനമാണ് ചരക്കിന് മൂല്യമുണ്ടാക്കുന്നത്. ചരക്കുണ്ടാക്കി വിൽക്കുന്നവന് ആ ചരക്കുകൊണ്ട് ഉപയോഗമില്ല. അതിലടങ്ങിയ മൂല്യമാണയാൾക്ക് പ്രധാനം. നേരെമറിച്ച് ചരക്ക് ഉപയോഗകരമായതുകൊണ്ടാണ്, അതിൽ ഉപയോഗമൂല്യമുള്ളതുകൊണ്ടാണ്, ആളുകളത് വാങ്ങുന്നത്. ഉപയോഗമൂല്യവും മൂല്യവും തമ്മിലുള്ള ഈ വൈരുദ്ധ്യം ചരക്കിനെ ചരക്കെന്നും പണമെന്നും രണ്ടാക്കി വിഭജിക്കുന്നു. ചരക്കും പണവും വിരുദ്ധശക്തികളായി പ്രത്യക്ഷപ്പെടുന്നു. ഇത് മാർക്കറ്റിൽ വിൽക്കുന്നവരും വാങ്ങുന്നവരും തമ്മിലുള്ള വൈരുദ്ധ്യങ്ങൾക്ക് വഴി തെളിയിക്കുന്നു. ഒരാൾക്ക് ഒരു സാധനം വേണമെങ്കിൽ മറ്റൊരാൾ അത് വിൽ

ക്കാനുണ്ടാവണം. പക്ഷേ, പണമുണ്ടെങ്കിലും വാങ്ങിയേ കഴിയൂ എന്നില്ല. ഇങ്ങനെ ചരക്കെന്നും പണമെന്നുമുള്ള വിഭജനത്തിന്റെ ഫലമായി സമുദായത്തിൽ സാധനങ്ങളുടെ സ്വതന്ത്രമായ കൊള്ളക്കൊടുക്കകൾക്ക് തടസ്സം നേരിടുന്നു. വാങ്ങാനുള്ളവർ പണം ചെലവഴിക്കുന്നില്ലെങ്കിൽ വിൽപ്പനക്കാർ ദീപാളി കളിക്കും. ചരക്കു നിർമ്മാണവ്യവസ്ഥയിലടങ്ങിയ ഈ വൈരുദ്ധ്യത്തിലൂടെയാണ് മുതലാളിത്തസമുദായം വളർന്നുവന്നിട്ടുള്ളത് എന്ന് മാർക്സ് ചൂണ്ടിക്കാണിക്കുന്നു.

ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യം പരിശോധിക്കുക. മുതലാളിത്ത സമുദായത്തിൽ തൊഴിലാളികൾ സ്വന്തം അദ്ധ്വാനശക്തി വിൽക്കുന്നവരാണ്. മുതലാളികൾ അദ്ധ്വാനശക്തി വിലക്ക് വാങ്ങുന്ന പണമുടമസ്ഥന്മാരും സാധാരണ ചരക്കു നിർമ്മാണവ്യവസ്ഥയിലെ വൈരുദ്ധ്യം ഇവിടെ കൂടുതൽ ഉയർന്ന നിലവാരത്തിൽ പ്രത്യക്ഷപ്പെടുന്നു.

മുതലാളിത്ത വ്യവസ്ഥയിൽ ഉൽപ്പാദനം സാമൂഹ്യമാണ്. ഓരോ ചരക്കിന്റെയും ഉൽപ്പാദനത്തിൽ അനേകമാളുകളുടെ അദ്ധ്വാനമടങ്ങിയിരിക്കുന്നു. എന്നാൽ, ഉടമാവകാശം സാമൂഹ്യമല്ല, സ്വകാര്യമാണ്. സാമൂഹ്യാദ്ധ്വാനം കൊണ്ടുണ്ടാക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഉടമാവകാശം സമുദായത്തിനല്ല, ഫാക്ടറിയുടമയ്ക്കാണ്. ഇതിന്റെ ഫലമായി ഉൽപ്പാദനരീതിയും ഉൽപ്പാദനത്തിന്റെ സാമൂഹ്യഘടനയും തമ്മിൽ വൈരുദ്ധ്യമുളവാകുന്നു. ഈ വൈരുദ്ധ്യമാണ് വർഗ്ഗസമരത്തിന്റെ ഉറവിടം. ഇടവിട്ടിടവിട്ടുണ്ടാകുന്ന സാമ്പത്തിക കുഴപ്പങ്ങളിലും പണിമുടക്കങ്ങളിലും യുദ്ധത്തിലും വിപ്ലവത്തിലുമെല്ലാം ഈ വൈരുദ്ധ്യം പ്രതിഫലിച്ചുകാണാം.

മുതലാളിത്ത സമുദായത്തിൽ ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യം രണ്ടു വർഗ്ഗങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളുടെ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. തൊഴിലാളിവർഗ്ഗം തന്നെ ഉൽപ്പാദനശക്തികളുടെ ഒരു ഭാഗമാണ്. ഈ സംഘട്ടനത്തിൽ തൊഴിലാളിവർഗ്ഗമാണ് ഉൽപ്പാദനശക്തികളെ പ്രതിനിധീകരിക്കുന്നത്. മുതലാളിവർഗ്ഗമാകട്ടെ അദ്ധ്വാനശക്തിയുൾപ്പെടെയുള്ള ഉൽപ്പാദനശക്തികളുടെ ഉടമാവകാശത്തെ, അതായത് ഉൽപ്പാദനബന്ധങ്ങളെ, പ്രതിനിധീകരിക്കുന്നു. അപ്പോൾ വർഗ്ഗസംഘട്ടനം മുതലാളിത്ത സമുദായത്തിന്റെ ആഭ്യന്തര വൈരുദ്ധ്യത്തിന്റെ—ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിലുള്ള സമരത്തിന്റെ—ബഹിർ പ്രകടനമാണ്.

ഓരോ വസ്തുവിലുമടങ്ങിയ വിരുദ്ധശക്തികൾ തമ്മിൽ സമരമുണ്ടെന്നുമാത്രം കണ്ടാൽ പോരാ. അവ തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നുവെന്നുകൂടി കാണണം. വിദ്യുച്ഛക്തിയിൽ പോസിറ്റീവും നെഗറ്റീവുമുണ്ട്. അവ തമ്മിൽ വൈരുദ്ധ്യമുണ്ട്. പക്ഷേ, അതേസമയത്ത് തന്നെ അവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പോസിറ്റീവ്—നെഗറ്റീവ് കേന്ദ്രങ്ങളുടെ ഐക്യമാണ് വിദ്യുച്ഛക്തി.

നിർദ്ദിഷ്ടമായ അളവിൽ ഹൈഡ്രജനും ഓക്സിജനും കൂട്ടിച്ചേർത്താൽ രണ്ടു വസ്തുക്കളിൽ നിന്നും തീരെ വ്യത്യസ്തമായ വെള്ളമുണ്ടാകുന്നു. ഹൈഡ്രജൻ, ഓക്സിജൻ എന്നീ വിരുദ്ധവസ്തുക്കൾ വെള്ളത്തിൽ ഐക്യം പ്രാപിക്കുന്നു. മറ്റൊരുവിധം പറഞ്ഞാൽ, വിരുദ്ധശക്തികളുടെ ഐക്യമാണ് വെള്ളം.

തൊഴിലാളിയും മുതലാളിയും രണ്ടും മുതലാളിത്തോൽപ്പാദനരീതിയുടെ സൃഷ്ടികളാണ്. രണ്ടു വർഗ്ഗങ്ങളും തമ്മിൽ സമരങ്ങളും സംഘട്ടനങ്ങളും നടക്കുന്നു. പക്ഷേ, അതേസമയത്തുതന്നെ ഉൽപ്പാദനവ്യവസ്ഥയ്ക്കുള്ളിൽ അവ പരസ്പരം ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നു. തൊഴിലാളിയുടെ അദ്ധ്വാനശക്തിയെ ചൂഷണം ചെയ്യുന്നേടത്തോളം മാത്രമേ മുതലാളിയുടെ മൂലധനം മൂലധനമാവൂ. രണ്ടിലേതെങ്കിലുമൊ

ത്ര വർഗ്ഗമില്ലെങ്കിൽ മുതലാളിത്തോൽപ്പാദന രീതിയില്ല. എന്നുവെച്ചാൽ, പരസ്പരം സമരം ചെയ്യുന്ന വിരുദ്ധശക്തികളുടെ ഐക്യമാണ് മുതലാളിത്തോൽപ്പാദനരീതി.

ഉൽപ്പാദനശക്തികളും ഉൽപ്പാദനബന്ധങ്ങളും കൂടിയതാണ് സാമൂഹ്യഘടന. വൈരുദ്ധ്യങ്ങളുടെ ഐക്യമാണത്. ഈ വിരുദ്ധശക്തികളുടെ സമരത്തിന്റെ ഫലമായി സാമൂഹ്യഘടനതന്നെ മാറുന്നു.

എല്ലാ വൈരുദ്ധ്യങ്ങളും അനിവാര്യമായും സംഘട്ടനത്തിലെത്തിച്ചേർന്നുകൊള്ളണമെന്നില്ല. ഉൽപ്പാദന ശക്തികളും ഉൽപ്പാദനബന്ധങ്ങളും തമ്മിലുള്ള അടിസ്ഥാനപരമായ വൈരുദ്ധ്യത്തിന്റെ വളർച്ചയുടെ ചില സവിശേഷ ഘട്ടങ്ങളിൽ മാത്രമാണ് വർഗ്ഗങ്ങളും വർഗ്ഗസമരങ്ങളും പ്രത്യക്ഷപ്പെടുന്നത്. കൂടുതൽ ഉയർന്ന ഒരു പതനത്തിൽ അവ അപ്രത്യക്ഷമാവുകയും ചെയ്യും. ഉദാഹരണത്തിന് കമ്യൂണിസ്റ്റ് സമുദായത്തിൽ വർഗ്ഗങ്ങളും വർഗ്ഗസംഘട്ടനങ്ങളുമുണ്ടാവില്ല. എങ്കിലും വൈരുദ്ധ്യം നിലനിൽക്കും. പക്ഷേ, ആ വൈരുദ്ധ്യങ്ങൾ സംഘട്ടനങ്ങളിലൂടെയല്ല, മറ്റു രീതികളിലാണ് പ്രത്യക്ഷപ്പെടുക. അതുകൊണ്ട്, കമ്യൂണിസ്റ്റ് സമുദായത്തിൽ വൈരുദ്ധ്യാധിഷ്ഠിതമായ വളർച്ച മറ്റു സമുദായങ്ങളുടേതിൽ നിന്ന് വ്യത്യസ്തമായിരിക്കും.

ഉദാഹരണത്തിന്, സോവിയറ്റ് യൂണിയനിലെ സ്ഥിതിയെന്താണെന്നു നോക്കുക. അവിടെ വർഗ്ഗസമരമില്ല. തൊഴിലാളികൾ, കൃഷിക്കാർ, ബുദ്ധിജീവികൾ മുതലായ ജനവിഭാഗങ്ങൾ സംഘട്ടനങ്ങളിലൂടെയല്ല, സഹകരണത്തിലൂടെയാണ്, ഉൽപ്പാദനവ്യവസ്ഥയിൽ പങ്കെടുക്കുന്നത്. ജനങ്ങളുടെ ഐക്യം സുദൃഢമാണ്.

ഇതിന്റെ അർത്ഥം വൈരുദ്ധ്യാധിഷ്ഠിത നിയമങ്ങൾ സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്ക് ബാധകമല്ലെന്നാണോ? വൈരുദ്ധ്യങ്ങളില്ലാതെയാണ് സോഷ്യലിസ്റ്റ് വ്യവസ്ഥ വളരുകയും വികസിക്കുകയും ചെയ്യുന്നത്. എന്നാണോ? തീർച്ചയായുമല്ല. അവിടെയുമുണ്ട് പുതിയതും പഴയതും തമ്മിലുള്ള സമരങ്ങൾ. ജനങ്ങളുടെ വളർന്നുവരുന്ന ആവശ്യങ്ങളും ഉൽപ്പാദനനിലവാരവും തമ്മിലുള്ള വൈരുധ്യം, സോഷ്യലിസ്റ്റ് സാമ്പത്തികബന്ധങ്ങളും പിന്നണിയിലുള്ള സാങ്കേതികരീതികളും തമ്മിലുള്ള വൈരുധ്യം, പട്ടണവും ഗ്രാമവും തമ്മിലുള്ള വൈരുദ്ധ്യം, കായികാദ്ധ്വാനവും മാനസികാദ്ധ്വാനവും തമ്മിലുള്ള വൈരുധ്യം, മുതലാളിത്ത ആശയങ്ങളുടെ അവശിഷ്ടങ്ങളും വളർന്നുവരുന്ന കമ്യൂണിസ്റ്റ് ആശയങ്ങളും തമ്മിലുള്ള വൈരുധ്യം, സമുദായവും പ്രകൃതിയും തമ്മിലുള്ള വൈരുധ്യം—ഇത്തരം വൈരുധ്യങ്ങളിലൂടെയാണ് സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ വളരുകയും വികസിക്കുകയും ചെയ്യുന്നത്. പക്ഷേ, ഒന്നുണ്ട്: ഈ വൈരുധ്യങ്ങൾ പരിഹരിക്കപ്പെടുന്നത് സംഘട്ടനങ്ങളിലൂടെയല്ല. ലെനിൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, വൈരുദ്ധ്യവും (Contradiction) സംഘട്ടനവും (Antagonism) ഒന്നല്ല. വൈരുധ്യമുള്ളേടത്ത് സംഘട്ടനമുണ്ടായിക്കൊള്ളണമെന്നില്ല.

'വിമർശനവും സ്വയംവിമർശനവു'മെന്ന നിയമത്തിന്റെ സഹായത്തോടുകൂടിയാണ് സോഷ്യലിസ്റ്റ് വ്യവസ്ഥയിലെ വൈരുദ്ധ്യങ്ങൾ പുറത്തുകൊണ്ടുവരപ്പെടുന്നതും പരിഹരിക്കപ്പെടുന്നതും. സഖാവ് എ. എ. ഷഡനോവ് പറയുന്നു:

'വിരുദ്ധ താൽപ്പര്യങ്ങളോടുകൂടി സംഘട്ടനങ്ങൾ നടത്തുന്ന വർഗ്ഗങ്ങൾ നമ്മുടെ സോഷ്യലിസ്റ്റ് സമുദായത്തിൽ നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരിക്കുന്നു. അതുകൊണ്ട് പഴയതും പുതിയതും തമ്മിലുള്ള സമരവും തൽഫലമായി താഴ്ന്ന പതനത്തിൽനിന്ന് ഉയർന്ന പതനത്തിലേക്കുള്ള പുരോഗതിയും മുതലാളിത്തത്തിൻ കീഴിലേതുപോലുള്ള വർഗ്ഗസംഘട്ടനങ്ങളുടെയും കുഴപ്പങ്ങളുടെയും രൂപത്തിലല്ല നടക്കുന്നത്. പിന്നെയോ, വിമർശനത്തിന്റെയും സ്വയം വിമർശനത്തിന്റെയും രൂപ

ത്തിലാണ്. ഇതാണ് നമ്മുടെ വളർച്ചയുടെ യഥാർത്ഥമായ പ്രചോദനശക്തി. പാർട്ടിയുടെ കയ്യിൽ ഇതൊരു ശക്തിയേറിയ ആയുധമാണ്. ഇത് അവിതർക്കിതമായും ചലനത്തിന്റെ ഒരു പുതിയ രൂപമാണ്; ഒരു പുതിയ രീതിയിലുള്ള വളർച്ചയാണ്; ഒരു പുതിയ വൈരുദ്ധ്യാധിഷ്ഠിത നിയമമാണ്.'

ഇത്രയും പറഞ്ഞതിൽനിന്ന് ഒരു കാര്യം വ്യക്തമാവും. മുതലാളിത്ത സമുദായത്തിലായാലും ശരി, സോഷ്യലിസ്റ്റ് സമുദായത്തിലായാലും ശരി, വൈരുദ്ധ്യങ്ങളിലൂടെയാണ് വളർച്ചയുണ്ടാകുന്നത്. സമരത്തിലൂടെയല്ലാതെ വൈരുദ്ധ്യങ്ങൾ പരിഹരിക്കപ്പെടുകയില്ല. അതുകൊണ്ട് സമുദായത്തിലുള്ള വൈരുദ്ധ്യങ്ങളെ കാണാതിരിക്കലല്ല, അവയെ ശരിക്ക് വിശകലനം ചെയ്തുകൊണ്ട് അവയുടെ പരിഹാരത്തിന് ജനങ്ങളെ അണിനിരത്തലാണ് മാർക്സിസ്റ്റ് പാർട്ടിയുടെ കടമ. സ്റ്റാലിൻ പറയുന്നു:

'ആഭ്യന്തരവൈരുദ്ധ്യങ്ങൾ പുറത്തുകൊണ്ടുവന്ന് അവയുടെ അടിസ്ഥാനത്തിലുള്ള പരസ്പരസംഘട്ടനങ്ങൾ വഴി ഈ വൈരുദ്ധ്യങ്ങളെത്തന്നെ ഇല്ലാതാക്കിക്കൊണ്ടാണ് വളർച്ചയുണ്ടാവുന്നതെങ്കിൽ, തൊഴിലാളികളുടെ വർഗ്ഗസമരം എത്രയും സ്വാഭാവികവും അനിവാര്യവുമായ ഒരു സംഗതിയാണെന്നു വരുന്നു. അതുകൊണ്ട് മുതലാളിത്തത്തിലുള്ള വൈരുദ്ധ്യങ്ങളെ മൂടിവെക്കുകയല്ല, അവയെ തുറന്നുകാണിക്കുകയാണ് നാം ചെയ്യേണ്ടത്. വർഗ്ഗസമരത്തെ തടയുകയല്ല, അവസാനംവരെ നടത്തുകയാണ് നാം ചെയ്യേണ്ടത്. ആകയാൽ നമുക്ക് നയത്തിൽ തെറ്റുപറ്റാതിരിക്കണമെങ്കിൽ, വിട്ടുവീഴ്ചയില്ലാത്ത ഒരു തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയനയമാണ് നാം അനുസരിക്കേണ്ടത്. തൊഴിലാളിമുതലാളി താൽപ്പര്യങ്ങളുടെ ഐക്യമെന്ന മിതവാദി നയമല്ല, മുതലാളിത്തം സോഷ്യലിസമായി വളർന്നുവരുന്ന സന്ധിപ്രിയന്മാരുടെ ആശയമനുസരിച്ചുള്ള നയമല്ല, നാം പിന്തുടരേണ്ടത്'.

## അളവു ഗുണമായി മാറൽ

നിങ്ങളുടെ സ്നേഹിതന്റെ തലയിൽനിന്ന് കുറേശ്ശെ കുറേശ്ശെയായി രോമം കൊഴിഞ്ഞുപോകുന്നുവെന്നിരിക്കട്ടെ. ആദ്യമൊക്കെ 'രോമം കൊഴിയുന്നു' എന്നു മാത്രമേ നിങ്ങൾ പറയുന്നുള്ളൂ. പക്ഷേ, അങ്ങനെ കൊഴിഞ്ഞുകൊഴിഞ്ഞ് ഒരു പ്രത്യേക ഘട്ടമെത്തിയാൽ നിങ്ങളയാളെ 'കഷണ്ടി'യെന്ന് വിളിക്കാൻ തുടങ്ങും. മെല്ലെമെല്ലെയുണ്ടാകുന്ന തുച്ഛങ്ങളായ മാറ്റങ്ങൾ പെട്ടെന്ന് മൗലികമായ ഒരു മാറ്റമുണ്ടാക്കുന്നു. അളവിലുണ്ടാകുന്ന മാറ്റം ഗുണാത്മകമായ ഒരു പരിവർത്തനമുളവാക്കുന്നു. ഡയലക്റ്റിക്കൽ മെറ്റീരിയലിസത്തിലെ മറ്റൊരു നിയമമാണിത്. ഈ നിയമത്തിന് അളവുഗുണമായി മാറൽ എന്നുപറയുന്നു.

ഒറ്റയ്ക്കൊരാൾ നട്ടുച്ചയ്ക്ക് നിരത്തിലൂടെ കൊടിയും പിടിച്ച് ഉച്ചത്തിൽ മുദ്രാവാക്യങ്ങൾ വിളിച്ചുപറഞ്ഞുകൊണ്ടു പോകുന്നുവെന്നു വിചാരിക്കുക. അയാൾക്ക് തലയ്ക്ക് സുഖമില്ലെന്നേ കാണികൾ പറയൂ. ഒരാളുടെ സ്ഥാനത്ത് അമ്പതോ നൂറോ ആളുകൾ ഘോഷയാത്രയായി പോവുകയാണെങ്കിലോ? അവർ സ്വന്തം ആവശ്യത്തിനുവേണ്ടി പ്രക്ഷോഭം കൂട്ടുകയാണെന്ന് അൽപ്പം ഗൗരവത്തോടുകൂടി കാണികൾ പറയും. ഘോഷയാത്രയിൽ നൂറാളല്ല, അയ്യായിരമോ പതിനായിരമോ ആളുകളാണ് പങ്കെടുക്കുന്നതെങ്കിലോ? ആ വമ്പിച്ച ഘോഷയാത്ര അതിൽ പങ്കെടുക്കുന്നവരുടെ മാത്രമല്ല, കാണികളുടെയും ഹൃദയങ്ങളിൽ അത്ഭുതപൂർവ്വമായ ചില ചലനങ്ങളുണ്ടാക്കാതിരിക്കില്ല. വലിയ ഘോഷയാത്രകൾ കാണുകയോ അവയിൽ പങ്കെടുക്കുകയോ ചെയ്തിട്ടുള്ളവർക്കെല്ലാം ഇതനുഭവമാണ്. അളവിലുണ്ടാകുന്ന മാറ്റം ഗുണത്തിൽ മാറ്റമുണ്ടാക്കുന്നതിനുള്ള മറ്റൊരുദാഹരണമാണിത്.

പ്രകൃതിയിലും സമുദായത്തിലുമുള്ള ഓരോ പ്രതിഭാസവും ആദ്യം മെല്ലെ മെല്ലെയാണ് വളരുന്നത്. തുച്ഛവും അദൃശ്യങ്ങളുമായ മാറ്റങ്ങളാണുണ്ടായിക്കൊണ്ടിരിക്കുന്നതും പക്ഷേ, തുച്ഛവും അദൃശ്യങ്ങളുമായ ഈ മാറ്റങ്ങൾ വന്നുവന്ന് ഒരു ഘട്ടമെത്തുമ്പോൾ മൗലികവും പെട്ടെന്നുള്ളതുമായ പരിവർത്തനങ്ങളുണ്ടാകുന്നു. അളവിലോ വലുപ്പത്തിലോ ഉണ്ടാകുന്ന മാറ്റം വസ്തുവിന്റെ സ്വഭാവത്തെതന്നെ മാറ്റിത്തീർക്കുന്നു.

പെട്ടെന്നുണ്ടാകുന്ന ഈ പരിവർത്തനം ഒരു സ്ഥിതിവിശേഷത്തിൽ നിന്ന് മറ്റൊരു സ്ഥിതിവിശേഷത്തിലേക്കുള്ള എടുത്തുചാട്ടമാണ്; പഴയ സ്ഥിതിയിൽ നിന്ന് തികച്ചും പുതിയൊരു സ്ഥിതിയിലേക്കുള്ള വിപ്ലവമാണ്.

വലുപ്പത്തിലുണ്ടാകുന്ന മാറ്റം ഗുണത്തിലുള്ള മാറ്റമായിത്തീരുന്നത് എങ്ങനെയെന്ന് രസതന്ത്രത്തിൽനിന്നും പദാർത്ഥഗുണശാസ്ത്രത്തിൽ നിന്നുമുള്ള അനേകം ഉദാഹരണങ്ങളോടുകൂടി എംഗെൽസ് വിവരിക്കുന്നുണ്ട്. വെള്ളത്തിലുള്ള ചൂട് ആദ്യമൊന്നും അതിന്റെ ദ്രവാവസ്ഥയിൽ യാതൊരു മാറ്റവും വരുത്തുന്നില്ല. പക്ഷേ, ആ ചൂട് വർദ്ധിക്കുകയോ കുറയുകയോ ചെയ്യാൻ തുടങ്ങിയാൽ ഒരു പ്രത്യേക ഘട്ടത്തിൽ വെള്ളം ആവിയോ മഞ്ഞുകട്ടിയോ ആയിത്തീരുന്നു. ഓരോ ലോഹവും ഇത്ര ചൂടുണ്ടായാൽ ഉരുകി ദ്രവാവസ്ഥയിലെത്തുമെന്ന് കണക്കുണ്ട്. ഒരു പ്രത്യേക വ്യാമർദ്ദത്തിൻകീഴിൽ ഓരോ ദ്രാവകവും ഒരു നിശ്ചിതതോതിൽ ചൂടുപിടിപ്പിച്ചാൽ ആവിയാവുകയും നിശ്ചിതതോതിൽ തണുത്തുപോയാൽ കട്ടിയാവുകയും ചെയ്യും. ഓരോ ബാഷ്പവും ആവശ്യമായ തോതിൽ തണുപ്പും വ്യാമർദ്ദവും ലഭിച്ചാൽ ദ്രവാവസ്ഥയിലെത്തിച്ചേരുന്നു. ഓരോ വസ്തുവിനും അവസ്ഥാഭേദം വരുന്നു... ഓക്സിജൻ (ജീവവായു) എടുത്തുനോക്കു സാധാരണയായി രണ്ടു പരമാണുക്കളാണല്ലോ ഓക്സിജന്റെ ഓരോ യൂണിറ്റിലുമുള്ളത്. അത് മൂന്നു പരമാണുക്കളാക്കുക—ഓസോൺ ആയി. സാധാരണ ഓക്സിജനിൽനിന്ന് ഗന്ധത്തിലും മറ്റു വസ്തുക്കളുമായി കൂടിച്ചേരുന്ന രീതിയിലും വ്യക്തമായ വ്യത്യാസമുള്ള ഒരു സാധനമായി ഓക്സിജനോട് നൈട്രജനോ (യവക്ഷാരവായു) ഗന്ധകമോ പല തോതിലായി കൂട്ടിച്ചേർത്തുണ്ടാവുന്ന നാനാപദാർത്ഥങ്ങൾക്ക് തമ്മിൽത്തമ്മിലുള്ള അന്തരത്തെപ്പറ്റി പിന്നെ പറയേണ്ടതുണ്ടോ?

സാമൂഹ്യവ്യവസ്ഥകൾക്കും ഇത് ബാധകമാണ്. ഫ്യൂഡലിസത്തിൽ മുതലാളിത്തോൽപ്പാദനരീതി മെല്ലെമെല്ലെ വളരാൻ തുടങ്ങുന്നു. വ്യവസായം വളരുന്നു, കച്ചവടം വളരുന്നു, തൊഴിലാളികൾ വർദ്ധിക്കുന്നു. വ്യക്തികളുടെ കയ്യിൽ പണം അധികമധികം കേന്ദ്രീകരിക്കുന്നു. വളർച്ചയുടെ ഒരു ഘട്ടമെത്തിയാൽ പെട്ടെന്ന് ചില പരിവർത്തനങ്ങളുണ്ടാവുകയായി—1789ലെ ഫ്രഞ്ചുവിപ്ലവം പ്രത്യക്ഷത്തിൽ പെട്ടെന്നുള്ള ഒരു വിപ്ലവമാണ്. പക്ഷേ, അതിന്റെ പിന്നിൽ പരിണാമങ്ങളുടെ ഒരു നീണ്ട കാലഘട്ടമുണ്ട്. ഫ്യൂഡൽ വ്യവസ്ഥയ്ക്കുള്ളിൽ മുതലാളിത്തോൽപ്പാദനശക്തികൾ ഒരു ഘട്ടംവരെ വളർന്നപ്പോഴാണ് വിപ്ലവമുണ്ടായത്. ഇതുതന്നെയാണ് 1917ലെ റഷ്യൻ വിപ്ലവത്തിന്റെയും സ്ഥിതി. മുതലാളിത്തവ്യവസ്ഥയ്ക്കുള്ളിൽ പുതിയ സോഷ്യലിസ്റ്റ് ശക്തികൾ മെല്ലെമെല്ലെ വളരുന്നു. ഒരു ഘട്ടമെത്തിയാൽ തൊഴിലാളി വിപ്ലവം അനിവാര്യമായിത്തീരുന്നു. മാർക്സ് പറയുന്നു:

'സമുദായത്തിലെ ഭൗതികോൽപ്പാദനശക്തികൾ വളർച്ചയുടെ ഒരു കാലഘട്ടമെത്തിയാൽ നിലവിലുള്ള ഉൽപ്പാദനബന്ധങ്ങളുമായി—അല്ലെങ്കിൽ അതിന്റെ നിയമവിധേയരൂപമായ സ്വത്തുടമബന്ധങ്ങളുമായി—സംഘട്ടനങ്ങളാരംഭിക്കുന്നു... പിന്നീടങ്ങോട്ട് സാമൂഹ്യവിപ്ലവത്തിന്റെ കാലഘട്ടമാരംഭിക്കുകയായി. പക്ഷേ, ഉൽ

പ്പാദനശക്തികൾ വളരാവുന്നേടത്തോളം പൂർണ്ണമായി വളർന്നതിനു ശേഷമല്ലാതെ ഒരു സാമൂഹ്യവ്യവസ്ഥയും ഒരിക്കലും മണ്ണടിയുകയില്ല'.

അളവിലുണ്ടാകുന്ന മാറ്റം ഗുണത്തിൽ മാറ്റമുണ്ടാക്കുന്നതുപോലെ ഗുണാത്മകമായ മാറ്റം വളർച്ചയുടെ തോതിനെയും വസ്തുവിന്റെ പരസ്പരബന്ധങ്ങളെയും മാറ്റിമറിക്കുന്നു. അതുകൊണ്ടാണ് ഈ സിദ്ധാന്തത്തിന് അളവുഗുണത്തിലും ഗുണം അളവിലും മാറ്റമുണ്ടാക്കുമെന്ന സിദ്ധാന്തം എന്നുപറയുന്നത്. മമ്മലുകളുടെയും മനുഷ്യക്കുരങ്ങുകളുടെയും ഘട്ടത്തിൽനിന്ന് മനുഷ്യനിലേക്കുള്ള പരിവർത്തനം ശ്രദ്ധിച്ചുപഠിക്കുക. തലച്ചോറിലും ഞരമ്പിലും ശരീരത്തിലാകെയും അദൃശ്യങ്ങളും പരിണാമാത്മകങ്ങളുമായ ചെറുചെറു മാറ്റങ്ങൾ ഒരു ഘട്ടംവരെയെത്തിയപ്പോഴാണ് ഭൂമിയിൽ മനുഷ്യരുടെ സാമൂഹ്യബന്ധങ്ങളുളവായത്.

സോവിയറ്റ് യൂണിയനിൽ ഒറ്റയ്ക്കൊറ്റക്കുള്ള കൃഷിപ്പാടങ്ങളുടെ സ്ഥാനത്ത് ഗുണാത്മകമായ മാറ്റങ്ങളോടുകൂടിയ കൂട്ടുകൃഷിസ്ഥലങ്ങൾ സ്ഥാപിതമായപ്പോൾ അദ്ധ്വാനത്തിന്റെ ഉൽപ്പാദനക്ഷമതയുടെ തോതിലും കാർഷികാദ്ധ്വാനവും വ്യാവസായികാധ്വാനവും തമ്മിലുള്ള ബന്ധത്തിലും മുമ്പൊരിയ്ക്കലുമില്ലാത്ത മാറ്റങ്ങളുളവായി.

പ്രകൃതിയിലും സമുദായത്തിലുമുണ്ടാകുന്ന വിപ്ലവാത്മകമായ മിക്ക പരിവർത്തനങ്ങളും പെട്ടെന്നുള്ള എടുത്തുചാട്ടങ്ങളിലൂടെയാണ്, പൊട്ടിത്തെറികളിലൂടെയാണ്, സംഭവിക്കുന്നത്. പഴയതിനെ നശിപ്പിച്ചുകൊണ്ട് പുതിയത് പ്രത്യക്ഷപ്പെടുന്നതു പെട്ടെന്നാണ്. വെള്ളം ചൂടുപിടിപ്പിച്ച ഒരു ഘട്ടമെത്തിയാൽ പെട്ടെന്നാണ് അത് ആവിയായി മാറുന്നത്. സാമൂഹ്യവളർച്ച ഒരുഘട്ടം വരെയെത്തിയാൽ പെട്ടെന്നാണ് വിപ്ലവമുണ്ടാകുന്നത്.

എന്നാൽ, പഴയതിൽനിന്ന് പുതിയതിലേക്കുള്ള ഈ പരിവർത്തനം എല്ലായിപ്പോഴും പൊട്ടിത്തെറികളിലൂടെയായിക്കൊള്ളണമെന്നില്ല. പുതിയതിന്റെ അംശങ്ങൾ മെല്ലെമെല്ലെ, കുറേശ്ശേക്കുറേശെയായി കട്ടിക്കൂട്ടുകയും പഴയതിന്റെ അംശങ്ങൾ മെല്ലെമെല്ലെ ദ്രവിച്ചുനാശമടയുകയും ചെയ്തുകൊണ്ടു നീണ്ട കാലം കൊണ്ടും ഗുണാത്മകമായ പരിവർത്തനങ്ങളുണ്ടാവാം. ഉദാഹരണമായി, ഭാഷയിലുണ്ടാകുന്ന ഗുണാത്മകപരിവർത്തനങ്ങളെ സഖാവ് സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നു:

'പെട്ടെന്നുള്ള പൊട്ടിത്തെറിയിലൂടെയല്ല, നിലവിലുള്ള ഭാഷയെ നശിപ്പിക്കുകയും പുതിയത് സൃഷ്ടിക്കുകയും ചെയ്യുന്നതിലൂടെയല്ല, പ്രത്യുത, പുതിയ ഗുണത്തിന്റെ ഘടകങ്ങൾ ക്രമത്തിൽ ഈട്ടം കൂടിവരികയും തൽഫലമായി പഴയ ഗുണത്തിന്റെ ഘടകങ്ങൾ ക്രമത്തിൽ മാഞ്ഞുപോവുകയും ചെയ്യുന്നതിലൂടെയാണ് പഴയ ഗുണത്തിൽനിന്ന് പുതിയതിലേക്കുള്ള ഭാഷയുടെ മാറ്റം സംഭവിക്കുന്നത്. അതാണ് മാർക്സിസം'.

പൊട്ടിത്തെറി കൂടാതെ അനുക്രമമായ മാറ്റം വഴിക്കുള്ള ഗുണാത്മകപരിവർത്തനങ്ങൾ ഭാഷയുടെ കാര്യത്തിൽ മാത്രമല്ല, മറ്റു സാമൂഹ്യപ്രതിഭാസങ്ങളുടെ കാര്യത്തിലും സംഭവിക്കുന്നുണ്ടെന്നു കാണാം. സ്റ്റാലിൻ പറയുന്നു:

'വിരുദ്ധവർഗ്ഗങ്ങളായിത്തിരിഞ്ഞ സമുദായത്തെ സംബന്ധിച്ചിടത്തോളം ഈ നിയമം അലംഘ്യമാണ്; എന്നാൽ, വിരുദ്ധവർഗ്ഗങ്ങളില്ലാത്ത സമുദായം ഒട്ടുംതന്നെ ഈ നിയമത്തിൽ ബദ്ധമല്ല. നാം എട്ടുപത്തു കൊല്ലം കൊണ്ട് ബൂർഷ്വാസ്വഭാവമുള്ള ഒറ്റതിരിഞ്ഞ കൃഷിനടത്തിപ്പു സമ്പ്രദായത്തിൽ നിന്ന് സോഷ്യലിസ്റ്റ് സ്വഭാവത്തോടുകൂടിയ കൂട്ടുകൃഷി സമ്പ്രദായത്തിലേക്കുള്ള മാറ്റം സാധിച്ചു. നാട്ടിൻപുറത്തെ പഴയ ബൂർഷ്വാസാമ്പത്തിക ഘടനയെ നശിപ്പിച്ച് പുതിയ സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥയെ സൃഷ്ടിച്ച ഒരു വിപ്ലവമായിരുന്നു അത്. പൊട്ടിത്തെറി

യിലൂടെയല്ല, അതായത് നിലവിലുള്ള ശക്തിയെ നശിപ്പിച്ച് പുതു ശക്തിയെ സ്ഥാപിക്കുന്നതിലൂടെയല്ല, പിന്നെയോ, നാട്ടിൻപുറത്തെ പഴയബൂർഷ്വാ വ്യവസ്ഥയിൽ നിന്നു പുതിയ വ്യവസ്ഥയിലേക്കുള്ള അനുക്രമമായ മാറ്റംവഴിക്കാണ് ഈ വിപ്ലവം സാധിച്ചത്. നിലവിലുള്ള അധികാരശക്തിയുടെ നേതൃത്വത്തിൽ ബഹുഭൂരിപക്ഷം കൃഷിക്കാരുടെ സഹായത്തോടുകൂടി നടത്തപ്പെട്ട മുകളിൽനിന്നുള്ള ഒരു വിപ്ലവമായതിനാലാണ് ഇതു സാദ്ധ്യമായത്'.

ഏതായാലും ഒരു കാര്യം തീർച്ചയാണ്. പെട്ടെന്നായാലും നീണ്ടകാലം കൊണ്ടായാലും പ്രകൃതിയുടെയും സമുദായത്തിന്റെയും വികസനത്തിനിടയിൽ ഗുണാത്മക പരിവർത്തനങ്ങൾ സംഭവിക്കുന്നുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

അളവു ഗുണമായി മാറുക എന്ന ഈ സിദ്ധാന്തം തൊഴിലാളി വർഗ്ഗത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ പ്രായോഗിക പ്രവർത്തനങ്ങളിൽ വലിയ പ്രാധാന്യം വഹിക്കുന്നുണ്ട്. വികാസക്രമത്തിൽ ക്രമപ്രവൃദ്ധവും മെല്ലെമെല്ലെയുള്ളതുമായ മാറ്റങ്ങളെന്നപോലെ തന്നെ പെട്ടെന്നുള്ള പരിവർത്തനങ്ങളുമുണ്ടെങ്കിൽ ഗുണാത്മകമായി പുതിയ ഘട്ടങ്ങളാവിർഭവിക്കുമെന്നും അത്തരം ഘട്ടങ്ങളിൽ പുതിയ പ്രവർത്തനപദ്ധതികളും പുതിയ സമരമുറകളും ആവശ്യമായി വരുമെന്നും തീർച്ചയാണ്. മുതലാളിത്തത്തിന്റെ വളർച്ചയിൽ രാഷ്ട്രീയ സാമ്പത്തിക ബന്ധങ്ങളെ സമൂലമായി മാറ്റിമറിക്കുന്ന വിപ്ലവഘട്ടങ്ങൾ അനിവാര്യമാണെന്ന് ഈ സിദ്ധാന്തം വ്യക്തമാക്കുന്നു. അതുകൊണ്ട് 'നയത്തിൽ തെറ്റുപറ്റാതിരിക്കണമെങ്കിൽ ഒരു വിപ്ലവകാരിയായിരിക്കണം; മിതവാദിയാവാൻ പാടില്ല' (സ്റ്റാലിൻ).

## നിഷേധത്തിന്റെ നിഷേധം

ആഭ്യന്തരമായ വൈരുദ്ധ്യങ്ങളുള്ളതുകൊണ്ട് ഓരോ വസ്തുവിലും അതിനെ നിഷേധിക്കുന്ന ശക്തിയും അടങ്ങിയിരിക്കുന്നു. പഴയതും പുതിയതും തമ്മിലുള്ള സമരത്തിൽ പഴയതു നിഷേധിക്കപ്പെടുന്നു, പുറന്തള്ളപ്പെടുന്നു. മുട്ടയെ നിഷേധിച്ചുകൊണ്ട് കോഴിക്കുഞ്ഞ് പുറത്തുവരുന്നതു നോക്കുക. അല്ലെങ്കിൽ വിത്തിൽനിന്ന് ചെടിയുണ്ടാകുന്നതു നോക്കുക. വളർച്ചയുടെ ഒരു ഘട്ടമെത്തുമ്പോൾ വിത്ത് നിഷേധിക്കപ്പെടുകയും ചെടിയാവിർഭവിക്കുകയും ചെയ്യുന്നു. വിത്തിന്റെ നിഷേധമാണ് ചെടി. വളർച്ചയുടെ മറ്റൊരുഘട്ടത്തിൽ അതേ ചെടിതന്നെ നിഷേധിക്കപ്പെടുകയും വിത്ത് വീണ്ടുമുണ്ടാവുകയും ചെയ്യുന്നു. മറ്റൊരുവിധം പറഞ്ഞാൽ നിഷേധം നിഷേധിക്കപ്പെടുന്നു. ഫ്യൂഡൽ സമുദായത്തിൽ മുതലാളിത്തോൽപ്പാദന രീതി വളർന്നുവളർന്ന് ഒരു ഘട്ടമെത്തുമ്പോൾ ഫ്യൂഡൽ വ്യവസ്ഥ നിഷേധിക്കപ്പെടുകയും പുതിയ മുതലാളിത്തവ്യവസ്ഥ സിംഹാസനത്തിലേറുകയും ചെയ്യുന്നു. പക്ഷേ, മുതലാളിത്തവ്യവസ്ഥ സ്ഥിരമായി നിൽക്കുന്നില്ല. അതിനുള്ളിൽ സോഷ്യലിസത്തിന്റെ അംശങ്ങൾ വളർന്നുവരുന്നു. അവയാണ് മുതലാളിത്തത്തിന്റെ നിഷേധം. തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുന്നുണ്ട്. പക്ഷേ, അതേ തൊഴിലാളിവർഗ്ഗമാണ് മുതലാളിത്തത്തിന്റെ ശവക്കുഴി തോണ്ടുന്നത്. ഫ്യൂഡലിസത്തിന്റെ നിഷേധമാണ് മുതലാളിത്തം. പക്ഷേ, വളർന്നുവരുന്ന സോഷ്യലിസ്റ്റ് ശക്തികൾ മുതലാളിത്തത്തിന്റെ ചങ്ങലക്കെട്ടുകളിൽ നിന്ന് മോചനം നേടുമ്പോൾ ആദ്യത്തെ നിഷേധം വീണ്ടും നിഷേധിക്കപ്പെടുന്നു. സോഷ്യലിസം മുതലാളിത്തത്തിന്റെ നിഷേധമായിത്തീരുന്നു. ഈ നിയമത്തിനാണ് നിഷേധത്തിന്റെ നിഷേധം എന്നുപറയുന്നത്.

ഒരുകാര്യം ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്; പഴയത് ഒരു ഘട്ടംവരെ വളർന്നതിനുശേഷം മാത്രമേ, പഴയതിനുള്ളിൽ പുതിയതിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കുമാവ

ശ്യമായ പരിതഃസ്ഥിതികൾ പരിപക്വമായതിനുശേഷം മാത്രമേ, പഴയതു നിഷേധിക്കപ്പെടുന്നുള്ളൂ: എന്നുവെച്ചാൽ, മനുഷ്യന്റെ ആത്മനിഷ്ഠമായ ആഗ്രഹമനുസരിച്ചല്ല, വസ്തുനിഷ്ഠമായ വളർച്ചയുടെ നിയമങ്ങളെ ആശ്രയിച്ചാണ് പഴയതു നിഷേധിക്കപ്പെടുന്നത്. ഈ നിയമത്തെ മാർക്സ് വിവരിക്കുന്നതു നോക്കുക:

'മുതലാളിത്തോൽപ്പാദനരീതിയുടെ ഫലമായുണ്ടാകുന്ന മുതലാളിത്തവിതരണരീതി മുതലാളിത്തരീതിയിലുള്ള സ്വകാര്യസ്വത്ത് സൃഷ്ടിക്കുന്നു. ഉടമസ്ഥന്റെ അദ്ധ്വാനത്തിന്റെ അടിസ്ഥാനത്തിലുള്ള വ്യക്തിപരമായ സ്വകാര്യസ്വത്തിന്റെ ആദ്യത്തെ നിഷേധമാണിത്. എന്നാൽ മുതലാളിത്തോൽപ്പാദനവും പ്രകൃതിനിയമത്താലെന്നപോലെ അനിവാര്യമായും നിഷേധിക്കപ്പെടുന്നു. നിഷേധത്തിന്റെ നിഷേധമാണത്.'

ഇതിന്റെ അർത്ഥം ഉൽപ്പാദകന്റെ സ്വകാര്യസ്വത്ത് വീണ്ടും സ്ഥാപിക്കപ്പെടുന്നുവെന്നല്ല. മുതലാളിത്തകാലഘട്ടത്തിലെ നേട്ടങ്ങളുടെ അടിസ്ഥാനത്തിലുള്ള, അതായത് സഹകരണം, നിലത്തിന്മേലും ഉൽപ്പാദനോപകരണങ്ങളിന്മേലുള്ള പൊതുവുടമാവകാശം, എന്നിവയെ അടിസ്ഥാനപ്പെടുത്തിയ, വ്യക്തിപരമായ സ്വത്താണ് അവന് ലഭിക്കുന്നത്'.

അപ്പോൾ, നിഷേധത്തിന്റെ നിഷേധംവഴി വൈരുദ്ധ്യങ്ങൾ പരിഹരിക്കപ്പെടുന്നത് പുരോഗമനപരമായിട്ടാണ്; മുന്നോട്ടേക്കുള്ള ചലനം വഴിയായിട്ടാണ്. അതൊരിക്കലും വൈരുദ്ധ്യങ്ങൾക്ക് മുമ്പുണ്ടായിരുന്ന സ്ഥിതിയിലേക്കുള്ള തിരിച്ചുപോവലാകുന്നില്ല.

വികാസം, അല്ലെങ്കിൽ പുരോഗമനം, യാതൊരു തടസ്സവുമില്ലാതെ കുത്തനെ മേൽപ്പോട്ടേക്കുള്ള ഒരു ചലനമാണെന്ന് ഇതിനർത്ഥമില്ല. കെട്ടിപ്പിണഞ്ഞുകൊണ്ട് താൽക്കാലികമായ പലതരം തടസ്സങ്ങളോടുകൂടിയാണ് വളർച്ചയുണ്ടാകുന്നത്. എങ്കിലും എംഗെൽസ് പറയുന്നതുപോലെ, 'താൽക്കാലികമായി എന്തെല്ലാം തടസ്സങ്ങളും ദശാസന്ധികളുമുണ്ടായാലും ശരി അവസാനം പുരോഗമനാത്മകമായ ഒരു വളർച്ച വന്നുചേരുമെന്നു തീർച്ചയാണ്'.

പ്രാചീന കമ്യൂണിസം, അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം എന്നീ ഘട്ടങ്ങളെ പിന്നിട്ടുകൊണ്ട് സമുദായം കമ്യൂണിസത്തിലെത്തിച്ചേരുന്നു. മുതലാളിത്തത്തിനുശേഷമാവിർഭവിക്കുന്ന കമ്യൂണിസം പ്രാചീനകമ്യൂണിസമല്ല. കൂടുതൽ ഉയർന്ന രൂപത്തിലുള്ള കമ്യൂണിസമാണ്. ഏറ്റവും അപരിഷ്കൃതവും പ്രാകൃതവുമായ ഉൽപ്പാദനോപകരണങ്ങളുടെ സ്ഥാനത്ത് ഏറ്റവും പരിഷ്കരിച്ച ഉൽപ്പാദനോപകരണങ്ങൾ ഉപയോഗിക്കപ്പെടുന്നു. രണ്ടും വർഗ്ഗരഹിതസമുദായങ്ങളാണ്. കമ്യൂണിസം എത്രയോ ഉയർന്ന നിലയിലുള്ള വർഗ്ഗരഹിതസമുദായമാണ്.

പഴയ വർഗ്ഗരഹിതസമുദായം വർഗ്ഗങ്ങളുടെ ആവിർഭാവത്തോടുകൂടി നിഷേധിക്കപ്പെടുകയും നാമാവശേഷമാവുകയും ചെയ്യുന്നു. പിന്നീട് വർഗ്ഗസങ്കലിതമായ സമുദായം നിഷേധത്തിന്റെ നഷേധത്തിലൂടെ അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം തുടങ്ങിയ അനേകം പരിവർത്തനങ്ങളിലൂടെ വളർന്നുവന്ന് ഒരു ഘട്ടമെത്തുമ്പോൾ തൊഴിലാളിവർഗ്ഗം അധികാരം പിടിച്ചെടുക്കുകയും പഴയ കാലഘട്ടങ്ങളുടെ എല്ലാ നേട്ടങ്ങളുടെയുമുൾക്കൊള്ളുന്ന പുതിയൊരു വർഗ്ഗരഹിതസമുദായം കെട്ടിപ്പടുക്കുകയും ചെയ്യുന്നു.

നിഷേധമെന്നുവെച്ചാൽ പഴയതിനെയെല്ലാം അപ്പടിനാമാവശേഷമാക്കുക എന്നർത്ഥമില്ല. പഴയതിനുള്ളിലുള്ള എല്ലാ നേട്ടങ്ങളെയും ഉൾക്കൊണ്ടുകൊണ്ടാണ് പുതിയതാവിർഭവിക്കുന്നത്. ഉദാഹരണത്തിനു, മുതലാളിത്വം നശിപ്പിക്കപ്പെട്ട

ന്നതോടൊപ്പം മുതലാളിത്തത്താൽ വളർത്തപ്പെട്ട വ്യവസായങ്ങളോ മുതലാളിത്ത കാലഘട്ടത്തിലുണ്ടായ സാങ്കേതികവൈദഗ്ധ്യമോ ഒന്നും നശിപ്പിക്കപ്പെടുന്നില്ല. പുതിയ സോഷ്യലിസ്റ്റ് വ്യവസ്ഥ അവയെ ഉൾക്കൊള്ളുകയും കൂടുതൽ വളർത്തുകയും ചെയ്യുന്നു.

നിഷേധത്തിന്റെ നിയമം വൈരുദ്ധ്യത്തിന്റെ ഐക്യം എന്ന നിയമത്തെ കൂടുതൽ സമൂർത്തമായും കൂടുതൽ നിഷ്കർഷമായും പരിശോധിച്ചു പഠിക്കാൻ സഹായിക്കുന്നു. വളർച്ചയ്ക്കിടയിൽ പഴയ വൈരുധ്യങ്ങൾക്ക് പരിഹാരമുണ്ടാവുകയും പുതിയവ ആവിർഭവിക്കുകയും ചെയ്യുന്നതെങ്ങിനെയെന്നു വ്യക്തമാക്കിക്കൊണ്ട് വൈരുധ്യത്തിന്റെ ഐക്യം എന്ന നിയമത്തിന് അത് കൂടുതൽ വിശദമായ ഒരു രൂപം നൽകുന്നു.

വൈരുധ്യങ്ങളുടെ ഐക്യം, അളവുഗുണമായി മാറൽ, നിഷേധത്തിന്റെ നിഷേധം എന്നീ മൂന്നു നിയമങ്ങൾ ഡയലക്റ്റിക്കൽ മെറ്റീരിയലിസത്തിന്റെ അവിഭാജ്യനിയമങ്ങളാണ്. ഈ മൂന്നു നിയമങ്ങളുൾക്കൊള്ളുന്ന വൈരുധ്യാധിഷ്ഠിത പരിശോധനാമാർഗ്ഗത്തിലൂടെ പ്രകൃതിയുടെയും സമുദായത്തിന്റെയും വികാസക്രമങ്ങളുടെ പൊതുനിയമങ്ങളെയും വിഭിന്നരൂപങ്ങളേയും നമുക്ക് വെളിപ്പെടുത്താൻ കഴിയുന്നു. ഈ പരിശോധനാ മാർഗ്ഗത്തിന്റെ സഹായത്തോടുകൂടിയാണ് മുതലാളിത്തത്തിന്റെ നാശവും സോഷ്യലിസത്തിന്റെ വിജയവും അനിവാര്യമാണെന്നു പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽതന്നെ മാർക്സും എംഗെൽസും പ്രഖ്യാപിച്ചത്. ‘ജർമ്മൻ ഐഡിയോളജി’ എന്ന പുസ്തകത്തിൽ അവരെഴുതി:

‘ഞങ്ങളെ സംബന്ധിച്ചിടത്തോളം, ആജ്ഞവഴിയ്ക്ക് സ്ഥാപിക്കാനുള്ള ഒരു സ്ഥിതിവിശേഷമല്ല കമ്യൂണിസം; യാഥാർത്ഥ്യത്തിന് സ്വയം എത്തിച്ചേരാനുള്ള ഒരാദർശലക്ഷ്യമല്ല അത്. ഞങ്ങൾ കമ്യൂണിസത്തെപ്പറ്റി പറയുമ്പോൾ, ഇന്നത്തെ സ്ഥിതിവിശേഷങ്ങളെ അവസാനിപ്പിക്കുന്ന ഒരു യഥാർത്ഥ പ്രസ്ഥാനത്തെയാണുദ്ദേശിക്കുന്നത്. നിലവിലുള്ള ഉപാധികളിൽ നിന്നാണ് ഈ പ്രസ്ഥാനത്തിന്റെ നിർണ്ണായകശക്തികൾ പൊന്തിവരുന്നത്’.

മനുഷ്യന്റെ ചിന്തയും പ്രവൃത്തിയും എന്തുതന്നെയായാലും കമ്യൂണിസം തനിയെ വന്നുകൊള്ളുമെന്നാണോ ഇതിന്റെ അർത്ഥം? അല്ലെന്ന് മാർക്സും എംഗെൽസും ഉറപ്പിച്ചുപറയുന്നു. മനുഷ്യന്റെ പ്രവർത്തനംകൊണ്ട് മാത്രമേ കമ്യൂണിസ്റ്റ് സമുദായം നേടിയെടുക്കാൻ കഴിയൂ. എന്നാൽ ഒന്നുണ്ട്: അത്തരം പ്രവർത്തനത്തിനു പ്രേരിപ്പിക്കുന്ന പരിതഃസ്ഥിതിയിലാണ് മനുഷ്യൻ ജീവിക്കുന്നത്. ചരിത്രപരമായി തൊഴിലാളിവർഗ്ഗം ആവിർഭവിച്ചു കഴിഞ്ഞാൽപ്പിന്നെ അവർക്ക് പ്രവർത്തിക്കാതിരിക്കാൻ വയ്യ. പ്രവർത്തിക്കുന്തോറും അവർ വളരുന്നു. അങ്ങനെ വളർന്നുവളർന്ന് ഒടുവിൽ വിജയം നേടാനാവശ്യമായ ശക്തിയാർജ്ജിക്കുന്നു. അപ്പോൾ മനുഷ്യന്റെ പ്രവർത്തനമാണ് വിപ്ലവത്തെ അനിവാര്യമാക്കുന്നത്. ഒന്നുമാത്രം: വളർച്ചയുടെ വസ്തുനിഷ്ഠമായ നിയമങ്ങളുമായി പൊരുത്തപ്പെട്ടവിധത്തിൽ നടത്തപ്പെടുന്ന വിപ്ലവപ്രവർത്തനങ്ങൾ മാത്രമേ വിജയിക്കുകയുള്ളൂ. സമുദായത്തിനകത്തു നടക്കുന്ന വസ്തുനിഷ്ഠമായ വൈരുദ്ധ്യങ്ങളുടെയും സമരങ്ങളുടെയും ബൗദ്ധികമായ പ്രതിഫലനമാണ് ഡയലക്റ്റിക്കൽ മെറ്റീരിയലിസം. വളർച്ചയുടെയും പരിവർത്തനങ്ങളുടെയും നിയമങ്ങളെ വെളിപ്പെടുത്തിക്കൊണ്ട് സമരത്തിന്റെ ലക്ഷ്യവും നയപരിപാടികളും സമുദായത്തിന്റെ ഡയലക്റ്റിക്സിനനുകൂലമാണെന്ന് അത് തൊഴിലാളിവർഗ്ഗത്തിന് പഠിപ്പിച്ചുകൊടുക്കുന്നു. ഈ ബോധവും സാമൂഹ്യപ്രവർത്തനങ്ങളും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. തെറ്റായ ബോധത്തോടുകൂടി ശരിയായ സമരം നടത്താനാവില്ലെന്നു പറയേണ്ടതില്ലല്ലോ.

ചുരുക്കിപ്പറഞ്ഞാൽ, ഡയലക്റ്റിക്കൽ മെറ്റീരിയലിസം വിപ്ലവപരമായ ഒരു തത്വശാസ്ത്രമാണ്. പ്രപഞ്ചത്തെപ്പറ്റിയും മനുഷ്യസമുദായത്തെപ്പറ്റിയുമുള്ള ഏറ്റവും ശരിയായ ശാസ്ത്രീയവ്യഖ്യാനം മാത്രമല്ല, പ്രപഞ്ചത്തേയും സമുദായത്തേയും മാറ്റിത്തീർക്കലും അതിലുൾപ്പെടുന്നു. താത്വികമായ പഠനം മാത്രമല്ല, പ്രായോഗികമായ വിപ്ലവപ്രവർത്തനങ്ങളും അതിലടങ്ങിയിരിക്കുന്നു. അതുകൊണ്ടാണ് മാർക്സ് പറഞ്ഞത്:

“തത്വജ്ഞാനികൾ ലോകത്തെ വ്യാഖ്യാനിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ; അതിനെ മാറ്റുക എന്നതാണ് കടമ”.

# 7

# മാർക്സിസവും കുടുംബജീവിതവും

അവസരവാദികളുടെ നേതൃത്വത്തിലുള്ള ട്രേഡ് യൂണിയൻ സംഘടനകളിൽ വിപ്ലവകാരികൾ പ്രവർത്തിക്കേണ്ടതുണ്ടോ എന്ന ചോദ്യത്തിനു മറുപടി പറഞ്ഞുകൊണ്ട് ലെനിൻ 'ഇടതുപക്ഷ കമ്യൂണിസം' എന്ന പുസ്തകത്തിൽ ഇങ്ങനെ എഴുതുകയുണ്ടായി:

കമ്യൂണിസ്റ്റുകാർ ട്രേഡ്യൂണിയനുകളിൽ ചേരുന്നതു തടയാനും അവരെ ഏതു വിധത്തിലെങ്കിലും പുറത്താക്കാനും ട്രേഡ് യൂണിയനുകളിലുള്ള അവരുടെ പ്രവർത്തനത്തെ കഴിയുന്നതും അസുഖകരമാക്കിത്തീർക്കാനും അവരെ അപമാനിക്കാനും ശുണ്ഠിപിടിക്കാനും ദ്രോഹിക്കാനുംവേണ്ടി ഈ മാന്യന്മാർ, അവസരസേവകത്വത്തിന്റെ നേതാക്കൾ, സർവ്വവിധ ബൂർഷ്വാകുതന്ത്രങ്ങളും അടവുകളും പ്രയോഗിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിനെയെല്ലാം നേരിടാനും എന്തുത്യാഗവും ചെയ്യാനും, വേണ്ടിവന്നാൽ എല്ലാ സൂത്രങ്ങളും വിദ്യകളും നിയമവിരുദ്ധമാർഗ്ഗങ്ങളും ഒഴിഞ്ഞുമാറലുകളും പ്രയോഗിക്കാനും നാം തയ്യാറാവണം'. (ഇടതുപക്ഷ കമ്യൂണിസം, മലയാളതർജ്ജമ, പേജ് 50) അവസരവാദികളുടെ ബൂർഷ്വാകുതന്ത്രങ്ങളേയും ദ്രോഹങ്ങളെയും സമർഥമായി ചെറുക്കണമെന്നാണല്ലോ ലെനിൻ ഇവിടെ ഉൽബോധിപ്പിക്കുന്നത്. എന്നാൽ, കമ്യൂണിസ്റ്റുകാർ സൂത്രക്കാരും സത്യസന്ധതയില്ലാത്തവരുമാണെന്നു തെളിയിക്കാൻ വേണ്ടി പരക്കംപായുന്ന സിഡ്നി ഹുക്ക് എന്ന അമേരിക്കക്കാരൻ ഒരു ചതിപ്പണിനടത്തി. ലെനിന്റെ പുസ്തകത്തിൽ നിന്നു 'വേണ്ടിവന്നാൽ' എന്നുവരെയുള്ള ഭാഗം വിട്ടുകളഞ്ഞ് "എല്ലാത്തരം സൂത്രങ്ങളും വിദ്യകളും നിയമവിരുദ്ധമാർഗ്ഗങ്ങളും ഒഴിഞ്ഞുമാറലുകളും പ്രയോഗിക്കാൻ നാം തയ്യാറാവണം" എന്ന ഭാഗംമാത്രം സന്ദർഭത്തിൽനിന്നു വിടർത്തിയെടുത്തുകൊണ്ട് മാർക്സിസം സത്യത്തിനെതിരാണെന്ന് അയാൾ 'തെളിയിച്ചു!' അമേരിക്കൻ വിരുദ്ധമുന്നണിക്കാരന്റെ ഈ ഉദ്ധരണി കേരളത്തിലെ വിരുദ്ധമുന്നണിക്കാരനായ വടക്കനച്ചന്റെ കയ്യിലെത്തിയപ്പോൾ അതിങ്ങിനെ വേഷംമാറി: 'ചതി, അനീതിപരമായ മാർഗ്ഗം, സൂത്രം, കള്ളം, സത്യം മറച്ചുവെയ്ക്കൽ, കുതന്ത്രം ഇവയെല്ലാം നിങ്ങൾ അവസരോചിതം ഉപയോഗിക്കണം'. ഇങ്ങിനെയാണ് 'അസത്യ ജല്പനങ്ങൾക്ക് ലെനിൻ, ഉത്തേജനം കൊടുത്തിട്ടുണ്ട്' എന്ന് അച്ചൻ 'തെളിയി'ക്കുന്നത്!

ലെനിൻ ഒരിക്കലും പറഞ്ഞിട്ടില്ലാത്ത ഈ വാചകം എവിടെനിന്നു കിട്ടി എന്നു ഞാൻ വെല്ലുവിളിച്ചു ചോദിച്ചപ്പോൾ 'വി.ഐ. ലെനിൻ എഴുതിയിട്ടുള്ള The Infanile Sickness of Leftism in Communism എന്ന പുസ്തകം താങ്കൾ വാ

യിച്ചിട്ടുണ്ടോ?' എന്നൊരു ചോദ്യം എന്റെ നേർക്കെടുത്തെറിയുകയാണ് അച്ചൻ ചെയ്തത്. അധ്യായമേത്, പേജേത് എന്നൊന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നില്ലെന്ന കാര്യമിരിക്കട്ടെ. 'ഇടതുപക്ഷ കമ്യൂണിസം' എന്ന പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പ് അച്ചൻ പറയുന്ന പേരിലല്ല, 'Left wing Communism' എന്ന പേരിലാണ്, ഇന്ത്യയിൽ പ്രചരിക്കുന്നത് എന്ന വസ്തുതപോലും അദ്ദേഹം വിസ്മരിച്ചുപോയി. ലെനിന്റെ 'ഇടതുപക്ഷകമ്യൂണിസം' എന്ന പുസ്തകം ഏതു മലയാളിക്കും വാങ്ങി വായിക്കാൻ കിട്ടും. ഇംഗ്ലീഷ് പുസ്തകത്തിലാകട്ടെ, മലയാള പുസ്തകത്തിലാകട്ടെ, ഒരിടത്തും ചതിയും കള്ളവും കുതന്ത്രവുമുപയോഗിക്കാൻ ലെനിൻ ആവശ്യപ്പെടുന്നില്ലെന്നു കാണാൻ കഴിയും.

എന്നിട്ടും വടക്കനച്ചൻ നാണമില്ലാതെ പറയുന്നതു നോക്കൂ:

> 'ഏതായാലും സ: ദാമോദരൻ ഒന്നു ചെയ്യേതീരൂ. ഞാൻ ചൂണ്ടിക്കാട്ടിത്തന്ന ആ പുസ്തകം ഒരാവർത്തി വായിക്കുക. 'ലെനിൻ ഒരിക്കലും പറഞ്ഞിട്ടില്ലാത്ത ഈ വാചകം' അതിൽ കണ്ടെത്തിയാൽ ഒട്ടും താമസിക്കാതെ പത്രപംക്തികളിലൂടെ പരസ്യമായി അക്കാര്യം പ്രസിദ്ധീകരിക്കുക. മര്യാദ അൽപ്പമെങ്കിലും ശേഷിച്ചിട്ടുണ്ടെങ്കിൽ എന്റെ അഭിമാനത്തെ സ്പർശിക്കുന്ന സഖാവിന്റെ ആ പ്രസ്താവന പിൻവലിക്കുക'. (യേശുക്രിസ്തു മോസ്കോവിലോ? മൂന്നാംപതിപ്പ്, പേജ് 38)

വടക്കനച്ചന് അഭിമാനമുണ്ടത്രെ! ജീവകാലം മുഴുവനും സത്യത്തിനുവേണ്ടി പോരാടിയ ഒരു മഹാത്മാവിനെ കരിതേച്ചുകാണിക്കാൻ മനസ്സാക്ഷിയുടെ ഒരു ചൂളൽപോലുമില്ലാതെ, കറുത്ത നുണകൾ പടച്ചുവിടുന്ന അദ്ദേഹത്തിന് അഭിമാനമുണ്ടത്രേ!

അഭിമാനത്തിന്റെ കണികപോലുമുണ്ടെങ്കിൽ അദ്ദേഹം ചെയ്യേണ്ടതിതാണ്:

ഒന്നുകിൽ, ശുദ്ധാത്മാക്കളെ കബളിപ്പിക്കാൻവേണ്ടി യേശുക്രിസ്തുവിന്റെ പേരിൽ അദ്ദേഹം ഇന്നണിഞ്ഞിട്ടുള്ള ളോഹ അഴിച്ചുവലിച്ചെറിയുക. അല്ലെങ്കിൽ താനൊരു പെരുങ്കള്ളനാണെന്നു തുറന്നു സമ്മതിക്കുക.

പക്ഷേ, ഇതല്ല അച്ചൻ ചെയ്യുന്നത്. അദ്ദേഹം തന്റെ പഴയ വ്യവസായം തന്നെ തുടരുകയാണ്!

കമ്യൂണിസ്റ്റുകാർ സത്യസന്ധതയില്ലാത്തവർ മാത്രമല്ല, സദാചാരബോധമില്ലാത്തവരും കുടുംബബന്ധങ്ങളെ നശിപ്പിക്കുന്നവരും സ്ത്രീകളെ പൊതുസ്വത്താക്കുന്നവരും മറ്റും മറ്റുമാണെന്നാണ് ഇപ്പോളദ്ദേഹം പറഞ്ഞുനടക്കുന്നത്. അദ്ദേഹം എഴുതിയിരിക്കുന്നു:

'മനുഷ്യസമുദായത്തിന്റെ അതിപ്രധാനവും അഭേദ്യവുമായ കുടുംബഘടകത്തേയും ഭാര്യാഭർത്തൃബന്ധത്തേയും ദാമ്പത്യദാർഢ്യത്തേയും ചാരിത്രശീലത്തെയും ക്രൂരംക്രൂരം കശാപ്പുചെയ്യുന്ന കമ്യൂണിസ്റ്റ് സാമൂഹ്യവ്യവസ്ഥിതിയെപ്പറ്റി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇന്നു നിലവിലുള്ള സദാചാരക്രമത്തേയും സന്മാർഗ്ഗകപ്രമാണങ്ങളേയും വെല്ലുവിളിച്ചുകൊണ്ട് കമ്യൂണിസത്തിന്റെ ഇരമ്പിക്കയറ്റം'. (ബ്രദർ വടക്കൻ 1953 ഫെബ്രുവരി 4-ാം തിയതിയിലെ 'ലേബർ' വാരികയിൽ.)

കമ്യൂണിസ്റ്റുകാർക്ക് അധികാരം കിട്ടിയാൽ മതവും പള്ളിയും നശിപ്പിക്കുമെന്നു പറഞ്ഞുകൊണ്ടാണ് കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പുകാലത്ത് വടക്കനച്ചനും കൂട്ടരും കോൺഗ്രസിന് വോട്ടുപിടിക്കാൻ നടന്നിരുന്നത്. പക്ഷേ, അതുകൊണ്ട് വലിയ ഫലമൊന്നുമുണ്ടായില്ല. അതിനാൽ, ഇപ്പോൾ കമ്യൂണിസ്റ്റുകാർ കുടുംബബന്ധങ്ങളേയും സദാചാരക്രമങ്ങളേയും നശിപ്പിച്ചുകളയുമെന്നു പേപ്പിടികാട്ടിക്കൊണ്ടാണ് അവർ മർദ്ദകവർഗ്ഗക്കാരുടെ ഏജൻസിപ്പണി നടത്തുന്നത്. കോൺഗ്രസിന്റെ മർ

ദ്ദനഭരണത്തിനെതിരായി, നിലത്തിനും ജോലിക്കും വേണ്ടി, സ്വതന്ത്ര്യവും സുഖസമൃദ്ധവുമായ ഒരു ഭാവിയ്ക്ക് വേണ്ടി, പ്രക്ഷോഭം കൂട്ടുന്ന ജനങ്ങളോട് അവർ പറയുന്നു: കമ്യൂണിസ്റ്റുകാർ നിങ്ങളുടെ കുടുംബബന്ധങ്ങളെ തകർത്തുകളയും, അതുകൊണ്ട് കോൺഗ്രസിനെ എതിർക്കരുത്. ജോലിക്കും ഭക്ഷണത്തിനുംവേണ്ടി പ്രക്ഷോഭം കൂട്ടരുത്!

പക്ഷേ, ഇത്തരം അസംബന്ധ പ്രലപനങ്ങൾ ജനങ്ങൾക്കിടയിൽ അത്ര എളുപ്പത്തിലൊന്നും വിലപ്പോവുകയില്ലെന്ന് അവർക്കറിയാം. അതുകൊണ്ടവർ നെറികെട്ട ചില വഞ്ചനകളെ അഭയംപ്രാപിക്കുന്നു. സ്വന്തം തലച്ചോറിന്റെ കുപ്പത്തൊട്ടിയിൽ നിന്ന് ദുർഗ്ഗന്ധം വമിക്കുന്ന ചില നുണകളെടുത്തുകഴുകി വെട്ടപ്പാക്കി മാർക്സ്, എംഗെൽസ്, ലെനിൻ തുടങ്ങിയ മാർക്സിസ്റ്റാചാര്യന്മാരുടെ വായിൽ കുത്തിത്തിരുകാൻ ശ്രമിക്കുന്നു. മാർക്സിസം കുടുംബബന്ധങ്ങൾക്കും സാന്മാർഗ്ഗികജീവിതത്തിനും എതിരാണെന്നു കാണിക്കാൻവേണ്ടി അവർ സാമ്രാജ്യവാദികളിൽനിന്നു കടംവാങ്ങിയ ചില പുലയാട്ടുകളെ മാർക്സിസത്തിന്റെ ഔദ്യോഗികരേഖകളുടെ വേഷമണിയിച്ച് ഉദ്ധരണികളിലിട്ടുവിതറുന്നു.

ഉദാഹരണത്തിന് വടക്കനച്ചൻ എഴുതുകയാണ്:

> "കുടുംബത്തിന്റെ ഉല്പത്തി എന്ന പുസ്തകത്തിൽ എംഗെൽസ് എഴുതിവിട്ടിരിക്കുന്നതു നോക്കുക: 'സ്ത്രീയും പുരുഷനും എങ്ങിനെയെങ്കിലും കൂടിച്ചേർന്നു ജീവിക്കുന്നതാണ് കല്യാണം. അവർ കുടുംബക്രമത്തിനു വഴങ്ങി ജീവിക്കണമെന്നു പറയുന്നത് ദുഷിച്ച മുതലാളിത്ത സമ്പ്രദായമാണ്. സ്ത്രീയെ പുരുഷന്റെ സ്വന്തവും പുരുഷനെ സ്ത്രീയുടെ സ്വന്തവു ആക്കുന്ന ഒരു ഏർപ്പാടാണ് വിവാഹം. ഈ മൂഢവിശ്വാസത്തെ മുറുകെപ്പിടിക്കുന്ന ആ സന്മാർഗ്ഗബോധത്തെയും വിവാഹപ്രശ്നത്തെയും ഒരു വിളംബരംമൂലം നാം നശിപ്പിക്കണം". (ബ്രദർ വടക്കൻ, 1953 ഫെബ്രുവരി 4-ാംനുത്തെ 'ലേബർ' വാരികയിൽ)

'കുടുംബത്തിന്റെ ഉല്പത്തി' എന്ന പുസ്തകത്തിന്റെ മലയാള തർജ്ജമ ഇനിയും പുറത്തുവന്നു കഴിഞ്ഞിട്ടില്ല. എങ്കിലും, ഇംഗ്ലീഷറിയുന്ന ആർക്കും ഏതെങ്കിലുമൊരു ബുക്ക് സ്റ്റാളിൽ പോയി 9 അണ കൊടുത്തു ആ പുസ്തകം വാങ്ങി വായിച്ചുനോക്കാൻ സാധിക്കും. അച്ചൻ കെട്ടിച്ചമച്ച ഈ നുണ അതിലൊരിടത്തും നിങ്ങൾക്കു കാണാൻ സാധിക്കില്ല.

മാർക്സിസത്തെ സത്യം കൊണ്ടെതിർക്കാൻ കഴിയാത്തവർ അസത്യത്തെ കെട്ടിപ്പുണരുക സാധാരണമാണ്. എങ്കിലും വടക്കനച്ചനെപ്പോലെ തെല്ലും ആത്മാഭിമാനമില്ലാതെ, ഇത്ര ലജ്ജാവഹമായ രീതിയിൽ, ഇത്ര വമ്പിച്ച നുണകൾ പടച്ചുണ്ടാക്കുന്നവർ അധികമുണ്ടെന്നു തോന്നുന്നില്ല..

ആരുമില്ലെന്നു പറഞ്ഞുകൂടാ. ലക്ഷക്കണക്കിൽ ഉറുപ്പിക സ്വകാര്യസ്വത്താക്കി വെച്ചുകൊണ്ടു സാഹിത്യത്തിന്റെ ചില്ലുമുറിയിലടച്ചിരുന്ന് മറ്റുള്ളവരുടെ സാന്മാർഗ്ഗിക ജീവിതത്തിന്റെ നേരെ കല്ലെറിയുന്ന മറ്റൊരു പൂച്ച സന്യാസിയുണ്ട്: ഫാദർ സി. കെ. മററം എന്ന പാതിരിയച്ചൻ. വടക്കനച്ചന്റെ മാതൃകയെ പിന്തുടർന്നുകൊണ്ട് ഫാദർ മററവും ഒരു നാറിപ്പുളിച്ച നുണ കെട്ടിച്ചമച്ചിട്ടുണ്ട്. അദ്ദേഹം എഴുതുകയാണ്:

"ഡാസ് കാപിററൽ, കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ ഇതു രണ്ടും ശ്രദ്ധാപൂർവ്വം വായിച്ചാൽ കാണാം ചുവടെ ചേർക്കുന്ന തത്വസംഹിത: 'മനുഷ്യൻ ഒരു സാമ്പത്തിക ജീവി മാത്രം... സമഷ്ടിവാസന ബഹിർഗമിക്കുമ്പോൾ കമ്യൂണിസ്റ്റ് വ്യവസ്ഥിതി ഉടലെടുക്കും. സ്വകാര്യസ്വത്ത് വ്യക്തികൾക്കു നിഷിദ്ധം. എല്ലാം കമ്യൂണിസ്റ്റ് ഭരണധുര

ന്ധരൻ കൈകാര്യം ചെയ്യും. കുടുംബഘടകമെന്നു പറയുന്നത് ബൂർഷ്വായുടെ ചട്ടക്കൂട്ടുമാത്രം. വിവാഹഭദ്രതയും കുടുംബസ്ഥിരതയും പുരോഹിതന്മാരുടെ കണ്ടുപിടുത്തം: സ്ത്രീകൾ പൊതുസ്വത്ത്... ' ഇങ്ങനെപോകുന്നു മാർക്സിന്റെ തത്വസംഹിത'. (ഫാദർ സി. കെ. മറ്റം 1952ലെ 'ഡിമോക്രാറ്റ്' വിശേഷാൽപ്രതിയിൽ)

കഷ്ടം! ഈ പാതിരിയച്ചന്മാർ വെളുത്ത ളോഹയണിയുന്നത് കറുത്തിരുണ്ട നുണകളെ മൂടിവെയ്ക്കാനാണ്; നാവിന്മേൽ കർത്താവിനെ പേറി നടക്കുന്നത് ഹൃദയത്തിലുള്ള പിശാചിനെ രക്ഷപെടുത്താനാണ്!

കമ്യൂണിസ്റ്റുകാർ സ്ത്രീകളെ പൊതുസ്വത്താക്കുമെന്ന നുണയ്ക്ക് നൂറുകൊല്ലത്തിലധികം കാലത്തെ നാറ്റമുണ്ട്. ഫാക്ടറി, ബാങ്ക് മുതലായ ഉല്പാദനോപകരണങ്ങളെപ്പോലെ തന്നെ ജീവനുള്ള സ്ത്രീകളേയും സ്വകാര്യസ്വത്താക്കി മാറ്റിയ മുതലാളികളാണ് ഈ നുണപ്രചരിപ്പിച്ചത്. ഫാക്ടറിയും ബാങ്കും പൊതുവുടമയിൻകീഴിലാവുമ്പോൾ സ്ത്രീയും ഒരു പൊതുസ്വത്തായി മാറും എന്നവർ നെഞ്ചത്തടിച്ചു നിലവിളിച്ചു. ഈ അസംബന്ധത്തിന്റെ തൊലിയുരിച്ചു കാണിച്ചുകൊണ്ട് 1847ൽ തന്നെ മാർക്സും എംഗെൽസും തങ്ങളുടെ 'കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ'വിൽ ഇങ്ങനെ എഴുതുകയുണ്ടായി:

'കമ്യൂണിസ്റ്റുകാരായ നിങ്ങൾ സ്ത്രീകളെ പൊതുസ്വത്താക്കും' എന്നു മുതലാളിമാരെല്ലാം കൂട്ടമായി മുറവിളികൂട്ടുന്നു.

മുതലാളി തന്റെ ഭാര്യയെ വെറുമൊരു ഉല്പാദനസാമഗ്രിയായിട്ടാണ് കാണുന്നത്. എല്ലാ ഉല്പാദനോപകരണങ്ങളും പൊതുവായി ചൂഷണം ചെയ്യണമെന്ന് അയാൾ കേൾക്കുന്നു. അപ്പോൾ സ്വാഭാവികമായി, പൊതുസ്വത്തായിത്തീരുകയെന്ന തലയിലെഴുത്ത് സ്ത്രീകൾക്കും ബാധകമാവുമെന്നല്ലാതെ, അയാൾക്ക് അതിൽ നിന്ന് മറ്റൊന്നും ധരിക്കാനാവുന്നില്ല. സ്ത്രീകൾ വെറും ഉൽപ്പാദനോപകരണങ്ങളായിരിക്കുകയെന്ന ഇന്നത്തെ നിലയെ അവസാനിപ്പിക്കുകയെന്നതാണ് യഥാർഥലക്ഷ്യമെന്നു മുതലാളികൾക്കു ചിന്തിക്കാനേ സാധ്യമല്ല'. കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ, മലയാള തർജ്ജമ, പേജ് 49)

കുടുംബജീവിതമവസാനിപ്പിക്കണമെന്നല്ല, സ്ത്രീകളെ ഉൽപ്പാദനോപകരണങ്ങളെന്ന നിലയ്ക്ക് ചൂഷണം ചെയ്യുന്ന ഇന്നത്തെ നില അവസാനിപ്പിക്കണമെന്നാണ് മാർക്സും എംഗെൽസും പറയുന്നത്. അതുകൊണ്ടുതന്നെയാണ് ഫാദറും ബ്രദറും വിറളിയെടുക്കുന്നത്!

എന്നാൽ, കുടുംബങ്ങൾ എല്ലാക്കാലത്തും ഒരുപോലെയിരിക്കുന്ന, മാറ്റമില്ലാത്ത, സനാതനസ്ഥാപനങ്ങളാണെന്ന് മാർക്സിസം വിശ്വസിക്കുന്നില്ല. സമുദായത്തിന്റെ വളർച്ചയോടൊപ്പം മറ്റെല്ലാറ്റിനുമെന്നപോലെ കുടുംബ ബന്ധങ്ങൾക്കും മാറ്റമുണ്ടായിട്ടുണ്ടെന്നുള്ളത് ചരിത്രപരമായ ഒരു സത്യമാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമാകുന്നതുവരെയും ചരിത്രപരമായ ഈ സത്യത്തിന് ശാസ്ത്രീയമായ യാതൊരടിസ്ഥാനവുമുണ്ടായിരുന്നില്ല. ബാച്ചോഫൻ, മേക്ക്ലെനാൻ, മോർഗൻ, മുതലായ നരവംശ ശാസ്ത്രജ്ഞന്മാർ നടത്തിയ നീണ്ടകാലത്തെ ഗവേഷണങ്ങളാണ് പ്രാകൃതമനുഷ്യരുടെ ലൈംഗിക ജീവിതത്തിലേക്കും കുടുംബബന്ധങ്ങളിലേക്കും ആദ്യമായി വെളിച്ചംപായിച്ചത്. അവരുടെ ഗവേഷണങ്ങളുടെയും കണ്ടുപിടുത്തങ്ങളുടെയും അടിസ്ഥാനത്തിൽ, പ്രത്യേകിച്ചും ലൂയിമോർഗന്റെ 'പ്രാചീനസമുദായം, അഥവാ കാടത്തത്തിൽ നിന്നു അപരിഷ്കൃതസമുദായത്തിലൂടെ സംസ്കാരത്തിലേക്കുള്ള മനുഷ്യസമുദായത്തിന്റെ പുരോഗതിയെ സംബന്ധിച്ച ഗവേഷണങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ, എംഗെൽസ് 1884ൽ എഴുതിയ

പുസ്തകമാണ് 'കുടുംബത്തിന്റെയും സ്വകാര്യസ്വത്തിന്റെയും ഭരണയന്ത്രത്തിന്റെയും ഉല്പത്തി'.

ഉല്പാദനരീതിയിലുണ്ടായ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ എംഗെൽസ് മനുഷ്യസമുദായത്തെ കാടത്തത്തിന്റെ കാലം, അപരിഷ്കൃതത്വത്തിന്റെ കാലം, പരിഷ്ക്കാരത്തിന്റെ കാലം എന്നിങ്ങനെ മൂന്നു യുഗങ്ങളായി തരംതിരിക്കുന്നു. ഈ മൂന്നു കാലഘട്ടങ്ങൾക്കും വ്യത്യസ്തങ്ങളായ വിവാഹസമ്പ്രദായങ്ങളും ലൈംഗിക ജീവിതവുമാണുള്ളതെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

കാടത്തത്തിന്റെ ആരംഭദശയിൽ, മനുഷ്യർ ആദ്യമായി അപരിഷ്കൃതങ്ങളായ ഉൽപ്പാദനോപകരണങ്ങളുമെടുത്ത് പ്രകൃതിക്കെതിരായി യുദ്ധം പ്രഖ്യാപിച്ച ആ അതിപ്രാചീനകാലത്ത്, യാതൊരു കുടുംബവ്യവസ്ഥയുമുണ്ടായിരുന്നില്ല. അച്ഛനമ്മമാരെന്നും സഹോദരീസഹോദരന്മാരെന്നും മറ്റുമുള്ള വ്യത്യാസങ്ങൾപോലുമില്ലാത്ത നിർബ്ബാധവും അനിയന്ത്രിതവുമായ ലൈംഗിക ജീവിതമാണ് അന്നത്തെ മനുഷ്യർ നയിച്ചിരുന്നത്. പ്രാകൃതരായ കാടന്മാരുടെ ആദ്യകാലത്തെ ഈ ജീവിതരീതി മൃഗങ്ങളുടേതിനു തുല്യമായിരുന്നു എന്ന് ചിലർ അഭിപ്രായപ്പെടുന്നുണ്ട്. അതു ശരിയല്ല. മൃഗവും മനുഷ്യനും തമ്മിൽ വ്യത്യാസമുണ്ട്. മൃഗം ഇരതേടി നടന്ന് പ്രകൃതിയിൽ നിന്നു കിട്ടുന്നതെടുത്തുപജീവിക്കുന്നു. മനുഷ്യനാകട്ടെ, ആരംഭം മുതൽക്കേ ഉല്പാദനോപകരണങ്ങളുണ്ടാക്കി പ്രകൃതിയുടെ മേൽ ആധിപത്യം നേടാൻ ശ്രമിക്കുന്നു. മൃഗത്തിനു സാമൂഹ്യജീവിതമില്ല. മനുഷ്യൻ ആരംഭം മുതൽക്കേ കൂട്ടംകൂട്ടമായി ജീവിച്ചുകൊണ്ടും ഉൽപ്പാദനത്തിൽ പരസ്പരം ബന്ധപ്പെട്ടുകൊണ്ടും ഒരു സമുദായത്തെ സൃഷ്ടിക്കുന്നു. അതുകൊണ്ട് മനുഷ്യന്റെ ലൈംഗിക ബന്ധം ആരംഭം മുതൽക്കേ ഒരു സാമൂഹ്യബന്ധമാണ്. ഉല്പാദനരീതിയിലും സാമ്പത്തിക ജീവിതത്തിലുമുണ്ടാകുന്ന മാറ്റങ്ങളുടെ ഫലമായി, മറ്റെല്ലാ സാമൂഹ്യബന്ധങ്ങളിലുമെന്നപോലെ, ലൈംഗികബന്ധങ്ങളിലും മാറ്റങ്ങളുണ്ടാവുകയും ചെയ്യുന്നു.

കാടന്മാർ കൂട്ടംകൂട്ടമായിട്ടാണ്, യൂഥങ്ങളായിട്ടാണ്, ജീവിച്ചിരുന്നത്. അച്ഛൻ, അമ്മ, മക്കൾ എന്നിവരടങ്ങിയ ഒരു ഘടകമെന്ന നിലയ്ക്ക് കുടുംബം ആവിർഭവിച്ചു കഴിഞ്ഞിരുന്നില്ല. ഒരേ യൂഥത്തിനുള്ളിൽ പരസ്പരമുള്ള ലൈംഗികബന്ധം നിഷിദ്ധമായിരുന്നു. പക്ഷേ, ഒരു യൂഥത്തിലെ എല്ലാ പുരുഷന്മാർക്കും മറ്റൊരു യൂഥത്തിലുള്ള എല്ലാ സ്ത്രീകളുമായും ലൈംഗികബന്ധം പുലർത്താം. ആധുനികഭാഷയിൽ പറഞ്ഞാൽ, സ്ത്രീക്ക് പൊതുവിലുള്ള ഭർത്താക്കന്മാരും പുരുഷന് പൊതുവിലുള്ള ഭാര്യമാരുമാണുണ്ടായിരുന്നത്. അതുകൊണ്ട് മക്കളും പൊതുവിലുള്ള മക്കളായിരുന്നു. എന്നുവെച്ചാൽ, അമ്മയാരെന്നല്ലാതെ അച്ഛനാരെന്നു പറയാൻ ഒരു കുട്ടിക്ക് സാധ്യമായിരുന്നില്ല. ഈ സമ്പ്രദായത്തിനു യൂഥവിവാഹം (Group marriage) എന്നു പറയുന്നു.

എന്നാൽ, ഈ സമ്പ്രദായം സ്ഥിരമോ ശാശ്വതമോ ആയിരുന്നില്ല. കാടത്തയുഗത്തിന്റെ അവസാനമായപ്പോഴേക്കും വില്ലും അമ്പും കണ്ടുപിടിക്കപ്പെട്ടു. ഉൽപ്പാദനശക്തികളുടെ വളർച്ചയിലുണ്ടായ ഒരു വിപ്ലവമായിരുന്നു അത്. എന്തെന്നാൽ, മൃഗങ്ങളെ അപ്പപ്പോൾ വേട്ടയാടി കൊന്നുതിന്നുന്നതിനുപകരം വില്ലമ്പുമുപയോഗിച്ച് അവയെ കൊല്ലാതെ പിടിച്ചുകൊണ്ടുവരാനും പോറ്റി വളർത്താനും മനുഷ്യന് കഴിയുമെന്നായി. ഉൽപ്പാദനശക്തികളിലുണ്ടായ ഈ പരിവർത്തനമാണ് അപരിഷ്കൃതയുഗത്തിനു വാതിൽ തുറന്നുകൊടുത്തത്.

അപരിഷ്കൃതയുഗമായപ്പോൾ ലൈംഗികബന്ധങ്ങൾ മാറി. ഒരു യൂഥത്തിലെ പുരുഷൻ മറ്റൊരു യൂഥത്തിലെ എല്ലാ സ്ത്രീകളെയും പൊതുഭാര്യമാരായി സ്വീകരിക്ക

ന്നതിനു പകരം ഏതെങ്കിലുമൊരു സ്ത്രീയെ പ്രധാന ഭാര്യയാക്കി വെയ്ക്കും. അല്ലെങ്കിൽ ഒരു സ്ത്രീയെ മാത്രം സമീപിക്കും. ഈ സമ്പ്രദായത്തിന് ഏകപത്നീവ്യവസ്ഥ എന്നുപറയാൻ വയ്യ. എന്തെന്നാൽ, ഒരു സ്ത്രീയുമായി കുറച്ചുകാലം ലൈംഗികബന്ധം പുലർത്തിയതിനുശേഷം മറ്റൊരു സത്രീയെ സ്വീകരിക്കുവാൻ പുരുഷനു സ്വാതന്ത്ര്യമുണ്ടായിരുന്നു. അതുപോലെ, ഏതെങ്കിലുമൊരു പുരുഷനെ ഇഷ്ടമുള്ളപ്പോൾ വേണ്ടെന്നുവെച്ച മറ്റൊരു പുരുഷനെ വെച്ചുകൊണ്ടിരിക്കാൻ സ്ത്രീക്കും സ്വാതന്ത്ര്യമുണ്ടായിരുന്നു. ഈ സമ്പ്രദായത്തിന് മിഥുനവിവാഹം (Pairing Family) എന്നാണ് എംഗെൽസ് പേരിട്ടിട്ടുള്ളത്.

ഈ മാറ്റങ്ങളൊന്നും ആർഷഭാരതത്തിനു ബാധകമല്ലെന്നും ഇന്ത്യയിലെ കുടുംബബന്ധം ദിവ്യമായ സനാതനബന്ധമാണെന്നും വാശിപിടിക്കുന്ന ആളുകളുണ്ടാവാം. അവർ നമ്മുടെ പ്രാചീന ചരിത്രത്തിലേക്കൊന്നു കണ്ണോടിക്കട്ടെ.

ഇന്ത്യയിലെ പഴയ പുരാണേതിഹാസങ്ങൾ മനുഷ്യസമുദായത്തിന്റെ ചരിത്രത്തെ കൃത, ത്രേതാ, ദ്വാപര, കലി എന്നിങ്ങനെ നാലു യുഗങ്ങളായിട്ടാണ് തരംതിരിക്കുന്നത്. ചരിത്രപണ്ഡിതന്മാരുടെ ഗവേഷണഫലങ്ങളെ വിശകലനം ചെയ്തുകൊണ്ട് കൃതയുഗം കാടത്തത്തിന്റെ യുഗവും ത്രേതായുഗം അപരിഷ്കൃതയുഗവും കലിയുഗം പരിഷ്കാര യുഗവുമാണെന്ന് സഖാവ് എസ്.എ. ഡാംഗേ തന്റെ 'ഇന്ത്യ, പ്രാചീന കമ്യൂണിസത്തിൽ നിന്ന് അടിമത്തത്തിലേക്ക്' എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട്. (ദ്വാപരയുഗമെന്നത് അപരിഷ്കൃതയുഗത്തിനും പരിഷ്കാരയുഗത്തിനും ഇടയിലുള്ള ഒരു കാലഘട്ടം മാത്രമാണ്) ഉൽപ്പാദനരീതിയിലുണ്ടായ മാറ്റങ്ങളുടെ അടിസ്ഥാനത്തിലാണ് ഒന്നിനുശേഷം മറ്റൊന്നായി നാലു യുഗങ്ങൾ ആവിർഭവിച്ചതെന്നും ഈ നാലു യുഗങ്ങൾക്കും വ്യത്യസ്തങ്ങളായ കുടുംബങ്ങളും ലൈംഗികജീവിതവുമുണ്ടെന്നും സഖാവ് ഡാംഗേ പ്രാചീനഗ്രന്ഥങ്ങളിൽനിന്നുള്ള അനേകം തെളിവുകൾ സഹിതം വിശദമാക്കുന്നുണ്ട്.

പ്രാകൃതവും അപരിഷ്കൃതവുമായ ലൈംഗിക ജീവിതത്തിന്റെ ചില അവശിഷ്ടങ്ങൾ കേരളത്തിലിന്നും കാണാം. ചില കാട്ടുജാതിക്കാർക്കിടയിൽ പ്രാകൃതങ്ങളായ വിവാഹസമ്പ്രദായങ്ങളാണ് ഇന്നും നിലനിന്നുവരുന്നത്. ചില പ്രത്യേക ജാതിക്കാർക്കിടയിൽ നാലോ അഞ്ചോ സഹോദരന്മാർ ഒരേ പത്നിയെ വെച്ചുകൊണ്ടിരിക്കുന്ന സമ്പ്രദായവും ഇല്ലാതില്ല. ഒരേ സ്ത്രീ ഒന്നിനുശേഷം മറ്റൊന്നായി പല ഭർത്താക്കന്മാരേയും സ്വീകരിക്കുകയും വേണ്ടെന്നുതോന്നുമ്പോൾ നിലവിലുള്ള ഭർത്താവിനെ ഉപേക്ഷിച്ച് മറ്റൊരാളെ കല്യാണം കഴിക്കുകയും ചെയ്യുന്നതിന്റെ അവശിഷ്ടങ്ങളും കാണാം.

ഇതെല്ലാം കാണിക്കുന്നത് കുടുംബബന്ധം സനാതനമോ ദിവ്യമോ ശാശ്വതമോ അല്ലെന്നും നേരെമറിച്ച്, ഉല്പാദനരീതിയിലുണ്ടാകുന്ന മാറ്റങ്ങളുടെ ഫലമായി ആവിർഭവിച്ച ഒരു സ്ഥാപനം മാത്രമാണെന്നുമത്രെ.

അപരിഷ്കൃതവ്യവസ്ഥയിൽ സ്ത്രീ തികച്ചും സ്വതന്ത്രയായിരുന്നു. എന്നല്ല, പുരുഷനേക്കാളധികം സ്ത്രീക്കായിരുന്നു പ്രാധാന്യം. പുരുഷൻ മിക്കപ്പോഴും വേട്ടയാടാനോ മത്സ്യം പിടിക്കാനോ പോകും. സ്ത്രീ വീട്ടിലിരുന്ന് കുടുംബത്തിന്റെ മേൽനോട്ടം വഹിക്കും. ഒഴിവുള്ളപ്പോൾ എന്തെങ്കിലും നട്ടുനനച്ച കൃഷിചെയ്യും. കുടുംബഭരണവും കുട്ടികളെ പോറ്റലുമെല്ലാം സ്ത്രീയുടെ അവകാശമായിരുന്നു. അതുകൊണ്ട് കുടുംബത്തിനുള്ളിൽ പുരുഷനേക്കാളധികം സ്ത്രീക്കാണ് പ്രാധാന്യമുണ്ടായിരുന്നത്. പിന്തുടർച്ചാവകാശവും സ്ത്രീവഴിക്കായിരുന്നു. ഒരേ സ്ത്രീ ഒന്നിലധികം പുരുഷന്മാരെ സ്വീകരിച്ചിരുന്നതുകൊണ്ട് കുട്ടികളുടെ അച്ഛനാരെന്നു തിട്ടപ്പെടുത്തിപ്പറയാൻ സാധ്യമായിരുന്നി

ല്ല. ഈ സമ്പ്രദായത്തിന് മാതൃമേധാവിത്വവ്യവസ്ഥ എന്നാണ് പറയുന്നത്. കേരളത്തിലിപ്പോഴും നിലനിൽക്കുന്ന മരുമക്കത്തായം പഴയ മാതൃമേധാവിത്വത്തിന്റെ അവശിഷ്ടമാണ്.

പക്ഷേ, ഈ വ്യവസ്ഥയും സ്ഥിരമോ നിശ്ചലമോ ആയിരുന്നില്ല. ഉൽപ്പാദനശക്തികൾ പിന്നെയും വളർന്നു. ഇരുമ്പ് കണ്ടുപിടിക്കപ്പെട്ടു. ഇരുമ്പുകൊണ്ടുള്ള കലപ്പയും മറ്റുപകരണങ്ങളും ഉപയോഗിക്കാമെന്നായി. കൃഷി പരിഷ്കരിച്ചു.

കൃഷിയിൽ മുഖ്യമായ പങ്കു വഹിച്ചത് പുരുഷനാണ്. കന്നുകാലികളും കാർഷികോപകരണങ്ങളും പുരുഷന്റെ അധീനത്തിലായിരുന്നു. ഉൽപ്പാദനോപകരണങ്ങൾ പരിഷ്കരിക്കുകയും സ്വത്ത് വർധിക്കുകയും ചെയ്തതോടെ പുരുഷന്റെ പ്രാബല്യവും പ്രമാണിത്തവും കൂടി. പക്ഷേ, നിലവിലുള്ള മാതൃമേധാവിത്വ വ്യവസ്ഥയിൽ പുരുഷന്റെ സ്വത്തുക്കളുടെ പിന്തുടർച്ചാവകാശം അയാളുടെ മക്കൾക്കല്ല, സഹോദരീസഹോദരന്മാർക്കും സഹോദരികളുടെ മക്കൾക്കുമായിരുന്നു. ഉൽപ്പാദനോപകരണങ്ങളിൽ പുരുഷന്റെ മേധാവിത്വവും ഉൽപ്പന്നങ്ങളിൽ സ്ത്രീയുടെ മേധാവിത്വവും —ഈ വൈരുദ്ധ്യം അവസാനിച്ചേ മതിയാവൂ എന്നായി. അതവസാനിക്കുകയും ചെയ്തു. ഉൽപ്പാദനോപകരണങ്ങളിലെന്നപോലെ കുടുംബ വ്യവസ്ഥയിലും പുരുഷന്റെ മേധാവിത്വം സ്ഥാപിതമായി. സ്ത്രീ സന്താനോൽപ്പാദനത്തിനുള്ള ഒരുപകരണം മാത്രമായി അധഃപതിച്ചു.

ഇങ്ങനെയാണ് പരിഷ്കാരയുഗത്തിന്റെ ആവിർഭാവത്തോടുകൂടി ഏകപത്നീ വ്യവസ്ഥയാവിർഭവിച്ചത്. എംഗെൽസ് എഴുതുന്നു:

> ‘ഒരേ വ്യക്തിയുടെ കയ്യിൽ, അതും പുരുഷന്റെ കയ്യിൽ, ഗണ്യമായ തോതിൽ സ്വത്തുക്കൾ കേന്ദ്രീകരിക്കുകയും ആ സ്വത്തുക്കൾ മറ്റാരുടെയും മക്കൾക്ക് കൊടുക്കാതെ പ്രസ്തുത പുരുഷന്റെ മക്കൾക്കുതന്നെ പിന്തുടർച്ചാവകാശമായി കൊടുക്കേണ്ട ആവശ്യം നേരിടുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഏകപത്നീവ്യവസ്ഥ ആദ്യമായാവിർഭവിച്ചത്. ഈ ഉദ്ദേശ്യത്തിന് സ്ത്രീയെ സംബന്ധിച്ചിടത്തോളം മാത്രമേ ഏകപത്നീവ്യവസ്ഥ ആവശ്യമായിരുന്നുള്ളൂ. പുരുഷനെ സംബന്ധിച്ചിടത്തോളം അതാവശ്യമായിരുന്നില്ല. അതുകൊണ്ട് സ്ത്രീയെ സംബന്ധിക്കുന്ന ഈ ഏകപത്നീവ്യവസ്ഥ പുരുഷന്റെ പരസ്യമായോ രഹസ്യമായോ ഉള്ള ബഹുഭാര്യാഗമത്തെ ഒരു തരത്തിലും തടഞ്ഞിരുന്നില്ല’.

ഏകപത്നീവ്യവസ്ഥ നിലവിൽ വന്നുവെങ്കിലും കന്നുകാലികൾ, പണിയായുധങ്ങൾ, അടിമകൾ മുതലായവയുടെ ഉടമയായ പുരുഷന് സ്വത്തിന്റെ പ്രാബല്യമുണ്ടായിരുന്നതുകൊണ്ട് അന്യ സ്ത്രീകളുമായുള്ള ബന്ധം വിലക്കപ്പെടുകയുണ്ടായില്ല. പക്ഷേ, അസ്വതന്ത്രയായ സ്ത്രീക്ക് പാതിവ്രത്യം നിർബന്ധമായിത്തീർന്നു. ഇപ്രകാരം ഏകപത്നീവ്യവസ്ഥയോടൊപ്പംതന്നെ, അതിന്റെ ഒരു ഭാഗമെന്ന നിലയ്ക്ക്, വ്യഭിചാരവും ആവിർഭവിച്ചു.

യൂഥവിവാഹം കാടത്തത്തിന്റെയും മിഥുനവിവാഹം അപരിഷ്കൃതത്വത്തിന്റേയും പ്രത്യേകതകളായിരുന്നുവെങ്കിൽ ഏകപത്നീവ്യവസ്ഥയും വ്യഭിചാരവും പരിഷ്കാരയുഗത്തിന്റെ പ്രത്യേകതകളാണ്.

ഏകപത്നീവ്യവസ്ഥയുടെ വിജയം പരിഷ്കാരയുഗമാരംഭിച്ചുവെന്നതിന്റെ ഒരടയാളമായിരുന്നു. എന്നാൽ, അത് സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹത്തിന്റെയോ ഭാര്യയും ഭർത്താവും തമ്മിലുള്ള യോജിപ്പിന്റെയോ അടയാളമായിരുന്നില്ല. എന്തെന്നാൽ, സ്ത്രീയുടെ അടിമത്തത്തിന്മേലാണ് ഏകപത്നീവ്യവസ്ഥ വിജയക്കൊടി നാട്ടി

യത്. പിതൃമേധാവിത്വപരമായ കുടുംബത്തിന്റെ ആവിർഭാവത്തിൽ സ്ത്രീപുരുഷന്മാർ തമ്മിലുള്ള പ്രേമത്തിനും അനുരാഗത്തിനും യാതൊരു സ്ഥാനവുമുണ്ടായിരുന്നില്ല.

കുടുംബത്തിൽ പുരുഷന്റെ മേധാവിത്വമുറപ്പിക്കുകയും അനിഷേധ്യമായും അയാളുടെ സ്വന്തമെന്നു പറയാവുന്ന കുട്ടികളെ സ്വത്തുക്കളുടെ പിന്തുടർച്ചാവകാശികളായി ലഭിക്കുകയും ചെയ്യുക എന്ന സാമ്പത്തികാവശ്യമായിരുന്നു അതിന്റെ പിന്നിൽ പ്രവർത്തിച്ചത്. അതുകൊണ്ടുതന്നെയാണ് ഭർത്താവിന്റെ വ്യഭിചാരം ന്യായീകരിക്കപ്പെടുകയും സ്ത്രീയുടേത് നിഷിദ്ധമാക്കപ്പെടുകയും ചെയ്തത്.

സ്ത്രീപുരുഷന്മാർക്ക് തുല്യാവകാശങ്ങളുള്ള ഒരു സാമൂഹ്യഘടനയിൽ മാത്രമേ പ്രേമനദിയ്ക്ക് വിഘ്നംകൂടാതെ ഒഴുകാൻ കഴിയൂ. മുതലാളിത്തത്തിന്റെ ആവിർഭാവത്തോടുകൂടിയാണ് അതിനുള്ള സാഹചര്യങ്ങൾ ഏറെക്കുറെ സംജാതമായത്. സാമ്പത്തികമായും സാമൂഹ്യമായും പുരുഷനുള്ളത്രതന്നെ സ്വാതന്ത്ര്യം സ്ത്രീക്കുമുണ്ടായിരിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടു. പരുഷനെപ്പോലെതന്നെ സ്ത്രീയും വ്യക്തിസ്വാതന്ത്ര്യം തന്റെ ജന്മാവകാശമാണെന്നു മുറവിളികൂട്ടാൻ തുടങ്ങി. മനുഷ്യലോകം വ്യക്തികളെക്കൊണ്ടും വ്യക്തിപരമായ സ്വഭാവവിശേഷങ്ങളെക്കൊണ്ടും നിറഞ്ഞുതുളുമ്പുന്ന ഒരു സരസലോകമാണെന്നും മാതാപിതാക്കന്മാരോ സമുദായമോ അതിൽ തലയിടാൻ പാടില്ലെന്നുമുള്ള ആശയങ്ങൾ പൊന്തിവന്നു. വധൂവരന്മാരെ തിരഞ്ഞെടുക്കാൻ വിവാഹം കഴിക്കുന്നവർക്കല്ല, അവരുടെ അച്ഛനമ്മമാർക്ക് മാത്രമാണധികാരം എന്ന പഴയ സമ്പ്രദായത്തിന് ഇളക്കംതട്ടി. സ്ത്രീപുരുഷന്മാർ അനുരാഗത്തെ മാത്രം അടിസ്ഥാനപ്പെടുത്തി വിവാഹബദ്ധരാവാൻ തുടങ്ങി. എംഗെൽസ് ചൂണ്ടിക്കാണിക്കുന്നു:

'വിവാഹം വർഗ്ഗവിവാഹമായിത്തന്നെ നിലനിന്നുപോന്നു. എങ്കിലും വർഗ്ഗത്തിനുള്ളിൽ സ്ത്രീപുരുഷന്മാർക്ക് ചെറിയൊരതിർത്തിവരെ വിവാഹസ്വാതന്ത്ര്യമനുവദിക്കപ്പെട്ടു. അങ്ങനെ കടലാസ്സിൽ, സദാചാരതത്വങ്ങളിൽ, കവികളുടെ ചിത്രീകരണങ്ങളിൽ, പരസ്പരാനുരാഗത്തിന്റെയും ഭാര്യാഭർത്താക്കന്മാരുടെ പരിപൂർണ്ണസമ്മതത്തിന്റെയും അടിസ്ഥാനത്തിൽ നടത്തപ്പെടാത്ത ഏതു വിവാഹവും അസാന്മാർഗ്ഗികമാണെന്നു സ്ഥാപിക്കപ്പെട്ടു.

ലൈംഗികജീവിതത്തിന്റെ ഒരു ഘടകമായിത്തീർന്ന ഈ ആധുനികമായ അനുരാഗം പ്രാചീനരുടെ കാമത്തിൽ നിന്നു വ്യത്യസ്തമാണ്. പുരുഷൻ സ്നേഹിക്കുക മാത്രമല്ല ചെയ്യുന്നത്, സ്നേഹിക്കപ്പെടണമെന്നാഗ്രഹിക്കുകകൂടി ചെയ്യുന്നു. അഗാധവും നീണ്ടുനിൽക്കുന്നതും ഹൃദയത്തിന്റെ അടിത്തട്ടുവരെ തുളഞ്ഞുകയറുന്നതുമായ ഒരു പരസ്പരാനുരാഗമാണിത്. വിരഹവും പ്രേമനൈരാശ്യവും ആത്മഹത്യയോളമെത്തുന്ന ദുസ്സഹദുഃഖങ്ങളായിത്തീരുന്നു. പ്രേമവിവാഹങ്ങൾ മാത്രമേ ആദർശവിവാഹങ്ങളാവൂ എന്നൊരു പുതിയ സാന്മാർഗ്ഗിക മാനദണ്ഡം പൊന്തിവരുന്നു.

ആധുനികമായ ഈ അനുരാഗവും അനുരാഗാധിഷ്ഠിതമായ ലൈംഗികബന്ധങ്ങളും മുതലാളിത്തത്തിന്റെ ഒരു വലിയ നേട്ടമാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, മുതലാളിത്തസമുദായത്തിൽ ഈ ആദർശപ്രേമവും ആദർശവിവാഹവും അപൂർണമായി മാത്രമേ സാക്ഷാൽക്കരിക്കപ്പെടാറുള്ളൂ. പലപ്പോഴും അവ അപ്രായോഗികങ്ങളായിത്തീരുന്നു. കാരണം എംഗെൽസ് ചൂണ്ടിക്കാണിക്കുന്നതുപോലെ, ജീവിതത്തിലെ കൂട്ടുകാരനെയോ കൂട്ടുകാരിയേയോ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ സാമ്പത്തിക പരിഗണനകൾ അത്രയധികം സ്വാധീനശക്തി ചെലുത്തുന്നു. നിലവിലുള്ള സാമ്പത്തിക വ്യവസ്ഥ വ്യക്തികളുടെ ദിവ്യാനുരാഗത്തിന്റെ നേർക്കു പല്ലിളിച്ചുകാട്ടി. ധനികദരിദ്രഭേദം, തൊഴിലില്ലായ്മ, ജോലിയില്ലുള്ള

അസമത്വങ്ങൾ, പിന്തുടർച്ചാവകാശ സംബന്ധിയായ നിയമങ്ങൾ—ഇതെല്ലാം പ്രേമവിവാഹത്തിന്റെ മുമ്പിലുള്ള വിലങ്ങുതടികളായിത്തീർന്നു. അങ്ങനെ ബൂർഷ്വാ കുടുംബത്തിനുള്ളിൽ പ്രേമത്തിനും പ്രേമവിവാഹത്തിനും പന്തലിച്ച് പൂവിടാനുള്ള സാഹചര്യങ്ങളില്ലാതായി. അതുകൊണ്ടാണ് എംഗെൽസ് 'കുടുംബത്തിന്റെ ഉല്പത്തി' എന്ന ഗ്രന്ഥത്തിൽ പ്രഖ്യാപിച്ചത്:

'അതുകൊണ്ട്, മുതലാളിത്തോല്പാദനവും അതു സൃഷ്ടിച്ചുവിട്ട സ്വത്തുടമബന്ധങ്ങളും നശിപ്പിക്കുകയും വിവാഹത്തിലെ പങ്കാളിയെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ ഇന്നും വലിയ സ്വാധീനശക്തി ചെലുത്തിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പരിഗണനകൾ നീക്കം ചെയ്യപ്പെടുകയും ചെയ്താലേ പരിപൂർണ്ണമായ വിവാഹസ്വാതന്ത്ര്യം സുസ്ഥാപിതമാവുകയുള്ളൂ'.

അപ്പോൾ, മുതലാളിത്തമവസാനിച്ചാൽ, പാതിരിയച്ചന്മാർ മുക്രയിടുന്നതുപോലെ, കുടുംബം തന്നെയില്ലാതാവുകയല്ല, പരസ്പരസ്നേഹത്തിന്റെയും പരസ്പര സഹകരണത്തിന്റെയും അടിസ്ഥാനത്തിൽ അത് കൂടുതൽ ദൃഢവും കൂടുതൽ സുന്ദരവുമായിത്തീരുകയാണ് ചെയ്യുക. ഒരു നൂറ്റാണ്ടിനു മുമ്പുതന്നെ മാർക്സും എംഗെൽസും ദീർഘദർശനം ചെയ്തതാണിത്:

'ഇന്നത്തെ ഉൽപ്പാദനസമ്പ്രദായം അവസാനിപ്പിച്ചാൽ, അതിന്റെതന്നെ സന്തതിയായ സ്ത്രീകളുടെ പൊതുവുടമയും രഹസ്യവും പരസ്യവുമായ വ്യഭിചാരവും—അവസാനിക്കുമെന്നു വ്യക്തമാണ്'. (കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ, പേജ് 50).

ഇതുതന്നെയാണ് എംഗെൽസ് 'കുടുംബത്തിന്റെ ഉൽപ്പത്തി' എന്ന ഗ്രന്ഥത്തിലും പ്രഖ്യാപിച്ചത്:

> 'ഇതേവരെ നിലനിന്നുപോന്ന രീതിയിലുള്ള ഏകപത്നീവ്യവസ്ഥയുടെയും അതിന്റെ കൂടപ്പിറപ്പായ വേശ്യാവൃത്തിയുടെയും സാമ്പത്തികാടിസ്ഥാനങ്ങളെ നശിപ്പിക്കുന്ന ഒരു സാമൂഹ്യ വിപ്ലവത്തിലേക്ക് നമ്മളിപ്പോൾ അണഞ്ഞുകൊണ്ടിരിക്കുകയാണ്... അപ്പോൾ സാമ്പത്തിക കാരണങ്ങളിൽ നിന്നുത്ഭവിച്ച ഏകപത്നീവ്യവസ്ഥ, ആ കാരണങ്ങളില്ലാതാകുമ്പോൾ, അപ്രത്യക്ഷമായിത്തീരുമോ?
>
> 'യുക്തിപൂർവ്വകമായിത്തന്നെ ഒരാൾക്കിങ്ങനെ മറുപടിപറയാം: അത് അപ്രത്യക്ഷമാവുന്നതിനുപകരം പരിപൂർണ്ണമായി അനുഭവപ്പെടുകയാണ് ചെയ്യുക. കാരണം, ഉൽപ്പാദനോപകരണങ്ങൾ സമൂഹ്യസ്വത്തുക്കളായി രൂപാന്തരപ്പെടുന്നതോടൊപ്പം, കൂലിവേലയും അദ്ധ്വാനശക്തി വിറ്റുപജീവനം കഴിക്കുന്ന തൊഴിലാളിവർഗ്ഗവും അപ്രത്യക്ഷമായിത്തീരും. അതോടൊപ്പം, സ്ത്രീകൾക്ക് തങ്ങളെത്തന്നെ വിൽക്കേണ്ട ആവശ്യവും ഇല്ലാതായിത്തീരും. വ്യഭിചാരം അന്തർദ്ധാനം ചെയ്യും. ഏകപത്നീവ്യവസ്ഥ തകർന്നുപോകുന്നതിനു പകരം ഒടുവിൽ ഒരു യാഥാർത്ഥ്യമായി പരിണമിയ്ക്കും. സ്ത്രീകൾക്ക് മാത്രമല്ല, പുരുഷന്മാർക്കും'.

എംഗെൽസിന്റെ ഈ ദീർഘദർശനമാണ് സോവിയറ്റ് യൂണിയനിൽ ജീവനുള്ള ഒരു യാഥാർത്ഥ്യമായി രൂപാന്തരപ്പെട്ടിട്ടുള്ളത്.

> 'സന്മാർഗ്ഗബോധത്തെയും വിവാഹപ്രശ്നത്തെയും ഒരു വിളമ്പരംമൂലം നശിപ്പിക്കണെ'മെന്നല്ല, വ്യഭിചാരമവസാനിപ്പിക്കണമെന്നും യഥാർത്ഥമായ ഏകപത്നീവ്യവസ്ഥയേർപ്പെടുത്തണമെന്നുമാണ് 'കുടുംബത്തിന്റെ ഉല്പത്തി' എന്ന പുസ്തകത്തിൽ എംഗെൽസ് ആവശ്യപ്പെടുന്നതെന്ന് മേലുദ്ധരിച്ച വാചകങ്ങളിൽ നിന്നുതന്നെ വ്യക്തമാവും.

അപ്പോൾ, വടക്കനച്ചനും കൂട്ടരും എംഗെൽസിനോടു ലഹളയ്ക്കു ചെല്ലുന്നത് സ്ത്രീകളെ പൊതുസ്വത്താക്കുന്നതിനെതിരായ ധാർമ്മികരോഷം കൊണ്ടല്ല, പിന്നെയോ, വ്യ ഭിചാരം അന്തർദ്ധാനം ചെയ്യുമെന്നും ഏകപത്നീവ്യവസ്ഥ 'സ്ത്രീകൾക്കു മാത്രമല്ല പു രുഷന്മാർക്കും' ഒരു യാഥാർത്ഥ്യമായി പരിണമിക്കുമെന്നുമുള്ള ഭയംകൊണ്ടാണ്.

എംഗെൽസ് 'കുടുംബത്തിന്റെ ഉല്പത്തി' എന്ന പുസ്തകമെഴുതിയിട്ട് 60 കൊല്ല മായി. ഇതിനിടയിൽ മുതലാളിത്തത്തിന്റെ സാന്മാർഗ്ഗികക്കോട്ട കൂടുതൽ ദ്രവിച്ചിരി ക്കുന്നു. കുടുംബജീവിതം കൂടുതൽ മലീമസമായിത്തീർന്നിരിക്കുന്നു. പ്രേമനൈരാശ്യ ങ്ങൾ, ആത്മഹത്യകൾ, ബലാത്സംഗങ്ങൾ, കൊലപാതകങ്ങൾ, കാശിനുവേണ്ടി മാത്രമുള്ള വിവാഹങ്ങൾ, സ്ത്രീധനം കൊടുക്കാനില്ലാത്തതുകൊണ്ടു വിവാഹം കഴി ക്കാതെ നാലുകെട്ടിനുള്ളിൽ കാറ്റുതട്ടാതെ അടച്ചുപൂട്ടപ്പെടുന്ന സൗന്ദര്യധാമങ്ങൾ, ഗർഭഛിദ്രങ്ങൾ, റോഡുവക്കത്തു കൂട്ടംകൂട്ടമായി ശരീരം വിൽക്കാൻ നിൽക്കുന്ന വേശ്യസ്ത്രീകൾ, സ്വവർഗ്ഗസംഭോഗം, രതിവൈകൃതങ്ങൾ, ഗൊണോറിയ, സിഫി ലിസ്സ്, സാർവ്വത്രികമായ വൃത്തികേടുകൾ, ഹൃദയഭേദകമായ ബീഭത്സതകൾ— ഇതാണിന്നത്തെ മുതലാളിത്തം! ദുർഗ്ഗന്ധമലീമസമായ ഈ ചുറ്റുപാടുകളുടെ ഒത്ത നടുവിൽ നിന്നുകൊണ്ടാണ് വടക്കനച്ചനും കൂട്ടാളികളും സോവിയറ്റ് യൂണിയന്റെ നേരെ ചാടിക്കുരയ്ക്കുന്നത്. കുഷ്ഠവും സിഫിലിസ്സും കൊണ്ട് ദേഹമാസകലം പുണ്ണു കളുമായി ശവക്കുഴിയിലേക്കു കാലുനീട്ടി കഴിഞ്ഞ ഒരു തന്തക്കിഴവൻ ശുദ്ധനും സുന്ദരനും അരോഗദൃഢഗാത്രനുമായ ഒരു യുവാവിന്റെ നേരെ കൊഞ്ഞനംകാട്ടുന്ന തുപോലെ! വടക്കനച്ചൻ എഴുതുകയാണ്:

'റഷ്യൻ കമ്മ്യൂണിസ്റ്റുകളുടെ മുഖപത്രമായ ഇസ്വേസ്റ്റിയയുടെ 1936 ജൂലൈ 12- ാംനുയിലെ ലക്കത്തിലേക്ക് നിങ്ങൾ ഒന്ന് കണ്ണോടിക്കൂ:' മോസ്കോവിലെ ആസ്പത്രി കളിൽ പ്രതിദിനം ശരാശരി എഴുനൂറിനും ആയിരത്തിനും മദ്ധ്യേ ഗർഭഛിദ്രങ്ങൾ ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്നുണ്ട്. 1935ൽ മോസ്കോ നഗരത്തിൽ ഒന്നരലക്ഷം ഭ്രൂണ ഹത്യകൾ (അലസിപ്പിക്കൽ) നടന്നിരിക്കുന്നു... അക്കൊല്ലം റഷ്യൻ ഗ്രാമങ്ങളിൽ 3,24,134 ഭ്രൂണഹത്യകളും. (ബ്രദർ വടക്കൻ, 1952 ഫെബ്രുവരി 4-ാംനുത്തെ 'ലേബർ' വാരികയിൽ.)

വടക്കനച്ചന് റഷ്യൻഭാഷ അറിയുമായിരിക്കാം. എല്ലാ റഷ്യൻ ദിനപത്രങ്ങളു ടേയും സമ്പൂർണ്ണ ഫയലുകളും അദ്ദേഹത്തിന്റെ പക്കലുണ്ടായിരിക്കാം. പക്ഷേ, വാ യനക്കാരോട് 1936 ജൂലൈ 12- ാംനുയിലെ ഒരു റഷ്യൻ ദിനപത്രം തിരഞ്ഞുപിടിച്ചു കണ്ണോടിക്കാനാവശ്യപ്പെടുന്നത് കുറച്ചു സാഹസമാണ്. അതുകൊണ്ട് ഏതു അമേ രിക്കൻ പ്രസിദ്ധീകരണത്തിൽ നിന്നാണ് ഈ കണക്കുകൾ സമ്പാദിച്ചത് എന്ന് തു റന്നുപറഞ്ഞാൽ കൂടുതൽ നന്നാകുമായിരുന്നു. ഏതായാലും, വായനക്കാർക്കു ഒരു പഴയ റഷ്യൻ ദിനപത്രത്തിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്തുകൊണ്ടെ ന്നാൽ, ഇന്ന് സോവിയറ്റ് യൂണിയനിൽ ഗർഭഛിദ്രം നിയമവിരുദ്ധവും ശിക്ഷാർഹ വുമാണെന്ന് മിക്ക പത്രവായനക്കാർക്കുമറിയാം. അതിനാൽ, അച്ചന്റെ കണക്കു കൾ അദ്ദേഹത്തിന്റെ മാതൃകാരാജ്യമായ അമേരിക്കയിലെ സ്ഥിതിയെ വിവരിക്കു ന്നവയാവാനേ തരമുള്ളൂ. അതിനു വേറെയും തെളിവുകളുണ്ടുതാനും.

ഉദാഹരണത്തിന്, ഓബ്സൺ, ലഹ്മാൻ, മിയെറ്റസ്, മിച്ചൽ എന്നീ നാലു ഡോക്ടർമാർ—ഇവരാരുംതന്നെ റഷ്യക്കാരല്ല, എല്ലാവരും അമേരിക്കക്കാരാണ് —നടത്തിയ ഒരു സർവ്വെയുടെ റിപ്പോർട്ട് 'അമേരിക്കൻ ജേർണൽ' എന്ന ഔദ്യോ ഗികമാസികയിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അവർ പറയുന്നു: 1941ൽ അമേ രിക്കയിൽ ചുരുങ്ങിയത് 6,80,000 ഗർഭഛിദ്രങ്ങൾ നടത്തപ്പെടുകയുണ്ടായി. ആധുനി

കങ്ങളായ രക്ഷോപാധികളുണ്ടായിട്ടും ഈ കുറ്റകരമായ ശസ്ത്രക്രിയകൾ കാരണം കൊല്ലംതോറും 8000ത്തിലധികം അമേരിക്കൻ സ്ത്രീകൾ മരിക്കുന്നുണ്ട്. (ഡൈസൻ കാർട്ടർ എഴുതിയ 'പാപവും ശാസ്ത്രവും' എന്ന പുസ്തകത്തിലെ 103-ാം പേജ് നോക്കുക.)

കാർട്ടർ തുറന്നുപറയുന്നു: 'വേശ്യാവൃത്തിയെന്നപോലെ ഗർഭച്ഛിദ്രവും റഷ്യയിൽനിന്നു തുടച്ചുനീക്കപ്പെട്ടിരിക്കുന്നു. മറ്റെല്ലാ രാജ്യങ്ങളിലും ഈ കുറ്റകരമായ ശസ്ത്രക്രിയകൾ വർദ്ധിച്ചുവരികയാണ്. അതുമൂലം മരിക്കുന്നവരുടെയും അംഗഹീനകളാകുന്നവരുടെയും എണ്ണം അമ്പരപ്പിക്കത്തക്കതത്രെ'. (കാർട്ടർ, പാപവും ശാസ്ത്രവും, പേജ് 102.)

ലോകത്തിലെ ഏറ്റവും വലിയ മുതലാളിത്തരാജ്യത്തിലെ സാന്മാർഗ്ഗിക ജീവിതമാണിത്. കുടുംബ ജീവിതത്തിന്റെ സ്ഥിതിയോ? പെൻസിൽവാനിയാ സ്റ്റേറ്റ് കോളേജിലെ വിവാഹോപദേശക സർവ്വീസിന്റെ ഡയറക്ടറായ ഡോക്ടർ ക്ലിഫോർഡ് ആർ. ആഡംസ് 1945ൽ വെളിപ്പെടുത്തുകയുണ്ടായി: 'ലോകത്തിൽ ഏറ്റവുമധികം വിവാഹങ്ങളും ഏറ്റവുമധികം വിവാഹമോചനങ്ങളും നടക്കുന്ന രാജ്യമാണ് അമേരിക്ക. ആഴ്ചതോറും 1000 വിവാഹമോചനങ്ങളാണ് നടക്കുന്നത്. ഈ നിരക്ക് വർദ്ധിച്ച് വരികയാണുതാനും... 1955 ആകുമ്പോഴേക്കും അമേരിക്കയിലെ പത്തിൽ നാലു വിവാഹങ്ങളും വിവാഹമോചനത്തിലാണവസാനിക്കുക'.

അമേരിക്കയിലെ സെൻസസ് ബ്യൂറോവിലെ സ്ഥിതിവിവരക്കണക്കു ഡിപ്പാർട്ടുമെൻറിന്റെ തലവനായ ഡോക്ടർ ഹാൽബെർട്ട് എൽഡൻ വെളിപ്പെടുത്തുന്നു:

'അമേരിക്കയിൽ ജനിക്കുന്ന 12 കുട്ടികളിൽ ഒരാൾവീതം അച്ഛനില്ലാതെയാണ് ജനിക്കുന്നത്. ഇതിന്റെ അർത്ഥം കൊല്ലംതോറും പ്രാഥമിക സ്കൂളുകളിൽ ചേരുന്ന കുട്ടികളിൽ 1,70,000ത്തോളം പേർക്ക് തങ്ങളുടെ അച്ഛന്മാരുടെ പേരുകൾ പറയാൻ സാദ്ധ്യമല്ലെന്നാണ്. നിയമപ്രകാരം അവർക്ക് അച്ഛന്മാരില്ല'.

മറ്റു മുതലാളിത്ത രാജ്യങ്ങളിലും കോളനികളിലും ഇത്രതന്നെ മൂർദ്ധന്യദശയിലല്ലെങ്കിലും ഏതാണ്ടിതുപോലുള്ള ചിത്രങ്ങൾ തന്നെ കാണാവുന്നതാണ്.

നേരെമറിച്ച് സോവിയറ്റ് യൂണിയനിലെ സ്ഥിതിയെന്താണ്? വടക്കനച്ചാ, ഇതാ, ഈ വാചകമൊന്നു വായിക്കൂ:

> 'സമുദായത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബത്തെ സംരക്ഷിക്കുന്ന കാര്യത്തിൽ റഷ്യക്കാർ പാശ്ചാത്യരാജ്യങ്ങളേക്കാൾ എത്രയോ മുന്നിലാണ്'.

ആരാണിതു പറഞ്ഞത്? വല്ല കമ്യൂണിസ്റ്റുകാരനോ 'സോവിയറ്റ് ഏജൻറോ' ആയിരിക്കുമെന്നു നിങ്ങൾ പറയും. അല്ല, കേട്ടോ. ഇതുപറഞ്ഞത് ചിക്കാഗോവിലെ റോമൻ കത്തോലിക്ക് യൂണിവേഴ്സിറ്റിയിലെ സുപ്രസിദ്ധ വൈദ്യശാസ്ത്ര പ്രൊഫസറായ ഡോക്ടർ ഹെർബർട്ട് എ. റാറ്റ്നെർ ആണ്. 1951 ജനുവരി 24-ാംന് സന്താനനിയന്ത്രണത്തെ എതിർത്തുകൊണ്ടുള്ള ഒരു പ്രസംഗത്തിനിടയിൽ ടോറന്റോവിലെ സെൻറ് പോൾ കാത്തലിക്ക് ഗിൽഡിൽ വെച്ചാണ് അദ്ദേഹമിതു പറഞ്ഞത്. 'ക്രോസ്സ് റോഡ്സോ 'നവയുഗമോ' അല്ല, ഗ്ലോബ്, മെയിൽ എന്നീ പത്രങ്ങളാണ് ആ പ്രസംഗം റിപ്പോർട്ടു ചെയ്തത്. സത്യം തുറന്നുപറഞ്ഞ ആ കത്തോലിക്കനെ നിങ്ങളൊരു കമ്യൂണിസ്റ്റാക്കിക്കളയുമോ എന്നു കണ്ടുതന്നെ അറിയണം. (കൂട്ടത്തിൽ ചോദിക്കട്ടെ: നെഹ്റു ഗവണ്മെൻറിന്റെ സന്താനനിയന്ത്രണ പ്രസ്ഥാനത്തെയും കുടുംബ പ്ലാനിംഗിനെയും എതിർക്കാൻ നിങ്ങൾക്ക് ചങ്കൂറ്റമുണ്ടോ?).

സോവിയറ്റ് യൂണിയനിൽ കുടുംബ ജീവിതം ഭദ്രമാണെന്ന തെളിയിക്കാൻ വാസ്തവത്തിൽ അമേരിക്കൻ പ്രസിദ്ധീകരണങ്ങളൊന്നും തേടിപ്പോകണമെന്നില്ല. സോവിയറ്റ് യൂണിയനിലെ ജീവിതരീതി നേരിട്ടു കണ്ടു മടങ്ങിവന്ന വിവിധ രാഷ്ട്രീയാഭിപ്രായക്കാരനായ ഇന്ത്യക്കാരുടെ പ്രസ്താവനകളേയും ഉദ്ധരിക്കേണ്ടതില്ല. കമ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്കാർ തന്നെ ചിലപ്പോൾ സത്യം പറഞ്ഞുപോകാറുണ്ട്. എന്തുകൊണ്ടെന്നാൽ, വിരുദ്ധമുന്നണിക്കാർ സാധാരണമായി രണ്ടു നാവുകൾ കൊണ്ടാണ് സംസാരിക്കാറുള്ളത്, ഒരു നാവുകൊണ്ട് അവർ പറയും: സോവിയറ്റ് യൂണിയനിൽ മതമില്ല, പള്ളിയില്ല, കുടുംബമില്ല, എല്ലാം മാർക്സിസമാണ്! രണ്ടാമത്തെ നാവുകൊണ്ട് അവർ പറയും: സോവിയറ്റ് യൂണിയനിൽ മാർക്സിസമില്ല; കാരണം, മതവും പള്ളിയും കുടുംബവുമെല്ലാം പുനഃസ്ഥാപിച്ചിരിക്കുന്നു! രണ്ടാമത്തെ നാവുകൊണ്ടു സംസാരിക്കുന്ന സി. ഡി. പ്രഭാകരൻ എന്ന വിരുദ്ധമുന്നണിക്കാരൻ എഴുതിയ 'തൊഴിലാളി തുറുപ്പുചീട്ടോ' എന്ന പുസ്തകത്തിൽ നിങ്ങൾക്കിങ്ങനെ വായിക്കാം:

> 'സോവിയറ്റ് റഷ്യയിൽ ദിവസങ്ങൾ ചെല്ലുന്തോറും വിവാഹമോചനം കൂടുതൽ വിഷമകരമായിത്തീരുന്നു. ഗർഭച്ഛിദ്രം നിരോധിക്കപ്പെട്ടിരിക്കുന്നു. സ്വകാര്യസ്വത്തുക്കളുടെ പിന്തുടർച്ചാവകാശത്തെ അംഗീകരിച്ചുകൊണ്ടുള്ള ഗവണ്മെൻറ് നയം കുടുംബജീവിതത്തെ ഭദ്രമാക്കിത്തീർക്കുന്നു'. (തൊഴിലാളി തുറുപ്പുചീട്ടോ? പേജ് 84-85)

ഒക്ടോബർ വിപ്ലവം ഉൽപ്പാദനോപകരണങ്ങളെ പൊതുസ്വത്താക്കി മാറ്റുകയും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന വ്യവസ്ഥിതിയവസാനിപ്പിക്കുകയും ചെയ്തു. സാമ്പത്തികവും സാംസ്കാരികവും ഭരണസംബന്ധിയും സാമൂഹ്യവും രാഷ്ട്രീയവുമായ എല്ലാ ജീവിതത്തുറകളിലും സ്ത്രീക്കും പുരുഷനും തുല്യ സ്വാതന്ത്ര്യങ്ങളനുവദിക്കപ്പെട്ടു. ഈ സാഹചര്യങ്ങളാണ് പരസ്പര സ്നേഹത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും അടിസ്ഥാനത്തിലുള്ള കുടുംബ ജീവിതത്തെ സാർവത്രികമായ ഒരു പ്രായോഗികതയാക്കിത്തീർത്തത്. ആരോഗ്യസമ്പന്നരും സ്നേഹശീലരും പരിശുദ്ധമായ യുവതീയുവാക്കന്മാരുടെ ഒരു പുതിയ തലമുറ സൃഷ്ടിക്കുന്ന കാര്യത്തിൽ ലെനിനും സ്റ്റാലിനും ആദ്യം മുതൽക്കേ നേതൃത്വം നൽകുകയുണ്ടായി. സ്ത്രീക്കും പുരുഷനും ഇഷ്ടംപോലെ ഉച്ഛൃംഖലരും താന്തോന്നികളുമായി ജീവിക്കാമെന്നും ഒരേ ഗ്ലാസിൽ അനേകമാളുകൾ സോഡ കുടിക്കുന്നതുപോലെ ഒരേ സ്ത്രീയെ എത്ര പുരുഷന്മാർക്കുവേണമെങ്കിലും അനുഭവിക്കാമെന്നും ലൈംഗിക ജീവിതമെന്നത് ഒരു ദാഹം തീർക്കൽ മാത്രമാണെന്നും മറ്റുമുള്ള ബൂർഷ്വാചിന്താഗതികളുടെ അവശിഷ്ടങ്ങളെ അവർ സോവിയറ്റ് യൂണിയനിൽ നിന്നു തുടച്ചുനീക്കി. 'സോഡാഗ്ലാസിന്റെ 'സിദ്ധാന്ത'ത്തെ വിമർശിച്ചുകൊണ്ട് ലെനിൻ പറഞ്ഞു:

> 'തീർച്ചയായും ദാഹം ശമിപ്പിക്കണം. പക്ഷേ, ഒരു സാധാരണ മനുഷ്യൻ സാധാരണ പരിതഃസ്ഥിതികളിൽ ഒരോടേയിൽ കമിഴ്ന്നുകിടന്നു അഴുക്കുചാൽ വെള്ളം കുടിക്കുമോ? അല്ലെങ്കിൽ അനേകം ചുണ്ടുകളിൽ നിന്നുള്ള തുപ്പൽകൊണ്ടു വഴുവഴുക്കുന്ന വക്കോടുകൂടിയ ഗ്ലാസിൽ വെള്ളം കുടിക്കുമോ? എന്നാൽ, ഇതിന്റെ സാമൂഹ്യസ്വഭാവമാണ് ഏറ്റവും പ്രധാനം. വെള്ളം കുടിക്കൽ തീർച്ചയായും ഒരു വ്യക്തിപരമായ കാര്യമാണ്. എന്നാൽ, പ്രേമത്തിൽ രണ്ടു ജീവിതങ്ങൾ ഇടപെടുകയും മൂന്നാമതൊന്ന്, ഒരു പുതിയ ജീവിതം, ഉത്ഭവിക്കുകയും ചെയ്യുന്നു. ഇതാണതിന് സാമൂഹ്യതാല്പര്യമുണ്ടാക്കുന്നത്; സമുദായത്തോടുള്ള ഒരുത്തരവാദിത്വമുളവാക്കുന്നത്. ഒരു കമ്യൂണിസ്റ്റുകാരനെന്ന നിലയ്ക്ക് ഈ 'ഗ്ലാസ്സ് വെള്ളത്തിന്റെ സിദ്ധാന്ത'ത്തോട് എനി

> ക്ക് യാതൊരനുകമ്പയുമില്ല' (ക്ലാരാസെഡ്കിൻ: ലെനിനെപ്പറ്റിയുള്ള അനുസ്മരണകൾ).

ഇങ്ങനെ, ലെനിന്റെയും കമ്യൂണിസ്റ്റ് പാർട്ടിയുടെയും വാത്സല്യമസൃണമായ മേൽനോട്ടത്തിലാണ് സോവിയറ്റ് യൂണിയനിൽ വേശ്യാവൃത്തിക്കോ ഉച്ഛൃംഖലമായ രതിവൈകൃതങ്ങൾക്കോ സ്ഥാനമില്ലാത്ത നിസ്തുലമായ ഏകപത്നീവ്യവസ്ഥ ചരിത്രത്തിലാദ്യമായി വളർന്നുവന്നത്.

# 8

# സോഷ്യലിസവും കമ്യൂണിസവും

## 1

ഏതെങ്കിലുമൊരു സാമൂഹ്യവ്യവസ്ഥയുടെ സ്വഭാവം മനസിലാവണമെങ്കിൽ ആ സാമൂഹ്യവ്യവസ്ഥയിലുള്ള ഉൽപ്പാദനോപകരണങ്ങളുടെ നിലയെന്തെന്നും അവ ആരുടെ നിയന്ത്രണത്തിലാണെന്നും മനസിലാക്കണം. മുതലാളിത്തവ്യവസ്ഥയിൽ ഫാക്ടറി, ബാങ്ക്, ഖനി തുടങ്ങിയ ഉൽപാദനോപകരണങ്ങൾ ഒരുപിടി മുതലാളികളുടെ സ്വകാര്യസ്വത്താണ്. ഉൽപാദനോപകരണങ്ങളുടെ മേലുള്ള ഈ സ്വകാര്യ ഉടമാവകാശമാണ് ഭൂരിപക്ഷക്കാരെ ചൂഷണം ചെയ്തു ലാഭമടിക്കാൻ മുതലാളികൾക്കു സൗകര്യം നൽകുന്നത്. ഈ സ്ഥിതിതന്നെയാണ് മുതലാളിത്തവ്യവസ്ഥയുടെ സ്വഭാവവിശേഷങ്ങളെ നിർണയിക്കുന്നത്. സോഷ്യലിസത്തിൽ ഉൽപാദനോപകരണങ്ങൾ വ്യക്തികളുടെ സ്വകാര്യസ്വത്തല്ല, സമുദായത്തിന്റെ പൊതുസ്വത്താണ്. ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരെന്നും ഉൽപാദനോപകരണങ്ങളില്ലാത്തതുകൊണ്ട് ചൂഷണവും മർദ്ദനവുമനുഭവിക്കുന്നവരെന്നും രണ്ടു വിരുദ്ധവർഗങ്ങളായി സമുദായം വിഭജിക്കപ്പെടുന്നില്ല. ഒരു വർഗം മറ്റൊരു വർഗത്തെ ചൂഷണം ചെയ്യുന്നില്ല. ഈ സ്ഥിതിയാണ് സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ സ്വഭാവവിശേഷങ്ങളെ നിർണയിക്കുന്നത്.

മുതലാളിത്തത്തിൽ ഉൽപാദനബന്ധങ്ങളും ഉൽപാദനശക്തികളും തമ്മിൽ പൊരുത്തമില്ലാതായിക്കഴിഞ്ഞിരിക്കുന്നു. ഉൽപാദനം സാമൂഹ്യമാണ്; പക്ഷേ, ഉൽപാദനോപകരണങ്ങൾ ഒരുപിടി മുതലാളികളുടെ സ്വകാര്യസ്വത്താണ്. ഈ വൈരുദ്ധ്യമാണ് മുതലാളിത്തത്തിന്റെ കുഴപ്പങ്ങളുടെയും അരാജകത്വത്തിന്റെയും തൊഴിലില്ലായ്മയുടെയും പട്ടിണിയുടെയുമെല്ലാം അടിസ്ഥാനകാരണം. നിലവിലുള്ള ഉൽപാദനബന്ധങ്ങൾ ഉൽപാദനശക്തികളുടെ വളർച്ചയെ തടഞ്ഞുനിർത്തുന്നു. ഉൽപാദനോപകരണങ്ങൾ പൊതുസ്വത്താക്കുകയും അങ്ങനെ ഉൽപാദനബന്ധങ്ങളും ഉൽപാദനശക്തികളും തമ്മിലുള്ള വൈരുദ്ധ്യമവസാനിപ്പിക്കുകയും ചെയ്താലേ മനുഷ്യസമുദായം മുന്നോട്ടു നീങ്ങുകയുള്ളൂ.

ഉൽപാദനബന്ധങ്ങൾ ഉൽപാദനശക്തികളുടെ സ്വഭാവവുമായി പൊരുത്തപ്പെട്ടിരിക്കണം. ഇതൊരു വസ്തുനിഷ്ഠമായ നിയമമാണ്. ഈ നിയമത്തെ അടിസ്ഥാനപ്പെടുത്തിയാണ് മുതലാളിത്തം ഫ്യൂഡലിസത്തെ തട്ടിത്തകർത്തത്. ഈ

നിയമമുപയോഗിച്ചുകൊണ്ടാണ് റഷ്യയിൽ തൊഴിലാളിവർഗം മുതലാളിത്തത്തെ നശിപ്പിച്ചത്.

## സോഷ്യലിസ്റ്റ് വിപ്ലവം എന്തിന്?

മുതലാളിത്തത്തെ തട്ടിത്തകർത്ത് സോഷ്യലിസം കെട്ടിപ്പടുക്കുക എന്നതാണ് തൊഴിലാളി വിപ്ലവം നിർവഹിക്കുന്ന ചരിത്രപരമായ പങ്ക്. തൊഴിലാളി വിപ്ലവത്തിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് എംഗെൽസ് എഴുതുകയുണ്ടായി:

> 'തൊഴിലാളിവർഗം അധികാരം പിടിച്ചെടുക്കുന്നു. അതുപയോഗിച്ചുകൊണ്ട് മുതലാളിവർഗത്തിന്റെ കൈയിൽ നിന്നും വഴുതിത്തുടങ്ങുന്ന സാമൂഹ്യോൽപാദനോപകരണങ്ങളെ പൊതുസ്വത്താക്കി മാറ്റുന്നു. അതുവരേയും അവയുടെമേൽ കുത്തിയിരുന്ന മൂലധനത്തിന്റെ മുദ്രയിൽ നിന്ന് ഉൽപാദനോപകരണങ്ങളെ തൊഴിലാളിവർഗം മോചിപ്പിക്കുന്നു. അവയുടെ സാമൂഹ്യസ്വഭാവത്തിനു പൂർണമായും സ്വതന്ത്രമായും അങ്ങേയറ്റംവരെ സ്വയം പ്രവർത്തിക്കുവാൻ സൗകര്യം കൊടുക്കുന്നു. മുൻകൂട്ടി തിട്ടപ്പെടുത്തിയ പ്ലാൻ അനുസരിച്ചുള്ള സാമൂഹ്യോൽപാദനം ഇനിയങ്ങോട്ടു സാധ്യമായിത്തീരുന്നു. ഉൽപാദനത്തിന്റെ വളർച്ച സമുദായത്തിലെ വർഗവിഭജനത്തെ ഒരു കാലഗണനാപ്രമാദമാക്കിത്തീർക്കുന്നു. സമുദായത്തിൽ ഒട്ടാകെയുള്ള ഉൽപ്പാദനത്തിൽ അരാജകത്വം അവസാനിക്കുന്നത്ര വേഗത്തിൽത്തന്നെ ഭരണയന്ത്രവും വാടിക്കരിഞ്ഞുപോകുന്നു. മനുഷ്യൻ തന്റെ സ്വന്തം സാമൂഹ്യസംഘടനയുടെ യജമാനനായിത്തീരുന്നു; സ്വതന്ത്രനായിത്തീരുന്നു'. (എംഗെൽസ്: സോഷ്യലിസം—സങ്കൽപികവും ശാസ്ത്രീയവും: പേജ് 64–65)

മുതലാളിത്തത്തെ തട്ടിത്തകർത്ത് സോഷ്യലിസം കെട്ടിപ്പടുത്ത ഒന്നാമത്തെ രാജ്യം സോവിയറ്റ് യൂണിയനാണ്. 1917 വരെയും മറ്റു രാജ്യങ്ങളിലെന്നപോലെ റഷ്യയിലും ഉൽപാദനോപകരണങ്ങളെല്ലാം വ്യക്തികളുടെ സ്വകാര്യസ്വത്തുക്കളായിരുന്നു. ഒക്ടോബർ വിപ്ലവം സ്വകാര്യസ്വത്തുടമാവകാശമവസാനിപ്പിക്കുകയും ഉൽപാദനോപകരണങ്ങളെ പൊതുസ്വത്താക്കി മാറ്റുകയും ചെയ്തു. അങ്ങനെ ലോകത്തിന്റെ ആറിലൊരുഭാഗത്ത് പുതിയ ഉൽപാദനബന്ധങ്ങൾ സ്ഥാപിതമായി. അതോടെ ഉൽപാദനബന്ധങ്ങളും ഉൽപാദനശക്തികളും തമ്മിലുള്ള വൈരുധ്യമവസാനിക്കുകയും ഉൽപാദനശക്തികൾക്ക് കൂടുതൽ വളരാനുള്ള സാഹചര്യങ്ങൾ ലഭിക്കുകയും ചെയ്തു. സ്റ്റാലിൻ വിവരിക്കുന്നു:

> 'നമ്മുടെ രാജ്യത്തിലെ ഉൽപാദനശക്തികൾ, പ്രത്യേകിച്ചും വ്യവസായോൽപാദനശക്തികൾ, സാമൂഹ്യ സ്വഭാവത്തോടുകൂടിയവയായിരുന്നു. നേരെമറിച്ച്, ഉടമാവകാശത്തിന്റെ രൂപമാകട്ടെ, മുതലാളിത്തപരമായിരുന്നു. ഉൽപാദനബന്ധങ്ങൾ അനിവാര്യമായും ഉൽപാദനശക്തികളുടെ സ്വഭാവത്തോടു യോജിച്ചിരിക്കണമെന്ന ധനശാസ്ത്ര നിയമത്തെ അടിസ്ഥാനമാക്കിക്കൊണ്ട് സോവിയറ്റ് ഗവണ്മെൻറ് ഉൽപാദനോപകരണങ്ങളെ സാമൂഹ്യമാക്കിത്തീർത്തു; അവയെ മുഴുവൻ ജനങ്ങളുടെയും പൊതുസ്വത്താക്കുകയും അങ്ങനെ മർദ്ദനവ്യവസ്ഥയെ അവസാനിപ്പിക്കുകയും സോഷ്യലിസ്റ്റ് സാമ്പത്തിക രൂപങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ നിയമമുണ്ടായിരുന്നില്ലെങ്കിൽ, സോവിയറ്റ് ഗവണ്മെൻറ് ഈ നിയമത്തെ ആശ്രയിച്ചിരുന്നില്ലെങ്കിൽ, അവർക്ക് തങ്ങളുടെ കടമ നിർവഹിക്കുവാൻ സാധിക്കുമായിരുന്നില്ല'. (സോവിയറ്റ് യൂണിയനിൽ സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ, പേജ് 6)

ഉൽപാദനോപകരണങ്ങൾ പൊതുസ്വത്താക്കപ്പെട്ടതോടു കൂടി മുതലാളിത്തവ്യവസ്ഥയിൽ നടമാടിയിരുന്ന മത്സരത്തിന്റെയും അരാജകത്വത്തിന്റെയും നിയമം

അന്തർദ്ധാനം ചെയ്തു. അതിന്റെ സ്ഥാനത്ത് ദേശീയ സാമ്പത്തിക വ്യവസ്ഥയുടെ ക്രമീകൃത വളർച്ചയുടെ നിയമം നിലവിൽ വന്നു. ഈ നിയമമാണ് സോവിയറ്റ് യൂണിയനിൽ സാമ്പത്തികപദ്ധതികൾ വിജയകരമായി നടപ്പിൽവരുത്താനും സാമൂഹ്യോൽപാദനത്തെ ജനങ്ങളുടെയാകെ നൻമക്കുവേണ്ടി ഉപയോഗിക്കാൻ കഴിയുന്നതരത്തിൽ ക്രമീകരിക്കാനുമുള്ള സാധ്യതയുളവാക്കിയത്.

## സാമ്പത്തിക വ്യവസ്ഥ വിജയിച്ചതെങ്ങനെ?

മുതലാളിത്ത രാജ്യങ്ങളും സാമ്പത്തിക പദ്ധതികളെപ്പറ്റി സ്വപ്നം കാണാറുണ്ട്. പക്ഷേ, ആ പദ്ധതിക്കാർക്ക് ഉൽപാദനത്തെ ക്രമീകരിക്കാൻ കഴിയില്ല; രാജ്യത്തിലെ മുഴുവൻ വിഭവങ്ങളെയും അദ്ധ്വാനശക്തിയെയും ഉപയോഗിച്ചുകൊണ്ട് നിശ്ചിതമായ പ്ലാനോടുകൂടി ഉൽപാദനവ്യവസ്ഥയാകെ വളർത്താൻ കഴിയില്ല. എന്തുകൊണ്ടെന്നാൽ, മത്സരത്തിന്റെയും അരാജകത്വത്തിന്റെയും നിയമമാണവിടെ പ്രവർത്തിക്കുന്നത്. ഉൽപാദനത്തിനാവശ്യമായ ഉപകരണങ്ങളെല്ലാം മുതലാളികളുടെ സ്വകാര്യസ്വത്താണ്. എന്ത്, എപ്പോൾ, എത്രയുണ്ടാക്കണമെന്നു തീരുമാനിക്കുന്നത് ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥന്മാരായ മുതലാളികളാണ്. അവർ ഉൽപാദനം നടത്തുന്നത് ജനങ്ങൾക്കെന്താണവശ്യം എന്നു നോക്കിയിട്ടല്ല, തങ്ങൾക്ക് എന്ത് ലാഭം കിട്ടുമെന്ന് നോക്കിയിട്ടാണ്. ഉൽപാദനം ചുരുക്കിയാലാണ് കൂടുതൽ ലാഭം കിട്ടുകയെങ്കിൽ, അവർ ഉൽപാദനം ചുരുക്കും. പുസ്തക പ്രസിദ്ധീകരണം കൊണ്ട് ലാഭം കിട്ടിയില്ലെങ്കിൽ അവർ ഹോട്ടൽ കച്ചവടം തുടങ്ങും. ഇതുതന്നെയാണ് കൃഷിയുടെയും സ്ഥിതി. നിലം ജന്മികളുടെ സ്വകാര്യസ്വത്താണ്. നെല്ലുണ്ടാക്കുന്നതിനെക്കാൾ ലാഭം പരുത്തിയുണ്ടാക്കലാണെന്നുകണ്ടാൽ അവർ നെൽപാടങ്ങളെ പരുത്തി തോട്ടങ്ങളാക്കി മാറ്റും. ഈ സ്ഥിതിയിൽ പ്ലാനിംഗ് വിജയിക്കുകയില്ല.

സോവിയറ്റ് യൂണിയനിൽ ഇതല്ല സ്ഥിതി. ഉൽപാദനോപകരണങ്ങൾ പൊതുസ്വത്തായതുകൊണ്ട് ദേശീയസാമ്പത്തിക വ്യവസ്ഥയെ പ്ലാനോടുകൂടി വളർത്താൻ കഴിയുന്നു. ഇതാണ് സോവിയറ്റ് യൂണിയനിലുണ്ടായ അത്ഭുതാവഹവും സർവ്വതോമുഖവുമായ അഭിവൃദ്ധിയുടെ അടിസ്ഥാനം. ദേശീയസാമ്പത്തിക വ്യവസ്ഥയെ ക്രമീകൃതമായി, പ്ലാനോടുകൂടി, വളർത്താൻ കഴിഞ്ഞതിനാലാണ് പഞ്ചവത്സരപദ്ധതികൾ പരിപൂർണമായ വിജയം നേടിയത്. അതിന്റെ ഫലമായിട്ടാണ് പിന്നണിയിൽ കിടന്നിരുന്ന ഒരു ദുർബലരാജ്യം വെറും രണ്ടു ദശാബ്ദങ്ങൾക്കിടയിൽ ലോകത്തിലെ വൻകിട ശക്തികളിലൊന്നായി രൂപാന്തരപ്പെട്ടത്.

ഉൽപാദനോപകരണങ്ങൾ പൊതുവുടമയിലാക്കപ്പെട്ടതോടുകൂടി ഉൽപാദനത്തിന്റെ ഉദ്ദേശ്യംതന്നെ മാറുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ഉൽപാദനം നടത്തുന്നത് ഏതാനും വ്യക്തികളുടെ ലാഭത്തിനുവേണ്ടിയല്ല, സമുദായത്തിന്റെയാകെ താൽപര്യങ്ങളെ മുൻനിർത്തിയാണ്; സമുദായത്തിലെ ഓരോ മെമ്പറുടെയും നന്മയ്ക്കുവേണ്ടിയാണ്; ഓരോ വ്യക്തിയുടെയും സ്വതന്ത്രവും സർവ്വതോമുഖവുമായ വളർച്ചയ്ക്കുവേണ്ടിയാണ്.

ഈ ഉദ്ദേശ്യം നിർവഹിക്കാൻ കഴിയത്തക്കവിധത്തിൽ സോഷ്യലിസത്തിന്റെ അടിത്തറയുറപ്പിക്കാൻ വേണ്ടിയാണ് ലെനിൻ രാജ്യത്തിന്റെ മുക്കിലും മൂലയിലും വിദ്യുച്ഛക്തി കിട്ടാറാക്കണമെന്നും വിദ്യുച്ഛക്തിയുടെ സഹായത്തോടുകൂടി വ്യവസായവും കൃഷിയും ഗതാഗതവും അങ്ങേയറ്റം വളർത്തണമെന്നും സാങ്കേതികാഭിവൃദ്ധിയിലൂടെ അദ്ധ്വാനക്ഷമത വർധിപ്പിക്കണമെന്നും സർവോപരി മുതലാളിത്തരാജ്യങ്ങ

ളെ കവച്ചുവെയ്ക്കാൻ കഴിയത്തക്കവിധം വൻകിട വ്യവസായങ്ങളെ വൻതോതിൽ വളർത്തണമെന്നും ആവശ്യപ്പെട്ടത്.

## സോഷ്യലിസത്തിന്റെ അടിസ്ഥാന നിയമം

ലെനിൻ ഉന്നയിച്ച തത്വങ്ങളുടെയും നിർമാണ പ്രവർത്തനങ്ങളുടെയും പ്രായോഗികാനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ സ്റ്റാലിൻ സോഷ്യലിസത്തിന്റെ അടിസ്ഥാന സാമ്പത്തിക നിയമമെന്തെന്നു വെളിപ്പെടുത്തുന്നു:

> ‘സോഷ്യലിസത്തിന്റെ അടിസ്ഥാനനിയമത്തിന്റെ അനിവാര്യ സ്വഭാവങ്ങളെയും അവശ്യങ്ങളെയും മൊത്തത്തിൽ ഇങ്ങനെ രൂപവൽക്കരിക്കാം: കൂടുതൽ ഉയർന്ന സാങ്കേതികരീതികളുടെ അടിസ്ഥാനത്തിൽ സോഷ്യലിസ്റ്റ് ഉൽപാദനം തുടർച്ചയായി വികസിപ്പിക്കുകയും പൂർണമാക്കുകയും ചെയ്തുകൊണ്ട് സമുദായത്തിന്റെയാകെ ഇടവിടാതെ ഉയർന്നുവരുന്ന ഭൗതികവും സാംസ്കാരികവുമായ ആവശ്യങ്ങളെ അങ്ങേയറ്റം തൃപ്തിപ്പെടുത്തുക’. (സോവിയറ്റ് യൂണിയനിൽ സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ, പേജ് 43–44)

സോഷ്യലിസ്റ്റ് ഉൽപാദനത്തിന്റെ ഉദ്ദേശ്യമെന്തെന്നും ആ ഉദ്ദേശ്യം നേടാനുള്ള മാർഗമെന്താണെന്നും ഈ നിയമം വ്യക്തമാക്കുന്നു. സോഷ്യലിസത്തിൽ ലാഭത്തിനു വേണ്ടിയല്ല, ഉപയോഗത്തിനുവേണ്ടിയാണ് ഉൽപാദനം നടക്കുന്നത് എന്നുമാത്രം പറഞ്ഞാൽ പോരാ. ജനങ്ങളുടെ അനുദിനം വളർന്നുവരുന്ന ഭൗതികവും സാംസ്കാരികവുമായ ആവശ്യങ്ങളെ അങ്ങേയറ്റം—പരമാവധി—തൃപ്തിപ്പെടുത്തുകയാണ് സോഷ്യലിസ്റ്റ് ഉൽപാദനത്തിന്റെ ലക്ഷ്യം എന്ന് ചൂണ്ടിക്കാണിക്കുന്നു. ഉൽപാദനോപകരണങ്ങൾ പൊതു സ്വത്താക്കപ്പെട്ടതോടുകൂടി ആവിർഭവിച്ച പുതിയ ഉൽപാദനബന്ധങ്ങളുടെ സ്വഭാവത്തിനു തികച്ചും യോജിച്ച ഒരു ലക്ഷ്യമാണിത്.

സമുദായത്തിന്റെ ഭൗതികവും സാംസ്കാരികവുമായ ആവശ്യങ്ങൾ അനുദിനം കൂടിക്കൂടിവരികയാണ്. ആ ആവശ്യങ്ങളെല്ലാം അങ്ങേയറ്റം തൃപ്തിപ്പെടുത്തണമെങ്കിൽ സോഷ്യലിസ്റ്റ് ഉൽപാദനം ഇടവിടാതെ വളർന്നുകൊണ്ടിരിക്കണം. ഇതു സാധിക്കണമെങ്കിൽ വൻകിട വ്യവസായങ്ങളെ വളർത്തുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും സാങ്കേതികരീതികളെ ഇടവിടാതെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യണം.

മുതലാളിത്ത വ്യവസ്ഥയിൽ ഉൽപാദനശക്തികളും ഉൽപാദന ബന്ധങ്ങളും തമ്മിലുള്ള വൈരുദ്ധ്യം കാരണം സാങ്കേതികാഭിവൃദ്ധി തടയപ്പെട്ടിരിക്കയാണ്. പരമാവധി ലാഭം കിട്ടുമെങ്കിൽ മാത്രമേ മുതലാളികൾ ഉയർന്ന സാങ്കേതികരീതികൾ ഉപയോഗിക്കുകയുള്ളൂ. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ നേരെമറിച്ചാണ്. സാങ്കേതികരീതികളെ മേൽക്കുമേൽ വളർത്താതെ ജനങ്ങളുടെ കൂടിക്കൂടിവരുന്ന ആവശ്യങ്ങളെ അങ്ങേയറ്റം തൃപ്തിപ്പെടുത്താനാവില്ല. ഉൽപാദനം ഏറ്റവുമധികം വർധിപ്പിക്കാൻ ഏറ്റവും ഉയർന്ന സാങ്കേതികരീതികൾ കൂടിയേ കഴിയൂ.

സോഷ്യലിസ്റ്റ് ഉൽപാദനത്തിന്റെ ഇടവിടാത്ത വളർച്ച ജനങ്ങളുടെ ആവശ്യങ്ങളെ വർദ്ധിപ്പിക്കുകയും പുതിയ പുതിയ ആവശ്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ആവശ്യങ്ങൾ വർദ്ധിപ്പിക്കുകയും പുതിയ പുതിയ ആവശ്യങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുമ്പോഴാകട്ടെ സോഷ്യലിസ്റ്റ് ഉൽപാദനത്തിനു കൂടുതൽ പ്രചോദനം ലഭിക്കുകയും ചെയ്യുന്നു.

ഇങ്ങനെ സ്റ്റാലിൻ വെളിപ്പെടുത്തുന്ന പരമാവധി സംതൃപ്തിയുടെ നിയമം സോഷ്യലിസ്റ്റു സമുദായത്തിൽ അതിപ്രധാനമായ ഒരു പങ്കാണ് വഹിക്കുന്നത്. അതി

ന്റെ അടിസ്ഥാനത്തിലാണ് സോഷ്യലിസ്റ്റ് ഉൽപാദന വ്യവസ്ഥയുടെ മറ്റെല്ലാ നിയമങ്ങളും പ്രവർത്തിക്കുന്നത്. സാമ്പത്തിക വ്യവസ്ഥയുടെ പ്ലാനോടുകൂടിയ ക്രമീകൃത വളർച്ചയുടെ നിയമം, ഉൽപാദനോപകരണങ്ങൾ നിർമിക്കുന്ന വ്യവസായശാലകൾക്ക് താരതമ്യേന കൂടുതൽ പ്രാധാന്യം നൽകണമെന്ന നിയമം, അദ്ധ്വാനക്ഷമതയുടെ ക്രമപ്രവൃദ്ധമായ പുരോഗതിയുടെ നിയമം, അദ്ധ്വാനത്തിന്റെ തോതനുസരിച്ച് ഉൽപന്നങ്ങൾ വിതരണം ചെയ്യണമെന്ന നിയമം—ഇങ്ങനെ സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന എല്ലാ നിയമങ്ങളും പരമാവധി സംതൃപ്തിയുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്.

## മുതലാളിത്തവും സോഷ്യലിസവും

സോവിയറ്റ് യൂണിയനിൽ സാമ്പത്തിക വ്യവസ്ഥ ക്രമീകൃതമായും പ്ലാനോടുകൂടിയുമാണ് വളർത്തപ്പെടുന്നത്. പക്ഷേ, സാമ്പത്തികാഭിവൃദ്ധി പ്ലാൻ ചെയ്യുന്നതിന് ഒരു ഉദ്ദേശ്യമുണ്ടായിരിക്കണം. എന്നാലേ ദേശീയസാമ്പത്തിക വ്യവസ്ഥയുടെ ക്രമീകൃത വളർച്ചയുടെ നിയമംകൊണ്ട് ആശിച്ച ഫലം ലഭിക്കുകയുള്ളൂ. ആ ഉദ്ദേശ്യമെന്തായിരിക്കണമെന്നാണ് പരമാവധി സംതൃപ്തിയുടെ നിയമം വെളിപ്പെടുത്തുന്നത്. സോഷ്യലിസത്തിന്റെ ഈ അടിസ്ഥാനസാമ്പത്തിക നിയമമുപയോഗിച്ചുകൊണ്ടാണ് സോവിയറ്റ് യൂണിയനിലെ ഭരണാധികാരികൾക്ക് ക്രമീകൃതമായ ഉൽപാദനവും സാമ്പത്തിക പ്ലാനിങ്ങും വഴിയായി ജനങ്ങളുടെ ആവശ്യങ്ങളെ മേൽക്കുമേൽ തൃപ്തിപ്പെടുത്താനും അവരുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിയെ ത്വരിതപ്പെടുത്താനും സാധിച്ചത്.

മുതലാളിത്തവ്യവസ്ഥയിൽ നേരെമറിച്ച് പരമാവധിലാഭം നിർണയിക്കുന്ന അതിർത്തിവരമ്പുകൾക്കുള്ളിൽ മാത്രമാണ് ഉൽപാദനം നടക്കുന്നത്. അതുകൊണ്ടുതന്നെയാണ് സോഷ്യലിസ്റ്റ് വ്യവസ്ഥ മുതലാളിത്ത വ്യവസ്ഥയേക്കാൾ മെച്ചപ്പെട്ടുനിൽക്കുന്നത്. രണ്ടു വ്യവസ്ഥകളും തമ്മിലുള്ള വ്യത്യാസമെന്താണെന്ന് സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നു:

> ‘പരമാവധി ലാഭത്തിനുപകരം സമുദായത്തിന്റെ ഭൗതികവും സാംസ്കാരികവുമായ ആവശ്യങ്ങളെ പരമാവധി തൃപ്തിപ്പെടുത്തൽ, അഭിവൃദ്ധിയിൽ നിന്നു കുഴപ്പത്തിലേക്കും കുഴപ്പത്തിൽനിന്ന് അഭിവൃദ്ധിയിലേക്കും തുടർച്ച മുറിഞ്ഞുകൊണ്ടുള്ള ഉൽപാദനവളർച്ചയ്ക്കു പകരം അനുസ്യൂതമായ ഉൽപാദനാഭിവൃദ്ധി, സാങ്കേതികവളർച്ചയിൽ കൂടെക്കൂടെയുണ്ടാകുന്ന പിളർപ്പുകൾക്കും അതോടൊപ്പം ഉണ്ടാകുന്ന സാമൂഹ്യോൽപാദനശക്തികളുടെ നാശങ്ങൾക്കും പകരം ഉയർന്ന സാങ്കേതികരീതികളുടെ അടിസ്ഥാനത്തിൽ ഉൽപാദനത്തെ പൂർണതയിലെത്തിക്കുന്നതിന്റെ തുടർച്ചയായ ഗതിക്രമം’. (സോവിയറ്റ് യൂണിയനിൽ സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ, പേജ് 44.)

ഇതിന്റെ അർഥം ശരിക്കു മനസിലാകണമെങ്കിൽ ചുറ്റുപാടുമുള്ള യാഥാർഥ്യങ്ങളിലേക്കൊന്നു കണ്ണോടിച്ചാൽ മതി. മുതലാളിത്ത രാജ്യങ്ങളിൽ ദേശീയവരുമാനത്തിന്റെ ഭൂരിഭാഗവും ന്യൂനപക്ഷക്കാരായ ചൂഷകവർഗക്കാരുടെ പോക്കറ്റിലെത്തുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥയിലാകട്ടെ, നേരെമറിച്ച്, ദേശീയവരുമാനം മുഴുവനും സമുദായത്തിന്റെ സ്വത്താണ്. ജനങ്ങളുടെയാകെ അഭിവൃദ്ധിക്കുവേണ്ടിയാണ് അതു വിനിയോഗിക്കപ്പെടുന്നത്. ഈ വ്യത്യാസത്തിന്റെ അടിസ്ഥാനം സ്റ്റാലിൻ വെളിപ്പെടുത്തിക്കാണിക്കുന്ന ‘പരമാവധിലാഭ’ത്തിന്റെയും ‘പരമാവധി സംതൃപ്തി’യുടെയും നിയമങ്ങൾ തമ്മിലുള്ള വ്യത്യാസമാണ്.

സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ 19-ാം കോൺഗ്രസിലേക്കുള്ള കേന്ദ്രകമ്മറ്റിയുടെ റിപ്പോർട്ടിൽ ജി. എം. മലങ്കാവ് ചൂണ്ടിക്കാണിച്ചു:

> 'ആധുനിക മുതലാളിത്തത്തിന്റെ അടിസ്ഥാന സാമ്പത്തിക നിയമത്തെപ്പറ്റിയും സോഷ്യലിസത്തിന്റെ അടിസ്ഥാനസാമ്പത്തിക നിയമത്തെപ്പറ്റിയുമുള്ള സഖാവ് സ്റ്റാലിന്റെ കണ്ടുപിടുത്തം മുതലാളിത്തത്തിന്റെ എല്ലാ പ്രചാരകന്മാർക്കുമുള്ള ഒരു കനത്ത അടിയാണ്. ഈ അടിസ്ഥാനസാമ്പത്തിക നിയമങ്ങൾ തെളിയിച്ചുകാട്ടുന്നതിതാണ്: മുതലാളിത്തസമുദായത്തിൽ മനുഷ്യൻ പരമാവധി ലാഭം സമ്പാദിക്കുക എന്ന നിർദ്ദയമായ നിയമത്തിനിരയാക്കപ്പെടുന്നു. അതിനുവേണ്ടി അവർ കഠിനമായ യാതനകളിലേക്കും ദാരിദ്ര്യത്തിലേക്കും തൊഴിലില്ലായ്മയിലേക്കും യുദ്ധത്തിന്റെ ചോരപ്രളയത്തിലേക്കും നാശനഷ്ടങ്ങളിലേക്കും പിടിച്ചുതള്ളപ്പെടുന്നു. സോഷ്യലിസ്റ്റ സമുദായത്തിലാകട്ടെ ഉൽപാദനം മുഴുവനും മനുഷ്യന്റെയും അവന്റെ ഇടവിടാതെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങളുടെയും അധീനത്തിലാണ്. മുതലാളിത്തത്തേക്കാൾ അത്രമേൽ മെച്ചപ്പെട്ട പുതിയ സാമൂഹ്യ വ്യവസ്ഥയുടെ—കമ്യൂണിസത്തിന്റെ—നിർണായകമായ നേട്ടം ഇവിടെയാണ് കിടക്കുന്നത്'.

സോഷ്യലിസത്തിന്റെ അടിസ്ഥാനനിയമം സോവിയറ്റ് യൂണിയന്റെ ആഭ്യന്തരനയത്തെ മാത്രമല്ല വിദേശനയത്തെയും നിർണയിക്കുന്നു. ജനങ്ങളുടെ വളർന്നുവരുന്ന എല്ലാ ആവശ്യങ്ങളേയും പരമാവധി തൃപ്തിപ്പെടുത്താൻ വേണ്ടി ഉൽപാദനശക്തികളെ മേൽക്കുമേൽ വളർത്തണമെങ്കിൽ സമാധാനപരമായ ഒരന്തരീക്ഷം കൂടിയേ കഴിയൂ. അതുകൊണ്ടാണ് സോവിയറ്റ് യൂണിയൻ യുദ്ധമില്ലാതാക്കാനും എല്ലാ രാജ്യങ്ങളുമായും സൗഹാർദ്ദബന്ധങ്ങളുറപ്പിച്ചുകൊണ്ട് സമാധാനപ്രസ്ഥാനം ശക്തിപ്പെടുത്താനും പരിശ്രമിക്കുന്നത്. ഇങ്ങനെ സോവിയറ്റ് യൂണിയന്റെ വളർച്ചയുടെ എല്ലാ സ്വഭാവവിശേഷങ്ങളെയും മനസിലാക്കാൻ ഈ അടിസ്ഥാനനിയമം സഹായിക്കുന്നു. ഈ നിയമത്തിന്റെ പ്രവർത്തനമാണ് സോഷ്യലിസത്തിൽ നിന്നു കമ്യൂണിസത്തിലേക്കുള്ള പരിവർത്തനത്തിനാവശ്യമായ പരിതഃസ്ഥിതികൾ സൃഷ്ടിക്കുന്നത്.

## 2

സാമൂഹ്യവളർച്ചയുടെയും സാമൂഹ്യപരിവർത്തനങ്ങളുടെയും പിന്നിൽ സവിശേഷങ്ങളായ ചില നിയമങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഭൗതികോൽപാദനരീതിയുടെ വളർച്ചയാണ് അവയുടെ അടിസ്ഥാനം. ഉൽപാദനബന്ധങ്ങൾ ഉൽപാദനശക്തികളുടെ വളർച്ചയ്ക്ക് പൊരുത്തപ്പെട്ടിരിക്കണമെന്ന നിയമത്തെ വെളിപ്പെടുത്തിക്കൊണ്ട് മുതലാളിത്തോൽപ്പാദന ബന്ധങ്ങൾ മുതലാളിത്തത്തിന്റെ തന്നെ സൃഷ്ടികളായ വൻപിച്ച ഉൽപാദനശക്തികളുടെ വളർച്ചയ്ക്ക് വിലങ്ങായിത്തീരുന്നവെന്നും വളർച്ച തടയപ്പെടാതിരിക്കണമെങ്കിൽ പുതിയ ഉൽപാദനബന്ധങ്ങൾ നിലവിൽ വന്നേ കഴിയൂ എന്നും മാർക്സിസം ചൂണ്ടിക്കാണിക്കുന്നു. സോഷ്യലിസ്റ്റ് വിപ്ലവവും തൊഴിലാളി സർവാധിപത്യവും ഈ വൈരുദ്ധ്യമവസാനിപ്പിച്ച് ഉൽപാദനശക്തികൾക്ക് യോജിച്ച ഉൽപാദനബന്ധങ്ങൾ സൃഷ്ടിക്കുകയും അങ്ങനെ കമ്യൂണിസത്തിന്റെ അടിത്തറ പാവുകയും ചെയ്യുന്നു.

രണ്ടു ഘട്ടങ്ങളിലൂടെയാണ് കമ്യൂണിസം വളരുന്നത്. ആദ്യത്തെ ഘട്ടത്തെ സോഷ്യലിസമെന്നും രണ്ടാമത്തേതിന് കമ്യൂണിസമെന്നും പറയുന്നു. സോഷ്യ

ലിസത്തേക്കാൾ ഉയർന്ന ഘട്ടമാണ് കമ്യൂണിസം. മറ്റൊരുവിധം പറഞ്ഞാൽ, കമ്യൂണിസ്റ്റ് സമുദായത്തിന്റെ ആദ്യഘട്ടമാണ് സോഷ്യലിസം.

സോവിയറ്റ് യൂണിയനിൽ 1936-ഓടുകൂടി ഒന്നാം ഘട്ടം മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു. എന്നുവെച്ചാൽ സോഷ്യലിസം വിജയകരമാംവിധം കെട്ടിപ്പടുക്കപ്പെട്ടുകഴിഞ്ഞു. 1936-ലെ സോവിയറ്റ് ഭരണഘടന സോഷ്യലിസത്തിൽ നിന്നു കമ്യൂണിസത്തിലേക്കുള്ള പരിവർത്തനത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. സി. പി. എസ്. യു. ബി. യുടെ ചരിത്രം പ്രഖ്യാപിക്കുന്നു:

> 'യു. എസ്. എസ്. ആർ വളർന്നുവന്ന് ഒരു പുതിയ പതനത്തിലേക്ക് പ്രവേശിക്കുന്നുവെന്ന വസ്തുതയ്ക്ക് ഈ ഭരണഘടന നിയമപരമായ രൂപം നൽകി. സോഷ്യലിസ്റ്റ് സമുദായ ഘടനയുടെ നിർമാണം പൂർണമായിരിക്കുന്നുവെന്നും 'ഓരോരുത്തനിൽ നിന്നും അവനവന്റെ കഴിവനുസരിച്ച്, ഓരോരുത്തനും അവന്റെ ആവശ്യമനുസരിച്ച്' എന്ന സാമൂഹ്യജീവിത തത്വത്തെ മുൻനിർത്തുന്ന കമ്യൂണിസ്റ്റ് സമുദായത്തിലേക്കുള്ള പരിണാമം സാവധാനത്തിൽ ആരംഭിച്ചിരിക്കുന്നുവെന്നുമുള്ള വസ്തുതയ്ക്ക് ഭരണഘടന ഒരു നിയമാവലിയുടെ രൂപം നൽകി'. (സി. പി. എസ്. യു. ബി. ചരിത്രം, മലയാള തർജമ, പേജ് 604)

## കമ്യൂണിസത്തിന്റെ രണ്ടു ഘട്ടങ്ങൾ

അപ്പോൾ സോഷ്യലിസവും കമ്യൂണിസവും വ്യത്യസ്തങ്ങളായ സാമൂഹ്യവ്യവസ്ഥകളല്ല; ഒരേ സാമൂഹ്യവ്യവസ്ഥയുടെ വളർച്ചയുടെ രണ്ടു വ്യത്യസ്ത ഘട്ടങ്ങൾ മാത്രമാണ്.

സോഷ്യലിസവും കമ്യൂണിസവും ഒരേ സാമൂഹ്യ വ്യവസ്ഥയുടെ രണ്ടു ഘട്ടങ്ങളാണെന്ന് മാർക്സും എംഗെൽസും തങ്ങളുടെ ആദ്യകാല കൃതികളിൽത്തന്നെ വ്യക്തമാക്കുകയുണ്ടായി. സോഷ്യലിസം കമ്യൂണിസത്തിന്റെ ആദ്യഘട്ടമാണെന്നു വിവരിച്ചുകൊണ്ട് മാർക്സ് തന്റെ 'ഗോഥാപരിപാടിയുടെ വിമർശന'ത്തിൽ എഴുതുന്നു:

> 'നമുക്കിവിടെ നേരിടാനുള്ളത് സ്വന്തം അടിത്തറമേൽ വളർന്നുകഴിഞ്ഞ ഒരു കമ്യൂണിസ്റ്റ് സമുദായത്തെയല്ല, നേരെമറിച്ച് മുതലാളിത്ത സമുദായത്തിൽ നിന്നുയർന്നുവരുന്ന ഒരു കമ്യൂണിസ്റ്റ് സമുദായത്തെയാണ്. യാതൊരു സമുദായത്തിന്റെ ഗർഭത്തിൽ നിന്നാണോ അതാവിർഭവിക്കുന്നത് ആ സമുദായത്തിന്റെ എല്ലാത്തരത്തിലുമുള്ള അടയാളങ്ങൾ—സാമ്പത്തികവും സാന്മാർഗികവും ബുദ്ധിപരവുമായ അവശിഷ്ടങ്ങൾ—അതിൽ പതിഞ്ഞുകിടപ്പുണ്ടായിരിക്കും'.

ഒന്നാം ഘട്ടത്തിന്റെ സവിശേഷതയെ ചൂണ്ടിക്കാണിച്ചുകൊണ്ട് ലെനിൻ പറയുന്നു:

> 'ഒന്നാമത്തെ ഘട്ടത്തിൽ കമ്യൂണിസം സാമ്പത്തികമായി തികച്ചും വളർന്നു കഴിഞ്ഞിട്ടുണ്ടാവില്ല. മുതലാളിത്തത്തിന്റെ പാരമ്പര്യങ്ങളിൽ നിന്നോ അവശിഷ്ടങ്ങളിൽ നിന്നോ അത് പരിപൂർണമായ മോചനം നേടിക്കഴിഞ്ഞിട്ടുണ്ടാവില്ല'.

സോഷ്യലിസം, കമ്യൂണിസം എന്നീ ഘട്ടങ്ങളുടെ പൊതുസ്വഭാവങ്ങളെന്തെന്നും അവ തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാമാണെന്നും ലെനിനും സ്റ്റാലിനും വ്യക്തമാക്കിയിട്ടുണ്ട്.

രണ്ടു ഘട്ടങ്ങൾക്കും പൊതുവിലുള്ള സ്വഭാവവിശേഷങ്ങൾ താഴെ പറയുന്നവയാണ്.

1. സോഷ്യലിസത്തിലും കമ്യൂണിസത്തിലും ഉൽപാദനരീതിയുടെ അടിസ്ഥാനം എല്ലാ ഉൽപാദനോപകരണങ്ങളും പൊതുവുടമയിലുള്ളതാണ്. മർദ്ദനത്തിൽ നിന്നും ചൂഷണത്തിൽ നിന്നും മോചനം നേടിയ ജനങ്ങൾ പരസ്പരം സഹകരിച്ചുകൊണ്ടും സഹായിച്ചുകൊണ്ടുമാണ് ഉൽപാദനം നടത്തുന്നത്.

2. രണ്ടുഘട്ടത്തിലും മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുകയെന്ന സമ്പ്രദായമില്ല. എല്ലാ തരത്തിലുമുള്ള സാമൂഹ്യ മർദ്ദനങ്ങൾ അവസാനിപ്പിക്കപ്പെട്ടിരിക്കുന്നു. കൂലിവേലയുടെ അടിമത്തമില്ല. തൊഴിലാളികളുടെ അദ്ധ്വാനശക്തി ചരക്കെന്ന നിലയ്ക്ക് വിൽക്കപ്പെടുന്നില്ല. തൊഴിലാളികളുടെ അദ്ധ്വാനസമയം ആവശ്യമായ അദ്ധ്വാനമെന്നും മിച്ചമായ അദ്ധ്വാനമെന്നും രണ്ടായി വിഭജിക്കപ്പെടുന്നില്ല. മിച്ചമൂല്യം ചൂഷണം ചെയ്യപ്പെടുന്നില്ല.
3. രണ്ടുഘട്ടത്തിലും ഉൽപാദനത്തിന്റെ ഉദ്ദേശ്യം സമുദായത്തിന്റെ വളർന്നുവരുന്ന ഭൗതികവും സാംസ്കാരികവുമായ എല്ലാ ആവശ്യങ്ങളെയും പൂർണമായി തൃപ്തിപ്പെടുത്തുക എന്നതാണ്. ഈ ഉദ്ദേശ്യം സാധിക്കുന്നതിനുവേണ്ടി കൂടുതൽ കൂടുതൽ ഉയർന്ന സാങ്കേതികമാർഗങ്ങളുടെ സഹായത്തോടുകൂടി ഉൽപാദനം ഇടവിടാതെ വളർത്തപ്പെടുന്നു.
4. രണ്ടുഘട്ടത്തിലും സാമ്പത്തികവ്യവസ്ഥയുടെ പ്ലാനോടുകൂടിയ ക്രമീകൃത വളർച്ചയുടെ നിയമം പ്രവർത്തിക്കുന്നു. ആദ്യഘട്ടം കഴിഞ്ഞ് രണ്ടാം ഘട്ടമെത്തുമ്പോഴേക്കും ഈ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള പ്ലാനിങ്ങുകൾ കൂടുതൽ പൂർണവും സാർവത്രികവും സർവസ്പർശിയുമായിത്തീരുന്നു.
5. രണ്ടുഘട്ടത്തിലും സമുദായത്തിലെ ഓരോ വ്യക്തിയും കഴിവനുസരിച്ച് അദ്ധ്വാനിക്കുന്നു. ജനങ്ങളുടെ അദ്ധ്വാനംകൊണ്ടാണ് സ്വത്തുക്കളും വിഭവങ്ങളും നിർമിക്കപ്പെടുന്നത്. ജനങ്ങൾതന്നെ അവയെ അനുഭവിക്കുകയും ചെയ്യുന്നു.
6. രണ്ടുഘട്ടത്തിലും മാർക്സിസം ലെനിനിസത്തിന്റെ ലോകവീക്ഷണ ഗതിയ്ക്കാണ് പ്രാധാന്യം. ഒന്നാംഘട്ടത്തിൽ ബൂർഷ്വാ ലോകവീക്ഷണഗതിയുടെ പല അവശിഷ്ടങ്ങളും നിലനിൽക്കുന്നുണ്ടാവും. രണ്ടാം ഘട്ടമാവുമ്പോഴേക്കും കമ്യൂണിസ്റ്റുൽപാദന രീതിക്കും അതോടൊപ്പം മാർക്സിസ്റ്റാശയങ്ങൾക്കും മാർക്സിസത്തിന്റെ അടിസ്ഥാനത്തിലുള്ള പുതിയ സംസ്കാരത്തിനും സാർവത്രികമായ സ്ഥാനം ലഭിക്കും.

ഈ പൊതുവിലുള്ള സ്വഭാവവിശേഷങ്ങൾ സോഷ്യലിസത്തിനും കമ്യൂണിസത്തിനും ഒരുപോലെ ബാധകമാണ്. പക്ഷേ, അതേസമയത്തുതന്നെ ഈ രണ്ടു ഘട്ടങ്ങൾക്കും തമ്മിൽ അതിപ്രധാനമായ ചില വ്യത്യാസങ്ങളുമുണ്ട്.

## രണ്ടുതരം സ്വത്തുടമാവകാശങ്ങൾ

തൊഴിലാളിവിപ്ലവം ഉൽപാദനോപകരണങ്ങളുടെ മേലുള്ള സ്വകാര്യ ഉടമാവകാശമവസാനിപ്പിക്കുന്നു. രണ്ടുതരത്തിലുള്ള സ്വകാര്യ ഉടമാവകാശങ്ങളാണ് വിപ്ലവകരമായി മാറ്റിമറിക്കപ്പെടുന്നത്—മുതലാളികളുടെ സ്വകാര്യസ്വത്തുടമാവകാശവും കൃഷിക്കാരുടെ സ്വകാര്യസ്വത്തുടമാവകാശവും.

ഈ രണ്ടുതരം സ്വകാര്യസ്വത്തുടമാവകാശങ്ങളോടും ഒരേനിലപാടല്ല തൊഴിലാളിവർഗം കൈക്കൊള്ളുന്നത്. മുതലാളികളുടെ സ്വകാര്യസ്വത്തുക്കൾ യാതൊരു ദാക്ഷിണ്യവും കൂടാതെ പിടിച്ചെടുത്ത് പൊതുസ്വത്തുക്കളാക്കി മാറ്റുന്നു. യന്ത്രങ്ങളും ഫാക്ടറികളും ബാങ്കുകളും തോട്ടങ്ങളും ഖനികളുമെല്ലാം ജനങ്ങളുടെ സ്വത്തുക്കളാക്കി മാറ്റുന്നു. പക്ഷേ, തൊഴിലാളികൾ തങ്ങളുടെ സമരബന്ധുക്കളായ കൃഷിക്കാരുടെ സ്വകാര്യ സ്വത്തുക്കളോടെടുക്കുന്ന നിലപാട് വ്യത്യസ്തമാണ്. അവ കൃഷിക്കാരുടെ സ്വത്തുക്കളാക്കിത്തന്നെ നിലനിർത്തപ്പെടുന്നു. കൃഷിക്കാരുടെ സ്വന്തം ഇഷ്ടമനുസരിച്ചാണ് അവ കൂട്ടുകൃഷി സ്ഥാപനങ്ങളാക്കി സംഘടിപ്പിക്കപ്പെടുന്നത്. ധാരാളം കൃ

ഷിക്കാരുള്ള രാജ്യങ്ങളിലെല്ലാം പൊതു ഉടമയുടെ ഈ സവിശേഷരൂപം ആവശ്യമായിവരും. ഇങ്ങനെ പൊതു ഉടമയ്ക്ക് സ്റ്റേറ്റിന്റെ നേരിട്ടുകീഴിലുള്ള പൊതുസ്വത്തുക്കളെന്നും കൂട്ടുകൃഷി സ്ഥാപനങ്ങളെന്നും രണ്ടു രൂപങ്ങളുണ്ടാവുന്നു. സോവിയറ്റ് യൂണിയനിലെ സ്ഥിതിയെപ്പറ്റി സ്റ്റാലിൻ എഴുതുന്നതു നോക്കുക:

> 'സോഷ്യലിസ്റ്റ് ഉൽപാദനത്തിന്റെ രണ്ടു രൂപങ്ങളാണ് ഇന്ന് നമ്മുടെ രാജ്യത്തിലുള്ളത്. സ്റ്റേറ്റിന്റെ കീഴിലുള്ള, അതായത് പൊതുഉടമയിലുള്ള, ഉൽപാദനവും കൂട്ടുകൃഷിയുടെ ഉൽപാദനവും. കൂട്ടുകൃഷിയുടെ ഉൽപാദനം പൊതുവുടമയുടെ കീഴിലുള്ള ഉൽപാദനമാണെന്ന് പറയാൻ വയ്യ. സ്റ്റേറ്റ് വക സ്ഥാപനങ്ങളിൽ ഉൽപാദനോപകരണങ്ങളും ഉൽപന്നങ്ങളും ദേശീയസ്വത്തുക്കളാണ്. കൂട്ടുകൃഷി സ്ഥാപനത്തിലാകട്ടെ, ഉൽപാദനോപകരണങ്ങൾ (നിലം, യന്ത്രങ്ങൾ) സ്റ്റേറ്റിന്റേതാണെങ്കിലും ഉൽപന്നങ്ങൾ വിഭിന്ന കൂട്ടുകൃഷി സ്ഥാപനങ്ങളുടെ സ്വത്താണ്. കാരണം, അദ്ധ്വാനവും വിത്തും അവരുടെ സ്വന്തമാണ്. നിലം വിൽക്കാനോ പാട്ടത്തിനു കൊടുക്കാനോ കഴിയില്ലെങ്കിലും അതിൽ കൂട്ടുകൃഷി സ്ഥാപനങ്ങൾക്ക് സ്ഥിരാവകാശം നൽകപ്പെട്ടിരിക്കുന്നു. യഥാർത്ഥത്തിൽ തങ്ങളുടെ സ്വന്തം സ്വത്തെന്ന നിലക്കാണ് അവരത് ഉപയോഗിക്കുന്നത്'. (സ്റ്റാലിൻ: സോവിയറ്റ് യൂണിയനിൽ സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ, പേജ് 16)

സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥയുടെ വളർച്ചയോടുകൂടി ക്രമത്തിൽ ഈ വ്യത്യാസമില്ലാതായിത്തീരുകയും ഒരേതരത്തിലുള്ള പൊതുവുടയുടെ അടിസ്ഥാനത്തിലുള്ള സാമ്പത്തികബന്ധങ്ങൾ രൂപമെടുക്കുകയും ചെയ്യുന്നു. കമ്യൂണിസത്തിന്റെ വക സ്വത്തുക്കൾ, കൂട്ടുകൃഷി സ്ഥാപനങ്ങൾ എന്നിങ്ങനെ രണ്ടുതരം ഉൽപാദന രംഗങ്ങൾ ഇല്ലാതാവും. രാജ്യത്തിലുൽപ്പാദിപ്പിക്കപ്പെടുന്ന എല്ലാ ഉപഭോഗസാമഗ്രികളും കൈകാര്യം ചെയ്യാനവകാശമുള്ള ഒരൊറ്റ സാർവത്രികമായ ഉൽപാദനരംഗം ആവിർഭവിക്കും. ഇതാണ് സോഷ്യലിസവും കമ്യൂണിസവും തമ്മിലുള്ള ഒരു പ്രധാനമായ വ്യത്യാസം.

സോഷ്യലിസത്തിൽ ഉൽപാദനോപകരണങ്ങൾ കൊള്ള കൊടുക്കയ്ക്കുള്ള ചരക്കുകളല്ലാതായിത്തീർന്നിരിക്കുന്നു. എങ്കിലും, ഉൽപന്നങ്ങൾ ചരക്കുകളെന്ന നിലയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്. കാരണം, സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, 'തങ്ങൾക്കാഗ്രഹമുള്ള ചരക്കുകളെന്ന നിലയ്ക്കല്ലാതെ കൂട്ടുകൃഷി സ്ഥാപനങ്ങൾ തങ്ങളുടെ ഉൽപന്നങ്ങൾ കൈവിടുവാനിഷ്ടപ്പെടുന്നില്ല. പട്ടണങ്ങളുമായി ചരക്കുബന്ധമില്ലാതെ മറ്റു യാതൊരു തരത്തിലുമുള്ള സാമ്പത്തികബന്ധവും ഇന്നു കൂട്ടുകൃഷി സ്ഥാപനങ്ങൾ അംഗീകരിക്കുകയില്ല'. (സോഷ്യലിസത്തിന്റെ സാമ്പത്തികപ്രശ്നങ്ങൾ).

## മൂല്യനിയമവും പണവ്യവസ്ഥയും

രണ്ടുതരത്തിലുള്ള സ്വത്തുടമബന്ധങ്ങളുള്ളതുകൊണ്ടാണ് സോഷ്യലിസത്തിൽ ചരക്കുൽപാദനവും പണവ്യവസ്ഥയും മൂല്യനിയമവും നിലനിൽക്കുന്നത്. പക്ഷേ, അവയുടെ പ്രവർത്തനം മുതലാളിത്തത്തിലേതുപോലെയാവില്ല; നിയന്ത്രിതമായിരിക്കും. പരിമിതമായ പ്രവർത്തനരംഗമേ അവയ്ക്കുണ്ടായിരിക്കൂ. കമ്യൂണിസത്തിലാകട്ടെ രണ്ടുതരം ഉൽപാദനരംഗങ്ങളുടെ സ്ഥാനത്ത് എല്ലാം ഉൽപ്പന്നങ്ങളെയും കൈകാര്യം ചെയ്യാനധികാരമുള്ള സാർവത്രികമായ ഒരൊറ്റ ഉൽപാദനരംഗമാണുണ്ടായിരിക്കുക. അതുകൊണ്ട് സോഷ്യലിസത്തിന്റെ ഘട്ടമാവിർഭവിക്കുന്നതോടുകൂടി ഉൽപന്നങ്ങൾ ചരക്കുകളെന്ന നിലക്ക് കൈമാറ്റം ചെയ്യപ്പെടാതെയാവും. ചരക്കുൽപാദനവും മൂല്യനിയമവും പണത്തിന്റെ അടിസ്ഥാനത്തിലുള്ള ഇടപാടുകളുമെല്ലാം അന്തർദ്ധാനം ചെയ്യുന്നു. സ്റ്റാലിൻ പറയുന്നു:

> ‘മൂല്യനിയമമെന്നപോലെ വിലയും ചരക്കുൽപാദനവുമായി ബന്ധപ്പെട്ട ഒരു ചരിത്രവസ്തുവാണ്. ചരക്കുൽപാദനം അന്തർദ്ദാനം ചെയ്യുമ്പോൾ മൂല്യവും അതിന്റെ രൂപങ്ങളും മൂല്യനിയമവുമെല്ലാം അന്തർദ്ധാനം ചെയ്യും. കമ്യൂണിസ്റ്റ് സമുദായത്തിന്റെ രണ്ടാം ഘട്ടത്തിൽ സാധാനങ്ങളുണ്ടാക്കാൻ ചിലവഴിക്കപ്പെടുന്ന അദ്ധ്വാനത്തിന്റെ തുകയെ അളക്കുന്നത് ചരക്കുൽപാദനത്തിന്റെ കാര്യത്തിൽ ചെയ്യുന്നപോലെ വളഞ്ഞവഴിക്കല്ല, നേരിട്ടും കാലതാമസം കൂടാതെയുമാണ്—സാധനങ്ങളുണ്ടാക്കാൻ ചെലവഴിക്കപ്പെട്ട സമയം മണിക്കൂറുകളുടെ എണ്ണം വഴിക്കാണ് കണക്കാക്കപ്പെടുന്നത്. അദ്ധ്വാനത്തിന്റെ വിതരണത്തെ സംബന്ധിച്ചാണെങ്കിൽ, ഉൽപാദനത്തിന്റെ വിവിധശാഖകൾക്കായി അദ്ധ്വാനത്തെ വിതരണം ചെയ്യുന്നതിനെ മൂല്യനിയമമല്ല ക്രമീകരിക്കുക—മൂല്യനിയമം അപ്പോഴേക്കും പ്രവർത്തിക്കാതാവും—പിന്നെയോ, സാധനങ്ങൾക്കുള്ള സാമൂഹ്യാവശ്യത്തിന്റെ വളർച്ചയാണതിനെ നിർണയിക്കുക. സാമൂഹ്യാവശ്യങ്ങളനുസരിച്ച് ഉൽപാദനത്തെ നിർണയിക്കുന്ന ഒരു സമുദായമായിരിക്കും അത്’. (സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ പേജ് 23–24)

## വർഗവ്യത്യാസങ്ങൾ

സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ തൊഴിലാളികളും കൃഷിക്കാരും ചൂഷണം ചെയ്യപ്പെടുന്നില്ലെന്നുള്ളതു ശരിയാണ്. എങ്കിലും അവർ തമ്മിൽ ചില വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്. തൊഴിലാളികൾ സ്റ്റേറ്റുവക സ്ഥാപനങ്ങളിലാണ് പണിയെടുക്കുന്നത്. ഗവണ്മെൻറും തൊഴിലാളികളും കൂടി നിശ്ചയിക്കുന്ന നിരക്കനുസരിച്ച് അവർക്കു പ്രതിഫലം ലഭിക്കുന്നു. കൃഷിക്കാരാകട്ടെ, കൂട്ടുകൃഷി സ്ഥാപനങ്ങളിലാണ്, സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട കൃഷിക്കാരുടെ കൂട്ടുസ്വത്തുക്കളിലാണ്, പ്രവർത്തിക്കുന്നത്. കൂട്ടുകൃഷിസ്ഥാപനങ്ങളുടെ ഒട്ടാകെയുള്ള ആദായം പണമായോ സാധനമായോ ഓരോ കൃഷിക്കാരന്റെയും പ്രവൃത്തിയുടെ തോതനുസരിച്ച് പങ്കിടപ്പെടുന്നു. പൊതുസ്വത്തായ കൂട്ടുകൃഷി സ്ഥാപനത്തിനുപുറമേ ഓരോ കർഷക കുടുംബത്തിനും സ്വകാര്യമായ തോട്ടങ്ങളുണ്ട്. ഇങ്ങനെ സോഷ്യലിസത്തിൽ പൊതുഉടമയുടെ രൂപത്തിലുള്ള വ്യത്യാസവുമായി ബന്ധപ്പെട്ടുകൊണ്ട് തൊഴിലാളികൾ, കൃഷിക്കാർ എന്നിങ്ങനെ സൗഹാർദ്ദത്തോടുകൂടി പ്രവർത്തിക്കുന്ന രണ്ടു വർഗങ്ങൾ വ്യത്യസ്ത നിലപാടുകളോടുകൂടി നിലനിൽക്കുന്നു.

കമ്യൂണിസത്തിൽ ഈ വ്യത്യാസമുണ്ടായിരിക്കുകയില്ല. എല്ലാ ഉൽപാദനരംഗങ്ങളും ഒരേതരത്തിലുള്ള പൊതുവുടമയിലായിത്തീരുന്നതുകൊണ്ട് കൃഷിക്കാരും തൊഴിലാളികളും തമ്മിലുള്ള വ്യത്യാസങ്ങൾ അന്തർദ്ധാനം ചെയ്യും. വർഗവ്യത്യാസങ്ങളുടെ അവശിഷ്ടങ്ങൾ പോലും ഇല്ലാതാവും.

മുതലാളിത്തരാജ്യങ്ങളിൽ പട്ടണവും ഗ്രാമവും തമ്മിൽ നികത്താനാകാത്ത ഒരു വൈരുധ്യം നിലനിൽക്കുന്നുണ്ട്. സ്റ്റാലിൻ ചൂണ്ടിക്കാണിച്ചതുപോലെ: ‘പട്ടണം ഗ്രാമത്തെ ചൂഷണം ചെയ്യുകയും മുതലാളിത്തത്തിൻ കീഴിൽ വ്യവസായം, വാണിജ്യം, കടമിടപാട് മുതലായവയുടെ വളർച്ച കൃഷിക്കാരെ സ്വത്തില്ലാത്തവരാക്കി മാറ്റുകയും, ഭൂരിപക്ഷക്കാരായ ഗ്രാമീണരെ തകർക്കുകയും ചെയ്യുന്നുവെന്നതാണ് ഈ വിരോധത്തിന്റെ സാമ്പത്തികാടിസ്ഥാനം’.

## മറ്റു വ്യത്യാസങ്ങൾ

സോഷ്യലിസം കെട്ടിപ്പടുക്കപ്പെട്ടതോടുകൂടി മുതലാളിത്തവും ചൂഷണവ്യവസ്ഥയും അവസാനിച്ചതിനാൽ സോവിയറ്റ് യൂണിയനിൽ ഗ്രാമവും പട്ടണവും തമ്മിലും കൃ

ഷിയും വ്യവസായവും തമ്മിലുമുള്ള വൈരുദ്ധ്യങ്ങൾക്ക സ്ഥാനമില്ലാതായി. വ്യവസായമെന്നപോലെ കൃഷിയും പൊതുവുടമയിൻകീഴിലായി. സോഷ്യലിസം കെട്ടിപ്പടുക്കുന്ന കാര്യത്തിൽ തൊഴിലാളികളും കൂട്ടുകൃഷിക്കാരനും ഒരേ താൽപര്യമാണുള്ളത്. അങ്ങനെ സൗഹാർദ്ദത്തിന്റേതും പരസ്പരസഹകരണത്തിന്റേതുമായ പുതിയ ബന്ധങ്ങളാവിർഭവിച്ചു. എങ്കിലും പഴയ വൈരുദ്ധ്യങ്ങളുടെ അവശിഷ്ടങ്ങളെന്ന നിലയ്ക്ക് പ്രധാനമായ ചില വ്യത്യാസങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. വ്യത്യസ്ത സാഹചര്യങ്ങളിലാണ് വ്യവസായവും കൃഷിയും നടക്കുന്നത്. വ്യവസായത്തിൽ ഉൽപാദനോപകരണങ്ങളും ഉൽപന്നങ്ങളും തികച്ചും പൊതുവുടമയിൻകീഴിലായിരിക്കുമ്പോൾ കൃഷി കൂട്ടുകൃഷി സ്ഥാപനത്തിന്റെ ഉടമാവകാശത്തിലാണ്. കമ്യൂണിസത്തിൽ ഈ വ്യത്യാസമുണ്ടാവില്ല.

മാനസികാദ്ധ്വാനവും കായികാദ്ധ്വാനവും തമ്മിലും ഇതുപോലൊരു വൈരുദ്ധ്യമുണ്ട്. മുതലാളിത്തത്തിലാണ് അതുറച്ചുനിൽക്കുന്നത്. 'മാനസിക ജോലിക്കാർ കായിക ജോലിക്കാരെ ചൂഷണം ചെയ്യുന്നുവെന്നതാണ് മാനസികാദ്ധ്വാനവും കായികാദ്ധ്വാനവും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെ സാമ്പത്തികാടിസ്ഥാനം (സ്റ്റാലിൻ) സോഷ്യലിസത്തിൽ ഈ സാമ്പത്തികാടിസ്ഥാനം നശിപ്പിക്കപ്പെട്ടതുകൊണ്ട് കായികജോലിക്കാരും മാനസികജോലിക്കാരും തമ്മിലുള്ള വൈരുദ്ധ്യവും ശത്രുത്വവും അവസാനിച്ചിരിക്കുന്നു. തൊഴിലാളികളിൽ ഗണ്യമായ ഒരു ഭാഗത്തിന്റെ സാങ്കേതികനിലവാരം എൻജിനീയർമാരുടെയും സാങ്കേതികവിദഗ്ധൻമാരുടെയും സാങ്കേതികനിലവാരത്തോളം ഉയർത്തപ്പെട്ടിരിക്കുന്നു. ജനങ്ങളുടെ സാംസ്കാരിക നിലവാരം മുതലാളിത്തരാജ്യങ്ങൾക്ക സ്വപ്നം കാണാൻപോലും കഴിയാത്തവിധം വളർത്തപ്പെട്ടിരിക്കുന്നു. എങ്കിലും പഴയ വൈരുദ്ധ്യങ്ങളുടെ അവശിഷ്ടങ്ങളെന്ന നിലയ്ക്ക് കായികാദ്ധ്വാനവും മാനസികാദ്ധ്വാനവും തമ്മിൽ സാംസ്കാരിക നിലവാരങ്ങളിലുള്ള വ്യത്യാസങ്ങൾ ഇപ്പോഴും കുറച്ചൊക്കെ നിലനിൽക്കുന്നുണ്ട്. തൊഴിലാളികൾ, കൃഷിക്കാർ, ബുദ്ധിജീവികൾ എന്നീ ജനവിഭാഗങ്ങളുടെ സാംസ്കാരിക നിലവാരങ്ങൾ വ്യത്യസ്തങ്ങളാണ്. ഈ കാതലായ വ്യത്യാസങ്ങൾ കമ്യൂണിസത്തിൽ അന്തർദ്ധാനം ചെയ്യും. ജനങ്ങളുടെയാകെ സാങ്കേതികനിലവാരം വിദഗ്ധൻമാരുടെ നിലവാരത്തിലേക്കുയരും.

കമ്യൂണിസത്തിൽ 'ഓരോരുത്തനിൽ നിന്നും അവന്റെ കഴിവിനനുസരിച്ച്, ഓരോരുത്തനും അവന്റെ ആവശ്യമനുസരിച്ച്' എന്ന തത്വമാണ് പ്രവർത്തിക്കുക. ഇത് പ്രായോഗികമാവണമെങ്കിൽ ഓരോ ആൾക്കും എന്തുവേണമെങ്കിലും ഇഷ്ടം പോലെ എടുത്തനുഭവിക്കാൻ കഴിയത്തക്കവണ്ണം ഉൽപാദനശക്തികൾ വളരേണ്ടതുണ്ട്. ശാസ്ത്രവും സംസ്കാരവും പൂർവാധികം അഭിവൃദ്ധിപ്പെടേണ്ടതുണ്ട്. സോഷ്യലിസത്തിൽ തന്നെ വ്യവസായവും കൃഷിയും സംസ്കാരവും അത്ഭുതപൂർവമായ തോതിൽ വളർന്നുകഴിഞ്ഞിട്ടുണ്ടെന്നുള്ളതു ശരിയാണ്. എങ്കിലും ജനങ്ങളുടെ വിവിധങ്ങളായ എല്ലാത്തരം ആവശ്യങ്ങളെയും അങ്ങേയറ്റം തൃപ്തിപ്പെടുത്താൻ കഴിയത്തക്കവണ്ണം ഉൽപാദനം ഇനിയും വളർന്നുകഴിഞ്ഞിട്ടില്ല. കമ്യൂണിസത്തിൽ കൂടുതൽ ഉയർന്ന സാങ്കേതികരീതികളുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ സമൃദ്ധി സുരക്ഷിതമായിത്തീരും. സർവ്വമുഖമായ സമൃദ്ധിയിലൂടെ മനുഷ്യനു തികച്ചും സ്വതന്ത്രനായിത്തീരാനുള്ള പരിതഃസ്ഥിതികൾ സൃഷ്ടിക്കപ്പെടും. പ്രകൃതിയുടെമേൽ പരിപൂർണ വിജയം നേടുന്ന മനുഷ്യത്വത്തിന്റെ മഹനീയതകൾ വിളംബരം ചെയ്യപ്പെടും.

സോഷ്യലിസം കെട്ടിപ്പടുക്കുന്ന കാര്യത്തിൽ പരിപൂർണമായി വിജയിച്ചുകഴിഞ്ഞ സോവിയറ്റ് യൂണിയൻ അടുത്തഘട്ടത്തിലേക്ക്, കമ്യൂണിസത്തിലേക്ക്, മാർച്ച് ചെയ്തുകൊണ്ടിരിക്കുകയാണ്.

## ഭരണകൂടമില്ലാത്ത വർഗരഹിതസമുദായം

സമുദായത്തിലെ വർഗവ്യത്യാസങ്ങൾ തികച്ചും നാമാവശേഷമാകുന്നതോടുകൂടി ഭരണകൂടവും അന്തർദ്ധാനം ചെയ്യുമെന്ന് മാർക്സും എംഗെൽസും പഠിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ ഭരണകൂടമെന്നത് ഒരു വർഗം മറ്റൊരു വർഗത്തെ അടിച്ചമർത്താൻ വേണ്ടി ഉപയോഗിക്കുന്ന ഒരായുധമാണ്. മുതലാളിത്തത്തിൽ തൊഴിലാളികളും കൃഷിക്കാരും അടിച്ചമർത്തപ്പെടുന്നു; സോഷ്യലിസത്തിൽ മുതലാളികളും അവരുടെ ഏജൻറുമാരും അടിച്ചമർത്തപ്പെടുന്നു. വർഗരഹിതമായ സമുദായത്തിൽ അടിച്ചമർത്തലിന്റെ ആവശ്യമുണ്ടാവില്ല. തൊഴിലാളി വിപ്ലവത്തോടൊപ്പം സ്റ്റേറ്റ് നാമാവശേഷമാകുമെന്നല്ല ഇപ്പറഞ്ഞതിനർത്ഥം. എന്തുകൊണ്ടെന്നാൽ തൊഴിലാളി വിപ്ലവത്തിൽ പരാജിതരാക്കപ്പെടുന്ന മുതലാളികൾ പൂർവാധികം വാശിയോടും ഭ്രാന്തോടും കൂടി തൊഴിലാളി ഭരണത്തിനെതിരായി അണിനിരക്കും. പരസ്യമായി എതിർക്കാൻ വയ്യാതായാൽ അവർ രഹസ്യമായി എതിർപ്പുകൾ സംഘടിപ്പിക്കും. തരം കിട്ടിയാൽ അവർ യുദ്ധത്തിനിറങ്ങും. അതുകൊണ്ട് ഈ എതിർപ്പുകളെ നേരിടാനും മുതലാളിത്തത്തിന്റെ എല്ലാ അവശിഷ്ടങ്ങളെയും തുടച്ചുനീക്കാനും ജാഗരൂകവും സുശക്തവുമായ ഒരു ഭരണകൂടം കൂടിയേ കഴിയൂ. പക്ഷേ, വർഗരഹിതമായ സമുദായം മുന്നേറുന്തോറും സ്റ്റേറ്റിന്റെ പ്രവർത്തനങ്ങൾ ഒന്നിനുശേഷം മറ്റൊന്നായി അപ്രത്യക്ഷമാവും. അങ്ങനെ ഒടുവിൽ ഭരണകൂടമില്ലാത്ത ഒരു വർഗരഹിത സമുദായം ആവിർഭവിക്കും.

സോവിയറ്റ് യൂണിയനിൽ വർഗവ്യത്യാസങ്ങളെയെല്ലാം അമ്പേ തുടച്ചുനീക്കിക്കൊണ്ട് വർഗരഹിതമായസമുദായം കെട്ടിപ്പടുക്കുവാൻ കരുത്തുള്ള സുശക്തമായ ഒരു ഭരണകൂടം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. വർഗവ്യത്യാസങ്ങളുടെ എല്ലാ അവശിഷ്ടങ്ങളും നിർമാർജനം ചെയ്യപ്പെടുന്നതോടുകൂടി സ്റ്റേറ്റ് ആഭ്യന്തരമായ പ്രവർത്തനങ്ങളിൽ തലയിടാതാവും. എന്നാൽ പിന്നെയും സ്റ്റേറ്റിന് സാർവദേശീയമായ ഒരു പങ്കുണ്ടായിരിക്കും. മുതലാളിത്തരാജ്യങ്ങളുടെ ആക്രമണഭീഷണി നിലനിൽക്കുന്നിടത്തോളം ഇതാവശ്യമായിരിക്കും. അപ്പോൾ കമ്യൂണിസം കെട്ടിപ്പടുക്കപ്പെട്ടതിനുശേഷവും പുറമെനിന്നുള്ള ഭീഷണി നിലനിൽക്കുന്നിടത്തോളം സോവിയറ്റ് സ്റ്റേറ്റും നലിനിൽക്കും. മുതലാളിത്തത്തിന്റേതായ ബാഹ്യവലയം ഛിന്നഭിന്നമായാൽ മാത്രമേ സ്റ്റേറ്റിന്റെ ആവശ്യമില്ലാത്ത കമ്യൂണിസത്തിൽ ഭരണകൂടമുണ്ടാകുമോ എന്ന ചോദ്യത്തിന് മറുപടിയായി 18-ാം പാർട്ടി കോൺഗ്രസിൽ വെച്ച് സഖാവ് സ്റ്റാലിൻ ഉറപ്പിച്ചു പറഞ്ഞു:

> 'ഉവ്വ്, മുതലാളിത്തവലയം നശിപ്പിക്കപ്പെടാത്തിടത്തോളം, പുറമെനിന്നുള്ള സൈനികാക്രമണത്തിന്റെ അപായം നീക്കം ചെയ്യപ്പെടാത്തിടത്തോളം, അതു നിലനിൽക്കും. എന്നാൽ ആഭ്യന്തരമായും ബാഹ്യമായുമുള്ള സ്ഥിതികളിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് നമ്മുടെ ഭരണകൂടത്തിന്റെ രൂപങ്ങൾക്കും, സ്വാഭാവികമായി, വീണ്ടും മാറ്റങ്ങളുണ്ടാവും'.
>
> 'ഇല്ല, മുതലാളിത്തവലയം നശിപ്പിക്കപ്പെടുകയും അതിന്റെ സ്ഥാനത്ത് ഒരു സോഷ്യലിസ്റ്റ് വലയം കെട്ടിപ്പടുക്കുകയും ചെയ്താൽ അതു നിലനിൽക്കുകയില്ല; അതു വാടിക്കരിഞ്ഞുപോകും'.

ചുറ്റുപാടും മുതലാളിത്തരാജ്യങ്ങൾ നിലനിൽക്കുന്നിടത്തോളംകാലം ഒരു രാജ്യത്തിൽ മാത്രമായി സോഷ്യലിസം കെട്ടിപ്പടുക്കുക സാധ്യമല്ലന്ന് ട്രോഡ്സ്കിയും കൂട്ടുകാരും വാദിച്ചിരുന്നു. അവരുടെ വാദം തെറ്റാണെന്ന് സഖാവ് സ്റ്റാലിന്റെ നേതൃത്വത്തിൽ സോവിയറ്റ് യൂണിയൻ തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ചുറ്റുപാടും മുതലാളിത്തരാജ്യങ്ങൾ നിലനിൽക്കെ തന്നെ ഒരു രാജ്യത്തിൽ മാത്രമായി സോഷ്യലിസം മാത്രമല്ല, അതിനേക്കാൾ ഉയർന്ന ഘട്ടമായ കമ്യൂണിസവും കെട്ടിപ്പടുക്കാൻ കഴിയുമെന്ന് അദ്ദേഹം വ്യക്തമാക്കിയിരിക്കുന്നു. കമ്യൂണിസത്തിന്റെ വിജയത്തിന്റെ ആഭ്യന്തരവും സാർവദേശീയവുമായ ഉപാധികളെ വിശകലനം ചെയ്തുകൊണ്ട് അദ്ദേഹം പ്രഖ്യാപിക്കുന്നു:

> 'ഒരു രാജ്യത്തിൽ മാത്രമായി കമ്യൂണിസം തികച്ചും സാധ്യമാണ്. പ്രത്യേകിച്ചും സോവിയറ്റ് യൂണിയനെപ്പോലുള്ള ഒരു രാജ്യത്തിൽ'.

സോഷ്യലിസം കെട്ടിപ്പടുക്കുന്ന കാര്യത്തിൽ പരിപൂർണമായി വിജയിച്ചുകഴിഞ്ഞ സോവിയറ്റ് യൂണിയൻ അടുത്തഘട്ടത്തിലേക്ക്, കമ്യൂണിസത്തിലേക്ക് തലയുയർത്തിപ്പിടിച്ചുകൊണ്ട് മാർച്ച് ചെയ്യുകയാണ്. ചൈന, വിയറ്റ്നാം, കൊറിയൻ ജനാധിപത്യ റിപ്പബ്ലിക്ക്, മംഗോളിയ, പോളണ്ട്, ചെക്കോസ്ലോവാക്കിയ, ഹംഗറി, റുമേനിയ, ബൾഗേറിയ, ആൽബേനിയ, ജർമൻ ജനാധിപത്യ റിപ്പബ്ലിക്ക് എന്നീപതിനൊന്നു രാജ്യങ്ങളിൽ കമ്യൂണിസത്തിന്റെ ഒന്നാം ഘട്ടമായ സോഷ്യലിസമാണ് കെട്ടിപ്പടുക്കപ്പെട്ടുകൊണ്ടിരിക്കുന്നത്.

## 3

മുതലാളിത്തത്തിനും സോഷ്യലിസത്തിനുമിടയിൽ ഒരു സാമൂഹ്യവ്യവസ്ഥയെ മറ്റൊരു സാമൂഹ്യവ്യവസ്ഥയാക്കി മാറ്റാനുള്ള ഒരിടക്കാലഘട്ടമുണ്ടായിരിക്കുമെന്ന് മാർക്സിസം—ലെനിനിസം പഠിപ്പിക്കുന്നു. ആ ഇടക്കാലഘട്ടത്തിന്റെ വർഗപരമായ ഉള്ളടക്കം തൊഴിലാളി സർവാധിപത്യമായിരിക്കും. പക്ഷേ, ഗവണ്മെൻറിന്റെ രൂപങ്ങൾ ഓരോ രാജ്യത്തിലെയും പ്രത്യേക പരിതഃസ്ഥിതികളനുസരിച്ച് വ്യത്യസ്തങ്ങളായിരിക്കും. ലെനിൻ എഴുതുകയുണ്ടായി:

> 'മുതലാളിത്തത്തിൽ നിന്ന് കമ്യൂണിസത്തിലേക്കുള്ള പരിവർത്തനഘട്ടം വ്യത്യസ്തങ്ങളായ പലപല രൂപങ്ങളും കൈക്കൊള്ളുന്നതാണ്. പക്ഷേ, അതിന്റെ സത്ത് ഒന്നുതന്നെയായിരിക്കും; തൊഴിലാളി സർവാധിപത്യം'.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം, പൊതുസാമ്പത്തികക്കുഴപ്പത്തിന്റെ രണ്ടാം ഘട്ടത്തിൽ, യൂറോപ്പിലും ഏഷ്യയിലുമുള്ള വിവിധ രാജ്യങ്ങളിൽ സാമ്രാജ്യാധിപത്യത്തിനും ഫ്യൂഡലിസത്തിനുമെതിരായ വിപ്ലവങ്ങളിലൂടെ ഉയർന്നുവന്ന ജനകീയജനാധിപത്യം ഒരു സവിശേഷരൂപത്തിലുള്ള സാമൂഹ്യരാഷ്ട്രീയ സംഘടനയാണ്. മുതലാളിത്ത ശക്തികളെ ബഹുജനങ്ങളിൽ നിന്ന് ഒറ്റപ്പെടുത്തുക, ജനകീയജനാധിപത്യ ഭരണകൂടത്തിന്റെ നിയന്ത്രണത്തിൽ വ്യവസായവും കൃഷിയും അഭിവൃദ്ധിപ്പെടുത്തുക, തൊഴിലാളി വർഗത്തിന്റെ നേതൃത്വത്തിൽ എല്ലാ മർദ്ദിതജനവിഭാഗങ്ങളെയും യോജിപ്പിച്ച് അണിനിരത്തിക്കൊണ്ട് സോഷ്യലിസത്തിന് വഴിയൊരുക്കുക മുതലായവയാണ് അതിന്റെ കടമകൾ. ഭൗതികപരിതഃസ്ഥിതികളിലുള്ള പ്രത്യേകതകളെ കണക്കിലെടുത്തുകൊണ്ടാണ് ഈ കടമകൾ നിറവേറ്റപ്പെടുന്നത്.

## ജനകീയ ജനാധിപത്യത്തിന്റെ രണ്ടു ഘട്ടങ്ങൾ

യൂറോപ്പിലെ ജനകീയ ജനാധിപത്യ രാജ്യങ്ങളിൽ രണ്ടു തരത്തിലുള്ള സ്വത്തുടമാവകാശങ്ങളുണ്ട്: സ്റ്റേറ്റിന്റെ കീഴിലും സഹകരണാടിസ്ഥാനത്തിലുമുള്ള സോഷ്യലിസ്റ്റ് സ്വത്തുടമാവകാശവും ഉൽപാദനോപകരണങ്ങളുടെ മേലുള്ള സ്വകാര്യ വ്യക്തികളുടെ ഉടമാവകാശവും. രണ്ടാമത്തെ വിഭാഗത്തിൽ അധ്വാനിക്കുന്ന കൃഷിക്കാരും കൈവേലക്കാരും മാത്രമല്ല മുതലാളികളും ഉൾനാടുകളിലെ കുലാക്കുകളും ഉൾപ്പെടുന്നു. ഓരോ ജനകീയജനാധിപത്യ രാജ്യത്തിലും സോഷ്യലിസ്റ്റ് ഉൽപാദനം, ചെറുകിടക്കാരുടെ ചരക്കുൽപാദനം, മുതലാളിത്തോൽപാദനം എന്നിങ്ങനെ മൂന്നുതരം ഉൽപാദനവ്യവസ്ഥകളുണ്ട്. ഈ വ്യത്യാസമനുസരിച്ച് തൊഴിലാളികൾ, കൃഷിക്കാർ, മുതലാളികൾ എന്നിങ്ങനെ മൂന്നു വർഗങ്ങളും നിലനിൽക്കുന്നു. എന്നുവെച്ചാൽ വർഗവ്യത്യാസങ്ങളും ചൂഷണവും നിലനിൽക്കുന്നു. പക്ഷേ, സോഷ്യലിസ്റ്റ് ഉൽപാദനരംഗമാണ് സാമ്പത്തികവ്യവസ്ഥയിൽ മേധാവിത്വം വഹിക്കുന്നത്. അതാണ് വളരുകയും ശക്തിപ്പെടുകയും ചെയ്യുന്നത്. അതാണ് നിർണായകമായ പങ്കു വഹിക്കുന്നത്. ഭരണകൂടവും പ്രധാനമായ ഉൽപാദനോപകരണങ്ങളും തൊഴിലാളിവർഗത്തിന്റെ കയ്യിലാണ്. ഈ പരിതഃസ്ഥിതിയുപയോഗിച്ചുകൊണ്ട് സോഷ്യലിസ്റ്റ് ഉൽപാദനത്തെ വളർത്തുന്നതോടൊപ്പം മുതലാളിത്തഘടകങ്ങളുടെ പ്രവർത്തനരംഗത്തെ അധികമധികം നിയന്ത്രിച്ചുകൊണ്ടുവരുവാനും ഒടുവിൽ അവയെ പരിപൂർണമായും അവസാനിപ്പിക്കുവാനും സാധിക്കുന്നു.

മറ്റൊരുവിധം പറഞ്ഞാൽ, രണ്ടുഘട്ടങ്ങളിലൂടെയാണ് ജനകീയജനാധിപത്യം വളരുന്നത്.

സാമ്രാജ്യത്വ ഫ്യൂഡൽ ശക്തികൾക്കെതിരായ ജനാധിപത്യ വിപ്ലവത്തിന്റെ ഘട്ടവും സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഘട്ടവും. ഒന്നാമത്തെ ഘട്ടത്തിന്റെ കടമകൾ നിർവഹിക്കുന്നതിലൂടെയാണ് രണ്ടാം ഘട്ടത്തിലെത്തിച്ചേരുന്നത്.

മധ്യയൂറോപ്പിലെയും കിഴക്കൻ യൂറോപ്പിലെയും ജനകീയ ജനാധിപത്യത്തിന്റെ ഒന്നാംഘട്ടം 1945 ഓടുകൂടിയാരംഭിച്ചു. ചൈനയിൽ 1949ഓടുകൂടിയാണാരംഭിച്ചത്. വൻകിട വ്യവസായങ്ങൾ, ബാങ്കുകൾ, ഗതാഗതം മുതലായവയെല്ലാം ദേശസാൽക്കരിക്കപ്പെട്ടു. അവയെല്ലാം ജനങ്ങളുടെ പൊതുസ്വത്തുക്കളാക്കി മാറ്റപ്പെട്ടു. അങ്ങനെ സാമ്പത്തികവ്യവസ്ഥയുടെ മർമസ്ഥാനങ്ങളിൽ നിന്ന് മുതലാളിത്തശക്തികൾ നീക്കം ചെയ്യപ്പെട്ടു.

## ജനകീയ ജനാധിപത്യത്തിന്റെ പരിപാടി

ജനകീയജനാധിപത്യത്തിന്റെ സാമ്പത്തിക കടമകളെ വിവരിച്ചുകൊണ്ട് 'ചൈനയിലെ പുതിയ ജനാധിപത്യം' എന്ന പുസ്തകത്തിൽ മാവോസേതുങ്ങ് എഴുതുകയുണ്ടായി:

> 'എല്ലാം വൻകിട ബാങ്കുകളും വൻകിട വ്യവസായങ്ങളും വൻകിട കച്ചവടസ്ഥാപനങ്ങളും ഈ റിപ്പബ്ലിക്കിന്റെ ഉടമയിലായിരിക്കും. സ്വകാര്യ ലാഭക്കൊള്ളയുടെ സ്വാധീനശക്തിയിൽ നിന്ന് ജനങ്ങളുടെ ജീവസന്ധാരണ സ്വാതന്ത്ര്യം സുരക്ഷിതമാക്കുവാൻ വേണ്ടി, വിദേശികളുടെയും സ്വദേശികളുടെയും ഉടമയിലുള്ള എല്ലാ വൻകിട സ്ഥാപനങ്ങളും, അതായത്, ഒന്നുകിൽ കുത്തകസ്ഥാപനങ്ങളോ അല്ലെങ്കിൽ സ്വകാര്യ മാനേജുമെൻറിന്റെ കഴിവുകളെ അതിലംഘിക്കുന്നവയോ ആയ ബാങ്കുകൾ, റെയിൽവേകൾ, വിമാനങ്ങൾ മുതലായവ—ഗവണ്മെൻറുതന്നെ ഏറ്റെടുത്തു നടത്തുകയും നിയന്ത്രിക്കുകയും വേണം. ഇതാണ് മുതലാളിത്തത്തെ നിയന്ത്രിക്കുക എന്ന സിദ്ധാന്തത്തിന്റെ സത്ത്... മറ്റുതരം സ്വകാര്യസ്വത്തുക്കളൊന്നും പുതിയ ജനാധിപത്യ ഗവണ്മെൻറ് കണ്ടുകെട്ടുകയില്ല. ജനങ്ങളുടെ ജീവസന്ധാരണത്തിന്

ഹാനി തട്ടാത്ത മുതലാളിത്തപരമായ വളർച്ചയെ അത് തടയുകയുമില്ല. കാരണം, ചൈനയുടെ സാമ്പത്തികനില ഇന്നും വളരെ പിന്നണിയിലാണ്".

വൻകിട ജന്മിമാരുടെ ഉടമസ്ഥതയിലുള്ള ഭൂമികൾ പിടിച്ചെടുക്കാനും ഭൂമി തീരെ ഇല്ലാത്തവരോ പറയാൻ മാത്രമില്ലാത്തവരോ ആയ കൃഷിക്കാർക്കിടയിൽ അതു വീതിച്ചുകൊടുക്കാനും പുതിയ ജനാധിപത്യ റിപ്പബ്ലിക് ചില അത്യാവശ്യനടപടികളെടുക്കും. 'ഭൂമി കൃഷിക്കാരന്' എന്ന ഡാ: ഡഞ്ഞിന്റെ മുദ്രാവാക്യം നടപ്പിൽ വരുത്താനും നാട്ടിൻപുറത്തെ നാടുവാഴിത്ത ബന്ധങ്ങൾ ഉച്ചാടനം ചെയ്യുവാനും അതു കൂടിയേ തീരൂ. എന്നാൽ, സോഷ്യലിസ്റ്റ് കൃഷിവ്യവസ്ഥ നടപ്പിലാക്കുന്നതിൽ നിന്നു വ്യത്യസ്തമാണ് മേൽപ്പറഞ്ഞത്. ഭൂമി കൃഷിക്കാരുടെ സ്വകാര്യസ്വത്താക്കുന്ന ഒരു നടപടി മാത്രമാണിത്. ധനിക കൃഷിക്കാരുടെ കൃഷിനടത്തിപ്പിന്റെ സാമ്പത്തിക രീതികൾ മുമ്പത്തെപ്പോലെ അനുവദിക്കപ്പെടുന്നതാണ്. 'ഭൂമി ഉടമസ്ഥതയെ സമീകരിക്കുക'യെന്ന നയത്തിന്റെ ലക്ഷ്യമാണിത്. ഇതു നടപ്പിൽ വരുമ്പോഴത്തെ ശരിയായ മുദ്രാവാക്യം 'ഭൂമി കൃഷിക്കാരന്' എന്നതാവണം.

ഇതൊക്കെയാണ് ജനകീയ ജനാധിപത്യത്തിലെ ഒന്നാം ഘട്ടത്തിന്റെ കടമകൾ. ഈ കടമകൾ നിർവഹിക്കപ്പെടുന്നതോടെ തൊഴിലാളി സർവാധിപത്യം സ്ഥാപിക്കാൻ വേണ്ടിയുള്ള രണ്ടാം ഘട്ടമാരംഭിക്കുന്നു. എന്നുവെച്ചാൽ സാമ്രാജ്യത്വത്തിനും ഫ്യൂഡലിസത്തിനുമെതിരായ വിപ്ലവം സോഷ്യലിസ്റ്റ് വിപ്ലവമായി വളരുന്നു. ജനകീയജനാധിപത്യത്തിന്റെ ഉള്ളടക്കം തൊഴിലാളി വർഗത്തിന്റെ നേതൃത്വത്തിലുള്ള സോഷ്യലിസമായിത്തീരുന്നു.

ഇന്ന് ജനകീയജനാധിപത്യ രാജ്യങ്ങളിലെല്ലാം സോഷ്യലിസത്തിന്റെ സാമ്പത്തിക നിയമമനുസരിച്ചാണ് ഉൽപാദനം നടക്കുന്നത്. കമ്യൂണിസത്തിന്റെ ഒന്നാം ഘട്ടമായ സോഷ്യലിസം എത്രത്തോളം വേഗത്തിൽ കെട്ടിപ്പടുക്കപ്പെടുന്നുവോ അത്രത്തോളം വേഗത്തിൽ ജനകീയ ജനാധിപത്യരാജ്യങ്ങൾ രണ്ടാം ഘട്ടമായ കമ്യൂണിസത്തിലേക്കു പ്രവേശിക്കാൻ തുടങ്ങും.

## 4

സോഷ്യലിസത്തിൽനിന്ന് കമ്യൂണിസത്തിലേക്കുള്ള വഴി തെളിയിക്കണമെങ്കിൽ മൂന്നു പ്രാഥമികോപാധികൾ സാധിക്കേണ്ടതായിട്ടുണ്ടെന്ന് സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നു.

### കമ്യൂണിസത്തിന്റെ മൗലികോപാധികൾ

ഒന്നാമതായി വേണ്ടത് അദ്ധ്വാനശക്തികളുടെ സർവ്വതോമുഖമായ വളർച്ചയാണ്. ഭൗതികസാമഗ്രികളുടെ ഉൽപാദനമാണ് എല്ലാ സാമൂഹ്യ വ്യവസ്ഥകളുടെയും അടിത്തറ. അതാണ് സാമൂഹ്യവളർച്ചയുടെ നിർണായകശക്തി. സോഷ്യലിസത്തിൽ നിന്നു കമ്യൂണിസത്തിലേക്കു മുന്നേറാൻ കഴിയണമെങ്കിൽ സാമൂഹ്യോൽപാദനത്തിന്റെ എല്ലാ ശാഖകളും വിപുലമായ തോതിൽ വളരേണ്ടതുണ്ട്. സമുദായത്തിലെ എല്ലാ വ്യക്തികൾക്കും ആവശ്യമായ എല്ലാ സാധനങ്ങളും എത്ര വേണമെങ്കിലും ലഭിക്കത്തക്കവണ്ണമുള്ള ഒരു നിലവാരം ഉൽപാദനത്തിനുണ്ടായിത്തീരണം. ഈ വളർച്ച ക്രമീകൃതമായും പ്ലാനോടുകൂടിയുമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഉദാഹരണത്തിന്, എല്ലാ വ്യവസായശാലകൾക്കും ആവശ്യമായ യന്ത്രസാമഗ്രികൾ

താരതമ്യേന കൂടുതൽ വിപുലമായ തോതിൽ വളർന്നാലേ ഇടമുറിയാത്തതും അനുദിനം വളർന്നുവരുന്നതുമായ പുനരുൽപാദനം സാധിക്കുകയുള്ളൂ. അതുകൊണ്ട് അടിസ്ഥാന വ്യവസായങ്ങൾക്ക്, ഉൽപാദനോപകരണങ്ങൾ നിർമിക്കുന്ന വ്യവസായശാലകൾക്ക്, താരതമ്യേന കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്. ഉൽപാദനോപകരണങ്ങളുടെ വളർച്ചയുടെയും സാങ്കേതികാഭിവൃദ്ധിയുടെയും അടിസ്ഥാനത്തിലാണ് പട്ടണത്തിലെന്നപോലെ ഗ്രാമത്തിലും സാമൂഹ്യോൽപാദനം അങ്ങേയറ്റം വളർത്തപ്പെടുന്നത്.

രണ്ടാമതായി, കൂട്ടുകൃഷി സ്വത്തിനെ പൊതുസ്വത്തിന്റെ നിലവാരത്തിലേക്കുയർത്തിക്കൊണ്ട് എല്ലാ സാമൂഹ്യോൽപാദന രംഗങ്ങളിലും ഒരേതരത്തിലുള്ള സ്വത്തുടമാവകാശം സ്ഥാപിക്കേണ്ടതുണ്ട്. ഇതു സ്റ്റേറ്റിന്റെ നിയമനിർമാണം കൊണ്ടു മാത്രം സാധിക്കുന്ന കാര്യമല്ല. രണ്ടുതരത്തിലുള്ള സോഷ്യലിസ്റ്റ് സ്വത്തുടമ സമ്പ്രദായങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളവസാനിപ്പിക്കാൻ കഴിയത്തക്കവണ്ണം ഉൽപാദനത്തെ പ്ലാനോടുകൂടി വളർത്തിക്കൊണ്ടു വരികയാണാവശ്യം.

ഇതു സാധിക്കണമെങ്കിൽ ഗ്രാമപ്രദേശങ്ങളും പട്ടണപ്രദേശങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളില്ലാതാവണം. എന്നുവെച്ചാൽ, വ്യവസായവും കൃഷിയും തമ്മിലുള്ള അകൽച്ചയവസാനിക്കണം. ഇതിന് കാർഷികരംഗത്തിൽ വിപുലമായ യന്ത്രവൽക്കരണമാവശ്യമാണ്. രണ്ടുതരം ഉൽപാദനരംഗങ്ങളുടെ സ്ഥാനത്ത് ഒരൊറ്റ ഉൽപാദനരംഗമാവിർഭവിക്കുന്നതോടുകൂടി മാത്രമേ പട്ടണവും ഗ്രാമവും തമ്മിലും വ്യവസായവും കൃഷിയും തമ്മിലുമുള്ള അകൽച്ചകൾ അവസാനിക്കൂ. അതോടുകൂടി മാത്രമേ തൊഴിലാളിയും കൃഷിക്കാരനും തമ്മിലുള്ള വ്യത്യാസങ്ങളും അവസാനിക്കുകയുള്ളൂ.

സമുദായത്തിലെ ഓരോ വ്യക്തിക്കും തന്റെ ശാരീരികവും മാനസികവുമായ കഴിവുകളെ സർവ്വതോമുഖമായി വളർത്താനും അങ്ങനെ ഓരോരുത്തനും തനിക്കിഷ്ടമുള്ള ജോലിയെടുക്കാനും കഴിയത്തക്കവണ്ണമുള്ള സാംസ്കാരിക പുരോഗതിയാണ് മൂന്നാമതായി വേണ്ടത്. ഇതിന്റെ അർത്ഥമെന്താണെന്ന് സോവിയറ്റ് യൂണിയന്റെ അനുഭവങ്ങളെ മുൻനിർത്തിക്കൊണ്ട് സ്റ്റാലിൻ വിവരിക്കുന്നു.

'അദ്ധ്വാനത്തിന്റെ ഇന്നത്തെ നിലയിൽ സാരമായ മാറ്റങ്ങൾ വരുത്താതെ, സമുദായത്തിലെ എല്ലാ മെമ്പർമാരുടെയും സാംസ്കാരിക നിലവാരത്തിൽ ഇങ്ങനെയൊരു മൗലികമായ അഭിവൃദ്ധി നേടാൻ കഴിയുമെന്ന് കരുതുന്നത് തെറ്റായിരിക്കും. ഇതിന് ആദ്യമായിത്തന്നെ, ജോലിസമയം ചുരുങ്ങിയത് ആറു മണിക്കൂറായും പിന്നീട് അഞ്ചു മണിക്കൂറായും കുറക്കേണ്ടതായിട്ടുണ്ട്. സമുദായത്തിലെ എല്ലാ അംഗങ്ങൾക്കും സർവ്വമുഖമായ ഒരു വിദ്യാഭ്യാസം കിട്ടുന്നതിനാവശ്യമായ ഒഴിവുസമയം ഉണ്ടാകാൻ വേണ്ടിയാണ് ഇത് ആവശ്യമായിട്ടുള്ളത്. കൂടാതെ സാർവത്രികവും നിർബന്ധവുമായ സാങ്കേതിക (പോളിടെക്നിക്കൽ) വിദ്യാഭ്യാസം നടപ്പിലാക്കേണ്ടതും ആവശ്യമാണ്—എന്നാൽ മാത്രമേ ഏതെങ്കിലുമൊരു ജോലിയിൽ ജീവിതമാകെ കുട്ടിക്കെട്ടി കിടക്കാനിടയാകാതെ യഥേഷ്ടം, സ്വതന്ത്രമായി, ജോലി തിരഞ്ഞെടുക്കാൻ കഴിയുകയുള്ളൂ. അതുപോലെതന്നെ പാർപ്പിട സൗകര്യങ്ങൾ ഇന്നത്തേക്കാൾ മൗലികമായി നന്നാക്കണം; കൂലിയും ശമ്പളവും നേരിട്ടുയർത്തിക്കൊണ്ടും അതിലും കൂടുതലായി ഉപയോഗസാധനങ്ങളുടെ വില ഇനിയും ക്രമമായി കുറച്ചുകൊണ്ടും തൊഴിലാളികളുടെയും മറ്റു ശമ്പളക്കാരുടെയും യഥാർഥ വരുമാനം ഇരട്ടിപ്പിക്കുകയെങ്കിലും വേണം'. (സ്റ്റാലിൻ: സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ പേജ് 75–76).

ഈ മൗലികോപാധികളെല്ലാം പരിപൂർണമായും നിറവേറ്റപ്പെടുന്നതോടുകൂടി സമുദായം 'ഓരോരുത്തനിൽ നിന്നും കഴിവനുസരിച്ച്, ഓരോരുത്തനും അദ്ധ്വാനമനുസരിച്ച്' എന്ന സോഷ്യലിസ്റ്റ് തത്വത്തിൽ നിന്ന് 'ഓരോരുത്തനിൽ നിന്നും കഴിവനുസരിച്ച്, ഓരോരുത്തനും ആവശ്യമനുസരിച്ച്'. എന്ന കമ്യൂണിസ്റ്റ് തത്വത്തിലേക്ക് കടക്കുന്നതായിരിക്കും. എന്നുവെച്ചാൽ, പരിപൂർണമായ കമ്യൂണിസം നടപ്പിൽ വരും.

## പുതിയ മനുഷ്യൻ

സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനിടയിൽ ഉൽപാദനോപകരണങ്ങളും ഉൽപാദന ബന്ധങ്ങളും മാത്രമല്ല മനുഷ്യൻ തന്നെയും മാറുന്നു. വർഗരഹിതവും സുഖസംതൃപ്തവും സ്നേഹസമ്പന്നവുമായ പുതിയ സമുദായത്തിന് യോജിച്ച ഒരു പുതിയ മനുഷ്യൻ ആവിർഭവിക്കുന്നു. സ്റ്റാലിൻ ചൂണ്ടിക്കാണിച്ചതുപോലെ 'മനുഷ്യന്റെ വ്യക്തിത്വം ഒരുപിടി ഭക്ഷണത്തിനു വേണ്ടിയുള്ള വേവലാതിയിൽ നിന്നു ലോകത്തിൽ വെച്ചു ശക്തിയുള്ളവന്റെ മുമ്പിൽ കുമ്പിടേണ്ട ആവശ്യത്തിൽ നിന്നും മോചനം നേടിക്കൊണ്ട് സ്വതന്ത്രമായിത്തീരുന്നു'. എന്നുവെച്ചാൽ, മനുഷ്യന്റെ വ്യക്തിത്വം മുൻപൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം വികസിക്കുന്നു. അവന്റെ മാനസികവും ശാരീരികവും ഭൗതികവു സാംസ്കാരികവുമായ എല്ലാ കഴിവുകളും അങ്ങേയറ്റം വളരുന്നു. പ്രകൃതിയുടെയും സാമൂഹ്യസംഘടനകളുടെയും അടിമയായിക്കഴിഞ്ഞുപോന്ന മനുഷ്യൻ തികച്ചും സ്വതന്ത്രനായിത്തീരുന്നു.

പുതിയ സാമൂഹ്യവ്യവസ്ഥയും സാമ്പത്തികപുരോഗതിയും മനുഷ്യനിൽ തന്നെ മാറ്റങ്ങളുണ്ടാക്കുന്നു. അവന്റെ സാമൂഹ്യബന്ധങ്ങൾ മാറുന്നു. സ്വഭാവവിശേഷങ്ങൾ മാറുന്നു. വീക്ഷണഗതി മാറുന്നു. മുതലാളിത്ത സമുദായത്തിൽ വ്യക്തിനിഷ്ഠമായ ഒരു വീക്ഷണഗതിയാണ് മേധാവിത്വം വഹിക്കുന്നത്. ഓരോ വ്യക്തിയും മറ്റെല്ലാവർക്കുമെതിരായി തന്റെ സ്വന്തം സ്വാർത്ഥത്തിനുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. മറ്റുള്ളവർ തുലഞ്ഞാലും തനിക്ക് ലാഭം കിട്ടണമെന്നാണ് ഓരോരുത്തനും ആഗ്രഹിക്കുന്നത്. വർഗവും വർഗവും തമ്മിലും വ്യക്തിയും വ്യക്തിയും തമ്മിലുമുള്ള സമരങ്ങൾ സമുദായത്തെയാകെ മലീമസമാക്കിത്തീർക്കുന്നു. ഈ മത്സരത്തിന്റെ കൂടപ്പിറപ്പുകളായ വെറുപ്പും, വിദ്വേഷവും, വഞ്ചനയും, സ്വാർത്ഥതയും, കളവും, കൊലയും എല്ലായിടത്തും നടമാടുന്നു.

ഉൽപാദനോപകരണങ്ങൾ പൊതുവുടമയിലാക്കപ്പെടുന്നതോടുകൂടി അരാജകവും വ്യക്തിപരവുമായ ഉൽപാദനത്തിന്റെ സ്ഥാനത്ത് പ്ലാനോടുകൂടിയ സാമൂഹ്യോൽപാദനം നിലവിൽ വരുന്നു. വർഗവ്യത്യാസങ്ങളും ചൂഷണവും വ്യക്തികൾ തമ്മിലുള്ള മത്സരവും അവസാനിക്കുന്നു. ഓരോ വ്യക്തിയും തന്റെ സ്വന്തം ലാഭത്തിനുവേണ്ടിയല്ല സമുദായത്തിന്റെയാകെ നന്മയ്ക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. വ്യക്തിയുടെ അഭിവൃദ്ധി സമുദായത്തിന്റെയാകെ അഭിവൃദ്ധിയെ ആശ്രയിച്ചാണിരിക്കുന്നത്. ഈ പുതിയ സാമൂഹ്യസാമ്പത്തിക സാഹചര്യങ്ങൾ മനുഷ്യന്റെ ജീവിതരീതിയെ മാത്രമല്ല വീക്ഷണഗതിയെ മാറ്റിമറിക്കുന്നു. വ്യക്തിനിഷ്ഠവും സങ്കുചിതവുമായ വീക്ഷണഗതിയുടെ സ്ഥാനത്ത് സാമൂഹ്യമായ വീക്ഷണഗതിയാവിർഭവിക്കുന്നു. വെറുപ്പും വഞ്ചനയും സ്വാർത്ഥവും ചതിയും നടമാടിയിരുന്നേടത്ത് സ്നേഹവും സഹകരണവും വിശ്വാസവും വിളയാടാൻ തുടങ്ങുന്നു. മനുഷ്യന്റെ മാനസികമണ്ഡലത്തിൽ നിലനിൽക്കുന്ന മുതലാളിത്ത ചിന്താഗതികളുടെ അവശിഷ്ടങ്ങൾ തു

ടച്ച് നീക്കപ്പെടുകയും വർഗരഹിതമായ കമ്യൂണിസ്റ്റ് സമുദായത്തിന് യോജിച്ച ഒരു പുതിയ മനുഷ്യൻ ആവിർഭവിക്കുകയും ചെയ്യുന്നു.

മനുഷ്യന്റെ ഈ പരിവർത്തനം തന്നെത്താനല്ല, ഇടവിടാത്ത ആശയസമരങ്ങളുടെ ഫലമായിട്ടാണ് സംഭവിക്കുന്നത്. സാമൂഹ്യസാമ്പത്തിക പുരോഗതിയാണ് പുതിയ ആശയങ്ങളുടെ ഉറവിടം. പുതിയ ആശയങ്ങളാകട്ടെ സാമൂഹ്യപുരോഗതിയെയും സഹായിക്കുന്നു. സ്റ്റാലിൻ ചൂണ്ടിക്കാണിക്കുന്നതുപോലെ:

> 'പലതരത്തിലുള്ള സാമൂഹ്യശക്തികളും സിദ്ധാന്തങ്ങളുമുണ്ട്. പഴയ ജീർണിച്ചു പോയ, സാമൂഹ്യജീവിതത്തിലെ പിന്തിരിപ്പൻ ശക്തികളുടെ താൽപര്യത്തെ സംരക്ഷിക്കുന്ന ആശയങ്ങളും സിദ്ധാന്തങ്ങളുമുണ്ട്. സാമൂഹ്യവളർച്ചയെ തടയുന്നുവെന്നതാണ് അവയുടെ പ്രാധാന്യം. സമുദായത്തിലെ പുരോഗമനശക്തികളുടെ താൽപര്യങ്ങളെ സംരക്ഷിക്കുന്ന, പുതിയ, പുരോഗമനപരമായ ആശയങ്ങളും സിദ്ധാന്തങ്ങളുമുണ്ട്. സാമൂഹ്യവളർച്ചയെ സഹായിക്കുന്നുവെന്നതാണ് അവയുടെ പ്രാധാന്യം. സമുദായത്തിന്റെ ഭൗതികാവശ്യങ്ങളെ എത്രത്തോളം അവ പ്രതിബിംബിപ്പിക്കുന്നുവോ അത്രയ്ക്കാണ് അവയുടെ പ്രാധാന്യം... പുതിയ ആശയങ്ങളും സിദ്ധാന്തങ്ങളും ഉളവാകുന്നത് സമുദായത്തിന് അവ ആവശ്യമായി വരുന്നതിനാലാണ്; അവയുടെ സഹായത്തോടുകൂടി സമുദായത്തെ സംഘടിപ്പിക്കുകയും അണിനിരത്തുകയും മാറ്റിമറിക്കുകയും ചെയ്യാതെ ഭൗതികജീവിതത്തിന്റെ വളർച്ച ആവശ്യപ്പെടുന്ന അടിയന്തിര കടമകൾ നിർവഹിക്കാൻ കഴിയാതെ വരുന്നതുകൊണ്ടാണ് ഭൗതിക ജീവിതത്തിന്റെ വളർച്ച ആവശ്യപ്പെടുന്ന പുതിയ കടമകൾ നിമിത്തം ഉളവായ ഈ ആശയങ്ങളും സിദ്ധാന്തങ്ങളും മുന്നോട്ടുപോയി ബഹുജനങ്ങളുടെ പൊതുസ്വത്തായിത്തീർന്നു കഴിഞ്ഞാൽ അവ അവരെ സമുദായത്തിലെ പിന്തിരിപ്പൻ ശക്തികൾക്കെതിരായി സംഘടിപ്പിക്കുകയും അണിനിരത്തുകയും ചെയ്ത് സമുദായത്തിന്റെ ഭൗതികജീവിതവളർച്ചയെ തടയുന്ന പിന്തിരിപ്പൻ ശക്തികളെ അട്ടിമറിക്കാൻ പ്രയോജനപ്പെടുന്നു'. (സി. പി. എസ്. യു. ചരിത്രം, പേജ് 175–176).

സോഷ്യലിസത്തിൽ നിന്നു കമ്യൂണിസത്തിലേക്കു മുന്നേറണമെങ്കിൽ ഈ പുതിയ പുരോഗമനപരമായ ആശയങ്ങളെ സാമൂഹ്യജീവിതത്തിലെ എല്ലാ രംഗങ്ങളിലും ഉപയോഗിക്കേണ്ടതുണ്ട്. ഉൽപാദനത്തിന്റെയും സയൻസിന്റെയും കാര്യത്തിൽ മാത്രമല്ല, തത്വശാസ്ത്രം, കല, സാഹിത്യം, സംസ്കാരം തുടങ്ങിയ വിവിധരംഗങ്ങളുടെ കാര്യത്തിലും സർവ്വതോമുഖമായ പുരോഗതിയാവശ്യമായിത്തീരുന്നു. എന്തെന്നാൽ, ആ വിവിധരംഗങ്ങളിലെ ആശയഗതികൾക്ക് സമുദായത്തിന്റെ പുരോഗതിയെ സഹായിക്കാനോ തടഞ്ഞു നിർത്താനോ കെല്പുണ്ട്. അതുകൊണ്ടാണ് ഏറ്റവും പുരോഗമനപരമായ മാർക്സിസ്റ്റ് ലെനിനിസ്റ്റ് വീക്ഷണഗതിയുടെ അടിസ്ഥാനത്തിൽ എല്ലാ ജനങ്ങൾക്കും ഏറ്റവും ഉയർന്ന വിദ്യാഭ്യാസവും സാങ്കേതിക പരിശീലനവും ശാസ്ത്രം, സാഹിത്യം, കല മുതലായവയിലുള്ള പരിപക്വമായ പരിചയവും നൽകപ്പെടുന്നത്.

ഇങ്ങനെ കമ്യൂണിസം കെട്ടിപ്പടുക്കപ്പെടുന്നതോടുകൂടി മനുഷ്യന്റെ കായികവും മാനസികവുമായ എല്ലാ കഴിവുകളും അങ്ങേയറ്റം വളരുന്നു. സമുദായത്തിലെ ഓരോ വ്യക്തിക്കും സർവ്വതോമുഖമായ അഭിവൃദ്ധി കൈവരുന്നു. ഓരോ വ്യക്തിക്കും അങ്ങേയറ്റം വളരാനും തന്നിലുറങ്ങിക്കിടക്കുന്ന എല്ലാ ശക്തികളെയും പൂർണമായി വികസിപ്പിക്കാനും സൗകര്യം ലഭിക്കുന്നു. അങ്ങനെ സുഖസമൃദ്ധവും സംസ്കാരസമ്പന്നവും സ്നേഹമസൃണവുമായ ഒരു പുതിയ ജീവിതം നയിച്ചുകൊണ്ട് മനുഷ്യൻ

ചരിത്രത്തിലാദ്യമായി യഥാർഥമായ സ്വാതന്ത്ര്യത്തോടെ സ്വന്തം ഭാവിയെ നിർണ്ണയിക്കാൻ തുടങ്ങുന്നു.

എംഗെൽസ് എഴുതുകയുണ്ടായി:

> ‘മനുഷ്യനെ ഇതുവരേക്കും ഭരിച്ചിരുന്ന അയാളുടെ ജീവിതത്തിന്റെ ചുറ്റുപാടുകൾ ഇപ്പോൾ തികച്ചും മനുഷ്യന്റെ നിയന്ത്രണത്തിലായിത്തീരുന്നു; മനുഷ്യൻ ആദ്യമായി പ്രകൃതിയുടെമേൽ യഥാർഥമായും ബോധപൂർവമായും അധികാരം നടത്താൻ തുടങ്ങുന്നു; കാരണം, ഇപ്പോൾ അയാൾ തന്റെ സമുദായഘടനയുടെ നിയന്ത്രകനായിത്തീരുന്നു. ഇത്രവരേയ്ക്കും അയാളുടെ സ്വന്തം സാമൂഹ്യപ്രവർത്തനത്തിന്റെ നിയമങ്ങൾ അയാൾക്കെതിരായി പ്രകൃതിനിയമങ്ങൾപോലെ അയാളെ കീഴടക്കിക്കൊണ്ടാണ് നിലനിന്നിരുന്നതെങ്കിൽ ഇപ്പോൾ അവ അയാളുടെ ചൊൽപടിക്കു കീഴടങ്ങുന്നു. ഇതുവരേയ്ക്കും പ്രകൃതിയും ചരിത്രവും ഒരു നിർബന്ധനിയമമെന്ന നിലയ്ക്ക് മനുഷ്യന്റെ മേൽ ചുമത്തിയിരുന്ന സാമൂഹ്യസംഘടന ഇപ്പോൾ അയാളുടെ സ്വതന്ത്രമായ പ്രവർത്തനത്തിന്റെ ഫലമായുള്ളതായിത്തീരുന്നു. ഇതുവരേയ്ക്കും ചരിത്രത്തെ നിയന്ത്രിച്ചിരുന്ന ബാഹ്യശക്തികൾ ഇപ്പോൾ ഇയാളുടെ ഇച്ഛയ്ക്കനുസൃതമായി പ്രവർത്തിക്കുന്നു. ഈ ഘട്ടം മുതൽക്ക് മാത്രമേ മനുഷ്യൻ അയാളുടെ സ്വന്തം ചരിത്രം നിർമിക്കുകയുള്ളൂ, ഈ കാലം മുതൽക്കുമാത്രമേ അയാൾ ഇളക്കിവിടുന്ന സാമൂഹ്യശക്തികൾ അയാൾ ആഗ്രഹിക്കുന്ന ഫലത്തെ പ്രദാനം ചെയ്യുകയുള്ളൂ; ഇതോടൊപ്പം മനുഷ്യൻ നിർബന്ധ നിയമങ്ങളുടെ ലോകത്തിൽനിന്നും സ്വാതന്ത്ര്യത്തിന്റെ ലോകത്തിലേക്കുയരുന്നു’. (എംഗെൽസ് സോഷ്യലിസം സാങ്കല്പികവും ശാസ്ത്രീയവും പേജ് 78–79).

## 5

തൊഴിലാളി വർഗത്തിന്റെയും തൊഴിലാളി വർഗത്തിന്റെ പാർട്ടിയായ കമ്യൂണിസ്റ്റ് പർട്ടിയുടെയും നേതൃത്വത്തിലുള്ള ബോധപൂർവ്വമായ പ്രവർത്തനം കൊണ്ടുമാത്രമേ കമ്യൂണിസത്തിനു വേണ്ടിയുള്ള സമരം വിജയിക്കുകയുള്ളൂ എന്ന് മാർക്സിസം, ലെനിനിസം പഠിപ്പിക്കുന്നു. കമ്യൂണിസ്റ്റ് പാർട്ടി ഒരു പ്രത്യേകതരത്തിലുള്ള പാർട്ടിയാണ്; തൊഴിലാളി വർഗത്തിന്റെ ഏറ്റവും ബോധമുള്ള, ഏറ്റവും ഉയർന്ന തരത്തിലുള്ള, മുന്നണിപ്പടയാണ്. സ്റ്റാലിൻ പറയുന്നു:

> ‘തൊഴിലാളി വർഗത്തിലെ ഏറ്റവും നല്ല അംഗങ്ങൾ ഉൾക്കൊള്ളുന്ന, ഉന്നതമായൊരു സിദ്ധാന്തം സ്വായത്തമാക്കിയ, വർഗസമരത്തിന്റെ നിയമങ്ങൾ അറിയുന്ന, വിപ്ലവപ്രസ്ഥാനത്തിന്റെ അനുഭവജ്ഞാനമുള്ള, സംഘടനയുടെ ഏറ്റവും ഉയർന്ന രൂപമെന്ന നിലയ്ക്ക് പാർട്ടിക്ക് തൊഴിലാളി വർഗത്തിന്റെ മറ്റെല്ലാ സംഘടനകളേയും നയിക്കാനുള്ള എല്ലാ സാഹചര്യങ്ങളുമുണ്ട്. അങ്ങനെ നയിക്കാൻ അതു കടപ്പെട്ടതുമാണ്’.

ഇത്തരത്തിലുള്ള പാർട്ടിയുടെ ആവശ്യമെന്താണ്? ഇത്തരത്തിലൊരു പാർട്ടിയില്ലെങ്കിൽ തൊഴിലാളി വർഗത്തിനു വിജയത്തിലേക്കു മുന്നേറാൻ കഴിയില്ല. സ്റ്റാലിൻ പഠിപ്പിക്കുന്നു.

‘ഒരു പട്ടാളത്തിന് യുദ്ധത്തിൽ പരാജയമടയാതിരിക്കണമെങ്കിൽ ഒരു ജനറൽ സ്റ്റാഫ് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണ്. തൊഴിലാളിവർഗം തങ്ങളുടെ ശത്രുക്കളാൽ നശിപ്പിക്കപ്പെടാതിരിക്കണമെങ്കിൽ അതിന് ഒരു ജനറൽ സ്റ്റാഫ്

ഒഴിച്ചുകൂടാൻ വയ്യാത്തതാണെന്ന് അതിലേറെ വ്യക്തമല്ലേ? തൊഴിലാളി വർഗത്തിന്റെ വിപ്ലവപ്പാർട്ടിക്ക് മാത്രമേ ഈ ജനറൽ സ്റ്റാഫിന്റെ പ്രവൃത്തി നിർവ്വഹിക്കാൻ കഴിയൂ. ഒരു വിപ്ലവപ്പാർട്ടിയില്ലാത്ത തൊഴിലാളിവർഗം ഒരു ജനറൽ സ്റ്റാഫില്ലാത്ത സൈന്യമാണ്. പാർട്ടി തൊഴിലാളി വർഗത്തിന്റെ സ്റ്റാഫാണ്... അധികാരത്തിനു വേണ്ടിയുള്ള സമരത്തിൽ തൊഴിലാളിവർഗത്തെ നയിക്കാൻ കെൽപ്പുള്ള ഒരു പാർട്ടിയാണത്. ഒരു വിപ്ലവപരിതഃസ്ഥിതിയുടെ വിഷമതകൾക്കു നടുവിലും അതിന്റെ ചുമതലകൾ മനസ്സിലാക്കാൻ പരിചയം സിദ്ധിച്ച ഒരു പാർട്ടിയാണത്. ലക്ഷ്യത്തിലേക്കുള്ള മാർഗത്തിൽ മുങ്ങിക്കിടക്കുന്ന എല്ലാ പാറകളേയും തരണം ചെയ്തുപോകാൻ കഴിവുള്ള പാർട്ടിയാണത്.

തൊഴിലാളിവർഗത്തിന്റെ ബഹുജന സംഘടനകളെ തങ്ങൾക്കു ചുറ്റും അണിനിരത്താനും സമരത്തിന്റെ പുരോഗതിക്കിടയിൽ മുഴുവൻ പ്രസ്ഥാനത്തിന്റെയും നേതൃത്വത്തെ കേന്ദ്രീകരിക്കാനും കഴിവുള്ള ഒരു പാർട്ടി ഇല്ലായിരുന്നുവെങ്കിൽ റഷ്യയിലെ തൊഴിലാളി വർഗത്തിന് അതിന്റെ വിപ്ലവകരമായ സർവാധിപത്യം സ്ഥാപിക്കാൻ സാധിക്കുമായിരുന്നില്ലെന്ന് സഖാവ് സ്റ്റാലിൻ ഉറപ്പിച്ചു പറയുന്നു.

തൊഴിലാളി വർഗത്തിന്റെ പാർട്ടിക്ക് തൊഴിലാളികളെ മാത്രമല്ല അദ്ധ്വാനിക്കുന്ന മറ്റെല്ലാ ജനവിഭാഗങ്ങളെയും യോജിപ്പിച്ചണിനിരത്തി മുന്നോട്ടു നയിക്കാനുള്ള കഴിവുണ്ടാകണം. ഇതു സാധിക്കണമെങ്കിൽ പാർട്ടി ഏറ്റവുമുയർന്ന ഒരു വിപ്ലവ സിദ്ധാന്തം സ്വായത്തമാക്കണം. ലെനിൻ ചൂണ്ടിക്കാണിച്ചതുപോലെ 'ഒരു വിപ്ലവ സിദ്ധാന്തമില്ലാതെ ഒരു വിപ്ലവ പ്രസ്ഥാനമുണ്ടാക്കുക സാധ്യമല്ല... ഏറ്റവും ഉയർന്ന സിദ്ധാന്തത്താൽ നയിക്കപ്പെടുന്ന ഒരു പാർടിക്ക് മാത്രമേ മുന്നണിപ്പടയുടെ പങ്ക് നിർവഹിക്കാൻ സാധിക്കുകയുള്ളൂ'.

തൊഴിലാളി വർഗത്തിന്റെ ഏറ്റവും ഉയർന്ന ആ വിപ്ലവസിദ്ധാന്തമാണ് മാർക്സിസം ലെനിനിസം. സാമൂഹ്യപരിതഃസ്ഥിതികളെ വിശകലനം ചെയ്ത് സംഭവങ്ങൾ ഏതുവഴിക്കാണ് നീങ്ങുന്നത് എന്നു മുൻകൂട്ടിക്കാണാനും സാമൂഹ്യവളർച്ചയുടെ നിയമങ്ങൾ മനസിലാക്കിക്കൊണ്ട് ജനങ്ങളെ കമ്യൂണിസമെന്ന മഹത്തായ ലക്ഷ്യത്തിലേക്ക് നയിക്കാനും മാർക്സിസം ലെനിനിസമാണ് പാർട്ടിക്ക് കെൽപുണ്ടാക്കി കൊടുക്കുന്നത്.

# 9

# കമ്യൂണിസവും ക്രിസ്തുമതവും

## 1

ദൈവവിശ്വാസത്തേയും മതത്തേയും മതസ്ഥാപനങ്ങളേയും നശിപ്പിക്കുകയാണ് കമ്യൂണിസത്തിൻറ ലക്ഷ്യമെന്നും അതുകൊണ്ട് മതവിശ്വാസികൾ കമ്യൂണിസത്തെ നശിപ്പിക്കണമെന്നും പിന്തിരിപ്പൻ വൈദികന്മാർ പ്രചാരവേല ചെയ്യുന്നു. ഇതു ശരിയാണോ? മതവിശ്വാസത്തോടുള്ള കമ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാടെന്താണ്?

നിരീശ്വരവാദികൾക്കും മതത്തെ എതിർക്കുന്നവർക്കും മാത്രമേ കമ്യൂണിസ്റ്റ് പാർട്ടിയിൽ സ്ഥാനമനുവദിക്കാവൂ എന്ന് പാർട്ടിയുടെ പരിപാടിയിലാകട്ടെ, ഭരണഘടനയിലാകട്ടെ, ഒരിടത്തും ആവശ്യപ്പെടുന്നില്ല. നേരെമറിച്ച്, മതവിശ്വാസങ്ങളെ വ്രണപ്പെടുത്തുകയില്ലെന്നും വിശ്വാസ സ്വാതന്ത്ര്യത്തെ എല്ലായ്പ്പോഴും കാത്തുരക്ഷിക്കുമെന്നും ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി വീണ്ടും വീണ്ടും ജനങ്ങൾക്ക് ഉറപ്പു നൽകിയിട്ടുമുണ്ട്. 1959 ജൂൺ 9, 10 തീയതികളിൽ കൂടിയ കമ്യൂണിസ്റ്റ് പാർട്ടിയുടെ കേരള സ്റ്റേറ്റ് കമ്മിറ്റി ഇതൊരിക്കൽക്കൂടി ആവർത്തിക്കുന്നു:

> 'കമ്യൂണിസ്റ്റുകാർ മതവിശ്വാസത്തെ നശിപ്പിക്കുന്നുവെന്നും മറ്റുമുള്ള ക്രൂരമായ പ്രചാരവേലകൾ അഴിച്ചുവിടപ്പെട്ടിട്ടുണ്ട്. സ്വന്തം ഭൗതിക താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി ജനങ്ങളുടെ മതവിശ്വാസത്തെ ചൂഷണം ചെയ്യുന്ന പിന്തിരിപ്പന്മാരുടെ ഈ അടവിനെ പ്രതിഷേധിക്കുന്നതോടൊപ്പം വിവിധ ജനവിഭാഗങ്ങളുടെ മതവിശ്വാസങ്ങളെ അപകടപ്പെടുത്തുന്ന യാതൊന്നും കമ്യൂണിസ്റ്റ് പക്ഷത്തുനിന്നുമുണ്ടാവുകയില്ലെന്ന് ഒരിക്കൽക്കൂടി ഞങ്ങൾ ഉറപ്പു നൽകുകയും ചെയ്യുന്നു'.

ഇത് അവസരവാദമല്ല; മതവിശ്വാസികളെ സ്വാധീനിക്കാനുള്ള സൂത്രവുമല്ല. മാർക്സിസം ലെനിനിസത്തിലുള്ള ദൃഢവിശ്വാസമാണ് ഈ പ്രഖ്യാപനത്തിന്റെ അടിസ്ഥാനം. നിരീശ്വരവാദത്തെ പാർട്ടിയുടെ വിശ്വാസപ്രമാണമായി അംഗീകരിക്കണമെന്നും മതവിശ്വാസത്തിനെതിരായ യുദ്ധപ്രഖ്യാപനം ഒരു പരിപാടിയായി അംഗീകരിക്കണമെന്നുമുള്ള ചില അരാജകവാദികളുടെ അസംബന്ധമായ ആവശ്യങ്ങളെ 1874ൽ തന്നെ മാർക്സും എംഗൽസും തള്ളിക്കളയുകയുണ്ടായി. മതവിശ്വാസികളായ പുരോഹിതന്മാർക്കുപോലും കമ്യൂണിസ്റ്റ് പാർട്ടിയിൽ സ്ഥാനം നൽകാൻ സഖാവ് ലെനിൻ സന്നദ്ധത പ്രകടിപ്പിച്ചു. മതത്തെപ്പറ്റിയുള്ള തന്റെ പുസ്തകത്തിൽ അദ്ദേഹം എഴുതുന്നതു നോക്കുക:

> ‘ഏതെങ്കിലുമൊരു പുരോഹിതൻ നമ്മുടെ പ്രവൃത്തിയിൽ സഹകരിക്കാൻ തയ്യാറായി വരികയാണെങ്കിൽ—പാർട്ടി പരിപാടിയെ എതിർക്കാതെ അയാൾ ബോധപൂർവ്വം പാർട്ടി പ്രവർത്തനം നടത്തുന്നുവെങ്കിൽ—നമുക്കയാളെ സോഷ്യൽ ഡമോക്രസിയുടെ (കമ്യൂണിസ്റ്റ് പാർട്ടിയുടെ) അണികളിലേക്ക് സ്വീകരിക്കാം... മെമ്പർമാരുടെ തത്വശാസ്ത്രവും പാർട്ടി പരിപാടിയും തമ്മിൽ വല്ല വൈരുദ്ധ്യവുമുണ്ടോയെന്ന് ഒരു രാഷ്ട്രീയപാർട്ടിക്കും പരിശോധിക്കാൻ വയ്യ... എന്നാൽ, ഒരു പുരോഹിതൻ പാർട്ടിയിൽ ചേർന്നതിനുശേഷം തന്റെ ഏറ്റവും പ്രധാനമായ ഒരേയൊരു പ്രവൃത്തി മതവിശ്വാസങ്ങളെ പ്രചരിപ്പിക്കൽ മാത്രമാണെന്നു കണക്കാക്കിയാൽ അയാളെ പാർട്ടിയിൽ നിന്ന് പുറത്താക്കേണ്ടിവരും. ദൈവവിശ്വാസമുള്ള തൊഴിലാളികൾക്ക് സോഷ്യൽ ഡമോക്രാറ്റിക്ക് പാർട്ടിയിൽ പ്രവേശനം നൽകിയാൽ മാത്രം പോരാ; അവരെ പാർട്ടിയിൽ പ്രവേശിപ്പിക്കാൻ ഊർജിതമായി ശ്രമിക്കുകകൂടി വേണം. ആ തൊഴിലാളികളുടെ മതവിശ്വാസങ്ങളെ അൽപ്പമെങ്കിലും വ്രണപ്പെടുത്തുന്നതിനെ നമ്മൾ കഠിനമായി എതിർക്കും. നമ്മൾ അവർക്ക് പാർട്ടി അംഗത്വം നൽകുന്നത് മതത്തിനെതിരായ ഒരു സജീവ സമരം നടത്താൻ വേണ്ടിയല്ല; പിന്നെയോ, നമ്മുടെ പരിപാടിയുടെ വെളിച്ചത്തിൽ അവർക്ക് പരിശീലനം നൽകാൻ വേണ്ടിയാണ്’.

അസന്ദിഗ്ദ്ധങ്ങളായ ഇത്തരം പ്രഖ്യാപനങ്ങളുണ്ടായിട്ടും കത്തോലിക്കാപ്പള്ളിയുടെ ഔദ്യോഗികനേതാക്കന്മാർ കമ്യൂണിസത്തെ എതിർക്കുന്നതെന്തുകൊണ്ടാണ്?

‘ഇതെല്ലാം വെറും പ്രഖ്യാപനങ്ങൾ മാത്രമാണ്. കമ്യൂണിസ്റ്റ് പാർട്ടിക്ക് യഥാർത്ഥമായ ഭരണാധികാരം കിട്ടിയാൽ സ്ഥിതിയൊക്കെ മാറും; പിന്നെ പള്ളിയും മതസ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും ഒന്നുമുണ്ടാവില്ല’ എന്നാണോ?

കമ്യൂണിസ്റ്റ് ഭരണം നടക്കുന്ന സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ മതസ്വാതന്ത്ര്യവും ആരാധനാ സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്നും ദേവാലയങ്ങൾ ഇടിച്ചുതകർക്കപ്പെട്ടിരിക്കുന്നുവെന്നും മറ്റുമുള്ള ചില ആരോപണങ്ങൾ പണ്ടുണ്ടായിരുന്നു. ഇത്തരം ആരോപണങ്ങൾ വെറും കെട്ടുകഥകളാണെന്ന് മുഴുത്ത കമ്യൂണിസ്റ്റ് വിരുദ്ധന്മാർപോലും സമ്മതിച്ചുകഴിഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന്, കമ്യൂണിസത്തിനെതിരായ സമരത്തിൽ സജീവമായ പങ്കുവഹിച്ചുകൊണ്ടിരിക്കുന്ന ശ്രീമതി ആനിജോസഫ് ‘സോവ്യറ്റ് യൂണിയനിലാകെ 20,000 പള്ളികളുണ്ട്. കൂടാതെ നൂറോളം കൊവേന്തകളും കന്യാസ്ത്രീമഠങ്ങളും കാണും’ എന്ന് ‘റഷ്യയിൽ’ എന്ന തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പള്ളിയുണ്ടോ എന്ന സംശയത്തോടുകൂടിയാണ് അവർ സോവിയറ്റ് യൂണിയനിലേക്കുപോയത്. പക്ഷേ, മടങ്ങിവന്നപ്പോൾ അവരെഴുതിയതിങ്ങിനെയാണ്:

> ‘പള്ളിയിൽ ചെന്നുകയറി. കുർബ്ബാന ആരംഭിക്കുന്നതേയുള്ളൂ. ഞാൻ ഒരിടത്തു മുട്ടുകുത്തി. പള്ളി നിറച്ചാളുണ്ട്. ആണുങ്ങളും പെണ്ണുങ്ങളുമുണ്ട്. ഞാൻ ചുറ്റുമൊന്നു നോക്കി. ഇവിടെ കത്തോലിക്കാപ്പള്ളിയിൽ കാണാറുള്ളതെല്ലാം അവിടെയും കണ്ടു. വിയാസാക്രായുടെ പതിനാലു സ്ഥാനങ്ങളിലെ ചിത്രങ്ങൾ, മാതാവിന്റെ വലിയ കൊത്തുരൂപം, മറ്റു പല പുണ്യവാന്മാരുടെയും തിരുസ്വരൂപച്ഛായകൾ—ഇങ്ങനെ എല്ലാം കാഴ്ചയ്ക്ക് ഇവിടത്തെ കത്തോലിക്കാപ്പള്ളിയുമായിട്ടെനിക്ക് യാതൊരു മാറ്റവും തോന്നിയില്ല.
>
> ‘കുർബ്ബാന തുടങ്ങി. ഞാൻ ആദ്യവസാനം മുഴുവൻ ശ്രദ്ധയോടുകൂടെക്കണ്ടു. ഇവിടത്തെ ലത്തീൻ പള്ളികളിൽ ചൊല്ലുന്ന കുർബ്ബാന തന്നെ. വേഷത്തിലും വ്യത്യാസമില്ല. അച്ചന്റെ ഉടുപ്പും കപ്യാരുടെ മട്ടും എല്ലാം ശരി. അച്ചൻ തിരുരക്തം കുടി

ച്ചതിനുശേഷം മണികിലുക്കിയ ഉടനെ ഒരുപാടുപേർ എഴുന്നേറ്റു കൈകൂപ്പിപ്പിടിച്ച് കുർബാന കൈക്കൊള്ളാൻ പോകുന്നതുകണ്ടു'.

'പള്ളി ഉണ്ടോ എന്നുള്ള എന്റെ സംശയം തീരെത്തീർന്നു. ഇനി അച്ചനോടൊന്നു സംസാരിക്കണം. മറ്റു കുഴപ്പങ്ങളെന്തെങ്കിലും ഉണ്ടോ എന്നറിയണമല്ലോ. അതു സാവധാനത്തിലാകാമെന്നു വെച്ചവിടന്നു പോന്നു'.

'രാവിലത്തെ ഭക്ഷണം കഴിച്ചു ഞങ്ങൾ എല്ലാവരുംകൂടി പോയി. ഒരു ഓർത്തഡോക്സ് പള്ളിയിലേക്ക്. കത്തോലിക്കാപ്പള്ളിയേക്കാൾ വളരെയധികം വലിപ്പമുണ്ടായിരുന്നു അതിന്. കൂടുതൽ ആളുകളും. ഇവിടത്തെ യാക്കോബായ ക്രമമാണ് അവിടത്തെ ഓർത്തഡോക്സ് പള്ളിക്ക്. കുർബ്ബാന കണ്ടാലും അങ്ങനെതന്നെ. സ്വർണനിറത്തിലുള്ള വലിയ കട്ടിക്കശവു കാപ്പയിട്ട അച്ചന്മാർ. ആ ഓർത്തഡോക്സ് പള്ളിയിലെ ചടങ്ങ് ആകപ്പാടെ വലിയ കോലാഹലത്തിലാണ്. കൊട്ടും പാട്ടും ബഹളവുമാണ്. കത്തോലിക്കാപ്പള്ളിയിലെപ്പോലെ ഒരു ശാന്തതയില്ല. ഇവിടെ ഞാനൊരു യാക്കോബായ പള്ളിയിൽ പണ്ടു പോയിട്ടുണ്ട്, കാണാൻ. ഏതാണ്ടിതുപോലെതന്നെ തോന്നി, റഷ്യൻ പള്ളിയിലെ ചടങ്ങുകളും. കുറെക്കൂടി വിപുലമായ തോതിൽ ആണെന്നുമാത്രം. ഒരു മണിക്കൂറോളം ഞങ്ങളവിടെ നിന്നു. കഴിയുന്ന മട്ടില്ല. പിന്നെപ്പോന്നു'.

(റഷ്യയിൽ, പേജ് 91–93)

ഇതാണ് സത്യാവസ്ഥ എന്നു നേരിട്ടു കണ്ടു മനസിലാക്കിയിട്ടും കത്തോലിക്കാ വൈദികനേതാക്കന്മാർ മതത്തിന്റെ പേരിൽ കമ്യൂണിസത്തെയും കമ്യൂണിസ്റ്റ് പാർട്ടിയെയും എതിർക്കുന്നതെന്തിനാണ്?

കാരണം വ്യക്തമാണ്: മതത്തിന്റെ പേരിൽ സ്ഥാപിത താല്പര്യങ്ങളെ കാത്തുരക്ഷിക്കാൻ വേണ്ടിയാണ് അവർ പരിശ്രമിക്കുന്നത്. കമ്യൂണിസ്റ്റ് വിരോധത്തിന്റെ പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കാനും കമ്യൂണിസ്റ്റ് പാർട്ടിക്കെതിരായി ജനങ്ങളെ അണിനിരത്താനും കഴിഞ്ഞാൽ വൻകിട മുതലാളികൾക്കും വൻകിട ബാങ്കർമാർക്കും വൻകിട ജന്മികൾക്കും തങ്ങളുടെ ചൂഷണങ്ങളെ നിർബ്ബാധം തുടരാൻ സാധിച്ചേക്കുമെന്ന് അവർ വിശ്വസിക്കുന്നു.

## 2

ഇതിന്റെ അർത്ഥം കമ്യൂണിസ്റ്റ് പാർട്ടിക്ക് ആത്മീയവും മതപരവുമായ ഒരു ലോകവീക്ഷണഗതിയാണുള്ളത് എന്നാണോ? തീർച്ചയായും അല്ല.

കമ്യൂണിസ്റ്റ് പാർട്ടിയുടെ ലോകവീക്ഷണഗതി മാർക്സിസം ലെനിനിസത്തിൽ അടിയുറച്ചതാണ്. വൈരുദ്ധ്യാധിഷ്ഠിതഭൗതികവാദം, അല്ലെങ്കിൽ, ഡയലക്ടിക്കൽ മെറ്റീരിയലിസം ആണ് മാർക്സിസം ലെനിനിസത്തിന്റെ ഹൃദയം. പ്രകൃതിയുടെയും പ്രപഞ്ചത്തിന്റെയും മനുഷ്യസമുദായത്തിന്റെയും മനുഷ്യമനസിന്റെയും ഉത്ഭവം, വളർച്ച, മാറ്റങ്ങൾ എന്നിവയെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്ന ഒരു തത്വശാസ്ത്രമാണത്.

മാർക്സിസം ഭൗതികവാദത്തിൽ വിശ്വസിക്കുന്നു. എന്താണ് ഭൗതികവാദമെന്നു വെച്ചാൽ? വയറിനുവേണ്ടി മാത്രം ജീവിക്കലും സന്മാർഗികമൂല്യങ്ങളെ എതിർക്കലും തോന്നിയതെന്തും കാണിക്കലും മറ്റും മറ്റുമാണ് മാർക്സിസത്തിലെ ഭൗതികവാദ

മെന്ന് കമ്യൂണിസ്റ്റ് വിരോധികളായ വൈദികന്മാർ പ്രചാരവേല ചെയ്യുന്നു. ഇത്തരക്കാർക്ക് മറുപടി പറഞ്ഞുകൊണ്ട് പത്തൊമ്പതാം നൂറ്റാണ്ടിൽത്തന്നെ എംഗൽസ് ഇങ്ങനെ എഴുതുകയുണ്ടായി:

> 'ഭൗതികവാദം എന്ന പദംകൊണ്ട് പണ്ഡിതമൂഢൻ മനസിലാക്കുന്നത് കള്ളുകുടി, കണ്ണിന്റെയും മാംസത്തിന്റെയും സുഖഭോഗം, താന്തോന്നിത്തം, കാമാസക്തി, പിശുക്ക്, ലാഭേച്ഛ, സ്റ്റോക്ക് എക്സ്ചേഞ്ചിലെ ചൂതാട്ടം മുതലായവയാണ്—ചുരുക്കത്തിൽ, സ്വകാര്യജീവിതത്തിൽ അയാൾ ചെയ്യുന്ന എല്ലാ ചെറ്റത്തരങ്ങളും ആത്മീയവാദം എന്ന പദംകൊണ്ട് അയാൾ മനസിലാക്കുന്നത് നന്മയിലുള്ള വിശ്വാസം, സാർവത്രികമായ ദീനാനുകമ്പ മുതലായവയാണ്; അയാൾ മറ്റുള്ളവരുടെ മുമ്പിൽ ബഡായി പറയാൻ മാത്രമുപയോഗിക്കുന്ന ആ 'നല്ല' ലോകമാണ്'.

പക്ഷേ, മാർക്സിസ്റ്റുകാർ ഭൗതികവാദമെന്ന പദമുപയോഗിക്കുന്നത് ഈ അർത്ഥത്തിലൊന്നുമല്ല. ചിന്തയുടെയും ബോധത്തിന്റെയും വളർച്ചയുടെ നിർണായകമായ അടിസ്ഥാനം ഭൗതികപരിതഃസ്ഥിതികളുടെ വികാസവും വളർച്ചയുമാണെന്ന സിദ്ധാന്തത്തെ ഉയർത്തിപ്പിടിക്കുകയാണ് മാർക്സിസം ചെയ്യുന്നത്. ഈ സിദ്ധാന്തമാകട്ടെ ശാസ്ത്രത്താൽ തെളിയിക്കപ്പെട്ടുകഴിഞ്ഞതുമാണ്.

ഭൗതികപദാർത്ഥം മനുഷ്യമനസിൽ നിന്നു സ്വതന്ത്രമായി നിലനിൽക്കുന്നുവെന്നും ഭൗതികമൂല്യങ്ങളാണ് സാമൂഹ്യവും രാഷ്ട്രീയവും ആദ്ധ്യാത്മികവുമായ ജീവിതത്തിന്റെ അടിത്തറയെന്നുമുള്ള ശാസ്ത്രീയസത്യത്തെ മാർക്സിസം അംഗീകരിക്കുന്നു. എന്നാൽ, അദ്ധ്യാത്മികവും സാന്മാർഗികവുമായ മൂല്യങ്ങളെ അതു നിരാകരിക്കുന്നില്ല. നേരെമറിച്ച്, പട്ടിണികൊണ്ടും ചൂഷണം കൊണ്ടും ചവിട്ടി ഞെരിക്കപ്പെടുന്ന മാനുഷികമൂല്യങ്ങളെ സംരക്ഷിക്കാനും വളർത്താനുമാണത് പരിശ്രമിക്കുന്നത്. മനുഷ്യചരിത്രത്തിലെ ഏറ്റവും ഉയർന്ന സാന്മാർഗികമൂല്യങ്ങളെ യഥാർത്ഥ ജീവിതത്തിലേക്ക് പകർത്താനാണതു പണിപ്പെടുന്നത്.

പക്ഷേ, ഇതു സാധിക്കണമെങ്കിൽ മുതലാളിത്തമവസാനിപ്പിച്ച് ഉല്പാദനോപകരണങ്ങളെ പൊതുവുടമയിലാക്കിക്കൊണ്ടുള്ള സോഷ്യലിസം സ്ഥാപിക്കണം. വർഗമേധാവിത്വവും വർഗചൂഷണവും വർഗസമരവുമവസാനിപ്പിച്ച് വർഗരഹിതമായ കമ്യൂണിസ്റ്റ് സമുദായം കെട്ടിപ്പടുക്കണം.

ഇതു ക്രൈസ്തവാദർശങ്ങൾക്കെതിരാണോ? ബൈബിൾ വായിച്ചുനോക്കുക:

> 'കൈവശമുള്ളതെല്ലാം തന്റെ സ്വന്തമാണെന്ന് ആരും പറഞ്ഞില്ല: എല്ലാ വസ്തുക്കളും പൊതുസ്വത്തുക്കളായിരുന്നു... മാത്രമല്ല, ഈ വിതരണം ഓരോരുത്തന്റെയും ആവശ്യമനുസരിച്ചാണ് നടത്തപ്പെട്ടത്'.
>
> (അപ്പോസ്തലപ്രവൃത്തികൾ: ബൈബിൾ)

അതുകൊണ്ടുതന്നെയാണ് കാൻറർബറിയിലെ ഡീൻ ഉറപ്പിച്ചു പറഞ്ഞത്:

> 'ഓരോരുത്തനിൽനിന്നും അവന്റെ കഴിവനുസരിച്ച്, ഓരോരുത്തനും അവന്റെ ആവശ്യമനുസരിച്ച്' എന്ന തികച്ചും ക്രൈസ്തവമായ ആദർശത്തെ അംഗീകരിക്കുകയും ഈ ആദർശത്തിന്മേൽ ഒരു സമുദായം കെട്ടിപ്പടുക്കുകയെന്ന പരിശ്രമത്തിൽ പ്രസംഗത്തിൽ നിന്നു പ്രവൃത്തിയിലേക്ക് കടക്കുകയും ചെയ്ത മനുഷ്യർ അർഹിക്കുന്ന സ്വാഗതം ആരംഭം മുതൽക്കുതന്നെ ക്രിസ്ത്യാനികൾ കമ്യൂണിസ്റ്റുകാർക്ക് നൽകിയിരുന്നുവെങ്കിൽ, ക്രിസ്ത്യാനികൾ തങ്ങളുടെ മതപ്രവാചകന്റെ ആദർശങ്ങളെ കൂടുതൽ ബഹുമാനിക്കുന്നവരാകുമായിരുന്നു'.

# 1
# ക്രിസ്തുമതത്തിന്റെ ഉത്ഭവവും വളർച്ചയും

ക്രിസ്തുവിന് 104 കൊല്ലങ്ങൾക്കുമുമ്പ് റോമാസാമ്രാജ്യത്തിൽ അത്ഭുതപൂർവ്വമായ ഒരു സംഭവമുണ്ടായി. തെക്കുപടിഞ്ഞാറൻ സിസിലിയിലെ ഒരു ഗ്രാമത്തിൽ മുപ്പത് അടിമകൾ ഒന്നിച്ചുചേർന്ന് തങ്ങളുടെ യജമാനനായ ഒരു ധനാഢ്യനെ കൊന്നുകളഞ്ഞു.

അടിമ ഉടമയെ കൊല്ലുക! അത്തരമൊരു സംഭവവും മുമ്പുണ്ടായിട്ടില്ല.

അതിനുമുമ്പ് അടിമകൾ കൊല്ലപ്പെട്ടിട്ടുണ്ട്. ഉടമകളുടെ അപ്രീതിക്കിരയായ അനേകമനേകം അടിമകൾ കുരിശിന്മേൽ തറയ്ക്കപ്പെട്ടിട്ടുണ്ട്. എല്ലാം നിശബ്ദമായി സഹിക്കാനേ അടിമകൾക്കു കഴിഞ്ഞിരുന്നുള്ളൂ. കന്നുകാലികൾ, വീട്ടുസാമഗ്രികൾ മുതലായവയെപ്പോലെതന്നെ അടിമകളും ധനികന്മാരുടെ സ്വകാര്യസ്വത്തുക്കളായിരുന്നു. അടിമകളെ അടിക്കാം, ചവിട്ടാം, ചങ്ങലക്കിട്ടു വലിക്കാം, കൊല്ലാം—എന്തു വേണമെങ്കിലും ചെയ്യാം. റോമൻ നിയമങ്ങളൊന്നും അടിമകൾക്ക് ബാധകമായിരുന്നില്ല. ഉടമകൾക്കുവേണ്ടി എല്ലുമുറിയെ പണിയെടുക്കുക, ഉടമകളുടെ കല്പനകളനുസരിക്കുക—ഇതു മാത്രമായിരുന്നു അടിമകളുടെ കടമ. അടിമകളെക്കൊണ്ട് പണിയെടുപ്പിച്ചിട്ടാണ് റോമൻ പ്രമാണിമാർ സുഖഭോഗങ്ങളിലാറാടുകയും രാഷ്ട്രീയ കാര്യങ്ങളിലും സാഹിത്യം, സംസ്കാരം തുടങ്ങിയ മറ്റു തുറകളിലും മേധാവിത്വം പുലർത്തുകയും, ചെയ്തുപോന്നത്. അടിമവേലയായിരുന്നു റോമാസാമ്രാജ്യത്തിന്റെ അസ്ഥിവാരം.

അടിമകൾ മാത്രമല്ല, കൈവേലക്കാർ, മീൻപിടുത്തക്കാർ, സ്വതന്ത്രന്മാരായ ഇടത്തരക്കാർ മുതലായ മറ്റു ജനവിഭാഗങ്ങളും ചൂഷണം ചെയ്യപ്പെട്ടിരുന്നു. പണമിടപാടുകാർ പലിശയ്ക്ക് കടംകൊടുത്ത് സാധുക്കളെ ഞെക്കിപ്പിഴിയുകയും കൃത്യസമയത്ത് പണം മടക്കിക്കൊടുക്കാത്തവരെ അടിമകളാക്കി മാറ്റുകയും ചെയ്തിരുന്നു.

മർദ്ദനം അസംതൃപ്തിയെ ക്ഷണിച്ചുവരുത്തി. അസംതൃപ്തി ലഹളകളായി രൂപാന്തരപ്പെട്ടു. അത്തരമൊരു ലഹളയാണ് ക്രിസ്തുവിന് 104 കൊല്ലങ്ങൾക്കു മുമ്പ് സിസിലിയിൽ പൊട്ടിപ്പുറപ്പെട്ടത്.

ധനികവർഗമാകെ ക്രോധംകൊണ്ട് കലിതുള്ളി. ഇത്തരമൊരു സംഭവം ഇനിയൊരിക്കലുമുണ്ടാകാൻ പാടില്ലെന്നവർ തീരുമാനിച്ചു. അവർ പകവീട്ടാനൊരുങ്ങി.

ധനാഢ്യനെ കൊല്ലാൻ ഗൂഢാലോചന നടത്തിയ മുപ്പത് അടിമകൾ പ്രാണരക്ഷയ്ക്കുവേണ്ടി പർവ്വത പ്രദേശങ്ങളിലേക്കോടിപ്പോയി. ഉടമകളുടെ സൈന്യങ്ങൾ അവരെ പിന്തുടർന്നു.

അപ്പോഴാണ് ചരിത്രത്തെ വെല്ലുവിളിച്ച മറ്റൊരു സംഭവമുണ്ടായത്. ഉടമകളുടെ ക്രോധാഗ്നിക്കിരയായ ആ മുപ്പത് അടിമകളുടെ ഭാഗത്ത് റോമാ സാമ്രാജ്യത്തിലെ മുഴുവൻ അടിമകളും അണിനിരന്നു. സാൽവി എന്നു പേരായ ഒരടിമയുടെ നേതൃത്വത്തിൽ ആറായിരത്തിലധികം അടിമകൾ കയ്യിൽ കിട്ടിയ ആയുധങ്ങളുമെടുത്ത് ഭരണാധികാരികൾക്കെതിരായി ലഹളയാരംഭിച്ചു.

ലഹള മൃഗീയമായി അടിച്ചമർത്തപ്പെട്ടു. ആയിരക്കണക്കിലുള്ള അടിമകൾ കൊലചെയ്യപ്പെട്ടു. ഉടമകൾ തൽക്കാലം രക്ഷപ്പെട്ടു. പക്ഷേ, റോമാസാമ്രാജ്യമാകെ കൂടുതൽ വേഗത്തിൽ നാശത്തിലേക്കു നീങ്ങി.

വീണ്ടും വീണ്ടും അടിമകൾ ലഹളയ്ക്കൊരുങ്ങി. വീണ്ടും വീണ്ടും അവർ അടിച്ചമർത്തപ്പെട്ടു.

മുപ്പതു കൊല്ലങ്ങൾക്കുശേഷം, അതായത് ക്രി. മു. 74ൽ സ്പാർട്ടാക്കസ് എന്ന അടിമത്തലവന്റെ നേതൃത്വത്തിൽ മൂന്നു കൊല്ലത്തോളം നീണ്ടുനിന്നതും സാമ്രാജ്യത്തെയാകെ ഇളക്കിമറിച്ചതുമായ ഒരു വലിയ കലാപമുണ്ടായി. ഒടുവിലതും പൈശാചികമായി മർദ്ദിച്ചമർത്തപ്പെടുകയാണുണ്ടായത്. ലഹളക്കാരോടു പകരം വീട്ടാൻവേണ്ടി കാപ്രി മുതൽ റോം വരെയുള്ള നിരത്തിന്റെ ഇരുവശങ്ങളിലുമായി കുരിശിന്മേൽ തറച്ചു കൊല്ലപ്പെട്ട ആറായിരം അടിമകളുടെ ശവശരീരങ്ങൾ വരി വരിയായി കുത്തിനിറുത്തപ്പെട്ടു. സാമ്രാജ്യത്തിലങ്ങോളമിങ്ങോളം നിരങ്കുശമായ സൈനികസ്വേച്ഛാധിപത്യം നടമാടി.

കലാപം നടത്തി പരാജയമടഞ്ഞ ജനങ്ങൾക്കിടയിൽ നിരാശയും നിസ്സഹായതാബോധവും പരന്നുപിടിച്ചു. ഇനിയെന്തുചെയ്യും? മർദ്ദനങ്ങളിൽ നിന്നും കഷ്ടപ്പാടുകളിൽ നിന്നും പുറത്തുകടക്കാൻ അവർ യാതൊരു വഴിയും കണ്ടില്ല.

യാതൊരു വഴിയും കണ്ടില്ലെന്നു പറഞ്ഞുകൂടാ. ഒരു വഴിയുണ്ട്: ദൈവം രക്ഷിക്കണം. തങ്ങളുടെ കഷ്ടപ്പാടുകൾ പരിഹരിക്കാൻ വേണ്ടി ഒരു ദൈവദൂതൻ, അല്ലെങ്കിൽ ദൈവപുത്രൻ, ഭൂമിയിലവതരിക്കണം. മർദ്ദകവർഗ്ഗക്കാരോടെതിരിട്ടു വിജയിക്കാൻ തങ്ങൾക്കു ശക്തിയില്ലെന്നുള്ളതു ശരിയാണ്. പക്ഷേ, ദൈവദൂതൻ വന്ന് തങ്ങളെ മോചിപ്പിക്കാതിരിക്കില്ല. അങ്ങനെ, ഭൗതികമായ മർദ്ദനങ്ങളുടെ വേദനയിൽനിന്ന് മതപരമായ പുതിയ ആശയങ്ങളും പുതിയ വിശ്വാസങ്ങളും തലപൊക്കി.

മനുഷ്യസ്നേഹികളായ പ്രവാചകന്മാരും പ്രചാരകന്മാരും നാടുനീളെ ചുറ്റിസഞ്ചരിച്ചുകൊണ്ട് മർദ്ദിതന്മാരെ സമാശ്വസിപ്പിക്കുകയും ആവേശം കൊള്ളിക്കുകയും ചെയ്തു: കഷ്ടപ്പെടുന്നവർ ഇനി ദുഃഖിക്കേണ്ടതില്ല. അവരുടെ കണ്ണുനീർ തുടയ്ക്കാൻ ദൈവദൂതൻ വരും. ദൈവദൂതനെ സ്വാഗതംചെയ്ത് സ്വീകരിക്കുവാൻ എല്ലാവരും തയ്യാറായിരിക്കണം. മർദ്ദകന്മാർക്ക് തക്കതായ ശിക്ഷ ലഭിക്കും!

## 2

ഈ ഘട്ടത്തിലാണ് നസറത്തുകാരനായ ഒരു പാവപ്പെട്ട ആശാരിയുടെ മകൻ കഷ്ടപ്പെടുന്ന ബഹുജനങ്ങളുടെ മുമ്പിൽ തലയുയർത്തി നിന്നുകൊണ്ട് ഇങ്ങനെ പ്രഖ്യാപിച്ചത്:

> ‘ദരിദ്രന്മാരെ, പാപികളെ, വെറുക്കപ്പെട്ടവരെ, ആഹ്ലാദിക്കുക! പുതിയലോകം നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്നു!!’

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളാണ് തങ്ങളെന്നു സ്വയം കരുതിയിരുന്ന എസ്രായ അഥവാ ഇസ്രയേൽ ജനതയുടെ ഇടയിലാണു ക്രിസ്തു ജനിച്ചത്. അദ്ദേഹത്തിന്റെ ജനനത്തിനു അഞ്ചോ ആറോ ശതാബ്ദങ്ങൾക്കു മുൻപുതന്നെ, ഇസ്രയേൽക്കാർ, കഷ്ടത അനുഭവിച്ചിരുന്ന വിവിധ കാലഘട്ടങ്ങളിൽ, പല പ്രവാചകന്മാരും ഉണ്ടായിട്ടുണ്ട്. അവരിൽ പ്രമുഖരായിരുന്നു യെശയ്യാവും യറമ്യാവും.

അധഃകൃതരും മർദ്ദിതരും ചവുട്ടിത്തേക്കപ്പെട്ടവരുമായ ജനങ്ങളെ നോക്കിക്കൊണ്ട് യെശയ്യാവ് പറഞ്ഞു:

> ‘ഹൃദയം തകർന്നവരുടെ മുറിവ് കെട്ടുവാനും തടവുകാർക്ക് മോചനവും അടിമകൾക്കു സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും ദുഃഖിതന്മാരെയൊക്കെയും

ആശ്വസിപ്പിപ്പാനും സിയോനിലെ ദുഃഖിതന്മാർക്ക് വെണ്ണീറിനു പകരം അലങ്കാര മാലയും ദുഃഖത്തിനുപകരം ആനന്ദത്തൈലവും വിഷണ്ണ മനസിനുപകരം സ്തുതി എന്ന മേലാപ്പും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു' (യെശയ്യാവ്: LXI 2, 3)

യറമ്യാവ് ചുറ്റുമൊന്നു കണ്ണോടിച്ചു.

'എന്റെ ജനങ്ങൾക്കിടയിൽ ഞാൻ ദുഷ്ടന്മാരെ കാണുന്നു. അവർ വേടന്മാരെപ്പോലെ പതിയിരിക്കുന്നു. അവർ കുടുക്കുവെച്ച് മനുഷ്യരെ പിടിക്കുന്നു. കൂട്ടിൽ പക്ഷി നിറഞ്ഞിരിക്കുന്നതുപോലെ അവരുടെ വീട്ടിൽ വഞ്ചന നിറഞ്ഞിരിക്കുന്നു. അങ്ങനെ അവർ പ്രമാണികളും ധനവാന്മാരായിത്തീർന്നിരിക്കുന്നു, അവർ പുഷ്ടിവെച്ചു മിന്നുന്നു. ദുഷ്കാര്യങ്ങളിൽ അവർ കവിഞ്ഞിരിക്കുന്നു, അവർ അനാഥന്മാർക്കു ഗുണം വരത്തക്കവണ്ണം അവരുടെ വ്യവഹാരം നടത്തുന്നില്ല. ദരിദ്രന്മാർക്ക് ന്യായപാലനം ചെയ്യുന്നതുമില്ല. ഇങ്ങനെയുള്ള ജാതിയോട് ഞാൻ പകരം ചെയ്യാതിരിക്കുമോ എന്ന് യഹോവയുടെ അരുളപ്പാട്'. (യറമ്യാവ് V 2629)

വൈദികപുരോഹിതന്മാർ പ്രമാണികളായ ധനികന്മാരെ അകമ്പടി സേവിച്ചു. മർദ്ദനങ്ങൾക്കും ചൂഷണങ്ങൾക്കും അവർ ദിവ്യമായ ഒരാവരണം നൽകി.

ഈ അനീതികൾക്കെതിരായി ശബ്ദമുയർത്തിക്കൊണ്ടാണ് യേശുക്രിസ്തു രംഗപ്രവേശം ചെയ്തത്.

പാവങ്ങളെ അജ്ഞതയിലും അന്ധവിശ്വാസത്തിലുമാഴ്ത്തി ചൂഷണം ചെയ്യുന്ന പുരോഹിതപ്പരിഷകളെ അദ്ദേഹം തൊലിയുരിച്ചുകാണിച്ചു:

'അവർ വെള്ളതേച്ച ശവക്കല്ലറകളോട് ഒത്തിരിക്കുന്നു. പുറമെ അഴകായി ശോഭിക്കുന്നെങ്കിലും അകത്തെ ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു. പുറമെ അവർ നീതിമാന്മാർ എന്ന് മനുഷ്യർക്കു തോന്നുന്നു. അകമേയോ കപടഭക്തിയും അധർമ്മവും നിറഞ്ഞവരത്രെ'.

സങ്കുചിതമായ സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി ദൈവത്തിന്റെയും മതത്തിന്റെയും പേരിൽ 'വ്യാജം പ്രവർത്തിക്കുകയും' 'സമാധാനം ഇല്ലാതിരിക്കേ സമാധാനം എന്നുപറഞ്ഞ്' ജനങ്ങളുടെ മുറിവിനെ ലഘുവായി കാണുകയും ചെയ്തുപോന്ന വൈദികമേലദ്ധ്യക്ഷന്മാരെ അദ്ദേഹം താക്കീതു ചെയ്തു:

'കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ! നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ മനുഷ്യർക്ക് സ്വർഗരാജ്യം അടച്ചുകളയുന്നു! നിങ്ങൾ കടക്കുന്നില്ല, കടക്കുന്നവരെ കടക്കാൻ സമ്മതിക്കുന്നുമില്ല!'

ദൈവവിശ്വാസത്തിന്റെ മൂടുപടംകൊണ്ട് നെറികെട്ട ചൂഷണങ്ങളെ മറച്ചുപിടിക്കാൻ ശ്രമിച്ച പുരോഹിതന്മാരെ അദ്ദേഹം വെറുതെ വിട്ടില്ല. മത്തായി വിവരിക്കുന്നു;

'യേശു ദേവാലയത്തിൽചെന്നു. ദേവാലയത്തിൽ വിൽക്കുന്നവരേയും കൊള്ളുന്നവരേയും എല്ലാം പുറത്താക്കി. പൊൻവാണിഭക്കാരുടെ മേശകളേയും പ്രാവുകളെ വിൽക്കുന്നവരുടെ പീഠങ്ങളേയും മറിച്ചു കളഞ്ഞു. അവരോട് 'എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും' എന്ന് എഴുതിയിരിക്കുന്നു. നിങ്ങളോ, അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു!' (മത്തായി, 21)

ക്രിസ്തുമതം ആരംഭിച്ചുകഴിഞ്ഞു.

അടിമകൾ, ഭാരം ചുമക്കുന്നവർ, മീൻ പിടുത്തക്കാർ, കൈവേലക്കാർ, ചുരുക്കിപ്പറഞ്ഞാൽ മർദ്ദനങ്ങൾക്കിരയായിക്കൊണ്ടിരിക്കുന്നവരെല്ലാം ദൈവപുത്രനായ ക്രിസ്തുവിൽ വിശ്വസിച്ചു. മർദ്ദകരുടെ ഭരണമവസാനിപ്പിക്കാനും ദൈവരാജ്യം സ്ഥാപിക്കാനും വേണ്ടി അവർ യോജിച്ചണിനിരന്നു. പാവങ്ങളെ ഉദ്ധരിക്കാൻവേണ്ടി ക്രിസ്തുദേവൻ ചെയ്ത പലതരം അത്ഭുതപ്രവർത്തനങ്ങളെപ്പറ്റിയുള്ള കഥകളും ഐതീഹ്യങ്ങളും റോമാസാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിലും പ്രചരിച്ചു.

മർദ്ദകരായ ധനാഢ്യന്മാർക്കും പുരോഹിതവർഗത്തിനും ശുണ്ഠി പിടിച്ചു. അവർ അട്ടഹസിച്ചു:

‘അവനെ ക്രൂശിക്ക! അവനെ ക്രൂശിക്ക!’

## 3

യേശുക്രിസ്തു എന്നൊരു ചരിത്രപുരുഷൻ യഥാർത്ഥത്തിൽ ജീവിച്ചിരുന്നുവോ എന്നതിനെപ്പറ്റി പണ്ഡിതന്മാർക്കിടയിൽ വലിയ തർക്കങ്ങളുണ്ടായിട്ടുണ്ട്. ഒന്നാം നൂറ്റാണ്ടിലും രണ്ടാം നൂറ്റാണ്ടിലും ജീവിച്ചിരുന്ന റോമൻ ചരിത്രകാരന്മാരും തന്നെ, അങ്ങനെയൊരാളിനെപ്പറ്റി പ്രസ്താവിക്കുന്നില്ലെന്ന് ചിലർ ഉറപ്പിച്ചുപറയുന്നു. ജെറുസലേം പിടിച്ചടക്കി ദൈവരാജ്യം സ്ഥാപിക്കുവാൻ വേണ്ടി ഹീബ്രുക്കളെ അണിനിരത്തിക്കൊണ്ട് ഒരു കലാപം നടത്തുകയും അത് പരാജയപ്പെട്ടപ്പോൾ പതിവുപോലെ റോമൻ ഗവർണറുടെ കല്പനയനുസരിച്ച് കൊല ചെയ്യപ്പെടുകയും ചെയ്ത ജോഷ്വ എന്നൊരു നേതാവിനെപ്പറ്റി ചരിത്രം പ്രതിപാദിക്കുന്നുണ്ടെന്നും, ആ ജോഷ്വയാണ് ജീസസ്സ് (യേശു) ആയിത്തീർന്നതെന്നും, അദ്ദേഹത്തെപ്പറ്റിയുള്ള സ്മരണകളും അദ്ദേഹം വീണ്ടും വരുമെന്ന വിശ്വാസവും അദ്ദേഹത്തിന്റെ അനുയായികൾക്കിടയിൽ മങ്ങാതെ നിലനിന്നുപോന്നുവെന്നും, യേശുക്രിസ്തുവെപ്പറ്റിയുള്ള കഥകളുടെയും ഐതീഹ്യങ്ങളുടെയും ചരിത്രപരമായ അടിസ്ഥാനം ഇതായിരിക്കാനാണിടയുള്ളതെന്നും ആർച്ചിബാൾഡ് റോബർട്സൻ, തന്റെ ‘ക്രിസ്തുമതത്തിന്റെ ഉത്ഭവം’ എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നു.

ക്രിസ്തു ഒരു ചരിത്രപുരുഷനായിരുന്നുവോ എന്ന വാദപ്രതിവാദത്തിലേക്ക് ഇവിടെ പ്രവേശിക്കേണ്ടതില്ല. പക്ഷേ, ഒരു കാര്യം നിസംശയമാണ്. ക്രിസ്തുവിന്റെ സ്വാധീനശക്തി ഒന്നാം നൂറ്റാണ്ടിൽ തന്നെ പതിനായിരക്കണക്കിലുള്ള മർദ്ദിതജനങ്ങളെ ആവേശം കൊള്ളിക്കുകയും മർദ്ദനങ്ങൾക്കെതിരായി അണിനിരത്തുകയും ചെയ്ത ഒരു വിപ്ലവപ്രസ്ഥാനമായിക്കഴിഞ്ഞിരുന്നു.

ക്രിസ്തുവിൽ വിശ്വസിക്കുന്നവർ—അതായത്, ക്രിസ്ത്യാനികൾ—റോമാ സാമ്രാജ്യത്തിലെ പട്ടണപ്രദേശങ്ങളിൽ ചെറിയ ചെറിയ സംഘങ്ങൾ സ്ഥാപിച്ചു. പ്രാർത്ഥിക്കാനും ഉപദേശ പ്രസംഗങ്ങൾ നടത്താനുംവേണ്ടി അവർ ഒന്നിച്ചുചേരും; ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കും; ബുദ്ധിമുട്ടുകൾ പരിഹരിക്കാനും ജോലികൾ കണ്ടുപിടിക്കാനും പരസ്പരം സഹായിക്കും. അടിമകളും കൈവേലക്കാരും മീൻ പിടുത്തക്കാരും ഭാരം ചുമക്കുന്നവരും മറ്റു ദരിദ്രപ്പരിഷകളും സംഘങ്ങളിൽ അംഗങ്ങളായിച്ചേർന്നു. അവർക്കിടയിൽ അസമത്വമുണ്ടായിരുന്നില്ല; അസൂയയും വെറുപ്പുമുണ്ടായിരുന്നില്ല. എല്ലാവരും ക്രിസ്ത്യാനികളായിരുന്നു. ദൈവരാജ്യം സ്ഥാപിക്കാൻ വേണ്ടി യേശുക്രിസ്തു വീണ്ടും വരുമെന്ന് അവർ ദൃഢമായി വിശ്വസിച്ചു. ഉടമകളുടെയും പണമിടപാടുകാരുടെയും മർദ്ദനങ്ങളിൽ നിന്നു മോചനം നേടുക, നിലം

എല്ലാവർക്കും കിട്ടത്തക്കവണ്ണം നീതിപൂർവ്വകമായി വിഭജിക്കുക, സാധാരണക്കാരുടെ ഭരണം സ്ഥാപിക്കുക, സാധാരണക്കാരുടെ ദൈവത്തെ—സ്നേഹശീലനും കരുണാനിധിയുമായ യഹോവായെ—വാഴ്ത്തുക എന്നിവയായിരുന്നു ദൈവരാജ്യത്തിന്റെ പരിപാടി എന്ന് ആർച്ചിബാൾഡ് റോബർട്സൻ വ്യക്തമാക്കുന്നു.

ഒരു പട്ടണത്തിലെ സംഘത്തിന് മറ്റു പട്ടണങ്ങളിലെ സംഘങ്ങളുമായി ബന്ധമുണ്ടായിരുന്നു. രണ്ടാം നൂറ്റാണ്ടായപ്പോഴേക്കും ദൈവരാജ്യത്തിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനികളുടെ രഹസ്യസംഘങ്ങൾ രാജ്യത്തിലെങ്ങും ഉയർന്നുവന്നു.

ക്രിസ്തുമതം വെറുമൊരു വിശ്വാസമായിരുന്നില്ല. അതൊരു ബഹുജനപ്രസ്ഥാനമായിരുന്നു; മർദ്ദകവർഗക്കാർക്കെതിരായ ഒരു ജനകീയ പ്രക്ഷോഭമായിരുന്നു.

ധനികവർഗക്കാരും അവരുടെ ഭരണത്തലവന്മാരും ക്രിസ്തുമതത്തിന്റെ പ്രചാരത്തെ തടയാൻവേണ്ടി ആവുന്നതും പരിശ്രമിച്ചുനോക്കി; നെറികെട്ട മർദ്ദനങ്ങൾ നടത്തിനോക്കി; ക്രിസ്ത്യാനികൾ മതത്തിന്റെ ശത്രുക്കളാണെന്നും സ്ത്രീകളെ പൊതുസ്വത്താക്കുന്നവരാണെന്നും മറ്റുമുള്ള അപവാദങ്ങൾ പ്രചരിപ്പിച്ചുനോക്കി. പക്ഷേ, എന്തായിട്ടും, ക്രിസ്ത്യാനികളുടെ പ്രക്ഷോഭങ്ങൾ ദിവസം ചെല്ലുംതോറും അധികമധികം പരന്നുപിടിക്കുകയാണ് ചെയ്തത്.

'ഫ്രാൻസിലെ വർഗസമരങ്ങൾ' എന്ന പുസ്തകത്തിന്റെ മുഖവുരയിൽ ഫ്രെഡറിക്ക് എംഗൽസ് എഴുതുന്നു:

> 'ശരിക്ക് പതിനാറ് നൂറ്റാണ്ടുകൾക്ക് മുമ്പ് അപകടംപിടിച്ച ഒരു ലഹളപ്പാർട്ടി റോമൻ സാമ്രാജ്യത്തിൽ വലിയൊരിളക്കമുണ്ടാക്കി. മതത്തേയും ഭരണകൂടത്തിന്റെ അടിത്തറകളേയും അതു തുരങ്കംവെച്ചു. സീസറുടെ ഇച്ഛയാണ് പരമമായ നിയമം എന്ന വാദത്തെ അതു പരിപൂർണമായും നിഷേധിച്ചു. അതിന് സ്വന്തമായ ഒരു മാതൃഭൂമി ഉണ്ടായിരുന്നില്ല—അത് സാർവ്വദേശീയമായിരുന്നു. സാമ്രാജ്യത്തിലെ എല്ലാ രാജ്യങ്ങളിലും, ഗാൾ മുതൽ ഏഷ്യവരേയും, സാമ്രാജ്യാതിർത്തികൾക്കപ്പുറത്തേക്കും, അതു വ്യാപിച്ചു. വളരെക്കാലത്തോളം രഹസ്യമായിട്ടാണ്, അണ്ടർഗ്രൗണ്ടിൽ കഴിച്ചുകൂട്ടിക്കൊണ്ടാണ്, അതു പ്രക്ഷോഭം നടത്തിയത്. ഒടുവിൽ പരസ്യമായി പ്രവർത്തിക്കത്തക്കവണ്ണം ശക്തിനേടിക്കൊണ്ട് അത് പുറത്തുവന്നു പ്രവർത്തിച്ചു. ഈ ലഹളപ്പാർട്ടി ക്രിസ്ത്യാനികളെന്ന പേരിലാണറിയപ്പെട്ടിരുന്നത്'.

ക്രിസ്ത്വാബ്ദം 64-ൽ നാടുവാണിരുന്ന നീറോ ചക്രവർത്തി ക്രിസ്ത്യാനികളെ നശിപ്പിക്കാൻ വേണ്ടി ഒരു നീചമായ ശ്രമം നടത്തുകയുണ്ടായി. അദ്ദേഹം രഹസ്യമായി തന്റെ കിങ്കരന്മാരെക്കൊണ്ട് റോം പട്ടണത്തെ അഗ്നിക്കിരയാക്കി. എന്നിട്ട് ക്രിസ്ത്യാനികളാണ് തീ വെച്ചതെന്ന് പറഞ്ഞു പരത്തുകയും കുറ്റക്കാരെ ശിക്ഷിക്കാനെന്നുംപറഞ്ഞ് ആയിരക്കണക്കിലുള്ള ക്രിസ്ത്യാനികളെ കൊന്നൊടുക്കുകയും ചെയ്തു. സാമ്രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ചുറ്റി സഞ്ചരിച്ചുകൊണ്ട് ക്രിസ്ത്യാനികളുടെ സംഘടനകൾ കെട്ടിപ്പടുത്ത സെൻറ് പോൾ, സെൻറ് പീറ്റർ എന്നീ സുപ്രസിദ്ധരായ ക്രിസ്തുശിഷ്യന്മാർ നീറോവിന്റെ മർദ്ദനങ്ങൾ അഭിമുഖീകരിച്ചുകൊണ്ടാണ് മരണം വരിച്ചത്. പക്ഷേ, നീറോ ചക്രവർത്തിക്ക് ക്രിസ്ത്യാനികളുടെ ചോരയൊഴുക്കാനേ കഴിഞ്ഞുള്ളൂ; ക്രിസ്തുമതത്തെ നശിപ്പിക്കാൻ കഴിഞ്ഞില്ല. നേരേമറിച്ച്, ക്രിസ്തുമതപ്രക്ഷോഭം പൂർവ്വാധികം ശക്തിപ്പെടുകയാണുണ്ടായത്.

മുപ്പത്തിരണ്ട് കൊല്ലങ്ങൾക്കുശേഷം, ക്രിസ്ത്വാബ്ദം 96ൽ ഡൊമീഷ്യൻ ചക്രവർത്തിയുടെ നേതൃത്വത്തിൽ മറ്റൊരു കൂട്ടക്കൊല നടന്നു. അതും പരാജയപ്പെടുകയാണ് ചെയ്തത്. ക്രിസ്തുമതം പൂർവ്വാധികം ശക്തിപ്പെട്ടു.

## 4

ആരംഭത്തിൽ മർദ്ദിതരായ ദരിദ്രജനവിഭാഗങ്ങൾ മാത്രമാണ് ക്രിസ്തുമത പ്രക്ഷോഭങ്ങളിൽ പങ്കുകൊണ്ടിരുന്നത്. എന്നാൽ, ഒന്നാം നൂറ്റാണ്ടിലും രണ്ടാം നൂറ്റാണ്ടിലും പ്രക്ഷോഭം സാർവ്വത്രികവും സാർവ്വദേശീയവുമായി ശക്തിപ്പെടാൻ തുടങ്ങിയപ്പോൾ ധനികവർഗക്കാർക്കിടയിൽ നിന്നുപോലും അനേകം വ്യക്തികൾ അതിലേക്കാകർഷിക്കപ്പെട്ടു. ധനികരായ ഈ വ്യക്തികൾ തങ്ങളുടെ സ്വത്തുക്കളോടുകൂടിയാണ് ക്രിസ്ത്യൻ സംഘടനകളിലേക്ക് വന്നത്. അതിൻഫലമായി ക്രിസ്ത്യൻ സംഘങ്ങളുടെ സ്വത്തുക്കൾ മെല്ലെ മെല്ലെ വർദ്ധിക്കാൻ തുടങ്ങി. സ്വത്തുക്കളുടെയും പ്രാർത്ഥനകളുടെയും മേൽനോട്ടം നടത്താൻവേണ്ടി ബിഷപ്പുമാർ എന്ന പേരിലറിയപ്പെടുന്ന നേതാക്കന്മാർ തിരഞ്ഞെടുക്കപ്പെട്ടു. ബിഷപ്പുമാരുടെ നേതൃത്വത്തിലുള്ള സഭകൾ ഒന്നിച്ചു കൂടിയിട്ടാണ് ക്രിസ്ത്യൻപള്ളി രൂപവൽക്കരിച്ചത്. മൂന്നാം നൂറ്റാണ്ടായപ്പോഴേക്കും പള്ളി അവഗണിക്കപ്പെടാനാവാത്ത ഒരു ശക്തിയായിത്തീർന്നു.

പള്ളിയും ഭരണകൂടവും തമ്മിൽ ഗൗരവമേറിയ മത്സരങ്ങളാവിർഭവിച്ചു. ഭരണാധികാരികൾക്ക് പണത്തിന് വലിയ വിഷമം നേരിട്ടുകൊണ്ടിരുന്ന ഒരു ഘട്ടമായിരുന്നു അത്. കുഴപ്പത്തിൽനിന്നു രക്ഷപെടാനുള്ള എളുപ്പവഴി ക്രിസ്ത്യാനികളുടെ സ്വത്തുക്കൾ പിടിച്ചടക്കലാണെന്ന് അവർ വിചാരിച്ചു. അങ്ങനെ മൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടി ക്രിസ്തുമതത്തിന്റെ നേർക്കുള്ള മർദ്ദനപരിപാടികൾക്ക് ഊക്കുകൂടി. ക്രിസ്ത്യാനികൾ രാജ്യത്തിൽ അസംതൃപ്തിയും അസമാധാനവും ആളിക്കത്തിക്കുന്ന രാജ്യദ്രോഹികളാണെന്നു പ്രഖ്യാപിക്കപ്പെട്ടു. ക്രിസ്ത്യൻ സഭകൾ നിരോധിക്കപ്പെട്ടു. സഭകളിലേക്കുള്ള വഴിപാടുകളും ദാനങ്ങളും തടയപ്പെട്ടു. സഭകളുടെ സ്വത്തുക്കൾ പിടിച്ചടക്കപ്പെട്ടു. ആയിരക്കണക്കിലുള്ള ക്രിസ്തുമതവിശ്വാസികൾ വധിക്കപ്പെട്ടു.

പക്ഷേ, ഇതുകൊണ്ടൊന്നും ആശിച്ച ഫലമുണ്ടായില്ല. മർദ്ദനങ്ങളെ വകവെക്കാതെ ക്രിസ്ത്യാനികൾ തങ്ങളുടെ ആദർശങ്ങളുടെയും വിശ്വാസങ്ങളുടെയും പിന്നിൽ ഉറച്ചുനിന്നു. അതിൻഫലമായി അവരുടെ അന്തസ്സും സ്വാധീനശക്തിയും അതിവേഗം വർദ്ധിച്ചു. പട്ടാളക്കാർക്കിടയിൽപ്പോലും ക്രിസ്തുമതവിശ്വാസം പരന്നുപിടിച്ചു. ഉയർന്ന ഉദ്യോഗസ്ഥന്മാർക്കിടയിലും എന്തിന്, രാജകൊട്ടാരങ്ങൾക്കകത്തുപോലും, ക്രിസ്തുധർമ്മം നുഴഞ്ഞുകയറി.

ഈ സംഭവവികാസങ്ങളുടെ ഫലമായി മറ്റൊന്നുണ്ടായി. പള്ളിയുടെ സ്വത്തുക്കൾ വർദ്ധിച്ചതോടെ ക്രിസ്തുമതപ്രക്ഷോഭത്തിന്റെ സ്വഭാവത്തിലൊരു മാറ്റം പ്രത്യക്ഷപ്പെട്ടു. ധനികവർഗക്കാർ നുഴഞ്ഞുകയറിയതിന്റെ ഫലമായി ക്രമേണ ക്രിസ്തുമതത്തിന്റെ വിപ്ലവപരമായ ഉള്ളടക്കത്തിനു ഉടവുതട്ടി. ഭരണാധികാരികളെ വണങ്ങണമെന്നും അവർക്ക് കീഴടങ്ങണമെന്നും പള്ളിയുടെ തലവന്മാർ ബഹുജനങ്ങളെ ഉപദേശിക്കാൻ തുടങ്ങി. അങ്ങനെ നാലാം നൂറ്റാണ്ടിന്റെ ആരംഭമായപ്പോഴേക്കും വർഗസമരത്തിന്റെ സ്ഥാനത്ത് വർഗസഹകരണം തലപൊക്കാൻ തുടങ്ങി. 'അടിമകളായ നിങ്ങൾ നിങ്ങളുടെ യജമാനന്മാരെ ദൈവത്തിന്റെ പ്രതിബിംബങ്ങളായി കണക്കാക്കണം'. എന്നും മറ്റുമുള്ള ഉപദേശങ്ങൾ പ്രചരിപ്പിക്കപ്പെടാൻ തുടങ്ങി.

ക്രി: 305-ൽ ഡയോക്ലീഷ്യൻ ചക്രവർത്തി അനാരോഗ്യം കാരണം സ്ഥാനത്യാഗം ചെയ്തതിനുശേഷം ഭരണാധികാരികളുടെ നയത്തിലും ഒരു വമ്പിച്ച മാറ്റം കാണപ്പെട്ടു. ചക്രവർത്തിയുടെ അനന്തരാവകാശികളായ കോൺസ്റ്റാൻറീനും ലിസീനിയനും തമ്മിൽ സിംഹാസനത്തിനുവേണ്ടി നടത്തിയ വഴക്കുകളെ ക്രിസ്ത്യൻ

സഭകൾ സമർത്ഥമായി ഉപയോഗിച്ചു. വഴക്കുകൾ നീണ്ടുനിൽക്കുംതോറും ക്രിസ്ത്യാനികളുടെ ശക്തി വർദ്ധിച്ചുകൊണ്ടുവന്നു. ഒടുവിൽ, ക്രി. 313ൽ മിലാനിൽവെച്ച് കോൺസ്റ്റാൻറീനും ലിസീനിയനും തമ്മിൽ സന്ധിയായി. സാമ്രാജ്യത്തിലെ പടിഞ്ഞാറൻ ഭാഗങ്ങൾ കോൺസ്റ്റാൻറീനും കിഴക്കൻ ഭാഗങ്ങൾ ലിസീനിയനും പങ്കിട്ടെടുത്തു. അതോടൊപ്പംതന്നെ രണ്ടുപേരും ഒപ്പിട്ട ഒരു കല്പനയും പുറത്തുവന്നു. 'എഡിക്റ്റ് ഓഫ് മിലാൻ' എന്ന പേരിലറിയപ്പെടുന്ന ആ കല്പനയനുസരിച്ച് ക്രിസ്തുമതത്തിന് മറ്റു മതങ്ങളോടു തുല്യമായ പദവി നൽകപ്പെട്ടു.

കോൺസ്റ്റാൻറീനും ലിസീനിയനും തമ്മിലുണ്ടായ യോജിപ്പ് അധികകാലം നിലനിന്നില്ല. ഏറെക്കഴിയുന്നതിന് മുമ്പ് ലിസീനിയനെ തോല്പിച്ച് കോൺസ്റ്റാൻറീൻ ഏകച്ഛത്രാധിപതിയായി.

കോൺസ്റ്റാൻറീൻ സ്വയമൊരു ക്രിസ്ത്യാനിയാവുകയുണ്ടായില്ല. എങ്കിലും, അദ്ദേഹം തന്റെ പുത്രന്മാരെയെല്ലാം ക്രിസ്തുമതത്തിൽ ചേർത്തു. പള്ളിയുടെ സ്വാധീനശക്തി വർദ്ധിപ്പിക്കാൻ വേണ്ടി അദ്ദേഹം വിപുലമായ തോതിൽ പ്രചാരവേലകൾ സംഘടിപ്പിച്ചു. നികുതികളിൽ നിന്നും ഭരണകൂടം സംബന്ധിച്ച മറ്റു ചുമതലകളിൽ നിന്നും പാതിരിമാരെ ഒഴിവാക്കി. പള്ളികൾക്ക് സ്വത്തുക്കൾ സമ്പാദിക്കാൻ മാത്രമല്ല, സ്വന്തമായി കോടതികൾ നടത്താൻപോലും അധികാരം നൽകി. അങ്ങനെ നാലാം നൂറ്റാണ്ടിൽ, അതേവരെ മർദ്ദിക്കപ്പെട്ടും വേട്ടയാടപ്പെട്ടും കഴിഞ്ഞുകൂടിയ ക്രിസ്തുമതത്തിന് ഭരണാധികാരത്തിന്റെ അംഗീകാരം ലഭിച്ചു. ഭരണാധികാരികളുടെയും ധനികവർഗക്കാരുടെയും അനുഗ്രഹത്തോടുകൂടി പള്ളികൾ വലിയ സ്വത്തുടമകളായി മാറി.

പക്ഷേ, അതോടൊപ്പം തന്നെ ക്രിസ്തുമതത്തിലെ ആഭ്യന്തരക്കുഴപ്പവുമാരംഭിച്ചു. ക്രിസ്ത്യാനികളിലൊരു വിഭാഗം, പ്രത്യേകിച്ചും മർദ്ദിതരുടെ വിഭാഗം, ചെങ്കോലും കുരിശും തമ്മിലുണ്ടായ സന്ധിയെ എതിർത്തു. പുരോഹിതന്മാരുടെ ജീവിതരീതിയും സുഖഭോഗങ്ങളും ക്രിസ്തുദേവൻ ചൂണ്ടിക്കാണിച്ച മാർഗത്തിനെതിരാണെന്ന് അവർ പ്രഖ്യാപിച്ചു. ചക്രവർത്തിയെ പ്രീണിപ്പിക്കാൻ വേണ്ടി ദൈവരാജ്യത്തെ ഉപേക്ഷിച്ച പള്ളി മേധാവികളെ അവർ കഠിനമായി ആക്ഷേപിച്ചു. യേശുക്രിസ്തുവിന്റെ പേരിൽ പള്ളിഭരണത്തെ വെല്ലുവിളിച്ച ആ വിപ്ലവകാരികളെ അടിച്ചമർത്തുന്ന കാര്യത്തിൽ ഭരണാധികാരികളും വൈദികമേലദ്ധ്യക്ഷന്മാരും കൈകോർത്തുപിടിച്ചു.

## 5
## ഫ്യൂഡലിസത്തിലെ ക്രിസ്തുമതം

ഫ്യൂഡൽ വ്യവസ്ഥയിൽ പള്ളിയുടെ സ്വത്തുക്കളും സ്വാധീനശക്തിയും പൂർവാധികം വർദ്ധിച്ചു. പള്ളിയായിരുന്നു യഥാർത്ഥത്തിൽ ഫ്യൂഡൽ യൂറോപ്പിന്റെ കേന്ദ്രം. ജനങ്ങളുടെ മതവിശ്വാസത്തെ ചൂഷണം ചെയ്തുകൊണ്ട് നാടുവാഴികളുടെയും പള്ളി മേധാവികളുടെയും സ്വത്തുടമാവകാശങ്ങളെ കാത്തുരക്ഷിക്കാനാണ് അതു പരിശ്രമിച്ചത്. സ്വത്ത് സമ്പാദിക്കാനും നാടുവാഴിത്തപരമായ ചൂഷണവ്യവസ്ഥയെ നിലനിർത്താനും വേണ്ടി അത് എല്ലാത്തരം മർദ്ദനമുറകളേയും ന്യായീകരിച്ചു. എംഗൽസ് എഴുതുന്നു:

> 'തങ്ങളുടെ കീഴിലുള്ള ജനങ്ങളുടെ പക്കൽ നിന്ന് അവസാനത്തെ കാശുകൂടി പിഴിഞ്ഞെടുക്കുകയോ പള്ളിവക എസ്റ്റേറ്റുകൾ വർദ്ധിപ്പിക്കുകയോ ചെയ്യാൻവേണ്ടി

അവർ മൃഗീയമായ ബലാൽക്കാരം മാത്രമല്ല, മതപരമായ എല്ലാ ചതിപ്പണികളും ഉപയോഗിച്ചു. ദേഹപീഡനത്തിനുള്ള മർദ്ദനോപകരണങ്ങളുടെ ഭീകരതകൾ മാത്രമല്ല, സമുദായഭ്രഷ്ടിന്റെയും പാപപരിഹാര നിഷേധത്തിന്റെയും ഭീകരതകൂടിയും അവർ പ്രയോഗിച്ചു. കുറ്റസമ്മതമുറിയിലെ എല്ലാത്തരം സൂത്രപ്പണികളും അവരവലംബിച്ചു'.

'പീപ്പിൾസ് ഹിസ്റ്ററി ഓഫ് ഇംഗ്ലണ്ട്'. എന്ന തന്റെ പുസ്തകത്തിൽ എ. എൽ. മോർട്ടൻ വിവരിക്കുന്നു:

'നിലം സമ്പാദിക്കാൻവേണ്ടി പള്ളികൾ നരകഭീഷണി മുതൽ തനി കള്ളരേഖയുണ്ടാക്കൽ വരെയുള്ള എല്ലാത്തരം സൂത്രപ്പണികളും പ്രയോഗിച്ചു. അങ്ങനെ പണവ്യവസ്ഥയുംതന്നെ ഒരു ദൗർബല്യമായിത്തീരുമാറ് പള്ളിവക നിലങ്ങൾ അത്രയ്ക്ക് വിപുലമായിത്തീർന്നു. മറ്റുള്ള ജനവിഭാഗങ്ങൾക്കും ഇതുകാരണം വലിയ വിഷമമുണ്ടായി. പള്ളിവക നിലങ്ങൾക്ക് നികുതിയും സൈനിക സേവനത്തിനുള്ള ബാദ്ധ്യതകളും കുറവായിരുന്നു. ഇതുകൊണ്ടുളവാകുന്ന കമ്മി നികത്താൻ കൃഷിക്കാർ കൂടുതൽ ഭാരം ചുമക്കേണ്ടിവന്നു. പള്ളികളുടെ സ്ഥാപിതതാല്പര്യങ്ങളോടൊപ്പം കൃഷിക്കാരുടെ മേലുള്ള മർദ്ദനങ്ങളും വർദ്ധിച്ചുകൊണ്ടുവന്നു'.

പള്ളിമേധാവിത്വം മനുഷ്യന്റെ ഭൗതികശരീരത്തെ മാത്രമല്ല, ആത്മാവിനെപ്പോലും, അടിമപ്പെടുത്തി. വിദ്യാഭ്യാസവും സംസ്കാരവും സന്മാർഗ്ഗികബോധവുമെല്ലാം പള്ളിയുടെ നിയന്ത്രണത്തിലായി. പള്ളിയുടെ കല്പനകളനുസരിക്കാത്തവരെല്ലാം മൃഗീയമായി മർദ്ദിക്കപ്പെടുകയോ ചുട്ടുകരിക്കപ്പെടുകയോ ചെയ്തു.

പതിനൊന്നാം നൂറ്റാണ്ടിൽ ആഭ്യന്തര കുഴപ്പങ്ങൾ കാരണം പള്ളിമേധാവികൾ രണ്ടായി പിരിഞ്ഞു. ഗ്രീക്ക് ഓർത്തഡോക്സ് ചർച്ച്, റോമൻ കത്തോലിക് ചർച്ച് എന്നിങ്ങനെ രണ്ടുതരം പള്ളിമേധാവിത്വങ്ങളാവിർഭവിച്ചു. റോമൻ കാത്തോലിക്ക പള്ളിയുടെ തലവനായ മാർപാപ്പ ലോകത്തെ മുഴുവൻ തന്റെ കീഴിലാക്കാനാണ് പരിശ്രമിച്ചത്. ഈ പരിശ്രമം പള്ളിയുടെ ആഭ്യന്തര കുഴപ്പങ്ങളെ മൂർച്ഛിപ്പിച്ചു.

രാഷ്ട്രീയകാര്യങ്ങളിൽ മാത്രമല്ല, സാംസ്കാരികവും ആത്മീയവും ശാസ്ത്രസംബന്ധിയുമായ എല്ലാ രംഗങ്ങളിലും പള്ളിമേധാവിത്വം തലയിട്ടു. പുരോഗമനപരമായ പുസ്തകങ്ങളെയെല്ലാം അതു നിരോധിച്ചു. എതു തരത്തിലുമുള്ള നവീനാശയങ്ങളേയും അതു തടഞ്ഞുനിർത്താൻ ശ്രമിച്ചു. ഗലീലിയോവിന്റെ നേരെ നടത്തപ്പെട്ട ആക്രമണം ചരിത്രപ്രസിദ്ധമാണല്ലോ. 1632-ലാണ് ഗലീലിയോ തന്റെ 'ഡയലോഗോ' എന്ന ശാസ്ത്രഗ്രന്ഥം പ്രസിദ്ധം ചെയ്തത്. അടുത്തകൊല്ലം തന്നെ പ്രസ്തുത പുസ്തകം നിരോധിക്കപ്പെടുകയും അതിന്റെ കർത്താവ് കഠിനമായി ആക്ഷേപിക്കപ്പെടുകയും ചെയ്തു. താഴെ ഉദ്ധരിക്കുന്ന കല്പന ഒന്നു വായിച്ചുനോക്കുക:

'പ്രപഞ്ചത്തിന്റെ മദ്ധ്യത്തിൽ സൂര്യൻ ചലിക്കാതെ നിൽക്കുന്നുവെന്നും ഭൂമിയാണ് രാപ്പകൽ ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കുന്നത് എന്നുമുള്ള തത്വം സത്യമാണെന്ന് അഭിപ്രായപ്പെട്ടതിനും, ഇത്തരം അഭിപ്രായങ്ങൾ ശിഷ്യരെ പഠിപ്പിച്ചതിനും വേദപുസ്തകങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള തുടർച്ചയായ ആക്ഷേപങ്ങൾക്ക് വേദപുസ്തകങ്ങളെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് മറുപടി പറഞ്ഞതിനും ഫ്ളോറൻസിലെ പരേതനായ വിൻസെൻസോ ഗലീലിയോവിന്റെ പുത്രനും എഴുപതു വയസ്സ് പ്രായമുള്ളവനുമായ ഗലീലിയോ 1615-ൽ ഈ വിശുദ്ധ നീതിപീഠത്തിൽ അധിക്ഷേപിക്കപ്പെടുകയുണ്ടായി'.

'അതിനാൽ അതു മുതൽക്ക് പരിശുദ്ധവിശ്വാസത്തിനെതിരായി തുടരുന്നതും വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ അനർത്ഥങ്ങളേയും ക്രമക്കേടുകളേയും തടയണമെന്ന ഉദ്ദേശത്തോടുകൂടി വിശുദ്ധ നീതിപീഠം...'

'സൂര്യനാണ് പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവെന്നും അതു ചലിക്കാതെ നിൽക്കുകയാണെന്നുമുള്ള സിദ്ധാന്തം തത്വശാസ്ത്രപരമായി അബദ്ധവും തെറ്റും വേദപുസ്തകത്തിന് വ്യക്തമായും എതിരായതുകൊണ്ട് ഔപചാരികമായി മതദ്രോഹപരവുമാണ്. 'ഭൂമിയല്ല പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവെന്നും അത് അചഞ്ചലമല്ലെന്നും നേരെമറിച്ച് രാപ്പകൽ ചലിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നുമുള്ള സിദ്ധാന്തവും തത്വശാസ്ത്രപരമായി പരിഗണിക്കുമ്പോൾ, ചുരുങ്ങിയപക്ഷം, വിശ്വാസത്തിന് നിരക്കാത്തതുമാണ്'.

പള്ളിമേധാവിത്വം ഇതുകൊണ്ടും തൃപ്തിപ്പെട്ടില്ല. ഗലീലിയോവിന്റേതുപോലുള്ള സിദ്ധാന്തങ്ങളെപ്പറ്റി എഴുതപ്പെട്ടിട്ടുള്ളവയും ഭാവിയിൽ എഴുതപ്പെടാനിടയുള്ളവയുമായ എല്ലാ ഗ്രന്ഥങ്ങളേയും അത് എന്നന്നേക്കുമായി നിരോധിച്ചു:

'ഭൂമി ചുറ്റിത്തിരിയുന്നുവെന്നും സൂര്യൻ ചലിക്കുന്നില്ലെന്നും പ്രതിപാദിക്കുന്ന എല്ലാ ഗ്രന്ഥങ്ങളും ഇതിനാൽ നിരോധിക്കപ്പെട്ടിരിക്കുന്നു'.

ഈ നിരോധന കല്പനയനുസരിച്ച് കോപ്പർനിക്കസ്, കെപ്ലയർ, ഗലീലിയോ തുടങ്ങിയുള്ള ശാസ്ത്രജ്ഞന്മാരുടെ ഗ്രന്ഥങ്ങൾ വായിക്കുന്നവർക്ക് പരലോകത്തിൽ നരകവും ഇഹലോകത്തിൽ പിഴകൾ, ജയിൽശിക്ഷ മുതലായവയും വിധിക്കപ്പെട്ടു. 1822-ൽ മാത്രമാണ് ഈ നിരോധക്കല്പന റദ്ദാക്കപ്പെടുകയും ജ്യോതിശാസ്ത്രസംബന്ധിയായ ഗ്രന്ഥങ്ങൾ വായിക്കാൻ കത്തോലിക്കർക്ക് അനുവാദം നൽകപ്പെടുകയും ചെയ്തത്.

പക്ഷേ, അത്ഭുതമെന്നു പറയട്ടെ, സർവ്വശക്തമായ കത്തോലിക്കാപ്പള്ളിയുടെ വിരോധക്കല്പനയെ വകവെയ്ക്കാതെ ഭൂമി സൂര്യനുചുറ്റും ചലിച്ചുകൊണ്ടിരിക്കുകതന്നെ ചെയ്തു!

## 6

നാടുവാഴി പ്രഭുത്വവും കത്തോലിക്കാപ്പള്ളിയും അത്രമേൽ കെട്ടുപിണഞ്ഞു കിടന്നതുകൊണ്ട് നാടുവാഴി പ്രഭുത്വത്തിനെതിരായി കർഷകബഹുജനങ്ങൾ നടത്തിയ സമരങ്ങൾ സ്വാഭാവികമായിത്തന്നെ പള്ളി മേധാവിത്വത്തിനും എതിരായിത്തീർന്നു. കർഷകസമരങ്ങൾ പള്ളിയുടെ ചട്ടക്കൂട്ടിനെത്തന്നെയും ശിഥിലമാക്കി. പോപ്പ്, ബിഷപ്പുമാർ മുതലായ മേലേക്കിടയിലുള്ള പള്ളിമേധാവികൾ ഫ്യൂഡൽ ചൂഷണത്തേയും നാടുവാഴി മേധാവിത്വത്തെയും ന്യായീകരിച്ചപ്പോൾ താഴേക്കിടയിലുള്ള സാധാരണ പാതിരിമാരിൽ പലരും കർഷകസമരങ്ങളിൽ സജീവമായി പങ്കുകൊണ്ടു. രണ്ടു കൂട്ടരും യേശുക്രിസ്തുവിന്റെ പേരിലാണ് സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്തത്. മേലേക്കിടയിലുള്ളവർ 'ഇൻക്വിസിഷൻ' എന്ന മർദ്ദനോപകരണമുപയോഗിച്ചുകൊണ്ട് ബഹുജനപ്രക്ഷോഭങ്ങളെയും ചിന്താ സ്വാതന്ത്ര്യത്തേയും മനുഷ്യ പുരോഗതിയേയും നിർദ്ദയം എതിർത്തപ്പോൾ താഴേക്കിടയിലുള്ള പുരോഹിതന്മാർ യേശുക്രിസ്തുവിന്റെ പേരിൽ പള്ളിമേധാവിത്വത്തിൻറ ചൂഷണത്തെ എതിർക്കാൻ മുന്നോട്ടുവന്നു. ഉദാഹരണത്തിന് ക്രി. 1370-ൽ വൈക്ലിഫ് എന്ന പാതിരി ബൈബിൾ ഉയർത്തിപ്പിടിച്ചുകൊണ്ട് പൗരോഹിത്യത്തെ പോർവിളിച്ചു. സ്വകാര്യസ്വത്ത് സമ്പാദിക്കുന്നത് ക്രിസ്തുമതതത്വങ്ങൾക്കെതിരാണെന്നും

ഭൂമിയിലുള്ള എല്ലാ സ്വത്തുക്കളും എല്ലാ മനുഷ്യർക്കും സമമായി അനുഭവിക്കാനുള്ള താണെന്നും വാദിച്ചുകൊണ്ട് അദ്ദേഹം പള്ളിമേധാവികളുടെയും കന്യാമഠങ്ങളുടെ യും സ്വത്തുക്കളെല്ലാം പിടിച്ചെടുത്തു വിതരണം ചെയ്യാൻ ക്രിസ്തുധർമവിശ്വാസിക ളായ കൃഷിക്കാരോടാഹ്വാനം ചെയ്യുകയുണ്ടായി. വൈക്ലിഫിന്റെ അനുയായിയായ ജോൺബാൾ എന്ന മറ്റൊരു പുരോഹിതൻ ക്രിസ്ത്യാനികളായ കൃഷിക്കാരോട് ഇങ്ങനെ പ്രസംഗിച്ചു:

> ‘എന്റെ നല്ലവരായ ജനങ്ങളെ! എല്ലാ സ്വത്തുക്കളും പൊതുവുടമയിലാക്കുന്നതുവ രെ, അടിയാളരെന്നോ പ്രമാണികളെന്നോ ഉള്ള വ്യത്യാസമില്ലാതാകുന്നതുവരെ, ഇംഗ്ലണ്ടിൽ കാര്യങ്ങളൊന്നും നേരെയാവുക സദ്ധ്യമല്ല; ഒരിക്കലുമൊട്ടു നേരെയാവു കയുമില്ല. നാമെല്ലാം പ്രഭുക്കളെന്നു വിളിക്കുന്ന അവർക്ക് എന്തുകാരണം കൊണ്ടാ ണ് നമ്മളേക്കാൾ മേന്മ ലഭിക്കുന്നത്? അവരെങ്ങിനെയാണതിനർഹരാവുന്നത്? നമ്മളെ അവരെന്തിനാണ് അടിമകളാക്കി വെക്കുന്നത്? നമ്മളൊക്കെ ഒരേ പി താവിനും മാതാവിനും—പിറന്നവരാണെങ്കിൽ അവർക്കെങ്ങിനെ നമ്മളേക്കാളേ റെ യജമാനന്മാരെന്നവകാശപ്പെടാൻ കഴിയും? അവരതെങ്ങിനെ തെളിയിക്കും? നമ്മെക്കൊണ്ട് അവർ പണിയെടുപ്പിക്കുകയും അവർക്ക് ചെലവിടാൻ വേണ്ടി നമ്മൾ ഉല്പാദിപ്പിക്കുകയും ചെയ്യുന്നതൊഴിച്ചാൽ വേറെയെന്താണവർക്കൊരു മേ ന്മയുള്ളത്? അവർ വെൽവെറ്റു തുണികളും രോമംകൊണ്ടും പട്ടുരോമം കൊണ്ടും അലംകൃതമായ കോട്ടുകളുമണിയുന്നു. നമ്മളോ, പരുപരുത്ത പരുത്തിത്തുണിക ളുടുക്കുന്നു. അവർക്ക് വീഞ്ഞുണ്ട്, സുഗന്ധദ്രവ്യങ്ങളുണ്ട്, നല്ല അപ്പമുണ്ട്. നമ്മൾ ക്കോ, മുത്താറി റൊട്ടിയും മറ്റുള്ളവരുടെ എച്ചിലുകളും പുല്ലും വെള്ളവും! അവർക്ക് നല്ല പാർപ്പിടങ്ങളുമുണ്ട്, മോടികൂടിയ അരമനകളുണ്ട്. നമുക്കോ, പ്രാരാബ്ധങ്ങളും അദ്ധ്വാനവും. പിന്നെ നമ്മൾ വയലുകളിലെ കാറ്റിനോടും മഴയോടും എതിർത്തു നിൽക്കുകയും വേണം. നമ്മിൽനിന്നും നമ്മുടെ അദ്ധ്വാനത്തിൽ നിന്നുമാണ് തങ്ങ ളുടെ ധാടികൾ നിലനിർത്താനുള്ള വക അവർക്ക് കിട്ടുന്നത്. എന്നിട്ടും, അവർ നമ്മെ അടിയാളരെന്നു വിളിക്കുന്നു. അവരുടെ കല്പനയനുസരിക്കാനമാന്തം കാ ണിച്ചാൽ അവർ നമ്മളെപ്പിടിച്ചു തല്ലുന്നു’...

ഗ്രാത്തിയൻ എന്ന മറ്റൊരു പുരോഹിതൻ ബൈബിളുയർത്തിപ്പിടിച്ചുകൊണ്ടു പറ ഞ്ഞു:

> ‘ഭൂമിയിലുള്ള എല്ലാ സ്വത്തുക്കളും പൊതുസ്വത്താക്കി മാറ്റണം’.

‘ലെവലർ’മാരുടെയും ‘ഡിഗ്ഗർ’മാരുടെയും ബഹുജന പ്രസ്ഥാനങ്ങൾക്ക് പ്രധാനമാ യും യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിൽ നിന്നാണ് പ്രചോദനം ലഭിച്ചത്. അവരുടെ നേതാവായ വിൻസ്റ്റലി എന്ന ക്രൈസ്തവ പുരോഹിതൻ തന്റെ അനുയായികൾക്കു ചൂണ്ടിക്കാണിച്ചു കൊടുത്തു:

> ‘സൂത്രക്കാരായ പള്ളിയുടമകൾക്കറിയാം, തങ്ങളുടെ ദിവ്യപ്രമാണങ്ങളെക്കൊണ്ട് ജനങ്ങളെ മയക്കി അവരുടെ ശ്രദ്ധയെ സ്വർഗത്തിലെ സ്വത്തുക്കളുടെയും മരണാ നന്തരമുള്ള ശ്രേയസിന്റെയും നേർക്കു തിരിച്ചുവിട്ടാൽ തങ്ങൾക്ക് എളുപ്പത്തിൽ ഭൂമി യിലെ സ്വത്തുക്കളെല്ലാമെടുത്തുപയോഗിക്കാനും ജനങ്ങളെ തങ്ങളുടെ അടിമകളാ ക്കാനും കഴിയുമെന്ന്’.

ജർമനിയിൽ ലൂതറുടെയും ഫ്രാൻസിൽ കാൽവിന്റെയും നേതൃത്വത്തിലാരംഭിച്ച മത പരിഷ്കരണ പ്രക്ഷോഭങ്ങൾ പള്ളി മേധാവിത്വത്തിനു നൽകിയ പ്രഹരങ്ങൾ ചരി ത്രപ്രസിദ്ധങ്ങളാണ്. റിഫൊർമേഷൻ എന്ന പേരിലറിയപ്പെടുന്ന ഈ മതപരിഷ്ക

രണ പ്രസ്ഥാനത്തെത്തുടർന്ന് ഒട്ടനവധി പുരോഹിതന്മാർ പള്ളിമേധാവികളുടെ സ്വേച്ഛാധിപത്യത്തിനെതിരായി മുന്നോട്ടുവന്നു. പള്ളിമേധാവികൾ കുറ്റമറ്റവരാണെന്നും അവരുടെ കല്പനകൾ അലംഘനീയമാണെന്നും മറ്റുമുള്ള വാദങ്ങൾക്ക് വലിയ ഉലച്ചിൽ തട്ടി. പുരോഗമന വാദികളായ പുരോഹിതന്മാർ ഒരു കയ്യിൽ ബൈബിളും മറ്റേ കയ്യിൽ വാളുമായി കർഷക ലഹളകളിൽ സജീവമായി പങ്കെടുത്തു. 1525ൽ ജർമനിയിൽ പൊട്ടിപ്പുറപ്പെട്ട കർഷക കലാപത്തിൽ തോമസ് മുൻസർ എന്ന പുരോഹിതൻ വഹിച്ച പങ്ക് പ്രത്യേകം എടുത്തു പറയത്തക്കതാണ്. യേശുക്രിസ്തു ദൈവമല്ല, പാവങ്ങളുടെ നേതാവായ പ്രവാചകൻ മാത്രമാണെന്നും അദ്ദേഹത്തിന്റെ അനുയായികൾ ചൂഷിതരും മർദ്ദിതരുമായ ബഹുജനങ്ങളുടെ ചേരിയിൽ അണിനിരക്കണമെന്നും മുൻസർ ആഹ്വാനം ചെയ്തു. സ്വർഗരാജ്യമെന്നു വെച്ചാൽ വർഗവ്യത്യാസങ്ങളും സ്വകാര്യസ്വത്തുടമയും ഭരണകൂടവുമില്ലാത്ത ഒരു സാമൂഹ്യവ്യവസ്ഥയാണെന്നും സമത്വസുന്ദരമായ ഇത്തരമൊരു സാമൂഹ്യവ്യവസ്ഥയെ എതിർക്കുന്നവരെല്ലാം യേശുക്രിസ്തുവിന്റെ ശത്രുക്കളാണെന്നും അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു.

ക്രിസ്തുമത തത്വങ്ങളുടെ ഈ പുനരുദ്ധാരണമാണ് ഫ്യൂഡലിസത്തിനെതിരായ വിപ്ലവത്തിന് വഴിതെളിച്ചത്.

## 7
## പുരോഗതിയുടെ ശത്രുക്കൾ

1889-ൽ പൊട്ടിപ്പുറപ്പെട്ട ഫ്രഞ്ചുവിപ്ലവം യഥാർത്ഥത്തിൽ പള്ളി മേധാവിത്വത്തിനെതിരായ വിപ്ലവം കൂടിയായിരുന്നു. രാജകീയ ഭരണത്തെ കാത്തുരക്ഷിക്കാൻ വേണ്ടി പള്ളിമേധാവികൾ തങ്ങളുടെ എല്ലാ ശക്തിയുമെടുത്തുപയോഗിച്ചു. പക്ഷേ, ഫലമുണ്ടായില്ല. കുരിശിന്റെയും ചെങ്കോലിന്റെയും അപവിത്രമായ കൂട്ടുകെട്ടിനെ തട്ടിത്തകർത്തുകൊണ്ട് വിപ്ലവം വിജയിച്ചു.

ഫ്രഞ്ചുവിപ്ലവത്തിന്റെ വിജയം ലോകത്തിലൊട്ടുക്കും പുരോഗമനപരങ്ങളായ പുതിയ ആശയങ്ങൾക്കും പുതിയ പ്രസ്ഥാനങ്ങൾക്കും വഴിതെളിയിച്ചു.

ചരിത്രത്തിന്റെ അനിവാര്യമായ ഈ പുരോഗതിയെ തടഞ്ഞുനിർത്താനാണ് പള്ളിമേധാവിത്വം പണിപ്പെട്ടത്.

പത്തൊമ്പതാം നൂറ്റാണ്ടിൽ ജനാധിപത്യം, നവീകരണവാദം (ലിബറലിസം), മതാതീതരാഷ്ട്രം (സെക്യൂലറിസം) മുതലായ സിദ്ധാന്തങ്ങൾക്കു പ്രാബല്യം സിദ്ധിച്ചു. ഈ പുതിയ സിദ്ധാന്തങ്ങളെയെല്ലാം എതിർക്കുകയാണ് കത്തോലിക്കാപ്പള്ളി മേധാവികൾ ചെയ്തത്.

കത്തോലിക്കരുടെ കുട്ടികളെ പഠിപ്പിക്കാൻ വേണ്ടി വൈദികമേലദ്ധ്യക്ഷന്മാർ തയ്യാറാക്കിയ ചോദ്യോത്തര രൂപത്തിലുള്ള ഒരു വേദോപദേശം 'കത്തോലിക്കാപള്ളി ഇരുപതാം നൂറ്റാണ്ടിന്റെ നേരെ' എന്ന തന്റെ പുസ്തകത്തിൽ അവരോ മാൻഹാറ്റൻ ഉദ്ധരിക്കുന്നുണ്ട്. അതിലെ രസകരമായ ഒരു ഭാഗമാണ് താഴെ കൊടുക്കുന്നത്:

ചോദ്യം: ലിബറലിസം പഠിപ്പിക്കുന്നതെന്താണ്?

ഉത്തരം: ഭരണകൂടം പള്ളിയിൽനിന്നു സ്വതന്ത്രമായിരിക്കണമെന്ന്.

ചോദ്യം: ലിബറലിസം എന്തു തരത്തിലുള്ള പാപമാണ്?

ഉത്തരം: അത് വിശ്വാസത്തിനെതിരായ ഏറ്റവും കഠോരമായ ഒരു പാപമാകുന്നു.

ചോദ്യം: എന്തുകൊണ്ടാണ് അതു പാപമാകുന്നത്?

ഉത്തരം: എന്തുകൊണ്ടെന്നാൽ പള്ളി വിലക്കിയിട്ടുള്ള തത്വങ്ങളാണ് അതിലടങ്ങിയിട്ടുള്ളത്.

ചോദ്യം: കത്തോലിക്കർ നവീകരണവാദികളുടെ പത്രം വായിക്കുന്നതു പാപമാണോ?

ഉത്തരം: തീർച്ചയായും; എന്നാൽ, 'സ്റ്റോക്ക് എക്സ്ചേഞ്ച്' വാർത്തകൾ വായിക്കുന്നതിനു വിരോധമില്ല.

ചോദ്യം: നവീകരണവാദികൾ നിർത്തുന്ന സ്ഥാനാർത്ഥികൾക്കു വോട്ടുചെയ്താൽ അത് ഏതുതരം ദോഷമാണ്?

ഉത്തരം: തീർച്ചയായും അതു ചാവുദോഷമാകുന്നു.

ഇരുപതാം നൂറ്റാണ്ടായപ്പോഴേക്കും പല രാജ്യങ്ങളിലും സോഷ്യലിസ്റ്റാശയങ്ങൾ പരന്നുപിടിച്ചു. പള്ളിമേധാവിത്വം സോഷ്യലിസത്തിനെതിരായിട്ടാണ് നിലയുറപ്പിച്ചതെന്ന് പറയേണ്ടതില്ലല്ലോ. 'ധനികന്മാരുടെ ഐശ്വര്യത്തിൽ ആഹ്ലാദിക്കുകയും അവരുടെ സഹായത്തെ ആശ്രയിക്കുകയുമാണ് ദരിദ്രന്മാർ ചെയ്യേണ്ടത്'. എന്നാണ് പോപ്പ് ലിയോ പതിമൂന്നാമൻ ആഹ്വാനം ചെയ്തത്.

## 8

1905-ൽ റഷ്യയിലൊരു വിപ്ലവമുണ്ടായി. പണിമുടക്കങ്ങളും കലാപങ്ങളും പരന്നുപിടിച്ചു. ആ സന്ദർഭത്തിൽ റഷ്യൻ ഓർത്തഡോക്സ് സഭ ഒരു കല്പന പുറപ്പെടുവിക്കുകയുണ്ടായി.

'റഷ്യൻ ഓർത്തഡോക്സ് ജനങ്ങൾ ചരിത്രാതീത കാലംമുതൽ അവരുടെ വിശ്വാസത്തിനും ചക്രവർത്തിക്കും പിതൃരാജ്യത്തിനുംവേണ്ടി നിലകൊണ്ടിട്ടുള്ളവരാണ്. പക്ഷേ, ഇപ്പോൾ അവർ റഷ്യയ്ക്കകത്തും പുറത്തുമുള്ള പിതൃരാജ്യ ശത്രുക്കളുടെയും ദുഷ്ടന്മാരുടെയും പ്രേരണകൾക്കു വിധേയരായി, തങ്ങളുടെ സമാധാനപരമായ തൊഴിലുകൾ ഉപേക്ഷിച്ചു സംഘം ചേരുകയും തങ്ങളുടെ അവകാശങ്ങൾ ചവിട്ടിത്തേക്കപ്പെട്ടിരിക്കുന്നു എന്ന ഭാവത്തിൽ അവയെ ബലാൽക്കാരമായി പിടിച്ചെടുക്കാൻ തീരുമാനിക്കുകയും ചെയ്തിരിക്കുന്നു. ഇതുകൊണ്ട് സമാധാനപ്രിയരായ ജനങ്ങൾക്ക് വളരെ ശത്രുതയും അസുഖവുമുണ്ടാകും. മാത്രമല്ല, പലർക്കും ഭക്ഷണമില്ലാതാവുകയും മറ്റു പലർക്കും വായിൽ ശാപവചനങ്ങളും ഹൃദയത്തിൽ കയ്പുമായി മാനസാന്തരമില്ലാതെ മരിക്കാൻ ഇടവരികയും ചെയ്യുന്നു. നമ്മുടെ ശത്രുക്കൾ ശ്രമിക്കുന്നത് ഓർത്തഡോക്സ് സഭയുടെ അടിസ്ഥാനത്തെ തകിടം മറിക്കുവാനും ചക്രവർത്തിയുടെ ഏകാധിപത്യത്തെ നശിപ്പിക്കുവാനുമാകുന്നു. ദൈവത്തെ ഭയപ്പെടുക. ചക്രവർത്തിയെ ബഹുമാനിക്കുക. ദൈവം അഭിഷേകം ചെയ്ത എല്ലാ ശക്തികൾക്കും കീഴടങ്ങുക. ദൈവത്തിന്റെ കല്പനയനുസരിച്ച് നെറ്റിയിലെ വിയർപ്പോടെ പണിയെടുക്കുക'.

1905-ലെ വിപ്ലവം പരാജയപ്പെട്ടു. പക്ഷേ, ഓർത്തഡോക്സ് സഭ വിജയിച്ചില്ല. ഏറെക്കഴിയുന്നതിനു മുമ്പ് ബോൾഷെവിക്ക് പാർട്ടിയുടെ നേതൃത്വത്തിൽ വിപ്ലവ പ്രസ്ഥാനം വീണ്ടും മുന്നേറാൻ തുടങ്ങി എന്നല്ല, ഓർത്തഡോക്സ് സഭയിൽ വിശ്വസിച്ചുപോന്ന അനേകമനേകം ക്രിസ്ത്യാനികൾ ബോൾഷെവിക്ക് പാർട്ടിയുടെ കൊടിക്കീഴിൽ അണിനിരന്നു.

ഓർത്തഡോക്സ് സഭയുടെ നേതാക്കന്മാർ വിറളിയെടുത്തു. വിപ്ലവപ്രസ്ഥാനത്തിലണിനിരന്ന ക്രിസ്ത്യാനികളെ അവർ ശപിച്ചു:

> ‘ദൈവദത്തമായ നമ്മുടെ അധികാരത്തോടുകൂടി നാം, നിങ്ങൾ വിശുദ്ധകൂദാശകളെ സമീപിക്കുന്നതിനെ നിരോധിച്ചിരിക്കുന്നു. നിങ്ങൾ ക്രിസ്ത്യാനികളെന്നപേരിൽ വിളിക്കപ്പെടുന്നവരോ ഓർത്തഡോക്സ് സഭയിൽ ജനിച്ചവരോ ആണെങ്കിൽ നിങ്ങൾ മുടക്കപ്പെട്ടവരായിരിക്കുന്നു. മനുഷ്യവർഗത്തിലെ വിരൂപ സത്വങ്ങളായ ഇവരുമായി ഒരു സഹവാസത്തിലും ഏർപ്പെടരുതെന്നും ആ പാപികളെ അകറ്റി നിർത്തണമെന്നും സത്യവിശ്വാസികളായ നമ്മുടെ മക്കളോട് നാം ആവശ്യപ്പെടുന്നു’.

എന്നിട്ടും, ഫലമുണ്ടായില്ല. 1917-ലെ വിപ്ലവം വിജയിച്ചു. ചക്രവർത്തി പോയി. ജന്മിത്വവും മുതലാളിത്തവും പോയി. പള്ളിമേധാവികളുടെ കല്പനകളേയും ശാപങ്ങളേയും വകവെക്കാതെ റഷ്യയിലൊരു പുതിയ സാമൂഹ്യഘടന ഉടലെടുത്തു.

## 9

സോഷ്യലിസ്റ്റ് വിപ്ലവം വിജയിച്ചതിനുശേഷം വത്തിക്കാന്റെ പിന്തിരിപ്പൻ പ്രവർത്തനങ്ങൾക്ക് ഊക്കുകൂടുകയാണ് ചെയ്തത്. സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സോഷ്യലിസത്തിനും വേണ്ടിയുള്ള എല്ലാ ബഹുജനപ്രസ്ഥാനങ്ങളേയും അവരെതിർത്തു. സാമ്രാജ്യാധിപത്യത്തേയും ഫാസിസത്തേയും അവർ പിന്താങ്ങി.

1922-ൽ ഇറ്റലിയിൽ ജനാധിപത്യത്തെ പിച്ചിച്ചീന്തിക്കൊണ്ട് അധികാരത്തിലെത്തിയ മുസ്സോളിനി തന്റെ ഫാസിസ്റ്റ് ഭരണമാരംഭിച്ചു. ‘ജനാധിപത്യത്തേയും പാർലമെൻററി സ്ഥാപനങ്ങളേയും ഇഷ്ടപ്പെടാത്ത’ പോപ്പ് പീയൂസ് പതിനൊന്നാമൻ മുസ്സോളിനിയെ അനുഗ്രഹിച്ചു: ‘ദൈവം അയച്ചുതന്ന ഒരു മനുഷ്യനാണദ്ദേഹം!’

1932 സെപ്റ്റംബറിൽ ഇറ്റലിയിലെ പാപ്പൽ പ്രതിനിധിയായ കാർഡിനൽ ഗാസ്പാരി ഉറപ്പിച്ചുപറഞ്ഞു:

> ‘ഇന്നത്തെ സാർവ്വലൗകികക്കുഴപ്പത്തിൽ വ്യക്തതയോടെ കാര്യങ്ങൾ കാണുന്ന ആൾ മുസ്സോളിനി മാത്രമാണ്. കനത്ത ഭരണയന്ത്രത്തെ ശരിയായ മാർഗത്തിലൂടെ നയിക്കാൻ, അതായത് അതിന്റെ പ്രവർത്തനങ്ങളെ ദൈവത്തിന്റെ ധാർമിക നിയമങ്ങൾക്ക് യോജിച്ച തരത്തിൽ നടത്താൻ, അദ്ദേഹം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്’.
>
> (കത്തോലിക്ക് ചർച്ച് എഗൻസ്റ്റ് റ്റ്വൊൻറിയത്ത് സെൻച്വറി, പേജ് 123)

1935 ഒക്ടോബർ ആരംഭത്തിൽ മുസ്സോളിനിയുടെ ഫാസിസ്റ്റ് ഇറ്റലി അബിസീനിയയെ ആക്രമിച്ചു. പരിഷ്കൃത ലോകത്തിന്റെ മുഴുവൻ പ്രതിഷേധങ്ങൾക്കിരയായ ആ ആക്രമണത്തെ മിലാനിലെ കാർഡിനൽ ആർച്ച് ബിഷപ്പ് ന്യായീകരിച്ചതിങ്ങനെയാണ്:

> ‘ഇറ്റലിയുടെ ഫാസിസ്റ്റ് കൊടി ഇപ്പോൾ ഏത്യോപ്യയിൽ യേശുക്രിസ്തുവിന്റെ കുരിശിന്, അടിമകളുടെ വിമോചനത്തിനുള്ള മാർഗങ്ങൾ വെട്ടിത്തുറക്കാനും അതേ സമയത്തുതന്നെ നമ്മുടെ മിഷിനറി പ്രചാരവേലകൾക്ക് സൗകര്യങ്ങളുണ്ടാക്കാനുമുള്ള പരിശ്രമത്തിൽ, വിജയങ്ങൾ കൈവരുത്തിക്കൊണ്ടിരിക്കുകയാണ്’.
>
> (ടി പുസ്തകം, പേജ് 127)

1933ൽ ജർമനിയിൽ ഹെർ ഹിറ്റ്ലർ പാർലമെൻറ് ഭരണമവസാനിപ്പിച്ച് തന്റെ സ്വേച്ഛാധിപത്യഭരണമാരംഭിച്ചു. മറ്റു ജനവിഭാഗങ്ങളെന്ന പോലെതന്നെ പതിനായിരക്കണക്കിലുള്ള കത്തോലിക്കരും നാസിസത്തിന്റെ മർദ്ദനങ്ങൾക്കിരയായി, മറ്റു പത്രങ്ങളെന്നപോലെതന്നെ കത്തോലിക്കാ പത്രങ്ങളും നിരോധിക്കപ്പെട്ടു. ഒട്ടനവധി പാതിരിമാർ അറസ്റ്റ് ചെയ്യപ്പെടുകയും ദ്രോഹിക്കപ്പെടുകയും ചെയ്തു. എന്നിട്ടും ഹിറ്റ്ലറുമായി ഒരൊത്തുതീർപ്പുണ്ടാക്കാനാണ് വത്തിക്കാൻ മുതിർന്നത്.

1941ൽ ഹിറ്റ്ലർ സോവിയറ്റ് യൂണിയനെ ആക്രമിച്ചു. ഏറെക്കഴിയുന്നതിനു മുമ്പുതന്നെ ജർമനിയിലെ ബിഷപ്പുമാർ പ്രഖ്യാപിച്ചു:

> 'ബോൾഷെവിസത്തിന്റെ തോൽവി അവിശ്വാസികൾക്കിടയിൽ യേശുക്രിസ്തുവിന്റെ തത്വങ്ങളുടെ വിജയത്തിനു സമമാണ്!'

നാസി പട്ടാളങ്ങൾ സ്റ്റാലിൻ ഗ്രാഡിലെത്തിയപ്പോൾ 'നിരീശ്വരവാദികളുടെ റഷ്യ ഔദ്യോഗികമായിത്തന്നെ നശിപ്പിക്കപ്പെട്ടു കഴിഞ്ഞു എന്ന് കണക്കാക്കാവുന്നതാണ്' എന്നു വിശ്വസിച്ചു.

ഫാസിസത്തിന്റെ വിജയത്തിനും സോവിയറ്റ് യൂണിയന്റെ പരാജയത്തിനും വേണ്ടി പള്ളികളിൽ മുട്ടുകുത്തപ്പെടുകയും ഒട്ടനവധി മെഴുകുതിരികൾ കത്തിക്കപ്പെടുകയും ചെയ്തു.

പക്ഷേ, പള്ളിമേധാവികളുടെ പ്രാർത്ഥന ഫലിച്ചില്ല. മെഴുകുതിരികൾ കത്തിയതു വെറുതെയായി! ഹിറ്റ്ലറും മുസ്സോളിനിയും ചരിത്രത്തിൽ നിന്ന് അന്തർദ്ധാനം ചെയ്തു. സോഷ്യലിസത്തിന്റെയും കമ്യൂണിസത്തിന്റെയും സ്വാധീനശക്തി പതിന്മടങ്ങു വർദ്ധിച്ചു.

ഇറ്റലിയിലാണല്ലോ കത്തോലിക്കാപള്ളിയുടെ തലസ്ഥാനം. ഇറ്റലിയിലെ കുത്തകമുതലാളിത്തത്തെ അരക്കിട്ടുറപ്പിക്കാനും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയെ തടയാനും വേണ്ടി വത്തിക്കാൻ തങ്ങളുടെ എല്ലാ ശക്തിയുമെടുത്തു പ്രവർത്തിച്ചുപോന്നിട്ടുണ്ട്. എന്നിട്ടും ഇറ്റലിയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനം മേൽക്കുമേൽ ശക്തിപ്പെട്ടുവരികയാണ് ചെയ്തിട്ടുള്ളത്. അടുത്തകാലത്തുണ്ടായ തിരഞ്ഞെടുപ്പുകളുടെ ഫലങ്ങൾ പരിശോധിച്ചാൽ ഇതു വ്യക്തമാവും. ഉദാഹരണത്തിനു 1946 ഏപ്രിൽ മാസത്തിൽ നടന്ന തിരഞ്ഞെടുപ്പിൽ ഇറ്റലിയിലെ കമ്യൂണിസ്റ്റ് പാർട്ടിക്ക് കിട്ടിയ വോട്ട് 7,38,651 മാത്രമാണ്. 1953ലെ പാർലമെൻറ് തെരഞ്ഞെടുപ്പിൽ അത് 60 ലക്ഷമായി വർദ്ധിച്ചു. ഹംഗറിയിലെ സംഭവവികാസങ്ങൾക്കുശേഷം കമ്യൂണിസം കുഴപ്പത്തിലകപ്പെട്ടിരിക്കുന്നുവെന്നു പ്രചാരവേല ചെയ്യപ്പെട്ടു. പള്ളിമേധാവിത്വം കമ്യൂണിസ്റ്റ് പാർട്ടിക്കെതിരായ ആക്രമണം കൂടുതൽ ഊർജ്ജിതമാക്കി. എന്നിട്ടും 1957-ലെ കമ്യൂൺ തിരഞ്ഞെടുപ്പുകളിൽ കൂടുതൽ സ്തുത്യർഹമായ വിജയമാണ് ലഭിച്ചത്. മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം വലിയ പട്ടണങ്ങളിൽപോലും കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്വാധീനശക്തി വർദ്ധിച്ചു. പാർട്ടിക്ക് പിന്തുണ നൽകിയവരിൽ ഗണ്യമായ ഒരു ഭാഗം മതവിശ്വാസികളായ കത്തോലിക്കരാണെന്നുള്ളത് പ്രത്യേകം എടുത്തുപറയത്തക്കതാണ്.

കത്തോലിക്കർ കൂടുതലുള്ള ഫ്രാൻസ്, ചെക്കോസ്ലോവാക്കിയ, പോളണ്ട് തുടങ്ങിയ മറ്റു യൂറോപ്യൻ രാജ്യങ്ങളിലെ സ്ഥിതിയും വ്യത്യസ്തമല്ല. എല്ലായിടത്തും കത്തോലിക്കരായ പാർട്ടി മെമ്പർമാരുടെ എണ്ണം കൊല്ലന്തോറും വർദ്ധിച്ചുവരികയാണ്.

കത്തോലിക്കാപള്ളി മേധാവികൾ ലോകകമ്യൂണിസത്തിനെതിരായ തങ്ങളുടെ കുരിശുയുദ്ധം വലിയ വാശിയോടുകൂടി ഇപ്പോഴും തുടർന്നുവരുന്നുണ്ടെന്നുള്ളതു

ശരിയാണ്. പക്ഷേ, കമ്യൂണിസത്തിന്റെ അജയ്യവും അപ്രതിരോധ്യവുമായ ശക്തിക്ക കടിഞ്ഞാണിടാൻ ഒരിടത്തും അവർക്ക സാധിച്ചിട്ടില്ല. എല്ലായിടത്തും കമ്യൂണിസത്തിന്റെ സ്വാധീനശക്തി കൂടിക്കൂടിവരികയാണ്.

രണ്ടാം ലോകമഹായുദ്ധത്തിന് മുമ്പ് ലോകത്തിലാകെയുണ്ടായിരുന്ന കമ്യൂണിസ്റ്റകാരുടെ എണ്ണം 43 ലക്ഷം മാത്രമായിരുന്നു. യുദ്ധകാലത്ത് അവയ്ക്ക് വളരെ ത്യാഗങ്ങളനുഭവിക്കേണ്ടി വന്നു. എന്നിട്ടും 1959 ആയപ്പോഴേക്കും ലോകത്തിലാകെയുള്ള കമ്യൂണിസ്റ്റകാരുടെ എണ്ണം 3 കോടി 30 ലക്ഷം ആയി വർദ്ധിച്ചു.

ഈ വളർച്ചയുടെ അടിസ്ഥാനകാരണമെന്താണെന്ന് 1913ൽ തന്നെ സഖാവ് ലെനിൻ വെളിപ്പെടുത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞു:

'കമ്യൂണിസം അജയ്യമാണ്; കാരണം, അതു സത്യമാണ്'.

ഇരുപതാം നൂറ്റാണ്ടിൽ സോഷ്യലിസത്തിന്റെ ശക്തികൾ മാത്രമല്ല വളർന്നത്. അടിമരാജ്യങ്ങളുടെ സ്വാതന്ത്ര്യപ്രസ്ഥാനങ്ങളും ശക്തിപ്പെട്ടു. ഏഷ്യയിലെയും ആഫ്രിക്കയിലെയും ജനകോടികൾ സാമ്രാജ്യാധിപത്യത്തിനെതിരായി തലയുയർത്തി.

കത്തോലിക്കാപ്പള്ളി മേധാവികൾ ഒരിടത്തും സ്വാതന്ത്ര്യത്തെ പിന്താങ്ങുകയുണ്ടായില്ല. എല്ലായിടത്തും സാമ്രാജ്യാധിപത്യത്തിന്റെയും കൊളോണിയലിസത്തിന്റെയും ചേരിയിലാണ് അവർ നിലയുറപ്പിച്ചത്.

ഇന്ത്യയുടെ സ്വാതന്ത്ര്യസമരം വിജയിക്കുന്നതുവരെയും കത്തോലിക്കാപ്പള്ളി മേധാവികൾ ബ്രിട്ടീഷ് ഗവണ്മെൻറിനെയാണ് സഹായിച്ചത്. കത്തോലിക്കാപ്പള്ളിയുടെ നയത്തെ എതിർക്കാൻ മഹാത്മാഗാന്ധി പോലും നിർബന്ധിതനായി. ഗാന്ധിജി തുറന്നുപറഞ്ഞു:

'...യാഥാസ്ഥിതിക ക്രിസ്തുമതത്തെ (അതായത് റോമൻ കത്തോലിക്കാമതത്തെ) ഇന്നു ഞാൻ എതിർക്കുന്നു. എന്തുകൊണ്ടെന്നാൽ, യേശുക്രിസ്തുവിന്റെ സന്ദേശത്തെ അത് വളച്ചൊടിച്ച് വികൃതമാക്കിയിരിക്കുന്നു എന്ന് എനിക്ക് ബോധ്യമായിരിക്കുന്നു. ക്രിസ്തു ഒരേഷ്യക്കാരനായിരുന്നു. പല മാർഗങ്ങളിലൂടെയും അദ്ദേഹം തന്റെ സന്ദേശം പ്രചരിപ്പിച്ചു. പക്ഷേ, റോമൻ ചക്രവർത്തിയുടെ പിന്തുണ നേടിയതോടെ അതൊരു സാമ്രാജ്യത്വമായിത്തീർന്നു. ഇന്നും അത് അങ്ങനെതന്നെയാണ് നിലനിൽക്കുന്നത്'.

## 10
## സാമ്രാജ്യവാദികളുടെ സ്തുതിപാഠകന്മാർ

1929–33-ലെ ലോകസാമ്പത്തിക കുഴപ്പം ചരിത്രത്തിന്റെ ബാഹ്യപ്രതിഭാസങ്ങളിലെന്നപോലെത്തന്നെ മനുഷ്യഹൃദയങ്ങളിലും വമ്പിച്ച കോളിളക്കമുണ്ടാക്കിയ ഒരു സംഭവമാണ്. മുതലാളിത്ത രാജ്യങ്ങളിലും കോളണി രാജ്യങ്ങളിലും ദുസ്സഹമായ പട്ടിണിയും തൊഴിലില്ലായ്മയും പരന്നുപിടിച്ച ഒരു കാലഘട്ടമായിരുന്നു അത്. പക്ഷേ, അതേ കാലഘട്ടത്തിൽ തന്നെയാണ് ലോകത്തിന്റെ ആറിലൊരുഭാഗം വരുന്ന സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയനിൽ പട്ടിണിയും തൊഴിലില്ലായ്മയും എന്നെന്നേക്കുമായി അവസാനിപ്പിച്ചുകൊണ്ട് ഒന്നാം പഞ്ചവത്സരപദ്ധതി വിജയിച്ചത്.

മുന്നണിയിലുള്ള മുതലാളിത്തരാജ്യങ്ങൾ പോലും സാമ്പത്തികക്കുഴപ്പത്തിന്റെ ചുഴിയിൽപ്പെട്ടു നട്ടം തിരിയുമ്പോൾ ഏറ്റവും പിന്നണിയിൽ കിടന്ന ഒരധഃകൃതരാജ്യം മാർക്സിസത്തിന്റെ കൈപിടിച്ചുകൊണ്ട് അഭിവൃദ്ധിയിലേക്കും മുന്നേറുന്നതെങ്ങിനെയെന്നു ഉൽബുദ്ധലോകം നോക്കിക്കണ്ടു.

ഈ കാലഘട്ടത്തിലാണ് ലോകത്തിന്റെ ഏതാണ്ടെല്ലാഭാഗങ്ങളിലും മുതലാളിത്തത്തിനെതിരായ പ്രക്ഷോഭങ്ങൾ ശക്തിപ്പെടുകയും സോഷ്യലിസത്തിന്റെ സ്വാധീനശക്തി പരന്നുപിടിക്കാൻ തുടങ്ങുകയും ചെയ്തത്. ഈ കാലഘട്ടത്തിൽ തന്നെയാണ് മറ്റുപല കോളണി രാജ്യങ്ങളിലുമെന്നപോലെ ഇന്ത്യയിലും ദേശീയവിമോചന പ്രസ്ഥാനത്തിന്റെ ഊക്ക വർദ്ധിക്കുകയും തൊഴിലാളി കർഷക ബഹുജനപ്രസ്ഥാനങ്ങൾ വളരുകയും സോഷ്യലിസ്റ്റ്—കമ്യൂണിസ്റ്റാശയങ്ങളുടെ സ്വാധീനശക്തി കൂടുതൽ പ്രബലമായിത്തീരുകയും ചെയ്തത്.

ഈ പുരോഗമനപ്രസ്ഥാനങ്ങളുടെയും പുരോഗമനാശയങ്ങളുടെയും നേരെ കത്തോലിക്കാപ്പള്ളി മേധാവികൾ കൈക്കൊണ്ട നിലപാടെന്തായിരുന്നു? ഇന്ത്യയുടെ പുരോഗതിക്കുവേണ്ടിയാണോ അവർ പ്രാർത്ഥിക്കുകയും മെഴുകുതിരി കത്തിക്കുകയും ചെയ്തത്? അല്ല. സോഷ്യലിസ്റ്റ്—കമ്യൂണിസ്റ്റാശയങ്ങളെയും തൊഴിലാളികർഷക ബഹുജനപ്രസ്ഥാനങ്ങളേയും മാത്രമല്ല, ബ്രിട്ടീഷ് ഭരണത്തിനെതിരായ സ്വാതന്ത്ര്യസമരത്തെപ്പോലും പരസ്യമായി എതിർക്കുകയാണവർ ചെയ്തത്. കത്തോലിക്കരുടെയിടയിൽ പ്രചരിപ്പിക്കാൻവേണ്ടി 1937ൽ വത്തിക്കാന്റെ അനുഗ്രഹത്തോടെ ഔദ്യോഗികമായി പ്രസിദ്ധം ചെയ്യപ്പെട്ട 'ദൈവവും മനുഷ്യനും പ്രപഞ്ചവും' എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ മുഖവുരയിൽ ബ്രിട്ടീഷ് ഭരണത്തിന് ശിങ്കിടി പാടിയിട്ടുള്ളത് ഒന്നു വായിച്ചുനോക്കുക:

'ഇന്ത്യൻ ദേശീയത്വത്തിന്റെ അർത്ഥം പടിവാതിലിനകത്തുള്ള വിദേശിയനെ വെറുക്കുക എന്നതാവാൻ പാടില്ല. വിദേശീയാക്രമണവും വിദേശീയഭരണവും ഒരു കടുത്ത അനുഭവമാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ഏഷ്യയിൽ മാത്രമല്ല യൂറോപ്പിലും ഭൂരിപക്ഷക്കാരായ ജനങ്ങളെ സംബന്ധിച്ചിടത്തോളം അത് ആവശ്യമായ ഒരനുഭവമായിട്ടാണ് തീർന്നിട്ടുള്ളത്. ബ്രിട്ടീഷ് ഭരണത്തിന്റെ ഏകഫലം 'ഒരടിമത്ത ഭരണകൂടത്തിന്റെ സൃഷ്ടി'യാണെന്നും 'ബ്രിട്ടീഷ് ഭരണത്തിന്റെ ഏറ്റവും മുഖ്യമായ സ്വഭാവം രാജ്യത്തിന്റെമേൽ തങ്ങളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ പിടിമുറുക്കാൻ ആവശ്യമായ എല്ലാറ്റിലും ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണെ'ന്നും പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്റെ ആത്മകഥയിൽ അധിക്ഷേപിച്ചു പറയുന്നത് ചരിത്രത്തിന് നിരക്കാത്തതാണ്... ആകുൻപ്രഭു പഠിപ്പിച്ചു തന്നിട്ടുള്ള ഈ സത്യം പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെപ്പോലെയുള്ള ദേശീയവാദികൾ ഓർമിക്കുന്നതു നന്നായിരിക്കും: 'ഒരു രാജ്യത്തിന് മറ്റൊരു രാജ്യത്തിന്റെ ആശ്രയത്വം സ്വീകരിക്കാതെ രാഷ്ട്രീയ വിദ്യാഭ്യാസം നേടാൻ കഴിയില്ല. എന്തെന്നാൽ, കല, സാഹിത്യം, സയൻസ് എന്നിവയെ കീഴടക്കപ്പെട്ടവരിൽ നിന്ന് കീഴടക്കിയവരിലേക്ക് സംക്രമിപ്പിക്കാൻ കഴിയും. പക്ഷേ, ഭരിക്കുന്നതിലൂടെ മാത്രമേ, കീഴടക്കി ഭരണം നടത്തുന്നവർക്ക് മാത്രമേ ഭരണമെന്നാലെന്താണെന്നു പഠിപ്പിച്ചുതരാൻ കഴിയുകയുള്ളൂ'.

(Man, God and the Universe, P. 281–29)

1947 വരെയും കത്തോലിക്കാപ്പള്ളിയുടെ ഔദ്യോഗിക നേതാക്കന്മാർ ബ്രിട്ടീഷ് ചൂഷണത്തെ ന്യായീകരിക്കുകയും ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തെ വിട്ടുവീഴ്ചയില്ലാതെ എതിർക്കുകയുമാണ് ചെയ്തത്. പക്ഷേ, പള്ളിമേധാവികളുടെ പ്രാർത്ഥ

നകൾക്ക് ബ്രിട്ടീഷ് ഭരണത്തെ നിലനിർത്താൻ കഴിഞ്ഞില്ല. 1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വതന്ത്രയായി.

## 11

ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കുശേഷം മറ്റ മിക്ക പിന്തിരിപ്പൻ സ്ഥാപിതതാല്പര്യക്കാരുമെന്നപോലെ പള്ളിമേധാവികളും തങ്ങളുടെ നയത്തിലൊരു മാറ്റം വരുത്താനും പുതിയ പരിതഃസ്ഥിതികളുമായി ഇണങ്ങിച്ചേരാനും പരിശ്രമിച്ചു. മഹാത്മാഗാന്ധിയുടെയും പണ്ഡിറ്റ് നെഹ്റുവിന്റെയും നേർക്ക് ശകാരവർഷങ്ങൾ ചൊരിയുകയും സ്വാതന്ത്ര്യസമരത്തെ എതിർക്കുകയും ചെയ്തുപോന്നവർ മെല്ലെമെല്ലെ കോൺഗസ്സിന്റെ സ്തുതിപാഠകന്മാരായി മാറി. കൊച്ചിൻ പ്രജാമണ്ഡലത്തിൽ സോഷ്യലിസമുണ്ടെന്നു വാദിച്ചുകൊണ്ട് പീപ്പിൾ കോൺഗ്രസ്സിനു വോട്ടുചെയ്യാന ഭ്യർത്ഥിച്ച കത്തോലിക്കാ നേതാക്കന്മാർ അടുത്ത തെരഞ്ഞെടുപ്പായപ്പോഴേക്കും 'ദേശീയവാദിക'ളായ കോൺഗ്രസ്സ് സ്ഥാനാർത്ഥികളായി മാറി.

ഇതിന്റെയെല്ലാം അർത്ഥം സാമ്രാജ്യവാദികളെ അനുകൂലിച്ചിരുന്നവർ സാമ്രാജ്യാധിപത്യത്തിനെതിരായ ഒരു നിലപാടു സ്വീകരിച്ചുവെന്നാണോ? തീർച്ചയായുമല്ല. സ്വാതന്ത്ര്യലബ്ധിക്കുശേഷവും സാമ്രാജ്യാധിപത്യത്തിന്റെ കുത്തിത്തിരുപ്പുകളെ എതിർക്കാൻ അവരൊരിക്കലും തയ്യാറായിട്ടില്ല. വിദേശരാജ്യങ്ങളുമായി നേരിട്ടു ബന്ധം പുലർത്തുകയും അമേരിക്ക, ബ്രിട്ടൻ തുടങ്ങിയ മുതലാളിത്ത രാജ്യങ്ങളിൽ നിന്ന് കൊല്ലംതോറും കോടിക്കണക്കിൽ ഉറുപ്പിക 'സഹായധനം' പറ്റുകയും ചെയ്യുന്ന—1959ലെ ആദ്യത്തെ നാലുമാസങ്ങളിൽ മാത്രം മൂന്നുകോടി എഴുപതു ലക്ഷത്തി ഇരുപതിനായിരം ഉറുപ്പിക വിദേശരാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലെ മിഷനറികൾക്കു ലഭിക്കുകയുണ്ടായെന്ന് ആഗസ്റ്റ് 10-ാം തീയതിയിലെ പാർലമെൻറ് യോഗത്തിൽ ആഭ്യന്തരകാര്യമന്ത്രി വെളിപ്പെടുത്തിയിരിക്കുന്നു—ഉത്തരവാദപ്പെട്ട പല പള്ളി നേതാക്കന്മാരും സാമ്രാജ്യമേധാവികളെ പരസ്യമായി പിന്താങ്ങുകയാണ് ചെയ്യുന്നത്. നാഗന്മാരുടെ ലഹളയിൽ സാമ്രാജ്യവാദികളുടെ ഗൂഢാലോചനകൾക്കൊപ്പം നിന്നുകൊണ്ട് മിഷനറിമാർ വഹിച്ച പങ്ക് കുപ്രസിദ്ധമാണല്ലോ. ഗോവ ഇന്ത്യയുടെ ഭാഗമാണെന്ന യാഥാർത്ഥ്യം അവരിനിയും അംഗീകരിച്ചിട്ടില്ല. ഗോവയിലെ ദേശാഭിമാനികൾക്കെതിരായി അവർ പോർച്ചുഗീസ് ഫാസിസ്റ്റുകാരെയാണ് പിന്താങ്ങുന്നത്. ഗോവയിലെ പേട്രിയാർക്ക് ഭോം ജൊസേഡ കോസ്റ്റ ന്യൂനസ് പ്രഖ്യാപിക്കുന്നതു കേൾക്കുക:

> 'പോർത്തുഗീസുകാർ ഇന്ത്യ വിടുകയാണെങ്കിൽ അതു ഗോവയിലെ കത്തോലിക്കർക്ക് വലിയൊരാപത്തായിത്തീരുമെന്ന് ഗോവാക്കാർ മനസിലാക്കണം. പൗരസ്ത്യ ദേശങ്ങളിലെ പുരോഹിതന്മാർ എന്തു ചെലവു സഹിച്ചും പോർത്തുഗലിന്റെ ചരിത്രപരമായ അവകാശങ്ങളെ കാത്തുരക്ഷിക്കണം... കോളനിപ്പിടുത്തത്തിനുള്ള നമ്മുടെ വൈദഗ്ധ്യത്തിന്റെ ഏറ്റവും അത്ഭുതകരമായ ഒരുദാഹരണമാണ് ഗോവ. വിശ്വാസത്തെ പ്രചരിപ്പിച്ചുകൊണ്ട് നാം പോർത്തുഗീസ് സാമ്രാജ്യത്തെ ഉറപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു'.

റോമിൽ നിന്നുള്ള ഒരു കല്പനയനുസരിച്ചാണ് താനിങ്ങനെയൊരു പ്രഖ്യാപനം ചെയ്യുന്നതെന്നുകൂടി പേട്രിയാർക്ക് വെളിപ്പെടുത്തിയിരിക്കുന്നു.

പള്ളി നേതാക്കന്മാരുടെ അഭിപ്രായത്തിൽ, ക്രിസ്തുമത വിശ്വാസത്തിന്റെ ലക്ഷ്യമെന്താണെന്ന് ഇതിൽനിന്നും വ്യക്തമാകുന്നില്ലേ? അവരെ സംബന്ധിച്ചേടത്തോളം, വിശ്വാസം സാമ്രാജ്യത്വത്തെ 'ഉറപ്പിക്കാനും ശക്തിപ്പെടുത്താനു'മുള്ളതാണ്!

ഏഷ്യയിലെയും ആഫ്രിക്കയിലെയും രാജ്യങ്ങൾ സ്വാതന്ത്ര്യത്തിന് അർഹത നേടിക്കഴിഞ്ഞിട്ടില്ലെന്നാണ് ഔദ്യോഗിക കത്തോലിക്കാ നേതാക്കന്മാർ ഇപ്പോഴും പ്രചാരവേല ചെയ്യുന്നത്. ഉദാഹരണത്തിന്, മധുരയിൽ നിന്നു പുറപ്പെടുന്ന 'അനാൽസ് ഓഫ് ദി ഈസ്റ്റ്' എന്ന ഔദ്യോഗിക കത്തോലിക്കാ വൈദികമുഖപത്രം ഈയിടെയെഴുതിയ ഒരു മുഖപ്രസംഗത്തിൽ അടിമരാജ്യങ്ങളുടെ വിമോചന സമരങ്ങളെ പരസ്യമായി എതിർക്കുകയും പുതുതായി സ്വാതന്ത്ര്യം നേടിക്കഴിഞ്ഞ രാജ്യങ്ങളിൽ സാമ്രാജ്യമേധാവികൾ ഇടപെടുന്നതിനെ അനുകൂലിക്കുകയും ചെയ്തിരിക്കുന്നു. പ്രസ്തുത മുഖപ്രസംഗത്തിലെ ഒരു ചെറിയ ഭാഗം താഴെ ഉദ്ധരിക്കട്ടെ:

> 'അടുത്ത കാലത്തായി ഏഷ്യയിലെ പല രാജ്യങ്ങളും വിദേശമേധാവിത്വത്തിൽ നിന്ന് തങ്ങളുടെ ചിരാഭിലഷിതമായ സ്വാതന്ത്ര്യം നേടുകയുണ്ടായി. പക്ഷേ, അവ സ്വാതന്ത്ര്യത്തിന് എത്ര അനർഹങ്ങളായിരുന്നുവെന്നാണ് സ്വാതന്ത്ര്യത്തിന് ശേഷമുള്ള അവയുടെ ചരിത്രം ചൂണ്ടിക്കാണിക്കുന്നത്'.

ഈ സ്ഥിതിയിൽ വിദേശസാമ്രാജ്യമേധാവികൾ ഇന്ത്യയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുകയാണെങ്കിൽ കത്തോലിക്കാപള്ളി മേധാവികൾ എന്തു നിലപാടാണെടുക്കുക എന്നതിനെ സംബന്ധിച്ച് വല്ല സംശയവുമുണ്ടോ? 'കമ്യൂണിസത്തിൽനിന്ന് ഇന്ത്യയെ രക്ഷിക്കാ'നെന്നും പറഞ്ഞ് അവർ സാമ്രാജ്യമേധാവികളെ കെട്ടിപ്പുണരുകയില്ലെന്നുള്ളതിന് എന്താണൊരുറപ്പ്?

പക്ഷേ, ഒരു കാര്യം തീർച്ചയാണ്. ദേശാഭിമാനികളും ഉൽബുദ്ധരുമായ കത്തോലിക്കാ ബഹുജനങ്ങൾ ഇത്തരം കൊലച്ചതികൾക്കൊന്നും കൂട്ടുനിൽക്കുമെന്നു തോന്നുന്നില്ല. അവരിൽ പലരും ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരാണ്. കത്തോലിക്കരുൾപ്പെടെയുള്ള ഒട്ടനവധി ക്രിസ്ത്യാനികൾ ഗോവയുടെ വിമോചനത്തിനുവേണ്ടി പലതരം ത്യാഗങ്ങളും സഹിച്ചുകൊണ്ട് ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എന്തുകൊണ്ടെന്നാൽ, പള്ളിമേധാവികളുടെ കല്പനകളെയല്ല, അടിമത്തത്തിനെതിരായി പോരാടാനാഹ്വാനം ചെയ്ത യേശുക്രിസ്തുവിന്റെ ഉപദേശങ്ങളെയും അവയിൽനിന്ന് പ്രചോദനം ലഭിച്ച സ്വന്തം മനസാക്ഷിയേയുമാണ്, അവർ അനുസരിക്കുന്നത്.

## 12

> 'ധനികന്മാരേ, കടന്നുപോവിൻ! വരാൻപോകുന്ന ദുരിതങ്ങളിൽ കിടന്ന് നിങ്ങൾ വിലപിക്കുകയും മുക്രയിടുകയും ചെയ്യുവിൻ. നിങ്ങളുടെ സ്വത്തുക്കൾ പങ്കിലമാണ്. നിങ്ങളുടെ ഉടുപ്പുകൾ പുഴുക്കുത്തുവീണവയാണ്. നിങ്ങളുടെ സ്വർണ്ണവും വെള്ളിയും കളങ്കം ചേർന്നവയാണ്. അവയുടെ തുരുമ്പ് നിങ്ങൾക്കെതിരായി സാക്ഷ്യം വഹിക്കുകയും തീയെന്നപോലെ നിങ്ങളുടെ മാംസം തിന്നുകയും ചെയ്യും. അവസാന ദിവസങ്ങൾക്കുവേണ്ടി ഉഗ്രമായ രോഷം മാത്രമേ നിങ്ങൾ സമ്പാദിച്ചുവെച്ചിട്ടുള്ളൂ!'.
>
> സെയിൻറ് ജെയിംസ്

ധനികമേധാവിത്വത്തിനെതിരായ ഇത്തരം ആദർശങ്ങളെ ഇന്നും ഉയർത്തിപ്പിടിക്കുന്ന പല ക്രിസ്ത്യാനികളുമുണ്ടെന്നുള്ളതു ശരിയാണ്. ഉദാഹരണത്തിന് 'ദാരിദ്ര്യത്തിന്റെ സമീപത്തിൽത്തന്നെ ധനം സമ്പാദിക്കാനനുവദിക്കുകയും വർഗവ്യത്യാസങ്ങളെ സൃഷ്ടിച്ചുനിലനിർത്തുകയും തൊഴിൽ, വിശ്രമം, വിദ്യാഭ്യാസം, സുരക്ഷിതത്വം എന്നിവയിൽ എല്ലാ മനുഷ്യർക്കും അവസരം നൽകുവാൻ കഴിയാതിരിക്കുകയും ചെയ്യുന്ന ഒരു സാമ്പത്തിക വ്യവസ്ഥ കുറ്റം വിധിക്കപ്പെട്ടതാണ്. ഒരു ബുദ്ധികൗശലം കൊണ്ടും എനിക്ക് മുതലാളിത്തവും ക്രിസ്തുമതവും തമ്മിൽ പൊരുത്തപ്പെടാൻ കഴിയുന്നില്ല' എന്ന്, കാൻറർബറിയിലെ ഡീൻ എന്ന വൈദികപ്രമുഖൻ തുറന്നു പ്രഖ്യാപിക്കുന്നു. പക്ഷേ, കത്തോലിക്കാവൈദിക നേതൃത്വം മുതലാളിത്തത്തെയല്ല, മുതലാളിത്തത്തിനെതിരായി സമരം ചെയ്യുന്നവരെയാണെതിർക്കുന്നത്. ക്രിസ്തുവിനെപ്പോലെ ധനികവർഗക്കാർക്കെതിരായി ശബ്ദമുയർത്താനോ പാവപ്പെട്ട തൊഴിലാളികളുടെയും കൃഷിക്കാരുടെയും താല്പര്യങ്ങൾക്കുവേണ്ടി മണിമുട്ടാനോ അവർ തയ്യാറില്ല. നേരെമറിച്ച് ധനികന്മാരായ ജന്മികളുടെയും മുതലാളികളുടെയും ബാങ്കർമാരുടെയും ചൂഷണവ്യവസ്ഥയെ അവർ ന്യായീകരിക്കുന്നു. ധനികന്മാർ ദാനശീലരായാൽ മതി! പള്ളിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സേവനങ്ങൾക്ക് അവർ തങ്ങളുടെ സ്വത്തുക്കളിലൊരു ചെറിയഭാഗം ദാനം ചെയ്താൽ മതി! ദൈവരാജ്യം അവർക്കുള്ളതാണ്!

ധനികവർഗക്കാർക്കെതിരായി കൂലികൂട്ടാനും പാട്ടം കുറക്കാനും ഒഴിപ്പിക്കൽ തടയാനുംവേണ്ടി സമരം ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികളോടും കൃഷിക്കാരോടും 'ദരിദ്രന്മാർ അനുഗൃഹീതരാണ്' എന്ന ക്രിസ്തുവചനമുപദേശിക്കുകയാണവർ ചെയ്യുന്നത്. ജന്മിക്കും മുതലാളിക്കും എതിരായി സമരം ചെയ്യാത്തേടത്തോളം കാലം ദരിദ്രന്മാർ അനുഗൃഹീതരാണ്! ധനികന്മാർക്കും അവരുടേതായ ദുഃഖങ്ങളുണ്ടെന്നു മനസിലാക്കി എല്ലാം സഹിച്ച് ക്ഷമിച്ചിരിക്കുകയാണ് ദരിദ്രന്മാരുടെ കടമ! പോപ്പ് പീയൂസ് പതിനൊന്നാമൻ 1937 മാർച്ച് 9-ന് ചാക്രികലേഖനത്തിൽ ദരിദ്രന്മാരായ തൊഴിലാളികളെ ഉൽബോധിപ്പിക്കുന്നത് നോക്കുക:

> 'കഷ്ടപ്പാടിൽനിന്നും ദുഃഖത്തിൽനിന്നും ക്ലേശത്തിൽ നിന്നും ലോകത്തെ ഒരിക്കലും മോചിപ്പിക്കാൻ കഴിയുകയില്ലെന്ന് അവർ ഓർക്കട്ടെ. ഏറ്റവും ഐശ്വര്യമുള്ളവരാണെന്നു കരുതപ്പെടുന്നവർ പോലും അവയനുഭവിക്കുന്നു. അതുകൊണ്ട് ക്ഷമയാണ്—ശാശ്വത സുഖത്തെപ്പറ്റിയുള്ള ദിവ്യമായ ഉറപ്പുകൊണ്ട് ഹൃദയത്തെ സാന്ത്വനപ്പെടുത്തുന്ന ആ ക്രിസ്ത്യൻക്ഷമയാണ്—എല്ലാവർക്കും ആവശ്യമായിട്ടുള്ളത്'.

പക്ഷേ, തൊഴിലാളി കർഷകബഹുജന പ്രസ്ഥാനങ്ങളുടെ ഇരമ്പിക്കയറ്റത്തെ തടഞ്ഞുനിർത്താൻ ചാക്രികലേഖനങ്ങൾക്കു കഴിഞ്ഞിട്ടില്ല. പതിനായിരക്കണക്കിലുള്ള കത്തോലിക്കരും മറ്റു ക്രിസ്ത്യാനികളും ട്രേഡ് യൂണിയനുകളിലും കിസാൻ സഭകളിലും ചേർന്ന് മറ്റു സമുദായങ്ങളിലെ പാവപ്പെട്ടവരുമായി കൈകോർത്തുപിടിച്ചുകൊണ്ട് തങ്ങളുടെ വർഗതാല്പര്യങ്ങൾക്കുവേണ്ടി പ്രക്ഷോഭങ്ങളും സമരങ്ങളും നടത്താൻ തയ്യാറായി മുന്നോട്ടുവരികയാണ് ചെയ്തത്.

## 13
## കേരളത്തിന്റെ നേരെ

1945ൽ തിരുവിതാംകൂർ ദിവാനായിരുന്ന സർ സി. പി. രാമസ്വാമി അയ്യരുടെ വിദ്യാഭ്യാസ ദേശസാൽക്കരണ സംരംഭത്തെ എതിർത്തുകൊണ്ട് ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായിരുന്ന മാർജയിംസ് കാളാശേരി തിരുമനസുകൊണ്ട് ആഗസ്റ്റ് 15-ാം തീയതി ഒരിടയലേഖനം പുറപ്പെടുവിക്കുകയുണ്ടായി. 'പള്ളിക്കൂടങ്ങളുടെ രാഷ്ട്രസാൽക്കരണം നമ്മുടെ സഭയുടെ അനുമതി കൂടാതെ നടപ്പിൽവരുത്തുന്ന പക്ഷം രാഷ്ട്രസാൽക്കരണ പ്രസ്ഥാനക്കാരായ ജനപ്രതിനിധികൾ ദൈവദ്രോഹം, മാതൃദ്രോഹം, ശിശുദ്രോഹം, ഗുരുഹത്യ എന്ന നാലുതരം പാതകങ്ങൾക്ക് ഉത്തരവാദികളായിത്തീർന്നേക്കും' എന്നു വ്യക്തമാക്കിക്കൊണ്ട് അതിനെതിരായി ശക്തിയായി പ്രക്ഷോഭം നടത്താനാഹ്വാനം ചെയ്യുന്ന ആ ഇടയലേഖനം തുടങ്ങുന്നതുതന്നെ 'അവർ അവരോടരുളി ചെയ്യുന്നു, ഇപ്പോൾ മുതൽ മടിശ്ശീലയുള്ളവൻ അതെടുക്കട്ടെ, വാളില്ലാത്തവൻ തന്റെ കുപ്പായം വിറ്റ് തനിക്കായി വാൾ വാങ്ങട്ടെ... ' എന്ന ലൂക്കോസിന്റെ സുവിശേഷത്തിലെ വാക്യങ്ങളുദ്ധരിച്ചുകൊണ്ടാണ്.

പ്രസ്തുത ഇടയലേഖനം പിൻവലിച്ച് ക്ഷമായാചനം ചെയ്യണമെന്നു കാണിച്ച് തിരുവിതാംകൂർ ഗവണ്മെൻറ് അയച്ച നോട്ടീസിനെ തുടർന്ന് സെപ്റ്റംബർ 14-ന് ചങ്ങനാശേരി രൂപതയുടെ മെത്രാൻ തന്നെ മറ്റൊരു ഇടയലേഖനം പ്രസിദ്ധം ചെയ്തു. അതിലിങ്ങനെ പറയുന്നു:

> 'നമ്മുടെ സ്കൂളുകളെയും മതത്തെയും സംരക്ഷിക്കുകയാണ് നമ്മുടെ ഏറ്റവും പ്രധാന ഉദ്ദേശ്യമെന്നു നിങ്ങൾ വിസ്മരിക്കുകയില്ലെന്നു നാം വിശ്വസിക്കുന്നു. അതിന് പ്രക്ഷോഭണത്തെക്കാൾ സഹായകമായിരിക്കുന്നതു ദൈവത്തോടുള്ള ആത്മാർത്ഥമായ പ്രാർത്ഥനയാണെന്ന ഒരിക്കൽക്കൂടി നിങ്ങളെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. നാം നിർദ്ദേശിച്ചിരിക്കുന്ന ക്രൂശിതരൂപത്തോടുള്ള പ്രാർത്ഥന നിങ്ങൾ ദിവസേന കൂട്ടമായി ചൊല്ലിക്കൊള്ളണം. എന്നാൽ പ്രാർത്ഥനയും പോരാ ഉപവാസവും ആവശ്യമാണ്. എന്തുകൊണ്ടെന്നാൽ പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ വൻകാര്യങ്ങളൊന്നും സാധിക്കുകയില്ലെന്ന് ഓർത്തിരിക്കണം...' (1958 മെയ് 28ന് 'ദീപിക'യിൽ ഉദ്ധരിച്ചത്)

കേരളത്തിലെ കമ്യൂണിസ്റ്റ് ഗവണ്മെൻറ് അവതരിപ്പിക്കുകയും കേരളനിയമസഭ പാസ്സാക്കുകയും ചെയ്ത വിദ്യാഭ്യാസ നിയമത്തിൽ 'പള്ളിക്കൂടങ്ങളുടെ രാഷ്ട്രസാക്ഷാൽക്കരണ'മില്ല; മതവികാരങ്ങളെ വ്രണപ്പെടുത്തുകയോ വിശ്വാസസ്വാതന്ത്ര്യത്തെ നിഹനിക്കുകയോ ചെയ്യുന്ന യാതൊന്നുമില്ല. പ്രധാനമായും മാനേജർമാരുടെ ചൂഷണത്തിൽനിന്ന് അദ്ധ്യാപകന്മാരുടെ താല്പര്യങ്ങളെ കാത്തുരക്ഷിക്കാനുള്ള ഒരു നിയമം മാത്രമാണത്. എന്നിട്ടും, കത്തോലിക്കാ വൈദികനേതൃത്വം നിയമം കൊണ്ടുവന്ന കമ്യൂണിസ്റ്റ് ഗവണ്മെൻറിനെതിരായ അവ്യവസ്ഥാപിതവും ജനാധിപത്യവിരുദ്ധവും അക്രമാസക്തവുമായ ഒരു ലഹളക്ക് നേതൃത്വം നൽകുകയാണ് ചെയ്തത്. കത്തോലിക്കാ വൈദികനേതൃത്വത്തിന്റെ മുഖപത്രമായ ദീപിക, 'ഭൗതികമായ എന്തു നഷ്ടവും സഹിച്ച്' സമരം നടത്താൻ തങ്ങളുടെ അനുയായികളോടാഹ്വാനം ചെയ്തു.

> 'കേസുകളും അറസ്റ്റുകളും മർദ്ദനങ്ങളും ഉണ്ടാകും. ഡസൻ കണക്കിന് മെത്രാന്മാരും ആയിരക്കണക്കിന് വൈദികരും ലക്ഷക്കണക്കിന് അൽമേനികളും ജയിലറകളിൽ അടയ്ക്കപ്പെട്ടെന്നുവരും. ഇതിനെയൊക്കെ നേരിടുവാനുള്ള തന്റേടവും ആത്മാഭിമാനവും ഇല്ലാത്തവർ ഇനിമേലിൽ ക്രിസ്ത്യാനികളായി തുടരുകയില്ല... സമരം ചെയ്യാൻ ധൈര്യമില്ലാത്തവരായും ജഡഭാരം കൊണ്ട് ഓടാൻ വയ്യാത്തവരായും ഇന്ത്യയുടെ ഒരു മൂലയിൽ കിടന്നു നരകിക്കേണ്ട ഗതികേട് നാം സ്വയം വരുത്തിവെക്ക

> രുത്. സർവ്വവും ത്യാജിക്കുവാൻ നാം തയ്യാറായാൽ ഒന്നും പോകാനില്ലാത്തവരെപ്പോലെ നമുക്ക് സമരം ചെയ്യാം’. (ദീപിക, ഏപ്രിൽ 29)

ഈ വ്യത്യാസത്തിന് കാരണമെന്താണ്? സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണകാലത്ത് ‘പ്രക്ഷോഭം സഹായകരമല്ലെ’ന്നും ‘പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ വൻകാര്യങ്ങളൊന്നും സാധിക്കുകയില്ലെ’ന്നും പ്രഖ്യാപിച്ച അതേ വൈദിക നേതൃത്വം തർക്കവിഷയങ്ങളിൽ കൂടിയാലോചനവഴി പരിഹാരം കാണാനുള്ള ഗവണ്മെൻറിന്റെ നിർദ്ദേശങ്ങളെപ്പോലും പിച്ചിച്ചീന്തിക്കൊണ്ട് വാളെടുക്കാനൊരുങ്ങിയതെന്തുകൊണ്ടാണ്? ‘പള്ളിക്കൂടങ്ങളുടെ ദേശസാൽക്കരണ’ത്തിനൊരുങ്ങിയ സർ സി. പി. യുടെ ഗവണ്മെൻറിനെപ്പോലും സ്നേഹിക്കാൻ മടിക്കാത്ത വൈദികനേതൃത്വം, മതതാല്പര്യങ്ങൾക്കും വിശ്വാസ സ്വാതന്ത്ര്യത്തിനും ഹാനിതട്ടിക്കാതെ തന്നെ അദ്ധ്യാപകന്റെ താല്പര്യങ്ങളെ സംരക്ഷിക്കാൻ മുതിർന്ന കമ്യൂണിസ്റ്റ് ഗവണ്മെൻറിനെ ഇത്രമേൽ വെറുക്കാനുള്ള കാരണമെന്താണ്? കമ്യൂണിസ്റ്റ് ഗവണ്മെൻറ് എന്തു കുറ്റമാണ് ചെയ്തത്?

എന്തു കുറ്റമെന്നോ? കുറ്റമിതാണ്:

ഇരുപതു നൂറ്റാണ്ടുകൾക്കു മുമ്പ് വി: ലൂക്കോസ് ചൂണ്ടിക്കാണിച്ചതിനെ അനുസ്മരിപ്പിക്കുന്ന ചില പരിഷ്കരണങ്ങൾ നടപ്പിൽ വരുത്താൻ കമ്യൂണിസ്റ്റ് ഗവണ്മെൻറ് പരിശ്രമിച്ചു.

> ‘അവൻ പ്രബലന്മാരെ അവരുടെ ഇരിപ്പിടങ്ങളിൽ നിന്നു പിടിച്ചിറക്കുകയും താഴ്ന്നവരെ ഉയർത്തുകയും ചെയ്തിരിക്കുന്നു; അവൻ വിശക്കുന്നവരെ നല്ല വസ്തുക്കൾകൊണ്ട് നിറയ്ക്കുകയും ധനികന്മാരെ വെറും കയ്യോടെ മടക്കി അയക്കുകയും ചെയ്തു!’
>
> (വി: ലൂക്കോസിന്റെ സുവിശേഷം)

കൃഷിക്കാരെ ഭൂമിയിൽ നിന്ന് ഒഴിപ്പിക്കുന്നതിനെ തടയൽ, കാർഷിക കടാശ്വാസനിയമം, വിദ്യാഭ്യാസനിയമം, കാർഷിക തൊഴിലാളികൾക്കും മറ്റു തൊഴിലാളി വിഭാഗങ്ങൾക്കും കൂലി വർദ്ധനവ്, വ്യാവസായിക തൊഴിലാളികൾക്ക് അവരുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ വേണ്ട പിന്തുണ, സഹകരണ പ്രസ്ഥാന വിപുലീകരണം, സ്ത്രീ തൊഴിലാളികൾക്ക് പ്രസവകാല വേതനം, സർവ്വോപരി കാർഷിക ബന്ധബിൽ—എന്നിങ്ങനെ സാധാരണ ജനങ്ങളുടെ താല്പര്യ സംരക്ഷണത്തിനുള്ള ചില പ്രയോഗിക നടപടികളാണ് കമ്യൂണിസ്റ്റ് ഗവണ്മെൻറ് കൈക്കൊണ്ടത്.

ഈ നടപടികൾ മതത്തിനെതിരാണോ? വിശ്വാസസ്വാതന്ത്ര്യത്തെ നിഹനിക്കുന്നവയാണോ? ക്രൈസ്തവാദർശങ്ങൾക്കെതിരാണോ? തീർച്ചയായും അല്ല. നേരെമറിച്ച്, മറ്റെല്ലാ സമുദായങ്ങളെയുമെന്നപോലെ തന്നെ ഭൂരിപക്ഷക്കാരായ ക്രിസ്ത്യാനികളെയും സമാശ്വസിപ്പിക്കാനുതകുന്ന നടപടികളാണിവ.

പക്ഷേ, ഒരു കാര്യം ശരിയാണ്: തോട്ടം മുതലാളികളും പിന്തിരിപ്പൻ ബാങ്കർമാരും വൻകിട ജന്മികളും വൻകിടക്കാരായ ധനികകൃഷിക്കാരും ഈ പരിപാടികളെ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ടു തന്നെയാണ് കത്തോലിക്കാ വൈദികനേതൃത്വം കമ്യൂണിസ്റ്റ് ഗവണ്മെൻറിനെ അട്ടിമറിക്കാനാഹ്വാനം നൽകിയത്.

തങ്ങളുടെ മതപരമായ സ്വാധീനശക്തിയുപയോഗിച്ചുകൊണ്ടും ജനങ്ങളുടെ മതവികാരങ്ങളെ ചൂഷണം ചെയ്തുകൊണ്ടും അവർ പരിശുദ്ധ ദേവാലയങ്ങളെ രാഷ്ട്രീയ പ്രവർത്തനങ്ങൾക്കുള്ള താവളങ്ങളാക്കി മാറ്റി. കമ്യൂണിസ്റ്റ് ഗവണ്മെൻറ് പള്ളികളെ തകർക്കാനും മതവിശ്വാസത്തെ നശിപ്പിക്കാനും ക്രിസ്ത്യാനികളെ നാമാവശേഷമാക്കാനും വേണ്ടിയാണ് ശ്രമിക്കുന്നത് എന്ന് അവർ പാവങ്ങളെ

തെറ്റിദ്ധരിപ്പിച്ചു. സ്വന്തം സങ്കുചിത താല്പര്യങ്ങൾക്കുവേണ്ടി അവർ സത്യത്തെ മറച്ചുപിടിച്ചു.

ഇതിലത്ഭുതമില്ല. എന്തെന്നാൽ, അവരെ സംബന്ധിച്ചിടത്തോളം അസത്യവും വഞ്ചനയും കാര്യസാധ്യത്തിനു അനുവദനീയമാണ്. സെയിൻറ് അൽഫോൺസോ ലിഗ്വറി എന്ന ദിവ്യനായ ഒരു കത്തോലിക്കാ മഹാത്മാവാണ് 'മോറൽ തിയോളജി' എന്ന തന്റെ ഗ്രന്ഥത്തിൽ 'ഒരു കാരണമുള്ളേടത്ത് സത്യത്തെ മറച്ചു പിടിക്കുന്നതു നിയമവിധേയമാണ്' എന്നു പ്രസ്താവിച്ചത്.

പക്ഷേ, ഇതെങ്ങിനെ ക്രൈസ്തവാദർശമാകും? സത്യത്തെ കുരിശിലേറ്റുന്നവർക്ക് യഥാർത്ഥ ക്രൈസ്തവാദർശങ്ങളുമായി എന്തു ബന്ധമാണുള്ളത്?

## 14
## യേശുക്രിസ്തുവും മാർക്സിസവും

എംഗൽസ് എഴുതുന്നു:

> 'ക്രിസ്തുമതത്തിന്റെ ആദ്യകാലചരിത്രത്തിനു ഇന്നത്തെ തൊഴിലാളി പ്രസ്ഥാനവുമായി വ്യക്തമായ അനവധി സാമ്യതകളുണ്ട്. തൊഴിലാളിവർഗ പ്രസ്ഥാനത്തെപ്പോലെതന്നെ ക്രിസ്തുമതം ആരംഭത്തിൽ മർദ്ദിതജനങ്ങളുടേതായ ഒരു പ്രസ്ഥാനമായിരുന്നു; അടിമകളുടെയും അടിമവേലയിൽനിന്നു മോചനം നേടിയവരുടെയും റോമിനാൽ കീഴടക്കപ്പെട്ടവരും വെറുക്കപ്പെട്ടവരും എല്ലാത്തരം അവകാശാധികാരങ്ങളും നിഷേധിക്കപ്പെട്ടവരുമായ ജനങ്ങളുടെയും മതമെന്ന നിലയ്ക്കാണ് അതാവിർഭവിച്ചത്. ക്രിസ്തുമതവും തൊഴിലാളിവർഗ സോഷ്യലിസവും രണ്ടും ഒരുപോലെ അടിമത്തത്തിൽ നിന്നും കഷ്ടപ്പാടുകളിൽ നിന്നും വരാനിരിക്കുന്ന മോചനത്തെപ്പറ്റി ഉൽബോധിപ്പിക്കുന്നു. ക്രിസ്തുമതം ഈ മോചനത്തെ മരണത്തിനുശേഷമുള്ള ഒരു ജീവിതത്തിലാണ്, അതായത്, സ്വർഗത്തിലാണ് ദർശിക്കുന്നതെങ്കിൽ, സോഷ്യലിസം അതിനെ ഈ ലോകത്തിൽത്തന്നെയുള്ള ഒരു സാമൂഹ്യപരിഷ്കരണത്തിലാണ് ദർശിക്കുന്നത്. ഈ രണ്ടു പ്രസ്ഥാനങ്ങളും മർദ്ദനങ്ങൾക്കു വിധേയമായി. രണ്ടു പ്രസ്ഥാനങ്ങളിലെയും അംഗങ്ങൾ വെറുക്കപ്പെടുകയും പ്രത്യേകാധികാരനിയമങ്ങൾക്ക് വിധേയരാക്കപ്പെടുകയും ചെയ്തു. ഒരു കൂട്ടർ മനുഷ്യവർഗത്തിന്റെ ശത്രുക്കളെന്ന നിലയ്ക്കാണെങ്കിൽ മറ്റേ കൂട്ടർ രാഷ്ട്രത്തിന്റെയും മതത്തിന്റെയും കുടുംബത്തിന്റെയും സാമൂഹ്യഘടനയുടെയും ശത്രുക്കളെന്ന നിലയ്ക്ക്. എന്തൊക്കെത്തന്നെ മർദ്ദനങ്ങളനുഭവിക്കേണ്ടിവന്നിട്ടും ശരിക്കുപറഞ്ഞാൽ, മർദ്ദനങ്ങളിൽനിന്ന് ഉത്തേജനം നേടിക്കൊണ്ടുതന്നെ—ഈ രണ്ടു പ്രസ്ഥാനങ്ങളും തടുത്തുനിർത്താൻ കഴിയാത്തവിധം വിജയപൂർവ്വം മുന്നോട്ടുനീങ്ങി. ക്രിസ്തുമതം ഉത്ഭവിച്ചു മുന്നൂറുകൊല്ലം കഴിഞ്ഞപ്പോഴേക്കും അതുമുഴുവൻ റോമാസാമ്രാജ്യത്തിന്റെയും അംഗീകൃതമതമായിത്തീർന്നു. അതുപോലെതന്നെ, വിജയം അനിവാര്യമാണെന്നു തെളിയിക്കത്തക്കവിധം അത്ര മഹത്തായ ഒരു പ്രസ്ഥാനം വെറും അൻപതു കൊല്ലങ്ങൾക്കുള്ളിൽ സോഷ്യലിസവും നേടിക്കഴിഞ്ഞിരിക്കുന്നു'.

മദ്ധ്യകാലത്ത് യൂറോപ്പിലെ കൃഷിക്കാരുടെയും പട്ടണവാസികളായ ഇടത്തരക്കാരുടെയും ലഹളകളിലും മുതലാളിത്തത്തിന്റെ ആരംഭകാലത്ത് തൊഴിലാളികൾ നടത്തിയ സമരങ്ങളിലും ഈ സാദൃശ്യം പ്രകടമായിരുന്നു. ലോകത്തിന്റെ മൂന്നിലൊരു ഭാഗത്ത് സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ വിജയിക്കുകയും എല്ലാ രാജ്യങ്ങളിലും മാർക്സിസത്തിന്റെ സ്വാധീനശക്തി പരന്നുപിടിക്കുകയും ചെയ്ത ആധുനികകാലത്ത് ഇതു കൂടുതൽ പ്രകടമായിരിക്കുന്നു.

രണ്ടു പ്രസ്ഥാനങ്ങളും തമ്മിലുള്ള സാദൃശ്യങ്ങളെ വിശകലനം ചെയ്തുകൊണ്ട് കാൻററ്ബറിയിലെ ഡീൻ ആയ ഹ്യൂലറ്റ് ജോൺസൺ എഴുതുന്നതു നോക്കുക:

'യേശു സാർവ്വലൗകിക സാഹോദര്യം ആഗ്രഹിക്കുകയും അതിനാഹ്വാനം നൽകുകയും ചെയ്തു. കമ്യൂണിസവും സാർവ്വലൗകിക സാഹോദര്യമാഗ്രഹിക്കുകയും അതിനാഹ്വാനം നൽകുകയും ചെയ്യുന്നു'.

'യേശു സാധാരണ ജനങ്ങളിൽ വിശ്വാസമർപ്പിച്ചു, പണക്കാരും പ്രമാണിമാരും അദ്ദേഹത്തെ എതിർത്തു, ലെനിൻ സാധാരണക്കാരിൽ വിശ്വാസമർപ്പിച്ചു; ഒമ്പതു രാജ്യങ്ങളിലെ പടകൾ ഒന്നായി അദ്ദേഹത്തെ വളഞ്ഞു'.

'ദൈവരാജ്യം ഒരു വിത്തുപോലെയാണെന്നും അതു മെല്ലെ മെല്ലെ വളർന്നു ഒടുവിൽ കാലമാവുമ്പോൾ ഊക്കോടെ പൊട്ടിമുളച്ചു വളരുമെന്നും യേശു പറഞ്ഞു; റഷ്യയിൽ വ്യാവസായിക തൊഴിലാളികളുടെയിടയിൽ നിശബ്ദമായി വളർന്നുവന്ന കമ്യൂണിസം ഒടുവിൽ ഊക്കേറിയ ഒരു വിപ്ലവത്തിലൂടെ അധികാരത്തിലേറി'.

ഇവിടെ ഞാനൊന്നുകൂടി പറയട്ടെ. വിപ്ലവമെന്നാൽ എപ്പോഴും രക്തച്ചൊരിച്ചിൽ എന്നു അർത്ഥമാക്കേണ്ടതില്ല. ചെക്കോസ്ലോവാക്കിയയിൽ രക്തച്ചൊരിച്ചിലുണ്ടായില്ല. ബെനേഷു തന്നെ തുറന്നു പറഞ്ഞിട്ടുള്ളതുപോലെ, ചെക്കോസ്ലോവാക്കിയയിലെ ഒരൊറ്റ ചെയ്തിയെങ്കിലും നിയമത്തിനെതിരായിട്ടില്ല. ഇംഗ്ലണ്ടിൽ സായുധകലാപം കൂടാതെതന്നെ വിപ്ലവത്തെ വിജയിപ്പിക്കാൻ കഴിയുമെന്ന് ലെനിൻ പറയുകയുണ്ടായി.

'ജാതീയവിലങ്ങുകളെ യേശു അങ്ങേയറ്റം എതിർത്തു. സോവിയറ്റ് യൂണിയനിൽ എല്ലാ ജാതിക്കാരെയും വടക്കേ അറ്റത്തുനിന്നുള്ള എസ്കിമോകളായാലും ശരി, തെക്കെ അറ്റത്തു നിന്നുള്ള ഉസ്ബെക്കുകളായാലും ശരി, എല്ലാവരെയും ഒരേ സമത്വത്തിൽ, സാമ്പത്തികവും വിദ്യാഭ്യാസപരവും സാമൂഹ്യവുമായ സമത്വത്തിൽ—അണിനിരത്തിയ നവീനപ്രവാചകനാണ് സ്റ്റാലിൻ'.

'വർഗവിഭജനത്തെ യേശു അധിക്ഷേപിച്ചു. കമ്യൂണിസ്റ്റ് വർഗരഹിതമായ സമുദായത്തെ സൃഷ്ടിക്കുന്നു.

'വിശ്വാസത്തെ പ്രവർത്തനവുമായി ഇണക്കിയത് യേശുവാണ്. കമ്യൂണിസം ഓരോരുത്തനും അവനവന്റെ ആവശ്യമനുസരിച്ച് എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തി വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, സംസ്കാരം എന്നീ രംഗങ്ങളിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നു'.

'കൃത്യമായി പറഞ്ഞാൽ ക്രിസ്തുമതവും കമ്യൂണിസവും തമ്മിൽ പല കാര്യങ്ങളിലും യോജിപ്പുണ്ട്...'

(Christians and Communism)

മാർക്സിസവും ക്രിസ്തുമതവും തികച്ചും ഒരുപോലെയാണെന്നു ഇപ്പറഞ്ഞതിനർത്ഥമില്ല. തീർച്ചയായും വ്യത്യാസങ്ങളുണ്ട്. അടിമത്ത കാലഘട്ടത്തിന്റെ സാമൂഹ്യ പരിതഃസ്ഥിതിയിൽ ആവിർഭവിച്ച ക്രിസ്തുമതവും മുതലാളിത്ത കാലഘട്ടത്തിൽ, ശാസ്ത്രജ്ഞാനം വളരെയേറെ പുരോഗമിക്കുകയും തൊഴിലാളി വർഗപ്രസ്ഥാനം ശക്തിപ്പെടുത്തുകയും ചെയ്ത ഒരു പരിതഃസ്ഥിതിയിൽ, ആവിർഭവിച്ച മാർക്സിസവും തമ്മിൽ അടിസ്ഥാനപരമായി തന്നെ പല വ്യത്യാസങ്ങളുമുണ്ടാവുക അനിവാര്യമാണ്. പക്ഷേ, ഈ വ്യത്യാസങ്ങൾ അവ തമ്മിലുള്ള സാമ്യതകളേയും സാദൃശ്യങ്ങളേയും മായ്ച്ചു കളയുന്നില്ല.

'കർത്താവേ, കർത്താവേ' എന്നുവിളിക്കുന്നതു കൊണ്ടുമാത്രം ആരും തന്റെ അനു യായിയാവുകയില്ലെന്ന് യേശുക്രിസ്തു വീണ്ടും വീണ്ടും താക്കീതു നൽകിയിട്ടുണ്ട്. ചുണ്ടു കളുടെ പ്രാർത്ഥനയേക്കാൾ വിലപിടിച്ചതാണ് ജീവിതത്തിന്റെ പ്രാർത്ഥന.

ഫ്യൂഡലിസത്തെയും മുതലാളിത്തത്തെയും സാമ്രാജ്യമേധാവിത്വത്തെയും പി ന്താങ്ങിക്കൊണ്ട് യേശുക്രിസ്തുവിന്റെ സിദ്ധാന്തങ്ങളെ നടപ്പിൽ വരുത്താൻ കഴിയി ല്ല; അടിമത്വത്തിനും സ്ഥാപിത താല്പര്യങ്ങൾക്കുമെതിരായി മർദ്ദിത ജനവിഭാഗങ്ങ ളെ യോജിപ്പിച്ചണിനിരത്തിയ ഒരു മഹത്തായ പാരമ്പര്യത്തെയാണ് യേശുക്രിസ്തു ഉയർത്തിപ്പിടിക്കുന്നത്. ഇത് തന്നെയാണ് ഡയലക്ടിക്കൽ മെറ്റീരിയലിസത്തിൽ അധിഷ്ഠിതമായ മാർക്സിസത്തിന്റെയും ആഹ്വാനം.

അതുകൊണ്ട്, രാജ്യത്തിന്റെ നന്മയ്ക്കും സാമൂഹ്യപുരോഗതിക്കും മനുഷ്യത്വം തുളു മ്പുന്ന ഒരു ഭാവിക്കും വേണ്ടി യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനികളും മാർ ക്സിസത്തിൽ വിശ്വസിക്കുന്ന കമ്യൂണിസ്റ്റുകാരും യോജിച്ചേ മതിയാവൂ.

## 16
## യേശുക്രിസ്തു മോസ്കോവിൽ

മർദ്ദനങ്ങൾ കൊണ്ടും അക്രമങ്ങൾകൊണ്ടും റോമൻ സാമ്രാജ്യം തകരാൻ തുട ങ്ങിയ കാലഘട്ടം; മർദ്ദിതരായ അടിമകളും മർദ്ദകരായ ഉടമകളും തമ്മിലുള്ള വർഗസമരം മൂർദ്ധന്യത്തിലെത്തിയ ഒരു സന്ദർഭം; പ്രമാണികളും ധനാഢ്യരു മായ ഉടമകളുടെ അധികാരശക്തി അതിർകവിഞ്ഞതായിരുന്നു. അടിമകൾക്ക് യാതൊരുതരം സ്വാതന്ത്ര്യവുമുണ്ടായിരുന്നില്ല. ഉടമകൾക്ക് അവരെ ചവിട്ടാം, കു ത്താം, തീവെയ്ക്കാം, അംഗഭംഗം വരുത്താം, കൊല്ലാം—എന്തു വേണമെങ്കിലും ചെ യ്യാം. ശക്തിയോടുള്ള ബഹുമാനം, ദൗർബല്യത്തോടുള്ള പുച്ഛം, അനിയന്ത്രിതമായ സുഖഭോഗങ്ങൾ—ഇതായിരുന്നു ഉടമകളുടെ തത്വശാസ്ത്രം. മൃഗങ്ങളുടേതിനേക്കാൾ നികൃഷ്ടമായ ജീവിതം—അതായിരുന്നു അടിമത്തം.

പക്ഷേ, അടിമകൾ മൃഗങ്ങളായിരുന്നില്ല. അവർ മനുഷ്യരായിരുന്നു. മർദ്ദന ങ്ങളെ നിശബ്ദമായി സഹിക്കാൻ അവർ തയ്യാറുണ്ടായിരുന്നില്ല. മർദ്ദകരായ ഉട മകൾക്കെതിരായി അവർ അനവധി തവണ കലാപം നടത്തി. എന്നാൽ ഓരോ കലാപവും നിർദ്ദയമായി അടിച്ചമർത്തപ്പെടുകയാണുണ്ടായത്. വീണ്ടും വീണ്ടും അവർ പോരാടി നോക്കി. വീണ്ടും വീണ്ടും അവർ പരാജയപ്പെട്ടു. രണ്ടുകൊല്ലത്തോ ളം നീണ്ടുനിന്ന സംഘടിതവും, ചരിത്രപ്രസിദ്ധവുമായ സ്പാർട്ടാക്കസ് ലഹള (20–22 ബി. സി.) പോലും തോൽവിയടയുകയാണ് ചെയ്തത്. ഇനിയെന്താണു ചെയ്യുക? ആശയ്ക്കെന്താണൊരുവഴി? അമാനുഷികമായ എന്തെങ്കിലും ഇന്ദ്രജാലം കൊണ്ട ല്ലാതെ രക്ഷയില്ലെന്നു തോന്നി. ശക്തനായ ഒരു സംരക്ഷകൻ. ഒരു ദൈവപുത്രൻ. ഒരു പ്രവാചകൻ. സ്വന്തം ത്യാഗംകൊണ്ട് തങ്ങളെ രക്ഷിക്കാൻ കെൽപ്പുള്ള ഒരു മഹാത്മാവ്. ആരെങ്കിലും തങ്ങളെ മോചിപ്പിക്കാൻ വന്നെങ്കിൽ!

ഈ ഘട്ടത്തിലാണ് നസറത്തുകാരനായ ഒരാശാരിയുടെ മകൻ അവർക്കിട യിൽ തലയുയർത്തി നിന്നുകൊണ്ട് അവരെ ആഹ്വാനം ചെയ്തത്:

> 'അധ്വാനിക്കുന്നവരേ! ഭാരം ചുമക്കുന്നവരേ! എല്ലാവരും എന്റെ അടുത്തുവരുവിൻ, ഞാൻ നിങ്ങൾക്ക് സമാധാനം തരാം'.

മർദ്ദിതരായ ദരിദ്രന്മാരെയും അവശരേയും അദ്ദേഹം സമാശ്വസിപ്പിച്ചു:

> 'ദരിദ്രന്മാരേ, പാപികളേ, പുച്ഛിക്കപ്പെടുന്നവരേ! നാളത്തെ ലോകം നിങ്ങൾക്കു വേണ്ടിയുള്ളതാകകൊണ്ട് സന്തോഷിച്ച് ഉല്ലസിക്കുക!'.

മർദ്ദകവർഗക്കാരുടെ നേരെ ക്രോധാഗ്നി വിതറിക്കൊണ്ട് അദ്ദേഹം ഗർജിച്ചു:

> 'പാമ്പുകളെ, സർപ്പസന്തതികളേ! നരകശിക്ഷയിൽ നിന്ന് നിങ്ങൾ എങ്ങനെ തെറ്റിയൊഴിയും?'

ഭൂരിപക്ഷക്കാരായ ദരിദ്രന്മാരെ ചൂഷണം ചെയ്യുന്നവർക്കെതിരായി അദ്ദേഹം താക്കീതുചെയ്തു:

> 'ദരിദ്രന്മാരുടെ ന്യായം മുറിച്ചു കളവാനും എളിയവരുടെ അവകാശം ഇല്ലാതാക്കുവാനും വിധവമാർ തങ്ങൾക്കു കൊള്ളയായിത്തീരുവാനും അനാഥന്മാരെ തങ്ങൾക്കിരയാക്കുവാനും തക്കവണ്ണം നീതികെട്ട ചട്ടം നിയമിക്കുന്നവർക്കും അനർത്ഥം എഴുതിവെയ്ക്കുന്നവർക്കും—ഹാ, കഷ്ടം! സന്ദർശനദിവസത്തിലും ദൂരത്തുനിന്നുവരുന്ന വിനാശത്തിലും നിങ്ങൾ എന്തുചെയ്യും?' (യെശയ്യാവ്, X, 1, 2, 3)

പുറത്തു കുരടാവുകൊണ്ടുള്ള അടികളുടെയും നെറ്റിമേൽ ചൂടുവെച്ചതിന്റെയും പാടുകൾ വഹിക്കുന്ന അടിമകൾ ആവേശം കൊണ്ടു. ക്രിസ്തുവിന്റെ വാക്കുകൾ അവരുടെ ഹൃദയങ്ങളുടെ വ്രണങ്ങൾക്കു മുറികെട്ടികൊടുത്തു. അധഃകൃതർ, മർദ്ദിതർ, ചവിട്ടിത്തേയ്ക്കപ്പെട്ടവർ, മീൻ പിടുത്തക്കാർ, കൈവേലക്കാർ, കണ്ണീരും കയ്യുമായി കഴിയുന്നവർ—എല്ലാവരും അദ്ദേഹത്തെ തങ്ങളുടെ ദൈവപുത്രനായും തങ്ങളുടെ പ്രവാചകനായും അംഗീകരിച്ചു. ആയിരക്കണക്കിലുള്ള അടിമകൾ അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നു.

മർദ്ദകന്മാരാകട്ടെ, പേടിച്ചുവിറച്ചു. അവരുടെ ധിക്കാരങ്ങളും സ്ഥാപിതതാല്പര്യങ്ങളും മാത്രമല്ല, അവരുടെ ദൈവങ്ങൾപോലും വെല്ലുവിളിക്കപ്പെട്ടു. ഒടുവിൽ യൂദാസിന്റെ സഹായത്തോടുകൂടി അവർ യേശുവെ കുരിശിലേറ്റി! മർദ്ദിത വർഗക്കാരുടെ നേതാവായ ആ മഹാത്മാവിന്റെ ശരീരത്തിൽനിന്നു രക്തമൊഴുകുന്നതുകണ്ട് അവർ ആഹ്ലാദിച്ചു പൊട്ടിച്ചിരിച്ചു!

പക്ഷേ, യേശുക്രിസ്തു മരിച്ചില്ല. നൂറുകണക്കിലുള്ള ശിഷ്യഗണങ്ങളുടെ നാവുകളിൽ, ലക്ഷക്കണക്കിലുള്ള ജനങ്ങളുടെ ഹൃദയങ്ങളിൽ, അദ്ദേഹം ഉയിർത്തെഴുന്നേറ്റു.

പഴയ മതങ്ങളുടെ സ്ഥാനത്ത് പുതിയൊരു മതം പൊന്തിവന്നു. വർഗവ്യത്യാസമില്ലാതെ, സ്ത്രീപുരുഷ ഭേദമില്ലാതെ, എല്ലാവരുടെയും മുമ്പിൽ അതിന്റെ വാതിലുകൾ തുറന്നിടപ്പെട്ടു. ഗ്രീക്കുകാരനായാലും ശരി, റോമൻകാരനായാലും ശരി, ജൂതനായാലും ശരി, ബാർബേറിയനായാലും ശരി, അടിമയായാലും ശരി, വോട്ടവകാശമില്ലാത്തവനായാലും ശരി, എല്ലാവരും സമന്മാർ. എല്ലാവരുടെയും മുമ്പിലും ക്രിസ്തുവിന്റെ ആദർശങ്ങൾ ഉയർന്നുനിന്നു.

## 17

എന്തായിരുന്നു അന്നത്തെ സ്ഥിതി? യെരുശലേമിലേക്കു നോക്കൂ:

‘അതിന്റെ അകം മുഴുവനും പീഡനം നിറഞ്ഞിരിക്കുന്നു. കിണറ്റിൽ പച്ചവെള്ളം നിറഞ്ഞിരിക്കുന്നതുപോലെ അതിൽ എപ്പോഴും പുതിയ ദുഷ്ടത സംഭവിക്കുന്നു. സാഹസവും കവർച്ചയുമേ അവിടെ കേൾപ്പാനുള്ളൂ. എന്റെ മുമ്പിൽ എപ്പോഴും ദീനവും മുറിവും മാത്രമേയുള്ളൂ’.

(ജെറെമിയാ: VI, 7)

യെരുശലേമിൽ മാത്രമല്ല, റോമൻ സാമ്രാജ്യത്തിലൊട്ടുക്കും ഇതായിരുന്നു സ്ഥിതി.

യേശുവിന്റെ ശിഷ്യന്മാരും അനുയായികളും സാധാരണക്കാരായ ജനങ്ങൾക്കിടയിൽ ജീവിച്ചുകൊണ്ട്, മർദ്ദിതരായ അടിമകളുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടുകൊണ്ട്, തങ്ങളുടെ മഹാനായ പ്രവാചകന്റെ ഉപദേശങ്ങളും സിദ്ധാന്തങ്ങളും പ്രചരിപ്പിച്ചു. അവർ തെരുവുതോറും നടന്നു പ്രസംഗിച്ചു: അടിമകളും മറ്റുള്ളവരെപ്പോലെതന്നെ മനുഷ്യരാണ്!

‘ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്ക് മോചനവും അടിമകൾക്ക് സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും ദുഃഖിതന്മാരെയൊക്കെയും ആശ്വസിപ്പിപ്പാനും സിയോനിലെ ദുഃഖിതന്മാർക്ക് വെണ്ണീറിനുപകരം അലങ്കാരമാലയും ദുഃഖത്തിനുപകരം ആനന്ദതൈലവും വിഷണ്ണമനസിനുപകരം സ്തുതി എന്ന മേലാപ്പും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു’. (യെശയ്യാവ്: LXI 2, 3)

ദുഃഖിതന്മാരുടെ ദുഃഖത്തിനു കാരണമെന്തെന്ന് അവർ നോക്കിക്കണ്ടു:

‘എന്റെ ജനങ്ങൾക്കിടയിൽ ഞാൻ ദുഷ്ടന്മാരെ കാണുന്നു. അവർ വേടന്മാരെപ്പോലെ പതിയിരിക്കുന്നു. അവർ കുടുക്കുവെച്ച് മനുഷ്യരെ പിടിക്കുന്നു. കൂട്ടിൽ പക്ഷി നിറഞ്ഞിരിക്കുന്നതുപോലെ അവരുടെ വീട്ടിൽ വഞ്ചന നിറഞ്ഞിരിക്കുന്നു. അങ്ങനെ അവർ പ്രമാണികളും ധനവാന്മാരുമായിത്തീർന്നിരിക്കുന്നു. അവർ പുഷ്ടിവെച്ചു മിന്നുന്നു. ദുഷ്ടകാര്യങ്ങളിൽ അവർ കവിഞ്ഞിരിക്കുന്നു. അവർ അനാഥന്മാർക്കു ഗുണം വരത്തക്കവണ്ണം അവരുടെ വ്യവഹാരം നടത്തുന്നില്ല. ദരിദ്രന്മാർക്കു ന്യായപാലനം ചെയ്യുന്നതുമില്ല. ഇങ്ങനെയുള്ള ജാതിയോട് ഞാൻ പകരം ചെയ്യാതെയിരിക്കുമോ എന്ന് യഹോവയുടെ അരുളപ്പാട്’. (ജെറെമിയാ: V 26, 27, 28, 29)

എന്നിട്ട്, മർദ്ദകന്മാരുടെ നേർക്ക് കൈവിരൽ ചൂണ്ടിക്കൊണ്ട് അവർ അലറി:

‘നിങ്ങൾ നശിക്കട്ടെ! നിങ്ങൾ തീകൊണ്ടു നശിപ്പിക്കപ്പെടുന്ന ദിവസം വിദൂരമല്ല. നിങ്ങളുടെ അരമനകൾ വെണ്ണീറിൽ കുഴിച്ചിടപ്പെടും! ചെന്നായ്ക്കൾ നഗരത്തിലെ തെരുവിലൂടെ അലഞ്ഞുനടക്കും!’

ഇങ്ങനെ ക്രിസ്തുവിന്റെ ആശയങ്ങൾ—മർദ്ദിതവർഗക്കാരോട് അതിർകവിഞ്ഞ സ്നേഹവും സൗഭ്രാത്രവും മർദ്ദകവർഗ്ഗക്കാരോട് കഠിനമായ വെറുപ്പും നിറഞ്ഞൊഴുകുന്ന ആ സിദ്ധാന്തങ്ങൾ—അതിവേഗം പരന്നുപിടിച്ചു.

മർദ്ദകന്മാർ ബേജാറായി. പുതിയ മതം മർദ്ദിതരും ചൂഷിതരുമായ അടിമകളെ മനുഷ്യരായി കണക്കാക്കുന്നു! അവർക്കെങ്ങിനെ ക്രോധം വരാതിരിക്കും? അവർ എല്ലാത്തരം മർദ്ദനായുധങ്ങളുമെടുത്ത് പ്രയോഗിച്ചു. അവർ ക്രിസ്ത്യാനികളെ കാളകളുടെ കാലിന്മേൽ കെട്ടി പെരുവഴിയിലൂടെ വലിച്ചിഴച്ചു; കാട്ടുമൃഗങ്ങൾക്ക് തീറ്റയിട്ടുകൊടുത്തു; കുരിശിന്മേൽ തറച്ചു കൊലചെയ്തു. മർദ്ദിത വർഗക്കാരുടെ പ്രതിനിധി

കളായതുകൊണ്ട്, ഇന്നത്തെ കമ്യൂണിസ്റ്റുകാരെപ്പോലെതന്നെ അന്നത്തെ ക്രിസ്ത്യാനികളും നിരവധി ക്ലേശങ്ങളും മർദ്ദനങ്ങളും സഹിക്കേണ്ടിവന്നു. ഇന്നത്തെ കമ്യൂണിസ്റ്റുകാരെപ്പോലെതന്നെ അന്നത്തെ ക്രിസ്ത്യാനികളും ഒളിവിലിരുന്നു പ്രവർത്തിക്കേണ്ടിവന്നു. ഇന്നത്തെ കമ്യൂണിസ്റ്റുകാരെപ്പോലെതന്നെ അന്നത്തെ ക്രിസ്ത്യാനികളും വേട്ടയാടപ്പെട്ടു, മൃഗീയമായി മർദ്ദിക്കപ്പെട്ടു. പക്ഷേ, എന്തായിട്ടും, ഇന്നത്തെ കമ്യൂണിസ്റ്റുകാരെപ്പോലെതന്നെ അന്നത്തെ ക്രിസ്ത്യാനികളും കൂടുതൽ കൂടുതൽ ശക്തിപ്പെടുകയാണ് ചെയ്തത്. കൂടുതൽ കൂടുതൽ ജനങ്ങൾ അവരുടെ പിന്നിൽ അണിനിരക്കുകയാണ് ചെയ്തത്.

1895-ൽ എംഗൽസ് ചൂണ്ടിക്കാണിച്ചു:

> ‘ശരിക്ക് 16 നൂറ്റാണ്ടുകൾക്ക് മുമ്പ് അപകടം പിടിച്ച ഒരു വിദ്രോഹപാർട്ടി റോമൻ സാമ്രാജ്യത്തിൽ വലിയൊരിളക്കമുണ്ടാക്കി. മതത്തെയും ഭരണയന്ത്രത്തിന്റെ അടിത്തറകളേയും അത് തുരങ്കം വെച്ചു. സീസറുടെ ഇച്ഛയാണ് പരമമായ നിയമം എന്ന വാദത്തെ അതു പരിപൂർണമായും നിഷേധിച്ചു. അതിനു സ്വന്തമായ ഒരു മാതൃഭൂമിയുണ്ടായിരുന്നില്ല—അതു സാർവ്വദേശീയമായിരുന്നു. സാമ്രാജ്യത്തിലെ എല്ലാ രാജ്യങ്ങളിലും ഗാൾ മുതൽ ഏഷ്യവരേയും, സാമ്രാജ്യാതിർത്തികൾക്കപ്പുറത്തേക്കും, അതു വ്യാപിച്ചു. വളരെക്കാലത്തോളം രഹസ്യമായിട്ടാണ്, അണ്ടർഗ്രൗണ്ടിൽ കഴിച്ചുകൂട്ടിക്കൊണ്ടാണ്, അത് പ്രക്ഷോഭം നടത്തിയത്. ഒടുവിൽ, പരസ്യമായി പ്രവർത്തിക്കത്തക്കവണ്ണം ശക്തിനേടിക്കൊണ്ട് അതു പുറത്തുവന്നു പ്രവർത്തിച്ചു. വിദ്രോഹത്തിന്റെ ഈ പാർട്ടി ക്രിസ്ത്യാനികൾ എന്ന പേരിലാണറിയപ്പെട്ടിരുന്നത്...’
>
> (എംഗൽസ്: ‘ഫ്രാൻസിലെ വർഗസമരങ്ങൾ’ എന്ന പുസ്തകത്തിന്റെ മുഖവുരയിൽ)

ക്രിസ്തുവിന്റെ മാർഗത്തിൽ നിന്ന് ജനങ്ങളെ വ്യതിചലിപ്പിക്കാനും വീണ്ടെടുക്കാനും വേണ്ടി മർദ്ദകവർഗക്കാരും അവരുടെ യൂദാസ്സുകളും പലതരം പ്രലോഭനങ്ങളും പ്രയോഗിച്ചുനോക്കി. അവർ വാഗ്ദാനം ചെയ്തു. ‘ചക്രവർത്തിയെ ഒന്നു വന്ദിച്ചാൽ മതി, നിങ്ങളുടെ ജീവനെ രക്ഷിക്കാം’.

ചെറിയ കുട്ടികൾപോലും തലയുയർത്തിപ്പിടിച്ചുകൊണ്ട് മറുപടി പറഞ്ഞു: ‘ഞങ്ങൾ ക്രിസ്ത്യാനികളാണ്!’ ചിറയ്ക്കൽ താലൂക്കിലെ എം. എസ്. പി. മർദ്ദനകാലത്ത് ബാലസംഘക്കാർ ‘ഈങ്ക്വിലാബ്’ വിളിച്ചതുപോലെ!

വീണ്ടും മർദ്ദനങ്ങൾ! നീചവും മൃഗീയവുമായ പൈശാചികതകൾ! ഒടുവിൽ, ക്രിസ്ത്വാബ്ദം 303ലെ ആ കൂട്ടക്കൊല! നിക്കോമീസിയയിലുള്ള രാജകീയ കൊട്ടാരം തീവെച്ചു നശിപ്പിച്ചുവെന്നതാണത്രെ കാരണം. ആ ‘കമ്യൂണിസ്റ്റക്രമ’ത്തോട്—തെറ്റിപ്പോയി, ആ ‘ക്രിസ്ത്യൻ അക്രമ’ത്തോട്—പകവീട്ടാൻ വേണ്ടി, പതിനായിരക്കണക്കിലുള്ള ക്രിസ്തുമതവിശ്വാസികൾ നിർദ്ദയം കൂട്ടക്കൊല ചെയ്യപ്പെട്ടു!

എന്നിട്ടും കമ്യൂണിസ്റ്റ് പാർട്ടി—അല്ല, ക്രിസ്തുമതം നശിച്ചില്ല, അതു കാട്ടുതീപോലെ പരന്നുപിടിച്ചു!

## 18

കൊല്ലങ്ങൾ കടന്നുപോയി. മൂന്നാം നൂറ്റാണ്ടുകഴിഞ്ഞു. നാലാം നൂറ്റാണ്ടായി. ഒടുവിൽ, പുതിയ മതത്തെ അടിച്ചമർത്താനാവില്ലെന്നു ബോധ്യമായപ്പോൾ യൂദാസ്സുകൾ അടവുമാറ്റി. തങ്ങളും ക്രിസ്തുവിന്റെ അനുയായികളാണെന്ന് അവർ ഉച്ചത്തിൽ വിളിച്ചുപറയാൻ തുടങ്ങി!

ചക്രവർത്തിമാരാണ് ഈ ചപ്പടാച്ചിക്കു നേതൃത്വം നൽകിയത്. ആഭ്യന്തരക്കുഴപ്പംകൊണ്ടു താറുമാറായിത്തീർന്നുകൊണ്ടിരുന്ന തങ്ങളുടെ വിശാലമായ സാമ്രാജ്യത്തെ ഒന്നാക്കി യോജിപ്പിച്ചുനിർത്തുന്നതിന് സാർവ്വലൗകികമായ ഒരു മതത്തിന്റെ സഹായം ആവശ്യമാണെന്ന് അവർ കണ്ടുപിടിച്ചു.

അങ്ങനെ ക്രിസ്ത്വാബ്ദം 303ലെ കുപ്രസിദ്ധമായ കൂട്ടക്കൊലയ്ക്കുശേഷം 17 കൊല്ലം കൂടി കഴിഞ്ഞപ്പോൾ കോൺസ്റ്റൻറൈൻ ചക്രവർത്തി, വലിയ ആർഭാടത്തോടുകൂടി, ക്രിസ്തുമതം സ്റ്റേറ്റിന്റെ മതമായി സ്വീകരിച്ചു.

വാൾ കുരിശിനെ ആലിംഗനം ചെയ്തു! മർദ്ദകനായ കോൺസ്റ്റൻറൈൻ 'മഹാനായ' കോൺസ്റ്റൻറൈനായിത്തീർന്നു!

തങ്ങളുടെ സ്ഥാപിത താല്പര്യങ്ങളെ കാത്തുരക്ഷിക്കാൻ പഴയ ദൈവങ്ങളെക്കാളുമധികം യേശുവാണ് കൂടുതൽ ഉപകരിക്കുക എന്നവർ കണ്ടുപിടിച്ചു.

ചക്രവർത്തിയുടെ മാർപ്പാപ്പയും കെട്ടിപ്പിടിച്ചു!

അവർ അടിമകളെ 'ക്രിസ്തുവിലെ സഹോദരന്മാർ' എന്നുവിളിച്ചു. പക്ഷേ, അവർക്കു മോചനം നൽകിയില്ല. അവർ അടിമകൾക്ക് 'സ്വർഗത്തിന്റെ രാജ്യം' വാഗ്ദാനം ചെയ്തു. പക്ഷേ, ഭൂമിയുടെ രാജ്യത്തിൽ അടിമകൾ അടിമകൾ തന്നെ! നിലവിലുള്ള സാമൂഹ്യസമത്വങ്ങളെ നിലനിർത്താൻ വേണ്ടി കിരീടവും കുരിശും പരസ്പരം കൈകോർത്തുപിടിച്ചു. മർദ്ദിതരുടെ നേതാവായ യേശുക്രിസ്തുവിന്റെ 'കെയറോഫിൽ' അവർ എല്ലാത്തരം മർദ്ദനങ്ങളേയും അനുഗ്രഹിച്ചു. വാളിനേയും കുന്തത്തേയും അവർ ളോഹയണിയിച്ചു. മർദ്ദകവർഗക്കാരുടെ ദണ്ഡനീതിശാസ്ത്രത്തിന് അവർ ദൈവകല്പനയുടെ സ്വാസ്ഥ്യം നൽകി.

മർദ്ദകനെ സ്നേഹിക്കാനും പെരുമ്പാമ്പിനെ ആലിംഗനം ചെയ്യാനും അവരുപദേശിച്ചു. പട്ടിണിയിലും കഷ്ടപ്പാടിലും കിടന്നുനരകിക്കുന്ന മർദ്ദിതരോട് ശാന്തരായിരിക്കാൻ അവരാഹ്വാനം ചെയ്തു. ഇഹലോകത്തിൽ അനീതികളേയും ചൂഷണങ്ങളേയും ക്ഷമയോടെ സഹിക്കുന്നവർക്ക് മരണത്തിനുശേഷം സ്വർഗത്തിലേക്ക് ഫ്രീ ടിക്കറ്റ് നൽകുന്നതാണെന്ന് അവർ വാഗ്ദാനം ചെയ്തു!

അങ്ങനെ, അടിമകളെ ആവേശം കൊള്ളിക്കാൻ വേണ്ടി ഉയർന്നുവന്ന ക്രിസ്തുമതം നിലവിലുള്ള ചൂഷണവ്യവസ്ഥകളെ നിലനിർത്താനും സ്ഥാപിതതാല്പര്യങ്ങളെ കാത്തുരക്ഷിക്കാനുമുള്ള ഒരാത്മീയായുധമായി ഉപയോഗിക്കപ്പെടാൻ തുടങ്ങി.

## 19

അതിനുശേഷമുള്ള പള്ളിയുടെ ചരിത്രം കറുത്തിരുണ്ട ഭീകരതകളുടെ ചരിത്രമാണ്. മനുഷ്യത്വത്തിനെതിരായ എല്ലാ പിന്തിരിപ്പൻ സ്ഥാപിതതാല്പര്യങ്ങളേയും അതു പിന്താങ്ങി. പുരോഗമനപരമായ എല്ലാറ്റിനേയും അതെതിർത്തു. ശാസ്ത്രസംബന്ധിയായ കണ്ടുപിടുത്തങ്ങളെ അതു പല്ലിളിച്ചുകാട്ടി. പുരോഗമനപരമായ ചിന്താഗതികളെയും ആശയങ്ങളെയും അതു നിയമവിരുദ്ധമാക്കി. വെളിച്ചത്തിന്റെ നേർക്ക് യുദ്ധം പ്രഖ്യാപിച്ചു. ഇരുട്ടിനെ ആലിംഗനം ചെയ്തു. നിലമുടമകൾക്കെതിരായ ജനാധിപത്യപ്രസ്ഥാനങ്ങളെ ആക്ഷേപിച്ചു, മുതലാളിത്തത്തിനെതിരായ സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളെ എതിർത്തു. എല്ലാം യേശുക്രിസ്തുവിന്റെ പേരിൽ! ആത്മീയതയുടെയും ആദ്ധ്യാത്മികതയുടെയും പേരിൽ!

ഓ! അവരുടെ ഒരാദ്ധ്യത്മികത! അവർ ഭൗതികകാര്യങ്ങളുടെ വിരോധികളാണത്രെ! ആദ്ധ്യാത്മികകാര്യങ്ങൾക്കുവേണ്ടി, ഭൗതികകാര്യങ്ങളെ എതിർക്കാൻ

വേണ്ടി, അവർ എന്താണ് ചെയ്തത്? കഴിഞ്ഞ ഒന്നുരണ്ട് നൂറ്റാണ്ടുകളിലേക്കെങ്കിലും ഒന്നു കണ്ണോടിച്ചുനോക്കു.

1789-ൽ ഫ്രഞ്ചുവിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ മാർപ്പാപ്പാ തിരുമേനി അതിനെ എതിർത്തു.

1848–49-ൽ ഇറ്റലിയിൽ സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ടപ്പോൾ മാർപ്പാപ്പ പിന്തിരിപ്പന്മാരെയാണ് സഹായിച്ചത്. പുതിയ നിയമങ്ങളെ പിന്താങ്ങിയവരെല്ലാം ഭ്രഷ്ടാക്കപ്പെട്ടു.

1917-ലെ റഷ്യൻ വിപ്ലവത്തിൽ നിന്നുയർന്നുവന്ന തൊഴിലാളി ഭരണത്തിന്റെ നേരെ അവർ ഒരു കുരിശുയുദ്ധം തന്നെ പ്രഖ്യാപിച്ചു.

1922-ൽ ഇറ്റലിയിൽ ഫാസിസ്റ്റ് സ്വേച്ഛാധിപത്യമാരംഭിച്ചപ്പോൾ 'ജനാധിപത്യത്തെയും പാർലമെൻററി സ്ഥാപനങ്ങളേയും ഇഷ്ടപ്പെടാത്ത പീയൂസ് പതിനൊന്നാമൻ മുസോളിനിയെ അനുഗ്രഹിച്ചു: 'ദൈവം അയച്ചുതന്ന ഒരു മനുഷ്യനാണദ്ദേഹം!'.

ഫാസിസ്റ്റ് ചെന്നായ്ക്കളുടെ ആക്രമണയുദ്ധങ്ങളെയെല്ലാം മാർപ്പാപ്പ സഹായിച്ചു. 1935–36-ലെ അബിസീനിയൻ യുദ്ധം, 1938-ൽ ആസ്ത്രിയയുടെ നേർക്കുണ്ടായ ബലാൽക്കാരം, 1939-ൽ ചെക്കോസ്ലോവാക്കിയയുടെ നേർക്കുണ്ടായ കയ്യേറ്റം, 1941-ൽ സോവിയറ്റ് യൂണിയന്റെ നേർക്കുണ്ടായ അവസാനത്തെ മരണയുദ്ധം എല്ലായിടത്തും അക്രമികളെയാണ് വത്തിക്കാൻ അനുഗ്രഹിച്ചത്. കമ്യൂണിസ്റ്റ് പർട്ടികളുടെ നേതൃത്വത്തിൽ എവിടെയെല്ലാം പട്ടിണിയുടെയും തൊഴിലില്ലായ്മയുടെയും ഭരണം അവസാനിപ്പിക്കപ്പെട്ടിട്ടുണ്ടോ, എവിടെയെല്ലാം സ്ഥാപിതതാല്പര്യക്കാരായ മർദ്ദകന്മാർ പിഴുതെറിയപ്പെട്ടിട്ടുണ്ടോ. എവിടെയെല്ലാം മനുഷ്യത്വത്തിന്റെ മഹനീയത ഉയർത്തിപ്പിടിക്കപ്പെടുന്നുണ്ടോ, അവിടെയെല്ലാം സ്വന്തം ചാരന്മാർ വഴി തുരപ്പൻ പണികൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണദ്ദേഹം. എന്തിന്? ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ നേർക്കദ്ദേഹമനുവർത്തിച്ചുപോന്നിട്ടുള്ള നയമെന്താണ്?.

ഇന്നു മാർപാപ്പയുടെ ഏറ്റവും വലിയ ശത്രു സോവിയറ്റ് യൂണിയനാണ്; സോഷ്യലിസവും കമ്യൂണിസവുമാണ്. സ്വകാര്യസ്വത്തുടമക്കെതിരായ എല്ലാ പ്രസ്ഥാനങ്ങളുടെയും ശത്രുവാണദ്ദേഹം.

## 20

ആരാണീ മാർപാപ്പ? ഏറ്റവും വലിയൊരു നിലമുടമസ്ഥൻ. വൻകിട കുത്തകബാങ്കുകളിൽ നിന്നും, വൻകിട വ്യവസായസ്ഥാപനങ്ങളിൽ നിന്നും, ലക്ഷക്കണക്കിലുള്ള ഷെയറുകളുടെ ലാഭം വാങ്ങുന്ന ഒരു പിന്തിരിപ്പൻ മുതലാളി!

'തന്റെ അപ്പം വിശപ്പുള്ളവനു കൊടുക്കുകയും നഗ്നനെ ഉടുപ്പിക്കുകയും പലിശയ്ക്ക് കൊടുക്കുകയോ ലാഭം വാങ്ങുകയോ ചെയ്യാതിരിക്കുകയും' ചെയ്യണമെന്ന് ആർ ഉപദേശിച്ചുവോ ആ മഹാനായ യേശുക്രിസ്തുവിന്റെ പേരിൽ മാർപാപ്പ തിരുമേനി കൊല്ലത്തിൽ (രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പുള്ള കണക്കുപ്രകാരം) 18,00,00,000 ലിറ ആദായമുണ്ടാക്കുന്നു. തെക്കെ അമേരിക്കയിൽ പ്രവർത്തിക്കുന്ന ഫ്രഞ്ച്-ഇറ്റാലിയൻ ബാങ്ക് വത്തിക്കാന്റെ സ്വകാര്യസ്വത്താണ്. യുദ്ധത്തിനുമുമ്പ് അതിന്റെ മൂലധനം 5 കോടി ഫ്രാങ്കായിരുന്നു. യുദ്ധത്തിനുമുമ്പ് ഫ്രഞ്ച് ജോയിൻറ്

സ്റ്റോക്ക് കമ്പനികളിലെല്ലാംകൂടി വത്തിക്കാൻ 20 കോടി ഫ്രാങ്ക് നിക്ഷേപിച്ചിരുന്നു. ഇറ്റാലിയൻ കണക്കുകൾ പ്രകാരം വത്തിക്കാന് ലോകത്തിലാകെയുള്ള മൂലധനനിക്ഷേപം 30,000 കോടി ലിറയോളം വരും. വിദ്യുച്ഛക്തി, ലോഹഖനികൾ, ഗതാഗതം, ടെക്സ്റ്റൈൽസ്, ഭൂസ്വത്തുക്കൾ, ഇൻഷുറൻസ് കമ്പനികൾ—എല്ലാറ്റിലും അദ്ദേഹത്തിന്റെ മൂലധനമുണ്ട്. 40 കത്തോലിക്കാ ബാങ്കുകളും നൂറോളം മറ്റു ബാങ്കുകളും അദ്ദേഹത്തിന്റെ നിയന്ത്രണത്തിലാണ്. ഇറ്റലിയിൽ മാത്രം 38,000 കോടി ലിറ വിലപിടിച്ച സ്ഥാവരസ്വത്തുക്കളും വത്തിക്കാനുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഒരു ഭരണകൂടത്തിന്റെ തന്നെ അധിപനാണദ്ദേഹം.

ഇങ്ങനെയാണ് മാർപാപ്പ തിരുമേനി ആത്മീയകാര്യങ്ങളെ കാത്തുരക്ഷിക്കുന്നത്!

മാർപാപ്പ മാത്രമല്ല, കത്തോലിക്കാപ്പള്ളിയുടെ മറ്റു നേതാക്കന്മാരും ഏതാണ്ടിതേ മാതൃകയാണു പിന്തുടരുന്നത്. ഇംഗ്ലണ്ടിൽ ഒട്ടാകെയുള്ള നിലത്തിന്റെ മൂന്നിലൊരുഭാഗം ബിഷപ്പുമാരുടെ സ്വകാര്യസ്വത്താണ്. തിരുവിതാംകൂറിൽ ഭൂസ്വത്തുക്കളുടെ ഗണ്യമായ ഒരു ഭാഗം കത്തോലിക്കാ പുരോഹിതമേധാവികളുടെ കയ്യിലാണ്. ഈ വമ്പിച്ച സ്വത്തുക്കളത്രയും കയ്യടക്കിവെച്ചുകൊണ്ടാണ് അവർ കമ്യൂണിസ്റ്റുകാരുടെ 'ഭൗതികവാദ'ത്തെ എതിർക്കുന്നത്! ലക്ഷക്കണക്കിലുള്ള കൃഷിക്കാരുടെയും തൊഴിലാളികളുടെയും അധ്വാനഫലം കവർന്നെടുത്ത് എല്ലാ തരത്തിലുമുള്ള സുഖഭോഗങ്ങളിൽ കിടന്നു കൂത്താടിക്കൊണ്ടാണ് അവർ കമ്യൂണിസ്റ്റ് വിരോധം പ്രസംഗിക്കുന്നത്. നാവിൽ യേശുക്രിസ്തുവിനെയും ഹൃദയത്തിൽ യൂദാസിനെയും പേറിക്കൊണ്ട് അവർ പട്ടണങ്ങൾ തോറും നടന്നു പ്രസംഗിക്കുന്നു, തെരുവുതോറും നടന്ന് മുക്രയിടുന്നു, കമ്യൂണിസ്റ്റുകാർ ക്രിസ്തുവിന്റെ ശത്രുവാണെന്ന്! പാട്ടം കുറച്ചുകിട്ടാൻ വേണ്ടിയും ഒഴിപ്പിക്കലിനെതിരായും കൃഷിക്കാർ നടത്തുന്ന പ്രക്ഷോഭങ്ങൾ, കൂലികൂട്ടിക്കിട്ടാൻ വേണ്ടിയും പിരിച്ചുവിടലിനെതിരായും തൊഴിലാളികൾ നടത്തുന്ന സമരങ്ങൾ, ഫീസ് വർദ്ധനവിനെതിരായി വിദ്യാർത്ഥികളും ശമ്പളവർദ്ധനവിനുവേണ്ടി ഇടത്തരക്കാരായ ഉദ്യോഗസ്ഥന്മാരും നടത്തുന്ന പ്രക്ഷോഭങ്ങൾ—എല്ലാം ദൈവത്തിനെതിരാണെന്ന്!

ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പ്രത്യക്ഷപ്പെട്ട ജനാധിപത്യശക്തികളുടെ മുന്നേറ്റം കണ്ടു ബേജാറായ ഒരു പിടി പിന്തിരിപ്പന്മാർ 'കമ്യൂണിസ്റ്റ് വിരുദ്ധമുന്നണി' എന്നൊരു സംഘടനയുണ്ടാക്കിയിട്ടുണ്ട്. മതത്തിന്റെയും ആത്മീയതയുടെയും പേരിൽ അവർ ഗ്രാമങ്ങൾ തോറും നടന്ന് കോൺഗ്രസിന്റെ ആക്രമണങ്ങളെ ന്യായീകരിക്കുകയും ആ അക്രമങ്ങൾക്കെതിരായി ജനങ്ങളെ സംഘടിപ്പിക്കുന്ന കമ്യൂണിസ്റ്റുകാരെ ആക്ഷേപിക്കുകയും ചെയ്യുന്നു.

'കമ്യൂണിസ്റ്റ് വിരുദ്ധമുന്നണി'യുടെ നേതാക്കന്മാരിലൊരാൾ വടക്കൻ അച്ചൻ എന്നൊരു പുരോഹിതനാണ്. ശ്രീ. വടക്കൻ അച്ചനോട് ഞാനൊരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുന്നു.

ചോദ്യമിതാണ്:

> 'ഒരു ധനികന് സ്വർഗ്ഗത്തിലേക്ക് പോകാൻ കഴിയുന്നതിനേക്കാൾ എളുപ്പം ഒരൊട്ടകത്തിന് ഒരു സൂചിത്തുളയിലൂടെ കടക്കാനാണ്' എന്നാണല്ലോ യേശുക്രിസ്തു പ്രഖ്യാപിച്ചത്. യേശുക്രിസ്തുവിന്റെ ഈ പ്രഖ്യാപനം ശരിയാണെങ്കിൽ നിങ്ങളും നിങ്ങളുടെ യജമാനന്മാരായ വൻകിട സ്വത്തുടമകളും മരണത്തിനുശേഷം എങ്ങോട്ടാണ് പോവുക?

# 21

എന്നാൽ, എല്ലാ പുരോഹിതന്മാരും യൂദാസിന്റെ അനുയായികളല്ല. ഫ്യൂഡലിസവും മുതലാളിത്തവും അസാന്മാർഗികമാണെന്നും സ്വത്തുടമവ്യവസ്ഥയും വർഗവ്യത്യാസങ്ങളും യേശുക്രിസ്തുവിന്റെ സിദ്ധാന്തങ്ങൾക്കെതിരാണെന്നും പ്രചാരവേല ചെയ്തുകൊണ്ട് മർദ്ദിതരുടെ ഭാഗത്തുനിന്നു പോരാടിയ അനേകം പുരോഹിതന്മാരും മറ്റു ക്രിസ്തുമതാനുയായികളും ചരിത്രത്തിലുണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് 'ഞങ്ങൾ യേശുക്രിസ്തുവെപ്പോലെയുള്ളവരാണ്, എന്നിട്ടും ഞങ്ങൾ മൃഗങ്ങളെപ്പോലെ മർദ്ദിക്കപ്പെടുന്നു!' ഇതായിരുന്നു 1381-ൽ ഇംഗ്ലണ്ടിലെ നിലമുടമകൾക്കെതിരായി പോരാടിയ കൃഷിക്കാരുടെ മുദ്രാവാക്യം. ഗ്രാത്തിയൻ എന്ന പുരോഹിതൻ സ്വകാര്യസ്വത്തുടമയ്ക്കെതിരായി കരിശോങ്ങി: 'ഭൂമിയിലുള്ള എല്ലാ സ്വത്തുക്കളും പൊതുസ്വത്തുക്കളാവണം'. 'ലെവലർ'മാരുടെയും 'ഡിഗ്ഗർ'മാരുടെയും ബഹുജന പ്രസ്ഥാനങ്ങൾക്കും യേശുക്രിസ്തുവിൽ നിന്നാണ് ആവേശം ലഭിച്ചത്. അവരുടെ നേതാവായ വിൻസ്റ്റലി എന്ന പുരോഹിതൻ പ്രഖ്യാപിച്ചു:

> 'സൂത്രക്കാരായ പള്ളിയുടമകൾക്കറിയാം. തങ്ങളുടെ ദിവ്യ പ്രമാണങ്ങളെക്കൊണ്ട് ജനങ്ങളെ മയക്കി അവരുടെ ശ്രദ്ധയെ സ്വർഗ്ഗത്തിലെ സ്വത്തുക്കളുടെയും മരണാനന്തരമുള്ള ശ്രേയസ്സിന്റെയും നേർക്ക് തിരിച്ചുവിട്ടാൽ തങ്ങൾക്ക് എളുപ്പത്തിൽ ഭൂമിയുടെ സ്വത്തുക്കളെല്ലാമെടുത്തുപയോഗിക്കാനും ജനങ്ങളെ തങ്ങളുടെ അടിമകളാക്കാനും കഴിയുമെന്ന്'.

ബൈബിൾ കയ്യിൽ പിടിച്ചുകൊണ്ടാണ് ലൂതറും മൻസറും ഫ്യൂഡലിസത്തിനും പള്ളിമേധാവിത്വത്തിനുമെതിരായി പടവെട്ടിയത്. എന്നാൽ മഹത്തായ ഈ ബഹുജനപ്രസ്ഥാനങ്ങളെല്ലാം മൃഗീയമായി അടിച്ചമർത്താൻ ഭരണാധികാരികൾക്ക് ഒറ്റുനിൽക്കുകയാണ് മാർപ്പാപ്പയും മറ്റു പള്ളിമേധാവികളും ചെയ്തത്.

ഈയിടെത്തന്നെ, ക്യൂബെക്കിലെ 'ല്ദ്വ്വാർ' എന്ന കത്തോലിക്കാ പത്രത്തിൽ, അതിന്റെ 1949 സെപ്റ്റംബർ 6-ാമത്തെ ലക്കത്തിൽ, ഷെർബ്രൂക്കിലെ ബിഷപ്പ് ഇങ്ങനെ എഴുതുകയുണ്ടായി:

> 'മുതലാളിത്തമാണ് നമ്മുടെ എല്ലാ കഷ്ടപ്പാടുകൾക്കും കാരണം. നമ്മൾ അതിനെതിരായി പ്രവർത്തിക്കണം. അതിനെ ഭേദപ്പെടുത്താൻ വേണ്ടിയല്ല—കാരണം അതിനെ ഭേദപ്പെടുത്തുക സാധ്യമല്ല—അതിനെ ശരിയാക്കാൻവേണ്ടിയല്ല—കാരണം, അതിനെ ശരിപ്പെടുത്താനാവില്ല—പിന്നെയോ, അതിനെ നശിപ്പിച്ചും അതിന്റെ സ്ഥാനത്ത് മറ്റൊരു വ്യവസ്ഥയുണ്ടാക്കാൻ വേണ്ടിയാണ് നമ്മൾ പ്രവർത്തിക്കേണ്ടത്'.

പല പ്രൊട്ടസ്റ്റാൻറ് പുരോഹിതന്മാരും ഏതാണ്ടിതേ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, കാൻറർബറിയിലെ ഡീൻ, ഡോക്ടർ ഹ്യൂലെറ്റ് ജോൺസൺ, എഴുതുന്നു:

> 'നീതി, സ്വാതന്ത്ര്യം, സൃഷ്ടിപരവും സമൃദ്ധവുമായ ജീവിതം, എപ്പോഴും വികസിച്ചുകൊണ്ടിരിക്കുന്ന ആത്മീയത എന്നീ നാലു ക്രിസ്തീയാദർശങ്ങൾ നിറവേറ്റുക മുതലാളിത്തവ്യവസ്ഥയിൽ അസാധ്യമാണ്... മനുഷ്യർ സഹോദരന്മാരാണെന്നുള്ള സിദ്ധാന്തം സ്വർഗ്ഗത്തിൽ മാത്രമല്ല, ഭൂമിയിലും നിറവേറ്റപ്പെടേണ്ടതാണെന്ന് യേശുവിനു നിർബന്ധമായിരുന്നു. മനുഷ്യസഹോദര്യം കൈവരുത്തുവാൻ സഹായിച്ച എല്ലാ സാഹചര്യങ്ങളേയും പരിപാടികളേയും അദ്ദേഹം സ്വാഗതം ചെയ്തു. ധനവാന്മാരെയും വിദ്യാഭ്യാസമുള്ളവരേയും പരിഷ്കൃതന്മാരെയും അപേക്ഷിച്ച് സാധാര

> ണക്കാരായ ആളുകൾ യേശുവിന്റെ ദർശനത്തോട് കൂടുതൽ അടുത്തവരാണെന്ന് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു'.

'ഓരോരുത്തനിൽ നിന്നും അവനവന്റെ പ്രാപ്തി അനുസരിച്ച്, ഓരോരുത്തർക്കും അവനവന്റെ ആവശ്യമനുസരിച്ച്, എന്ന ക്രിസ്തീയപ്രമാണത്തിനുവേണ്ടി സജീവമായി പ്രവർത്തിക്കുകയും കഷ്ടം സഹിക്കുകയും ചെയ്യുന്ന കമ്യൂണിസ്റ്റ്കാർക്ക് അവരർഹിക്കുന്ന ആദരവും സഹകരണവും' നൽകണമെന്നാണ് കാൻറർബറിയിലെ ഡീൻ ആഹ്വാനം ചെയ്യുന്നത്.

## 22

ഡൈസൻ കാർട്ടറും പത്നിയുംകൂടി എഴുതിയ 'ഞങ്ങൾ സോഷ്യലിസം കണ്ടു' എന്ന പുസ്തകത്തിൽ ഇംഗ്ലണ്ടിലെ റെവറണ്ട് വാട്സ്സും സോവിയറ്റ് യൂണിയനിലെ മെട്രോപോളിട്ടൻ നിക്കോളായിയും തമ്മിൽ നടന്ന സംഭാഷണത്തിന്റെ റിപ്പോർട്ട് ഉദ്ധരിച്ചുചേർത്തിട്ടുണ്ട്.

ബ്രിട്ടീഷ് പുരോഹിതൻ ചോദിച്ചു:

> സാറിസ്റ്റ് ഭരണത്തെ അപേക്ഷിച്ച് സോവിയറ്റ് ഭരണത്തിൻകീഴിൽ ക്രിസ്ത്യൻ ജീവിതം നയിക്കാൻ കൂടുതൽ എളുപ്പമോ കൂടുതൽ പ്രയാസമോ?

സോവിയറ്റ് ഓർത്തഡോക്സ് ചർച്ചിന്റെ നേതാവ് മറുപടി പറഞ്ഞു:

> 'തീർച്ചയായും ഇന്നത്തെ ഭരണത്തിൻകീഴിലാണ് കൂടുതൽ എളുപ്പം. എന്തെന്നാൽ, ക്രിസ്തുമതത്തിനും കമ്യൂണിസത്തിനു പൊതുവിലുള്ള പലതുമുണ്ട്. ഞങ്ങൾ രണ്ടു കൂട്ടരും വർഗവ്യത്യാസമില്ലാത്ത മനുഷ്യന്റെ സൗഭ്രാത്രത്തിൽ വിശ്വസിക്കുന്നു. ഞങ്ങൾ രണ്ടുകൂട്ടരും സമാധാനത്തിൽ വിശ്വസിക്കുന്നു. ഞങ്ങളുടെ ഇന്നത്തെ ജീവിതരീതി കൊണ്ട് പാപത്തിന്റെ അനാവശ്യമായ പല പ്രേരണകളും നീക്കം ചെയ്യപ്പെട്ടിരിക്കുന്നു'.

എന്താണ് സോവിയറ്റ് യൂണിയനിലുണ്ടായ മാറ്റം? വേദപുസ്തകത്തിലെ ലൂക്കോസ് പറയുന്ന ഈ നാലുകാര്യങ്ങൾ:

- പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽ നിന്നിറക്കി;
- താണവരെ ഉയർത്തി;
- വിശന്നിരിക്കുന്നവരെ നന്മകളാൽ നിറച്ചു;
- സമ്പന്നന്മാരെ വെറും കയ്യോടെ അയച്ചുകളഞ്ഞു'.

(ലൂക്കോസ് 52, 53)

യേശുക്രിസ്തു മർദ്ദിതരെ മോചിപ്പിക്കാൻവേണ്ടി മർദ്ദകവർഗക്കാർക്കെതിരായി പ്രവർത്തിച്ചു. പക്ഷേ, അന്നത്തെ പരിതഃസ്ഥിതിയിൽ മർദ്ദിതവർഗ്ഗക്കാരുടെ മോചനം സാധ്യമായിരുന്നില്ല. സാമ്രാജ്യത്വകാലഘട്ടത്തിൽ, മുതലാളിത്തം അതിന്റെ അവസാനദശയിലെത്തിയപ്പോൾ, മാത്രമാണ് അതിനാവശ്യമായ ഭൗതികസാഹചര്യങ്ങളുളവായത്. ഈ ഘട്ടത്തിലാണ് ലെനിന്റെയും സ്റ്റാലിന്റെയും

നേതൃത്വത്തിൽ—മാർക്സിസത്തിൽ അടിയുറച്ച ബോൾഷെവിക്ക് പാർട്ടിയുടെ നേതൃത്വത്തിൽ റഷ്യൻ വിപ്ലവം വിജയിച്ചത്. റഷ്യൻ വിപ്ലവം പ്രഭുക്കന്മാരെ എന്നെന്നേക്കുമായി സിംഹാസനങ്ങളിൽ നിന്നാട്ടിപ്പായിച്ചു. ജന്മിയും മുതലാളിയുമില്ലാത്ത, മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത ഒരു സാമൂഹ്യ വ്യവസ്ഥിതിക്കടിത്തറയിട്ടു.

ഇന്ന് സോവിയറ്റ് യൂണിയൻ വർഗരഹിതമായ കമ്യൂണിസത്തിലേക്ക് യഥാർത്ഥമായ സ്നേഹത്തിന്റെയും സൗഭ്രാത്രത്തിന്റെയും ഘട്ടത്തിലേക്ക്, വിജയപൂർവ്വം മാർച്ചുചെയ്തുകൊണ്ടിരിക്കുകയാണ്.

അതുകൊണ്ടാണ്, നിരീശ്വരവാദിയായ സഖാവ് സ്റ്റാലിന്റെ നേതൃത്വത്തിൽ അഭിവൃദ്ധിയിൽ നിന്ന് അഭിവൃദ്ധിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന സോവിയറ്റ് യൂണിയനെപ്പറ്റി ഈശ്വരവിശ്വാസിയും യേശുവിന്റെ യഥാർത്ഥ ശിഷ്യനുമായ കാൻറർബറിലെ ഡീൻ ഇങ്ങനെ രേഖപ്പെടുത്തിയത്.

'അപ്രമേയമായ പ്രഭാവത്തോടുകൂടി മനുഷ്യാത്മാവ് ദൈവത്തിന്റെ നല്ല മാർഗ്ഗങ്ങളിൽക്കൂടി പുരോഗമിക്കുന്നത് സോവിയറ്റ് യൂണിയനിൽ ഞാൻ കണ്ടു'.

അതുകൊണ്ടാണ് ലോകത്തിലുള്ള എല്ലാ നല്ല ക്രിസ്ത്യാനികളും സോവിയറ്റ് യൂണിയനെ സ്നേഹിക്കുന്നത്.

അതുകൊണ്ടുതന്നെയാണ്, സ്വത്തുടമയേയും വർഗവ്യത്യാസങ്ങളേയും എന്നെന്നും നിലനിർത്താനാഗ്രഹിക്കുന്ന യൂദാസിന്റെ അനുയായികൾ സോവിയറ്റ് യൂണിയനെപ്പറ്റി തെറിപ്പാട്ടുകളും പുലയാട്ടുകളും പാടുന്നത്.

പക്ഷേ; ചരിത്രം യേശുക്രിസ്തുവിന്റെ ഭാഗത്താണ്, വത്തിക്കാൻ മുതൽ വടക്കൻ അച്ചൻവരെയുള്ളവരുടെ ഭാഗത്തല്ല. മർദ്ദകവർഗക്കാരുടെയും അവരെ പിന്താങ്ങുന്ന യൂദാസ്സുകളുടെയും ഭാവിയെന്തായിരിക്കുമെന്ന് 18 നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ പ്രവചിക്കപ്പെട്ടിട്ടുണ്ട്. ഇക്കൂട്ടരെ ചൂണ്ടിക്കൊണ്ടാണ് ക്രിസ്തുവിന്റെ ശിഷ്യന്മാർ പ്രഖ്യാപിച്ചത്:

> 'നിങ്ങൾ തീകൊണ്ടു നശിപ്പിക്കപ്പെടുന്ന ദിവസം വിദൂരമല്ല. നിങ്ങളുടെ അരമനകൾ വെണ്ണീറിൽ കുഴിച്ചിടപ്പെടും!'.

## 10

# മാർക്സിസവും ആധുനികശാസ്ത്രവും

സൂര്യനെ നിഷേധിയ്ക്കുന്ന ചില ആളുകളുണ്ട്. അവരുടെ പേർ കുരുടന്മാർ എന്നാണ്.

മാർക്സിസത്തെ നിഷേധിക്കുന്ന ചില ആളുകളുണ്ട്. അവരുടെ പേർ പ്രേതങ്ങൾ എന്നാണ്.

പ്രേതങ്ങൾ ചിലപ്പോൾ ഭാവിയുടെ മുഖമൂടിയണിഞ്ഞുകൊണ്ട് പ്രവചനങ്ങൾ നടത്തും. മാർക്സിസത്തെ എതിർക്കുന്നവർ ചിലപ്പോൾ ശാസ്ത്രീയ സിദ്ധാന്തങ്ങളെ പൊക്കിപ്പിടിച്ചുകൊണ്ട് നൃത്തംവെയ്ക്കും. മാർക്സിസത്തിന്റെ ശക്തി വളരുംതോറും അവർ കൂടുതൽ കൂടുതൽ ഉച്ചത്തിൽ നിലവിളിക്കുന്നു. മാർക്സിസം പഴഞ്ചനാണ്.

കേരളത്തിൽ അങ്ങിനെയൊരാളുണ്ട്. പി. കേശവദേവ്.

'മലയാളരാജ്യ'ത്തിന്റെ ഒരു വിശേഷാൽപ്രതിയിൽ,

> "മാർക്സിന്റേയും ഏംഗൽസിൻറേയും നിഗമനങ്ങൾ—വിപ്ലവത്തെപ്പറ്റിയും രാഷ്ട്രീയ മാറ്റങ്ങളെപ്പറ്റിയുമുള്ള പ്രവചനങ്ങൾ—പൊളിഞ്ഞു പാളീസായിരിക്കുന്നു"വെന്നും ഇന്നത്തെ വർദ്ധിച്ച വിജ്ഞാനത്തിൻറേയും ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടേയും വെളിച്ചത്തിൽ മാർക്സിസം പുരോഗമനപരമായ ഒരു തത്വസംഹിതയാണെന്നു പറയാൻ സാധ്യമല്ലെന്നു മാത്രമല്ല, അശാസ്ത്രീയവും പിന്തിരിപ്പനുമായ ഒരു വെറും ഡോഗ്മയാണെന്നു പറയുവാൻകൂടി മടിക്കേണ്ടതില്ലെന്നു തെളിയുന്നു" എന്ന് അദ്ദേഹം പ്രഖ്യാപിച്ചിരിയ്ക്കുന്നു.

കേശവദേവിന്റെ ധൈര്യം അപാരമാണ്! ഭാവിയെ മാത്രമല്ല വർത്തമാനകാലത്തെപ്പോലും ഒരു പേനത്തുമ്പുകൊണ്ടു നാമാവശേഷമാക്കാൻ അദ്ദേഹത്തിന് യാതൊരു ക്ലേശവുമില്ല.

മാർക്സിസം ലോകത്തിന്റെ മനസ്സാക്ഷിയെപിടിച്ചുകലുക്കാൻ തുടങ്ങിയിട്ട് ഒരു നൂറ്റാണ്ടേ ആയിട്ടുള്ളു എങ്കിലും, ഈ ചുരുങ്ങിയ കാലത്തിനിടയ്ക്ക് അത് ലോകത്തിന്റെ മൂന്നിലൊരുഭാഗത്ത് ചെങ്കോലുറപ്പിച്ചുകഴിഞ്ഞു. മറ്റുഭാഗങ്ങളിൽത്തന്നെ ദിവസം ചെല്ലുംതോറും കൂടുതൽ കൂടുതൽ ജനങ്ങൾ മാർക്സിസത്തിലേയ്ക്കാകർഷിയ്ക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. മാർക്സിസം അജയ്യമാണെന്ന യാഥാർത്ഥ്യം അധികമധികം പരന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. ആർക്കും നിഷേധിക്കാനാവാത്ത ഒരു ജീവനുള്ള യാഥാർത്ഥ്യമാണിത്. പക്ഷേ, കേശവദേവിന്റെ ദൃഷ്ടിയിൽ യാഥാർത്ഥ്യം നിലനിൽക്കുന്നില്ല. അതു പൊളിഞ്ഞു പാളീസ്സായിരിക്കുന്നു. അത് വെറും മായയാണ്. കമ്യൂണിസത്തിലേക്കു കുതിച്ചുകൊണ്ടിരിക്കുന്ന സോവിയറ്റു യൂണിയനും സോ

ഷ്യലിസം കെട്ടിപ്പടുത്തുകൊണ്ടിരിക്കുന്ന ജനകീയ ജനാധിപത്യരാജ്യങ്ങളും ജനാധിപത്യചൈനയും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും അതിവേഗം പരന്നുപിടിച്ചു കൊണ്ടിരിക്കുന്ന മാർക്സിസ്റ്റാശയങ്ങളും എല്ലാം മിഥ്യയാണ്.

## 1 മാർക്സിസത്തിന്റെ നേരെ

മാർക്സിസ്റ്റാചാര്യന്മാരുടെ നിർവചനമനുസരിച്ച് "മാർക്സിസം പ്രകൃതിയുടേയും സമുദായത്തിൻറേയും വികാസ നിയമങ്ങളുടെയും ശാസ്ത്ര"മാണല്ലോ. പ്രകൃതിയുടെ പ്രത്യക്ഷരൂപങ്ങളുടെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കാനും അവയെക്കുറിച്ചുള്ള തത്വങ്ങൾ രൂപവൽക്കരിക്കാനും അവയുടെ ഭൗതികത്വമാണ് അടിസ്ഥാനമായെടുക്കപ്പെടുന്നത്. മറ്റൊരുവിധം പറഞ്ഞാൽ, ഭൗതികപ്രപഞ്ചത്തിന്റെ അടിത്തറയിന്മേലാണ് മാർക്സിസത്തിന്റെ മണിമാളിക പൊന്തിവന്നിട്ടുള്ളത്. അടിത്തറ തകർന്നാൽ മണിമാളികയും തകർന്നു. ഭൗതികപ്രപഞ്ചം തന്നെ മിഥ്യയാണെങ്കിൽപ്പിന്നെ മാർക്സിസം പൊളിഞ്ഞു പാളീസ്സാകാതിരിയ്ക്കുമോ? അതുകൊണ്ട്, ഭൗതികപ്രപഞ്ചവും അതിലടങ്ങിയ ഓരോ പരമാണുവും അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നുവെന്ന "ആധുനികശാസ്ത്ര"ത്തിന്റെ കണ്ടുപിടുത്തങ്ങളുമുയർത്തിപ്പിടിച്ചുകൊണ്ടാണ് കേശവദേവ് മാർക്സിസത്തിന്റെ നേർക്കു യുദ്ധത്തിനു ചെല്ലുന്നത്. അദ്ദേഹം എഴുതുന്നു.

"ശാസ്ത്രത്തിൻറേയും പൊതുവെ വിജ്ഞാനത്തിൻറേയും വർദ്ധനവോടുകൂടി അഥവാ, മനുഷ്യവിജ്ഞാനത്തിന്റെ സങ്കുചിതമായ പരിധിയെപ്പറ്റിയുള്ള അറിവ് ഉണ്ടായതോടുകൂടി—മാർക്സിസ്റ്റ് പലകയിൽ പുഴക്കുത്തുവീണു കഴിഞ്ഞു. അതു ദ്രവിച്ചുതുടങ്ങിയിരിയ്ക്കുന്നു".

ഒരു ശാസ്ത്രജ്ഞന്റെ ഭാഷയിലാണ് അദ്ദേഹം സംസാരിക്കുന്നത്. "ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രവും ചരിത്രവും മാർക്സിന്റെ തീരുമാനങ്ങളേയും നിഗമനങ്ങളേയും അവഗണിച്ചുകൊണ്ടാണ് മുന്നോട്ടുപോയത്". എന്നദ്ദേഹം പ്രഖ്യാപിക്കുന്നു. ഭൗതികശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങളിൽനിന്ന് അദ്ദേഹം തെളിവുകൾ ഹാജരാക്കുന്നു.

"ആറ്റമിന്റെ ഘടനയെപ്പറ്റിയും അതിനെ വിഘടിപ്പിക്കുന്നതിലുള്ള പ്രയാസങ്ങളെപ്പറ്റിയുമുള്ള കണ്ടുപിടുത്തങ്ങൾ ലോകഘടനയെ സംബന്ധിച്ച ധാരണയിൽതന്നെയും വമ്പിച്ച മാറ്റമുണ്ടാക്കിയിരിക്കുന്നു. വിഭിന്നങ്ങളായ മൂന്നുതരം അണുക്കളുടെ ഘടനയാണു ഒരു ആറ്റം എന്നു തെളിയിച്ചിട്ടുണ്ട്. അവ വിരുദ്ധസ്വഭാവങ്ങളോടുകൂടിയവയാണെങ്കിലും അവ സംഘടിതമായിരിയ്ക്കുന്നു എന്നും അവയുടെ വിഘടനം ആപൽക്കരങ്ങളായ ഫലങ്ങളെ ഉളവാക്കുമെന്നുമാണ് സോദാഹരണം ശാസ്ത്രകാരന്മാർ തെളിയിക്കുന്നത്". അതുകൊണ്ട് മാർക്സിസം പൊളിഞ്ഞു പാളീസ്സായിരിയ്ക്കുന്നു.

## 2 എല്ലാം മായ

ഇരുപതാം നൂറ്റാണ്ടിലെ പ്രബലന്മാരും പ്രഗത്ഭമതികളുമായ ചില ശാസ്ത്രജ്ഞന്മാരുടെ തണലിൽ നിന്നുകൊണ്ടാണ് കേശവദേവ് സംസാരിക്കുന്നത്. ജീൻസു, യെഡിങ്ങ് ടൻ, വൈറ്റ് ഹെഡ്, പ്ലാങ്ക്, ബർട്രാൻഡ് റസ്സൽ, കെ. ഭാസ്കരൻനായർ എന്നിങ്ങിനെ പല ശാസ്ത്രജ്ഞന്മാരും അദ്ദേഹത്തെ സഹായിക്കുന്നുണ്ട്. നമ്മുടെ കൺമുമ്പിലുള്ള ലോകം യഥാർത്ഥമല്ലെന്നും മനസ്സിനു പുറത്തു യാതൊരു യാഥാർത്ഥ്യവുമില്ലെന്നും ഭൗതീകപ്രപഞ്ചം മനസ്സിന്റെ സങ്കല്പമല്ലാതെ മറ്റൊന്നുമല്ലെന്നും

അവർ 'തെളിയിച്ച' കഴിഞ്ഞിരിക്കുന്നു. ഉദാഹരണത്തിന്ന്, സർ ജെയിംസ്ജീൻസ് പറയുന്നു:

> "പ്രപഞ്ചം മഹത്തായ ഒരു ചിന്തയായി അധികമധികം പ്രത്യക്ഷപ്പെടാൻ തുടങ്ങിയിരിക്കുന്നു"

വൈറ്റ് ഹെഡ് പറയുന്നു:

> "പ്രകൃതി മുഷിപ്പനാണ്, അതിന്നു ശബ്ദമില്ല, മണമില്ല, നിറമില്ല"

എഡിങ്ങ്ടൻ പറയുന്നു:

> "ഈ കാണുന്നതൊന്നുമല്ല പരമാർത്ഥം. ഒരു ശാസ്ത്രജ്ഞനെന്ന നിലയിൽ എന്റെ മുമ്പിൽ കാണുന്ന മേശ നീണ്ടു ചതുരമായ ഒരു ഘനപദാർത്ഥമല്ലെന്ന് എനിയ്ക്കു പറയേണ്ടിവന്നിരിയ്ക്കുന്നു. അതു അമേയവേഗത്തിൽ അങ്ങോട്ടുമിങ്ങോട്ടും കുതിച്ചുചാടുന്ന അനേകകോടി വിദ്യുൽകണങ്ങളുടെ സംഘാതമാണെന്നാണു ശാസ്ത്രം തെളിയിച്ചിരിക്കുന്നത്".

ഈ അത്ഭുതകരമായ കണ്ടുപിടുത്തത്തെ വ്യാഖ്യാനിച്ചുകൊണ്ടു നമ്മുടെ കെ. ഭാസ്കരൻനായർ എഴുതുകയാണ്:

> "കരിങ്കല്ലിന്റെ പരമാർത്ഥമറിയുവാൻ അതിന്മേൽ തലയടിയ്ക്കുന്ന ദയനീയ പരീക്ഷണം ഈ ഘട്ടത്തിൽ സ്മരണീയമാണ്. പക്ഷേ, ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രപ്രകാരം നാം ആഞ്ഞടിച്ചാലും കരിങ്കല്ലുമായി കൂട്ടിമുട്ടുകയില്ല. അങ്ങിനെയിരിയ്ക്കേ സ്പർശേന്ദ്രിയത്തെ ഒരിയ്ക്കലും വിശ്വസിക്കാൻ നിവൃത്തിയില്ല. നമുക്കു ഒരു മേശ കാണുന്നതിന്, പ്രകാശം അതിൽ നിന്നു നമ്മുടെ കണ്ണുകളിൽ എത്തേണ്ടിയിരിക്കുന്നു. പ്രകാശത്തിന്റെ ഈ സഞ്ചാരത്തിനു സമയം ആവശ്യമുണ്ട്. ആ നിമിഷാംശത്തിന്റെ അവസാനത്തിലാണു നമുക്കു മേശയെപ്പറ്റിയുള്ള കാഴ്ചയുണ്ടാകുന്നത്. ആ സ്ഥിതിയ്ക്കു നാം കാണുന്ന മേശ നമ്മുടെ തലയ്ക്കുള്ളിലല്ലേ ഇരിക്കുന്നതെന്നു ബർട്രാൻഡു റസ്സൽ ചോദിയ്ക്കുന്നു. നമുക്കു എന്തിനെപ്പറ്റിയുള്ള ബോധവും ഇതുപോലെയുള്ളതാണു. മേശയും മേഘവുമെല്ലാം വിദൂരമായ അനുമാനങ്ങളാകുന്നു. മനസ്സിനു തന്നെപ്പറ്റിത്തന്നെയുള്ളബോധത്തിനു മാത്രമേ ഈ വൈകല്യങ്ങൾ ഇല്ലാതെയുള്ളു. അതു സത്വരവും സകലാൽപൂർവ്വവുമായ അറിവാണു. മറ്റുള്ളതെല്ലാം അതിനെ ആശ്രയിച്ചു നിൽക്കുന്നു". (ആധുനികശാസ്ത്രം, പേജ് 3, 4)

ഇങ്ങിനെ പറഞ്ഞുപറഞ്ഞു ഒടുവിൽ ഭൗതികപ്രപഞ്ചം വാസ്തവത്തിൽ നിലനില്ക്കുന്നില്ലെന്നും സങ്കല്പങ്ങളും സംഭാവ്യതകളും മാത്രമേ യഥാർത്ഥമായിട്ടുള്ളു എന്നുമുള്ള കണ്ടുപിടുത്തത്തിലാണു അദ്ദേഹം എത്തിച്ചേരുന്നത്:

> "ഇങ്ങിനെ ഭൗതികശാസ്ത്രത്തിന്റെ ഏറ്റവും നവീനമായ ഗവേഷണങ്ങളിൽ കരിങ്കല്ലും കാരിരുമ്പും എല്ലാം തരംഗങ്ങളായി അലിഞ്ഞു പോകുന്നു. ഈ തരംഗങ്ങളോ? സംഭവ്യതകളുടെ പരസ്പരബന്ധം മാത്രം!"

വളരെ സൂക്ഷിച്ചുവേണം ഈ ശാസ്ത്രജ്ഞന്മാരോടു പെരുമാറുക. നമ്മളവരെ എന്തെങ്കിലും ചെയ്താൽക്കൂടി അവർക്കൊരു ചുക്കുമില്ല. എഴുതാനുപയോഗിക്കുന്ന മേശ അവരുടെ തലയ്ക്കുള്ളിലാണിരിയ്ക്കുന്നതെന്നും കരിങ്കല്ലുകൊണ്ട് എത്ര ആഞ്ഞടിച്ചാലും അവരുടെ തല പൊട്ടില്ലെന്നുമല്ലേ പറയുന്നത്? അണു, പരമാണു മുതലായവ യഥാർത്ഥത്തിൽ ഭൗതികവസ്തുക്കളല്ലെന്നും സങ്കല്പങ്ങളുടെ സൃഷ്ടി മാത്രമാണവയെന്നുമല്ലേ അവർ തെളിയിയ്ക്കുന്നത്?

തെറ്റിദ്ധാരണകൾക്കിടമില്ലാതിരിയ്ക്കാൻ വേണ്ടി ഒരു കാര്യം ഇവിടെത്തന്നെ പറഞ്ഞുവെയ്ക്കട്ടെ. ആധുനിക ശാസ്ത്രം എന്നോ ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രം എന്നോ മൊത്തത്തിൽ പറയുന്നതു ശരിയാവില്ല. എന്തുകൊണ്ടെന്നാൽ, ഭൗതികപദാർത്ഥം അന്തർദ്ധാനം ചെയ്തുവെന്നും മനസ്സും ചിന്തയും മാത്രമേ യഥാർത്ഥത്തിൽ നിലനില്ക്കുന്നുള്ളു എന്നും എല്ലാ ശാസ്ത്രജ്ഞന്മാരും ഏകകണ്ഠമായി അഭിപ്രായപ്പെടുന്നില്ല. ആധുനികശാസ്ത്രജ്ഞന്മാരിൽ ഒരു ചെറുന്യൂനപക്ഷം മാത്രമേ അങ്ങിനെ മർക്കടമുഷ്ടി പിടിയ്ക്കുന്നുള്ളൂ. അവർക്കെതിരായി, ഭൗതികപദാർത്ഥം മനസ്സിൽ നിന്നു സ്വതന്ത്രമായി, വസ്തുനിഷ്ഠമായി, നിലനിൽക്കുന്ന യാഥാർത്ഥ്യമാണെന്നും ഭൗതികപദാർത്ഥമില്ലെങ്കിൽപ്പിന്നെ അതിന്റെ അടിസ്ഥാനത്തിലുയർന്നുവന്ന ശാസ്ത്രവുമില്ലെന്നും ഉറപ്പിച്ചുപറയുന്ന അനേകം ശാസ്ത്രജ്ഞന്മാരുണ്ട്. ഒരു ഭാഗത്ത് ജീൻസും എഡിങ്ങ്ടണും റസ്സലും ഭാസ്കരൻനായരുമാണുള്ളതെങ്കിൽ മറുഭാഗത്ത് ജോലിയോക്യൂരിയും ജെ. ബി. എസ്. ഹാൾഡേനും ബെർണാലും ലെവിയും മിച്ചൂറിനും ലീസങ്കോവും മറ്റും മറ്റുമുണ്ട്.

പക്ഷേ, ഭൗതികശാസ്ത്രത്തിൽനിന്നു ആത്മീയവാദത്തിലേയ്ക്കു മുതലക്കുപ്പുകുത്തുന്ന ജീൻസും എഡിങ്ങ്ടനും മറ്റും ചില്ലറക്കാരൊന്നുമല്ല. വലിയവലിയ ശാസ്ത്രജ്ഞന്മാരാണവർ. കണക്കുകളും കണ്ടുപിടുത്തങ്ങളും തെളിവുകളും നിഗമനങ്ങളും ഉയർത്തിപ്പിടിച്ചുകൊണ്ടാണു അവർ ഭൗതീകപദാർത്ഥം മിത്ഥ്യയാണെന്നു വാദിയ്ക്കുന്നതു്.

## 3 പദാർത്ഥത്തിന്റെ തകർച്ചയോ ശാസ്ത്രത്തിന്റെ വളർച്ചയോ?

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമുണ്ടായ പുതിയ ശാസ്ത്രീയനിഗമനങ്ങളാണത്രേ ആത്മീയവാദത്തിലേക്കു തിരിച്ചുപോകാൻ ശാസ്ത്രജ്ഞന്മാരെ പ്രേരിപ്പിച്ചത്. ഈ കാലഘട്ടത്തിൽ പല പുതിയ കണ്ടുപിടുത്തങ്ങളുമുണ്ടായി എന്നതു നേരാണ്. ഈ കണ്ടുപിടുത്തങ്ങളുടെ ഫലമായി ഭൗതികപദാർത്ഥത്തിന്റെ ഘടനയെപ്പറ്റിയുള്ള മനുഷ്യന്റെ ധാരണകളിലും മാറ്റമുണ്ടായിട്ടുണ്ട്. അതിന്നുമുമ്പ് ഭൗതികപദാർത്ഥത്തിന്റെ ഏറ്റവും സൂക്ഷ്മവും അവിഭാജ്യവുമായ കണികയാണു പരമാണു എന്നു കരുതപ്പെട്ടിരുന്നു. റേഡിയോ ആക്ടിവിറ്റി, ഇലക്ട്രൺസിദ്ധാന്തം മുതലായവയുടെ കണ്ടുപിടുത്തത്തോടുകൂടി ഈ വിശ്വാസത്തിന് ഉടവുതട്ടി. ആറ്റം അവിഭാജ്യമല്ലെന്നും അതിൽ പ്രോട്ടോൺ, ന്യൂട്രോൺ എന്നിങ്ങിനെ രണ്ടുതരം കണികകൾ അടങ്ങിയിട്ടുണ്ടെന്നും തെളിയിക്കപ്പെട്ടു. ഈ കണ്ടുപിടുത്തത്തെ ആത്മീയവാദത്തിലേയ്ക്കുള്ള ചവിട്ടുപടിയായിട്ടാണ് ചില ശാസ്ത്രജ്ഞന്മാർ ഉപയോഗിച്ചത്. ഭൗതികപദാർത്ഥത്തിന്റെ ഘടനയെപ്പറ്റിയുള്ള പഴയ ധാരണകളുടെ തകർച്ചയെ ഭൗതീകപദാർത്ഥത്തിന്റെ തന്നെ തകർച്ചയായിട്ടാണവർ ചിത്രീകരിച്ചത്. ഭൗതീകപദാർത്ഥം അപ്രത്യക്ഷമായി എന്നിവർ കൊട്ടിഘോഷിക്കാൻ തുടങ്ങി. പക്ഷേ, അപ്രത്യക്ഷമായത്, വാസ്തവത്തിൽ ഭൗതികപദാർത്ഥമല്ല, പദാർത്ഥത്തിന്റെ സ്വഭാവഗുണങ്ങളെപ്പറ്റിയുള്ള നമ്മുടെ ധാരണകൾ മാത്രമാണ്. പദാർത്ഥം മനുഷ്യ മനസ്സിൽനിന്ന് സ്വതന്ത്രമായി വസ്തുനിഷ്ഠമായി നിലനിൽക്കുന്ന ഭൗതിക യാഥാർത്ഥ്യമാണെന്ന അടിസ്ഥാനതത്വം തകരുകയല്ല, പദാർത്ഥത്തെപ്പറ്റിയും പരമാണുവിനെപ്പറ്റിയും പഴയ ശാസ്ത്രജ്ഞന്മാർ നൽകിയ നിർവ്വചനങ്ങൾ പലതും തെറ്റാണെന്നു തെളിയുകമാത്രമാണു ചെയ്തത്. ആറ്റമിന്റെ ആഭ്യന്തരഘടനയെ വിശകലനം ചെയ്തുകൊണ്ട് ഭൗതികപ്രപഞ്ചത്തിന്റെ നിഗൂഢതകളിലേയ്ക്കിറങ്ങിച്ചെല്ലാനും അങ്ങിനെ പ്രകൃതിയെ കൂടുതൽ കീഴടക്കാനും മനുഷ്യന് കഴിവുണ്ടാക്കിക്കൊടുത്ത ഈ കണ്ടുപിടുത്തങ്ങൾ വാസ്തവത്തിൽ ശാസ്ത്രത്തിന്റെ വളർച്ചയെയാണ് കാ

ണിക്കുന്നത്. വെള്ളം അവിഭാജ്യമായ ഒരു ഭൗതികപദാർത്ഥമാണെന്നു വിശ്വസിക്കപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. പിന്നീടു ശാസ്ത്രത്തിന്റെ വളർച്ചയോടുകൂടി അത് ഹൈഡ്രജൻ, ഓക്സിജൻ എന്നീ മൂലധാതുക്കളുടെ പരമാണുക്കളടങ്ങിയ ഒരു സംയുക്തമാണെന്നു തെളിയിക്കപ്പെട്ടു. ഇപ്പോൾ വെള്ളത്തെ വിഘടിപ്പിച്ചു ഹൈഡ്രജനും ഓക്സിജനുമാക്കി മാറ്റാം. പക്ഷേ, ഇതിന്റെ അർത്ഥം ഭൗതികപദാർത്ഥം അപ്രത്യക്ഷമായെന്നല്ല, പദാർത്ഥത്തിന്റെ രൂപം മാറിയെന്നുമാത്രമാണ്. ഓക്സിജനും ഹൈഡ്രജനും ഒരു പ്രത്യേകമായതോതിൽ സംയോജിപ്പിച്ചാൽ വീണ്ടും വെള്ളമുണ്ടാവുകയും ചെയ്യും. വെള്ളം മനുഷ്യമനസ്സിൽനിന്നു സ്വതന്ത്രമായി നിലനില്ക്കുന്ന ഒരു ഭൗതീകയാഥാർത്ഥ്യമാണ്. വെള്ളത്തിന്റെ ഘടനയെ വിശകലനം ചെയ്ത ശാസ്ത്രജ്ഞന്റെ മനസ്സും ചിന്തയും ഉണ്ടാകുന്നതിനു ലക്ഷോപലക്ഷം കൊല്ലങ്ങൾക്കു മുമ്പു മുതല്ക്കേ അതു നിലനിന്നുപോന്നിട്ടുമുണ്ട്.

ഇതുതന്നെയാണു എഡിങ്ങ്ടന്റെ മേശയുടേയും ഭാസ്കരൻ നായരുടെ കരിങ്കല്ലിൻറേയും സ്ഥിതി. മേശ "അമേയവേഗത്തിൽ അങ്ങോട്ടുമിങ്ങോട്ടും കുതിച്ചുചാടുന്ന അനേകകോടി വിദ്യുല്ക്കണങ്ങളുടെ സംഘാതമാണെന്നു ശാസ്ത്രം തെളിയിച്ചിരിക്കുന്നു" വളരെ വളരെ ശരി. ആ സംഘാതത്തിന്റെ ഫലമായിട്ടുതന്നെയാണ് "നീണ്ടു ചതുരമായ ഒരു ഘനപദാർത്ഥ"മെന്ന നിലയ്ക്ക് മേശ നിലനില്ക്കുന്നത്. വിജ്ഞാനത്തിന്റെ വളർച്ച കാരണം മേശയുടെ ഭൗതികഘടനയെപ്പറ്റിയുള്ള മനുഷ്യന്റെ ബോധം മാറിയിരിക്കുന്നു. പക്ഷേ, മേശ അപ്രത്യക്ഷമായിട്ടില്ല. കരിങ്കല്ല് ഭാസ്കരൻനായരുടെ മുമ്പിൽത്തന്നെയുണ്ട്. വേണമെങ്കിൽ തലയിട്ടടിച്ചു നോക്കാം.

നിൽക്കട്ടെ, ആ തലയ്ക്കുള്ളിലുള്ള സാധനമെന്താണെന്നു നോക്കുക. അവിടെ അത്ഭുതകരങ്ങളായ ആശയങ്ങളും ചിന്തകളും പൊട്ടിമുളയ്ക്കുന്നു. എങ്ങിനെയാണ് ആശയങ്ങളും ചിന്തകളുമുണ്ടാകുന്നത്? ശരീരമില്ലാതെ, ഭൗതികമായ മാംസവും മജ്ജയും രക്തധമനികളുമില്ലാതെ, തലച്ചോർ എന്ന പേരിലറിയപ്പെടുന്ന ഭൗതീകപദാർത്ഥമില്ലാതെ, ഭൗതികപരിസരങ്ങളുമായുള്ള യാതൊരു ബന്ധവുമില്ലാതെ, ഭാസ്കരൻ നായർക്കോ എഡിങ്ങ്ടന്നോ എന്തെങ്കിലും ചിന്തിക്കാൻ കഴിയുമോ? തലച്ചോറിനകത്തു നടക്കുന്ന മാനസികപ്രവർത്തനങ്ങൾക്കാണല്ലോ ചിന്ത എന്നു പറയുന്നത്. പ്രകൃതിയുടേയും സമുദായത്തിൻറേയും വളർച്ചയ്ക്കിടയിൽ ചരിത്രപരമായി രൂപംപൂണ്ടതും കെട്ടിപ്പിണഞ്ഞതുമായ ഭൗതികപദാർത്ഥത്തിന്റെ ഒരു സാമൂഹ്യപ്രതിഭാസമാണത്. ഭൗതികപദാർത്ഥമില്ലെങ്കിൽപ്പിന്നെ ചിന്തയുമില്ല.

പദാർത്ഥഘടനയെപ്പറ്റിയുള്ള പുതിയ സിദ്ധാന്തങ്ങളുടെ ഫലമായി ഭൗതികപ്രപഞ്ചമാകെ അപ്രത്യക്ഷമായിക്കഴിഞ്ഞുവെങ്കിൽ അതോടൊപ്പം ചിന്തയും ആശയവും അപ്രത്യക്ഷമാകേണ്ടിയിരുന്നില്ലേ? തലച്ചോറിലും നാഡീപടലങ്ങളിലുമടങ്ങിയ പരമാണുക്കളിൽ പ്രോട്ടോണും നൈട്രോണുമടങ്ങിയിരിക്കുന്നുവെന്ന ശാസ്ത്രീയസത്യം കണ്ടുപിടിക്കപ്പെട്ടതോടുകൂടി കേശവദേവിന്റെയും ഭാസ്കരൻ നായരുടേയും വിചിത്രങ്ങളായ വാദങ്ങളും അന്തർദ്ധാനം ചെയ്തുകഴിഞ്ഞുവോ? കേശവദേവ് സമ്മതിക്കില്ലെന്നു തീർച്ച. എന്തെന്നാൽ, ഭൗതികപദാർത്ഥത്തോടൊപ്പം കേശവദേവിന്റെ അനർഘങ്ങളായ ചിന്താരത്നങ്ങളും അപ്രത്യക്ഷമായാൽപ്പിന്നെ മാർക്സിസത്തേയും പുരോഗമനപ്രസ്ഥാനങ്ങളേയും എതിർക്കാൻ ആരാണ് ബാക്കിയുണ്ടാവുക? അപ്പോൾ ഭൗതീകപദാർത്ഥത്തോടൊപ്പം ചിന്ത നാമാവശേഷമായെന്നു പറയാൻ വയ്യ! അതു നിലനില്ക്കുന്നു. പദാർത്ഥത്തിന്റെ സഹായമില്ലാതെ, ശരീരവും മസ്തിഷ്കവും നാഡീപടലവും എല്ലാം അപ്രത്യക്ഷമായിട്ടും, കേശവദേവിന്റെ ചിന്ത അനന്തമായ ശൂന്യതയിൽ അങ്ങിനെ ചുറ്റി സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്.

## 4 ശാസ്ത്രത്തിന്റെ അനുസ്യൂതമായ പുരോഗതി

പക്ഷേ, ഒരു കാര്യം മുരത്ത ആത്മീയവാദികൾക്കുപോലും നിഷേധിക്കാനാവില്ല. വസ്തുനിഷ്ഠമായ ബാഹ്യയാഥാർത്ഥ്യം നിലനില്ക്കുന്നതുകൊണ്ടാണ് അതിന്റെ ഘടനയെപ്പറ്റിയും അതിന്റെ സ്വഭാവവിശേഷങ്ങളെപ്പറ്റിയും പഠിക്കാൻ ശാസ്ത്രജ്ഞന്മാർക്കു കഴിവുണ്ടായത്. അറിയേണ്ടതെല്ലാം അറിഞ്ഞുകഴിഞ്ഞുവെന്ന് ആർക്കും പറയാൻ വയ്യ. സത്യം കേവലമാവാനുള്ളകാരണം അതിനു പരമമായ യാതൊരതിർത്തിവരമ്പുമില്ലെന്നുള്ളതാണ്. അതു അനുസ്യൂതമായി വികസിച്ചുകൊണ്ടിരിയ്ക്കുന്നു. പുതുതും ഉയർന്നതുമായ വികാസനിലവാരങ്ങളിലേയ്ക്കു അതു പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ജ്ഞാനത്തിന്റെ വളർച്ചയുടെ ഓരോ നിലവാരവും ആപേക്ഷികമാണ്. പക്ഷേ, ഓരോ ആപേക്ഷികസത്യവും വസ്തുനിഷ്ഠമായ ഭൗതികയാഥാർത്ഥ്യത്തെ ഭാഗികമായിട്ടെങ്കിലും പ്രകാശിപ്പിക്കുന്നു. ഓരോ കണ്ടുപിടുത്തവും ഭൗതികസത്യത്തിന്റെ അന്തസ്സാരത്തെപ്പറ്റി കൂടുതൽ കൂടുതൽ മനസ്സിലാക്കാൻ മനുഷ്യനെ സഹായിക്കുന്നു. ഇതാണ് മാർക്സിസത്തിന്റെ—വൈരുദ്ധ്യാധിഷ്ഠിത ഭൗതീകവാദത്തിന്റെ നിലപാട്. ഏംഗെൽസ് പറയുന്നു:

> "എല്ലാറ്റിനേയും ഉൾക്കൊള്ളുന്നതും എല്ലാക്കാലത്തേക്കും സാധുവായിട്ടുള്ളതുമായ ഒരു പ്രകൃതീചരിത്രവിജ്ഞാനസംഹിത വൈരുധ്യാധിഷ്ഠിത ഭൗതീകവാദത്തിന്റെ മൗലിക നിയമത്തിനു വിപരീതമാണ്. കാരണം, ബാഹ്യപ്രപഞ്ചത്തെക്കുറിച്ചുള്ള ജ്ഞാനം കാലാകാലമായി അനുക്രമം വമ്പിച്ചതോതിൽ വളരുമെന്ന തത്വം ഈ നിയമത്തിന്റെ പരിധിയിൽനിന്നൊഴിച്ചു നിർത്തപ്പെട്ടിട്ടില്ലെന്നു തന്നെയല്ലാ അത് അതിന്റെ അവിഭാജ്യഘടകമത്രേ".

ഭൗതികപ്രപഞ്ചത്തിന്റെ അന്തസ്സാരത്തെപ്പറ്റി മനസ്സിലാക്കാനുള്ള മനുഷ്യന്റെ പരിശ്രമങ്ങൾ പ്രാചീന കാലംമുതൽക്കേ തുടർന്നുപോന്നിട്ടുണ്ട്. വിഭിന്നഘട്ടങ്ങളിൽ ജീവിച്ചിരുന്ന അനേകം ശാസ്ത്രജ്ഞന്മാരും തത്വശാസ്ത്രജ്ഞന്മാരും ഭൗതീകപദാർത്ഥത്തിന്റെ ഘടനാരൂപങ്ങളെ വിശകലനം ചെയ്യുകയും അവയുടെ പരസ്പരബന്ധങ്ങളേയും വികാസനിയമങ്ങളേയും വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതാതുകാലത്തെ ശാസ്ത്രത്തിന്റെ വളർച്ചയുടെ നിലവാരത്തിന്നനുസരിച്ച് ഭൗതികപദാർത്ഥത്തിന്റെ സ്വഭാവത്തെപ്പറ്റിയുള്ള ജ്ഞാനം കൂടിയോ കുറഞ്ഞോ ഇരിയ്ക്കുമെന്നാണ് ഇതിൽനിന്നു വ്യക്തമാവുന്നത്.

ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളെക്കൊണ്ടാണ് വാസ്തവപ്രകൃതി നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്ന് പ്രാചീനഭാരതീയർ വിശ്വസിച്ചിരുന്നു. ഭൂമി, ജലം, അഗ്നി, വായു എന്നീ നാലു മൂലപദാർത്ഥങ്ങളാണ് ഭൗതീകപ്രപഞ്ചത്തിന്റെ അടിസ്ഥാനം എന്നായിരുന്നു പ്രാചീനയവനരുടെ വിശ്വാസം. ക്രിസ്ത്വാബ്ദത്തിനുമുമ്പ് 5-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഡിമോക്രട്ടീസ് എന്ന ഗ്രീക്കു തത്വജ്ഞാനി, എല്ലാ വസ്തുക്കളും പരമാണുക്കളെക്കൊണ്ടാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്നും പരമാണുക്കൾ എല്ലായ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നുവെന്നും പരമാണുക്കളുടെ വ്യത്യാസങ്ങളുടേയും ചലനത്തിൻറേയും ഫലമായിട്ടാണ് വ്യത്യസ്തങ്ങളായ വസ്തുക്കൾ ഉണ്ടാകുന്നതെന്നും വാദിച്ചു. ഇതെല്ലാം വെറും അഭ്യൂഹങ്ങളായിരുന്നുവെന്നതു ശരിതന്നെ. എങ്കിലും അവ മനുഷ്യമനസ്സിൽനിന്നു സ്വതന്ത്രമായി നിലനില്ക്കുന്ന ഭൗതികപ്രപഞ്ചത്തെപ്പറ്റി പഠിയ്ക്കാനുള്ള ആദ്യപരിശ്രമങ്ങളായിരുന്നു.

ശാസ്ത്രത്തിന്റെ വളർച്ചയോടുകൂടി പദാർത്ഥത്തിന്റെ ഘടനയെപ്പറ്റിയും സ്വഭാവഗുണങ്ങളെപ്പറ്റിയുമുള്ള ജ്ഞാനവും വികസിച്ചു.

## 5 പരമാണു പ്രപഞ്ചം

17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റോബർട്ട് ബോയ്‌ലർ എന്ന ശാസ്ത്രജ്ഞൻ പദാർത്ഥങ്ങളെ മൂലധാതുക്കളെന്നും (Elements) സംയുക്തകങ്ങളെന്നും (Compounds) രണ്ടായി തിരിച്ചു. ഉദാഹരണത്തിന് വെള്ളം ഒരു സംയുക്തകമാണ്. അതിലടങ്ങിയ ഓക്സിജനും ഹൈഡ്രജനും മൂലധാതുക്കളും വിഭജിക്കപ്പെടാനാവാത്ത ചെറു കണങ്ങളാണ് മൂലധാതുക്കൾ എന്നാണ് വിശ്വസിക്കപ്പെട്ടിരുന്നത്.

ഡാൾട്ടൺ എന്ന ആംഗലശാസ്ത്രജ്ഞൻ പരമാണുക്കൾ (ആറ്റം) കൂടിച്ചേർന്ന് അണുക്കളുണ്ടാകുന്നു (മോളിക്യൂൾ) എന്നു കണ്ടുപിടിച്ചു. ഈ കണ്ടുപിടുത്തം ആറ്റമിനെപ്പറ്റിയുള്ള ഗവേഷണങ്ങൾക്കു പുതിയ ഉത്തേജനം നൽകി.

മെൻഡലേവ് എന്ന ശാസ്ത്രജ്ഞന്റെ “പീരിയോഡിക്കൽ നിയമം” പദാർത്ഥത്തിന്റെ സ്വഭാവഗുണങ്ങളെ കൂടുതൽ വെളിപ്പെടുത്തി. പദാർത്ഥ ഘടനയെപ്പറ്റിയുള്ള ആധുനികശാസ്ത്രീയ നിയമങ്ങളുടെ അടിത്തറയായിട്ടാണ് മെൻഡലേവിന്റെ കണ്ടുപിടുത്തം കണക്കാക്കപ്പെടുന്നത്.

പ്രകൃതിയിൽ മൗലികങ്ങളായ പലതരം രാസധാതുക്കളുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. ഓരോ ധാതുവും നിർദ്ദിഷ്ടസ്വഭാവങ്ങളോടുകൂടിയ പരമാണുക്കളുടെ സംയോജനഫലമാണു. ഈ പരമാണുക്കൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നൂറോളം മൂലധാതുക്കൾ അറിയപ്പെട്ടവയായുണ്ട്. നമ്മുടെ ലോകത്തിലുള്ള എല്ലാ വസ്തുക്കളും ഈ മൂലധാതുക്കളുടെ വിവിധതോതിലുള്ള സംയോജനത്തിന്റെ ഫലമാണ്.

മെൻഡലേവിന്റെ ‘പീരിയോഡിക്കൽ നിയമം’ കണ്ടുപിടിക്കപ്പെട്ട കാലത്ത് പരമാണുവിന്റെ സത്തയുടെ അന്തർഭാഗത്തേയ്ക്കു കടന്നുചെല്ലാനും അതിന്റെ നിഗൂഢസ്വഭാവങ്ങളെ മനസ്സിലാക്കാനും ശാസ്ത്രത്തിനു സാധിച്ചിരുന്നില്ല. ആറ്റമെന്നത് ഭൗതീകപദാർത്ഥത്തിന്റെ ഏറ്റവും ചെറിയ, അവിഭാജ്യമായ, കണികയാണെന്നാണു വിശ്വസിക്കപ്പെട്ടത്. എന്നാൽ മൂലധാതുക്കളുടെ മാറ്റങ്ങളെപ്പറ്റിയും അവയുടെ പരസ്പരബന്ധങ്ങളെപ്പറ്റിയും മെൻഡലേവിന്റെ സിദ്ധാന്തം തന്നെ പ്രതിപാദിച്ചിരുന്നു. ഈ സിദ്ധാന്തമാണ് രാസധാതുക്കളടങ്ങിയ പരമാണുക്കളുടെ ഒളിഞ്ഞു കിടക്കുന്ന സ്വഭാവഗുണങ്ങളെ പരിശോധിക്കാനും അവയുടെ ആഭ്യന്തരഘടനയെ വിശകലനം ചെയ്യാനും പിന്നീടുണ്ടായ ശാസ്ത്രജ്ഞന്മാർക്കു പ്രചോദനം നൽകിയത്. 1885-ൽ പരമാണുവിൽ അതിസൂക്ഷ്മങ്ങളായ വിദ്യുൽക്കണങ്ങളടങ്ങിയിട്ടുണ്ടെന്നു കണ്ടുപിടിക്കപ്പെട്ടു. 1896-ൽ ബെക്കർലി എന്ന ഫ്രഞ്ചുശാസ്ത്രജ്ഞൻ റേഡിയോ ആക്ടിവിറ്റി കണ്ടുപിടിച്ചു. യുറേനിയം, റേഡിയം, തോറിയം തുടങ്ങിയ ചില ധാതുക്കളുടെ പരമാണുക്കൾ ഇടവിടാതെ എനർജ്ജി (ശക്തി) വിസർജ്ജിച്ചുകൊണ്ടിരിക്കുന്നു എന്നദ്ദേഹം ചൂണ്ടിക്കാണിച്ചു. രാസധാതുക്കളിൽനിന്ന് ആൽഫാരശ്മികൾ, ബീറ്റാ രശ്മികൾ, ഗാമാരശ്മികൾ എന്നീ പേരുകളിലറിയപ്പെടുന്ന ചില രശ്മികൾ പുറപ്പെടുന്നുണ്ടെന്നും അവയിൽ ബീറ്റാരശ്മികൾ എലക്ട്രോണിന്റെ പ്രവാഹത്തെയാണു വെളിപ്പെടുത്തുന്നതെന്നും റേഡിയോ ആക്ടിവിറ്റിയുള്ള ഒരു രാസധാതു മറ്റൊരു ധാതുവായി രൂപാന്തരപ്പെടുമെന്നും മറ്റും കണ്ടുപിടിയ്ക്കപ്പെട്ടു.

രാസധാതുവിന്റെ പരമാണുവിൽ പ്രോട്ടോൺ, എലക്ട്രോൺ എന്നിവ മാത്രമാണടങ്ങിയിട്ടുള്ളത് എന്നാണ് അടുത്തകാലംവരെ വിശ്വസിയ്ക്കപ്പെട്ടിരുന്നത്. പ്രോട്ടോണുകൾ പരമാണുവിന്റെ കേന്ദ്രബിന്ദുവിൽ (Nucleus) നിലനില്ക്കുന്നുവെന്നും എലക്ട്രോണിന്റെ ഒരു ഭാഗം കേന്ദ്രബിന്ദുവിലും മറ്റൊരു ഭാഗം കറങ്ങിക്കറങ്ങിക്കൊണ്ട് കേന്ദ്രബിന്ദുവിനു ചുറ്റുമായും സ്ഥിതി ചെയ്യുന്നുവെന്നുമാണ് കരുതപ്പെട്ടിരുന്നത്.

കേന്ദ്രബിന്ദുവിൽ എലക്ട്രോണുണ്ടോ ഇല്ലയോ എന്നതിനെപ്പറ്റി വാദപ്രതിവാദങ്ങളുണ്ടായി. 1932-ൽ ഏതാണ്ട് പ്രോട്ടോണോളം വലിപ്പമുള്ള മറ്റൊരു കണിക കണ്ടുപിടിയ്ക്കപ്പെട്ടു. ഇതിന്നു നൈട്രോൺ എന്നു പറയുന്നു. കേന്ദ്ര ബിന്ദുവിൽ പ്രോട്ടോണും നൈട്രോണുമാണടങ്ങിയിട്ടുള്ളത് എന്നാണു ഇപ്പോൾ മിക്ക ശാസ്ത്രജ്ഞന്മാരും വിശ്വസിയ്ക്കുന്നത്. കേന്ദ്രബിന്ദുവിൽനിന്ന് ബീറ്റാരശ്മികളെ വിഘടിപ്പിക്കുമ്പോളാണ് എലക്ട്രോണുകൾ പ്രവഹിയ്ക്കുന്നത് എന്നും കണ്ടുപിടിയ്ക്കപ്പെട്ടിരിക്കുന്നു. പ്രോട്ടോണും നൈട്രോണുമടങ്ങിയ കേന്ദ്രബിന്ദുവിന്റെ ഘടനയെപ്പറ്റി കൂടുതൽ ഗവേഷണങ്ങൾ നടത്തിയതിന്റെ ഫലമായി പ്രോട്ടോൺ, നൈട്രോൺ എന്നിവയ്ക്കുപുറമേ എലക്ട്രോൺ, പോസിറ്റോൺ, മെസോൺ, നെയിട്രീനോ, ഫോട്ടോൺ എന്നിങ്ങനെയുള്ള ചില "മൗലിക" കണികകളും കണ്ടുപിടിയ്ക്കപ്പെട്ടിട്ടുണ്ട്. അങ്ങിനെ ആറ്റം അവിഭാജ്യമായ ഭൗതികകണികയാണെന്ന പഴയ നിഗമനം തകരുകയും സങ്കീർണ്ണവും ജടിലവുമായ പദാർത്ഥഘടനയുടെ ആന്തരസത്തയെപ്പറ്റി മുമ്പൊരിയ്ക്കലുമുണ്ടായിട്ടില്ലാത്ത അറിവു ലഭിയ്ക്കുകയും ചെയ്തിരിക്കുന്നു.

## 6 ശാസ്ത്രത്തിന്റെ വിജയം

ഇതിന്റെ അർത്ഥം ആധുനികശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ ആത്മീയവാദത്തിന്റെ വെള്ളക്കൊടി പറപ്പിയ്ക്കാൻ തുടങ്ങിയിരിയ്ക്കുന്നുവെന്നാണോ? ഭൗതികപദാർത്ഥം അപ്രത്യക്ഷമായെന്നാണോ? പദാർത്ഥത്തെ അണു, പരമാണു എന്നിങ്ങനെ വിഭജിച്ചാലും ശരി, പ്രോട്ടോൺ, നൈട്രോൺ എന്നിങ്ങനെ വിഭജിച്ചാലും ശരി, അതു നിലനിൽക്കുന്നത് മനസ്സിന്നുള്ളിൽ മാത്രമാണോ? അതിന് വസ്തുനിഷ്ഠമായ ഒരു നിലനില്പില്ലേ? ഇതാണു ചോദ്യം.

ഈ ചോദ്യത്തിന് നാല്പത്തഞ്ചുകൊല്ലങ്ങൾക്കു മുമ്പുതന്നെ സഖാവ് ലെനിൻ മറുപടി പറഞ്ഞിട്ടുണ്ട്.

> "വസ്തുതകളുടെ സത്ത അല്ലെങ്കിൽ അന്തസ്സാരം ആപേക്ഷികമാണ്; വസ്തുക്കളെപ്പറ്റിയുള്ള മനുഷ്യജ്ഞാനത്തിന്റെ നിലവാരത്തെ മാത്രമാണ് അതു വെളിപ്പെടുത്തുന്നത്. ഈ ജ്ഞാനത്തിന്റെ അഗാധത ഇന്നലെ പരമാണുവിന്നപ്പുറത്തേയ്ക്കു കടന്നിരുന്നില്ല; ഇന്ന് അത് എലക്ട്രോണുകൾക്കും തരംഗങ്ങൾക്കുമപ്പുറത്തേയ്ക്കു പോകുന്നില്ല. പുരോഗമിച്ചുകൊണ്ടിരിയ്ക്കുന്ന മനുഷ്യന്റെ പ്രകൃതിജ്ഞാനം നേടിയെടുത്ത ഈ ഓരോ നാഴികക്കല്ലുകളുടേയും സ്വഭാവം ആപേക്ഷികവും താല്ക്കാലികവുമാണെന്ന് വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം ഊന്നിപ്പറയുന്നു. പരമാണുവെപ്പോലെതന്നെ എലക്ട്രോണും അപാരമാണ്. പ്രകൃതി അനന്തമാണ്. പക്ഷേ, അത് അനന്തമായി നിലനിൽക്കുന്നു. മനുഷ്യന്റെ മനസ്സിൽനിന്നും നിരീക്ഷണത്തിൽനിന്നും സ്വതന്ത്രമായി പ്രകൃതി നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യത്തെ അനിഷേദ്ധ്യമായും അനുപാധികമായും അംഗീകരിയ്ക്കുന്നുവെന്ന വസ്തുതയാണു വൈരുദ്ധ്യാധിഷ്ഠിതഭൗതീകവാദത്തെ ആത്മീയവാദത്തിൽനിന്നും അനിശ്ചിതവാദത്തിൽ നിന്നും വേർതിരിക്കുന്നത്". (മെറ്റീരിയലിസം ആൻഡ് എമ്പീരിയോക്രിട്ടിസിസം, പേജ് 264)

യാഥാർത്ഥ്യത്തിനുള്ള തെളിവ് അതിന്റെ പ്രയോഗമാണ് എന്നു മാർക്സിസം സിദ്ധാന്തിയ്ക്കുന്നു. പരമാണുവിന്റെ വിഘടനയിൽനിന്നുണ്ടായ ജ്ഞാനം പ്രായോഗികജീവിതത്തിൽ ഉപയോഗിയ്ക്കാമെന്നായിട്ടുണ്ട്. പരമാണുവിൽ ഒളിഞ്ഞുകിടക്കുന്ന പ്രചണ്ഡമായ ശക്തി ഉപയോഗിച്ചുകൊണ്ടാണ് ആറ്റംബോംബുണ്ടാക്കപ്പെടുന്നത്. അമേരിക്കൻ സാമ്രാജ്യവാദികളെറിഞ്ഞ ആറ്റംബോംബിന്റെ ശക്തികൊണ്ട് നമ്മുടെ മാനസികമണ്ഡലങ്ങളിൽനിന്ന് എത്രയോ അകലെ കിടക്കുന്ന ഹിരോഷിമാപ

ട്ടണം വെന്തുവെണ്ണീറായി. അതേ ആറ്റമിന്റെ പ്രചണ്ഡമായ ശക്തിയുപയോഗിച്ചു കൊണ്ടാണ് സോവിയറ്റ് യൂണിയൻ പ്രകൃതിയെ മാറ്റി മറിക്കാൻ തുടങ്ങിയിട്ടുള്ളത്.

പക്ഷേ, കേശവദേവിന്റെയും ഭാസ്കരൻനായരുടേയും, ആത്മീയവാദികളായ പാശ്ചാത്യശാസ്ത്രജ്ഞന്മാരുടേയും അഭിപ്രായത്തിൽ എല്ലാം മായയാണ്! പരമാണുവും മായ, പരമാണുബോംബുമായ ഹിരോഷിമയും മായ, അമേരിക്കൻ സാമ്രാജ്യവാദികളുടെ മരണനൃത്തവും മായ, സോവിയറ്റ് യൂണിയന്റെ കമ്മ്യൂണിസവും മായ, മാർക്സിസവും മായ. യഥാർത്ഥമായിട്ടുള്ളതോ തലച്ചോർ എന്ന ഭൗതിക പദാർത്ഥത്തിന്റെ സഹായം കൂടാതെ അവർ പ്രചരിപ്പിക്കുന്ന അനർഘങ്ങളായ ആശയങ്ങൾ മാത്രം!

## 7 മുതലാളിത്തവും ഭൗതികവാദവും

പക്ഷേ, മുതലാളിത്തശാസ്ത്രജ്ഞന്മാർ എല്ലാക്കാലത്തും ഇങ്ങിനെയായിരുന്നില്ല. അവർ ഭൗതികവാദത്തിലടിയുറച്ച ശാസ്ത്രത്തിൽ വിശ്വാസമർപ്പിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. വാസ്തവത്തിൽ, സയൻസും മുതലാളിത്തവും ഒപ്പമാണു വളർന്നത്. സയൻസ് മുതലാളിത്തത്തേയും മുതലാളിത്തം സയൻസിനേയും പ്രോത്സാഹിപ്പിച്ചു. യന്ത്രവ്യവസായങ്ങൾ, ആവിക്കപ്പലുകൾ, വിദ്യുച്ഛക്തി മുതലായവയുടെ കൈപിടിച്ചുകൊണ്ടാണ് മുതലാളിത്തം ലോകത്തിലൊട്ടുക്കും ആധിപത്യം നേടാൻ പുറപ്പെട്ടത്. അന്നു മുതലാളിത്തത്തിന്നു യൗവനകാലമായിരുന്നു. ഭാവിയിൽ തികഞ്ഞ വിശ്വാസമുണ്ടായിരുന്നതുകൊണ്ട് അത് ഭൂതകാലത്തിന്റെ പരിമിതികളെ വെല്ലുവിളിക്കുകയും പ്രപഞ്ചത്തെപ്പറ്റിയുള്ള പഴഞ്ചൻധാരണകളെ ഇടിച്ചുതകർക്കുകയും ചെയ്തു. ഭൗതികശാസ്ത്രത്തിന്റെ വെന്നിക്കൊടി പറപ്പിച്ചുകൊണ്ട് അവർ മുന്നേറി.

പക്ഷേ, ഇരുപതാംനൂറ്റാണ്ടോടുകൂടി സ്ഥിതിയാകെ മാറി. മുതലാളിത്തത്തിന്റെ വളർച്ചയവസാനിച്ചു. അതു നരയ്ക്കാനും മുരടിയ്ക്കാനും തുടങ്ങി. സാമ്രാജ്യാധിപത്യം, ഒന്നാം ലോകമഹായുദ്ധം, സാമ്പത്തികക്കുഴപ്പം, സോവിയറ്റുയൂണിയന്റെ ആവിർഭാവം—മുതലാളിത്തത്തിനു ഭാവിയിൽ വിശ്വാസമില്ലാതായി. അതു തന്നിലേയ്ക്കുതന്നെ കൂടുതൽ കൂടുതൽ വലിഞ്ഞിറങ്ങാൻ തുടങ്ങി. അതു ആത്മീയവാദത്തിന്റെ ചളിക്കുണ്ടിനെ അഭയം പ്രാപിച്ചു. എന്നിട്ട് തന്നെ പോറ്റിവളർത്തിയ ഭൗതികശാസ്ത്രത്തിന്റെ മുഖത്തേയ്ക്കു അതു കാർക്കിച്ചുതുപ്പി! ഭൗതികപ്രപഞ്ചത്തിന്റെ നിഗൂഢതകളിൽനിന്ന് ജീവനുള്ള പുതിയ സത്യങ്ങൾ ഉയിർത്തെഴുന്നേല്ക്കുന്നതു കണ്ട് അതു പേടിച്ചു നിലവിളിച്ചു: യാതൊന്നും നിലനില്ക്കുന്നില്ല! എല്ലാം അപ്രത്യക്ഷമായിരിക്കുന്നു!

ഇതു ശാസ്ത്രത്തിന്റെ പരാജയമല്ല, മുതലാളിത്തത്തിന്റെ മരണവെപ്രാളം മാത്രമാണ്. ഭൗതികശാസ്ത്രം നശിക്കുകയല്ല, വളരുകയാണു ചെയ്യുന്നത്. അതിനെ വളർത്താൻ പുതിയ ശക്തികൾ മുന്നോട്ടുവന്നിട്ടുമുണ്ട്.

ഭൗതീകശാസ്ത്രമാണ് മാർക്സിസത്തിന്റെ അടിത്തറ. പദാർത്ഥത്തിന്റെ ഘടനയെപ്പറ്റിയും സ്വഭാവത്തെപ്പറ്റിയുമുള്ള ഓരോ പുതിയ കണ്ടുപിടുത്തവും, ഭൗതികശാസ്ത്രത്തിനുണ്ടാകുന്ന ഓരോ നേട്ടവും, മാർക്സിയൻ തത്വശാസ്ത്രത്തിന്റെ വൈരുധ്യാധിഷ്ഠിത ഭൗതീകവാദത്തിന്റെ—വളർച്ചയ്ക്കു പ്രചോദനം നൽകുന്നു.

ശാസ്ത്രം ഇന്നു പ്രേതങ്ങളുടേയും ഞരമ്പുരോഗികളുടേയും ഭാഗത്തല്ല, മാർക്സിസത്തിന്റെ ഭാഗത്താണ്. അതുകൊണ്ടുതന്നെയാണ് ശവക്കുഴിയിലേയ്ക്കു കാലുനീട്ടിക്കൊണ്ടിരിക്കുന്ന മുതലാളിത്തത്തിന്റെ ശാസ്ത്രകാരന്മാരും സാഹിത്യകാരന്മാരും

ഭൗതികശാസ്ത്രത്തെ വലിച്ചെറിഞ്ഞ്, പഴകി ജീർണ്ണിച്ച മതവിശ്വാസങ്ങളെ കെട്ടിപ്പുണരാൻ തുടങ്ങിയിട്ടുള്ളത്.

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA